

അറ്റുപോകാത്ത ഓർമ്മകൾ
3-ാം പതിപ്പ്
t.me/ebooks_malayalam
പ്രൊഫ. ടി.ജെ. ജോസഫിന്റെ ആത്മകഥ
DCB


അറ്റുപോകാത്ത
ഓർമ്മകൾ
3-ാം
പതിപ്പ്
t.me/ebooks_malayalam
പ്രൊഫ. ടി.ജെ. ജോസഫിന്റെ
ആത്മകഥ
DCB

## പ്രൊഫ. ടി.ജെ. ജോസഫ്

1957 ജൂലൈ 22-ന് ജനനം. അച്ഛൻ: ജോസഫ്, അമ്മ: ഏലിക്കുട്ടി. പാലാ സെന്റ് തോമസ് കോളജ്, എറണാകുളം മഹാരാജാസ് കോളജ്, ചങ്ങനാശ്ശേരി എൻ.എസ്.എസ്. ട്രെയിനിങ് കോളജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. 1985-ൽ മുരിക്കാശ്ശേരി പാവനാത്മ കോളജിൽ അദ്ധ്യാപകനായി ഔദ്യോഗിക ജീവിതത്തിന് തുടക്കം. മൂവാറ്റുപുഴ നിർമ്മല കോളജ്, തൊടുപുഴ ന്യൂമാൻ കോളജ് എന്നിവിടങ്ങളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 2010-ൽ ചോദ്യപേപ്പർ വിവാദത്തെത്തുടർന്ന് മതമൗലികവാദികളുടെ ആക്രമണത്തിനിരയായി. തുടർന്നു കോളജിൽനിന്നും പിരിച്ചുവിട്ടു. 2014-മാർച്ച് 28-ന് സർവ്വീസിൽ തിരിച്ചുകയറിയ പ്രൊഫ. ജോസഫ് 31-ന് വിരമിച്ചു. അദ്ധ്യാപകനായിരിക്കെ നാഷണൽ സർവ്വീസ് സ്കീം, എൻ.സി.സി. എന്നിവയുടെ പ്രവർത്തനങ്ങളിൽ നേതൃസ്ഥാനം വഹിച്ചിരുന്നു.

**പ്രൊഫസർ ടി.ജെ. ജോസഫിന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ**

നല്ല പാഠങ്ങൾ
അറ്റുപോകാത്ത ഓർമ്മകൾ

ആത്മകഥകളുടെയും ജീവചരിത്രങ്ങളുടെയും മികച്ച ശേഖരം അറിയുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.

പ്രൊഫസർ ടി.ജെ. ജോസഫ്

# അറ്റുപോകാത്ത ഓർമ്മകൾ

ഡി സി ബുക്സ്

Malayalam Language
**Attupokatha Ormakal**
Autobiography
*by* **Prof. T.J. Joseph**

Rights Reserved
First Published January 2020
This edition - January 2020
E-book edition January 2020

*Cover Design*
Zainul Abid

*Publishers*
**D C Books**, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www.dcbookstore.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 9846133336

Although utmost care has been taken in the preparation of this book, neither the publishers nor the editors/compilers can accept any liability for any consequence arising from the information contained therein. The publisher will be grateful for any information, which will assist them in keeping future editions up to date.

r3x

ISBN 978-93-5390-261-2

D C BOOKS - The First Indian Book Publishing House to get ISO Certification.

*എന്റെ സലോമിക്ക്...*

# ഉള്ളടക്കം


ഭാഗം – 1

കേവലമായ ഒരു ചോദ്യം
വിശ്വാസത്തിന്റെ വിഹ്വലതകൾ
ഒരു കുറ്റവാളി ജനിക്കുന്നു.
പ്രതി ഒളിവിൽ
ജോർജ്കുട്ടി എന്ന നോവലിസ്റ്റ്
പപ്പടങ്ങളുടെ സ്നേഹപ്രകടനം
ലുക്കൗട്ട് നോട്ടീസ്
ഒറ്റപ്പാലം റെയിൽവേസ്റ്റേഷൻ
കട്ടപ്പനയിലെ ജോസഫ് മാത്യു
കരുണയില്ലാത്ത ഒരു പോലീസ് സ്റ്റേഷൻ
വിഡ്ഢികളുടെ ദിനം
വിന്ധ്യപർവ്വതത്തിലെ സിദ്ധൻ
കമലേഷ്കുമാർ ചൗധരി
ദുഃഖവെള്ളിയും കാൽവരിമൗണ്ടും
പുതിയ സുഹൃത്തുക്കൾ
ആറാം തിരുമുറിവ്
ജയിലിലെ പാട്ട്
ഹു വാണ്ട്സ് ഫ്രീഡം?
സമാധാനപാലകരുടെ വ്യസനങ്ങൾ
കയ്യാഫാസിന്റെ നയം
മെമ്മോ ഓഫ് ചാർജസ്
ഭയപ്പാടിന്റെ പുതിയ സൂചകങ്ങൾ
എൻക്വയറി
മുന്നൊരുക്കങ്ങൾ
പരശുരാമന്റെ മഴു
എന്റെ മതം
വിരൽത്തുമ്പിലെ സൂര്യരശ്മി
കൈമാറ്റം ചെയ്യപ്പെട്ട അക്ഷരങ്ങൾ
വിവേകമില്ലാത്ത തലകൾ
കേസ് ഡയറി
ഡോണ്ട് എവർ ഗിവപ്പ്

നാലു കേസുകൾ
തിരുവാമൊഴികൾ
അദ്ധ്യായം മുപ്പത്തിനാല്
മരിച്ചവരുടെ കരുത്ത്
ഹസ്ബന്റ് ഓഫ് ലേറ്റ് സലോമി
നന്ദി, നമസ്ക്കാരം

**ഭാഗം – 2**

കൃഷിയും നായാട്ടും പിന്നെ ഞാനും
ഒരു പേരിൽ എന്തിരിക്കുന്നു?
ഹിന്ദി നഹി മാലൂം!
ഒരു കുഴിവെട്ടിന്റെ കഥ
മയയെന്നു പറഞ്ഞാലും കുയപ്പമില്ല
മഹാരാജകീയം –I
മഹാരാജകീയം – II
ഇന്ന് എലി കപ്പ തിന്നട്ടെ
കാച്ചിയ പാൽ
ഫിംഗർ പെയിന്റിങ്
മനുഷ്യരെ അറിയുന്നവർ
പ്രൊഫസർ നാവൂർ പരീത്
ഒരു തെറ്റ് ശരിയായ കഥ
ഇടതുപക്ഷ സഹയാത്രികൻ
മൂല്യനിർണ്ണയത്തിലെ നൈതികത
ഒരുവട്ടംകൂടി
നർമ്മപർവ്വം

# ഭാഗം – 1

# കേവലമായ ഒരു ചോദ്യം

2010 മാർച്ച് 19. ഉച്ചസമയത്തെ ഇടവേളയ്ക്കുശേഷം ക്ലാസിൽ പോകാൻ ഞാൻ ഭാവിക്കുമ്പോഴാണ് രാജു ജേക്കബ് എന്ന ഔദ്യോഗിക നാമമുള്ള ഫാദർ മാനുവൽ പിച്ചലക്കാട്ട് മലയാളം ഡിപ്പാർട്ട്മെന്റിലേക്കു വന്നത്. അദ്ദേഹം മലയാളവിഭാഗത്തിലുള്ള എന്റെ ഒരേയൊരു സഹാധ്യാപകനാണ്. കോളജിലെ 'ബർസാർ' പദവികൂടി അദ്ദേഹം വഹിച്ചിരുന്നതിനാൽ ലഭ്യമായ പ്രത്യേക മുറിയാണ് ഔദ്യോഗിക കാര്യങ്ങൾക്കും വിശ്രമത്തിനും വിനിയോഗിച്ചുപോരുന്നത്. മാനേജ്മെന്റിനുവേണ്ടി കോളജിലെ സാമ്പത്തികകൈകാര്യമാണ് ബർസാറിന്റെ പ്രധാന ചുമതല.

ഫാദർ പിച്ചലക്കാട്ട് എന്റെ ശിഷ്യനുമാണ്. മൂവാറ്റുപുഴ നിർമ്മല കോളജിൽ 1993'-95 കാലത്ത് മലയാളം എം.എ. ക്ലാസിൽ ഞാൻ അദ്ദേഹത്തെ പഠിപ്പിച്ചിട്ടുണ്ട്. അധ്യാപകരിൽ എന്നോടാണ് അദ്ദേഹത്തിന് കൂടുതൽ അടുപ്പവും സ്നേഹവും ഉണ്ടായിരുന്നതെന്ന് എനിക്കന്ന് തോന്നുകയും ചെയ്തിരുന്നു.

തൊടുപുഴ ന്യൂമാൻ കോളജിൽ 2006-ൽ മലയാളം അധ്യാപകനായി നിയമിതനായ ഫാ. പിച്ചലക്കാട്ട് 2008-ലാണ് ബർസാർ പദവികൂടി കൈയേൽക്കുന്നത്. ആ വർഷമാണ് ഞാൻ പ്രമോഷൻ ലഭിച്ച് നിർമ്മല കോളജിൽനിന്ന് ന്യൂമാൻ കോളജിൽ മലയാളവിഭാഗം മേധാവിയായി എത്തുന്നത്. ഞാൻ ചാർജ്ജെടുത്ത ദിവസം മലയാളം-ഹിന്ദി വിഭാഗങ്ങൾ ഒരുമിച്ച് പ്രവർത്തിക്കുന്ന മുറിയിലേക്ക് ഫാ. പിച്ചലക്കാട്ട് എന്നെ ആനയിച്ച് വകുപ്പുമേധാവിയുടെ കസേരയിലെയും മേശയിലെയും ഇല്ലാത്ത പൊടി തുടച്ച് ഇരുത്തിയ ഗുരുസപര്യയുടെ ഹൃദ്യത എനിക്ക് മറക്കാനാവില്ല.

ബിരുദവിദ്യാർത്ഥികളുടെ രണ്ടാം സെമസ്റ്ററിലെ രണ്ടാം ഇന്റേണൽ പരീക്ഷ അടുത്തയാഴ്ച നടക്കാനിരിക്കുകയാണ്. അതിനുള്ള ചോദ്യപേപ്പർ തയാറാക്കാനുള്ള അവസാനദിവസം ഇന്നാണ്. ബി.എ/ബി. എസ്സിക്കാരുടെ മലയാളം ചോദ്യപേപ്പർ തയാറാക്കാനുള്ള ചുമതല ഫാ. പിച്ചലക്കാട്ടിനും ബി.കോംകാരുടെ മലയാള ചോദ്യപേപ്പർ തയാറാക്കുന്നതിനുള്ള ചുമതല എനിക്കുമാണ്. ഞാൻ പഠിപ്പിക്കുന്ന ഭാഗത്തുനിന്ന് ബി.എ/ബി.എസ്സിക്കാർക്കുള്ള ചോദ്യങ്ങൾ ഫാ. പിച്ചലക്കാട്ടിനു ഞാൻ നേരത്തേ നല്കിയിരുന്നു. ബി.കോംകാർക്കുള്ള 'നവകം' എന്ന പാഠപുസ്തകം പഠിപ്പിക്കുന്നത് ഫാ. പിച്ചലക്കാട്ടാണ്. അതിൽനിന്നുള്ള ചോദ്യങ്ങൾ കിട്ടിയിട്ടുവേണമായിരുന്നു ഞാൻ പഠിപ്പിക്കുന്ന 'എഴുത്തോല' എന്ന പുസ്തകത്തിൽനിന്നുള്ള ചോദ്യങ്ങൾകൂടി ഉൾപ്പെടുത്തി ബി.കോംകാരുടെ

ചോദ്യപേപ്പർ തയാറാക്കേണ്ടിയിരുന്നത്. കൃത്യബഹുലതമൂലം അദ്ദേഹത്തിന്റെ ചോദ്യങ്ങൾ ഇതുവരെ എനിക്കു ലഭിച്ചിരുന്നില്ല. അതുമായിട്ടാണ് അദ്ദേഹം ഇപ്പോൾ വന്നിരിക്കുന്നത്.

അദ്ദേഹം തന്ന ചോദ്യങ്ങൾ നോക്കുകപോലും ചെയ്യാതെ ഞാൻ വാങ്ങിവെച്ചു. കാരണം അപ്പോഴേക്കും ക്ലാസിൽ പോകാനുള്ള സമയമായിരുന്നു.

ക്ലാസ് കഴിഞ്ഞപ്പോൾ പതിവുപോലെ ഒരു ചായ കുടിക്കാനുള്ള തോന്നലൊക്കെ ഉണ്ടായതാണ്. അടുത്ത പീരിയഡ് എനിക്ക് ക്ലാസില്ലതാനും. പക്ഷേ, അത് അവസാനത്തെ പീരിയഡാണ്. ചോദ്യപേപ്പർ തയാറാക്കാൻ അവശേഷിക്കുന്ന സമയം. വളരെ നേരത്തേ ചെയ്യാറില്ലെങ്കിലും കൃത്യസമയത്തുതന്നെ ജോലികൾ ചെയ്തുതീർക്കുന്നതിൽ ഞാൻ എക്കാലത്തും നിഷ്കർഷ പാലിച്ചിരുന്നു. അതിനാൽ ചായകുടി തത്കാലം വേണ്ടെന്നുവച്ച് ഞാൻ ഡിപ്പാർട്ട്മെന്റിലേക്കു മടങ്ങി.

വ്യത്യസ്ത വെയിറ്റേജുള്ള ഗ്രൂപ്പുകളിൽ രണ്ടു പുസ്തകത്തിൽ നിന്നുള്ള ചോദ്യങ്ങളും ഉൾപ്പെടുത്തേണ്ടിയിരുന്നു. എന്റെ ചോദ്യങ്ങൾ നേരത്തേ തയാറാക്കി വെച്ചിരുന്നെങ്കിൽ ചോദ്യങ്ങൾ ഇടകലർത്തി ചോദ്യപേപ്പർ തയാറാക്കാൻ ഇപ്പോൾ എളുപ്പമായേനെ. എന്നാൽ രണ്ടു തവണ എഴുതാനുള്ള മടിമൂലം എന്റെ ചോദ്യങ്ങൾ അപ്പോൾ മാത്രമാണ് സ്വരൂപിച്ചെടുത്തത്.

ചോദ്യങ്ങൾ ഉണ്ടാക്കുകയെന്നത് ശ്രമകരമായ ഒരു ജോലിയാണ്. കാരണം, അതിനും ഒരു ക്രിയാത്മകത ആവശ്യമുണ്ട്. മാനവിക വിഷയങ്ങളിൽ ലക്ഷ്യഭേദിയായ ഒരു ചോദ്യം തയാറാക്കുന്ന ആൾ സർഗ്ഗാത്മകമായ ഒരു വേദന അനുഭവിക്കേണ്ടിവരുമെന്നുള്ളത് തീർച്ചയാണ്. അതുകൊണ്ടാണ് ഭൂരിഭാഗം അധ്യാപകരും, ചോദ്യപേപ്പർ തയാറാക്കേണ്ടിവരുമ്പോൾ മുൻവർഷത്തെ ചോദ്യപേപ്പറുകളെ ആശ്രയിക്കുന്നത്. കഴിഞ്ഞ പത്തുവർഷത്തെ ചോദ്യപേപ്പർ പരിശോധിച്ച് അതിന്റെ ഉത്തരങ്ങൾ പഠിച്ചാൽ ഉയർന്ന മാർക്കുവാങ്ങാം എന്നുള്ളതിന്റെ അടിസ്ഥാനം ചോദ്യകർത്താക്കളുടെ എളുപ്പവഴിയിൽ ക്രിയ ചെയ്യുന്ന ഈ ഏർപ്പാടാണ്.

പഴയ ചോദ്യപേപ്പറുകളിലെ ചോദ്യങ്ങൾ അവിടുന്നും ഇവിടുന്നും എടുത്തു പകർത്തി ചോദ്യപേപ്പറുണ്ടാക്കുന്ന പണി എനിക്ക് പഥ്യമായിരുന്നില്ല. കാൽ നൂറ്റാണ്ടുകാലത്തെ അധ്യാപനത്തിനിടയിൽ ഒരിക്കൽ പോലും ഞാനതിനു മുതിർന്നിട്ടില്ല. ചോദ്യം തയാറാക്കുമ്പോൾ എന്റെ മുമ്പിൽ സിലബസും അതാതു പാഠപുസ്തകങ്ങളും മാത്രമേ ഉണ്ടാകൂ.

ഇപ്പോൾ എന്റെ മുമ്പിലുള്ളത് 'എഴുത്തോല' എന്ന പുസ്തകമാണ്. ഭാഷാപ്രയോഗത്തിൽ സാധാരണ കണ്ടുവരാറുള്ള തെറ്റുകൾ ഒഴിവാക്കി ശുദ്ധമായ ഭാഷാപ്രയോഗത്തിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ നിബന്ധിച്ചിട്ടുള്ള പാഠപുസ്തകമാണ് 'എഴുത്തോല'.

'തെറ്റുതിരുത്തുക' എന്ന തലക്കെട്ടിൽ അതിലെ പല അധ്യായങ്ങളിൽനിന്നും ഞാൻ ചോദ്യങ്ങൾ തയാറാക്കി 'ചിഹ്നനം' എന്ന അധ്യായത്തിൽനിന്നാണ് ഇനി ചോദ്യം വേണ്ടത്. പൂർണ്ണവിരാമം(.) അർദ്ധവിരാമം (;) കോമ (,) ചോദ്യചിഹ്നം (?) എന്നിങ്ങനെ അതാതിടത്ത് ചേർക്കേണ്ട ചിഹ്നങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന അധ്യായമാണ് അത്. ഓരോ ചിഹ്നത്തെയുംകുറിച്ച് പ്രതിപാദിച്ച് അതിനുള്ള ഉദാഹരണങ്ങളും കൊടുത്തുകൊണ്ടാണ് ആ അധ്യായം തയാറാക്കിയിരിക്കുന്നത്. അതിൽനിന്ന് എങ്ങനെയാണ് ഒരു നല്ല ചോദ്യമുണ്ടാക്കുക? ഒരു ചിഹ്നം മാത്രം പ്രയോഗിക്കാൻ വേണ്ട ചോദ്യമിട്ടാൽ പോരല്ലോ. ആലോചനയ്ക്കുശേഷം, ''താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗത്തിന് ഉചിതമായ ചിഹ്നങ്ങൾ ചേർത്തെഴുതുക'' എന്ന് ഞാൻ ചോദ്യം എഴുതി. പിന്നീട് ഒട്ടുമിക്ക ചിഹ്നങ്ങളും പ്രയോഗിക്കാൻ സാധ്യമായ ഒരു ഗദ്യഭാഗത്തിനുവേണ്ടി മനസ്സിൽ പരതി.

വ്യക്തികൾ തമ്മിലുള്ള സംഭാഷണം ആലേഖനം ചെയ്യപ്പെടുമ്പോൾ പേരിനുശേഷം ലംബമായി രണ്ട് കുത്ത് (ബിന്ദു) ഇടുകയാണു വേണ്ടത്. (ഉദാഹരണം രാമൻ:) അതും ചിഹ്നനം എന്ന അധ്യായത്തിൽ പ്രതിപാദിക്കുന്നുണ്ട്. അതിനാൽ ഏതെങ്കിലും സംഭാഷണഭാഗമാണല്ലോ കൂടുതൽ നല്ലതെന്ന് ഞാൻ നിരൂപിച്ചു.

മനഃപാഠമായിരുന്ന ഒരു സംഭാഷണശകലം അപ്പോൾ എന്റെ മനസ്സിൽ തെളിഞ്ഞുവന്നു.

കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചതും എം.ജി. യൂണിവേഴ്സിറ്റി ബി.എ. മലയാളത്തിനും എം.എ. മലയാളത്തിനും റഫറൻസിനായി നിർദ്ദേശിച്ചിട്ടുള്ളതുമായ ഒരു ഗ്രന്ഥമാണ് 'തിരക്കഥയുടെ രീതിശാസ്ത്രം'. മലയാളത്തിലെ പ്രമുഖരായ ചലച്ചിത്രപ്രവർത്തകരുടെ തിരക്കഥാവിഷയകമായ ലേഖനങ്ങളുടെ സമാഹാരമായിരുന്നു അത്. പി.എം. ബിനുകുമാർ ആണ് സമ്പാദകൻ. ചലച്ചിത്രകാരനും ഒപ്പം പൊതുപ്രവർത്തകനുമായ പി.റ്റി. കുഞ്ഞുമുഹമ്മദിന്റെ 'തിരക്കഥ: ഒരു വിശ്വാസിയുടെ കണ്ടെത്തലുകൾ' എന്ന ശീർഷകത്തിലുള്ള ഒരു ലേഖനവും അതിൽ ചേർത്തിരുന്നു. അതിലുള്ള ഒരു സംഭാഷണഭാഗമാണ് ചിഹ്നങ്ങൾ ചേർക്കാനുള്ള ചോദ്യത്തിനായി എന്റെ പരിഗണനയിൽ വന്നത്.

തിരക്കഥാരചനയ്ക്ക് ആവശ്യമായ ഊർജവും സ്വരൂപവും നമ്മുടെ ചുറ്റുപാടുകളിൽനിന്നുതന്നെ കണ്ടെത്താനാകുമെന്ന് പി.റ്റി. കുഞ്ഞുമുഹമ്മദ് തന്റെ ലേഖനത്തിൽ സമർത്ഥിക്കുന്നു. അദ്ദേഹം രചിച്ച 'ഗർഷോം' എന്ന സിനിമയിലെ നായകൻ ദൈവവുമായി സംവദിക്കുന്ന സീൻ അങ്ങനെ ഉണ്ടായതാണെന്ന് തന്റെ നാട്ടിലെ ഒരു ഭ്രാന്തന്റെ കഥപറഞ്ഞ് അദ്ദേഹം ഉദാഹരിക്കുന്നു. ദൈവത്തോടു സംഭാഷണത്തിലേർപ്പെടുന്ന ഭ്രാന്തന്റെ വാക്കുകൾ അദ്ദേഹം ഉദ്ധരിച്ചിരിക്കുന്നു.

ഭ്രാന്തൻ: പടച്ചോനെ, പടച്ചോനെ.

ദൈവം: എന്താടാ? നായിന്റെ മോനെ!

ഭ്രാന്തൻ: ഒരു അയില; അതു മുറിച്ചാൽ എത്ര കഷണമാണ്?

ദൈവം: മൂന്നു കഷണമാണെന്ന് നിന്നോട് എത്ര തവണ പറഞ്ഞിട്ടുണ്ട്, നായേ!

ഭ്രാന്തൻതന്നെയാണ് ദൈവമായിട്ടും സംസാരിക്കുന്നത്.

മൂവാറ്റുപുഴ നിർമ്മല കോളജിലായിരുന്നപ്പോൾ എം.എ. മലയാളത്തിന്റെ ഫൈനൽ സെമസ്റ്ററിൽ 'നാടകവും സിനിമയും' എന്ന പേപ്പർ പഠിപ്പിച്ചിരുന്നത് ഞാനാണ്. തിരക്കഥയെക്കുറിച്ചുള്ള ക്ലാസ്സിൽ പി.റ്റി. കുഞ്ഞുമുഹമ്മദും ഭ്രാന്തന്റെ കഥയും ചർച്ചാവിഷയമാകുമായിരുന്നു.

ആധുനികസാഹിത്യത്തിൽ പ്രയുക്തമാകുന്ന കറുത്തഹാസ്യ(Black Humour)ത്തെക്കുറിച്ച് ഗവേഷണം നടത്തിവന്ന എന്റെ മനസ്സിൽ ഭ്രാന്തനും ദൈവവുമായുള്ള സംഭാഷണം കറുത്തഹാസ്യത്തിനുള്ള മികച്ച ഉദാഹരണമായി വികാസംനേടി. ദൈവവുമായി സംവദിക്കുന്ന ഭ്രാന്തൻ മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ പ്രതീകമായി. ദൈവത്തിനുപോലും പരിഹരിക്കാനാവാത്ത മർത്ത്യാവസ്ഥയുടെ സന്ത്രാസം (ambiguity) ആവിഷ്കൃതമാകുന്ന ആ സംവാദം ഒരു സാഹിത്യകൃതി എന്നവണ്ണം എന്റെ മനസ്സിൽ രൂഢമൂലമായി. ബിരുദാനന്തരബിരുദക്ലാസ്സുകളിൽ ആധുനികസാഹിത്യം, കറുത്തഹാസ്യം എന്നിവ ചർച്ചാവിഷയമാകുമ്പോൾ ഈ സംഭാഷണശകലം ഞാൻ ഉദാഹരിച്ചുപോന്നു.

വീട്ടിൽ അയലമീൻ വാങ്ങിക്കുന്ന അവസരങ്ങളിൽ ഈ സംഭാഷണഭാഗം ഉച്ചത്തിൽ പറഞ്ഞുകൊണ്ട് ഞാൻ സ്വയമേവ രസിച്ചു. അങ്ങനെ കേട്ട് ഭാര്യയ്ക്കും മക്കൾക്കുംകൂടി അതു മനഃപാഠമായി.

ഉചിതമായ ചിഹ്നങ്ങൾ ചേർത്തെഴുതാനുള്ള ചോദ്യത്തിനുവേണ്ടി ആ സംഭാഷണശകലംതന്നെ ഞാൻ കുറിച്ചുവെച്ചു.

ദൈവം, 'നായിന്റെ മോനേ' എന്നു വിളിക്കുന്നതിൽ എന്തെങ്കിലും ശരികേടുണ്ടോ എന്ന് ഞാൻ അപ്പോൾ ആലോചിക്കാതിരുന്നില്ല.

ഇഷ്ടഭാഷണംപോലെ ശകാരവാക്കുകളും ഭാഷാപ്രയോഗത്തിൽ വേണ്ടതാണ്. പ്രണയാതുരനായ ഒരുവൻ, 'തങ്കക്കുടമേ' എന്ന് തന്റെ പ്രിയഭാജനത്തെ വിളിക്കുന്നതും മർദ്ദകനായ ഭർത്താവിനെ ഭാര്യ 'കാലൻ' എന്നു വിളിക്കുന്നതും ഭാഷാപ്രയോഗത്തിലെ അലങ്കാരങ്ങളാണ്. വാച്യാർത്ഥത്തിന് അപ്പുറമുള്ള ഇത്തരം ഭാവാത്മകപ്രയോഗങ്ങളാണ് ഭാഷയ്ക്ക് ആർജവം പകരുന്നത്.

മഹാകവി വൈലോപ്പിള്ളിയുടെ മാസ്റ്റർപീസായ കുടിയൊഴിക്കൽ എന്ന കാവ്യത്തിൽ ചെറ്റ, തേവിടിശ്ശി, പുലയാടി എന്നിങ്ങനെ പ്രയോഗങ്ങളുള്ളത് സാഹിത്യത്തിൽ അവയ്ക്ക് ഭ്രഷ്ട് ഇല്ലാത്തതുകൊണ്ടാണല്ലോ.

ബൈബിളിൽ സ്നാപകയോഹന്നാനും യേശു ക്രിസ്തുവും ഇത്തരം വാക്കുകൾ ഉപയോഗിക്കുന്നു. വി. മത്തായിയുടെ സുവിശേഷം 23-ാം അധ്യായം

33-ാം വാക്യത്തിൽ യേശു ക്രിസ്തു, ''സർപ്പങ്ങളേ, അണലി സന്തതികളേ'' എന്ന് പരുഷവാക്കുകൾ ഉരുവിടുന്നത് അസഹിഷ്ണുതകൊണ്ടുതന്നെയാണ്. വി. മത്തായിയുടെ സുവിശേഷത്തിൽത്തന്നെ സ്നാപകയോഹന്നാൻ തന്റെ അടുക്കൽ സ്നാനമേല്ക്കാൻ വന്നവരെ (അദ്ധ്യായം 3 വാക്യം 7) 'അണലി സന്തതികളേ' എന്നു വിളിച്ചതു ക്രോധത്തോടെ ആയിരുന്നില്ല, മറിച്ച് അവരോടുള്ള അനുഭാവംമൂലമായിരുന്നു.

വടക്കേ മലബാറിൽ വാത്സല്യദ്യോതകമായും 'നായിന്റെ മോനേ' എന്നു വിളിക്കാറുണ്ടെന്ന് പരിസ്ഥിതിപ്രവർത്തകനായ കല്ലേൻ പൊക്കുടന്റെ 'കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം'എന്ന ആത്മകഥയിൽ വായിച്ചതും ഞാൻ ഓർത്തു: ''നായിന്റെ മോനേ എന്നതും ഒരു ഓമനപ്പേരാണ്.'' (പേജ് 41 ഡി സി ബുക്സ് പ്രസിദ്ധീകരണം 2005)

ഭ്രാന്തനും ദൈവവുമായുള്ള സംഭാഷണം അതേപടി ചോദ്യത്തിൽ ചേർക്കാൻ ഞാൻ തീരുമാനിച്ചു. കാരണം, മതപഠനക്ലാസ്സിലെ കുട്ടികൾക്കുള്ള പരീക്ഷയല്ലല്ലോ ഇത്. ദൈവവും പിശാചും മാലാഖയും ദേവനും അസുരനും അവതാരങ്ങളുമെല്ലാം ഒരുപോലെ കഥാപാത്രങ്ങളായി വർത്തിക്കേണ്ട സാഹിത്യക്ലാസ്സിലെ പഠിതാക്കൾക്കുവേണ്ടിയുള്ളതല്ലേ?

നല്ല 'മെറിറ്റു'ള്ള കുട്ടികളാണ് ബി.കോം. ക്ലാസ്സിലേക്ക് അഡ്മിഷൻ നേടുന്നത്. ബുദ്ധിയും ഭാവനയുമൊക്കെ സാഹിത്യപഠനത്തിനും ആവശ്യമാണല്ലോ. അതിനാൽ അതുള്ള കുട്ടികളോട് സംവദിക്കാനാണ് എനിക്ക് ഏറെയിഷ്ടം. മൂല്യനിർണ്ണയം നടത്തിയ ഉത്തരക്കടലാസ്സുകൾ കുട്ടികൾക്ക് തിരിച്ചുകൊടുക്കുമ്പോൾ ഭ്രാന്തനും ദൈവവുമായുള്ള സംഭാഷണത്തിന്റെ പശ്ചാത്തലമൊക്കെ വിവരിച്ച് ക്ലാസ് കൂടുതൽ സാഹിത്യാത്മകമാക്കാമല്ലോ എന്നും ഞാൻ കരുതി.

വീണ്ടും ആ സംഭാഷണശകലത്തിൽ എന്റെ ചിന്ത വട്ടമിട്ടു നിന്നു. പി.ടി. കുഞ്ഞുമുഹമ്മദിന്റെ ലേഖനത്തിൽ ഭ്രാന്തന്റെ കഥയൊക്കെ വിവരിച്ചിട്ടാണ് സംഭാഷണം ചേർത്തിരിക്കുന്നത്. അതൊന്നുമില്ലാതെ സംഭാഷണം മാത്രമാകുമ്പോൾ ഭ്രാന്തൻ എന്നതിനുപകരം ഒരു പേരു കൊടുക്കുന്നതല്ലേ ഉചിതം? നമ്മുടെ നാട്ടിൽ ദൈവത്തെ 'പടച്ചോനേ' എന്ന് സാധാരണയായി സംബോധന ചെയ്യുന്നത് ഇസ്‌ലാം മതത്തിൽപ്പെട്ടവരാണല്ലോ. അപ്പോൾ അങ്ങനെയൊരു പേരാണ് വേണ്ടത്. ഭ്രാന്തന്റെ കഥ പറഞ്ഞുതന്ന ലേഖകൻതന്നെ മുസ്‌ലിം നാമധാരിയാണല്ലോ. പി.ടി. കുഞ്ഞുമുഹമ്മദ്. അതിലെ ഇനിഷ്യൽ ആദ്യംതന്നെ മാറ്റി. 'കുഞ്ഞുമുഹമ്മദ്'.

അത്രയും വേണ്ട. മുഹമ്മദ്. അതുമതി.

എഴുതിക്കഴിഞ്ഞ ചോദ്യപേപ്പറുമായി ഞാൻ DTP സെന്ററിലേക്കു ചെന്നു. കോളജിലെ ലൈബ്രറിയോടു ചേർന്ന ചെറിയ ഒരു മുറിയായിരുന്നു അത്. ഒൻപതു വർഷമായി ദിവസക്കൂലിക്ക് ജോലിചെയ്യുന്ന 27 വയസ്സുള്ള ഒരു

പെൺകുട്ടിയായിരുന്നു ഡി.റ്റി.പി. ഓപ്പറേറ്റർ. ചോദ്യപേപ്പറിലെ ചിഹ്നങ്ങൾ ചേർത്തെഴുതാൻ വേണ്ടിയുള്ള ചോദ്യം കാണിച്ചിട്ട് അവിടെ ചിഹ്നങ്ങളൊന്നും ചേർക്കരുതെന്ന് പ്രത്യേകം നിർദ്ദേശം നല്കി. ആ സംഭാഷണഭാഗം വായിച്ചുചിരിച്ചിട്ട് സാറുതന്നെയാണോ ഇതെഴുതിയതെന്ന് ആ പെൺകുട്ടി എന്നോടു ചോദിച്ചു. അതിലെ ഹ്യൂമർ ആ കുട്ടിയെ ചിരിപ്പിച്ചതിന്റെ ചാരിതാർത്ഥ്യത്തിൽ ഒരു പുസ്തകത്തിൽനിന്ന് എടുത്തതാണ് എന്നുപറഞ്ഞു ഞാൻ കാന്റീനിലേക്കുനടന്നു.

ചായ കുടിച്ചു തിരിച്ചെത്തിയപ്പോൾ ചോദ്യപേപ്പർ ടൈപ്പ് ചെയ്തു കഴിഞ്ഞിരുന്നില്ല. അതിനാൽ ടൈപ്പ് ചെയ്തുകൊണ്ടിരിക്കെത്തന്നെ ഞാൻ പ്രൂഫുനോക്കി.

ചോദ്യപേപ്പറിന്റെ DTP എടുത്ത കോപ്പിയും കൈയെഴുത്തുപ്രതിയുമായി ഞാൻ എന്റെ മുറിയിൽ തിരിച്ചെത്തി. DTP എടുത്തപ്പോൾ എന്തെങ്കിലും തെറ്റുവന്നിട്ടുണ്ടോ എന്ന് ഒരാവർത്തികൂടി പരിശോധിച്ചു. DTP കോപ്പിയിൽ ശീർഷകഭാഗത്ത് മലയാളം എന്ന് അടിക്കാൻ വിട്ടുപോയത് അപ്പോളെന്റെ ശ്രദ്ധയിൽപ്പെട്ടു. അത് വടിവൊത്ത അക്ഷരത്തിൽ കൈകൊണ്ട് എഴുതിച്ചേർത്തു. 32 കുട്ടികളാണ് പരീക്ഷ എഴുതാനുള്ളത്. എങ്കിലും എടുക്കേണ്ട ഫോട്ടോസ്റ്റാറ്റ് കോപ്പികളുടെ എണ്ണം 35 എന്ന് ചോദ്യപേപ്പറിന്റെ മറുപുറത്ത് കുറിച്ചിട്ടു. പിന്നീട് പ്രിൻസിപ്പലിന്റെ മുറിയിലെത്തി ചോദ്യപേപ്പർ അദ്ദേഹത്തെ ഏല്പിച്ചു. അപ്പോൾ കോളജ് പിരിയാനുള്ള മണിമുഴങ്ങി.

# വിശ്വാസത്തിന്റെ വിഹ്വലതകൾ

2010 മാർച്ച് 25. രാത്രി എട്ടുമണി കഴിഞ്ഞുകാണും. വീട്ടിലെ അത്താഴ സമയമായിരുന്നു. അപ്പോഴാണ് എന്റെ മൊബൈലിലേക്ക് ഫാ. പിച്ചലക്കാട്ടിന്റെ വിളിവന്നത്.

''നമ്മുടെ ബി.കോം. രണ്ടാം സെമസ്റ്റർ മലയാളം ചോദ്യപേപ്പറിൽ എന്തോ കുഴപ്പമുണ്ടെന്നു പറയുന്നു.'' അദ്ദേഹം അങ്ങനെയാണ് പറഞ്ഞുതുടങ്ങിയത്. ''എന്തുകുഴപ്പം?'' ഞാൻ ഉദ്വേഗത്തോടെ ചോദിച്ചു. ''ചിഹ്നം ചേർക്കാൻവേണ്ടി സാറിട്ട ചോദ്യത്തിൽ എന്തോ കുഴപ്പമുണ്ടെന്ന്.''

''ആരാണ് അച്ചനോട് പറഞ്ഞത്?''

''ഇൻഡ്യാ വിഷൻ ചാനലിൽ വാർത്ത വന്നു.''

ഞാൻ അമ്പരന്നുപോയി.

''അച്ചൻ വാർത്ത കണ്ടോ?''

''ഇല്ല. ഗൾഫിലുള്ള ഒരു ബന്ധു വാർത്ത കണ്ടിട്ട് എന്നെ വിളിച്ചു.''

'ഇൻഡ്യാ വിഷൻ' എന്നു പേരുള്ള വാർത്താചാനൽ മുസ്‌ലിം സമുദായത്തിന്റേതാണ്.

കേന്ദ്ര മാനവവിഭവ മന്ത്രാലയത്തിന്റെ ധനസഹായത്തോടെ കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുസ്തകത്തിൽനിന്നാണ് ചോദ്യഭാഗങ്ങൾ എടുത്തിട്ടുള്ളതെന്നും മറ്റുമുള്ള കാര്യങ്ങൾ ഫാ. പിച്ചലക്കാട്ടിനെ ഞാൻ വിശദമായി ധരിപ്പിച്ചു.

''എന്നാൽ കുഴപ്പമില്ല.'' അദ്ദേഹം കോൾ കട്ടാക്കി.

കുഴപ്പമില്ലെന്ന അദ്ദേഹത്തിന്റെ വാക്കുകൾ എനിക്കത്ര സമാധാനം തന്നില്ല. കാരണം, മറ്റുചില സംഗതികൾ എന്റെ മനസ്സിലേക്ക് അപ്പോൾ ഓടിക്കിതച്ചെത്തി.

മാർച്ച് 23, 24 എന്നീ തീയതികളിലാണ് ഡിഗ്രി രണ്ടാം സെമസ്റ്ററിന്റെ ഇന്റേണൽ പരീക്ഷ കോളജിൽ നടന്നത്. പരീക്ഷയുടെ സമയം ഒന്നര മണിക്കൂർ വീതമായിരുന്നു. ഉച്ചയ്ക്കുമുമ്പ് രണ്ടും ശേഷം ഒന്നും എന്നിങ്ങനെയാണ് പരീക്ഷകൾ ക്രമീകരിച്ചിരുന്നത്. 23-ാം തീയതി 11.30 മുതൽ 1 മണിവരെയുള്ള സമയത്താണ് മലയാളത്തിന്റെ പരീക്ഷ നടന്നത്. അന്ന് ഉച്ചയ്ക്കുശേഷമായിരുന്നു എനിക്ക് ഇൻവിജിലേഷൻ ഡ്യൂട്ടി. പരീക്ഷ നടക്കുന്ന C1-06 എന്ന ഹാളിലേക്ക് ഞാൻ നടക്കുമ്പോൾ ബി.കോം. രണ്ടാം സെമസ്റ്ററിൽ പഠിക്കുന്ന ഒരു മുസ്‌ലിം പെൺകുട്ടി എന്നെ സമീപിച്ച് ഇപ്രകാരം ചോദിച്ചു:

''മലയാളത്തിന്റെ ചോദ്യം സാറാണോ ഇട്ടത്?''

''അതേ.'' ഞാൻ പറഞ്ഞു.

''സാറുതന്നെയാണോ ഉത്തരക്കടലാസ്സുകൾ നോക്കുന്നത്?''
''അതേ.'' ഞാൻ വീണ്ടും പറഞ്ഞു.
''ചിഹ്നം ചേർക്കാനുള്ള ചോദ്യത്തിന് ആളുകളുടെ പേരു മാറ്റിയാണ് ഞാൻ ഉത്തരമെഴുതിയത്. അതിനു കുഴപ്പമുണ്ടോ?''
''പേരെന്തായാലും വേണ്ടില്ല. ചിഹ്നങ്ങൾ ശരിയായാൽ മതി. മാർക്കു കിട്ടും.''
അപ്പോഴേക്കും ഞങ്ങൾ ഇരുവരും പരീക്ഷാഹാളിലേക്ക് പ്രവേശിച്ചിരുന്നു. പിന്നീട് ആൻസ്വർ ഷീറ്റ് കൊടുക്കാനായി അടുത്തെത്തിയപ്പോൾ അവൾ മാത്രം കേൾക്കെ ഞാൻ പറഞ്ഞു: ''ആ ചോദ്യത്തിനു പിന്നിൽ ഒരു കഥയുണ്ട്. ക്ലാസ്സിൽ വരുമ്പോൾ പറയാം.''
മാർച്ച് 26 വെള്ളിയാഴ്ചയാണ് ഇനി ബി.കോം. രണ്ടാം സെമസ്റ്ററിൽ എനിക്ക് ക്ലാസുള്ളത്. ബുധനും വ്യാഴവും ദിവസങ്ങളിലെ ഒഴിവുസമയം ഉപയോഗിച്ച് കോളജിൽ വെച്ചുതന്നെ ഞാൻ അവരുടെ പേപ്പർ മുഴുവൻ മൂല്യനിർണ്ണയം നടത്തി.
ചിഹ്നം ചേർക്കാനുള്ള ചോദ്യത്തിന് ഒരാൾ ഒഴികെ എല്ലാവരും സാധാരണമട്ടിൽ ഉത്തരം എഴുതിയിരുന്നു. അവരിൽ മൂന്നുപേർ മുസ്ലിം സമുദായത്തിൽ പെട്ടവരുമാണ്. ചോദ്യവുമായി ബന്ധപ്പെട്ട് എന്നെ സമീപിച്ച പെൺകുട്ടി പേരുകൾ മാറ്റി എന്നു മാത്രമല്ല, അതിനുള്ള കാരണവും എഴുതിവെച്ചിട്ടുണ്ട്. ''Sir, ഈ പേരുവെച്ച് ഇത്തരം സംഭാഷണം എഴുതാൻ വിശ്വാസം അനുവദിക്കാത്തതിനാലാണ് ഞാൻ ഇങ്ങനെ എഴുതുന്നത്.'' രണ്ടു കഥാപാത്രങ്ങളുടെയും പേര് 'അനിയൻ' എന്നും 'ചേട്ടൻ' എന്നും മാറ്റിയിട്ടിരിക്കുന്നു. ചിഹ്നങ്ങൾ ചേർത്തിരിക്കുന്നത് മുഴുവനും ശരിയല്ലാത്തതിനാൽ എഴുപത്തിയഞ്ച് ശതമാനത്തിന്റെ വെയിറ്റേജ് ആണ് ആ ഉത്തരത്തിന് ഞാൻ നല്കിയത്. വീണ്ടും ഉത്തരക്കടലാസ്സിലേക്ക് ഞാൻ നോക്കി. ചോദ്യപേപ്പറിലുള്ള പേരുകൾ വെച്ച് എഴുതിത്തുടങ്ങിയതാണ്. ദൈവം, ''നായിന്റെ മോനേ'' എന്നു വിളിക്കുന്നത് എഴുതാനാണ് വിശ്വാസം അനുവദിക്കാതെ പോയത്. സ്നേഹസ്വരൂപനും പരമകാരുണികനുമായ ദൈവം ആരെയെങ്കിലും ഇങ്ങനെയൊക്കെ വിളിക്കുമോ? ആദ്യം ദൈവത്തിന്റെ സംഭാഷണം വിട്ടുകളഞ്ഞ് ഉത്തരമെഴുതാൻ നോക്കി. പിന്നീട് എഴുതിയത് വെട്ടി പേരുകൾ മാറ്റി ഉത്തരമെഴുതി. അങ്ങനെയാണ് ആ പെൺകുട്ടി തന്റെ വിശ്വാസത്തെ സംരക്ഷിച്ചുനിർത്തിയത്.
''കൊള്ളാം,'' ഞാൻ മനസ്സിൽ പറഞ്ഞു.
''വിശ്വാസി ആണെങ്കിലും ബുദ്ധിയുണ്ട്.''
അപ്പോൾ എന്റെ മനസ്സിലേക്ക് ഒരു മുന്നനുഭവം കടന്നുവന്നു.
മൂവാറ്റുപുഴ നിർമ്മലകോളജിലായിരുന്നപ്പോൾ എം.എ. മലയാളത്തിന്റെ സിലബസ് ആകപ്പാടെ മാറുകയും നാലാം സെമസ്റ്ററിൽ 'നാടകവും സിനിമയും' എന്ന പേപ്പർ പുതുതായി പാഠ്യവിഷയമാകുകയും ചെയ്തു. ഞാൻ കോളജിൽ

പഠിച്ചിരുന്ന കാലത്ത് സിനിമ ഒരിക്കലും പഠനവിഷയമായിരുന്നില്ല. അക്കാദമികതലത്തിൽ സിനിമ അന്ന് ഒരു അസ്പൃശ്യകലയായിട്ടാണ് ഗണിക്കപ്പെട്ടിരുന്നത്. അതിനാൽ ആട്ടക്കഥമുതൽ കാക്കാരശ്ശിനാടകംവരെ സാഹിത്യവിദ്യാർത്ഥികൾക്ക് പഠിക്കാനുണ്ടായിരുന്നെങ്കിലും ഒരു തിരക്കഥപോലും പഠിക്കാൻ വെച്ചില്ല. എന്നാൽ എന്നെപ്പോലെയുള്ള സാധാരണ വിദ്യാർത്ഥികൾ ഏറ്റവും കൂടുതൽ ഇഷ്ടപ്പെടുകയും ചർച്ചചെയ്യുകയും ചെയ്ത കലാരൂപം അന്നും സിനിമതന്നെ ആയിരുന്നു. അത് ക്ലാസ്സിനും പാഠ്യപദ്ധതിക്കും പുറത്തായിരുന്നുവെന്നു മാത്രം.

ആധുനികകാലത്തെ ജനകീയകലാരൂപം എന്ന നിലയിൽ സിനിമ ലോകമെമ്പാടും പ്രാമാണ്യം നേടിയപ്പോൾ തിരക്കഥ മാത്രമല്ല സിനിമയുടെ സാങ്കേതികവശംകൂടി സർവകലാശാലകളുടെ പാഠ്യപദ്ധതിയിൽ ഇടം നേടി. അങ്ങനെയാണ് എം.ജി. യൂണിവേഴ്സിറ്റിയിൽ എം.എ. മലയാളത്തിന്റെ അവസാന സെമസ്റ്ററിൽ നാടകവും സിനിമയും പാഠ്യവിഷയങ്ങളായത്. താരതമ്യാത്മക പഠനരീതിയിലാണ് അതിന്റെ സിലബസ് നിർദ്ദേശിക്കപ്പെട്ടത്. നാടകത്തോടും സിനിമയോടും കുറച്ച് കമ്പമൊക്കെ എനിക്ക് ഉണ്ടെ ന്നറിയാമായിരുന്ന വകുപ്പുമേധാവി പ്രൊഫ. ടി.ജെ. തോമസ് പുതിയ പേപ്പർ കൈകാര്യം ചെയ്യാൻ എന്നെയാണ് ചുമതലപ്പെടുത്തിയത്.

സ്കൂളിൽ പഠിക്കുന്ന കാലത്തുതന്നെ ലഘുനാടകങ്ങൾ എഴുതി സംവിധാനം ചെയ്തിരുന്ന എനിക്ക് എൻ.എൻ. പിള്ളയെപ്പോലെ ഒരു നാടകക്കാരനാകണമെന്നായിരുന്നു കൗമാരകാലത്തെ മോഹം. അതിനായി ഒരുമ്പെട്ടിറങ്ങിയില്ലെങ്കിലും കോളജിൽ അധ്യാപകനാകുന്ന കാലംവരെ വല്ലപ്പോഴും അമച്വർ നാടകങ്ങൾ സംവിധാനം ചെയ്തും അഭിനയിച്ചും നാടകവുമായുള്ള ബന്ധം ഞാൻ തുടർന്നുപോന്നിരുന്നു.

നാടകങ്ങൾ കണ്ടുശീലിച്ച ഒരാൾക്ക് നാടകം എഴുതാനും സംവിധാനം ചെയ്യാനും സാധിക്കും. എന്നാൽ എത്ര സിനിമ കണ്ടാലും ഒരു സിനിമ സംവിധാനം ചെയ്യാനുള്ള പ്രാപ്തി കൈവരണമെന്നില്ല. കാരണം, സിനിമ സാങ്കേതികമായ ഒരു കലാരൂപമാണ്. അതിന്റെ സാങ്കേതിക വശങ്ങൾ സ്വായത്തമാക്കിയെങ്കിൽ മാത്രമേ ചലച്ചിത്രരംഗത്ത് ഏതൊരാൾക്കും പ്രവർത്തിക്കാനാവൂ.

ചില സുഹൃദ്ബന്ധങ്ങൾവഴി സിനിമയുടെ തിരക്കഥാരചനയിൽ ചില്ലറ സഹായമൊക്കെ ചെയ്ത് എനിക്കു ശീലമുണ്ട്. ചെന്നൈയിലൊക്കെ പോയി ഡബ്ബിങ്ങും എഡിറ്റിങ്ങും മനസ്സിലാക്കിയിട്ടുമുണ്ട്. എന്നിരുന്നാലും സിനിമാനിർമാണത്തിന്റെ ആദ്യാവസാനം മനസ്സിലാക്കിയിട്ടുവേണം സിനിമയെക്കുറിച്ച് ക്ലാസ്സെടുക്കാനെന്നു ഞാൻ ഉറപ്പിച്ചു.

അവധിദിവസങ്ങളിൽ തിരുവനന്തപുരത്തും എറണാകുളത്തും പാലക്കാട്ടും മറ്റും നടക്കുന്ന സിനിമ, സീരിയൽ ലൊക്കേഷനുകളിൽ സ്വന്തം ചെലവിൽ

പോയി അസിസ്റ്റന്റായും മറ്റും ചില്ലറ ജോലികൾ പ്രതിഫലമില്ലാതെ ചെയ്ത് അവരോടൊപ്പംകൂടി സിനിമയെക്കുറിച്ച് ഞാൻ പഠിച്ചു. എഡിറ്റിങ്, ഡബ്ബിങ്, മിക്സിങ് ഇവയിലൊക്കെ ഞാൻ പറയുന്ന അഭിപ്രായങ്ങൾ കേട്ടിട്ട് ഒരു മെഗാസീരിയലിന്റെ പോസ്റ്റ് പ്രൊഡക്ഷന്റെ ചുമതല എന്നെ ഏല്പിക്കാൻ ഒരു സംവിധായകൻ ഒരുമ്പെട്ടതാണ്. എന്റെ ഉദ്ദേശ്യം അതല്ലാത്തതിനാൽ ആ ഓഫർ സ്നേഹപൂർവ്വം നിരസിച്ചുവന്ന് ഞാൻ എന്റെ കുട്ടികളെ 'നാടകവും സിനിമയും' പഠിപ്പിച്ചു.

അക്കാലത്ത് സിനിമയെക്കുറിച്ച് ആവശ്യത്തിനുള്ള പുസ്തകങ്ങൾ മലയാളത്തിൽ ലഭ്യമല്ലാതിരുന്നതിനാൽ എന്റെ ക്ലാസ്സ് തന്നെയായിരുന്നു കുട്ടികളുടെ പ്രധാന ആശ്രയം. അതിനാൽ ആ ക്ലാസ്സുകൾ കുട്ടികളിൽ ആരും നഷ്ടപ്പെടുത്താൻ തയാറായില്ല. നാടകവും പ്രത്യേകിച്ച് സിനിമയും കുട്ടികൾക്ക് ഇഷ്ടകലാരൂപങ്ങൾ ആയതിനാൽ അതിന്റെ സാങ്കേതികവശങ്ങൾ അറിയുന്നതിൽ അവർക്ക് ആവേശവും ആസ്വാദ്യതയും അനുഭവപ്പെട്ടിരിക്കണം. ഏതായാലും ആ ക്ലാസ്സുകൾ വളരെ സജീവങ്ങളായിരുന്നു.

'നാടകവും സിനിമയും' എന്ന പേപ്പറിന്റെ ക്ലാസ്സുകൾ, അസൈൻമെന്റുകൾ, സെമിനാറുകൾ, ഇന്റേണൽ പരീക്ഷകൾ എന്നിവയെല്ലാം പൂർത്തീകരിച്ച ഒരു ബാച്ചിലെ കുട്ടികൾക്ക് മികച്ച ചില ലോകസിനിമകൾ കാട്ടിക്കൊടുക്കണമെന്ന് ഞാൻ ആഗ്രഹിച്ചു. കോളജിൽ എൽ.സി.ഡി. പ്രൊജക്ടർ ഉണ്ടുതാനും. അതിനാൽ എറണാകുളത്തുപോയി 'ബൈസിക്കിൾ തീവ്സ്', 'റാഷോമോൺ', 'പഥേർ പാഞ്ചാലി,' മുതലായ വിഖ്യാത സിനിമകളുടെ സിഡി വാങ്ങിക്കൊണ്ടുവന്നു. കോളജ് ലൈബ്രറിയോട് ചേർന്നുള്ള ഒരു സെമിനാർ ഹാളിൽവെച്ച് ആ സിനിമകൾ കുട്ടികൾക്ക് കാണിച്ചുകൊടുക്കുകയും ചെയ്തു.

ഇറാനിയൻ സംവിധായകൻ മജീദ് മജീദിയുടെ 'ദി കളർ ഓഫ് പാരഡൈസ്' എന്ന സിനിമ കുട്ടികൾക്കുവേണ്ടി പ്രദർശിപ്പിച്ചുകൊണ്ടിരിക്കയാണ്. 'മുഹമ്മദ്' എന്നു പേരുള്ള അന്ധബാലന്റെ കഥ ഹൃദയ സ്പർശിയായി ആവിഷ്കരിക്കുന്ന കലാമൂല്യമുള്ള ഒരു ജനകീയ സിനിമയാണത്.

എനിക്ക് മറ്റൊരു ക്ലാസ്സിൽ പോകേണ്ടിയിരുന്നതുകൊണ്ട് സിനിമ തുടങ്ങി അല്പം കഴിഞ്ഞപ്പോൾ ഞാൻ ഹാളിനു പുറത്തേക്കു വന്നു. ഡിപ്പാർട്ട്മെന്റിലേക്കു നടക്കുമ്പോൾ സിനിമ കണ്ടുകൊണ്ടിരിക്കുന്ന എം.എ. ക്ലാസ്സിലെ ഒരു പെൺകുട്ടി എനിക്കെതിരേ വന്നു. മുസ്ലിം സമുദായത്തിൽപ്പെട്ട ആ കുട്ടിയുടെ മുഖത്ത് സദാ ഒരു പുഞ്ചിരിയും ഇടയ്ക്കിടെ അതുണ്ടാക്കുന്ന നുണക്കുഴികളും പ്രകടമായിരുന്നു. എന്റെ ക്ലാസ്സുകൾ താത്പര്യത്തോടെ ശ്രദ്ധിച്ചിരുന്ന ആ കുട്ടി സിനിമയെക്കുറിച്ചെഴുതിയ ഉപന്യാസം നിലവാരമുള്ളതായിരുന്നു. 'അഭിനയം-നാടകത്തിലും സിനിമയിലും' എന്ന വിഷയത്തിലൂന്നിയുള്ള സെമിനാറും തരക്കേടില്ലാത്തതായിരുന്നു.

''എന്തേ സിനിമ കാണാൻ പോയില്ല?''

അവൾ അടുത്തെത്തിയപ്പോൾ ഞാൻ ചോദിച്ചു.

''എനിക്കിഷ്ടമില്ല,'' അവളുടെ മുഖത്തെ പുഞ്ചിരി മാഞ്ഞു.

''സിനിമ ഇഷ്ടമില്ലേ?'' ഞാൻ ജിജ്ഞാസുവായി.

''സിനിമ ഞങ്ങൾക്ക് ഹറാമാണ്.'' അവൾ നിർവികാരമായി പറഞ്ഞു.

എന്നെത്തന്നെ നഷ്ടപ്പെട്ട് ഒരു നിമിഷം ഞാൻ നിന്നു. പിന്നെ വല്ലാത്തൊരു വല്ലായ്മ കോടമഞ്ഞുപോലെ എന്റെ മനസ്സിനെ പൊതിഞ്ഞു.

അല്പം നോർമലായപ്പോൾ ഞാൻ വിചാരിച്ചു.

''ക്ലാസ്സുകളെല്ലാം കഴിഞ്ഞതു നന്നായി. അല്ലെങ്കിൽ ആ കുട്ടിയുടെ മുമ്പിൽ ഇനി എങ്ങനെ ഞാൻ സിനിമയെക്കുറിച്ച് ക്ലാസ്സെടുക്കും?''

ഉൽപതിഷ്ണുവായ ഒരു കലാലയാധ്യാപകന്റെ ആത്മാർത്ഥതയ്ക്കു മുമ്പിൽ യാഥാസ്ഥിതിക വിശ്വാസങ്ങൾ ഉയർത്തുന്ന ഇത്തരം വെല്ലുവിളികളെക്കുറിച്ചോർത്ത് വ്യസനിച്ചിരിക്കെ വീണ്ടും മൊബൈൽഫോണിന്റെ ശബ്ദം. ഒരു പത്രപ്രവർത്തകനാണ്. ചാനലിലെ വാർത്ത കണ്ട് നേരറിയാൻ വിളിക്കുകയാണ്. ചോദ്യത്തിന്റെ പശ്ചാത്തലം ഞാൻ അദ്ദേഹത്തോടും വിവരിച്ചു.

ഉടൻതന്നെ ന്യൂമാൻ കോളജ് പ്രിൻസിപ്പൽ ഡോ. ടി.എം. ജോസഫിന് ഞാൻ ഫോൺ ചെയ്തു. രാത്രി വൈകിയതിനാൽ മടിച്ചുമടിച്ചാണ് വിളിച്ചത്. അദ്ദേഹം ഉറങ്ങിയിട്ടുണ്ടായിരുന്നില്ല. ചാനലിൽ വാർത്ത വന്ന കാര്യം പറഞ്ഞിട്ട് ഞാൻ ചോദ്യപേപ്പറിനെ സംബന്ധിച്ചകാര്യങ്ങൾ വിശദീകരിച്ചു. അതെല്ലാം ബോധ്യപ്പെട്ടതായി അദ്ദേഹത്തിന്റെ പ്രതികരണത്തിൽനിന്ന് ഞാൻ മനസ്സിലാക്കി.

''മാനേജരച്ചനെ വിളിച്ച് കാര്യങ്ങൾ അറിയിക്കേണ്ടേ?''

ഞാൻ പ്രിൻസിപ്പലിനോട് ആരാഞ്ഞു.

''ഇപ്പോൾ വേണ്ട. അച്ചൻ ഉറങ്ങിക്കാണും. രാവിലെ ഞാൻ അറിയിച്ചുകൊള്ളാം.''

അദ്ദേഹം അവസാനിപ്പിച്ചു.

# ഒരു കുറ്റവാളി ജനിക്കുന്നു

2010 മാർച്ച് 26. അശുഭസ്വപ്നങ്ങളാൽ അലങ്കോലപ്പെട്ട ഉറക്കത്തിൽനിന്ന് എന്നെ ഉണർത്തിയത് മൊബൈൽ ഫോണാണ്. ഉറക്കച്ചടവോടെ കണ്ണുകൾ തിരുമ്മി ഫോൺ കൈയിലെടുത്തപ്പോൾ ഫാ. പിച്ചലക്കാട്ടാണ്.

''കോളജിന്റെ പരിസരം നിറയെ പോലീസാണ്.''

ഗുഡ് മോർണിങ് പോലും പറയാതെയാണ് അച്ചൻ തുടങ്ങിയത്.

ഭയപ്പാടിന്റേതായിരുന്നില്ല, അദ്ദേഹത്തിന്റെ സ്വരം. മറിച്ച്, ഒരുതരം കൗതുകത്തിന്റേതായിരുന്നു. അതിനാൽ ആ വാക്കുകൾ എന്നെയും അലോസരപ്പെടുത്തിയില്ല

ഞാൻ ചുവരിലെ ക്ലോക്കിലേക്കു നോക്കി. ആറുമണി ആവുന്നതേയുള്ളു.

''സാർ ഇന്ന് കോളജിലേക്ക് വരാതിരിക്കുന്നതാണ് നല്ലത്.'' ഞാൻ എന്തെങ്കിലും പറയുന്നതിനുമുമ്പേ അച്ചൻ വീണ്ടും പറഞ്ഞു.

''അതെന്താ?'' സാധാരണമട്ടിലാണ് ഞാൻ ചോദിച്ചത്.

''സാറുവന്നാൽ വലിയ പ്രശ്നമാകും.''

''എന്തു പ്രശ്നം? ഞാൻ തെറ്റൊന്നും ചെയ്തിട്ടില്ലല്ലോ. പിന്നെന്തിനാണ് ഭയപ്പെടുന്നത്?''

നിഷ്കളങ്കമായ ഒരു തർക്കത്തിന് ഞാൻ മുതിർന്നു.

''ഏതായാലും സാറു കോളജിലേക്കുവരണ്ട.''

അച്ചന്റെ ശബ്ദത്തിൽ അല്പം കാർക്കശ്യം കലർന്നു.

''പോലീസിനെ കണ്ടിട്ടാണോ അച്ചൻ ഭയപ്പെടുന്നത്? അവർ വന്നിട്ടുണ്ടെങ്കിൽ അത് നമ്മൾക്ക് സംരക്ഷണം തരാനല്ലേ?''

''എന്തോ എനിക്കറിയില്ല.'' നീരസത്തോടെയാണ് അച്ചൻ അങ്ങനെ പറഞ്ഞത്.

''ഞാൻ ഇട്ട ചോദ്യത്തിന്റെ പശ്ചാത്തലവും സാംഗത്യവും വിവരിച്ചു കൊടുക്കണമെങ്കിൽ ഞാനവിടെ ഉണ്ടാവേണ്ടേ? തെറ്റിദ്ധാരണകളുണ്ടെങ്കിൽ മാറ്റിക്കൊടുക്കേണ്ടേ?''

''അതിനു സാറുതന്നെ വേണമെന്നില്ലല്ലോ, ഞങ്ങളൊക്കെ ഇല്ലേ?''

അച്ചൻ പറയുന്നതിലും കാര്യമുണ്ടെന്ന് അപ്പോൾ എനിക്കു തോന്നി. ഞാനിട്ട ചോദ്യത്തിനാണല്ലോ കുഴപ്പം. അതിൽ കുഴപ്പമില്ലെന്ന് ഞാൻ പറയുന്നതിലും നല്ലത് മറ്റുള്ളവർ പറയുന്നതല്ലേ? ഫാ. പിച്ചലക്കാട്ടിനും പ്രിൻസിപ്പലിനും ഞാൻ കാര്യങ്ങൾ വിശദമാക്കിക്കൊടുത്തിട്ടുള്ളതാണ്. അവർക്കു രണ്ടാൾക്കും അത് പറഞ്ഞു മനസ്സിലാക്കാനുള്ള വാക്ചാതുര്യവുമുണ്ട്. അവർ അതു ചെയ്തുകൊള്ളും. ആ വിശ്വാസത്തിൽ ഞാൻ പറഞ്ഞു:

''ഞാൻ വരണ്ടായെന്നാണ് അച്ചന്റെ അഭിപ്രായമെങ്കിൽ അങ്ങനെ ആവട്ടെ.''

''എങ്കിൽ പിന്നീട് വിളിക്കാം.'' അച്ചൻ കോൾ കട്ടു ചെയ്തു.

ഉടനെ അടുത്ത വിളിവന്നു.

ഡോ. എസ്. ശങ്കരരാമനാണ്. എന്റെ എറ്റവും അടുപ്പമുള്ള സുഹൃത്തുക്കളിൽ ഒരാളാണ്. ന്യൂമാൻ കോളജിൽ ഊർജതന്ത്ര വിഭാഗത്തിൽ പ്രൊഫസറായ അദ്ദേഹം കോളജിന് തൊട്ടടുത്താണ് താമസം. ഭയാശങ്കകളോടെയാണ് അദ്ദേഹം സംസാരിച്ചത്. കാര്യങ്ങളുടെ പോക്ക് അത്ര പന്തിയല്ല. പ്രവാചകനെ നിന്ദിച്ചുവെന്നാണ് പ്രചാരണം. കോളജ് പരിസരത്തെ ചുവരുകളിലെല്ലാം പോസ്റ്റർ പതിച്ചിട്ടുണ്ട്.

'പ്രവാചകനെ നിന്ദിച്ചുവെന്നോ?''

ഞാൻ അന്ധാളിച്ചുപോയി. എന്നാൽ അടുത്ത നിമിഷം എന്റെ തലയിൽ ഒരു മിന്നൽപ്പിണർ ചിതറിവീണു. പി.ടി. കുഞ്ഞുമുഹമ്മദിന്റെ പേര് ചുരുക്കി 'മുഹമ്മദ്' എന്നു ചേർത്തതിനെ ദുർവ്യാഖ്യാനം ചെയ്താണ് വിവാദം ഉണ്ടാക്കുന്നത് എന്ന തിരിച്ചറിവായിരുന്നു അത്. അതോടെ എന്റെ സപ്തനാഡികളും തളർന്നു.

''ചോദ്യപേപ്പറിൽ ഒരു കഥാപാത്രത്തിന് ഞാൻ 'മുഹമ്മദ്' എന്നു പേരു ചേർത്തിരുന്നു. മുഹമ്മദ് എന്നുള്ളത് ഒരു സാധാരണ പേരല്ലേ? പ്രവാചകനെ ക്കുറിച്ചാകണമെങ്കിൽ 'നബി'യെന്നോ 'മുഹമ്മദ് നബി' യെന്നോ എഴുതേണ്ടേ?''

എന്റെ വാക്കുകൾ വിറയ്ക്കുന്നുണ്ടായിരുന്നു.

''അതൊക്കെ ശരിയാണ്. പക്ഷേ, അവരിങ്ങനെ ദുഷ്പ്രചരണം നടത്തിയാൽ എന്തൊക്കെയാണോ വന്നുഭവിക്കുക?''

ശങ്കരരാമൻ ആകുലപ്പെട്ടു.

''ഞാൻ പിന്നെ വിളിക്കാം,'' അദ്ദേഹം സംഭാഷണം അവസാനിപ്പിക്കുകയും ചെയ്തു.

ശങ്കരരാമൻ പിന്നെയും വിളിച്ചു.

പ്രതിഷേധിക്കാനും പ്രതികരിക്കാനും ആഹ്വാനം ചെയ്തു നോട്ടീസുകൾ തൊടുപുഴയിലും പ്രാന്തപ്രദേശങ്ങളിലുമുള്ള മുസ്‌ലിം പള്ളികളിൽ വിതരണം ചെയ്ത കാര്യം അദ്ദേഹം അറിയിച്ചു. അതോടൊപ്പം ഇടുക്കി എം.പി. ആയ അഡ്വ. പി.റ്റി. തോമസുമായി ബന്ധപ്പെടാൻ ഉപദേശിക്കുകയും ചെയ്തു. കാരണം, പി.റ്റി. തോമസ് മുസ്‌ലിംലീഗ് സഖ്യകക്ഷിയായ ഐക്യജനാധിപത്യമുന്നണിയുടെ പ്രതിനിധിയാണ്.

പി.റ്റി. തോമസും ഞാനും കൗമാരകാലം മുതലേ പരിചയക്കാരാണ്. ഒരു കൂരയ്ക്കുകീഴിൽ ഉണ്ടുറങ്ങിയിട്ടുമുണ്ട്. ഞാൻ അദ്ദേഹത്തെ വിളിക്കുകയും വിവാദചോദ്യത്തെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു. തൊടുപുഴയിലുള്ള മുസ്‌ലിംനേതാക്കളെ വിളിച്ച് തെറ്റിദ്ധാരണകൾ മാറ്റി അനിഷ്ടസംഭവങ്ങൾ ഒഴിവാക്കാൻ ശ്രമിക്കണമെന്ന് അദ്ദേഹത്തോട് അപേക്ഷിച്ചു.

പിന്നീട് തൊടുപുഴയിലെ മറ്റൊരു നേതാവായ പ്രൊഫ. കെ.ഐ. ആന്റണിയെ വിളിച്ച് കുഴപ്പങ്ങൾ ഉണ്ടാവാതിരിക്കാൻ യത്നിക്കണമെന്ന് അഭ്യർത്ഥിച്ചു. മലയാളം പ്രൊഫസറായിരുന്ന അദ്ദേഹം നിർമ്മല കോളജിൽ എന്റെ സഹാദ്ധ്യാപകനായിരുന്നു. അടുത്ത കോൾ തൊടുപുഴ ഡിവൈഎസ്പി കെ.ജി. സൈമണിന്റേതായിരുന്നു. എന്റെ നിരപരാധിത്വം വെളിപ്പെടുത്തിക്കൊണ്ട് അദ്ദേഹത്തിനും വിവാദചോദ്യത്തിന്റെ ഉറവിടം വിവരിച്ചുകൊടുത്തു.

അപ്പോൾ ലാൻഡ്ഫോൺ ബെല്ലടിച്ചു. തൊടുപുഴയിൽനിന്നുള്ള ഒരു അപരിചിതനാണ് വിളിക്കുന്നത്. മുസ്ലിംസമുദായത്തിൽപെട്ട അദ്ദേഹം പള്ളിയിലെ ആഹ്വാനവും മറ്റു പ്രചാരണങ്ങളും കേട്ടറിഞ്ഞ് വാസ്തവമറിയുന്നതിനായി എന്റെ ഫോൺ നമ്പർ എങ്ങനെയോ അന്വേഷിച്ചറിഞ്ഞ് വിളിക്കുകയാണ്. ചോദ്യവും ചോദ്യത്തിന്റെ പശ്ചാത്തലവും ഞാൻ അദ്ദേഹത്തിന് വിശദമായി പറഞ്ഞുകൊടുത്തു. കാര്യങ്ങൾ ബോധ്യപ്പെട്ട അദ്ദേഹം ഇപ്രകാരമാണ് പറഞ്ഞവസാനിപ്പിച്ചത്:

''സാറു പറഞ്ഞുതന്നതുകൊണ്ട് എനിക്കു പിടികിട്ടി. ഇതൊക്കെ എല്ലാവരോടും എങ്ങനെ പറഞ്ഞു മനസ്സിലാക്കാനാണ്? പോരെങ്കിൽ മനഃപൂർവ്വം പ്രശ്നമുണ്ടാക്കാൻ നോക്കുന്നവരും ഞങ്ങളുടെ സമുദായത്തിലുണ്ട്.''

തുടർച്ചയായ ഫോൺ വിളികൾക്കിടയിൽ എപ്പോഴോ കൊണ്ടുവന്നുവെച്ച കട്ടൻചായ അപ്പോഴാണ് എന്റെ കണ്ണിൽ പെട്ടത്. ആറിത്തണുത്ത ഗ്ലാസ് ചുണ്ടോടടുപ്പിക്കുന്നതിനുമുമ്പേ അടുത്ത കോൾ. ന്യൂമാൻ കോളജിലെതന്നെ ഒരു സീനിയർ പ്രൊഫസറാണ്. തൊടുപുഴയിലെ പോലീസ് അധികാരികളുമായി ചില ബന്ധങ്ങളൊക്കെ അദ്ദേഹത്തിനുണ്ടെന്ന് എനിക്കറിയാമായിരുന്നു. തത്കാലം വീട്ടിൽനിന്ന് മാറി നില്ക്കാനാണ് അദ്ദേഹത്തിന്റെ ഉപദേശം.

''ആരെങ്കിലും എന്നെ ആക്രമിക്കുമെന്നു വിചാരിച്ചിട്ടാണോ?'' ഞാൻ ചോദിച്ചു.

''അതു മാത്രമല്ല, സാറിനെ പോലീസ് അറസ്റ്റുചെയ്യാൻ സാധ്യതയുണ്ട്.''

''അതെന്തിന്?'' ഞാൻ അത്ഭുതം കൂറി.

''എന്തു കുറ്റകൃത്യമാണ് ഞാൻ നടത്തിയത്?''

''എന്തായാലും അതിനുള്ള നീക്കം നടക്കുന്നുണ്ട്.'' അദ്ദേഹം പറഞ്ഞു.

''സാറിന് ഈ വിവരം എവിടുന്നാ കിട്ടിയത്? പോലീസ് ഡിപ്പാർട്ടുമെന്റിൽനിന്നാണോ?''

''ആണെന്നുവെച്ചോ. ഏതായാലും ഇപ്പോൾ പിടികൊടുക്കേണ്ട.''

അദ്ദേഹം എന്നും എന്റെ അഭ്യുദയകാംക്ഷി ആയിരുന്നു. അദ്ദേഹത്തിന്റെ വാക്ക് അനുസരിക്കേണ്ടതാണെന്ന് അപ്പോൾ എനിക്കു തോന്നി.

പിന്നീട് എല്ലാം യുദ്ധകാലാടിസ്ഥാനത്തിലായിരുന്നു. പല്ലുതേപ്പ്, കുളി, ഷേവിങ്. ഇവയെല്ലാം ഝടിതിയിലായി. ഒരു ജോഡി ഡ്രസ്സ് സഹിതം

യാത്രാബാഗ് ഒരുക്കിവെക്കാൻ ഭാര്യ സലോമിയോടു പറഞ്ഞു. ഡ്രസ്സ്മാറി വന്നപ്പോൾ അവൾ ചായയുമായി വന്നു.

''വേണ്ട.'' ചായ കുടിക്കാൻ വേണ്ടിവരുന്ന സമയം നഷ്ടപ്പെടുത്താൻ ഞാൻ ഒരുക്കമല്ലായിരുന്നു.

എറണാകുളത്തുള്ള ഏതെങ്കിലും സുഹൃത്തിന്റെ വീട്ടിൽ തത്കാലം തങ്ങാമെന്നും ആരു ചോദിച്ചാലും അക്കാര്യം പറയാതെ തൊടുപുഴയ്ക്കാണ് പോയതെന്നു പറയണമെന്നും ഭാര്യയോടും മകനോടും പറഞ്ഞുവെച്ചു.

മുവാറ്റുപുഴ കെ.എസ്.ആർ.റ്റി.സി. ബസ് സ്റ്റാൻഡിൽ കൊണ്ടുപോയി വിടാൻ മകൻ മിഥുനോട് പറഞ്ഞതിൻപ്രകാരം അവൻ ഉടൻതന്നെ കാറിൽ എന്നെ അവിടെ കൊണ്ടുവിട്ടിട്ട് തിരിച്ചുപോകുകയും ചെയ്തു.

## പ്രതി ഒളിവിൽ

കാക്കനാടുവഴി എറണാകുളത്തേക്കുപോകുന്ന ഒരു ബസ് പുറപ്പെടാൻ ഒരുങ്ങിനില്ക്കുകയായിരുന്നു. എറണാകുളത്തേക്ക് കാക്കനാട് വഴിയുള്ള യാത്ര അത്ര സുഖകരമല്ലെങ്കിൽക്കൂടി എത്രയും വേഗം മൂവാറ്റുപുഴ വിടണമെന്ന ഉദ്ദേശ്യത്തിൽ അതിൽത്തന്നെ കയറി. എന്റെ കസിനും നോവലിസ്റ്റുമായ ജോയ്സി കാക്കനാട്ടുള്ള ഏതോ ലോഡ്ജിൽ എഴുതാൻവേണ്ടി താമസിക്കുന്നുണ്ടെന്ന കാര്യം അപ്പോൾ ഞാൻ ഓർത്തു. അതിനാൽ കാക്കനാട്ടേക്കുള്ള ടിക്കറ്റാണ് എടുത്തത്.

കാക്കനാട്ട് ബസ്സിറങ്ങുമ്പോൾ സമയം ഒമ്പതര. നേരം വെളുത്തിട്ട് ഒരു തുള്ളിവെള്ളം കുടിച്ചിട്ടില്ല. അതിനാൽ അടുത്തുകണ്ട ഹോട്ടലിലേക്കു കയറി. പക്ഷേ, ഒന്നും കഴിക്കാൻ തോന്നുന്നില്ല. ഒരു ചായ മാത്രം പറഞ്ഞിട്ട് മൊബൈൽ ഫോൺ കൈയിലെടുത്തു. ജോയ്സിയെ വിളിക്കാനാണ് ഒരുമ്പെട്ടതെങ്കിലും ഇടപ്പള്ളിയിൽ താമസിക്കുന്ന സുഹൃത്ത് ഫിലിപ്പ് എടയാറിന്റെ കാര്യം പെട്ടെന്ന് ഓർമ്മവന്നു. അദ്ദേഹത്തിന്റെ വീട്ടിൽ മുമ്പൊരിക്കൽ പോയിട്ടുണ്ടെങ്കിലും ചോദിക്കാതെ പോകാൻമാത്രം വഴി ഇപ്പോൾ നിശ്ചയമില്ല. വിളിച്ചപ്പോൾ അദ്ദേഹം വീട്ടിലുണ്ട്. ഞാൻ വലിയൊരു കുഴപ്പത്തിൽ പെട്ടിരിക്കുകയാണെന്നും അത് വീട്ടിലെത്തിയിട്ടു പറയാമെന്നും എന്നാൽ വീട്ടിലേക്കുള്ള വഴി നിശ്ചയമില്ലെന്നും ഞാൻ ഫിലിപ്പിനോടു പറഞ്ഞു. എറണാകുളത്തേക്കുള്ള ബസ്സിൽ കയറി 'ആലിൻ ചുവട്' എന്ന ജങ്ഷനിൽ ഇറങ്ങി നില്ക്കാൻ ഫിലിപ്പ് എന്നോടു പറഞ്ഞു. അവിടേക്ക് ബൈക്കിൽ എത്തിയ ഫിലിപ്പ് എന്നെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയി.

വീട്ടിലെത്തിയ ഉടനെ ടിവി ഓൺ ചെയ്യാൻ ഞാൻ ഫിലിപ്പിനോടു പറഞ്ഞു. ചോദ്യപേപ്പർ വിവാദവുമായി ബന്ധപ്പെട്ട തൊടുപുഴയിലെ സംഭവവികാസങ്ങളുടെ തത്സമയ സംപ്രേഷണം ഒരു വാർത്താ ചാനലിൽ അപ്പോൾ നടക്കുന്നുണ്ടായിരുന്നു. ഞാൻ ഒന്നും പറയാതെതന്നെ ഫിലിപ്പ് എല്ലാം മനസ്സിലാക്കിത്തുടങ്ങി. ഈരാറ്റുപേട്ട, പെരുമ്പാവൂർ, ആലുവ എന്നിങ്ങനെയുള്ള ദൂരദേശങ്ങളിൽ നിന്നുപോലും ആളുകൾ തൊടുപുഴയിലെത്തി പല ഗ്രൂപ്പുകളായി ന്യൂമാൻ കോളജിലേക്ക് പ്രതിഷേധമാർച്ച് നടത്തുന്നു. കോളജ് കാമ്പസിലേക്കു കടക്കാതെ പോലീസ് അവരെ തടയുന്നു. വിവാദ ചോദ്യപേപ്പറിന്റെ പേരിൽ മലയാള വകുപ്പു മേധാവിയായ എന്നെ സസ്പെൻഡു ചെയ്തുകൊണ്ട് കോളജ് മാനേജർ വാർത്താക്കുറിപ്പ് ഇറക്കുന്നു. എന്നാലും പിരിഞ്ഞുപോകാതെ പ്രതിഷേധക്കാർ കോളജ് പരിസരത്ത് നിലകൊള്ളുന്നു. ചാനൽവാർത്ത കൊഴുക്കുകയാണ്.

കടുത്ത ഉഷ്ണത്തിലും ഷർട്ടിന്റെ ഒരു ബട്ടൺപോലും ഊരാൻ വിസമ്മതിക്കുന്നവൻ അപ്രതീക്ഷിതമായി വിവസ്ത്രനാക്കപ്പെട്ടാലത്തെ മാനസികാവസ്ഥയായിരുന്നു എനിക്കപ്പോൾ. ഒരുതെറ്റും ചെയ്യാത്ത എന്നെ സസ്പെന്റുചെയ്തതിൽ വിഷമം തോന്നിയെങ്കിലും പ്രതിഷേധക്കാരെ ശാന്തരാക്കാൻ മാനേജരുടെ നടപടി ഉതകുമെങ്കിൽ അത് ഉചിതംതന്നെയെന്നാണ് അപ്പോൾ ഞാൻ വിചാരിച്ചത്. ഞങ്ങളെക്കൂടാതെ ഫിലിപ്പിന്റെ അമ്മ മാത്രമേ അപ്പോൾ ആ വീട്ടിൽ ഉണ്ടായിരുന്നുള്ളു. കാൻസർ രോഗബാധിതയായി രണ്ടുമൂന്നു ശസ്ത്രക്രിയകൾക്കു വിധേയമായതിനുശേഷം അല്പം സുഖപ്പെട്ടിരിക്കുകയായിരുന്ന ആ അമ്മ എനിക്ക് ഒരു ചായ കൊണ്ടുവന്നുതന്നത് എപ്പോഴോ ഞാൻ കുടിച്ചുതീർത്തിരുന്നു.

വിവാദ ചോദ്യത്തിനാധാരമായ സംഭാഷണശകലം എം.ജി. യൂണിവേഴ്സിറ്റിയുടെ റഫറൻസ് ഗ്രന്ഥത്തിലുള്ള പി.ടി. കുഞ്ഞുമുഹമ്മദിന്റെ ലേഖനത്തിലേതാണെന്ന കോളജ് പ്രിൻസിപ്പലിന്റെ പ്രസ്താവംകേട്ട് പ്രതിഷേധക്കാർ തെല്ലൊന്ന് അടങ്ങിയെന്ന വാർത്ത എന്നെയും തെല്ലൊന്ന് ആശ്വസിപ്പിച്ചു. ആ ആശ്വാസത്തിന്റെ ഇടവേളയിൽ ഞാൻ വീട്ടിലേക്ക് ഫോൺചെയ്തു.

അപ്പോഴേക്കും വീട് പോലീസ് ബന്തവസ്സിലായിക്കഴിഞ്ഞിരുന്നു. അതിനിടെ കോളജ് മാനേജർ റവ. ഫാ. തോമസ് മലേക്കുടി വീട്ടിലേക്ക് ഫോൺ ചെയ്തിരുന്നു. മിഥുനാണ് ഫോണെടുത്തത്. കോളജിലേക്കു വരണ്ടായെന്നും പോലീസ് അറസ്റ്റുചെയ്യാൻ സാധ്യതയുള്ളതുകൊണ്ട് എന്നോട് തത്കാലം എങ്ങോട്ടെങ്കിലും മാറിനില്ക്കുന്നതാണ് നല്ലതെന്നും അച്ചൻ നിർദ്ദേശിച്ചത് മിഥുൻ എന്നെ അറിയിച്ചു. ഞാൻ ഫിലിപ്പിന്റെ വീട്ടിലാണെന്നും ഫിലിപ്പിന്റെ ലാൻഡ്ഫോണിൽ നിന്നാണു വിളിക്കുന്നതെന്നും എന്നെ ഈ ഫോണിലേക്കേ വിളിക്കാവൂ എന്നും ഞാൻ വീട്ടിലുള്ള ഭാര്യയെയും മകനെയും ചട്ടംകെട്ടി. പിന്നീട് ശങ്കരരാമൻ സാറിനെ വിളിച്ച് കോളജിലെ വിശേഷങ്ങൾ തിരക്കി. സംഘർഷാവസ്ഥയ്ക്ക് കാര്യമായ മാറ്റം വന്നിട്ടില്ലെന്ന് അദ്ദേഹത്തിൽനിന്നും മനസ്സിലായി.

പി.ടി. കുഞ്ഞുമുഹമ്മദിന്റെ ഒരു പുസ്തകവും എം.ജി. യൂണിവേഴ്സിറ്റിയിൽ റഫറൻസ് ഗ്രന്ഥമായിട്ടില്ല എന്ന പ്രോ വൈസ്ചാൻസലറുടെ പ്രസ്താവം ചാനലിൽകൂടി കേട്ട് ഞാൻ അക്ഷരാർത്ഥത്തിൽ ഞെട്ടി. ഔദ്യോഗിക സ്ഥാനത്തുള്ളവർ കാര്യങ്ങൾ മനസ്സിലാക്കാതെ ഇപ്രകാരം അബദ്ധപ്രസ്താവനകൾ നടത്തുന്നത് കൂടുതൽ കുഴപ്പമാകുമല്ലോ എന്നോർത്ത് ഞാൻ പരിതപിച്ചു. നിയമസഭാസമ്മേളനം നടക്കുന്ന ദിവസമായിരുന്നു അന്ന്. വിവാദചോദ്യപേപ്പറിനെ സംബന്ധിച്ച് കേരളനിയമസഭയിൽ ചോദ്യമുണ്ടായപ്പോൾ വാസ്തവം എന്തെന്നറിയാതിരുന്ന വിദ്യാഭ്യാസമന്ത്രി വൈകാരികമായിട്ടാണ് സഭയിൽ പ്രതികരിച്ചത്. തുടർന്ന് ജാമ്യമില്ലാവകുപ്പുകൾ

ചേർത്ത് കേസെടുക്കാനുള്ള കളക്ടറുടെ ഉത്തരവ് ചാനലിലൂടെ അറിഞ്ഞ ഞാൻ ആകപ്പാടെ പകച്ചുപോയി.

''ജാമ്യം കൊടുക്കണമോ വേണ്ടയോ എന്നു തീരുമാനിക്കുന്നതു കോടതിയല്ലേ.'' ഫിലിപ്പ് എന്നെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു. ജാമ്യമില്ലാവകുപ്പെന്നു കേട്ടപ്പോൾ ജാമ്യമേ കിട്ടില്ല എന്നാണ് ഞാൻ പെട്ടെന്നു ധരിച്ചുവശായത്. ഫിലിപ്പിന്റെ വാക്കുകളിൽനിന്ന് ആ ധാരണ നീങ്ങിയ ഞാൻ അടുത്ത സുഹൃത്തും ന്യൂമാൻകോളജിലെ കൊമേഴ്സ് വിഭാഗം പ്രൊഫസറുമായ ജോയി മാത്യു സാറിനെ വിളിച്ചു. അത്യാവശ്യം നിയമങ്ങളൊക്കെ അറിയാവുന്ന അദ്ദേഹം എൽ.എൽ.ബി. പാസ്സായിട്ടുമുണ്ട്. എന്റെ അടുത്ത സുഹൃത്ത് എന്ന നിലയിൽ ലഹളക്കാരിൽനിന്നും പോലീസിൽനിന്നും അല്പം അകലം പാലിച്ചായിരുന്നു അദ്ദേഹം നിന്നിരുന്നത്. എങ്കിലും കാര്യങ്ങളൊക്കെ അദ്ദേഹം വിലയിരുത്തുന്നുണ്ടായിരുന്നു. കേസിന്റെ കാര്യമോർത്ത് വിഷമിക്കേണ്ടെന്ന് ഉറപ്പിച്ചുപറയുകയും മുൻകൂർ ജാമ്യം ലഭിക്കാൻവേണ്ട കാര്യങ്ങളൊക്കെ ചെയ്തുകൊള്ളാമെന്ന് ഏല്ക്കുകയും ചെയ്തു. ന്യൂമാൻകോളജിലെ ഒരു റിട്ടയേർഡ് അധ്യാപികയുടെ ഭർത്താവായ അഡ്വ. എൻ.എം. മാത്യുവിനെക്കൊണ്ട് ജാമ്യാപേക്ഷ ഫയൽ ചെയ്യിക്കാമെന്നു ഞങ്ങൾ തീരുമാനിച്ചു. അഡ്വ. എൻ.എം. മാത്യു തൊടുപുഴയിലെ പേരുകേട്ട ക്രിമിനൽ വക്കീലായതിനാൽ കാര്യങ്ങളൊക്കെ എളുപ്പമാകുമെന്ന് പ്രൊഫ. ജോയി മാത്യു പറഞ്ഞപ്പോൾ എനിക്കല്പം ധൈര്യമൊക്കെ വീണ്ടുകിട്ടി. പക്ഷേ, ഒരു കാര്യം, ജാമ്യമൊക്കെ ശരിയായി വരാൻ ചിലപ്പോൾ ഒന്നോ രണ്ടോ ദിവസമെടുത്തേക്കും. അതുവരെ പോലീസിനു പിടികൊടുക്കരുത്. ശ്രമിച്ചുനോക്കാമെന്നേ ഞാൻ മറുപടി പറഞ്ഞുള്ളു.

രണ്ടുദിവസം എവിടെപ്പോയി ഒളിച്ചിരിക്കും? പോലീസിനെ ഒളിച്ചാൽമാത്രം പോരല്ലോ. മതഭ്രാന്തന്മാരുടെ കണ്ണിലെങ്ങാനും പെട്ടാൽ ജീവൻതന്നെ നഷ്ടപ്പെടാം. ഫിലിപ്പിന്റെ ഈ വീട് ഒട്ടും സുരക്ഷിതമല്ല. കാരണം, ഇവിടത്തെ ലാൻഡ് ഫോണിൽനിന്ന് ഞാൻ പലർക്കും ഫോൺ ചെയ്തിട്ടുണ്ട്. വൈപ്പിൻ ദ്വീപിലെ മുളവുകാട് പ്രദേശങ്ങളിൽ ചില സുഹൃത്തുക്കളുണ്ട്. ജോയ്സി വഴിയുള്ള ബന്ധങ്ങളാണ്. പക്ഷേ, അവരാരുടെയും ഫോൺ നമ്പരുകൾ കൈവശമില്ല. ഏതായാലും ജോയ്സിയെത്തന്നെ വിളിക്കാൻ തീരുമാനിച്ചു. പ്രൊഫസർ ഒരു കുഴപ്പത്തിൽപെട്ടിരിക്കുകയാണെന്നും ഉടൻതന്നെ തന്റെ വീട്ടിലെത്തണമെന്നും ഫിലിപ്പ് ജോയ്സിയെ വിളിച്ച് അറിയിച്ചു. അപ്പോൾ സമയം ഒരുമണി ആയിക്കാണും.

തൊടുപുഴയിലെ വിശേഷമറിയാനുള്ള ആകാംക്ഷയിൽ ജോയി മാത്യു സാറിനെ വീണ്ടും വിളിച്ചു. പ്രതിഷേധക്കാർ തൊടുപുഴയിലെ കടകളാക്കെ അടപ്പിക്കുകയാണെന്നും മനഃപൂർവ്വം ഒരു ഭീകരാന്തരീക്ഷം സൃഷ്ടിക്കാൻ ശ്രമിക്കുകയാണെന്നുമൊക്കെയായിരുന്നു പുതിയ വാർത്തകൾ. തൊടുപുഴ

ശ്രീകൃഷ്ണക്ഷേത്രപരിസരത്തുള്ള ഏതോ ഒരു വിഗ്രഹം പ്രതിഷേധക്കാർ മറിച്ചിട്ടതിനെത്തുടർന്ന് ക്ഷേത്രപരിസരത്ത് ഹൈന്ദവർ കോപാകുലരാകുകയും സംഘടിക്കുകയും ചെയ്തിരിക്കുന്നുവെന്ന വാർത്ത വലിയ ഭയാശങ്കകൾ എന്നിലുണർത്തി. ഇതൊരു വർഗ്ഗീയകലാപമായിമാറി ഒരു തുള്ളിചോരപോലും ആരുടെയെങ്കിലും ദേഹത്തുനിന്ന് പൊടിയാൻ ഇടവരരുതേ എന്ന് ഞാൻ ഉള്ളുരുകി പ്രാർത്ഥിച്ചു.

ജോയി മാത്യുസാർ ഫോൺകട്ടുചെയ്ത ഉടനെ എന്റെ ഫോണിൽ വീണ്ടും കോൾ. നമ്പരു കണ്ടപ്പോൾ വീട്ടിൽനിന്നുമാറാൻ രാവിലെ ഉപദേശിച്ച പ്രൊഫസറാണെന്നാണ് വിചാരിച്ചത്. കോളെടുത്തപ്പോൾ മൂവാറ്റുപുഴ ഡിവൈഎസ്പി സാബു മാത്യു. നിർമ്മലകോളജ് മുൻ പ്രിൻസിപ്പൽ സേവ്യർസാറിന്റെ ജാമാതാവാണു താനെന്നും അദ്ദേഹം സ്വയം പരിചയപ്പെടുത്തി. എന്റെ ജീവൻ അപകടത്തിലാണെന്നും ഞാനിപ്പോൾ എവിടെയാണിരിക്കുന്നതെന്നു പറയുകയും അവിടെനിന്ന് മാറാതിരിക്കുകയും ചെയ്താൽ താൻവന്ന് രക്ഷപ്പെടുത്തിക്കൊള്ളാമെന്നും അദ്ദേഹം അറിയിച്ചു. അത് എന്നെ പിടികൂടാനുള്ള ഒരു വേലത്തരമാണെന്നാണ് എനിക്കപ്പോൾ തോന്നിയത്. പിന്നെ വിളിക്കാമെന്നു പറഞ്ഞ് കോൾ പെട്ടെന്നുതന്നെ ഞാൻ കട്ടുചെയ്തു. മാത്രമല്ല, ഫോൺ സ്വിച്ച് ഓഫ് ആക്കുകയും ചെയ്തു.

ആ കോൾ അറ്റൻഡു ചെയ്തത് വലിയ മണ്ടത്തരമായിപ്പോയെന്ന് എനിക്കുതോന്നി. ഇനിയിപ്പോൾ സൈബർസെല്ലുവഴി ഞാനെവിടെയുണ്ടെന്ന് അവർ കണ്ടുപിടിക്കും. ഏതു നിമിഷവും എന്നെ പിടികൂടാനായി പോലീസ് ഇവിടെയെത്തും. എനിക്ക് ആധിയായി. ഉടൻതന്നെ ഇവിടെനിന്ന് മാറണം. തന്റെ കൈവശം എണ്ണൂറുരൂപയോടടുത്ത സംഖ്യയേ ഉള്ളൂതാനും. ജോയ്സി വന്നാൽ അവനോട് കുറച്ച് പണം വാങ്ങാമായിരുന്നു. പക്ഷേ, അവനെ കാണുന്നില്ലല്ലോ. ഞാൻ ഫിലിപ്പിനെക്കൊണ്ട് ജോയ്സിയെ വീണ്ടും വിളിപ്പിച്ചു. 'ഇതാ ഇറങ്ങുന്നു' എന്ന മറുപടിയാണ് കിട്ടിയത്. അതുകേട്ട് എനിക്ക് സങ്കടവും ദേഷ്യവും വന്നു.

അപ്പോഴേക്കും ഫിലിപ്പിന്റെ അമ്മ ഊണെടുത്തുവെച്ചിട്ട് ഞങ്ങളെ വിളിച്ചു. ഊണുകഴിക്കാനുള്ള ഒരു മാനസികാവസ്ഥയിലായിരുന്നില്ല ഞാനപ്പോൾ. അതിനാൽ എനിക്കു വിശപ്പില്ലെന്നും ഉണ്ണുന്നില്ലെന്നും ഫിലിപ്പിനോടു പറഞ്ഞു. പക്ഷേ, ഫിലിപ്പ് സമ്മതിച്ചില്ല. ജോയ്സി വരുമ്പോഴേക്കും ഊണുകഴിച്ചിരിക്കാമെന്നും പറഞ്ഞ് ഊണുമേശയിലേക്ക് നിർബന്ധപൂർവ്വം എന്നെ കൂട്ടിക്കൊണ്ടുപോയി.

കസേരയിലിരുന്ന് മേശയിലെ വിഭവങ്ങളിലേക്ക് ഞാൻ അരുചി തിളയ്ക്കുന്ന മനസ്സോടെ നോക്കി. പാവം ആ അമ്മ വയ്യാതിരുന്നിട്ടുകൂടി എന്തൊക്കെയോ അധികവിഭവങ്ങൾ എനിക്കുവേണ്ടി ഉണ്ടാക്കിവെച്ചിരിക്കുന്നു. പ്ലെയിറ്റിൽ അല്പം ചോറെടുത്ത് അതിൽ എനിക്കേറ്റം പ്രിയപ്പെട്ട കട്ടിമോരൊഴിച്ച് കുഴച്ച് ഞാൻ ഉണ്ണാൻ ആരംഭിച്ചു. പക്ഷേ, ചവച്ചരഞ്ഞിട്ടും ചോറ് ഉള്ളിലേക്കിറങ്ങുന്നില്ല.

വളരെ പാടുപെട്ടാണ് വായിലെടുത്ത ചോറ് ഒരു തരത്തിൽ വിഴുങ്ങിവിട്ടത്. എനിക്ക് കഴിക്കാൻ പറ്റുന്നില്ല എന്നു പറഞ്ഞ് ഒരു ഗ്ലാസ് വെള്ളംകുടിച്ച് ഞാൻ ഊണവസാനിപ്പിച്ചു. എന്റെ വിമ്മിട്ടം മനസ്സിലാക്കിയ ഫിലിപ്പോ അമ്മയോ പിന്നീട് നിർബ്ബന്ധിച്ചതുമില്ല.

ജോയി മാത്യുസാറിനെ ഫിലിപ്പിന്റെ ഫോണിൽനിന്ന് വീണ്ടും വിളിച്ചു. മൂവാറ്റുപുഴ നിർമ്മലകോളജിലെ അധ്യാപകനും എന്റെ സുഹൃത്തുമായ പ്രൊഫ. റ്റി.എ. ജോയിയോട് എന്റെ ഭാര്യയെയും മകനെയും അദ്ദേഹത്തിന്റെ വീട്ടിലേക്ക് വിളിച്ചുകൊണ്ടുപോകണമെന്നു പറയാൻ ജോയി മാത്യുസാറിനോട് ഞാൻ ആവശ്യപ്പെട്ടു. കൂടാതെ ഒളിവിൽ കഴിയുക ദുഷ്കരമായതിനാൽ മുൻകൂർജാമ്യത്തിനുവേണ്ട കാര്യങ്ങൾ പെട്ടെന്നുതന്നെ ചെയ്യാൻ ഓർമ്മപ്പെടുത്തുകയും ചെയ്തു.

എത്രയും പെട്ടെന്ന് മുൻകൂർ ജാമ്യം തരപ്പെടുത്താമെന്ന് അദ്ദേഹം എനിക്ക് ഉറപ്പുതന്നു. ''ഇന്നിപ്പോൾ ഈ ബഹളങ്ങളൊക്കെ ആയതുകൊണ്ട് തരപ്പെട്ടെന്നുവരില്ല. നാളെ എന്തായാലും ശരിയാക്കാം.'' അദ്ദേഹം പറഞ്ഞു.

''ഇനി ഈ നമ്പരിൽ വിളിക്കേണ്ട. എന്റെ ഭാര്യയുടെ നമ്പറിൽ വിളിച്ചാൽ മതി.''

എന്നിട്ട് അദ്ദേഹം ബിഎസ്എൻഎൽ ലെ എൻജിനീയറായ ഭാര്യ ബിന്ദുവിന്റെ ഫോൺ നമ്പർ എനിക്കു പറഞ്ഞുതന്നു.

അദ്ദേഹത്തിന്റെ വാക്കുകൾ എന്റെ ഭയപ്പാടുകളെ കുറച്ചൊന്നുമല്ല ദൂരീകരിച്ചത്. ആപത്സന്ധികളെ നേരിടാനുള്ള ഒരു തന്റേടം പെട്ടെന്നെനിക്ക് കൈവന്നു. അതോടൊപ്പം ഒരു ചെറുചിരി എന്റെയുള്ളിൽ ഊറിക്കൂടി. ഞാൻ എന്നോടുതന്നെ പറഞ്ഞു.

''ഈ നിമിഷംമുതൽ പ്രതി ഒളിവിൽ.''

ഒരു വണ്ടിയുടെ ശബ്ദം കേട്ട് ജനലിലൂടെ നോക്കിയപ്പോൾ ഭാഗ്യം, പോലീസ് വണ്ടിയല്ല; ജോയ്സിയുടെ കാറാണ്. എഴുത്തിൽ മുഴുകിയിരുന്ന ജോയ്സി ടി.വി. ഓൺ ചെയ്യാതിരുന്നതുകൊണ്ട് കാര്യങ്ങളൊന്നും അറിഞ്ഞിട്ടുണ്ടായിരുന്നില്ല. ഞങ്ങളുടെ വാക്കുകളിൽനിന്നു മാത്രമല്ല, അപ്പോഴും ലൈവായിത്തുടരുന്ന ചാനൽ വാർത്തകളിൽനിന്നും കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കിയിട്ട് അവൻ നിസ്സഹായഭാവത്തിൽ എന്നെ നോക്കി.

''പോലീസിന്റെയോ മതഭ്രാന്തന്മാരുടെയോ കണ്ണിൽപെടാതെ എവിടെയെങ്കിലും എനിക്ക് ഒളിവിലിരിക്കണം.'' ഞാൻ പറഞ്ഞു.

''എവിടെ?'' ഉറക്കത്തിൽനിന്നെണീറ്റവനെപ്പോലെ ജോയ്സി ചോദിച്ചു.

ജോയ്സി 'ഹാർബർ' എന്ന നോവൽ എഴുതുന്നതിനുമുമ്പ് ലൊക്കേഷൻ മനസ്സിലാക്കാൻ കൊച്ചിയിലെ എല്ലാ ജലാശയങ്ങളിലൂടെയും ബോട്ടിൽ സഞ്ചരിച്ചിരുന്നു. ഒപ്പം ഞാനും ഉണ്ടായിരുന്നു. അന്നു കണ്ട ഏതെങ്കിലും

തുരുത്തിൽ മുളവുകാട്ടെ സുഹൃത്തുക്കളുടെ സഹായത്തോടെ പോയി താമസിച്ചാലോ എന്ന എന്റെ ആശയം ജോയ്സിയെ അറിയിച്ചു.

''അതൊന്നും ശരിയാവില്ല.''

എന്റെ പ്രതീക്ഷയുടെ കൂമ്പടർത്തിക്കൊണ്ട് ജോയ്സി പറഞ്ഞു.

''പിന്നെവിടെ?'' ഞാൻ ചോദിച്ചു.

''തൃപ്പൂണിത്തുറയിലെ ഏതെങ്കിലും ലോഡ്ജിൽ ആയാലോ?''

ജോയ്സിയുടെ ആ നിർദ്ദേശം എനിക്കൊട്ടും സ്വീകാര്യമായിത്തോന്നിയില്ല. ഞാൻ പറഞ്ഞു:

'എന്നെ ഇവിടെനിന്നു മാറ്റി ഏതെങ്കിലും ബസ്സ്റ്റോപ്പിൽ പെട്ടെന്നു കൊണ്ടുപോയി വിട്. ബാക്കി പിന്നീട് ആലോചിക്കാം.''

ഫിലിപ്പിനോടും അമ്മയോടും യാത്ര പറഞ്ഞ് ഉടൻതന്നെ ഞങ്ങൾ അവിടെനിന്നിറങ്ങി.

''ആലപ്പുഴയ്ക്കു പോയാലോ?''

കാറിലിരുന്ന് ഞാൻ ജോയ്സിയോടു ചോദിച്ചു.

അവൻ ഒന്നും മിണ്ടിയില്ല. ആലപ്പുഴയിൽ താമസത്തിനും ഭക്ഷണത്തിനും ചെലവേറുമെന്ന തോന്നലിൽ ആ ആശയം ഞാൻതന്നെ വേണ്ടെന്നുവെച്ചു. തിരുവനന്തപുരത്ത് ചെലവുകുറഞ്ഞ ലോഡ്ജുകൾ ഏതാണെന്നു ചോദിച്ചപ്പോൾ ഒന്നുരണ്ടെണ്ണത്തിന്റെ പേരുകൾ അവൻ പറഞ്ഞുതന്നു. അപ്പോഴേക്കും ഞങ്ങൾ വൈറ്റില ജങ്ഷനിൽ എത്തി. ബസ്സ്റ്റോപ്പിൽനിന്ന് അല്പം മാറി കാർ ഒതുക്കിനിർത്തിയിട്ട് ജോയ്സി പറഞ്ഞു.

''ഇതൊരു നാല്ക്കവലയാണ്. തെക്കോട്ടോ വടക്കോട്ടോ കിഴക്കോട്ടോ പടിഞ്ഞാറാട്ടോ എങ്ങോട്ടുവേണേലും നിനക്കു പോകാം. എങ്ങോട്ടാണു പോകുന്നതെന്ന് നീ എന്നോടു പറയണ്ട. കാരണം, പോലീസെങ്ങാനും എന്നെ ചോദ്യം ചെയ്താൽ വള്ളിപുള്ളി വിടാതെ ഞാൻ എല്ലാം പറഞ്ഞുപോകും.''

''ശരി, അങ്ങനെതന്നെ ആവട്ടെ.''

ആ വാക്കുകളിലെ ആത്മാർത്ഥത നന്നായി മനസ്സിലാക്കിക്കൊണ്ട് ഞാൻ പറഞ്ഞു.

''നിന്റെ കൈയിൽ കാശുവല്ലതുമുണ്ടോ?''

ഞാൻ ചോദിച്ചു. തന്റെ പോക്കറ്റിലുണ്ടായിരുന്ന രണ്ടായിരം രൂപ അവൻ എനിക്കുതന്നു. രണ്ടായിരവും എണ്ണൂറും രണ്ടായിരത്തിയെണ്ണൂറ്. ഞാൻ മനക്കണക്കുക്കൂട്ടി. രണ്ടു മൂന്നു ദിവസത്തേക്കല്ലേ. അതു മതിയാവും. അല്പം പിശുക്കണമെന്നുമാത്രം.

ഞാൻ കാറിൽനിന്ന് ഇറങ്ങുമ്പോൾ ജോയ്സി പറഞ്ഞു: ''പിന്നെ ഒരു കാര്യം. താമസിക്കുന്നിടത്തുനിന്നോ ആ ടൗണിൽനിന്നോപോലും ആർക്കും ഫോൺ ചെയ്യരുത്. ഫോൺ ചെയ്യുന്നതിനുവേണ്ടി രണ്ടുമൂന്നുമണിക്കൂർ ബസ് യാത്ര ചെയ്താലും അതൊരു നഷ്ടമായി കരുതരുത്.''

‘‘എങ്കിൽ വിട്ടോളു,’’ ഞാൻ അവനെ യാത്രയാക്കി. എന്നിട്ട് ഭൂഗോളത്തിന്റെ സെന്ററിലെന്നതുപോലെ അവിടെ, ആ നാല്ക്കവലയിൽ ഞാൻ നിന്നു.

## ജോർജ്കുട്ടി എന്ന നോവലിസ്റ്റ്

എങ്ങോട്ടാണ് പോകേണ്ടത് എന്നതിനെക്കുറിച്ച് എനിക്കൊരു ചിന്തയും ഇല്ലാതിരുന്നുവെന്നു പറഞ്ഞാൽ ശരിയാവില്ല. വൈപ്പിൻ ദ്വീപിലെ മുളവുകാടുപ്രദേശത്തോ മറ്റേതെങ്കിലും തുരുത്തിലോ എന്ന ആശയം ജോയ്സി നിരുത്സാഹപ്പെടുത്തിയപ്പോൾതന്നെ മനസ്സിൽ തെളിഞ്ഞ ഒരു സ്ഥലം പാലക്കാടാണ്. അങ്ങോട്ടുതന്നെയെന്ന് ഏതാണ്ട് ഉറപ്പിച്ച ശേഷമാണ് മറ്റുസ്ഥലങ്ങളെക്കുറിച്ച് ജോയ്സിയുമായി ചർച്ച നടത്തിയത്. എന്തുകൊണ്ട് പാലക്കാട് മനസ്സിൽ വന്നുവെന്നുള്ളത് വഴിയേ പറയാം. എന്തുകൊണ്ട് പാലക്കാടിനെക്കുറിച്ച് ഒരക്ഷരവും ജോയ്സിയോട് മിണ്ടിയില്ല എന്നാണെങ്കിൽ ജോയ്സിയെക്കുറിച്ച് അവനറിയാമായിരുന്നതുപോലെ എനിക്കും അറിയാമായിരുന്നതുകൊണ്ടാണ്. പോലീസെങ്ങാനും അവനെ ചോദ്യംചെയ്താൽ അവൻ എല്ലാം പറഞ്ഞുപോകുമെന്നുള്ളത് എനിക്കും നല്ല ഉറപ്പായിരുന്നു. ഞാൻ പോകുന്നത് അവൻ ഏർപ്പാടാക്കിത്തരുന്ന സ്ഥലത്തേക്കല്ലെങ്കിൽ അവനൊരു സൂചനപോലും കൊടുക്കരുതെന്ന് അതിനാൽത്തന്നെ ഞാൻ തീരുമാനിച്ചുറപ്പിച്ചിരുന്നു.

ഏതുകാര്യം ചെയ്താലും അത് പരമാവധി കുറ്റമറ്റതാക്കാൻ യത്നിക്കണമെന്ന ഒരു മനോഭാവം എനിക്ക് എപ്പോഴുമുണ്ടായിരുന്നു. ഇപ്പോൾ ഞാൻ ജീവിതത്തിലാദ്യമായി ഒളിവിലാകുകയാണ്. ഈ ബസ്സ്റ്റോപ്പിൽ ഞാൻ നിൽപ്പുണ്ട് എന്നറിയുന്ന രണ്ടാമതൊരാൾ ജോയ്സി മാത്രമാണ്. എന്റെ ഒളിജീവിതത്തിലെ ഒരു പഴുത് ഇപ്പോൾ അവനാണ്. അവനെയും എന്റെ മനസ്സ് സംശയദൃഷ്ടിയോടെ വീക്ഷിച്ചുതുടങ്ങി. അവൻ പോകുന്നത് ഞാൻ കണ്ടതാണെങ്കിലും സഹജമായ കൗതുകം ഹേതുവായി എവിടെയെങ്കിലും മാറിനിന്ന് ഞാൻ ഏതു ദിക്കിലേക്കാണ് പോകുന്നതെന്ന് അവൻ മനസ്സിലാക്കിയാലോ? അതേതായാലും വേണ്ട. തെക്കോട്ട്, അതായത്, ഫോർട്ടുകൊച്ചി ഭാഗത്തേക്കുള്ള ഒരു ബസിൽ കയറി മിനിമം ചാർജിൽ ടിക്കറ്റെടുത്ത് രണ്ടു സ്റ്റോപ്പായപ്പോൾ ഞാൻ ഇറങ്ങി. റോഡ് ക്രോസ് ചെയ്ത് അപ്പുറത്തെ ബസ്സ്റ്റോപ്പിൽനിന്ന് വടക്കോട്ട്, അതായത് ആലുവയ്ക്കുള്ള ബസിൽകയറി ടിക്കറ്റെടുത്തു. ശത്രുക്കളിൽനിന്നും രക്ഷനേടാൻ ഒട്ടകപ്പക്ഷി മണലിൽ തലപൂഴ്ത്തിവെക്കുന്നതുപോലെ, ബസ്സിൽ ഇരിക്കുന്നവരും നിൽക്കുന്നവരുമായ യാത്രക്കാരിൽനിന്നും എന്നെ ഒളിപ്പിക്കാൻ പുറത്തേക്കുനോക്കിനിന്നുകൊണ്ടാണ് എന്റെ യാത്ര. ഓരോ സ്റ്റോപ്പിലും ആളുകൾ ഇറങ്ങി സമീപത്ത് സീറ്റുകൾ ഒഴിഞ്ഞാലും അതൊന്നും അറിയാത്തഭാവത്തിൽ പുറത്തേക്കു നോക്കിക്കൊണ്ടുതന്നെ ഞാൻ നിന്നു.

അങ്ങനെ നോക്കുമ്പോൾ ഇടപ്പള്ളിഭാഗത്ത് ഹൈവേയിലേക്ക് തുറക്കുന്ന പോക്കറ്റ്റോഡുകളിൽ പലതിലും പോലീസ് ജീപ്പുകൾ കിടക്കുന്നത് എന്റെ കണ്ണിൽപ്പെട്ടു. ഫിലിപ്പിന്റെ വീട്ടിലായിരുന്നപ്പോഴുള്ള എന്റെ മൊബൈൽ ഫോണിന്റെ അസ്തിത്വമാണ് ഇടപ്പള്ളി ഭാഗത്തേക്ക് പോലീസിനെ കൊണ്ടുവന്നെത്തിച്ചതെന്ന് ഞാൻ ഊഹിച്ചു. ഏതായാലും പോലീസിന്റെ മുമ്പിലൂടെ അവരെ വെട്ടിച്ചുകടന്നുകളയുന്ന പിടികിട്ടാപ്പുള്ളികൾക്കുണ്ടാകുന്ന ആത്മഹർഷത്തിന്റെ ചെറിയൊരളവ് അനുഭവിക്കാൻ എനിക്കും ഭാഗ്യമുണ്ടായി.

ആലുവയിൽനിന്ന് അങ്കമാലി. അവിടെനിന്നും തൃശ്ശൂർ. ബസ് യാത്രയ്ക്കിടയിലെ കാറ്റടിച്ചും വേനൽച്ചൂടുകൊണ്ടും ദാഹം ഒരു തളർച്ചപോലെയാണ് അനുഭവപ്പെട്ടത്. ചുണ്ടുകളും നാവും വരണ്ടിരിക്കുന്നു. എന്തെങ്കിലും വാങ്ങിക്കുടിച്ചിട്ടുമതി ഇനിയുള്ള യാത്ര എന്നുവിചാരിച്ചുകൊണ്ടാണ് തൃശ്ശൂർ ബസ്സ്റ്റാന്റിൽ ഇറങ്ങിയത്. പക്ഷേ, അപ്പോഴേക്കും അതാ പാലക്കാട്ടേക്കുള്ള ഒരു ബസ്സ് സ്റ്റാർട്ടുചെയ്ത് നിർത്തിയിരിക്കുന്നു. ഞാൻ വാച്ചിൽ നോക്കി. സമയം ആറുമണി. ഈ ബസ്സ് പോയാൽ അരമണിക്കൂറോ ഒരു മണിക്കൂറോ കഴിഞ്ഞുമാത്രമേ പാലക്കാട്ടേക്കുള്ള ബസ് ഉണ്ടാവുകയുള്ളു. ദാഹവും ക്ഷീണവും മറന്ന് ഞാൻ നീങ്ങിത്തുടങ്ങിയ ബസിൽ ഓടിച്ചെന്ന് കയറി. ഭാഗ്യം, ഇരിക്കാൻ സീറ്റുണ്ട്. ഇതുവരെയുള്ള യാത്ര പകുതിയിൽ കൂടുതൽ നിന്നിട്ടായിരുന്നു. രണ്ടുപേർക്കായിട്ടുള്ള ഒരു സീറ്റിൽ ഞാൻ വിശാലമായിട്ടിരുന്നു. കണ്ടക്ടർ അടുത്തുവന്നപ്പോൾ ഞാൻ പറഞ്ഞു: ഒരു പാലക്കാട്.

പാലക്കാട് എത്തിയപ്പോൾ സന്ധ്യകഴിഞ്ഞിരുന്നു. കെ.എസ്.ആർ.ടി.സി. ബസ്റ്റാന്റിൽനിന്ന് പുറത്തുകടന്ന ഞാൻ ആദ്യം തെരഞ്ഞത് ഏതെങ്കിലും ഹോട്ടലാണ്. തൊട്ടടുത്ത് എതിർവശത്ത് അതാ, 'ഇൻഡ്യൻ കോഫിഹൗസ്'. അവിടെ ചെന്നുകയറുമ്പോൾ ഒരു വേഴാമ്പലിന്റെ തൃഷ്ണയായിരുന്നു. കൈയും മുഖവും കഴുകിവന്ന് വെയിറ്റർ ഒഴിച്ചുവെച്ചിരുന്ന വെള്ളം ഒറ്റവലിക്ക് അകത്താക്കി. ഓർഡർ വാങ്ങാൻ കാത്തുനിന്ന വെയിറ്ററോട് സംസാരിക്കാനുള്ള ശ്വാസം അല്പനേരത്തേക്ക് അന്നനാളത്തിലെവിടെയോ കുരുങ്ങിനിന്നു.

''രണ്ടു ചപ്പാത്തിയും ഒരു വെജിറ്റബിൾ കറിയും.'' ഒരു തരത്തിലാണ് പറഞ്ഞൊപ്പിച്ചത്.

വെയിറ്റർ മടങ്ങിയപ്പോൾ ജഗ്ഗിലിരുന്ന വെള്ളം രണ്ടുമൂന്നു ഗ്ലാസ്സുകൂടി അകത്താക്കി.

ഭക്ഷണം കൊണ്ടുവന്നപ്പോഴേക്കും കഴിക്കാനുള്ള താത്പര്യമൊക്കെ പോയിരുന്നു. വയർ ആകെപ്പാടെ പെരുത്തിരിക്കുന്നു. മൂന്നുനാലു ഗ്ലാസ്സ് വെള്ളം ആർത്തിപിടിച്ച് ഒറ്റയടിക്ക് കുടിച്ചതിനാലാവും.

ഒന്നും കഴിക്കാതിരുന്നാൽ പറ്റില്ലല്ലോ. വിഷമിച്ചാണെങ്കിലും കുറേ സമയം എടുത്ത് പാത്രത്തിലുണ്ടായിരുന്നതൊക്കെ തിന്നുതീർത്തു.

ബില്ലുമായി വന്ന വെയ്റ്ററോട് ഞാൻ ചോദിച്ചു:

''അധികം മുറിവാടക ഇല്ലാത്ത ലോഡ്ജ് ഇവിടെ ഏതാണുള്ളത്?''

''സിതാര ഗസ്റ്റ്ഹൗസ് എന്നൊരു ലോഡ്ജുണ്ട്. അവിടെ താരതമ്യേന വാടക കുറവാണ്.'' തിരക്കിനിടയിൽ വെയിറ്റർ പറഞ്ഞു.

''അടുത്താണോ?'' ഞാൻ വീണ്ടും ചോദിച്ചു.

''അരക്കിലോമീറ്റർ പോകണം.'' വെയിറ്റർ അടുത്ത ടേബിളിലെ ബില്ലുകൊടുക്കാനായി തിരിഞ്ഞു.

''മുറിയെങ്ങനെ? ഒരുവിധം സൗകര്യമൊക്കെ ഉണ്ടോ?''

''മുറിയൊക്കെ കൊള്ളാം, പക്ഷേ, ഭക്ഷണം കഴിക്കണമെങ്കിൽ അടുത്ത് ഹോട്ടലുകളില്ല.'' അയാൾ അങ്ങനെ പറഞ്ഞുകൊണ്ട് അടുത്ത ടേബിളിലേക്കു പോയി. ഞാൻ കൗണ്ടറിൽ വന്നു ബില്ലു പേ ചെയ്ത് ബാഗ് എടുത്തപ്പോൾ വെയിറ്റർ ഓടിയിട്ടെന്നവണ്ണം എന്റെ അടുക്കൽ വന്നു.

''ദേ, ആ വഴിക്കുപോയാൽ മതി.'' അയാൾ കൈ ചൂണ്ടി എന്നിട്ട് വഴിപറഞ്ഞുതന്നു.

അപരിചിതനായ എന്നോട് തന്റെ ജോലിത്തിരക്കിനിടയിലും അയാൾ കാണിച്ച ഔദാര്യം എന്നെ ഒട്ടും അത്ഭുതപ്പെടുത്തിയില്ല. കാരണം പാലക്കാട്ടുകാർ അങ്ങനെയാണെന്ന് എനിക്കറിയാം. അവരുടെ സൗഹൃദവും സേവനസന്നദ്ധതയും നന്മയും മുൻപും ഞാൻ അനുഭവിച്ചറിഞ്ഞിട്ടുണ്ട്.

സിനിമ-സീരിയൽ പ്രവർത്തനവുമായി ബന്ധപ്പെട്ടാണ് മുമ്പ് ഞാൻ പാലക്കാട്ട് വന്നിട്ടുള്ളത്. പാലക്കാട്ടും നെന്മാറയുമുള്ള ടൂറിസ്റ്റ് ഹോട്ടലുകളിൽ താമസിച്ചിട്ടുണ്ട്. ചിറ്റൂർ താലൂക്കിൽ കൊല്ലങ്കോട്, പനങ്ങാട്ടിരി എന്നിവിടങ്ങളിലെ കളങ്ങളിലും പരന്ന പാറകളിലും തദ്ദേശവാസികളായ സുഹൃത്തുക്കളോടൊപ്പം ആകാശഗോളങ്ങളെ നോക്കികൊണ്ടും കരിമ്പനപ്പട്ടകളിൽ കാറ്റുപിടിക്കുമ്പോഴുള്ള സംഗീതം ആസ്വദിച്ചുകൊണ്ടും പലവട്ടം അന്തിയുറങ്ങിയിട്ടുണ്ട്.

ഒരിക്കൽ പാലക്കാട്ടെ ഒരിടത്തരം ഹോട്ടലിൽ പ്രഭാതഭക്ഷണം കഴിക്കാൻ ഞാൻ കയറി. ഓർഡർ ചെയ്തെത്തിയ നെയ്റോസ്റ്റ് അല്പം കൂടുതൽ മൊരിഞ്ഞതായിരുന്നു. നേർത്ത കരിചുവ അനുഭവപ്പെട്ട ഏതാനും ഭാഗം ഞാൻ ബാക്കിവെച്ചത് മാനേജരുടെ ശ്രദ്ധയിൽപ്പെട്ടു. ഉടൻതന്നെ വെയിറ്ററെ വിളിച്ച് വേറൊന്ന് എനിക്കു കൊടുക്കാൻ നിർദ്ദേശിച്ചു. നെയ്റോസ്റ്റിന്റെ എൺപതുശതമാനം നല്ലതായിരുന്നതുകൊണ്ടും എനിക്ക് ആവശ്യത്തിനായി എന്നതുകൊണ്ടും വേറൊന്ന് വേണ്ടായെന്ന് ഞാൻ തീർത്തുപറഞ്ഞു. കൈ കഴുകിവന്നപ്പോൾ ഞാൻ കുടിച്ച ചായയുടെ ബില്ലുമാത്രം തന്നു. നെയ്റോസ്റ്റിന്റെ വിലവാങ്ങാൻ എത്ര നിർബന്ധിച്ചിട്ടും മാനേജർ കൂട്ടാക്കിയില്ല. ഇത്തരം സവിശേഷാനുഭവങ്ങൾ ധാരാളം.

പാലക്കാട്ടുകാരുടെ മനോഗുണം മാത്രമായിരുന്നില്ല ഒളിജീവിതത്തിന് അവിടം തിരഞ്ഞെടുക്കാൻ എന്നെ പ്രേരിപ്പിച്ചത്. കേരളത്തിലെ മറ്റുനഗരങ്ങളെ അപേക്ഷിച്ച് ജീവിതച്ചെലവ് അവിടെ കുറവാണെന്ന ഒരു ധാരണയും എനിക്കുണ്ടായിരുന്നു. പോക്കറ്റിന്റെ കനക്കുറവും പാലക്കാട്ടേക്ക് എന്നെ എത്തിച്ചതിൽ നിർണ്ണായകമായ പങ്കുവഹിച്ചു.

ഇൻഡ്യൻ കോഫിഹൗസിലെ വെയിറ്റർ പറഞ്ഞുതന്ന വഴിയിലൂടെ അതായത് മഞ്ഞക്കുളം മുസ്ലിം പള്ളി പിന്നിട്ട് മറ്റൊരു റോഡിലെത്തി വീണ്ടും നടന്ന് സിതാര ടൂറിസ്റ്റ്ഹോമിന്റെ അങ്കണത്തിലെത്തി 'സിതാര മഹൽ' എന്നുപേരായ കല്യാണമണ്ഡപവും കടന്ന് കേരളസമാജം ആയുർവേദ ആശുപത്രിയുടെ മുകൾനിലയിൽ പ്രവർത്തിക്കുന്ന സിതാര ടൂറിസ്റ്റ്ഹോമിന്റെ റിസപ്ഷൻ കൗണ്ടറിൽ ഞാൻ എത്തിനിന്നു.

ഭാഗ്യം, അവിടെ മുറിയുണ്ട്. ടി.വി. ഉള്ളതിന് ഇരുന്നൂറ്റി നാല്പത്. ഇല്ലാത്തതിന് ഇരുന്നൂറ്. ഇതൊക്കെ ചോദിച്ചറിയുന്നതിനിടയിൽ കൗണ്ടറിലെ ആൾ എന്നോടു ചോദിച്ചു.

''ഇതിനുമുൻപ് ഇവിടെ താമസിച്ചിട്ടുള്ള ആളല്ലേ സാറ്?''

''അതേ.'' 'സത്യവാൻ' ആകാനൊന്നും ഞാൻ മെനക്കെട്ടില്ല. മുമ്പെങ്ങോ അവിടെ താമസിച്ച ഒരാളുടെ രൂപസാദൃശ്യം എന്നിൽ കണ്ടിട്ടാവാം അയാൾ അങ്ങനെ ചോദിച്ചത്. അയാളുടെ തെറ്റിദ്ധാരണയിൽ എനിക്ക് ഈ സന്ദർഭത്തിൽ എന്തു വിരോധം?

രജിസ്റ്ററിൽ പേരിന്റെ ആദ്യാക്ഷരം 'ജോ' എന്നെഴുതിയപ്പോൾ എന്നിലെ ആൾമാറാട്ടക്കാരൻ പെട്ടെന്ന് കടിഞ്ഞാണിട്ടു. എന്നിട്ട് 'ജോസഫ്' എന്നതിനുപകരം 'ജോർജുകുട്ടി' എന്ന് എന്നെക്കൊണ്ട് ആ കശ്മലൻ എഴുതിപ്പിച്ചു. അപ്രകാരം ഇടുക്കിജില്ലയിലെ ഒരു ഉൾനാടൻഗ്രാമത്തിൽ നിന്ന് പാലക്കാട് പശ്ചാത്തലമാക്കി നോവലെഴുതാൻ വന്ന ജോർജുകുട്ടിയായി നെറ്റിയിൽ കുറിവരച്ച അറുപതു കഴിഞ്ഞ റൂം ബോയിയോടൊപ്പം 102-ാം നമ്പർ മുറിയിലേക്ക് ഉല്ലാസവാനായിട്ടെന്നവണ്ണം ഞാൻ പ്രവേശിച്ചു.

മുറി എനിക്ക് ഇഷ്ടപ്പെട്ടു. ബാത്റൂം വൃത്തിയുള്ളതുതന്നെ. ടി.വിയും ഇന്റർഫോൺ കണക്ഷനുമുണ്ട്. ഇരുന്നൂറ്റി നാല്പതു രൂപയ്ക്ക് ഇതു ധാരാളം.

റൂംബോയ് ആയിവന്ന കാരണവർ ഒരു ജഗ്ഗിൽ വെള്ളവും ഒരു ഗ്ലാസ്സും കൊണ്ടുവന്നുവെച്ചു. അയാളോട് പേരുചോദിക്കാനൊന്നും അപ്പോൾ തോന്നിയില്ല.

ടി.വി. ഓൺചെയ്ത് വാർത്താചാനലുകൾ പരതി. 'ചോദ്യപ്പേപ്പർ വിവാദത്തെത്തുടർന്ന് തൊടുപുഴയിൽ നിരോധനാജ്ഞ' എന്ന് ഫ്ളാഷ് ന്യൂസ്. ടി.വി. ഓഫ്ചെയ്ത് കുളിക്കാൻ കയറി. കുളി കഴിഞ്ഞതോടെ ശരീരവും മനസ്സും ഒന്നു ഫ്രഷായതുപോലെ.

പക്ഷേ, അപ്പോഴേക്കും പുതുമഴയേറ്റ മണ്ണിൽ വിത്തുകൾ എന്നപോലെ ആകുലചിന്തകൾ എന്നിൽ മുളപൊട്ടിത്തുടങ്ങി.

കയ്യാമം വെക്കാനായി പോലീസോ വകവരുത്താനായി മതഭ്രാന്തരോ ഏതുനിമിഷവും ഇവിടേക്ക് ഇരച്ചുകയറാം എന്നു ഞാൻ പ്രതീക്ഷിച്ചു. എന്നാൽ അതൊന്നും എന്നെ ആകുലപ്പെടുത്തിയില്ല. എന്റെ ഭാര്യയെയും മക്കളെയും കുറിച്ചായിരുന്നു എന്റെ ആധിമുഴുവൻ. സുനാമിപോലെ നിനച്ചിരിക്കാതെ വന്ന ദുരന്തം അവരെ എങ്ങനെയൊക്കെയാവും ബാധിച്ചിരിക്കുക? താൻ പറഞ്ഞമാതിരി അവർ ഏതെങ്കിലും അദ്ധ്യാപകസുഹൃത്തുക്കളുടെ വീട്ടിലേക്ക് പോയിക്കാണുമോ? അതോ വീട്ടിൽത്തന്നെ ആയിരിക്കുമോ? പോലീസ് നിരീക്ഷണത്തിലുള്ള വീട്ടിൽ അവർ എങ്ങനെ മനസ്സമാധാനത്തോടെ കഴിയും? ഞാൻ എവിടെയാണെന്നറിയാതെ വിഷമിക്കുകയും എന്നെക്കുറിച്ചോർത്ത് സങ്കടപ്പെടുകയും ചെയ്യില്ലേ? ഭാര്യ സലോമിക്കും മകൻ മിഥുനും ഞാൻ ചെയ്ത കുറ്റം എന്താണെന്ന് നിശ്ചയമുണ്ട്. പക്ഷേ, ഹോസ്റ്റലിൽ താമസിക്കുന്ന മകൾ ആമിക്ക് യാതൊന്നും അറിഞ്ഞുകൂടാ. മറ്റുള്ള ഉറവിടങ്ങളിൽനിന്നുകിട്ടുന്ന വാർത്തകൾ അവളെ എത്രമാത്രം പേടിപ്പിക്കുകയും തളർത്തുകയും ചെയ്യുന്നുണ്ടാകാം? എന്റെ കണ്ണുകൾ നിറഞ്ഞുതുളുമ്പി.

''ഛെ, ഒരു ഭീരുവിനെപ്പോലെ ഒറ്റയ്ക്കിരുന്ന് കരയുന്നോ?'' ആരോ എന്റെ ഉള്ളിൽനിന്ന് ശാസിക്കുന്നതായി എനിക്കുതോന്നി. ഞാൻ എണ്ണീറ്റു പോയി കണ്ണീരിനോടൊപ്പം ആകുലചിന്തകളും തത്കാലത്തേക്ക് കഴുകിക്കളഞ്ഞു.

ഒരു ഗ്ലാസ്സ് വെള്ളംകൂടി കുടിച്ചു. ഇനി കിടന്നേക്കാം. ഇന്നലെയും ശരിക്ക് ഉറങ്ങാത്തതാണ്.

ഉറങ്ങുന്നതിനുമുൻപേ പതിവുള്ള പ്രാർത്ഥന മനസ്സിൽ ഉരുക്കഴിച്ചു. എനിക്കുവേണ്ടി ഞാൻതന്നെ രചിച്ച പ്രാർത്ഥനയാണ്. അതിന്റെ ഒരുഭാഗം ഇങ്ങനെയാണ്: 'എന്റെ ദൈവമേ, എന്റെ ചിന്തകളെ അവിടന്നു നിയന്ത്രിച്ചുകൊള്ളേണമേ. എന്റെ വാക്കും പ്രവൃത്തിയും, സത്യസന്ധവും നീതിയുക്തവും ഉചിതവും ആയിരിക്കേണമേ.' ഈ വരികൾ ചൊല്ലിയപ്പോൾ എന്റെ കണ്ണുകൾ വീണ്ടും നിറഞ്ഞു. ഞാൻ ദൈവത്തോടു ചോദിച്ചു.

ഇങ്ങനെയൊക്കെ പ്രാർത്ഥിക്കുന്ന എന്നെ നീ എന്തുകൊണ്ടു കൈവിട്ടുകളഞ്ഞു? വിവാദത്തിന് ഇടയാക്കിയ ആ ചോദ്യമിടാൻ എന്നെ തോന്നിപ്പിച്ചതെന്തിന്? നിനക്ക് മറ്റൊന്ന് ഇട്ടുകൂടായിരുന്നോ?

ദൈവം ഒന്നും മിണ്ടിയില്ല.

# പപ്പടങ്ങളുടെ സ്നേഹപ്രകടനം

ഉറക്കത്തിന് ഒരു കനക്കുറവുണ്ടായിരുന്നെങ്കിലും പ്രഭാതമായപ്പോഴാണ് ഉണർന്നത്. വാച്ചിൽനോക്കി. ആറുമണി. ഉടനെ പല്ലുതേച്ച് മുഖം കഴുകി മുറിപൂട്ടി പുറത്തുകടന്നു. നടന്ന് ഒരു മിൽമാ ബൂത്തിന്റെ മുമ്പിലെത്തി. അവിടെ ചായയും കിട്ടും. ചായകുടിച്ചതിനുശേഷം ടെലഫോൺ ബൂത്ത് നോക്കിനടന്നു. ആദ്യം കണ്ട ബൂത്തിൽ കയറി. ജോയി മാത്യുസാറിന്റെ ഭാര്യ ബിന്ദുവിന്റെ ഫോൺനമ്പർ കുറിച്ച കടലാസ് പോക്കറ്റിലുണ്ടായിരുന്നു.

''ഹലോ,'' ഫോണെടുത്തത് ബിന്ദുതന്നെയാണ്.

''ഇത് ടി.ജെ. ജോസഫാണ്. ജോയി മാത്യുസാറിന് ഒന്നു കൊടുക്കാമോ?''

''സാർ ഇന്നലെ പോയിട്ട് ഇതുവരെ വീട്ടിൽ എത്തിയിട്ടില്ല.'' ബിന്ദുപറഞ്ഞു.

''എങ്കിൽ ഞാൻ പിന്നീട് വിളിക്കാം.''

''ശരി.'' ഫോൺ കട്ടായി.

ജോയി മാത്യുസാർ ഇതുവരെ വീട്ടിലെത്തിയിട്ടില്ല! എന്റെ മുൻകൂർ ജാമ്യത്തിനുവേണ്ട അപേക്ഷ വക്കീലിനോടൊപ്പം രാത്രിമുഴുവൻ ഉറക്കമിളച്ച് തയാറാക്കുകയായിരുന്നിരിക്കും. എങ്കിൽ ഇന്നുതന്നെ ഫയൽ ചെയ്യാൻ പറ്റിയേക്കും.

മനസ്സിന് അല്പമൊരു ആശ്വാസംതോന്നി. തിരിച്ചുപോരുമ്പോൾ പെട്ടിക്കടയിൽനിന്ന് ഒരു മലയാളമനോരമ ദിനപത്രവും വാങ്ങിക്കൊണ്ടുവന്നു. മുറിയിലെത്തി വാതിൽ കുറ്റിയിട്ടതിനുശേഷമേ പത്രം നിവർത്തിയുള്ളു. പാലക്കാട് എഡിഷനായിട്ടും ഫ്രണ്ട് പേജിൽതന്നെ വാർത്തയുണ്ട്. 'ചോദ്യപേപ്പർവിവാദം തൊടുപുഴയിൽ നിരോധനാജ്ഞ.' തൊടുപുഴ ന്യൂമാൻകോളജിൽ ബി.കോം. സെക്കൻഡ് സെമസ്റ്റർ മലയാളം പരീക്ഷയ്ക്ക് വിതരണം ചെയ്ത ചോദ്യപേപ്പറിൽ മതനിന്ദ ഉണ്ടെന്നാരോപിച്ചു നടത്തിയ പ്രതിഷേധം അക്രമാസക്തമാകുകയും ഇടുക്കിജില്ലാ കളക്ടർ തൊടുപുഴ നഗരത്തിൽ നിരോധനാജ്ഞ പ്രഖ്യാപിച്ചെന്നും മറ്റുമാണ് വാർത്തയുടെ വിശദാംശങ്ങൾ. ചോദ്യപേപ്പർ തയാറാക്കിയ മലയാളവകുപ്പുമേധാവി പ്രൊഫ. ടി.ജെ. ജോസഫ് പ്രശ്നം വിവാദമായതോടെ ഒളിവിൽപോയെന്ന് പോലീസ്. സമാധാനപുനഃസ്ഥാപനത്തിനു വേണ്ടി പ്രാദേശിക രാഷ്ട്രീയനേതാക്കൾ നടത്തിയ മതമൈത്രീ ഘോഷയാത്രയുടെ ചിത്രവുമുണ്ട്.

അൻപത്തിരണ്ട് വയസ്സിനിടയ്ക്ക് തന്നെ സംബന്ധിച്ച് ആദ്യമായി ഒരു പത്രവാർത്ത വന്നതാണ്. അതും ഫ്രണ്ട് പേജിൽ. 25 വർഷത്തെ ആത്മാർത്ഥമായ അധ്യാപനത്തിനുള്ള കീർത്തിമുദ്ര! ഈ പത്രങ്ങൾക്ക് 'മനോരമ' എന്നൊക്കെ പേരിടുന്നത് എന്തിനാണാവോ? ഞാൻ പരിതപിച്ചു. ഏതായാലും ആ 'മനോരമ'

എന്റെ മനസ്സിനെ ഒട്ടും രമിപ്പിച്ചില്ല. അതിനാൽ മറ്റു വാർത്തകളൊന്നും ഞാൻ വായിച്ചതുമില്ല.

ഭക്ഷണം കഴിക്കാൻ ഏറ്റവും അടുത്തസ്ഥലം ഇൻഡ്യൻ കോഫിഹൗസ് തന്നെയാണ്. അവിടേക്ക് അരക്കിലോമീറ്ററിൽ കൂടുതൽ ദൂരമുണ്ട്. ഒരു ഒളിജീവിതക്കാരൻ അങ്ങനെയിങ്ങനെ നടക്കാനൊന്നും പാടില്ല. അതിനാൽ വിശപ്പുണ്ടെങ്കിലും പ്രഭാതഭക്ഷണം വേണ്ടെന്നുവെച്ചു. ഒരു ചെലവു ചുരുക്കലും ആകുമല്ലോ.

ഒരു മണിയോടെ മുറിപൂട്ടി പുറത്തിറങ്ങി. നേരേ ഇൻഡ്യൻ കോഫി ഹൗസിലേക്ക്. അവിടെ ഊണിന് ഒരുവിധം നല്ല തിരക്കുണ്ട്. അധികം കറികളൊന്നുമില്ല. സാമ്പാറിനു പകരം മറ്റൊരു ചാറ്. ഒഴിക്കാൻ പിന്നെ രസം മാത്രം. ഓരോ പപ്പടവും കിട്ടി. തൊട്ടടുത്തിരിക്കുന്ന ആൾ പ്രൈവറ്റ് ബസ്സിലെ കണ്ടക്ടറാണ്. മിക്കവാറും അവിടെത്തന്നെയാണ് ഊണ്. ആകപ്പാടെ ധൃതിയിലാണ്. അയാൾ തനിക്കുകിട്ടിയ പപ്പടം എന്റെ നേരേ നീട്ടി. അയാൾക്ക് പപ്പടം അലർജിയാണത്രേ. പപ്പടം തിന്നാൽ തൊണ്ടയ്ക്ക് ഒരു കാറലാണ്. പപ്പടമുണ്ടാക്കാനുപയോഗിക്കുന്ന സോഡാക്കാരമാണ് വില്ലൻ. പപ്പടം എനിക്കും അത്ര ഇഷ്ടമൊന്നുമില്ല. ഉപ്പിനുപകരം സാമ്പാറിൽ പൊടിച്ചിട്ടു കുഴയ്ക്കും. പാലക്കാടൻ സാമ്പാറും കറികളും അത്ര രുചിയായി തോന്നിയില്ല. അതിനാൽ പോരട്ടെന്നു കരുതി. മാത്രമല്ല, അയാൾ ഇഷ്ടത്തോടെ തരുന്നതുമല്ലേ. പാലക്കാട്ടുകാർ മുഴുവനും എനിക്കിപ്പോൾ ആതിഥേയരാണല്ലോ.

രണ്ടു പപ്പടവും പൊടിച്ചിട്ട് ഞാൻ വിശാലമായി ഉണ്ടുതുടങ്ങി. ഊണിനിടയിൽ പപ്പടത്തിന് അല്പം സോഡാക്കാരം കൂടുതലല്ലേയെന്ന് എനിക്കും തോന്നാതിരുന്നില്ല. അപ്പോഴേക്കും ഊണുകഴിഞ്ഞ് കണ്ടക്ടർ പോയിരുന്നു.

വായ് കഴുകിയപ്പോൾമുതൽ എന്റെ നാക്കിനൊരു തരിപ്പ്, തൊണ്ടയ്ക്ക് ഒരു കാറൽ. ചുണ്ടിന് ഒരു എഴുകൽ. കണ്ടക്ടർക്കു മാത്രമല്ല ഇവിടത്തെ പപ്പടം എനിക്കും അലർജിതന്നെ. ഡബിൾ അലർജി. കാരണം രണ്ടെണ്ണം ഞാൻ തിന്നല്ലോ.

ലോഡ്ജിലേക്കു നടക്കുമ്പോൾ ചുണ്ടുകൾ ഊതിവീർത്തുവരുന്നതു പോലെ എനിക്കുതോന്നി. മുറിയിലെത്തി കണ്ണാടിയിൽ നോക്കിയപ്പോൾ പ്രതീക്ഷിച്ചത്ര കുഴപ്പം പക്ഷേ, കാണാനില്ലായിരുന്നു. ഏതായാലും രണ്ടുരണ്ടര മണിക്കൂർ നേരത്തേക്ക് മറ്റ് അസ്വസ്ഥകളോ ആശങ്കകളോ എന്നിലേക്ക് കടന്നുവരാൻ ആ പാലക്കാടൻ പപ്പടങ്ങൾ അനുവദിച്ചില്ല.

പപ്പടങ്ങളുടെ സ്നേഹപ്രകടനം അവസാനിച്ചതോടുകൂടി ജാമ്യത്തിന്റെ കാര്യം എന്തായെന്നറിയാനുള്ള ആകാംക്ഷ എന്നിൽ വളർന്നു. ഞാൻ മുറിപൂട്ടി പുറത്തിറങ്ങി. ഏറെ ദൂരം നടന്ന് മറ്റൊരു ടെലഫോൺ ബൂത്തിൽ കയറി.

''ഹലോ,'' മറുതലയ്ക്കൽ ബിന്ദുവിന്റെ ശബ്ദംകേട്ടപ്പോൾ ആശ്വാസമായി.

''ഞാൻ ടി.ജെ. ജോസഫാണ് കാര്യങ്ങളൊക്കെ എന്തായെന്ന് അറിയാനാണ്. ജോയി സാറ് വന്നോ?''

ഒറ്റശ്വാസത്തിലാണ് ഞാൻ സംസാരിച്ചത്.

''ഞാനിപ്പോൾ ഓഫീസിലാണ്.'' ഒളിപ്പിച്ചുവെച്ച ശബ്ദത്തിൽ ബിന്ദുപറഞ്ഞു.

''സാറു വിളിച്ചിരുന്നു. ജാമ്യാപേക്ഷ ഇന്നല്ലെങ്കിൽ തിങ്കളാഴ്ച ഫയലു ചെയ്യുമെന്നാണ് പറഞ്ഞത്. പിന്നൊരു കാര്യം...'' ബിന്ദു തുടർന്നു. ''ഇനിയിങ്ങനെ ഫോണിൽ വിളിക്കരുത്.''

''ഒരു കാര്യംകൂടി...'' ഞാൻ തിടുക്കത്തിൽ ചോദിച്ചു.

''എന്റെ ഭാര്യയും മകനും?''

''അവർ മുരിക്കാശ്ശേരിക്കുപോയി. സലോമിയുടെ ആങ്ങളവന്നാണ് കൊണ്ടുപോയത്.''

''എന്റെ കോളുകൾ മൊബൈലിൽനിന്ന് ഡിലീറ്റു ചെയ്തേരേ.'' ഞാൻ പറഞ്ഞു.

''അങ്ങനെ ചെയ്തോളാം.''

കോൾ പെട്ടെന്നു കട്ടായി.

മനസ്സിൽനിന്ന് വലിയൊരു ഭാരമിറങ്ങിയ ലാഘവത്തോടെയാണ് ഞാൻ ലോഡ്ജിലേക്കു തിരിച്ചുനടന്നത്. കാരണം, ഭാര്യയെയും മകനെയും കുറിച്ച് ഇനി ആധി വേണ്ട. അവർ സുരക്ഷിതസ്ഥാനത്തെത്തിയിരിക്കുന്നു. ഭാര്യയുടെ വീട്ടിൽതന്നെ. അവിടെ ഭാര്യയുടെ അമ്മയും സഹോദരൻ സാജുവും അവന്റെ ഭാര്യയും മക്കളുമുണ്ട്. വീടാണെങ്കിൽ മുരിക്കാശ്ശേരി പോലീസ് സ്റ്റേഷന്റെ തൊട്ടടുത്താണ്. ക്വാർട്ടേഴ്സിൽ താമസിക്കുന്ന പോലീസുകാരാണ് ഏറ്റവും അടുത്ത അയൽക്കാർ. പിന്നെന്തുപേടിക്കാനാണ്?

തന്റെ കാര്യം... സന്ദിഗ്ദ്ധതയുടെ കൊടുംകാട്ടിലേക്ക് വിധി തന്നെ തള്ളിവിട്ടിരിക്കുകയാണ്. ഇവിടെനിന്ന് എങ്ങനെയാണ് പുറത്തുകടക്കുക? അതിനുള്ള വഴികൾ ആലോചിച്ചുനടന്ന എനിക്ക് കൺമുമ്പിൽ വഴി തെറ്റിയിരിക്കുന്നു. താൻ വന്ന വഴിയേയല്ല ഇപ്പോൾ തിരിച്ചുനടക്കുന്നത്. റോഡും റോഡരുകിലെ കെട്ടിടങ്ങളും തികച്ചും അപരിചിതങ്ങൾ.

ആരോടെങ്കിലും വഴി ചോദിച്ചാലോ?

വേണ്ട. കാരണം താൻ ഒളിവിൽ കഴിയുന്നവനാണ്. ഓട്ടോ വിളിച്ചു പോയാലോ? പോകേണ്ട സ്ഥലം ഏതാണെന്നു പറയും? ഏതായാലും സിതാര ഗസ്റ്റ്ഹൗസ് എന്നുപറയേണ്ട. അതു ശരിയാവില്ല. കെ.എസ്. ആർ.റ്റി.സി. ബസ്സ്റ്റാൻഡിലെത്തിയാൽ പിന്നെ ലോഡ്ജിലെത്താനുള്ള വഴിയറിയാം.

അതുവഴി കാലിവന്ന ഒരു ഓട്ടോ കൈകാണിച്ചു നിർത്തി. കയറിയിരുന്നിട്ട് പറഞ്ഞു:

''കെ.എസ്.ആർ.റ്റി.സി. ബസ്സ്റ്റാൻഡ്.''

ഓട്ടോ പുറപ്പെട്ടുകഴിഞ്ഞപ്പോൾ ഡ്രൈവറെ ഞാൻ ഒളികണ്ണിട്ടു നോക്കി. കൊടുംഭീകരനായ ഒരു പിടികിട്ടാപ്പുള്ളിയാണ് തന്റെ വണ്ടിയിൽ യാത്ര ചെയ്തിരുന്നതെന്ന് ഏതെങ്കിലുമൊരു സമയത്ത് മനസ്സിലാക്കിയിട്ട് ഇയാൾ പോലീസിനെ അറിയിച്ചാൽ എന്തായിരിക്കും മൊഴി കൊടുക്കുക? കെ.എസ്.ആർ.റ്റി.സി. ബസ് സ്റ്റാൻഡിൽ കൊണ്ടുപോയി വിട്ടെന്ന്. അതുകേട്ട് പോലീസ് എന്തുവിചാരിക്കും? പാലക്കാട്ട് എത്തിയിരുന്നു. പക്ഷേ, കെ.എസ്.അർ.റ്റി.സി. ബസ്സിൽ കയറി എങ്ങോട്ടോപോയിക്കാണും. അതോടെ അവരുടെ അന്വേഷണം പാലക്കാട്ടുനിന്ന് വണ്ടികേറിക്കൊള്ളും.

ആലോചനക്കുറവുകൊണ്ടല്ല, അതു കൂടിപ്പോയതുകാരണം പതിനഞ്ചുരൂപ ഓട്ടോക്കൂലി കൊടുക്കേണ്ടിവന്നതിന്റെ കുണ്ഠിതത്തോടെയാണ് ലോഡ്ജിലേക്ക് തിരിച്ചുനടന്നത്.

മുറിയിലെത്തി നാലു ചുവരുകൾക്കുള്ളിലായപ്പോൾ ആലോചന വീണ്ടും മുറുകി.

ഫോൺ ചെയ്യരുതെന്ന് ബിന്ദു എന്തുകൊണ്ടാണ് പറഞ്ഞത്?

ഭയപ്പാടിന്റെ സ്വരത്തിലല്ലേ അവർ സംസാരിച്ചത്?

പോലീസ് ബിന്ദുവിനെയും സംശയിക്കുന്നുണ്ടാവുമോ? സംശയിക്കുന്നുണ്ടെങ്കിൽ മൊബൈൽവാങ്ങി കോൾ രജിസ്റ്റർ നോക്കില്ലേ? എന്റെ കോളുകൾ ഡിലീറ്റുചെയ്യാൻ പറഞ്ഞെങ്കിലും അങ്ങനെ ചെയ്തിട്ടുണ്ടാവുമോ?

മൊബൈലിൽ ഡിലീറ്റു ചെയ്താലും സൈബർ സെല്ലിന്റെ സഹായത്തോടെ ആ ഫോണിലേക്കുവന്ന കോളുകൾ കണ്ടെത്താൻ പോലീസിനു സാധിക്കില്ലേ?

ആ കോളുകൾ പാലക്കാട്ടുനിന്നാണെന്ന് പോലീസ് മനസ്സിലാക്കില്ലേ?

പബ്ലിക് ബൂത്തിൽനിന്നാണെങ്കിലും പാലക്കാട്ടുനിന്നുതന്നെ ഫോൺ ചെയ്തത് അബദ്ധമായിപ്പോയി. ഒന്നല്ല, രണ്ടുകോളുകൾ. താമസിക്കുന്ന പരിസരങ്ങളിൽനിന്നൊന്നും ഫോൺ ചെയ്യരുതെന്ന് ജോയ്സി പ്രത്യേകം ഓർമ്മിപ്പിച്ചിരുന്നതാണ്. എത്രയെത്ര കഥാപാത്രങ്ങളെ പോലീസിൽനിന്നും മറ്റു വില്ലന്മാരിൽനിന്നും ഒളിവിൽ പാർപ്പിച്ച് രക്ഷപ്പെടുത്തിയെടുത്തിട്ടുള്ള അനുഭവജ്ഞാനത്തെയാണ് താൻ അനുസരിക്കാതിരുന്നത്. വലിയ തെറ്റായിപ്പോയി. ആകപ്പാടെ ഒരു കുറ്റബോധം. ഞാൻ മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നു.

ഇനി ഇവിടെ താമസിക്കുന്നത് നല്ലതല്ല. എത്രയും വേഗം ഈ നഗരം വിടുകതന്നെ. തീരുമാനം പെട്ടെന്നായിരുന്നു.

പക്ഷേ, എങ്ങോട്ടുപോകും?

ഇത്രയും ചെലവുകുറഞ്ഞതും ഒതുങ്ങിയതും ഇണങ്ങിയതുമായ ഒരു താമസസ്ഥലം എവിടെ കിട്ടാനാണ്? തന്നെ വേട്ടയാടാൻ വെമ്പുന്നവർ എപ്പോൾ വേണമെങ്കിലും തിരിച്ചറിയാൻ സാധ്യതയുള്ളതിനാൽ മറ്റൊരിടം തേടി അലയുന്നതും സാഹസമല്ലേ?

നിനച്ചിരിക്കാത്ത സന്ദർഭങ്ങളിൽ ഒളിത്താവളം വിട്ട് മറ്റൊന്നിലേക്കു പോകാൻ നിർബ്ബന്ധിതരാകുന്ന പലായനക്കാർ അനുഭവിക്കുന്ന അരക്ഷിതാവസ്ഥയുടെ ആഴം എനിക്കും അനുഭവവേദ്യമായി.

ഏതായാലും പുറപ്പെടുകതന്നെ. വരുന്നതുവരട്ടെ, ചെല്ലുന്നിടത്തു ചെല്ലട്ടെ.

ചെക്കൗട്ട് നടത്തി കൗണ്ടറിൽ ബില്ലും തീർത്ത് ലോഡ്ജിൽ നിന്നിറങ്ങുമ്പോൾപോലും എവിടേക്കെന്ന് തീർച്ചയുണ്ടായിരുന്നില്ല. എങ്ങോട്ടു പോകണമെങ്കിലും ബസ്സ്റ്റാൻഡിൽ എത്തണമല്ലോ. കെ.എസ്.ആർ.റ്റി. സി. ബസ് സ്റ്റാൻഡിന്റെ മുമ്പിൽ റോഡ് ക്രോസ് ചെയ്യുമ്പോൾ റോഡരുകിൽ നിർത്തിയിട്ട് ആളെക്കയറ്റുന്ന പ്രൈവറ്റ് ബസ്സിന്റെ ബോർഡ് ശ്രദ്ധയിൽപെട്ടു: 'ഗുരുവായൂർ'. ഓടിച്ചെന്ന് അവസാനത്തെ ആളായി ഞാനും അതിൽ കയറിപ്പറ്റി.

ബസ്സിൽ നല്ല തിരക്കായിരുന്നു. സ്വസ്ഥമായി നില്ക്കാനുള്ള ഇടം പോലും ഇല്ലായിരുന്നു. ബസ്സിലുള്ള യാത്രക്കാരെ ശ്രദ്ധിച്ചുകൊണ്ട് ഞാൻ നിന്നു. നഗരത്തിൽവന്നിട്ട് ഗ്രാമത്തിലുള്ള സ്വന്തം വീടുകളിലേക്കു മടങ്ങുന്നവരാണധികവും. ഓരോരോ സ്റ്റോപ്പുകളിൽ ഒറ്റയായും കൂട്ടായും അവർ ഇറങ്ങി. ഞാൻ ഓർത്തു. അവർക്കൊക്കെ പോകാൻ വീടുണ്ട്. ലക്ഷ്യസ്ഥാനങ്ങളുണ്ട്. ഭാഗ്യവാന്മാർ. അവരെക്കുറിച്ച് ഞാൻ അസൂയപ്പെട്ടു.

യാത്ര ഒന്നൊന്നര മണിക്കൂർ പിന്നിട്ടപ്പോൾ എനിക്കും ഇരിക്കാൻ സീറ്റുകിട്ടി. പുറത്തേക്കു നോക്കിയപ്പോൾ നല്ല ഇരുട്ട്. ഞാനറിയാതെ പകൽ എപ്പോഴോ രാത്രിയായിക്കഴിഞ്ഞിരിക്കുന്നു.

ഒന്നും ആലോചിക്കാതെയാണ് ഗുരുവായൂർ ബസ്സിൽ കയറിയതെന്നു പറഞ്ഞുകൂടാ. പേരുകേട്ട ക്ഷേത്രങ്ങൾ, മെഡിക്കൽകോളജുകൾ എന്നിവയുടെ സമീപത്തുള്ള ഹോട്ടലുകളിലും ലോഡ്ജുകളിലും പോലീസ്റെയ്ഡ് താരതമ്യേന കുറവായിരിക്കുമെന്ന ഒരു 'ജനറൽ നോളെജ്' എനിക്കുണ്ടായിരുന്നു. അതുപോലെതന്നെ ഗുരുവായൂർ ക്ഷേത്രപരിസരത്ത് ചെലവുകുറഞ്ഞ ലോഡ്ജുകൾ കാണാനുള്ള സാധ്യതയും ഞാൻ മനസ്സിൽ കണ്ടിരുന്നു.

ഗുരുവായൂരെത്തിയപ്പോൾ രാത്രി പത്തുമണികഴിഞ്ഞു. പ്രകാശംകൊണ്ടും ആളനക്കംകൊണ്ടും ക്ഷേത്രത്തിലേക്കുള്ള പാത സജീവമായിരുന്നതിനാൽ ആരോടും വഴിചോദിക്കാതെ നടന്നു. പാതയോരത്തുള്ള തട്ടുകടയിൽനിന്ന് കടുപ്പത്തിലുള്ള ഒരു ചായവാങ്ങിക്കുടിച്ച് ഞാൻ ഊർജസ്വലനായി.

ഇരുവശങ്ങളിലുമുള്ള ലോഡ്ജുകൾ നോക്കി വിലയിരുത്തിക്കൊണ്ട് അങ്ങോട്ടുമിങ്ങോട്ടും ഒരു തവണ നടന്നു. കണ്ടതിൽവെച്ച് പ്രൗഢി കുറഞ്ഞതും പഴക്കമാർന്നതും ഓടുമേഞ്ഞതുമായ ഒരു ഇരുനില ലോഡ്ജിന്റെ റിസപ്ഷനിലേക്ക് ഞാൻ ചെന്നു. കസേരയിൽ ഉറങ്ങിയ മാതിരി ഇരുന്നിരുന്ന ആളോട്, 'റൂം ഉണ്ടോ' എന്നു ചോദിച്ചു. ഉണ്ടെന്ന അർത്ഥത്തിൽ അയാൾ തലയാട്ടി.

''സിങ്കിൾ റൂമിന് എന്താണു ചാർജ്?''

ചാരായത്തിന്റെ രൂക്ഷഗന്ധം വമിച്ച ഒരു കോട്ടുവായ്ക്കുശേഷം അയാൾ പറഞ്ഞു: ''നൂറ്റി എഴുപത്തഞ്ച്.''

തുക എനിക്കിഷ്ടപ്പെട്ടു. ''വേണം'' ഞാൻ പറഞ്ഞു.

''പിന്നൊരു കാര്യം,'' അയാൾ തുടർന്നു: ''റൂം മുകളിലാണ് കക്കൂസും കുളിമുറീം താഴെയും.''

''അറ്റാച്ച്ഡ് ആയ മുറിയൊന്നുമില്ലേ?'' ഞാൻ വീണ്ടും ചോദിച്ചു.

''ഇല്ല.'' അയാൾ വീണ്ടും കോട്ടുവായിട്ടു.

അതു ശരിയാവില്ല. പകുതി അയാളോടും പകുതി എന്നോടുതന്നെയും പറഞ്ഞുകൊണ്ട് ഞാൻ പടിയിറങ്ങി.

അല്പംകൂടി ഭേദപ്പെട്ട ഒരു ലോഡ്ജിൽ ചോദിച്ചപ്പോൾ മുറിവാടക മുന്നൂറ്റിഅമ്പത്. മനസ്സില്ലാമനസ്സോടെ അതാകട്ടെ എന്നുവെച്ചപ്പോൾ ഐഡി കാർഡ് കാണിക്കണമെന്നായി ലോഡ്ജുകാരൻ.

എന്റെ കൈവശം ഒരു ഐഡി കാർഡും അപ്പോൾ ഉണ്ടായിരുന്നില്ല. ഉണ്ടെങ്കിൽത്തന്നെ കാണിക്കാൻ പറ്റുമോ?

''ഐഡി കാർഡൊന്നും എന്റെ കൈവശമില്ല. ഗുരുവായൂരപ്പനെ കാണാൻ വരുമ്പോൾ എന്തിനാ ഐഡി കാർഡ്?'' നിഷ്കളങ്കത ഭാവിച്ച് ഞാൻ ചോദിച്ചു.

''ഗുരുവായൂരപ്പനെ കാണാൻ വേണ്ട. പക്ഷേ, ഇവിടെ റൂം കിട്ടണ മെങ്കിൽ വേണം.'' നിസ്സംഗതയോടെ അയാൾ പറഞ്ഞു.

''ഡ്രൈവിങ് ലൈസൻസുണ്ടെങ്കിൽ അതുമതി.''

''ഡ്രൈവിങ് ലൈസൻസൊക്കെയുണ്ട്. പക്ഷേ, കയ്യിലില്ല.'' സഹതാപം പ്രതീക്ഷിച്ചിട്ടെന്നവണ്ണം ഞാനയാളെ നോക്കി.

''എങ്കിൽ റൂം തരാൻ നിവൃത്തിയില്ല.'' അയാൾ തീർത്തുപറഞ്ഞു.

''രണ്ടുവർഷം മുമ്പ് ഞാനിവിടെ വന്ന് താമസിച്ചിട്ടുണ്ട്. അന്നിങ്ങനെയുള്ള ഏർപ്പാട് ഉണ്ടായിരുന്നില്ലല്ലോ.'' ഞാനൊരു കള്ളം തട്ടിവിട്ടു.

''ഐഡി പ്രൂഫ് നിർബ്ബന്ധമാക്കിയിട്ട് ഒരു വർഷമേ ആയുള്ളു. പോലീസ് കൊണ്ടുവന്ന നിയമമാണ്. അതുപാലിച്ചില്ലെങ്കിൽ ചെലപ്പോ ഞങ്ങൾക്ക് പണികിട്ടും.''

ആ നിയമം നല്ലതാണെന്നും വേണ്ടതാണെന്നും ഉള്ളതിൽ എനിക്ക് അശേഷം തർക്കമുണ്ടായിരുന്നില്ല. എന്നാൽ നല്ല നിയമങ്ങൾപോലും പാരയാകുമല്ലോ എന്ന് പരിതപിച്ചുകൊണ്ട് അവിടെനിന്നും ഞാൻ പടികളിറങ്ങി.

ഇനി എവിടെപ്പോകും?

പ്രൗഢികൂടിയ ലോഡ്ജിൽ പോകാൻ തന്റെ കൈവശമുള്ള സാമ്പത്തികം അനുവദിക്കുന്നില്ല. എങ്കിൽ പിന്നെ ആദ്യം പോയ ലോഡ്ജിൽത്തന്നെ വീണ്ടും ചെന്നാലോ? ബാത്റൂം താഴെയാണെന്ന അസൗകര്യം സഹിക്കുകതന്നെ.

ലോഡ്ജിന്റെ മുമ്പിൽതന്നെ റിസപ്ഷനിസ്റ്റ് നില്ക്കുന്നുണ്ട്. ഇതിനിടെ രണ്ടുപെഗ് കൂടി കഴിച്ചിട്ടുണ്ടാകണം. ആൾ നല്ല ഉഷാറിലാണ് ചെറിയൊരു ആട്ടമുണ്ടെന്നുമാത്രം.

''മുറിവേണം.'' ചെന്നപാടേ ഞാൻ പറഞ്ഞു.

''ഐഡി കാർഡുകാണിക്കൂ.'' അയാൾ കൈനീട്ടി.

''ഐഡി കാർഡില്ലാതെ മുറികിട്ടത്തില്ലേ?'' ഞാൻ വിഷമത്തോടെ ചോദിച്ചു.

''ഐഡി കാണിക്കാതെ ഈ ഗുരുവായൂർ എവിടെയും മുറി കിട്ടത്തില്ല.'' അതു പറഞ്ഞിട്ട് അയാൾ ചെറുതായൊന്ന് ആടി.

''നിങ്ങൾ ആരാ? എന്താ നിങ്ങടെ പണി?'' അയാൾ എന്നെ സൂക്ഷിച്ചു നോക്കി.

''നിങ്ങള് പോലീസാണോ? നല്ല പൊക്കവും മുഴുപ്പുമൊക്കെ ഉണ്ടല്ലോ.'' അയാൾ സംശയാലുവായി.

അയാളെ അപേക്ഷിച്ച് ഞാൻ വലിപ്പമുള്ള ആൾതന്നെ.

''പോലീസൊന്നുമല്ല.'' മനസ്സുതുറക്കാത്ത മാതിരി ഞാൻ പറഞ്ഞു.

''ക്ഷേത്രവളപ്പിൽ ദേവസ്വം ബോർഡുവക ഡോർമെറ്ററി ഉണ്ട്. നിങ്ങള് അവിടെ ചെന്നുനോക്ക്. ഫാമിലി ഇല്ലാതെ ഒറ്റയ്ക്കു വന്നതിനാൽ ഐഡി കാണിച്ചാലും നിങ്ങൾക്ക് ലോഡ്ജിൽ റൂം കിട്ടാൻ വിഷമമാ...''

''ശരി,'' അയാളെ പിരിഞ്ഞ് ക്ഷേത്രത്തിന്റെ ഗേറ്റിലേക്കു ഞാൻ നടന്നു.

കുറെദൂരം ചെന്നപ്പോൾ പണം നല്കി കുളിക്കാനുള്ള സ്ഥലം കണ്ടു. ഏഴുരൂപയാണ് നിരക്ക്. അവിടെ കുളിച്ച് ഞാനും ശുദ്ധിവരുത്തി. ബാഗിൽനിന്ന് ഒരു കോടിമുണ്ട് എടുത്തുടുത്തു.

പിന്നീട് അവിടെക്കണ്ട പലരോടും ഡോർമെറ്ററി എവിടെയാണെന്ന് അന്വേഷിച്ചു. പക്ഷേ, അവർക്കാർക്കും ആ സത്രമെവിടെയെന്ന് പറഞ്ഞുതരാനായില്ല.

അങ്ങനെവന്നപ്പോൾ കല്യാണമണ്ഡപത്തിൽ ധാരാളം ആളുകൾ ഇരിക്കുകയും കിടന്നുറങ്ങുകയും ചെയ്യുന്നതു കണ്ണിൽപ്പെട്ടു. നല്ല വൃത്തിയുള്ള തറ. തല ചായ്ക്കാനുള്ള ഇടം തത്കാലത്തേക്ക് അവിടെ കണ്ടെത്തി. കൈയിലുണ്ടായിരുന്ന ബാഗ് തലയണയായി.

അലഞ്ഞുനടന്നതിന്റെ ക്ഷീണത്താലും കുളികഴിഞ്ഞതിന്റെ ആലസ്യത്താലും കിടന്നപാടേ ഉറങ്ങി. പക്ഷേ, ആ സുന്ദരസുഷുപ്തി അധികനേരം നീണ്ടുനിന്നില്ല.

വല്ലാത്തൊരു ശബ്ദം കേട്ടാണ് ഉണർന്നത്. സെക്യൂരിറ്റി ഗാർഡുകൾ കല്യാണമണ്ഡപത്തിൽ അതിരിട്ടുനിന്ന സ്റ്റീൽക്കമ്പികളിൽ വടികൊണ്ടടിച്ച് ശബ്ദമുണ്ടാക്കി ഉറങ്ങിക്കിടന്നവരെ ഉണർത്തി അവിടെനിന്ന് ഒഴിപ്പിക്കുന്ന കാഴ്ചയാണ് കണ്ണുതുറന്നപ്പോൾ കണ്ടത്. ഞാൻ വാച്ചിൽ നോക്കി സമയം

രണ്ടുമണി. മണ്ഡപത്തിൽനിന്ന് ആളുകൾ പെട്ടെന്നുതന്നെ ഒഴിഞ്ഞു. ജോലിക്കാർ വന്ന് അവിടമാകെ അടിച്ചുനനച്ച് വൃത്തിയാക്കാനും തുടങ്ങി.

പുറത്തിറങ്ങിയ ഞാൻ ഇനിയെന്ത് എന്നാലോചിച്ച് അല്പസമയം നിന്നു.

കല്യാണമണ്ഡപത്തിൽനിന്ന് എണീറ്റുപോയവർ ഭഗവദ്ദർശനത്തിനായുള്ള ക്യൂവിൽസ്ഥാനം പിടിച്ചിരിക്കുന്നു.

ക്യൂവിന്റെ മുൻവശത്തുള്ള തിരുസന്നിധി ലക്ഷ്യമാക്കി ഞാൻ മനസ്സിൽ ഇങ്ങനെ പറഞ്ഞു.

''ഞാൻ നിന്നെ കാണാനായിട്ടുവന്നതല്ലെങ്കിലും എന്റെ കൃഷ്ണാ, നിന്റെ തൊട്ടടുത്തുവന്നിട്ട് നിന്നെ കാണാതെ പോകുന്നതിൽ എനിക്ക് വളരെ വ്യസനമുണ്ട്. എന്റെ സമയം ഇപ്പോൾ തീർത്തും മോശമാണ്. അല്ലായിരുന്നെങ്കിൽ ഞാനൊരു സാഹസത്തിനു മുതിർന്നേനെ...''

ഭഗവാനോട് യാത്രപറഞ്ഞിട്ട് നേരേ കെ.എസ്.ആർ.റ്റി.സി. ബസ് സ്റ്റാൻഡിലേക്കു നടന്നു.

ബസ് സ്റ്റാൻഡ് തികച്ചും വിജനമായിരുന്നു. എൻക്വയറിയിൽചെന്ന് തൃശൂർക്കുള്ള ബസ് എപ്പോഴാണെന്ന് ആരാഞ്ഞു. എങ്ങോട്ടാണെങ്കിലും നാലുമണിക്കുശേഷമേ ഉള്ളുവെന്ന് ഉദാസീനമട്ടിൽ മറുപടികിട്ടി.

തൃശൂരുള്ള ഏതെങ്കിലും ലോഡ്ജിൽ താമസിക്കാമെന്നുള്ള ഒരു ചിന്ത ഇതിനിടയിൽ എപ്പോഴോ എന്നിൽ കടന്നുകൂടിയിരുന്നു.

യാത്രക്കാർ ആരും ഉണ്ടായിരുന്നില്ല. അതിനാൽ വെയിറ്റിങ് റൂമിൽപോയി ഇരിക്കാൻ മടിച്ചു. അവിടെ ചുറ്റിപ്പറ്റി നിന്ന് മൂന്നുനാലുയാത്രക്കാരൊക്കെ എത്തിയതിനുശേഷമാണ് വെയിറ്റിങ് റൂമിൽ അവരുടെ അടുത്തുപോയി ഞാൻ ഇരുന്നത്.

അവിടെ ഇരുന്ന് അല്പംകൂടി ഉറങ്ങാമെന്ന് ഞാൻ വിചാരിച്ചെങ്കിലും പീഡന വ്രതമെടുത്ത അവിടുത്തെ കൊതുകുകൾ അതിനൊന്നും എന്നെ അനുവദിച്ചില്ല.

# ലുക്കൗട്ട് നോട്ടീസ്

ആദ്യവണ്ടിക്ക് തൃശൂരെത്തിയപ്പോൾ നേരം വെളുത്തിരുന്നില്ല. കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാൻഡിനടുത്തുള്ള ഇടത്തരം ലോഡ്ജുകളിൽ പലതിലും ഞാൻ കയറിനോക്കി. മിക്കയിടത്തും റൂമില്ല. ഉണ്ടായിരുന്നതാകട്ടെ വൃത്തിയില്ലാത്തതും. അവസാനം നിവൃത്തിയില്ലാതെ ഒരിടത്ത് ഞാൻ ഒരു സിംഗിൾറൂം എടുക്കാൻ തീരുമാനിച്ചു. പക്ഷേ, അവിടെയും ഐഡി കാർഡ് ആവശ്യപ്പെട്ടു. ഐഡി കാർഡ് ഇല്ലായെന്നു പറഞ്ഞിട്ട് പ്രതീക്ഷവിടാതെ ഞാനവിടെ നിന്നു.

അപ്പോൾ രണ്ടു ചെറുപ്പക്കാർ മുറിയന്വേഷിച്ച് അവിടെയെത്തി. ലോഡ്ജ് മാനേജർ അവരോടും ഐഡി കാർഡ് ആവശ്യപ്പെട്ടു. 'ഇല്ല' എന്ന് അവർ പറഞ്ഞപ്പോൾ എങ്കിൽ റൂം തരാൻ പറ്റില്ല എന്ന് മാനേജർ തീർത്തുപറഞ്ഞു. അവർ പോയപ്പോൾ പകുതി ആത്മഗതമായും പകുതി എന്നോടായും മാനേജർ പറഞ്ഞു:

''കൈയിൽ ഒരു ബാഗോ ഒരു തോർത്തോ ഒന്നുമില്ല. റൂമെടുക്കാൻ വന്നിരിക്കുന്നു. ഇവരൊക്കെ ഏതുതരം ക്രിമിനലുകളാണെന്ന് ആർക്കറിയാം? ഇവിടെ പോലീസ് ഉദ്യോഗസ്ഥരൊക്കെ താമസിക്കുന്ന സ്ഥലമാണ്.''

പോലീസ് സാന്നിദ്ധ്യത്തെക്കുറിച്ചുള്ള മാനേജരുടെ വാക്കുകൾ എന്നെ ഭയപ്പെടുത്തുകയും അവിടുത്തെ റൂം വേണ്ട എന്ന് മനസ്സിൽ തീരുമാനിക്കുകയും ചെയ്തു.

എന്നാൽ വന്നുപോയ ചെറുപ്പക്കാരെ അപേക്ഷിച്ച് ഞാനൊരു മാന്യനാണെന്ന് മാനേജർക്ക് തോന്നിയതുകൊണ്ടാവും അയാൾ എന്റെ നേരേ രജിസ്റ്റർ നീക്കിവെച്ച് അഡ്രസ്സ് എഴുതാൻ ആവശ്യപ്പെട്ടു.

ഇനി റൂം വേണ്ട എന്നു പറഞ്ഞാൽ പന്തികേടാവുമല്ലോ; അയാൾ സംശയം തോന്നി പോലീസിനെ വിളിച്ചാലോ എന്നൊക്കെ ചിന്തിക്കുകയാൽ ഞാൻ രജിസ്റ്റർ വാങ്ങി അതിൽ അഡ്രസ്സ് എഴുതി. ടി. ശ്രീനിവാസൻ, തെക്കേക്കുറ്റ് വീട്, ഏറ്റുമാനൂർ, കോട്ടയം. എന്നിട്ട് ശ്രീനിവാസന്റെ ഒരു ഒപ്പും വെച്ചു.

അയാൾ റൂം ബോയിയെ വിളിച്ച് താക്കോൽ കൊടുത്തു.

റൂം എനിക്കൊട്ടും പിടിച്ചില്ല. വൃത്തിയില്ലെന്നു മാത്രമല്ല, വായുസഞ്ചാരവും കമ്മി. ചെറിയ മുറിയാണെങ്കിലും രണ്ടു ബെഡ്ഡ് ഉണ്ട്. സിംഗിൾ റൂമിൽ രണ്ടു ബെഡ്ഡോ?

എന്തെങ്കിലുമാകട്ടെ. പല്ലുതേപ്പും കുളിയുമൊക്കെ കഴിഞ്ഞ് ബെഡ്ഡിൽ കിടന്നു. രാവിലെ കുളി കഴിഞ്ഞിട്ടും നല്ല ചൂടു തോന്നി. എണീറ്റു ഫാനിട്ടു. റെഗുലേറ്ററില്ലാത്ത ഫാൻ വലിയ ആരവത്തോടെ ആടിയുലഞ്ഞ് കറങ്ങാൻ

തുടങ്ങി. ഏതായാലും ഉറക്കം ആ മുറിയിലേക്ക് കടന്നുവരാൻ ഭയപ്പെട്ടിട്ടെന്നവണ്ണം അകന്നുനിന്നു.

ബെല്ലടിച്ച് റൂംബോയിയെ വരുത്തി. ഒരു ചായ വേണമെന്നും പറഞ്ഞ് പത്തുരൂപ കൊടുത്തു. അരഗ്ലാസ്സ് ചായയുമായി വന്ന റൂംബോയ് ബാക്കി അഞ്ചു രൂപ ടിപ്പായി സ്വയം വരവുവെച്ചു. ഇപ്പോഴത്തെ സാമ്പത്തികാവസ്ഥയിൽ അതു വലിയ ധൂർത്തായിപ്പോയെന്ന് എന്നിലെ കണക്കപ്പിള്ള എന്നെ ശാസിച്ചു.

ചായകുടി കഴിഞ്ഞ് കിടക്കയിൽ കിടന്ന് ഞാൻ ആലോചിച്ചു. (ആലോചിക്കാൻ ധാരാളം സമയവുമുണ്ടല്ലോ.)

ഈ ലോഡ്ജിലെ താമസം അത്ര പന്തിയല്ല. മുകളിലത്തെ നിലയിൽ പോലീസുകാരുണ്ട്. ഭക്ഷണം കഴിക്കണമെങ്കിൽ പുറത്തുപോകണം. ബസ് സ്റ്റേഷന്റെ സമീപത്താണ് ലോഡ്ജ്. ആരെങ്കിലും കണ്ട് തിരിച്ചറിഞ്ഞേക്കാനും ഇടയുണ്ട്.

മുറിയിൽ വേണ്ടത്ര വായുസഞ്ചാരമില്ലാത്തതിനാൽ ഒരു ശ്വാസതടസ്സം അനുഭവപ്പെടുന്നുണ്ടുതാനും.

ഇവിടം വിട്ടാലോ?

എങ്ങോട്ടു പോകും?

ഐഡി കാർഡില്ലാതെ എവിടെയാണ് മുറികിട്ടുക?

പാലക്കാട്ടെ സിതാര ഗസ്റ്റ്ഹൗസ് പോലെ ഒരു ലോഡ്ജ് കിട്ടിയാൽ മതിയായിരുന്നു. ഒരുപക്ഷേ, അവർ ഐഡി കാർഡ് ചോദിക്കാഞ്ഞത് എന്നെ മുൻപരിചയം തോന്നിയതുകൊണ്ടാകാം. അല്ലെങ്കിൽ അവിടെയുംമുറി കിട്ടുമായിരുന്നില്ല.

അവിടംവിട്ട് പോരേണ്ടി വന്നതിൽ ഖേദം തോന്നി.

അങ്ങോട്ടുതന്നെ തിരിച്ചുപോയാലോ?

എന്റെ ഫോൺകോളിനെ അടിസ്ഥാനമാക്കി എന്തെങ്കിലും സംശയം പോലീസിനു തോന്നിയിട്ടുണ്ടെങ്കിൽ അവർ വന്ന് അന്വേഷിച്ചു പോയിട്ടുണ്ടാവും. ഇല്ലെങ്കിൽ പിന്നെ ഇനി വരാനും സാധ്യതയില്ല.

ഇനി റൂം അന്വേഷിച്ച് അലയാൻ വയ്യ.

അങ്ങോട്ടുതന്നെ പോകാം. വരുന്നതു വരട്ടെ. എണീറ്റ് ഡ്രസ് ചെയ്ത് ബാഗുമെടുത്ത് റിസപ്ഷനിൽ ചെന്നു.

കൗണ്ടറിൽ രാവിലെ മുറിതന്ന ആൾതന്നെ. താക്കോൽ മേശമേൽ വെച്ച് മുറി വിടുകയാണെന്ന് ഞാൻ അറിയിച്ചു.

അയാൾ രജിസ്റ്ററും താക്കോലിലെ റൂം നമ്പരും ഒത്തുനോക്കിയിട്ട് എന്നോടു ചോദിച്ചു.

''ഡബിൾ റൂമായിരുന്നോ?''

''എയ്. സിംഗിൾ റൂം. 180 രൂപ ചാർജാണ് എന്നോടു പറഞ്ഞത്.''

''റൂമിൽ എത്ര ബെഡ്ഡുണ്ടായിരുന്നു?'' അയാൾ വീണ്ടും ചോദിച്ചു.

''ബെഡ്സ് രണ്ടുണ്ടായിരുന്നു. പക്ഷേ, എനിക്ക് ഒന്നു മതിയായിരുന്നു.''
അയാൾ കാര്യം പിടികിട്ടിയമാതിരി തലയാട്ടി.
''നിങ്ങൾക്കു തന്നത് ഡബിൾ റൂമാണ്. 320 രൂപയാണ് ചാർജ്.''
''അങ്ങനെ വന്നാൽ അതു നിങ്ങളുടെ തെറ്റ്. ഞാൻ സിംഗിൾ റൂമാണ് ചോദിച്ചത്. നിങ്ങളാണ് നിങ്ങളുടെ തെറ്റ് തിരുത്തേണ്ടത്.'' ഞാൻ വാദിച്ചു.
''രജിസ്റ്ററിൽ തിരുത്തിയാൽ ഞാൻ കള്ളത്തരം കാണിച്ചതായി വിചാരിക്കും. ഒരുമാസം പോലുമായില്ല ഞാനിവിടെ ജോലിക്കു വന്നിട്ട്.''
അയാൾ പറഞ്ഞതുകേട്ട് എനിക്ക് ദേഷ്യവും സങ്കടവും വന്നു.
''ഏതായാലും നിങ്ങൾക്കു പറ്റിയ തെറ്റിന് ഞാൻ നഷ്ടം സഹിക്കുന്നതെന്തിനാ? സിംഗിൾ റൂമിന്റെ കാശേ ഞാൻ തരികയുള്ളു.''
ശുഷ്കമായിക്കൊണ്ടിരിക്കുന്ന എന്റെ പോക്കറ്റിൽനിന്ന് 140 രൂപ മനസ്സറിയാതെ നഷ്ടപ്പെടുന്നത് ഞാൻ എങ്ങനെ സഹിക്കും?
പക്ഷേ, അയാൾ പറഞ്ഞു:
''അനിയാ... അനിയൻ തരാതിരുന്നാൽ എന്റെ പോക്കറ്റിൽനിന്നു പോകും. ഇവിടെനിന്നു കിട്ടുന്നതോ കാര്യമായിട്ടൊന്നുമില്ലതാനും.''
'അനിയാ' എന്നൊക്കെ വിളിച്ച് ലോഹ്യഭാവത്തിൽ അയാൾ സംസാരിക്കാൻ തുടങ്ങിയതിൽനിന്ന് ഒരു കാര്യം എനിക്കു മനസ്സിലായി. ഡബിൾ റൂമിന്റെ പണം ഞാൻ കൊടുക്കേണ്ടിവരും. അഡ്വാൻസായി 500 രൂപ ഞാൻ ഏല്പിച്ചിട്ടുണ്ട്. സമ്മതിക്കാതെ ബഹളമായാൽ ആളുകൾ കൂടും. എന്റെ ഭാഗം സത്യമാണെന്ന് എനിക്കും അയാൾക്കും മാത്രമേ അറിയൂ. അയാൾ മറിച്ചുപറഞ്ഞാൽ രജിസ്റ്ററിലെ രേഖകൾ അയാൾക്കനുകൂലമാണ്. മാത്രമല്ല, എന്റേത് ഒരു ഒളിജീവിതമാണ്. അപ്പോൾ പല അനീതികളുടെയും നേരേ കണ്ണടച്ചേ പറ്റൂ.
''നിങ്ങൾ നിങ്ങളുടെ ഇഷ്ടംപോലെ ചെയ്യൂ.''
ഞാൻ കീഴടങ്ങി.
അയാൾ അയാളുടെ ഇഷ്ടം ചെയ്തു. എനിക്ക് 140 രൂപ നഷ്ടവുമായി.
പാലക്കാട്ടു ചെല്ലുമ്പോൾ പതിനൊന്നു മണിയോടടുത്തു. നന്നായി വിശക്കുന്നുണ്ട്. ഇൻഡ്യൻ കോഫി ഹൗസിൽതന്നെ കയറി. ഊണിനു സമയമായിട്ടില്ല. തത്കാലത്തേക്ക് വിശപ്പാറ്റാൻ രണ്ട് ഇഡ്ഡലി കഴിച്ചു. രണ്ടു മണിക്കൂർ കഴിഞ്ഞ് വീണ്ടും വരാമെന്നു വിചാരിച്ചാണ് കോഫി ഹൗസിൽ നിന്നിറങ്ങിയത്.
പൊരിവെയിലത്താണ് സിതാരയിലേക്കു നടന്നത്. ഗസ്റ്റ് ഹൗസിന്റെ അടുത്ത് മെയിൻ റോഡിലെത്തിയപ്പോൾ ലോഡ്ജ് വളപ്പിൽനിന്ന് ഒരു പോലീസ് ജീപ്പ് ഇറങ്ങിപ്പോകുന്നതുകണ്ട് ചെറുതായൊന്നു ഞെട്ടി. എന്നെത്തേടി ലോഡ്ജിൽ റെയ്ഡിനോ മറ്റോ വന്നതാണോ? തത്കാലം അവരു പോയല്ലോ. വരുന്നതു വരട്ടെയെന്നു കരുതി ഗസ്റ്റ് ഹൗസിന്റെ റിസപ്ഷനിലേക്കു ചെന്നു.

കൗണ്ടറിൽ റിസപ്ഷനിസ്റ്റ് ഉൾപ്പടെ മൂന്നു പേരുണ്ടായിരുന്നു. ഒന്നും മിണ്ടാതെ ഞാനവരെ നോക്കി. അവരും മിഴിച്ചു നിന്നതേയുള്ളു. എന്തെങ്കിലും കുഴപ്പമുണ്ടോ? ഞാൻ ശങ്കിച്ചു. ധൈര്യം വീണ്ടെടുത്ത് ഞാൻ ചോദിച്ചു.

''എന്നെ അന്വേഷിച്ച് ആരെങ്കിലും ഇവിടെ വന്നിരുന്നോ?''

എന്റെ ചോദ്യം എന്നെ സംബന്ധിച്ച് വളരെ വ്യക്തമായിരുന്നെങ്കിലും അവർക്കങ്ങനെ ആകില്ലല്ലോ. അവരാരും ഒന്നും മിണ്ടിയില്ല.

''ഞാൻ ജോർജുകുട്ടി. ജോർജുകുട്ടിയെ അന്വേഷിച്ച് ആരെങ്കിലും വന്നിരുന്നോ എന്നാണ് ചോദിച്ചത്.'' എന്റെ ചോദ്യത്തിന് അവർ പരസ്പരം നോക്കിയതല്ലാതെ അപ്പോഴും മറുപടി പറയുന്നില്ല. എന്നാൽ എന്തെങ്കിലും പ്രശ്നമുള്ളതായി ഒരു ഭാവം അവരുടെ മുഖത്തില്ലതാനും.

''പത്തുമണിക്ക് എന്നെ കാണാൻ ഒരു സുഹൃത്ത് ഇവിടെ വരുമെന്നു പറഞ്ഞിരുന്നതാണ്. ഞാൻ വൈകി. ഇപ്പോൾ പതിനൊന്നര ആയില്ലേ? അതുകൊണ്ടു ചോദിച്ചതാണ്.''

അങ്ങനെ ആരും വന്നില്ലെന്ന് അപ്പോളവർ പറഞ്ഞു. എനിക്ക് സമാധാനമായി.

അതോടൊപ്പം മറ്റൊരു കാര്യം എനിക്കു ബോധ്യപ്പെട്ടു. ഒളിജീവിതം നയിക്കുന്ന ഒരാൾ എന്തിനെയും ഏതിനെയും സംശയിക്കും. അയാൾ അപ്പോൾ ഒരു സംശയരോഗിയാണ്.

''റൂമൊണ്ടല്ലോ?'' ഞാൻ ആരാഞ്ഞു.

റിസപ്ഷനിസ്റ്റ് തലയാട്ടി.

ഇപ്പോൾ കിട്ടിയത് നേരത്തേ താമസിച്ച മുറിയല്ല. അതിനടുത്തുതന്നെ 105-ാം നമ്പർ. അതേ മട്ടിലുള്ള മുറി.

ആകപ്പാടെ ആശ്വാസവും സമാധാനവും തോന്നി. അരക്ഷിതമായി അലഞ്ഞുനടന്നിട്ട് സ്വന്തം വീട്ടിലെത്തിയതുപോലെ.

റൂംബോയ് പുതിയ ആളാണ്. ചന്ദനക്കുറിയിട്ട ആൾക്കുപകരം കണ്ണാടിവെച്ച മറ്റൊരാൾ. ആദ്യത്തെ ബോയ് 65 കാരനായിരുന്നെങ്കിൽ ഇയാൾക്ക് 55 എങ്കിലും കാണും.

''പേരെന്താ?'' ഞാൻ കുശലം ചോദിച്ചു.

''സുലൈമാൻ.''

സുലൈമാൻ വെള്ളം നിറച്ച ജഗ്ഗും ഗ്ലാസ്സും കൊണ്ടുവന്നു വെച്ചു.

''വീടെവിടെയാണ്?'' ഞാൻ ചോദിച്ചു.

അയാൾ ഒരു സ്ഥലപ്പേരു പറഞ്ഞു: ''ഓണറിന്റെ അയൽക്കാരനാണ്.''

''സാറിന് ഭക്ഷണമൊക്കെ?'' സുലൈമാൻ ആരാഞ്ഞു.

''ഞാൻ പോയി കഴിച്ചോളാം.''

''ഓ,'' സുലൈമാൻ മുറിവിട്ടു പോയി.

ഞാൻ ടി.വി. ഓൺ ചെയ്തു. വാർത്താചാനലുകൾ മാറിമാറി നോക്കി. എന്നെ സംബന്ധിച്ച് എല്ലാം അപ്രധാന വാർത്തകൾ.

ടി.വി. ഓഫ് ചെയ്യാതെയാണ് കിടന്നത്. വാർത്തകൾ കുറെനേരത്തേക്ക് ചെവികളിൽ വന്നലയ്ക്കുന്നുണ്ടായിരുന്നു.

ഉണർന്നപ്പോൾ മണി ഒന്നര.

ഊണുകഴിക്കാൻ പോകണം. എണീറ്റു മുഖം കഴുകിവന്നു.

ടി.വി.യിൽ വാർത്തകൾ തുടർന്നുകൊണ്ടിരിക്കുന്നു. എന്നാൽ ഇപ്പോഴുള്ളത് എനിക്ക് അപ്രധാനവാർത്ത ആയിരുന്നില്ല. എന്റെ ഫോട്ടോ സ്ക്രീനിൽ നിറഞ്ഞുനിൽക്കുന്നു.

ചോദ്യപേപ്പർ വിവാദവുമായി ബന്ധപ്പെട്ട് ഒളിവിൽ പോയ തൊടുപുഴ ന്യൂമാൻ കോളജ് മലയാളം വകുപ്പു മേധാവി പ്രൊഫസർ ടി.ജെ. ജോസഫിനെതിരെ പോലീസ് ലുക്കൗട്ട് നോട്ടീസ് പുറപ്പെടുവിച്ചു.

ആ വാർത്ത എന്നെ അക്ഷരാർത്ഥത്തിൽ നടുക്കി. എന്റെ ഫോട്ടോ ഒരിക്കലും മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുമെന്ന് ഞാൻ വിചാരിച്ചിരുന്നില്ല. മതമൗലികവാദികൾ എന്നെ തിരിച്ചറിഞ്ഞാൽ അത് എന്റെ ജീവനുതന്നെ അപകടമാണെന്ന് മറ്റാരേക്കാൾ കൂടുതലായി പോലീസ് ഡിപ്പാർട്ട്മെന്റിന് അറിവുള്ളതാണ്. എന്നിട്ടും അവരെന്തേ ഇങ്ങനെ ചെയ്തു? കൊച്ചി പോലീസ് കമ്മീഷണർ മനോജ് എബ്രഹാമിന്റെ പേരിലാണ് ലുക്കൗട്ട് നോട്ടീസ്. ഐ.പി.എസ്. കിട്ടിയിട്ടുള്ള ആളല്ലേ അദ്ദേഹം. കോമൺസെൻസ് എന്തേ ഇല്ലാതെപോയത്?

പെട്ടെന്നുതന്നെ എനിക്കു കാര്യങ്ങളുടെ പൊരുൾ വെളിപ്പെട്ടു കിട്ടി. സത്യമറിയാതെ എനിക്കെതിരെ നിൽക്കുന്ന, എന്റെ രക്തത്തിനുവേണ്ടി മുറവിളികൂട്ടുന്ന ഒരു ജനക്കൂട്ടമുണ്ട്. അപരിഷ്കൃതമായ ഒരു ജനാധിപത്യവ്യവസ്ഥിതിയിൽ ജനക്കൂട്ടത്തിന്റെ താത്പര്യത്തിനാണ് മറ്റെന്തിനെക്കാൾ മുൻതൂക്കം. ആ താത്പര്യം അജ്ഞാനജന്യവും സത്യവിരുദ്ധവും അധാർമികവും ആണെങ്കിൽപോലും. കാരണം, ജനക്കൂട്ടങ്ങൾ വോട്ടുബാങ്കുകളാണ്. അവയാണ് അധികാരക്കസേരയുടെ മൂടുതാങ്ങികൾ.

ഒരു ജനക്കൂട്ടത്തെ തൃപ്തിപ്പെടുത്താൻ ഒരു നിരപരാധിയെ കൊലയ്ക്കുകൊടുക്കുന്നത് നല്ലതാണെന്നുപറഞ്ഞ ബൈബിളിലെ പ്രധാനപുരോഹിതൻ കയ്യാഫാസിനെ ഞാൻ ഓർത്തു. ആ കാട്ടുനീതിതന്നെയാണ് എന്റെ കാര്യത്തിൽ ഭരണാധികാരികളും അവരുടെ ചൊൽപ്പടിക്കാരായ പോലീസ് ഉദ്യോഗസ്ഥരും സ്വീകരിച്ചിരിക്കുന്നത്. അവർക്ക് എന്നെ ജീവനോടെ കിട്ടണമെന്ന് യാതൊരു നിർബന്ധവുമല്ല. ശവമായിട്ടാണെങ്കിൽ വളരെ നല്ലത്. അതോടെ പ്രശ്നങ്ങൾക്കെല്ലാം പരിഹാരമാകും.

എന്റെ മരണവാർത്ത ഞാൻ സങ്കല്പനം ചെയ്തു. എവിടെയോ കിടക്കുന്ന ജഡം കണ്ട് ആരോ പോലീസിൽ അറിയിക്കുന്നു. 'ഹാവൂ'... ആളെ കിട്ടി. പോലീസ് ഡിപ്പാർട്ട്മെന്റിന് സമാധാനമായി. അവർ ഉടനെ വാർത്ത കൊടുക്കുന്നു. പത്രക്കാർക്കും ചാനലുകാർക്കും അതൊരു ചാകരയാണ്.

''ആത്മഹത്യയോ കൊലപാതകമോ?'' ചർച്ചകൾ പൊടിപൊടിക്കുന്നു. അനുമാനങ്ങളുടെയും അസത്യങ്ങളുടെയും ഒരു അണക്കെട്ട് പൊട്ടിയൊഴുകുകയായി.

മറ്റൊരു സീൻ.

അലമുറയിടുന്ന ഭാര്യ. കരച്ചിലടക്കാൻ കഴിയാത്ത മക്കൾ. വിങ്ങിപ്പൊട്ടുന്ന ബന്ധുമിത്രാദികൾ. സങ്കടപ്പെടുന്ന ശിഷ്യർ. നിസ്സംഗത ബാധിച്ച ബഹുഭൂരിപക്ഷം. ഉള്ളാലെ സന്തോഷിക്കുന്നവർ. സന്തോഷം പങ്കുവെക്കുന്നവർ.

പിന്നീടെല്ലാം ശാന്തമാകും.

ദിവസങ്ങൾ കഴിയുമ്പോൾ ഭാര്യയും മക്കളും സാധാരണ ജീവിതത്തിലേക്ക് തിരിച്ചുവരും. ലോകസ്വഭാവം അതാണ്.

അവരെങ്ങനെ ജീവിക്കും? ഏകവരുമാനമാർഗ്ഗം എന്റെ ശമ്പളമായിരുന്നില്ലേ?

അതോർത്തുവിഷമിക്കേണ്ട. ഞാൻ മരിച്ചാൽ അവർക്ക് ഫാമിലി പെൻഷൻ കിട്ടും. സസ്പെൻഷനിലാണെന്നതൊന്നും ഫാമിലി പെൻഷന് ബാധകമല്ല. കെ.എസ്.ആർ. ഞാനും വായിച്ചിട്ടുണ്ട്. സസ്പെൻഷനിലിരിക്കെ മരണപ്പെട്ടാൽ സസ്പെൻഷൻ കാലം ഡ്യൂട്ടിയായി പരിഗണിക്കണമെന്നാണ് ചട്ടം. ഞാൻ മരിക്കുന്നതുതന്നെയല്ലേ ഭാര്യയ്ക്കും മക്കൾക്കും നല്ലത്?

ലുക്കൗട്ട് നോട്ടീസ് പുറപ്പെടുവിച്ച സ്ഥിതിക്ക് വിമാനത്താവളം, റെയിൽവേ സ്റ്റേഷൻ, ബസ്സ്റ്റേഷൻ തുടങ്ങിയ പൊതുസ്ഥലങ്ങളിലൊക്കെ എന്റെ ഫോട്ടോ പതിക്കും. അതിനാൽ ഒളിജീവിതം ഇനി എളുപ്പമല്ല. ഏതുസമയത്തും മതഭ്രാന്തരാൽ ഞാൻ കൊല്ലപ്പെടാം. അങ്ങനെ സംഭവിച്ചാൽ എല്ലാം ശുഭം.

മതഭ്രാന്തരേക്കാൾ മുമ്പ് പോലീസെത്തിയാലോ? അറസ്റ്റ്, ലോക്കപ്പ്, തെളിവെടുപ്പ്, കോടതി, ജയിൽ ഇതൊന്നും എനിക്ക് പ്രശ്നമല്ല. എന്തിനെയും നേരിടാനുള്ള ധൈര്യമെനിക്കുണ്ട്. ഇല്ലെങ്കിൽ ഉണ്ടായിക്കൊള്ളും. മനുഷ്യനന്മയ്ക്കായി യത്നിച്ച നല്ല മനുഷ്യർ ഏറ്റിട്ടുള്ള കൊടും യാതനകളുടെ എത്രയോ കഥകൾ എനിക്കറിവുള്ളതാണ്.

പക്ഷേ, പീഡാനുഭവങ്ങൾക്കൊടുവിൽ കോടതി എന്നെ ശിക്ഷിച്ചാലോ? ജോലി പോകും. പെൻഷനും ഉണ്ടാവില്ല.

അപ്പോൾ എന്റെ മരണമല്ലേ കുടുംബത്തിന്റെ സുരക്ഷ.

മരിച്ചാലോ? അതല്ലേ ബുദ്ധി?

തലയ്ക്കുമീതെ കറങ്ങുന്ന ഫാനിലേക്ക് ഞാൻ നോക്കി.

ഞാൻ മരിച്ചാൽ എന്റെ ഉദ്ദേശ്യശുദ്ധി എന്റെ ഭാര്യ മനസ്സിലാക്കുമോ?

മക്കൾ മനസ്സിലാക്കുമോ?

അച്ഛാ... അച്ഛനെ ഞങ്ങൾ ഇങ്ങനെയല്ല കരുതിയിരുന്നത്. എന്തൊരു ഭീരുത്വം? നാണക്കേട്!

ജീവിതകാലം മുഴുവൻ ആ സങ്കടം അവരെ വിട്ടൊഴിയുമോ? ഫാമിലി പെൻഷനോ മറ്റ് ആനുകൂല്യങ്ങൾക്കോ ആ കളങ്കത്തെ തുടച്ചുനീക്കാനാവുമോ?

താൻ പഠിപ്പിച്ച ആയിരക്കണക്കിനു വിദ്യാർത്ഥികൾ എന്നെക്കുറിച്ച് എന്തു വിചാരിക്കും?

ജീവിതമെന്ന കളിക്കളത്തിൽ എതിരാളികളുടെ മുമ്പിൽ പതറാതെ ഒരു സ്പോർട്സ്മാൻ സ്പിരിറ്റോടെ മുന്നേറാനാണ് പ്രത്യക്ഷമായും പരോക്ഷമായും ഞാൻ അവർക്ക് പറഞ്ഞുകൊടുത്തിട്ടുള്ളത്.

ആ ഞാൻ... ഛെ! ലജ്ജാകരം.

അല്ലെങ്കിൽ പിന്തിരിഞ്ഞോടാൻ മാത്രം എന്തു തെറ്റാണ് താൻ ചെയ്തത്?

ബുദ്ധിയുടെ അപാരതകളിലേക്ക് വളരാതെ വിശ്വാസത്തിന്റെ ഇരുളിലേക്ക് ചുരുങ്ങിപ്പോയ കുറെ മന്ദബുദ്ധികൾ ഒത്തുകൂടി ബഹളംവെച്ചു. മലയാളം അറിഞ്ഞുകൂടാത്ത അന്യസംസ്ഥാനക്കാരനായ ജില്ലാകളക്ടർ എനിക്കെതിരെ കേസെടുക്കാൻ ഉടനെ കല്പിച്ചു. വിവേചനാധികാരവും വിവേകവുമില്ലാത്ത പോലീസ് ഉദ്യോഗസ്ഥർ എനിക്കെതിരെ കേസെടുത്തു. എന്നെ കൊലയ്ക്കുകൊടുക്കാൻ ഇപ്പോൾ ലുക്കൗട്ട് നോട്ടീസും പുറപ്പെടുവിച്ചിരിക്കുന്നു.

ജനാധിപത്യരീതി വികാസം പ്രാപിച്ച ഏതെങ്കിലും ഒരു രാജ്യത്ത് ഇങ്ങനെ വല്ലതും നടക്കുമോ?

ഇരുപത്തിയഞ്ചു വർഷം അധ്യാപനപരിചയമുള്ള വകുപ്പുമേധാവിയായ ഞാൻ എന്റെ കുട്ടികൾക്കു നല്കിയ ഒരു ചോദ്യത്തിൽ പിശകു വന്നിട്ടുണ്ടോ എന്ന് ഭാഷയും സാഹിത്യവും കൈകാര്യം ചെയ്യുന്ന എന്നേക്കാൾ പണ്ഡിതനായ ഒരാളുടെ അഭിപ്രായം ഔദ്യോഗികമായി തേടിയതിനുശേഷം വേണ്ടായിരുന്നോ എന്നെപ്പോലെയുള്ള ഒരു പ്രൊഫസറുടെ മേൽ നിയമനടപടികളെടുക്കാൻ?

എന്തൊരു നീതിന്യായ വ്യവസ്ഥ?

എന്തൊരു നടത്തിപ്പ്?

തിന്മയുടെ ശക്തികളും അവർക്ക് ഒത്താശ പാടുന്ന വിഡ്ഢികളും എന്റെ വഴിയിൽ ദുരിതങ്ങളുടെ മുള്ളുകൾ എത്രയെങ്കിലും വിതറട്ടെ. അവയെല്ലാം ഞാൻ ചവിട്ടിക്കടന്നുപോകും; അതെത്ര വേദനാജനകമാണെങ്കിലും.

ഞാൻ നിശ്ചയിച്ചുറച്ചു.

ഈ മുറിയിൽനിന്ന് ഞാൻ തത്കാലം പുറത്തിറങ്ങുന്നില്ല. ലുക്കൗട്ട് നോട്ടീസും പതിച്ച് പോലീസും മാധ്യമങ്ങളും കാത്തിരിക്കട്ടെ.

രണ്ടുഗ്ലാസ് വെള്ളം കുടിച്ച് ഉദരചോദനകളെ തത്കാലത്തേക്ക് അമർച്ച ചെയ്ത് ഒരു ഉപവാസയജ്ഞത്തിന് ഞാൻ നാന്ദികുറിച്ചു.

# ഒറ്റപ്പാലം റെയിൽവേ സ്റ്റേഷൻ

പോലീസ് എനിക്കുവേണ്ടിയുള്ള തെരച്ചിൽ ഊർജിതപ്പെടുത്തിയതിന്റെ ഭാഗമാണല്ലോ ലുക്കൗട്ട് നോട്ടീസും മറ്റും. അതിനാൽ ഏതു സമയത്തും എന്നെത്തേടി പോലീസ് ഇവിടെ എത്താം. അതോടെ ഈ ഒളിച്ചുകളി അവസാനിക്കും.

ചെറുപ്പകാലത്ത് വളരെ ആഹ്ലാദത്തിമിർപ്പോടെ ഏർപ്പെട്ടിരുന്ന ഒളിച്ചുകളികളെക്കുറിച്ച് ഞാൻ ഓർത്തു. ഇന്ന് ഒളിക്കാൻ ഈ പാവം ഞാനും കണ്ടുപിടിക്കാൻ പോലീസ് സന്നാഹം മുഴുവനും.

പോലീസ് കസ്റ്റഡിയിൽ ആയാൽ ഒന്നുരണ്ടു ദിവസത്തേക്ക് കുളിയൊന്നും നടന്നെന്നു വരില്ല. അതിനാൽ കുളിച്ചൊരുങ്ങിയാണ് ഞാൻ എപ്പോഴും ഇരുന്നത്. ഒരു ജോഡി ഡ്രസ്സ് ഒഴിച്ച് ബാക്കിയെല്ലാം ഞാൻ ബാഗിൽ മടക്കിവെച്ചു. ടൂത്ത് ബ്രഷ്, പേസ്റ്റ്, സോപ്പ് മുതലായവ ഉപയോഗം കഴിഞ്ഞാലുടൻ ബാഗിൽ നിക്ഷേപിക്കും. പോലീസെത്തിയാൽ ഒരു മിനിറ്റിനുള്ളിൽ പുറപ്പെടാൻ ഞാൻ റെഡി.

അഞ്ചാറ് ഷീറ്റ് വെള്ളപ്പേപ്പർ മാർജിൻ മടക്കി മേശപ്പുറത്തുവെച്ച് അതിൻമേൽ ഒരു പേനയും പ്രതിഷ്ഠിച്ചു. റൂംബോയിയോ ലോഡ്ജിലെ മറ്റു ജീവനക്കാരോ കണ്ടാൽ ഞാൻ ഒരു എഴുത്തുകാരനാണെന്ന് തോന്നിപ്പിക്കാൻ വേണ്ടിയായിരുന്നു അത്.

മാർച്ച് 28 ഞായറാഴ്ചയാണ് ലുക്കൗട്ട് നോട്ടീസ് പുറപ്പെടുവിച്ചത്. ആ വാർത്ത അറിഞ്ഞ അന്ന് പിന്നീട് മുറിക്ക് പുറത്തിറങ്ങിയില്ല. ജഗ്ഗിലിരുന്ന വെള്ളംകൊണ്ട് ആവശ്യാനുസരണം ഉദരപൂരണം നടത്തി.

ഉപവാസം എത്ര ദിവസത്തേക്കു വേണ്ടിവരുമെന്ന് അറിയാത്തതിനാൽ ശരീരത്തെ ക്ഷീണിപ്പിക്കാതിരിക്കാൻ പരമാവധി ഞാൻ ശ്രമിച്ചു. കൂടുതൽ സമയം കിടന്നുതന്നെ കഴിച്ചുകൂട്ടി. കിടന്നു മടുക്കുമ്പോൾ എണീറ്റിരിക്കുകയും ചിലപ്പോൾ മുറിയിലൂടെ രണ്ടുമൂന്നു ചുവട് ഉലാത്തുകയും ചെയ്തു.

**മാർച്ച് 29 തിങ്കൾ**

എണീറ്റ ഉടനെ കുളിച്ച് റെഡിയായി. ബെഡ്കോഫിയെക്കുറിച്ച് അകത്തുള്ളവർ അപ്പോഴും മറന്നിരുന്നില്ല. ഒരു കോട്ടുവായിലൂടെ അവർ അക്കാര്യം വെളിപ്പെടുത്തി. ജഗ്ഗിലിരുന്ന അല്പം വെള്ളം ഞാൻ ഗ്ലാസ്സിൽ ഒഴിച്ചു. അരഗ്ലാസ്സേ ഉള്ളൂ. ഗ്ലാസ്സ് ചുണ്ടോടടുപ്പിക്കുമ്പോഴാണ് കണ്ണിൽപ്പെട്ടത്; വെള്ളത്തിൽ ചിറകുമുളയ്ക്കാറായ ഒരു (കൊതുക്) കൂത്താടി.

നേരം വെളുത്തുവരുന്നതേയുള്ളൂ. റൂംബോയിയെ വിളിച്ച് വെള്ളം ആവശ്യപ്പെടാനൊന്നും മെനക്കെട്ടില്ല.

കൂത്താടിയെ തോണ്ടിക്കളഞ്ഞ് ആ വെള്ളത്തിന് 'ബെഡ്കോഫി' എന്നു പേരിട്ടു.

അന്ന് സുലൈമാൻ വന്നപ്പോൾ രണ്ടാമതൊരു ജഗ്ഗിൽക്കൂടി വെള്ളം നിറച്ചുവെപ്പിച്ചു.

വിശപ്പ് വലിയ ശല്യത്തിനൊന്നും വന്നില്ല. സാധാരണ ഭക്ഷണം കഴിക്കുന്ന സമയമാകുമ്പോൾ ഉദരഭാഗങ്ങളിൽ തട്ടിവിളിച്ച് ഭക്ഷണകാര്യം ഓർമ്മിപ്പിച്ചുകൊണ്ടിരുന്നെന്നുമാത്രം. അപ്പോഴൊക്കെ ആവശ്യാനുസരണം വെള്ളം കുടിപ്പിച്ച് ജഠരാഗ്നിയെ ഞാൻ അനുനയിപ്പിച്ചു.

എന്റെ ജാമ്യാപേക്ഷ ഇന്നുതന്നെ കോടതിയിൽ സമർപ്പിക്കും. ഒരു പക്ഷേ, ഇന്നുതന്നെ കോടതി അത് പരിഗണിക്കുകയും ചെയ്യും. കോടതി തുടങ്ങുന്നത് പതിനൊന്നു മണിക്കാണെന്ന് എനിക്ക് അറിവുണ്ട്. ജാമ്യം അനുവദിച്ചാലും ഇല്ലെങ്കിലും ടിവിയിൽ വാർത്തവരും. ചോദ്യപേപ്പർ വിവാദം ആദ്യംമുതൽ ഉത്സാഹത്തോടെ കൈകാര്യം ചെയ്യുന്നത് 'ഇൻഡ്യാവിഷൻ' ചാനലാണ്. അതിനാൽ കൃത്യം 11 മണിക്ക് ടിവി ഓണാക്കി 'ഇൻഡ്യാവിഷനു' മുമ്പിൽ കണ്ണുംനട്ട് ഇരിപ്പായി. ഇരുന്നും കിടന്നും ഇടയ്ക്ക് എണീറ്റും ആ കാത്തിരിപ്പ് രാത്രി വൈകുന്നിടംവരെ തുടർന്നു. ഇടയ്ക്ക് മറ്റു വാർത്താചാനലുകളിലും പരതി. ഒന്നും സംഭവിച്ചില്ല. എനിക്കുവേണ്ടി ഒരു വാർത്തയും വന്നില്ല.

**മാർച്ച് 30 ചൊവ്വ**

രാവിലെ എണീറ്റപ്പോൾ ശരീരത്തിന് ഒരു ആട്ടം അനുഭവപ്പെട്ടു. പല്ലുതേപ്പും കുളിയുമൊക്കെ കഴിഞ്ഞപ്പോൾ ഒരു ചായ കുടിക്കാനുള്ള അദമ്യമായ ആഗ്രഹം. സുലൈമാനെ വിളിച്ചുപറഞ്ഞാൽ ചായയോ ബിസ്കറ്റോ മറ്റു ഭക്ഷണസാധനങ്ങളോ വാങ്ങിത്തരും. പക്ഷേ, അതു വേണോ?

ഇന്നലെയും മിനിയാന്നും അക്കാര്യത്തിൽ സുലൈമാനെ ആശ്രയിക്കാതിരുന്നത് മനഃപൂർവ്വമാണ്. സുലൈമാൻ ടിവിയോ പത്രമോ നോക്കുന്ന ആളാണെങ്കിൽ പോലീസ് പ്രസിദ്ധപ്പെടുത്തിയ എന്റെ ഫോട്ടോ കാണാൻ ഇടയായിട്ടുണ്ടാകും. ഈ ദിവസങ്ങളിൽ എന്നെ കാണുന്ന ഒരേയൊരാൾ സുലൈമാനാണ്. ഒറ്റനോട്ടത്തിൽ മനസ്സിലായില്ലെങ്കിലും അടുത്തിടപെടുമ്പോൾ തിരിച്ചറിയാനുള്ള സാധ്യത കൂടുതലാണ്. അതിനാൽ ആവുന്നത്ര സുലൈമാനിൽനിന്ന് എന്നെ ഒളിപ്പിക്കണമെന്ന് ഞാൻ തീരുമാനിച്ചിരുന്നു. അതുകൊണ്ടാണ് കുടിവെള്ളം കൊണ്ടുവരാനല്ലാതെ മറ്റൊരു കാര്യത്തിനും സുലൈമാനെ ആശ്രയിക്കാതിരുന്നത്. മാത്രമല്ല, സുലൈമാന്റെ മുമ്പിൽ ആവുന്നത്ര മുഖം കൊടുക്കാതിരിക്കാനും ഞാൻ ശ്രദ്ധിച്ചു. വലിയൊരു കണ്ണടയോടുകൂടിയതാണ് പ്രസിദ്ധീകരിക്കപ്പെട്ട എന്റെ

ചിത്രം. കണ്ണടയില്ലാതെ വ്യക്തമായി കാണാൻ എനിക്ക് സാധിക്കില്ലെങ്കിലും കണ്ണട ഊരിവെച്ചിട്ടാണ് സുലൈമാൻ വരുമ്പോഴെല്ലാം ഞാൻ വാതിൽ തുറന്നിരുന്നത്. അപ്പോൾ ഒരു തോർത്തുകൊണ്ട് തലയിൽ കെട്ടുകയോ കഴുത്തിൽ ചുറ്റുകയോ ചെയ്ത് ആ ഫോട്ടോയുമായുള്ള എന്റെ സാദൃശ്യത്തെ ലഘൂകരിക്കാനും ഞാൻ ഉത്സാഹിച്ചിരുന്നു.

ഇന്ന് ഏതായാലും ജാമ്യത്തിന്റെ കാര്യത്തിൽ ഒരു തീരുമാനം ആകേണ്ടതാണ്. കാര്യങ്ങൾ ഇത്രയുമായ സ്ഥിതിക്ക് കേവലമായ ഒരു ചായയുടെ പ്രലോഭനത്തിന്റെ മുമ്പിൽ വഴിപ്പെടാൻ പാടില്ല. ഒരു ഗ്ലാസ്സ് വെള്ളം എടുത്ത് കുടിച്ച് ആ ദുരാഗ്രഹത്തിൽനിന്ന് ഞാൻ മോചനം നേടി.

സമയം 11 മണി. കോടതി തുടങ്ങുന്ന സമയമായി. ടിവി ഓൺ ചെയ്ത് ഞാൻ ദത്തശ്രദ്ധനായി.

വാർത്തകൾ എന്നെ സ്പർശിക്കാതെ കടന്നുപോയി. അരമണിക്കൂർ കഴിഞ്ഞുകാണും; വാതിലിൽ ഒരു മുട്ട്. ഞാൻ ഞെട്ടി. പോലീസായിരിക്കും!

കണ്ണട എടുത്തുമാറ്റി തോർത്ത് ഉദാസീനമട്ടിൽ തലയിൽ ഇട്ടുകൊണ്ട് വാതിൽ തുറന്നു.

മുറി അടിക്കാൻ വന്ന സ്ത്രീയാണ്. കൈയിൽ ചൂലുണ്ട്. ''മുറി അടിക്കണ്ട. എനിക്ക് ജലദോഷമാണ്. പൊടി ഇളകിയാൽ എനിക്കു തുമ്മലു കൂടും.'' ഞാൻ പറഞ്ഞു. അവർ പോയി.

ഞാൻ കണ്ണട ധരിച്ച് വീണ്ടും വാർത്തകൾ ശ്രദ്ധിച്ചു.

അന്ന് വാർത്തകളിൽ നിറഞ്ഞുനിന്നതു കൊലക്കേസ് പ്രതി സമ്പത്ത് എന്നയാൾ പോലീസ് മർദ്ദനത്തെത്തുടർന്ന് പോലീസ് കസ്റ്റഡിയിൽ മരിച്ചതിന്റെ കോലാഹലമാണ്. സംഭവം നടന്നത് പാലക്കാട്ടുതന്നെയാണ്. അതിനാൽ പാലക്കാട്ടെ പോലീസിനെ അത്ര പേടിക്കേണ്ടെന്ന് എനിക്കു തോന്നി. അവർക്ക് ആവശ്യത്തിനുള്ള പണി തത്കാലം കിട്ടിയിട്ടുണ്ടല്ലോ.

വാർത്താചാനലിനു മുന്നിലുള്ള എന്റെ തപസ്സ് നാലുമണിവരെ തുടർന്നു. പക്ഷേ, എന്റെ വാർത്തമാത്രം പ്രത്യക്ഷപ്പെട്ടില്ല.

ഇപ്പോൾ കോടതി പിരിഞ്ഞിട്ടുണ്ടാകും. വിസ്താരമോ വാദമോ നീണ്ടുപോയാലേ ഈ സമയത്തിനുശേഷവും കോടതി തുടരുകയുള്ളു. ഒരു ജാമ്യാപേക്ഷയിൽ അങ്ങനെയൊന്നും വരാൻ ഇടയില്ലല്ലോ.

അപ്പോൾ ഇന്നും ഒന്നും സംഭവിച്ചിട്ടില്ല. ഞാൻ ആലോചിച്ചു. ഇനി എന്താണു ചെയ്യേണ്ടത്? ഈ വാല്മീകത്തിൽ ഇങ്ങനെ ഇരുന്നിട്ട് എന്താണ് കാര്യം?

രണ്ടുമൂന്നു ദിവസമായി പത്രമൊന്നും വായിച്ചിട്ടില്ല. ലുക്കൗട്ട് നോട്ടീസ് വന്നതിനുശേഷം ടിവിയിലും വാർത്തകൾ കാണുന്നില്ല. അല്ലെങ്കിൽ പ്രതിയെ കിട്ടാതെ ഇനി എന്തു വാർത്ത?

ഏതായാലും ജോയി മാത്യു സാറിനെ വിളിക്കുകതന്നെ. കഴിഞ്ഞ തവണ പറ്റിയ അബദ്ധം ഇനി ഉണ്ടാകരുത്. പാലക്കാട്ടുനിന്ന് വിളിക്കേണ്ട. രണ്ടു

മണിക്കൂർ യാത്ര വേണ്ടിവരുന്ന ഏതെങ്കിലും സ്ഥലത്തു പോകാം.

ഉടൻതന്നെ ഷർട്ട് എടുത്തു ധരിച്ചു. കണ്ണട ഊരി പോക്കറ്റിലിട്ടു പുറകിലേക്കു ചീകുന്ന മുടി വകഞ്ഞ് സൈഡിലേക്കു ചീകി. മുറി പൂട്ടി പുറത്തിറങ്ങി.

നടന്നുതുടങ്ങിയപ്പോൾ ചെറുതായൊരു വേപ്പൽ. അല്പം കഴിഞ്ഞപ്പോൾ അതങ്ങുമാറി.

വെള്ളമല്ലാതെ എന്തെങ്കിലും വയറ്റിലോട്ടു പോയിട്ട് ദിവസം രണ്ടു കഴിഞ്ഞു. അതിനാൽ ഇൻഡ്യൻ കോഫി ഹൗസിൽ കയറി എന്തെങ്കിലും കഴിക്കാൻ തീരുമാനിച്ചു.

വെയിറ്റർ കൊണ്ടുവെച്ച ദോശയിൽ ചട്നിയും സാമ്പാറും ഒഴിച്ചു. കണ്ണടവെക്കാത്തതിനാൽ സാമ്പാറിലെ കഷണങ്ങൾ എന്തൊക്കെയാണെന്ന് തിരിച്ചറിയാൻ പറ്റുന്നില്ല. വല്ല പല്ലിയോ പാറ്റയോ കിടന്നാൽ ചിലപ്പോൾ അതുംകൂടി അകത്താകും. എന്തും വരട്ടെ എന്നു വിചാരിച്ച് കണ്ണടയെടുത്തു വെച്ചു.

ഭക്ഷണത്തിനുശേഷം കെ.എസ്.ആർ.റ്റി.സി. ബസ് സ്റ്റാൻഡിനു മുൻവശമെത്തിയപ്പോൾ ഒറ്റപ്പാലത്തിനുള്ള ഒരു പ്രൈവറ്റ് ബസ് എനിക്കു വേണ്ടിയിട്ടെന്നപോലെ കാത്തുകിടക്കുന്നു. അതിൽ കയറി.

ഒറ്റപ്പാലത്ത് പോയിട്ടില്ലെങ്കിലും ഒറ്റപ്പാലവും ഒറ്റപ്പാലം റെയിൽവേ സ്റ്റേഷനുമൊക്കെ കഥകളിലും നോവലുകളിലും താൻ വായിച്ചറിഞ്ഞ സ്ഥലമാണ്.

എന്റെ മൊബൈൽ ഫോൺ റൂമിൽ വെച്ചിട്ടാണ് പോന്നിരിക്കുന്നത്. അത് അബദ്ധമായിപ്പോയെന്ന് ബസ് യാത്രയ്ക്കിടയിൽ ഞാൻ ഓർത്തു. ഏതെങ്കിലും കള്ളന്മാർ മുറിയിൽക്കടന്ന് മൊബൈൽ എടുത്തിട്ട് ഓണാക്കുകയോ മറ്റോ ചെയ്താൽ തത്സമയം പോലീസ് അതറിയും. നിമിഷങ്ങൾക്കുള്ളിൽ പോലീസ് സ്ഥലം ലൊക്കേറ്റു ചെയ്ത് എന്റെ അജ്ഞാത വാസം അവസാനിപ്പിക്കാനുള്ള വഴിതുറക്കും.

ഇനിയിപ്പോൾ... പോയ ബുദ്ധി പിടിച്ചാൽ കിട്ടില്ലല്ലോ. ഞാൻ സമാധാനിച്ചു.

ഒറ്റപ്പാലം പ്രൈവറ്റ് ബസ്സ്റ്റാൻഡിലാണ് ഇറങ്ങിയത്. അവിടെനിന്നുള്ള ഒരു മൺറോഡിലൂടെ ആളുകൾ വരികയും പോകുകയും ചെയ്യുന്നുണ്ട്.

ആ വഴി എങ്ങോട്ടാണെന്ന് ഞാൻ ഒരാളിനോടു ചോദിച്ചു.

''റെയിൽവേ സ്റ്റേഷനിലേക്ക്.'' അയാൾ മറുപടി പറഞ്ഞു.

''എത്ര ദൂരമുണ്ട്?''

''അരമുക്കാൽ കിലോമീറ്റർ വരും.''

ഞാൻ ആ വഴിക്കു നടന്നു.

റെയിൽവേ സ്റ്റേഷനിലെ ബൂത്തിൽനിന്ന് ഫോൺ ചെയ്യുകയാണ് ഏറ്റവും ഉത്തമം. കാരണം, എന്റെ ഫോൺ കോളിന്റെ ഉറവിടം പോലീസിനു പിടികിട്ടിയാൽത്തന്നെ അവരുടെ സംശയം ശരിയായ ദിശയിൽ വരാൻ

പ്രയാസമായിരിക്കും. ട്രെയിൻ യാത്രയ്ക്കിടയിൽ ചെയ്ത കോളാണെന്നല്ലേ സാമാന്യബുദ്ധിക്കു വിചാരിക്കാൻ പറ്റൂ. ദീർഘദൂര വണ്ടികൾ പലതും നിർത്താത്ത സ്റ്റേഷനാണ് ഒറ്റപ്പാലം. അതിനാൽ ലോക്കൽ ട്രെയിനിലാണ് യാത്രയെന്ന് പോലീസ് ബുദ്ധി വേണമെങ്കിൽ കരുതിക്കൊള്ളട്ടെ.

എന്റെ സങ്കല്പത്തിൽ ഉള്ളതിനെക്കാൾ ചെറുതായിരുന്നു ഒറ്റപ്പാലം സ്റ്റേഷൻ. അവിടെ നിറുത്തുന്ന ഏതെങ്കിലും വണ്ടിയുടെ സമയമാകുമ്പോൾ മാത്രമേ അവിടെയൊരു ഒച്ചയനക്കങ്ങൾ ഉണ്ടാകുന്നുള്ളു. ഒരേയൊരു ടെലഫോൺ ബൂത്തു മാത്രമേ അവിടെ പ്രവർത്തിക്കുന്നുള്ളു. അവിടെനിന്ന്, മനഃപാഠമാക്കിവെച്ചിരുന്ന ബിന്ദുവിന്റെ നമ്പരിലേക്ക് ജോയി മാത്യു സാറിനെ കിട്ടാൻവേണ്ടി ഞാൻ വിളിച്ചു.

ഫോൺ സ്വിച്ച്ഡ് ഓഫ് ആണ്.

ഇനി എന്തുചെയ്യും?

ഏതായാലും കുറച്ചുസമയം കഴിഞ്ഞ് ഒന്നുകൂടി ശ്രമിച്ചു നോക്കാം. ഞാൻ അതിലെ ചുറ്റിപ്പറ്റിനടന്നു.

ഒരു ട്രെയിൻ അവിടെ ഒരു മിനിട്ട് നിർത്തിയശേഷം വിട്ടുപോയി. അതിന്റെ ആളനക്കങ്ങൾ അവസാനിച്ചപ്പോൾ ഞാൻ വീണ്ടും ബൂത്തിൽ കയറി.

അപ്പോഴും എനിക്കുവേണ്ട ഫോൺ ഓഫ് തന്നെ.

ഇത് എന്തൊരു ഏർപ്പാടാണ്? ഈ നമ്പരിൽ മാത്രമേ വിളിക്കാവൂ എന്നും പറഞ്ഞ് എന്നെ ഒളിവിൽ വിട്ടിട്ട് ഫോൺ ഓഫാക്കി വെക്കുക!

ഇനി പോലീസിനെങ്ങാനും ഈ നമ്പരിന്റെ രഹസ്യം പിടികിട്ടിക്കാണുമോ? എങ്കിൽ പോലീസ് ആ ഫോൺ ഓഫാക്കിവെക്കാൻ സമ്മതിക്കുകയില്ല.

പിന്നെ എന്തായിരിക്കും കാരണം?

ജോയി മാത്യുസാർ ആളാരാ മോൻ? ഫോൺ ഓഫാക്കിവെക്കണമെങ്കിൽ അതിന് ഒരു കാരണവും ലക്ഷ്യവും കാണാതിരിക്കില്ല.

എന്നിലെ ശുഭാപ്തിവിശ്വാസക്കാരനായ ബുദ്ധി അതിനെ ഇപ്രകാരം വ്യാഖ്യാനിച്ചെടുത്തു.

പോലീസിന്റെ നിരീക്ഷണം അവരെ ചുറ്റിപ്പറ്റിയുണ്ട്. അതിനാൽ ഫോൺ ചെയ്യുന്നത് അത്ര സുരക്ഷിതമല്ല. അതുകൊണ്ടാണ് ഓഫാക്കി വെച്ചിരിക്കുന്നത്. ജാമ്യത്തിന്റെ കാര്യം ഇതുവരെ ശരിയായിട്ടില്ല. നാളെ ഏതായാലും ശരിയാകും. ജാമ്യം കിട്ടിയിട്ടാകുമ്പോൾ ഫോൺ ചെയ്യുന്നതിന് പ്രശ്നമില്ല. പോലീസിനെ പിന്നെ ഭയപ്പെടേണ്ടതുമില്ലല്ലോ.

ശരി, ഒരു ദിവസംകൂടി കാത്തിരിക്കാം.

ഞാൻ പാലക്കാട്ടേക്ക് തിരിച്ചുപോന്നു.

റൂമിൽ എത്തിയപ്പോൾ ഒമ്പതര.

കുളികഴിഞ്ഞ് ഉറങ്ങാൻ കിടന്നു.

ഉറക്കത്തിന്റെയും ഉണർവിന്റെയും ഊയലാട്ടം കഴിഞ്ഞ് നേരം പുലർന്നു.

**മാർച്ച് 31 ബുധനാഴ്ച**

വാതിലിൽ മുട്ട്. പതിവുപോലെ ഉൾക്കിടിലമുണ്ടായി.

വാതിൽ തുറന്നപ്പോൾ സുലൈമാനാണ്.

''സാറിന് ചായവേണോ? വാങ്ങിക്കൊണ്ടുവരാം.''

എന്തേ സുലൈമാൻ ഇങ്ങനെ ചോദിക്കാൻ?

''വാങ്ങാൻ പോകുന്നുണ്ടെങ്കിൽ ആയിക്കോട്ടെ.''

ഞാൻ ഉദാസീനമട്ടിൽ സമ്മതിച്ചു.

''സാറു ഭക്ഷണമൊന്നും കഴിക്കുന്നില്ലേ? പുറത്തുപോകുന്നതും മറ്റും കാണുന്നില്ലല്ലോ.'' സുലൈമാൻ ചോദിച്ചു.

സംശയമാണോ കാരുണ്യമാണോ?

''ഭക്ഷണം കഴിക്കാതെ ജീവിക്കാൻ പറ്റോ?'' ചെറിയൊരു ചിരി ഞാൻ പാടുപെട്ടുവരുത്തി.

''ഭക്ഷണമൊക്കെ ഞാൻ പുറത്തുപോയി കഴിക്കുന്നുണ്ട്,'' ഞാൻ തുടർന്നു: ''പോകുമ്പോൾ താക്കോൽ കൗണ്ടറിൽ തരാറില്ലെന്നുമാത്രം.''

ഞാൻ പറഞ്ഞത് സുലൈമാൻ വിശ്വസിച്ചുകാണും.

''ബിസ്കറ്റോ മറ്റോ വാങ്ങിക്കൊണ്ടു വരണോ?''

''ബിസ്കറ്റ് വേണ്ട. ചെറുപഴം ഉണ്ടെങ്കിൽ അരക്കിലോ വാങ്ങിച്ചോളൂ.''

സുലൈമാനെ നിരാശപ്പെടുത്തേണ്ടെന്നു വിചാരിച്ച് ഞാൻ പറഞ്ഞു. എന്നിട്ട് അമ്പതിന്റെ ഒരു നോട്ടെടുത്തു കൊടുത്തു.

സുലൈമാൻ പോയപ്പോൾ ഞാൻ ടിവി ഓൺ ചെയ്തു. അപ്പോൾ ടിവിയിൽ ഒരു സവിശേഷവാർത്ത ഫ്ളാഷ് ന്യൂസായി വന്നുകൊണ്ടിരിക്കുന്നു. കേരള കോൺഗ്രസുകളിൽ ഒരെണ്ണത്തിന്റെ ഇടുക്കി ജില്ലാപ്രസിഡന്റായ ഒരു നസ്രാണി, ചോദ്യപേപ്പർ കേസിലെ പ്രതിയെ പോലീസ് പിടികൂടാത്തതിൽ പ്രതിഷേധിച്ച് അനിശ്ചിതകാല ഉപവാസം ആരംഭിക്കാൻ പോകുന്നത്രെ.

അടുത്ത ഞായറാഴ്ച ഈസ്റ്ററാണ്. ഞാൻ കാരണം ഒരു സത്യവിശ്വാസിയുടെ ഈസ്റ്ററും നോമ്പുവീടലുമൊക്കെ കുളമായിപ്പോകുമല്ലോ എന്നു വിചാരിച്ചപ്പോൾ എനിക്കു കുണ്ഠിതം തോന്നിയെങ്കിലും രണ്ടാഴ്ച കഴിഞ്ഞാണ് ഉപവാസം ആരംഭിക്കുന്നതെന്നു കേട്ടപ്പോൾ തെല്ലൊരു ആശ്വാസവുമായി.

അല്പം കഴിഞ്ഞപ്പോൾ സുലൈമാൻ തിരിച്ചെത്തി. പഴത്തിന്റെ പൊതിയും ബാക്കി പണവും ടീപ്പോയിൽ വെച്ചു. അവിടിരുന്ന ഗ്ലാസ്സെടുത്ത് കഴുകിക്കൊണ്ടുവന്ന് ഫ്ളാസ്കിൽനിന്ന് ചായ ഒഴിച്ചുവെച്ചിട്ട് എന്നോട് ചോദിച്ചു: ''സാറ് ഇവിടെ എന്തിനാണ് താമസിക്കുന്നത്? സാറിന്റെ ജോലി എന്താ?''

ഈ ചോദ്യം പ്രതീക്ഷിച്ചിരുന്നതുകൊണ്ട് ഭാവഭേദമൊന്നും കൂടാതെ ഞാൻ മറുപടി പറഞ്ഞു: ''ഞാൻ ഒരു കഥ എഴുതുവാൻവേണ്ടി വന്നതാണ്.''

''കഥയെഴുത്തുകാരനാണല്ലേ, വെറുതെയല്ല മുറിയിലിങ്ങനെ അടച്ചുപൂട്ടിയിരിക്കുന്നത്.''

പാവം സുലൈമാൻ ഞാൻ പറഞ്ഞത് അപ്പാടേ വിശ്വസിച്ചു. സുലൈമാൻ പോയപ്പോൾ ഞാൻ എന്നോടുതന്നെ ചോദിച്ചു: ഈ കഥയുടെ ക്ലൈമാക്സ് എന്തായിരിക്കും.

ചായകുടിച്ച് ഞാൻ ഉന്മേഷവാനായി, എന്തിനെയും നേരിടാൻ. കോടതി തുടങ്ങുന്ന സമയമായപ്പോൾമുതൽ ടി.വി. ഓൺചെയ്ത് ജാമ്യവാർത്തയ്ക്കായി ഞാൻ കാത്തിരുന്നു. ഇടയ്ക്കിടയ്ക്ക് പഴവും വെള്ളവും ആഹരിച്ചു. ഒടുവിൽ പഴം തീർന്നു. കോടതി പിരിയുന്ന നേരവുമായി. എനിക്കുവേണ്ട വാർത്തമാത്രം വന്നില്ല. ഇനിയെന്തുചെയ്യും? ജോയി മാത്യു സാറിനെ വിളിക്കുകതന്നെ. ഒറ്റപ്പാലം റെയിൽവേസ്റ്റേഷനിൽ നിന്നുമാവാം. ഓഫ്ചെയ്തുവെച്ചിരുന്ന മൊബൈൽഫോൺ എടുത്ത് പോക്കറ്റിലിട്ടു. ഏതായാലും ഇവിടെ വെച്ചിട്ടുപോകണ്ട. മുറിപൂട്ടിപുറത്തിറങ്ങി. കാര്യമായ വിശപ്പുതോന്നാതിരുന്നതിനാൽ ഇൻഡ്യൻ കോഫി ഹൗസിൽ കയറി ഒരു ചായമാത്രം കഴിച്ചു. ഒറ്റപ്പാലം റെയിൽവേ സ്റ്റേഷനിൽ എത്തിയപ്പോൾ സന്ധ്യയോടടുത്തു. ടെലഫോൺബൂത്തിൽ ചെന്നപ്പോൾ അവിടെ ആളില്ല. ബൂത്തു തുറന്നുവെച്ചിച്ചുണ്ട്. ബൂത്തുകാരനെക്കുറിച്ച് അന്വേഷിച്ചപ്പോൾ അയാൾ ടൗണിൽ പോയതാണെന്നും വൈകാതെ എത്തുമെന്നും അടുത്തുള്ള കടക്കാരൻ പറഞ്ഞു. അരമണിക്കൂർ കഴിഞ്ഞപ്പോൾ അയാൾ തിരിച്ചെത്തി. നമ്പർ ഡയൽ ചെയ്തു പ്രതീക്ഷയോടെ കാത്തു. ഭാഗ്യം ബെല്ലടിക്കുന്നുണ്ട് ഞാൻ ഉദ്വേഗഭരിതനായി പക്ഷേ, കോളെടുക്കുന്നതിനുപകരം കട്ട്ചെയ്തു. ഷോക്കേറ്റതുപോലെ ഒരുനിമിഷം ഞാൻ മരവിച്ചുനിന്നു. അല്പം കഴിഞ്ഞ് വീണ്ടും ഡയൽചെയ്തു. ഇക്കുറി ബെല്ലുപോലുമില്ല. ഫോൺ സ്വിച്ച്ഡ് ഓഫ് ആണെന്നുള്ള അറിയിപ്പാണ് വന്നത്. ഒരു ശൂന്യത എന്നെ ഗ്രസിച്ചതുപോലെ. റിസീവർ റാഡറിൽവെച്ച് സാവധാനം പുറത്തിങ്ങി. സ്വപ്നാടനക്കാരെപ്പോലെ നടന്നുചെന്ന് ഒരു സിമന്റുബെഞ്ചിലിരുന്നു. ചിന്താശേഷി അല്പം വീണ്ടുകിട്ടിയപ്പോൾ മനസ്സിലൊരു ചോദ്യം പത്തി വിരിച്ചു നിന്നു. ഇനിയെന്ത്?

ഒറ്റപ്പാലത്ത് സ്റ്റോപ്പില്ലാത്ത ഒരു ദീർഘദൂര എക്സ്പ്രസ്സ് അവിടമാകെ പ്രകമ്പനം സൃഷ്ടിച്ചുകൊണ്ട് കടന്നുപോയി.

അതിന്റെ ആരവം നിലച്ചപ്പോൾ എന്റെ മനസ്സുണർന്നു. ആത്മഹത്യ ചെയ്താലോ. എങ്ങോട്ടും പോകണ്ട അടുത്ത എക്സ്പ്രസ്സ് വരുന്നതുവരെ കാത്തിരുന്നാൽ മതി.

ഫ!... കടുതരമായ ശബ്ദത്തിൽ എന്റെ ഉള്ളിൽനിന്നൊരു ശാസന.

എങ്കിൽപ്പിന്നെ ഞാൻ എന്തുചെയ്യണം. ഒരുവഴി പറഞ്ഞുതരാൻ എനിക്ക് ആരാണുള്ളത്. തേർത്തട്ടിൽ തളർന്നിരിന്ന അർജ്ജുനനെപ്പോലെ ആ സിമന്റുബെഞ്ചിൽ കർമ്മവിമൂഢനായി ഞാനിരുന്നു.

സമയം കടന്നുപോയി. അപ്പോൾ അർജ്ജുനന് ഗീതോപദേശം നല്കിയ സാക്ഷാൽ കൃഷ്ണൻ എന്റെ ചാരത്തുവന്നു. ''ലോകം മുഴുവൻ നിനക്ക് എതിരായാലും നീ എനിക്ക് എതിരാകരുത്.'' ഭഗവാൻ എന്റെ മനസ്സിൽ തൊട്ടു. അതോടെ എന്റെ ആലസ്യമകന്നു.

അപ്പോഴതാ മറ്റൊരു രൂപം, മനുഷ്യപുത്രനായ സാക്ഷാൽ യേശുദേവൻ ആണിപ്പഴുതുള്ള നഗ്നപാദങ്ങളോടെ നടന്നടുക്കുന്നു. ''നാളെയെക്കുറിച്ച് നീ ആകുലനാകരുത്. നാളത്തെ ദിനംതന്നെ അതിനെക്കുറിച്ച് ആകുലപ്പെട്ടുകൊള്ളും. ഓരോ ദിവസത്തിനും അതതിന്റെ ക്ലേശം മതി.'' തിരുമുറിവുകളുള്ള കൈയാൽ യേശു എന്റെ ഹൃദയത്തിൽ തൊട്ടു. അനന്തരം കൃഷ്ണനും യേശുവുംകൂടി ആ തണുത്ത ബെഞ്ചിൽ നിന്നും എന്നെ താങ്ങിയെണീപ്പിച്ചു. എണ്ണീറ്റുനിന്ന ഞാൻ യുദ്ധസന്നദ്ധനായി. അതോടെ ദേവന്മാർ അപ്രത്യക്ഷരായി.

# കട്ടപ്പനയിലെ ജോസഫ് മാത്യു

റെയിൽവേ സ്റ്റേഷൻ പ്ലാറ്റ് ഫോമിലൂടെ 'കിം കരണീയം' എന്നു ചിന്തിച്ചുകൊണ്ട് ഞാൻ അങ്ങോട്ടുമിങ്ങോട്ടും നടന്നു.

ജോയി മാത്യു സാറിന്റെ ഒളിച്ചുകളിക്കുന്ന കോൺടാക്റ്റ് നമ്പരിനെ ഇനി ആശ്രയിച്ചുകൂടാ. ജാമ്യവാർത്തയും പ്രതീക്ഷിച്ച് ടി.വിയുടെ മുന്നിൽ ചടഞ്ഞിരുന്നിട്ടും കാര്യമില്ല.

ആദ്യമായി വേണ്ടത് ഏതെങ്കിലും കോടതിയിൽ എന്റെ ജാമ്യാപേക്ഷ സമർപ്പിച്ചിട്ടുണ്ടോ എന്ന് തീർച്ചയാക്കുകയാണ്. ഇല്ലെങ്കിൽ അതിനുള്ള ഏർപ്പാട് ഉടനെ ചെയ്യണം. അതില്ലാതെ ഒളിജീവിതം തുടരുന്നതിൽ ഒരർത്ഥവുമില്ല.

ഒളിജീവിതം തുടരാണെങ്കിലും വക്കീലിനെ ഏർപ്പാടാക്കാനാണെങ്കിലും പണം വേണം. എന്റെ കൈവശം ആയിരത്തോളം രൂപ മാത്രമേ ഇനിയുള്ളൂ. ദേഹത്ത് മാലയോ മോതിരമോ മറ്റോ ഉണ്ടായിരുന്നെങ്കിൽ ഇപ്പോൾ പ്രയോജനപ്പെട്ടേനെ. പുരുഷന്മാർ സ്വർണ്ണാഭരണം ധരിക്കുന്നതിനോട് എതിരായിരുന്നു എന്റെ നിലപാട്. ആ ആദർശവും എനിക്കിപ്പോൾ വിനയായി ഭവിച്ചിരിക്കുന്നു.

അറിയിച്ചാൽ ഞാൻ പറയുന്ന സ്ഥലത്ത് ആവശ്യത്തിനുള്ള പണം എത്തിക്കാൻപോന്ന സുഹൃത്തുക്കളുണ്ട്. പോലീസിന്റെ നിരീക്ഷണത്തിൽപ്പെടാൻ സാധ്യതയില്ലാത്ത അവരിൽ ആരെയെങ്കിലും വിളിച്ചാലോ? പക്ഷേ, നമ്പരൊക്കെ മൊബൈലിലല്ലേ. അത് ഓൺ ചെയ്യാൻ പറ്റില്ലല്ലോ. അങ്ങനെയുള്ളവരുടെ നമ്പർ ഓർമ്മയിൽ ഒട്ടില്ലതാനും.

പോക്കറ്റിൽനിന്ന് മൊബെൽ ഫോൺ കൈയിലെടുത്തു. സിംകാർഡ് ഊരിമാറ്റിയാൽ ഫോൺ ഓണാകുമോ? മുമ്പുണ്ടായിരുന്ന ഫോൺ സിം മാറ്റിയാൽ ഓണാകില്ലായിരുന്നു. ഇപ്പോഴുള്ളത് വാങ്ങിയിട്ട് രണ്ടുവർഷത്തോളമായെങ്കിലും അങ്ങനെ നോക്കിയിട്ടില്ല.

ആദ്യത്തേതിനേക്കാൾ വിലകൂടിയതാണ് ഈ മൊബൈൽ. അതിനനുസരിച്ച് മാറ്റങ്ങളും കാണേണ്ടതാണ്. പരീക്ഷിക്കുകതന്നെ.

ഫോൺ തുറന്ന് സിം എടുത്ത് പോക്കറ്റിലിട്ടു. എന്നിട്ട് ഓൺ ചെയ്യാനുള്ള ബട്ടണിൽ വിരലമർത്തി. ഭാഗ്യം, ഫോൺ ഓണായി. കോൾ രജിസ്റ്റർ സജീവം.

കോൾ രജിസ്റ്റർ പരതിയപ്പോൾ മനസ്സുടക്കിയത് ജോസഫ് മാത്യു എന്ന പേരിലാണ്.

ചങ്ങനാശ്ശേരി എൻ.എസ്.എസ്. ട്രെയിനിങ് കോളജിൽ B.Ed ന് എന്നോടൊപ്പം പഠിച്ച ആളാണ് ജോസഫ് മാത്യു. ഇപ്പോൾ കട്ടപ്പന ട്രൈബൽ സ്കൂളിലെ അധ്യാപകനാണ്. ഭാര്യ ലതയും ആ സ്കൂളിലെതന്നെ

അധ്യാപികയാണ്. അവരുടെ മക്കൾ ജന്മയും ജീവിതും ആ സ്കൂളിൽ തന്നെയാണ് പഠിക്കുന്നതും.

ഞാൻ കുടുംബസമേതം കട്ടപ്പനയിലുള്ള അവരുടെ വീട്ടിലും അവർ മൂവാറ്റുപുഴയിലെ ഞങ്ങളുടെ വീട്ടിലും വന്ന് താമസിക്കാറുണ്ട്.

ജോസഫ് മാത്യുവിനോട് കുറച്ചു പണം എങ്ങനെയും എത്തിച്ചുതരണമെന്ന് പറയണം. ഞാൻ ബൂത്തിലെത്തി ജോസഫ് മാത്യുവിന്റെ നമ്പർ ഡയൽ ചെയ്തു.

ഭാഗ്യം. ബെല്ലടിക്കുന്നുണ്ട്.

''ഹലോ,'' ജോസഫ് മാത്യു ഫോണെടുത്തു.

'ഞാൻ ടി.ജെ. ജോസഫാണ്.''

''നിങ്ങൾ ഇപ്പോൾ എവിടെയാണ്?''

ജോസഫ് മാത്യു ആകാംക്ഷയോടെ ചോദിച്ചു.

''അതൊക്കെപ്പറയാം, കാര്യങ്ങളൊക്കെ അറിഞ്ഞുകാണുമല്ലോ. എന്താക്കെയാണ് വാർത്തകൾ?''

സ്ഥിതിഗതി അറിയാനുള്ള വ്യഗ്രതയിൽ ഞാൻ ചോദിച്ചു.

''നിങ്ങളുടെ കാര്യം പോക്കാണ്.''

ജോസഫ് മാത്യു മയമില്ലാതെ പറഞ്ഞു.

''നിങ്ങൾ മനഃപൂർവ്വം ഒന്നും ചെയ്തില്ലായിരിക്കും. പക്ഷേ, നിങ്ങൾ ഒളിവിൽ പോയപ്പോൾ നിങ്ങൾ കുറ്റക്കാരനാണെന്നുതന്നെയല്ലേ എല്ലാവരും വിചാരിക്കൂ. നിങ്ങളുടെ ഭാഗം വിശദീകരിക്കാൻ നിങ്ങൾ അവിടെ ഉണ്ടാകേണ്ടതല്ലായിരുന്നോ? അതാണു നിങ്ങൾക്കു പറ്റിയ തെറ്റ്.''

''അധികാരികൾ പറഞ്ഞതുകൊണ്ടാണ് അന്ന് കോളജിലേക്ക് ചെല്ലാതിരുന്നത്. വീട്ടിൽനിന്നുപോലും മാറിനില്ക്കാനാണ് കോളജ് മാനേജരും പറഞ്ഞത്.''

ഞാൻ എന്റെ ഭാഗം ന്യായീകരിക്കാൻ ശ്രമിച്ചു. ''കുറ്റമെല്ലാം നിങ്ങളുടെ തലയിൽ കെട്ടിവെച്ച് നിങ്ങളുടെ അധികാരികൾ കൈകഴുകി. നിങ്ങളുടെ ഭാഗം വിശദീകരിച്ചുകൊടുത്ത് നിങ്ങളെ സംരക്ഷിക്കുന്ന തിനു പകരം ക്ഷമാപണം നടത്തി അവർ നിങ്ങളെ കൂടുതൽ കുഴപ്പത്തിലാക്കി.''

ജോസഫ് മാത്യു പറഞ്ഞ സത്യങ്ങൾ കേട്ട് ഞാൻ പതറിയില്ല.

''തൊടുപുഴയിലെ അവസ്ഥ ഇപ്പോൾ എന്താണ്?'' ഞാൻ നിർവ്വികാരമായി ചോദിച്ചു.

''നിരോധനാജ്ഞ ഇതുവരെയും പിൻവലിച്ചിട്ടില്ല. പോലീസ് നിങ്ങൾക്കുവേണ്ടി ഊർജിതമായ തെരച്ചിൽ നടത്തുന്നുണ്ട്.''

''അവർ തെരയട്ടെ.''

ഞാൻ എന്റെ ആവശ്യത്തിലേക്കു കടന്നു.

''എനിക്കു കുറച്ചു പണം എത്തിച്ചുതരാൻ സാധിക്കുമോ?''

''അതു ചെയ്യാം. പക്ഷേ, എന്താ നിങ്ങളുടെ പ്ലാൻ? ഒളിവിൽത്തന്നെ കഴിയാനാണോ? നിങ്ങൾക്കു കീഴടങ്ങിക്കൂടേ? അതല്ലേ നല്ലത്. അല്ലെങ്കിൽ മുൻകൂർ ജാമ്യം എടുത്തുകൂടേ?'' ജോസഫ് മാത്യു ചോദിച്ചു.

''മുൻകൂർ ജാമ്യത്തിന്റെ കാര്യത്തിന് ഒരാളെ ഏർപ്പാടാക്കിയിരുന്നു. എന്താണെന്നറിഞ്ഞുകൂടാ, ഇപ്പോൾ ഫോൺപോലും എടുക്കുന്നില്ല.''

അതുകേട്ട് ജോസഫ് മാത്യു പറഞ്ഞു.

''അച്ചോയി വിളിച്ചിരുന്നു, എറണാകുളത്ത് പരിചയക്കാരായ വക്കീലന്മാർ ഉണ്ടത്രേ. നിങ്ങളുടെ സമ്മതം ഉണ്ടെങ്കിൽ ജാമ്യം ശരിയാക്കാമെന്നും പറഞ്ഞു.''

'അച്ചോയി' എന്നു വിളിപ്പേരുള്ള കെ.ജെ. ജോസഫ് ഞങ്ങൾ രണ്ടാളുടെയും സുഹൃത്താണ്. ധാരാളം ബന്ധങ്ങളുള്ള ഒരു സംസ്കാരിക പ്രവർത്തകൻ.

''ഏതായാലും തൊടുപുഴയിലെ ജാമ്യത്തിന്റെ കാര്യം അറിയട്ടെ.'' ഞാൻ പറഞ്ഞു. ''രണ്ടുപേരുടെ ഫോൺ നമ്പർ തരാം. അവരെ വിളിച്ച് ജാമ്യക്കാര്യം എന്തായെന്ന് അന്വേഷിക്കണം.''

ഞാൻ ജോയി മാത്യുവിന്റെയും മറ്റൊരു സുഹൃത്തായ പ്രൊഫ. തമ്പി വർഗ്ഗീസിന്റെയും നമ്പരുകൾ ജോസഫ് മാത്യുവിന് പറഞ്ഞുകൊടുത്തു.

''ഞാൻ ഈ സ്ഥലത്തുനിന്ന് പുറപ്പെടുകയാണ്. രണ്ടുമണിക്കൂർ കഴിഞ്ഞ് മറ്റൊരു സ്ഥലത്തുചെന്നിട്ട് വിളിക്കും. അപ്പോഴേക്കും അവരെ വിളിച്ച് അന്വേഷിക്കണം. എന്റെ സുഹൃത്താണെന്നു പറഞ്ഞാൽ മതി. നമ്മൾ തമ്മിൽ സംസാരിച്ച കാര്യം പറയരുത്.''

''ശരി,'' ജോസഫ് മാത്യു പറഞ്ഞു.

ബൂത്തിൽനിന്നിറങ്ങിയ ഞാൻ സമയം നോക്കി. എട്ടുമണി. ഉടൻതന്നെ പാലക്കാട്ടേക്ക് പുറപ്പെട്ടു.

പാലക്കാട്ടെത്തിയ ഉടനെ ജോസഫ് മാത്യുവിനെ വിളിച്ചു.

''ഒന്നു രണ്ടുതവണ ശ്രമിച്ചതിനുശേഷമാണ് ജോയി മാത്യു ഫോൺ എടുത്തതുതന്നെ. എന്തെങ്കിലും പറയാൻ അയാൾ പേടിക്കുന്നതുപോലെ തോന്നി. പിന്നീട് തമ്പി വർഗ്ഗീസിനെ വിളിച്ചു. പുള്ളിക്കാരനും ഒന്നുമറിയില്ലെന്ന ഭാവത്തിലാണ് സംസാരിച്ചത്. ജാമ്യത്തിന്റെ കാര്യം എടുത്തുചോദിച്ചപ്പോൾ അങ്ങനെയൊരു ശ്രമം ഇല്ലെന്ന മട്ടിലാണ് സംസാരിച്ചത്.''

ജോസഫ് മാത്യു പറഞ്ഞുനിർത്തി.

''പോലീസാണു വിളിക്കുന്നതെന്ന് അവർ വിചാരിച്ചുകാണും.'' ഞാൻ പറഞ്ഞു.

''ടി.ജെ. ജോസഫിന്റെ സുഹൃത്ത് ജോസഫ് മാത്യുവാണെന്ന് വ്യക്തമായി പറഞ്ഞതാണ്. അവർക്കത് വിശ്വാസമായിക്കാണില്ല.

''എങ്കിൽ അച്ചോയി പറഞ്ഞ വഴിക്ക് ഒന്നാലോചിച്ചാലോ?'' ഞാൻ ചോദിച്ചു.

''മുൻകൂർ ജാമ്യത്തിനു പകരം കോടതിയിൽ കീഴടങ്ങി ജാമ്യാപേക്ഷ വെച്ചാലോ?'' ജോസഫ് മാത്യു പുതിയൊരു നിർദ്ദേശം വെച്ചു.

''കോടതിയിൽ ഹാജരാകാൻ എറണാകുളത്ത് എത്തണമല്ലോ. പോലീസിന്റെ കണ്ണിൽപ്പെടാതെ അതത്ര എളുപ്പമാണോ?'' ഞാൻ സംശയം പ്രകടിപ്പിച്ചു.

''ഇയാളെന്തിനാ പോലീസിനെ ഭയക്കുന്നത്?''

ജോസഫ് മാത്യുവിന്റെ ചോദ്യം എന്റെ ചിന്തയിൽ കൊണ്ടു.

ഞാൻ എന്തിനാണ് പോലീസിനെ ഭയക്കുന്നത്?

''എന്നാൽ ഞാൻ കട്ടപ്പനയ്ക്കു വരട്ടെ? അവിടത്തെ പോലീസ് സ്റ്റേഷനിൽ കീഴടങ്ങിയാലോ?''

അതാണ് എളുപ്പവഴിയെന്ന് അപ്പോൾ എനിക്കുതോന്നി.

''അതിനും വിരോധമില്ല. ഇവിടത്തെ ജനമൈത്രി പോലീസൊക്കെ ഞാൻ അറിയുന്നവരാണ്.''

ജോസഫ് മാത്യു സമ്മതിച്ചു.

''കട്ടപ്പനയിൽ എപ്പോഴാണ് ഞാൻ എത്തേണ്ടത്?''

''നാളെ പെസഹാ വ്യാഴം,'' ജോസഫ് മാത്യു പറഞ്ഞു: ''ഉച്ചകഴിഞ്ഞ് ടൗണിൽ ആളധികം ഉണ്ടാവില്ല. അപ്പോൾ വരുന്നതാകും നല്ലത്.''

''ശരി, നാളെക്കാണാം.'' ഞാൻ ഫോൺ വെച്ചു. ബൂത്തിൽനിന്നിറങ്ങിയ ഞാൻ വാച്ചിൽ നോക്കി.

പത്തുമണി.

വിശേഷാനുഭവങ്ങളുടെ ഒരു പാനപാത്രമാണ് മുമ്പിൽ. അറസ്റ്റ്, ലോക്കപ്പ്, കോടതി, ജയിൽ... അതിനും വേണം ചില മുന്നൊരുക്കങ്ങൾ.

ഒരു ഷർട്ട് വാങ്ങിക്കണം. ആദ്യം വേണ്ടത് അതാണ്.

തത്കാലത്തേക്കെന്നു കരുതി വീട്ടിൽനിന്നിറങ്ങിയതിനാൽ ധരിച്ചിരുന്നതുകൂടാതെ ഒരു ഷർട്ടു മാത്രമേ കരുതിയിരുന്നുള്ളു. പശ മുക്കി ഇസ്തിരി ഇടേണ്ടുന്ന കോട്ടൻ ഷർട്ടായിരുന്നു ഞാൻ ഉപയോഗിച്ചിരുന്നത്. ഇതിനിടയിൽ ഒരു ഷർട്ട് കഴുകിയെടുത്തെങ്കിലും ഇസ്തിരിയിടാത്തതിനാൽ ഉപയോഗയോഗ്യമല്ല.

പോലീസ് കസ്റ്റഡിയിലായാൽ ഇട്ടിരിക്കുന്ന ഷർട്ട് മാറാൻ എപ്പോഴാണ് സാധിക്കുന്നതെന്ന് ആർക്കറിയാം. അതിനാൽ കിടന്നാലും ഇരുന്നാലും ചുളിയാത്ത, രണ്ടു മൂന്നു നാൾ കഴിഞ്ഞാലും മുഷിഞ്ഞതായി തോന്നില്ലാത്ത ഒരു കടുംകളർ ഷർട്ടു വാങ്ങാൻ ഞാൻ തീരുമാനിച്ചു.

കെ.എസ്.ആർ.റ്റി.സി. ബസ് സ്റ്റേഷനടുത്ത് രാത്രി വൈകി മാത്രം അടയ്ക്കുന്ന ഒരു താത്കാലിക വസ്ത്രശാല ഉണ്ടായിരുന്നത് എനിക്ക് തുണയായി.

കീഴടങ്ങാൻ തീരുമാനിച്ചതോടെ പണപരമായ എന്റെ ആധി മാറി. തൊള്ളായിരത്തിൽശിഷ്ടം രൂപ കൈയിലുണ്ട്. ആവശ്യമെങ്കിൽ അഞ്ഞൂറുരൂപാവരെ ഷർട്ടിനുവേണ്ടി മുടക്കാൻ ഞാൻ ഒരുക്കമായിരുന്നു.

എന്നാൽ ഇരുനൂറ്റമ്പത് രൂപയ്ക്ക് ഞാൻ ഉദ്ദേശിച്ച മാതിരി ഷർട്ടുകിട്ടി.

കോഫിഹൗസ് അടയ്ക്കാറായ സമയത്താണ് ഞാൻ അവിടെയെത്തിയത്. ഭക്ഷണം കഴിക്കാനുള്ള ഒരു മൂഡില്ലായിരുന്നു. എങ്കിലും രണ്ടു ചപ്പാത്തിയും ഒരു ഗ്ലാസ് വെള്ളവും കുടിച്ചു.

ലോഡ്ജിലെത്തി കുളിച്ചുഫ്രെഷായി. വെളുപ്പിന് എണീറ്റുപോകേണ്ടതാണ്. നന്നായി ഉറങ്ങണം

കുറേനേരം കിടന്നിട്ടും ഉറക്കം വന്നില്ല.

നാളെ ഈ സമയത്ത് എവിടെയായിരിക്കും ഞാൻ?

സിനിമയിലൊക്കെ കണ്ടിട്ടുള്ള ചില ദൃശ്യങ്ങൾ എന്റെ മനസ്സിലേക്കു വന്നു.

വെളിച്ചത്തിന്റെ നിഴലുവീണ ലോക്കപ്പ് മുറിയുടെ ഇരുമ്പഴിക്കുള്ളിൽ! അല്ലെങ്കിൽ ഏതെങ്കിലും അജ്ഞാതകേന്ദ്രത്തിൽ തീവ്രപ്രകാശം ചൊരിയുന്ന വൈദ്യുതബൾബിനു ചുവട്ടിൽ കെട്ടിയിട്ട് ഉന്നത ഉദ്യോഗസ്ഥർ ചോദ്യം ചെയ്യുകയാവും. രാത്രി വൈകി മദ്യപിച്ചെത്തുന്ന പോലീസുകാർ കൈത്തരിപ്പു തീർക്കാൻ എന്റെമേൽ കൈവയ്ക്കുമോ? കേരള പോലീസിലെ ഓഫീസർമാർ സമ്പത്ത് എന്നു പേരുള്ള ഒരു കൊലക്കേസ് പ്രതിയെ ക്രൂരമായി അടിച്ചുകൊന്നിട്ട് രണ്ടു ദിവസംപോലുമായില്ല. അതും പാലക്കാടിന്റെ ഈ ചുറ്റുവട്ടത്ത്. അനുഭവിച്ച ദുരിതങ്ങളെക്കാൾ അനുഭവിക്കാനിരിക്കുന്നവയ്ക്ക് ആകുലതയേറും. അതിനുവേണ്ട കാത്തിരിപ്പാണ് അതിലേറെ അസഹനീയം.

എനിക്ക് കാത്തിരിക്കാൻ വയ്യ!

എന്തിന് അതിന്റെ അസ്വസ്ഥതകൾകൂടി ഏറ്റുവാങ്ങണം. എത്രയും പെട്ടെന്ന് ചെല്ലേണ്ടിടത്തേക്കു ചെല്ലാം.

സമയം നോക്കി പന്ത്രണ്ടര.

പെട്ടെന്നു റെഡിയായി മുറിപൂട്ടി കൗണ്ടറിൽ വന്നു. അവിടെ ആളുണ്ടായിരുന്നു, സുലൈമാനും. കണക്കുതീർത്തു. സുലൈമാന് ചെറിയൊരു ടിപ്പും കൊടുത്തു.

പട്ടണപ്രാന്തത്തിലൂടെ ഒരു തോൾബാഗുമായി പാതിരാത്രിയിൽ നടക്കുന്നതിൽ ഒരു പന്തികേടുണ്ട്. കാണുന്നവർ എന്നെ ഒരു കള്ളനാണെന്ന് തെറ്റിദ്ധരിക്കാൻ സാധ്യതയുണ്ട്.

വരുന്നതുവരട്ടെയെന്നു കരുതി വേഗത്തിൽ നടന്നു.

കുഴപ്പമൊന്നും കൂടാതെ കെ.എസ്.ആർ.റ്റി.സി. ബസ് സ്റ്റാൻഡിലെത്തി അവിടെ പോലീസിന്റെ എയ്ഡ് പോസ്റ്റുണ്ട് അവരുടെ കണ്ണിൽപെടാതെ മാറിനിന്നു.

എൻക്വയറിയിലെത്തി തെക്കോട്ടുള്ള ബസ്സിന്റെ സമയം ആരാഞ്ഞു.

ഇനി രണ്ടരമണിക്കേ ബസ്സുള്ളു.

അവിടത്തെ ടീസ്റ്റാളിൽനിന്ന് ഒരു ചായ വാങ്ങിക്കുടിച്ചു. പോലീസിന്റെ കണ്ണിൽപെടാതെ ഒരു തൂണിനു മറഞ്ഞ് സിമന്റുബഞ്ചിലിരുന്നു.

കുറേനേരത്തേക്ക് വരുന്ന ബസ്സുകളൊന്നും എങ്ങോട്ടാണെന്നൊന്നും നോക്കാൻ പോയില്ല. എന്നാൽ രണ്ടുമണികഴിഞ്ഞപ്പോൾ മുതൽ വരുന്ന ബസ്സുകൾ എങ്ങോട്ടാണെന്ന് അറിയാൻ ശ്രമിച്ചു. ഓരോ ബസ്സു വരുമ്പോഴും ഇരിക്കുന്നവർ എണീറ്റ് ബസ്സിനടുത്തേക്കുചെന്ന് ബോർഡ് വായിക്കും. കണ്ണട വെക്കാത്തതിനാൽ എനിക്ക് ബസ്സിന്റെ ബോർഡു വായിക്കാൻ കഴിയുന്നില്ല.

ദൂരക്കാഴ്ചയ്ക്കും എനിക്ക് വെള്ളെഴുത്തുണ്ട്. പോരെങ്കിൽ രാത്രിയും. അതിനാൽ ബോർഡിലെ അക്ഷരങ്ങൾ വ്യക്തമാകുന്നില്ല.

കണ്ണട എന്റെ പാന്റ്സിന്റെ പോക്കറ്റിലുണ്ട്. കണ്ണടവെച്ചാൽ ഞാനാരാണെന്ന് ആളുകൾ തിരിച്ചറിഞ്ഞെങ്കിലോ? ഓരോ വണ്ടി വരുമ്പോഴും ഞാനും എണീറ്റുചെല്ലും. അതിന്റെ ബോർഡുവായിച്ച ആരോടെങ്കിലും അത് എങ്ങോട്ടാണെന്ന് ചോദിച്ചു മനസ്സിലാക്കും.

പാലക്കാട്ടു ജില്ലയിലെതന്നെ ചില പ്രദേശങ്ങളിലേക്കുള്ള ബസ്സുകളല്ലാതെ കോട്ടയം ഭാഗത്തേക്കുള്ള ബസ്സുകളൊന്നും കണ്ടില്ല.

സമയം മൂന്നുമണി കഴിഞ്ഞു.

ഒരു ബസ് വന്നുനിന്നു. ആളുകൾ അതിനടുത്തേക്ക് ഓടി. ഞാനും അങ്ങോട്ടുചെന്നു.

അടുത്തുനിന്ന ആളോട് പതിവ് ചോദ്യം ഞാൻ ആവർത്തിച്ചു.

‘‘ഈ ബസ് എവിടേക്കാ?’’

അയാൾ എന്നോട് തട്ടിക്കയറി.

‘‘വാസിക്ക മുടിയാതാ? അങ്കെ മലയാളത്തിൽ എഴുതി പോട്ടിരിക്കത്. മലയാളം തെരിയില്ലയാ...?’’ അയാൾ എന്റെ നേരേ തറച്ചുനോക്കി പരിഹസിക്കും മട്ടിൽ വീണ്ടും ചോദിച്ചു.

‘‘ഏ...പഠിക്കില്ലയാ...?’’

ഞാനാകെ വല്ലാതായി

പാന്റ്സും ഷർട്ടുമൊക്കെയിട്ട് ബാഗും പിടിച്ച് ഒരു മാന്യൻ മലയാളത്തിലെഴുതിയ ബോർഡ് എന്താണെന്ന് ഒരു തമിഴനോടു ചോദിക്കുന്നു.

ഈ മലയാളം പ്രൊഫസർ നിരക്ഷരനാണെന്നുതന്നെ അയാൾ വിചാരിച്ചുകാണും.

സാക്ഷരകേരളത്തിനുതന്നെ അപമാനമായല്ലോ. ഞാൻ കുണ്ഠിതപ്പെട്ടു.

ഏതായാലും അയാളുടെ സമീപത്തുനിന്ന് ഞാൻ പെട്ടെന്നു മാറിപ്പോയി.

പിന്നീട് ആരോടും ഞാൻ ഒന്നും ചോദിക്കാൻ പോയില്ല.

ഓരോ ബസ്സു വരുമ്പോഴും എണീറ്റ് ആരുടെ ദൃഷ്ടിയും പെട്ടെന്നു പതിക്കാത്ത ഒരു ഭാഗത്തുചെന്ന് പോക്കറ്റിൽനിന്ന് കണ്ണട എടുത്തുവെച്ച് ‘സാക്ഷര’നാകുകയും ഉടൻതന്നെ കണ്ണട പോക്കറ്റിൽ തിരിച്ചുനിക്ഷേപിക്കുകയും ചെയ്തുപോന്നു.

വാളയാർ ചെക്ക്പോസ്റ്റ് കടന്നുപോരാൻ താമസംനേരിട്ടതിനാൽ ഒരു മണിക്കൂർ വൈകിയാണ് തെക്കോട്ടുള്ള വണ്ടികളെത്തിയത്. എറണാകുളത്തിനും കോട്ടയത്തിനുമായി രണ്ടു ബസ്സുകൾ ഒരുമിച്ചാണ് വന്നത്. ബസ്സ്റ്റാൻഡിലുണ്ടായിരുന്നവർ ഒന്നടങ്കം എണീറ്റ് ആ ബസുകളുടെ വാതിലിനടുത്തേക്ക് ഓടിക്കൂടി.

എങ്ങനെയോ കോട്ടയം ബസിനുള്ളിൽ ഞാൻ കയറിപ്പറ്റി. അക്ഷരാർത്ഥത്തിൽതന്നെ കാലുകുത്താൻ ഇടമില്ല. ഒരു പാദം മറ്റേ പാദത്തിന്റെ മുകളിൽവെച്ച് കമ്പിയിൽ തൂങ്ങി ഞാൻ നിലകൊണ്ടു.

ഈസ്റ്റർ അവധിക്ക് തമിഴ്നാട്ടിൽനിന്ന് കേരളത്തിലേക്കുവരുന്ന എൻജിനീയറിങ്, നേഴ്സിങ് വിദ്യാർത്ഥികളാണ് അധികവും.

ബസ് വിട്ടപ്പോഴേക്കും ബസിനുള്ളിൽ ശ്വാസമെടുക്കാൻകൂടി വയ്യാത്ത മട്ടിലുള്ള തിക്കൽ അനുഭവപ്പെട്ടു. ബസിനുള്ളിൽ ഒറ്റക്കാലിൽ നിന്ന് ഞാൻ പശ്ചാത്തപിച്ചു.

എന്തൊരു മണ്ടനാണു താൻ. ബസ്സ്റ്റാൻഡിലുള്ള പോലീസ് എയ്ഡ് പോസ്റ്റിൽ ചെന്ന് താനാരാണെന്നു പറഞ്ഞാൽ പോരായിരുന്നോ? ഞൊടിയിടയിൽ പോലീസ് വാഹനമെത്തി ആദ്യം അവിടത്തെ പോലീസ് സ്റ്റേഷനിലേക്കും പിന്നീട് തൊടുപുഴയ്ക്കും അവർ ആഘോഷമായി കൊണ്ടുപോകില്ലായിരുന്നോ? സുഖമായി ഇരുന്നു യാത്ര ചെയ്യാമായിരുന്നില്ലേ? വണ്ടിക്കൂലിയും ലാഭമല്ലായിരുന്നോ?

അതിനുപകരം അവിടെയിരുന്ന പോലീസുകാരുടെ കണ്ണിൽപ്പെടാതെ പാത്തും പതുങ്ങിയും നടന്ന് ഏതോ ഒരു തമിഴന്റെ ഭർത്സനവും ഏറ്റുവാങ്ങി ഈ ദുരിതയാത്ര ചെയ്യണമായിരുന്നോ? എങ്ങനെ പോയാലും ചെല്ലുന്നത് ഒരിടത്തേക്കല്ലേ?

ഈ ബസിൽ പെരുമ്പാവൂർവരെയാണ് പോകാൻ പറ്റുന്നത്. അവിടെനിന്ന് കോതമംഗലം. പിന്നീട് കട്ടപ്പന അതാണ് എന്റെ യാത്രയുടെ റൂട്ട്.

പ്രിന്ററിൽ അടിച്ചെടുക്കുന്ന ടിക്കറ്റായതിനാൽ യാത്ര പുറപ്പെട്ട സ്ഥലം, അവസാനിച്ച സ്ഥലം, സമയം, തീയതി എന്നിവയെല്ലാം രേഖപ്പെടുത്തിയ ടിക്കറ്റാണ് കിട്ടിയത്. അത് ഭദ്രമായി സൂക്ഷിച്ചുവെക്കാൻ ശ്രദ്ധിച്ചു. കാരണം, അത് എന്റെ യാത്രയുടെ തെളിവുരേഖയാണ്. പോലീസിനു കാണിച്ചുകൊടുക്കേണ്ടിവരും. കട്ടപ്പനയിൽ കീഴടങ്ങുന്നതിനാൽ ഒരുപക്ഷേ, ജോസഫ് മാത്യുവിനെ പോലീസ് സംശയിച്ചുവെന്നു വരാം. എനിക്ക് അഭയം തന്നത് അവരുടെ വീട്ടിലാണെന്നും മറ്റും പോലീസ് കരുതിയാൽ അത് ജോസഫ് മാത്യുവിന് ബുദ്ധിമുട്ടാവും. അതങ്ങനെയല്ല എന്ന് പോലീസിനെ ബോധ്യപ്പെടുത്താൻ ബസ് ടിക്കറ്റുകൾ തീർച്ചയായും ഉപകരിക്കും.

പെരുമ്പാവൂരെത്തിയപ്പോൾ പ്രഭാതമായിരുന്നില്ല അവിടെ വഴിയരുകിലെ ഒരു തട്ടുകടയിൽനിന്ന് ചായ വാങ്ങിക്കുടിച്ചു. പിന്നീട് ഒരു പ്രൈവറ്റ് ബസ്സിൽ

കോതമംഗലത്തെത്തി. അതിനിടയിൽ നേരം നന്നായി പുലർന്നിരുന്നു.

ഇനിയിപ്പോൾ എന്നെ പരിചയമുള്ളവർ കണ്ടേക്കാം. ആർക്കും മുഖം കൊടുക്കാതിരിക്കാൻ ആവുന്നത്ര ശ്രമിച്ചു. കട്ടപ്പന ബസ്സിൽ കയറിയ ഞാൻ ഉറക്കം ഭാവിച്ച് തല കുമ്പിട്ടിരുന്നു. കണ്ടക്ടർ വന്നപ്പോൾ ടിക്കറ്റെടുക്കാൻ മാത്രം തല ഉയർത്തി.

കട്ടപ്പനയിലെത്തിയപ്പോൾ പത്തുമണിയായി. ബസിൽ നിന്നിറങ്ങിയ ഞാൻ ഉടൻതന്നെ ഒരു ഓട്ടോറിക്ഷയിൽ കയറി. വഴിയൊക്കെ എനിക്കു നിശ്ചയമുണ്ടായിരുന്നു. മൂന്നു മാസം മുമ്പ് ഭാര്യയും മക്കളുമൊത്ത് ഒരു ദിവസം ജോസഫ് മാത്യുവിന്റെ വീട്ടിൽ വന്നുപോയതാണ്.

ഓട്ടോറിക്ഷ പറഞ്ഞുവിട്ടിട്ട് കോളിങ്ബെല്ലിൽ വിരലമർത്തി.

ജോസഫ് മാത്യുവിന്റെ ഭാര്യ ലതയാണ് വാതിൽ തുറന്നത്.

'ഒരു പിടികിട്ടാപ്പുള്ളിയാണ് വന്നിരിക്കുന്നത്.''

കണ്ടപാടേ തമാശമട്ടിൽ ഞാൻ പറഞ്ഞു. പക്ഷേ, അവർ അതൊട്ടും ആസ്വദിച്ചില്ലെന്നു തോന്നുന്നു. കൈപ്പത്തിയാൽ സ്വന്തം വായ് മൂടി മിണ്ടരുതെന്ന് ആംഗ്യം കാണിച്ചു. ചുറ്റുപാടും കണ്ണോടിച്ച് ആരും കാണുന്നില്ലെന്ന് ഉറപ്പാക്കിയിട്ട് അകത്തേക്ക് എന്നെ ക്ഷണിച്ചു; ആംഗ്യഭാഷയിൽ.

ഞാൻ കടന്ന ഉടനെ ലത വാതിലടച്ച് കുറ്റിയിട്ടു.

ഡ്രോയിങ് റൂമിൽ പ്രവേശിച്ചപ്പോൾ അവിടെ നിന്ന ജോസഫ് മാത്യു ഉദ്വേഗത്തോടെ ചോദിച്ചു.

''ഇവിടെ വന്നത് ആരെങ്കിലും കണ്ടോ?''

''ഞാൻ വന്ന ഓട്ടോറിക്ഷാക്കാരനൊഴിച്ച് വേറാരും കണ്ടില്ലെന്നു തോന്നുന്നു.'' അത്രയങ്ങ് പേടിക്കാനുണ്ടോ എന്ന മട്ടിൽ ഞാൻ പറഞ്ഞു.

മക്കളായ ജന്മയും ജീവിതും അവിടെയുണ്ടായിരുന്നു.

''സാറിവിടെ വന്ന കാര്യം ആരും അറിയാൻ പാടില്ല.''

ലത അവരോടായി പറഞ്ഞു.

അവർ തലയാട്ടി.

എട്ടാം ക്ലാസിലും അഞ്ചാം ക്ലാസിലും പഠിക്കുന്ന അവർക്കും കാര്യത്തിന്റെ ഗൗരവം അറിയാമെന്നു തോന്നി.

''ഉച്ചകഴിഞ്ഞേ എത്തുകയുള്ളു എന്നു കരുതി.''

ജോസഫ് മാത്യു പറഞ്ഞു.

''നേരത്തേ പോരുന്നതാണു നല്ലതെന്ന് പിന്നീട് തോന്നി.''

''വരൂ,'' എന്റെ ബാഗെടുത്തിട്ട് ജോസഫ് മാത്യു അകത്തൊരു മുറിയിലേക്ക് എന്നെ കൊണ്ടുപോയി.

''ഒന്നും കഴിച്ചില്ലല്ലോ?'' അദ്ദേഹം ആരാഞ്ഞു.

''ഞാനൊന്നു കുളിച്ച് ഫ്രഷാകട്ടെ; എന്നിട്ടുമതി.''

അപ്പോൾ കോളിങ് ബെൽ ശബ്ദിച്ചു.

ആരോ വന്നതാണ്.

''ഇവിടിരുന്നോ. ഞാൻ പോയി നോക്കാം.''

ജോസഫ് മാത്യു ശബ്ദമില്ലാതെ എന്നോടു പറഞ്ഞു.

ജോസഫ് മാത്യു പോയപ്പോൾ ഞാൻ ചെവിയോർത്തുനിന്നു. ആരുടെയോ സംസാരം കേൾക്കാം. പക്ഷേ, ആരെന്നോ എന്തെന്നോ ഒരു പിടിയും കിട്ടിയില്ല.

ആഗതൻ ഡ്രോയിങ് റൂമിലോട്ട് കടന്നിട്ടുണ്ട്.

പോലീസായിരിക്കുമോ?

ഇനിയിപ്പോൾ ആണെങ്കിലും കുഴപ്പമില്ല. ഞാൻ വിചാരിച്ചു.

സംഭാഷണം തിരിയുന്നില്ലെങ്കിലും സ്വരം പരിചയമുള്ളതുപോലെ.

ജോയി മാത്യുസാറിന്റേതാണോ? ഞാൻ കൂടുതൽ ചെവിയോർത്തു.

അതേ. ജോയി മാത്യുസാർ തന്നെയാണ്.

എന്റെയുള്ളിൽ വല്ലാത്തൊരു തിരയിളക്കമുണ്ടായി.

അവർ സംസാരിക്കുന്നതെന്തെന്ന് എത്ര ശ്രമിച്ചിട്ടും വ്യക്തമായില്ല.

പത്തുമിനിട്ടിനുശേഷം ജോസഫ് മാത്യു എന്റെ അടുത്തേക്ക് വന്നിട്ട് പറഞ്ഞു.

''ജോയി മാത്യു സാറാണ്.''

''ഞാനിവിടെ ഉണ്ടെന്നു പറഞ്ഞോ?''

''ഇല്ല. പറയണോ?''

''പുള്ളി എന്തിനാണു വന്നത്?''

''ഞാൻ ഇന്നലെ ഒന്നു രണ്ടു തവണ ഫോൺ ചെയ്തിരുന്നല്ലോ. അതിൽ സംശയം തോന്നിയിട്ട് താങ്കളുടെ വിവരമെന്തെങ്കിലും അറിയാമോ എന്നു തെരക്കാൻ വന്നതാണെന്നാണ് പറഞ്ഞത്.''

''കൂടെ ആരെങ്കിലും ഉണ്ടോ?''

''ഇല്ല.''

''എങ്കിൽ ഇങ്ങോട്ടു വിളിച്ചോളൂ.''

ജോസഫ് മാത്യു പുറത്തേക്കു പോയി.

ഏതാനും നിമിഷങ്ങൾ കഴിഞ്ഞപ്പോൾ ജോയി മാത്യുസാർ മുറിക്കുള്ളിലേക്ക് കടന്നുവന്നു.

എന്നെക്കണ്ട് വിതുമ്പിപ്പോകുകയും എന്റെ തോളിൽ കൈയിട്ട് പുണരുകയും ചെയ്തു.

ഞാൻ ആകെപ്പാടെ വല്ലാതായി.

# കരുണയില്ലാത്ത ഒരു പോലീസ് സ്റ്റേഷൻ

ഞാൻ വിചാരിച്ചതിലുമധികം കാര്യങ്ങൾ കുഴഞ്ഞുപോയിട്ടുണ്ടെന്ന് ജോയി മാത്യുസാറിന്റെ വികാരപ്രകടനത്തിൽനിന്ന് ഞാൻ ഊഹിച്ചു. ഒരു ദീർഘശ്വാസമെടുത്ത് ജോയി മാത്യുസാർ നോർമ്മലായി.

''ബിന്ദുവിന്റെ ഫോണിലേക്കു വിളിച്ചിട്ട് ഫോൺ എടുക്കാതിരുന്നത് എന്തുകൊണ്ടാണ്? കോൺടാക്റ്റ് നമ്പർ തന്നിട്ട് ഫോൺ ഓഫാക്കി വയ്ക്കുക. എന്തൊരു ഏർപ്പാടാണത്.'' പരിഭവം മറയ്ക്കാതെയാണ് ഞാൻ ചോദിച്ചത്.

''ആ നമ്പരിൽ വരുന്ന കോളുകളും പോലീസ് പരിശോധിക്കുന്നുണ്ടായിരുന്നു. അതിനാലാണ് കോൾ എടുക്കാതിരുന്നതും സ്വിച്ച് ഓഫാക്കി വെച്ചതും.'' ജോയി മാത്യുസാർ വിഷമത്തോടെ പറഞ്ഞു.

അത് അങ്ങനെതന്നെ ആയിരിക്കുമെന്നാണ് ഞാനും വിചാരിച്ചിരുന്നത്.

ജോയി മാത്യുസാർ തുടർന്നു: ''ജാമ്യത്തിന്റെ കാര്യം നമ്മളു വിചാരിച്ചതുപോലെ നടന്നില്ല. മുൻകൂർ ജാമ്യം എളുപ്പമല്ലെന്നാണ് വക്കീലിന്റെ അഭിപ്രായം.''

''ജാമ്യാപേക്ഷ കോടതിയിൽ കൊടുത്തിട്ടുണ്ടോ?'' ഞാൻ ഉത്സാഹമില്ലാത്തവനെപ്പോലെ ചോദിച്ചു.

''ഇതുവരെ കൊടുത്തിട്ടില്ല. പോലീസിന് കീഴടങ്ങിയിട്ട് ജാമ്യമെടുക്കുന്നതാണു നല്ലതെന്നാണ് വക്കീലിന്റെ അഭിപ്രായം.''

ഒന്നുകിൽ വക്കീലിന് നമ്മുടെ കേസ് പിടിക്കാൻ താത്പര്യമില്ല. അല്ലെങ്കിൽ പോലീസിന്റെ സ്വാധീനത്തിനു വഴങ്ങി. ഞാൻ മനസ്സിലോർത്തു.

മുൻകൂർ ജാമ്യം എന്ന ചിന്ത ഇന്നലെത്തന്നെ മനസ്സിൽനിന്നും കളഞ്ഞതാണ്. പോലീസിനു കീഴടങ്ങാൻ തന്നെയാണല്ലോ എന്റെയും തീരുമാനം.

''എവിടെ എങ്ങനെ കീഴടങ്ങും?'' ഞാൻ ചോദിച്ചു.

''തൊടുപുഴ ഡിവൈഎസ്പിയുടെ മുൻപിൽ. അത് ഐജിയുടെ മുൻപിൽ കീഴടങ്ങുന്നതിനു തുല്യമാണെന്നാണ് പറഞ്ഞത്.''

''അങ്ങനെ ആരാണു പറഞ്ഞത്. ഐജി ബി. സന്ധ്യ അഡ്വ. കിരണിനോടു പറഞ്ഞത്രേ.''

''ആരാണ് അഡ്വ. കിരൺ?''

നമ്മൾ മുൻകൂർ ജാമ്യത്തിനുവേണ്ടി സമീപിച്ച അഡ്വ. എൻ.എം. മാത്യുവിന്റെ മകനാണ്.'' മുൻകൂർ ജാമ്യാപേക്ഷ ഫയൽ ചെയ്യാതിരുന്നത് നമ്മുടെതന്നെ വക്കീലും പോലീസും തമ്മിലുള്ള ഒത്തുകളികൊണ്ടാണെന്ന് എനിക്കപ്പോൾ ബോധ്യമായി. മുൻകൂർ ജാമ്യമെടുത്ത് പ്രതി തങ്ങളുടെ കൈയിൽനിന്ന് രക്ഷപ്പെടുന്നത് അന്വേഷണ ഉദ്യോഗസ്ഥർക്ക് അത്ര ഭൂഷണമല്ല. അതിനാൽ

മുൻകൂർ ജാമ്യത്തിനു തടയിടാൻ അവർ പരമാവധി ശ്രമിക്കും. തൊടുപുഴയിലെ പ്രസിദ്ധനായ ക്രിമിനൽ വക്കീലാണ് അഡ്വ. എൻ.എം. മാത്യു. പോലീസ് ഉദ്യോഗസ്ഥരുമായി അദ്ദേഹത്തിന് അതിനാൽത്തന്നെ നല്ല അടുപ്പം കാണും. ആ അടുപ്പമാണ് തന്റെ മുൻകൂർ ജാമ്യത്തിനു ഹാനികരമായത്. എറണാകുളത്തുള്ള ഏതെങ്കിലും നല്ല വക്കീലിനെ ആയിരുന്നു മുൻകൂർ ജാമ്യത്തിനുവേണ്ടി സമീപിക്കേണ്ടിയിരുന്നത്. അങ്ങനെ ചെയ്യാതിരുന്നതാണ് ഇങ്ങനെയൊക്കെ ആകാൻ കാരണം.

''സാറിങ്ങോട്ട് പോന്നത് കിരൺ വക്കീലിന് അറിയാമോ?''

''ഇല്ല,'' ജോയി മാത്യുസാർ അങ്ങനെ പറയുമ്പോഴേക്കും അദ്ദേഹത്തിന്റെ മൊബൈൽ ഫോൺ ശബ്ദിച്ചു. ഫോണെടുത്തു നോക്കിയ ജോയി മാത്യുസാർ ഒച്ചതാഴ്ത്തി പറഞ്ഞു: ''കിരൺ വക്കീലാണ്.'' എന്നിട്ട് അദ്ദേഹം കോളെടുത്തു.

ഞാൻ നിശ്ശബ്ദനായി നോക്കിനിന്നു. എപ്പോൾ? എന്തിന്? എന്നിങ്ങനെ ആശങ്കയോടെ ജോയി മാത്യുസാർ ചോദിക്കുന്നതു കേൾക്കാമെന്നല്ലാതെ കാര്യമെന്താണെന്ന് എനിക്കു മനസ്സിലായില്ല. സംഭാഷണത്തിനിടെ ജോയി മാത്യുസാർ കൂടുതൽ പരവശപ്പെടുന്നതായി എനിക്കു തോന്നി. ജോസഫ് മാത്യു അപ്പോൾ ആ മുറിയിലേക്കു വന്നു. ഫോൺ ചെയ്യുന്നതുകണ്ട് അദ്ദേഹവും മിണ്ടാതെനിന്നു. ഫോൺസംഭാഷണം അവസാനിപ്പിച്ച ജോയി മാത്യുസാർ ജോസഫ് മാത്യുവിനോട് ഒരു ഗ്ലാസ് വെള്ളം ആവശ്യപ്പെട്ടു. ''എന്താ, എന്താണു കാര്യം?'' ഞാൻ ചോദിച്ചു. ''ബിന്ദുവിനെ അറസ്റ്റുചെയ്യുമെന്ന് പോലീസ് പറഞ്ഞത്രേ. വീട്ടിലോട്ടു പോയിട്ടുണ്ട്.'' ജോയ് മാത്യുസാർ വിക്കിവിക്കി പറഞ്ഞു. ''അതെന്തിന്? അതെന്തു ന്യായം?'' ഞാൻ ചോദിച്ചു.

''അത് അവരുടെ ന്യായം. നിങ്ങൾ എവിടെയുണ്ടെന്ന് ഞങ്ങൾക്കറിയാമെന്നാണ് അവരുടെ വിശ്വാസം. അതിനാൽ ഒരു സമ്മർദ്ദതന്ത്രം.'' ജോസഫ് മാത്യു കൊണ്ടുവന്ന വെള്ളം കുടിച്ചിട്ട് ജോയി മാത്യുസാർ അല്പം തണുത്ത മട്ടിൽപറഞ്ഞു.

''അതൊക്കെ പോലീസിന്റെ ഓരോ നമ്പരാ.. അതിലൊന്നും വലിയ കഥയില്ല. സ്റ്റേഷനിൽ കൊണ്ടുപോയി ഏതായാലും ലോക്കപ്പിലൊന്നും ഇടാൻ പോകുന്നില്ല.'' എന്തുപറയണമെന്നറിയാതെ ഞാനും ജോസഫ് മാത്യുവും നില്പായി.

''എനിക്കുടനെ പോകണം,'' ജോയി മാത്യുസാർ പറഞ്ഞു. ''കീഴടങ്ങുന്നതിനെപ്പറ്റി എന്തുപറയുന്നു? അതോ തത്കാലം വേണ്ടായോ? അദ്ദേഹം ചോദിച്ചു.

''കീഴടങ്ങാൻ തീരുമാനിച്ചിട്ടാണ് ഇവിടെ വന്നത്. കട്ടപ്പന പോലീസ് സ്റ്റേഷനിൽ എന്നാണ് പ്ലാനിട്ടത്. തൊടുപുഴ ആകണമെങ്കിൽ അങ്ങനെയും ആവാം.'' ഞാൻ എന്റെ സമ്മതം അറിയിച്ചു. ''എന്നാൽ കിരൺ വക്കീലിനെ

വിളിച്ചുപറയാം. ഡിവൈഎസ്പിയെ അറിയിച്ചോളും. സമയം ചോദിച്ചാൽ എന്തുപറയണം?''

''ഒരു നാലു മണിയോടെ എത്തുമെന്നു പറഞ്ഞോളൂ.''

ജോയി മാത്യുസാർ കിരണിനെ വിളിച്ചു. പക്ഷേ, കോൾ കണക്ടാവുന്നില്ല. അല്പനേരം ശ്രമിച്ചുനോക്കിയിട്ട് ജോയി മാത്യുസാർ പറഞ്ഞു: ''റേഞ്ചില്ലെന്നുതോന്നുന്നു. വിട്ടുവിട്ടു പോകുന്നു.''

''ബിഎസ്എൻഎൽ ന്റെ ഫോണാണോ? എന്നാലിവിടെ അങ്ങനെയാ. ചിലപ്പോൾ റേഞ്ച് തീരെയില്ല. ചിലപ്പോൾ ഉണ്ടുതാനും.'' ജോസഫ് മാത്യു പറഞ്ഞു.

''വേറൊരു ഫോണിൽ വിളിച്ചാലോ.'' ജോയി മാത്യുസാർ ചോദിച്ചു.

''അതിനു കുഴപ്പമില്ല. നമ്മൾ ഏതായാലും പിടികൊടുക്കാൻ പോവുകയല്ലേ.'' ഞാൻ പറഞ്ഞു. ജോസഫ് മാത്യുവിന്റെ ഭാര്യ ലതയുടെ ഫോണിൽനിന്ന് അഡ്വ. കിരണിനെ ജോയി മാത്യുസാർ വിളിച്ച് നാലുമണിയോടെ ഞാൻ തൊടുപുഴയിൽ കീഴടങ്ങാൻ തീരുമാനിച്ച വിവരം അറിയിച്ചു. അക്കാര്യം പോലീസിനോട് പറഞ്ഞുകൊള്ളാൻ സമ്മതിക്കുകയും ചെയ്തു.

''എങ്കിൽ ഞാൻ പൊയ്ക്കോട്ടേ.'' ഫോൺ തിരിച്ചുനല്കിയിട്ട് ജോയി മാത്യുസാർ ചോദിച്ചു. ഞങ്ങൾ കരങ്ങൾ ഗ്രഹിച്ചു. ജോയി മാത്യുസാർ വന്ന ബൈക്കിൽതന്നെ മടങ്ങിപ്പോയി. ഞാൻ കുളിച്ചുവന്നു. അപ്പോഴേക്കും അപ്പവും വെജിറ്റബിൾകറിയും എടുത്തുവെച്ചിരുന്നു. ലത എന്റെ മുഷിഞ്ഞ വസ്ത്രങ്ങൾ കഴുകി ഉണക്കാനിട്ടു. ജോസഫ് മാത്യു എന്റെ 'പോലീസ് സ്റ്റേഷൻ മാർച്ചി'നുള്ള ഒരുക്കങ്ങൾ തുടങ്ങി. കൃത്യം ഒരുമണി ആയപ്പോൾ എനിക്കുപോകാനുള്ള ടാക്സി വന്നു. വെളുത്ത ടാറ്റാ ഇൻഡിഗോ കാർ. ജോസഫ് മാത്യുവിന്റെ പരിചയക്കാരനായ ഒരു പയ്യന്റേതാണ്. അവൻതന്നെയാണ് ഡ്രൈവർ. വണ്ടിയിലെ യാത്രക്കാരൻ ഒരു സാധാരണ പുള്ളി അല്ലെന്നും എന്നാൽ അതിൽ കുഴപ്പമില്ലെന്നും അഥവാ എന്തെങ്കിലും കുഴപ്പമുണ്ടായാൽ താൻ അതു കൈകാര്യം ചെയ്തുകൊള്ളാമെന്നും ജോസഫ് മാത്യു അവനോടു പറഞ്ഞു. അവനാകട്ടെ ജോസഫ് മാത്യുവിൽ നല്ല വിശ്വാസവും ബഹുമാനവും ഉണ്ടായിരുന്നതുകൊണ്ട് ഭയപ്പാടൊന്നും ഉണ്ടായിരുന്നില്ല.

ഊണുകഴിക്കാൻ ലത നിർബന്ധിച്ചെങ്കിലും കാപ്പികുടിച്ചിട്ട് അധികനേരമാവാത്തതിനാൽ ഞാൻ വേണ്ടെന്നു പറഞ്ഞു. കഴുകിയ വസ്ത്രങ്ങൾ ഇസ്തിരിയിട്ടുണക്കി ഇതിനോടകം ലത റെഡിയാക്കി വെച്ചിരുന്നു. തലേന്നുവാങ്ങിയ പുതിയ ഷർട്ട് ധരിച്ചു ഞാൻ റെഡിയായി. ജോസഫ് മാത്യു എന്നോടൊപ്പം പോരുകയാണ്. ഞാൻ ലതയോടും കുട്ടികളോടും യാത്ര പറഞ്ഞു. കുട്ടികൾക്ക് കാര്യങ്ങൾ ഏതാണ്ട് പിടികിട്ടിയിട്ടുണ്ട്. ഇളയവൻ ജീവിതിനും ഞാൻ പിടികൊടുക്കാൻ പോവുകയാണെന്നറിയാം. പോലീസ് എന്നെ ഇടിക്കുമല്ലോ എന്നോർത്ത് അവൻ സങ്കടപ്പെട്ടു. ഇക്കാര്യം അവൻ

അവന്റെ അമ്മയോടു സൂചിപ്പിക്കുകയും ചെയ്തു. കള്ളന്മാരെയും കൊള്ളക്കാരെയും മാത്രമേ പോലീസ് ഇടിക്കുകയുള്ളൂ മറ്റുള്ളവരെ ഒന്നും ചെയ്യത്തില്ല എന്നൊക്കെപ്പറഞ്ഞ് ഞാനും ജോസഫ് മാത്യുവും അവനെ ആശ്വസിപ്പിച്ചു.

കട്ടപ്പന ടൗണിലെത്തിയപ്പോൾ രണ്ടാളുകൾകൂടി വണ്ടിയിൽ കയറി. ഒരാൾ ലതയുടെ ചേച്ചിയുടെ ഭർത്താവാണ്. മറ്റേയാൾ അവരുടെ സുഹൃത്തും. രണ്ടുപേരും പൊതുപ്രവർത്തകരും പ്രാദേശിക നേതാക്കളുമാണ്. തൊടുപുഴയ്ക്കുപോകണം എന്നല്ലാതെ ഏതുവഴിയിലൂടെ പോകണം എന്നുള്ളത് ഞങ്ങൾ ചർച്ചചെയ്തിരുന്നില്ല. എന്നാൽ അക്കാര്യം ഞാൻ ഏതാണ്ട് ചിന്തിച്ചുറപ്പിച്ചിരുന്നു.

നമ്മുടെ പോലീസ് സമർത്ഥരൊക്കെ ആണെങ്കിലും ബഷീർ കഥയിലെ എട്ടുകാലി മമ്മൂഞ്ഞിന്റെ സ്വഭാവം പലപ്പോഴും പ്രകടിപ്പിക്കാറുണ്ട്. നാട്ടിലെവിടെയും അവിഹിതഗർഭമുണ്ടായാൽ, 'അതു ഞമ്മളാ' എന്നുപറയുന്ന എട്ടുകാലിമമ്മൂഞ്ഞിനെപ്പോലെ, പ്രതി സ്വയം കീഴടങ്ങിയതായാലും നാട്ടുകാര് ഓടിച്ചുപിടിച്ച് ഏല്പിച്ചതായാലും തങ്ങൾ സാഹസികമായി കീഴടക്കിയെന്നാവും പോലീസ് ഭാഷ്യം. എന്റെ കാര്യത്തിലും സംഭവിക്കാൻ പോകുന്നത് അതുതന്നെയാവുമെന്ന് ഞാൻ ഊഹിച്ചു. അതിനാൽ ജോസഫ് മാത്യുവിനോടും സുഹൃത്തുക്കളോടുമായി ഞാൻ പറഞ്ഞു.

''തൊടുപുഴയിൽചെന്ന് ഡിവൈഎസ്പിയുടെ അടുക്കൽ കീഴടങ്ങുകയെന്നത് അത്ര നടപ്പുള്ള കാര്യമല്ല. നമ്മൾ അവിടെ എത്തുന്നതിനുമുൻപ് അവർ വഴിയിൽവെച്ചു പിടിക്കും. അതല്ലേ അവർക്കൊരു ക്രെഡിറ്റ്. ഏറ്റവും എളുപ്പമുള്ള റൂട്ട് ഇടുക്കിവഴിയാണ്. നമ്മൾ അതിലേയാണ് പോകുന്നതെങ്കിൽ ഇടുക്കിയെത്തുന്നതിനുമുമ്പേ അവർ പിടികൂടും. അതിനാൽ നമുക്ക് വാഗമൺവഴി പോകാം. ഈരാറ്റുപേട്ടയിലെത്തി തൊടുപുഴയ്ക്കുള്ള ഏതെങ്കിലും ഊടുവഴിയേ പോയിനോക്കാം. അവിടെ പട്ടണത്തിലേക്കു തുറക്കുന്ന വഴികളിലും പോലീസ് ഉണ്ടാകും. ഏതായാലും ആ വഴിക്കുതന്നെ പോയിനോക്കാം. പറ്റുന്നെങ്കിൽ പറ്റട്ടെ.''

അക്കാര്യത്തിൽ അവർക്ക് അഭിപ്രായമോ അഭിപ്രായവ്യത്യാസമോ ഉണ്ടായിരുന്നില്ല. വണ്ടി ആ വഴിക്കുതന്നെപോയി. മൊബൈൽ ഓഫ്ചെയ്തു വെക്കാനും ജോസഫ് മാത്യുവിനോട് ഞാൻ പറഞ്ഞു. ഭയമെന്തെങ്കിലും ഉണ്ടോയെന്ന് ജോസഫ് മാത്യു ഡ്രൈവറോട് വീണ്ടും ചോദിച്ചു. ''ഏയ്'' അവനൊരു പ്രശ്നവുമില്ല. പിന്നീട് ആരും അധികം സംസാരിച്ചില്ല.

കുന്നുകളും താഴ്വാരങ്ങളും തേയിലത്തോട്ടങ്ങളും പിന്നിട്ട് ഞങ്ങളുടെ വാഹനം പൊയ്ക്കൊണ്ടിരുന്നു.

ഏകദേശം അരമണിക്കൂർ ആയിക്കാണും ജോസഫ് മാത്യുവിന്റെ ബന്ധുവിന്റെ കൈയിൽ ഉണ്ടായിരുന്ന ഫോൺ ശബ്ദിച്ചു.

''വീട്ടിൽനിന്നും ലതയാണു വിളിക്കുന്നത്.'' ജോസഫ് മാത്യു ഫോൺ വാങ്ങി സംസാരിച്ചു. സംഭാഷണം ഈ യാത്രയുമായി ബന്ധപ്പെട്ടതാണെന്ന് എനിക്ക് മനസ്സിലായി.

''എന്താണ്?'' കോൾ അവസാനിച്ചപ്പോൾ ഞാൻ ചോദിച്ചു.

''തൊടുപുഴയിൽ പ്രശ്നമാണെന്ന്. നമ്മളെത്തുമ്പോൾ ആക്രമണം ഉണ്ടാകാൻ സാധ്യതയുണ്ടത്രേ. ഡിവൈഎസ്പി ഓഫീസിൽനിന്നാണ് വിളിച്ചുപറഞ്ഞത്.'' ജോസഫ് മാത്യു വിശദീകരിച്ചു.

''ലതയുടെ ഫോൺ നമ്പർ അവർക്കെങ്ങനെ കിട്ടി?'' ഞാൻ ചോദിച്ചു.

''കിരൺവക്കീലിനെ ജോയി മാത്യുസാർ ആ നമ്പറിൽനിന്നല്ലേ വിളിച്ചത്?''

''അഡ്വക്കറ്റ് കിരൺ പോലീസിന്റെ ചാരനാണ്.'' ഉത്തരവും ഞാൻ തന്നെ പറഞ്ഞു.

''നമ്മൾ അങ്ങോട്ടുചെല്ലുമ്പോൾ അവരെന്തിനാ വീട്ടിലോട്ടു വിളിച്ചു വിരട്ടുന്നത്.'' ജോസഫ് മാത്യു ചോദിച്ചു.

''ആ... ഏതായാലും വണ്ടിപോട്ടേ.'' ഞാൻ പറഞ്ഞു.

പതിനഞ്ചുമിനിട്ടുകഴിഞ്ഞപ്പോൾ ലത വീണ്ടും വിളിച്ചു. സന്ദേശം അതുതന്നെ. ആളുകൾ അവിടവിടെ കൂട്ടംകൂടുന്നുണ്ട്. ഞങ്ങൾ വളരെ സൂക്ഷിക്കണമെന്നാണ് നിർദ്ദേശം. പോലീസിന്റെ ബുദ്ധി എനിക്ക് പിടികിട്ടി. ഞാൻ പറഞ്ഞു:

''ആ മൊബൈൽ ഓഫ് ചെയ്യ്. നമ്മൾ ഏതുവഴിക്കാണെന്നറിയാനുള്ള അടവാണ്.''

''ഏയ് അങ്ങനെയാവാൻ സാധ്യതയില്ല. ചേട്ടന്റെ ഈ ഫോൺനമ്പർ അവരെങ്ങനെ അറിയാനാണ്.'' ജോസഫ് മാത്യു തർക്കിച്ചു.

ഞാനൊന്നും മിണ്ടിയില്ല. വണ്ടി പിന്നെയും പൊയ്ക്കൊണ്ടിരുന്നു. ദൂരെ വാഗമൺ കുന്നുകൾ ദൃഷ്ടിയിൽപ്പെട്ടു.

ജോസഫ് മാത്യുവിന്റെ ബന്ധുവിന്റെ ഫോൺ വീണ്ടും ശബ്ദിച്ചു. ജോസഫ് മാത്യു കോൾ എടുത്ത് സംസാരിച്ച് ഫോൺ ഓഫാക്കി. ജോസഫ് മാത്യു പറഞ്ഞു.

''ലതയും പേടിച്ച മട്ടാണ്. വീണ്ടും വീണ്ടും വിളിച്ച് പേടിപ്പിക്കുകയാണ്. ഇന്നു നാലുമണിയോടെ കീഴടങ്ങുമെന്ന് വാർത്ത പരന്നത്രേ. അതുകൊണ്ടാണ് മുസ്‌ലിങ്ങൾ ഒത്തുകൂടുന്നത്.''

''വണ്ടി നിർത്ത്,'' ഞാൻ കടുപ്പിച്ചാണ് പറഞ്ഞത്. ''ആ മൊബൈൽ ഓഫ് ചെയ്യ്. ലതയുടെ ഫോണിൽനിന്നുള്ള കോൾ അവർ വാച്ച് ചെയ്യുന്നുണ്ട്. ഓരോ ടവറും നോക്കി നമ്മുടെ റൂട്ട് അവർ കൃത്യമായി മനസ്സിലാക്കിക്കൊണ്ടിരിക്കുകയാണ്. നമ്മൾ ഇപ്പോൾ എവിടെയാണെന്ന് അവർക്ക് നന്നായിട്ടറിയാം.''

ജോസഫ് മാത്യു ഒന്നും മിണ്ടിയില്ല. പകരം ഫോൺ ഓഫ് ചെയ്തു.

എനിക്ക് വാശിയായി. ''വണ്ടിതിരിക്ക്. നമ്മളെ വിഡ്ഢികളാക്കിക്കൊണ്ട് അവരങ്ങനെ ഷൈൻ ചെയ്യേണ്ട. നമുക്ക് കട്ടപ്പന പോലീസ് സ്റ്റേഷനിൽ കീഴടങ്ങാം. എന്നെ അറസ്റ്റുചെയ്യുന്നതിന്റെ ക്രെഡിറ്റ് അവർക്കിരിക്കട്ടെ.''

''നമ്മൾ തൊടുപുഴയ്ക്കു ചെല്ലുമെന്നു പറഞ്ഞിട്ട് കട്ടപ്പനയ്ക്കുപോയാൽ അതിന്റെ വിരോധം പിന്നീട് അവരെടുത്താലോ?'' ജോസഫ് മാത്യു സംശയിച്ചു.

''അതുസാരമില്ല,'' ഞാൻ പറഞ്ഞു: ''തൊടുപുഴയിൽ ഭയങ്കരപ്രശ്നങ്ങളാണെന്നൊക്കെ വീട്ടിലേക്കു വിളിച്ചു പേടിപ്പിച്ചതുകൊണ്ടാണ് തിരിച്ച് കട്ടപ്പനയ്ക്കുപോയതെന്ന് നമുക്ക് കാരണം പറയാമല്ലോ.''

''എങ്കിൽ അങ്ങനെ ചെയ്യാം. കട്ടപ്പന സി.ഐ.യെ ഞങ്ങൾക്ക് പരിചയവുമുണ്ട്.'' ജോസഫ് മാത്യു സമ്മതിച്ചു. അവിടെത്തന്നെ വണ്ടിതിരിച്ചു. കട്ടപ്പന സ്റ്റേഷനിൽ എത്തിയപ്പോൾ മണി മൂന്നുകഴിഞ്ഞു. കാറിൽനിന്നിറങ്ങി പള്ളിയിലേക്കു പ്രവേശിക്കുന്ന കല്യാണച്ചെറുക്കനെപ്പോലെ ആകാംക്ഷയോടെയും ഉൾക്കിടിലത്തോടെയും ചെറിയൊരു ലജ്ജയോടുംകൂടി അറസ്റ്റ് വരിക്കാനായി പോലീസ്സ്റ്റേഷനിലേക്ക് മൂവർ സംഘത്തോടൊപ്പം ഞാൻ നടന്നുകയറി.

''സിഐ ഉണ്ടോ?'' മൂവർ സംഘത്തിലെ സുഹൃത്ത് അവിടെ കണ്ട ഒരു പോലീസുകാരനോടു ചോദിച്ചു.

''അദ്ദേഹം ഊണുകഴിച്ചുകൊണ്ടിരിക്കുകയാണ്. എന്താ കാര്യം?'' അയാൾക്ക് എന്നെ മനസ്സിലായില്ലെന്നുണ്ടോ?

''ഇത് ചോദ്യപേപ്പർ കേസിലെ പ്രതി ജോസഫ് സാറാണ്. കീഴടങ്ങാൻ വന്നതാണ്.'' എന്നെ നോക്കിക്കൊണ്ട് സുഹൃത്ത് വീണ്ടും പറഞ്ഞു. എന്നെക്കണ്ട ആ പോലീസുകാരന്റെ ഭാവമെന്തെന്നറിയുവാൻ ഞാൻ അയാളെ നോക്കി. ഒരു ഭാവമാറ്റവുമില്ലാതെ അയാൾ പറഞ്ഞു: ''അപ്പുറത്താണ്. വേണമെങ്കിൽ അങ്ങോട്ടുചെന്നുകാണാം.''

എന്നെ തനിച്ചാക്കിയിട്ട് ജോസഫ് മാത്യുവും കൂട്ടരും സിഐയെ കാണാൻപോയി. സ്റ്റേഷന്റെ ഭിത്തിയിലുള്ള പിടികിട്ടാപ്പുള്ളികളുടെ കൂടെ എന്റെ ഫോട്ടോ ഉണ്ടോയെന്ന് പരതിക്കൊണ്ട് ഞാനവിടെ നിന്നു. അക്കൂട്ടത്തിലൊന്നും എന്റെ ഫോട്ടോ കാണാൻ എനിക്കു കഴിഞ്ഞില്ല. എന്നെ അറസ്റ്റുചെയ്തതിനുശേഷം ഇടാനുള്ള ലോക്കപ്പുമുറി എവിടെയാണെന്നറിയാൻ ഉപായത്തിലൊന്നു കണ്ണോടിച്ചുനോക്കി. അക്കാര്യത്തിലും ഒരു തുമ്പും കിട്ടിയില്ല. പിന്നീടൊന്നും ചെയ്യാനില്ലാതെനിന്ന എന്നോട് അവിടെക്കിടന്ന ഒരു കസേരയിൽ ഇരുന്നുകൊള്ളാൻ ഒരു പോലീസുകാരൻ പറഞ്ഞു.

അനുസരണയുള്ളവനായി പോലീസുകാരൻ കാണിച്ചുതന്ന ആ കസേരയിൽ ഞാനിരുന്നു. അപ്പോൾ സർക്കാർ മുദ്രയുള്ള കലണ്ടറിൽ ദൃഷ്ടി പതിഞ്ഞു. ഇന്ന് ഏപ്രിൽ ഒന്നാണ്. പെസഹാവ്യാഴം മാത്രമല്ല, വിഡ്ഢിദിനംകൂടിയാണ്. ഏതായാലും ഞാൻ കീഴടങ്ങാൻ വന്ന ദിവസം കൊള്ളാം.

അപ്പോഴേക്കും സിഐയെ കാണാൻപോയ ജോസഫ് മാത്യുവും കൂട്ടരും തിരിച്ചെത്തി. എന്നെ നിരാശപ്പെടുത്തിക്കൊണ്ട് ജോസഫ് മാത്യു പറഞ്ഞു: ''ഇവിടെ കീഴടങ്ങാൻ പറ്റില്ലെന്നാണ് സിഐ പറയുന്നത്. ഇവിടെ അറസ്റ്റ് രേഖപ്പെടുത്തിയാൽ ഇവിടെയുള്ള പോലീസു കാർക്ക് വലിയ പണിയാകും. കണ്ടമാനം എഴുതേണ്ടതായിവരും. തൊടുപുഴയിലാണെങ്കിൽ അവർ എല്ലാം ശരിയാക്കി വെച്ചിട്ടുണ്ടാകും. അവർക്കിനി പ്രതിയെ കിട്ടിയാൽ മാത്രം മതി. പിന്നെ ഇവിടെ കീഴടങ്ങുന്നത് ഡിപ്പാർട്ട്മെന്റലായിട്ടും അല്പം പ്രശ്നമാണ്. അതുകൊണ്ട് തൊടുപുഴയ്ക്ക് പോകുന്നതാണ് എല്ലാംകൊണ്ടും നല്ലതെന്നാണ് സിഐയുടെ അഭിപ്രായം.''

ഇതെന്തൊരു കളി! ഒരാഴ്ചയായി പോലീസ് വ്യാപകമായി തെരച്ചിൽ നടത്തിക്കൊണ്ടിരുന്ന ഒരു പിടികിട്ടാപ്പുള്ളി, അതും ലുക്കൗട്ട് നോട്ടീസുവരെ പോലീസ് പുറപ്പെടുവിച്ച ഒരു പ്രതി, സ്വമനസ്സാലെ കീഴടങ്ങാൻ വരുമ്പോൾ നിഷ്കരുണം ഉപേക്ഷിക്കുന്നത് എന്തൊരേർപ്പാടാണ്? എനിക്ക് ദേഷ്യവും സങ്കടവും ഒന്നിച്ചുണ്ടായി.

''ഇനിയിപ്പോൾ എന്തുചെയ്യും? തൊടുപുഴയ്ക്ക് പോകാനുള്ള ഏർപ്പാട് വല്ലതും ഇവിടന്നു ചെയ്യുമോ?'' ഞാൻ ചോദിച്ചു.

''നിങ്ങളുതന്നെ പോയാൽ മതിയെന്നാണു പറയുന്നത്.'' ഒരു പ്രതിയെന്ന നിലയിൽ എനിക്കപ്പോൾ ഒരു അനാഥത്വം അനുഭവപ്പെട്ടു. തിരിച്ചിറങ്ങുമ്പോൾ കരുണയില്ലാത്ത ആ പോലീസ്റ്റേഷനു നേരേ ഞാൻ ഒന്നുകൂടി നോക്കി.

## വിഡ്ഢികളുടെ ദിനം

ഞങ്ങൾ വണ്ടികിടന്ന സ്ഥലത്തേക്കു തിരിച്ചുവന്നു. ''ഇനി എന്തുചെയ്യും?'' ജോസഫ് മാത്യു ചോദിച്ചു.

എന്തു ചെയ്യാൻ? കണക്കുകൂട്ടലുകൾ ഒരുക്കിയെടുക്കുന്ന വഴികളെല്ലാം അടഞ്ഞുപോകുകയാണ്. ഞാൻ തോൽവി സമ്മതിച്ചിരിക്കുന്നു. ഇനി എന്റെ വിധി സ്വയം കെട്ടഴിയട്ടെ.

''നമുക്ക് പോലീസ് പറയുന്നതുപോലെ ചെയ്യാം,'' ഞാൻ പറഞ്ഞു: ''തൊടുപുഴയിലെ ഡിവൈഎസ്പിയുമായി ബന്ധപ്പെടാം. ജോയി മാത്യു സാറിനെ വിളിച്ചാൽ ഡിവൈഎസ്പിയുടെ ഫോൺനമ്പർ കിട്ടുമായിരിക്കും.''

''നോക്കട്ടെ,'' ജോസഫ് മാത്യു മൊബൈൽ കൈയിലെടുത്തു. ജോസഫ് മാത്യു കട്ടപ്പന ഗവൺമെന്റ് ട്രൈബൽ സ്കൂളിലെ സീനിയർ അധ്യാപകനാണ്. ഇടുക്കി ജില്ലാ വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടറുടെ തൊടുപുഴയിലുള്ള ഓഫീസിൽ പല കാര്യങ്ങൾക്കുമായി പോകാറുണ്ട്. ഇപ്പോഴത്തെ ഡപ്യൂട്ടി ഡയറക്ടർ തൊടുപുഴ ഡിവൈഎസ്പി കെ.ജി. സൈമണിന്റെ ഭാര്യയാണ്. ജോസഫ് മാത്യുവിന്റെ മൊബൈലിൽ മാഡത്തിന്റെ നമ്പരുണ്ടായിരുന്നു. മാഡത്തെ വിളിച്ച് ജോസഫ് മാത്യു ഡിവൈഎസ്പിയുടെ നമ്പർ വാങ്ങി. എന്നിട്ട് അദ്ദേഹത്തെ വിളിച്ചു.

ഒരാഴ്ചക്കാലത്തെ അന്വേഷണശ്രമങ്ങൾ വഴിമുട്ടിനിന്ന സമയത്ത് പ്രതി സ്വയം കീഴടങ്ങാനെത്തുന്നുവെന്നറിഞ്ഞ് ആശ്വാസത്തിലായിരുന്നു തൊടുപുഴ ഡിവൈഎസ്പി കെ.ജി. സൈമണും അന്വേഷണത്തിന്റെ പ്രത്യേക ചുമതലയുണ്ടായിരുന്ന ഇടുക്കി ക്രൈം ഡിറ്റാച്ച്മെന്റ് ഡിവൈഎസ്പി വി.യു. കുര്യാക്കോസും. സൈബർസെല്ലിന്റെ സഹായത്തോടെ പ്രതി വരുന്ന റൂട്ട് കൃത്യമായി മനസ്സിലാക്കി വളരെ നാടകീയമായി വഴിക്കുവെച്ചുതന്നെ കസ്റ്റഡിയിലെടുക്കാനുള്ള ഒരുക്കങ്ങൾ നടത്തിക്കൊണ്ടിരിക്കുകയായിരുന്നു അവർ. കട്ടപ്പനയിൽനിന്ന് വാഗമൺ വഴിയാണ് വരുന്നതെന്നുള്ളത് മൊബൈൽ ടവറുകളെ അടിസ്ഥാനമാക്കി നിരീക്ഷിച്ചുകൊണ്ടിരുന്നതുമാണ്. എന്നാൽ രണ്ടുമണിക്കൂർ നേരമായിട്ട് ഒരു സൂചനയും ലഭിക്കുന്നില്ല. അങ്ങനെ നിരാശപ്പെട്ടിരുന്ന സമയത്താണ് 'വേനൽമഴ' എന്നപോലെ ജോസഫ് മാത്യുവിന്റെ കോൾ ഡിവൈഎസ്പി കെ.ജി. സൈമണെ തേടിയെത്തുന്നത്. എന്റെ കീഴടങ്ങലിന്റെ പിന്നിൽ ജോസഫ് മാത്യുവിന് പങ്കുണ്ടെന്ന് ഇതിനോടകം അദ്ദേഹം മനസ്സിലാക്കിയിരുന്നു.

''നിങ്ങൾ എവിടെ എത്തി? എന്താണു വൈകുന്നത്?'' ഡിവൈഎസ്പി കെ.ജി. സൈമൺ അക്ഷമയോടെ ചോദിച്ചു.

‘‘ഞങ്ങൾ തൊടുപുഴയ്ക്കു പുറപ്പെട്ടതാണ്. വാഗമൺ വഴിയാണ് വന്നുകൊണ്ടിരുന്നത്. തൊടുപുഴയിലെ ഡിവൈഎസ്പി ഓഫീസിൽനിന്ന് ഇതിനിടെ എന്റെ വീട്ടിലേക്ക് പലതവണ കോളുകൾ വന്നു; തൊടുപുഴയിൽ വലിയ പ്രശ്നമാണെന്നും കീഴടങ്ങലിന്റെ വിവരമറിഞ്ഞ് ആളുകൾ കൂട്ടംകൂടുന്നുണ്ടെന്നും വഴിക്ക് ആക്രമിക്കപ്പെടാൻ സാധ്യതയുണ്ടെന്നും മറ്റും പറഞ്ഞ്. വാഗമൺ അടുക്കാറായ ഞങ്ങൾ അതൊക്കെ കേട്ട് ഭയന്ന് തിരിച്ച് കട്ടപ്പനയിലെത്തി. ഇവിടത്തെ പോലീസ് സ്റ്റേഷനിൽ കീഴടങ്ങാമെന്നുവെച്ചപ്പോൾ ഇവിടത്തെ സിഐ പറയുന്നത് ഇവിടെയല്ല തൊടുപുഴയിലാണ് കീഴടങ്ങേണ്ടത് എന്നാണ്. ഇവിടെ കീഴടങ്ങുന്നത് ഡിപ്പാർട്ട്മെന്റലായി പ്രോബ്ലം ആകുമെന്നും മറ്റുമാണ് അദ്ദേഹത്തിന്റെ വാദം. അതിനാലാണ് സാറിനെ വിളിച്ചത്. ഇനി ഞങ്ങൾ എന്തു ചെയ്യണം?’’

വളരെ നിഷ്കളങ്കമായി ജോസഫ് മാത്യു ചോദിച്ചു.

‘‘നിങ്ങൾ ഇപ്പോൾ എവിടെയാണ്?’’

‘‘കട്ടപ്പന പോലീസ് സ്റ്റേഷന്റെ അടുത്ത്.’’

‘‘എങ്കിൽ നിങ്ങൾ തൊടുപുഴയ്ക്ക് വന്നുകൊള്ളൂ. എന്താണു നിങ്ങളുടെ വാഹനം?’’

ഡിവൈഎസ്പി ചോദിച്ചു.

‘‘റ്റാറ്റ ഇൻഡിഗോ കാറാണ്.’’

‘‘കാറിന്റെ നിറം?’’

‘‘വെളുപ്പ്.’’

‘‘നമ്പർ?’’

നമ്പരു നോക്കിയിട്ട് ജോസഫ് മാത്യു പറഞ്ഞുകൊടുത്തു.

‘‘നിങ്ങൾ ഏതു വഴിക്കാണു വരുന്നത്?’’

‘‘ഏതു വഴിക്കാണ് വരേണ്ടത്?’’

‘‘ഇടുക്കിവഴിക്കു പോരെ. വഴിക്കു ഞങ്ങൾ കാത്തുനിന്നോളാം.’’

‘‘ശരി.’’

‘‘കാത്തുനില്ക്കുന്നത് എന്തിനാണെന്നൊക്കെ എനിക്കറിയാം.’’ തോറ്റുകൊടുക്കുന്നതിന്റെ വിഷമത്തിൽ ഞാൻ ആത്മഗതം ചെയ്തു. തോല്പിക്കപ്പെടുന്നതിനേക്കാൾ ഭേദമാണല്ലോ തോറ്റുകൊടുക്കുന്നതെന്ന് ഞാൻ സമാശ്വസിക്കുകയും ചെയ്തു.

പോലീസ് നിർദേശിച്ചുതന്ന റൂട്ടിലൂടെ ഞങ്ങൾ തൊടുപുഴയ്ക്കു പുറപ്പെട്ടു. വണ്ടിക്കുള്ളിൽ ഞങ്ങൾ അധികമൊന്നും പരസ്പരം സംസാരിച്ചില്ല.

എന്റെ വിധിയുടെ കെട്ടുകൾ സ്വയം അഴിയാൻ വിട്ടതോടെ എനിക്ക് ആകപ്പാടെ ഒരു ലാഘവത്വം തോന്നി. ഭയാശങ്കകളെല്ലാം വിട്ടകന്നു. പകരം വിശപ്പും ദാഹവും അനുഭവപ്പെട്ടു. ഇടയ്ക്ക് വണ്ടി നിറുത്തി കുപ്പിവെള്ളം വാങ്ങിക്കുടിച്ചു.

ഞാൻ പോക്കറ്റിൽനിന്ന് മൊബൈലെടുത്ത് ഓൺ ചെയ്തു. എന്നിട്ട് മകൻ മിഥുനെ വിളിച്ച് കീഴടങ്ങാൻ പോകുകയാണെന്ന് അറിയിച്ചു.

അവനപ്പോൾ മുരിക്കാശ്ശേരിയിൽ എന്റെ ഭാര്യവീടിനടുത്തുള്ള ഒരു സ്വകാര്യ ആശുപത്രിയിൽ അഡ്മിറ്റായിരുന്നു.

''എന്തുപറ്റി?'' ഞാൻ ചോദിച്ചു.

''ഒരു ക്ഷീണം. വേറേ കുഴപ്പമൊന്നുമില്ല.''

അമ്മയും അടുത്തുണ്ടെന്ന് അവൻ പറഞ്ഞു.

ഫോൺ അമ്മയ്ക്കുകൊടുക്കാൻ ഞാൻ അവനോടു പറഞ്ഞു.

ഞാൻ കാതോർത്തു.

ദീനസ്വരത്തിലുള്ള ഒരു നിലവിളിയാണ് എനിക്ക് കേൾക്കാൻ കഴിഞ്ഞത്.

''ഹലോ... ഹലോ...'' ഞാൻ പറഞ്ഞുനോക്കി.

കരച്ചിലടങ്ങുന്നില്ല.

അല്പം കഴിഞ്ഞ് മിഥുന്റെ ശബ്ദം

''ഹലോ..''

''ആമി എവിടെയാണ്?'' ഞാൻ ചോദിച്ചു.

''വിമലഗിരിയിൽ സോളിയാന്റിയുടെ വീട്ടിൽ.''

ഞാൻ കീഴടങ്ങാൻ പോകുന്ന വിവരം സാജു അങ്കിളിനോടും പറഞ്ഞേരെ. ബാക്കി വാർത്തകളൊക്കെ ടിവിയിൽ കാണാമായിരിക്കും.''

അവൻ അതിനു മറുപടിയൊന്നും പറഞ്ഞില്ല.

''എങ്കിൽ ശരി,'' ഞാൻ പറഞ്ഞു.

അതിനും മറുപടി ഉണ്ടായില്ല.

ഞാൻ കോൾ കട്ടാക്കിയിട്ട് ഫോൺ സ്വിച്ച് ഓഫ് ചെയ്തു.

ജോസഫ് മാത്യുവിന്റെ ഫോണിലേക്ക് ഡിവൈഎസ്പി സൈമൺ ഇടയ്ക്കിടയ്ക്ക് വിളിച്ച് എവിടെയെത്തി? എവിടെയെത്തി എന്ന് ചോദിക്കുന്നുണ്ടായിരുന്നു. സത്യമായും കൃത്യമായും അതിന് ജോസഫ് മാത്യു മറുപടി നല്കുന്നുണ്ടായിരുന്നു.

ഇടുക്കി കളക്ട്രേറ്റിനു സമീപത്തുള്ള വനത്തിലെത്തിയപ്പോൾ മുന്നിലായി തൊടുപുഴ ദിശയിൽ പോലീസ് വാഹനം ഞങ്ങളെയും കാത്തുകിടക്കുന്നതു കണ്ടു. ഞങ്ങളുടെ വണ്ടി അതിനടുത്തായി സൈഡൊതുക്കി നിർത്തി. അപ്പോൾ ജോസഫ് മാത്യുവിന്റെ മൊബൈലിൽ വിളിയെത്തി.

ഡിവൈഎസ്പി സൈമണാണ്. അദ്ദേഹം പറഞ്ഞു:

''വണ്ടിയിൽനിന്ന് ഇപ്പോൾ ഇറങ്ങണ്ടാ. പറഞ്ഞിട്ട് ഇറങ്ങിയാൽ മതി. ഫോൺ ഓഫുചെയ്യുകയുമരുത്!''

ഏതോ വണ്ടിവരുന്നതിന്റെ ഇരമ്പം കേൾക്കാമായിരുന്നു.

ഞാൻ സ്വയം കീഴടങ്ങുന്നത് മറ്റാരും കാണാതിരിക്കാനുള്ള നടപടിയായിരുന്നു അത്.

ഒരു മിനിറ്റോളം ഞങ്ങൾ കാത്തിരുന്നു.

അതിനിടെ ഒരു ബസും ഒരു ജീപ്പും അതിലേ കടന്നുപോയി.

വാഹനങ്ങൾ കടന്നുപോയി റോഡൊഴിഞ്ഞപ്പോൾ ഫോണിൽ അറിയിപ്പുണ്ടായി.

''ഇനി ഇറങ്ങിക്കോളൂ.''

ബാഗുമെടുത്ത് ആദ്യം ഞാൻ ഇറങ്ങി. പിന്നാലെ സുഹൃത്തുക്കളും. പോലീസ് വാഹനത്തിനടുത്തേക്ക് എന്നോടൊപ്പം അവരും വന്നു.

പോലീസ് വാഹനത്തിന്റെ മിഡിൽസീറ്റിന്റെ ഇടതുവശത്തെ വാതിൽ തുറന്ന് ആറടി ഉയരവും ഒത്തശരീരവുമുള്ള ഒരു ആജാനുബാഹു പുറത്തേക്കിറങ്ങി. അടുത്തുചെന്ന എന്നോട് ഉള്ളിലേക്കു കയറാൻ അദ്ദേഹം ആവശ്യപ്പെട്ടു.

ഞാൻ പോലീസ് വാഹനത്തിന്റെ ഉള്ളിലേക്കുകയറി. എന്റെ വലതു വശത്ത് ഒരു ഡിവൈഎസ്പി മുന്നിൽ ഇടതുസീറ്റിൽ മറ്റൊരു ഡിവൈഎസ്പി. രണ്ടുപേരും യൂണിഫോമിലായിരുന്നു. എന്റെ വലതുവശത്തിരിക്കുന്ന ഡിവൈഎസ്പി കെ.ജി. സൈമണും മുന്നിലിരിക്കുന്ന ഡിവൈഎസ്പി യു.വി. കുര്യാക്കോസും ആണെന്ന് പിന്നീടാണ് എനിക്ക് മനസ്സിലായത്.

പോലീസ് വാഹനത്തിന്റെ ഡ്രൈവറും യൂണിഫോമിലാണ്. ആജാനുബാഹു മാത്രം യൂണിഫോം ധരിച്ചിട്ടില്ല. അദ്ദേഹം ഏതെങ്കിലും ഉയർന്ന റാങ്കിലുള്ള ഉദ്യോഗസ്ഥനായിരിക്കുമെന്ന് ഞാൻ കരുതി. ഞാൻ കയറി ഇരുന്നുകഴിഞ്ഞപ്പോൾ അദ്ദേഹം കയറി എന്റെ ഇടതുവശത്തും ഇരുന്നു.

എന്റെ വലതുവശത്തിരുന്ന ഡിവൈഎസ്പി കെ.ജി. സൈമൺ എന്നോടൊപ്പം വന്ന ജോസഫ് മാത്യുവിനോടും കൂട്ടരോടും തിരിച്ചുപൊയ്ക്കൊള്ളാൻ പറഞ്ഞു. യാത്രപോലും പറയാതെ അവർ ഞങ്ങൾ വന്ന വണ്ടിയുടെ നേർക്ക് തിരിഞ്ഞുനടന്നു.

ഞങ്ങളുടെ ഔദ്യോഗിക വാഹനം തൊടുപുഴ ലക്ഷ്യമാക്കി നീങ്ങി. രണ്ടു പോലീസ് ഉദ്യോഗസ്ഥരുടെ ഇടയിൽ ഞാൻ ഞെരുങ്ങിയാണ് ഇരുന്നിരുന്നത്.

ആദ്യഘട്ടത്തിൽ അവരിൽ ആരുംതന്നെ എന്നോടു സംസാരിച്ചില്ല. പോലീസ് ഉദ്യോഗസ്ഥർ മൂവരും അവരുടെ മൊബൈലിൽ ആരോടൊക്കെയോ ഞാൻ പിടിയിലായ വാർത്ത വിളിച്ചറിയിക്കുകയാണ്.

''ചോദ്യപേപ്പർ കേസിലെ പ്രതിയെ പിടിച്ചു.''

''അധ്യാപകനെ പിടികിട്ടി. ചോദ്യപേപ്പർ കേസിലെ പ്രതിയെ.''

''അവനെ ഞങ്ങൾ പിടിച്ചു. അധ്യാപകനെ... ചോദ്യപേപ്പർ കേസിലെ പ്രതിയില്ലേ... അവനെ.''

''ഇപ്പാൾ പിടികൂടിയതേ ഉള്ളു... അധികം താമസിക്കാതെ തൊടുപുഴയിലെത്തും.''

''ഇടുക്കിഭാഗത്തുവെച്ചാണ്.''

''അത്... വളരെ തന്ത്രപരമായി പിടികൂടി.''

ഇതെല്ലാം കേട്ടിരുന്ന ഞാൻ എട്ടുകാലിമമ്മൂഞ്ഞിനെ വീണ്ടും ഓർത്തു.

മേലുദ്യോഗസ്ഥരോടും മാധ്യമപ്രവർത്തകരോടുമാണ് ഞാൻ കസ്റ്റഡിയിലായ വാർത്ത അവർ അറിയിച്ചുകൊണ്ടിരുന്നത്. എന്നെക്കുറിച്ച് ഏറ്റവും മോശം ഭാഷയിൽ സംസാരിച്ചത് ആജാനുബാഹു ആയിരുന്നു.

വേണ്ടപ്പെട്ടവരെ എല്ലാം വാർത്ത അറിയിച്ചതിനുശേഷം അവർ എന്റെ നേരേ തിരിഞ്ഞു.

എനിക്ക് കുപ്പിവെള്ളം കുടിക്കാൻ തന്നു. രണ്ടു കവിൾ വെള്ളം ഞാൻ കുടിച്ചു. കുപ്പി തിരിച്ചുവാങ്ങിയിട്ട് ഡിവൈഎസ്പി സൈമൺ ചോദ്യം ചെയ്യൽ ആരംഭിച്ചു.

''ഇനി പറയൂ... എവിടെയായിരുന്നു ഇയാൾ? എവിടെയാണ് ഒളിവിൽ കഴിഞ്ഞത്?''

''പാലക്കാട്ട്.'' ഞാൻ പറഞ്ഞു.

''എല്ലാം വിശദമായിട്ടു പറ... ആദ്യംമുതൽ.''

ആജാനുബാഹു തന്റെ കൈയിലിരുന്ന മൊബൈലിലെ വോയ്സ് റിക്കോർഡർ ഓൺ ചെയ്ത് എന്റെ മുഖത്തിനു നേരേ പിടിച്ചു

വീട്ടിൽനിന്ന് പുറപ്പെട്ടപ്പോൾ മുതലുള്ള കാര്യങ്ങൾ ഞാൻ പറഞ്ഞു തുടങ്ങി.

അപ്പോഴത്തെ മാനസികാവസ്ഥയിൽ കാര്യങ്ങളൊക്കെ കൃത്യമായി ഓർത്തെടുത്ത് പറയുക അല്പം ദുഷ്കരമായിരുന്നു. തുടർച്ച കിട്ടാൻ വൈകിയപ്പോഴൊക്കെ, 'എന്നിട്ട്... എന്നിട്ട്' എന്ന് അവർ ചോദിച്ചുകൊണ്ടിരുന്നു.

മീനമാസച്ചൂടിൽ ഓടുന്ന വണ്ടിയിലിരുന്ന് നിറുത്താതെ സംസാരിച്ചുകൊണ്ടിരുന്ന എന്റെ തൊണ്ടവരണ്ട് ശബ്ദം പലപ്പോഴും പതറി. അപ്പോഴൊക്കെ അവർ എന്നെക്കൊണ്ട് വെള്ളം കുടിപ്പിച്ചു.

ഇടുക്കി-തൊടുപുഴ റൂട്ട് എനിക്ക് വളരെ പരിചയമുള്ളതാണ്. സംസാരിച്ചിരുന്നപ്പോഴും പിന്നിടുന്ന വഴി ഞാൻ കാണുന്നുണ്ടായിരുന്നു.

കുളമാവു ഡാം പിന്നിട്ടുകഴിഞ്ഞപ്പോൾ പരിചിതമല്ലാത്ത വഴിയിലൂടെയാണ് വണ്ടി പോകുന്നതെന്ന് എനിക്കു തോന്നി.

കുളമാവുഡാം പണിയുന്ന കാലത്തുണ്ടാക്കിയ ലയങ്ങളും കെട്ടിടങ്ങളും ആ പ്രദേശത്ത് ഇപ്പോഴുമുണ്ട്.

മലമ്പുഴ ഡാമിനടുത്തുള്ള ജലസേചനവകുപ്പിന്റെ റിവർസൈഡ് കോട്ടേജിൽവെച്ചാണ് ഇക്കഴിഞ്ഞ ദിവസങ്ങളിൽ പോലീസുദ്യോഗസ്ഥർ കൊലക്കേസ് പ്രതി സമ്പത്തിനെ മർദ്ദിച്ചുകൊലപ്പെടുത്തിയത്. തൊടുപുഴയിൽ എത്തുന്നതിനുമുൻപ് ഇവിടുള്ള ഏതെങ്കിലും ഇടത്താവളത്തിൽവെച്ച് എന്റെ കാര്യത്തിലും അങ്ങനെ വല്ലതും സംഭവിക്കുമോ എന്ന ഒരു ശങ്ക എനിക്കു പെട്ടെന്നുണ്ടായി. അതോടെ എന്റെ കഥപറച്ചിൽ നിന്നുപോയി.

''എന്താ, എന്തുപറ്റി? വെള്ളം വേണോ?''

അവർ ചോദിച്ചു. ഞാൻ വെള്ളം വാങ്ങിക്കുടിച്ചു.

എന്തുമാവട്ടെ. ഞാൻ വീണ്ടും നോർമലായി. എന്റെ കഥ തുടർന്നു.
വഴിമാറി എന്നുള്ളത് എന്റെ ഒരു തോന്നൽ മാത്രമായിരുന്നോ? ഇപ്പോൾ പരിചിതപാതതന്നെ.
കുളമാവ് പോലീസ് സ്റ്റേഷൻ റോഡരുകിൽത്തന്നെയാണ്. അവിടെ എത്തിയപ്പോൾ വണ്ടി നിറുത്താൻ ഡിവൈഎസ്പി കുര്യാക്കോസ് പറഞ്ഞു. അവിടെ ഗാർഡ്ഡു നിന്ന പോലീസുകാരനോട് ഒരു കൈവിലങ്ങ് സ്റ്റേഷനിൽനിന്ന് എടുത്തുകൊണ്ടുവരാൻ അദ്ദേഹം ആവശ്യപ്പെട്ടു. അയാൾ പോയി ഒരെണ്ണം കൊണ്ടുവന്നു.
അതുകണ്ടിട്ട് ഡിവൈഎസ്പി കുര്യാക്കോസ് പറഞ്ഞു:
''ഈ ടൈപ്പല്ല. പുതിയത്.''
പോലീസുകാരൻ പോയി വേറൊരെണ്ണം കൊണ്ടുവന്ന് കുര്യാക്കോസിനെ ഏല്പിച്ചു.
പോലീസ് വാഹനം വീണ്ടും നീങ്ങി. ഞാൻ കഥ പറച്ചിൽ തുടർന്നു.
മൂലമറ്റം കഴിഞ്ഞ് മുട്ടത്തെത്തിയപ്പോഴേക്കും 'കഥയിലെ ഞാൻ' കട്ടപ്പനയിൽ എത്തിയിരുന്നു.
പാലക്കാട്ടുമുതൽ കട്ടപ്പനവരെയുള്ള ബസ് ടിക്കറ്റും ഞാൻ അവരെ കാണിച്ചുകൊടുത്തു.
എന്നെ കസ്റ്റഡിയിൽ എടുക്കുമ്പോൾ കാറിൽ ഡ്രൈവറല്ലാതെ മറ്റാളുകൾ ഉണ്ടായിരുന്ന കാര്യം ആരോടും പറയരുതെന്ന് പോലീസുദ്യോഗസ്ഥർ എന്നെ ഉപദേശിച്ചു. എന്റെ കീഴടങ്ങലിന്റെ സാക്ഷികളെ ഒഴിവാക്കാനാണ് അവരുടെ 'സദുദ്ദേശ'മെന്ന് ആർക്കാണ് പിടികിട്ടാതിരിക്കുക?
തൊടുപുഴയിൽ എത്താൻ ഇനി ആറോ ഏഴോ കിലോമീറ്റർ ദൂരമേ ഉള്ളു. ഡിവൈഎസ്പി കുര്യാക്കോസിന്റെ കൈയിൽനിന്ന് ഡിവൈഎസ്പി സൈമൺ കൈവിലങ്ങ് വാങ്ങിപ്പിടിച്ചു. എന്നിട്ട് ഇപ്രകാരം പറഞ്ഞു:
''കള്ളന്മാരുടെയും കൊള്ളക്കാരുടെയും കൊലപാതകികളുടെയും കൈയിലിടാനുള്ളതാണ് ഈ സാധനം. ഒരു മാഷിന്റെ കൈയിൽ ഇത് അണിയിക്കേണ്ടിവന്നതിൽ വിഷമമുണ്ട്. നിവൃത്തിയില്ലാഞ്ഞിട്ടാണ്.''
എന്നിട്ട് സാവധാനം എന്റെ വലതുകൈത്തണ്ടയിൽ ആ വിലങ്ങ് ബന്ധിച്ചുതന്നു.
ഞാൻ സാകൂതം അതു നോക്കിക്കൊണ്ടിരുന്നു. എന്റെ ഇടതു വശത്തിരുന്ന ആജാനുബാഹു വളരെ ഉത്സാഹത്തോടെ എന്റെ ഇടതുകൈ എടുത്തു പിടിച്ചു. എന്നിട്ട് ഇപ്രകാരം പറഞ്ഞു:
''ഞാനിതു ചെയ്യുന്നത് വളരെ സന്തോഷത്തോടെയും അഭിമാനത്തോടെയുമാണ്.''
പിന്നീട് എന്റെ കൈത്തണ്ടയിൽ അദ്ദേഹം വിലങ്ങിട്ടു മുറുക്കി.

ചേർത്തു മുറുക്കപ്പെട്ട കൈകളിലേക്കും നടാടെ ചാർത്തപ്പെട്ട വിശേഷാഭരണത്തിലേക്കും നോക്കി പുതിയൊരു അനുഭവത്തിന്റെ അനുഭൂതിയിൽ ഞാനങ്ങനെ ഇരുന്നു.

എന്റെ ചുണ്ടിൽ ഒരു പുഞ്ചിരി വിടർന്നു.

''ഇയാൾക്ക് വട്ടുണ്ടോ?''

ഡിവൈഎസ്പി സൈമൺ എന്നെ സൂക്ഷിച്ചു നോക്കിയിട്ട് ചോദിച്ചു.

ഞാൻ ഉണ്ടെന്നോ ഇല്ലെന്നോ പറഞ്ഞില്ല.

ഇന്ന് വിഡ്ഢികളുടെ ദിനമാണ്. എനിക്ക് പൊട്ടിച്ചിരിക്കാനാണു തോന്നിയത്. ഭോഷത്തരങ്ങളുടേതായ ഈ ലോകത്തെ പരിഹസിച്ച് ആർത്തുചിരിക്കാൻ.

പക്ഷേ, ഞാൻ എന്റെ ആഗ്രഹത്തെ അമർച്ചചെയ്ത് അച്ചടക്കമുള്ള ' പ്രതി'യായി വർത്തിച്ചു.

''ഉടൻതന്നെ എത്തും.''

ഡിവൈഎസ്പി സൈമൺ ആരോടോ ഫോണിൽ പറയുന്നതു കേട്ടു. എന്നിട്ട് അദ്ദേഹം തന്റെ തലയിലിരുന്ന തൊപ്പി ഒന്നിളക്കിയുറപ്പിച്ചു. ചെറിയ ഒരു ചീപ്പെടുത്ത് മേൽമീശ ചീകിയൊതുക്കി.

മറ്റ് പോലീസ് ഉദ്യോഗസ്ഥരും വേഷത്തിലും ഭാവത്തിലും കൃത്യത ഉള്ളവരാകാൻ ശ്രമിച്ചു.

ഞങ്ങൾ തൊടുപുഴ ടൗണിലേക്കു പ്രവേശിച്ചു.

പെസഹാവ്യാഴം ആയിരുന്നതുകൊണ്ടാവാം പാതയോരങ്ങളിൽ ജനത്തിരക്കുണ്ടായിരുന്നില്ല.

എന്നെ പിടികൂടിയ വാർത്ത ടിവി മാധ്യമങ്ങളിലൂടെ പ്രചരിക്കുകയും തൊടുപുഴ നഗരത്തിലെ നിരോധനാജ്ഞ ഇതിനോടകം പിൻവലിക്കുകയും ചെയ്തിരുന്നു.

പോലീസ് സ്റ്റേഷന്റെ മുറ്റത്ത് ചാനലുകാർ സൂം ചെയ്തുവെച്ച ക്യാമറക്കണ്ണുകൾക്കു മുമ്പിൽ എന്നെയും വഹിച്ചെത്തിയ പോലീസ് വാഹനം പൊടുന്നനെ ബ്രേക്കിട്ട് കുലുങ്ങിനിന്നു. പോലീസുദ്യോഗസ്ഥർ വണ്ടിയിൽനിന്ന് ചാടിയിറങ്ങി. വിലങ്ങിട്ട കൈകൾ അസ്വാധീനത്തിലായതിനാൽ ഇറങ്ങാൻ വിഷമിച്ച എന്നെ അവർ വലിച്ചിറക്കി. ക്യാമറയും ചുമലിലേന്തി മാധ്യമപ്രവർത്തകർ ഓടിയടുക്കുന്നത് മിന്നായംപോലെ ഞാൻ കണ്ടു. മെരുങ്ങാത്ത ഉരുവിനെ എന്നപോലെ ഡിവൈഎസ്പി സൈമൺ എന്നെ പിടിച്ച് വലിച്ചുലച്ചുകൊണ്ട് തിടുക്കത്തിൽ നടന്നു. നടപ്പിനും ഓട്ടത്തിനും ഇടയിലുള്ള ആ പോക്കിൽ എന്റെ കാലിടറി. ഡിവൈഎസ്പിയുടെ കൈകളിലായതിനാലും ബാലൻസ് എനിക്കു വീണ്ടു കിട്ടിയതിനാലും ഞാൻ വീണുപോയില്ലെന്നുമാത്രം.

# വിന്ധ്യപർവ്വതത്തിലെ സിദ്ധൻ

പോലീസ് സ്റ്റേഷന്റെ മുകൾനിലയിലാണ് ഡിവൈഎസ്പിയുടെ ഓഫീസ്. അവിടേക്കാണ് എന്നെ കൊണ്ടുപോയത്. തൊടുപുഴ സിഐ എൻ.എൻ. പ്രസാദ്, എസ്ഐ ഷിന്റോ പി. കുര്യൻ എന്നിവർ പ്രതിയെ വന്നു കണ്ടുപോയി. ഡിവൈഎസ്പി കുര്യാക്കോസ് അവിടെ ഒരു കസേരയിൽ എന്നെ ഇരുത്തിയിട്ട് സമീപമിരുന്ന് എന്നോട് സംസാരിച്ചു. സാധുവായ ഭാര്യയെയും മക്കളെയും ഓർക്കാതെയും അവർക്കൊരു ഫോൺപോലും ചെയ്യാതെയും ഇരിക്കാൻ എനിക്കെങ്ങനെ സാധിച്ചുവെന്നും മറ്റും ചോദിച്ച് എന്നെ കുറ്റപ്പെടുത്തി. എന്നെ കാണാതെയും എന്റെ വിവരമറിയാതെയും എന്റെ വീട്ടുകാർ അത്യധികം വിഷമിച്ചെന്നും ഒരു മാഷായിട്ടും അതൊക്കെ എന്തുകൊണ്ടു മുൻകൂട്ടിക്കണ്ടില്ലായെന്നും മറ്റും പറഞ്ഞ് അദ്ദേഹം എന്നെ സങ്കടപ്പെടുത്താൻനോക്കി. പക്ഷേ, സങ്കടങ്ങൾക്കു പ്രവേശിക്കാൻ ഞാൻ മനസ്സുതുറന്നില്ല. ഒരുതരം നിസ്സംഗതയോടെ ഞാൻ എന്റെ വിലങ്ങിട്ട കൈകളിലേക്ക് നോക്കിയിരുന്നു.

പെട്ടെന്ന് അവിടെയുണ്ടായിരുന്ന പോലീസുകാർ കസേരകളൊക്കെ ക്രമപ്പെടുത്തി മുറിയിലൊരു ചിട്ടവട്ടം ഒരുക്കി.

ഇടുക്കി എസ്പിയുടെ ചാർജ്ജ് വഹിക്കുന്ന കെ.പി. ഫിലിപ്പ് സാർ ഉടൻതന്നെ വരുമെന്ന് ഡിവൈഎസ്പി കുര്യാക്കോസ് എന്നെ അറിയിച്ചു. അദ്ദേഹത്തിന്റെ മുമ്പിൽ ചോദ്യപേപ്പറിന്റെ കാര്യങ്ങൾ വിശദീകരിക്കണമെന്നും ഡിവൈഎസ്പി എന്നോടു പറഞ്ഞു.

അനന്തരം ഒരു പോലീസുകാരൻ വന്ന് എന്റെ കൈവിലങ്ങ് അഴിച്ചുമാറ്റി. താമസിയാതെ എസ്പി കെ.പി. ഫിലിപ്പ് അവിടേക്കുവന്നു. ഡിവൈഎസ്പിമാരായ കെ.ജി. സൈമൺ, വി.യു. കുര്യാക്കോസ്, എന്നിവരോട് അദ്ദേഹം എന്തൊക്കെയോ സംസാരിച്ചു.

പിന്നീട് എന്റെ ഊഴമായി.

വിവാദത്തിന് ഇടയാക്കിയ ചോദ്യത്തിന്റെ സാംഗത്യം എന്തായിരുന്നുവെന്ന് ഫിലിപ്പ് സാർ ചോദിച്ചു.

ഞാൻ വിവാദചോദ്യത്തിന്റെ നിർദ്ദോഷമായ പശ്ചാത്തലം വിവരിച്ചു.

ഞാൻ പറഞ്ഞുനിറുത്തിയപ്പോൾ ഫിലിപ്പ് സാറിന്റെ മുഖത്ത് ഒരു പുഞ്ചിരി പടർന്നു. കാര്യങ്ങൾ അദ്ദേഹത്തിന് ബോധ്യപ്പെട്ടിട്ടുണ്ടെന്ന് ആ മുഖഭാവത്തിൽനിന്ന് ഞാൻ മനസ്സിലാക്കി.

അപ്പോൾ അവിടേക്ക് ചായ കൊണ്ടുവന്നു. ഒപ്പം ചെറുപഴവും. എല്ലാവരും കഴിച്ചു. എന്നെയും നിർബന്ധിച്ചു. ഞാനും ഒരു പഴം കഴിച്ചു.

അടുത്തത് മാധ്യമപ്രവർത്തകരുമായുള്ള കൂടിക്കാഴ്ചയാണ്. വിവാദത്തിന് ഇടയാക്കിയ ചോദ്യം മനഃപൂർവ്വം ഇട്ടതല്ലെന്നും അതിന്റെ പേരിൽ ആർക്കെങ്കിലും വേദനിച്ചിട്ടുണ്ടെങ്കിൽ, അതിൽ ഖേദിക്കുന്നുവെന്നും മാധ്യമപ്രവർത്തകരുടെ മുന്നിൽവെച്ച് പറയണമെന്നും ഡിവൈഎസ്പി കുര്യാക്കോസ് എന്നോടു പറഞ്ഞു. അങ്ങനെ പറയുന്നത് നല്ലതാണെന്ന് എനിക്കും തോന്നി.

മാധ്യമപ്രവർത്തകർ തങ്ങളുടെ ഉപകരണങ്ങളുമായി അവിടേക്ക് വന്ന് അവ സജ്ജമാക്കിവെച്ചു.

മുത്തൂറ്റ് ജോർജ് വധക്കേസ്സിന്റെ അന്വേഷണ പുരോഗതിയെക്കുറിച്ച് ഡിഐജി വിൽസൺ എം. പോൾ നടത്തിയ പത്രസമ്മേളനം ആയിടെ വിവാദമായിരുന്നു. അതിനാലാകണം ഫിലിപ്പ് സാർ ഇങ്ങനെ പറഞ്ഞു തുടങ്ങി:

''പോലീസ് പത്രസമ്മേളനം നടത്തുന്നത് ശരിയാണോ എന്ന് സംശയമുണ്ട്. അതിനാൽ ഇതൊരു പത്രസമ്മേളനമൊന്നുമല്ല. അങ്ങനെ ആരും കരുതുകയും വേണ്ട. നിങ്ങൾക്കറിയേണ്ട കാര്യം ചോദിക്കുക. അതിനു മറുപടി പറയുന്നുവെന്നുമാത്രം.''

മാധ്യമപ്രവർത്തകർ തങ്ങളുടെ നിലവാരമനുസരിച്ച് ആവശ്യമുള്ളതും ഇല്ലാത്തതുമായ ചോദ്യങ്ങൾ ചോദിച്ചു. ഫിലിപ്പ് സാർ അവയ്ക്കെല്ലാം കൃത്യമായ ഉത്തരങ്ങളും നല്കി.

വിവാദമായ ചോദ്യത്തിന്റെ പിന്നിൽ സെൻസ് ഓഫ് ഹ്യൂമർ മാത്രമേ ഉള്ളുവെന്നും അതു മനഃപൂർവ്വം ചെയ്തതല്ലെന്നും അദ്ദേഹം പറഞ്ഞു. ഗൂഢാലോചനയോ മറ്റാരുടെ എങ്കിലും പ്രേരണയോ അതിലില്ല.

പ്രതി കീഴടങ്ങാൻ സ്വമേധയാ വരികയായിരുന്നുവെന്നും മനസ്സുമാറി വിട്ടുപോകാതിരിക്കാൻ വരുന്ന വഴിക്ക് കസ്റ്റഡിയിലെടുക്കുകയായിരുന്നുവെന്നും അദ്ദേഹം മാധ്യമപ്രവർത്തകരോടു പറഞ്ഞു.

''കസ്റ്റഡിയിൽ എടുക്കുന്ന സമയത്ത് പ്രതിയോടൊപ്പം കാറിലുണ്ടായിരുന്ന ഡ്രൈവറെയും ഒപ്പം കാറും കസ്റ്റഡിയിൽ എടുക്കാഞ്ഞതെന്തേ?'' ഒരു മാധ്യമപ്രവർത്തകൻ ചോദിച്ചു.

അതിന് ഫിലിപ്പ് സാറിന്റെ പ്രതികരണം ഇങ്ങനെ ആയിരുന്നു:

''പാവം ടാക്സിക്കാരനെ എന്തിനാണ് കസ്റ്റഡിയിലെടുക്കുന്നത്? ഓട്ടം വിളിച്ചപ്പോൾ അയാൾ വന്നുവെന്നല്ലേ ഉള്ളു. നമുക്ക് പ്രതിയെ കിട്ടിയാൽ മതിയല്ലോ.''

മാധ്യമപ്രവർത്തകരും ചായകുടിച്ചു പിരിഞ്ഞു. എന്തെങ്കിലും പറയാൻ എനിക്ക് അവസരമുണ്ടായില്ല.

ഫിലിപ്പ് സാർ പോയതിനുശേഷം എന്നെ താഴേക്കു കൊണ്ടുവന്നു. അവിടെയാണ് ലോക്കപ്പ് മുറി.

എനിക്കുവേണ്ടി ലോക്കപ്പിന്റെ ഇരുമ്പുവാതിൽ തുറക്കപ്പെട്ടു.

''ആവശ്യമുണ്ടായിട്ടില്ല; പക്ഷേ, ഇതിനകമാണ് കൂടുതൽ സുരക്ഷിതം.''

എന്നെ ലോക്കപ്പിനുള്ളിലേക്ക് ആനയിച്ചുകൊണ്ട് സർക്കിൾ ഇൻസ്പെക്ടർ പ്രസാദ് പറഞ്ഞു.

നാലഞ്ചുപോലീസുകാരെ പേരെടുത്തു പറഞ്ഞുകൊണ്ട് എന്റെ കാവലാളുകളായി പ്രത്യേക ഡ്യൂട്ടിയും കൊടുത്തു. എന്നിട്ട് ഇരുമ്പഴികൾക്കു സമീപംവന്ന് പതിഞ്ഞ ശബ്ദത്തിൽ അദ്ദേഹം എന്നോടു പറഞ്ഞു:

''രണ്ട് ഡിവൈഎസ്പി മാരും ഞാനും; ഞങ്ങൾ മൂന്നുപേരല്ലാതെ മറ്റാരെങ്കിലും തരുന്ന ഒന്നും വാങ്ങിക്കഴിക്കരുത്. തരുന്നത് പോലീസുകാരാണെങ്കിലും.''

''ശരി,'' ആ മുന്നറിയിപ്പിന്റെ പൊരുൾ എനിക്കു മനസ്സിലായി.

''മാഷിനോട് സംസാരിക്കാൻ ആരെയും അനുവദിക്കരുത്.''

സെക്യൂരിറ്റിക്കായി നിയോഗിക്കപ്പെട്ട പോലീസുകാർക്ക് അദ്ദേഹം പോകുന്നതിനുമുമ്പ് കർശനനിർദേശം കൊടുത്തു.

കഥകളിൽ വായിച്ചും സിനിമയിൽ കണ്ടും ലോക്കപ്പ് മുറികൾ ഞാൻ ധാരാളം പരിചയിച്ചിട്ടുണ്ട്. അതുപോലെ ഈ കാരാഗൃഹവും അയഥാർത്ഥമാണെന്ന് എനിക്കുതോന്നി. ഇതിനുള്ളിലാക്കപ്പെട്ട ഈ ഞാൻ ഏതോ കഥാകാരന്റെ ഭാവനാസൃഷ്ടിയായ ഒരു കഥാപാത്രവും.

സർക്കിൾ ഇൻപെക്ടർ പോയപ്പോൾ 'വിവാദപുരുഷനെ' കാണാനെത്തിയ അവിടത്തെ പോലീസുകാർ യാഥാർത്ഥ്യത്തിലേക്ക് എന്നെ തിരിച്ചു കൊണ്ടുവന്നു.

''സാർ എന്റെ മോനെ പഠിപ്പിച്ചിട്ടുണ്ട്.''

''ഇതൊരു വിധിയാണെന്നു വിചാരിച്ചാൽ മതി.''

''സാറൊന്നുകൊണ്ടും ഭയപ്പെടരുത്. ഞങ്ങൾ സാറിനോടൊപ്പമുണ്ട്.''

അഴികൾക്കു പുറത്തുനിന്നുകൊണ്ട് ഇങ്ങനെ ഓരോന്നു പറഞ്ഞുകൊണ്ട് അവർ എന്നെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു.

''സാറിന് ചായ വേണോ? കഴിക്കാൻ എന്തെങ്കിലും?''

''എന്തു വേണമെങ്കിലും ഞങ്ങളോടു പറഞ്ഞാൽ മതി.'' അവർ കാരുണ്യപൂർവ്വം പറഞ്ഞു.

സർക്കിൾ ഇൻപെക്ടർ എന്നോട് പറഞ്ഞത് ഇവർ കേട്ടിട്ടില്ല. ഞാൻ ഓർത്തു.

''ചായയും പഴവുമൊക്കെ മുകളിൽവെച്ച് ഞാൻ കഴിച്ചതാണ്. ഇപ്പോൾ ഒന്നും വേണ്ട.'' ഞാൻ പറഞ്ഞു.

''എന്ത് ആവശ്യമുണ്ടെങ്കിലും പറയാൻ മടിക്കരുത്.'' എന്നൊക്കെ വീണ്ടും പറഞ്ഞ് അവർ പോയി.

ഞാൻ ലോക്കപ്പ് മുറിയുടെ സ്വകാര്യതയിലേക്ക് വീണ്ടും വന്നു.

ലോക്കപ്പ് മുറിയുടെ അകം ഞാൻ ആകപ്പാടെ ഒന്നു വീക്ഷിച്ചു. ഒരു വൃത്തിയും മെനയുമില്ല. പത്രക്കടലാസ്സിന്റെ കീറക്കഷണങ്ങൾ അവിടവിടെ

കിടക്കുന്നുണ്ട്. കത്തിയ തീപ്പെട്ടിക്കൊള്ളികളും രണ്ടുമൂന്നു ബീഡിക്കുറ്റികളും. തറയിലാകെ പൊടി വീണുകിടക്കുന്നു. അടുത്ത ദിവസങ്ങളിൽ ഇവിടെ ആരും കിടന്ന ലക്ഷണമില്ല.

പോലീസുകാർ വിശ്രമിക്കാനും വനിതാപോലീസുകാർ സൊറ പറഞ്ഞിരിക്കാനും ഉപയോഗിക്കുന്ന വലിയൊരു മേശയും ചാരുബഞ്ചുകളും ലോക്കപ്പിന്റെ മുൻവശത്തു കിടപ്പുണ്ട്. അവരുടെ കൺമുമ്പിൽ ഇതിനകം ഇങ്ങനെ വൃത്തികേടായിക്കിടക്കുന്നത് എങ്ങനെയാണ് സഹിക്കുക?

മുറിയുടെ ഒരു മൂലയിൽ ഒരു പുല്പായയും ചൂലും ഇരിപ്പുണ്ട്. ഇതിനകം ഉപയോഗിക്കുന്ന പുള്ളികൾതന്നെ വേണമെങ്കിൽ വൃത്തിയാക്കണമെന്നതായിരിക്കും ഇവിടത്തെ ചട്ടം. ഏതായാലും ഇവിടെ കഴിഞ്ഞിരുന്ന എന്റെ പൂർവ്വവാസിക്ക് ശുചിത്വബോധം കമ്മിയായിരുന്നിരിക്കണം. അല്ലെങ്കിൽ അയാളുടെ ശാരീരികമാനസികാവസ്ഥകൾ ശുചിത്വബോധമുണരാൻ അനുവദിച്ചുകാണില്ല.

മുറിയുടെ ഒരു മൂലയിൽത്തന്നെയാണ് കക്കൂസ്. മുൻവശത്തുനിന്ന് നോക്കിയാൽ ഒരു ഒഴിവ് ഉണ്ടെന്നുമാത്രം അവിടെ ഒരു ടാപ്പുണ്ട്. പക്ഷേ, ബക്കറ്റില്ല. ഒരു വലിയ മഗ്ഗ് മാത്രം. അതിൽ എട്ടുപത്തു തവണയെങ്കിലും വെള്ളമൊഴിക്കാതെ വൃത്തിയാകില്ല. ഏതായാലും എനിക്ക് അജ്ഞാതനായ ആ പൂർവ്വവാസി അക്കാര്യത്തിലും മടിയൻ ആയിരുന്നിരിക്കണം. മൂത്രത്തിന്റെ രൂക്ഷഗന്ധം മൂക്കിലടിക്കുന്നുണ്ട്.

ഞാൻ ടാപ്പ് തിരിച്ചുനോക്കി. വെള്ളമുണ്ട്. മഗ്ഗിൽ വെള്ളമെടുത്ത് അഞ്ചാറുതവണ ക്ലോസറ്റിലേക്ക് ഒഴിച്ച് ഗന്ധനിർദ്ധാരണം വരുത്താൻ ഞാൻ ശ്രമിച്ചു.

അതിനുശേഷം മൂലയിൽ ഇരുന്നിരുന്ന ചൂല് കൈയിലെടുത്തു. ചപ്പുചവറുകളൊക്കെ തൂത്ത് ഒരു മൂലയിലാക്കി. ഒരു തവണകൂടി അടിച്ച് പൊടിമാറ്റി പായ വിരിക്കാനുള്ള സ്ഥലം ഒരുക്കിയെടുത്തു ചുരുട്ടി വെച്ചിരുന്ന പായയും എടുത്തൊന്നു കുടഞ്ഞതിനുശേഷം നിലത്തുവിരിച്ചു. എന്നിട്ട് അതിന്മേൽ ചമ്രം പടിഞ്ഞ് ഇരിപ്പായി. ഒരു യോഗിയെപ്പോലെ അല്ലെങ്കിൽ സിദ്ധനെപ്പോലെ.

വിന്ധ്യപർവ്വത ശിഖരങ്ങളിലൊന്നിൽ വസിച്ചിരുന്ന ഒരു സിദ്ധനെ എനിക്കപ്പോൾ ഓർമ്മവന്നു. മലയിലെ കാട്ടിൽ ഏകാന്തവാസമാണെങ്കിലും ഇടയ്ക്കൊക്കെ കുന്നിറങ്ങി താഴ്വാരത്തിലൂടെ ഒഴുകുന്ന ചെറുനദി കടന്ന് ഇക്കരെ ഗ്രാമവാസികളോടൊപ്പം ഏതാനും ദിവസം താമസിക്കുന്ന പതിവുമുണ്ടായിരുന്നു അദ്ദേഹത്തിന്. ഒരിക്കൽ ധ്യാനലീനനായിരുന്ന സിദ്ധന് ഒരു വെളിപാടുണ്ടായി. ഈയടുത്തുവരുന്ന ശ്രാവണമാസം ഒന്നാം തീയതി താഴ്വാരത്തിലൂടെ ഒഴുകുന്ന നദിയിൽ സവിശേഷമായ ഒരു വിഷം കലരും.

വിഷം കലർന്ന വെള്ളം കുടിക്കുന്നവർ അബ്നോർമലായിപ്പോകുമത്രേ. ശ്രാവണമാസം കഴിഞ്ഞ് ഭാദ്രപദമായാൽ നദി വീണ്ടും ശുദ്ധമാകും.

താനും ഗ്രാമവാസികളും ആ നദിയിൽനിന്നാണ് കുടിവെള്ളം എടുക്കുന്നത്. എത്രയും പെട്ടെന്ന് ഗ്രാമവാസികളെ വിവരം അറിയിക്കണം. സിദ്ധൻ മലയിറങ്ങി.

എല്ലാ ഗ്രാമവാസികളോടും സിദ്ധൻ തന്റെ വെളിപാടിനെപ്പറ്റിപറഞ്ഞു. പോംവഴിയും നിർദേശിച്ചു. ''ശ്രാവണം പിറക്കുന്നതിനുമുമ്പേ ഒരുമാസക്കാലത്തേക്ക് ആവശ്യമായ ജലം സംഭരിച്ചുവെക്കുക. അടുത്ത മാസം, അതായതു ഭാദ്രപദമാസമെത്തിയാൽ പിന്നെ പ്രശ്നമില്ല. അങ്ങനെ ചെയ്തില്ലെങ്കിൽ വലിയ പ്രശ്നമാകും. വിഷജലം കുടിക്കുന്നവന്റെ സാമാന്യബുദ്ധി കെട്ടുപോകും.''

എന്നാൽ, ഗ്രാമവാസികൾ സിദ്ധന്റെ വാക്കുകൾ പുച്ഛിച്ചുതള്ളി. നദിയിൽ പ്രത്യേകതരം വിഷം കലരുംപോലും! അതുകുടിച്ചാൽ സാമാന്യ ബുദ്ധികെട്ട് നോർമൽ അല്ലാതാകുമത്രേ. എന്തൊരസംബന്ധം. ജലം ശേഖരിച്ചുവെക്കുന്ന ഏർപ്പാടിനൊന്നും അവർ പോയില്ല.

ഏതാനും പാത്രങ്ങളിലായി ഒരു മാസത്തേക്കുള്ള ജലം ശേഖരിച്ച് സിദ്ധൻ മലയിലുള്ള തന്റെ വാസസ്ഥലത്തേക്കു പോയി.

ശ്രാവണമാസം പുലർന്ന് ഒരാഴ്ച കഴിഞ്ഞപ്പാൾ തന്റെ മുന്നറിയിപ്പിനെ വകവെക്കാതിരുന്ന ഗ്രാമവാസികൾക്ക് എന്തു സംഭവിച്ചുവെന്നറിയാൻ സിദ്ധൻ മലയിറങ്ങിവന്നു.

ഗ്രാമവാസികളോട് ഇടപ്പെട്ടപ്പോൾ തനിക്കുണ്ടായ വെളിപാട് സത്യമായിരുന്നുവെന്ന് സിദ്ധന് ബോധ്യപ്പെട്ടു. വിഷജലം കുടിച്ച് അവരുടെ സാമാന്യബുദ്ധി കെട്ടുപോയിരിക്കുന്നു. അവരോട് ഇടപെഴകാനോ ആശയവിനിമയം നടത്താനോ തനിക്കു സാധിക്കുന്നില്ല. എല്ലാവരും തികച്ചും അബ്നോർമൽ.

പക്ഷേ, ഒരു കാര്യം സിദ്ധൻ നിരീക്ഷിച്ചു. അവർ തമ്മിൽ ഒരു പ്രശ്നവുമില്ല. നല്ല 'സിങ്ക്' ആയിട്ടുപോകുന്നു. അവരുടെ ദൃഷ്ടിയിൽ താനാണു അബ്നോർമൽ. അവരെല്ലാം നോർമൽ. എന്തിനേറെപ്പറയുന്നു; നദിയിൽ ഇറങ്ങി ഒരു കൈക്കുടന്ന ജലം എടുത്തുകുടിച്ച് സിദ്ധനും നോർമലായി.

മതാന്ധതയുടെയും അസഹിഷ്ണുതയുടെയും വിഷജലം കുടിച്ച് മഹാഭൂരിപക്ഷവും അബ്നോർമലായിരിക്കുന്നു. അവരോട് ഒത്തുപോകാൻ സാംസ്കാരിക പ്രഭുക്കൾവരെ ആ വിഷജലം മോന്തുന്നു. വോട്ടുബാങ്കുകൾ ചോരാതിരിക്കാൻ ഭരണാധികാരികൾ അവർക്ക് 'ഓശാന' പാടുന്നു.

ഇരുമ്പഴികളിൽ ബാറ്റൺ കൊണ്ടുള്ള തട്ടുകേട്ടാണ് വീണ്ടും ഞാൻ നോർമലായത്. നോക്കുമ്പോൾ കാറ്റുപിടിച്ച കപ്പലിലെ പായ്മരംപോലെ സബ് ഇൻപെക്ടർ ഷിന്റോ പി. കുര്യൻ. യൂണിഫോമിനുള്ളിൽ വീർപ്പുമുട്ടി

പുറത്തേക്കു ചാടാൻ വെമ്പുന്ന മസിലുകൾ. ഒരു കൈയിൽ ഡിപ്പാർട്ട്മെന്റ് വക വയർലെസ് സെറ്റ്.

ആംഗ്യംകൊണ്ട് അദ്ദേഹം എന്നെ അടുത്തേക്കു വിളിച്ചു.
അഴികൾക്കടുത്തേക്ക് ചെറിയൊരു ഉൾക്കിടിലത്തോടെ ഞാൻ ചെന്നു. അദ്ദേഹം ചോദിച്ചു.

''എവിടായിരുന്നു ഇയാൾ?''

''പാലക്കാട്ട്.'' ഞാൻ പറഞ്ഞു.

''അങ്ങനെ പറഞ്ഞാൽ പോരാ. വീട്ടിൽനിന്ന് ഇറങ്ങിയപ്പോൾ മുതലുള്ള കാര്യം വിശദീകരിച്ചുപറയണം.''

ആദ്യം മുതലുള്ള കഥ ഞാൻ പറഞ്ഞുതുടങ്ങി. അദ്ദേഹം കേട്ടുനിന്നു.

ഇടയ്ക്ക് ഓരോ കാര്യങ്ങൾക്കായി അദ്ദേഹം പോകും. അപ്പോൾ ഞാൻ പുല്പായയിൽ പോയിരുന്നു വിശ്രമിക്കും.

അദ്ദേഹം കഥ കേൾക്കാൻ പിന്നെയും തിരിച്ചുവരും. ഞാൻ ചൊല്ലിക്കൊടുത്തുകൊണ്ടേ ഇരുന്നു.

കഥപറച്ചിലിന്റെ ഇടവേളകളൊന്നിൽ ഞാൻ വീടിനെക്കുറിച്ചും വീട്ടുകാരെക്കുറിച്ചും ഓർത്തു. ഇത്തവണ വലിയ ആഴ്ചയിൽ വീട്ടുകാരൊക്കെ ഒത്തുകൂടാൻ തീരുമാനിച്ചിരുന്നതാണ്. പെസഹാവ്യാഴം മുതൽ ഉയിർപ്പുഞായർവരെ മൂവാറ്റുപുഴയിലെ എന്റെ വീട്ടിലേക്ക് പെങ്ങന്മാരെയും അവരുടെ കെട്ടിച്ചയച്ച മക്കളെയും ഭർത്താക്കന്മാരെയും ഒക്കെ ക്ഷണിച്ചിരുന്നതാണ്. കുടുംബാഗങ്ങളെല്ലാം ഒത്തുചേർന്ന് പെസഹാ അപ്പം മുറിക്കേണ്ട സമയമാണിപ്പോൾ. ആതിഥേയനും കുടും ബത്തിലെ കാരണവരുമായ ഞാൻ ഇപ്പോൾ ഈ ലോക്കപ്പിനുള്ളിൽ. അമ്മയും ഭാര്യയും മക്കളുമൊക്കെ ആശുപത്രിയിലും ബന്ധുവീടുകളിലും. മൂവാറ്റുപുഴയിലെ വീട് ആളൊഴിഞ്ഞ് അനാഥമായിക്കിടക്കുന്നു. ഒരു ഉഷ്ണപ്രവാഹം എന്നുള്ളിലേക്ക് ആഞ്ഞടിച്ചുവന്നു. അതിനെ പ്രതിരോധിക്കാനെന്നവണ്ണം ഞാൻ എണീറ്റ് ഇരുമ്പഴികളിൽ നെറ്റിചേർത്ത് കാരിരുമ്പിന്റെ തണുപ്പിനെ ആവാഹിച്ചെടുക്കാൻ ശ്രമിച്ചു.

ഡിവൈഎസ്പിമാരുടെ അനുവാദം വാങ്ങിച്ച് എന്റെ ചില ബന്ധുക്കൾ കാണാൻ വന്നു. എന്റെ അമ്മാവന്റെ മകൻ, ഭാര്യയുടെ പിതൃസഹോദരന്മാരുടെ രണ്ടു മക്കൾ, മൂവാറ്റുപുഴ നിർമ്മലകോളജിലെ അധ്യാപകനായ സുഹൃത്ത് എന്നിവരായിരുന്നു വന്നത്. അവർ വന്നപ്പോൾ എന്നെ ലോക്കപ്പിന്റെ വാതിൽ തുറന്ന് പുറത്തിറക്കി നിറുത്തി. എന്റെ അടുത്തേക്കു വരാനോ എന്നോടു സംസാരിക്കാനോ അവരെ അനുവദിച്ചതുമില്ല.

അകലെനിന്ന് അവർ ഒരു മൃതശരീരത്തെ എന്നപോലെ എന്നെ നോക്കി. മരിച്ചവരുടെ ലോകത്തുനിന്നാണ് അവരും വരുന്നതെന്നു തോന്നിക്കുമാറ് അവരുടെ മുഖഭാവങ്ങൾ ഉറഞ്ഞതായിരുന്നു. അവരുടെ ആ ഭാവവും നോട്ടവും

എനിക്ക് വളരെ അരോചകമായി അനുഭവപ്പെട്ടു. ഞാൻ ഇനിയും മരിച്ചിട്ടില്ലെന്ന് അവരോട് വിളിച്ചുപറയാൻ എനിക്കപ്പോൾ തോന്നി.

# കമലേഷ്കുമാർ ചൗധരി

ബന്ധുമിത്രാദികൾ പോയശേഷം തത്കാലം എന്നെ ലോക്കപ്പിലേക്കു വിട്ടില്ല. അവിടെ ഒരു കസേരയിൽ ഇരുന്നുകൊള്ളാൻ എന്നോട് നിർദ്ദേശിച്ചു.

സമയം പത്തുപത്തര ആയിക്കാണും. പോലീസ് ജീപ്പ് റെഡിയായി വന്നു. എന്നോട് വണ്ടിയിൽ കയറാൻ സബ്ഇൻസ്പെക്ടർ ഷിന്റോ പി. കുര്യൻ ആവശ്യപ്പെട്ടു.

എന്തിനായിരിക്കും?

ചെറിയൊരു ഭയപ്പാടോടെ ഞാൻ ആലോചിച്ചു. ഏതെങ്കിലും അജ്ഞാത കേന്ദ്രത്തിൽ കൊണ്ടുപോയി മർദ്ദിക്കാനായിരിക്കുമോ? എങ്കിൽ മർദ്ദനം തുടങ്ങുന്നതിനുമുമ്പായി തനിക്ക് 'ഹെർണിയ' രോഗം ഉള്ളവിവരം അവരെ അറിയിക്കണമെന്ന് ഞാൻ തീരുമാനിച്ചു. അതറിയാതെ നാഭിക്ക് ചവിട്ടി എനിക്കും പിന്നീട് അവർക്കും 'പണി' കിട്ടാതിരിക്കട്ടെ.

ജീപ്പിന്റെ പിൻസീറ്റിൽ എന്നെ ഇരുത്തി ഒപ്പം നാലഞ്ചുപോലീസുകാരും കയറി. സബ് ഇൻസ്പെക്ടർ മുൻസീറ്റിൽ കയറി ഇരുന്നിട്ട് ഡ്രൈവറോട് പറഞ്ഞു:

''താലൂക്ക് ആശുപത്രി.''

എന്നെ എന്തിനാണ് കൊണ്ടുപോകുന്നതെന്ന് അപ്പോൾ എനിക്കു മനസ്സിലായി. അറസ്റ്റുചെയ്യപ്പെട്ട പ്രതിയെ മെഡിക്കൽ ചെക്കപ്പിനു വിധേയമാക്കണമെന്ന് നിയമം ഉള്ളതായി എനിക്കറിയാമായിരുന്നു.

താലൂക്കാശുപത്രിയിൽ എത്താൻ പോലീസ് സ്റ്റേഷൻ ഭാഗത്തുനിന്ന് ഒന്നര കിലോമീറ്ററോളം ദൂരമുണ്ട്. അങ്ങോട്ടുള്ള വഴിയുടെ ഓരത്തായിരുന്നു ഞാൻ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന ന്യൂമാൻ കോളജ്. പോലീസ് വണ്ടിയിലിരുന്ന് ഞാൻ എന്റെ കോളജിനെ നോക്കി. അരണ്ടവെളിച്ചത്തിൽ അത് മൗനപ്പെട്ടിരിക്കുന്നതുപോലെ എനിക്കു തോന്നി.

താലൂക്കാശുപത്രിയുടെ മുറ്റത്തും വരാന്തയിലും വളരെ കുറച്ച് ആളുകളേ ഉണ്ടായിരുന്നുള്ളൂ. അവരെ അവിടെനിന്ന് ഒഴിപ്പിച്ചതിനുശേഷമേ എന്നെ വണ്ടിയിൽനിന്ന് ഇറക്കിയുള്ളൂ.

എന്നെ പരിശോധിച്ചത് മുപ്പത്തഞ്ച് വയസ്സ് തോന്നിക്കുന്ന ഒരു ലേഡി ഡോക്ടറായിരുന്നു. ശരീരത്തിൽ എന്തെങ്കിലും മുറിവുകളോ ക്ഷതങ്ങളോ ഉണ്ടോയെന്ന് അവർ ചോദിച്ചു. ഇല്ലായെന്ന് ഞാൻ മറുപടി പറഞ്ഞു. സ്റ്റെതസ്കോപ്പിനാൽ അവർ എന്റെ നെഞ്ചിടിപ്പിന്റെ ആവൃത്തിയും മാതിരിയും അളന്നു. പ്രഷർനോക്കി. എല്ലാം കഴിഞ്ഞപ്പോൾ ഞാൻ അവരോടു ചോദിച്ചു.

''പ്രഷറെങ്ങനെ? കൂടുതലുണ്ടോ?''

''നോർമലാണ്.'' അവർ പറഞ്ഞു.
രണ്ടുമൂന്നുവർഷമായി ബ്ലഡ്പ്രഷറിന്റെ കാര്യത്തിൽ ഞാൻ അല്പം ശ്രദ്ധവെക്കുന്നുണ്ടായിരുന്നു. നോർമലിനേക്കാൾ അല്പം മുകളിലായിരുന്നു പലപ്പോഴും അതിന്റെ നില. അക്കാര്യത്തിൽ അല്പം കരുതൽ വേണമെന്ന് ഡോക്ടർ ഉപദേശിക്കുകയും ചെയ്തിരുന്നു.
ചെക്കപ്പ് കഴിഞ്ഞ് ഇറങ്ങുന്ന സമയത്ത് അവിടെ കണ്ട ഒരു ചെറുപ്പക്കാരനോട് സബ്ഇൻസ്പെക്ടർ ആക്രോശിച്ചു.
''എന്താടാ ഇവിടെ? വിട്ടുപോടാ...''
നിധികാക്കുന്ന ഭൂതത്തെപ്പോലെ എന്റെ കാര്യത്തിൽ അദ്ദേഹം അത്രമാത്രം ജാഗരൂകനായിരുന്നു.
നെഞ്ചുവേദന അനുഭവപ്പെട്ടതിനെത്തുടർന്ന് അമ്മയെ ആശുപത്രിയിൽ എത്തിച്ചിട്ട് കാഷ്വാലിറ്റിയുടെ മുന്നിൽ കാത്തുനിന്ന ചെറുപ്പക്കാരനോടാണ് സബ്ഇൻസ്പെക്ടർ വിട്ടുപോകാൻ ആവശ്യപ്പെട്ടത്. താൻ പോയാൽ പിന്നെ തന്റെ അമ്മയുടെ കാര്യം ആരുനോക്കുമെന്ന് അയാൾ തിരിച്ചുചോദിച്ചു. അതുകേട്ട് സബ്ഇൻസ്പെക്ടർ ഷിന്റോ പി. കുര്യന് ഉത്തരം മുട്ടിയില്ല. അദ്ദേഹത്തിന്റെ അസംബന്ധഭാഷണം ഇവിടെ വിവരിക്കുന്നില്ല.
പോലീസ് സ്റ്റേഷനിൽ തിരിച്ചെത്തിയപ്പോൾ ഡിവൈഎസ്പി കുര്യാക്കോസ് അവിടെ ഉണ്ടായിരുന്നു. എന്നെ പിടികിട്ടിയതിന്റെ സന്തോഷത്തിൽ പോലീസ് സ്റ്റേഷനിൽ അപ്പോൾ ഉണ്ടായിരുന്ന എല്ലാവർക്കും അദ്ദേഹം ബിരിയാണി വാങ്ങിനല്കി. ഭക്ഷണപ്പൊതികളിൽ ഒരെണ്ണം എടുത്ത് എനിക്കുതന്നിട്ട് കഴിച്ചോളാൻ അദ്ദേഹം പറഞ്ഞു. വെജിറ്റബിൾ ബിരിയാണിയായിരുന്നു. അതിന്റെ പകുതിപോലും എനിക്ക് ആവശ്യമില്ലെന്നു പറഞ്ഞെങ്കിലും അദ്ദേഹം കൂട്ടാക്കിയില്ല.
ഒരാഴ്ചക്കാലത്തെ മിതഭോജനവും ഉപവാസവും എന്റെ വയറിനെ ചുരുക്കിയതുകൊണ്ടാവാം കിട്ടിയതിന്റെ മൂന്നിലൊന്നു കഴിച്ചപ്പോഴേക്കും എന്റെ വയറുനിറഞ്ഞു. ഭക്ഷണം കളയുന്നത് വളരെ സങ്കടകരമാണെങ്കിലും വേറെ നിവൃത്തിയില്ലാതെവന്നു.
ഭക്ഷണത്തിനുശേഷം വീണ്ടും എന്നെ ലോക്കപ്പിലാക്കി. ഉറക്കം എന്റെ കൺപോളകളെ തഴുകിത്തുടങ്ങി. തലേന്നു രാത്രിയിൽ യാത്ര ആയിരുന്നതിനാൽ ഉറക്കത്തിന്റെ കുടിശ്ശികയുമുണ്ടല്ലോ. ഞാൻ അവിടെ വിരിച്ചിരുന്ന പായയിൽ കിടക്കാൻ ഭാവിക്കുകയായിരുന്നു. അപ്പോഴേക്കും ഡിവൈഎസ്പി കുര്യാക്കോസ് വിളിക്കുന്നുവെന്ന് ഒരു പോലീസുകാരൻ വന്നു പറഞ്ഞു. എന്നിട്ട് ലോക്കപ്പ് തുറന്ന് മുകളിലത്തെ നിലയിലുള്ള ഡിവൈഎസ്പി ഓഫീസിൽ എത്തിച്ചു.
ഡിവൈഎസ്പി കുര്യാക്കോസ് അദ്ദേഹത്തിന്റെ അടുക്കൽ എന്നെ ഇരുത്തിയിട്ട് വളരെ സൗമ്യതയോടെ എന്നോടു പറഞ്ഞു:

''നാളെ കോടതിയിൽ ഹാജരാക്കി റിമാൻഡുചെയ്യും. പെട്ടെന്നു ജാമ്യത്തിലിറങ്ങാനൊന്നും ശ്രമിക്കേണ്ട. ഒന്നു രണ്ടാഴ്ച കഴിയുമ്പോൾ കാര്യങ്ങളെല്ലാം ശാന്തമാകും. അതുവരെ ജയിലിൽ കിടക്കുന്നതാണ് നല്ലത്.''

ഭരണാധികാരികളായ നേതാക്കന്മാർക്കും സമാധാനപാലകരായ പോലീസിനും മതഭ്രാന്തന്മാരെയാണല്ലോ ഒന്നാമതായി തൃപ്തിപ്പെടുത്തേണ്ടത്. അച്ചടക്കമുള്ള പൗരനായി ഞാൻ തലകുലുക്കി.

''മാഷ് ഒളിവിലായിരുന്ന സമയത്ത് വീട്ടിൽനിന്നു ബാങ്ക് അക്കൗണ്ട് ബുക്കുകളും പാസ്പോർട്ടും ഞങ്ങൾ എടുത്തിരുന്നു. പാസ്പോർട്ട് കോടതിയിൽ കൊടുക്കും. ജാമ്യം കിട്ടിയതിനുശേഷം അത് കോടതിയിൽ നിന്നുവേണം വാങ്ങാൻ. പാസ്ബുക്കുകളും മറ്റും മകനെ പറഞ്ഞുവിട്ടാൽ അവന്റെ കൈയിൽ കൊടുത്തുവിടാം.''

ഞാൻ വീണ്ടും തലകുലുക്കി.

''ചോദ്യമിട്ട കാര്യമൊഴിച്ചാൽ, മാഷിനെക്കുറിച്ച് ഞങ്ങൾ ചോദ്യം ചെയ്തവരാരുംതന്നെ നല്ലതല്ലാതെ പറഞ്ഞിട്ടില്ല.''

അദ്ദേഹം പറഞ്ഞുനിർത്തി.

തിരിച്ച് ലോക്കപ്പ് റൂമിൽ എത്തിയപ്പോൾ അകത്തതാ മറ്റൊരാൾ, ഞാൻ വിരിച്ചിട്ട പായയിലങ്ങനെ ഇരിക്കുന്നു. ഇവിടെ ഈ ലോക്കപ്പിൽ എനിക്കൊരു റൂംമേറ്റ്. കൊള്ളാം! ഞാൻ മനസ്സിൽ വിചാരിച്ചു. മിണ്ടിപ്പറഞ്ഞിരിക്കാമല്ലോ.

''എന്താണുപേര്?''

ഞാൻ അടുത്തുചെന്നിരുന്നിട്ട് ചോദിച്ചു. എന്റെ ചോദ്യം അയാൾ കേട്ടെന്നുതോന്നി. പക്ഷേ, ഉത്തരമൊന്നും പറഞ്ഞില്ല.

ഊമയോ മറ്റോ ആണോ?

''എന്താണു പേര്?'' ഞാൻ വീണ്ടും ചോദിച്ചു.

''മലയാളം നഹി മാലൂം.'' അയാൾ ഹിന്ദി പറഞ്ഞു. അപ്പോൾ ഹിന്ദിക്കാരനാണ്. പത്താം ക്ലാസ്സുവരെ ഹിന്ദി പഠിച്ചതാണെങ്കിലും അക്ഷരമാലയല്ലാതെ ഹിന്ദിയിൽ കാര്യമായ ഒരറിവും എനിക്കില്ല.

അതിനാൽ ഞാൻ ഇംഗ്ലിഷിൽ ചോദിച്ചു. അപ്പോൾ അയാൾ പേരു പറഞ്ഞു.

''കമലേഷ്കുമാർ ചൗധരി.''

സംസാരിച്ചു ശീലിക്കാത്തതിനാൽ ഒഴുക്കില്ലാതായിത്തീർന്ന എന്റെ ഇംഗ്ലിഷ് ഭാഷണത്തേക്കാൾ മോശമായിരുന്നു ഹിന്ദിക്കാരന്റെ ഇംഗ്ലിഷ്. അയാളുടെ ഇംഗ്ലിഷ് ഉച്ചാരണവും എനിക്ക് വിഷമകരമായി. എങ്കിലും അയാൾ ലോക്കപ്പിലായ കഥ ഞാൻ ചോദിച്ചു മനസ്സിലാക്കി.

ഉത്തർപ്രദേശിലുള്ള കാൺപൂരാണ് അയാളുടെ സ്വദേശം. അവിടത്തെ ഒരു ഹോസ്പിറ്റലിൽ ആയുർവേദം പ്രാക്ടീസുചെയ്യുന്ന ഒരു ഡോക്ടറാണത്രേ അയാൾ. അവിടെ നേഴ്സായി ജോലി ചെയ്തിരുന്ന തൊടുപുഴ സ്വദേശി ഒരു ക്രിസ്ത്യാനിപ്പെണ്ണിനെ അയാൾ വിവാഹം കഴിച്ചു. ഒരു കുട്ടിയുമുണ്ട്. ഭാര്യ

അയാളോടു പിണങ്ങി അല്പനാൾമുമ്പ് കേരളത്തിലേക്കു പോന്നു. ഭാര്യയെയും കുഞ്ഞിനെയും കാണാൻ അയാൾ കഴിഞ്ഞദിവസം എത്തിയതാണ്. ഭാര്യയുടെ വീട്ടിൽവെച്ച് അയാളും ഭാര്യയും തമ്മിൽ വീണ്ടും വഴക്കായി.

ഭാര്യ പോലീസിൽ പരാതിപ്പെട്ടു. 498 വകുപ്പിൽ ഗാർഹികപീഡനത്തിന് കേസെടുത്ത പോലീസ് അയാളെ കൈയോടെ പിടികൂടി.

''ഇയാൾ ഭാര്യയെ ഉപദ്രവിച്ചോ?'' ഞാൻ ചോദിച്ചു.

''ഒരടി കൊടുത്തു, ഒന്നുമാത്രം.''

അതും പറഞ്ഞ് അയാൾ വിങ്ങിക്കരഞ്ഞു.

ഈ പെസഹാനാളിൽ തന്റെ വീട്ടിലെത്തിയ ഭർത്താവിനെ-തന്റെ കുഞ്ഞിന്റെ അച്ഛനെ-ലോക്കപ്പിലാക്കിയ ഇയാളുടെ ഭാര്യയുടെ അവസ്ഥ ഇപ്പോൾ എന്തായിരിക്കും? ഞാൻ ആലോചിച്ചു.

അവരും കരയുകയായിരിക്കണം.

ഈ ദാമ്പത്യജീവിതം എന്നത് ഒരുതരം യുദ്ധമാണ്. അവസാനംവരെ നീണ്ടുനില്ക്കുന്ന അസാധാരണയുദ്ധം. സാധാരണയുദ്ധത്തിൽ എതിരാളിയെ തോല്പിക്കുന്നവൻ വിജയിക്കും. ദാമ്പത്യത്തിലാകട്ടെ എതിരാളിയെ തോല്പിച്ചാൽ തോല്പിക്കുന്നവരും തോല്ക്കും. അതിനാൽ എതിരാളിയെ തോല്പിക്കാതെ ജയിക്കേണ്ടുന്ന ഒരു വിചിത്രയുദ്ധമാണ് ദാമ്പത്യം.

അന്യോന്യം തോല്പിക്കാൻ ശ്രമിച്ച് തോറ്റു തുന്നംപാടി ഇരിക്കുകയാണ് കമലേഷ്കുമാർ ചൗധരിയും അയാളുടെ ഭാര്യയായ മലയാളമങ്കയും.

എന്റെ ദാമ്പത്യചിന്തകൾ അങ്ങനെ മുന്നേറിക്കൊണ്ടിരുന്നപ്പോൾ എനിക്ക് വീണ്ടും വിളിവന്നു. ലോക്കപ്പിനു പുറത്തു കൊണ്ടുവന്ന് എന്നെ ഒരു കസേരയിൽ ഇരുത്തി. മേശയ്ക്കപ്പുറം പോലീസ് റൈറ്റർ എ.എസ്. ഐ. എം.ബി. കമലാധരൻ എന്റെ മൊഴി രേഖപ്പെടുത്താൻ തയാറായിട്ടിരുന്നു.

ചോദ്യപേപ്പർ കേസ് അന്വേഷിക്കുന്ന ഡിവൈഎസ്പി കുര്യാക്കോസിന്റെ അന്വേഷണസംഘത്തിൽപെട്ട ആളാണ് കമലാധരൻ. അദ്ദേഹം പേരു പറഞ്ഞ് സ്വയം പരിചയപ്പെടുത്തി അദ്ദേഹത്തിന്റെ മകൻ തൊടുപുഴ ന്യൂമാൻ കോളജിൽ ബി.കോം. ഫസ്റ്റ്ഇയർ ക്ലാസ്സിൽ പഠിക്കുന്നുണ്ട്. അവൻ അഡീഷണൽ ലാംഗ്വേജായി ഹിന്ദി എടുത്തതിനാൽ എനിക്ക് അവനെ പഠിപ്പിക്കേണ്ടിയിരുന്നില്ല. അവൻ എടുത്തത് മലയാളമായിരുന്നെങ്കിൽ വിവാദചോദ്യപേപ്പറിന്റെ പരീക്ഷ അവനും എഴുതുമായിരുന്നു.

വിവാദചോദ്യപേപ്പർ തയാറാക്കിയതിന്റെ സാഹചര്യമായിരുന്നു ഞാൻ പറയേണ്ടിയിരുന്നത്.

എം.ജി. യൂണിവേഴ്സിറ്റിയിൽ ആ വർഷം ആരംഭിച്ച സെമസ്റ്റർസിസ്റ്റത്തെക്കുറിച്ചും ഇന്റേണൽ എക്സാമിനേഷനെക്കുറിച്ചും അതിന്റെ പ്രസക്തിയെക്കുറിച്ചും രീതിയെക്കുറിച്ചുമൊക്കെ ഞാൻ പറഞ്ഞ കാര്യങ്ങൾ അദ്ദേഹം എഴുതിയെടുത്തുകൊണ്ടിരുന്നു.

ഞാൻ വിശദമായിട്ടാണ് പറഞ്ഞുകൊണ്ടിരുന്നത്. ഇടയ്ക്കിടെ അദ്ദേഹം പുകവലിച്ച് വിശ്രമിച്ചു.

വിവാദചോദ്യത്തെക്കുറിച്ച് ഞാൻ കൊടുക്കുന്ന മൊഴിക്ക് വളരെയേറെ പ്രസക്തി ഉണ്ടാകുമെന്ന് വിചാരിച്ചിരുന്ന ഞാൻ പ്രസ്തുത ചോദ്യത്തിലെ സംഭാഷണഭാഗത്തുള്ള സാഹിത്യാത്മകതയെക്കുറിച്ച് വിശദമായി വ്യാഖ്യാനിച്ചു. അതൊരു പ്രബന്ധരചനപോലെ ഉണ്ടെന്ന് അഭിപ്രായപ്പെട്ടതിനു ശേഷം ചുരുക്കിപ്പറഞ്ഞാൽ മതിയെന്ന് അദ്ദേഹം പറഞ്ഞു. രാവേറെ ചെന്നതിനാലും ഉറക്കം വരുന്നതുകൊണ്ടുമാകാം അദ്ദേഹം ഇങ്ങനെ പറയുന്നതെന്ന് ഞാൻ കരുതി. തന്റെ ഭാവി താൻ ഇപ്പോൾകൊടുക്കുന്ന മൊഴിയിലാണെന്ന് തെറ്റിദ്ധരിച്ച ഞാൻ വിശദീകരണത്തിന് ഒരു കുറവും വരുത്തിയില്ല. സിഗരറ്റുപുകകൊണ്ട് ഉറക്കത്തെ ആട്ടിയകറ്റി അദ്ദേഹം എഴുത്തുതുടർന്നു. വെളുപ്പിനു മൂന്നുമണി ആയപ്പോൾ മൊഴി എഴുതിക്കഴിഞ്ഞു. അതിനുശേഷം കാർബൺപേപ്പർ അകത്തുവെച്ച ഒരുസെറ്റ് പേപ്പർ തന്നിട്ട് റൈറ്റർ കമലാധരൻ ഇപ്രകാരം പറഞ്ഞു:

''ക്ലാസ്സിലെ കുട്ടികളെക്കൊണ്ട് എമ്പോസിഷൻ ഒക്കെ എഴുതിപ്പിച്ചിട്ടുണ്ടാകുമല്ലോ. അതിനുള്ള ശിക്ഷയാണെന്നു വിചാരിച്ചാൽ മതി.'' വിവാദമായ ചോദ്യപേപ്പറിന്റെ ഒരുകോപ്പി തന്നിട്ട് അതിന്റെ പതിനാറ് ഒറിജിനൽ കോപ്പിയുണ്ടാക്കാൻ അദ്ദേഹം എന്നോടു പറഞ്ഞു. അതെന്തിനാണെന്ന് ഞാൻ ചോദിച്ചു. ''ഫൊറൻസിക്കിന് അയ്ക്കാനാണ്.'' ഞാൻ തന്നെയാണ് ആ ചോദ്യം എഴുതിയുണ്ടാക്കിയതെന്നു സമ്മതിച്ചാൽ പോരാ, ശാസ്ത്രീയമായി തെളിയിക്കുകയും വേണം. അല്ലെങ്കിൽ കോടതിയിൽ വിചാരണയ്ക്കുവരുമ്പോൾ പ്രതി മൊഴിമാറ്റി രക്ഷപ്പെട്ടെങ്കിലോ? ഞാൻ അവിടെയിരുന്ന് എഴുതി.

ഇടയ്ക്കിടെ കമലാധരൻ വന്ന് എത്ര തവണ ആയെന്ന് ആരാഞ്ഞുകൊണ്ടിരുന്നു. ആ രാത്രിയുടെ പരിചയബലത്താൽ ഞാൻ അദ്ദേഹത്തോടു ചോദിച്ചു:

''കോളജ് അധികാരികൾക്ക് എന്നോടുള്ള മനോഭാവം എങ്ങനെ?''

''അത് ഞാൻ പറയില്ല.''

അദ്ദേഹത്തിന്റെ മറുപടി അങ്ങനെയായിരുന്നു. ഞാൻ പിന്നീട് അതിനെക്കുറിച്ച് ഒന്നും ചോദിച്ചതുമില്ല. നേരം നന്നായി വെളുത്തതിനുശേഷമാണ് എന്റെ എമ്പോസിഷൻ അവസാനിച്ചത്.

തലേന്നു രാത്രിതന്നെ തൊടുപുഴയിൽ എത്തിയ എന്റെ അളിയൻ (ചേച്ചിയുടെ ഭർത്താവ്) ബേബിയെ രാത്രിയിൽ എന്നെക്കാണാൻ അനുവദിച്ചിരുന്നില്ല. എന്റെ എഴുത്ത് തീർന്നതിനുശേഷം അദ്ദേഹത്തെ എന്റെ അരികിലേക്കു വിട്ടു. ചായയും വാങ്ങിക്കൊണ്ടാണ് അളിയൻ വന്നത്.

പോലീസുകാർ ഉപയോഗിക്കുന്ന ബാത്റൂമിൽ പോകാനും സ്റ്റേഷനിൽ സൂക്ഷിച്ചിരുന്ന എന്റെ ബാഗിൽനിന്നും ടൂത്ത്പേസ്റ്റും ബ്രഷും എടുത്ത് പല്ലുതേക്കാനും എന്നെ അനുവദിച്ചു. അവിടെ ഒരു കസേരയിൽ ഇരുന്ന എന്നെ ഒരുനോക്ക് കാണാൻ പോലീസ് യൂണിഫോം അണിഞ്ഞവരും അല്ലാത്തവരുമായ ആളുകൾ വന്നുകൊണ്ടിരുന്നു. അപ്പോഴൊക്കെ എണ്ണീറ്റുനിന്നു ഒരു പ്രതിയുടേതായ ഉപചാരങ്ങൾ ഞാൻ പ്രകടിപ്പിച്ചു. ഞാൻ കീഴടങ്ങുന്ന അവസരത്തിൽ പോലീസ് വാഹനത്തിലുണ്ടായിരുന്ന ആജാനുബാഹു അപ്പോൾ അവിടെയെത്തി. അപ്പോഴും അദ്ദേഹം യൂണിഫോമിലായിരുന്നില്ല. എന്റെ ബാഗിലുണ്ടായിരുന്ന ഓരോ സാധനങ്ങളുമെടുത്ത് അദ്ദേഹം അതിന്റെ ലിസ്റ്റ് തയാറാക്കി. എന്റെ കൈയിലെ വാച്ചും അഴിച്ചുവാങ്ങി. അതും ലിസ്റ്റിൽപ്പെടുത്തി ബാഗിനോടൊപ്പം വെച്ചു. മാല, മോതിരം തുടങ്ങിയ ആഭരണങ്ങളൊന്നും എന്റെ ശരീരത്തിലില്ലെന്ന് ഉറപ്പുവരുത്തി. തിരിച്ചറിയാനുള്ള രണ്ട് അടയാളങ്ങൾ ദേഹപരിശോധന നടത്തിയിട്ട് എഴുതിച്ചേർത്തു. പ്രഭാതഭക്ഷണം വാങ്ങിക്കൊണ്ട് അളിയൻ വീണ്ടും വന്നു. അപ്പോൾ എനിക്ക് ഭക്ഷണത്തോടുതന്നെ ഒരു വിരക്തിയായിരുന്നു. രണ്ടു നാളിലെ ഉറക്കമില്ലായ്മയാവാം കാരണം. അളിയൻ വളരെ നിർബന്ധിച്ചതുകൊണ്ടാണ് ഭക്ഷണപ്പൊതി തുറന്നത്. സാമ്പാറിൽ മുക്കിയ ദോശ വായിലേക്കു വെച്ചപ്പോൾ മനംപുരട്ടലാണ് അനുഭവപ്പെട്ടത്. എത്ര ശ്രമിച്ചിട്ടും ഒരു ദോശയുടെ പാതിപോലും തിന്നാൻ എനിക്കായില്ല. ദോശപ്പൊതി ഞാൻ നീക്കിവെച്ചു. അതുകണ്ടിട്ട് ആജാനുബാഹു അവജ്ഞയോടെ ഇപ്രകാരം പുലമ്പി:

''രാവിലെ എന്തെങ്കിലും തിന്ന് വിശപ്പടക്കിക്കോട്ടെ എന്നു വിചാരിച്ചപ്പോൾ ഇയാളുടെ ഒരു അഹമ്മതി കണ്ടില്ലേ. ഇയാൾക്കൊക്കെ തിന്നാൻ വാങ്ങിക്കൊടുക്കുന്നോരെ വേണം പറയാൻ.''

''എനിക്കെന്തെങ്കിലും വേണമെന്നു ഞാൻ ആവശ്യപ്പെട്ടിരുന്നോ? ഞാൻ പറഞ്ഞോ, എനിക്കെന്തെങ്കിലും തിന്നാൻ തരണമെന്ന്.''
പരുഷമായിട്ടുതന്നെയാണ് ഞാൻ പറഞ്ഞത്. അയാൾ ഒരു കോൺസ്റ്റബിൾ മാത്രമായിരിക്കുമെന്ന് ഇതിനോടകം ഞാൻ ഊഹിച്ചിരുന്നു. ഞാൻ കീഴടങ്ങിയപ്പോൾ മുതലുള്ള അയാളുടെ പെരുമാറ്റത്തിലും സംസാരത്തിലുമുള്ള എന്റെ അമർഷത്തിന്റെ ബഹിർസ്ഫുരണം കൂടിയായിരുന്നു ആ വാക്കുകൾ. ആജാനുബാഹു അതുകേട്ട് ചാടിയെണീറ്റു.

''ഇത്രയൊക്കെയായിട്ടും ധാർഷ്ട്യത്തിന് ഒരു കുറവും വന്നിട്ടില്ല.'' അതുംപറഞ്ഞ് അയാൾ എന്റെ കൈകളിൽ കടന്നുപിടിച്ചു. ''ഇവിടിരുന്നങ്ങനെ സുഖിക്കണ്ട. ലോക്കപ്പിൽ കിടന്നാൽ മതി.'' അങ്ങനെപറഞ്ഞ് അയാൾ എന്നെ വീണ്ടും ലോക്കപ്പിനുള്ളിലാക്കി. അതൊക്കെ കണ്ടുനിന്ന അളിയൻ വല്ലാതായി.

എന്നാൽ, എനിക്ക് ഉർവ്വശീശാപം ഉപകാരമായി. കാരണം, ലോക്കപ്പിനുള്ളിലാണ് എനിക്ക് കൂടുതൽ സ്വാതന്ത്ര്യം അനുഭവപ്പെട്ടത്. പുറത്തിരിക്കുമ്പോൾ പോലീസുകാരൊക്കെ അടുത്തുവന്നാൽ എണീക്കണം. അവരുടെ അനാവശ്യചോദ്യങ്ങൾക്കുവരെ മറുപടി പറയണം. കുറേ നേരമായി ഞാൻ മടുത്തുതുടങ്ങിയിരുന്നു.

തറയിൽ വിരിച്ച പുല്പായയിൽ കമലേഷ് കുമാർ ചൗധരി എന്നെക്കണ്ട് ഉറക്കച്ചടവോടെ എണീറ്റിരുന്നു. ''ഗുഡ്മോണിങ്'' ഞാൻ പ്രഭാതവന്ദനം പറഞ്ഞു. അയാൾ അതിനു മറുപടിയായി ഒരു കോട്ടുവായിട്ടു. എന്നിട്ട് ഒന്നും മിണ്ടാതെ വിഷണ്ണനായിട്ടിരുന്നു. അയാളെ അയാളുടെ വ്യസനചിന്തകളിൽ മേയാൻ വിട്ടിട്ട് ഞാൻ കൂടുതൽ സ്വതന്ത്രനായി. അല്പം കഴിഞ്ഞപ്പോൾ അളിയനോടൊപ്പം കിരൺ വക്കീൽ എന്നെകാണാനെത്തി. ഞാൻ വക്കീലിനു വക്കാലത്ത് ഒപ്പിട്ടു നല്കി. ഇന്നു ദുഃഖവെള്ളിയാഴ്ച കോടതി അവധിയായതിനാൽ കട്ടപ്പനയിലുള്ള ഒരു മജിസ്ട്രേറ്റിന്റെ വീട്ടിലേക്കാണ് എന്നെ ഹാജരാക്കാൻ കൊണ്ടുപോകുന്നതെന്നു വക്കീൽ പറഞ്ഞു. ഇന്നു റിമാൻഡ് ചെയ്ത് മൂവാറ്റുപുഴ സബ്ജയിലിലേക്കു വിടും. തത്കാലം എനിക്കു ജാമ്യം വേണ്ടെന്നും ഞാൻ പറഞ്ഞിട്ടുമാത്രമേ ജാമ്യാപേക്ഷ കൊടുക്കാൻ പാടുള്ളൂവെന്നും ഞാൻ അവരോടു പറഞ്ഞു.

അവർ പോയപ്പോൾ മഫ്തിയിൽ സ്പെഷ്യൽ ബ്രാഞ്ചിലെ രണ്ടുപോലീസ് ഉദ്യോഗസ്ഥർ എന്നെ കാണാൻ വന്നു. എനിക്കെന്തെങ്കിലും പ്രശ്നമുണ്ടോയെന്ന് അവർ ആരാഞ്ഞു. ഒന്നുമില്ലെന്ന് ഞാൻ മറുപടി നല്കി. മജിസ്ട്രേറ്റിന്റെ മുൻപിൽ ഹാജരാക്കാൻ എന്നോടൊപ്പം കട്ടപ്പനയ്ക്ക് കമലേഷ് കുമാർ ചൗധരിയെയും കൊണ്ടുപോകുന്നുണ്ടെന്ന് പോലീസുകാരുടെ സംഭാഷണത്തിൽനിന്നും ഞാൻ മനസ്സിലാക്കി. അയാൾക്കുവേണ്ടി സംസാരിക്കാനോ മധ്യസ്ഥംപറയാനോ ആരും വന്നില്ല. അതിനാൽ പോലീസ് സ്റ്റേഷനിൽനിന്ന് അയാളുടെ ഭാര്യയെ വിളിച്ച് പരാതി പിൻവലിക്കുന്നില്ലെങ്കിൽ റിമാൻഡ്ചെയ്ത് ജയിലിലടയ്ക്കുമെന്ന് അറിയിച്ചു. ഭാര്യയും ഭർത്താവും തമ്മിലുള്ള പ്രശ്നമല്ലേ വിട്ടുവീഴ്ച ചെയ്ത് പരാതി പിൻവലിക്കാൻ ഉപദേശിക്കുകയും ചെയ്തു. എന്നാൽ ആ ഭാര്യ ഒരു വിട്ടുവീഴ്ചയ്ക്കും തയാറല്ലായിരുന്നു. അങ്ങനെ കമലേഷ് കുമാർ ചൗധരിയെ റിമാൻഡ് ചെയ്ത് ജയിലിലേക്കു വിടാനുള്ള പോലീസ് നടപടിയായി. തന്നെ ജയിലിലേക്കു വിടാൻ പോകുകയാണെന്നറിഞ്ഞ ചൗധരി വിങ്ങിക്കരയാൻ തുടങ്ങി. ''ഡോൺഡ് ബി സാഡ്, ബി കറേജിയസ്സ്'' എന്നൊക്കെപ്പറഞ്ഞ് ഞാൻ അയാളെ ആശ്വസിപ്പിക്കാൻ നോക്കി. ഞാൻ ആരാണെന്നോ ഞാൻ ചെയ്ത കുറ്റമെന്താണെന്നോ അയാൾ ഇതുവരെ എന്നോട് ചോദിച്ചിട്ടില്ല. ലോക്കപ്പിനുള്ളിൽ ഒരു ആശ്രമത്തിലെന്നതുപോലെ നിസ്സംഗനായിട്ടിരിക്കുന്ന ഞാൻ ഒരു

കൊടുംഭീകരനാണെന്ന് അയാൾ കരുതിയിരിക്കാം. അല്ലെങ്കിൽ ലോക്കപ്പും ജയിലുമൊക്കെ പതിവായ ഒരു സ്ഥിരം കുറ്റവാളി.

ആജാനുബാഹു വീണ്ടുമെത്തി. ലോക്കപ്പ് തുറന്ന് എന്നെ അയാൾ കൊണ്ടുപോയി. എന്തിനായിരിക്കാം കൊണ്ടുപോകുന്നത്? കോടതിയിൽ ഹാജരാക്കാൻ കൊണ്ടുപോകുന്നതിനു മുൻപായി പ്രതിയെ ഒരു കടശ്ശിപ്രയോഗത്തിനു വിധേയമാക്കുമെന്നു പറഞ്ഞുകേട്ടിട്ടുണ്ട്. വല്ലാത്തൊരു ഭയപ്പാടോടെയാണ് അയാളോടൊപ്പം ഞാൻ പോയത്. ആളൊഴിഞ്ഞ ഒരു മുറിയിൽ അയാൾ എന്നെപ്പിടിച്ച് ഭിത്തിയോടു ചേർത്തുനിർത്തി. ഇത് അതുതന്നെ. കാൽമുട്ടുകൊണ്ടുള്ള പ്രഹരമേറ്റ് നാഭീപ്രദേശത്തുനിന്ന് ഊർദ്ധൻ മുകളിലോട്ടു പായുന്നതും പ്രതീക്ഷിച്ച് യോഗദണ്ഡുപോലെ ഞാൻ നിന്നു.

എന്റെ പ്രതീക്ഷ അസ്ഥാനത്തായി. ആജാനുബാഹു തന്റെ പോക്കറ്റിൽനിന്ന് ഒരു ചെറിയ സ്കെയിൽ എടുത്ത് എന്റെ ഉച്ചിയിൽവെച്ചു.

''ഇയാളുടെ പൊക്കം അളക്കാനാ. കോളജിലെ പണിപോയതുതന്നെ. പോലീസിൽ ചേർക്കാൻ പറ്റുമോന്നു നോക്കട്ടെ.''

സവിശേഷമായ പ്രാണായാമത്താൽ നിലച്ചുപോയ എന്റെ ശ്വാസഗതി വീണ്ടുകിട്ടാൻ അല്പസമയമെടുത്തു. അവിടെനിന്നുപോരുമ്പോൾ ഞാൻ തിരിഞ്ഞ് ഭിത്തിയിലേക്കു നോക്കി. അവിടെ ഉയരത്തിന്റെ തോതുകൾ അടയാളപ്പെടുത്തിയിട്ടുണ്ടായിരുന്നു.

# ദുഃഖവെള്ളിയും കാൽവരിമൗണ്ടും

എന്നെ കോടതിയിൽ ഹാജരാക്കാനുള്ള തയാറെടുപ്പാണ് പിന്നീട് നടന്നത്.

നീലനിറമുള്ള പോലീസ് ബസിൽ സായുധരായ ക്യാമ്പ് പോലീസുകാർ എത്തി. പൈലറ്റായി പോകേണ്ടുന്ന പോലീസ് ജീപ്പും തയാറായി നിന്നു.

എനിക്കും കമലേഷ്കുമാർ ചൗധരിക്കും സർക്കിൾ ഇൻസ്പെക്ടറുടെ സാന്നിദ്ധ്യത്തിൽ ഓരോ ചായ നല്കപ്പെട്ടു. ചായകുടി കഴിഞ്ഞപ്പോൾ ഞങ്ങൾ രണ്ടാളുടെയും കൈകളിൽ വിലങ്ങ് അണിയിച്ചു. വിശേഷാവസരങ്ങളിൽ അണിയിക്കുന്ന വിശേഷാഭരണംപോലെയേ ഞാൻ അതിനെ കണ്ടുള്ളു. എന്നാൽ വിലങ്ങിട്ട തന്റെ കൈകളിലേക്കു നോക്കി കമലേഷ്കുമാർ ചൗധരി വിങ്ങിക്കരഞ്ഞു.

പത്രക്കാരും ചാനലുകാരും അവരുടെ ഉപകരണങ്ങളും കണ്ണുകൾ തുറന്നുവെച്ച് റെഡിയായിനിന്നു.

ഡിവൈഎസ്പി സൈമണും സബ് ഇൻസ്പെക്ടർ ഷിന്റോ പി. കുര്യനും ഇടംവലംനിന്ന് എന്നെ വലിയ പോലീസ് വാഹനത്തിലേക്ക് ആനയിച്ചു. പക്ഷേ, അവർ എന്നോടൊപ്പം ആ വാഹനത്തിൽ കയറിയില്ല.

എന്നെ കയറ്റിയ 'ഇടിവണ്ടി'യിൽ യൂണിഫോമിലുള്ള മുപ്പതോളം പോലീസുകാരുണ്ട്. അവരുടെ കൈകളിൽ തോക്കും ലാത്തിയും. സിവിൽ ഡ്രസ്സിൽ സ്പെഷൽ ബ്രാഞ്ചിലെ പോലീസുകാർ നാലുപേർ വേറേയും.

സൈഡ് സീറ്റിൽ എന്നെ ഇരുത്തിയിട്ട് കൂടെ ഒരു പോലീസുകാരനും ഇരുന്നു.

ഡിവൈഎസ്പിയും മറ്റും കയറിയ വെളുത്ത പോലീസ് വാഹനത്തിനു പിന്നാലെ ഞങ്ങളുടെ വാഹനവും നീങ്ങിത്തുടങ്ങി. അത് ഒരു ഘോഷയാത്രപോലെ തോന്നിച്ചു.

വിവാഹഘോഷയാത്രയിൽ വരനാണു താരം. ശവഘോഷയാത്രയാണെങ്കിൽ ശവമാണു താരം. അതുപോലെ ഈ ഘോഷയാത്രയിൽ ഞാനാണ് താരം. ഈ സന്നാഹങ്ങൾ മുഴുവൻ എനിക്കുവേണ്ടിയുള്ളതാണ്. ഞാൻ തെല്ലൊരു അഹമ്മതിയോടെ എന്റെ വിലങ്ങിട്ട കൈകളിലേക്കു നോക്കി.

ഞങ്ങളുടെ യാത്രയ്ക്കിടയിൽ എന്റെ അരികിലിരുന്ന യൂണിഫോമിട്ട പോലീസുകാരൻ മാറിയിട്ട് മഫ്തിയിലുള്ള ഒരു സ്പെഷൽ ബ്രാഞ്ചുകാരൻ വന്നിരുന്നു. പോലീസ് സ്റ്റേഷനിൽ വെച്ച് കുശലമന്വേഷിക്കാൻ വന്നവരിൽ ഒരാൾ അദ്ദേഹമായിരുന്നു. ഞാൻ പോലീസ് കസ്റ്റഡിയിൽ ആയപ്പോൾ മുതൽ എന്നോട് മോശമായി പെരുമാറിപ്പോന്ന 'ആജാനുബാഹു' ആരെന്നറിയുവാൻ ഒരു കൗതുകം അപ്പോൾ എനിക്കുണ്ടായി. ലക്ഷണസഹിതം പറഞ്ഞ് അയാൾ ആരാണെന്ന് എന്റെ അരികിൽ ഇരുന്ന ഓഫീസറോട് ഞാൻ ചോദിച്ചു.

''ചോദ്യപേപ്പർ കേസ് അന്വേഷിക്കുന്ന സംഘത്തിലെ ഒരു പോലീസുകാരനാണ്.'' അദ്ദേഹം മറുപടി പറഞ്ഞു.

''അയാളുടെ പേരെന്താണ്?''

ഞാൻ വീണ്ടും ചോദിച്ചു.

ഒരു മുസ്‌ലിം പേരാണ് മറുപടിയായി അദ്ദേഹം പറഞ്ഞത്. എന്റെ 'ആജാനുബാഹു'വിനെ എനിക്കപ്പോൾ നന്നായി മനസ്സിലായി. എന്നെ ഭർത്സിക്കാനും മാനസികമായി പീഡിപ്പിക്കാനും അയാൾക്ക് അവസരമുണ്ടാക്കിക്കൊടുത്ത ഡിവൈഎസ്പി മാരോട് എനിക്ക് അല്പം ബഹുമാനക്കുറവ് അപ്പോൾ തോന്നുകയും ചെയ്തു.

''എന്താ, എന്തെങ്കിലും പ്രശ്നമുണ്ടോ?''

സ്പെഷൽ ബ്രാഞ്ചുകാരൻ പൊടുന്നനെ ചോദിച്ചു.

''ഏയ്...ഒന്നുമില്ല.''

ഞാൻ പ്രതിവചിച്ചു.

ഞങ്ങളുടെ വാഹനദ്വയം നാടുകാണിമലയിലെ ഹെയർപിൻ വളവുകളെ അതിക്രമിച്ച് ഹൈറേഞ്ചിന്റെ സ്വച്ഛന്ദ ശീതളിമയിലേക്കു കടന്നു. എന്റെ രാജകീയ വാഹനത്തിനുള്ളിൽ പരിപൂർണ്ണ നിശ്ശബ്ദതയാണ്. പോലീസുകാരിൽ മുക്കാൽ പങ്കും ഉറക്കത്തിലാണ്. മറ്റുള്ളവർ മലനിരകളുടെയും കാടിന്റെയും ഭംഗി ആസ്വദിച്ചുകൊണ്ട് പുറത്തേക്കു നേക്കിയിരുപ്പാണ്. ഞാൻ പുറകോട്ടു തിരിഞ്ഞുനോക്കി. എന്റെ തൊട്ടുപിന്നിലെ സീറ്റിൽ കമലേഷ് കുമാർ ചൗധരി വിലങ്ങിട്ട കൈകളുമായി ഇരിപ്പുണ്ട്. ആൾ നല്ല ഉറക്കത്തിലാണ്. വായ് അല്പം തുറന്നിരിക്കുന്നു; കുഞ്ഞുങ്ങൾ ഉറങ്ങുന്നതുപോലെ. ആ മുഖത്ത് എന്തൊരു ശാന്തതയാണിപ്പോൾ.

എന്റെ കൺപോളകൾക്കും ക്രമേണ ഭാരമേറി വന്നു. ഉറക്കത്തിന്റെ വരദാനമായ ശൂന്യതയിലേക്ക് ഞാനും വഴുതിവീണു.

പിന്നീട് ഉറക്കത്തിന്റെ കെട്ടുപൊട്ടി ഉണർവിന്റെ അസ്വാതന്ത്ര്യത്തിലേക്ക് ഞാൻ വന്നപ്പോൾ ഞങ്ങളുടെ വാഹനം ഒരു കയറ്റം കയറുകയാണ്. സ്ഥലം ഏതാണെന്നറിയാൻ ഞാൻ പുറത്തേക്കു നോക്കി. ഇടുക്കി ആർച്ച് ഡാമിന്റെ ചുവട്ടിൽനിന്ന് ആരംഭിക്കുന്ന കയറ്റമാണ്. പെരിയാറിനെ അപ്പാടെ തളച്ചിട്ട അണക്കെട്ടിന്റെ പാർശ്വങ്ങൾ ചില വളവുകളിൽ കണ്ണിൽ പെടുന്നുണ്ട്.

അണകെട്ടി തടയുന്നതിനുമുമ്പ് കുതിച്ചൊഴുകിയിരുന്ന പെരിയാറിനെ ഞാൻ കണ്ടിട്ടുണ്ട്. എന്നാൽ ഇന്ന് മനുഷ്യർ അതിനെ ജീവപര്യന്തം തടവിലാക്കിയിരിക്കുന്നു.

കയറ്റം കയറി വാഴവര എന്ന സ്ഥലത്തെത്തിയപ്പോൾ വലതുഭാഗത്ത് 'കാൽവരി മൗണ്ട്' കണ്ടു. ഇടുക്കിമുതൽ ഏതാണ്ട് കട്ടപ്പനവരെ നീണ്ടുകിടക്കുന്ന 'കല്യാണത്തണ്ട്' എന്ന മലയുടെ ഏറ്റവും ഉയരമുള്ള ഭാഗമാണ് കാൽവരി മൗണ്ട്. ആ മല കയറിച്ചെന്നാൽ അങ്ങേവശം ഇടുക്കി

ജലാശയമാണ്. ആ ജലപ്പരപ്പിന്റെ ഏറ്റവും മനോഹരദൃശ്യമാണ് കാൽവരിമൗണ്ടിൽനിന്നു നോക്കിയാൽ അനുഭവവേദ്യമാകുന്നത്. കോളജിലെ കുട്ടികളോടൊപ്പം വിനോദയാത്രയുടെ ഭാഗമായി പലതവണ ആ കുന്ന് ഞാൻ കയറിയിട്ടുള്ളതാണ്.

ഇന്ന് ദുഃഖവെള്ളിയാണ്. കാൽവരിമൗണ്ടിലെ കുരിശടിയിലേക്കുള്ള വഴിയിലൂടെ ഒരു ചെറുസംഘം നടന്നുകയറുന്നത് പോലീസ് വാഹനത്തിലിരുന്ന് ഞാൻ കണ്ടു. അവരിൽ ഒരാൾ സാമാന്യം വലിപ്പമുള്ള ഒരു മരക്കുരിശും വഹിച്ചിട്ടുണ്ട്. ലോകത്തിന്റെ പാപങ്ങൾ ഇല്ലാതാക്കാൻ സ്വയം കുരിശേന്തിയ യേശുദേവന്റെ പീഡാനുഭവചരിതത്തിലെ ഒരു ഖണ്ഡം തങ്ങളിലേക്ക് ആവാഹിക്കുകയാണ് ആ ചെറുപ്പക്കാർ.

യേശുവിനെ എന്നപോലെ എന്നെയും കസ്റ്റഡിയിലെടുക്കുന്നത് പെസഹാദിനത്തിലാണെന്നത് തികച്ചും യാദൃച്ഛികം. യേശുവിൽ എന്ന പോലെ മതനിന്ദയും ദൈവനിന്ദയുമാണ് എന്നിലും ആരോപിക്കപ്പെട്ടിരിക്കുന്നത്. ഭരണകൂടത്തിന്റെ കാവലാളുകളായ പോലീസ് കയ്യാഫമാർ ഇന്നലെ എന്നെ വിചാരണ ചെയ്തിട്ട് എന്നിൽ കുറ്റമൊന്നുമില്ലെന്നാണ് മാധ്യമങ്ങളോടു പറഞ്ഞത്. എങ്കിലും അവർ എന്നെ കുറ്റവിമുക്തനാക്കുന്നില്ല. ജല്പനങ്ങളാൽ നിബന്ധിച്ചെടുത്ത എഫ്ഐആറും കേസ് ഡയറിയും സഹിതം യേശുവിനെ പീലാത്തോസിന്റെ അടുക്കലേക്കെന്ന പോലെ എന്നെ കട്ടപ്പനയിലുള്ള എതോ മജിസ്ട്രേറ്റിന്റെ അടുത്തേക്ക് കൊണ്ടുപോകുകയാണ്. അദ്ദേഹം നീതിമാനായിരിക്കുമോ? അഥവാ പീലാത്തോസിനെപ്പോലെ കൈകഴുകുമോ?

പോലീസ് വാഹനങ്ങൾ മെയിൻറോഡ് വിട്ട് ചെറുതും മെറ്റലിട്ടതുമായ മറ്റൊരു റോഡിലേക്കുകടന്നു. സ്ഥലം എത്താറായെന്നു തോന്നി. അധികം താമസിയാതെ വണ്ടിനിന്നു. പോലീസുകാർ ഓരോരുത്തരായി ഇറങ്ങി. എന്നിട്ട് എന്നോട് ഇറങ്ങാൻ ആവശ്യപ്പെട്ടു. മജിസ്ട്രേറ്റ് താമസിക്കുന്ന വീട്ടിലേക്ക് അല്പദൂരം നടക്കണം. ആ വഴിക്ക് വലിയ വണ്ടികൾക്കുപോകാൻ മാത്രം വീതി ഉണ്ടായിരുന്നില്ല.

വഴിയുടെ ഇരുവശങ്ങളിലും ധാരാളം വീടുകൾ ഉണ്ടായിരുന്നു. സ്ത്രീകളും കുട്ടികളും വേലിക്കരുകിൽ വന്നുനിന്ന് വിലങ്ങിട്ട കൈകളുമായി നടന്നുനീങ്ങുന്ന എന്നെയും കമലേഷ്കുമാർ ചൗധരിയെയും കൗതുകപൂർവ്വം നോക്കിനിന്നു. ഇത്രയും പോലീസ് ബന്തവസ്സിലുള്ള കൊടുംകുറ്റവാളികളെ അവർ ആദ്യം കാണുകയായിരിക്കും.

ഒരു ഇരുനില വീടിന്റെ മുകൾനിലയിലാണ് മജിസ്ട്രേറ്റ് താമസിക്കുന്നത്. ഒരുപക്ഷേ, വാടകവീടായിരിക്കും. മജിസ്ട്രേറ്റ് എവിടെ ഇരിക്കുന്നുവോ അവിടം കോടതിയാണല്ലോ. മുകൾനിലയിലേക്കുള്ള പുറംഗോവണി കയറി ഫ്രണ്ട് ഡോറിന്റെ അടുത്തെത്തിയപ്പോൾ എന്റെ വിലങ്ങ് അഴിച്ചുമാറ്റി. ഒപ്പം ചൗധരിയുടെയും.

പോലീസ് ഉദ്യോഗസ്ഥന്മാർ അകത്തേക്കു കയറിപ്പോയി. ഞാനും കമലേഷ്കുമാറും പിന്നെ ഞങ്ങളുടെ കാവലാളുകളും അവിടെത്തന്നെ നിന്നു.

അല്പസമയത്തിനുശേഷം ഞങ്ങൾ വിളിക്കപ്പെട്ടു. ലുങ്കിയും ടി ഷർട്ടും ധരിച്ച നാല്പത്തഞ്ചു വയസ്സ് പ്രായം തോന്നിക്കുന്ന ഒരാൾ സോഫയിലിരുന്ന് പോലീസുദ്യോഗസ്ഥർ കൊടുത്ത പേപ്പറുകൾ നോക്കുകയാണ്. അദ്ദേഹമാണ് മജിസ്ട്രേറ്റ്. പ്രതികളായ ഞങ്ങൾ അങ്ങോട്ടു ചെന്നിട്ടും അദ്ദേഹം തല ഉയർത്തുകയോ ഞങ്ങളെ നോക്കുകയോ ചെയ്തില്ല.

ഞാൻ ചുറ്റുപാടും വെറുതെയൊന്നു കണ്ണോടിച്ചു. അവിടെ ചെറിയൊരു ഷെൽഫിൽ കുറെ പുസ്തകങ്ങൾ ഇരിക്കുന്നുണ്ട്. കൂടാതെ ടീപ്പോയിലും കുറെ പുസ്തകങ്ങൾ വെച്ചിട്ടുണ്ട്. ഇംഗ്ലിഷ് പുസ്തകങ്ങ ളോടൊപ്പം മലയാളം പുസ്തകങ്ങളുമുണ്ട്. അവയിൽ പലതും എനിക്ക് പരിചിതങ്ങളാണ്. ഒ.വി. വിജയന്റെ 'ഗുരുസാഗരം' എന്ന നോവലാണ് ഒരടുക്കിന്റെ മുകളിൽ ഇരിക്കുന്നത്. ജീവിതത്തിലെ സംഘർഷങ്ങളുടെയും നിസ്സഹായതയുടെയും യുദ്ധഭൂമിയിൽനിന്ന് ശാന്തിതീരത്തെത്തിക്കുന്ന ഗുരുകാരുണ്യത്തെ അനുഭവപ്പെടുത്തിത്തരുന്ന ഈ കൃതി ഈ വർഷവും ഞാൻ കുട്ടികളെ പഠിപ്പിച്ചതാണ്.

'ഗുരുസാഗര'മൊക്കെ വായിക്കാൻ താത്പര്യം കാണിക്കുന്ന ഈ മജിസ്ട്രേറ്റ് നല്ല ഒരു സാഹിത്യാസ്വാദകനായിരിക്കും. പോലീസ് നല്കുന്ന കുറ്റാരോപണറിപ്പോർട്ടിന്റെ അർത്ഥശൂന്യത മനസ്സിലാക്കാനുള്ള 'വെളിവ്' സഹൃദയനായ ഈ ന്യായാധിപന് ഉണ്ടാകുമെന്നും വിവാദചോദ്യത്തെക്കുറിച്ച് എന്തെങ്കിലും എന്നോട് ചോദിക്കുമെന്നും ഞാൻ വിചാരിച്ചു. പക്ഷേ, അദ്ദേഹം എന്നോട് ഒന്നും ചോദിച്ചില്ലെന്നു മാത്രമല്ല; എന്റെ നേരേ മുഖമുയർത്തി ഒന്നു നോക്കിയതുപോലുമില്ല. പോലീസ് നല്കിയ റിമാൻഡ് പെറ്റീഷനിൽ ഒപ്പുവെച്ച് അദ്ദേഹം എന്നെ ജയിലിൽ അടയ്ക്കാനുള്ള ഉത്തരവാക്കി. 'നിങ്ങൾ നിങ്ങളുടെ ഇഷ്ടംപോലെ ചെയ്യ്. എനിക്കിതിൽ ഒരു പങ്കുമില്ല.' എന്ന ഭാവത്തിൽ പോലീസ് ഉദ്യോഗസ്ഥർക്ക് പേപ്പറുകൾ കൈമാറിയിട്ട് അദ്ദേഹം വീണ്ടും കുമ്പിട്ടിരുന്നു.

എന്നെപ്പോലെതന്നെ കമലേഷ്കുമാറിനെയും റിമാൻഡു ചെയ്തു. മജിസ്ട്രേറ്റിന്റെ മുറിക്കു പുറത്തിറങ്ങിയ ഉടനെ ഞങ്ങളെ വീണ്ടും വിലങ്ങുവെച്ചു.

ചെറുറോഡിലൂടെ നടന്ന് മാതൃവാഹനത്തിനടുത്തെത്തിയപ്പോൾ രണ്ടു മണിയായി. കൂടെയുള്ള പോലീസുകാർക്ക് വിശന്നുതുടങ്ങിയെന്ന് അവരുടെ സംഭാഷണത്തിൽനിന്ന് വ്യക്തമായി. എന്നാൽ വിശപ്പ് എന്നോടു പിണങ്ങിമാറിയിട്ട് ആഴ്ച ഒന്നു കഴിഞ്ഞു. വിശപ്പും ഒരു സമാധാനപ്രേമി ആയിരിക്കണം. അസ്വസ്ഥതകളുള്ള ഒരാളിൽ പ്രവേശിക്കാൻ അതു കൂട്ടാക്കുകയില്ല.

മൂവാറ്റുപുഴ സബ്ജയിലിലേക്കാണ് ഇനി പോകേണ്ടത്. വഴിക്ക് ചെറുതോണിയിലെത്തുമ്പോൾ ഊണുകഴിക്കാമെന്നു തീരുമാനിച്ചതിൻ പ്രകാരം ഞങ്ങൾ ആഘോഷമായ യാത്ര തുടർന്നു.

മൂന്നുമണി ആകാറായപ്പോൾ ഞങ്ങൾ ചെറുതോണിയിൽ എത്തി. ദുഃഖവെള്ളിയാഴ്ച ആയതിനാൽ അവിടെ ഹോട്ടലുകളൊന്നും തുറന്നിരുന്നില്ല. ഒരു പെട്ടിക്കടയിൽനിന്ന് ഏത്തപ്പഴവും വെള്ളവും വാങ്ങി പോലീസുകാർ പൈദാഹങ്ങൾ ശമിപ്പിച്ചു. അവർ തന്ന പഴം ഞാൻ വാങ്ങിയില്ല. അല്പം വെള്ളം വാങ്ങിക്കുടിച്ച് എന്റെ വരണ്ട ചുണ്ടുകളെ ഞാൻ നനച്ചു.

നേര്യമംഗലം, കോതമംഗലം വഴി മൂവാറ്റുപുഴയിൽ എത്തിയപ്പോൾ സമയം ആറുമണിയോടടുത്തു.

പതിനേഴുവർഷമായി മൂവാറ്റുപുഴയിൽ സ്ഥിരതാമസമുള്ള എനിക്ക് സബ്ജയിൽ എവിടെയാണെന്ന് അറിയാം. ഒരു കുന്നുംപ്രദേശത്ത് സ്ഥിതിചെയ്യുന്ന ജയിലിന്റെ ചുറ്റുമതിൽ മൂവാറ്റുപുഴ പട്ടണത്തിന്റെ പലഭാഗത്തുനിന്നും കണ്ണിൽപ്പെടുന്നവയാണ്. ജയിൽപരിസരത്തുള്ള റോഡിലൂടെ വിലങ്ങിട്ടതും ഇടാത്തതുമായ പ്രതികളെ കോടതിയിൽ ഹാജരാക്കാനും മറ്റും കൊണ്ടുപോകുന്നതും തിരിച്ചുകൊണ്ടുവരുന്നതും ഞാൻ പലപ്പോഴും കണ്ടിട്ടുണ്ട്.

എന്റെ വീട്ടിൽനിന്ന് രണ്ടു കിലോമീറ്ററിൽ കൂടുതൽ അകലത്തല്ലാത്തതും എന്നാൽ നാളിതുവരെ അപ്രാപ്യവുമായിരുന്ന ഒരു അപരിചിതലോകത്തിന്റെ പ്രവേശനകവാടത്തിനു മുമ്പിൽ എത്തിയതോടെ എന്റെ 'കവചിതയാത്ര'യ്ക്ക് വിരാമമായി.

പോലീസ് വാഹനത്തിൽനിന്ന് എന്നെയും കമലേഷ്കുമാർ ചൗധരിയെയും പുറത്തിറക്കി. ഞങ്ങളോടൊപ്പം നാലു പോലീസുകാർ മാത്രമേ ഇറങ്ങിയുള്ളൂ. ജയിലിന്റെ ഗേറ്റിനോടു ചേർന്ന് ഭിത്തിയിൽ സ്ഥാപിച്ചിട്ടുള്ള ബെല്ലിൽ ഒരു പോലീസുകാരൻ വിരലമർത്തി. മണിയടി കേട്ട് ഗേറ്റിലെ കിളിവാതിൽ തുറന്ന് ഒരു ജയിൽ വാർഡൻ എത്തിനോക്കി.

''അഡ്മിഷൻ ഉണ്ട്.''

പോലീസുകാരൻ പറഞ്ഞു.

അധികം താമസിയാതെ കരഞ്ഞു ബഹളമുണ്ടാക്കിക്കൊണ്ട് ആ ഇരുമ്പുവാതിൽ ഞങ്ങൾക്കു മുമ്പിൽ തുറക്കപ്പെട്ടു.

എന്നെയും കമലേഷ്കുമാറിനെയും കൂട്ടി പോലീസുകാർ മതിൽക്കെട്ടിനുള്ളിലേക്കു കടന്നു.

പ്രവേശനകവാടത്തിൽനിന്ന് അല്പം അകലെ ഇടതും വലതുമായി രണ്ട് ഒറ്റമുറിക്കെട്ടിടങ്ങൾ ഉണ്ട്. ഇടതുവശത്തുള്ളത് ജയിൽ സൂപ്രണ്ടിന്റെ ഓഫീസാണ്. വലതുവശത്തുള്ളതാണ് അഡ്മിഷൻ നടത്തുന്ന ഓഫീസ്. അങ്ങോട്ടാണ് എന്നെയും കമലേഷ് കുമാറിനെയും കൊണ്ടുപോയത്. അവിടെ

എത്തിയപ്പോൾ ഞങ്ങളോടൊപ്പമുള്ള പോലീസുകാർ ഞങ്ങളുടെ വിലങ്ങുകൾ അഴിച്ചെടുത്തു.

പോലീസുകാർ നല്കിയ രേഖകളിലെ വിവരങ്ങൾ ജയിൽ ഉദ്യോഗസ്ഥൻ രജിസ്റ്ററിൽ രേഖപ്പെടുത്തി. ഉപരിപഠനത്തിനായി പുതിയ കോളജിൽ അഡ്മിഷനെടുക്കുന്ന ഒരു വിദ്യാർത്ഥിയുടെ മനസ്സായിരുന്നു എനിക്കപ്പോൾ.

അഡ്മിഷൻ കഴിഞ്ഞപ്പോൾ ഞങ്ങളോടൊപ്പം വന്ന പോലീസുകാർ മടങ്ങി.

ഞാൻ എന്നെ ജയിലിൽ ചേർത്ത വാർഡനെ ആകപ്പാടെ നോക്കി. മനുഷ്യരെപ്പോലെ ചലിക്കുകയും സംസാരിക്കുകയും ചെയ്യുന്ന ഒരു ഇരുമ്പുപ്രതിമപോലെ അയാൾ തോന്നിച്ചു. അവജ്ഞയുടെയും വെറുപ്പിന്റെയും ഈയം മുഖത്ത് ഉരുക്കിയൊഴിച്ചിട്ടുമുണ്ട്.

അയാൾ എന്റെ ദേഹപരിശോധന നടത്തി. എന്നിട്ട് എന്റെ ബെൽറ്റ് അഴിച്ചുവെക്കാൻ പറഞ്ഞു.

ബെൽറ്റഴിച്ചപ്പോൾ എന്റെ പാന്റ്സ് അല്പമൊന്നിരുന്നു. ഒരാഴ്ചക്കാലത്തെ അനുഭവവൈവിധ്യംകൊണ്ട് എന്റെ ശരീരം അല്പം ചടച്ചിരുന്നു.

ഊരിവെച്ച ബെൽറ്റ് അവിടെയുണ്ടായിരുന്ന ഒരു വീഞ്ഞപ്പെട്ടിയിൽ വാർഡൻ നിക്ഷേപിച്ചു.

''ഇവിടെനിന്നു പോകുമ്പോൾ ചോദിച്ചുവാങ്ങിച്ചുകൊള്ളണം.'' വാർഡൻ പറഞ്ഞു.

ഞാൻ തല കുലുക്കി.

ജയിലിലെ ഉപയോഗത്തിനുവേണ്ടിയായിരുന്നു കട്ടപ്പനയിൽ ജോസഫ് മാത്യുവിന്റെ വീട്ടിൽവെച്ച് വസ്ത്രങ്ങളെല്ലാം അലക്കിയെടുത്തത്. അറസ്റ്റു ചെയ്യപ്പെടുമ്പോൾ പ്രതിയുടെ ഉടുവസ്ത്രമൊഴിച്ച് ബാക്കിയുള്ളതെല്ലാം പോലീസ് കണ്ടുകെട്ടുമെന്ന് എനിക്കറിയില്ലായിരുന്നു.

സബ്ജയിലിൽ ഇപ്പോൾ പ്രതികൾക്ക് യൂണിഫോം കൊടുക്കാറില്ലെന്നാണ് അറിവ്.

ഇനിയിപ്പോൾ എന്തു ചെയ്യും?

രണ്ടു കിലോമീറ്റർ അകലെ എന്റെ വീട്ടിൽ എനിക്കുവേണ്ടതെല്ലാം ഇരിപ്പുണ്ട്. പക്ഷേ, അവിടെ ഇപ്പോൾ ആരുമില്ലല്ലോ.

മൂവാറ്റുപുഴയിൽത്തന്നെയുള്ള ഏതെങ്കിലും സുഹൃത്തുക്കളെ അറിയിച്ചാൽ എനിക്ക് ഉടുക്കാനൊരു മുണ്ടും പിന്നെയൊരു തോർത്തും ടൂത്ത്ബ്രഷും, പേസ്റ്റുമൊക്കെ വാങ്ങിക്കൊണ്ടുവരുമായിരുന്നു.

അപ്പോൾ ഒരു ഫോൺനമ്പർ എന്റെ ഓർമ്മയിൽ തെളിഞ്ഞു. എന്റെ സുഹൃത്തും എൽഐസിയിൽ ഉദ്യോഗസ്ഥനുമായ കുര്യന്റെ ലാൻഡ് ഫോൺ നമ്പരാണ്.

ഫോൺ എവിടെ കിട്ടും?

വാർഡനോടു ചോദിച്ചാലോ? കാരിരുമ്പിന്റെ മുഖഭാവമാണെങ്കിലും അയാളും ഒരു മനുഷ്യനാണല്ലോ. നവാഗതനായ ഒരു ജയിൽപ്പുള്ളിയോട് ചെറിയൊരു അനുഭാവം അയാൾ കാട്ടാതിരിക്കുമോ?

മടിച്ചുമടിച്ച് അതിവിനയത്തോടെ ഞാൻ ചോദിച്ചു.

''എനിക്കുവേണ്ടി ഒന്നു ഫോൺ ചെയ്യാമോ?''

ധാർഷ്ട്യവും നിന്ദയും കലർന്ന വല്ലാത്തൊരു ഭാവത്തിൽ എന്നെ നോക്കി ചിറികോട്ടിയിട്ട് വാർഡൻ പറഞ്ഞു:

''അങ്ങനെയുള്ള സ്ഥലമല്ലിവിടം.''

എനിക്ക് വല്ലാത്തൊരു ചമ്മൽ അനുഭവപ്പെട്ടു. ഞാൻ അങ്ങനെ ചോദിക്കാൻ പാടില്ലായിരുന്നു. കാരണം, ഇത് ജയിലാണ്. പൗരാവകാശങ്ങളെല്ലാം ഹനിച്ച് ബന്ധനത്തിലാക്കുന്ന കാരാഗൃഹം.

ഇവിടെ എല്ലാറ്റിനും നിരോധനമാണ്.

ചിന്തകൾക്കു മാത്രമില്ല. മഹാഭാഗ്യം. ഞാൻ ഓർത്തു.

ജയിലിനു പുറത്തുള്ള മഹാഭൂരിപക്ഷത്തിന്റെയും ചിന്താസരണി ഇപ്പോൾ ബന്ധനത്തിലാണ്. യഥാർത്ഥത്തിൽ ഇപ്പോഴും അവരേക്കാൾ സ്വതന്ത്രൻ ഞാൻതന്നെ.

ഞാൻ ആശ്വസിച്ചു.

കമലേഷ്കുമാർ ചൗധരിക്കും എനിക്കും വെവ്വേറെ തടവറകളാണ് ചാർത്തിക്കിട്ടിയത്.

സെല്ലിലേക്ക് എന്നെ കൊണ്ടുപോകാൻ ജയിലിലെ 'മേസ്തിരി' എത്തി. മേസ്തിരി എന്നത് ഒരു സ്ഥാനപ്പേരാണ്. സീനിയോറിറ്റിയും വിശ്വസ്തതയുമുള്ള ഒരു തടവുപുള്ളിയെയാണ് ജയിലധികൃതർ ആ പദവിയിലേക്ക് അവരോധിക്കുന്നത്.

മുമ്പുകണ്ട വാർഡനെക്കാൾ കർക്കശക്കാരനാണ് ഈ മേസ്തിരി. എന്നെ കൂട്ടിക്കൊണ്ടുപോകുമ്പോൾ അയാൾ ഒരക്ഷരം മിണ്ടിയില്ല. എന്നാൽ മുമ്പെങ്ങോ അയാളെ പരിചയിച്ചിട്ടുള്ളതുപോലെ എനിക്കു തോന്നി. എവിടെ, എങ്ങനെ എന്നൊന്നും ഓർമ്മ കിട്ടിയില്ല.

വലിയ താഴിട്ടുപൂട്ടിയിരുന്ന നാലാം നമ്പർ സെല്ലിന്റെ ഇരുമ്പുവാതിൽ മേസ്തിരി എനിക്കായി തുറന്നു. ഞാൻ ഉള്ളിലേക്കു കടക്കുമ്പോൾ വാതിലിനടുത്തിരുന്ന തടവുകാരോട് മേസ്തിരി എന്തോ പറഞ്ഞു. അതു കേട്ടവരാകട്ടെ എന്നെ ഒന്നു നോക്കിയതല്ലാതെ മറ്റൊരു പ്രതികരണത്തിനും മുതിർന്നില്ല.

ഇരുമ്പഴിവാതിൽ വീണ്ടും താഴിട്ടുപൂട്ടി ഒന്നു വലിച്ച് ഉറപ്പുവരുത്തിയിട്ട് മേസ്തിരി പോയി.

# പുതിയ സുഹൃത്തുക്കൾ

ഞാൻ സെല്ലിന്റെ ഉള്ളിൽ ആകപ്പാടെ ഒന്നു കണ്ണോടിച്ചു. വീട്ടിലെ എന്റെ കിടപ്പുമുറിയെക്കാൾ അല്പംകൂടി വലിപ്പമുണ്ട്. സിമന്റിട്ട തറയിലും പുല്പായയിലുമായി പതിനാലുപേരുണ്ട്. ചിലർ ഇരിക്കുന്നു. ചിലർ കിടക്കുന്നു. എന്നെ കണ്ടതോടെ കിടന്നവരും എണീറ്റിരുന്നു. വളരെക്കാലത്തിനുശേഷം തറവാട്ടിലേക്ക് തിരിച്ചെത്തിയവനെ എന്നപോലെ അവർ കൗതുകത്തോടെ എന്നെ നോക്കി. ഉറ്റവരുടെ അടുത്തെത്തിയതുപോലെ പെട്ടെന്ന് എനിക്കും തോന്നി.

അവരിലൊരാൾ തന്റെ പുല്പായയിൽ ഇടമുണ്ടാക്കി എന്നെ ഇരിക്കാൻ ക്ഷണിച്ചു. അവിടെ അവരോടൊപ്പം ചമ്രംപടിഞ്ഞ് ഇരുന്നുകഴിഞ്ഞപ്പോൾ ആശ്വാസവും മനസ്സിനൊരു ലാഘവത്വവും അനുഭവപ്പെട്ടു. എന്റെ മുഖത്തെ വരൾച്ച കണ്ടിട്ടാവും അവരിലൊരാൾ ഞാൻ ചോദിക്കാതെ തന്നെ ഒരു സ്റ്റീൽ ഗ്ലാസ്സിൽ എനിക്ക് കഞ്ഞിവെള്ളം തന്നു. ഞാനത് ഒറ്റവലിക്ക് കുടിച്ചു. വായിൽ തടഞ്ഞ രണ്ടുമൂന്നു വറ്റും ചവച്ചിറക്കി.

''ഒരു ഗ്ലാസ്സുകൂടി കുടിച്ചോളു. ക്ഷീണമൊക്കെ മാറിക്കിട്ടട്ടെ.'' അയാൾ സ്റ്റീൽ മൊന്തയിൽനിന്ന് കഞ്ഞിവെള്ളം വീണ്ടും ഒഴിച്ചുതന്നു. അതുകൂടി കുടിച്ചുകഴിഞ്ഞപ്പോൾ വാടിപ്പോയിരുന്ന എന്റെ ശരീരം ഒന്നു തണുത്തു തളിർക്കുന്നതുപോലെ അനുഭവപ്പെട്ടു.

ഇത്ര ഹൃദ്യമായി എന്റെ ദാഹമകറ്റാൻ ഇതിനുമുമ്പ് ആരെങ്കിലും ശ്രദ്ധിച്ചിട്ടുണ്ടോ? ഞാൻ ഓർത്തുനോക്കി. അമ്മ? ഭാര്യ? മറ്റാരെങ്കിലും? ഇല്ല. ഇത്രയും വരില്ല. അപരിചിതരായ ഈ തടവുപുള്ളികൾക്ക് പിന്നെന്തേ ഇങ്ങനെ തോന്നാൻ?

വയറുനിറയെ ഭക്ഷണം കഴിച്ച് വീട്ടിൽനിന്ന് നേരേ ഇവിടേക്ക് യാതൊരുവിധ അല്ലലുമില്ലാതെ വന്നവരല്ല ഇവരാരും. പോലീസ് സ്റ്റേഷൻ, ലോക്കപ്പ്, കോടതി എന്നിങ്ങനെ ദുർഘടസ്ഥാനങ്ങൾ പലതും താണ്ടിയാണ് ഏതൊരാളും ഇവിടെ എത്തിപ്പെടുന്നത്. അതിനാൽ ഇവിടേക്കു വരുന്നവന്റെ ദൈന്യം എത്രമാത്രമാണെന്ന് ഇവർക്ക് ആരും പറയാതെതന്നെ അറിയാം.

''ഇവിടെ അത്താഴം വിളമ്പുന്നത് അഞ്ചുമണിക്കാണ്. അതു കഴിഞ്ഞു. ഇനി നാളെയേ ഭക്ഷണം കിട്ടത്തൊള്ളു.'' സെല്ലിലെ മൂപ്പൻ പറഞ്ഞു.

ഇരുമ്പഴിവാതിലിനോടു ചേർന്ന് ആവാസമുറപ്പിച്ചിരുന്ന ഇരുപത്തഞ്ചു വയസ്സുമാത്രം തോന്നിക്കുന്ന ചെറുപ്പക്കാരനാണ് ഞങ്ങളുടെ നാലാം നമ്പർ സെല്ലിലെ മൂപ്പൻ.

''പട്ടിണി കിടക്കണമല്ലോ എന്ന് വിചാരിക്കണ്ട,'' മൂപ്പൻ തുടർന്നു: ''ഞങ്ങളിൽ മിക്കവരും എട്ടുമണിയോടെയാണ് കഴിക്കുന്നത്. വാങ്ങി വെച്ചിട്ടുണ്ട്. അതിൽനിന്നു തരാം.''

ഞാൻ ഒന്നും മിണ്ടിയില്ല. മുറിയുടെ പലയിടത്തും മൂടിവെച്ചിരുന്ന സ്റ്റീൽ പ്ലെയിറ്റുകൾ ഞാൻ കണ്ടു. വാതിലിനരുകിൽ രണ്ടാം സ്ഥാനക്കാരനായി ഇരുന്ന മുപ്പതുവയസ്സു തോന്നിക്കുന്ന ഒരു സുന്ദരൻ എണീറ്റുവന്ന് എന്റെ സമീപമിരുന്നു.

''തൊടുപുഴ കോളജിലെ പ്രൊഫസറല്ലേ?''

അയാൾ ചോദിച്ചു. ഞാൻ തലകുലുക്കി.

''രാവിലെ പത്രവാർത്ത കണ്ടപ്പോൾ ഇങ്ങോട്ടുതന്നെയാവും വരവെന്ന് ഊഹിച്ചു.'' അയാൾ പുഞ്ചിരിച്ചു.

അപ്പോൾ അയാളുടെ ഇരുകവിളുകളിലും നുണക്കുഴികൾ ഉണ്ടായി. പുരുഷന്മാരിൽ നുണക്കുഴികൾക്ക് ഇത്ര ഭംഗി ഞാൻ ആദ്യം കാണുകയാണ്.

''ഇവിടെയുള്ള മറ്റാളുകൾക്ക് ഞാനാരാണെന്ന് മനസ്സിലായിക്കാണുമോ?'' അയാൾ മാത്രം കേൾക്കെ ഞാൻ ചോദിച്ചു.

''ഓ, പത്രം വായിച്ചവർക്കൊക്കെ അറിയാം. എല്ലാ പത്രത്തിലും ഫോട്ടോ ഉണ്ടായിരുന്നു.''

നുണക്കുഴിയൻ വീണ്ടും പുഞ്ചരിച്ചു.

അപ്പോഴേക്കും ഇലക്ട്രിക്ബെല്ലിന്റെ ശബ്ദം സെല്ലിലാകെ മുഴങ്ങി.

''ഫയൽ എടുക്കാൻ സമയമായി. അതിനുള്ള ബെല്ലാണത്.'' നുണക്കുഴിയൻ പറഞ്ഞു.

''ഫയലോ? അതെന്താണ്?'' ഞാൻ ചോദിച്ചു.

''നിങ്ങൾ സ്കൂളിലും കോളജിലും സ്റ്റുഡൻസിന്റെ ഹാജരെടുക്കില്ലേ. അതുതന്നെ സംഭവം. ഇവിടെ അതിനു 'ഫയൽ' എന്നാണു പറയുക.'' നുണക്കുഴിയൻ വിശദീകരിച്ചു.

ഞങ്ങളുടെ സെല്ലിന്റെ വലതുഭാഗത്താണ് ഇരുമ്പഴിവാതിൽ. അതിനു മുമ്പിൽ മുഖത്തോടുമുഖം തിരിഞ്ഞ് രണ്ടുവരിയായി ഞങ്ങൾ നിലത്തിരുന്നു. ഒരു റൈറ്റിങ് പാഡിൽ ക്ലിപ്പു ചെയ്തുവെച്ചിരുന്ന ലിസ്റ്റുമായി ഒരു വാർഡൻ വാതിലിനുനേരേ വെളിയിൽ വന്നുനിന്നു. അയാൾക്കു പുറകിലായി മറ്റൊരു വാർഡനുമുണ്ട്. അവിടെ നിന്നാൽ ഇരുവശങ്ങളിലായി ഇരിക്കുന്ന ഞങ്ങളെല്ലാവരെയും നന്നായി കാണാം.

ആംഗ്യഭാഷയിലുള്ള വാർഡന്റെ നിർദ്ദേശത്തെത്തുടർന്ന് വാതിലിനടുത്തുനിന്ന് തുടങ്ങിയ 'ഒന്ന്...രണ്ട്...' എതിർവശത്ത് വാതിലിനടുത്ത് 'പതിനഞ്ച് ' എന്ന് അവസാനിച്ചു. അതിനിടയിൽ എന്റെ ഊഴമെത്തിയപ്പോൾ ഞാനും ഒരു നമ്പർ പറഞ്ഞ് എന്റെ അഡ്മിഷനുശേഷമുള്ള ആദ്യത്തെ 'ഫയലി'ൽ ഭാഗഭാക്കായി.

രണ്ടാമത്തെ വാർഡൻ സെല്ലിനു പുറത്തുള്ള ചെറുബോർഡിൽ '14' എന്ന അക്കം മായിച്ചെഴുതിയത് '15' എന്നായിരിക്കുമെന്ന് ഞാൻ ഊഹിച്ചു.

''സാറേ...സാറേ...'' മൂപ്പന്റെ വിളികേട്ട് ഫയൽ കഴിഞ്ഞ് മടങ്ങാൻ ഭാവിച്ച വാർഡൻമാർ തിരിഞ്ഞുനിന്നു

''സാറേ, പുതിയ അഡ്മിഷനുണ്ട്. പായും കഞ്ഞിപ്പാത്രവും കിട്ടിയിട്ടില്ല.'' മൂപ്പൻ പറഞ്ഞു.

''സ്റ്റോറിൽ പായും പാത്രവുമൊന്നും സ്റ്റോക്കില്ല. ഉള്ളതുകൊണ്ടൊക്കെ അഡ്ജസ്റ്റ് ചെയ്യടേ...'' വാർഡൻമാരിലൊരാൾ ഉദാസീനമട്ടിൽ പറഞ്ഞു.

''പാത്രമില്ലെങ്കിലും വേണ്ടില്ല സാറെ... പായ് കിട്ടിയില്ലെങ്കി ഒരു രക്ഷയുമില്ല. എത്ര അഡ്ജസ്റ്റു ചെയ്താലും പറ്റില്ല സാറെ...'' മൂപ്പൻ വീണ്ടും പറഞ്ഞു നോക്കി.

''ഇന്നിപ്പോ ഒള്ളതുകൊണ്ടൊക്കെ അഡ്ജസ്റ്റ് ചെയ്യ്... നാളെയോ മറ്റോ നോക്കാം..''

അതും പറഞ്ഞ് വാർഡർമാർ അടുത്ത സെല്ലിലേക്കു നീങ്ങി.

പായും പാത്രവും എനിക്കുവേണ്ടിയാണ് ആവശ്യപ്പെട്ടതെങ്കിലും അവ നിരസിക്കപ്പെട്ടതിൽ എനിക്കൊരു വിഷമവും തോന്നിയില്ല.

''അവർ മനഃപൂർവ്വം തരാത്തതാണ്. സാറിനോട് എന്തോ ഇഷ്ടക്കേട് അവർക്കുണ്ടെന്നു തോന്നുന്നു.''

നുണക്കുഴിയൻ പറഞ്ഞു.

''ഇന്നല്ലെങ്കിൽ നാളെ പായയൊക്കെ വാങ്ങിക്കാം.'' മൂപ്പൻ പറഞ്ഞു: ''സാറിനിപ്പോ ഏറ്റവും ആവശ്യം മാറാനൊരു കൈലിയാണ്.''

''ഇന്നു ഞാൻ പാന്റ്സ് തന്നെ ഇട്ടോളാം. വീട്ടിൽനിന്ന് മുണ്ടുകൊണ്ടുവരാനുള്ള വഴി നാളെ എങ്ങനെയെങ്കിലും ആലോചിക്കാം.'' ഞാൻ പറഞ്ഞു.

''ഒരു ദിവസത്തേക്കായാലും മുണ്ടുവേണം. കാരണം, ടോയ്‌ലറ്റിന് ഹാഫ് ഡോറേ ഉള്ളൂ. ഒന്നിനായാലും രണ്ടിനായാലും ഇരുന്നുവേണം കാര്യം സാധിക്കാൻ. പാന്റ്സിട്ടോണ്ട് അതൊക്കെ വിഷമമാ...''

മൂപ്പൻ തുടർന്നു പറഞ്ഞു.

''സുമേഷേ... നീയൊരു മുണ്ടുകൊടുക്ക്.''

കറുത്ത നിറമുള്ളവനും മുഖത്ത് രോമം കിളുർത്തിട്ടില്ലെങ്കിലും ഏകദേശം മുപ്പതുവയസ്സു തോന്നിക്കുന്നവനുമാണ് സുമേഷ്. എതിർപ്പു പറഞ്ഞില്ലെങ്കിലും മുണ്ടു തരുന്നതിലുള്ള താത്പര്യക്കുറവ് അയാളുടെ മുഖത്ത് പ്രകടമായിരുന്നു. മനസ്സില്ലാമനസ്സോടെ തന്റെ ഭാണ്ഡമഴിച്ച് നിറം മങ്ങിയ ഒരു കള്ളിമുണ്ട് അയാൾ എനിക്കു തന്നു.

ഇരുമ്പഴി വാതിലിനു നേരേയാണ് ടോയ്‌ലറ്റ്. ഞാൻ പോയിനോക്കി. ടൈൽ പതിച്ചതാണ്. വൃത്തിയായി സൂക്ഷിച്ചിട്ടുണ്ട്. ടോയ്‌ലറ്റിനു പുറത്തു അതായത്

സെല്ലിൽത്തന്നെ ഒരു ടാപ്പുണ്ട്. അതിനോടുചേർന്ന് മലിനജലം പോകാനുള്ള ഒരു ഓവുണ്ട്.

ടാപ്പിൽ ഒരു തോർത്ത് പൊതിഞ്ഞു തൂക്കിയിട്ടുണ്ട്. അതിന്റെ ഉദ്ദേശ്യം പലതാണ്. കുടിക്കാനുള്ള വെള്ളവും അതിൽനിന്നായതുകൊണ്ട് തോർത്തിലൂടെ അരിച്ചെടുക്കാൻ സാധിക്കുന്നു. രണ്ടാമതായി വെള്ളം തോർത്തിലൂടെ ഊർന്നിറങ്ങി വീഴുന്നതുകൊണ്ട് ശബ്ദമുണ്ടാകുന്നില്ല. വെള്ളം ടാപ്പിൽനിന്നും വീഴുമ്പോൾ തെറിക്കാതിരിക്കാനും ഈ സംവിധാനം സഹായിക്കുന്നു.

ടോയ്‌ലറ്റിന്റെ ഉപയോഗരീതി അവർ എനിക്കു പറഞ്ഞുതന്നു. ടോയ്‌ലറ്റ് ഉപയോഗത്തിനായി അത്ര വലിപ്പമില്ലാത്ത ഒരു സ്റ്റീൽ കുടമാണുള്ളത്. ഒഴിക്കേണ്ട വെള്ളത്തിന്റെ കണക്കുവെച്ചിട്ടുണ്ട്. ഒന്നിനുപോയാൽ ഒരു കുടം, രണ്ടിനു പോയാൽ രണ്ടുകുടം.

തടവുപുള്ളികൾക്ക് കുളിക്കാനുള്ള സമയം രാവിലെയാണ്. സെല്ലിനുള്ളിലെ ടോയ്‌ലറ്റിൽ കുളി അനുവദനീയമല്ല. എങ്കിലും അത്യാവശ്യക്കാർ വാർഡർമാർ കാണാതെ ടോയ്‌ലറ്റിൽ 'ചെറുകുളികൾ' നടത്താറുണ്ട്. ടാപ്പിൽനിന്ന് വെള്ളം പിടിച്ചുകൊടുക്കാൻ ആരെങ്കിലും വേണമെന്നു മാത്രം.

പാന്റ്സ് മാറി മുണ്ടുടുത്ത എനിക്ക് തടവുകാരിൽ ഒരാൾ കുളിക്കാനായി തോർത്തുതന്നു. മറ്റൊരു തടവുപുള്ളി വെള്ളം പിടിച്ചുതന്നു. കുളി കഴിഞ്ഞതോടെ എന്റെ ശരീരത്തിൽനിന്നും മനസ്സിൽനിന്നും ഒട്ടേറെ വിഷമങ്ങൾ ഒലിച്ചുപോയി.

വൈകുന്നേരം കുളി നിർബന്ധമുള്ള രണ്ടുമൂന്നു പേർകൂടി 'ടോയ്‌ലറ്റ് കുളി' നടത്തിവന്നു. അതിനുശേഷം അത്താഴത്തിനുള്ള ഒരുക്കമായി.

അഞ്ചുമണിക്ക് ചോറു കിട്ടിയപ്പോൾത്തന്നെ മൂന്നുപേർ പാതി അപ്പോൾ കഴിച്ചതിനുശേഷം ബാക്കി എട്ടുമണിക്ക് കഴിക്കാൻ വെച്ചിരിക്കുകയാണ്.

സെല്ലിൽ വാതിലിന് ഇടതുമാറി ഒരു ജനലുണ്ട്. അത് തുറക്കാറില്ല. അതിന്റെ വീതിയുള്ള പടികളിലും മുറിയുടെ കോണിലും മറ്റും മൂടിവെച്ചിരുന്ന അവരവരുടെ പ്ലെയ്റ്റ് എടുത്തുവെച്ചു.

എനിക്കു ചോറുതരാമെന്നു പറഞ്ഞ ചെറുപ്പക്കാരൻ മൂപ്പൻ അവശേഷിച്ചിരുന്ന ഒരു കാലിക്കിണ്ണം എടുത്ത് കഴുകിക്കൊണ്ടുവന്നു. തന്റെ പാത്രത്തിലുണ്ടായിരുന്നതിന്റ പാതിച്ചോറ് അയാൾ ആ കിണ്ണത്തിലേക്ക് കൈകൊണ്ടുതന്നെ വാരിവെച്ചു. അതുപോലെ കറിയും. വാരിയതിന്റെ ബാക്കി ചോറായിരിക്കും എനിക്കു തരികയെന്ന് ഞാൻ കരുതി. പക്ഷേ, വാരിയെടുത്ത ചോറാണ് എനിക്കുതന്നത്. എനിക്കത് പ്രശ്നമായിരുന്നില്ല. ഞാനായിരുന്നുവെങ്കിൽ തിരിച്ചായിരുന്നു ചെയ്യുകയെന്നു മാത്രം.

ഒള്ളതു പറയാമല്ലോ. ചോദ്യപേപ്പർ വിവാദത്തിന്റെ പേരിൽ വീട്ടിൽ നിന്ന് ഇറങ്ങിയതിൽ പിന്നെ ആസ്വദിച്ചു ഭക്ഷണം കഴിക്കുന്നത് ഇപ്പോഴാണ്. 'ചാക്കരി'

എന്ന് ഞങ്ങളുടെ നാട്ടിൽ വിളിക്കപ്പെടുന്ന വെള്ളയരിയുടെ ചോറും കഥകളിൽ വായിച്ചും സിനിമകളിൽ കണ്ടും പരിചയിച്ചിട്ടുള്ള 'ജയിലിലെ പുഴുക്കും'.

എന്റെ പ്ലേറ്റ് പെട്ടെന്ന് ഒഴിഞ്ഞു. അതുകണ്ടിട്ട് മൂപ്പൻ പാത്രത്തിൽനിന്ന് അല്പംകൂടി ചോറുതരട്ടേയെന്ന് ചോദിച്ചു. വേണ്ടായെന്ന് ആത്മാർത്ഥമായിത്തന്നെയാണ് പറഞ്ഞത്. എന്റെ വയർ നിറഞ്ഞിരുന്നു.

ഊണിനുശേഷം തറയൊക്കെ അടിച്ചുതുടച്ചുവൃത്തിയാക്കി. അതൊക്ക ഊഴമനുസരിച്ച് ഓരോരുത്തരും കൃത്യമായി ചെയ്യുകയാണ്.

ഊണിനുശേഷം വട്ടംകൂടി ഇരുന്നപ്പോൾ നുണക്കുഴിയൻ ചോദിച്ചു.

''ചോദ്യപേപ്പർ വിവാദം എന്നൊക്കെ പത്രത്തിൽ വായിച്ചെങ്കിലും സംഭവം എന്താണെന്ന് ഞങ്ങൾക്കു പിടികിട്ടിയില്ല. എന്തായിരുന്നു അതിലെ കുഴപ്പം?''

എന്റെ ഉത്തരം കേൾക്കാനായി സെല്ലിലുള്ള മിക്കവരും എന്റെനേരേ തിരിഞ്ഞു.

ചോദ്യവും അതു തയാറാക്കുമ്പോഴുള്ള എന്റെ ഉദ്ദേശ്യശുദ്ധിയും സത്യസന്ധമായി ഞാൻ അവർക്ക് വിവരിച്ചുകൊടുത്തു. ഞാൻ പറഞ്ഞതത്രയും അവർക്ക് ബോധ്യപ്പെട്ടെന്ന് എനിക്കുതോന്നി.

''ഇങ്ങനൊക്കെ ആളുകൾ പ്രശ്നമുണ്ടാക്കാൻ തുടങ്ങിയാൽ കഥയും സിനിമയുമൊക്കെ എങ്ങനെ ഉണ്ടാക്കാൻ പറ്റും?''

കേൾവിക്കാരിലൊരാൾ നിഷ്കളങ്കമായി ചോദിച്ചു.

രണ്ടാം ക്ലാസുവരെ മാത്രം പള്ളിക്കൂടത്തിൽ പോയിട്ടുള്ളവനും എന്നാൽ എഴുത്തും വായനയും അറിയാത്തവനുമായ മുസ്ലിം സമുദായത്തിൽപെട്ട ജബ്ബാർ ആണ് അങ്ങനെയൊരു ചോദ്യം ആത്മഗതം ചെയ്തത്. അക്ഷരാഭ്യാസമില്ലാത്ത ജബ്ബാറിനുപോലും എന്റെ വിവാദചോദ്യത്തിന്റെ പൊരുൾ മനസ്സിലാക്കാൻ കഴിഞ്ഞു എന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് ബുദ്ധിയുള്ള യാതൊരാൾക്കും തെറ്റിദ്ധരിക്കാനാവാത്തവിധം എന്റെ ചോദ്യം ശരിയും സംശയാതീതവുമാണെന്ന് എനിക്ക് ഇപ്പോഴും എപ്പോഴും തോന്നുന്നത്.

പിന്നീട് ഞാൻ ഓരോരുത്തരുടെ പേര് ചോദിച്ചു പരിചയപ്പെട്ടു.

ജബ്ബാർ പോക്കറ്റടിക്കാരനാണ്. ജബ്ബാറിനെക്കൂടാതെ ഇസ്ലാംമതത്തിൽപെട്ട വേറൊരാൾകൂടിയുണ്ട്. പരീത്. ഇക്കായ്ക്ക് ഏകദേശം അറുപതു വയസ്സുകാണും. നല്ല ആരോഗ്യമുള്ള ശരീരമാണ്. അല്പം മദ്യപാനശീലമൊക്കെയുണ്ട്. ലഹരിയുടെ ധൈര്യത്തിൽ ഒരു രാഷ്ട്രീയ പാർട്ടിയുടെ പ്രാദേശിക നേതാവിനെ കയ്യേറ്റം ചെയ്തതിന്റെ ഫലമായിട്ടാണ് ഇവിടെ എത്തിയത്. മൂപ്പന്റെ പേര് അനീഷ് എന്നാണ്. കൗമാര കാലത്തുതന്നെ മോഷണം എന്ന കലയിൽ ആകൃഷ്ടനായി. അതിനാൽ ജയിലൊന്നും പുത്തരിയല്ല. എന്നാൽ ഇപ്പോൾ ജയിലിലായത് ഭാര്യയുടെ മരണവുമായി ബന്ധപ്പെട്ടാണ്. ഭാര്യ ആത്മഹത്യ ചെയ്തതാണെന്നാണ് പറയപ്പെടുന്നത്.

തിളയ്ക്കുന്ന ശരീരമുള്ള ചെറുപ്പക്കാരൻ സന്തോഷ്. മോഷണമാണ് തൊഴിലെന്നു പറയാൻ ജാള്യത ഉണ്ടെങ്കിലും സംഗതി അതുതന്നെയാണ്. എനിക്ക് കള്ളിമുണ്ടു തന്ന സുമേഷ് കപ്പ, ചേന, കാച്ചിൽ തുടങ്ങിയ കാർഷികവിളകളുടെ മോഷ്ടാവാണ്. നുണക്കുഴിയന്റെ പേര് കൃഷ്ണനുണ്ണി എന്നാണ്. കുത്തുകേസാണെന്ന് അയാൾ ഒഴുക്കൻമട്ടിൽ പറഞ്ഞു.

നാല്പത്തിയഞ്ചു വയസ്സുതോന്നിക്കുന്നവനും തനി വെജിറ്റേറിയനുമായ രാജാറാമിനു ജോലി വാച്ച് റിപ്പയറിങ്ങായിരുന്നു. താൻ ഒരു തെറ്റും ചെയ്തിട്ടില്ലെന്നാണ് അയാളുടെ വാദം. വാച്ചിനോടും സമയത്തോടുമുള്ള തൊഴിൽപരമായ അഭിനിവേശംകൊണ്ടാണോ എന്നറിയില്ല; വാച്ചുകെട്ടിയ ഒരു പെങ്കൊച്ചിനോട് സമയമെന്തായി എന്ന് ചോദിക്കുകമാത്രമേ രാജാറാം ചെയ്തുള്ളു. അധികം താമസിയാതെ പോലീസ് വണ്ടി എത്തി. രാജാറാം അകത്തുമായി. പെങ്കൊച്ചിന്റെ അച്ഛൻ ഒരു പോലീസുകാരനായിപ്പോയതാണത്രേ തനിക്കു വിനയായത്. പക്ഷേ, ഈ കഥ സെല്ലിലുള്ള ആരും വിശ്വസിച്ചിട്ടില്ല.

സെല്ലിലെ കാരണവർ പീലിപ്പോസ് ആണ്. പീലിപ്പാപ്പൻ എന്നാണ് സെല്ലിലുള്ളവർ സ്നേഹത്തോടെ വിളിക്കുന്നത്. വയസ് എഴുപതു കഴിഞ്ഞു. എങ്കിലും മൂക്കത്താണ് ദേഷ്യം. രണ്ടു പെൺമക്കളുള്ളതിനെ കെട്ടിച്ചയച്ചു. പിന്നെയുള്ളത് ഒരാണ്. അവന് ഗൾഫിലാണ് ജോലി. അവധിക്കു നാട്ടിൽ വന്നതാണ്. അപ്പനുമായിട്ട് എന്തോ കശപിശ ഉണ്ടായി. പീലിപ്പാപ്പൻ വാക്കത്തിയെടുത്ത് ഒരു പ്രയോഗം. മകന്റെ മൂക്കിന്റെ പാലത്തിലാണു കൊണ്ടത്. ഭാഗ്യം തുണച്ചു. മുറിവ് മരണകാരണമായില്ല. മകന് ആശുപത്രിയിലും അപ്പന് ജയിലിലും അഡ്മിഷനായി. ഏകദേശം ഒരു മാസമായി. മകൻ ഡിസ്ചാർജായെങ്കിലും അപ്പൻ ഡിസ്ചാർജ് ആയില്ല. ജാമ്യത്തിലിറക്കാൻ ആരും തയാറാകാത്തതാണു കാരണം.

വ്യാജമദ്യം വില്ക്കുന്നവരും ക്വട്ടേഷൻ ടീമിൽ പെട്ടവരുമാണ് ബാക്കിയുള്ള തടവുപുള്ളികൾ. അന്യസംസ്ഥാനക്കാരായിട്ട് ഒരു തമിഴനും ആന്ധ്രാക്കാരനും ഉണ്ട്. ചീറ്റിങ് കേസിൽപ്പെട്ട് തമിഴൻ അന്ന് അഡ്മിഷൻ എടുത്തതേയുള്ളൂ. ഒരു പിച്ചക്കാരനെപ്പോലെ തോന്നിക്കുന്ന ആന്ധ്രക്കാരനെ സംശയസാഹചര്യത്തിൽ അറസ്റ്റുചെയ്ത് റിമാൻഡ് ചെയ്തതാണെന്നു പറയപ്പെടുന്നു.

ജയിലിൽ ഉറങ്ങാനുള്ള സമയം ഒമ്പതുമണിയാണ്. പരീതിക്കയാണ് എനിക്ക് കിടക്കാനുള്ള ഇടം തന്നത്. ഇക്ക തന്റെ പായയിൽ ഒരു പുതപ്പുകൂടി വിരിച്ചിട്ട് അതിന്റെ പകുതിഭാഗം എനിക്കുവേണ്ടി ഒഴിഞ്ഞുതന്നു. ഞാൻ അതിൽ കിടന്നു. അപ്പോഴേക്കും സെല്ലിലെ ലൈറ്റ് അണഞ്ഞു. എന്നാൽ വരാന്തയിലുള്ള ബൾബ് രാത്രി മുഴുവനും കത്തിനിൽക്കും. അതിനാൽ ഉള്ളിലെ ലൈറ്റണച്ചാലും സെല്ലിൽ സാമാന്യം വെളിച്ചമുണ്ട്.

ലൈറ്റണച്ചാൽ പിന്നെ തടവുപുള്ളികൾ സംസാരിക്കാൻ പാടില്ല. അതിനാൽ ആരെങ്കിലും സംസാരിച്ചാൽത്തന്നെ അത് അടക്കിപ്പിടിച്ച ശബ്ദത്തിലായിരിക്കും.

സെല്ലിലെ മിക്കവരും ഉറക്കമായെന്നു തോന്നുന്നു. കണ്ണടച്ചു കിടന്നിട്ടും എനിക്ക് ഉറക്കം വന്നില്ല. ഒരേ മട്ടിൽ കുറേനേരം കിടന്നപ്പോൾ ഒന്നു ചെരിഞ്ഞോ തിരിഞ്ഞോ ഒക്കെ കിടക്കണമെന്നുതോന്നി. അതിനൊക്കെ തുനിഞ്ഞാൽ കൈയോ കാലോ കൊണ്ട് ചിലപ്പോൾ അടുത്തു കിടക്കുന്നവരുടെ ഉറക്കം കെടാനും മതി. അതിനാൽ അങ്ങനെ തന്നെ അനങ്ങാതെ കിടന്നു. ക്രമേണ സിമന്റുതറയുടെ തണുപ്പ് പുല്പായയെയും വിരിച്ച പുതപ്പിനെയും ഭേദിച്ച് എന്റെ ശരീരത്തിലേക്ക് അരിച്ചു കടക്കുന്നതായി അനുഭവപ്പെട്ടു. പണ്ട് വാതപ്പനി വന്നതിനുശേഷം തറയിൽ കിടക്കുന്നത് പ്രശ്നമാണ്. തറയിൽ ബെഡ്ഷീറ്റിട്ടാണെങ്കിലും പിറ്റേന്നു രാവിലെ എണീക്കുമ്പോൾ ശരീരത്തിനാകെ ഒരു കടച്ചിൽ അനുഭവപ്പെടാറുണ്ട്. പക്ഷേ, അതൊക്കെ ഉണരുമ്പോഴല്ലേ. ഇപ്പോൾ വേണ്ടത് കിടപ്പിന്റെ അസൗകര്യങ്ങളെ മറികടക്കാനുള്ള ഒരു ഗാഢനിദ്രയാണ്.

അങ്ങനെ കിടക്കുമ്പോൾ രണ്ടുമൂന്നു കൊതുകുകൾ മൂളക്കവുമായി എന്റെ മുഖത്തിന് വട്ടമിട്ടു പറക്കാൻ തുടങ്ങി. കൊതുകുകൾക്ക് പണ്ടുമുതൽ എന്നെ വലിയ ഇഷ്ടമാണ്. സമീപത്തെങ്ങാനും ഒരു കൊതുകുണ്ടെങ്കിൽ അത് എന്റെ അടുത്തുവരാതിരിക്കില്ല.

മൂളിനടന്ന് ശല്യപ്പെടുത്താതെ മിണ്ടാതെവന്ന് വേണ്ടത് കുടിച്ചിട്ട് പൊയ്ക്കൂടേ ഇവറ്റകൾക്ക്? കാതുകൾക്കരികിൽ വന്നുള്ള ഈ അലപ്പാണ് എറ്റവും അസഹ്യം.

എന്നോടൊപ്പം കിടക്കുന്നവരിൽ പലരും നല്ല മോഷ്ടാക്കളാണ്. ഈ കിടക്കുന്ന ജമ്പാറൊക്കെ ആളുകളുടെ പോക്കറ്റിൽനിന്ന് പേഴ്സും മറ്റും എടുക്കുന്നത് ആ പോക്കറ്റുപോലും അറിയാതെയാണ്. ഈ കൊതുകുകൾക്കും അങ്ങനെ നല്ല 'പ്രൊഫഷണൽ' ആയിക്കൂടേ?

# ആറാം തിരുമുറിവ്

ഫയലിനുള്ള ബെൽ കേട്ടാണ് ഉണർന്നത്. രാവിലെ ആറുമണിക്കും വൈകുന്നേരം ആറുമണിക്കുമായി രണ്ടുനേരമാണ് ഫയൽ എടുക്കുന്നത്. ഇരുമ്പഴിവാതിലിനു പിന്നിൽ അഭിമുഖമായ രണ്ടു പന്തികളിലൊന്നിൽ ചമ്രം പടിഞ്ഞിരിക്കുമ്പോൾ ശരീരത്തിന്റെ സന്ധിബന്ധങ്ങളിൽ വാതത്തിന്റേതായ ഒരു അസഹ്യത അനുഭവപ്പെട്ടു. മീനമാസത്തിലെ ചൂടു കാലാവസ്ഥ ആയതിനാലാവാം അതത്ര പ്രബലപ്പെട്ടില്ല.

ഫയൽ എടുത്ത് വാർഡൻമാർ പോയതിനുശേഷം പരീതിക്കായോട് അല്പം ടൂത്ത്പേസ്റ്റ് ചൂണ്ടുവിരലിൽ വാങ്ങി പല്ലുതേച്ചു. അതുകഴിഞ്ഞപ്പോൾ എന്തെങ്കിലുമൊന്നു കുടിക്കണമെന്നു തോന്നി.

ജയിലിൽ എട്ടുമണിക്കുള്ള പ്രഭാതഭക്ഷണത്തോടൊപ്പമേ ചായ കിട്ടുകയുള്ളൂ. അതിനാൽ സെല്ലിലെ ടാപ്പിൽനിന്ന് സ്റ്റീൽ ഗ്ലാസ്സിൽ വെള്ളം പിടിച്ചു കുടിച്ചു. കുടി കഴിഞ്ഞപ്പോൾ തൊണ്ടയിലാകെ ഒരു കിച്കിച്. തണുത്തതുകുടിച്ചാൽ അതങ്ങനെയാണ്.

7.30 ഓടെ മേസ്തിരി വന്ന് ഞങ്ങളുടെ സെല്ലിന്റെ വാതിൽ തുറന്നു. ഇന്ന് ഞങ്ങൾക്കാണ് കുളിക്കാനുള്ള ആദ്യത്തെ ഊഴം. നാളെ അത് അവസാനത്തേതാകും. ഒരു ദിവസം ഈ വശത്തുനിന്നും തുടങ്ങിയാൽ അടുത്തദിവസം മറുവശത്തുനിന്നാകും തുടക്കം.

ജയിൽ വളപ്പിന്റെ താഴത്തുഭാഗത്ത് ചുറ്റുമതിലിനു സമീപമാണ് ജയിൽ പുള്ളികൾക്ക് കുളിക്കാൻ വെള്ളം നിറച്ചിടുന്ന ടാങ്കുകൾ. സൂപ്രണ്ടിന്റെ ഓഫീസിനു സമീപത്തുകൂടി ചെറിയ പടികൾ ഇറങ്ങിവേണം അവിടേക്കുപോകാൻ. തടവുകാർ കുളിക്കാൻ വരുന്നതിനുമുമ്പായി ഒരു വാർഡൻ വാട്ടർടാങ്കിന്റെ പരിസരമൊക്കെ സൂക്ഷ്മനിരീക്ഷണം നടത്തും. ചുറ്റുമതിലിന് പുറത്തുനിന്ന് ആരെങ്കിലും ഉള്ളിലുള്ള പുള്ളികൾക്കു വേണ്ടി കഞ്ചാവുപോലുള്ള ലഹരിവസ്തുക്കൾ, മൊബൈൽ ഫോൺ, ഏതെങ്കിലും തരത്തിലുള്ള ആയുധങ്ങൾ എന്നിവ എറിഞ്ഞിട്ടുണ്ടോ എന്ന് അറിയാൻവേണ്ടിയാണ് ആ പരിശോധന.

കുളിസ്ഥലത്തേക്കുള്ള വഴിയിൽ അവിടവിടെയായി രണ്ടുമൂന്നു വാർഡൻമാർ കാവൽ നില്ക്കുന്നുണ്ടായിരുന്നു. തോർത്ത്, സോപ്പ്, കോരിക്കുളിക്കാൻ സ്റ്റീൽ മൊന്ത അല്ലെങ്കിൽ കിണ്ണം എന്നിവ കൈയിലേന്തിയ തടവുപുള്ളികളിൽ ഒരുവനായി ഞാനും കുളിസ്ഥലത്തേക്കു നടന്നു.

കുളിക്കാൻ ആവശ്യമായ സാമഗ്രികളൊന്നും എന്റെ കൈവശം ഉണ്ടായിരുന്നില്ല. കുളിക്കാൻ ഒരു സെല്ലുകാർക്ക് അനുവദനീയമായ സമയം

അഞ്ചുമിനിട്ടാണ്. ആദ്യം കുളി കഴിഞ്ഞ ആളോട് തോർത്തും കോരിക്കുളിക്കാനുള്ള മൊന്തയും വാങ്ങിച്ചു. വേഗത്തിൽ രണ്ടുമൊന്ത വെള്ളം കോരി ദേഹത്തൊഴിച്ചു. അടുത്തുകണ്ട ഒരു സോപ്പെടുത്ത് ദേഹത്തു തേച്ചു. അപ്പോഴേക്കും അടുത്ത സെല്ലിലെ പുള്ളികൾ എത്തിക്കഴിഞ്ഞു. രണ്ടുമൂന്നു മൊന്തവെള്ളംകൂടി തിടുക്കത്തിൽ ഒഴിച്ച് തോർത്തിയെന്നുവരുത്തി മുണ്ടെടുത്തുടുത്തുകൊണ്ട് ഓടിയിട്ടെന്നവണ്ണം സെല്ലിലുള്ളവരോടൊപ്പമെത്തി. സൂപ്രണ്ടിന്റെ ഓഫീസിനരികിൽ കാവൽ നിന്നിരുന്ന ഒരു വാർഡൻ ഞാൻ അരികിലെത്തിയപ്പോൾ പറഞ്ഞു.

''അളിയനോ മറ്റോ ആണെന്നു തോന്നുന്നു, തോർത്തും മുണ്ടുമൊക്കെ ഇന്നലെ കൊണ്ടുവന്നത് ഓഫീസിലിരിപ്പുണ്ട്. എടുത്തോണ്ടു പൊയ്ക്കോ.''

''സാർ, കിടക്കാനുള്ള പായ കിട്ടിയിട്ടില്ല.''

ഞാൻ ഭവ്യതയോടെ പറഞ്ഞു.

''മേസ്തിരിയോടു പറഞ്ഞാൽമതി തരും.''

വാർഡൻ പറഞ്ഞു.

ഓഫീസിൽനിന്ന് പ്ലാസ്റ്റിക്കൂടിലെ സാധനങ്ങൾ വാങ്ങി സെല്ലിൽ എത്തിയിട്ട് തുറന്നുനോക്കി. രണ്ടു കോട്ടൺ കൈലി, ബെഡ്ഷീറ്റ്, പുതപ്പ്, തോർത്ത്, ടൂത്ത്ബ്രഷ്, പേസ്റ്റ്, സോപ്പ്. നൂറോളം കിലോമീറ്റർ അകലെ മുരിക്കാശ്ശേരിയിൽനിന്ന് ഇന്നലെ സന്ധ്യയ്ക്കു മുമ്പായി കൊണ്ടുവന്ന് വാർഡനെ ഏല്പിച്ചതാണ്. ഇതൊക്കെ ഇന്നലെത്തന്നെ തന്നിരുന്നെങ്കിൽ, വേണ്ട, ഇന്നു രാവിലെ എങ്കിലും ആയിരുന്നെങ്കിൽ. ചെറുസങ്കടത്തോടെ ഞാൻ ഓർത്തു.

എല്ലാ സെല്ലിലെയും തടവുകാർ കുളികഴിഞ്ഞെത്തിയതിനുശേഷമാണ് പ്രഭാതഭക്ഷണവിതരണം. മേസ്തിരി വന്ന് സെല്ലിന്റെ വാതിൽതുറന്നു. സ്റ്റീൽഗ്ലാസും പ്ലെയിറ്റുമായി ഞങ്ങൾ തടവുപുള്ളികൾ വരാന്തയിൽ ക്യൂപാലിച്ചുനിന്നു. അടുക്കളയിൽ പാചകത്തിനായി നിയോഗിക്കപ്പെട്ടിരിക്കുന്ന തടവുപുള്ളികൾതന്നെയാണ് ഭക്ഷണം വിളമ്പുന്നത്. രണ്ടു വാർഡൻമാർ എല്ലാം നിരീക്ഷിച്ചുകൊണ്ട് സമീപത്തായി നില്ക്കും.

രണ്ടു വലിയ ചപ്പാത്തിയോടൊപ്പം കടലക്കറിയും എന്റെ പ്ലെയിറ്റിൽ വിളമ്പികിട്ടി. കടലക്കറി എന്നു പറഞ്ഞാൽ ചാറാണ്. കടലയുടെ എണ്ണം താരതമ്യേന കുറവാണ്. നല്ല ചൂടുള്ള ചായയാണ് സ്റ്റീൽഗ്ലാസ്സിലേക്ക് പകർന്നുകിട്ടിയത്.

വളരെക്കാലങ്ങളായി ജയിലിലെ പ്രഭാതഭക്ഷണം തിളച്ച വെള്ളത്തിലിട്ടു വേവിക്കുന്ന ഗോതമ്പിന്റെ ഉണ്ടയും തേങ്ങ അരച്ച മുളകുചമ്മന്തിയും ആയിരുന്നു. 'ഗോതമ്പുണ്ട തീറ്റിക്കും' എന്ന ചൊല്ലുതന്നെ ഉണ്ടായിട്ടുള്ളത് ജയിലിലെ ഈ പ്രഭാതഭക്ഷണത്തെ അടിസ്ഥാനമാക്കിയാണ്. എന്നാൽ എനിക്ക് പ്രസിദ്ധമായ ആ 'ഗോതമ്പുണ്ട' തിന്നാൻ ഭാഗ്യമില്ലാതെപോയത് ഞാൻ ഇവിടെ

എത്താൻ അല്പം വൈകിയതിനാലാണ്. മൂവാറ്റുപുഴ സബ്ജയിലിൽ ഉണ്ടയുടെയും ചമ്മന്തിയുടെയും സ്ഥാനത്ത് ചപ്പാത്തിയും കടലക്കറിയും ആയിട്ട് ഒരാഴ്ച മാത്രമേ ആയുള്ളുവത്രേ.

ഭക്ഷണവുമായി തടവുപുള്ളികൾ സെല്ലിലേക്ക് തിരിച്ചുകയറി. മേസ്തിരി വാതിൽ താഴിട്ടുപൂട്ടിയിട്ട് അടുത്ത സെല്ല് തുറക്കാനായി പോയി.

സെല്ലിനുള്ളിൽ വട്ടത്തിലിരുന്നാണ് ഭക്ഷണം കഴിക്കുന്നത്. തങ്ങൾക്ക് അധികമാണെന്നു തോന്നുന്ന ഭക്ഷണം മറ്റുള്ളവർക്ക് പങ്കുവെക്കാനും അങ്ങനെ മുഖാമുഖം ഇരിക്കുന്നത് സൗകര്യപ്രദമായിരുന്നു. പ്രായമായവരിൽ ചിലർ തങ്ങൾക്കു കിട്ടിയ രണ്ടു ചപ്പാത്തിയിൽനിന്ന് ഒരെണ്ണം ആവശ്യക്കാർക്കു കൊടുത്തിട്ട് തലേദിവസം വെള്ളമൊഴിച്ചുവെച്ചിരുന്ന ചോറും സൂക്ഷിച്ചുവെച്ചിരുന്ന തൈരുംകൂട്ടി പ്രാതൽ ഉഷാറാക്കി. കള്ളന്മാരായ ചെറുപ്പക്കാർക്ക് ചോറിനെക്കാൾ പഥ്യം ചപ്പാത്തി ആയിരുന്നു. മറ്റുള്ളവരിൽനിന്നും വാങ്ങി നാലും അഞ്ചും ചപ്പാത്തി അവർ കഴിച്ചു. അവർ ഉച്ചയ്ക്കും വൈകുന്നേരവും ചോറുകുറയ്ക്കും. അതിനാൽ അവരെല്ലാം വയറുകുറഞ്ഞ് ദൃഢഗാത്രരായിട്ടാണിരിക്കുന്നത്. ശരീരം ഒതുങ്ങിയിരിക്കേണ്ടത് മോഷ്ടാക്കളുടെ തൊഴിൽപരമായ ഒരു ആവശ്യവും ആയിരുന്നിരിക്കണം.

ഏതായാലും എനിക്കുകിട്ടിയ രണ്ടു ചപ്പാത്തി ഞാൻ ആരുമായും പങ്കുവെച്ചില്ല. ഇവിടെ വന്നിട്ട് അവകാശാധികാരത്തോടെ ആദ്യമായി എനിക്കു ലഭിക്കുന്ന പണ്ടാരംവക ഭക്ഷണമല്ലേ? ഞാൻ മുഴുവനും കഴിച്ചു.

ഭക്ഷണത്തിനുശേഷം തറയെല്ലാം പതിവുപോലെ അടിച്ചുതുടച്ചു വൃത്തിയാക്കി. അക്കാര്യത്തിൽ ഒരു അലംഭാവവുമില്ല.

അലംഭാവം വിചാരിക്കാൻ എങ്ങനെ കഴിയും? വിശാലമായ ഈ ഭൂലോകത്തിൽ ഞങ്ങൾ പതിനഞ്ചുപേർക്ക് വിഹരിക്കാൻ നൂറ്റിയെൺപത് ചതുരശ്ര അടിമാത്രം വിസ്തീർണ്ണമുള്ള ഈ തറ മാത്രമല്ലേ ഉള്ളൂ.

ഭക്ഷണത്തിനുശേഷം ചെറുപ്പക്കാരായ ചിലർ വായനയിൽ മുഴുകി. ആഴ്ചപ്പതിപ്പുകളുടെയും സിനിമാമാസികകളുടെയും ഒരു ചെറിയ ശേഖരംതന്നെ സെല്ലിലുണ്ട്. കേസവധിക്ക് കോടതിയിൽ പോയിട്ടുവരുമ്പോൾ ഓരോരുത്തരും വാങ്ങിക്കൊണ്ടുവരുന്നവയാണ് അവയൊക്കെ.

ചെസ്, പാമ്പും കോണിയും എന്നീ കളികളിലും ചിലർ വ്യാപൃതരായി. കാരംസ് ബോർഡ് ജയിലിലുണ്ടെങ്കിലും ഓരോ സെല്ലിനും പ്രത്യേകമായിട്ടില്ല. ടേൺ അനുസരിച്ച് മേസ്തിരിയോട് പറഞ്ഞുവാങ്ങിക്കണം. ചീട്ടുകളി ജയിലിൽ അനുവദനീയമല്ല.

ചെസ് കളിക്കുന്നതും നോക്കി കളിക്കാരുടെ അടുത്തിരുന്ന എന്നെ തോണ്ടിയിട്ട് നുണക്കുഴിയൻ കൃഷ്ണനുണ്ണി പറഞ്ഞു:

''ദേ... മേസ്തിരി. പായ് കിട്ടിയിട്ടില്ലെന്നുപറ, തരാമെന്ന് വാർഡൻപറഞ്ഞിട്ടുണ്ടെന്നും പറഞ്ഞേര്.''

അപ്പുറത്തെ സെല്ലിൽ എന്തോ കാര്യത്തിനു പോയിട്ട് ഞങ്ങളുടെ സെല്ലിന്റെ സമീപത്തുകൂടി വരികയാണ് മേസ്തിരി.

മേസ്തിരിയുടെ പേര് 'മോഹനൻ' എന്നാണെന്ന് സെല്ലിലുള്ളവരിൽ നിന്ന് ഇതിനോടകം ഞാൻ മനസ്സിലാക്കിയിരുന്നു.

ഞാൻ എണീറ്റ് ഇരുമ്പഴിവാതിലിനു സമീപം ചെന്ന് മേസ്തിരി അടുത്തെത്തിയപ്പോൾ ബഹുമാനത്തോടെ വിളിച്ചു:

''മോഹനൻ ചേട്ടാ...''

മേസ്തിരി നിന്നിട്ട് എന്റെ നേരേ ഗൗരവത്തിൽ നോക്കി.

ഞാൻ ഭവ്യതയോടെ പറഞ്ഞു.

''എനിക്ക് പായ് കിട്ടിയിട്ടില്ല... തരാമെന്ന് വാർഡൻ പറഞ്ഞിട്ടുണ്ട്.''

എന്നെ സൂക്ഷിച്ചുനോക്കി അനുഭാവത്തോടെ മേസ്തിരി ചോദിച്ചു.

''തരാമെന്ന് വാർഡൻ പറഞ്ഞോ?''

''പറഞ്ഞു.'' ഞാൻ പ്രത്യാശയുള്ളവനായി.

''എങ്കിൽ വാർഡൻ തരും.''

അങ്ങനെ പറഞ്ഞിട്ട് അയാൾ ഗംഭീരനായി നടന്നു.

എന്റെയും മേസ്തിരിയുടെയും സംസാരം കൃഷ്ണനുണ്ണി കേട്ടിരുന്നു. ഞാൻ അടുചെന്നിരുന്നപ്പോൾ അയാൾ പറഞ്ഞു:

''മേസ്തിരിക്ക് നല്ല ദേഷ്യമുണ്ട്.''

''അതെന്തിന്?'' ഞാൻ ആകാംക്ഷയോടെ ചോദിച്ചു.

''ചോദ്യപേപ്പർ കേസ് എന്താണെന്ന് മേസ്തിരിക്ക് മനസ്സിലായിട്ടില്ല. സാറുകാരണം കുട്ടികളുടെ ഭാവിപോയെന്നാണ് അയാൾ ധരിച്ചുവെച്ചിരിക്കുന്നത്.''

''കുട്ടികളുടെ ഭാവിപോയെന്നോ? അതെങ്ങനെയാണ്?''

''അങ്ങനെയാണ് അയാൾ പറയുന്നത്.''

കൃഷ്ണനുണ്ണി പറഞ്ഞു.

''സാറിനെ മേസ്തിരി നേരത്തേ അറിയുകയും ചെയ്യും.''

''എങ്ങനെ? എവിടെവെച്ച്?'' ഞാൻ കൂടുതൽ ജിജ്ഞാസുവായി. കാരണം, മേസ്തിരിയെ കണ്ടപ്പോൾതന്നെ ഒരു മുൻപരിചയം എനിക്കും തോന്നിയതാണ്.

''എങ്ങനെ, എവിടെവെച്ച് എന്നൊന്നും പറഞ്ഞില്ല. സാറിനെ പണ്ടു മുതലേ മേസ്തിരിക്ക് അറിയാമത്രേ.''

അതുശരിയായിരിക്കുമെന്ന് എനിക്കും തോന്നി.

''ഇന്നലെ സെല്ലിന്റെ വാതിൽതുറന്ന് എന്നെ ആദ്യമായി കയറ്റിയപ്പോൾ മേസ്തിരി എന്താണ് നിങ്ങളോട് രഹസ്യം പറഞ്ഞത്?''

ഞാൻ കൃഷ്ണനുണ്ണിയോടു ചോദിച്ചു.

''ഏയ്... ഒന്നുമില്ല...'' മുഖം വെട്ടിച്ച് അയാൾ ഒഴിഞ്ഞുമാറാൻ ശ്രമിച്ചു.

''എന്താ എന്നോട് പറയാൻ പാടില്ലാത്ത കാര്യമാണോ?''

‘‘അതല്ല; സാറിനോട് എങ്ങനെ പറയുമെന്ന് വിചാരിച്ചിട്ടാ...’’

‘‘അതു സാരമില്ല. പറയൂ,’’ ഞാൻ നിർബന്ധിച്ചു.

‘‘നടയടി കൊടുത്തുകേറ്റാനാണു പറഞ്ഞത്.’’

കൃഷ്ണനുണ്ണി ജാള്യതയോടെ പറഞ്ഞു.

അങ്ങനെ എന്തോ ആണ് പറഞ്ഞതെന്നുതന്നെയാണ് ഞാൻ ഊഹിച്ചിരുന്നത്. അതുതന്നെ ആണെന്നു കേട്ടപ്പോൾ ചെറിയൊരു വല്ലായ്മ പക്ഷേ, തോന്നാതിരുന്നില്ല.

നടയടി എന്നാൽ എന്താണെന്ന് തടവുകാരുടെ അനുഭവകഥകളിൽ നിന്ന് എനിക്ക് പണ്ടേ അറിവുള്ളതാണ്. സെല്ലിലേക്ക് ആദ്യചുവടുവെക്കുമ്പോൾത്തന്നെ സീനിയേഴ്സായ തടവുപുള്ളികൾ നല്കുന്ന വരവേല്പാണ് നടയടി. ഓർക്കാപ്പുറത്ത് അവിടന്നും ഇവിടന്നും അടികളേൽക്കുന്ന നവാഗതന് അടി എവിടെനിന്നാണു വരുന്നതെന്നുപോലും മനസ്സിലാക്കാൻ പറ്റിയെന്നുവരില്ല.

‘‘എന്നിട്ടെന്തേ മേസ്തിരി പറഞ്ഞതുപോലെ നിങ്ങൾ ചെയ്യാതിരുന്നത്?’’ ഞാൻ കൃഷ്ണനുണ്ണിയോടു ചോദിച്ചു.

‘‘സാറൊരു പ്രൊഫസറല്ലേ? അതു മാത്രമല്ല; സാറ് കുറ്റമൊന്നും ചെയ്തിട്ട് ഇവിടെ വന്ന ആളല്ലല്ലോ.’’

‘‘ഞാൻ വിശദീകരിച്ചു പറഞ്ഞതിനുശേഷമല്ലേ നിങ്ങൾക്കതു മനസ്സിലായത്.’

‘‘കൃത്യമായി മനസ്സിലായത് സാറുപറഞ്ഞപ്പോഴാണ്. എന്നാൽ പ ത്രവാർത്തകളൊക്കെ വായിച്ചിരുന്ന ഞങ്ങൾ സാറിന് എന്തെങ്കിലും അബദ്ധം പറ്റിയതാണെന്നേ വിചാരിച്ചിരുന്നുള്ളു.’’

‘‘ഈ നടയടി പതിവുള്ളതുതന്നെയാണോ?’’

ഞാൻ ചോദിച്ചു. കൃഷ്ണനുണ്ണി വിശദീകരിച്ചു.

‘‘കൊലപാതകം, സ്ത്രീപീഡനം തുടങ്ങിയ കേസുകളിൽപെട്ടുവരുന്നവർക്കാണ് ‘നടയടി’ നന്നായി ലഭിക്കുക. സ്ത്രീപീഡനക്കേസിലെ പ്രതികളാണ് ഏറ്റവും കൂടുതൽ അടികൊള്ളുന്നത്. അത് സെല്ലിലേക്ക് വരുമ്പോൾ മാത്രമല്ല, പിന്നെയും തുടരും. മർദ്ദനമേറ്റുമടുത്ത പ്രതി വാർഡന്മാരോട് പരാതി പറഞ്ഞാൽ ആ സെല്ലിൽനിന്ന് മറ്റൊരു സെല്ലിലേക്ക് അയാളെ മാറ്റും. അവിടെ ചെല്ലുമ്പോൾ ‘ഒന്ന്’ എന്ന് അവിടെയും തുടങ്ങും. അത്തരം പ്രതികൾ ഏറ്റവും കൂടുതൽ മർദ്ദനം ഏല്ക്കുന്നത് തടവുപുള്ളികളിൽനിന്നുതന്നെയാണ്. വാർഡർമാർ അതിന് മൗനാനുവാദം ഒരു പരിധിവരെ കൊടുക്കുകയും ചെയ്യും.’’

എല്ലാ തുറയിലുംപെട്ട ആളുകൾക്ക്-ജയിൽപുള്ളികൾക്കു പോലും- കേരളത്തിൽ മറ്റുള്ളവരുടെ സദാചാരനിഷ്ഠയിലാണല്ലോ ഏറ്റവും ഉത്സാഹമെന്ന് ഞാൻ അപ്പോൾ ഓർത്തു. അക്കാര്യത്തിൽ അവർ സദാ

ജാഗരൂകരാണ്. പട്ടികളുടെ കാര്യത്തിലായാൽപോലും ഉപേക്ഷ വിചാരിക്കില്ല. സമയമില്ലെങ്കിൽപ്പോലും ഒരു കല്ല് തപ്പിയെടുത്ത് അവൻ അതിനെ എറിയും.

സെക്സിന്റെ കാര്യത്തിലുള്ള ഈ അസഹ്യത കേരളീയരെപ്പോലെ മറ്റാരിലുമുണ്ടെന്നു തോന്നുന്നില്ല. എന്നാൽ തരംകിട്ടുമ്പോഴെല്ലാം എതിർ ലിംഗത്തിൽപെട്ടവരെ തുറിച്ചുനോക്കുകയും മറ്റുള്ളവരുടെ സ്വകാര്യതയിൽ ഒളിഞ്ഞുനോക്കുകയും ചെയ്യുന്ന മലയാളിയുടെ ഈ കപട സദാചാരബോധം അടിച്ചമർത്തിവെക്കപ്പെടുന്ന സ്വന്തം ലൈംഗികതയുടെ വികലമായ രൂപഭേദം മാത്രമാണെന്നാണ് എനിക്കു തോന്നിയിട്ടുള്ളത്.

''വ്യാജമദ്യം, പോക്കറ്റടി തുടങ്ങി താരതമ്യേന ചെറുതരം കുറ്റകൃത്യങ്ങൾക്ക് ജയിലിലാകുന്നവരെ 'നടയടി'യിൽനിന്ന് ഒഴിവാക്കുമെങ്കിലും സെല്ലിൽ മറ്റുള്ളവരോടൊപ്പം ഒരാളായിത്തീരാൻ ചില നടപടിക്രമങ്ങളൊക്കെയുണ്ട്.''

കൃഷ്ണനുണ്ണി തുടർന്നു:

''സെല്ലിലേക്ക് ഒരു തടവുപുള്ളി പുതുതായി വരുമ്പോൾ ആ രംഗം തികച്ചും നാടകീയമാക്കാൻ സെല്ലിലെ സീനിയേഴ്സ് മനോധർമ്മമനുസരിച്ച് ശ്രമിക്കാറുണ്ട്. മുൻകൂർ നിശ്ചയിച്ചതിൻപടി ആരും അയാളെ ഗൗനിക്കു കയേ ഇല്ല. എല്ലാവരും നിശ്ശബ്ദരും നിസ്സംഗരുമാണ്. ഒരു കോടതി മുറിയേക്കാൾ ഗംഭീരമാണ് ആ അന്തരീക്ഷം. ആ നിർജീവതയിൽ നിസ്സഹായനായിത്തീരുന്ന നവാഗതനോട് മുറിയുടെ അങ്ങേമൂല ചൂണ്ടിക്കാണിച്ചിട്ട് അവിടെപ്പോയി കുത്തിയിരുന്നുകൊള്ളാൻ സെല്ലിലെ മൂപ്പൻ ഒരു ജഡ്ജിയെപ്പോലെ ആജ്ഞാപിക്കും. അപ്രകാരം അങ്ങേത്തലയ്ക്കൽപോയി കുത്തിയിരിക്കുന്ന പുള്ളിയോട് ഇങ്ങേത്തലയ്ക്കൽ ഇരിക്കുന്ന മൂപ്പൻ നാടകീയമാക്കി പിന്നീട് ചോദ്യങ്ങൾ ചോദിക്കും.

''എന്താണു പേര്?''

സെല്ലിലുള്ള എല്ലാവരും കേൾക്കെ ഉത്തരം പറഞ്ഞുകൊള്ളണം. ഇല്ലെങ്കിൽ പറയിപ്പിക്കും.

''എവിടെയാണ് സ്വദേശം?''

''എന്താണ് ചെയ്ത കുറ്റം?''

വളരെ വിനയാന്വിതനായിവേണം ഉത്തരം പറയാൻ. അല്ലെങ്കിൽ കളി കാര്യമാകും.

''ശരി. ഇവിടെ വരൂ.'' മൂപ്പൻ വിളിക്കും.

അടുത്തെത്തിയ പുള്ളിയെ ഒരു തീപ്പെട്ടിക്കോൽ കാണിച്ചിട്ട് ഗൗരവത്തോടെ ചോദിക്കും.

''ഇത് എന്താണെന്ന് അറിയാമോ?''

''തീപ്പെട്ടിക്കോൽ.''

''ചോദ്യത്തിനുമാത്രം ഉത്തരം മതി.'' മൂപ്പന്റെ ശബ്ദം വീണ്ടും കനക്കും.

''ഇതെന്താണെന്ന് അറിയാമോ?''

''അറിയാം.''

''എന്താണ്?''

''തീപ്പെട്ടിക്കോൽ.''

''അല്ല. ഇതൊരു അളവുകോലാണ്. ഇതുകൊണ്ട് ഈ മുറിയുടെ ചുറ്റളവ് എത്രയാണെന്ന് അളന്ന് തിട്ടപ്പെടുത്ത്.''

മൂപ്പൻ നീട്ടിയ തീപ്പെട്ടിക്കോൽകൊണ്ട് നാലുചുവരും അളന്നുതീരുന്നതുവരെ ആരും കമാന്നൊരക്ഷരം ഉരിയാടുകയില്ല.

ചിലപ്പോൾ സെല്ലിന്റെ അങ്ങേയറ്റത്ത് ഒരടിഅകലത്തിൽ രണ്ടുസ്റ്റീൽ ഗ്ലാസ്സ് കമഴ്ത്തിവെച്ച് ഫുട്ബോളിന്റെ ഗോൾപോസ്റ്റ് ഉണ്ടാക്കും. ഒരു ചെറിയ കഷണം കടലാസ് ചുരുട്ടി ഒരു ബോൾ ആക്കി മൂപ്പൻ തറയിലേക്ക് ഇട്ടുകൊടുക്കും. മുട്ടിന്മേൽ നടന്ന് ആ കടലാസ് പന്ത് ഊതിയൂതി ഗോൾ പോസ്റ്റിലെത്തിച്ച് ഗോളാക്കണം. ചെറുപ്പക്കാരായ തടവുപുള്ളികളെക്കൊണ്ടാണ് ഇപ്രകാരം ഗോളടിപ്പിക്കുന്നത്.

ജയിലിലേക്കു വരുന്ന എല്ലാ പുള്ളികളെയും ഇത്തരം റാഗിങ്ങിന് വിധേയമാക്കാൻ പറ്റിയെന്നു വരില്ല. സമാധാനപാലകരുടെ മർദ്ദനമേറ്റ് എണീറ്റു നില്ക്കാൻപോലും ത്രാണിയില്ലാതെയാണ് ചിലർ ജയിലിലെത്തുന്നത്. ഫോറസ്റ്റ് കേസിലൊക്കെ പിടിക്കപ്പെടുന്ന ഹതഭാഗ്യരിൽ ചിലർക്ക് അർദ്ധപ്രാണനേ കാണൂ. ഒരു ദാക്ഷിണ്യവുമില്ലാതെ ദേഹോപദ്രവം ഏല്പിക്കുന്നത് ഫോറസ്റ്റുകാരാണത്രേ. അവരുടെ കാടത്തവുമായി താരതമ്യം ചെയ്യുമ്പോൾ പോലീസിന്റെ മർദ്ദനം ഒന്നുമല്ലെന്നാണ് തടവുപുള്ളികൾ പറയുന്നത്.

ശാരീരികമായ അവശതകളോടെ സെല്ലിലേക്കു വരുന്ന പുള്ളികളെ-സ്ത്രീപീഡനക്കേസിലൊഴിച്ച്-മേൽ പറഞ്ഞ വിനോദശിക്ഷകളിൽനിന്ന് ഒഴിവാക്കുക മാത്രമല്ല; മർദ്ദനമേറ്റ് നീരുവെച്ചിരിക്കുന്ന ഭാഗങ്ങളിൽ ബാം പുരട്ടിക്കൊടുക്കുക, ചൂടുചോറ് തോർത്തിൽകെട്ടി കിഴിപിടിക്കുക എന്നിങ്ങനെ തങ്ങളാലാകാവുന്ന ശുശ്രൂഷകളൊക്കെ തടവുപുള്ളികൾ ചെയ്തുകൊടുക്കുകയും ചെയ്യും.''

സമയം ഏകദേശം പത്തുപത്തര ആയിക്കാണും. മേസ്തിരി വന്ന് സെല്ലിന്റെ വാതിൽ തുറന്നിട്ട് എന്നോട് സൂപ്രണ്ടിന്റെ ഓഫീസിലേക്ക് വരാൻ പറഞ്ഞു.

ഇന്നലെ എന്റെ അഡ്മിഷന്റെ സമയത്ത് ജയിൽ സൂപ്രണ്ട് ഉണ്ടായിരുന്നില്ല. ഇന്ന് ഡ്യൂട്ടിക്കെത്തിയ അദ്ദേഹത്തിന് ക്ലാസ് പരീക്ഷയ്ക്ക് ചോദ്യ പേപ്പർ തയാറാക്കി ജയിലിലായ അസാധാരണ തടവുപുള്ളിയെ നേരിൽ കാണണമെന്ന് തോന്നിയിരിക്കും.

ഓഫീസിലെത്തിയ ഞാൻ വലതുകൈ നെഞ്ചോടു ചേർത്ത് തലകുനിച്ച് സൂപ്രണ്ടിനെ സ്വാഭാവികമായി വണങ്ങി. യൂണിഫോമിലായിരുന്ന അദ്ദേഹം

കള്ളിമുണ്ടുമാത്രം ഉടുത്തുനിന്ന എന്നെ സൂക്ഷിച്ചുനോക്കിയിട്ട് കസേരയിൽ ഇരുന്നുകൊള്ളാൻ പറഞ്ഞു.

''കോളജിൽ ഏതു ഡിപ്പാർട്ടുമെന്റിലാണ്?''

സൂപ്രണ്ടിന്റെ ചോദ്യം സൗഹൃദഭാവത്തിലാണ്.

''മലയാളം.'' ഞാൻ പറഞ്ഞു.

''പരീക്ഷയ്ക്ക് ചോദ്യം ഇട്ടതാണ് പ്രശ്നമായത് അല്ലേ? സത്യത്തിൽ എന്താണു സംഭവിച്ചത്?''

ഞാൻ അദ്ദേഹത്തിന്റെ യൂണിഫോമിലെ നെയിംബോർഡ് നോക്കി. ഞാൻ അംഗമായ മതത്തിലോ ഞാൻ ചോദ്യപേപ്പറിലൂടെ നിന്ദിച്ചുവെന്ന് ആരോപിക്കപ്പെടുന്ന മതത്തിലോ പെടുന്ന ആളല്ല അദ്ദേഹമെന്ന് പേരു തന്നെ വ്യക്തമാക്കുന്നുണ്ട്. കേട്ടുകേൾവികൾക്കപ്പുറം എന്താണ് സംഭവിച്ചതെന്ന് എന്നിൽനിന്നുതന്നെ കേൾക്കണമെന്ന് അദ്ദേഹത്തിനു തോന്നിയത് സ്വാഭാവികം മാത്രം.

ഞാൻ ഒരു തടവുപുള്ളിയാണെന്നോ അദ്ദേഹം എന്റെമേൽ അധികാരമുള്ള ജയിൽ അധിപനാണെന്നോ അപ്പോൾ ഞാൻ ഓർത്തില്ല. ഒരു കോളജ് പ്രൊഫസർ ഒരു ജയിൽ ഉദ്യോഗസ്ഥനോട് സംസാരിക്കുന്ന സമഭാവനയോടെ ചോദ്യപേപ്പർ വിവാദമാകാനിടയായ സാഹചര്യം ഞാൻ വിവിരിച്ചുതുടങ്ങി.

എന്നാൽ, എന്റെ വിശദീകരണം കേൾക്കാനുള്ള ക്ഷമ സൂപ്രണ്ടിന് ഉണ്ടായിരുന്നില്ല.

''ഞാൻ തൃശൂരിലായിരുന്ന കാലത്താണ്,'' അദ്ദേഹം ഇടയ്ക്കു കയറി പറഞ്ഞു: ''ക്രിസ്തുവിന്റെ ആറാം തിരുമുറിവ്' എന്നൊരു നാടകം ഏതോ ഒരുത്തൻ എഴുതിയുണ്ടാക്കി...''

''പി.എം. ആന്റണി.'' ഞാൻ അറിയാതെ പറഞ്ഞുപോയി. കാരണം, പി.എം. ആന്റണി എന്ന നാടകകൃത്തിനെയും അദ്ദേഹത്തിന്റെ നാടകപ്രവർത്തനങ്ങളെയുംകുറിച്ച് ഒരു സാഹിത്യാധ്യാപകനായ എനിക്ക് നന്നായി അറിയാം. വിവാദമായ 'ക്രിസ്തുവിന്റെ ആറാം തിരുമുറിവ്' എന്ന നാടകത്തിനുമുമ്പ് അദ്ദേഹത്തിന്റെ നാടകസമിതി അവതരിപ്പിച്ച 'സ്പാർട്ടക്കസ്' വളരെ പ്രസിദ്ധമായിരുന്നു. ആറാംതിരുമുറിവ് വിവാദമായതിനെത്തുടർന്ന് കേസായി. അതിന്റെ നൂലാമാലകളിൽ കുടുങ്ങി അദ്ദേഹത്തിന്റെ നാടകപ്രവർത്തനം നിലച്ചു. അങ്ങനെ ആ നാടകപ്രതിഭയെ സാക്ഷരകേരളം കൊന്നുകൊലവിളിച്ചു. പശുക്കളെ വളർത്തി പാൽ വിറ്റാണ് ആ കലാകാരൻ ഇപ്പോൾ ഉപജീവനം കഴിക്കുന്നത്.

''ങ്ആ...ഏതോ ഒരു ആന്റണി,'' സൂപ്രണ്ട് ആവേശത്തോടെ തുടർന്നു: ''ആറാം തിരുമുറിവ്... സംഗതി മറ്റേതാ... സെക്സ്. നാടകം നടത്തിക്കു കയില്ലെന്നും പറഞ്ഞ് ഒരു ബിഷപ്പിന്റെ നേതൃത്വത്തിൽ വിശ്വാസികൾ... നാടകം നടത്തുമെന്നും അത് ആവിഷ്കാരസ്വാതന്ത്ര്യമാണെന്നുംപറഞ്ഞ് നാടകക്കാരും

കൂടെ കുറേ ബുദ്ധിജീവികളും... മതവികാരമല്ലേ വ്രണപ്പെടാൻ പോകുന്നത്. അതല്ലേ ഏറ്റവും വലിയ തീപ്പൊരി...എന്തൊരു കോലാഹലമായിരുന്നു...''

ഒച്ചയെടുത്താണ് സൂപ്രണ്ട് സംസാരിച്ചത്. ഞാൻ കേട്ടുകൊണ്ടിരുന്നു. അനുഭവസാക്ഷ്യപ്രഘോഷണത്തിനൊടുവിൽ സൂപ്രണ്ട് പറഞ്ഞു:

''അതുകൊണ്ട് ഇതുപോലുള്ള കാര്യങ്ങൾ ചെയ്യുമ്പോൾ സൂക്ഷിച്ചു ചെയ്യണം. അല്ലെങ്കിൽ ചിലപ്പോൾ അകത്താവും.''

സൂപ്രണ്ടിന്റെ വാക്കുകൾകേട്ട് ചെറുചിരിയോടെ ഞാൻ പറഞ്ഞു:

''അകത്തായല്ലോ.''

അതുകേട്ട് സൂപ്രണ്ടിനും ചിരിവന്നു.

''ശരി,'' എന്നോട് പൊയ്ക്കൊള്ളാൻ അദ്ദേഹം ആംഗ്യം കാണിച്ചു.

''സാർ, എനിക്ക് കിടക്കാനുള്ള പായ കിട്ടിയിട്ടില്ല.''

ഞാൻ എന്റെ ഒരേയൊരു ആവശ്യം ഉന്നയിക്കാൻ മറന്നില്ല.

''അതൊക്കെ കിട്ടിക്കൊള്ളും.'' സൂപ്രണ്ട് നിസ്സാരമട്ടിൽ പറഞ്ഞു.

# ജയിലിലെ പാട്ട്

ഞാൻ തിരിച്ച് സെല്ലിലെത്തിയപ്പോൾ സെല്ലിലെ ആളുകൾക്ക് കുറവുവന്നതുപോലെ തോന്നി. പക്ഷേ, രണ്ടുപേരുടെ കുറവേ ഉണ്ടായിരുന്നുള്ളു. അവരെ അടുക്കളയിലേക്കു കൊണ്ടുപോയതാണ്. നാളെ ഈസ്റ്ററായതിനാൽ ഇന്നും നാളെയും അടുക്കളയിൽ പണി കൂടുതലാണ്. ഈസ്റ്റർ ദിനത്തിൽ തടവുപുള്ളികൾക്കെല്ലാം 'സദ്യ'യുണ്ട്. അതിനുവേണ്ടി അച്ചാറുകൾ ഉണ്ടാക്കാനും മറ്റുമുള്ള ഒരുക്കങ്ങൾ ഇന്നേ തുടങ്ങിയിരിക്കുന്നു.

വീട്ടിലായിരുന്നെങ്കിൽ ഇന്ന് എനിക്കും നല്ല തിരക്കുള്ള ദിവസമായിരുന്നല്ലോ എന്ന് ഞാനോർത്തു. ഉച്ചവരെ ഷോപ്പിങ് ആയിരിക്കും. ഉച്ചകഴിഞ്ഞ് പാചകം. വിശേഷാവസരങ്ങളിൽ മാംസവിഭവങ്ങളുടെ പാചകം പാരമ്പര്യമായി ആണുങ്ങളാണ് ചെയ്തുപോന്നിരുന്നത്.

എന്നാൽ, ഈ വർഷത്തിൽ എന്റെ ഈസ്റ്റർ സർക്കാരിന്റെ ഈ 'അതിഥി മന്ദിര'ത്തിലാണ്. പണച്ചെലവില്ല. ഒരു ജോലിയും ചെയ്യേണ്ട. കൈ കഴുകി പന്തിയിൽ ഇരുന്നാൽ മതി. അപൂർവ്വ സഹോദരങ്ങളോടൊപ്പം ഒരു വിശേഷാൽ സദ്യ.

മേസ്തിരി വന്ന് വാതിൽ തുറന്നിട്ട് എന്നോടു വരാൻ പറഞ്ഞു. എനിക്ക് ഒരു വിസിറ്റർ ഉണ്ടത്രേ. വിസിറ്ററെക്കൊണ്ട് ഒരു ബണ്ടിൽ ജ്യോതിമാൻ ബീഡി വാങ്ങിപ്പിക്കണമെന്ന് പുകവലിക്കാരായ തടവുപുള്ളികൾ എന്നോട് ആവശ്യപ്പെട്ടു.

ജയിലിലെ എന്റെ ആദ്യ സന്ദർശകൻ പ്രൊഫ. ജോർജ് ജസ്റ്റിനാണ്. ഇംഗ്ലീഷ് അധ്യാപകനായ അദ്ദേഹം കഴിഞ്ഞ വർഷമാണ് മൂവാറ്റുപുഴ നിർമ്മല കോളജിൽനിന്ന് വിരമിച്ചത്. ഞാൻ മുരിക്കാശ്ശേരി പാവനാത്മ കോളജിൽ അധ്യാപകവൃത്തി ആരംഭിക്കുമ്പോൾ മുതൽ തുടർന്നുപോരുന്ന സൗഹൃദമാണ് ഞങ്ങളുടേത്.

ഏതെങ്കിലും തരത്തിലുള്ള നിയമസഹായമോ സാമ്പത്തികസഹായമോ ആവശ്യമുണ്ടോ എന്ന് അദ്ദേഹം ആരാഞ്ഞു. ജയിലിൽ സഹായഹസ്തവുമായി എത്തിയ ആ നല്ല സുഹൃത്തിനെ ഞാൻ മനസാ നമിച്ചു. ആവശ്യമുണ്ടെങ്കിൽ അറിയിക്കാമെന്ന് ഞാൻ അദ്ദേഹത്തോട് പറയുകയും ചെയ്തു. തത്കാലം സെല്ലിലെ എന്റെ പുതിയ കൂട്ടുകാർക്കായി ഒരു ബണ്ടിൽ ബീഡി വാങ്ങിത്തരണമെന്നും അത് ഓഫീസിലുള്ള വാർഡന്മാരെ ഏല്പിച്ചിട്ട് നാലാം നമ്പർ സെല്ലിൽ കൊടുക്കാനാണെന്ന് പറയണമെന്നും ഞാൻ ജസ്റ്റിൻസാറിനോട് ആവശ്യപ്പെട്ടു.

ഏകദേശം പന്ത്രണ്ടുമണി ആയിക്കാണും. പുറംലോകത്തെ വാർത്തകളുമായി ഞങ്ങളുടെ സെല്ലിലും ഒരു പത്രം എത്തി. പത്രത്തിന്റെ ഓരോ ഷീറ്റും ഓരോരുത്തർ എടുത്തു. കിട്ടാത്തവർ എത്തിനോക്കിയും മറുവശം വായിക്കാൻ തത്രപ്പെട്ടും തങ്ങളെ വേണ്ടാത്ത ലോകത്തിന്റെ വാർത്തകളറിയാൻ വ്യഗ്രതയുള്ളവരായി. വായിക്കാനറിയാത്ത ജബ്ബാറും പത്രവാർത്തകളിൽ കമ്പക്കാരനാണ്. അയാൾക്കു കിട്ടിയ ഷീറ്റ് കിട്ടാത്തവനായ ഒരു പുള്ളിയെക്കൊണ്ട് ഉറക്കെ വായിപ്പിച്ച് കേട്ടുകൊണ്ടിരിക്കുന്നു. തട്ടിപ്പ്, വഞ്ചന, മോഷണം എന്നിവയുമായി ബന്ധപ്പെട്ട വാർത്തകളാണ് അവരെ ത്രസിപ്പിക്കുന്നതെന്ന് വായനക്കിടയിലുള്ള അവരുടെ പ്രതികരണങ്ങൾ വ്യക്തമാക്കി.

സഹകരണാടിസ്ഥാനത്തിലുള്ള ജയിലിലെ പത്രപാരായണത്തിൽ പങ്കുചേരാൻ ഒരു സവിശേഷ മനോവൃത്തി എന്നെ അനുവദിച്ചില്ല. വായിക്കാനെടുക്കുന്ന പത്രത്തിന് എല്ലാ പേജുകളും ക്രമമായി ഉണ്ടാകണമെന്ന് എനിക്ക് നിർബന്ധമാണ്. വായിച്ചുകൊണ്ടിരിക്കുമ്പോൾ ആരെങ്കിലും ഒരു ഷീറ്റ് ചോദിച്ചാൽ ഞാൻ കൊടുക്കില്ല. അല്ലെങ്കിൽ മുഴുവനായിതന്നെ കൊടുക്കും. ഓരോ ഷീറ്റുകൾ പങ്കിട്ടെടുത്തു വായിക്കുന്നത് ഒരു സ്ത്രീയെ പല പുരുഷന്മാർ ഒരുമിച്ച് അനുഭവിക്കുന്നതുപോലെ ഒട്ടും ഹിതകരമല്ല എനിക്ക്. ഞാൻ വായിച്ചുകൊണ്ടിരിക്കുന്ന പത്രത്തിലേക്ക് മറ്റൊരാൾ എത്തിനോക്കുന്നതുപോലും ഞാൻ ഇഷ്ടപ്പെട്ടിരുന്നില്ല.

''സാറിന്റെ വാർത്തയുണ്ട്.''

കൃഷ്ണനുണ്ണി തന്റെ കൈയിലിരുന്ന പത്രത്താളിലെ വാർത്ത എന്നെ വായിച്ചു കേൾപ്പിച്ചു. എന്നെ റിമാൻഡു ചെയ്ത് മൂവാറ്റുപുഴ സബ്ജയിലിൽ ആക്കിയെന്നായിരുന്നു വാർത്തയുടെ സാരം.

ഉച്ചഭക്ഷണവിതരണത്തിനായി മേസ്തിരി വന്നു. ഇരുമ്പഴിവാതിൽ തുറന്നപ്പോൾ, 'ഇന്നു മട്ടനാണു മകനേ' എന്ന് ആവേശത്തോടെ പറഞ്ഞുകൊണ്ടാണ് ജബ്ബാർ തന്റെ പ്ലേറ്റ് എടുത്തത്. ജയിലിൽ ആഴ്ചയിലൊരിക്കൽ ആട്ടിറച്ചി നല്കുമെന്ന് ഞാൻ കേട്ടിട്ടുണ്ടായിരുന്നു ആ വിശേഷവിഭവത്തെ വരവേൽക്കാൻ സെല്ലിന്റെ മുമ്പിലുള്ള വരാന്തയിൽ സ്റ്റീൽ പ്ലേറ്റുമായി ഞാനും കാത്തുനിന്നു.

മട്ടൻകറിക്ക് കോമ്പിനേഷനായി ഉരുളക്കിഴങ്ങ് സ്റ്റ്യൂവും ഉണ്ട്. രണ്ടും വെവ്വേറെയാണ് വിളമ്പുന്നത്. അന്ന് കറി വിളമ്പിയ തടവുപുള്ളിക്ക് താൻ വിളമ്പുന്നത് പ്ലേറ്റിൽ വീഴുന്നുണ്ടോ എന്ന കാര്യത്തിൽ അത്ര ശ്രദ്ധ ഉണ്ടായിരുന്നില്ല. എനിക്കു വിളമ്പിയ മട്ടൺഫ്രൈ തവിയിൽ പറ്റിപ്പിടിച്ചിരുന്നിട്ട് രണ്ടു മൂന്നു ചെറിയ എല്ലിൻ കഷണങ്ങളാണ് എന്റെ പാത്രത്തിൽ വീണുകിട്ടിയത്.

ഏതായാലും കിട്ടിയതുമായി ഞാനും സന്തോഷത്തോടെ മറ്റു തടവുപുള്ളികൾക്കൊപ്പം ഉണ്ണാനിരുന്നു. പാചകക്കാരായ തടവുപുള്ളികൾക്ക് നല്ല കൈപ്പുണ്യമാണ്. ഉരുളക്കിഴങ്ങ് സ്റ്റ്യൂവിന് നല്ല രുചിയുണ്ട്. എല്ലിൻകഷണത്തിൽ പറ്റിയിരുന്ന മസാലയ്ക്കും നല്ല സ്വാദായിരുന്നു. മട്ടൺ സ്പെഷലിന്റെ ദിവസമായിരുന്നതിനാൽ മറ്റു വെജിറ്റബിൾ കറിയോ തൈരോ ഉണ്ടായിരുന്നില്ല. ഊണു പകുതിയായപ്പോഴേക്കും ഉരുളക്കിഴങ്ങുകറി തീർന്നു. എല്ലിൻകഷണം തൊട്ടുകൂട്ടി ബാക്കി ചോറ് അകത്താക്കിക്കൊണ്ടിരുന്ന ഞാൻ വെജിറ്റേറിയനായ രാജാറാമിന്റെ പ്ലേറ്റിലേക്കു നോക്കി. മട്ടനുപകരം അയാൾക്കു കിട്ടിയത് അവിയലാണ്. വെജിറ്റേറിയനായാൽ മതിയായിരുന്നുവെന്ന് എനിക്കപ്പോൾ തോന്നി.

മൂന്നു മണിക്കുള്ള കട്ടൻചായയ്ക്കുശേഷം മേസ്തിരി എനിക്കുള്ള പായുമായി വന്നു. ഒപ്പം കുറെ ബീഡിയും തന്നു. ഇരുപത് ചെറിയ പായ്ക്കറ്റുകൾ ഉള്ളടക്കം ചെയ്ത ഒരു ബണ്ടിലാണ് ജസ്റ്റിൻ സാർ വാങ്ങികൊടുത്തത്. എന്നാൽ, അതിന്റെ പകുതി മാത്രമേ എന്റെ കൈയിൽ എത്തിയുള്ളു.

മൂപ്പനായ അനീഷ് എല്ലാവർക്കും ബീഡി തുല്യമായി വീതിച്ചുനല്കി. ഞാനും രാജാറാമും ഒഴിച്ച് സെല്ലിലുള്ള മറ്റു പതിമൂന്നുപേരും പുകവലിക്കാരായിരുന്നു.

ഭക്ഷണത്തിനുശേഷം എല്ലാവരും പുകവലിക്കും. പുകവലിയുടെ ആസ്വാദ്യത ഏറ്റവും കൂടുതൽ അപ്പോഴാണല്ലോ. കാറ്റില്ലാത്ത സമയത്താണെങ്കിൽ പതിമൂന്നുപേർ വലിച്ച് ഊതിവിടുന്ന പുക സെല്ലിലാകെ നിറഞ്ഞുനില്ക്കും. ശ്വാസംമുട്ടൽ അനുഭവപ്പെടുമ്പോൾ ഞാനും രാജാറാമും ഇരുമ്പഴിവാതിലിനടുത്തുചെന്ന് ശുദ്ധവായുവിനായി മൂക്ക് പുറത്തേക്കിടും. രാജാറാം അല്പം അസഹിഷ്ണുത പ്രകടിപ്പിക്കുമെങ്കിലും ഞാനങ്ങനെ ചെയ്തില്ല. വളരെക്കാലം ഒരു തികഞ്ഞ പുകവലിക്കാരനായിരുന്നതിനാൽ രാജാറാമിനെപ്പോലെ ഒരു വിമ്മിട്ടം എനിക്ക് അനുഭവപ്പെട്ടിരുന്നില്ല.

വ്യായാമത്തിനായി നടക്കാൻ താത്പര്യമുള്ളവർക്ക് അതിനായി മൈതാനമോ നീളൻ റോഡുകളോ ആവശ്യമില്ലെന്നു ഞാൻ മനസ്സിലാക്കിയത് ജയിലിൽ വെച്ചാണ്. ഇരിപ്പും കിടപ്പുമായി പതിനഞ്ചുപേർ നിറഞ്ഞ ആ മുറിയിൽ തടവുപുള്ളികളിൽ മിക്കവരും ഒരു മണിക്കൂർ തുടർച്ചയായി നടക്കുന്ന കാഴ്ച എനിക്ക് കൗതുകമായി. മൂന്നോ നാലോ പേർ മാത്രമേ ഒരേ സമയം നടക്കുകയുള്ളൂ. മറ്റുള്ളവർ ഭിത്തിയോടു ചേർന്ന് ഒതുങ്ങിയിരിക്കും നടക്കുന്നവരാകട്ടെ, തമ്മിൽ കൂട്ടിമുട്ടാതെ ഒന്നിനു പുറകേ ഒന്നായി മുറിയിൽ വട്ടംചുറ്റി നടക്കും.

കൂട്ടിലടയ്ക്കപ്പെട്ട നായ അതിനുള്ളിൽ നിർത്താതെ വട്ടംചുറ്റുന്നതും ചെറുകൂട്ടിൽ ബന്ധനസ്ഥനായ അണ്ണാറക്കണ്ണൻ അതിനുള്ളിൽ ചാടിമറിയുന്നതും വ്യായാമത്തിനാണെന്നുള്ള കാര്യം ജയിൽപ്പുള്ളികളുടെ ഈ നടപ്പുകണ്ടപ്പോഴാണ് എനിക്ക് ബോധ്യപ്പെട്ടത്.

ജബ്ബാറിന്റെ നടത്തം ഉച്ചത്തിൽ ഓതിക്കൊണ്ടാണ്. അറബിയിലുള്ള ആ പ്രാർത്ഥനയുടെ അർത്ഥം ജബ്ബാറിന് അറിയില്ലെങ്കിലും ആപത്തുകൾ ഒഴിഞ്ഞുപോകാനുള്ള ഒന്നാണെന്ന് അയാൾ പറഞ്ഞു. ആപത്തുകൾ ഒഴിയട്ടെ എന്ന പ്രാർത്ഥനയോടെ ഞാനും ആ നടത്തയജ്ഞത്തിൽ പങ്കുചേർന്നു.

വൈകുന്നേരം എന്റെ സമീപത്തിരുന്ന കൃഷ്ണനുണ്ണിയോട് പീലിപ്പാപ്പൻ വന്ന് എന്തോ രഹസ്യം പറഞ്ഞു. കാരണവരുടെ മുഖഭാവം കണ്ടിട്ട് എന്തോ ഗൂഢാലോചനയാണെന്ന് എനിക്കുതോന്നി. അതെന്താണെന്ന് കൃഷ്ണനുണ്ണിയോട് ഞാൻ ചോദിച്ചു. കൃഷ്ണനുണ്ണി പാപ്പനെ നോക്കിച്ചിരിച്ചിട്ട് പാപ്പൻ കേൾക്കെ സംഭവം വിവരിച്ചു:

''സാറിന്റെ കുറ്റമെന്താണെന്ന് പീലിപ്പാപ്പന് അറിയില്ലായിരുന്നു. ഇന്നലെ രാത്രി എന്നോടു ചോദിച്ചപ്പോൾ ഞാൻ സംഭവം പറഞ്ഞുകൊടുത്തു. അതായത്, സാറും ഭാര്യയും തമ്മിൽ വഴക്കുണ്ടായി. ദേഷ്യം വന്നപ്പോൾ സാറ് തോക്കെടുത്തു ഭാര്യയെ വെടിവെച്ചു. അതുകേട്ടപ്പോൾ മുതൽ സാറിനിട്ട് രണ്ട് പൊട്ടിക്കണമെന്ന് പാപ്പനൊരുമോഹം. തനിച്ചു ചെയ്യാ നുള്ള ശേഷിയില്ലാത്തതുകൊണ്ട് ഞങ്ങളതു ചെയ്യണം. അക്കാര്യം ഒന്നുകൂടി ഇപ്പോൾ ഓർമ്മിപ്പിച്ചതാണ്. സ്വന്തം ഭാര്യയെ അല്ലേ സാറ് വെടിവെച്ചത്. പാപ്പനത് സഹിക്കാൻ പറ്റുന്നില്ല.''

കൃഷ്ണനുള്ളി പാപ്പനെ നോക്കി ഒരു കള്ളച്ചിരിചിരിച്ചു. രഹസ്യമാക്കിവെച്ചിരുന്ന തന്റെ 'ഉദ്ദേശ്യശുദ്ധി' വെളിപ്പെട്ടുപോയതിന്റെ ജാള്യതയിൽ പാപ്പൻ ചെറുതായിട്ടൊന്ന് ഞെളിപിരികൊണ്ടു.

പീലിപ്പാപ്പൻ ആളു മോശക്കാരനല്ലല്ലോ. ഞാൻ വിചാരിച്ചു. സ്വന്തം മകന്റെ കഴുത്തുനോക്കി വെട്ടിയ പുള്ളിയാണ്. ഭാഗ്യത്തിന് ചത്തില്ലെന്നേയുള്ളു. എന്നിട്ടും മറ്റുള്ളവരുടെ കാര്യത്തിൽ എന്തൊരു നീതിബോധം! മനുഷ്യരെല്ലാം ഇങ്ങനെയാണ്. സ്വന്തം കണ്ണിലെ മരക്കഷണം കാണില്ല; അന്യന്റെ കണ്ണിലെ കരട് കാണുകയും ചെയ്യും.

''പോട്ടെ പാപ്പാ...'' കൃഷ്ണനുണ്ണി സമാധാനിപ്പിച്ചു: ''ഒന്നുമില്ലെങ്കിലും സ്വന്തം ഭാര്യയെ അല്ലേ... അന്യന്റെ ഭാര്യയെ അല്ലല്ലോ.''

പാപ്പൻ ഒന്നും മിണ്ടിയില്ല. കൃഷ്ണനുണ്ണി തന്നെ കബളിപ്പിച്ചതാണെന്ന് കാരണവർക്ക് മനസ്സിലായോ എന്തോ?

കൃഷ്ണനുണ്ണിയുടെ മുഖത്തെ നിഷ്കളങ്കതയും പുഞ്ചിരിയും സംഭാഷണരീതിയുമെല്ലാം ആരെയും വശീകരിക്കാൻ പോന്നതായിരുന്നു. ഇയാൾ ഒരു കുത്തുകേസിൽ പ്രതിയായത് എങ്ങനെയാണ്?

അതിനെക്കുറിച്ച് ചോദിച്ചപ്പോൾ കൃഷ്ണനുണ്ണി ചിരിച്ചു. ഒപ്പം നുണക്കുഴികളും വിടർന്നു.

''കുത്തുകേസിലാണെന്ന് ഇന്നലെ വെറുതെ പറഞ്ഞതാ... സംഗതി മോഷണംതന്നെ.'' അയാൾ മനസ്സുതുറന്നു.

''ഈ സുമേഷിന്റെ തൊഴിലും മോഷണമാണ്. ചീളുകേസൊക്കെയാണ് അവന്റേത്. ചേന, ചേമ്പ്, കപ്പ, ഒട്ടുപാൽ ഇവയൊക്കെയാണ് അവൻ മോഷ്ടിക്കുന്നത്. അതിനു മുകളിലോട്ടൊന്നും അവൻ പിടിക്കില്ല. ഞങ്ങളുടേത് അല്പം ഗ്രേഡുകൂടിയ സംഭവമാണ്. ചീറ്റിങ്, കൊള്ളയടി എന്നൊക്കെ വേണമെങ്കിൽ പറയാം. ഫലത്തിൽ എല്ലാം ഒന്നുതന്നെ.''

ഞാൻ കേട്ടിരുന്നു. കൃഷ്ണനുണ്ണി തുടർന്നു:

''ഹോം നേഴ്സുമാരെ സപ്ലൈ ചെയ്യുന്ന ഒരു സ്ഥാപനത്തിന്റെ മറവിലാണ് ഞങ്ങളുടെ തട്ടിപ്പ്. ടൗണിൽ കംപ്യൂട്ടർ സെറ്റപ്പൊക്കെയുള്ള പോഷായ ഓഫീസ്. ഓഫീസിലിരിക്കുന്നത് ഒരു ലേഡി. ആർക്കും ഒരു സംശയവും തോന്നില്ല. ഓരോ വീടുകളിലേക്ക് ജോലിക്കായി അയയ്ക്കുന്ന ഹോംനേഴ്സുമാരിൽ ഞങ്ങളുടെ 'സ്വന്തം പെൺകുട്ടികളും' കാണും. വളരെ സമ്പന്നരും പ്രായം ചെന്നവരുമായ സ്ത്രീകൾ ഒറ്റയ്ക്ക് താമസിക്കുന്ന വീടുകളിലേക്കാണ് ഞങ്ങൾ അവരെ അയയ്ക്കുന്നത്. നിഷ്കളങ്കരും നല്ലവരുമായി ഭാവിക്കുന്ന അവർ വളരെപ്പെട്ടെന്ന് വീട്ടുകാരെ കൈയിലെടുക്കും. മക്കളുടെയും പേരക്കുട്ടികളുടെയും സാമീപ്യവും പരിചരണവും കിട്ടാതായ ആ വൃദ്ധയെ ഒരു മകളെപ്പോലെയോ കൊച്ചുമകളെപ്പോലെയോ സ്നേഹിച്ചും ശുശ്രൂഷിച്ചും ഉത്തമവിശ്വാസത്തിലെടുക്കും. വല്ലപ്പോഴും വന്നോ ഫോൺ വിളിച്ചോ വിവരമന്വേഷിക്കുന്ന മക്കൾക്കും ബന്ധുജനങ്ങൾക്കും നല്ല അഭിപ്രായമുണ്ടാക്കത്തക്ക വിധത്തിൽ വളരെ സൂക്ഷിച്ചു പെരുമാറും. അച്ഛൻ മരിച്ചുപോയെന്നും അമ്മ മാറാരോഗത്തിന്റെ അടിമയാണെന്നും പറഞ്ഞ് വീട്ടിലെ ദൈന്യം വിവരിക്കും. താൻ ജോലിചെയ്തുണ്ടാക്കുന്ന പണം തട്ടിപ്പറിക്കാനല്ലാതെ തന്റെ കാര്യം ആരും ചിന്തിക്കില്ലെന്ന് ആവലാതി പറയും. ചീട്ടുകളിയും കള്ളുകുടിയും തൊഴിലാക്കിയ ആങ്ങള പിടിച്ചുപറിച്ചെടുക്കുമെന്നും പറഞ്ഞ് ശമ്പളം കിട്ടുന്ന തുക വൃദ്ധയെത്തന്നെ സൂക്ഷിക്കാനായി ഏല്പിക്കും. ചിലപ്പോൾ ഇരുപതിനായിരമോ അമ്പതിനായിരമോ ചിട്ടിപിടിച്ചു കിട്ടിയതാണെന്നും പറഞ്ഞ് യജമാനത്തിയെ ഏല്പിക്കും. തന്റെ വിവാഹത്തിനുവേണ്ടിയുള്ളതാണെന്നും ആങ്ങളയെ പേടിച്ചാണ് അങ്ങനെ ചെയ്യുന്നതെന്നും പറയും. നമ്മെ വിശ്വസിക്കുന്നവരെ നമ്മളും വിശ്വസിക്കുക എന്നതാണല്ലോ സാധാരണ മനുഷ്യസ്വഭാവം. അതു മനസ്സിലാക്കിക്കൊണ്ട് ഞങ്ങളുടെ ഓഫീസിൽനിന്ന് കൊടുത്തുവിടുന്ന തുകയാണ് ചിട്ടിപ്പണമെന്നും പറഞ്ഞ് അവിടെ സൂക്ഷിക്കാനേല്പിക്കുന്നത്.

അങ്ങനെ രണ്ടുമൂന്നുമാസം ആകുമ്പോഴേക്കും ഹോംനേഴ്സ് വൃദ്ധയുടെ മനസ്സാക്ഷിസൂക്ഷിപ്പുകാരിയാകും. തന്റെ മക്കളെക്കാൾ വിശ്വാസം അവർക്ക് അവളോടാകും. എല്ലാവിധ സാമ്പത്തികകാര്യങ്ങളും അവളാകും ക്രമേണ കൈകാര്യം ചെയ്യുക. ബാങ്കിലെ ഡിപ്പോസിറ്റ്, ബാങ്കിലെ ലോക്കറിലും വീട്ടിലും ഇരിക്കുന്ന സ്വർണ്ണാഭരണങ്ങൾ എന്നിവയെല്ലാം അവൾക്ക് കൈകാര്യം

ചെയ്യാവുന്ന അവസ്ഥയിൽ ആ വീട്ടിലെ ഒരംഗമായി അവൾ മാറും. അങ്ങനെയിരിക്കെ പരമാവധി സ്വത്തുക്കൾ ആ വീട്ടിൽനിന്ന് കൊള്ളയടിക്കാൻ പറ്റുന്ന ഒരു ദിവസം ഞങ്ങളുടെ നിർദേശമനുസരിച്ച് അവൾ ചായയിലോ മറ്റേതെങ്കിലും തരത്തിലോ അവിടെയുള്ള വൃദ്ധസ്ത്രീയ്ക്ക് മയക്കുമരുന്ന് നല്കും. അഞ്ചോ ആറോ മണിക്കൂർ സമയത്തേക്ക് വൃദ്ധ ബോധരഹിതയാകുന്നു. ആ സമയം ഞങ്ങൾ കാറുമായി അവിടെയെത്തി പണവും വിലപിടിപ്പുള്ളതെല്ലാം കൊള്ളചെയ്ത് കാറിലാക്കി ഹോം നേഴ്സിനെയുംകൂട്ടി സ്ഥലം വിടുന്നു. അഞ്ചാറു മണിക്കൂർ കഴിഞ്ഞ് ബോധം തിരിച്ചുകിട്ടുമ്പോഴാണ് താൻ ദത്തുപുത്രിയെപ്പോലെ കരുതിയിരുന്ന ഹോം നേഴ്സിന്റെ തനിനിറം വൃദ്ധ മനസ്സിലാക്കുന്നത്.''

''മയക്കുമരുന്ന് എവിടുന്നാണ് ലഭിക്കുന്നത്?''

ഞാൻ ഇടയ്ക്കുകയറി ചോദിച്ചു.

''അതൊക്കെ ഏർപ്പാടാക്കിത്തരാൻ ഡോക്ടർമാർ പരിചയത്തിലുണ്ട്. കൊടുക്കേണ്ട ഡോസും അവർ കൃത്യമായി പറഞ്ഞുതരും.''

''ഹോം നേഴ്സ് ആണ് എല്ലാം തട്ടിക്കൊണ്ടുപോയത് എന്നല്ലേ വീട്ടുകാര് വിചാരിക്കുന്നത്. അവരെ അന്വേഷിച്ച് ഓഫീസിൽ അവർ വരില്ലേ?

''വരും,'' കൃഷ്ണനുണ്ണി പറഞ്ഞു: ''വരുമ്പോൾ ഓഫീസിൽനിന്ന് ഹോം നേഴ്സിന്റെ അഡ്രസ്സും മറ്റു ഡീറ്റെയിൽസും കൊടുക്കും. അന്വേഷിക്കുമ്പോൾ അതെല്ലാം വ്യാജമാണെന്ന് മനസ്സിലാകും.''

''അപ്പോൾ അവളെ ജോലിക്കു പറഞ്ഞുവിട്ട നിങ്ങൾക്ക് പ്രശ്നമാവില്ലേ?''

''തട്ടിപ്പുകാരി തന്ന ഐഡി പ്രൂഫ് ഞങ്ങൾ കാണിക്കും. വ്യാജ സർട്ടിഫിക്കറ്റുകൾ തന്ന് ഞങ്ങളെയും കബളിപ്പിച്ചുവെന്നല്ലേ വിചാരിക്കുകയുള്ളു.''

''പിന്നെ എങ്ങനെയാണ് പിടിക്കപ്പെട്ടത്?'' ആകാംക്ഷയോടെ ഞാൻ ചോദിച്ചു.

''പിടിക്കപ്പെടാനുള്ള സാധ്യത വിരളമായിരുന്നു.'' കൃഷ്ണനുണ്ണി തുടർന്നു.

''സാധാരണഗതിയിൽ വീട്ടുകാർ പോലീസിൽ പരാതിപ്പെടാനൊന്നും പോകില്ല. ഒന്നാമത് മക്കൾക്ക് താത്പര്യമുണ്ടാകില്ല. പോയത് പോട്ടെന്നു വെക്കും. തള്ളമാരെ നോക്കാൻപോലും നേരമില്ലാത്ത തിരക്കുപിടിച്ച മക്കളല്ലേ. പല കേസിലും ആളുകൾ പരാതിപ്പെടാനേ പോയില്ല. തങ്ങൾക്കു പറ്റിയ തട്ടിപ്പിന്റെ രീതിയിൽതന്നെ വേറേയൊരാളിനും പറ്റിയെന്നറിഞ്ഞ ഒരു കൂട്ടർ അന്വേഷിച്ചു. രണ്ടു പേരും ഞങ്ങളുടെ ഓഫീസിൽനിന്ന് വിട്ട പെൺകുട്ടികളാണെന്നറിഞ്ഞപ്പോൾ അവർ പോലീസിൽ പരാതിപ്പെട്ടു. പോലീസ് തന്ത്രപരമായി ഞങ്ങളെ പൊക്കുകയും ചെയ്തു.''

''ആരെയൊക്കെ?''

''എന്നെയും എന്റെ പങ്കുകാരനെയും. പിന്നെ ഓഫീസിൽ ഇരുന്ന സ്ത്രീയെയും. എല്ലാവരും ഇവിടെത്തന്നെയുണ്ട്.''

''ആ സ്ത്രീ നിരപരാധിയല്ലേ? നിങ്ങൾ ചെയ്ത കുറ്റത്തിന് അവർ ജയിലിലായത് കഷ്ടമല്ലേ?''

''അവർക്ക് കാര്യങ്ങളൊക്കെ അറിയാമായിരുന്നു കിട്ടിയതിന്റെ ഒരോഹരി അവർക്കും കൊടുത്തിട്ടുണ്ട്.'' അവർ ജയിലിലായതിൽ കൃഷ്ണനുണ്ണിക്ക് യാതൊരു സങ്കടവുമില്ല.

''എന്നാൽ ഹോംനേഴ്സായിട്ടു പോയി കൊള്ളയടിച്ച പെൺകുട്ടികളെ പോലീസിന് ഇതുവരെ കിട്ടിയിട്ടില്ല. ചാടിൽ തൂക്കിയിട്ടും കണ്ണിൽ കാന്താരിമുളകിന്റെ എസ്സൻസ് തേച്ചിട്ടും ആ പെൺകുട്ടികളെക്കുറിച്ച് ഞാനോ പങ്കുകാരനോ യാതൊന്നും പോലീസിനോടു പറഞ്ഞിട്ടില്ല. പെൺകുട്ടികളെ പിടികിട്ടാത്തിടത്തോളം കാലം കേസൊക്കെ ഊരിപ്പോരും. ഇപ്പോൾ ഒന്നരലക്ഷം രൂപ ചെലവായി. വക്കീൽ ഫീസൊക്കെ ആയിട്ട് രണ്ട് രണ്ടരകൂടി മുടക്കേണ്ടിവരും. അതിനൊക്കെ കരുതിവെച്ചിട്ടുണ്ട്.''

''കൊള്ളയടിച്ച മുതലൊക്കെ നിങ്ങൾ എങ്ങനെ ചെലവാക്കി?''

''ബിനാമികളുടെ പേരിൽ അതൊക്കെ സുരക്ഷിതസമ്പാദ്യമാക്കിയിട്ടുണ്ട്.''

''ജയിലിൽനിന്നിറങ്ങിയാൽ എന്താണു പ്ലാൻ? പഴയ പരിപാടി വീണ്ടും തുടങ്ങുമോ?'' ഞാൻ ചോദിച്ചു.

''ഇനി അതു ചെയ്യില്ല. മറ്റെന്തെങ്കിലും.'' കൃഷ്ണനുണ്ണി പറഞ്ഞു.

''എന്നെ ആദ്യം പോലീസ് പിടിക്കുന്നത് നോട്ടിരട്ടിപ്പ് കേസിലാണ്. അന്ന് ജയിലിൽ കിടന്ന കാലത്താണ് ഹോംനേഴ്സ് പദ്ധതി മനസ്സിൽ വന്നത്. ഓരോ ജയിൽവാസവും പുതിയ പദ്ധതികൾ ആലോചിക്കാനും കണ്ടുപിടിക്കാനുമുള്ള അവസരങ്ങളാണ്. അല്ലാതെ പിടിക്കപ്പെട്ടല്ലോ എന്നോർത്ത് നിരാശപ്പെടാനും കരയാനും ഉള്ളതല്ല.''

''നല്ല സ്പോർട്സ് മാൻ സ്പിരിറ്റ്!''

ഞാൻ അറിയാതെ പറഞ്ഞുപോയി.

കൃഷ്ണനുണ്ണി വീണ്ടും ചിരിച്ചു; നുണക്കുഴികൾ വിരിയിച്ചുകൊണ്ട്.

ഈസ്റ്റർ പ്രമാണിച്ച് ജയിലിലെ പ്രഭാതഭക്ഷണം വ്യത്യസ്തമായിരുന്നു. പതിവായുള്ള ചപ്പാത്തിക്കും കടലക്കറിക്കും പകരം ഇഡ്ഡലിയും സാമ്പാറുമാണ് ലഭിച്ചത്.

ഉച്ചവരെ ബന്ധുക്കളും സുഹൃത്തുക്കളുമായി പലരും എന്നെ കാണാൻ ജയിലിലെത്തി. അതിനാൽ പലതവണ എന്നെ സെല്ലിൽനിന്ന് ഇറക്കിക്കൊണ്ടുവന്നു. സന്ദർശകരിൽ ഒരാൾ ഒരു ബേക്കറിയുടമ ആയിരുന്നു. അയാൾ ചെറിയൊരു വിതുമ്പലോടെ എന്നെ ആശ്ലേഷിച്ചു. ഓണത്തിനും ക്രിസ്മസിനും നോട്ടീസടിക്കാൻ കുറച്ചുകാലമായി അവർക്ക് പരസ്യവാചകം എഴുതിക്കൊടുത്തിരുന്നത് ഞാനായിരുന്നു.

സെല്ലിനു പുറത്തെ വരാന്തയിൽ ഒറ്റവരിയായി ഇരുത്തിയിട്ടാണ് ഈസ്റ്റർ സദ്യ വിളമ്പിയത്. വാഴയിലയിൽ വിളമ്പിയ സദ്യ നന്നായിരുന്നു. സാമ്പാറും

അവിയലും തോരനും അച്ചാറുമൊക്കെ ഉണ്ടായിരുന്നു. നന്നായി പാകം ചെയ്ത ബീഫ് കറിയായിരുന്നു വിശേഷവിഭവം.

ജയിലിലെ റീഡിങ് റൂമിൽ വെച്ചിരുന്ന ടി.വിയിൽ സിനിമ കാണുന്നതിന് ഞായറാഴ്ച ഉച്ചകഴിഞ്ഞ് തടവുപുള്ളികളെ കൊണ്ടുപോകാറുള്ളതാണ്. വാർഡർമാർ ഈസ്റ്റർ ആഘോഷത്തിന്റെ തിരക്കിലായതിനാൽ ഇന്ന് അതുണ്ടാവില്ല. തടവുപുള്ളികളെ ആശ്വസിപ്പിക്കാനും മാനസാന്തരപ്പെടുത്താനുമായി പ്രാർത്ഥനാസംഘങ്ങൾ ഞായറാഴ്ചകളിൽ വരുമായിരുന്നുവത്രേ. പുനരുത്ഥാനത്തിന്റെ ആഘോഷത്തിമിർപ്പിൽ അവരും ഇവിടെയുള്ള പാപികളെ വിസ്മരിച്ചുപോയതിനാൽ സെല്ലിലുള്ളവർ ആകപ്പാടെ ബോറടിച്ചു. അതു മാറ്റാനെന്നവണ്ണം അവർ പാടാനാരംഭിച്ചു. ജബ്ബാറിന് നല്ല താളബോധമുണ്ട്. സന്തോഷും സുമേഷും നന്നായി പാടും. കൃഷ്ണനുണ്ണി തന്റേതായ മട്ടിൽ താളംപിടിച്ച് അവർക്ക് പ്രോത്സാഹനവും നല്കി.

സെല്ലിലെ ഗാനമേള അവസാനിച്ചപ്പോൾ ജബ്ബാർ എന്റെ അടുക്കൽ വന്നിരുന്നു.

''പാട്ടും കഥയുമൊക്കെ പഠിപ്പിക്കുന്ന മാഷല്ലേ... എനിക്കൊരു സഹായം ചെയ്യണം.''

ജബ്ബാറിന്റെ അപേക്ഷ കേട്ട് ഞാൻ കൗതുകത്തോടെ ചോദിച്ചു:

''എന്തു സഹായം?''

''ഞാനൊരു പാട്ടുണ്ടാക്കിയിട്ടുണ്ട്. അതിലുള്ള തെറ്റൊക്കെ ഒന്നു ശരിയാക്കിത്തരണം.''

അങ്ങനെ പറഞ്ഞ് അയാൾ ഒരു പാട്ടിന്റെ പല്ലവി പാടി.

ഒരു കടലാസും പേനയും സംഘടിപ്പിച്ച് ഞാനത് എഴുതി. എഴുത്തും വായനയും അറിയാത്തവൻ ഉണ്ടാക്കിയ പാട്ടാണ്. ജബ്ബാർ പറഞ്ഞതുപോലെ അതിൽ തെറ്റുകളുണ്ട്. ചില വാക്കുകൾ മാറ്റിയും ചിലതു കൂട്ടിച്ചേർത്തും ഞാൻ അത് ഇപ്രകാരം തിരുത്തിയെടുത്തു.

തപ്പിൻതാളത്തിലാടുന്ന മയിലേ
മനസ്സിൽ രാഗങ്ങൾ നിറയുന്ന കുയിലേ
ജീവിതനൗകയിലാടുന്നു നമ്മൾ
ഉയരും തിരകളിലുഴലുന്നു ഹൃദയം.

''ബാക്കികൂടി പാട്.'' ഞാൻ എഴുതാൻ ഒരുങ്ങിയിരുന്നു.

''അത്രേ ഉള്ളു. ബാക്കി നിങ്ങളുണ്ടാക്കണം.''

അങ്ങനെ പറഞ്ഞിട്ട് ജബ്ബാർ ഞാൻ തിരുത്തികൊടുത്ത ഗാനശകലം നല്ല താളത്തോടെ പാടി.

''വെറുതെ ഇരിക്കുകയല്ലേ. മാഷിനൊരു പണിയാകട്ടെ.'' കൃഷ്ണനുണ്ണി അഭിപ്രായപ്പെട്ടു.

അക്ഷരാഭ്യാസമില്ലാത്തവന്റെ ആഗ്രഹമല്ലേ. ശ്രമിച്ചുനോക്കാൻ ഞാനും തീരുമാനിച്ചു.

അപേക്ഷാഫോറം പൂരിപ്പിക്കുക, പരാതി എഴുതുക, പ്രസംഗം എഴുതിക്കൊടുക്കുക, മുദ്രാവാക്യം ഉണ്ടാക്കിക്കൊടുക്കുക. നോട്ടീസ് തയാറാക്കുക, സ്കൂൾ-കോളജ് മാസികകളിൽ ഇടാൻവേണ്ടി മറ്റുള്ളവർക്ക് കവിതകൾ എഴുതിക്കൊടുക്കുക എന്നിങ്ങനെയുള്ള ആവശ്യങ്ങളുമായി നാട്ടിലും കോളജിലും ധാരാളം ആളുകൾ എന്നെ സമീപിച്ചിട്ടുണ്ട്. നാളിതുവരെ ആരെയും ഞാൻ നിരാശപ്പെടുത്തിയിട്ടില്ല. അക്ഷരസംബന്ധിയായ അവരുടെ ആവശ്യം ഞാൻ നിറവേറ്റിക്കൊടുക്കുന്നത്, അത് എന്റെ ബാധ്യതയാണെന്നുള്ള ഒരു ബോധത്താലാണ്.

മലയാളസാഹിത്യത്തിൽ ഞാൻ ബിരുദവും മാസ്റ്റർ ബിരുദവും നേടിയത് റെഗുലർ കോളജിൽ പഠിച്ചിട്ടാണ്. ഫീസോ പരീക്ഷാഫീസോ ഞാൻ കൊടുത്തിട്ടില്ല. പണമെല്ലാം ചെലവാക്കിയിട്ടുള്ളത് സർക്കാരാണ്. അതായത് ജനങ്ങളുടെ പണമാണ് എന്നെ അഭ്യസ്തവിദ്യനാക്കിയത്. അപ്പോൾ സാധാരണക്കാരുടെ ചെറിയ ആവശ്യങ്ങൾ നിവർത്തിച്ചുകൊടുക്കുക എന്നത് എന്റെ കടമയും കർത്തവ്യവുമാണെന്നൊരു തോന്നൽ വിദ്യാർത്ഥിയായിരിക്കുമ്പോൾത്തന്നെ എന്നിൽ രൂഢമൂലമായിരുന്നു. ഞാൻ എഴുതികൊടുക്കുന്ന ചെറു കവിതകളൊക്കെ മറ്റുള്ളവരുടെ പേരിൽ പ്രസിദ്ധീകരിച്ചുകാണുമ്പോൾ എന്റെ പേരിൽ വരുന്നതിനേക്കാൾ ഏറെയൊരു സന്തോഷം എനിക്ക് അനുഭവപ്പെടുകയും ചെയ്തിരുന്നു.

ജബ്ബാറിന്റെ പാട്ടിലേക്ക് ഞാൻ മനസ്സർപ്പിച്ചു. പ്രണയവും ദുഃഖവുമൊക്കെയാണ് സൂചനകൾ. അല്പം വിരഹംകൂടി ആയിക്കോട്ടെ. ചങ്ങമ്പുഴയെ മനസ്സിൽ ധ്യാനിച്ച് ഇപ്രകാരം എഴുതിയൊപ്പിച്ചു:

തപ്പിൻ താളത്തിലാടുന്ന മയിലേ
മനസ്സിൽ രാഗങ്ങൾ നിറയുന്ന കുയിലേ
ജീവിത നൗകയിലാടുന്നു നമ്മൾ
ഉയരും തിരകളിലുഴലുന്ന ഹൃദയം

നിന്നെക്കുറിച്ചുള്ള ചിന്തകൾ താനേ
എന്നുടെ ഖൽബിലേ കൽക്കണ്ടക്കനികൾ
നീയും ഞാനും ചേരുന്ന കാലം
സ്വർഗ്ഗം ഭൂമിയിലെത്തുന്ന നേരം.

ആനന്ദക്കണ്ണീരിലാറാടി നമ്മൾ
രാക്കിളി പാടിയ പാട്ടുകൾ മൂളി
ആ പാട്ടുകേട്ടിട്ട് താരാഗണങ്ങൾ
ആനന്ദനൃത്തമങ്ങാടിത്തുടങ്ങി.

ഇത് മുഴുവൻ ഇവിടെ കുറിച്ചതിന്റെ പിന്നിൽ ഒരു സംഗതിയുണ്ട്. അത് പിന്നീട് പറയാം.

വേറൊരു കടലാസ്സിൽ നല്ല കൈയക്ഷരത്തിൽ എഴുതിയ കോപ്പി ജബ്ബാറിനു കൊടുത്തിട്ട് വെട്ടുതിരുത്തലുകളുള്ള ആദ്യത്തെ കടലാസ് എന്റെ കൈവശം ഞാൻ സൂക്ഷിച്ചുവെച്ചു. ജബ്ബാറും കൂട്ടരും ആ പാട്ട് പല രീതിയിൽ ട്യൂൺ കൊടുത്ത് ആവർത്തിച്ചുപാടി.

ഒടുവിൽ ജബ്ബാർ പറഞ്ഞു:

''ഈ പാട്ട് എന്റെ മോളെക്കൊണ്ട് പാടിച്ച് ഒരു ആൽബം ഉണ്ടാക്കണം.''

''മോൾക്ക് എത്ര വയസ്സായി?'' ഞാൻ ചോദിച്ചു.

''പന്ത്രണ്ട്.'' ജബ്ബാർ പിതൃനിർവ്വിശേഷനായി.

ഈസ്റ്ററിന്റെ പിറ്റേന്നാൾ എന്നെക്കാണാൻ കൂടുതൽ ആളുകൾ വന്നു. പലരും എന്നെ കണ്ടത് ജയിൽ സുപ്രണ്ടിന്റെ സാന്നിദ്ധ്യത്തിലായിരുന്നു. സൂപ്രണ്ട് എന്നോട് വളരെ അനുഭാവം പ്രകടിപ്പിച്ചുകൊണ്ടാണ് അവരോടു സംസാരിച്ചത്. എന്നെ ഹോസ്പിറ്റലിലേക്കു മാറ്റിയാലോ എന്ന് അദ്ദേഹം ആലോചിച്ചുവത്രേ. സെക്യൂരിറ്റി പ്രോബ്ലം ഉള്ളതുകൊണ്ടാണ് അതു വേണ്ടെന്നുവെച്ചത്.

''ഹോസ്പിറ്റലിലേക്കു മാറ്റുന്നത് എന്തിനാണ്?'' ഇടയ്ക്കുകയറി ഞാൻ ചോദിച്ചു.

''അവിടെയാണെങ്കിൽ കട്ടിലിൽ കിടക്കാമല്ലോ.'' സൂപ്രണ്ട് പറഞ്ഞു.

''അപ്പോൾ ഇവിടെ എങ്ങനെയാണ്?''

കാണാൻ വന്ന സുഹൃത്തുക്കളിൽ ഒരാൾ ജിജ്ഞാസയോടെ ചോദിച്ചു.

ജയിലിനെക്കുറിച്ചുള്ള സുഹൃത്തിന്റെ അജ്ഞത ഓർത്തിട്ടാവും വല്ലാത്തൊരു ചിരിയോടെ സൂപ്രണ്ട് പറഞ്ഞു:

''ഇവിടെ തറയിൽ കിടക്കണം. അല്ലാതെ നിവൃത്തിയില്ല.''

അതുകേട്ട സുഹൃത്ത് വിഷമത്തോടെ എന്റെ അർദ്ധനഗ്നമേനിയിലേക്കു നോക്കി.

''കിടപ്പ് തറയിലാണെന്നതൊഴിച്ചാൽ ഇവിടെ വേറൊരു കുഴപ്പവുമില്ല. ഈസ്റ്റർ പ്രമാണിച്ച് ഇന്നലെ ഗംഭീരസദ്യയൊക്കെ ഉണ്ടായിരുന്നു.''

ഒരു കാരണവരുടെ തലയെടുപ്പോടെ അങ്ങനെ പറഞ്ഞിട്ട് സൂപ്രണ്ട് എന്റെ നേരേ നോക്കി.

''എങ്ങനെയുണ്ടായിരുന്നു സദ്യ?'' അദ്ദേഹം ചോദിച്ചു:

''നല്ലതായിരുന്നു.'' ഞാൻ പറഞ്ഞു.

''ഭാഷയും സാഹിത്യവുമൊക്കെ അറിയാവുന്ന ആളല്ലേ... ജയിൽ ജീവിതത്തെക്കുറിച്ച് എഴുതുമായിരിക്കുമല്ലോ. അപ്പോൾ ഞാനൊക്കെ അതിൽ കഥാപാത്രങ്ങളായിട്ടു വരുമായിരിക്കും അല്ലേ?''

സൂപ്രണ്ടിന് അല്പം ഒച്ചകൂടിയതുപോലെ തോന്നി.

''തീർച്ചയായും.'' ഞാനത് മനസ്സിലാണ് പറഞ്ഞത്.

സംഭാഷണത്തിനിടെ സൂപ്രണ്ട് ശബ്ദം താഴ്ത്തി എന്നോടായി പറഞ്ഞു.

''സെല്ലിൽ കൂടെക്കിടക്കുന്നത് പക്കാക്രിമിനലുകളാണെന്ന കാര്യം ഓർമ്മവേണം. മിക്കവരും കറതീർന്ന മോഷ്ടാക്കളാണ്. കഥപറച്ചിലും തമാശയുമൊക്കെയായി രസംപിടിച്ചിരിക്കുമ്പോൾ വീടിനെക്കുറിച്ചുള്ള കൃത്യമായ വിവരമോ ഫോൺനമ്പരോ ഒന്നും പറഞ്ഞുകൊടുക്കാൻ പോയേക്കരുത്. എപ്പഴാ പണികിട്ടുന്നതെന്നു പറയാൻ വയ്യ.''

ഞാൻ യാന്ത്രികമായി തലകുലുക്കി.

ഇക്കാര്യങ്ങളൊക്കെ ഞാൻ സെല്ലിലുള്ളവരോട് എപ്പഴേ പറഞ്ഞു കഴിഞ്ഞതാണ്. സൂപ്രണ്ടു പറഞ്ഞമാതിരി എന്തെങ്കിലും കുഴപ്പം പിന്നീട് ഉണ്ടാകുമോ? ഞാൻ അല്പമൊന്ന് ഉള്ളാലെ ഭയന്നു.

സെല്ലിൽ തിരിച്ചെത്തിയ ഉടനെ ഉച്ചഭക്ഷണമെത്തി. ഞങ്ങളുടെ സെല്ലിലാണ് ഇന്നത്തെ വിളമ്പ് ആരംഭിക്കുന്നത്. ഇന്നത്തെ സ്പെഷൽ മീൻകറിയാണ്. മൂവാറ്റുപുഴ സബ്ജയിലിൽ ആഴ്ചയിൽ രണ്ടു ദിവസമാണ് തടവുകാർക്ക് മീൻകറി ലഭിക്കുന്നത്. തിങ്കളാഴ്ചയും ബുധനാഴ്ചയും. മിക്കവാറും പച്ചമീനാണ്. എന്നാൽ ഇന്ന് ഉണക്കമീനാണ്. ഈ സീസണിൽ പച്ചമീനിന് വില കൂടുതലാണത്രേ.

ചോറിനും മീൻകറിക്കുമായി രണ്ടു കൈയിലും ഓരോ സ്റ്റീൽ കിണ്ണം പിടിച്ചുകൊണ്ട് വരാന്തയിലെ ക്യൂവിൽ ഞാനും നിന്നു. ആദ്യം വന്ന വിളമ്പുകാരൻ എന്റെ ഇടം കൈയിലിരുന്ന കിണ്ണത്തിലേക്ക് ചോറുവിളമ്പി. വലംകൈയിലെ കിണ്ണത്തിൽ രണ്ടാം വിളമ്പുകാരൻ ഉണക്ക സ്രാവിന്റെ വറുത്ത ഒരു കഷണം വെച്ചുതന്നു. കറിക്കുപകരം വറുത്തതോ എന്ന് എനിക്കു സംശയിക്കാൻ സമയം കിട്ടുന്നതിനു മുമ്പുതന്നെ മൂന്നാം വിളമ്പുകാരൻ തന്റെ സ്റ്റീൽ തൊട്ടിയിൽനിന്ന് പുളിചേർത്ത മുളകുചാറ് ഒരു തവിനിറയെ എന്റെ മീൻപാത്രത്തിലേക്ക് ഒഴിച്ചുതന്നു.

അടുപ്പിൽനിന്ന് ഇറക്കിയ ഉടനെ വിളമ്പാൻവേണ്ടി പകർന്നുകൊണ്ടുവന്ന ആ ചാറ് എന്റെ കിണ്ണത്തിലേക്ക് വീണ ക്ഷണത്തിൽ കിണ്ണം പിടിച്ചിരുന്ന എന്റെ വലംകൈയിലെ പെരുവിരൽ ഒഴിച്ചുള്ള നാലു വിരലുകളും പൊള്ളി. പൊള്ളലിന്റെ അസഹ്യതയിൽ ആ കിണ്ണമൊന്നു പിടിക്കാൻ ഞാൻ വിളമ്പുകാരനോടു കെഞ്ചി. പക്ഷേ, അയാൾ അതു കൂട്ടാക്കിയില്ല. പെട്ടെന്നുദിച്ച ബുദ്ധിയിൽ ഇടംകൈയിലെ ചോറിന്റെ കിണ്ണത്തിലേക്ക് കറിക്കിണ്ണംവെച്ച് ഞാൻ വലംകൈയെ മോചിപ്പിച്ചു. എന്നെ സഹായിക്കാൻ മെനക്കെടാതിരുന്ന വിളമ്പുകാരൻ എന്തോ പറഞ്ഞത് പൊള്ളലിന്റെ നീറ്റലിൽ എനിക്കു മനസ്സിലായില്ല.

സെല്ലിനുള്ളിൽ കയറി ഉണ്ണാനിരുന്നപ്പോഴും വിരലുകൾ നന്നായി നീറുന്നുണ്ടായിരുന്നു. അപ്പോഴേക്കും നാലു വിരലുകളിലും ചെറുകുമിളകൾ രൂപപ്പെട്ടു.

ഞാൻ വിരലുകൾ തിരിച്ചും മറിച്ചും നോക്കുന്നതു കണ്ടിട്ട് കൃഷ്ണനുണ്ണി ചോദിച്ചു:

''എന്തുപറ്റി?''

''സാധാരണ നമ്മളാണ് മീനിനെ പൊള്ളിക്കുന്നത്. എന്നാൽ ജയിലിലെ മീൻ എന്നെയാണ് പൊള്ളിച്ചത്.''

അങ്ങനെ പറഞ്ഞിട്ട് പൊള്ളിയ വിരലുകൾകൊണ്ട് ഞാൻ മീനിനെ നുള്ളി.

## ഹു വാണ്ട്സ് ഫ്രീഡം?

ചൊവ്വാഴ്ചയാണ് മൂവാറ്റുപുഴ സബ്ജയിലിൽ ബാർബർ എത്തുന്നത്. കേരളത്തിലെ ബാർബർ ഷോപ്പുകൾക്കെല്ലാം അന്ന് അവധിയാണ്. അതിനാൽ ജയിലിലെ പണിക്ക് കൂലി കുറവാണെങ്കിലും ബാർബർമാർക്ക് അത് ഒരു അധികവരുമാനമാണ്.

എന്റെ മുടി വെട്ടാൻ മാത്രം നീണ്ടിരുന്നില്ല. അതിനാൽ മുഖക്ഷൗരം മാത്രമേ വേണ്ടിയിരുന്നുള്ളു. ഇതുപോലെ ഒരു സേവനം സൗജന്യമായി ജീവിതത്തിൽ ആദ്യം കിട്ടുന്നതാണല്ലോ. ഞാനും ക്ഷൗരക്കത്തിക്ക് ഇരയാകാനായി തടവുപുള്ളികളുടെ ക്യൂവിൽ നിന്നു.

മുഖരോമം താരതമ്യേന എനിക്കു കുറവാണ്. അക്കാര്യത്തിൽ യൗവനകാലത്ത് അല്പം വിഷമം തോന്നിയിരുന്നെങ്കിലും പില്ക്കാലത്ത് കട്ടിരോമമുള്ളവർ ഷേവുചെയ്യാനും മറ്റും പാടുപെടുന്നതുകണ്ടപ്പോൾ 'ഒള്ളതു മതി' എന്ന് ഞാൻ സങ്കടം വെടിഞ്ഞ് ആശ്വസിച്ചു.

2004-ൽ ഒരു സെമിനാറിൽ പങ്കെടുക്കാൻ ഫിലിപ്പീൻസിൽ പോയപ്പോഴാണ് ഞാൻ 'ഒത്ത മീശക്കാരനായി വിരാജിച്ചത്. എന്റെ മീശ കണ്ട് ഫിലിപ്പിനോ സുന്ദരികൾ കൊതിക്കുകയും അവിടത്തെ പുരുഷന്മാർ അസൂയപ്പെടുകയും ചെയ്തിട്ടുണ്ടാകണം. 'ഇടതൂർന്നത്' എന്ന് അവരിൽ ചിലർ പറഞ്ഞത് അഭിമാനത്തോടെ ഞാൻ കേട്ടിട്ടുണ്ട്. 'മൂക്കില്ലാ രാജ്യത്ത് മുറിമൂക്കൻ രാജാവ്' എന്നു പറയുന്നതുപോലെയാണത്. മംഗോളിയൻ വംശസങ്കരമായ ഫിലിപ്പീനോകൾക്ക് മേൽച്ചുണ്ടിന്റെ അങ്ങേയറ്റത്തും ഇങ്ങേയറ്റത്തും അഞ്ചാറു രോമങ്ങളൊക്കെയെ സാധാരണയായി ഉള്ളു. അതുപോലുമില്ലാത്തവർ ധാരാളം.

മുഖരോമത്തിന്റെ കാര്യത്തിൽ ഇന്ത്യയിൽ ഒന്നാം സ്ഥാനം സിക്കുക്കാർക്കാണെന്നു പറയാം. ആദികാലത്തു കുടിയേറിയ ചില സിക്കുകാർ ഫിലിപ്പീൻസിൽ സ്ഥിരവാസമുണ്ട്. പണം പലിശയ്ക്കു കൊടുക്കുന്നതാണ് അവരുടെ കുലത്തൊഴിൽ. 'മുംബൈവാലാ' എന്നറിയപ്പെടുന്ന അവരുടെ 'രോമപ്പെരുപ്പം' ഫിലിപ്പിനോകളുടെ സൗന്ദര്യസങ്കല്പങ്ങൾക്ക് അപ്പുറമാണ്. ഭക്ഷണം കഴിക്കാൻ മടിക്കുന്ന കുഞ്ഞുങ്ങളെ നമ്മുടെ നാട്ടിൽ അമ്മമാരും മുത്തശ്ശിമാരും പണ്ട് 'കാട്ടുമാക്കാൻ' വരുമെന്നൊക്കെ പറഞ്ഞ് ഭയപ്പെടുത്തി ഭക്ഷണം കഴിപ്പിക്കാറുണ്ടായിരുന്നല്ലോ. ഫിലിപ്പീൻസിലെ അമ്മമാർ 'കാട്ടുമാക്കാനു' പകരം 'മുംബൈവാലാ വരും' എന്നു പറഞ്ഞാണ് കുഞ്ഞുങ്ങളെ വിരട്ടുന്നത്.

ജയിലിലെ ബാർബറാണെങ്കിലും പുതിയ ബ്ലേഡുതന്നെയാണ് ക്ഷൗരത്തിന് ഉപയോഗിക്കുന്നത്. ഒരു ബ്ലേഡ് എടുത്ത് ഒടിച്ച് കത്തി ശരിയാക്കുന്നതിനിടെ

അയാൾ വളരെ സൗഹാർദ്ദപൂർവ്വം എന്നോടു ചോദിച്ചു.

''മാറാടിയിൽ എവിടെയാ വീട്?''

''മാറാടിയിൽ അല്ല മൂവാറ്റുപുഴയിൽത്തന്നെയാ...''

''ഓ...'' അയാൾ ഒന്നു വടിച്ചു.

''മാറാടിയിൽ എന്നാണു പത്രത്തിൽ കണ്ടത്.''

''അതു തെറ്റായി അടിച്ചുവന്നതാണ്.''

''ഓ...'' അയാൾ ഒന്നുകൂടി വടിച്ചു.

അങ്ങനെ വീണ്ടും ഒന്നു രണ്ടു ചോദ്യവും ഉത്തരവും. ഷേവിങ് കഴിഞ്ഞു.

സെല്ലിൽ തിരിച്ചെത്തിയപ്പോൾ ജബ്ബാറിന്റെ കസ്റ്റഡിയിൽ ഒളിപ്പിച്ചു സൂക്ഷിച്ച മുഖക്കണ്ണാടിയുടെ ഒരു ചീളിൽ തടവുപുള്ളികൾ തങ്ങളുടെ മുഖസൗന്ദര്യം നോക്കി. ജബ്ബാർ എനിക്കും തന്നു കണ്ണിന്റെ വലിപ്പമുള്ള ആ കണ്ണാടിച്ചില്ല്. അതിൽ നോക്കിയപ്പോൾ എനിക്കു ചിരിവന്നു. എന്റെ പരിമിതരോമത്തിന്റെ പകുതിയും അവിടവിടെയായി എന്റെ മുഖത്തു തന്നെയുണ്ട്.

ഉച്ചകഴിഞ്ഞ് എന്നെ കാണാൻ മിഥുനും ഭാര്യാസഹോദരൻ സാജുവും ജയിലിലെത്തി. തൊടുപുഴയിലുള്ള കോടതിയിൽ പോയിട്ടാണ് അവർ വന്നത്. എനിക്ക് ഇന്ന് ജാമ്യം കിട്ടുമെന്നാണ് അവർ വിചാരിച്ചിരുന്നത്. കോടതി എന്റെ ജാമ്യാപേക്ഷ പരിഗണിക്കുന്നത് നാളത്തേക്കു മാറ്റിയത്രേ. അക്കാര്യത്തിൽ ഒരു വിഷമം അവർക്കുണ്ടെന്ന് സംഭാഷണത്തിൽനിന്ന് എനിക്കു മനസ്സിലായി. പക്ഷേ, അതൊക്കെ എന്നെ ബാധിക്കുന്ന കാര്യങ്ങളാണെന്ന് എനിക്ക് അപ്പോൾ തോന്നിയതേ ഇല്ല.

അന്നുരാത്രി ഉറങ്ങാൻവേണ്ടി ലൈറ്റണയുന്നതിനു തൊട്ടുമുമ്പ് പീലിപ്പാപ്പന് നെഞ്ചിലൊരു വിമ്മിട്ടം. നെഞ്ചിൽ കൈ അമർത്തിവെച്ച് പാപ്പൻ ഞരങ്ങാനും മൂളാനും തുടങ്ങി. സെല്ലിലുള്ളവർ മക്കൾ അപ്പനെ എന്നപോലെ പാപ്പന്റെ നെഞ്ചുതിരുമ്മിയും വയറുഭാഗത്ത് തട്ടിക്കൊടുത്തും ശുശ്രൂഷിച്ചു. ഒരു കഷണം പേപ്പറും അതിനോടൊപ്പം പ്ലാസ്റ്റിക്കിന്റെ പഴയൊരു ടൂത്ത് ബ്രഷും കത്തിച്ച് ജബ്ബാറിന്റെ നേതൃത്വത്തിൽ ഒരു സ്റ്റീൽ ഗ്ലാസ്സിൽ വെള്ളം ചൂടാക്കി പാപ്പന് കുടിക്കാൻ കൊടുത്തു. വെള്ളം കുടിച്ച് അല്പസമയത്തിനുള്ളിൽ മൂന്നു നാല് ഏമ്പക്കങ്ങൾ നീട്ടിയും കുറുക്കിയും വിട്ടിട്ട് പാപ്പൻ ഞങ്ങളെ നോക്കി ഒരു ആശ്വാസച്ചിരി ചിരിച്ചു.

''ഒള്ള ബീഡിപ്പൊകയെല്ലാം വലിച്ചുകേറ്റി ഗ്യാസു കെട്ടിയതാ. കാരണവർക്ക് ആരും ഇനി ഒറ്റ ബീഡിപോലും കൊടുക്കരുത്.''

പരീതിക്ക പറഞ്ഞത് ശരിതന്നെയായിരുന്നു. ആരെങ്കിലും വലിക്കുന്നതു കണ്ടാൽ അപ്പോൾ പാപ്പനും വലിക്കണം. ബീഡിയില്ലെന്നു പറഞ്ഞാൽ ആ കുറ്റിയെങ്കിലും തരാൻ പാപ്പൻ കെഞ്ചും. മറുത്തു പറയാൻ മനസ്സുവരാതെ ഒരു മുഴുബീഡിയോ അല്ലെങ്കിൽ മുറിബീഡിയോ ആളുകൾ കൊടുക്കുകയും ചെയ്യും.

പോക്കറ്റിലുള്ള ബീഡിയോ സിഗരറ്റോ എടുത്തു കത്തിച്ചാൽ ഒരെണ്ണം മറ്റുള്ളവർക്കു കൊടുക്കേണ്ടിവന്നാലോ എന്നു ഭയന്ന് 'ആശയടക്കുന്ന'വരും കൈവശം ബീഡിയും സിഗരറ്റുമൊക്കെ ഉണ്ടായിട്ടും അതിൽ നിന്ന് എടുക്കാതെ മറ്റുള്ളവരോട് ചോദിച്ചുവാങ്ങി വലിക്കുന്നവരുമായ പ്രൊഫസർമാർ പലരെയും എനിക്കറിയാം. അത്തരം സ്വാർത്ഥന്മാർ ആരും ഞങ്ങളുടെ സെല്ലിലുണ്ടായിരുന്നില്ല. എന്നാൽ പാപ്പന്റെ ആരോഗ്യത്തെക്കരുതി പാപ്പന് ബീഡി കൊടുക്കുന്നതിൽ ഒരു നിയന്ത്രണം വേണമെന്ന് സെല്ലിലുള്ളവർ തീരുമാനമെടുത്തു.

ഈ ഭൂമിയിൽ ഞാൻ പരിചയിച്ച കൂട്ടായ്മകളിൽ സമത്വവും സാഹോദര്യവും ഏറ്റവും വിളഞ്ഞുകണ്ടത് ഈ നാലാം നമ്പർ സെല്ലിലാണ്. കുറ്റവാളികളാണെങ്കിലും പുറത്തുള്ളവരേക്കാൾ സഹജീവിസ്നേഹം കൂടുതലായി എനിക്ക് ദർശിക്കാനായത് ഈ കാരാഗൃഹവാസികളിലാണ്. മകനെ വെട്ടിയിട്ടു വന്ന പീലിപ്പാപ്പന്റെ ഉടുമുണ്ട് ഒരു മകന്റെ സ്ഥാനത്തുനിന്ന് എന്നും അലക്കിക്കൊടുക്കുന്നത് ജബ്ബാറായിരുന്നു.

പിറ്റേന്ന് ഉറക്കമുണർന്നപ്പോൾ നേരം പുലർന്നിരുന്നില്ല. മേസ്തിരി മോഹനൻ ജയിൽപരിസരമൊക്കെ തൂത്തു വൃത്തിയാക്കുകയാണ്. എത്ര കൃത്യനിഷ്ഠയോടെയാണ് അയാൾ ജോലി ചെയ്യുന്നത്. ഇത്രമാത്രം ഉത്തരവാദിത്വബോധം ഏതെങ്കിലും ഒരു തൊഴിൽ മേഖലയിൽ പുലർത്തിയിരുന്നുവെങ്കിൽ അയാൾക്ക് എത്ര നല്ല നിലയിൽ എത്താമായിരുന്നു. പിന്നെന്തിനാണ് പള്ളികളുടെയും അമ്പലങ്ങളുടെയും ഭണ്ഡാരം കുത്തിപ്പൊളിക്കാൻ നടക്കുന്നത്? ജയിലിനു പുറത്തുള്ള മേസ്തിരിയുടെ തൊഴിൽ തടവുപുള്ളികൾ പറഞ്ഞ് ഞാൻ അറിഞ്ഞിരുന്നു. ഓരോരുത്തർക്കും ഓരോ കർമ്മയോഗം അല്ലാതെന്താ?

മേസ്തിരി മുറ്റമടിക്കുന്നതും നോക്കി ഞാനങ്ങനെ ഇരുന്നു. അപ്പോൾ മേസ്തിരിയുടെ 'പൂർവ്വാശ്രമ'ത്തെക്കുറിച്ചുള്ള ചില വെള്ളിവെളിച്ചങ്ങൾ പ്രഭാതസൂര്യനെപ്പോലെ എന്റെ ഓർമ്മകളിൽ ഉദിച്ചുവന്നു.

ഞാൻ കോളജിൽ പഠിച്ചുകൊണ്ടിരുന്നകാലത്ത് മുരിക്കാശ്ശേരിയിൽ ഞങ്ങളുടെ കണ്ടത്തിലെ പണികൾ ചെയ്തിരുന്നത് ഒരു കുടുംബക്കാർ തന്നെയാണ്. ആ വീട്ടിലെ ഗൃഹനാഥന്റെ നേതൃത്വത്തിൽ കണ്ടം കിളയ്ക്കുക, വരമ്പുവെക്കുക തുടങ്ങിയ പണികൾ ആണുങ്ങളും ഗൃഹനാഥയുടെ നേതൃത്വത്തിൽ ഞാറുപറിക്കുക, കളപറിക്കുക, കൊയ്യുക മുതലായ ജോലികൾ സ്ത്രീകളും ചെയ്തുപോന്നു. ഞങ്ങളുടെ വീട്ടിൽനിന്ന് ഏകദേശം അരക്കിലോമീറ്റർ ദൂരത്തിലായിരുന്നു അവർ താമസിച്ചിരുന്നത്.

കണ്ടത്തിൽ പണിയുന്നവർക്ക് രാവിലെയും ഉച്ചയ്ക്കും ചോറുതന്നെയായിരുന്നു ഭക്ഷണം. അത് വിളമ്പിയിരുന്നത് വീട്ടിൽ

വെച്ചുതന്നെയായിരുന്നു. വല്ലപ്പോഴും വീട്ടിലെത്തുന്ന ഞാൻ അവരോടൊപ്പം പണിയുകയും ഭക്ഷണം വിളമ്പുകയും ചെയ്തിട്ടുണ്ട്.

ആ വീട്ടുകാരുടെ ബന്ധുവായിരുന്നു മോഹനൻ എന്ന ചെറുപ്പക്കാരൻ. ചിലപ്പോഴൊക്കെ തന്റെ അമ്മാവനൊപ്പം ഞങ്ങളുടെ കണ്ടത്തിൽ പണിയെടുക്കാൻ മോഹനനും വന്നിട്ടുണ്ട്. മൂന്നു പതിറ്റാണ്ടു മുമ്പുള്ള ആ പരിചയമാണ് ഓർമ്മയിൽ തെളിയാതെ ഞങ്ങൾ രണ്ടാളുടെയും മനസ്സിൽ മങ്ങിക്കിടന്നത്.

മോഹനൻ വളർന്ന് ഇപ്പോൾ ഒരു സബ് ജയിലിലെ മേസ്തിരിയായി. അന്ന് വിദ്യാർത്ഥിയായിരുന്ന ഞാൻ പഠിച്ചുവളർന്ന് ഇവിടെ നാലാം നമ്പർ സെല്ലിലുമായി.

കണ്ടത്തിലെ ചേറിൽ ഒപ്പംനിന്നു കിളച്ചിട്ടുള്ള ആ സഖാവാണ് ഞാൻ സെല്ലിലേക്ക് ആദ്യം ചുവടുവെച്ചപ്പോൾ 'നടയടിച്ചു കേറ്റടാ' എന്ന് തടവുപുള്ളികൾക്ക് നിർദ്ദേശം നല്കിയത്.

എന്റെ മനസ്സ് തെല്ലൊന്ന് ആകുലമായി.

ഏതായാലും മേസ്തിരിക്ക് എന്നെ ഇനിയും മനസ്സിലായിട്ടില്ല. അത് അങ്ങനെതന്നെ ഇരിക്കട്ടെ.

അന്നത്തെ പത്രമെത്തിയപ്പോൾ എന്നെ സംബന്ധിച്ച ഒരു വാർത്ത മറ്റു തടവുപുള്ളികൾ കാണിച്ചു. ''ചോദ്യപേപ്പർ വിവാദം–പ്രൊഫസർ ടി.ജെ. ജോസഫിന്റെ ജാമ്യാപേക്ഷ ഇന്നു പരിഗണിക്കും.'' അതായിരുന്നു ശീർഷകം. താത്പര്യത്തോടെ ആ വാർത്ത ഞാൻ വായിച്ചു. തൊടുപുഴ സി.ജെ.എം. കോടതിയിലാണ് എന്റെ കേസ്. ജാമ്യം കിട്ടിയാൽ ഈ സുഖവാസകേന്ദ്രത്തിലെ പൊറുതി അവസാനിപ്പിച്ച് എന്റെ വീട്ടിലേക്ക്–ഭാര്യയുടെയും മക്കളുടെയും അടുത്തേക്ക്–പോകാം. വീടുവിട്ടിറങ്ങിയ നാൾമുതൽ ഇതുവരെ അനുഭവപ്പെടാതിരുന്ന ഒരു ഗൃഹാതുരത്വം എന്നെ പെട്ടെന്നു ബാധിച്ചു.

കോടതിയുടെ തീരുമാനം അറിയാൻ ഉത്കണ്ഠയോടെയാണ് ഞാൻ കാത്തിരുന്നത്. എങ്കിലും ഉച്ചയ്ക്ക് കിട്ടിയ മീൻകറിയുടെ പാതി അത്താഴത്തോടൊപ്പം കഴിക്കാനായി കരുതിവെച്ചു.

അഞ്ചു മണിയോടെ മേസ്തിരി വന്ന് വാതിൽ തുറന്നിട്ട് എന്നോട് സൂപ്രണ്ടിന്റെ ഓഫീസിലേക്കു ചെല്ലാൻ പറഞ്ഞു. ഓഫീസിലെത്തിയപ്പോൾ അവിടെ എന്റെ സുഹൃത്തായ കുര്യൻ നില്ക്കുന്നുണ്ടായിരുന്നു.

''പ്രൊഫസർക്ക് ജാമ്യം ഓർഡറായിട്ടുണ്ട്. പോയി ഡ്രസ്സു മാറി വരൂ.''

കൈലി മാത്രം ഉടുത്തുചെന്ന എന്നോട് സൂപ്രണ്ട് പറഞ്ഞു.

മേസ്തിരിയോടൊപ്പം തിരിച്ച് സെല്ലിലേക്കു നടന്നപ്പോൾ എന്റെ ഭാരം പകുതിയായി കുറഞ്ഞതുപോലെ എനിക്കു തോന്നി.

''ജാമ്യം കിട്ടിയല്ലേ?'' ജബ്ബാർ ചോദിച്ചു. എന്നെ വിളിപ്പിച്ചത് അതിനാണെന്ന് സെല്ലിലുള്ളവർ ഊഹിച്ചിരുന്നു. അതിനാൽ ജയിലിൽനിന്ന് കിട്ടിയ എണ്ണ,

അലക്കുസോപ്പ് എന്നിവ ഉൾപ്പടെ എന്റെ സാധന സാമഗ്രികളെല്ലാം അവർ പങ്കുവെച്ച് കസ്റ്റഡിയിലാക്കുകയും ചെയ്തിരുന്നു. അതൊക്കെ എടുത്തോട്ടെ എന്ന് അവർ എന്നോട് അനുവാദം ചോദിച്ചു. എന്റെ കൈലിമുണ്ട് എടുത്ത ആളോടു മാത്രം ഞാൻ അത് തിരികെ വാങ്ങിച്ചു. ജയിലിൽ അഡ്മിഷൻ കിട്ടിയ ദിവസം പാതിചോറുതന്ന സെല്ലിലെ മൂപ്പൻ അനീഷിനു കൊടുക്കാൻവേണ്ടിയാണ് അങ്ങനെ ചെയ്തത്. ജാമ്യം കിട്ടിപ്പോകുമ്പോൾ ഒരു മുണ്ടു തരണമെന്ന് അനീഷ് എന്നോട് ചോദിച്ചിരുന്നതാണ്. കോടതിയിൽ ഹാജരാക്കാൻ കൊണ്ടുപോയ അനീഷ് ഇതുവരെ തിരിച്ചെത്തിയിട്ടില്ല.

ആ മുണ്ട് അനീഷിനുള്ളതാണെന്ന് എല്ലാവരും കേൾക്കെ പറഞ്ഞ് അവരെ ഏല്പിച്ചു. ഞാൻ ഉടുത്തിരുന്ന മുണ്ട്, ആദ്യദിവസം എനിക്ക് ഉടുമുണ്ടുതന്ന സുമേഷിനു കൊടുത്തു. ബാക്കി സാധനങ്ങൾ എടുത്തവർക്കുതന്നെ കൊടുത്തു.

ഒരു കല്യാണച്ചെക്കനെ എന്നപോലെ പാന്റ്സും ഷർട്ടുമൊക്കെ ഇടാൻ അവർ എന്നെ സഹായിച്ചു. ഒരുങ്ങിക്കഴിഞ്ഞ ഞാൻ എന്റെ ചില കടലാസ്സുകുറിപ്പുകൾ എടുത്ത് പോക്കറ്റിലിടാൻ നോക്കി. എന്നാൽ പാട്ടെഴുതിയ കടലാസ് കാണാനുണ്ടായിരുന്നില്ല. ആദ്യം എഴുതിയ വെട്ടുതിരുത്തലുകളുള്ള ആ കടലാസ് എന്റെ സാധനങ്ങളോടൊപ്പം ഞാൻ സൂക്ഷിച്ചിരുന്നതാണ്. അതിനുവേണ്ടി പരതിക്കൊണ്ടിരുന്ന എന്നോട് ജബ്ബാർ ചോദിച്ചു:

''എന്താ... എന്താണു തെരയുന്നെ?''

''ആ പാട്ടുണ്ടാക്കിയ കടലാസ്.'' അങ്ങനെ പറഞ്ഞുകൊണ്ട് ഞാൻ ജബ്ബാറിനെ നോക്കി.

തന്റെ ഇടതുകൈ പാതിതുറന്ന് അതിൽ ചുരുട്ടിപ്പിടിച്ചിരുന്ന കടലാസുകഷണം ഒരു കള്ളന്റെ ഗർവ്വോടെ ജബ്ബാർ എന്നെ കാണിച്ചു.

അതെ, അതുതന്നെയാണ് ആ കടലാസ്.

''ഇത് എന്തിനാണു കൊണ്ടുപോകുന്നത്?''

അയാൾ തന്റെ ചുണ്ട് അല്പം കോട്ടിക്കൊണ്ട് എന്നെ നോക്കി.

ജബ്ബാറിന്റെ അതിബുദ്ധി മനസ്സിലാക്കിയിട്ട് ഉത്തരമില്ലാത്തവനെപ്പോലെ ഞാൻ പറഞ്ഞു

''വെറുതേ.''

''ഇതു കൊണ്ടുപോകേണ്ട.'' അയാൾ തീർപ്പുകല്പിച്ചു.

ഒരു നിമിഷത്തേക്ക് നിസ്സഹായത കലർന്ന ദേഷ്യവും സങ്കടവും എന്നെ ബാധിച്ചു. കുറേസമയം ആലോചിച്ച് പണിപ്പെട്ടുണ്ടാക്കിയ പാട്ടാണത്. എന്റെ ജയിൽജീവിതത്തിന്റെ ഒരു 'തിരുശേഷിപ്പ്' ആയി അത് കൈയിലിരിക്കട്ടെ എന്നുമാത്രമേ വിചാരിച്ചുള്ളു.

തന്റെ മകളെക്കൊണ്ട് പാടിപ്പിച്ച് ആൽബമിറക്കാൻ പ്ലാനിട്ടിരിക്കുന്ന ജബ്ബാറിന് എന്നെ വിശ്വാസമില്ലായിരിക്കും. അയാൾ ജയിലിൽനിന്ന് ഇറങ്ങുന്നതിനുമുമ്പേ ഞാൻ ഈ പാട്ട് എന്തിനെങ്കിലും ഉപയോഗിച്ചാലോ എന്ന് അയാൾ

ശങ്കിക്കുന്നുണ്ടാവും. എന്നാലും അതുണ്ടാക്കിയവനിൽ നിന്ന് തട്ടിയെടുത്തിട്ട് ഇത്ര ധാർഷ്ട്യത്തോടെ പെരുമാറുന്നത് ശരിയാണോ?

പെട്ടെന്ന് എന്റെ മനസ്സിൽ ബാല്യകാലത്ത് പഠിച്ച ചില വരികൾ ഓർമ്മ വന്നു.

''കൊണ്ടുപോകില്ല ചോരന്മാർ
കൊടുക്കും തോറുമേറിടും.''

ഏറ്റവും മഹത്തായത് വിദ്യാധനമാണെന്ന് സമർത്ഥിക്കുന്ന കവിതാശകലം.

എന്റെ മനസ്സിൽ എഴുതപ്പെട്ടതിനുശേഷമാണ് ജബ്ബാറിന്റെ കൈയിലിരിക്കുന്ന ആ കടലാസ്സിലെ വരികൾ പകർത്തിയിട്ടുള്ളത്. ആ ഒന്നാം പതിപ്പ് മോഷ്ടിക്കാൻ ഏതു കള്ളനാണ് സാധ്യമാകുക?

ജബ്ബാറിനെ നോക്കി വിജയിയുടെ ഒരു ചെറുപുഞ്ചിരി ചിരിച്ചിട്ട് ഞാൻ എല്ലാവരോടും യാത്ര പറഞ്ഞു.

സെല്ലിൽനിന്ന് ഇറങ്ങാൻനേരം പരീതിക്ക എന്റെ കരം ഗ്രഹിച്ചിട്ടു പറഞ്ഞു.

''ഞങ്ങളുടെ സമുദായത്തിലുള്ള ചിലർക്ക് ഇപ്പോൾ തീവ്രവാദം കൂടിക്കൂടി വരികയാ... സാറു സൂക്ഷിക്കണം.''

ജയിലിലെത്തിയ ദിവസം തനിക്കുവേണ്ടി കിടക്കപ്പായ പകുത്തു നല്കിയ ആളാണ്.

ഇക്കയുടെ കണ്ണുകളിൽ വാത്സല്യം നിറയുന്നതു ഞാൻ കണ്ടു.

സൂപ്രണ്ടിന്റെ ഓഫീസിലേക്കു നടക്കുമ്പോൾ ഞാൻ വിട്ടുപോരുന്ന നാലാം നമ്പർ സെല്ലിലേക്ക് ഒന്നു തിരിഞ്ഞുനോക്കി. ആ ഇരുമ്പഴിവാതിലും അതിനുള്ളിലെ മനുഷ്യരുടെ നിഴൽരൂപങ്ങളും ഒരു ചിത്രത്തിലേതുപോലെയാണ് എനിക്കപ്പോൾ കണ്ണിൽപെട്ടത്.

എന്റെ ശരീരത്തിലെ ഐഡന്റിഫിക്കേഷൻ മാർക്സ് ഒത്തുനോക്കി ജാമ്യ ഉത്തരവിൽ പറയുന്ന ആൾ ഞാൻതന്നെയാണെന്ന് ബോധ്യപ്പെട്ടതിനുശേഷം ഉത്തരവിലെ ഒരു വ്യവസ്ഥ സൂപ്രണ്ട് വായിച്ചുകേൾപ്പിച്ചു. അതായത്, തൊടുപുഴ താലൂക്കിൽ ഞാൻ പ്രവേശിക്കാൻ പാടില്ലത്രേ.

ഞാൻ ജോലിചെയ്യുന്ന ന്യൂമാൻ കോളജ് അവിടെയാണ്. സസ്പെൻഷനിൽ ആയതുകൊണ്ട് തത്കാലം പോകേണ്ടല്ലോ. ഞാൻ സമാധാനിച്ചു.

ബെയിൽ ബോണ്ടിലും മറ്റും ഒപ്പിടുവിച്ചതിനുശേഷം സൂപ്രണ്ട് നിവർന്നുനിന്നിട്ട് പറഞ്ഞു:

''നൗ യു ആർ ഫ്രീ.''

വൈക്കം മുഹമ്മദ് ബഷീറിന്റെ 'മതിലുകൾ' എന്ന കൃതിയിലെ നായകൻ ജയിൽമോചിതനാകുന്ന രംഗം അപ്പോൾ എന്റെ ഓർമ്മയിൽ വന്നു.

''യു കാൻ ഗോ മിസ്റ്റർ ബഷീർ; യു ആർ ഫ്രീ.'' എന്ന് ജയിലർപറഞ്ഞപ്പോൾ കഥാനായകൻ ചോദിക്കുകയാണ്,

''വൈ ഷുഡ് ഐ ബി ഫ്രീ... ഹു വാൺട്സ് ഫ്രീഡം?''

''സ്വതന്ത്രൻ..! സ്വതന്ത്രലോകം...! ഏതു സ്വതന്ത്രലോകം? വൻ ജയിലിലേക്കുവേണമല്ലോ പോകാൻ. ആർക്കുവേണം ഈ സ്വാതന്ത്ര്യം?''
ബഷീർ ചോദിച്ചു.
''ശരിയാണ് ഗുരോ...'' സൂപ്രണ്ടു കേൾക്കാതെ ഞാൻ പറഞ്ഞു.
''പക്ഷേ, പോകാതിരിക്കാൻ പറ്റില്ലല്ലോ.''
സൂപ്രണ്ട് എന്റെ നേരേ കൈകൾ നീട്ടി. അദ്ദേഹത്തിന് കൈകൊടുത്ത് പിരിഞ്ഞ് വാർഡന്റെ റൂമിലെത്തി. അവിടെ വീഞ്ഞപ്പെട്ടിയിൽ സൂക്ഷിച്ചിരുന്ന എന്റെ ബെൽറ്റ് ചോദിച്ചുവാങ്ങി ഞാൻ ഗേറ്റിനരുകിൽ കാത്തു നിന്നിരുന്ന കുര്യന്റെ അടുത്തേക്കു നടന്നു.
''സാർ...'' പിന്നിൽനിന്ന് ഒരു വിളികേട്ട് ഞാൻ തിരിഞ്ഞുനിന്നു. ഒരു വാർഡൻ എന്റെ അരികിലേക്ക് വേഗത്തിൽ നടന്നെത്തി.
''ഞങ്ങൾക്കൊരു ചെലവുചെയ്യാതെ സാറ് പോകുകയാണോ?''
സൗഹൃദം പൊഴിയുന്ന പുഞ്ചിരിയോടെ അയാൾ ചോദിച്ചു.
അഡ്മിഷന്റെ ദിവസം ജയിൽനിയമങ്ങളിലുള്ള അജ്ഞത നിമിത്തം ഉടുമുണ്ടു കിട്ടുന്നതിനായി ഈ നില്ക്കുന്ന സുഹൃത്ത് കുര്യന്, ഒന്ന് ഫോൺ ചെയ്യാമോ എന്നു ചോദിച്ചപ്പോൾ 'അതിനുള്ള സ്ഥലമല്ലിവിടം' എന്ന് വളരെ പുച്ഛത്തോടും ധാർഷ്ട്യത്തോടും എന്നോടു പറഞ്ഞ ആൾ തന്നെയാണ്.
''സോമൻ സാറ് വിയ്യൂർ ജയിലിലേക്ക് സ്ഥലംമാറി പോകുവാ... അതിനുമുമ്പൊരു കമ്പനികൂടാനാ... സാറ് രണ്ട് ഫുള്ള് വാങ്ങിച്ചു തന്നേ ഒക്കൂ...''
അയാളുടെ വാക്കുകൾക്ക് യാചനയുടെ സ്വരമാണിപ്പോൾ.
മനസ്സിൽ നിറഞ്ഞുവന്ന പുച്ഛവും അമർഷവും മറച്ചുകൊണ്ട് സൗമ്യതയോടെ ഞാൻ പറഞ്ഞു:
''എന്റെ കൈയിൽ കാശൊന്നുമില്ലല്ലോ.''
''അവരെക്കൊണ്ട് വാങ്ങിപ്പിക്കാമല്ലോ''
എന്നെ കാത്തുനിന്ന കുര്യനെ ചൂണ്ടി വാർഡൻ പറഞ്ഞു. എന്തു പറയണമെന്നറിയാതെ ഒരു നിമിഷം ഞാൻ വിഷമിച്ചു.
''വാങ്ങിക്കാൻ ബുദ്ധിമുട്ടാണെങ്കിൽ അതിനുള്ള കാശു തന്നാലും മതി.''
വാർഡൻ വീണ്ടും കെഞ്ചി. ഞാൻ മറുപടി ഒന്നും പറഞ്ഞില്ല.
''സാറിന് അത്ര വിഷമമാണെങ്കിൽ വേണ്ട.'' എന്റെ നില്പും ഭാവവും കണ്ടിട്ട് അയാൾ ഇച്ഛാഭംഗത്തോടെ പറഞ്ഞു. അയാളുടെ മുഖത്തെ ദൈന്യത എന്റെയുള്ളിൽ അറപ്പുളവാക്കി.
''അല്ലെങ്കിൽ വേണ്ട, സാറ് പൊയ്ക്കോ...''
കിട്ടില്ലെന്ന് ഉറപ്പായതുകൊണ്ടാവാം അയാൾ എന്നെ പോകാൻ അനുവദിച്ചു.
ജയിലിനു പുറത്തിറങ്ങിയപ്പോഴാണ് എന്നെ കൊണ്ടുപോകാനായി എത്തിയ മറ്റുള്ളവരെ കണ്ടത്. ഭാര്യാസഹോദരൻ സാജു, സാജുവിന്റെ ഒരു സുഹൃത്ത്,

സഹോദരീഭർത്താവ് ബേബി എന്നിവർ കാറിലാണ് വന്നിട്ടുള്ളത്.

''വാർഡനുമായിട്ട് എന്തായിരുന്നു സംസാരം. അയാളുടെ ഭാവം കണ്ടിട്ട് ഏതാണ്ടൊരു ഇഷ്ടക്കേടുള്ളതുപോലെ.''

കാറിനടുത്തേക്കു നടക്കുമ്പോൾ കുര്യൻ ചോദിച്ചു.

''അയാൾക്ക് രണ്ട് ഫുൾ വാങ്ങികൊടുക്കണമത്രേ.'' ഞാൻ ഉദാസീനമട്ടിൽ പറഞ്ഞു.

''കൊടുക്കണോ? കൊടുക്കണമെങ്കിൽ കൊടുക്കാം.'' കുര്യൻ കാര്യമായിട്ടുതന്നെ പറഞ്ഞു.

''അതിന്റെ ആവശ്യമില്ല.'' എന്നു പറഞ്ഞുകൊണ്ട് ഞാൻ കാറിൽ കയറി.

''സെല്ലിൽ കിടക്കുന്ന കള്ളന്മാരെക്കാൾ വലിയ മോഷ്ടാക്കളും പിടിച്ചുപറിക്കാരുമാണ് ജയിലിലെ മിക്ക വാർഡൻമാരും.''

അങ്ങനെ പറഞ്ഞിട്ട് അളിയൻ സാജു കാർ സ്റ്റാർട്ടു ചെയ്തു. സാജു തുടർന്നു.

''അളിയനെ റിമാൻഡ് ചെയ്ത് മൂവാറ്റുപുഴ സബ്ജയിലിലേക്കാണ് വിടുന്നതെന്ന് അറിഞ്ഞപ്പോൾത്തന്നെ മൂവാറ്റുപുഴക്കാരനായ ഒരു സുഹൃത്തിനെ ഫോണിൽ വിളിച്ച് ജയിലിലേക്കു പറഞ്ഞുവിട്ടു. ജയിലിൽ അനുവദനീയമായ സൗകര്യങ്ങളൊക്കെ അളിയന് തരപ്പെടുത്തികൊടുക്കാൻ അമ്പതിനായിരം രൂപയാണ് ജയിൽ അധികൃതർ ആവശ്യപ്പെട്ടത്. അങ്ങനെ കൊടുത്താൽ മറ്റു ക്രിമിനലുകളുടെകൂടെ കിടത്താതെ അടുക്കളയോടടുത്ത മുറിയിൽ കിടത്താമത്രേ. എന്തുവേണമെന്ന് അവൻ ചോദിച്ചു. അവിടെനിന്നും വിട്ടുപോരാൻ അവനോടു ഞാൻ പറഞ്ഞു. രാത്രി എട്ടുമണിയോടെ കൈലിമുണ്ടും മറ്റു സാധനങ്ങളുമായി ഞങ്ങൾ വന്നപ്പോൾ അതൊക്കെ 'പുള്ളി'യുടെ കൈയിലെത്തണമെങ്കിൽ ചെലവുണ്ടെന്ന് പറഞ്ഞ് രണ്ടായിരം രൂപ ഞങ്ങളോടു വാങ്ങിച്ചു.''

''അത്രയും കാശ് വാങ്ങിച്ചിട്ട് ആ സാധനങ്ങളൊന്നും അന്നെനിക്ക് അവർ തന്നില്ല. കിടക്കാനുള്ള പായപോലും തരാൻ അവർ കൂട്ടാക്കിയില്ല.'' ഞാൻ ഇടയ്ക്കുകയറി പറഞ്ഞു.

''അത് അമ്പതിനായിരം ചോദിച്ചിട്ട് കിട്ടാത്തതിന്റെ ചൊരുക്കാ... കോളജ് പ്രൊഫസറല്ലേ, കിട്ടുമെന്ന് പ്രതീക്ഷിച്ചുകാണും.''

സൂപ്രണ്ടിന്റെ ആദ്യദിവസത്തെ സ്തോഭപ്രകടനത്തിന്റെ കാരണം അതായിരിക്കുമെന്ന് ഞാൻ ഊഹിച്ചു.

''അളിയനെ കാണാൻ വന്ന മിക്കവാറും പേരുടെ കൈയിൽനിന്നും കാശ് അല്ലെങ്കിൽ മദ്യം വാർഡൻമാർ നിർബന്ധിച്ചു പറഞ്ഞ് വാങ്ങിയിട്ടുണ്ട്.''

അതുകേട്ടപ്പോൾ എനിക്ക് വല്ലാത്തൊരു കുറച്ചിൽ അനുഭവപ്പെട്ടു.

''അവർ ചോദിച്ചെന്നുകരുതി നിങ്ങൾ എന്തിനാണു കൊടുക്കാൻ പോകുന്നത്?'' ഞാൻ ചോദിച്ചു

''കൊടുത്തില്ലെങ്കിൽ അളിയനെ ഉപദ്രവിക്കുമെന്ന് ഭയന്നാണ് മിക്കവരും കൊടുക്കുന്നത്.''

''ഉപദ്രവിക്കുമത്രേ, അതൊക്കെ കേട്ട് വിരണ്ട് കാശും കള്ളും കൊടുക്കാൻ നിങ്ങളെപ്പോലെയുള്ളവരുള്ളതുകൊണ്ടാണ് അവരിത്ര വഷളന്മാരാകുന്നത്.'' അല്പം അമർഷത്തോടെയാണ് ഞാൻ അങ്ങനെപറഞ്ഞത്.

''അളിയൻ ചൂടാകാതെ... ചിലപ്പോൾ അങ്ങനെയൊക്കെ വേണ്ടിവരും. നമ്മുടെ നാട്ടിലെ മിക്ക ജയിലിലും ഇതൊക്കെത്തന്നെയാണ് ഏർപ്പാട്.'' ബേബി അളിയൻ എന്നെ സമാധാനിപ്പിക്കാൻ നോക്കി.

മുരിക്കാശ്ശേരിയിലുള്ള ഭാര്യാവീട്ടിലാണ് ഭാര്യയും മക്കളും. എന്നെ അവിടേക്കാണ് കൊണ്ടുപോകുന്നത്. അതിനാൽ കുര്യൻ മൂവാറ്റുപുഴ ടൗണിൽ ഇറങ്ങി.

മുരിക്കാശ്ശേരിൽ എത്താൻ മൂന്നു മണിക്കൂർ യാത്ര ചെയ്യണം. ജയിൽജീവിതത്തിന്റെ അമൂല്യസ്മരണകളെ ഭദ്രമായി നെഞ്ചോടു ചേർത്തുവെച്ച് ഞാൻ വണ്ടിയിലിരുന്നു.

ജീവപര്യന്തം ജയിൽശിക്ഷ കഴിഞ്ഞ് ഭാര്യയുടെയും മക്കളുടെയും അടുത്തേക്കു പോകുന്ന ഒരാളുടെ മാനസികാവസ്ഥയായിരുന്നു എനിക്കപ്പോൾ.

# സമാധാനപാലകരുടെ വ്യസനങ്ങൾ

രാത്രി ഒമ്പതുമണിയോടെയാണ് മുരിക്കാശ്ശേരിയിലുള്ള ഭാര്യവീട്ടിൽ എത്തിയത്. അവിടെയെത്തുന്നതിന് എട്ടുകിലോമീറ്റർ മുമ്പ് കമ്പളികണ്ടം എന്ന സ്ഥലത്ത് ബേബി അളിയൻ ഇറങ്ങിയിരുന്നു. അവിടെ നിന്ന് മറ്റൊരു വഴിക്ക് അഞ്ചുകിലോമീറ്റർ ദൂരത്തിലാണ് അളിയന്റെ വീട്.

ഞങ്ങൾ ചെല്ലുന്ന സമയത്ത് വീട്ടിലുള്ളവരെക്കൂടാതെ ഭാര്യയുടെ ഒരു അമ്മാവൻ, ചെറുപ്പക്കാരായ ചില ബന്ധുക്കൾ എന്നിവരാണ് വീട്ടിൽ ഉണ്ടായിരുന്നത്. എന്റെ തിരിച്ചുവരവ് ഒരു ആഘോഷമാക്കാൻ പോന്ന മാനസികാവസ്ഥയിലല്ല അവരാരും എന്ന് ചെന്ന മാത്രയിൽ എനിക്ക് ബോധ്യപ്പെട്ടു. എന്നെ കണ്ട സലോമി വിങ്ങിപ്പൊട്ടി കരയുകയാണുണ്ടായത്. സങ്കടവും മരവിപ്പും കൂടിക്കലർന്ന ഒരു നിർവികാരതയിൽ മിഥുന്റെ മുഖം വാടിപ്പോയിരിക്കുന്നു. അച്ഛനെ വീണ്ടും കാണാൻ സാധിച്ചതിന്റെ സന്തോഷമാണ് ആമിയുടെ മുഖത്തു മുന്നിട്ടുനിന്നത്. അകാരണമായി പെട്ടെന്ന് ഏല്ക്കേണ്ടിവന്ന ശാരീരികവും മാനസികവുമായ പീഡനങ്ങളുടെ ക്ഷതം അവരെ വല്ലാതെ തളർത്തിക്കളഞ്ഞിരിക്കുന്നു. ശവസംസ്കാരത്തിനുശേഷം മരണവീട്ടിൽ അവശേഷിക്കുന്ന ബന്ധുജനങ്ങളുടെ ഉദാസീനതയാണ് മറ്റുള്ളവരിൽ എനിക്ക് ദർശിക്കാൻ കഴിഞ്ഞത്. ധീരമായി പോരാടിയതിനുശേഷം വീട്ടിൽ മടങ്ങിയെത്തുന്ന പോരാളിയുടേതുപോലെ എന്നിലുണ്ടായിരുന്ന ഉത്സാഹം അതോടെ നിശ്ശേഷം വാർന്നുപോയി.

ആരിൽനിന്നൊക്കെയോ രക്ഷപ്പെടാനായി ഒരു ഭീരുവിനെപ്പോലെ ഞാൻ വീടുവിട്ടിറങ്ങിയത് ഭാര്യ സലോമിക്കും മകൻ മിഥുനും നേരിട്ടേണ്ടിവന്ന ദുരിതപർവ്വത്തിന്റെ നാന്ദിയാകുമെന്ന് ഞാൻ സ്വപ്നേപികരുതിയിരുന്നില്ല.

എന്നെ മൂവാറ്റുപുഴ ബസ് സ്റ്റാന്റിൽ ഇറക്കിവിട്ടിട്ട് മിഥുൻ തിരിച്ചെത്തിയ ഉടനെ മൂവാറ്റുപുഴ പോലീസ് സ്റ്റേഷനിൽനിന്ന് ഒരുസംഘം പോലീസുകാർ വീട്ടിലെത്തി. 'പ്രൊഫസറെവിടെ?' എന്ന പോലീസിന്റെ ചോദ്യത്തിന് മിഥുൻ സത്യസന്ധമായി മറുപടി നല്കി. എന്നാൽ അതൊന്നും അവർക്ക് ബോധ്യപ്പെട്ടില്ല. വീടിന്റെ മുൻവാതിലിനും പിൻവാതിലിനും സമീപത്തായി പോലീസുകാർ നിലയുറപ്പിച്ചു. വീട്ടിലുള്ളവരുടെ നീക്കങ്ങൾ അറിയുന്നതിനും ഫോൺ ചെയ്യുന്നതിന്റെ വിവരങ്ങൾ മനസ്സിലാക്കുന്നതിനും ജനലുകൾക്കരികിൽ വന്ന് അവർ എത്തിനോക്കി.

ഇതിനിടെ മിഥുൻ ടി.വി. ഓൺ ചെയ്തു ചാനലുകളിലെ പ്രധാനവാർത്ത ചോദ്യപേപ്പർ വിവാദത്തെക്കുറിച്ചായിരുന്നു. വിവാദം കൊഴുപ്പിക്കാൻ

ചാനലുകാർ ആവേശത്തോടെ മത്സരിച്ചു. അതുകണ്ട് മനം മടുത്ത് മിഥുൻ ടി.വി. ഓഫാക്കി.

പോലീസ് ബന്തവസ്സിലുള്ള വീട്ടിൽ അശരണരായി സലോമിയും മിഥുനും വീർപ്പുമുട്ടി. ആശ്വസിപ്പിക്കാനോ ധൈര്യം പകരാനോ അയൽക്കാരോ നാട്ടുകാരോ ആരും വന്നില്ല. കാരണം, പോലീസ് നിരീക്ഷണത്തിലുള്ള ഒരു വീട്ടിലേക്കു വന്ന് പുലിവാലു പിടിക്കാൻ ബുദ്ധികേടുള്ളവർ ഞങ്ങളുടെ പ്രദേശത്ത് ആരുംതന്നെ ഉണ്ടായിരുന്നില്ല.

നേരം ഉച്ചയായി. വേവലാതിക്കിടയിലും ഉച്ചഭക്ഷണം തയാറാക്കി സലോമി മിഥുനെ ഉണ്ണാൻ വിളിച്ചു. അവൻ അതു കേട്ടതായിപ്പോലും ഭാവിച്ചില്ല. അത്രമാത്രം ആധി അവനെ ബാധിച്ചുകഴിഞ്ഞിരുന്നു.

അധികം താമസിയാതെ തൊടുപുഴയിൽനിന്ന് മറ്റൊരു സംഘം പോലീസുകാർ വീട്ടിലെത്തി. ചോദ്യപേപ്പറിലൂടെ മതസ്പർദ്ധയുണ്ടാക്കാൻ ശ്രമിച്ചുവെന്ന കുറ്റത്തിന് ജാമ്യമില്ലാവകുപ്പുകൾ ചേർത്ത് കേസെടുത്തിട്ട് പ്രതിയെ കസ്റ്റഡിയിലെടുക്കാൻ എത്തിയവരായിരുന്നു അവർ. പ്രതിയെ പിടിക്കാനെത്തുന്ന പോലീസുകാരുടെ പരുക്കൻ മട്ടിലാണ് അവർ സലോമിയോടും മിഥുനോടും പെരുമാറിയത്. വിടിനുള്ളിലേക്ക് കടന്നുകയറിയ അവർ മുക്കിലും മൂലയിലും നോക്കി. എവിടെയും കാണാഞ്ഞ് സലോമിയെയും മിഥുനെയും മാറി മാറി ചോദ്യം ചെയ്തു. ഞാൻ എവിടേക്കാണ് പോയതെന്നും ഇപ്പോൾ എവിടെയാണെന്നും പറയണം. പറഞ്ഞില്ലെങ്കിൽ 'പറയിപ്പിക്കും' എന്ന മട്ടിലാണ് ചോദ്യം ചെയ്യൽ. മിഥുൻ തനിക്കറിയാവുന്നതെല്ലാം അവരോടു പറഞ്ഞു. താനാണ് അച്ഛനെ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിൽ കൊണ്ടുപോയി വിട്ടത്. എങ്ങോട്ടാണ് പോകുന്നതെന്ന് അച്ഛൻ പറഞ്ഞില്ല. ഒരു പക്ഷേ, എവിടേക്കുപോകണമെന്ന് അച്ഛനും അപ്പോൾ ആലോചിച്ചിട്ടുണ്ടാവില്ല.

അച്ഛനെ കിട്ടിയില്ലെങ്കിൽ മകനെ കൊണ്ടുപോകുമെന്നായി പോലീസുകാർ. അതുകേട്ട് നടുങ്ങിയ സലോമി മിഥുനെ തന്നോടു ചേർത്തുപിടിച്ചു.

തന്റെ ഭർത്താവിന്റെ നിരപരാധിത്വം വെളിപ്പെടുത്തുന്നതിനായി വിവാദചോദ്യത്തിൽ ഉദ്ധരിച്ചുചേർത്ത സംഭാഷണശകലം ഉൾക്കൊള്ളുന്ന 'തിരക്കഥയുടെ രീതിശാസ്ത്രം' എന്ന പുസ്തകം അലമാരിയിൽ നിന്ന് തപ്പിയെടുത്ത് സലോമി പോലീസ് ഉദ്യോഗസ്ഥരെ കാണിച്ചു. പ്രതിയെ കിട്ടിയില്ലെങ്കിലും കുറ്റകൃത്യം ചെയ്യാൻ പ്രതി ഉപയോഗിച്ച 'ആയുധം' കണ്ടുകിട്ടിയ ആവേശത്തിൽ അവർ മാറിമാറി ആ പുസ്തകം സൂക്ഷ്മപരിശോധന നടത്തി. പോയപ്പോൾ ആ 'മാരകായുധം' തിരികെത്തരാതെ അവർ കൊണ്ടുപോകുകയും ചെയ്തു. തൊടുപുഴ പോലീസ് പോയതിനുശേഷവും മൂവാറ്റുപുഴ പോലീസ് കാവൽ തുടർന്നു.

ന്യൂമാൻ കോളജ് മാനേജർ മോൺസിഞ്ഞോർ തോമസ് മലേക്കുടി വീണ്ടും ലാൻഡ് ഫോണിൽ വിളിച്ചു. ഞാൻ പോലീസിനു കീഴടങ്ങുന്നതാണ്

നല്ലതെന്നും ഐ.ജി. ബി. സന്ധ്യയുടെ മുമ്പിൽ കീഴടങ്ങാമെന്നും ഒപ്പം താൻകൂടി വരാമെന്നും മാനേജർ മിഥുനെ അറിയിച്ചു. അദ്ദേഹത്തിന്റെ ഉദ്ദേശ്യശുദ്ധിയെക്കുറിച്ച് മിഥുന് തെല്ലൊരു സംശയം തോന്നാതിരുന്നില്ല. ഏതായാലും എന്റെ മൊബൈൽ ഫോൺ അപ്പോഴേക്കും സ്വിച്ച് ഓഫ് ആയിപ്പോയതിനാൽ ആ സന്ദേശം എന്നെ അറിയിക്കാൻ മിഥുന് സാധിച്ചില്ല.

അഞ്ചുമണിയോടടുത്ത സമയത്ത് പ്രൊഫ. റ്റി.എ. ജോയി വീട്ടിലേക്കു വന്നു. ഞാൻ നേരത്തേ പറഞ്ഞതിൻപ്രകാരം ജോയി മാത്യു സാർ അറിയിച്ചിട്ട് സലോമിയെയും മിഥുനെയും കൂട്ടിക്കൊണ്ടു പോകാനാണ് അദ്ദേഹം വന്നത്. ഞങ്ങളുടെ കാറിൽ അദ്ദേഹത്തോടൊപ്പം സലോമിയും മിഥുനും അദ്ദേഹത്തിന്റെ വീട്ടിലേക്കു പോയി. പൂട്ടിയ വീടിനു വെളിയിൽ പോലീസുകാർ അപ്പോഴും പോകാതെ നിന്നു.

സലോമി വിവരമറിയിച്ചതിനെത്തുടർന്ന് സലോമിയുടെ സഹോദരൻ സാജു രാത്രി പത്തുമണിയോടെ എത്തി ജോയി സാറിന്റെ വീട്ടിൽ നിന്ന് സലോമിയെയും മിഥുനെയും മുരിക്കാശ്ശേരിയിലുള്ള തന്റെ വീട്ടിലേക്ക് കൊണ്ടുപോയി. ഏകദേശം നൂറു കിലോമീറ്റർ യാത്രചെയ്ത് വീട്ടിലെത്തിയപ്പോൾ രാത്രി വളരെ വൈകിയിരുന്നു.

മുരിക്കാശ്ശേരി പോലീസ് സ്റ്റേഷന്റെ തൊട്ടടുത്തായിരുന്നു സാജുവിന്റെ വീട്. മുറ്റത്തിന്റെ ഒരുവശം അതിരിടുന്നത് സ്റ്റേഷൻ വക സ്ഥലമാണ്. രാവിലെ ഒരു പോലീസുകാരൻ വന്ന് മിഥുനോടും സാജുവിനോടും സ്റ്റേഷനിലേക്കു ചെല്ലാൻ പറഞ്ഞു. അപ്പോൾ അവർ ഉറക്കമുണർന്നില്ലായിരുന്നു. മിഥുനും സാജുവും പോലീസ് സ്റ്റേഷനിൽ ചെന്നപ്പോൾ സബ് ഇൻസ്പെക്ടർ അവിടെ ഉണ്ടായിരുന്നില്ല. അദ്ദേഹം വരുന്നതുവരെ അവിടെത്തന്നെ പോലീസുകാർ അവരെ നിർത്തി.

ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ എത്തിയ സബ് ഇൻസ്പെക്ടർ മിഥുനെയും സാജുവിനെയും ചോദ്യം ചെയ്തു. രണ്ടുപേരുടെയും മൊബൈൽ ഫോൺ വാങ്ങി കോൾ രജിസ്റ്റർ പരിശോധിച്ചു. പിന്നീട് തൊടുപുഴ പോലീസ് സ്റ്റേഷനിലേക്ക് വിളിച്ച് പിടികിട്ടാപ്പുള്ളിയായ പ്രൊഫസറുടെ മകനും അളിയനും തന്റെ കസ്റ്റഡിയിലുണ്ടെന്ന് അറിയിച്ചു. അവരെ തൊടുപുഴയ്ക്ക് കൊണ്ടുവരാൻ എസ് ഐയ്ക്ക് നിർദ്ദേശം ലഭിച്ചു. മൂവാറ്റുപുഴയിലെ വീട് സേർച്ചു ചെയ്യണമെന്നും അതിനാൽ വീടിന്റെ താക്കോലുകൂടി എടുത്തുകൊള്ളാൻ എസ്.ഐ മിഥുനോടു പറഞ്ഞു.

പതിനൊന്നു മണിയോടെ അവർ പോലീസ് ജീപ്പിൽ തൊടുപുഴയ്ക്കു പുറപ്പെട്ടു. എസ്ഐയോടൊപ്പം ഡ്രൈവറെക്കൂടാതെ മറ്റൊരു പോലീസുകാരനും ഉണ്ടായിരുന്നു.

കിടക്കപ്പായയിൽനിന്ന് എണീറ്റ് പോലീസ് സ്റ്റേഷനിലേക്കുചെന്ന മിഥുനും സാജുവും അന്ന് യാതൊന്നും കഴിച്ചിരുന്നില്ല.

യാത്രാമധ്യേ പോലീസ് വാഹനത്തിന് ഡീസൽ അടിച്ചതിന്റെ ആയിരം രൂപ സാജുവിനെക്കൊണ്ട് നിർബ്ബന്ധപൂർവ്വം പോലീസുകാർ കൊടുപ്പിച്ചു.

രണ്ടുമണിയോടെ അവർ തൊടുപുഴ പോലീസ് സ്റ്റേഷനിൽ എത്തി. മുകൾനിലയിലുള്ള ഡിവൈഎസ്പി ഓഫീസിലേക്കാണ് മിഥുനെയും സാജുവിനെയും കൊണ്ടുചെന്നത് ഡിവൈഎസ്പി കെ.ജി. സൈമൺ ഇരുവരെയും മാറിമാറി ചോദ്യം ചെയ്തു.

അന്ന് മാർച്ച് 27-ാം തീയതി ശനിയാഴ്ച ആയിരുന്നു. പിന്നീട് മാർച്ച് 30 ചൊവ്വാഴ്ച വെളുപ്പിനാണ് മിഥുനെ പോലീസ് കസ്റ്റഡിയിൽനിന്നും വിടുന്നത്. മൂന്നു പകലും മൂന്നു രാവും എന്റെ മകനെ നിയമവിരുദ്ധമായി കസ്റ്റഡിയിൽവെച്ച് പലതരം പീഡനങ്ങൾക്ക് വിധേയമാക്കിയതിന്റെ വിശദാംശങ്ങൾ അവൻ പറഞ്ഞമാതിരി വിവരിക്കാൻ ഞാൻ മുതിരുന്നില്ല. എനിക്ക് അതിനുള്ള ശക്തിപോരാ.

പ്രതിയെ നിഷ്പ്രയാസം പിടിക്കാമെന്ന ധാരണയായിരുന്നു പോലീസിന് ആദ്യം ഉണ്ടായിരുന്നത്. എന്നാൽ കിട്ടാതെവന്നതോടെ പോലീസ് വലിയ സമ്മർദ്ദത്തിലായി. കൊടികുത്തിയ ക്രിമിനലുകളെപ്പോലും കണ്ടുപിടിച്ച് വീര്യം തെളിയിച്ചിട്ടുള്ള കേരള പോലീസിന് കഥയില്ലാത്ത ഒരു വാദ്ധ്യാരെ പിടികൂടാൻ അമാന്തമെന്തേയെന്ന് ഉന്നതവൃത്തങ്ങളിൽനിന്ന് ശകാരമുണ്ടായി. മതവേതാളങ്ങൾക്ക് ഓശാനപാടാൻ മത്സരിക്കുന്ന രാഷ്ട്രീയ പാർട്ടികൾ നിരന്തര പ്രസ്താവനകളുമായി രംഗം വിടാതെ നിലകൊണ്ടു. തൊടുപുഴയിൽ പ്രഖ്യാപിക്കപ്പെട്ടിരുന്ന നിരോധനാജ്ഞ പ്രതിയെ പിടികൂടാതെ പിൻവലിക്കാനുള്ള ആർജവം ഭരണകൂടത്തിന് ഇല്ലാതെയും വന്നു.

ചോദ്യപേപ്പർ കേസിലെ പ്രതിയെ പിടിക്കാൻ നാലു സ്ക്വാഡുകളായിത്തിരിഞ്ഞ് അന്വേഷണം നടത്തിവന്ന പോലീസ് സേനയുടെ കേന്ദ്രസ്ഥാനം തൊടുപുഴ പോലീസ് സ്റ്റേഷനിലെ ഡിവൈഎസ്പി ഓഫീസായിരുന്നു. കേസിന്റെ അന്വേഷണച്ചുമതലയുള്ള ഇടുക്കി ക്രൈം ഡിറ്റാച്ച്മെന്റ് ഡിവൈഎസ്പി യു.വി. കുര്യാക്കോസ്, തൊടുപുഴയിലെ ഡിവൈഎസ്പി കെ.ജി. സൈമൺ എന്നിവർക്കു ചോദ്യം ചെയ്യാനായി രണ്ടാം നിലയിലുള്ള ഗോവണിപ്പടികളിലൂടെ എസ്ഐ ഷിന്റോ പി. കുര്യനും ചില പോലീസുകാരും മിഥുനെ വലിച്ചിഴച്ചാണ് പലപ്പോഴും കൊണ്ടുപോയത്.

പ്രതിയെ പിടികൂടാനുള്ള സൂചനകളൊന്നും കിട്ടാതെവന്നതിനാലാകാം ഡിവൈഎസ്പി കുര്യാക്കോസ് പലപ്പോഴും അബ്നോർമലായിട്ടാണ് മിഥുനോട് പെരുമാറിയത്. കാണുമ്പോഴൊക്കെ ഷർട്ടിന്റെ കോളറിനു കയറിപ്പിടിക്കുക, ഓർക്കാപ്പുറത്ത് നെഞ്ചത്ത് തള്ളിമറിച്ചിടുക തുടങ്ങിയവയായിരുന്നു അദ്ദേഹത്തിന്റെ ബലഹീനതകൾ.

അന്വേഷണ സംഘത്തിലെ അംഗമല്ലെങ്കിൽക്കൂടി എസ്എച്ച്ഒ (സ്റ്റേഷൻ ഹൗസ് ഓഫീസർ) ആയ എസ്ഐ ഷിന്റോ പി. കുര്യൻ ഡിവൈഎസ്പിമാർ

ഇല്ലാഞ്ഞപ്പോൾ പല തവണ മിഥുനെ ചോദ്യം ചെയ്തു. അദ്ദേഹം ഡിവൈഎസ്പി കുര്യാക്കോസിനെപ്പോലെയല്ല മിഥുനോട് പെരുമാറിയത്. വളരെ സമചിത്തതയോടെയാണ് തന്റെ ദണ്ഡനരീതികൾ മിഥുന്റെ മേൽ പ്രയോഗിച്ചത്. താൻ പരിചയിച്ചിട്ടുള്ള പോലീസിന്റെ 'മൂന്നാം മുറയെല്ലാം' അതിൽ അദ്ദേഹം ഉൾപ്പെടുത്തി.

ഇരുപത്തിരണ്ട് വയസ്സുള്ളവനും എൻജിനീയറിങ് ബിരുദധാരിയും തെറ്റൊന്നും ചെയ്യാത്തവനും നിയമപരമായി കസ്റ്റഡിയിൽ എടുക്കപ്പെടാത്തവനുമായ എന്റെ മകനെ പോലീസ് സ്റ്റേഷനിൽ വിവസ്ത്രനാക്കാൻ സബ് ഇൻസ്പെക്ടർ ഷിന്റോ പി. കുര്യൻ തയാറായി. തറയിൽ ഇരുത്തി കാലുകൾ നീട്ടിവെപ്പിച്ച് അവന്റെ ഉള്ളംകാലിൽ ചൂരലുകൊണ്ട് അടിച്ചുകൊണ്ട്, ''നിന്റെ അച്ഛൻ എവിടെയാണ്? പറ... പറ'' എന്ന് അയാൾ ആക്രോശിച്ചുകൊണ്ടിരുന്നു. ചോദ്യം ചെയ്യലിന്റെ മറ്റൊരു തീവ്രമുഹൂർത്തത്തിൽ കസേരയിൽ ഇരുന്ന തന്റെ മുമ്പിൽ അവനെ മുട്ടിന്മേൽ നിർത്തി അവന്റെ തല അയാളുടെ കാൽമുട്ടുകൾക്കിടയിൽ അമർത്തിവെച്ച് അവന്റെ മുതുകിൽ കൈമുട്ടുകൊണ്ട് ഇടിച്ചുകൊണ്ട് മൂന്നാം മുറയിലുള്ള തന്റെ അഭ്യാസപാടവം ആ നരാധമൻ തെളിയിച്ചു.

പോലീസിന്റെ വേലത്തരങ്ങൾ അറിയാത്ത പാവങ്ങളുടെ മുമ്പിൽ പോലീസ് യജമാനന്മാർ നടത്താറുള്ള പതിവ് 'പൊറാട്ടുനാടകം' മിഥുന്റെ മുമ്പിലും അവർ അരങ്ങേറി. ഡിവൈഎസ്പിമാരായ കെ.ജി. സൈമണിന്റെയും യു.വി. കുര്യാക്കോസിന്റെയും ചോദ്യം ചെയ്യലിന്റെ ഇടവേളകളിൽ അന്വേഷണസംഘത്തിലെ അംഗങ്ങളായ ഉപൈസിനെയും രാജനെയും മിഥുനെ ചോദ്യം ചെയ്യാനായി അവർ നിയോഗിച്ചു. എഎസ് ഐ രാജൻ ശാന്തസ്വരൂപനും കോൺസ്റ്റബിൾ ഉപൈസ് കുടിലമൂർത്തിയുമായി മിഥുന്റെ മുമ്പിൽ ആടിത്തിമിർക്കുന്നതിനിടയിൽ ആജാനുബാഹുവായ ഉപൈസ് മിഥുന്റെ തൊണ്ടയിൽ കൈകൾ കൊരുത്ത് അവനെ മുകളിലേക്ക് ഉയർത്തി. തറയിൽനിന്നും ഇരുകാലുകളും പറിഞ്ഞ മിഥുൻ ജീവശ്വാസത്തിനായി പിടഞ്ഞു. മര്യാദരാമനായി വർത്തിച്ച രാജൻ പോലീസാണ് അവനെ ഉപൈസിന്റെ ബലിഷ്ഠകരങ്ങളിൽനിന്ന് വിടുവിച്ചെടുത്തത്. വിക്കിവിക്കി ശ്വാസോച്ഛ്വാസം നേരേയാക്കിയ മിഥുന് സംസാരശേഷി തിരിച്ചുകിട്ടിയത് കുറേ സമയം കഴിഞ്ഞാണ്.

പകൽസമയങ്ങളിൽ അന്വേഷണസംഘത്തിൽപെട്ട പോലീസ് ഉദ്യോഗസ്ഥർ മിഥുനെയുംകൊണ്ട് എന്റെ സുഹൃത്തുക്കളായ അധ്യാപകരുടെ വീടുകളിൽ കയറിയിറങ്ങി. സദാചാരത്തിലും ധാർമികതയിലും ഊന്നി ജീവിതം നയിച്ചിരുന്ന അധ്യാപകരിൽ പലരും എന്റെ സുഹൃത്താണെന്നതിന്റെ പേരിൽ പോലീസിന്റെ ഭീഷണിക്കും ഭർത്സനത്തിനും ഇരയായി. അവരെയൊക്കെ തൊടുപുഴ പോലീസ്

സ്റ്റേഷനിലേക്കു വിളിപ്പിക്കുകയും പല ദിവസങ്ങളിലും രാവിലെമുതൽ വൈകുന്നേരംവരെ വിടാതെ കസ്റ്റഡിയിൽ വെക്കുകയും ചെയ്തു.

ഞാൻ ഒളിവിൽ പോകുന്നതിനുമുമ്പ് അവസാനമായി എന്നെ കണ്ട ജോയ്സിക്കും ഫിലിപ്പിനും രണ്ടു നാൾ പോലീസ് സ്റ്റേഷനിൽത്തന്നെയായിരുന്നു വാസം. തനിക്കറിയാവുന്ന കാര്യങ്ങളെല്ലാം വള്ളിപുള്ളി വ്യത്യാസമില്ലാതെ പറഞ്ഞതുകൊണ്ടും അറിയപ്പെടുന്ന എഴുത്തുകാരനായതിനാലും ജോയ്സിയുടെ നേരേ ഭീഷണിയോ ഭർത്സനമോ ഉണ്ടായില്ല. എന്നാൽ ഫിലിപ്പിന് ഒട്ടൊക്കെ സഹിക്കേണ്ടിവന്നു.

ഒരുരാത്രി ഡിവൈഎസ്പി കുര്യാക്കോസും സംഘവും മൂവാറ്റുപുഴയിലെത്തി മിഥുനെക്കൊണ്ട് വീടുതുറപ്പിച്ചു. പൂട്ടിക്കിടന്ന അലമാരകളും ഡ്രോമേശകളും കുത്തിപ്പൊളിച്ച് എന്റെ പാസ്പോർട്ട്, ബാങ്ക് രേഖകൾ, അപ്പോയിന്റ്മെന്റ് ഉൾപ്പടെയുള്ള സർവ്വീസ് രേഖകൾ, ഔദ്യോഗികമായ ചില കത്തുകൾ തുടങ്ങിയവയെല്ലാം കൊള്ളക്കാരെപ്പോലെ അവർ എടുത്തുകൊണ്ടുപോയി. വീട്ടിൽ സൂക്ഷിച്ചിരുന്ന ചില കൗതുകവസ്തുക്കളും അവരുടെ വരവോടെ അപ്രത്യക്ഷമായി.

പോലീസ് സ്റ്റേഷനിലായിരിക്കുമ്പോഴോ പുറത്ത് കൊണ്ടുപോകുമ്പോഴോ പച്ചവെള്ളംപോലും മിഥുന് നല്കാൻ പോലീസുകാർ മെനക്കെട്ടില്ല. തന്റെ അന ന്തരവൻ ഇല്ലാതെ വീട്ടിലേക്കു മടങ്ങിപ്പോകാൻ മനസ്സുവരാതെ പോലീസ് സ്റ്റേഷൻ പ്രദേശത്ത് ചുറ്റിത്തിരിഞ്ഞ സാജു വാങ്ങിനല്കുന്ന ഭക്ഷണം കഴിക്കാനുള്ള സ്വൈര്യം അവർ അവനു കൊടുത്തതുമില്ല.

പോലീസിന്റെ ഭർത്സനമോ മർദ്ദനമോ അല്ല, മറ്റൊരു ഭീഷണിയാണ് മിഥുനെ ഏറ്റവും ഭയപ്പെടുത്തിയത്. അച്ഛനെ കിട്ടാൻ വൈകിയാൽ അമ്മയെയും പെങ്ങളെയും കസ്റ്റഡിയിൽ എടുക്കുമെന്ന് ഡിവൈഎസ്പി കുര്യാക്കോസ് അവനോടു പറഞ്ഞു. അവരെ ചോദ്യം ചെയ്യുന്നത് നിന്റേതുമാതിരി അല്ലെന്ന് ദ്വയാർത്ഥധ്വനിയോടെയാണ് അയാൾ പറഞ്ഞത്. പ്രതിയെ കിട്ടാത്തതിനാൽ മതിഭ്രമം ബാധിച്ചുതുടങ്ങിയ അയാൾ എന്തൊക്കെ ചെയ്യുമെന്ന് ആർക്കറിയാം? നമ്മുടെ മഹത്തായ ജനാധിപത്യ വ്യവസ്ഥയിൽ സമാധാനപാലകർക്ക് എന്തും ആകാമല്ലോ.

തൊടുപുഴയ്ക്കടുത്ത് മുതലക്കോടത്ത് ബി.എസ്സി നേഴ്സിങ്ങിനു പഠിക്കുന്ന ആമി കോളജ് ഹോസ്റ്റലിൽത്തന്നെയാണ് താമസിക്കുന്നത്. ഈസ്റ്റർ പ്രമാണിച്ച് അടുത്ത ഒരാഴ്ച അവൾക്ക് അവധിയാണ്. അവധിക്കാലത്ത് ആമിയെ ആരുമറിയാതെ ഇടുക്കി അടുത്ത് വിമലഗിരിയിൽ താമസിക്കുന്ന എന്റെ ഭാര്യാസഹോദരി സോളിയുടെ വീട്ടിലേക്ക് അയയ്ക്കാൻ മിഥുൻ സാജുവിനോട് പറഞ്ഞ് ഏർപ്പാടാക്കി.

അന്വേഷണ ഉദ്യോഗസ്ഥരുടെ ചോദ്യം ചെയ്യലിന്റെ ഇടവേളകളിൽ സ്റ്റേഷനിലെ ലോക്കപ്പുമുറിയുടെ മുമ്പിൽ നിർത്തിയിരുന്ന അവനെ വരുന്നവരും

പോകുന്നവരുമായ പോലീസുകാർ ചോദ്യം ചെയ്ത് സ്വൈര്യം കെടുത്തി. പോലീസുകാർ ഒഴിയുന്ന രാത്രികാലങ്ങളിൽ അവിടെയൊരു സ്റ്റൂളിൽ ഇരുന്ന് കണ്ണടയ്ക്കാൻ സ്റ്റേഷനിലെ രാത്രി ഡ്യൂട്ടിക്കാരായ കൊതുകുകളും സമ്മതിച്ചില്ല.

മിഥുനെ കസ്റ്റഡിയിൽ എടുത്തതിന്റെ പിറ്റേന്ന് തൊടുപുഴയിൽ ഏതോ മന്ത്രി വരുമെന്നുള്ളതിനാൽ അവനെ തൊട്ടടുത്ത കരിങ്കുന്നം പോലീസ് സ്റ്റേഷനിലേക്കുമാറ്റിയിരുന്നു. അവിടത്തെ പോലീസുകാർ അവനെ അലോസരപ്പെടുത്തിയില്ലെന്നു മാത്രമല്ല, അവന് ഭക്ഷണം വാങ്ങിനല്കുകയും ചെയ്തു. അവിടെയായിരുന്ന ഏതാനു മണിക്കൂർ അവനെ സംബന്ധിച്ച് ഒരു പീഡാനുഭവ ചരിതത്തിലെ ഇടവേളയായിരുന്നു.

എന്നെപ്പറ്റി പല കള്ളക്കഥകളും അന്വേഷണ ഉദ്യോഗസ്ഥന്മാർ മെനഞ്ഞുണ്ടാക്കി മിഥുന്റെ മുമ്പിൽ അവതരിപ്പിച്ചു. ഇടുക്കിജില്ലയിലെ ഒരു കുഗ്രാമത്തിൽ മുൻകാല ബന്ധമുള്ള ഒരു സ്ത്രീയോടൊപ്പമാണ് ഞാൻ ഉള്ളതെന്ന് അവർ മിഥുനെ വിശ്വസിപ്പിക്കാൻ ശ്രമിച്ചു. എവിടെയൊക്കെയോ കിടക്കുന്ന അജ്ഞാതമൃതദേഹങ്ങളുടെ രൂപസാദൃശ്യം എനിക്കിണങ്ങുന്നതാണെന്ന് അവനെ ബോധ്യപ്പെടുത്താനായി പിന്നീടവരുടെ ശ്രമം. ഇതൊക്കെ തട്ടിവിട്ടിട്ട് അവന്റെ ഭാവവും അതോടൊപ്പം ഫോൺകോളുകളും നിരീക്ഷിക്കുകയെന്ന ആവറേജ് പോലീസ് ബുദ്ധിയാണ് അവർ പ്രയോഗിച്ചുപോന്നത്.

അച്ഛന്റെ തിരോധാനത്തെ സംബന്ധിച്ച അനിശ്ചിതത്വം മാറിക്കിട്ടാൻ മിഥുനും ആഗ്രഹിച്ചിരുന്നിരിക്കണം. അച്ഛൻ സ്വയം കീഴടങ്ങുകയോ പോലീസ് കണ്ടുപിടിക്കുകയോ ചെയ്യുന്നത് നല്ലതാണെന്ന് അവനു തോന്നി. ഞാൻ എറണാകുളത്ത് ഫിലിപ്പിന്റെ വീട്ടിൽനിന്ന് ഏറ്റവും കൂടുതൽ ഫോൺ ചെയ്തിട്ടുള്ളത് ജോയി മാത്യു സാറിനാണല്ലോ. അദ്ദേഹമാണ് എനിക്ക് മുൻകൂർ ജാമ്യത്തിനുവേണ്ടി വക്കീലിനെ സമീപിച്ചതെന്നും പോലീസിനു മനസ്സിലായിരുന്നു. അതിനാൽ ജോയി മാത്യു സാറിന്റെ ഫോണിലെ കോളുകൾ അവർ സശ്രദ്ധം നിരീക്ഷിച്ചിരുന്നു. എന്നെ പോലീസ് കണ്ടുപിടിക്കുന്നതാണ് എല്ലാംകൊണ്ടും നല്ലതെന്ന് തോന്നിയ മിഥുൻ ജോയി മാത്യു സാറിന്റെ ഭാര്യ ബിന്ദുവിന്റെ ഫോൺ വാങ്ങിനോക്കാൻ ഡിവൈഎസ്പി കുര്യാക്കോസിനോടു പറഞ്ഞു. യാതൊരു സൂചനയുമില്ലാതെ സാമാന്യബുദ്ധികൊണ്ടു മാത്രമാണ് അവൻ അങ്ങനെ പറഞ്ഞത്. അതിൻപ്രകാരം ബിന്ദുവിന്റെ ഫോൺ പരിശോധിച്ചപ്പോൾ അതിലെ കോളുകൾ മൊത്തമായി ഡിലീറ്റ് ചെയ്തിരിക്കുന്നു. സംശയത്തിന്റെ മുന ബിന്ദുവിലേക്ക് തിരിയാൻ കാരണമായത് ആ ഒറ്റ സംഗതിയാണ്.

പ്രതി കോടതിയിൽ കീഴടങ്ങുകയോ മുൻകൂർ ജാമ്യം എടുക്കുകയോ ചെയ്യുന്നത് അന്വേഷണ ഉദ്യോഗസ്ഥരായ പോലീസുകാർക്ക് ഭൂഷണമല്ലല്ലോ. അതിനാൽ അത്തരം നീക്കങ്ങൾ പരമാവധി തടയാൻ അവർ ശ്രമിച്ചു.

മുൻകൂർ ജാമ്യത്തിനായി ജോയി മാത്യു സമീപിച്ച വക്കീലിനെ അവർ വശത്താക്കി. മറ്റൊരു വക്കീലിനെ സമീപിക്കുന്നതിന് ജോയിമാത്യു സാറിനെ സ്വതന്ത്രമായി വിട്ടില്ല. കസ്റ്റഡിയിൽ വെക്കുന്നതിനു പകരം മറ്റൊരു തന്ത്രമാണ് അവർ സ്വീകരിച്ചത്. എന്നെത്തേടിയുള്ള യാത്രകളിൽ പോലീസ് ജോയി മാത്യു സാറിനെയും കൂടെക്കൂട്ടി. എന്നെ തിരിച്ചറിയുന്ന ആളെന്ന നിലയിലായിരുന്നുവത്രേ അത്. പ്രൊഫസർ ടി.ജെ. ജോസഫിനെ തിരിച്ചറിയുന്ന ആളുകൾ ധാരാളമുണ്ടെന്നും ആയതിനാൽ തന്നെ ആ ദൗത്യത്തിൽനിന്ന് ഒഴിവാക്കണമെന്ന് ജോയിമാത്യു സാർ പോലീസ് ഉദ്യോഗസ്ഥരോട് അഭ്യർത്ഥിച്ചു. പ്രതിയെ കണ്ടുപിടിക്കുക പോലീസിന്റെ കാര്യമാണെന്നും തന്റെ ജോലിയല്ലെന്നും അദ്ദേഹം വാദിച്ചു. മാത്രമല്ല, ടി.ജെ. ജോസഫിന്റെ സുഹൃത്തെന്ന നിലയിൽ അദ്ദേഹത്തെ ഒറ്റുകൊടുക്കാൻ തനിക്കാവില്ലെന്ന് തീർത്തുപറയുകയും ചെയ്തു. പ്രതിയെക്കുറിച്ച് സൂചന നല്കാൻ സാധ്യതയുള്ള ഒരാളെന്ന നിലയിൽ ജോയി മാത്യു സാറിന്റെ ഭാര്യ ബിന്ദുവിനെ കസ്റ്റഡിയിലെടുക്കുമെന്ന് പോലീസ് അപ്പോൾ ഭീഷണിമുഴക്കി. മിഥുൻ അപ്പോഴും പോലീസ് കസ്റ്റഡിയിലാണെന്ന് അറിവുണ്ടായിരുന്ന ജോയി മാത്യു സാർ അതുകേട്ട് പരിഭ്രാന്തനായി. സാധുപ്രകൃതമുള്ള തന്റെ ഭാര്യയ്ക്ക് പോലീസ് സ്റ്റേഷനും മറ്റു പോലീസ് മുറകളും താങ്ങാനാവില്ലെന്ന് അദ്ദേഹത്തിന് തീർച്ചയുണ്ടായിരുന്നു. പ്രതിയെ അന്വേഷിച്ച് തന്നെ കൊണ്ടുപോകാൻ പോലീസുകാർ ഉദ്ദേശിക്കുന്നത് പോട്ട, മുരിങ്ങൂർ തുടങ്ങിയ ധ്യാനകേന്ദ്രങ്ങളിലേക്കാണെന്നറിഞ്ഞപ്പോൾ അവരോടൊപ്പം പോകാൻ ജോയി മാത്യുസാർ സമ്മതിച്ചു. ജയിലിൽ പോകേണ്ടിവന്നാലും പ്രഫസർ റ്റി.ജെ. ജോസഫ് ഒരു ധ്യാനകേന്ദ്രത്തിലും അഭയം തേടില്ലെന്ന് അദ്ദേഹത്തിന് നല്ല ഉറപ്പുണ്ടായിരുന്നു.

ജോയ്സി നല്കിയ മൊഴിയുടെ അടിസ്ഥാനത്തിൽ തൃപ്പൂണിത്തുറയിലും തിരുവനന്തപുരത്തും ഉള്ള ലോഡ്ജുകളിലെല്ലാം പോലീസ് റെയ്ഡ് ചെയ്തു. എന്റെ ബന്ധുക്കളുടെ വീടുകളിൽ മൂന്നു നാലു പ്രാവശ്യം അവർ കയറിയിറങ്ങി. എന്റെ സുഹൃത്‌വലയത്തിൽപെട്ടവരെയെല്ലാം പോലീസ് വിടാതെ ചോദ്യം ചെയ്തു. ഹൈറേഞ്ചിൽ പാറത്തോട്ടുകാരനായ എന്റെ ഒരു പ്രീഡിഗ്രി ക്ലാസ്മേറ്റിന് വെളുപ്പിന് നാലുമണിക്ക് കിടക്കപ്പായയിൽനിന്ന് എണീറ്റ് ഓടേണ്ടിവന്നു. തൊട്ടടുത്ത വീട്ടിലെ ബന്ധു പോലീസ് വരുന്നുണ്ടെന്ന് ഫോണിലൂടെ അറിയിച്ചതിനെ തുടർന്ന് പിൻവാതിലിലൂടെ പുറത്തുകടക്കുമ്പോഴേക്കും പോലീസ് കോളിങ് ബെല്ലിൽ വിരലമർത്തിയിരുന്നു. വീടിനു പിന്നാമ്പുറത്തുള്ള കാപ്പിത്തോട്ടത്തിൽ ഒളിച്ചിരുന്ന ആ പാവത്താനെ പകൽ പത്തുമണിയോടെ വീട്ടുകാർ തേടി കണ്ടുപിടിക്കുകയായിരുന്നു. മുപ്പതു വർഷത്തിനുശേഷം സമീപകാലത്ത് കണ്ടുമുട്ടിയ സുഹൃത്തിന്റെ ഫോൺ നമ്പർ ഭാര്യ സലോമിയുടെ മൊബൈലിൽ ഉണ്ടായിരുന്നതു മാത്രമാണ് ആ പോലീസ്

നടപടിയുടെ അടിസ്ഥാനം. പിന്നീട് ഭരണകക്ഷിയിൽപെട്ട ഒരു പ്രാദേശിക നേതാവിനോടൊപ്പം തൊടുപുഴ പോലീസ് സ്റ്റേഷനിൽ ഹാജരായ അദ്ദേഹത്തിന് ഒരു പകൽ മുഴുവൻ സ്റ്റേഷനിൽ നിൽക്കേണ്ടിവന്നു. പോലീസിന്റെ ഭീഷണിയും ചീത്തവിളിയും സ്കൂൾ മാഷായ അദ്ദേഹത്തിന് നിർലോഭമായി ലഭിച്ചു.

മൂന്നാം ദിവസവും പോലീസ് കസ്റ്റഡിയിൽനിന്ന് മിഥുനെ വിടാതെ വന്നപ്പോൾ ഹൈക്കോടതിയിൽ ഒരു ഹേബിയസ് കോർപസ് ഹർജി ഫയൽ ചെയ്യാൻ തീരുമാനിച്ചു. അതിനായി ബേബി അളിയനും മറ്റും എറണാകുളത്തുപോയി ഒരു സീനിയർ വക്കീലിനെ കണ്ടു. ആ നീക്കം മനസ്സിലാക്കിയ പോലീസ് അന്നുതന്നെ മിഥുനെ വിട്ടയയ്ക്കാൻ തയാറായി. അവനെയുംകൊണ്ട് ഏപ്രിൽ 29ന് പുറപ്പെട്ട പോലീസ് സംഘം പോയ വഴിക്ക് പല ബന്ധുവീടുകളിലും കയറിയിറങ്ങി. സബ് ഇൻസ്പെക്ടർ ഷിന്റോ പി. കുര്യനായിരുന്നു സംഘത്തലവൻ.

രാത്രി രണ്ടുമണിയോടെ ഇടുക്കി ജില്ലയിൽ പാറത്തോടിനടുത്തുള്ള പൂതാളി എന്ന സ്ഥലത്ത് എന്റെ സഹോദരി മേരിച്ചേച്ചിയുടെ വീട്ടിൽ അവർ ചെന്നു. എറണാകുളത്ത് വക്കീലിനെ കാണാൻപോയ ബേബി അളിയൻ മടങ്ങിയെത്തിയിരുന്നില്ല. മേരിച്ചേച്ചിയും മകന്റെ ഭാര്യ പ്രഭയും മാത്രമേ അപ്പോൾ ആ വീട്ടിൽ ഉണ്ടായിരുന്നുള്ളൂ. ഉറക്കത്തിലായിരുന്ന അവരെ വിളിച്ചുണർത്തി ഷിന്റോ പി. കുര്യൻ ചോദ്യം ചെയ്തു. ചോദ്യം ചെയ്യൽ എന്നല്ല ആ വികടഭാഷണത്തെപ്പറ്റി പറയേണ്ടത്. ഭീഷണിയും ഭർത്സനവും മാത്രമായിരുന്നു അതിന്റെ ഉള്ളടക്കം. ഉമ്മറഭിത്തിയിൽ തൂക്കിയിരുന്ന തിരുഹൃദയത്തിന്റെ രൂപം കാണിച്ചിട്ട് അതിനടുത്ത് അധികം താമസിക്കാതെ നിന്റെ ആങ്ങളയുടെ ചില്ലിട്ട ഫോട്ടോ വെച്ച് പൂമാലചാർത്തേണ്ടിവരുമെന്ന് പുലമ്പിക്കൊണ്ടാണ് ആ സബ് ഇൻസ്പെക്ടർ അവിടെനിന്നും നിഷ്ക്രമിച്ചത്.

വീണ്ടും ചില ബന്ധുവീടുകളിൽ കയറിയിറങ്ങി വെളുപ്പിന് അഞ്ചുമണിയോടെയാണ് മിഥുനെയും സാജുവിനെയും മുരിക്കാശ്ശേരിയിലുള്ള വീട്ടിൽ എത്തിക്കുന്നത്. എന്നെക്കുറിച്ച് യാതൊരു വിവരവുമില്ലാതെ വേവലാതി പൂണ്ടിരുന്ന സലോമിയോട് ഷിന്റോ പി. കുര്യൻ ഉത്തരമില്ലാത്ത പല ചോദ്യങ്ങളും ചോദിച്ചു. സമനില തെറ്റിയ അദ്ദേഹം നിങ്ങളുടെ ഭർത്താവിനെ അധികം വൈകാതെ വെള്ളപുതപ്പിച്ച് കിടത്തുന്നത് കാണേണ്ടിവരുമെന്ന് ആക്രോശിച്ചുകൊണ്ട് വീടിന്റെ പടികൾ ചാടിയിറങ്ങി. എന്നിട്ട് മുപ്പതു മീറ്റർ അകലെ പഞ്ചായത്ത് റോഡിൽ നിർത്തിയിട്ടിരുന്ന പോലീസ് ജീപ്പിനു സമീപം ചെന്നിട്ട് ഉച്ചഭാഷിണിയെ വെല്ലുന്ന ശബ്ദത്തിൽ ആരോടെന്നില്ലാതെ അസഭ്യവർഷം നടത്തി. അഞ്ചു മിനിറ്റോളം നീണ്ടുനിന്ന ആ 'പൂരപ്പാട്ട്' കേട്ടുകൊണ്ടാണ് തദ്ദേശവാസികൾ അന്ന് ഉറക്കമുണർന്നത്.

പോലീസ് കസ്റ്റഡിയിൽ ഇരിക്കേ മാനസികവും ശാരീരികവുമായ പീഡനങ്ങളേറ്റ് അവശനായിരുന്ന മിഥുനെ അന്നുതന്നെ മുരിക്കാശ്ശേരിയിലുള്ള ഒരു സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. രണ്ടു ദിവസത്തെ ട്രീറ്റ്മെന്റിനുശേഷം പോലീസിന് ഞാൻ കീഴടങ്ങിയ ദിവസം അവനെ പൈനാവിലുള്ള ഇടുക്കി ജില്ലാ ആശുപത്രിയിലേക്കു മാറ്റി. അഞ്ചുനാളുകൾക്കുശേഷം ഈസ്റ്ററിന്റെ പിറ്റേന്നാണ് അവൻ ഡിസ്ചാർജ്ജായി വീട്ടിലേക്കു മടങ്ങിയെത്തിയത്. ഞാൻ ജാമ്യം കിട്ടി ജയിലിൽനിന്നും പുറത്തിറങ്ങിയ ദിവസമാണ് വിമലഗിരിയിലെ ഭാര്യയുടെ അനിയത്തിയുടെ വീട്ടിൽനിന്നും ആമിയും മുരിക്കാശ്ശേരിയിലേക്കു വരുന്നത്.

ഭാര്യയുടെ ഒരു അമ്മാവനൊഴിച്ച് ബന്ധുജനങ്ങളിൽ ആരും എന്നെ കുറ്റപ്പെടുത്തിയില്ല. ആ അമ്മാവൻ വളരെ വിഷമത്തോടെ എന്റെ ഇരുകൈകളും ചേർത്തുപിടിച്ചുകൊണ്ട് പറഞ്ഞു:

''വിവരവും വിദ്യാഭ്യാസവുമൊക്കെ ഉണ്ടായിട്ടും നീയിങ്ങനെ ബുദ്ധിമോശം കാണിച്ചല്ലോ!''

ഞാനൊന്നും മിണ്ടിയില്ല. എങ്കിലും ആ വാക്കുകൾ എന്റെയുള്ളിൽ ഒരു കനലായി മാറി.

# കയ്യാഫാസിന്റെ നയം

ജയിൽമോചിതനായി വന്ന എന്നെ കാണാൻ ചുറ്റുവട്ടത്തുള്ള ചില ബന്ധുജനങ്ങളും മുരിക്കാശ്ശേരിയിലുള്ള ചുരുക്കം ചില സുഹൃത്തുക്കളും വന്നു. കേരളത്തിന്റെ പല ഇടങ്ങളിൽനിന്നായി ഞാനറിയാത്ത ചിലരുടെ ഫോൺകോളുകളും ഇടയ്ക്കിടെ വന്നുകൊണ്ടിരുന്നു. ചോദ്യപേപ്പർ വിവാദത്തിന്റെ സത്യാവസ്ഥ മനസ്സിലാക്കുകയായിരുന്നു അവരുടെ ലക്ഷ്യം. അവരിൽ പലരും യുക്തിവാദികളായിരുന്നു.

ഒരു ന്യൂസ് ചാനലിന്റെ പ്രവർത്തകരും എന്നെ അന്വേഷിച്ച് മുരിക്കാശ്ശേരിയിലെത്തി. അവർക്ക് നല്കിയ ഇന്റർവ്യൂവിൽ ചോദ്യപേപ്പറിന്റെ സത്യാവസ്ഥ ഞാൻ വിവരിച്ചു. അതോടൊപ്പം ഞാൻ തയാറാക്കിയ ചോദ്യത്തെ തെറ്റായി ധരിച്ചതുമൂലം മുസ്ലിം സഹോദരങ്ങൾക്കുണ്ടായ മനോവിഷമത്തിലും വിവാദത്തോടനുബന്ധിച്ച് സിവിൽ ഭരണാധികാരികൾക്കും കോളജ് മാനേജ്മെന്റിനും നേരിടേണ്ടിവന്ന അലോസരത്തിനും ഞാൻ ഖേദം പ്രകടിപ്പിച്ചു. എന്നാൽ സമയപരിമിതികൊണ്ടോ എന്തോ ടിവിയിൽ എന്റെ ഖേദപ്രകടനം മാത്രമേ അവർ സംപ്രേഷണം ചെയ്തുള്ളു.

രണ്ടു ദിവസം കഴിഞ്ഞ് ആമി ഹോസ്റ്റലിലേക്കു മടങ്ങി. എന്നും അവളെ ഹോസ്റ്റലിൽ കൊണ്ടുപോയി വിടുന്നത് ഞാനായിരുന്നു. തൊടുപുഴ താലൂക്കിൽ പ്രവേശിക്കാൻ എനിക്ക് കോടതിവിലക്കുള്ളതിനാൽ മിഥുനെയും സാജുവിനെയും കൂട്ടിയാണ് അവളെ വിട്ടത്. യാത്രപറഞ്ഞിറങ്ങിയപ്പോൾ അവൾ വിതുമ്പി. മകളോടൊപ്പം പോകാൻ പറ്റാത്ത അസ്വാതന്ത്ര്യത്തെക്കുറിച്ചോർത്ത് എന്റെ കണ്ണുകളും നിറഞ്ഞു.

മൂവാറ്റുപുഴയിലേക്ക് തത്കാലം തിരിച്ചുവരുന്നത് അത്ര നല്ലതല്ലെന്ന് മൂവാറ്റുപുഴയിലുള്ള ചില സുഹൃത്തുക്കൾ ഫോണിലൂടെ അറിയിച്ചു. ചോദ്യപേപ്പർ വിവാദമാക്കിയ മാർച്ച് 26-ന് എന്റെ വീട് ആക്രമിക്കാനും തീയിടാനും ഇസ്ലാം മതത്തിലെ ചില തീവ്രഭക്തർ പദ്ധതി ഇട്ടിരുന്നതായി അവർ പറഞ്ഞു. അന്നു വൈകുന്നേരം പോലീസുകാർ ഉൾപ്പെടെയുള്ള ചില സുഹൃത്തുക്കൾ സംഘടിച്ച് വീടിനുസമീപം നിലയുറപ്പിക്കുകയും ചെയ്തിരുന്നുവത്രേ.

മാർച്ച് 26-ന് വീട്ടിൽനിന്ന് ഇറങ്ങിയതിൽപിന്നെ ഒരു നാൾ രാത്രി പോലീസിനോടൊപ്പം മിഥുൻ പോയതല്ലാതെ ഞങ്ങളാരും അവിടേക്കു പോയിരുന്നില്ലല്ലോ. വീട്ടിലേക്കു പോകാനുള്ള ആഗ്രഹം എല്ലാവരുടെയും മനസ്സിൽ ഉണ്ടാകുന്നത് സ്വഭാവികം. ഭാര്യാവീട്ടിൽ ഒരു പണിയുമില്ലാതെ എത്ര നാളാണ് തങ്ങാൻ സാധിക്കുക?

വീട്ടുവളപ്പിൽ ചേന മുതലായ നടുതലകളൊക്കെ നടാനുള്ള സ്ഥലം കിളച്ച് ഒരുക്കിയിട്ടിരുന്നതാണ്. ഇതിനോടകം പുതുമഴയൊക്കെ പെയ്ത് ചേന നടാനുള്ള സമയം അതിക്രമിച്ചിരുന്നു. അതിനാൽ മൂവാറ്റുപുഴവീട്ടിൽ ഒന്നു പോയിവരാൻ ഞങ്ങൾ തീരുമാനിച്ചു.

അടുത്ത ദിവസം പതിനൊന്നുമണിയോടെ ഞാനും സലോമിയും മിഥുനും അളിയൻ സാജുവുംകൂടി മൂവാറ്റുപുഴയിലെത്തി. നടാൻ പാകത്തിന് വിത്തുചേന മുറിച്ചുകൊടുത്തതിനുശേഷം തൊട്ടടുത്ത എം.സി. ജോസഫ് സാറിന്റെ വീട്ടിൽ പോയി ഞാനിരുന്നു. എന്നെ അപായപ്പെടുത്താൻ ആരെങ്കിലും വന്നാലോ എന്നു ഭയന്നിട്ടാണ് അങ്ങനെ ചെയ്തത്. മിഥുനും സാജുവും കൂടി ചേന നട്ടു. ആ സമയത്ത് സലോമി ചോറും കറിയും ഉണ്ടാക്കി.

ഊണു കഴിച്ചുകൊണ്ടിരുന്നപ്പോൾ കോളിങ് ബെൽ ശബ്ദിച്ചു. ഞങ്ങളെല്ലാവരും സ്തബ്ധരായി. സാജുവും മിഥുനും എണീറ്റുചെന്ന് കർട്ടൺ മാറ്റിയിട്ട് ജനലിലൂടെ നോക്കി. പോസ്റ്റുമാനാണ്. എനിക്ക് രജിസ്റ്റർ കത്തുണ്ടത്രേ. ഞാൻ കൈകഴുകി ചെന്ന് ഒപ്പിട്ടുവാങ്ങി. എന്റെ സസ്പെൻഷൻ നീട്ടിക്കൊണ്ടുള്ള മാനേജരുടെ ഉത്തരവാണ്. സസ്പെൻഷൻ കാലത്ത് ന്യൂമാൻ കോളജ് കാമ്പസിൽ ഞാൻ പ്രവേശിക്കുന്നതിനെ വിലക്കിയിട്ടുണ്ട്.

അന്ന് അധികം വൈകാതെ ഞങ്ങൾ മുരിക്കാശ്ശേരിക്ക് തിരിച്ചുപോയി. ഭീരുത്വം മൂലം സ്വന്തം വീട്ടിൽ താമസിക്കാനാകാതെ ഭാര്യാ വീട്ടിൽ പോയി കഴിയേണ്ടിവരുന്നതിൽ എനിക്ക് വല്ലാത്ത ജാള്യത തോന്നിത്തുടങ്ങി. അതിനാൽ മൂവാറ്റുപുഴയിലേക്ക് തിരിച്ചുവരാൻതന്നെ ഞാൻ തീരുമാനമെടുത്തു. അതിന്റെ പിന്നിൽ എനിക്കുണ്ടായിരുന്ന യുക്തി ഇതാണ്. ഞാൻ എത്രയോ ആയിരം വിദ്യാർത്ഥികളെ പഠിപ്പിച്ചിട്ടുണ്ട്. അവരിൽ നല്ലൊരു ഭാഗം മുസ്‌ലിം സമുദായത്തിൽപെട്ട കുട്ടികളുമാണ്. മതനിന്ദയുടെ പേരിൽ എന്നെ അപായപ്പെടുത്താൻ ഒരുങ്ങുന്ന മതഭക്തർ ആ കുട്ടികളിൽ ആരോടെങ്കിലും എന്നെക്കുറിച്ച് ചോദിക്കാതെ ഒരു സാഹസത്തിന് ഒരുമ്പെടുമോ? അങ്ങനെ അവർ ഏതെങ്കിലുമൊരു കുട്ടിയോടു ചോദിച്ചാൽ അതോടെ അവരുടെ തെറ്റിദ്ധാരണ അവസാനിക്കുമെന്ന് എനിക്ക് നല്ല ഉറപ്പായിരുന്നു.

വീടിനു പുറത്തിറങ്ങുന്നതിൽ ആപത്ശങ്ക ഉണ്ടായിരുന്നുവെങ്കിലും മൂവാറ്റുപുഴയിലെത്തിയതിന്റെ പിറ്റേന്നുതന്നെ ഞാൻ കോതമംഗലത്തുള്ള ബിഷപ്പ് ഹൗസിൽ പോയി. കോളജ് മാനേജരും വികാരി ജനറലുമായ മോൺസിഞ്ഞോർ തോമസ് മലേക്കുടിയെയാണ് ആദ്യം കണ്ടത്. സന്ദർശകമുറിയിൽ വെച്ച് കണ്ടയുടനേ കൈകൂപ്പി അദ്ദേഹത്തിന്റെ മുമ്പിൽ മുട്ടുകുത്തിനിന്ന് കുനിഞ്ഞ് അദ്ദേഹത്തിന്റെ ഷൂസിട്ട പാദത്തിൽ തൊട്ടുകൊണ്ട് ഞാൻ ഇപ്രകാരം പറഞ്ഞു:

''മനഃപൂർവ്വമായി ഞാനൊന്നും ചെയ്തിട്ടില്ല. ഞാൻ എന്റെ ജോലി എത്രയും കൃത്യമായി ചെയ്യാൻ ഉദ്യമിച്ചതിനാലുണ്ടായ വിവാദമാണ്. അതിന്റെ പേരിൽ

കോളജ് മാനേജ്മെന്റിനും മറ്റുള്ളവർക്കും ഉണ്ടായ വിഷമതകളിൽ ഞാൻ ഖേദിക്കുന്നു.''

ഞാൻ പറഞ്ഞുതീരുംവരെ അദ്ദേഹം അനങ്ങിയില്ല. പിന്നീട് തന്റെ പാദങ്ങൾ ഓരോന്നായി അദ്ദേഹം പിന്നോട്ടുവലിച്ചു. അപ്പോഴാണ് ഞാൻ എണീറ്റത്.

ബിഷപ് മാർ ജോർജ് പുന്നക്കോട്ടിലിനെ കാണണമെന്ന് ഞാൻ മാനേജരച്ചനെ അറിയിച്ചു. മുകൾനിലയിലുള്ള ബിഷപ്പിന്റെ പാർലറിൽ ചെന്നു കണ്ടുകൊള്ളാൻ അദ്ദേഹം അനുവദിച്ചു.

ആസനസ്ഥനായ പിതാവിന്റെ മുമ്പിൽചെന്ന് ഞാൻ കൈകൂപ്പി സ്തുതി ചൊല്ലി. പിന്നീട് അദ്ദേഹം നീട്ടിത്തന്ന മോതിരക്കൈ ചുംബിച്ചു. മുട്ടുകുത്തി കുനിഞ്ഞ് അദ്ദേഹത്തിന്റെ പാദത്തിൽ ഇരുകൈകളും അർപ്പിച്ച് ഇപ്രകാരം പറഞ്ഞു:

''അറിഞ്ഞുകൊണ്ട് ഞാൻ ഒരു തെറ്റും ചെയ്തിട്ടില്ല. എന്നോട് ക്ഷമിക്കണം.''

''ഇയ്യാൾ എണീക്ക്.'' മെത്രാൻ പറഞ്ഞു.

എണീക്കുമ്പോൾ എന്റെ നിറകണ്ണുകളിൽനിന്ന് ഓരോ തുള്ളി താഴേക്കുവീണു.

എണീറ്റുനിന്ന എന്നോട് കസേരയിൽ ഇരിക്കാൻ മെത്രാൻ പറഞ്ഞു. ഞാൻ ഇരുന്നു.

അദ്ദേഹം എന്നോട് പത്തുമിനിട്ടോളം സംസാരിച്ചു. തൊടുപുഴയിൽ കലാപം ഉണ്ടായ ദിവസം ഉച്ചയ്ക്ക് വാഴക്കുളത്ത് ഒരു പരിപാടിയിൽ പങ്കെടുക്കുകയായിരുന്നുവത്രേ അദ്ദേഹം. സംഭവമറിഞ്ഞ് താമസിക്കാതെ ബിഷപ് ഹൗസിലേക്കുപോന്നു. ബിഷപ്ഹൗസിന്റെ മുമ്പിൽ അന്ന് പോലീസ് കാവലുണ്ടായിരുന്നതായും അദ്ദേഹം പറഞ്ഞു. സംഭാഷണത്തിനൊടുവിൽ മെത്രാൻ പറഞ്ഞു.

'എന്നാൽ ഇയ്യാൾ ചെല്ല്.'

ബിഷപ് ഹൗസിലുണ്ടായിരുന്ന മോൺസിഞ്ഞോർ ഫ്രാൻസീസ് ആലപ്പാട്ട്, കോർപൊറേറ്റ് എഡ്യൂക്കേഷണൽ സെക്രട്ടറി ഫാ. കുര്യാക്കോസ് കൊടകല്ലിൽ, ഫാദർ ജോസഫ് കോയിത്താനത്ത് എന്നിവരെയൊക്കെക്കണ്ട് ചോദ്യപേപ്പർ വിവാദത്തിലെ എന്റെ നിരപരാധിത്വം വെളിപ്പെടുത്തിയിട്ടാണ് ഞാൻ അന്ന് തിരികെപ്പോന്നത്. ഏതായാലും അവിടെ നിന്ന് മടങ്ങുമ്പോൾ എന്റെ മനസ്സിന് വലുതായൊരു ലാഘവത്വം അനുഭവപ്പെട്ടു.

ആ ദിവസങ്ങളിലൊന്നും ആരും വീട്ടിലേക്കു വന്നില്ല. വീടിനു മുൻവശത്തെ റോഡിൽക്കൂടി കടന്നുപോയ അയൽക്കാരും നാട്ടുകാരും വീട്ടിലേക്കൊന്നു നോക്കാൻപോലും കൂട്ടാക്കിയില്ല.

പിന്നീടൊരുനാൾ കോളിങ് ബെല്ലിന്റെ ശബ്ദം കേട്ട് ഞാൻ കതകു തുറന്നു. മുറ്റത്ത് രണ്ട് അപരിചിതരെക്കണ്ട് ഉള്ളാലെ ഒന്നു ഞെട്ടി.

''ഞാൻ രവി മൂവാറ്റുപുഴ.''

''ഞാൻ ബിനിൽ.''

അവർ പേരുപറഞ്ഞ് സ്വയം പരിചയപ്പെടുത്തി. രണ്ടാളും യുക്തിവാദപ്രസ്ഥാനത്തിൽ പ്രവർത്തിക്കുന്നവരാണ്. മൂവാറ്റുപുഴയുടെ സമീപ പ്രദേശങ്ങളിൽ ഉള്ളവരുമാണ്. എന്നെ കാണാനും ആശ്വസിപ്പിക്കാനും സഹായം എന്തെങ്കിലും വേണമെങ്കിൽ അതു ചെയ്യാനും സന്നദ്ധരായി വന്നിരിക്കുകയാണ്.

മതനിന്ദാക്കുറ്റം ആരോപിക്കപ്പെട്ട ഞാൻ ഒരു യുക്തിവാദി ആയിരിക്കും എന്ന നിഗമനത്തിലാണ് അവരുടെ വരവെന്ന് ഞാൻ അനുമാനിച്ചു. അവരെ ഒഴിവാക്കാനായി ഞാൻ പറഞ്ഞു:

''ഞാൻ ഒരു യുക്തിവാദി അല്ല,''

അതു കേട്ടിട്ട് രവി പറഞ്ഞു: ''നിങ്ങൾ യുക്തിവാദിയോ ദൈവവിശ്വാസിയോ ആരുമായിക്കൊള്ളട്ടെ. ഞങ്ങൾക്ക് അതൊരു പ്രശ്നമല്ല. മതവും മതമാധ്യമങ്ങളും ഭരണകൂടവും വേട്ടയാടിയ ഒരു മനുഷ്യൻ എന്ന നിലയിലാണ് താങ്കളെ ഞങ്ങൾ കാണുന്നത്. മാനവീയമായ ആ കാഴ്ചപ്പാടുകൊണ്ടാണ് താങ്കളെ അന്വേഷിച്ച് ഞങ്ങൾ ഇവിടെ എത്തിയതുതന്നെ.''

ആ വാക്കുകൾ എനിക്കിഷ്ടപ്പെട്ടു. സഹായഹസ്തവുമായി എന്നെ ആദ്യം സമീപിക്കുന്ന കൂട്ടരും ഇവരാണല്ലോ. അവരോടെനിക്ക് പ്രത്യേകമായൊരു മമത തോന്നി. സൗഹൃദഭാഷണത്തിനൊടുവിൽ എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ അറിയിക്കാമെന്നു പറഞ്ഞ് ഞാൻ അവരെ യാത്രയാക്കി. പോകുന്നതിനുമുമ്പ് അവർ തങ്ങളുടെ ഫോൺ നമ്പരുകൾ എനിക്കുതന്നു.

പിന്നീട് തൊടുപുഴ ന്യൂമാൻ കോളജിലെയും മൂവാറ്റുപുഴ നിർമ്മല കോളജിലെയും വളരെ അടുപ്പമുള്ള അധ്യാപകരിൽ ചിലർ എന്നെ കാണാനായി വന്നു. ഞാൻ ഒളിവിലായിരുന്നപ്പോഴും ജയിലിലായിരുന്നപ്പോഴും ചോദ്യപേപ്പർ വിഷയത്തിൽ കോളജ് അധികാരികൾ കൈക്കൊണ്ട നടപടികളെക്കുറിച്ച് അവരിൽനിന്നും ഞാൻ ചിലതൊക്കെ മനസ്സിലാക്കി.

ചോദ്യപേപ്പർ വിവാദമായതിനെത്തുടർന്ന് മാർച്ച് 26-ന് കോളജിലെത്തിയ പ്രതിഷേധക്കാരെ ചോദ്യത്തിന്റെ യാഥാർത്ഥ്യം പറഞ്ഞു മനസ്സിലാക്കി സംഘർഷത്തിന് അയവു വന്നുകൊണ്ടിരിക്കുമ്പോഴാണ് പ്രതിരോധത്തിന്റെ നിലപാടു സ്വീകരിക്കുന്നതിനുപകരം ചോദ്യം തയാറാക്കിയ എന്നെ കൈയൊഴിയുന്നതാണ് നല്ലതെന്ന് കോളജ് മാനേജ്മെന്റിന്റെ ഉന്നതങ്ങളിൽ തീരുമാനമുണ്ടാകുന്നത്. ഉടൻതന്നെ എന്നെ സസ്പെൻഡു ചെയ്തതായി മാനേജർ വാർത്താക്കുറിപ്പ് ഇറക്കി. ചോദ്യപേപ്പറിലൂടെ മുസ്‌ലിം സഹോദരങ്ങളുടെ മതവികാരം വ്രണപ്പെടുത്തിയതിൽ ഖേദം പ്രകടിപ്പിച്ചുകൊണ്ട് കോളജ് പ്രിൻസിപ്പൽഡോ. റ്റി.എം. ജോസഫ് പ ത്രസമ്മേളനം നടത്തി. അതോടെ എരിതീയിൽ എണ്ണ വീണമാതിരി പ്രതിഷേധക്കാർ കലാപകാരികളായി.

കോളജ് അധികാരികൾ നിശ്ചയദാർഢ്യത്തോടെ സത്യസന്ധമായ നിലപാടിൽ ഉറച്ചുനിന്നിരുന്നുവെങ്കിൽ ഒറ്റ ദിവസംകൊണ്ട് ആ വിവാദം

കെട്ടടങ്ങുമായിരുന്നു. എന്നാൽ അവരും പ്രതിഷേധക്കാരുടെ വക്താക്കളായി എന്നെ ഭർത്സിക്കാനാണ് ഉത്സാഹം കാട്ടിയത്. രാഷ്ട്രീയസ്വാധീനം ഉപയോഗിച്ച് പോലീസിനെ വശപ്പെടുത്തി എന്നെ മാത്രം പ്രതിയാക്കി കേസെടുപ്പിച്ച അവർ തെളിവുണ്ടാക്കിക്കൊടുക്കാനും ഉത്സാഹിച്ചു. ഞാൻ തയാറാക്കിയ ചോദ്യപേപ്പറിന്റെ കൈയെഴുത്തുപ്രതി ഡി.റ്റി.പി. എടുത്തശേഷം മലയാളം ഡിപ്പാർട്ടുമെന്റിലെ ചവറ്റുകൊട്ടയിൽ ഇട്ടത് എന്റെ ശിഷ്യനും സഹപ്രവർത്തകനും കോളജ് ബർസാറുമായ ഫാ. രാജു ജേക്കബ് പിച്ചലക്കാട്ടാണ് തപ്പിക്കണ്ടുപിടിച്ച് പോലീസ് ഉദ്യോഗസ്ഥർക്ക് കൈമാറിയത്. അടുത്തദിവസം ന്യൂമാൻ കോളജ് അങ്കണത്തി ലുള്ള പള്ളിയിൽ നടത്തിയ പ്രസംഗത്തിൽ ആ കൈയെഴുത്തുപ്രതി കണ്ടുകിട്ടിയതുകൊണ്ടാണ് താൻ രക്ഷപ്പെട്ടതെന്ന് ഫാ. പിച്ചലക്കാട്ട് പറയുകയും ചെയ്തത്രേ.

വിവാദചോദ്യപേപ്പറിലെ പകുതി ചോദ്യങ്ങൾ എഴുതിയുണ്ടാക്കിത്തന്നത് ഫാ. പിച്ചലക്കാട്ട് ആയിരുന്നല്ലോ. ആ ചോദ്യങ്ങളോടൊപ്പം ഞാൻ പഠിപ്പിച്ച പാഠഭാഗത്തുനിന്നുള്ള ചോദ്യങ്ങളുംകൂടി ചേർത്താണ് പൂർണ്ണ രൂപത്തിലുള്ള കൈയെഴുത്തുപ്രതി ഞാൻ തയാറാക്കിയത്. അതിൽ വിവാദത്തിനിടയാക്കിയ 11-ാം നമ്പർ ചോദ്യം ഞാൻതന്നെ നിബന്ധിച്ചതാണ്. മറിച്ച്, ആ ചോദ്യം ഫാ. പിച്ചലക്കാട്ട് ആണ് ഉണ്ടാക്കിയതെന്ന് സങ്കല്പിക്കുക. അപ്പോഴും കൈയക്ഷരം എന്റേതുതന്നെയാണ്. അതു വിവാദമായി കേസാകുമ്പോൾ ആ കൈയെഴുത്തുപ്രതിയിലെ കൈപ്പട തന്റെയല്ലെങ്കിലും ആ ചോദ്യം ഉണ്ടാക്കിക്കൊടുത്തത് താൻ തന്നെയാണെന്നുപറയാനുള്ള ആർജവം ഫാ. പിച്ചലക്കാട്ടിന് ഉണ്ടാകുമോ? ഉണ്ടാകേണ്ടതാണ്.

കോളജ് മാനേജ്മെന്റുമായി ഞാൻ നല്ല സൗഹാർദ്ദത്തിൽത്തന്നെയായിരുന്നു. ബഹു. മാനേജരച്ചൻ ഒരു സുഹൃത്തിനെപ്പോലെയാണ് എന്നോടു പെരുമാറിയിരുന്നത്. പോലീസ് കേസെടുത്തു പിടികൂടാൻ സാധ്യതയുള്ളതിനാൽ വീട്ടിൽനിന്ന് തത്കാലം മാറിനിന്നുകൊള്ളാൻ അദ്ദേഹം ആദ്യം ഉപദേശിച്ചത് ആ സൗഹൃദംമൂലമാണ്.

എന്നാൽ മാനേജ്മെന്റ് 'കയ്യാഫാസിന്റെ നയം' സ്വീകരിച്ചതോടെ പച്ചക്കള്ളങ്ങൾപോലും പറയാൻ മാനേജരച്ചൻ ഉദ്യുക്തനായി. ഞാൻ മാനേജ്മെന്റിനോട് നീരസത്തിൽ കഴിയുകയായിരുന്നുവെന്നും അതിനാ ലാണ് ചോദ്യപേപ്പർ തയാറാക്കി പ്രശ്നമുണ്ടാക്കാൻ ശ്രമിച്ചതെന്നും അദ്ദേഹം പോലീസിനു മൊഴികൊടുത്തു.

എന്റെ ശിഷ്യനും സഹപ്രവർത്തകനും സാഹിത്യാധ്യാപകനുമായ ഫാ. രാജു ജേക്കബ് പിച്ചലക്കാട്ട് വിവാദചോദ്യത്തിന്റെ ഉദ്ദേശ്യശുദ്ധിയിൽ മുറുകെപ്പിടിച്ച് എന്റെ അഭാവത്തിൽ എനിക്കുവേണ്ടി ധീരമായി നില കൊള്ളുമെന്ന് ഞാൻ വിശ്വസിച്ചിരുന്ന ആളാണ്. എന്നാൽ എന്റെ ചോദ്യം മുസ്‌ലിം മതവികാരത്തെ വ്രണപ്പെടുത്തുന്നതുതന്നെയെന്ന് അദ്ദേഹം എമ്പാടും പ്രചാരണം നടത്തി.

ചോദ്യപേപ്പർ വിവാദത്തോടനുബന്ധിച്ച് സമ്മേളിച്ച കോളജിന്റെ മാനേജിങ് ബോർഡുയോഗത്തിൽ നിർമ്മല കോളജ് മുൻ പ്രിൻസിപ്പലും അക്കാലത്ത് കോതമംഗലം കത്തീഡ്രൽ പള്ളിവികാരിയുമായ റവ. ഡോ. തോമസ് പെരിയപ്പുറം നടത്തിയ ഒരു പ്രസ്താവം അക്ഷരാർത്ഥത്തിൽ എന്നെ അത്ഭുതപ്പെടുത്തി. മലയാളഭാഷയിലും സാഹിത്യത്തിലും ഡോക്ടറേറ്റ് വരെ നേടിയ അദ്ദേഹം ഗവേഷണവിദ്യാർത്ഥികളുടെ മാർഗ്ഗനിർദ്ദേശകൻകൂടിയാണ്. വിവാദചോദ്യത്തെ പിന്തുടർന്ന അദ്ദേഹത്തിന്റെ ഗവേഷണബുദ്ധി സാഹിത്യത്തിന്റെ ചക്രവാളസീമകൾ ഭേദിച്ച് ക്രൈസ്തവ ദൈവശാസ്ത്രത്തിന്റെ തിരുമുറ്റത്താണ് എത്തിനിന്നത്. അദ്ദേഹം ബോർഡുയോഗത്തിൽ അസന്ദിഗ്ധമായി ഇങ്ങനെ പ്രസ്താവിച്ചു.

''ടി.ജെ. ജോസഫ് തന്റെ വിവാദചോദ്യത്തിലൂടെ മുഹമ്മദ് നബിയെയും ഇസ്‌ലാംമതത്തെയും മാത്രമല്ല അധിക്ഷേപിച്ചത്. നമ്മുടെ പരിപാവനമായ 'ത്രിത്വ'ത്തെക്കൂടിയാണ്. ഒരു അയില മുറിച്ചാൽ എത്ര കഷണ മാണെന്ന ചോദ്യവും മൂന്നുകഷണമാണെന്ന ഉത്തരവും പിതാവ്, പുത്രൻ പരിശുദ്ധാത്മാവ് എന്നിവരുൾപ്പെടുന്ന പരിശുദ്ധത്രിത്വത്തെ പരിഹസിക്കാൻ വേണ്ടി മനഃപൂർവ്വം എഴുതിയുണ്ടാക്കിയതാണ്.''

വിവാദചോദ്യത്തിലെ സംഭാഷണശകലം പി.ടി. കുഞ്ഞുമുഹമ്മദിന്റെ ലേഖനത്തിലുള്ളതാണെന്ന കാര്യം സൗകര്യപൂർവ്വം മറന്നിട്ടാണ് കത്തോലിക്ക വിശ്വാസികളായ ബോർഡംഗങ്ങളുടെ ഉള്ളിൽ ഉതപ്പുണ്ടാക്കാനായി ആ 'പണ്ഡിതപ്രവരൻ' ശ്രമിച്ചത്.

ഞാൻ ജയിലിലായിരുന്ന സമയത്ത് ദീപിക ദിനപത്രത്തിൽ അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിലിന്റെ ഒരു ലേഖനം ഉണ്ടായിരുന്നു. ചോദ്യപേപ്പർ വിവാദത്തെ അധികരിച്ച് മതേതരത്വത്തെക്കുറിച്ചുള്ള ആ കപടലേഖനത്തിൽ തിരുമേനി ഇപ്രകാരം എഴുതി:

''ഒരു ക്രിസ്തീയ നാമധാരിയിൽനിന്ന് ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്തതാണ് ഈ അധ്യാപകന്റെ പ്രവൃത്തി.''

'അന്യനെ വിധിക്കരുത്' എന്ന ബൈബിളിലെ ഏറ്റവും തെളിച്ചമുള്ള വാക്യം പവ്വത്തിൽ തിരുമേനിയുടെ മനസ്സിൽ ഇനിയും വെളിച്ചം വീശില്ലല്ലോ എന്ന് ആ ലേഖനം വായിച്ച ഞാൻ പരിതപിച്ചു.

ന്യൂമാൻ കോളജ് മാനേജരായിരുന്ന മോൺസിഞ്ഞോർ തോമസ് മലേക്കുടി തന്നെയായിരുന്നു സഭയുടെ സ്വന്തം പത്രമായ ദീപികയുടെ അക്കാലത്തെ ചെയർമാൻ. എന്നെ തള്ളിപ്പറയുന്നതിന്റെ ഭാഗമായിനടന്ന ഗൂഢാലോചനയുടെ ഫലമായിരുന്നു ആ ലേഖനമെന്ന് അന്നൊന്നും ഞാൻ മനസ്സിലാക്കിയിരുന്നില്ല.

ഇതിനിടെ ചോദ്യപേപ്പർ കേസ് അന്വേഷിച്ചിരുന്ന ഡിവൈഎസ്പി കുര്യാക്കോസ് ഫോണിൽ വിളിച്ച് എന്നെ നേരിൽകാണണമെന്ന് ആവശ്യപ്പെട്ടു. അതിനായി പൈനാവിലോ തൊടുപുഴയിലോ ഞാൻ ചെല്ലണം. പൈനാവും

തൊടുപുഴയും തൊടുപുഴ താലൂക്കിൽപ്പെട്ട പ്രദേശങ്ങളാകയാൽ അവിടേക്ക് പ്രവേശിക്കാൻ എനിക്ക് കോടതിയുടെ വിലക്കുണ്ടെന്ന് ഞാൻ ഡിവൈഎസ്പിയെ ഓർമ്മിപ്പിച്ചു. അതൊന്നും സാരമില്ലെന്നാണ് ആ നിയമപാലകൻ ആദ്യം പറഞ്ഞത്. കോടതി ഉത്തരവിനെ ഞാൻ മറികടക്കില്ലെന്ന് ബോധ്യമായപ്പോൾ അദ്ദേഹം മൂവാറ്റുപുഴ പി.ഡബ്ള്യു.ഡി. ഗസ്റ്റ്ഹൗസിൽ വരാമെന്ന് സമ്മതിച്ചു. തൊട്ടടുത്തദിവസം ഉച്ചകഴിഞ്ഞ് മൂന്നുമണിക്ക് കൂടിക്കാഴ്ച തീരുമാനിക്കുകയും ചെയ്തു. ഡിവൈഎസ്പിയുടെ ഉദ്ദേശ്യം അറിയായ്കയാൽ അളിയൻ സാജുവിനെയും കൂട്ടിയാണ് പോയത്. ഗസ്റ്റ്ഹൗസിന്റെ മുറ്റത്ത് പോലീസ് വാഹനം കിടന്നിരുന്നു. പോലീസ് ഡ്രൈവർ എന്നെ ഡിവൈഎസ്പി കുര്യാക്കോസിന്റെ മുറിയിലേക്ക് കൂട്ടിക്കൊണ്ടുപോയി. ഡിവൈഎസ്പിയെ കൂടാതെ അന്വേഷണ സംഘത്തിൽപ്പെട്ട ഒരു എഎസ്ഐയും മുറിയിലുണ്ടായിരുന്നു. എന്റെ വീട്ടിലെ മേശവലിപ്പ് കുത്തിത്തുറന്ന് എടുത്തുകൊണ്ടുപോയ ചില ബാങ്ക് രസീതുകളും പാസ്സ്ബുക്കുകളും അദ്ദേഹം എനിക്ക് തിരിച്ചുതന്നു. അതിൽ ന്യൂമാൻ കോളജ് ജീവനക്കാരുടെ സഹകരണസംഘത്തിൽ അമ്പതിനായിരം രൂപ സ്ഥിരനിക്ഷേപം നടത്തിയതിന്റെ രസീതുമുണ്ടായിരുന്നു. അത് തിരിച്ചുതരുമ്പോൾ അദ്ദേഹം പറഞ്ഞു:

''ഡിപ്പോസിറ്റൊക്കെയുണ്ടല്ലോ.'' ഡിവൈഎസ്പിയുടെ ലാക്ക് മനസ്സിലാക്കിയ ഞാൻ പറഞ്ഞു:

''മകനെ എംബിഎയ്ക്കുവിടാൻ വേണ്ടി കരുതിവെച്ചിരുന്നതാണ്. പക്ഷേ, ജാമ്യത്തിലിറങ്ങിയപ്പോൾ വക്കീൽഫീസും മറ്റുമായി അമ്പതിനായിരത്തോളം രൂപ ചെലവായി. ഭാര്യയുടെ മാല പണയം വെച്ചിട്ടാണ് പെട്ടെന്ന് ആ തുക സംഘടിപ്പിച്ചത്. സൊസൈറ്റിയിലെ കാശുകൊണ്ട് ആ പണയം എടുക്കണം.''

മുൻകൂർജാമ്യം എന്നനിലയിൽ പറഞ്ഞതാണെങ്കിലും അത് സത്യമായിരുന്നു.

''പ്രൊഫസറുടെ കൈയിൽനിന്ന് ഞങ്ങൾക്ക് കണ്ടമാനം കാശുകിട്ടിയിട്ടുണ്ടെന്നാണ് ആളുകളുടെ ധാരണ. ഒന്നും കിട്ടിയിട്ടില്ല എന്നുമാത്രമല്ല, ഭക്ഷണംവാങ്ങിക്കൊടുത്തവകയിൽ പോക്കറ്റിൽനിന്നും കാശ് പോയിട്ടേയുള്ളൂ എന്നതാണല്ലോ പരമാർത്ഥം.'' അറസ്റ്റുചെയ്ത ദിവസം വെജിറ്റബിൾ ബിരിയാണി വാങ്ങിത്തന്നതിന്റെ കണക്കാണ് ഡിവൈഎസ്പി പറഞ്ഞുവരുന്നത്. ഞാൻ മറുപടിയൊന്നും പറയാതെ നിസ്സംഗനായി നിന്നു.

ആ കൂടിക്കാഴ്ച അവസാനിച്ച് പുറത്തിറങ്ങി കാറിനടുത്തേക്കു നടന്ന എന്നെ ഡിവൈഎസ്പിയോടൊപ്പമുണ്ടായിരുന്ന എഎസ്ഐ പുറകിൽനിന്നും വിളിച്ചു. തിരിഞ്ഞുനിന്ന എന്റെ അടുത്തുവന്ന് അദ്ദേഹം സ്വകാര്യം പറഞ്ഞു:
''എനിക്കൊന്നും തരണ്ട. ഡിവൈഎസ്പിക്കു എന്തെങ്കിലും കൊടുക്കണം. കേസിന്റെ ഫൈനൽ റിപ്പോർട്ടൊക്കെ എഴുതാൻ ഇരിക്കുന്നതല്ലേയുള്ളൂ.''

''എന്റെ കൈയിൽ ഇപ്പോൾ കാശൊന്നുമില്ലല്ലോ.'' ഞാൻ പൊടുന്നനെ പറഞ്ഞു.

''ഇപ്പോൾ വേണ്ട പിന്നെ എത്തിച്ചാൽ മതി.'' അദ്ദേഹം പോംവഴി പറഞ്ഞുതന്നു.

വീട്ടിലെത്തിയ ഞാൻ കാശുകൊടുക്കുന്നതിനെക്കുറിച്ച് ആലോചിച്ചു. ഡിവൈഎസ്പിക്ക് അഞ്ഞൂറോ ആയിരമോ കൊടുക്കാൻപറ്റുമോ?

റാങ്കിനനുസരിച്ച് ഭേദപ്പെട്ട ഒരു തുകതന്നെ വേണം. കേസെഴുതുന്ന റൈറ്റർക്കും എന്തെങ്കിലും കൊടുക്കണ്ടേ? അതിനൊക്കെ എന്റെ കൈയിൽ കാശെവിടുന്നാണ്. പോരെങ്കിൽ സസ്പെൻഷൻ കാലവും. മാത്രമല്ല കൈക്കൂലി കൊടുക്കുകയെന്നത് തീരെ പരിചയമില്ലാത്ത ഒരു ഏർപ്പാടുമാണ്. കൊടുത്തില്ലെങ്കിൽ നമുക്ക് ദോഷകരമായി എന്തെങ്കിലും അവർ ചെയ്യുമോ? പര്യാലോചനയ്ക്കൊടുവിൽ ആർക്കും ഒന്നും കൊടുക്കേണ്ട എന്നു തീരുമാനിച്ചു. അതിന്റെ പേരിൽ ചാർജുഷീറ്റിൽ ഏതു കള്ളക്കഥ വേണമെങ്കിലും അവർ എഴുതിപ്പൊലിപ്പിക്കട്ടെ.

കോളജ് മാനേജരെയും രക്ഷാധികാരിയായ മെത്രാനെയും കണ്ടിട്ടുവന്നതിനുശേഷം എന്റെ നിരപരാധിത്വം ബോധ്യപ്പെട്ട മാനേജ്മെന്റ് സസ്പെൻഷൻ ഉടൻതന്നെ പിൻവലിച്ച് സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുമെന്നാണ് ഞാൻ വിചാരിച്ചിരുന്നത്. എന്നാൽ നാലുനാൾ കഴിഞ്ഞ് 19-04-2010 -ൽ മാനേജർ ഒപ്പിട്ട് മെമ്മോ ഓഫ് ചാർജസ് ആണ് സ്പീഡ് പോസ്റ്റിൽ എന്നെത്തേടിയെത്തിയത്. അതുകണ്ട് ഞാൻ ആകെപ്പാടെ അങ്കലാപ്പിലായി. എന്നാൽ ബഹു. മാനേജരച്ചൻ അന്നുതന്നെ ഫോണിൽവിളിച്ച് എന്നെ ആശ്വസിപ്പിച്ചു.

''മെമ്മോ ഓഫ് ചാർജസ് കിട്ടിയതുകൊണ്ട് വിഷമിക്കേണ്ട. അതൊരു നടപടിക്രമം മാത്രമാണ്. ഒരു മറുപടി എഴുതിത്തന്നാൽ മാത്രംമതി.''

# മെമ്മോ ഓഫ് ചാർജസ്

മാനേജർ പറഞ്ഞമാതിരി മറുപടിയെഴുതാൻ മെമ്മോ ഓഫ് ചാർജസ് സൂക്ഷ്മമായി അവലോകനം നടത്തിയപ്പോൾ ഒരു വക്കീലാണ് അത് തയാറാക്കിയിരിക്കുന്നതെന്ന് എനിക്ക് മനസ്സിലായി. അതോടൊപ്പം അതിലെ കുറ്റാരോപണങ്ങൾ എന്നെ ഭയപ്പെടുത്തുകയും ഒപ്പം സങ്കടപ്പെടുത്തുകയും ചെയ്തു.

23-03-2010-ൽ നടന്ന ബി.കോം. രണ്ടാം സെമസ്റ്റർ ഇന്റേണൽ പരീക്ഷയുടെ മലയാളം ചോദ്യപേപ്പർ തയ്യാറാക്കൽ ചുമതലയുണ്ടായിരുന്ന ഞാൻ അതു തയാറാക്കിയപ്പോൾ 11-ാം നമ്പർ ചോദ്യം ചേർത്തു എന്നുള്ളതാണ് ഒന്നാമത്തെ ആരോപണം. ആ ചോദ്യം എല്ലാ മതക്കാരുടെയും വിശിഷ്യ ഇസ്ലാംമതത്തിൽപെട്ടവരുടെ വികാരങ്ങൾ വ്രണപ്പെടുത്തുന്നു എന്നതാണ് രണ്ടാമത്തെ ആരോപണം. അതിന്റെ പേരിൽ ചിലയാളുകൾ നിയമവിരുദ്ധമായി നാട്ടിലുണ്ടാക്കിയ അക്രമ പ്രവർത്തനങ്ങളുടെ മുഴുവൻ ഉത്തരവാദിത്വവും എന്നിൽ ആരോപിക്കുന്നവയാണ് മറ്റുള്ളവയെല്ലാം.

'കുറ്റവാസനാരൂഢമായ മനസ്സിൽ നിന്നല്ലാതെ ഒരു കുറ്റകൃത്യവും സംഭവിക്കുന്നന്നില്ല.' (There can be no guilt without a guilty mind)എന്നുള്ളത് കുറ്റവാളിനിയമത്തിലെ (Criminal Low) സുവിദിതമായ ഒരു ആശയമാണല്ലോ. അദ്ധ്യാപകനായ ഞാൻ ഒരു കുറ്റകൃത്യം നടത്തണമെങ്കിൽ തീർച്ചയായും ഒരുകുറ്റവാളി മനസ്സിന്റെ ഉടമയായിരിക്കേണ്ടതുണ്ട്. ഇവിടെ കുറ്റകൃത്യം മതനിന്ദയാണ്. അതിനാൽ എന്നെ തികഞ്ഞ ഒരു മതനിന്ദകൻ ആക്കുന്നതാണ് മെമ്മോ ഓഫ് ചാർജസിന്റെ മൂന്നിലൊരു ഭാഗം.

അതിന്റെ സംക്ഷിപ്തം ഇതാണ്:

അവസരം കിട്ടുമ്പോഴെല്ലാം മതവിശ്വാസത്തിനും വിശ്വാസിക്കും എതിരായി നിന്ദിച്ചുപറയുക, പരിഹസിക്കുക എന്നിവ പതിവാക്കിയിരുന്ന ആളാണു ഞാൻ. മതവിശ്വാസത്തിനെതിരായി പാഷണ്ഡതയുടെ ആശയങ്ങൾ വിദ്യാർത്ഥികളുടെ മനസ്സിലേക്കു പകരാൻ ഞാൻ അദ്ധ്യാപകവൃത്തിയെ ദുരുപയോഗം ചെയ്തുപോന്നിരുന്നുവത്രേ.

മൂവാറ്റുപുഴ നിർമല കോളജിൽനിന്നും തൊടുപുഴ ന്യൂമാൻ കോളജിലേക്ക് എന്നെ മാറ്റിയത്, സ്വഭാവദൂഷ്യത്തിന്റെയും കൃത്യവിലോപത്തിന്റെയും പേരിൽ ഒരു ശിക്ഷാകൈമാറ്റം (Punishment Transfer) എന്ന നിലയ്ക്കാണ്. അവിടെച്ചെന്നിട്ടും എന്റെ രീതികൾക്ക് മാറ്റംവന്നില്ല. അധികാരികളുടെ മുമ്പിൽ ധിക്കാരിയായും സഹപ്രവർത്തകരുടെ ഇടയിൽ അഹങ്കാരിയായും ഞാൻ തുടർന്നു. അപ്രകാരം ജോലി ചെയ്യുന്ന സ്ഥാപനങ്ങളിലെല്ലാം അനൈക്യവും

കലാപവും ഉണ്ടാക്കുന്ന പരിപാടിക്കാരനായ ഞാൻ വ്യത്യസ്തമതവിഭാഗങ്ങളുടെ ഇടയിൽ വിദ്വേഷവും വിരോധവും സംഘർഷവും ഉണ്ടാക്കണമെന്ന ഉദ്ദേശ്യത്തോടും കരുതലോടുംകൂടി തയാറാക്കിയതാണത്രേ 11-ാം നമ്പർ ചോദ്യം.

ഓരോ അദ്ധ്യാപകനും രാജ്യത്തിന്റെ നിയമവ്യവസ്ഥ അനുവർത്തിക്കുന്ന മാതൃകാപൗരൻ ആയിരിക്കണം. എന്നാൽ രാജ്യത്തിന്റെ നിയമവ്യവസ്ഥയെ തോല്പിക്കുന്നതിനും അറസ്റ്റ് തുടങ്ങിയ നിയമനടപടികളിൽനിന്ന് രക്ഷനേടാനുമായി ഞാൻ ആറുദിവസം ഒളിവിലായിരുന്നു. പോലീസിന്റെ അശ്രാന്തപരിശ്രമം കൊണ്ടാണത്രേ എന്നെ പിടികൂടിയത്. അങ്ങനെയും ഞാൻ ഗുരുതരമായ സ്വഭാവദൂഷ്യത്തിന്റെ ഉത്തരവാദിയായിരിക്കുന്നു. (എന്റെ ആത്മഗതം: ബഹു. മാനേജർകൂടി പറഞ്ഞിട്ടാണ് ഞാൻ ഒളിവിൽ പോയതെന്ന് ആരോടും പറഞ്ഞിട്ടില്ലല്ലോ.)

26-03-2010 രാവിലെ കോളജ് പരിസരത്ത് നിറയെ പോലീസിനെക്കണ്ടു ഭയന്ന് എന്നെ ഫോണിൽ വിളിച്ച ഫാ. പിച്ചലക്കാട്ട് ഞാൻ കോളജിലേക്ക് വരണ്ട എന്നു പറഞ്ഞിരുന്നുവല്ലോ. നമ്മുടെ ഭാഗത്ത് തെറ്റൊന്നുമില്ലാത്തതിനാൽ ഭയപ്പെടേണ്ട ആവശ്യമില്ലെന്നും പോലീസ്വന്നിട്ടുള്ളത് നമ്മുടെ സംരക്ഷണത്തിനാണല്ലോ എന്നുപറഞ്ഞ് ആശ്വസിപ്പിച്ച കാര്യവും മാനേജരുടെ മെമ്മോയിൽ എനിക്കെതിരേ ഒരു ആരോപണമായി ഉന്നയിച്ചിട്ടുണ്ട്. വരുംവരായ്കകളെക്കുറിച്ചോർത്ത് ഞാൻ ലവലേശം വിഷമിക്കുന്നില്ലെന്ന് ഞാൻ ഫാ. പിച്ചലക്കാട്ടിനോട് പറഞ്ഞുവത്രേ. ഞാൻ കരുതിക്കൂട്ടിയാണ് വിവാദചോദ്യം ഉൾപ്പെടുത്തിയത് എന്നതിന് തക്കതായ ഒരു തെളിവാണത്. എന്റെ ശിഷ്യൻകൂടിയായ സഹപ്രവർത്തകനോട് ഞാൻ പറഞ്ഞതിനെ വളച്ചൊടിച്ച് ഒരു ആരോപണമായി വക്കീൽ മെമ്മോ ഓഫ് ചാർജസിൽ എഴുതിച്ചേർക്കണമെങ്കിൽ അത് ഫാ. പിച്ചലക്കാട്ട് പറഞ്ഞുകൊടുത്തിട്ടുതന്നെ ആകണമല്ലോ. അതോർത്തപ്പോൾ എനിക്കൊരു വിഷമം ഉണ്ടാകാതിരുന്നില്ല. മഹാഗുരുവായ യേശുക്രിസ്തുവിന്റെ ശിഷ്യന്മാരിലും മാറിച്ചിന്തിക്കുന്നവർ ഉണ്ടായിരുന്നുവല്ലോ എന്നോർത്തു ഞാൻ സമാധാനപ്പെട്ടു.

മറുപടി എഴുതിത്തന്നാൽ മതി എന്നൊക്കെ മാനേജരച്ചൻ എന്നോട് ആശ്വാസവാക്ക് പറഞ്ഞെങ്കിലും മെമ്മോയിൽ ഒളിഞ്ഞിരിക്കുന്ന വക്രബുദ്ധി എന്നെ ആശങ്കാകുലനാക്കി. അതിനാൽ വൈദികരല്ലാത്തവരും കോളജിന്റെ മാനേജിങ് ബോർഡിൽ അംഗങ്ങളുമായ രണ്ട് മുൻപ്രിൻസിപ്പൽമാരെ കണ്ട് ഞാൻ ഉപദേശം തേടി. മാനേജ്മെന്റിന്റെ ഭാഗത്തുനിന്നും ശിക്ഷാനടപടികളൊന്നും ഉണ്ടാകാൻ ഇടയില്ലെന്നാണ് ഇരുവരും തറപ്പിച്ചുപറഞ്ഞത്. അതുകേട്ട് മെമ്മോയെക്കുറിച്ചുള്ള ഭയാശങ്കകൾ ഒട്ടൊക്കെ എന്നെ വിട്ടൊഴിഞ്ഞു. മെമ്മോയ്ക്കുള്ള മറുപടി ഞാൻതന്നെ തയാറാക്കിയാൽ

മതിയെന്നും അതിന് വക്കീലിനെ ഏർപ്പാടാക്കി വെറുതേ കാശുകളയേണ്ട കാര്യമില്ലെന്നും ആ അദ്ധ്യാപകശ്രേഷ്ഠർ എന്നോട് പറയുകയുണ്ടായി.

ദുഷ്ടലാക്കോടെ മെമ്മോയിൽ ഉന്നയിച്ചിരിക്കുന്ന ആക്ഷേപങ്ങൾക്ക് തെളിവുസഹിതം മറുപടി എഴുതുന്നതിനായി അലമാര പരിശോധിച്ചപ്പോൾ ഞാൻ ഞെട്ടിപ്പോയി. അലമാരയിൽ സൂക്ഷിച്ചിരുന്ന ഔദ്യോഗികമായ രേഖകളൊന്നും കാണാനില്ല!

ഡിവൈഎസ്പി കുര്യാക്കോസിന്റെ നേതൃത്വത്തിൽ വീട് റെയ്ഡ് ചെയ്തപ്പോൾ പോലീസുകാർ അതൊക്കെ
എടുത്തുകൊണ്ടുപോയിക്കാണുമെന്ന് മിഥുനാണ് എനിക്ക് സൂചന തന്നത്. എങ്കിൽപ്പിന്നെ എന്തുകൊണ്ടാണ് ബാങ്കിലെ പാസ്ബുക്കുകളും മറ്റും തിരിച്ചുതന്നപ്പോൾ എന്നെ സംബന്ധിച്ച് സുപ്രധാനമായ ആ രേഖകൾ തരാതിരുന്നത്. കൈക്കൂലിയായിട്ട് നല്ലയൊരു തുക കൈപ്പറ്റിയിട്ട് തിരിച്ചുതരാൻ ഒരു ഈടായി സൂക്ഷിക്കുകയായിരിക്കും.

സ്പെഷ്യൽ ബ്രാഞ്ചിൽ ഡിവൈഎസ്പിയായി തിരുവനന്തപുരത്തുള്ള സുഹൃത്തിനോട് ഫയൽ കാണാതെപോയ കാര്യം ഞാൻ പറഞ്ഞു. അദ്ദേഹത്തിന്റെ ഉറ്റമിത്രമായ മറ്റൊരു ഡിവൈഎസ്പി ഇടുക്കി ജില്ലാ ആസ്ഥാനമായ പൈനാവിൽ ഉദ്യോഗസ്ഥനായിട്ടുണ്ട്. അദ്ദേഹം ഡിവൈഎസ്പി കുര്യാക്കോസിനോട് എടുത്തുകൊണ്ടുപോയ രേഖകൾ എനിക്ക് തിരിച്ചുനല്കണമെന്ന് ആവശ്യപ്പെട്ടു. എന്നാൽ ഡിവൈഎസ്പി കുര്യാക്കോസ് ഒരു അയകൊഴമ്പൻ നിലപാടാണ് ആദ്യം സ്വീകരിച്ചത്. തുടർന്ന് തിരുവന ന്തപുരത്തെ ഡിവൈഎസ്പിയുടെ നിർദ്ദേശപ്രകാരം പൈനാവിലെ ഡിവൈഎസ്പി ഫയലുകൾ തിരിച്ചുകൊടുക്കുമോ ഇല്ലയോ എന്ന് ഖണ്ഡിതമായി പറയാൻ ആവശ്യപ്പെട്ടു. അപ്പോഴാണ് അവയൊക്കെ തിരിച്ചുനല്കാമെന്നു കുര്യാക്കോസ് സമ്മതിച്ചത്. അത് വാങ്ങാനായി പൈനാവിൽപോയത് ഭാര്യവഴിക്കുള്ള ഒരു ബന്ധുവാണ്. ഡിവൈഎസ്പി കുര്യാക്കോസിന്റെ ഓഫീസിലുള്ള ഒരു ജീവനക്കാരനാണ് രേഖകളെല്ലാം തിരിച്ചുതന്നത്. അപ്പോഴും ഞാൻ അവർക്ക് കൈക്കൂലി കൊടുക്കാത്തതിന്റെ അസ്വാരസ്യം പ്രകടിപ്പിക്കാതിരിക്കാൻ ആ സമാധാനപാലകനു കഴിഞ്ഞില്ല.

മെമ്മോ ഓഫ് ചാർജസിന് ഞാൻ അവധാനത്തോടെ തയാറാക്കിയ മറുപടി എന്റെ ഉപദേശകരും പരിണതപ്രജ്ഞരുമായ മുൻപ്രിൻസിപ്പൽമാരെ കാണിച്ച് അഭിപ്രായം ആരാഞ്ഞതിനുശേഷമാണ് ബഹു. മാനേജർക്ക് 05-05-2010-ൽ സമർപ്പിക്കുന്നത്. അതിന്റെ പ്രസക്തഭാഗം ഇതാണ്.

ബഹുമാനപ്പെട്ട മാനേജരച്ചാ,

(Sub- Replay to the memo of charges Ref No.D.A.2/2010/NCT/1dt.19/04/2010

അങ്ങു നല്കിയ Memo of Charges-ന് സത്യസന്ധമായി തയാറാക്കിയിരിക്കുന്ന മറുപടി സവിനയം സമർപ്പിക്കുന്നു.

തൊടുപുഴ ന്യൂമാൻകോളജിലെ 2009 ഡിസംബറിൽ ആരംഭിച്ച II Semester B.Com. മോഡൽ 1 അഡീഷണൽ ലാംഗ്വേജ് മലയാളം പഠിക്കുന്ന 32 വിദ്യാർത്ഥികളുടെ ഇന്റേണൽ അസ്സസ്സ്മെന്റിന്റെ ചാർജ് വഹിച്ചിരുന്നത് ഞാനായിരുന്നു. 2009-10 അധ്യയന വർഷംമുതൽ എം.ജി.യൂണിവേഴ്സിറ്റി ഡിഗ്രിതലത്തിൽ നടപ്പാക്കിയ ക്രഡിറ്റ് & സെമസ്റ്റർ പദ്ധതിപ്രകാരം ഇന്റേണൽ എക്സാമിനേഷൻ എന്നാൽ അദ്ധ്യാപകൻ തന്റെ ക്ലാസ്സിലുള്ള കുട്ടികൾക്ക് താൻ പഠിപ്പിക്കുന്ന വിഷയത്തിൽ നടത്തുന്ന ടെസ്റ്റ്പേപ്പർ എന്നാണ് വിവക്ഷ. തുടർച്ചയായി നടത്തേണ്ടുന്ന മൂല്യനിർണ്ണയ പ്രക്രിയയുടെ ഭാഗമായി 23-03-2010- ൽ നടന്ന II Semester B.Com മോഡൽ 1 അഡീഷണൽ ലാഗ്വേജ് മലയാളം കോഴ്സിന്റെ പരീക്ഷയ്ക്ക് ചോദ്യപേപ്പർ തയാറാക്കാനും ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം നടത്താനുമുള്ള ചുമതല എനിക്കായിരുന്നു. ഗദ്യവും രചനയും എന്ന കോഴ്സിന് പാഠപുസ്തകമായി യൂണിവേഴ്സിറ്റി നിർദ്ദേശിച്ചിട്ടുള്ളത് നവകം, എഴുത്തോല എന്നീ ഗ്രന്ഥങ്ങളാണ്. 'നവകം' എന്ന ഗ്രന്ഥം ഫാദർ രാജു ജേക്കബും എഴുത്തോല എന്ന ഗ്രന്ഥം ഞാനുമാണ് പഠിപ്പിച്ചിരുന്നത്. ഈ രണ്ടു ഗ്രന്ഥങ്ങളിലെ പാഠഭാഗത്തെ ആസ്പദമാക്കിയാണ് 23-03-2010 ലെ പരീക്ഷയ്ക്ക് ചോദ്യപേപ്പർ തയാറാക്കിയിട്ടുള്ളത്.

എഴുത്തുഭാഷ കുറ്റമറ്റതാക്കാൻ ലക്ഷ്യം വെച്ചിട്ടുള്ളതാണ്, 'എഴുത്തോല' എന്ന പാഠപുസ്തകം. ടി പുസ്തകത്തിൽ 'ചിഹനനം' എന്ന പേരിലുള്ള മൂന്നാം അധ്യായത്തിൽ പൂർണ്ണവിരാമം, അർദ്ധവിരാമം, അങ്കുശം, ഭിത്തിക, ശൃംഖല, ഉദ്ധരണി, വിക്ഷേപിണി, കാകു, വലയം എന്നീ ചിഹനങ്ങളുടെയെല്ലാം ഉപയോഗരീതികളെക്കുറിച്ച് ചർച്ച ചെയ്യുന്നു. ടി അധ്യായത്തെ അടിസ്ഥാനമാക്കിയാണ് 11-ാം നമ്പർ ചോദ്യം തയാറാക്കിയിട്ടുള്ളത്. ഉചിതമായ ചിഹനങ്ങൾ ചേർത്തെഴുതാൻവേണ്ടി നല്കേണ്ടിയിരുന്നത് പരമാവധി ചിഹനങ്ങൾ ഉപയോഗിക്കാൻ സാധ്യതകളുള്ള ഒരു ഭാഷാമാതൃകയാണ്. ഇത്തരം സന്ദർഭങ്ങളിൽ മറ്റു പുസ്തകങ്ങളിൽനിന്ന് അല്പം ഉദ്ധരിച്ചുചേർക്കുകയോ സ്വകല്പിതമായി നിർമിച്ചു ചേർക്കുകയോ ആണ് പതിവുള്ളത്. 11-ാം നമ്പർ ചോദ്യത്തിനുവേണ്ടി ഞാൻ അവലംബിച്ചത് കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചതും ശ്രീ പി.എൻ. ബിനുകുമാർ സമ്പാദനവും പഠനവും നിർവഹിച്ചതുമായ 'തിരക്കഥയുടെ രീതിശാസ്ത്രം' എന്ന പുസ്തകത്തെയാണ്.

ടി പുസ്തകം എംജി യൂണിവേഴ്സിറ്റി എം.എ. മലയാളം IV സെമസ്റ്ററിലെ തിയേറ്ററും സിനിമയും എന്ന പേപ്പറിന്റെയും ബി.എ. ഡിഗ്രി മലയാളം

പ്രോഗ്രാം സെമസ്റ്റർ II കോംപ്ലിമെന്ററി കോഴ്സ് 'മലയാള പഠനത്തിന്റെ രീതിശാസ്ത്രം' എന്ന കോഴ്സിന്റെയും റഫറൻസ് ഗ്രന്ഥമായി നിർദ്ദേശിച്ചിട്ടുള്ളതുമാകുന്നു. ടി പുസ്തകത്തിൽ 'തിരക്കഥ- ഒരു വിശ്വാസിയുടെ കണ്ടെത്തലുകൾ' എന്ന പേരിൽ തിരകഥാകൃത്തും സിനിമ സംവിധായകനും മുൻ എം.എൽ.എയുമായ ശ്രീ പി.ടി. കുഞ്ഞുമുഹമ്മദ് എഴുതിയ ലേഖനത്തിലെ ഒരു സംഭാഷണശകലമാണ് 11-ാം നമ്പർ ചോദ്യത്തിനുവേണ്ടി ഞാൻ സ്വീകരിച്ചിട്ടുള്ളത്. ടി. ലേഖനത്തിൽനിന്ന് പ്രസ്തുത സംഭാഷണഭാഗം അടർത്തിയെടുത്തപ്പോൾ ലേഖനത്തിൽ ഭ്രാന്തൻ എന്നു വിളിക്കപ്പെട്ട കഥാപാത്രത്തിന് ഒരു പേരുനല്കുന്നതാണുചിതമെന്നും ദൈവത്തെ പടച്ചോനേ എന്നു സംബോധന ചെയ്യുന്നത് ഇസ്ലാംമതത്തിൽപ്പെട്ടവരായതിനാൽ ആ മതത്തിൽപ്പെട്ട ഒരാളുടെ പേരാവട്ടേയെന്നും ഞാൻ വിചാരിച്ചു. ശ്രീ പി.ടി. കുഞ്ഞുമുഹമ്മദിന്റെ ലേഖനത്തിലെ സംഭാഷണശകലമായതിനാൽ അദ്ദേഹത്തിന്റെ പേരിലെ മുഹമ്മദ് എന്നുമാത്രം എടുത്ത് ഞാൻ കഥാപാത്രത്തിനു പേരിട്ടു. ഇസ്ലാംമതത്തിൽപ്പെട്ടവരുടെ സാർവ്വത്രികമായ പേരാണല്ലോ മുഹമ്മദ്. മുഹമ്മദ് ബഷീർ, കെ.ടി. മുഹമ്മദ്, മുഹമ്മദ് റാഫി എന്നിങ്ങനെ ധാരാളമായി കേട്ടുശീലിച്ച എനിക്ക് മുഹമ്മദ് എന്നെഴുതിയാൽ മുഹമ്മദ് നബിയാണെന്ന് ആരെങ്കിലും തെറ്റിദ്ധരിക്കുമെന്ന ചിന്തയുണ്ടായിരുന്നില്ല.

സർവ്വകലാശാലാതലത്തിൽ മലയാള പഠനമെന്നാൽ മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും പഠനമാണ്. ഭാഷാപഠനവും സാഹിത്യപഠനവും പരസ്പരപൂരകങ്ങളായാണ് മലയാളം ക്ലാസ്സുകളിൽ കൈകാര്യംചെയ്യപ്പെടുന്നത്. ദൈവവും 'മുഹമ്മദ്' എന്ന കഥാപാത്രവും തമ്മിലുള്ള ആലങ്കാരികമായ സംവാദം (Discourse) പതിനൊന്നാം നമ്പർ ചോദ്യത്തിന്റെ ഭാഗമായി ചേർത്തതിൽ മലയാള അദ്ധ്യാപകനായ എനിക്ക് ഒരു സദുദ്ദേശ്യംകൂടിയുണ്ടായിരുന്നു. ദൈവവുമായി സംഭാഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന കഥാപാത്രം- മുഹമ്മദ്-മനുഷ്യ വർഗ്ഗത്തിന്റെ മുഴുവൻ പ്രതിനിധിയാണ്. നിസ്സാരരും നിസ്സഹായരുമായ മാനവരുടെ പ്രതീകം. ആകുലതകളാലും തീരാത്ത സംശയങ്ങളാലും വേട്ടയാടപ്പെട്ടുകൊണ്ടിരിക്കുന്ന അവൻ എപ്പോഴും ദൈവത്തിൽ ശരണപ്പെട്ടുകൊണ്ടിരിക്കുന്നു. നാഴികയ്ക്കു നാല്പതുവട്ടം ദൈവത്തെ വിളിക്കുന്നു.''പടച്ചോനേ പടച്ചോനേ'' പ്രപഞ്ചത്തെ മുഴുവൻ കാത്തു പരിപാലിക്കുന്നതിൽ വ്യഗ്രത പൂണ്ടിരിക്കുന്ന ദൈവം കൃത്യാന്തര ബാഹുല്യത്തിനിടയിലും അവന്റെ വിളികേൾക്കുന്നു. ''എന്താടാ'' എന്നാൽ എപ്പോഴും വിളിച്ചു ശല്യംചെയ്യുന്നതിന്റെ ഒരു നീരസം ദൈവത്തിനുണ്ടുതാനും. അതുകൊണ്ടാണ് സംബോധനയിൽ ''നായിന്റെ മോനേ'' എന്ന പരുഷവാക്ക് ഉപയോഗിക്കുന്നത്. തന്റെ വിളി എപ്പോഴും കേൾക്കുന്ന ദൈവത്തോട് അവനു ചോദിച്ചറിയേണ്ടതോ ഒരു നിസ്സാരകാര്യം.

ഒരു അയില, അതു മുറിച്ചാൽ എത്ര കഷണമാണ്. ഈ ചോദ്യം അവൻ മുൻപും എത്രയോ തവണ ദൈവത്തോട് ചോദിച്ചിരിക്കുന്നു. അപ്പോളെല്ലാം ദൈവം കൃത്യമായി ഉത്തരം നല്കിയിട്ടുള്ളതുമാണ്. വീണ്ടും ആ ചോദ്യം തന്നെയാണെങ്കിലും ഉത്തരം നല്കുന്നതിൽ ദൈവം മടിവിചാരിക്കുന്നില്ല. മൂന്നു കഷണമാണെന്ന് എത്രതവണ നിന്നോട് പറഞ്ഞിട്ടുണ്ടെടാ നായേ. പലതവണ പറഞ്ഞുകൊടുക്കുന്നതിന്റെ വൈരസ്യം മൂലമാണ് ദൈവത്തിന്റെ വാക്കുകളിൽ പാരുഷ്യം കലരുന്നത്.
ദൈവവുമായുള്ള ഈ സംവാദത്തിൽ മനുഷ്യവർഗ്ഗത്തിന്റെ സങ്കടങ്ങളും സന്ദേഹങ്ങളുമെല്ലാം ആവിഷ്കരിക്കപ്പെടുന്നു. നിസ്സാരനും നിസ്സഹായനുമായ മനുഷ്യന്റെ ആശ്രയം ദൈവം മാത്രമാണെന്നുവരുന്നു. മനുഷ്യൻ വിളിക്കുമ്പോഴെല്ലാം വിളികേൾക്കുകയും അവന്റെ നിസ്സാരങ്ങളായ സംശയങ്ങൾപോലും ദൂരീകരിക്കാൻ ബദ്ധചിത്തനായിരിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ മനുഷ്യനോടുള്ള പരിഗണനയും കാരുണ്യവും വെളിപ്പെടുകയും ചെയ്യുന്നു. മർത്ത്യജീവിതത്തിന്റെ സങ്കടാവസ്ഥയും ദൈവത്തിന്റെ മഹത്ത്വവും ആവിഷ്കരിക്കുന്ന ഈ സംഭാഷണശകലം പ്രസിദ്ധ ഹാസ്യചിന്തകനായ സ്റ്റീഫൻ ലീകോക്ക് (Stephen leacock) 1935-ൽ പ്രസിദ്ധീകരിച്ച (HOMOUR, ITS THEORY AND TECHNIQUE എന്ന ഗ്രന്ഥത്തിൽ വിവക്ഷിക്കുന്ന ഉദാത്തഹാസ്യത്തിന്റെ ഉത്തമ ഉദാഹരണമാകുന്നു.
23-03-2010-ൽ നടന്ന ടി പരീക്ഷയുടെ ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം ചെയ്യേണ്ടിയിരുന്നത് ഇന്റേണൽ അസ്സസ്മെന്റിന്റെ ചാർജ് വഹിക്കുന്ന ഞാൻ തന്നെയായിരുന്നു. ക്ലാസിൽവെച്ച് ഓരോ വിദ്യാർത്ഥിക്കും മൂല്യനിർണ്ണയം നടത്തിയ ഉത്തരക്കടലാസുകൾ നല്കിയതിനുശേഷം ഓരോ ചോദ്യവും അവയ്ക്കുള്ള ശരിയായ ഉത്തരവും ചർച്ചയ്ക്കു വിധേയമാക്കുന്ന പതിവാണ് നാളിതുവരെ ഞാൻ സ്വീകരിച്ചുപോന്നിട്ടുള്ളത്. ടി പരീക്ഷയുടെ ചോദ്യോത്തരങ്ങൾ ക്ലാസ്സിൽ ചർച്ച ചെയ്യുമ്പോൾ 11-ാം നമ്പർ ചോദ്യത്തിലെ ചിഹനന വ്യവസ്ഥയെപ്പറ്റി മാത്രമല്ല അതിനുവേണ്ടി നല്കിയിട്ടുള്ള സംഭാഷണശകലത്തിന്റെ ആലങ്കാരികതയും അതുവഴി ഉദാത്തഹാസ്യത്തിന്റെ രീതിശാസ്ത്രവും ചർച്ചചെയ്ത് വിദ്യാർത്ഥികളുടെ സാഹിത്യാവബോധവും സഹൃദയത്വവും വികസിപ്പിക്കണമെന്ന ലക്ഷ്യത്തോടെയാണ് ടി സംഭാഷണശകലം 11-ാം നമ്പർ ചോദ്യത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.
ടി ചോദ്യപേപ്പറിലെ 11-ാംനമ്പർ ചോദ്യത്തിനുവേണ്ടി ഉപയോഗിച്ചിട്ടുള്ള സംഭാഷണശകലം എംജി യൂണിവേഴ്സിറ്റി സാഹിത്യവിദ്യാർത്ഥികൾക്കുവേണ്ടി നിർദ്ദേശിച്ചിട്ടുള്ള റഫറൻസ് ഗ്രന്ഥത്തിൽനിന്ന് ഉദ്ധരിച്ചു ചേർത്തിട്ടുള്ളതാണ്. ആയതിനാൽ ടി

ചോദ്യത്തിലെ ഭാഷാപ്രയോഗത്തിന്റെ പേരിൽ എന്നിൽ കുറ്റമാരോപിക്കുന്നത് തികച്ചും അനുചിതമാണ്.
11-ാംനമ്പർ ചോദ്യത്തിലൂടെ മതവിശ്വാസത്തെ ഇടിച്ചുകാണിക്കാനോ വർഗ്ഗീയവികാരം ഇളക്കിവിടാനോ ഒരു രീതിയിലും ഞാൻ ഉദ്ദേശിച്ചിരുന്നില്ല. ഭാഷയും സാഹിത്യവും പഠിപ്പിക്കുന്ന അധ്യാപകനെന്ന നിലയിലും പഠനനിലവാരത്തിന്റെ പരിശോധകനെന്ന നിലയിലും എന്റെ കർത്തവ്യകർമ്മത്തെ പരമാവധി ഫലപ്രാപ്തിയിലെത്തിക്കാൻ ശ്രമിക്കുക മാത്രമാണ് ടി ചോദ്യം തയാറാക്കിയതിലൂടെ ഞാൻ ചെയ്തിട്ടുള്ളത്.
ടി ചോദ്യപേപ്പർ തൊടുപുഴ ന്യൂമാൻ കോളജിൽ II സെമസ്റ്റർ മോഡൽ B. com മോഡൽ I അഡീഷണൽ ലാംഗ്വേജ് മലയാളം പഠിക്കുന്ന 32 വിദ്യാർത്ഥികൾക്കുവേണ്ടി മാത്രം തയാറാക്കിയിട്ടുള്ളതാണ്. 23-03-2010-ൽ ടി പരീക്ഷ എഴുതിയ വിദ്യാർഥികളോ അവരുടെ രക്ഷിതാക്കളോ മലയാളം വകുപ്പുമേധാവിയായിരുന്ന എന്നോടോ ക്ലാസ്സ് ട്യൂട്ടറിനോടോ ബഹു. കോളജ് പ്രിൻസിപ്പലിനോടോ ടി ചോദ്യപേപ്പറിനെ സംബന്ധിച്ച് എന്തെങ്കിലും പരാതിയോ ആക്ഷേപമോ ഉന്നയിച്ചതായി എന്റെ അറിവിൽപെട്ടിട്ടില്ലാത്തതാകുന്നു. പരീക്ഷാസംബന്ധമായ വിദ്യാർത്ഥികളുടെ പരാതികൾ പരിഗണിക്കാൻവേണ്ടി രൂപീകരിക്കപ്പെട്ടിട്ടുള്ള Departmental Grievance Redress Cell, College Level Grievance Redress Cell, University Level Grievance Redress Cell എന്നിവിടങ്ങളിലും ടി പരീക്ഷയെഴുതിയ ഏതെങ്കിലും വിദ്യാർത്ഥി 11-ാം നമ്പർ ചോദ്യത്തെപ്പറ്റി നാളിതുവരെ ഏതെങ്കിലും തരത്തിലുള്ളതായ പരാതിയോ ആക്ഷേപമോ ബോധിപ്പിച്ചിട്ടുള്ളതായി എന്റെ അറിവിൽപ്പെട്ടിട്ടില്ലാത്തതാകുന്നു.
ടി പരീക്ഷയുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധമില്ലാത്ത ചില ആളുകൾ ടി ചോദ്യപേപ്പർ എങ്ങനെയോ കരസ്ഥമാക്കി 11-ാം നമ്പർ ചോദ്യത്തെ തെറ്റായി വ്യാഖ്യാനം ചെയ്ത് ഗൂഢവും ദുഷ്ടവുമായ ലക്ഷ്യത്തോടെ കലാപത്തിനൊരുമ്പെട്ടതിനാലാണ് തൊടുപുഴയിൽ നിരോധനാജ്ഞ (Section 144 Cr.P.C.)പ്രഖ്യാപിക്കേണ്ടി വന്നിട്ടുള്ളതെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. സാമൂഹികദ്രോഹികൾ നടത്തിയ അക്രമത്തിന്റെയും കലാപത്തിന്റെയും ഫലമായുണ്ടായ ക്രമസമാധാനത്തകർച്ചയുടെ ഉത്തരവാദിത്വം എന്റെമേൽ ആരോപിക്കുന്നത് സത്യത്തിനും നീതിക്കും നിരക്കാത്തതാണെന്ന് വിനീതമായി ബോധിപ്പിക്കുന്നു.
ഞാനൊരു ഈശ്വരവിശ്വാസിയും കത്തോലിക്കാസഭാംഗവുമാണ്. അന്യമതങ്ങളെയും വിശ്വാസങ്ങളെയും സമഭാവനയോടെ കാണുകയും ആദരിക്കുകയും ചെയ്യുന്ന മനോഭാവമാണ് എനിക്കുള്ളത്. എല്ലാ മതങ്ങളുടെയും അന്തസത്തയും ലക്ഷ്യവും ഒന്നാണെന്ന സന്ദേശമാണ്

ഞാനെന്റെ വിദ്യാർത്ഥികൾക്ക് അദ്ധ്യാപകനെന്ന നിലയിൽ ഏക്കാലവും പകർന്നുകൊടുത്തിട്ടുള്ളത്. മൂല്യബോധനക്ലാസ്സുകൾക്കായി ഞാൻ തയാറാക്കി നല്കിയിട്ടുള്ള ലേഖനങ്ങൾ ഇതിനുദാഹരണങ്ങളാണ്.

യേശുക്രിസ്തുവിനെയും മുഹമ്മദ് നബിയെയും സ്നേഹത്തിന്റെയും അഹിംസയുടെയും മഹനീയ മാതൃകകളായി പ്രസ്തുത ലേഖനങ്ങളിൽ ഞാൻ ആവിഷ്കരിച്ചിട്ടുണ്ട്.

11-ാം നമ്പർ ചോദ്യത്തിലൂടെ വിദ്യാർത്ഥികളുടെ സാഹിത്യപരവും ഭാഷാപരവുമായ വികാസം മാത്രമാണ് ഞാൻ ലക്ഷ്യമാക്കിയിരുന്നത്. മതനിന്ദ പ്രചരിപ്പിക്കുകയോ മതസ്പർധ ഉളവാക്കുകയോ ചെയ്യുക ഒരിക്കലും എന്റെ ലക്ഷ്യമായിരുന്നില്ല. മഹനീയമായ അദ്ധ്യാപകവൃത്തിയെ നാളിതുവരെ ഞാൻ ദുരുപയോഗം ചെയ്തിട്ടില്ലാത്തതുമാകുന്നു.

ദുഷ്ടലാക്കോടുകൂടി ചില ബാഹ്യശക്തികൾ ടി ചോദ്യപേപ്പറിലെ 11-ാം നമ്പർ ചോദ്യത്തെ ദുർവ്യാഖ്യാനം ചെയ്ത് കലാപത്തിനൊരുമ്പെട്ടതിന്റെ ഫലമായി ന്യൂമാൻ കോളജിലെ കുട്ടികൾക്കും അവരുടെ രക്ഷിതാക്കൾക്കും എന്റെ സഹപ്രവർത്തകർക്കും മേലധികാരികൾക്കും പൊതുജനങ്ങൾക്കും വളരെ ദുരിതങ്ങൾ ഉണ്ടാകാൻ ഇടയായിട്ടുള്ളതിൽ എനിക്ക് വളരെയേറെ ദുഃഖമുണ്ട്.

വൈജ്ഞാനികമേന്മ, ആത്മീയവികാസം, സാമൂഹികപ്രതിബദ്ധത എന്നീ ലക്ഷ്യങ്ങളോടെ സ്ഥാപിതമായ തൊടുപുഴ ന്യൂമാൻ കോളജ് പതിറ്റാണ്ടുകളായി തുടർന്നുപോരുന്ന സേവനമഹിമയാൽ വിദ്യാഭ്യാസമേഖലയിലെ കീർത്തി സ്തംഭമായി വിരാജിക്കുന്ന ഒരു മഹനീയസ്ഥാപനമാണ്. ജാതിമതഭേദമില്ലാതെ സാമൂഹികനന്മയെ ലക്ഷ്യംവെച്ച് പ്രവർത്തിക്കുന്ന ടി കോളജിന്റെ സൽപ്പേര് കലാപകാരികളായ ഒരു വിഭാഗത്തിന്റെ ക്ഷണഭംഗുരമായ ഭർത്സനത്തിന്റെ പേരിൽ തകർന്നുപോകുന്നതല്ലെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

ചോദ്യപേപ്പർ വിവാദത്തിന്റെ പേരിൽ കോളജ്മാനേജ്മെന്റിന് ഉത്കണ്ഠയും മനക്ഷോഭവുമുണ്ടായിട്ടുള്ളതിൽ ഞാൻ നിർവ്യാജം ഖേദിക്കുന്നു. ന്യൂമാൻ കോളജും കോളജ് മാനേജ്മെന്റും ഉയർത്തിപ്പിടിക്കുന്ന മൂല്യങ്ങൾക്ക് എതിരായും പൊതുതാത്പര്യങ്ങൾക്ക് വിരുദ്ധമായും നാളിതുവരെ ഞാൻ ചിന്തിക്കുകയോ പ്രവർത്തിക്കുകയോ ചെയ്തിട്ടില്ലാത്തതുമാകുന്നു.

## ഭയപ്പാടിന്റെ പുതിയ സൂചകങ്ങൾ

05-05-2010-ൽ 'മെമ്മോ ഓഫ് ചാർജ്'സിന്റെ മറുപടിയുമായി ഞാൻ ബിഷപ്സ് ഹൗസിൽ ചെന്നു. എന്നെ കണ്ടയുടനെ മാനേജരച്ചൻ പാർലറിലേക്കു വന്നു. അച്ചൻ ഇരുന്നതിനുശേഷം എന്നോടും ഇരിക്കാൻ പറഞ്ഞു.

മുസ്‌ലിം സംഘടനകളിൽപെട്ട ആളുകളിൽനിന്ന് ധാരാളമായി ഫോൺകോളുകൾ തനിക്കു വരുന്നുണ്ടെന്നു പറഞ്ഞുകൊണ്ടാണ് അദ്ദേഹം സംഭാഷണമാരംഭിച്ചത്. സഭയ്ക്കും മാനേജ്മെന്റിനും സാറിനോടുള്ള നിലപാട് എന്താണെന്ന് അവർക്കറിയണം. സാറിനെതിരെ എന്തു നടപടി എടുക്കുമെന്നാണ് അവർ ചോദിക്കുന്നത്. നിയമാനുസൃതമായ നടപടി സ്വീകരിക്കുമെന്ന് താൻ അവരോട് പറയുകയും ചെയ്തുവത്രെ.

മെമ്മോയുടെ മറുപടി ഞാൻ അദ്ദേഹത്തെ ഏല്പിച്ചു. അതു വാങ്ങിയിട്ട് അദ്ദേഹം നിസ്സംഗഭാവത്തിൽ പറഞ്ഞു.

''സാറിന്റെ മറുപടി ഞങ്ങൾ പരിശോധിക്കട്ടെ. അതിനുശേഷം കാര്യങ്ങൾ അറിയിക്കാം.''

ബിഷപ്സ്ഹൗസിൽനിന്നു മടങ്ങുമ്പോൾ മാനേജരച്ചന്റെ വാക്കുകൾ ഭയാശങ്കകളായി എന്നെ പിന്തുടർന്നു. എന്റെ കാര്യത്തിൽ മാനേജ്മെന്റ് എന്തു നടപടി സ്വീകരിക്കുമെന്നുള്ളതായിരുന്നില്ല എന്റെ ഉത്കണ്ഠ.

എന്തിനാണ് മാനേജ്മെന്റിനും സഭയ്ക്കും എന്നോടുള്ള നിലപാടറിയാൻ മുസ്‌ലിം സംഘടനകൾ തത്രപ്പെടുന്നത്? മുസ്‌ലിം സംഘടനകൾ എന്ന് മാനേജരച്ചൻ പറഞ്ഞത് തീവ്രവാദസ്വഭാവമുള്ള സംഘടനകൾ ആയിരിക്കുമോ? തങ്ങൾ നിയമാനുസൃത നടപടി എടുക്കുമെന്ന് അച്ചൻ അവരോട് പറയുന്നത് എന്നെ തള്ളിപ്പറയുന്നതിന് തുല്യമല്ലേ? അങ്ങനെയെങ്കിൽ എന്നെ ആക്രമിക്കാനുള്ള ഒരു ലൈസൻസായി അവരതിനെ കണക്കാക്കുമോ?

ഇത്തരത്തിലൊക്കെ ആശങ്കപ്പെടാൻ വേറേയും കാരണങ്ങളുണ്ടായിരുന്നു. ഇസ്‌ലാംമതത്തിലെ തീവ്രഭക്തന്മാർ ഉപദ്രവിച്ചേക്കുമോ എന്ന ഭയം ജയിലിൽനിന്ന് ഇറങ്ങിയതുമുതൽ ഉണ്ടായിരുന്നതാണ്. മുരിക്കാ ശ്ശേരിയിലുള്ള ഭാര്യാവീട്ടിൽ കുറച്ചുദിവസം തങ്ങിയതും അതുകൊണ്ടാണ്. ഭയപ്പാടോടെയാണ് മൂവാറ്റുപുഴയിൽ തിരിച്ചെത്തിയതെങ്കിലും മാനേജ്മെന്റിന്റെ സസ്പെൻഷനും കുറ്റാരോപണപത്രികയും (memo of charges) മനസ്സിൽ ഒരു ആധിയായി വർത്തിച്ചിരുന്നതിനാൽ ഇസ്‌ലാംമത തീവ്രഭക്തരുടെ ആക്രമണഭയത്തിന് വേണ്ടത്ര ഇടം കിട്ടിയിരുന്നില്ല. ''അവനെ ഭൂമിക്കു മുകളിൽ വെച്ചേക്കത്തില്ല;'' ''അവന്റെ കാലും കൈയും ഞങ്ങൾ വെട്ടും'' എന്നൊക്കെ ചില മുസ്‌ലിം സഹോദരങ്ങൾ പറഞ്ഞുകേട്ടതായി എന്റെ സുഹൃത്തുക്കൾ അറിയിച്ചെങ്കിലും

അതൊക്കെ അവരുടെ താത്കാലികമായ ഒരു വികാരവായ്പായായിട്ടു കരുതി സമാധാനിച്ചിരിക്കുമ്പോഴാണ് മാനേജരച്ചന്റെ വാക്കുകൾ ഭയപ്പാടിന്റെ പുതിയ സൂചകങ്ങളാകുന്നത്.

മൂവാറ്റുപുഴ വീട്ടിൽ തിരിച്ചെത്തിയശേഷം രണ്ടുതവണ ബിഷപ്സ് ഹൗസിൽപോയതല്ലാതെ ഞാൻ വീടിനു പുറത്തിറങ്ങിയിരുന്നില്ല. സുഹൃത്തുക്കളെയും മറ്റും വീട്ടിലേക്ക് വിളിച്ചുവരുത്തിയാണ് ഞാൻ കണ്ടിരുന്നത്.

ബിഷപ്സ് ഹൗസിൽ പോയി വന്നതിന്റെ പിറ്റേന്ന് (06-05-2010) കുറച്ചുപണം കടമായി വാങ്ങാൻ സുഹൃത്തായ പ്രൊഫ. റ്റി.എ. ജോയിയുടെ വീട്ടിൽ ഞാൻ പോയി. വൈകുന്നേരം അഞ്ചുമണി സമയത്താണ്. എന്റെ സഹോദരീഭർത്താവ് ബേബിയും ഒപ്പമുണ്ടായിരുന്നു. ആ ധൈര്യത്തിലാണ് പോയതുതന്നെ. ന്യൂസിലാൻഡിൽനിന്നും അവധിക്ക് വീട്ടിലെത്തിയ എന്റെ മൂത്തചേച്ചി സിസ്റ്റർ മാരിസ്റ്റെല്ലയെ കൂടാതെ എന്റെ ഭാര്യയും അമ്മയും മാത്രമാണ് അപ്പോൾ വീട്ടിലുണ്ടായിരുന്നത്.

ഞങ്ങൾ പോയി ഏകദേശം അരമണിക്കൂർ കഴിഞ്ഞപ്പോൾ അപരിചിതരായ ആറുപേർ വീട്ടിലെത്തി. തോൾ സഞ്ചികൾ ധരിച്ചെത്തിയ അവർ ഏതോ കോളജിന്റെ പേരുപറഞ്ഞിട്ട് ഞങ്ങൾ ആ കോളജിലെ വിദ്യാർത്ഥികളാണെന്നും തങ്ങളുടെ കോളജ് മാഗസിനിലേക്ക് ജോസഫ് സാറിനെക്കൊണ്ട് ഓർമക്കുറിപ്പുകൾ എഴുതിക്കാൻവേണ്ടി വന്നതാണെന്നും പറഞ്ഞു. എന്റെ ചേച്ചി സിസ്റ്റർ മാരിസ്റ്റെല്ല അവർ പറഞ്ഞത് സത്യമാണെന്നു വിചാരിച്ച് ഞാൻ പുറത്തുപോയിരിക്കുകയാണെന്നും വൈകാതെ തിരിച്ചെത്തുമെന്നും പറഞ്ഞ് കയറിയിരിക്കാൻ അവരെ ക്ഷണിച്ചു. എന്നാൽ വീടിനുള്ളിൽ പ്രവേശിക്കാൻ കൂട്ടാക്കാതെ തങ്ങൾ പുറത്തുവെച്ച് കണ്ടോളാമെന്നും പറഞ്ഞ് അവർ പോയി.

വീട്ടിലെത്തി വിവരമറിഞ്ഞ എനിക്ക് മുന്നറിയിപ്പില്ലാതെ തോൾസഞ്ചിയും തൂക്കിയുള്ള അവരുടെ വരവിൽ ഒരു പന്തികേടുണ്ടെന്നു തോന്നി. വീട്ടുകാരെ ഭയപ്പെടുത്തേണ്ടെന്നു കരുതി എന്റെ തോന്നലിനെപ്പറ്റി ഞാൻ ആരോടും പറഞ്ഞതുമില്ല. 'ഓർമ്മക്കുറിപ്പുകൾ' വാങ്ങാൻ വന്നവർ പിന്നീടു വരികയോ ഫോണിൽ ബന്ധപ്പെടുകയോ ചെയ്യാതെ വന്നപ്പോൾ എന്റെ സംശയം ഏറിവന്നു.

പിന്നീട് 17-05-2010 ന് വൈകിട്ട് അഞ്ചുമണി സമയം. ഞാനും എന്റെ രണ്ടാമത്തെ സഹോദരി മേരിയുടെ മകൻ ജോബിയും അവന്റെ ഭാര്യ പ്രഭയുമാണ് അപ്പോൾ വീട്ടിലുണ്ടായിരുന്നത്. ഭാര്യ സലോമി വീടിടുത്തുള്ള റോഡിൽ നടക്കാൻ പോയതായിരുന്നു.

കോളിങ് ബെൽ കേട്ട് വാതിൽ തുറന്നത് ജോബിയായിരുന്നു. സാറിനെ കാണാൻ വന്നതാണെന്ന് അവരിലൊരാൾ പറയുന്നതുകേട്ട് ഞാനും സിറ്റൗട്ടിലേക്കു വന്ന് ജോബിയുടെ പുറകിലായി നിന്നു.

അവർ അഞ്ചുപേരുണ്ടായിരുന്നു. കോളിങ് ബെല്ലിന്റെ സ്വിച്ചിനടുത്തു നിന്നിരുന്ന ആളുടെ വേഷം പൈജാമയും കുർത്തയുമായിരുന്നു. ബാക്കിയുള്ളവരെല്ലാം പാന്റ്സും ഷർട്ടുമാണ് ധരിച്ചിരിക്കുന്നത്. തോൾ സഞ്ചി എല്ലാവർക്കുമുണ്ട്. രണ്ടുപേരുടെ തലയിൽ തൊപ്പിയുണ്ട്.

മൂന്നുപേർ അല്പം വലതു വശത്തേക്കു മാറി കാർപോർച്ചിനടുത്താണ് നിലയുറപ്പിച്ചിരിക്കുന്നത്.

'എന്താണ്?' എന്ന അർത്ഥത്തിലുള്ള എന്റെ നോട്ടത്തിന് മറുപടിയായി കുർത്തയും പൈജാമയും ധരിച്ചുനിന്ന ആൾ അടുത്തുനിന്ന കുറ്റിത്താടിക്കാരന്റെ നേരേ കൈനീട്ടിയിട്ട് ഇപ്രകാരം പറഞ്ഞു:

''ഇയ്യാളുടെ മകൾ കിഡ്നിയുടെ അസുഖം മൂലം ചികിത്സയിലാണ്. അതിനുവേണ്ടി സഹായം ചോദിക്കാൻ വന്നതാ...''

അസുഖക്കാരിയുടെ പിതാവായി നിന്ന ആളുടെ മുഖത്ത് ദൈന്യഭാവമല്ല, മറിച്ച് ക്രൗര്യവും നിസ്സംഗതയുമാണ് എനിക്ക് കാണാൻ കഴിഞ്ഞത്. അതോടൊപ്പം പണ്ടെന്നോ ഞാൻ പഠിപ്പിച്ചുവിട്ട ഒരു വിദ്യാർത്ഥിയുടെ മുഖസാമ്യം അയാളിൽ ഞാൻ ദർശിച്ചു.

'തന്നെ എനിക്ക് അറിയാമല്ലോ' എന്ന് ഞാൻ പറഞ്ഞതുകേട്ട് അയാൾ ചെറുതായൊന്ന് പകച്ചതുപോലെ തോന്നി.

ഞാൻ പെട്ടെന്ന് അഞ്ചുപേരെയും ഒരുപോലെ കാണാവുന്ന മട്ടിൽ ഫ്രണ്ട്ഡോറിനടുത്തേക്ക് പിൻവാങ്ങിനിന്നു.

''തോമസ് സാർ ഒരു കത്തു തന്നുവിട്ടിട്ടുണ്ട്.''

എന്നു പറഞ്ഞുകൊണ്ട് കുർത്തക്കാരൻ ഒരു കവർ ജോബിയെ ഏല്പിച്ചു.

''ഏത് തോമസ് സാർ?''

ജോബിയുടെ കൈയിൽനിന്ന് കത്തുവാങ്ങിക്കൊണ്ട് ഞാൻ ആരാഞ്ഞു.

''വഴക്കുളത്തു പൈനാപ്പിൾ കച്ചവടം നടത്തുന്ന തോമസ് സാർ.''

കത്തു തന്ന ആൾ മറുപടി പറഞ്ഞു.

അതുകേട്ടപ്പോൾ വലുതായ അപകടസൂചന എന്നിലുണർന്നു. കാരണം, അങ്ങനെയൊരു തോമസ് സാർ എന്റെ പരിചയത്തിലില്ലായിരുന്നു.

രണ്ടു ചുവട് പിന്നോക്കം വെച്ച് ഞാൻ മുറിക്കുള്ളിലേക്ക് വാങ്ങിനിന്നു. അതോടൊപ്പം കവറിലെഴുതിയ അഡ്രസ്സിലേക്ക് ഒന്നു പാളിനോക്കി.

'പ്രൊഫസർ ജോസഫ് മൂവാറ്റുപുഴ' എന്നു മാത്രമാണ് അതിൽ എഴുതിയിരിക്കുന്നത്.

സംശയജന്യമായ ഭയം എന്റെ മനസ്സിനെയും ശരീരത്തെയും ഒരു പോലെ വിറപ്പിച്ചു. എന്നെ അപായപ്പെടുത്താനുള്ള എന്തോ ഒന്നാണ് ആ കവറിനുള്ളിലുള്ളതെന്ന തോന്നലിൽ അതു തുറക്കാനുള്ള ധൈര്യം എനിക്കുണ്ടായില്ല. ഏതു നിമിഷവും പൊട്ടിത്തെറിക്കാവുന്ന ബോംബായി അതെന്നെ വല്ലാതെ ഭയപ്പെടുത്തി. ഇവിടെ പിരിവൊന്നും തരാനില്ലെന്നു പറഞ്ഞ്

കത്തു തിരിച്ചുകൊടുക്കാൻ എന്റെ മുമ്പിൽ നിന്നിരുന്ന ജോബിയോട് ഞാൻ ആവശ്യപ്പെട്ടു. കത്ത് അവനെ ഏല്പിച്ച ഉടനെ ഞാൻ വാതിൽ അടച്ച് കുറ്റിയിട്ടു.

കാര്യമെന്താണെന്നു മനസ്സിലായില്ലെങ്കിലും അവൻ ഞാൻ പറഞ്ഞതുപോലെ ചെയ്തു. കത്തു തിരിച്ചുവാങ്ങുന്ന അവരുടെ മുഖഭാവം എന്തെന്നറിയാൻ ജനൽവിരികൾക്കിടയിലൂടെ ഞാൻ നോക്കി. നിസ്സംഗതയോടെ ഗേറ്റ് കടന്ന് അവർ പോകുന്നതാണ് ഞാൻ കണ്ടത്.

വീടിനെ ചുറ്റിപ്പോകുന്ന ചെറുറോഡിൽ നടക്കാനിറങ്ങിയ ഭാര്യ സലോമി തിരിച്ചെത്തിയപ്പോഴാണ് 'പിരിവുകാരെ'ക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അറിയുന്നത്. മുഖം അല്പംപോലും തിരിച്ചറിയാത്ത തരത്തി ലുള്ള ഹെൽമറ്റുകൾ വെച്ച് ബൈക്കുകളിൽ ചീറിപ്പാഞ്ഞെത്തിയ അവരെ സലോമി ശ്രദ്ധിച്ചിരുന്നു. വീടിനു സമീപമുള്ള കവലയിൽ ബൈക്കുകൾ നിർത്തി ഹെൽമറ്റുകൾ ഊരിവെച്ചിട്ടാണ് അഞ്ചുപേർ വീട്ടിലേക്കു നടന്നുവന്നത്. ആറാമൻ ബൈക്കുകൾക്കരികിൽ നില്ക്കുന്നുമുണ്ടായിരുന്നു. ആഗതർ ഗേറ്റു കടക്കുന്നതും മുറ്റത്തു സംസാരിച്ചുനിന്നതും മടങ്ങിപ്പോകുന്നതുമെല്ലാം കണ്ട സലോമിയുടെ വിവരണം കൂടിയായപ്പോൾ പിരിവിനല്ല, എന്നെ ആക്രമിക്കാൻതന്നെയാണ് അവർ എത്തിയതെന്ന് എനിക്ക് തീർച്ചയായി. ആക്രമണകാരികളിൽനിന്ന് എങ്ങനെയോ രക്ഷപെട്ടവന്റെ വിഹ്വലതയോടെ അയൽക്കാരനായ റിട്ടയേർഡ് കോളജ് പ്രിൻസിപ്പൽ എം.സി. ജോസഫ് സാറിനെ ഫോണിൽ വിളിച്ച് വിവരമറിയിച്ചു. ഉടൻതന്നെ വീടുവിട്ട് എങ്ങോട്ടെങ്കിലും മാറിത്താമസിക്കാനാണ് അദ്ദേഹം നിർദ്ദേശിച്ചത്. ഈ സന്ധ്യാസമയത്ത് വയസ്സായ അമ്മയുൾപ്പെടുന്ന കുടുംബാംഗങ്ങളെയുംകൂട്ടി പെട്ടെന്ന് എവിടെപ്പോകാനാണ്? നവദമ്പതികളായ ജോബിയും പ്രഭയും വിവാഹശേഷം അമ്മാവന്റെ വീട്ടിൽ വിരുന്നുവന്നതുമാണ്. എനിക്കാകെ ആധിയായി. മൂവാറ്റുപുഴയിൽതന്നെ താമസക്കാരനായ ഒരു സുഹൃത്തിനെ വിളിച്ച് കാര്യം പറഞ്ഞപ്പോൾ എന്നെയും കുടുംബത്തെയും അദ്ദേഹത്തിന്റെ വീട്ടിലേക്ക് സസ്നേഹം സ്വാഗതം ചെയ്തു. അത്താഴത്തിനു ശേഷമേ തങ്ങൾ വരികയുള്ളൂവെന്ന് സുഹൃത്തിനെ അറിയിച്ചതിനുശേഷം കുടുംബാംഗങ്ങളോടെല്ലാം പെട്ടെന്നു റെഡിയായിക്കൊള്ളാൻ ഞാൻ പറഞ്ഞു. പോലീസിൽ വിവരമറിയിക്കണമെന്ന ഒരു ചിന്ത എനിക്ക് പെട്ടെന്നുണ്ടായി. ചോദ്യപേപ്പർ വിവാദത്തെക്കുറിച്ച് അന്വേഷിക്കുന്ന ഡിവൈഎസ്പി കുര്യക്കോസ് സാറിന്റെ ഫോൺ നമ്പർ എനിക്കറിയാമായിരുന്നു. ഞാൻ അദ്ദേഹത്തെ വിളിച്ച് എന്റെ ഭയാശങ്കകൾ വിവരിച്ചു. 'ഒരാവശ്യം വന്നാൽ ഞങ്ങളൊക്കെയേ ഉള്ളുവെന്ന ഓർമ്മവേണം' എന്ന് പരിഭവം പറയാൻ അദ്ദേഹം മറന്നില്ലെങ്കിലും അദ്ദേഹത്തിന്റെ അറിയിപ്പിനെത്തുടർന്ന് ഏതാണ്ട് എട്ടുമണിയോടെ മൂവാറ്റുപുഴ സ്റ്റേഷനിൽനിന്ന് എസ്ഐ ഉൾപ്പെടുന്ന പോലീസ്

സംഘം വീട്ടിലെത്തി. അവർ വിവരങ്ങൾ ആരായുകയും സർക്കിൾ ഇൻസ്പെക്ടറോട് ഫോണിൽ സംസാരിക്കാനുള്ള അവസരമുണ്ടാക്കിത്തരികയും ചെയ്തു. ഭയപ്പെടേണ്ടതില്ലെന്നും രാത്രി പട്രോളിങ്ങിന് പോലീസുകാരുണ്ടാകുമെന്നും സർക്കിൾ ഇൻസ്പെക്ടർ എന്നെ ആശ്വസിപ്പിച്ചു. ഞങ്ങൾ എങ്ങോട്ടെങ്കിലും മാറിത്താമസിക്കണമോയെന്ന് പോലീസുകാരോട് ആരാഞ്ഞു. ഓരോരുത്തരുടെയും അഭയസ്ഥാനം സ്വന്തം വീടാണെന്നു പറഞ്ഞിട്ട് വീടുവിട്ട് എവിടെപ്പോയി ഒളിച്ചാലാണ് രക്ഷകിട്ടുകയെന്ന് അവർ എന്നോടു ചോദിച്ചു. ഏതൊരാൾക്കും മരണം ഒരിക്കലേ സംഭവിക്കുകയുള്ളുവെന്ന് പറഞ്ഞ് എന്റെപേടി അകറ്റാൻ ശ്രമിച്ചിട്ട് പോലീസ് സംഘം തിരിച്ചുപോയി. അവരുടെ വാക്കുകൾ എന്റെ ആത്മഗതത്തിന്റെ മറ്റൊലിയാണെന്ന് എനിക്കുതോന്നി. ഉടൻതന്നെ സുഹൃത്തിനെ ഫോണിൽ വിളിച്ച് ഞങ്ങൾ അങ്ങോട്ടുവരുന്നില്ലെന്ന് അറിയിക്കുകയും വീട്ടിലേക്ക് സ്വാഗതമരുളിയ നല്ല മനസ്സിന് നന്ദിപറയുകയും ചെയ്തു.

ആപത്തുകൾ ഒഴിഞ്ഞുപോകാൻ വേളാങ്കണ്ണിക്ക് ഒരു തീർത്ഥയാത്ര പോകുന്നത് നല്ലതാണെന്ന് അഭിപ്രായപ്പെട്ടത് എന്റെ ചേച്ചി സിസ്റ്റർ മാരിസ്റ്റെല്ലയാണ്. കുടുംബസമേതം ഒരു വേളാങ്കണ്ണി യാത്ര ഞാനും കുറേക്കാലമായി ആലോചിച്ചിരുന്നതാണ്. ഓരോരോ കാരണങ്ങളാൽ ഇതുവരെ നടന്നില്ലെന്നു മാത്രം. അതുകൊണ്ട് അധികമൊന്നും ആലോചിക്കാതെ ആ യാത്ര തീരുമാനിക്കപ്പെട്ടു. വെള്ളിയാഴ്ച വൈകുന്നേരം പുറപ്പെട്ട് ഞായറാഴ്ച രാവിലെ തിരിച്ചെത്തുന്ന ടൂറിസ്റ്റ് ബസ്സുകൾ മൂവാറ്റുപുഴയിൽനിന്ന് വേളാങ്കണ്ണിക്ക് സർവ്വീസ് നടത്തുന്നുണ്ട്. അങ്ങനെ ഒരു ബസ്സിൽ മേയ് മാസം 28-നു പോകാൻ ഏഴു സീറ്റുകൾ ബുക്കുചെയ്ത് ഒരുക്കങ്ങൾ ആരംഭിച്ചു.

മേയ് 28-ന് മറ്റൊരു പ്രത്യേകത കൂടിയുണ്ടായിരുന്നു. എന്റെ അമ്മ ഏലിക്കുട്ടിയുടെയും മകൾ ആമിയുടെയും ജന്മദിനമാണന്ന്. ഹൈറേഞ്ചിൽ താമസിക്കുന്ന മേരിപ്പെങ്ങൾ തലേന്നുതന്നെ എത്തി. തൊടുപുഴയിൽ നേഴ്സിങ്ങിനു പഠിക്കുന്ന ആമിക്ക് ഉച്ചയ്ക്കുശേഷമേ ലീവ് അനുവദിച്ചിരുന്നുള്ളു. അവളെ കൂട്ടിക്കൊണ്ടുവരുന്നതിനുവേണ്ടി പോയത് മകൻ മിഥുനും സിസ്റ്റർ മാരിസ്റ്റെല്ലയുമാണ്. ഏകദേശം രണ്ടുരണ്ടരമണിയോ ടെയാണ് അവർ വീട്ടിലെത്തിയത്. പെട്ടെന്ന് ഊണുകഴിച്ച് റെഡിയാവാൻ ഞാൻ അവരോടു പറഞ്ഞു. അവർ ഭക്ഷണം കഴിച്ചുകൊണ്ടിരുന്നപ്പോൾ അയൽവാസിയായ എം.സി. ജോസഫ് സാറിന്റെ വീട്ടിലേക്ക് ഞാൻ പോയി. എന്റെ വീടിന്റെ പിൻഭാഗത്താണ് ആ വീടെങ്കിലും മുൻവശത്തെ ഗേറ്റുകടന്ന് വലതുഭാഗത്തുകൂടിയാണ് അങ്ങോട്ടുള്ള വഴി. വീടു പൂട്ടി എങ്ങോട്ടെങ്കിലും യാത്ര പോകുമ്പോൾ ഞങ്ങളുടെ കാർ ആ വീട്ടുമുറ്റത്താണ് പതിവായി ഇടാറുള്ളത്. യാത്രയുടെയും കാറിന്റെയും കാര്യം പറയാനാണ് ഞാൻ

അവിടേക്കു പോയത്. ആരോടും മിണ്ടാതെയാണു പോയതെങ്കിലും അടുക്കളയുടെ ജനാലയിൽകൂടി സലോമി ഞാൻ പോകുന്നതു കണ്ടിരുന്നു.

ഞാൻ വീട്ടിൽനിന്നിറങ്ങി അരമിനിട്ടായി കാണുകയേയുള്ളൂ. കോളിങ് ബെല്ലിൽ ആരോ വിരലമർത്തി. മുൻവാതിൽ തുറന്നുകിടക്കുകയായിരുന്നു. ഭക്ഷണം കഴിച്ചുകൊണ്ടിരുന്ന മിഥുനാണ് ആരാണെന്നു നോക്കാൻ സിറ്റൗട്ടിലേക്കു ചെന്നത്. കാഴ്ചയിൽ ഉദ്യോഗസ്ഥരാണെന്നു തോന്നിക്കുന്നവരും തോൾബാഗ് ധരിച്ചവരുമായ രണ്ടാളുകളെയാണ് അവൻ കണ്ടത്. തങ്ങൾ എച്ച്.ഡി.എഫ്.സിയിൽ നിന്ന് വന്നവരാണെന്നും സാറിനെ കാണണമെന്നും അവർ അവനോട് പറഞ്ഞു. അച്ഛൻ പുറത്തു പോയിരിക്കുകയാണെന്ന് അമ്മ പറഞ്ഞതിൻപടി അവൻ അവരോടു പറഞ്ഞത് അവർക്ക് വിശ്വാസമായില്ല. തന്റെ പേര് അജിത്ത് എന്നാണെന്നും സാറു പറഞ്ഞിട്ടുവന്നതാണെന്നും അവരിലൊരാൾ തറപ്പിച്ചു പറഞ്ഞു. 'നോക്കട്ടെ' എന്ന് അവരോടു പറഞ്ഞിട്ട് അവൻ അകത്തേക്കുവന്ന് പിൻവാതിലിലൂടെ പുറത്തിറങ്ങി മതിലിനടുത്തുവന്ന് എന്നെ വിളിച്ചു. അയൽവീടിന്റെ മുറ്റത്ത് അപ്പോൾ ഞാൻ എത്തിയതേയുള്ളൂ. അവൻ കാര്യം പറഞ്ഞപ്പോൾ പെട്ടെന്നെനിക്ക് അപകടം മണത്തു. അങ്ങനെ ഞാനാരോടും പറഞ്ഞിട്ടില്ലെന്നും മറ്റും തർക്കിച്ചുനിൽക്കെ മറ്റെന്തോ സംഭവിച്ചമാതിരി അവൻ വീട്ടിലേക്ക് തിരിച്ചോടി.

മിഥുൻ പുറത്തേക്കിറങ്ങിയ ഉടനെ ചേച്ചി സിസ്റ്റർ മാരിസ്റ്റെല്ല കാണുന്നത് മുൻവാതിലിന്റെ കട്ടിളയിൽ പിടിച്ചുകൊണ്ട് ഓട്ടമത്സരത്തിന്റെ സ്റ്റാർട്ടിങ് പോയിന്റിലെന്നവണ്ണം ഒരാൾ സിറ്റൗട്ടിൽ നില്ക്കുന്നതാണ്. അയാളുടെ പുറകിൽ മറ്റൊരാളും. മുന്നിൽ നിന്നയാൾ ഒറ്റക്കുതിപ്പിന് വീട്ടിനുള്ളിലേക്കു വന്നു. ഒരു മര്യാദയുമില്ലാതെ വീടിനുള്ളിൽ അതിക്രമിച്ചുകടക്കുന്നതെന്തിനെന്ന സിസ്റ്ററുടെ ചോദ്യത്തിന് ഞങ്ങൾ പോലീസാണെന്ന് അയാൾ മറുപടി പറഞ്ഞു. പോലീസാണെങ്കിൽ യൂണിഫോം ഉണ്ടാകുമല്ലോ എന്ന സിസ്റ്ററിന്റെ വാദത്തിന് ഞങ്ങൾ സ്പെഷൽ ബ്രാഞ്ച് ആണെന്നായിരുന്നു അയാളുടെ ഉത്തരം. ഇതിനോടകം എല്ലാ മുറികളിലും അയാൾ കയറിനോക്കിയിരുന്നു. പിന്നീടയാൾ അടുക്കളയിലൂടെ വന്ന് മിഥുൻപോയ വാതിലിലൂടെ മുറ്റത്തേക്കിറങ്ങി. രണ്ടാമനാകട്ടെ ചാട്ടുളി പോലെ വീടിനുള്ളിൽ പ്രവേശിക്കുകയും പിൻവാതിലിലൂടെ ഒന്നാമനെ അനുഗമിക്കുകയും ചെയ്തു.

അന്ധാളിച്ചുപോയ സ്ത്രീകൾ പെട്ടെന്ന് മുൻവാതിലിലൂടെ പുറത്തു കടന്നു. പോർച്ചിലെ തൂണിനടുത്ത് അതാ മൂന്നാമതൊരാൾ. ക്രൗര്യത്തിന്റെ സമുദ്രത്തെ ആവാഹിച്ച അയാളുടെ മുഖം സ്ത്രീകളെക്കണ്ട് അല്പമൊന്നു കോടുകയും പ്രത്യേകതരത്തിലുള്ള ഒരു മൂളൽ പുറപ്പെടുവിക്കുകയും ചെയ്തു. അയാളോട് എന്തെങ്കിലും ചോദിക്കാനുള്ള ധൈര്യം അവർക്ക് കൈവന്നതുമില്ല.

വീടിനുള്ളിൽ കടന്നുനോക്കി പിൻവാതിലിൽക്കൂടി പുറത്തേക്കു പോയവർ പിൻവശത്ത് എന്നെ പരതിയെങ്കിലും കണ്ടില്ല. മതിലിനരികിൽ അയൽവീട്ടിലേക്കുനോക്കി സംസാരിക്കുന്ന മിഥുനെ അവർ കാണുകയും ചെയ്തു. തങ്ങൾ വന്ന വിവരം അയൽവീട്ടിലുള്ളവരെ മിഥുൻ അറിയിക്കുകയാണെന്നു ധരിച്ചിട്ടാവണം അവർ വീടിന്റെ ഇടതുവശത്തുകൂടി പെട്ടെന്നു മുൻവശത്തേക്കു വന്നു. പോർച്ചിൽ നിന്നയാളും അവരോടൊപ്പം റോഡിലേക്കിറങ്ങി. ഗേറ്റിനു സമീപം റോഡിൽ മൂന്നാളുകൾ വേറെയും നില്ക്കുന്നുണ്ടായിരുന്നു. അവരുടെ പിന്നാലെ സലോമി ഓടുന്നതുകണ്ട് ഹൈറേഞ്ചുകാരിയായ പെങ്ങളും പിറകേ ഓടി. തങ്ങളുടെ പിന്നാലെ സ്ത്രീകൾ വരുന്നതുകണ്ട് അവരും ഓട്ടമാരംഭിച്ചു. ഏതാണ്ട് അവരുടെ ഒപ്പമെത്തിയ സലോമി, വന്നകാര്യം പറയാതെ പോകുന്നതെന്താണെന്നു ചോദിച്ചപ്പോൾ അവരിലൊരാൾ തിരിഞ്ഞ് 'മിണ്ടിപ്പോകരുത്' എന്ന് ആംഗ്യഭാഷയിൽ താക്കീതു നല്കി.

സമീപത്തുള്ള കവലയിൽ വെച്ചിരുന്ന രണ്ടു ബൈക്കുകളിലായി അവർ ഉടനടി സ്ഥലം വിട്ടെങ്കിലും അവസാനം പോയ ബൈക്കിന്റെ നമ്പർ സലോമി നോക്കിവെച്ചിരുന്നു. അതിനുവേണ്ടിയാണ് അവൾ അവരുടെ പിന്നാലെ ഓടിയത്.

എച്ച്ഡിഎഫ്സിയിൽനിന്നു വന്നവർ അടുക്കളവാതിലിലൂടെ പുറത്തേക്കു ചാടുന്നതു കണ്ടപ്പോഴാണ് മിഥുന് കാര്യം പിടികിട്ടിയത്. എന്നോടുള്ള സംസാരം നിർത്തി അവൻ വീട്ടിലേക്കോടിയത് അപ്പോഴാണ്. രണ്ടാളുകൾ ഓടി മാറുന്നത് ഞാനും കണ്ടു. അവർ തിരയുന്നത് എന്നെയാണെന്നു മനസ്സിലാക്കിയ ഞാൻ അയൽവീട്ടിലേക്ക് ഓടിക്കയറി. സാഹചര്യത്തിന്റെ ഗൗരവം മനസ്സിലാക്കിയ എം.സി. ജോസഫ് സാർ കതകിനു കുറ്റിയിട്ട് മുകൾനിലയിലേക്ക് പൊയ്ക്കൊള്ളാൻ എന്നോടു പറഞ്ഞു. ഞാൻ ഓടി മുകളിലെത്തി. എന്നാൽ അവിടെ ഞാനെങ്ങനെ നില്ക്കും? വയസ്സായ അമ്മയും മകൾ ആമിയും ഉൾപ്പെടെ അഞ്ചു പെണ്ണുങ്ങൾ. മിഥുനല്ലാതെ വീട്ടിൽ ആണുങ്ങളാരുമില്ല എനിക്കാകപ്പാടെ ആധിയായി. ഞാൻ ഓടി താഴെവന്നു. വാതിൽ തുറക്കാനായി കുറ്റിയിൽ കൈവെച്ചെങ്കിലും ഭയം അതിന് എന്നെ അനുവദിച്ചില്ല. ഞാൻ ഓടി വീണ്ടും മുകളിൽ കയറി. എന്റെ വീടിന്റെ ഭാഗത്തേക്ക് ജനാലയിലൂടെ ശ്രദ്ധിച്ചു. ഒന്നും അറിയാൻ കഴിയുന്നില്ല. വീണ്ടും താഴേക്കുവന്ന് ഞാൻ ജോസഫ് സാറിനെ നോക്കി. അദ്ദേഹത്തെയും കാണാനില്ല. നിസ്സഹായതയുടെ കോട്ടയ്ക്കുള്ളിൽ ചങ്ങലയ്ക്കിട്ടവനെപ്പോലെ ഞാനങ്ങനെനിന്നു. അപ്പോൾ എന്റെ നെഞ്ചിടിപ്പല്ലാതെ മറ്റൊന്നും ഞാൻ കേൾക്കുന്നുണ്ടായിരുന്നില്ല.

കുറേക്കഴിഞ്ഞ് മുറ്റത്തൊരു സംസാരം കേട്ട് ജനാലയിലൂടെ ഞാൻ നോക്കി. ജോസഫ് സാറും മറ്റൊരയൽക്കാരനായ തോമസ് സാറുമാണ്. ഞാൻ കതകു

തുറന്ന് പുറത്തേക്കുവന്നു. എന്നെക്കണ്ട് അവർ വല്ലാതായി. കാരണം, ലോകത്തിലേറ്റം ഭയന്ന മുഖം അന്ന് എന്റേതായിരുന്നിരിക്കണം.

വീട്ടിലെത്തിയപ്പോഴും വിറയൽ എന്നെ വിട്ടുമാറിയിരുന്നില്ല. പെട്ടെന്നുതന്നെ മൂവാറ്റുപുഴ ഡിവൈഎസ്പിക്കു നല്കാൻ ഒരു പരാതി തയാറാക്കി. ആരൊക്കെയോ എന്നെ അപായപ്പെടുത്താൻ ശ്രമിക്കുന്നുണ്ടെന്ന കാര്യം വിവരിച്ച് സുരക്ഷയ്ക്കുവേണ്ട നടപടികൾ സ്വീകരിക്കണമെന്നുള്ള അപേക്ഷയിൽ അതിക്രമം കാട്ടിയവരുടെ ബൈക്ക് നമ്പരും സൂചിപ്പിച്ചിരുന്നു. ഉടൻതന്നെ ഡിവൈഎസ്പിയുടെ ഓഫീസിലെത്തി പരാതി സമർപ്പിച്ചിട്ട് വേളാങ്കണ്ണിക്ക് ഞങ്ങൾ പോകുകയും ചെയ്തു.

ഞങ്ങൾ തിരിച്ചെത്തി മൂന്നു ദിവസം കഴിഞ്ഞപ്പോൾ എന്റെ പരാതിയിന്മേലുള്ള അന്വേഷണത്തിനായി രണ്ടു പോലീസുകാർ വീട്ടിലെത്തി. സംഭവങ്ങൾ വിവരിച്ച് ഞങ്ങളുടെ ഭയാശങ്കകൾ അവരെ അറിയിച്ചു. മേലിലെന്തെങ്കിലും പ്രശ്നമുണ്ടായാൽ വിളിക്കുന്നതിനുവേണ്ടി പോലീസ് സ്റ്റേഷനിലെയും എസ്ഐ, സിഐ, ഡിവൈഎസ്പി എന്നീ ഓഫീസർമാരുടെയും ഫോൺ നമ്പർ തന്നിട്ട് അവർ മടങ്ങി. എന്റെ പരാതിയിന്മേൽ പിന്നീടൊരു നടപടിയും ഉണ്ടായില്ലെന്നതാണ് വാസ്തവം. ഏതായാലും അവർ തന്ന നമ്പരുകൾ ഒരു കടലാസ്സിൽ വലുതായി എഴുതി ഫോണിനരികെ ഭിത്തിയിൽ ഒട്ടിച്ചുവെച്ചു. കൂടാതെ വീട്ടിലുള്ളവർ എനിക്കുവേണ്ടി ചില സുരക്ഷാസംവിധാനങ്ങളും ഏർപ്പാടാക്കി. വീടിന്റെ വാതിലുകൾ എപ്പോഴും അടച്ചുകുറ്റിയിട്ടു. പകൽ സമയത്തുപോലും ഗേറ്റ് താഴിട്ടുപൂട്ടി. എളുപ്പത്തിൽ ചാടിക്കടക്കാവുന്നതാണ് വീടിന്റെ മതിലെങ്കിലും അങ്ങനെ വരുന്നവരെ സംശയദൃഷ്ടിയോടെ നോക്കാമല്ലോ. വീട്ടിൽ എന്നെ ഒറ്റയ്ക്കാക്കാതിരിക്കാനും വീടിനുപുറത്ത് തനിച്ചു വിടാതിരിക്കാനും നിഷ്കർഷയുണ്ടായി. എന്നാൽ ഒറ്റയ്ക്കു പുറത്തുപോകരുതെന്ന നിബന്ധന ഞാൻ പലപ്പോഴും തെറ്റിച്ചു. എപ്പോൾ പോകും, എപ്പോൾ വരും; ഏതു വഴി പോകും; ഏതു വഴി മടങ്ങും എന്നിങ്ങനെയുള്ള കാര്യങ്ങൾ അന്യർക്ക് തീർച്ചപ്പെടുത്താനാവില്ലല്ലോ. ആ ആനുകൂല്യത്തിന്റെ വിടവിലൂടെ ഞാൻ പല ഏകാംഗയാത്രകളും നടത്തിയിരുന്നു. എന്നാൽ തിയേറ്ററിൽ സിനിമയ്ക്കുപോകുന്നതോ പള്ളിയിൽ കുർബാനയ്ക്കുപോകുന്നതോ അങ്ങനെയല്ല. തിയേറ്ററിലോ പള്ളിയിലോ കയറുന്നതുകണ്ടാൽ തിരിച്ചിറങ്ങുന്നത് എപ്പോഴാണെന്ന് തീർച്ചപ്പെടുത്താൻ എളുപ്പമുണ്ട്. മിക്കവാറും സിനിമകളൊക്കെ തിയേറ്ററിൽ പോയി കണ്ടുകൊണ്ടിരുന്ന ഞാൻ അതു വേണ്ടെന്നുവെച്ചു. പള്ളിയിൽപോകുന്ന കാര്യത്തിലും സംഭവിച്ചത് അതുതന്നെയാണ്.

വീടിനടുത്തുള്ള ഒരു കൊല്ലപ്പണിക്കാരന്റെ ആലയിൽ ചെന്ന് സ്വയരക്ഷയ്ക്ക് ഉപയുക്തമാകുന്ന ഏതെങ്കിലും ആയുധം ഉണ്ടാക്കിത്തരാമോ എന്ന് ഞാൻ ചോദിച്ചു. അതൊക്കെ പോലീസ് കേസായി വലിയ പൊല്ലാപ്പാകുമെന്ന് ഭയന്ന

അയാൾ അതിന് വിസമ്മതിച്ചു. അതിനാൽ വാഴക്കുളം പൈനാപ്പിൾ മാർക്കറ്റിന്റെ സമീപമുള്ള ഒരു കടയിൽനിന്ന് പൈനാപ്പിൾ വെട്ടാൻ ഉപയോഗിക്കുന്ന നീളമുള്ള രണ്ട് വാക്കത്തിവാങ്ങിക്കൊണ്ടുവന്ന് ഡ്രോയിങ് റൂമിൽ ജനൽകർട്ടനു പിന്നിലായി പെട്ടെന്ന് എടുക്കാവുന്നതുപോലെ വെച്ചിട്ട് ഒരാവശ്യം വന്നാൽ പറ്റുമെങ്കിൽ എടുത്തു പെരുമാറിക്കൊള്ളാൻ മകൻ മിഥുന് നിർദ്ദേശം നല്കി.

# എൻക്വയറി

മെമ്മോ ഓഫ് ചാർജ്ജസിന്റെ മറുപടി നല്കിയതിന് രണ്ടാംനാൾ 07-05-2010-ൽ വകുപ്പുമേധാവിസ്ഥാനത്തുനിന്ന് എന്നെ മാറ്റിയതായും പകരം ഫാ. രാജു ജേക്കബ് പിച്ചലക്കാട്ടിനെ ആ സ്ഥാനത്തു നിയമിച്ചതായുമുള്ള മാനേജരുടെ ഉത്തരവ് എനിക്കു ലഭിച്ചു. എന്നെ മാറ്റി എന്റെ ശിഷ്യനായ ഫാ. പിച്ചലക്കാട്ടിനെ നിയമിച്ചതിൽ എനിക്ക് അശേഷം വിഷമം തോന്നിയില്ല. കാരണം, അത് തികച്ചും ഔദ്യോഗികമാണ്. ഇത്രയും നാൾ ഞാൻ നിർദ്ദേശിക്കുന്നത് ഫാ. പിച്ചലക്കാട്ടിന് അനുസരിക്കണമായിരുന്നു. ഇനിയിപ്പോൾ ഫാദർ പറയുന്നത് ഞാൻ അനുസരിക്കണമെന്നല്ലേയുള്ളു.

10-05-2010-ൽ ബിഷപ്ഹൗസിലേക്ക് ചെല്ലണമെന്ന് മാനേജരച്ചൻ ഫോണിലൂടെ അറിയിച്ചു.

എന്റെ മറുപടി ബോധ്യപ്പെട്ട് സസ്പെൻഷൻ പിൻവലിച്ചെന്ന ഉത്തരവ് പ്രതീക്ഷിച്ചാണ് ഞാൻ ചെന്നത്. എന്നാൽ ചോദ്യപേപ്പർ വിഷയത്തിൽ കൂടുതൽ എന്തെങ്കിലും പറയാനുണ്ടോ എന്നാണ് മാനേജരച്ചൻ ചോദിച്ചത്.

ഞാൻ ഏതെങ്കിലും മതത്തിനെതിരായോ മാനേജ്മെന്റിനെതിരായോ ഒരിക്കൽപോലും സംസാരിക്കുകയോ എഴുതുകയോ പ്രവർത്തിക്കുകയോ ചെയ്തിട്ടില്ലെന്നും അധ്യാപകൻ എന്നനിലയിൽ എല്ലാ വിദ്യാർത്ഥികളോടും ജാതിമതവ്യത്യാസമില്ലാതെയാണ് പെരുമാറിയിട്ടുള്ളതെന്നും എന്റെ അധ്യാപനരീതിയിലും ആശയാവിഷ്കരണത്തിലും ഒരു വിദ്യാർത്ഥിപോലും നാളിതുവരെ ഒരു വിധത്തിലുമുള്ള എതിർപ്പും ഉന്നയിച്ചിട്ടില്ലായെന്നും ഞാൻ അദ്ദേഹത്തോടു പറഞ്ഞു. മനസ്സറിയാത്ത കാര്യമാണെങ്കിലും ഞാൻ തയാറാക്കിയ ചോദ്യം വിവാദമായതിൽ സർവ്വാത്മനാ ഖേദിക്കുന്നുവെന്നും ക്ഷമ ചോദിക്കുന്നുവെന്നും ഞാൻ അദ്ദേഹത്തെ വീണ്ടും അറിയിച്ചു.

ഞാൻ പറഞ്ഞ കാര്യങ്ങൾ കോതമംഗലം രൂപതയുടെ ലെറ്റർപാഡിൽ മാനേജരച്ചൻ ഇംഗ്ലിഷിൽ എഴുതി. എന്നിട്ട് അതിനടിയിൽ പേരെഴുതി ഒപ്പിടാൻ അദ്ദേഹം എന്നോടു നിർദ്ദേശിച്ചു. ഞാൻ ഒപ്പിട്ടതിനുശേഷം അദ്ദേഹവും അതിൽ ഔദ്യോഗികമായി ഒപ്പുവെച്ചു. തീരുമാനം വഴിയേ അറിയിക്കാമെന്നും പറഞ്ഞാണ് അദ്ദേഹം എന്നെ മടക്കിയത്.

രണ്ടുദിവസം കഴിഞ്ഞപ്പോൾ എനിക്കെതിരേയുള്ള അച്ചടക്കനടപടിയുടെ ഭാഗമായി ഒരു വക്കീലിനെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചുകൊണ്ടുള്ള മാനേജരുടെ ഉത്തരവിന്റെ കോപ്പി സ്പീഡ് പോസ്റ്റിൽ എനിക്കു ലഭിച്ചു. എന്റെ നിഷ്കളങ്കത വെളിപ്പെടുത്താനുള്ള അവസരമാണിതെന്ന് ആ ഉത്തരവിൽ മാനേജർ രേഖപ്പെടുത്തുകയും ചെയ്തിരുന്നു.

ആ ഉത്തരവ് കിട്ടിയതിന്റെ പിറ്റേന്ന് മാനേജരച്ചൻ ഫോണിൽ വിളിച്ച് മേല്പടി ഓർഡർ ലഭിച്ചുവോ എന്നു തിരക്കി. ജനശ്രദ്ധ നേടിയ വിഷയമായതിനാൽ വെറുതെ സസ്പെൻഷൻ പിൻവലിക്കാനാവില്ലെന്നും നടപടിക്രമങ്ങൾ പൂർത്തീകരിച്ചതിനുശേഷം മാത്രമേ അതു സാധിക്കുകയുള്ളുവെന്നും എന്നെ അറിയിച്ചു. മധ്യവേനൽ അവധി കഴിഞ്ഞ് കോളജ് തുറക്കുമ്പോഴേക്കും നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ അന്വേഷണ ഉദ്യോഗസ്ഥനോട് സഹകരിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. അങ്ങനെ ചെയ്തുകൊള്ളാമെന്ന് ഞാൻ അദ്ദേഹത്തോടു സമ്മതിച്ചു.

22-05-2010 ലാണ് എൻക്വയറി ഓഫീസറുടെ എറണാകുളത്ത് ഹൈക്കോടതിയുടെ സമീപമുള്ള ഓഫീസിൽ ഞാൻ ആദ്യമായി ഹാജരായത്. മാനേജ്മെന്റിനുവേണ്ടി മറ്റൊരാളും എത്തിയിരുന്നു. മുണ്ടും ഷർട്ടും ധരിച്ച് കുറിതൊട്ടുവന്ന അദ്ദേഹം എൻ.വി. അജയകുമാർ എന്ന് പേരുപറഞ്ഞ് പരിചയപ്പെടുത്തി. അദ്ദേഹം വക്കീലാണോ എന്നു ഞാൻ ചോദിച്ചു. ആദ്യം അല്ലെന്നു പറഞ്ഞെങ്കിലും താൻ എൽ.എൽ.ബി. എടുത്തിട്ടുണ്ടെന്നും എന്നാൽ പ്രാക്ടീസ് ചെയ്യുന്നില്ലെന്നും പിന്നീടദ്ദേഹം പറഞ്ഞു. അദ്ദേഹം പറയുന്നതിൽ എത്രമാത്രം സത്യമുണ്ടെന്ന് ആലോചിക്കാനൊന്നും ഞാൻ മെനക്കെട്ടില്ല. അദ്ദേഹത്തെ 'പ്രസന്റിംഗ് ഓഫീസർ' എന്നാണ് എൻക്വയറി ഓഫീസർ തന്റെ തെളിവെടുപ്പുരേഖകളിൽ എഴുതിപ്പോന്നത്. എൻക്വയറി ഓഫീസർ എനിക്കുതന്ന പദവി 'ഡെലിൻക്വന്റ്' (Delinquent) എന്നാണ്. വളരെ സൗഹൃദത്തോടെയാണ് അദ്ദേഹം എന്നോട് സംസാരിച്ചിരുന്നത്. ഞാൻ മാനേജരെ കണ്ടതും ക്ഷമ ചോദിച്ചതുമായ കാര്യങ്ങൾ മാനേജർ തന്നോടു പറഞ്ഞിട്ടുണ്ടെന്നും അതിനാൽ വേവലാതി വേണ്ടെന്നും അദ്ദേഹം എന്നോടു പറഞ്ഞു. പിന്നീട് എൻക്വയറിയുടെ നടപടിക്രമങ്ങൾ വിശദീകരിച്ചുതന്നു. ആവശ്യമെങ്കിൽ ഒരു വക്കീലിന്റെ സഹായം തേടാവുന്നതാണെന്നും അദ്ദേഹം പറഞ്ഞു. ഞാൻകൂടി ഭാഗഭാഗാക്കായ മാനേജ്മെന്റിൽ എനിക്ക് വിശ്വാസമുള്ളതുകൊണ്ടും തനിക്കെതിരായ ദുരാരോപണങ്ങളെ ഖണ്ഡിക്കാമെന്ന് ആത്മവിശ്വാസമുള്ളതുകൊണ്ടും വക്കീലിന്റെ ആവശ്യമില്ലെന്ന് ഞാൻ പറഞ്ഞത് എൻക്വയറി ഓഫീസറും അംഗീകരിച്ചു.

അടുത്ത ദിവസം (24-05-2010) എനിക്കെതിരായ ആരോപണങ്ങൾ എൻക്വയറി ഓഫീസർ വായിച്ചുകേൾപ്പിച്ചു.

11-ാം നമ്പർ ചോദ്യം തയാറാക്കിയത് ഞാനാണെന്ന ഒന്നാമത്തെ ചാർജ് ഞാൻ സമ്മതിച്ചു. ബാക്കിയെല്ലാം നിഷേധിച്ചു.

അടുത്ത അവധിക്ക് (31-5-2010) മാനേജ്മെന്റ് ഭാഗത്തുള്ള സാക്ഷിപ്പട്ടികയും ഹാജരാക്കുന്ന പ്രമാണങ്ങളുടെ ലിസ്റ്റും പ്രസന്റിങ് ഓഫീസർ സമർപ്പിച്ചു.

മാനേജ്മെന്റിന്റെ സാക്ഷിപ്പട്ടികയിലുണ്ടായിരുന്ന ന്യൂമാൻ കോളജ് പ്രിൻസിപ്പൽ ഡോ. റ്റി.എം. ജോസഫ്, അധ്യാപകനും ബർസാറുമായ ഫാ. രാജു

ജേക്കബ് പിച്ചലക്കാട്ട്, മൂവാറ്റുപുഴ നിർമ്മല കോളജ് റിട്ടയേർഡ് പ്രിൻസിപ്പൽ ഫാ. റ്റി.എം. ജോർജ്ജ് താനത്തുപറമ്പിൽ എന്നിവർ 02-06-2010-ൽ ഹാജരായി. നിർമ്മല കോളജ് മുൻ മലയാളവിഭാഗം മേധാവി ഡോ. ജോസ് ജോർജ് അടുത്ത ദിവസം ഹാജരാകുമെന്ന് പ്രസന്റിങ് ഓഫീസർ അറിയിക്കുകയും ചെയ്തു.

ചോദ്യപേപ്പർ വിവാദത്തോടനുബന്ധിച്ച് കോളജ് പരിസരത്തുണ്ടായ സംഘർഷങ്ങൾ പ്രിൻസിപ്പൽ ഡോ. റ്റി.എം. ജോസഫ് വിവരിച്ചു. അതോടൊപ്പം തനിക്കു കിട്ടിയ ചില കത്തുകളും അദ്ദേഹം ഹാജരാക്കി.

ചോദ്യം തയാറാക്കിയ എനിക്ക് ഇനി നാളുകൾ എണ്ണാമെന്നും മരണത്തിലേക്ക് ദിവസങ്ങൾ മാത്രമേ ഉള്ളൂവെന്നും മറ്റുമാണ് എഴുതിയിട്ടുള്ളത്. ചേകന്നൂരിന്റെ ഗതിയും ഉദാഹരണമായി കൊടുത്തിട്ടുണ്ട്. ഡെൻമാർക്കിലെ വിവാദ കാർട്ടൂണിസ്റ്റ്, സൽമാൻ റുഷ്ദി, തസ്‌ലിമനസ്രീൻ എന്നിവരെക്കുറിച്ചും പരാമർശമുണ്ട്. ചോദ്യപേപ്പറുണ്ടാക്കിയ മാഷിനെ കൊല്ലുകതന്നെ വേണമെന്നും എല്ലാം കാത്തിരുന്നു കാണാനുമാണ് പോസ്റ്റുകാർഡിൽ എഴുതപ്പെട്ട ആ കത്തുകളിലെ ആഹ്വാനം. ഫ്രം അഡ്രസ്സായി വെച്ചിരിക്കുന്നത് ചില തീവ്രവാദസംഘടനകളുടെ പേരുകളാണ്.

രാഷ്ട്രമീമാംസയിൽ ഡോക്ടറേറ്റുവരെ നേടിയ പ്രിൻസിപ്പൽ ഡോ. റ്റി.എം. ജോസഫിന് പൗരധർമ്മം അറിയാതെവന്നതിൽ ഞാൻ അത്യധികം വ്യസനിച്ചു. എന്നെ അപായപ്പെടുത്തുമെന്ന് ഭീഷണിയുള്ളതും പ്രിൻസിപ്പലിന്റെ അഡ്രസിൽ വന്നിട്ടുള്ളതുമായ ആ കത്തുകൾ എത്രയും വേഗത്തിൽ പോലീസ് അധികാരികൾക്ക് കൈമാറേണ്ടതല്ലായിരുന്നോ? മാർച്ച് മാസം അവസാനത്തിൽ കിട്ടിയ ആ കത്തുകളെക്കുറിച്ച് എന്നെ എന്തുകൊണ്ട് അറിയിച്ചില്ല? പകരം എനിക്കെതിരേയുള്ള ഒരു തെളിവായി എൻക്വയറി ഓഫീസറുടെ മുമ്പിൽ ഇപ്പോൾ സമർപ്പിച്ചിരിക്കുന്നു!

വിവാദചോദ്യം ഉൾപ്പെട്ട പരീക്ഷയുടെ ഒരു ഉത്തരക്കടലാസ്സും പ്രിൻസിപ്പൽ റ്റി.എം. ജോസഫ് എൻക്വയറി ഓഫീസറുടെ മുമ്പാകെ ഹാജരാക്കി. മുഹമ്മദ്, ദൈവം എന്നീ പേരുകൾക്കുപകരം ചേട്ടൻ, അനിയൻ എന്നാക്കി ഉത്തരമെഴുതിയ കുട്ടിയുടേതായിരുന്നു അത്.

ഫാ. രാജു ജേക്കബ് എൻക്വയറി ഓഫീസറുടെ മുറിയുടെ പുറത്ത് പ്രസന്റിങ് ഓഫീസറുമായി സംസാരിച്ചുനില്ക്കുന്നത് അവിടേക്കു ചെല്ലുമ്പോൾതന്നെ ഞാൻ കണ്ടിരുന്നു. എന്നാൽ അദ്ദേഹം എന്നെ കണ്ടതായി ഭാവിച്ചില്ല. എങ്കിലും അടുത്തുചെന്ന് ഞാൻ കുശലം ചോദിച്ചു.

''അന്ന് കോളജിലേക്ക് വരണ്ട എന്നുപറഞ്ഞതിൽ പിന്നെ ഒന്നു വിളിക്കുകപോലും ചെയ്തില്ലല്ലോ.''

''വിളിക്കാൻ തോന്നിയില്ല.''

വളരെ നിസ്സംഗതയോടെ ആയിരുന്നു അദ്ദേഹത്തിന്റെ മറുപടി.

താൻ കോളജിലെ ബർസാർ ആണെന്നും ഒപ്പം രണ്ടുപേർ മാത്രമുള്ള മലയാളവിഭാഗത്തിൽ 'ഡെലിൻക്വന്റി'ന്റെ സഹപ്രവർത്തകനാണെന്നും പറഞ്ഞുകൊണ്ടാണ് ഫാ. രാജു ജേക്കബ് സാക്ഷിമൊഴി ആരംഭിച്ചത്. ഞാൻ അദ്ദേഹത്തിന്റെ ഗുരുവാണെന്നും മൂവാറ്റുപുഴ നിർമ്മല കോളജിൽ എം.എയ്ക്കു പഠിച്ചപ്പോൾ തന്നെ പഠിപ്പിച്ചിട്ടുണ്ടെന്നു പറയാനും അദ്ദേഹം മടികാണിച്ചില്ല. ചോദ്യപേപ്പർ വിവാദത്തോടനുബന്ധിച്ചുണ്ടായ സംഘർഷം അദ്ദേഹവും വിവരിച്ചു. മാർച്ച് 26-നു രാവിലെ കോളജ് കാമ്പസിനുചുറ്റും പോലീസിനെ ക്കണ്ട താൻ സാറിനെ വിളിച്ചു വിവരം പറഞ്ഞിട്ടും സാർ അതൊന്നും സീരിയസായി എടുത്തില്ലെന്നും മെമ്മോയിൽ ഉള്ള മാതിരി അദ്ദേഹം മൊഴി നല്കി.

വിവാദചോദ്യപേപ്പർ തയാറാക്കിയത് ഡെലിൻക്വന്റ് തന്നെയാണ്. അതിനോടനുബന്ധിച്ചാണ് സകലപ്രശ്നങ്ങളും ഉണ്ടായിട്ടുള്ളത്. ആ ചോദ്യപേപ്പറിൽ മതനിന്ദയുണ്ട്. ഒരു അധ്യാപകനും അത്തരത്തിലുള്ള ചോദ്യം ഉണ്ടാക്കാൻ പാടില്ലാത്തതാണ്. എന്നൊക്കെയാണ് ഫാ. പിച്ചലക്കാട്ട് ചിഫ് എക്സാമിനേഷനിൽ ഊന്നിപ്പറഞ്ഞത്.

അടുത്തത് ക്രോസ് വിസ്താരത്തിനുള്ള എന്റെ ഊഴമാണ്.

''ഫാ. രാജു ജേക്കബ് എന്ന താങ്കളുടെ പേരുകൊണ്ടുതന്നെ അങ്ങ് ഒരു വൈദികനാണെന്നുള്ളത് സ്പഷ്ടമാണ്. ഒരു വൈദികൻ മതബോധകനും ഒപ്പം മതനേതാവുമാണ്. അങ്ങനെയുള്ള താങ്കൾക്ക് ഒരു മതേതരവാദിയാകാൻ ഒരിക്കലും സാധിക്കില്ല. സ്വരക്ഷയെ കരുതി വേണമെങ്കിൽ മതസൗഹാർദ്ദം പുലർത്താം. അതിനാലാണ് ഭാവനാശൂന്യരായ ചില മതഭക്തന്മാർ എനിക്കെതിരേ ഉന്നയിക്കുന്ന ആരോപണം ശരിയാണെന്നു പറയാൻ താങ്കൾ നിർബന്ധിതനാകുന്നത്.

മതേതര രാജ്യമായ ഇൻഡ്യയിൽ പൊതുവിദ്യാഭ്യാസമേഖലയിൽ പ്രവർത്തിക്കുന്ന ഏതൊരു അധ്യാപകനും മതേതരവാദി ആയിരിക്കണം. വിശേഷിച്ചും സാഹിത്യാധ്യാപകർ. എങ്കിൽ മാത്രമേ ദൈവം, പിശാച്, ദേവന്മാർ, അസുരന്മാർ, മാലാഖമാർ, കാളികൂളികൾ എന്നിവരെയൊക്കെ കഥാപാത്രങ്ങളായിക്കണ്ട് സാഹിത്യാധ്യാപനം നടത്താൻ സാധിക്കൂ. ഒരു പ്രത്യേക മതവിഭാഗത്തിന്റെ പുരോഹിതവേഷം ധരിച്ച് വിദ്യാർത്ഥികളുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്ന താങ്കൾക്ക് എങ്ങനെയാണ് ഒരു മതേതരവാദിയാകാൻ പറ്റുക? സാർവ്വലൗകിക മാനവീയ വിഷയകമായ സാഹിത്യം എങ്ങനെ താങ്കൾ പഠിപ്പിക്കും? കുട്ടികളിൽ അതിരുകളില്ലാത്ത ഭാവന വളർത്താനും വിഭാഗീയതകളില്ലാത്ത വിശ്വ പൗരന്മാരായി അവരെ വാർത്തെടുക്കാനും എങ്ങനെയാണു താങ്കൾക്ക് സാധിക്കുക?''

ഞാൻ 'ജോവാൻ ഓഫ് ആർക്' എന്ന പുണ്യവതിയെ ഓർത്തു. മഹാനായ ഗലീലിയോയെ സ്മരിച്ചു. അതിനാൽ മേൽപറഞ്ഞ കാര്യങ്ങളൊന്നും ഫാ.

പിച്ചലക്കാട്ടിനോടു ചോദിക്കാൻ ഞാൻ മുതിർന്നില്ല. എന്നാൽ ഇതൊക്കെ ചോദിക്കാൻ പോന്ന ഒരു വക്കീലിനെ ഏർപ്പാടാക്കാത്തതിൽ കുണ്ഠിതപ്പെടുകയും ചെയ്തു.

നിർമ്മല കോളജ് മുൻ പ്രിൻസിപ്പൽ റവ. ഫാ. ഡോ. റ്റി.എം. ജോർജ് മാനേജ്മെന്റിനുവേണ്ടി ചില രേഖകൾ സമർപ്പിച്ചതല്ലാതെ ചോദ്യപേപ്പറിനെക്കുറിച്ച് അഭിപ്രായമൊന്നും പറഞ്ഞില്ല. നിർമ്മല കോളജിൽ എന്റെ പ്രിൻസിപ്പലായിരുന്ന അദ്ദേഹം ഒരു അധ്യാപകൻ എന്ന നിലയിൽ എന്നെക്കുറിച്ച് ഒരു പരാതിയും ആരിൽനിന്നും ലഭിച്ചിട്ടില്ലെന്ന് മൊഴി നല്കുകയും ചെയ്തു.

സാക്ഷിപ്പട്ടികയിലെ നാലാമൻ ഡോ. ജോസ് ജോർജ് നിർമ്മല കോളജിൽ എന്റെ സഹപ്രവർത്തകനും വകുപ്പുമേധാവിയുമായിരുന്നു. അദ്ദേഹം എൻക്വയറി ഓഫീസറുടെ മുമ്പാകെവന്ന് സാക്ഷി പറയാൻ കൂട്ടാക്കിയില്ല.

അടുത്ത ദിവസംതന്നെ പ്രസന്റിങ് ഓഫീസർ മാനേജ്മെന്റിനുവേണ്ടി അഡീഷണൽ സാക്ഷിപ്പട്ടിക സമർപ്പിച്ചു. ഡിറ്റിപി ഓപ്പറേറ്റർ, ചേട്ടൻ-അനിയൻ എന്നു പേരുമാറ്റി ഉത്തരം എഴുതിയ പെൺകുട്ടി എന്നിവരായിരുന്നു പുതിയ സാക്ഷികൾ.

''ന്യൂമാൻ കോളജിൽ ഡിറ്റിപി ഓപ്പറേറ്ററായി ജോലിചെയ്യുന്ന പുതിയ സാക്ഷി സാമ്പത്തിക പരാധീനതകളുള്ള ഒരു പാവം യുവതിയാണ്. മാനേജ്മെന്റ് നല്കിപ്പോന്നിരുന്ന തുച്ഛശമ്പളമായിരുന്നു അവരുടെ ഏക വരുമാനമാർഗ്ഗം. മാസങ്ങൾക്കുമുമ്പ് അവരുടെ തൊണ്ടമുഴ നീക്കംചെയ്യാനുള്ള പണം സ്വരൂപിച്ചുനല്കിയത് ന്യൂമാൻ കോളജിലെ സ്റ്റാഫംഗങ്ങളാണ്.

ഓർമ്മക്കേടുകൊണ്ടോ പ്രസന്റിങ് ഓഫീസർ നിർദ്ദേശിച്ചതുകൊണ്ടോ ചെറുതായ മാറ്റങ്ങൾ വന്നുവെന്നല്ലാതെ ആ യുവതി എനിക്കെതിരേ വലിയ കള്ളങ്ങളൊന്നും പറഞ്ഞില്ല.

ഞാൻ നല്കിയ ചോദ്യപേപ്പറിന്റെ ഡിറ്റിപി എടുത്തത് അവരാണ്; 11-ാം നമ്പർ ചോദ്യത്തിലെത്തിയപ്പോൾ അവർ എന്നെ നോക്കിയത്രേ. ഒരു പുസ്തകത്തിൽനിന്ന് എടുത്തിട്ടുള്ളതാണെന്ന് ഞാൻ പറഞ്ഞതിനാൽ ഉള്ളതുപോലെതന്നെ ടൈപ്പുചെയ്തു. സാധാരണ ഇത്തരം ചോദ്യം കാണാത്തതുകൊണ്ടാണ് താനപ്പോൾ പുഞ്ചിരിച്ചതെന്നും അവർ പറഞ്ഞു.

ന്യൂമാൻ കോളജിൽ തന്നെ പഠനം തുടരണമെന്ന അവസ്ഥ ഉണ്ടായിരുന്നിട്ടും തന്റെ അധ്യാപകനെതിരെ സാക്ഷി പറയാൻ പ്രിൻസിപ്പലും ബർസാറും വളരെ നിർബന്ധിച്ചെങ്കിലും വിദ്യാർത്ഥിനിയായ പുതിയ സാക്ഷി (ചേട്ടൻ-അനിയൻ) തയാറായില്ല. അക്കാരണത്താൽ അവൾ എൻക്വയറി ഓഫീസറുടെ മുമ്പിൽ ഹാജരായതുമില്ല.

08-06-2010-ൽ ഞാൻ സാക്ഷിപ്പട്ടികയും ഹാജരാക്കാൻ ഉദ്ദേശിക്കുന്ന ഡോക്കുമെൻസിന്റെ ലിസ്റ്റും എൻക്വയറി ഓഫീസർക്ക് സമർപ്പിച്ചു.

'മെമ്മോ ഓഫ് ചാർജസി'ൽ ഉള്ള കള്ള ആരോപണങ്ങളെ ഭദ്രമായി പ്രതിരോധിക്കാൻ കൈവശമില്ലാത്ത ചില രേഖകളും എനിക്ക് ആവശ്യമായിരുന്നു. അതിലൊന്ന് നിർമ്മല കോളജിലെ 2004-2005 അധ്യായന വർഷത്തിലെ ഗസ്റ്റ് അധ്യാപകരുടെ ഹാജർ രേഖപ്പെടുത്തിയ രജിസ്റ്ററിന്റെ കോപ്പിയാണ്. എൻക്വയറി ഓഫീസറുടെ മുമ്പിൽ ഹാജരാക്കുന്നതിന് പ്രസ്തുത രജിസ്റ്ററിന്റെ കോപ്പി ഞാൻ ആവശ്യപ്പെടുന്ന പക്ഷം എനിക്കു നല്കാൻ നിർമ്മല കോളേജ് പ്രിൻസിപ്പലിന് നിയമപരമായ ബാദ്ധ്യത ഉള്ളതാണ്. എന്നിരുന്നാലും എനിക്കതു ലഭ്യമാക്കുന്നതിലേക്കായി നിർമ്മലകോളജ് പ്രിൻസിപ്പൽ മാനേജരുടെ അനുവാദം തേടുമെന്നുള്ളതിനാൽ ഞാൻ ആദ്യംതന്നെ മാനേജരച്ചനെ നേരിൽകണ്ട് പ്രസ്തുത ആവശ്യം ഉന്നയിച്ചു. പ്രിൻസിപ്പലിനോട് പറയാമെന്നും പോയി വാങ്ങിച്ചുകൊള്ളാനും അദ്ദേഹം അപ്പോൾത്തന്നെ എന്നോടു പറഞ്ഞു. നിർമ്മല കോളജിൽ എത്തിയപ്പോൾ ഒരു അപേക്ഷ എഴുതിനല്കാൻ പ്രിൻസിപ്പൽ ആവശ്യപ്പെട്ടു. അപേക്ഷ നല്കിയതിനുശേഷം വൈസ്പ്രിൻസിപ്പൽ എന്നെ ഓഫീസ് റൂമിലേക്കു കൊണ്ടുപോയി ഒരു അലമാര തുറന്നു കാണിച്ചിട്ട് ആവശ്യമുള്ള രജിസ്റ്റർ എടുത്തുകൊള്ളാൻ പറഞ്ഞു. ഞാൻ അലമാര മുഴുവൻ പരിശോധിച്ചിട്ടും 2004-2005ലെ രജിസ്റ്റർ മാത്രം കാണുന്നില്ല. മുൻപിൻ വർഷങ്ങളിലെ മറ്റു രജിസ്റ്ററുകളെല്ലാം അവിടെയുണ്ട്. ആവശ്യമുള്ള രജിസ്റ്റർ കാണാതെവന്നപ്പോൾ ഞാൻ പ്രിൻസിപ്പലിന്റെ അടുക്കൽചെന്ന് വിവരമറിയിച്ചു. അദ്ദേഹം 'അറിയാത്ത പിള്ള'യെപ്പോലെ അപ്പോൾ കൈമലർത്തി.

NAAC Acreditation ന് വിധേയമാകാറുള്ള കോളജിൽ ഗസ്റ്റ് ലക്ചേഴ്സിന്റെ അറ്റൻഡൻസ് രജിസ്റ്റർ മാത്രമല്ല, അപ്പോയിൻമെന്റ് ഓർഡർ വരെ എക്കാലവും സൂക്ഷിക്കേണ്ട ഡോക്കുമെന്റ്സ് ആണെന്നിരിക്കേ പൂട്ടിവെച്ച അലമാരയിൽനിന്ന് അങ്ങനെയൊന്ന് കാണാതെപോയതിൽ പ്രിൻസിപ്പലിനോ വൈസ്പ്രിൻസിപ്പലിനോ വേവലാതിയൊന്നും കണ്ടതുമില്ല. മാനേജരച്ചൻ പ്രിൻസിപ്പലിനെ വിളിച്ച് 'വേണ്ടപോലെ' പറഞ്ഞിട്ടുണ്ടെന്ന് എനിക്കപ്പോൾ മനസ്സിലായി. 'പെരിയ ബഹുമാനപ്പെട്ട' എന്നൊക്കെ ഞങ്ങളാൽ സംബോധന ചെയ്യപ്പെടുന്ന മോൺസിഞ്ഞോർ തോമസ് മലേക്കുടി എന്ന ഞങ്ങളുടെ മാനേജരച്ചൻ ഇത്തരത്തിൽ വർത്തിച്ചതിന്റെ ഉദ്ദേശ്യമെന്താണ്? അദ്ദേഹത്തിന്റെ നീതിബോധത്തിലും സത്യസന്ധതയിലും എനിക്ക് വലുതായ ആശങ്കയുണ്ടായി.

മേൽപറഞ്ഞ ഹാജർ ബുക്കിന്റെ കോപ്പി കിട്ടിയില്ലെങ്കിലും എനിക്ക് കാര്യമായ തരക്കേടൊന്നും ഉണ്ടാകാനില്ലായിരുന്നു. കാരണം, മാനേജരുടെ ദുരാരോപണങ്ങളെ നിർവീര്യമാക്കാൻ പോന്ന രേഖകൾ എന്റെ കൈവശം വേറെയുമുണ്ട്.

കൃത്യവിലോപത്തിന്റെയും സ്വഭാവദൂഷ്യത്തിന്റെയും പേരിൽ ഒരു ശിക്ഷാ നടപടി ആയിട്ടാണ് നിർമ്മല കോളജിൽനിന്ന് ന്യൂമാൻ കോളജിലേക്ക് എന്നെ

വിട്ടതെന്ന കള്ളത്തെ ഖണ്ഡിക്കാനായി വകുപ്പുമേധാവിയായി എനിക്ക് പ്രൊമോഷൻ തന്നുകൊണ്ടുള്ള മാനേജരുടെ ഉത്തരവ് ഞാൻ ഹാജരാക്കി. സീനിയോറിറ്റി അനുസരിച്ച് പ്രിൻസിപ്പലിനെയോ വകുപ്പുമേധാവിയെയോ നിയമിക്കുന്ന പതിവ് ഞങ്ങളുടെ കോളജ് മാനേജ്മെന്റിന് ഇല്ലെന്നിരിക്കെ, അരമനയിലേക്ക് വിളിപ്പിച്ചിട്ട് ബിഷപ്പിന്റെ കൈകൊണ്ട് സമ്മാനിക്കപ്പെട്ടതായിരുന്നു ആ പ്രമോഷൻ ഓർഡർ.

2008 ജൂൺ രണ്ടിന് മലയാളവിഭാഗം മേധാവിയായി ന്യൂമാൻ കോളജിൽ ചാർജെടുത്ത എന്നെ കോളജ് കൗൺസിലിന്റെ നിർദ്ദേശപ്രകാരം വാല്യൂ എഡ്യുക്കേഷൻ സെല്ലിന്റെ ഡയറക്ടറായി പ്രിൻസിപ്പൽ നിയമിച്ചതിന്റെ തെളിവായി 2008-2009 ന്യൂമാൻ കോളജ് കലണ്ടർ (ഡയറക്ടറി) ഹാജരാക്കി. മൂല്യബോധനക്ലാസുകൾ കൈകാര്യം ചെയ്യുന്ന അധ്യാപകർക്ക് നല്കാനായി വിവിധ വിഷയങ്ങൾ കണ്ടെത്തി ചെറുലേഖനങ്ങൾ തയാറാക്കാൻ പ്രിൻസിപ്പൽ എന്നെ മാത്രമാണ് ചുമതലപ്പെടുത്തിയിരുന്നത്. സ്വഭാവദൂഷ്യത്തിന്റെ പേരിൽ സ്ഥലം മാറ്റം ചെയ്യപ്പെട്ടുവന്ന ഒരാളിനെ അത്തരം ചുമതലകൾ ആരെങ്കിലും ഏല്പിക്കുമോ? നിരീശ്വരവാദിയും അവസരം കിട്ടുമ്പോഴെല്ലാം മതനിന്ദ നടത്തുകയും ചെയ്യുന്ന ഒരാളിനെ?!

എന്റെ നേതൃത്വത്തിൽ വാല്യൂ എഡ്യുക്കേഷൻ സെൽ സ്തുത്യർഹമായി പ്രവർത്തിച്ചെന്ന് രേഖപ്പെടുത്തിയ പ്രിൻസിപ്പലിന്റെ 2008-2009 കാലത്തെ വാർഷിക റിപ്പോർട്ടും 2009-2010 അധ്യയന വർഷത്തിലും വാല്യു എഡ്യുക്കേഷന്റെ ചുമതല എന്നെ ഏൽപ്പിച്ചിരുന്നതായി രേഖപ്പെടുത്തിയ 2009-2010 വർഷത്തിലെ ന്യൂമാൻ കോളജ് കലണ്ടറും ഞാൻ എൻക്വയറി ഓഫീസറുടെ മുമ്പാകെ ഹാജരാക്കി.

ചോദ്യപേപ്പർ വിവാദമുണ്ടാകുന്ന കാലത്തും മൂല്യബോധനക്ലാസ്സുകളുടെ ചുമതല എനിക്കായിരുന്നു. മൂല്യബോധന ക്ലാസ്സുകൾക്കായി ഞാൻ തയാറാക്കിയ ഏതാനും ലേഖനങ്ങൾ മതേതരത്വത്തിന്റെയും സമഭാവനയുടെയും ദൃഷ്ടാന്തമായി ഞാൻ സമർപ്പിച്ചു. അതിലൊന്ന് അഹിംസാദിനമായ ഗാന്ധിജയന്തിയോടനുബന്ധിച്ച് ക്ലാസ്സെടുക്കാനായി തയാറാക്കിയ ലേഖനമാണ്. അതിലെ പ്രസക്തഭാഗങ്ങൾ ഒരു ഉദാഹരണമായി ഇവിടെ ഉദ്ധരിക്കുകയാണ്.

''...'ഹിംസ' എന്ന വാക്കിനോടൊപ്പം 'അ' എന്ന നിഷേധ ശബ്ദം ചേർത്താണ് 'അഹിംസ'യെന്ന വാക്കുണ്ടാകുന്നത്. അതുകൊണ്ടാണ് 'കൊല്ലാതിരിക്കുക' എന്ന അർത്ഥബോധം നമുക്ക് പെട്ടെന്നുണ്ടായിപ്പോകുന്നത്. 'ഹിംസ' എന്നതിന്റെ വിപരീതപദമായിട്ടാണ് നാം അഹിംസയെ വിവക്ഷിക്കുന്നത്.

'ഹിംസ' എന്നത് ഒരു ക്രിയാപദം (പ്രവൃത്തിയെ കുറിക്കുന്ന പദം) ആയതിനാൽ അതിന്റെ വിപരീതപദവും വ്യാകരണനിയമമനുസരിച്ച് ഒരു ക്രിയാപദംതന്നെ ആയിരിക്കേണ്ടതാണ്. ഒരു കാര്യം ചെയ്യാതിരിക്കുക

ഒരിക്കലും ഒരു 'ക്രിയ' ആകുന്നില്ല. അതിനാൽ 'അഹിംസ' എന്നത് ഹിംസ ചെയ്യാതിരിക്കലല്ല, മറിച്ച് ഹിംസാത്മകപ്രവർത്തനങ്ങൾക്ക് എതിരായിട്ടുള്ള സവിശേഷ പ്രവർത്തനങ്ങളാണ്. അന്യനെ ഉപദ്രവിക്കുന്നത് ഹിംസയെങ്കിൽ ഉപകാരം ചെയ്യുന്നതാണ് അഹിംസ. ദുഃഖിപ്പിക്കുന്നത് ഹിംസയെങ്കിൽ സുഖിപ്പിക്കുന്നത് അഹിംസ. അസഹിഷ്ണുത ഹിംസയെങ്കിൽ സഹിഷ്ണുത അഹിംസ. സഹജീവിയെ വധിക്കുന്നതാണ് ഹിംസയുടെ പാരമ്യമെങ്കിൽ മറ്റുള്ളവർക്കുവേണ്ടി ജീവൻ ത്യജിക്കുന്നതാണ് അഹിംസയുടെ പാരമ്യം. ചുരുക്കത്തിൽ അന്യനെ ദ്വേഷിക്കുന്നത് ഹിംസാമാർഗവും അന്യനെ സ്നേഹിക്കുന്നത് അഹിംസാമാർഗ്ഗവും ആകുന്നു.

വേദങ്ങളിലും ഉപനിഷത്തുകളിലും അഹിംസയെക്കുറിച്ച് പറയുന്നുണ്ടെങ്കിലും ഒരു ദർശനമായി 'അഹിംസ' രൂപപ്പെടുന്നത് ശ്രീബുദ്ധന്റെ തത്ത്വങ്ങളിലാണ്... അദ്വൈത ദർശനം വേദങ്ങളിലും ഉപനിഷത്തുകളിലും പ്രതിപാദിക്കപ്പെട്ടിട്ടുള്ളതാണെങ്കിലും അതിന് സുദൃഢമായ വ്യാഖ്യാനം നല്കിയ ആദിശങ്കരനെപ്പോലെ 'അഹിംസ'യ്ക്ക് ഒരു സിദ്ധാന്തപരിവേഷം നല്കിയത് മോഹൻദാസ് കരംചന്ദ് ഗാന്ധിയാണ്. മർത്ത്യവർഗ്ഗസ്നേഹത്തെ 'അഹിംസ' (Non Violennce) എന്നു പേരിട്ടുവിളിച്ച ഗാന്ധിജിക്കും ആ പേരിന്റെ അർത്ഥസ്ഫൂർത്തിയെക്കുറിച്ച് ശങ്കകളുണ്ടായിരുന്നു. സ്നേഹം (Love)എന്ന പദത്തിന് പല അർത്ഥങ്ങളും വ്യവഹരിക്കപ്പെടുന്നതിനാൽ അത് അദ്ദേഹത്തിന് സ്വീകാര്യമായി തോന്നിയില്ല. സ്നേഹം എന്ന വാക്കിനേക്കാൾ അദ്ദേഹത്തിന് പ്രിയപ്പെട്ടത് 'കാരുണ്യം' എന്ന വാക്കായിരുന്നു. വിചിന്തനങ്ങൾക്കൊടുവിൽ അദ്ദേഹം വ്യാഖ്യാനസഹിതം 'അഹിംസ' എന്ന വാക്കുതന്നെ സ്വീകരിക്കുകയുണ്ടായി. അഹിംസാ സിദ്ധാന്തത്തെ മുറുകെപ്പിടിച്ച് ഒരു ജനതയെ പാരതന്ത്ര്യത്തിൽനിന്ന് മോചിപ്പിച്ചെടുത്തത് ലോകം കണ്ട മഹാത്ഭുതമാണ്. അതുകൊണ്ടാണ് ലോകം അദ്ദേഹത്തെ മഹാത്മാവായി ആദരിക്കുകയും അദ്ദേഹത്തിന്റെ ജന്മദിനമായ ഒക്ടോബർ രണ്ട്, ലോക അഹിംസാദിനമായി ആചരിക്കുകയും ചെയ്യുന്നത്.

ലോകം കണ്ട അഹിംസാവാദികളിൽ ഏറ്റവും മുമ്പൻ ക്രിസ്തുവായിരുന്നു. 'അഹിംസ' എന്ന പദത്തിനു പകരം 'സ്നേഹം' എന്ന പദമാണ് അദ്ദേഹം ഉപയോഗിച്ചത്. മനുഷ്യവർഗ്ഗസ്നേഹത്താൽ പ്രേരിതനായി സ്വജീവൻപോലും ബലിയർപ്പിച്ച മഹാനുഭാവനായിരുന്നു അദ്ദേഹം. മുഹമ്മദ് നബിയും മനുഷ്യവർഗ്ഗത്തെ പ്രബുദ്ധമാക്കാൻ നിയോഗമെടുത്ത സ്നേഹപ്രവാചകനായിരുന്നു.

എല്ലാ മതങ്ങളുടെയും അന്തഃസത്ത അഹിംസ അഥവാ സ്നേഹം തന്നെയാണ്. സ്നേഹമൂർത്തിയായ ഈശ്വരനെ വാഴ്ത്താനാണ് മതങ്ങളെല്ലാം ഉദ്ഘോഷിക്കുന്നത്. സഹജീവികളെ സ്നേഹിക്കുകയെന്നതാണ് പരമമായ ഈശ്വരപൂജ. മഹത്തായ ഈ സത്യം ഗ്രഹിക്കാതിരിക്കുകയോ തെറ്റി

ഗ്രഹിക്കുകയോ ചെയ്യുന്നതുകൊണ്ടാണ് അസഹിഷ്ണുതയിലേക്കും കലഹത്തിലേക്കും വിഭാഗീയതയിലേക്കും സർവ്വോപരി ഭീകരവാദത്തിലേക്കും നമ്മൾ നയിക്കപ്പെടുന്നത്.''

ഇനി പ്രസ്തുതത്തിലേക്ക് വരാം

11-ാം നമ്പർ ചോദ്യം തയാറാക്കിയത് ഞാനാണെന്ന കാര്യം എവിടെയും സമ്മതിച്ചിട്ടുള്ളതാണ്. അതിൽ മതനിന്ദയുണ്ടോ എന്നതാണ് കാതലായ തർക്കവിഷയം. ഉണ്ടെന്നോ ഇല്ലെന്നോ പറയാൻ ഭാഷാസാഹിത്യത്തിലും അധ്യാപനത്തിലും പരിണതപ്രജ്ഞരായ നിഷ്പക്ഷമതികൾ വേണമെന്നിരിക്കേ നിയമവ്യവഹാരിയായ എൻക്വയറി ഓഫീസർക്ക് അതിനുള്ള യോഗ്യത പോരാ. മതനിന്ദയുണ്ട് എന്നു പറയുന്ന രണ്ടാളുകൾ പ്രിൻസിപ്പലും ബർസാറുമാണ്. സ്ഥാപിത താത്പര്യങ്ങൾ വെടിഞ്ഞ് നിഷ്പക്ഷമായി ചിന്തിക്കാനുള്ള ഭാവനാവിലാസവും ഹൃദയവിശാലതയും അവർക്കുണ്ടോ?

അവർ രണ്ടാൾക്കു ബദലായി നാലു പ്രൊഫസർമാർ സ്വമേധയാ എന്റെ സാക്ഷികളായി വന്നു.

ന്യൂമാൻ കോളജിലെതന്നെ ഇംഗ്ലിഷ് വിഭാഗം പ്രൊഫ. ഡോ. എ.ജെ. ജോസ് 11-ാം നമ്പർ ചോദ്യം കോളജ് തലത്തിലുള്ള വിദ്യാർത്ഥികളോടു ചോദിച്ചതിൽ അപാകതയില്ലെന്ന് മൊഴിനല്കി. ക്ലാസ് പരീക്ഷ എന്നത് അധ്യാപനപ്രക്രിയയുടെ ഒരു ഭാഗമാണ്. ഹാസ്യാത്മകതയിലൂടെ അധ്യാപനം രസാത്മകമാക്കുക മാത്രമല്ല; വിദ്യാർത്ഥികളെ ബൗദ്ധികമായി പ്രകോപിപ്പിക്കുക എന്നതും അധ്യാപനത്തിന്റെ രീതിയാണ്. ഇത്തരം കാര്യങ്ങളിൽ അധ്യാപകരുടെ സ്വാതന്ത്ര്യത്തെ ചോദ്യം ചെയ്യുന്നതും തെരുവുകളിൽ വിവാദമാക്കുന്നതും ഒട്ടും ആശാസ്യമായ കാര്യങ്ങളല്ല.

11-ാം നമ്പർ ചോദ്യം ഉചിതമായ ചിഹ്നങ്ങൾ ചേർത്തെഴുതുക എന്നതാണ്. അതിനുവേണ്ടി നല്കപ്പെട്ടിരിക്കുന്ന ഭാഷാഖണ്ഡം യൂണിവേഴ്സിറ്റി നിർദ്ദേശിച്ചിട്ടുള്ള റഫറൻസ് ഗ്രന്ഥത്തിൽനിന്ന് ഉദ്ധരിച്ചിട്ടുള്ളതാണ്. അതിൽ മതനിന്ദ ആരോപിക്കുന്നത് അടിസ്ഥാനരഹിതമാണ്.

''രാമൻ പാമ്പിനെ കൊന്നു.'' (Rama Killed a Snake)

''പാമ്പ് രാമനാൽ കൊല്ലപ്പെട്ടു.'' (The Snake was killed by Rama)

എന്നൊക്കെ അധ്യാപകൻ ഗ്രാമർ ക്ലാസ്സുകളൽ പതിവായി ഉപയോഗിക്കുന്ന വാക്യങ്ങളാണ്. 'രാമൻ' എന്നു പറഞ്ഞാൽ ശ്രീരാമചന്ദ്രഭഗവാൻ ആണെന്ന് ആരെങ്കിലും കരുതുമോ? അതുപോലെ 'മുഹമ്മദ്' എന്ന പേര് ആരെങ്കിലും ഉപയോഗിച്ചാൽ അത് മുഹമ്മദ് നബിയാണെന്ന് ബോധമുള്ളവർ വിചാരിക്കില്ല. മാത്രമല്ല, പേരുകളുടെ കാര്യത്തിൽ ആരും പേറ്റന്റ് എടുത്തിട്ടുമില്ല.

മൂവാറ്റുപുഴ നിർമല കോളജിലെ മലയാളവിഭാഗം അധ്യാപകനായ പ്രൊഫ. റ്റി.എ. ജോയിയും ചോദ്യപേപ്പറിൽ അരുതാത്തതൊന്നുമില്ലെന്ന് മൊഴി നല്കി. സാഹിത്യവിഷയകമായ പല പാഠപുസ്തകങ്ങളും ഇടുങ്ങിയ മനഃസ്ഥിതിയോടെ

നോക്കിയാൽ വളരെ മ്ലേച്ഛങ്ങളാണെന്നു തോന്നും. എന്നാൽ അവ അങ്ങനെയല്ലാത്തതുകൊണ്ടാണ് സർവകലാശാലകളിലെ സാഹിത്യപഠനത്തിന് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും അദ്ദേഹം സാക്ഷ്യപ്പെടുത്തി.

വിവാദചോദ്യപേപ്പറിന് ഉത്തരമെഴുതിയ ബി.കോം. രണ്ടാം സെമസ്റ്റർ വിദ്യാർത്ഥികളുടെ ക്ലാസ്സ് ടീച്ചറും കോമേഴ്സ് വിഭാഗം അധ്യാപകനുമായ പ്രൊഫ. ജോയി മാത്യു ചോദ്യപേപ്പറുമായി ബന്ധപ്പെട്ട് തന്റെ ക്ലാസിലെ കുട്ടികൾ തനിക്കോ പ്രിൻസിപ്പലിനോ യൂണിവേഴ്സിറ്റിക്കോ മറ്റേതെങ്കിലും അധികാര സ്ഥാനത്തോ യാതൊരു പരാതിയും നല്കിയിട്ടില്ലെന്ന് മൊഴി നല്കി. വിവാദചോദ്യത്തിന് ഉത്തരമെഴുതിയവരിൽ നാലുപേർ മുസ്‌ലിം സമുദായത്തിൽ പെട്ടവരാണ്. അവർക്കെല്ലാം അവരുടെ മലയാളം അധ്യാപകനായ പ്രൊഫ. ടി.ജെ. ജോസഫിനോട് മതിപ്പും ബഹുമാനവുമാണെന്ന് അവർ പറഞ്ഞുതന്നെ തനിക്ക് അറിവുള്ളതാണ്. അവരിൽ ഒരാൾ ഉത്തരക്കടലാസ്സിൽ പേരുമാറ്റി ചേട്ടൻ-അനിയൻ എന്നാക്കി എഴുതിയത് ഒരു പരാതിയായി കരുതാനാവില്ല.

ന്യൂമാൻ കോളജ് സുവോളജി വിഭാഗം മേധാവിയും കോളജ് കൗൺസിൽ മെമ്പറും സ്റ്റുഡൻസ് സർവീസ് സെൽ ഡയറക്ടറുമായ പ്രൊഫ. തമ്പി വർഗ്ഗീസ്, വിവാദചോദ്യപേപ്പറിനെ സംബന്ധിച്ച് വിദ്യാർത്ഥികളിൽ ആർക്കെങ്കിലും പരാതിയുള്ളതായി തനിക്കറിയില്ലെന്ന് കമ്മീഷൻ മുമ്പാകെ മൊഴിനല്കി. ഈശ്വരവിശ്വാസിയായ തനിക്ക് വിവാദചോദ്യത്തിൽ മതവികാരത്തെ വ്രണപ്പെടുത്തുന്ന എന്തെങ്കിലും ഉള്ളതായി തോന്നുന്നില്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

17-06-2010-ൽ ആയിരുന്നു ഹിയറിങ്ങ്

എൻക്വയറി ഓഫീസറും പ്രസന്റിങ് ഓഫീസറും ഡെലിൻക്വന്റും മാത്രമാണ് ഹാജരുള്ളത്. മാനേജ്മെന്റിന്റെ പണം വാങ്ങി അവരുടെ ഇംഗിതം നടപ്പാക്കാനിരിക്കുന്ന ഇവരുടെ മുമ്പിൽ ഡെലിൻക്വന്റായ ഞാൻ എന്തു വാദിക്കാനാണ്?

എങ്കിലും ഫലത്തിൽ കാംക്ഷവെക്കാതെ ഞാൻ എന്റെ കർമ്മം ചെയ്തു.

''...സ്ഥാപിതതാത്പര്യക്കാരായ മതാന്ധരെ പ്രീണിപ്പിക്കാൻ ഉൽപതിഷ്ണുവും മതേതരവാദിയുമായ ഒരധ്യാപകനെ ഇല്ലാത്ത കുറ്റം ചുമത്തി ശിക്ഷിക്കുന്നത് അധ്യാപകവർഗ്ഗത്തോടും വിദ്യാർത്ഥിസമൂഹത്തോടും മാത്രമല്ല; വരും തലമുറയോടുപോലും ചെയ്യുന്ന അക്ഷന്തവ്യമായ ഒരു പാതകമായിരിക്കും.''

അങ്ങനെയാണ് ഞാൻ അവസാനിപ്പിച്ചത്.

എന്റെ വാദം കേട്ടിട്ട് പ്രസന്റിങ് ഓഫീസർ അഡ്വ. എൻ.വി. അജയകുമാർ പറഞ്ഞു.

''ഈ വിഷയത്തിൽ മാനേജ്മെന്റ് സാറിനൊപ്പം നില്ക്കേണ്ടതായിരുന്നു.''

അതുകേട്ട് എൻക്വയറി ഓഫീസർ ഒരു നീണ്ട കോട്ടുവായിട്ടു.

മധ്യവേനൽ അവധി കഴിഞ്ഞ് കോളജ് തുറന്നിട്ട് രണ്ടാഴ്ച കഴിഞ്ഞിരുന്നു. അതിനാൽ അടുത്ത ദിവസംതന്നെ വാഴക്കുളം വിശ്വജ്യോതി എൻജിനീയറിങ് കോളജിലായിരുന്ന മാനേജരച്ചനെ കണ്ട് എൻക്വയറി പ്രൊസീഡിങ്സ് തീർന്ന വിവരം അറിയിച്ചു. എത്രയും പെട്ടെന്ന് സസ്പെൻഷൻ പിൻവലിക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തു.

''ഞങ്ങൾ സാറിനെ ശിക്ഷിക്കും. സാറിനു വേണേൽ കേസിനുപോകാം.''

മുഖവുരയൊന്നും ഇല്ലാതെയാണ് മാനേജരച്ചൻ അങ്ങനെ പറഞ്ഞത്.

എൻക്വയറി ഓഫീസറുടെ റിപ്പോർട്ട് ലഭിക്കുന്നതിനു മുമ്പേയുള്ള മാനേജരച്ചന്റെ പ്രസ്താവം എന്നെ അമ്പരപ്പിച്ചു.

വകുപ്പുമേധാവി സ്ഥാനത്തുനിന്നു മാറ്റുകയോ കൂടിപ്പോയാൽ ഒരു ഇൻക്രിമെന്റ് ശമ്പളത്തിൽനിന്ന് കട്ട് ചെയ്യുകയോ ആവും ശിക്ഷ.

എന്തെങ്കിലും ചെയ്യട്ടെ. ഞാൻ സമാധാനിക്കാൻ ശ്രമിച്ചു.

# മുന്നൊരുക്കങ്ങൾ

എറണാകുളത്ത് എൻക്വയറി ഓഫീസറുടെ മുമ്പിൽ പോയിരുന്നത് ഒരിക്കലും തനിച്ചായിരുന്നില്ല. ഭാര്യയോ മകനോ ചേച്ചിയോ എല്ലാവരും കൂടിയോ എന്നോടൊപ്പം പോന്നിരുന്നു. ഒരു വക്കീലിനെ ഏർപ്പാടാക്കിയിരുന്നെങ്കിൽ കൂടെക്കൂടെയുള്ള പോക്ക് ഒഴിവാക്കാമായിരുന്നല്ലോ എന്ന് പിന്നീട് മനസ്താപപ്പെട്ടു. തുടക്കത്തിൽ മാനേജരിൽ പൂർണ്ണ വിശ്വാസമുണ്ടായിരുന്ന എനിക്ക് പിന്നീട് അത് അല്പാല്പമായി നഷ്ടപ്പെട്ടുതുടങ്ങിയപ്പോഴും ഒരു വക്കീലിനെ ഏർപ്പാടാക്കാഞ്ഞത് ബുദ്ധി മോശമായിപ്പോയെന്ന് തോന്നാതിരുന്നില്ല.

എൻക്വയറി പൂർത്തിയായതിനുശേഷം മിക്കവാറും ഞാൻ വീട്ടിൽ തന്നെ കഴിച്ചുകൂട്ടി. എന്നെ കാണാൻ ചുരുക്കം ചില സുഹൃത്തുക്കൾ മാത്രമാണ് വീട്ടിൽ വന്നിരുന്നത്. എന്റെ കാര്യം സംസാരിക്കാൻതന്നെ ആളുകൾ ഭയപ്പെടുന്നതായി നിർമ്മല കോളജിലെ ഒരു പ്രൊഫസർ വീട്ടിൽ വന്നപ്പോൾ എന്നോടു പറഞ്ഞു. കാരണം, ആളുകൾ അതുമിതും പറയുന്നുണ്ടത്രേ. ഞാൻ ആക്രമിക്കപ്പെടുമെന്നുതന്നെയാണ് അവർക്കു കിട്ടുന്ന സൂചനകൾ. ഞാനാകട്ടെ അതിനെക്കുറിച്ച് കൂടുതലായി തെരക്കാനോ ആലോചിച്ച് ഭയചകിതനാകാനോ മെനക്കെട്ടില്ല.

ഇപ്പോൾ എനിക്ക് അൻപത്തിരണ്ട് വയസ്സായി. ഈ കാലമത്രയും ആരുടെ മുമ്പിലും മുട്ടുമടക്കാതെ തന്റേടത്തോടെയാണ് ജീവിച്ചുപോന്നത്. അതും തനിക്ക് ഇഷ്ടമുള്ള രീതിയിൽ. അൻപത്തിരണ്ട് വയസ്സെന്നുള്ളത് സാമാന്യം ഭേദപ്പെട്ട മനുഷ്യായുസ്സാണ്. ഒരു തെറ്റും ചെയ്യാത്ത എത്രയോ ആളുകൾ കൗമാരദശയിലും യൗവനകാലത്തും കൊല്ലപ്പെട്ടിരിക്കുന്നു!

ഞാൻ കൊല്ലപ്പെടുന്നതിനെക്കുറിച്ച് എനിക്കുണ്ടായിരുന്ന ഏക സങ്കടം, തെറ്റൊന്നും ചെയ്യാത്ത ഞാൻ മതഭ്രാന്തന്മാരാൽ കൊല്ലപ്പെടുമ്പോൾ സമ്പൂർണ്ണ സാക്ഷരരായ 'ദൈവത്തിന്റെ സ്വന്തം നാട്ടിലെ' പ്രജകളുടെ പ്രതികരണം എന്തന്നറിയാൻ ഒക്കുകില്ലല്ലോ എന്നു മാത്രമായിരുന്നു.

എന്റെ തൊഴിൽവരുമാനത്തെ മാത്രം ആശ്രയിച്ചുകഴിയുന്ന കുടുംബത്തിന്റെ ഭാവിയെക്കുറിച്ചും ഞാൻ ആലോചിക്കാതിരുന്നില്ല. ഭാവിയിൽ അവരുടെ സാമ്പത്തികഭദ്രതയ്ക്ക് ഞാൻ ജീവിച്ചിരിക്കുന്നതാണോ മരിക്കുന്നതാണോ നല്ലതെന്നു പറയാൻ പറ്റാത്ത അവസ്ഥയാണിപ്പോൾ. വിദൂര സാധ്യതയാണെങ്കിൽപ്പോലും മാനേജ്മെന്റ് എന്നെ ജോലിയിൽനിന്ന് പിരിച്ചുവിട്ടാൽ എന്റെയും കുടുംബത്തിന്റെയും അവസ്ഥ വളരെ പരിതാപത്തിലാകും. മരണപ്പെട്ടാലോ? സസ്പെൻഷനിൽ ഇരിക്കുന്ന ആൾ

മരണപ്പെട്ടാൽ എന്താണ് നിയമമെന്ന് കെ.എസ്.ആർ. (കേരള സർവീസ് റൂൾസ്) വീണ്ടും വായിച്ച് ഞാൻ ഉറപ്പുവരുത്തി. അങ്ങനെ സംഭവിച്ചാൽ സസ്പെൻഡുചെയ്യപ്പെട്ട തീയതിമുതൽ മരണദിവസംവരെ ഡ്യൂട്ടി ചെയ്തതായി എല്ലാക്കാര്യത്തിനും പരിഗണിക്കുമത്രേ. പിന്നീട് നിയമാനുസൃതമായ ഫാമിലിപെൻഷൻ അതായത്, അവസാനശമ്പളത്തിന്റെ നാല്പതു ശതമാനം മുറപോലെ കിട്ടുകയും ചെയ്യും. മാത്രമല്ല, മരണപ്പെട്ട ആളിന്റെ റിട്ടയർമെന്റ് തീയതി വരെയോ അല്ലെങ്കിൽ ഏഴു വർഷമോ ഏതാണു കുറവെങ്കിൽ ആ കാലത്തേക്ക് അവസാനശമ്പളത്തിന്റെ അമ്പതു ശതമാനമായിരിക്കും ഫാമിലിപെൻഷൻ.

അത്രയൊക്കെ കിട്ടിയാൽ മതിയെന്ന് ഞാൻ വിചാരിച്ചു. അതുകൊണ്ടൊക്കെ അല്ലലില്ലാതെ കഴിഞ്ഞോളും. മാത്രമല്ല, ഞാൻ മരിച്ചുകഴിഞ്ഞാൽ അതിന്റേതായ ഒരു കുറവ് അവർക്ക് അനുഭവപ്പെടുകയും ചെയ്യണമല്ലോ. അതല്ലേ അതിന്റെയൊരു ഇത്?

ഭവനവായ്പ, മകൾ ആമിയുടെ വിദ്യാഭ്യാസവായ്പ എന്നിവയല്ലാതെ വലിയ കടങ്ങളൊന്നുമില്ല. എന്റെ പ്രോവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി, ലീവ് സറണ്ടർ എന്നിവയൊക്കെ കിട്ടുമ്പോൾ ആ കടങ്ങളൊക്കെ നിഷ്പ്രയാസം വീട്ടാവുന്നതേയുള്ളൂ.

എൻജിനീയറിങ് ബിരുദമെടുത്തശേഷം മകൻ മിഥുൻ ആലുവ എസ്.സി.എം.എസിൽ എം.ബി.എയ്ക്ക് അഡ്മിഷൻ എടുത്തിരിക്കുകയാണ്. അതിനുവേണ്ടിയുള്ള വിദ്യാഭ്യാസലോണിന് ബാങ്കിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ഒരു വിൽപത്രം എഴുതുന്നതിനെക്കുറിച്ചും ഞാൻ ആലോചിച്ചു. എന്റെ സ്ഥാവരജംഗമസ്വത്തുക്കളും സർവ്വീസ് സംബന്ധമായി കിട്ടാനുള്ള പണവും ഭാര്യ, മകൻ, മകൾ എന്നിവർക്ക് തുല്യമായി നിജപ്പെടുത്താനായിരുന്നു എന്റെ പ്ലാൻ. ക്രിസ്ത്യൻ പിന്തുടർച്ചാവകാശ നിയമമനുസരിച്ച് വസ്തുവകകളുടെ മൂന്നിലൊന്ന് ഭാര്യയ്ക്കും ബാക്കി മൂന്നിൽ രണ്ടുഭാഗം മക്കൾക്കുമാണ് അവകാശമെന്നുള്ളതിനാൽ അങ്ങനെയൊരു വിൽപത്രത്തിന്റെ ആവശ്യമില്ലെന്ന് പിന്നീട് തീരുമാനിച്ചു.

ബാങ്ക് പാസ് ബുക്കുകൾ, കടബാധ്യതകളുടെ രേഖകൾ, പ്രമാണങ്ങൾ, മറ്റു കണക്കുകൾ എന്നിങ്ങനെയുള്ളതെല്ലാം ഒരുമിച്ച് ഒരു കവറിലാക്കി ഭാര്യയുടെയും മകന്റെയും അറിവോടെ അലമാരയിൽ സൂക്ഷിച്ചു. സാമ്പത്തിക കാര്യങ്ങളിൽ ബന്ധുക്കളുടെ ഉപദേശങ്ങളെക്കാൾ അഭികാമ്യം സുഹൃത്തുക്കളുടെ അഭിപ്രായങ്ങളാണെന്ന് അവരെ ഓർമ്മിപ്പിച്ചു.

മുരിക്കാശ്ശേരി പാവനാത്മ കോളജിൽ എനിക്കു ജോലി ലഭിക്കുന്ന കാലം മുതൽ എനിക്കു സൗഹൃദമുള്ള നിർമ്മലകോളജിലെ ഒരു ഹിന്ദി പ്രൊഫസർ ആയിടയ്ക്ക് എന്നെ കാണാൻ വന്നു. എനിക്കുനേരേ ഉണ്ടാകാൻ സാധ്യതയുള്ള

ആക്രമണത്തെക്കുറിച്ച് സൂചന തന്നിട്ട് എനിക്കതിലൊന്നും ഭയമില്ലേ എന്ന് ആ സുഹൃത്ത് വിഷമത്തോടെ എന്നോടു ചോദിച്ചു. 'ഭയന്നിട്ടെന്തു കാര്യം?' എന്നാണ് ആദ്യം പ്രതികരിച്ചതെങ്കിലും ചില മുൻകരുതലൊക്കെ എടുത്തിട്ടുണ്ടെന്നു പറഞ്ഞ് അദ്ദേഹത്തെ ഞാൻ സമാധാനിപ്പിച്ചു.

അടുത്തൊരു ദിവസം ഞങ്ങളുടെ ഇടവകവികാരിയായ ഫാ. ജോർജ് പൊട്ടയ്ക്കൽ അയൽക്കാരനായ എം.സി. ജോസഫ് സാർ മുഖേന എന്നെ കാണണമെന്ന ആഗ്രഹം അറിയിച്ചു. പിറ്റേന്നു രാവിലെ ഒമ്പതുമണിക്ക് വരാമെന്നു പറഞ്ഞത് ഞാൻ സമ്മതിച്ചു.

പക്ഷേ, അരമണിക്കൂർ നേരത്തേ വികാരിയച്ചൻ എത്തി. പ്രഭാതഭക്ഷണം കഴിക്കുകയായിരുന്നു ഞാനപ്പോൾ. കപ്പയും മീൻകറിയുമായിരുന്നു വിഭവം. അതു കഴിക്കാൻ ഞാൻ അച്ചനെയും ക്ഷണിച്ചു. എന്റെ ക്ഷണം മാനിച്ച് അച്ചൻ അല്പം കപ്പയും മീനും കഴിക്കാൻ കൂടുകയും ചെയ്തു.

എനിക്കെതിരേ ഏതോ ഇസ്‌ലാമികകോടതിയുടെ 'ഫത്‌വാ' ഉണ്ടെന്ന് കേട്ടതുകൊണ്ടാണ് അച്ചന് എന്നെ കാണണമെന്ന് തോന്നിയതത്രേ. നമ്മൾ ജീവിക്കുന്നത് ഇൻഡ്യാമഹാരാജ്യത്തുള്ള കേരള സംസ്ഥാനത്തിലാണോ അതോ അറബിനാട്ടിലെ ഏതെങ്കിലും മുസ്‌ലിം രാഷ്ട്രത്തിലാണോ എന്ന് ഒരു നിമിഷം ഞാൻ ശങ്കിച്ചുപോയി.

എന്റെ കൈയും കാലും വെട്ടാനാണത്രേ 'ഫത്‌വാ'. ഏതായാലും അതിനെക്കുറിച്ച് കൂടുതലൊന്നും അച്ചൻ പറഞ്ഞില്ല; ഞാൻ ചോദിച്ചതുമില്ല.

എന്റെ ചേച്ചി സിസ്റ്റർ മാരിസ്റ്റെല്ലയും അപ്പോൾ വീട്ടിലുണ്ടായിരുന്നു. സിസ്റ്റർ ജോലിചെയ്തിരുന്ന ന്യൂസിലാൻഡിനെക്കുറിച്ചും മറ്റും ഒരു മണിക്കൂറോളം ഞങ്ങൾ സംസാരിച്ചിരുന്നു. എന്നാൽ ഞാൻ അല്പമൊന്ന് കരുതിയിരിക്കണമെന്നു പറയാൻ അച്ചൻ വിട്ടുപോയി.

പരീക്ഷയിൽ ഒന്നാം റാങ്കുനേടുകയോ ലോട്ടറി അടിക്കുകയോ ജീവിതത്തിൽ മറ്റെന്തെങ്കിലും ഉന്നതി ലഭിക്കുകയോ ചെയ്യുന്നവരെ നേരിൽ കാണാനും അഭിനന്ദിക്കാനും ആളുകൾ വരാറുണ്ട്. അതുപോലെയുള്ള ഒരു സംഭവമാണോ ഈ 'ഫത്‌വാ'?

അച്ചൻ പോയിക്കഴിഞ്ഞപ്പോൾ ഞാൻ വെറുതെ നർമ്മം ചിന്തിച്ചു.

അടുത്ത ദിവസം മൂവാറ്റുപുഴ ടൗണിൽവെച്ച് ചിലരെല്ലാം എന്നെ സവിശേഷമായി നോക്കുന്നതു കണ്ടു. ഗോപ്യമായ അംഗവിക്ഷേപത്താൽ അടുത്തു നിൽക്കുന്നവർക്ക് എന്നെ കാണിച്ചുകൊടുക്കാൻ ശ്രമിക്കുന്നുമുണ്ട്.

കൊല്ലപ്പെടാൻ പോകുന്നവന്റെ നേരേയുള്ള നിസ്സംഗതയാണോ അതോ സഹതാപമാണോ അവരുടെ കണ്ണുകളിൽ?

എന്തുമായിക്കോട്ടെ. ഒന്നുമറിയാത്തവനെപ്പോലെ ഞാൻ എന്റെ പാട് നോക്കി നടന്നു.

സന്ത്രാസത്തിന്റെ ആ നാളുകളിൽ ഞങ്ങൾക്കെല്ലാം തുണയും ആശ്വാസവുമായിരുന്നു ലീവിനു വീട്ടിലെത്തിയ ചേച്ചി സിസ്റ്റർ മാരിസ്റ്റെല്ല. ഒരാഴ്ചമുമ്പ് ചേച്ചി മടങ്ങിപ്പോകേണ്ടതായിരുന്നു. എന്നാൽ വല്ലാത്തൊരു സന്ദിഗ്ധാവസ്ഥയിൽ ഞങ്ങളെ വിട്ടിട്ടുപോകാൻ മനസ്സുവരാതെ ചില പ്രോഗ്രാമുകൾ കാൻസൽ ചെയ്ത് രണ്ടാഴ്ചകൂടി വീട്ടിൽ നില്ക്കാൻ ചേച്ചി തീരുമാനിക്കുകയായിരുന്നു. അതും അവസാനിക്കാറായി. പോകുന്നതിനുമുമ്പ് കോതമംഗലം ബിഷപ്സ് ഹൗസിൽ പോയി മെത്രാനച്ചനെ കണ്ട് എന്റെ സസ്പെൻഷൻ കാര്യത്തിൽ ഒരു തീർച്ചയുണ്ടാക്കണമെന്ന് ചേച്ചി തീരുമാനിച്ചു.

02-07-2010 രാവിലെ ഒമ്പതു മണിയോടെ ഞാനും ചേച്ചിയും കൂടി ബിഷപ്സ് ഹൗസിലേക്കു പുറപ്പെട്ടു. കാർ ഓടിച്ചിരുന്നത് ഞാനാണ്. മൂവാറ്റുപുഴ ടൗണിൽ പ്രവേശിക്കാതെ 'ചാലിക്കടവ്' പാലം കടന്നുള്ള ബൈപ്പാസിലൂടെ പോകാനാണ് ഞങ്ങൾ പ്ലാനിട്ടത്. പാലം എത്തുന്നതിനുമുമ്പ് 'രണ്ടാർ' എന്ന സ്ഥലത്തെത്തിയപ്പോൾ ഞങ്ങളുടെ പിന്നാലെ ഒരു മോട്ടോർ ബൈക്ക് ചീറിപ്പാഞ്ഞുവരുന്നത് കാറിന്റെ സൈഡ് മിററിലൂടെ ഞാൻ കണ്ടു. മുൻസീറ്റിൽ കറുത്തുതടിച്ച ഒരാളും പിൻസീറ്റിൽ താരതമ്യേന മെല്ലിച്ച ആളുമാണ് ഉണ്ടായിരുന്നത്. പിൻസീറ്റുകാരന്റെ കൈയിൽ കാതോടു ചേർത്തുവെച്ച ഒരു മൊബൈൽ ഫോണുണ്ടായിരുന്നു. അധികം വീതിയില്ലാത്ത റോഡായതിനാൽ അവർക്ക് കടന്നുപോകാൻ പാകത്തിൽ ഞാൻ കാറിന്റെ വേഗം കുറച്ച് ഇടതുവശത്തേക്ക് ഒതുക്കി. എന്നാൽ അവർ കടന്നുപോകാൻ കൂട്ടാക്കാതെ ഞങ്ങളുടെ പിന്നാലെതന്നെ കൂടി. അവരുടെ നടപടിയിൽ സംശയം തോന്നിയ ഞാൻ വേഗം കൂട്ടി. അപ്പോൾ അവരും വേഗം കൂട്ടി കാറിന്റെ പിറകിലായിത്തന്നെ തുടർന്നു. കാറിനുനേരേ ബോംബ് എറിയാനോ മറ്റോ ആണോ അവർ ലക്ഷ്യം വെക്കുന്നതെന്നു ഭയന്ന ഞാൻ അമിത വേഗത്തിൽ കാറോടിച്ചു. അപ്പോൾ അവരും അമിതവേഗത്തിൽ തന്നെ ഞങ്ങളെ പിന്തുടർന്ന് ദേശീയപാതയിലത്തി. മൂന്നുനാലു കിലോമീറ്റർ പിന്നിട്ടപ്പോൾ ഇടയ്ക്കിടെ കാറിന്റെ റിയർവ്യൂമിററിൽ നോക്കിക്കൊണ്ടിരിക്കുന്ന എനിക്ക് അവർ വലതുവശത്തുള്ള ഒരു ഇടറോഡിലൂടെ തിരിഞ്ഞുപോകുന്നതു കാണാൻ കഴിഞ്ഞു. അതോടെ സാധാരണ വേഗത്തിലേക്കായി.

കാറിനെ പിന്തുടർന്ന ബൈക്ക് യാത്രക്കാരെ ശ്രദ്ധിക്കാതെ വേറെന്തോ ആലോചിച്ചിരുന്ന ചേച്ചി, ഇങ്ങനെ അമിതവേഗത്തിൽ കാറോടിച്ചത് എന്തിനാണെന്ന് എന്നോടു ചോദിച്ചു. അപ്പോഴും ഭയം വിട്ടൊഴിയാതിരുന്ന ഞാൻ ചേച്ചിയോട് കാര്യം പറഞ്ഞു. അതുകേട്ട ചേച്ചി മൗനാവലംബിയായി. പ്രാർത്ഥിക്കുകയാവും; ഞാൻ വിചാരിച്ചു.

ബിഷപ്സ് ഹൗസിന്റെ കവാടത്തിൽ ചേച്ചിയെ ഇറക്കിവിട്ടിട്ട് ദേശീയപാതയുടെ ഓരത്ത് വണ്ടിയിൽത്തന്നെ ഞാനിരുന്നു. ചേച്ചി

എന്നോടൊപ്പമാണ് വന്നതെന്ന് ബിഷപ് ഹൗസിലുള്ളവർ അറിയേണ്ട എന്നു വിചാരിച്ചാണ് അങ്ങനെ ചെയ്തത്.

എപ്പോൾ വേണമെങ്കിലും ആക്രമിക്കപ്പെടാം എന്ന ചിന്തയോടെയാണ് ഞാൻ കാറിലിരുന്നത്. ഒരു മണിക്കൂറോളം കഴിഞ്ഞാണ് ചേച്ചി മടങ്ങിയെത്തിയത്. ചേച്ചിയുടെ മുഖം ഒട്ടും പ്രസന്നമായിരുന്നില്ല.

കാത്തോലിക്ക സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്കായി ജീവിതം സമർപ്പിച്ച ചേച്ചി, തന്റെ പ്രവർത്തനമണ്ഡലത്തെക്കുറിച്ച് ആമുഖമായി പറഞ്ഞിട്ട് തന്റെ സഹോദരൻ തരണം ചെയ്തുകൊണ്ടിരിക്കുന്ന ദുർഘടത്തെക്കുറിച്ച് മെത്രാൻ മാർ ജോർജ് പുന്നക്കോട്ടിലിനോട് വിവരിച്ചു. ഞങ്ങൾ മൂന്നു സഹോദരിമാർക്ക് ജീവിച്ചിരിക്കുന്ന ഒരു സഹോദരൻ മാത്രമേ ഉള്ളുവെന്നും, വൃദ്ധയും 'ഡിമെൻഷ്യ'രോഗബാധിതയുമായ അമ്മയെ നോക്കാൻ അവൻ മാത്രമേ ഉള്ളുവെന്നും മെത്രാനച്ചനെ ചേച്ചി അറിയിച്ചു. മക്കൾ രണ്ടാളും ഏറെ പണച്ചെലവുള്ള പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിച്ചുകൊണ്ടിരിക്കുകയുമാണ്. അതിനാൽ മറ്റു വരുമാനമാർഗ്ഗങ്ങളില്ലാത്ത തന്റെ സഹോദരന്റെ സസ്പെൻഷൻ പിൻവലിച്ച് അവനെ ജോലിയിൽ പ്രവേശിപ്പിക്കണമെന്ന് കോളജിന്റെ രക്ഷാധികാരിയായ അഭിവന്ദ്യ തിരുമേനിയുടെ മോതിരക്കൈ മുത്തി ഇശോമിശിഹായുടെ നാമത്തിൽ അപേക്ഷിച്ചിട്ടും ആ മഹാഇടയൻ നിർമ്മമനായി ഇരുന്നതേയുള്ളുവത്രേ.

## പരശുരാമന്റെ മഴു

**2010 ജൂലൈ നാല്**

വെളുപ്പിന് നാലുനാലര ആയിക്കാണും. ഇടിമുഴക്കം കേട്ടാണ് ഞാൻ ഉണരുന്നത്. ഒരുവിധം നന്നായി മഴ പെയ്യുന്നുണ്ട്. നീണ്ടുനിന്ന ഒരു ഇടിക്കുടുക്കത്തിൽ വീടാകെ വിറയ്ക്കുന്നതുപോലെ തോന്നി. പുതപ്പിനുള്ളിൽ ഉറങ്ങാനുള്ള ശ്രമം വീണ്ടും നടത്തിയെങ്കിലും വിജയിച്ചില്ല.

ഇന്ന് ഞായറാഴ്ചയാണ്. ഇന്നലെ സെന്റ് തോമസ് ദിനമായിട്ടും പള്ളിയിൽ പോയില്ല. ഇന്നൊന്നു പോയാലോ? പെട്ടെന്നൊരു ഉത്സാഹവും ധൈര്യവും എന്നിലുണർന്നു.

പള്ളിയിൽ പോകുന്നതും സിനിമയ്ക്കു പോകുന്നതുമാണ് ഏറെ അപകടകരം എന്ന് നിരൂപിച്ചുറപ്പിച്ചതാണ്. എന്നാൽ എത്ര കാലമാണ് ഇപ്രകാരം ഭയന്നു ജീവിക്കുന്നത്?

ഒരാളെ കൊല്ലണമെന്ന് മറ്റൊരാൾ നിശ്ചയിച്ചുറപ്പിച്ചാൽ അതിൽ നിന്നുള്ള രക്ഷ, രണ്ടാമന്റെ മനസ്സുമാറ്റത്തിലൂടെ മാത്രമേ സാധ്യമാവൂ എന്ന് എവിടെയോ വായിച്ചത് ഞാനപ്പോൾ ഓർത്തു.

എന്നെ വേട്ടയാടുവാൻ തക്കം പാർത്തിരിക്കുന്നവരുടെ മനസ്സ് മാറണേ എന്ന പ്രാർത്ഥനയോടെ ഞാൻ എണീറ്റ് ലൈറ്റിട്ടു. സമയം അഞ്ചര. മഴ ഇപ്പോഴും തോരാതെ പെയ്യുകയാണ്.

ആദ്യത്തെ കുർബ്ബാന ആറരമണിക്ക്. ഞാൻ കുളിച്ച് ഡ്രസ് ചെയ്തുവന്നപ്പോഴേക്കും കട്ടൻചായ റെഡി. അമ്മയും സിസ്റ്റർ മാരിസ്റ്റെല്ലയും എന്നോടൊപ്പം പോരാനിറങ്ങി. ഭാര്യയും മക്കളും ഒമ്പതരയ്ക്കുള്ള കുർബ്ബാനയ്ക്കാണ് പോകുക പതിവ്. പള്ളിയിലേക്ക് നടന്നുപോകാനുള്ള ദൂരമേ ഉള്ളുവെങ്കിലും മഴയായതിനാൽ കാറെടുക്കുവാൻ തീരുമാനിച്ചു. ഗേറ്റ് കടന്ന് റോഡിലേക്കിറങ്ങിയപ്പോൾ പ്ലാസ്റ്റിക് കൂടിൽ എന്തോ പൊതിഞ്ഞു പിടിച്ചുകൊണ്ട് പരിചയമില്ലാത്ത ഒരാൾ കടന്നുപോകുന്നത് അല്പം സംശയത്തോടെയാണ് ഞാൻ നോക്കിയത്. എന്നിൽ ഉറഞ്ഞു കിടക്കുന്ന ഭയമോ മനസ്സിന്റെ കരുതലോ ആവാം ആ സംശയത്തിന്റെ പിന്നിലെന്ന് ഞാൻ സമാധാനിച്ചു.

കുർബ്ബാന കഴിഞ്ഞപ്പോൾ സമയം എട്ടുമണിയോടടുത്തു. അപ്പോഴേക്കും മഴയൊക്കെ മാറിയിരുന്നു. പള്ളിമുറ്റത്തുവെച്ച് പലരോടും കുശലം പറഞ്ഞു. അവരിലൊരാൾ, പണ്ട് കോളജിൽ ജോലി കിട്ടുന്നതിനു മുമ്പ് പാരലൽ കോളജിൽ പഠിപ്പിച്ചിരുന്ന കാലത്തെ എന്റെ ഒരു ശിഷ്യനായിരുന്നു. അദ്ദേഹം ഗവൺമെന്റ് സ്കൂളിൽ അധ്യാപകനാണിപ്പോൾ. ചോദ്യപേപ്പർ

വിവാദമുണ്ടായതിനുശേഷം ഞങ്ങൾ തമ്മിൽ ആദ്യം കാണുകയായിരുന്നു. സാറിന്റെ ഭാഗത്ത് തെറ്റൊന്നുമില്ലെങ്കിലും നമ്മുടെ സമൂഹത്തിന്റെ ചിന്താശേഷി നാൾക്കുനാൾ കുറഞ്ഞുവരുന്നതുകൊണ്ട് സാർ സൂക്ഷിക്കണമെന്ന് ആ ശിഷ്യൻ പറഞ്ഞപ്പോൾ എന്തു പറയണമെന്നറിയാതെ പുഞ്ചിരി പൊഴിക്കാനേ എനിക്കു കഴിഞ്ഞുള്ളു.

കുർബ്ബാന കഴിഞ്ഞ് കാൽനടയായി മടങ്ങുന്നവരെ സാവധാനത്തിൽ മറികടന്ന് ഞങ്ങൾ പോരികയാണ്. പള്ളിയുടെയും വീടിന്റെയും ഇടയിലായി ഒരു പബ്ലിക് സ്കൂളുണ്ട്. സ്കൂൾഗ്രൗണ്ടിന്റെ ഇടതുവശത്ത് പതിനഞ്ചടി ഉയരത്തിലുള്ള തിട്ടയിലൂടെയാണ് റോഡ് പോകുന്നത്. സ്കൂളും ഗ്രൗണ്ടും തീരുന്നിടത്ത് ഇടതു തിരിഞ്ഞ് അമ്പതു മീറ്റർ ചെന്നാൽ ഞങ്ങളുടെ വീടായി.

സ്കൂൾ പ്രാന്തത്തിലെ റോഡിലൂടെ ഞങ്ങൾക്കെതിരായി പ്രായമായെങ്കിലും പരിഷ്കാരിയായ ഒരു സ്ത്രീ വരുന്നതു കണ്ടു. നരച്ച മുടി ഡൈ ചെയ്യാറുണ്ടെങ്കിലും അക്കാര്യത്തിൽ ഒരിക്കലും അവർ കൃത്യനിഷ്ഠ പുലർത്തിയിരുന്നില്ല. അതിനാൽ അവരെ കാണുമ്പോഴൊക്കെ 'വെണ്മയുടെ പര്യായം', 'ഇരുട്ടിന്റെ ആത്മാവ്', 'കിഴക്ക് വെള്ളകീറി', 'പാതിരാവും പകൽവെളിച്ചവും', 'നിഴലും നിലാവും' എന്നിങ്ങനെ യുള്ള ഇമേജറികൾ എന്റെ മനസ്സിലേക്ക് മാറിമാറി കടന്നുവരുമായിരുന്നു. ഇന്നാകട്ടെ, പാതിരാവും പകൽവെളിച്ചവുമായാണ് അവർ കടന്നുപോയത്. അതു പറഞ്ഞ് ചിരിച്ച് ഞങ്ങൾ വായ്പൂട്ടിയില്ല, അതിനു മുമ്പ് എതിർദിശയിൽനിന്ന് ചീറിപ്പാഞ്ഞുവന്ന ഒരു വെളുത്ത മാരുതി വാൻ ഞങ്ങൾക്ക് തിരിയേണ്ട റോഡിലേക്ക് വെട്ടിച്ചുകയറ്റി ഞങ്ങളെ ബ്ലോക്കു ചെയ്തുകൊണ്ട് പെട്ടെന്നു നിർത്തി. ഒപ്പം ഞങ്ങളുടെ വണ്ടിയും നിന്നു. അവിടെയിട്ട് വണ്ടി തിരിക്കാനാണ് അവരുടെ പുറപ്പാടെന്നാണ് ഞാൻ ആദ്യം വിചാരിച്ചത്. റോഡ് നിയമങ്ങൾ തെറ്റിച്ചുള്ള അവരുടെ നടപടിയിൽ ഒരു ഡ്രൈവർ എന്ന നിലയിലുള്ള എന്റെ പ്രതിഷേധം നീണ്ട ഒരു ഹോണിലൂടെ ഞാൻ മുഴക്കി.

പെട്ടെന്ന് വാനിന്റെ ഡോറുകൾ തുറന്ന് ആറ് ആളുകൾ പുറത്തേക്കിറങ്ങി. അവരുടെ തിടുക്കവും മുഖത്തെ ക്രൗര്യവും കണ്ട ഞാൻ 'ഇക്കുറി പെട്ടുപോയല്ലോ' എന്നു വിചാരിച്ചു. എന്റെ അടുത്തേക്ക്, ഓടിയടുക്കുന്ന ഒന്നാമൻ തോൾസഞ്ചിയിൽ നിന്ന് ഒരു 'മഴു' എടുക്കുന്നത് ഞാൻ കണ്ടു. 'പരശുരാമന്റെ മഴുപോലെ ഉണ്ടല്ലോ' എന്ന ഒരു ചിന്തയും അപ്പോൾ എന്നിൽ മിന്നിപ്പൊലിഞ്ഞു. കാറിനടുത്തേക്ക് മഴുവുമായി എത്തിയ ആൾ ഡ്രൈവർ സീറ്റിനടുത്തുള്ള ഡോറിൽ പിടിച്ച് തുറക്കാൻ നോക്കി. അപ്പോഴേക്കും അയാൾക്കു പിന്നിൽ കയ്യിൽ കഠാരയുമായി വേറൊരാളും ഓടിവന്ന് നിലയുറപ്പിച്ചു.

ആ സമയം മൂന്നാളുകൾ ചേച്ചി ഇരുന്ന ഇടതുവശത്തെ ഡോറിനടുത്തേക്കും പാഞ്ഞെത്തിയിരുന്നു. രണ്ടുപേർ വാക്കത്തിയും മൂന്നാമൻ കഠാരയും പിടിച്ചിരുന്നു.

മറ്റൊരാൾ പ്ലാസ്റ്റിക്ക് കൂട്ടിലുള്ള എന്തോ സാധനവുമായി കാറിന്റെ മുമ്പിലായും നിലയുറപ്പിച്ചു.

കാറിന്റെ ഇരുവശത്തെ ഡോറുകളും ചില്ലുകൾ ഉയർത്തിയ നിലയിൽ ലോക്കു ചെയ്തിരുന്നു. എന്നിരുന്നാലും ഞങ്ങൾക്കരികിലുള്ള ഡോറുകൾ ഞാനും ചേച്ചിയും ആവുന്നത്ര ബലത്തിൽ ഉള്ളിലേക്ക് വലിച്ചു പിടിച്ചു.

അടുത്ത നിമിഷം മഴുകൊണ്ടുള്ള വെട്ടേറ്റ് എന്റെ വശത്തുള്ള ഡോറിന്റെ ഗ്ലാസ് തകർന്നുവീണു. അക്ഷണത്തിൽതന്നെ വാക്കത്തിക്കൊണ്ടുള്ള വെട്ടിൽ ചേച്ചിയുടെ വശത്തെ ചില്ലും തകർന്നു. രണ്ടാം വാക്കത്തിക്കാരൻ കാറിന്റെ മുൻവശത്തെ ചില്ല് വെട്ടിപ്പൊട്ടിച്ചെങ്കിലും അത് അടർന്നുവീണില്ല.

ചില്ലില്ലാത്ത ഡോറിലൂടെ മഴു അകത്തേക്കിട്ട് ഒന്നാമൻ എന്നെ 'തുരുതുരാ വെട്ടാൻ തുടങ്ങി. അതോടെ ചേച്ചിയും അമ്മയും ആവുന്നത്ര ശബ്ദത്തിൽ ''രക്ഷിക്കണേ... ഓടിവായോ...'' എന്ന് നിലവിളി തുടങ്ങി. ഞാനാകട്ടെ ശരീരം ആവുന്നത്ര ഉള്ളിലേക്ക് ഒതുക്കിക്കൊണ്ട് മഴുവിന്റെ പിടിയിൽ കടന്നുപിടിക്കാനുള്ള ഒരു ശ്രമം നടത്തി. ഒന്നു രണ്ടു തവണ എനിക്കു പിടികിട്ടിയെങ്കിലും എന്റെ കൈകൾ വിട്ടുപോയി. ഇരുകൈകളിലും വെട്ടേറ്റ് മാസവും ഞരമ്പുകളും മുറിഞ്ഞു മറിഞ്ഞപ്പോൾ എന്റെ കൈകൾ പൊങ്ങാതായി. പിൻസീറ്റിലിരുന്ന എന്റെ അമ്മ ഒരു മടക്കുകുടകൊണ്ട് എന്നെ വെട്ടുന്ന കൈയിൽ അടിച്ചുകൊണ്ട് അലറിക്കരഞ്ഞെങ്കിലും ഒരു ദീനശബ്ദമേ പുറത്തുവന്നുള്ളു.

എന്റെ കൈകൾ പൊങ്ങാതായതോടെ മഴു പിടിച്ചയാൾ കൈ ഉള്ളിലേക്കിട്ട് കാറിന്റെ ഡോർ തുറന്നു. അപ്പോഴേക്കും ചേച്ചിയുടെ വശത്തു നിന്നിരുന്ന വാക്കത്തി പിടിച്ച രണ്ടാളുകളും അങ്ങോട്ടുവന്നു. നാലുപേർകൂടി എന്നെ പുറത്തേക്ക് വലിച്ചെടുത്ത് കാറിന്റെ പിന്നിലോട്ട് വലിച്ചുകൊണ്ടുപോയി.

എന്റെ അടുത്തേക്കു വരാനായി ഡോർ തുറന്ന് പുറത്തിറങ്ങിയ ചേച്ചിയെ അവിടെ നിന്നിരുന്ന കഠാരക്കാരൻ ഇടം കൈയാൽ കഴുത്തിനു കുത്തിപ്പിടിച്ച് വലംകൈയിലെ കഠാര നീട്ടിപ്പിടിച്ച് റോഡിന്റെ ഇടതുവശത്തുള്ള കയ്യാലയിലേക്ക് തള്ളി നിറുത്തി.

കാറിന്റെ പിന്നിലേക്ക് അല്പദൂരം എന്നെ വലിച്ചിഴച്ചിട്ട് ഒരു വാക്കത്തിക്കാരൻ എന്റെ ഇടതുകാലിലെ കുതികാൽ ഭാഗത്ത് ആഞ്ഞൊരു വെട്ട്. അതിനുശേഷം കാലിൽ പിടിച്ചു തിരിച്ചിട്ട് അതിനോടു ചേർന്ന് പാദത്തിനു മുകളിലായി മറ്റൊരു വെട്ടും തന്നു. തുടർന്ന് മഴുപിടിച്ച ആൾ എന്റെ ഇടതുചന്തിയോടു ചേർന്ന തുടഭാഗത്ത് മഴുകൊണ്ട് ആഞ്ഞു വെട്ടി. കൂടാതെ ഇടതുകാലിൽതന്നെ കണ്ണയുടെ മുകൾഭാഗത്തും പാദത്തിലും വെട്ടി. മഴുപതിച്ച ആ ഭാഗങ്ങൾ അസ്ഥി ഉൾപ്പടെ മുറിഞ്ഞു. മുറിവുകളിൽനിന്ന് ചീറ്റിയൊലിക്കുന്ന രക്തത്തോടൊപ്പം ജീവനും വാർന്നുപോകുന്നതായി എനിക്കപ്പോൾ തോന്നി. എന്നിൽ പതിക്കാൻവേണ്ടി അയാളുടെ കൈയിലിരുന്ന് വെമ്പുന്ന മഴുവിൽ

ദൃഷ്ടിയൂന്നി ജന്തുസഹജമായ മരണഭയത്തോടെ ''കൊല്ലല്ലേ... കൊല്ലല്ലേ...'' എന്നു ഞാൻ പ്രലപിച്ചു.

പിന്നീട് അവർ എന്നെ തൂക്കിയെടുത്ത് കുറച്ചുകൂടി പിന്നിലേക്ക് കൊണ്ടുപോയി റോഡിന്റെ ഓരത്തായി വിലങ്ങനെ കിടത്തി. ഉടൽ ടാർറോഡിലും തല പുല്ലുള്ള ഭാഗത്തും വരത്തക്കവിധത്തിൽ അവർ എന്നെ മലർത്തിയിട്ടു.

മഴുപിടിച്ച ആൾ, മുറിവേറ്റു തളർന്ന എന്റെ ഇടതുകൈത്തണ്ട എടുത്തുപിടിച്ചിട്ട് വിറകുകൊന്തുന്ന മാതിരി ആഞ്ഞൊരു വെട്ട്. കൈക്കുഴയോട് ചേർന്ന് കൈപ്പത്തിയിൽ ചെരിഞ്ഞു പതിച്ച മഴു, ചെറുവിരൽ ഭാഗത്തെ മൂന്നു വിരലുകൾ കടയറ്റു തൂങ്ങത്തക്കവിധം കൈപ്പത്തിയുടെ മുക്കാൽ ഭാഗത്തോളം എത്തിനിന്നു. ഉദ്ദേശിച്ച കൈമാറിപ്പോയെന്ന് വാക്കത്തിക്കാരൻ സൂചനകൊടുത്തതിനാൽ എന്റെ ഇടതു കൈ അയാൾ പൊടുന്നനെ താഴേക്കിട്ടു.

ആ സമയം വലുതായ ഒരു സ്ഫോടന ശബ്ദം എന്റെ കാതിൽ വന്നലച്ചു. പുകപടലങ്ങൾക്കിടയിൽനിന്ന് കൈയിൽ ഒരു വാക്കത്തിയുമായി മകൻ മിഥുൻ അവിടേക്കു പാഞ്ഞടുക്കുന്നത് ഒരു മിന്നായം പോലെ എന്റെ ദൃഷ്ടിയിൽപെട്ടു. അല്പസമയം കഴിഞ്ഞ് വാക്കത്തിക്കാരിലെ അപരൻ മുറിവുകളാൽ വിവൃതമായ എന്റെ വലതുകൈയുടെ മുട്ടുഭാഗത്തുപിടിച്ച് ടാർ റോഡിൽ ചേർത്തുവെച്ചു. മഴുപിടിച്ച ആൾ കൈത്തണ്ടയുടെ മധ്യഭാഗത്ത് രണ്ടിഞ്ച് അകലത്തിൽ വിപരീത ദിശയിലേക്ക് ചെരിച്ച് രണ്ടു വെട്ടു വെട്ടി. രണ്ടിടത്തും അസ്ഥികൾ മുറിഞ്ഞ് കൈത്തണ്ട മുക്കാൽ ഭാഗം അറ്റു. പിന്നീട് കൈക്കുഴയോടു ചേർന്നു പല തവണ വെട്ടി അവർ എന്റെ വലതുകൈപ്പത്തി മുറിച്ചുമാറ്റി.

പള്ളിയിൽനിന്ന് ഞങ്ങളെത്തുമ്പോഴേക്കും പ്രാതൽ വിളമ്പിവെക്കാനുള്ള ഒരുക്കത്തിലായിരുന്നു ഭാര്യ സലോമി. അടുക്കളയിലായിരുന്ന അവൾ വണ്ടിയുടെ നീണ്ട ഹോൺ കേട്ടിരുന്നു. അല്പസമയത്തിനുശേഷം ഗ്ലാസ്സ് തകരുന്ന ശബ്ദവും തുടർന്ന് നിലവിളിയും. എന്തായിരിക്കും അതെന്ന് ചിന്തിച്ചു നിന്ന അവളെ ക്ഷണത്തിൽ വല്ലാത്തൊരാധി ബാധിച്ചു. ''അച്ഛനെ ആരെങ്കിലും ഉപദ്രവിക്കുന്നതായിരിക്കുമെന്ന്'' പത്രം വായിച്ചുകൊണ്ടിരുന്ന മിഥുനോട് നിലവിളിച്ചു പറഞ്ഞു. അതുകേട്ട മാത്രയിൽ ചാടി എണീറ്റ് അവൻ പുറത്തേക്കു പാഞ്ഞു. അടുത്തമുറിയിൽ പഠിച്ചുകൊണ്ടിരുന്ന മകൾ ആമിയും ഇതെല്ലാം കേട്ട് പുറത്തേക്കോടിയെത്തി അമ്മയോടൊപ്പം മിഥുന്റെ പിന്നാലെ പാഞ്ഞു.

പകുതി വഴി എത്തിയപ്പോൾതന്നെ കാര്യങ്ങൾ അവർക്ക് വ്യക്തമായി. വാതിലുകൾ തുറന്നിട്ട ഒരു മാരുതിവാൻ. അതിനടുത്ത് ചില്ലുകൾ തകർക്കപ്പെട്ട ഞങ്ങളുടെ കാർ. കാറിനരികിൽ ചേച്ചിയുടെ തൊണ്ടയിൽ കുത്തിപ്പിടിച്ചുകൊണ്ടൊരാൾ. അയാളുടെ കൈയിൽ കഠാര. കാറിനു പുറകിലായി മറ്റു ചിലർ. അവരുടെ കൈകളിലും ആയുധങ്ങൾ.

അങ്ങോട്ടടുക്കാൻ ഭയന്ന് റോഡിന്റെ അപ്പുറത്തും ഇപ്പുറത്തുമായി കുറെ ആളുകൾ.

സലോമി മുന്നോട്ടുതന്നെ കുതിച്ചു. എന്നാൽ മിഥുനും ആമിയും തിരിഞ്ഞ് വീട്ടിലേക്കോടി.

മാരുതി വാനിന്റെ സമീപത്തെത്തിയ സലോമിയെ ഒരു കൈയിൽ പ്ലാസ്റ്റിക് സഞ്ചിയും മറുകൈയിൽ പൊതിച്ച തേങ്ങയോളം വലിപ്പമുള്ള നാടൻ ബോംബും പിടിച്ചുനിന്ന ആൾ മുന്നോട്ടു പോകരുതെന്ന ശാസനയോടെ വഴിമുടക്കി നിന്നു. അതു കൂട്ടാക്കാതെ മുന്നോട്ടാഞ്ഞ അവളെ അവിടെ നിന്നിരുന്ന ഒരു അയൽക്കാരി ബലമായി പിടിച്ചുനിർത്തി.

വീട്ടിൽ സൂക്ഷിച്ചിരുന്ന കന്നാരവാക്കത്തികളിൽ ഒരെണ്ണമെടുത്തുകൊണ്ട് മിഥുൻ നിമിഷങ്ങൾക്കകം അവിടേക്കു പാഞ്ഞെത്തി. ബോംബുകാരൻ അവനെയും തടഞ്ഞു. അയാളെ വെട്ടിച്ച് മിഥുൻ മുന്നോട്ടു കുതിച്ചു. ഉടനെ മിഥുന്റെ കാൽച്ചുവട്ടിൽ ബോംബു വീണുപൊട്ടി. നിറഞ്ഞ പുകപടലങ്ങൾക്കിടയിലൂടെ ചേച്ചിയുടെ കഴുത്തിനു പിടിച്ചുനില്ക്കുന്ന കഠാരക്കാരനെയും മറികടന്ന് എന്നെ ആക്രമിക്കുന്നവരുടെ അടുത്തേക്ക് എത്തിയ മിഥുൻ, മഴുപിടിച്ച ആളുടെ പുറത്ത് ആഞ്ഞുവെട്ടി. എന്നാൽ വാക്കത്തിയുടെ ചുണ്ടുമാത്രമാണ് അയാളുടെ പുറത്ത് ആഴത്തിൽ കൊണ്ടത്.

അപ്പോഴേക്കും വാക്കത്തിവീശിക്കൊണ്ട് രണ്ടാളുകൾ മിഥുനെ സമീപിച്ചു. മിഥുൻ രണ്ടുമൂന്ന് ചുവട് പിന്നോക്കം വെച്ചു. ആ സമയത്ത് ചേച്ചിയെ പിടിച്ചുനിർത്തിയിരുന്ന ആൾ ചേച്ചിയെ വിട്ടിട്ടുവന്ന് പുറകിൽ നിന്ന് മിഥുന്റെ കൈകളിൽ പിടുത്തമിട്ടു. പിടിവലിക്കിടയിൽ വാക്കത്തി മിഥുന്റെ കൈയിൽ നിന്നു വീണുപോയി. അപ്പോൾ ബോംബുകാരനും അങ്ങോട്ടുവന്നു. അവർ രണ്ടാളുംകൂടി മിഥുനെ പിടിച്ച് ശക്തിയായി തള്ളി. ആ ആഘാതത്തിൽ അവൻ റോഡിനും പതിനഞ്ചടി താഴെയുള്ള ഗ്രൗണ്ടിനും ഇടയിലുള്ള വേലിയിലേക്ക് മറിഞ്ഞുവീണു. ഇരുമ്പുപൈപ്പിനു മുകളിൽ അറക്കവാളുപോലെയുള്ള ഇരുമ്പുപട്ട പിടിപ്പിച്ച രണ്ടടി മാത്രം ഉയരമുള്ള വേലിയുടെ മറുവശത്ത് പാന്റ്സിന്റെ പോക്കറ്റുടക്കി താഴെ ഗ്രൗണ്ടിലേക്ക് പതിക്കാതെ 'റ'പോലെ അവൻ തൂങ്ങിക്കിടന്നു. ആരെങ്കിലും വന്ന് തന്നെ ഒന്ന് പൊക്കിയെടുത്തിരുന്നെങ്കിലെന്ന് ആഗ്രഹിച്ചുകിടന്ന അവനെ അവരിലൊരാൾ ഉടക്ക് വിടുവിച്ച് താഴേക്കിട്ടു. പതിനഞ്ചടി താഴെ പതിച്ച് അവനേറ്റ പരിക്ക് ഭാഗ്യംകൊണ്ട് അത്ര ഗുരുതരമായില്ല.

താഴെ ഗ്രൗണ്ടിൽനിന്നും മിഥുൻ കയറിവന്നപ്പോഴേക്കും മാരുതിവാൻ വിട്ടുപോയിരുന്നു. അലമുറയിടുന്ന സലോമിയെ ചില സ്ത്രീകൾ പിടിച്ചുവെച്ചിരിക്കുന്നു. ചേച്ചിയും അമ്മയും അസ്തപ്രജ്ഞരായി നിൽക്കുന്നു. ചുറ്റുവട്ടത്ത് അവിടവിടെയായി ആളുകൾ പകച്ചു നില്ക്കുന്നു. ചോരകക്കുന്ന ശരീരവുമായി അവന്റെ അച്ഛൻ റോഡിൽ അനക്കമില്ലാതെ കിടക്കുന്നു.

ഓടിയെത്തിയ അവൻ എന്റെ മേൽ വീണുകിടന്നു കരഞ്ഞു. ''അച്ഛാ... അച്ഛാ...'' എന്നുള്ള വിങ്ങിക്കരച്ചിൽ കേട്ട് ഞാനുണർന്നു. ''അവരൊക്കെ പോയോ'' ഞാനവനോട് ചോദിച്ചു. 'പോയി' എന്ന് അവൻ അറിയിച്ചപ്പോൾ എന്നെ പെട്ടെന്ന് ആശുപത്രിയിൽ കൊണ്ടുപോകാൻ ആവശ്യപ്പെട്ടു. അതുകേട്ടാണ് വാസ്തവലോകത്തേക്ക് ചേച്ചി തിരിച്ചെത്തിയത്. മിഥുൻ പറഞ്ഞതനുസരിച്ച് അയൽക്കാരനായ യുവാവ് പെട്ടെന്ന് ഞങ്ങളുടെ കാർ തിരിച്ചിട്ടു. കാറിന്റെ പിൻസീറ്റിലേക്ക് മിഥുനും ചേച്ചിയും ചേർന്ന് എന്നെ വലിച്ചുകയറ്റാൻ ശ്രമിച്ചപ്പോൾ പരിഭ്രമം വിട്ടുമാറിയില്ലെങ്കിലും ഒരു അയൽക്കാരൻ സഹായത്തിനെത്തി. എന്റെ കൈപ്പത്തികൂടി എടുത്തോളാൻ അതിനിടെ ഞാനവരോടു പറഞ്ഞു. പരിസരത്തിൽ ഉപായത്തിലൊന്ന് നോക്കിയെങ്കിലും അതു കണ്ടെത്താനായില്ല. അതിനാൽ വണ്ടിവിട്ടുപോകാൻ ചേച്ചി നിർദ്ദേശിച്ചു. അതുവഴി വന്ന അയൽക്കാരനായ ഒരു സാറിനോട് കൈപ്പത്തി കിട്ടാത്ത കാര്യം പറയുകയും ചെയ്തു. അപ്പോഴേക്കും എന്റെ ബോധം വീണ്ടും നഷ്ടപ്പെട്ടു.

ഒരു മിനിട്ടാകുന്നതിനു മുമ്പ് ഉറക്കത്തിൽ നിന്നെന്നപോലെ ഞാനുണർന്നു. കഴിഞ്ഞതെല്ലാം ഒരു സ്വപ്നമായിരുന്നല്ലോ എന്ന ആശ്വാസത്തോടെ ഞാൻ കണ്ണുതുറന്നു. ചോരപുരണ്ട വസ്ത്രങ്ങളോടുകൂടിയ ചേച്ചി, കൈപ്പത്തിയില്ലാത്തതും കൊത്തിനുറുക്കപ്പെട്ടതുമായ എന്റെ വലതുകൈത്തണ്ട ഉയർത്തിപ്പിടിച്ചുകൊണ്ടിരിക്കുന്ന കാഴ്ച കണ്ട് ''ഇത് യാഥാർത്ഥ്യമാണല്ലോ'' എന്ന ആകുലചിന്തയോടെ ഞാൻ കണ്ണുകൾ അടച്ചുപിടിച്ചു. വെള്ളം ചോദിച്ചപ്പോൾ വണ്ടിയിൽ സൂക്ഷിച്ചിരുന്ന കുപ്പിയെടുത്ത് എന്റെ വായിലേക്ക് ഒഴിച്ചുതന്നു. വെള്ളം വയറ്റിലെത്തിയതും എന്റെ നാഭിക്കുചുറ്റും ഒരു തീപ്പിടുത്തം അനുഭവപ്പെട്ടതും ഒരുമിച്ചായിരുന്നു. അടിവയർ വെന്തുരുകുന്നതുപോലെയോ സമസ്ത നാഡികളും നാഭിക്കുചുറ്റും കൊളുത്തി വലിക്കുന്നതുപോലെയോ ഉള്ള അസഹ്യമായ വേദനയാൽ ഞാൻ പുളഞ്ഞു.

മൂവാറ്റുപുഴയിലെ സ്വകാര്യ ആശുപത്രിയിലേക്കാണ് എന്നെ ആദ്യമെത്തിച്ചത്. ''എന്റെ ബോധം കെടുത്തിത്തരണേ'' എന്ന് സഹിക്കാനാവാത്ത വേദനയിൽ ഞാൻ അപേക്ഷിച്ചുകൊണ്ടിരുന്നു. അങ്ങനെ ചെയ്താൽ ഇടയ്ക്കെന്തെങ്കിലും സംഭവിച്ചാൽ അറിയില്ലെന്ന് ആരോപറയുന്നതു കേട്ടു. ഏതോ വേദനസംഹാരി കുത്തിവെച്ചിട്ടാവണം വേദനയ്ക്ക് ലേശമൊരു ശമനമുണ്ടായി.

താറുമാറായ വലതുകൈത്തണ്ടയും ഇടതുകൈയും പൊതിഞ്ഞുകെട്ടി. ഇടതുകാൽ പാദത്തിനു മുകളിൽവെച്ച് വെട്ടിയൊടിക്കപ്പെട്ടിരുന്നു. കുതിഞരമ്പും കണങ്കാലിലെ മസിലുകളും മുറിഞ്ഞു വിട്ടിരുന്നു. കാൽവണ്ണയിലും പാദത്തിലും വെട്ടേറ്റതിനാൽ കാൽവിരലുകൾ ചുരുണ്ടുപോയിരുന്നു.

കണ്ണിൽ കണ്ട മുറിവുകളൊക്കെ കെട്ടിവെച്ച് പെട്ടെന്നു തന്നെ ഡ്രിപ്പിട്ടു. എറണാകുളത്തുള്ള സ്പെഷ്യലിസ്റ്റ്സ് ഹോസ്പിറ്റലിലേക്ക്

കൊണ്ടുപോകുന്നതാണ് ഉചിതമെന്ന് അഭിപ്രായമുണ്ടാവുകയും ആംബുലൻസ് ഏർപ്പാടാക്കുകയും ചെയ്തു. അവ്യക്തമായ ഒരു സ്വപ്നംപോലെയാണ് ഇക്കാര്യങ്ങളത്രയും എനിക്കപ്പോൾ അനുഭവപ്പെട്ടത്.

എന്നെ ആക്രമിക്കുകയാണെന്നു മനസ്സിലാക്കിയ ആമി വീട്ടിലേക്ക് തിരിച്ചോടിയത് പോലീസിനു ഫോൺ ചെയ്യാനായിരുന്നു. പോലീസ് സ്റ്റേഷനിലെ നമ്പർ ഫോണിനടുത്ത് വലുതായി എഴുതി ഒട്ടിച്ചിരുന്നതിനാൽ അതിനു താമസമുണ്ടായില്ല. എന്നാൽ ഫോൺ എടുത്ത പോലീസുകാരന് ഒരു പെൺകുട്ടിയുടെ നിലവിളിയല്ലാതെ മറ്റൊന്നും അല്പനേരത്തേക്ക് തിരിച്ചറിയാൻ കഴിഞ്ഞില്ല. അച്ഛനെ വെട്ടിക്കൊല്ലുകയാണെന്നും പെട്ടെന്നു വരണമെന്നും കിതപ്പിനും കരച്ചിലിനുമിടയിൽ എങ്ങനെയോ അവൾ പറഞ്ഞൊപ്പിച്ചു. ന്യൂമാൻ കോളജ് പ്രൊഫസർ എന്ന് എപ്പോഴോ അവൾ പറഞ്ഞതു കേട്ടമാത്രയിൽ കാര്യഗൗരവം മനസ്സിലാക്കിയ അവർ ഉടൻതന്നെ സംഭവസ്ഥലത്തേക്കു പുറപ്പെടുകയും ചെയ്തു.

പോലീസിനെ വിവരമറിയിച്ചതിനുശേഷം ആമി, വീട്ടിൽ കരുതിവെച്ചിരുന്ന രണ്ടാമത്തെ പൈനാപ്പിൾ വാക്കത്തിയും എടുത്തുകൊണ്ട് സംഭവസ്ഥലത്തേക്ക് ഓടിവന്നു. എന്നാൽ അപ്പോഴേക്കും അക്രമികൾ സ്ഥലം വിടുകയും എന്നെ ആശുപത്രിയിലേക്ക് കൊണ്ടുപോകുകയും ചെയ്തിരുന്നു.

കൈപ്പത്തി കണ്ടുകിട്ടിയില്ലെന്നറിഞ്ഞ അയൽക്കാരൻ ജോസഫ് സാർ സംഭവസ്ഥലത്തിനരികിലുള്ള കുറ്റിച്ചെടികൾക്കിടയിൽ പരതിനില്ക്കുമ്പോൾ സമീപത്തെ വീട്ടുമുറ്റത്ത് കിടപ്പുണ്ടെന്ന് ആരോ വന്നറിയിച്ചു. അദ്ദേഹം ചെന്നു നോക്കിയപ്പോൾ ശരിയാണ്; മുറ്റത്തു വിരിച്ചിട്ട ചരലിൽ ഉണങ്ങി വീണ തേക്കിലപോലെ അതാ കിടക്കുന്നു! അദ്ദേഹം പെട്ടെന്ന് അതെടുത്ത് മണൽത്തരികൾ കുടഞ്ഞുകളഞ്ഞ് ഒരു പ്ലാസ്റ്റിക് കൂടിൽ ഐസ് കട്ടയും വെച്ച് പായ്ക്ക് ചെയ്തെടുത്തപ്പോഴേക്കും പോലീസ് ജീപ്പെത്തി.

എറണാകുളത്തേക്ക് പോകാനുള്ള ആംബുലൻസ് റെഡിയായി വന്നു. കൂടെപ്പോരാനോ സഹായിക്കാനോ അപ്പോൾ അധികമാരും ഉണ്ടായിരുന്നില്ല. വീട്ടിലിരുന്ന അല്പം പണമെടുത്തുകൊണ്ടുവരാൻ മിഥുനെ ചേച്ചി പറഞ്ഞുവിട്ടിരുന്നു. ''കാഴ്ചകാണാൻ ആളുകൾ ധാരാളം സഹായിക്കാനാരുമില്ലതാനും'' എന്ന് ആരോ പറയുന്നത് ആംബുലൻസിൽ കേറ്റുന്നതിനിടെ അർദ്ധബോധാവസ്ഥയിൽ ഞാൻ കേട്ടു. ആംബുലൻസിന്റെ ഡ്രൈവറല്ലാതെ ഞങ്ങളോടൊപ്പം പോരാൻ മറ്റാരുമില്ലെന്നറിഞ്ഞ ചേച്ചി ഒരു നേഴ്സ് സിസ്റ്ററിനെ വിട്ടുതരണമെന്ന് ആശുപത്രി അധികൃതരോട് അപേക്ഷിച്ചു. അവർ അത് സമ്മതിച്ചു. അപ്പോഴേക്കും പോലീസ് ജീപ്പെത്തി, കൈപ്പത്തിയടങ്ങിയ പ്ലാസ്റ്റിക് കൂട് ചേച്ചിയെ ഭദ്രമായി ഏല്പിക്കുകയും ചെയ്തു.

ആംബുലൻസിലെ സ്ട്രെച്ചറിൽ വേണ്ടവിധത്തിൽ ബൽറ്റ് മുറുക്കാഞ്ഞിട്ടോ വണ്ടിയുടെ വേഗം കാരണമോ പലപ്പോഴും ഞാൻ ഊർന്നു മാറാൻ തുടങ്ങി. പത്തിയില്ലാത്ത വലംകൈ ഒരു കൈയിൽ ഉയർത്തിപ്പിടിച്ചും മറുകൈയിൽ പ്ലാസ്റ്റിക് കൂട് നിധിപോലെ പിടിച്ചും ചേച്ചി എന്റെ തലയ്ക്കൽ. വലംകാലിലെ ഡ്രിപ്പിന്റെ സാമഗ്രികൾ പിടിച്ച് നേഴ്സ് സിസ്റ്റർ എന്റെ കാൽക്കൽ. മറിഞ്ഞു വീഴാൻ തുടങ്ങുന്ന എന്നെ താങ്ങാൻ അവർക്ക് കൈകൾ ഒഴിവില്ല. പ്ലാസ്റ്റിക് കൂടിലെ ‘നിധി’ താഴെ വെക്കാൻ ഒടുവിൽ ചേച്ചി നിർബ്ബന്ധിതയായി. അങ്ങനെ മറിഞ്ഞു വീഴാതെ തള്ളിപ്പിടിച്ചു കൊണ്ടിരുന്നപ്പോഴാണ് ഇടം തുടയിലെ വെച്ചുകെട്ടാത്ത ഒരു ചാൺ നീളത്തിലുള്ള മുറിവ് ചേച്ചിയുടെ ശ്രദ്ധയിൽപെട്ടത്. എല്ലോളം ആഴത്തിലെത്തിയ ആ മുറിവിൽനിന്നും അപ്പോഴും രക്തം വാർന്നുകൊണ്ടിരുന്നു.

കുടിക്കാൻ വെള്ളം ചോദിച്ച എനിക്ക് അതുതരാൻ ചേച്ചി ഭയപ്പെട്ടു. മുന്നനുഭവമായിരുന്നു കാരണം. പകരം എന്റെ ചുണ്ട് നനക്കുകയും മുഖത്ത് തളിച്ചു തരികയും ചെയ്തു.

ബോധം വീണ്ടുകിട്ടുന്ന ഇടവേളകളിൽ ‘‘എവിടെയെത്തി?’’ എന്നു ഞാൻ ചോദിച്ചുകൊണ്ടിരുന്നു. കോലഞ്ചേരി, പുത്തൻകുരിശ്, വൈറ്റില എന്നിങ്ങനെ ചേച്ചി മറുപടി തന്നുകൊണ്ടിരുന്നു. കേവലം മുപ്പത്തിനാലു മിനിട്ടുകൊണ്ട് എറണാകുളത്തെത്തി. ട്രാഫിക് കുരുക്കുകളില്ലെങ്കിൽപോലും സാധാരണഗതിയിൽ ഒന്നര മണിക്കൂറിന്റെ യാത്രയാണത്.

വിവരം നേരത്തേ കിട്ടിയിരുന്നതുകൊണ്ട് സ്പെഷ്യലിസ്റ്റ്സ് ഹോസ്പിറ്റൽ എന്നെ സ്വീകരിക്കാൻ ഒരുങ്ങി നില്ക്കുകയായിരുന്നു. ഒപ്പം മാധ്യമപ്രവർത്തകരും സജ്ജരായി നിന്നു. യുദ്ധമുഖത്തെന്നപോലെ വളരെ വേഗത്തിലാണ് കാര്യങ്ങൾ നടക്കുന്നത്. എന്നെ ആംബുലൻസിൽ നിന്നിറക്കുന്നതും സ്ട്രെച്ചറിൽ കൊണ്ടുപോകുന്നതും കാഷ്വാലിറ്റിയിൽ ഒരുക്കുകൂട്ടുന്നതുമെല്ലാം അറിയുന്നുണ്ടെങ്കിലും കണ്ണുതുറക്കാൻ എന്തോ എനിക്കു മനസ്സുവന്നില്ല.

പരിചരണോത്സുകരായി ഡോക്ടർമാരും നേഴ്സുമാരും മറ്റ് ആശുപത്രി ജീവനക്കാരും എന്റെ അരികിൽ വർത്തിച്ചപ്പോൾ ലോകസ്വഭാവത്തിന്റെ വൈരുദ്ധ്യാത്മകതയെക്കുറിച്ചാണ് ഞാൻ ഓർത്തുകൊണ്ടിരുന്നത്. വളരെ നാളുകളിലെ പരിശ്രമത്തിന്റെ ഫലമായി ഒരു കൂട്ടമാളുകൾ എന്നെ അപായപ്പെടുത്തിയിരിക്കുന്നു. ഇപ്പോഴാകട്ടെ വേറൊരു കൂട്ടർ എന്നെ രക്ഷിക്കാൻവേണ്ടി തത്രപ്പെടുന്നു.

ഒരു കത്രികയുടെ ശബ്ദമാണ് എന്റെ ക്ഷീണചിന്തകളെ മുറിച്ചുകളഞ്ഞത്. ആ കത്രിക എന്റെ വസ്ത്രങ്ങളെ ശരീരത്തിൽനിന്ന് കഷണം കഷണമായി മുറിച്ചു നീക്കുന്ന ജോലിയാണ് അപ്പോൾ ചെയ്തുകൊണ്ടിരുന്നത്.

രക്തത്തിൽ കുതിർന്ന സഭാവസ്ത്രങ്ങളോടെ എന്റെ ആയുസ്സിൽ ആശങ്കാകുലയായി അത്യാഹിതവിഭാഗത്തിനു മുമ്പിൽ പ്രാർത്ഥനയോടെ നിന്ന ചേച്ചിയെ പ്ലാസ്റ്റിക് സർജറി വിഭാഗത്തിലെ ഡോ. ആഷ സിറിയക് അകത്തേക്ക് വിളിപ്പിച്ചു. ഛിന്നഭിന്നമായ വലതു കൈത്തണ്ടിന്റെ സ്കെച്ച് വരച്ച് ചേച്ചിയെ കാണിച്ചിട്ട് കൈപ്പത്തി വെച്ചു പിടിപ്പിക്കുക മിക്കവാറും ദുഷ്കരമായിരിക്കുമെന്നും മുട്ടിന്റെ താഴെ വെച്ച് ഒരുപക്ഷേ, മുറിച്ചുമാറ്റേണ്ടി വരുമെന്നും അറിയിച്ചു. ആവുന്നതിന്റെ പരമാവധി ചെയ്യണമെന്ന് ചേച്ചി അപേക്ഷിച്ചു. അങ്ങനെതന്നെ ചെയ്യുമെന്ന് ഡോക്ടർ ഉറപ്പുകൊടുക്കുകയും ആവശ്യമായ പേപ്പറുകൾ ചേച്ചിയോട് ഒപ്പിട്ടു വാങ്ങുകയും ചെയ്തു.

ഓപ്പറേഷൻ തിയേറ്ററിലേക്ക് കൊണ്ടുപോകുന്നതിനായി കാഷ്വാലിറ്റിയിൽനിന്ന് പുറത്തേക്കിറക്കിയപ്പോൾ ക്യാമറകളുടെ ക്ലിക് ശബ്ദങ്ങൾ കേട്ട് ഞാനൊന്ന് കണ്ണുതുറന്നു. ഉടൻതന്നെ കണ്ണുകൾ പൂട്ടിയെങ്കിലും ഇടനാഴിയിലൂടെ ലിഫ്റ്റിനു ചുവടുവരെ മാധ്യമപ്രവർത്തകർ പിന്തുടരുന്നത് ഞാനറിയുന്നുണ്ടായിരുന്നു.

ഓപ്പറേഷൻ തിയേറ്ററിലെത്തിയിട്ടും ഞാൻ കണ്ണുതുറന്നില്ല. അവിടെയും ഒരുക്കങ്ങൾ തകൃതിയായി നടക്കുന്നുണ്ട്. കുറച്ചുസമയം കഴിഞ്ഞ് എന്റെ ബോധസ്ഥിതി അറിയാനെന്നവണ്ണം അനസ്തേഷ്യയുടെ ഡോക്ടർ എന്നെ തൊട്ട് എന്റെ പേരുവിളിച്ചു. ഞാനൊന്ന് മൂളുക മാത്രം ചെയ്തു. ഉറക്കം വരുമെന്നോ മറ്റോ എന്നോട് പറഞ്ഞെന്നു തോന്നുന്നു. അക്ഷണത്തിൽത്തന്നെ ഞാൻ ഉറങ്ങിപ്പോവുകയും ചെയ്തു.

ആശുപത്രിയിലേക്ക് പോകുമ്പോഴോ ആശുപത്രിയിൽ ചെന്നതിനുശേഷമോ ഞാൻ മരിച്ചുപോയേക്കുമോ എന്നുള്ള ചിന്ത എന്നെ ബാധിച്ചിരുന്നില്ല. കൈകാലുകളിലല്ലാതെ തലയിലോ ഉടലിലോ മുറിവേൽക്കാതിരുന്നതാണ് എന്റെ ആത്മവിശ്വാസത്തിനു കാരണം. എന്നാൽ യഥാർത്ഥ്യം അങ്ങനെയായിരുന്നില്ല. ഇത്രയധികം മുറിവേൽക്കുകയും രക്തം വാർന്നുപോകുകയും ചെയ്തിട്ട് ജീവനോടെ ആശുപത്രിയിലെത്തിയത് ആരുടെയൊക്കെയോ സുകൃതംകൊണ്ടാണെന്നാണ് ഡോക്ടർമാർ അഭിപ്രായപ്പെട്ടത്. എന്നിരുന്നാലും എന്റെ നില അത്ര ഭദ്രമായിരുന്നില്ല. പ്ലാസ്റ്റിക് സർജറി വിഭാഗം മേധാവി ഡോ. ജയകുമാറിന്റെ വാക്കുകളിൽ പറഞ്ഞാൽ ഞാൻ പകുതി മുകളിലും പകുതി താഴെയുമായിരുന്നു.

രോഗിയുടെ ജീവൻ രക്ഷിക്കുകയെന്നതാണ് ഡോക്ടറുടെ ഒന്നാമത്തെ കർത്തവ്യം. അതിനുശേഷമാണ് ബാക്കി എന്തും. എന്റെ കാര്യത്തിൽ ഒരു തീരുമാനമെടുക്കാൻ ഡോ. ജയകുമാർ വിഷമിച്ചു. ശരീരത്തിൽനിന്ന് അത്രധികം രക്തം വാർന്നുപോയിട്ടുണ്ട്. അതിനാൽ മണിക്കൂറുകൾ നീളുന്ന ഓപ്പറേഷൻ ചിലപ്പോൾ അപകടമാവും. താറുമാറായ കൈത്തണ്ടയിൽ കൈപ്പത്തി വെച്ചുപിടിപ്പിച്ചാൽതന്നെ അത് വിജയിക്കണമെന്നില്ല. ഇത്തരം

സന്ദിഗ്ദ്ധഘട്ടത്തിൽ ജീവരക്ഷയാണ് മുഖ്യമെന്ന നിശ്ചയത്തിൽ കൈ ഉപേക്ഷിക്കുകയാണ് കരണീയം. എന്നാൽ എന്റെ കാര്യത്തിൽ അവർ ഒരു സാഹസത്തിനു മുതിർന്നു.

ഡോ. ജയകുമാറിന്റെ നേതൃത്വത്തിൽ ആറു ഡോക്ടർമാർ പതിനാറു മണിക്കൂർ സമയംകൊണ്ടാണ് എന്റെ വലതുകൈത്തണ്ട ശരിയാക്കി കൈപ്പത്തി തുന്നിച്ചേർത്തത്. മുറിവേൽക്കാതിരുന്ന വലതുകാലിന്റെ തുടയിൽനിന്ന് രക്തകുഴലുകളോടുകൂടി മാംസമെടുത്താണ് കൈത്തണ്ടയിൽ വെച്ചുപിടിപ്പിച്ചത്. ഇതിനിടയിൽ എന്റെ കഥകഴിഞ്ഞതായിരുന്നു. ശ്വാസോച്ഛ്വാസവും പൾസും നിലച്ചുപോയി. ആളു തീർന്നെന്നു കരുതി ഡോക്ടർമാർ ക്രിയകൾ നിർത്തി. എന്നാൽ ഒരു മിനിട്ടു കഴിഞ്ഞപ്പോൾ 'ഞാൻ എന്ന യന്ത്രം' വീണ്ടും പ്രവർത്തിച്ചു തുടങ്ങി. പിന്നെയുമുണ്ടായി ദുർഘടങ്ങൾ. അറ്റകുറ്റപ്പണികളെല്ലാം കഴിഞ്ഞു നോക്കിയപ്പോൾ കൈപ്പത്തിയിലേക്ക് രക്തം കടന്നുചെല്ലുന്നില്ല. തങ്ങളുടെ ശ്രമങ്ങൾ പാഴായോ എന്ന് ശങ്കിച്ചുനിന്ന ഡോ. ജയകുമാറിന്റെ മനസ്സിൽ പെട്ടെന്ന് മറ്റൊരു വഴി തെളിഞ്ഞു. അതിലൂടെ രക്തം കടന്നു ചെല്ലുകയും കെപ്പത്തിക്ക് ജീവൻ തിരിച്ചു കിട്ടുകയും ചെയ്തു.

സമയം അധികരിച്ചതിനാൽ ഇടതുകൈയിലെയും ഇടതുകാലിലെയും മുറിഞ്ഞ എല്ലുകൾ ചേർത്തുവെച്ച് കെട്ടി. മൈക്രോവാസ്കുലർ സർജറി മറ്റൊരു ദിവസത്തേക്ക് മാറ്റിവെച്ചു. പതിനാറുകുപ്പി രക്തമാണ് അന്ന് എന്റെ ശരീരത്തിലേക്ക് കടത്തിവിട്ടത്.

സർജറിക്കുവേണ്ടി ബോധമില്ലാതെ കിടന്ന പതിനെട്ടു മണിക്കൂർ എന്നെ സംബന്ധിച്ച് ശൂന്യനിമിഷങ്ങളായിരുന്നു. ഒരു സ്വിച്ച് ഓഫാക്കി ഉടൻതന്നെ ഓണാക്കുന്നതിന്റെ ഇടയിലെ സമയ ദൈർഘ്യമേ എനിക്ക് അനുഭവപ്പെട്ടുള്ളു.

'ജോസഫ്' എന്ന വിളികേട്ട് ഞാൻ കണ്ണുകൾ തുറന്നു. ഡോ. ജയകുമാറാണ്. ''കൈയൊക്കെ പിടിപ്പിച്ചിട്ടുണ്ട്. കുഴപ്പമൊന്നുമില്ല.'' അദ്ദേഹം പറഞ്ഞു. ആ വാക്കുകൾ എന്നിൽ ആശ്വാസമോ സന്തോഷമോ വളർത്തുന്നതിനു മുമ്പേ ഞാൻ വീണ്ടും മയങ്ങിപ്പോയി.

പുലർച്ചെ 4.30 ന് എന്നെ കാണുന്നതിന് അനുവാദം ലഭിച്ച ചേച്ചി ഐ.സി.യുവിലേക്ക് ചെല്ലുമ്പോൾ തുടർച്ചയായ അദ്ധ്വാനത്തിന്റെയും ഉറക്കമിളപ്പിന്റെയും ഫലമായി ക്ഷീണിച്ചവശരായ ഡോക്ടർമാർ എന്നെ വിട്ടുപോകുന്നതേ ഉണ്ടായിരുന്നുള്ളു. ചേച്ചി എന്നെ വിളിച്ചപ്പോൾ മൂളിയതും കണ്ണുതുറന്നു നോക്കിയതും എന്റെ ഓർമ്മയിൽ പതിയാതെപോയി. പ്രഭാതമായപ്പോഴേക്കും എന്നെ കാണാനെത്തിയ മകന്റെ വിളികേട്ടാണ് ഞാൻ ശരിയായ ഉണർവ്വിലേക്ക് കടക്കുന്നത്. തുന്നിച്ചേർത്ത എന്റെ കൈപ്പത്തിയിലേക്കും മറ്റുവെച്ചുകെട്ടുകളിലേക്കും നോക്കി നിന്ന അവനോട് അയഞ്ഞ മനസ്സോടെ ഞാൻ പറഞ്ഞു.

''അങ്ങനെ ഒരു കടമ്പ കടന്നുകിട്ടി അല്ലേ?''

## എന്റെ മതം

എന്റെ ഇടതുകാൽ തുടമുതൽ പാദം വരെ പഞ്ഞിയിലും തുണിയിലും പൊതിഞ്ഞ് ഒരു സ്റ്റാൻഡിൽ കെട്ടിത്തൂക്കി ഉയർത്തിവെച്ചിരിക്കുകയാണ്. അതുപോലെ ഇടതുകൈ മുട്ടുമുതൽ പത്തിവരെ പഞ്ഞിയിലും തുണിയിലും പൊതിഞ്ഞ് ഉയർത്തി തൂക്കിയിട്ടിരിക്കുന്നു. ധാരാളമായി തുന്നൽ പാടുകളുള്ള വലതുകൈ ഒരു നേരിയ വലകൊണ്ട് ആവരണം ചെയ്ത് ഒരു ചെറുതലയണയിൽ ഇളക്കമേൽക്കാത്തവിധത്തിൽ വെച്ചിരിക്കുന്നു. തുന്നിച്ചേർത്ത കൈപ്പത്തിയിലേക്ക് നിശ്ചിതമായ അളവിൽ ചൂട് എപ്പോഴും ലഭിക്കുന്നതിനായി ഒരു ടേബിൾ ലാമ്പ് തെളിയിച്ചുവെച്ചിട്ടുണ്ട്. ഒൻപതിഞ്ചുനീളത്തിലും അഞ്ചിഞ്ചുവീതിയിലും ഒരിഞ്ചു കനത്തിലും തൊലിയോടൊപ്പം മാംസം മുറിച്ചെടുത്ത വലതു തുടയിലെ മുറിപ്പാടിൽ അതിന്റെ എതിർവശത്തെ തുടഭാഗത്തുനിന്ന് പുറംതൊലി പൊളിച്ചെടുത്ത് ഗ്രാഫ്റ്റ് ചെയ്തിരിക്കുന്നു. എന്നിട്ട് ഇരുഭാഗവും പഞ്ഞിയിലും തുണിയിലുമായി മരുന്നുവെച്ച് പൊതിഞ്ഞിരിക്കുന്നു. ആ കാലിന്റെ പാദത്തിൽ പല യന്ത്രങ്ങളിൽ നിന്നുള്ള വയറുകൾ ഘടിപ്പിച്ചിരിക്കുന്നു.

കഴുത്തിലെ ഞരമ്പുകളിലൊന്നിൽ സൂചികുത്തി ഡ്രിപ് ഇട്ടിരിക്കുന്നു. അതിലൂടെ രക്തവും ഗ്ലൂക്കോസും മരുന്നുകളും മാറി മാറി എന്നിലേക്ക് ഒഴുകിക്കൊണ്ടിരിക്കുന്നു.

മൂത്രനാളിയിൽ ഇട്ടിരിക്കുന്ന ട്യൂബിലൂടെ കട്ടിലിന്റെ ഒരു വശത്ത് തൂക്കിയിട്ടിരിക്കുന്ന പ്ലാസ്റ്റിക് ബാഗിലേക്ക് മൂത്രം ഇറ്റിറ്റുവീഴുന്നു.

രണ്ടു രോഗികൾക്കുമാത്രമായിട്ടുണ്ടായിരുന്ന ആ ചെറിയ മുറിയിൽ ലോറിയിടിച്ചു പരിക്കേറ്റ ഒരു ആൺകുട്ടിയും കിടന്നിരുന്നു. ഞങ്ങൾ രണ്ടാൾക്കുമായി ഒരു നേഴ്സ് പരിചരണോത്സുകയായി എപ്പോഴും അടുത്തുണ്ട്.

ആദ്യത്തെ രണ്ടുനാൾ ഞാൻ മിക്കവാറും മയക്കത്തിലായിരുന്നു. ഉണർവ്വിന്റെ ആലസ്യങ്ങളിൽ ഐസിയുവിന്റെ വെള്ള പൂശിയ മുകൾത്തട്ടുമാത്രം കണ്ട് നിശ്ചലമായി ഞാൻ കിടന്നു.

ഇടയ്ക്കിടെ വന്നുപോകുന്ന ഡോക്ടർമാരുടെ മുഖങ്ങൾ ആകാശ ഗോളങ്ങൾ പോലെയാണ് എനിക്ക് ദൃഷ്ടിഗോചരമായത്. അവർ ജീവരക്ഷകരായ ദേവന്മാരാണെന്നും അവരുടെ മുഖത്തിനുചുറ്റും ഒരു പ്രകാശവലയമുള്ളതായും എനിക്കപ്പോൾ അനുഭവപ്പെട്ടു. കട്ടിലിനരികിൽ രാവും പകലും ഉറങ്ങാതെ കാവലിരിക്കുന്ന നേഴ്സുമാർ മാലാഖമാരാണെന്നും.

ഞാൻ ഐസിയുവിലായതിന്റെ മൂന്നാം നാൾ-ജൂലൈ ഏഴിന്-മയക്കത്തിലായിരുന്ന എന്നെ ഹോസ്പിറ്റലിന്റെ

ഡയറക്ടർമാരിലൊരാളായ ഡോ. സബിൻ വിശ്വനാഥ് വിളിച്ചുണർത്തി. അദ്ദേഹം പറഞ്ഞത് അപ്പോൾ മനസ്സിലായില്ലെങ്കിലും പിന്നാലെ ഐസിയുവിലേക്ക് കടന്നവരെ കണ്ടപ്പോൾ എനിക്ക് കാര്യം മനസ്സിലായി. ഒരു പ്രമുഖ മലയാളം ന്യൂസ്ചാനലിലെ വനിതയായ റിപ്പോർട്ടറും ക്യാമറാമാനും. ആക്രമണത്തിനിരയായ എന്റെ ആദ്യപ്രതികരണം ഷൂട്ട് ചെയ്യാൻ വന്നിരിക്കുകയാണ്.

ആലസ്യമുണ്ടെങ്കിലും ഞാൻ ക്യാമറയ്ക്കുമുമ്പിൽ സംസാരിച്ചു. ഒരു മതത്തെയും ഞാൻ നിന്ദിച്ചിട്ടില്ലെന്നും അധ്യാപകൻ എന്ന നിലയിൽ എന്റെ ജോലി പരമാവധി നന്നായി ചെയ്യാൻ ശ്രമിക്കുക മാത്രമേ ചെയ്തിട്ടുള്ളുവെന്നും ഒരു തരത്തിൽ ഞാൻ പറഞ്ഞൊപ്പിച്ചു. തെറ്റൊന്നും ചെയ്യാത്ത എന്നെ ഇത്തരത്തിൽ മുറിപ്പെടുത്തിയവരോട് ക്ഷമിക്കുന്നതായും ഞാൻ അറിയിച്ചു.

അന്നുതന്നെ ചാനലിൽ അത് എക്സ്ക്ലൂസീവായി സംപ്രേഷണം ചെയ്യപ്പെട്ടു. ഐസിയുവിൽ ഉണ്ടായിരുന്ന ടിവിയിൽ ഞാനും ആ വാർത്ത കണ്ടു. അതിനുവേണ്ടി എന്റെ ബെഡ്ഡിന്റെ തലഭാഗം നേഴ്സ് അല്പം ഉയർത്തിവെച്ചു തന്നു.

പിന്നീട് ക്രൂശിതനായ യേശുവിനെപ്പോലെ ശരീരമനക്കാൻ സാധിക്കാതെ മച്ചിലെ വെണ്മയിലേക്കു നോക്കിക്കിടന്ന ഞാൻ ഇപ്രകാരം ചിന്തിച്ചു. ഞാൻ തെറ്റൊന്നും ചെയ്തിട്ടില്ലെന്നു പറയുന്നത് ആളുകൾ വിശ്വസിക്കുമോ? കഥാപാത്രത്തിന് മുഹമ്മദ് എന്ന് പേരിട്ട കാര്യം പോട്ടെ; കുട്ടികൾ എഴുതുന്ന ഒരു പരീക്ഷയിലെ ഒരു ചോദ്യത്തിൽ ദൈവം ഒരാളോട് 'എന്താടാ നായിന്റെ മോനേ' എന്നു ചോദിക്കുന്നതായി ചേർത്തതിലെ വിമർശനം ബാക്കി നിൽക്കില്ലേ? ആ സംഭാഷണഭാഗം യൂണിവേഴ്സിറ്റി നിർദ്ദേശിച്ചിട്ടുള്ള റഫറൻസ് ഗ്രന്ഥത്തിൽനിന്ന് ഉദ്ധരിച്ചുചേർത്തതാണെന്ന സത്യം സ്വയം ന്യായീകരിക്കാനും പ്രതിരോധിക്കാനും പറയാമെന്നല്ലാതെ 'സജ്ജനങ്ങൾ' അതു സമ്മതിച്ചു തരുമോ? അതുതന്നെ എടുക്കണമെന്ന് നിർബ്ബന്ധമൊന്നും ഉണ്ടായിരുന്നില്ലല്ലോ. ദുരുദ്ദേശമൊന്നും ഇല്ലാതെ ഇത്തരം വിചിത്ര ഡയലോഗ് സ്വീകരിക്കണമെങ്കിൽ ആ മാഷിന് അല്പം ഭ്രാന്തുണ്ടായിരിക്കുമെന്നൊക്കെയല്ലേ വിവേകമതികൾ വിചാരിക്കൂ.

വിവാദചോദ്യത്തെക്കുറിച്ച് ആ 'ശരശയ്യ'യിൽ കിടന്ന് ഞാൻ വീണ്ടും ധർമ്മാധർമ്മ വിചിന്തനം നടത്തി. അപ്പോൾ അധ്യാപന ജീവിതത്തിലെ ഇനിയും മറന്നിട്ടില്ലാത്ത ചെറിയൊരു അനുഭവം എന്റെ ഓർമ്മയിൽ തെളിഞ്ഞു.

1984-ൽ ഞാൻ ചങ്ങനാശ്ശേരി എൻ.എസ്.എസ്. ട്രെയിനിങ് കോളജിൽ ബി.എഡ്ഡിനു പഠിക്കുന്ന കാലം. സാമ്പത്തിക പരാധീനത കുറയ്ക്കാൻ പാലായിലുള്ള ഒരു പാരലൽ കോളജിൽ ക്ലാസ്സെടുക്കാൻ ആഴ്ചയിൽ രണ്ടുദിവസം ഞാൻ പോയിരുന്നു. അവിടെ പുതുതായി ആരംഭിച്ച മലയാളം എം.എ. കോഴ്സിലെ കുട്ടികളെയാണ് എനിക്ക് പഠിപ്പിക്കേണ്ടിയിരുന്നത്.

ഇരുപതോളം കുട്ടികളുള്ളതിൽ ഭൂരിഭാഗവും പെൺകുട്ടികളായിരുന്നു. അവർ പാലാ അൽഫോൻസാ കോളജിൽനിന്നു സയൻസ് വിഷയങ്ങളിൽ ബിരുദമെടുത്തശേഷം എം.എ. മലയാളം പഠിക്കാൻ വന്നവരാണ്. ആൺകുട്ടികളാകട്ടെ, പാലാ സെന്റ് തോമസ് കോളജിൽനിന്ന് മലയാളസാഹിത്യത്തിൽത്തന്നെ ബിരുദമെടുത്തുവന്നവരുമായിരുന്നു.

പുളിമാന പരമേശ്വരൻപിള്ള രചിച്ച 'സമത്വവാദി' എന്ന നാടകം പഠിപ്പിക്കുന്നതിന് ആമുഖം പറയുന്നതിനിടയിൽ ഞാൻ കുട്ടികളോടു ചോദിച്ചു.

''ലോകത്തിലെ മുമ്പന്മാരായ രണ്ടു സോഷ്യലിസ്റ്റുകളുടെ പേര് പറയാമോ?

കുട്ടികൾ മിണ്ടിയില്ല.

''ജൂതന്മാരായ രണ്ടു സോഷ്യലിസ്റ്റുകൾ?''

ഞാൻ സൂചന നല്കി. അപ്പോഴും ആരും ഉത്തരം പറഞ്ഞില്ല. അവസാനം ഞാൻതന്നെ പറഞ്ഞു.

''ഒരാൾ കാറൽ മാർക്സ്... മറ്റൊരാൾ യേശുക്രിസ്തു.''

''എന്റീശോയേ....'' പെൺകുട്ടികൾ ഒന്നടങ്കം ഒറ്റനിലവിളി.

യേശുക്രിസ്തു ഒരു സോഷ്യലിസ്റ്റാണെന്ന് സങ്കല്പിക്കാനുള്ള ത്രാണി അവർക്കുണ്ടായിരുന്നില്ല. പാലായുടെ പ്രാന്തങ്ങളിലെ ക്രൈസ്തവഭവനങ്ങളിൽ ജനിച്ച അവരൊക്കെ അത്തരം ഒരു വിശ്വാസാന്തരീക്ഷത്തിലാണ് വളർന്നുവന്നത്.

അങ്ങനെതന്നെ അവർ പ്രതികരിക്കുമെന്ന് അറിഞ്ഞുകൊണ്ടാണ് ഞാനവരെ പ്രകോപിപ്പിച്ചത്. വൈകാരികവും ബൗദ്ധികവുമായ പ്രകോപനത്താൽ അവരുടെ ചിത്തവൃത്തിയെ മെരുക്കിയെടുക്കാതെ 'സമത്വവാദി' എന്ന നാടകം സ്വായത്തമാക്കാൻ അവർക്കു കഴിയുമായിരുന്നില്ല. ജീർണ്ണിച്ച അരിസ്റ്റോക്രസിയെയും ഉത്പതിഷ്ണുത്വം പേറുന്ന സമത്വവാദത്തെയും വിശകലനം ചെയ്യുന്ന അസാധാരണ നാടകമായിരുന്നു 'സമത്വവാദി'. യേശുക്രിസ്തുവും ആ നാടകത്തിൽ പരാമർശിക്കപ്പെടുന്നുണ്ട്. ''സ്നേഹിക്കാൻ പറയുന്നതുകൊണ്ട് ക്രിസ്തുവിനെ അവർക്കു ഭയമായിരുന്നു'' എന്ന സമത്വവാദിയുടെ വാക്കുകൾ വിദ്യാർത്ഥികൾക്ക് മനസ്സിലാവണമെങ്കിൽ അവർ പരമ്പരാഗത വിശ്വാസങ്ങളുടെ വേലിക്കെട്ടുകൾ പൊട്ടിച്ച് പുറത്തുവരേണ്ടിയിരുന്നു.

സാഹിത്യവിദ്യാർത്ഥിയുടെ മനസ്സ് നിസ്സംഗമായിരിക്കണം. ഒരു ഭാവവും സ്ഥായിയായി നില്ക്കാത്തിടത്താണ് എല്ലാ ഭാവങ്ങളും കടന്നുവരിക. ഒരു പ്രമാണവും കൂട്ടുകെട്ടാത്തിടത്താണ് എല്ലാ പ്രബോധനങ്ങളും പറന്നുല്ലസിക്കുന്നത്.

ഞാൻ സാഹിത്യവിദ്യാർത്ഥിയും സാഹിത്യാധ്യാപകനുമൊക്കെ ആയത് സാഹിത്യത്തോടുള്ള ഇഷ്ടംകൊണ്ടാണ്. സാഹിത്യമാണ് എന്റെ മതം. മറ്റെല്ലാ മതങ്ങളും അതിൽ ഉൾച്ചേർന്നിരിക്കുന്നു. നിരീശ്വരമതം പോലും.

എല്ലാ മതഗ്രന്ഥങ്ങളും എനിക്ക് സാഹിത്യകൃതികൾ മാത്രമാണ്. മനുഷ്യനന്മയ്ക്കുതകുന്ന ഏതൊരു വാങ്മയവും അത് ആരുടേതായാലും എനിക്ക് ദൈവവചനങ്ങളുമാണ്.

ഞാനൊരു സാഹിത്യമതപ്രബോധകനാണ്. അതിനുവേണ്ടി യാഥാസ്ഥിതിക മാർഗ്ഗത്തോടൊപ്പം ചിലപ്പോൾ വിഗ്രഹഭഞ്ജക മാർഗ്ഗവും അവലംബിച്ചെന്നിരിക്കും. എന്നാൽ എന്റെ അധ്യാപനരീതികൾ ഏതെങ്കിലും ഒരു വിദ്യാർത്ഥിയുടെ ആത്മാഭിമാനത്തെയോ മതവികാരത്തെയോ മുറിപ്പെടുത്തിയതായി എന്റെ ക്ലാസ്സിലിരുന്നു പഠിച്ച ആരും ആക്ഷേപമുന്നയിക്കില്ലെന്ന് എനിക്കുറപ്പുണ്ട്.

അധ്യാപനപ്രക്രിയയുടെ ഭാഗമാണ് ക്ലാസ് പരീക്ഷകൾ. ആ പരീക്ഷയും അതിന്റെ മൂല്യനിർണ്ണയവും അതിനോടനുബന്ധിച്ചുള്ള ചർച്ചയും കഴിയുമ്പോഴാണ് ഓരോ ക്ലാസ് പരീക്ഷയുടെയും ലക്ഷ്യം പൂർത്തീകരിക്കപ്പെടുന്നത്. അതിനിടയിൽ ചില അധമബുദ്ധികൾ ഇടപെട്ട് അതിന്റെ ഫലപ്രാപ്തിയിൽ വിഘ്നമുണ്ടാക്കിയാൽ ഞാനാണോ കുറ്റക്കാരൻ?

വിവാദചോദ്യത്തിന് ഉത്തരമെഴുതിയത് വ്യത്യസ്ത മതങ്ങളിൽപെട്ട മുപ്പത്തിരണ്ട് വിദ്യാർത്ഥികളാണ്. മുസ്ലിം സമുദായത്തിൽപെട്ട നാലുപേരിൽ ഒരാൾ മാത്രമാണ് അല്പം സന്ദിഗ്ദ്ധമതി ആയത്. വിശ്വാസാധിക്യത്തിൽ തനിക്കുണ്ടായ വികല്പം ബുദ്ധിമതിയായ ആ പെൺകുട്ടി 'ചേട്ടൻ, അനിയൻ' എന്ന് പേരുമാറ്റിയെഴുതി സ്വയം പരിഹരിച്ചിരുന്നതാണ്. അങ്ങനെ ചെയ്തതിൽ അപാകതയില്ലെന്ന് ആ കുട്ടി എന്നോട് ചോദിച്ചറിഞ്ഞതുമാണ്.

എന്നാൽ ഞാൻ മൂല്യനിർണ്ണയം നടത്തി എന്റെ അലമാരയിൽ സൂക്ഷിച്ചിരുന്ന കെട്ടിൽനിന്ന് ആ പെൺകുട്ടിയുടെ ഉത്തരക്കടലാസ് തപ്പിയെടുത്തത് എന്റെ സഹപ്രവർത്തകനായ ഫാ. രാജു ജേക്കബ് ആണ്. അത് എനിക്കെതിരെ ഒരു തെളിവെന്ന നിലയിൽ പോലീസിന് കൈമാറിയത് പ്രിൻസിപ്പൽ ഡോ. റ്റി.എം. ജോസഫാണ്. പ്രിൻസിപ്പലിന്റെയും മറ്റും വിവേകശൂന്യമായ ഈ നടപടിയുടെ ഫലമായി ആ പെൺകുട്ടി പോലീസിനാൽ ചോദ്യം ചെയ്യപ്പെടുകയും തന്റെ അധ്യാപകനെതിരെ ഒരു തെളിവെന്ന നിലയിൽ താൻ കരുവാക്കപ്പെട്ടതിൽ കടുത്ത മാനസികാഘാതത്തിന് അടിപ്പെടുകയും ചെയ്തു.

ഉത്തരക്കടലാസിൽ താൻ നിർദ്ദോഷമായി എഴുതിയ ഒരു സംഗതി തന്റെ അദ്ധ്യാപകന് വിനയായിത്തീർന്നതിനുള്ള വ്യഥയുടെ ആയിരത്തിലൊന്ന് പരീക്ഷ എഴുതുമ്പോൾ ആ കുട്ടിക്ക് ഉണ്ടായിരുന്നില്ലെന്നുള്ളത് നിസ്തർക്കമാണ്. ആ കുട്ടിയുടെ സങ്കടം അവളുടെ ക്ലാസ്സ് ടീച്ചറായ പ്രൊഫ. ജോയി മാത്യുവിൽനിന്ന് മനസ്സിലാക്കിയ ഞാൻ, കഴിഞ്ഞതോർത്ത് വിഷമിക്കരുതെന്നും നന്നായി പഠിക്കണമെന്നും പ്രൊഫ. ജോയി മാത്യു മുഖേന ആ കുട്ടിയെ അറിയിച്ച് ആശ്വസിപ്പിക്കുകയും ആത്മധൈര്യം പകരുകയും ചെയ്തിരുന്നു. ന്യൂമാൻ കോളജിൽ പ്രവേശിക്കാൻ കോളജ് അധികൃതരും

തൊടുപുഴ താലൂക്കിൽ പ്രവേ ശിക്കുവാൻ ബഹു. കോടതിയും എനിക്ക് വിലക്ക് ഏർപ്പെടുത്തിയിട്ടില്ലായിരുന്നുവെങ്കിൽ നേരിൽ കണ്ടുതന്നെ മേൽപ്പറഞ്ഞ കാര്യങ്ങൾ ഞാൻ ചെയ്യുമായിരുന്നു.

അധ്യാപനം മാത്രമാണ് എന്റെ ഉപജീവനമാർഗ്ഗം. മതേതരരാജ്യമായ ഭാരതത്തിലെ ജനങ്ങളുടെ പണമാണ് വേതനമായി ഞാൻ കൈപ്പറ്റുന്നത്. ആ ജനതയോട്, മതേതരത്വത്തിലൂന്നിയ നമ്മുടെ ഭരണഘടനയോട് ഞാൻ ഒരു തെറ്റും ചെയ്തിട്ടില്ലെന്ന് എനിക്ക് നല്ല ബോദ്ധ്യമുണ്ട്. 'സജ്ജനങ്ങൾക്കും വിവേകമതികൾക്കും' അതുണ്ടാകുന്നില്ലെങ്കിൽ വേണ്ട; എനിക്ക് നന്നായിട്ടുണ്ട്.

എനിക്ക് ഇങ്ങനെയൊക്കെ സമാധാനപ്പെടാം. എന്നാൽ എന്റെ 'ഭ്രാന്തൻ രീതി'കളുടെ പേരിൽ പീഡകളേല്ക്കുന്ന കുടുംബത്തിന്റെ കാര്യമോ?

ഞാൻ ഒളിവിലായിരുന്ന സമയത്ത് കോളജ് അധികാരികളുടെ പ്രസ്താവനങ്ങൾ കേട്ടും മാധ്യമങ്ങളിൽ വരുന്ന വർത്തമാനങ്ങളറിഞ്ഞും പോലീസിന്റെ കള്ളഭാഷ്യങ്ങൾ മൂലവും ഭാര്യയും മക്കളും എത്രമാത്രം സന്ദേഹപ്പെട്ടിട്ടുണ്ടാവും? ഭർത്താവിനെ കിട്ടാതെ വന്നപ്പോൾ മകനെ പിടിച്ചുകൊണ്ടുപോയി പീഡിപ്പിച്ച പോലീസ് അധികാരികളുടെ കിരാത നടപടി ഭാര്യ സലോമിയെ എത്രമാത്രം വ്യാകുലചിത്ത ആക്കിയിരിക്കും!

എന്നെ അറസ്റ്റു ചെയ്തദിവസം ഭാര്യവീട്ടിലായിരുന്നു ഭാര്യയും മക്കളും ടി.വി. ഓൺ ചെയ്തതേ ഇല്ല. വിലങ്ങിട്ട കൈകളോടെ എന്നെ ജനമധ്യത്തിലൂടെ വലിച്ചിഴയ്ക്കുന്നതും പോലീസ് അധികാരികളുടെ മുമ്പിൽ ഒരു കുറ്റവാളിയായി ഞാൻ തലകുമ്പിട്ടു നില്ക്കുന്നതും മറ്റും കാണാൻ കെല്പില്ലാഞ്ഞതിനാൽ ആണത്രെ അവർ അങ്ങനെ ചെയ്തത്.

പിന്നീട് ജയിലിലിടയ്ക്കപ്പെട്ട എന്നെയോർത്ത് അവർ എത്രമാത്രം പരിതപിച്ചുകാണും?

ജയിൽ മോചിതനായതിനുശേഷം എപ്പോൾ വേണമെങ്കിലും സംഭവിക്കുമായിരുന്ന ഒരു ഭീകരാക്രമണത്തെ മുന്നിൽ കണ്ട് ഭാര്യയും മക്കളും എന്നോടൊപ്പം എത്ര ഭയവിഹ്വലതകളോടെയാണ് നാളിതുവരെ വർത്തിച്ചത്. അവസാനമിതാ ജീവച്ഛവമായിക്കിടക്കുന്ന എന്നെയോർത്ത് അവർ എത്രമാത്രം സങ്കടപ്പെടുന്നുണ്ടാകും?

ഒരു കണ്ണീർത്തിര ഹൃദയഭിത്തികളിൽ തല്ലിച്ചിതറി എന്നിൽ ആർത്തലച്ചു.

''സിസ്റ്റർ.'' ഞാൻ ചിലമ്പുന്ന ശബ്ദത്തിൽ വിളിച്ചു.

അടുത്തു വന്ന നേഴ്സ് എന്റെ മുഖത്തേക്ക് ഉറ്റുനോക്കി.

''ഞാനൊന്ന് കരഞ്ഞോട്ടെ.'' എന്റെ വാക്കുകൾ കേട്ട് അവരുടെ മുഖം തെല്ലൊന്ന് വല്ലാതായി. എങ്കിലും അവർ തലയാട്ടി. എന്നെ സ്വതന്ത്രമായി കരയാൻ വിട്ടിട്ട് അവർ മാറിപ്പോയി.

അല്പസമയം കഴിഞ്ഞ് ഞാൻ വീണ്ടും വിളിച്ചു.

''സിസ്റ്റർ.''

നേഴ്സ് അടുത്തു വന്നു.

''കഴിഞ്ഞു.'' ഞാൻ പറഞ്ഞു.

ഒരു ടൗവൽ എടുത്തുകൊണ്ടുവന്ന്, കവിളിലൂടെ ഒലിച്ചിറങ്ങി കഴുത്തിലെമ്പാടും പടർന്ന എന്റെ കണ്ണീർ നനവുകൾ ആ മാലാഖ തുടച്ചെടുത്തു.

# വിരൽത്തുമ്പിലെ സൂര്യരശ്മി

ഞാൻ കിടന്നിരുന്ന എറണാകുളത്തെ സ്പെഷ്യലിസ്റ്റ്സ് ഹോസ്പിറ്റൽ സ്വകാര്യമേഖലയിൽ പ്ലാസ്റ്റിക് സർജറി വിഭാഗമുള്ള കേരളത്തിലെ ആദ്യസ്ഥാപനമാണ്. ഇപ്പോൾ ഇന്ത്യയിൽ ഈ വിഭാഗത്തിലുള്ള ഹോസ്പിറ്റലുകളിൽ പ്രമുഖസ്ഥാനം തന്നെയാണ് ഇതിനുള്ളത്.

സ്പെഷ്യലിസ്റ്റ്സ് ഹോസ്പിറ്റലിന്റെ സ്ഥാപകനായ ഡോ. കെ.ആർ. രാജപ്പന് ഞാൻ അവിടെ ചികിത്സയിലായിരുന്ന കാലത്ത് എൺപത് വയസ്സുണ്ടായിരുന്നു. അപ്പോഴും ആശുപത്രിയുടെ പ്രവർത്തനങ്ങളിൽ അദ്ദേഹം മേൽനോട്ടം വഹിച്ചിരുന്നു. കൈപ്പത്തി തുന്നിച്ചേർത്തതിന്റെ തൊട്ടടുത്ത ദിവസങ്ങളിൽ ഞാൻ കിടന്നിരുന്ന ഐസിയുവിൽ വന്ന് കൈപ്പത്തിയിലെ വിരലുകളിൽ അമർത്തിനോക്കി രക്തചംക്രമണത്തിന്റെ തോത് അദ്ദേഹം നിരീക്ഷിക്കുമായിരുന്നു. പ്ലാസ്റ്റിക് സർജറി വിഭാഗത്തിലെ മൈക്രോ വാസ്കുലർ സർജന്മാരായ ആർ. ജയകുമാർ, ആഷ സിറിയക്, സെന്തിൽ കുമാർ, എ.ജെ. ഗിൽഡ് എന്നിവർ മാറി മാറി വന്ന് എന്നെ നോക്കിക്കൊണ്ടിരുന്നു. എന്റെ മുറിവുകൾ ഡ്രസ് ചെയ്യുന്നതും മരുന്നു പുരട്ടുന്നതും ഡോക്ടർമാർതന്നെയായിരുന്നു.

എനിക്കു നേരേയുണ്ടായ ആക്രമണത്തിന് നല്ല വാർത്താപ്രാധാന്യം കിട്ടിയതിനാലാവാം ധാരാളം ആളുകൾ സ്പെഷ്യലിസ്റ്റ്സ് ആശുപത്രിയിലേക്ക് വന്നുകൊണ്ടിരുന്നു. ഒരാഴ്ചക്കാലം ആശുപത്രിപരിസരത്ത് ജനബാഹുല്യംതന്നെ അനുഭവപ്പെട്ടു. കേരളത്തിലെ ഭരണപക്ഷത്തും പ്രതിപ ക്ഷത്തുമുള്ള നേതാക്കളിൽ പലരും ആശുപത്രിയിലും വീട്ടിലും വന്ന് കുടുംബാംഗങ്ങളെ കണ്ടുമടങ്ങി. ഡൽഹിയിൽനിന്ന് ഭാരതീയ ജനതാപാർട്ടിയുടെ ഒരു കേന്ദ്രസംഘം ആശുപത്രിയിലെത്തി കുടുംബാംഗങ്ങളെ കണ്ട് വിവരങ്ങൾ ശേഖരിച്ചു.

എറണാകുളത്തുള്ള മഹാരാജാസ് കോളജ്, സെന്റ് ആൽബർട്സ് കോളജ്, തേവര എസ്.എച്ച്. കോളജ് എന്നിവിടങ്ങളിലെ അധ്യാപകർ ആശുപത്രിയിൽ എത്തി അനുഭാവം അറിയിക്കുക മാത്രമല്ല; സാമ്പത്തിക സഹായം നൽകുകയും ചെയ്തു. തൊടുപുഴ ന്യൂമാൻ കോളജിലെയും മൂവാറ്റുപുഴ നിർമ്മല കോളജിലെയും സഹപ്രവർത്തകർ ചികിത്സചെലവിലേക്കായി സ്വരൂപിച്ചെടുത്ത തുക അടിയന്തരമായി ആശുപത്രിയിൽ എത്തിച്ചു.

ആശുപത്രിയിൽ എത്തിയ എന്റെ സുഹൃത്തുക്കളും സഹപ്രവർത്തകരും കരയുന്നുണ്ടായിരുന്നുവെന്ന് ചേച്ചി സിസ്റ്റർ മാരിസ്റ്റെല്ല പറഞ്ഞ് ഞാനറിഞ്ഞു.

അവരുടെ അത്തരത്തിലുള്ള വികാരപ്രകടനം കണ്ടിട്ടാവണം, ഒരിക്കൽ മുറിവുകൾ ഡ്രസ് ചെയ്തുകൊണ്ടിരിക്കെ ഡോ. ആഷ സിറിയക് പറഞ്ഞു.

''മാഷിന്റെ കാര്യത്തിൽ ആളുകൾക്ക് എന്തൊരു സെന്റിമെന്റ്സ് ആണ്.''

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് അനുവദിച്ച നാലുലക്ഷം രൂപയുമായി മൂവാറ്റുപുഴ തഹസിൽദാർ പി.വി. പൗളിൻ ഐസിയുവിൽ വന്നു. പണം കൈപ്പറ്റി എന്നതിന് എന്റെ ഒപ്പോ വിരലടയാളമോ അവർക്ക് ആവശ്യമായിരുന്നു. വയറുകൾ ഘടിപ്പിച്ചിരിക്കുന്ന വലതുകാലിലെ പെരുവിരലിൽ മഷിപുരട്ടി അവർ എന്റെ വിരലടയാളമെടുത്തു.

ഐസിയുവിൽ വന്ന് എന്നെ കാണാൻ അനുവാദം ലഭിച്ച മറ്റു രണ്ടുപേർ സി.പി.എം. ജില്ലാസെക്രട്ടറി സഖാവ് ഗോപി കോട്ടമുറിക്കലും പോട്ട ആശ്രമത്തിലെ ഫാ. ജോർജ്ജ് പനയ്ക്കലുമാണ്. സഖാവ് കോട്ടമുറിക്കൽ എല്ലാവിധ പിന്തുണ വാഗ്ദാനം ചെയ്യുകയും പനയ്ക്കലച്ചൻ എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. ഞാൻ ഒളിവിലായിരുന്നപ്പോൾ എന്നെ അന്വേഷിച്ച് പോലീസ് സംഘം പോട്ട ആശ്രമത്തിലും ചെന്നിരുന്നു. അവർക്ക് ചായയും മറ്റും നല്കി സത്കരിച്ച ഫാ. ജോർജ്ജ് പനയ്ക്കൽ പോലീസ് സംഘത്തോടൊപ്പമുണ്ടായിരുന്ന പ്രൊഫ. ജോയി മാത്യുവിനോട് വിവാദ ചോദ്യപേപ്പറിന്റെ കോപ്പി വാങ്ങി നോക്കിയിട്ട് ''ഇതിലെവിടെ മതനിന്ദ?'' എന്നു ചോദിച്ച ആളാണ്. എന്റെ നിരപരാധിത്വം അന്നുതന്നെ ബോധ്യപ്പെട്ടതിനാലാകണം എന്നെ വന്നുകാണണമെന്ന് അദ്ദേഹം ആഗ്രഹിച്ചത്.

എന്റെ മുഖത്ത് ശ്രദ്ധേയമായ ഒരു തെളിച്ചമുണ്ടെന്ന് എന്നെ കണ്ടു മടങ്ങുമ്പോൾ പനയ്ക്കലച്ചൻ ചേച്ചി സിസ്റ്റർ മാരിസ്റ്റെല്ലയോട് പറഞ്ഞുവത്രെ. അതിൽ അല്പം വാസ്തവം ഇല്ലാതില്ല. എന്റെ മുഖപ്രസാദം തികച്ചും ലൗകികം ആയിരുന്നുവെന്നുമാത്രം. അതിനുള്ള കാരണങ്ങൾ പലതാണ്.

മനസാവാചാകർമ്മണാ എന്റെ പക്ഷത്ത് ഒരു തെറ്റുമില്ലാത്ത കാര്യത്തിനാണല്ലോ കുറച്ചാളുകൾ മെനക്കെട്ടു നടന്ന് എന്നെ ഇപ്രകാരമെല്ലാം വെട്ടി നുറുക്കിയത് എന്ന തോന്നൽതന്നെയാണ് എന്റെ 'ആത്മപ്രകാശ'ത്തിന്റെ മുഖ്യഹേതു.

സിനിമാ തിയേറ്ററിൽ പോകുന്നതും പള്ളിയിൽ പോകുന്നതും അപകടകരമാണെന്നു മനസ്സിലാക്കി തത്കാലത്തേക്ക് അവ രണ്ടും ഒഴിവാക്കിയിരുന്നതാണ്. എന്നാൽ അങ്ങനെ ഭയപ്പെട്ടു ജീവിക്കാൻ മനസ്സുവരാതെ ആക്രമിക്കുന്നെങ്കിൽ ആക്രമിക്കട്ടെ എന്ന് ഉറപ്പിച്ചതിനു ശേഷമാണ് ഞാൻ പള്ളിയിൽ പോകാൻ ഒരുമ്പെട്ടത്. കുറച്ചുകൂടി കരുതലുണ്ടായിരുന്നുവെങ്കിൽ രക്ഷപ്പെടാമായിരുന്നുവെന്ന ഒരു പശ്ചാത്താപം അതിനാൽ എനിക്ക് ലവലേശം ഉണ്ടായിരുന്നില്ല. മറിച്ച്, ഞാൻ അനുവദിച്ചതിനുശേഷമാണല്ലോ ആ തീവ്രമണ്ടന്മാർക്ക് എന്നെ തൊടാനായത്

എന്ന അഹങ്കാരബോധ്യമാണ് ഐസിയുവിൽ 'പഞ്ഞിക്കിട്ടു' കിടക്കുമ്പോഴും എനിക്കുണ്ടായിരുന്നത്.

സർക്കാർ അനുവദിച്ചുതന്ന പണവും സുഹൃത്തുക്കളും സുമനസ്സുകളും നല്കിയ സഹായവും സാമ്പത്തികമായ ഭയാശങ്കകളെ അകറ്റിയിരുന്നു. മാത്രമല്ല, ആളുകളുടെ അനുഭാവവും പ്രാർത്ഥനയും എന്നോടൊപ്പമുണ്ടെന്ന അറിവ് കുറച്ചൊന്നുമല്ല ആശ്വാസത്തിനും മനഃശാന്തിയ്ക്കും കാരണമായത്.

മാർത്തോമാ സുറിയാനി സഭയിലെ വലിയമെത്രാപ്പോലീത്ത ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയതിരുമേനി എന്റെ സൗഖ്യത്തിനായും കുടുംബാംഗങ്ങളുടെ ദുഃഖശമനത്തിനായും പ്രാർത്ഥിക്കുന്നുവെന്ന് കത്തെഴുതി എന്നെ അറിയിച്ചു.

''അന്ധാളിപ്പിക്കുന്ന ഈ വിപത്തിലും സാറിന്റെ പ്രതികരണം വളരെ പ്രശംസനീയമാണ്'' എന്ന തിരുമേനിയുടെ അഭിനന്ദനവചസ്സുകളുടെ സൗഖ്യദായകശക്തി ഏത് ഔഷധത്തിനാണുണ്ടാവുക!

ചോദ്യപേപ്പർ വിവാദത്തോടനുബന്ധിച്ച് ഒളിവിലും ജയിലിലുമൊക്കെ പോകേണ്ടിവന്നെങ്കിലും അന്ന് എനിക്ക് ശാരീരിക പീഡകളൊന്നും ഏല്ക്കേണ്ടിവന്നിരുന്നില്ല. എന്നാൽ ഞാൻ ഒളിവിലായിരുന്ന സമയത്ത് നിരപരാധിയായ എന്റെ മകനെ പോലീസ് അന്യായമായി കസ്റ്റഡിയിലെടുത്ത് പീഡിപ്പിച്ചത് എന്റെ മനസിനേറ്റ വലിയ മുറിവായിരുന്നു. എന്റെ കർത്തവ്യകർമ്മത്തിന്റെ പേരിൽ എനിക്കുണ്ടാകാത്ത ഒരു ശാരീരികപീഡ അവനുണ്ടായതാണ് എന്റെ മനോവ്യഥയുടെ ആക്കം വർദ്ധിപ്പിച്ചത്. ''കുത്തും കോമയും ഇടാനുള്ള ചോദ്യം അച്ഛൻ ഉണ്ടാക്കി; കുത്തെല്ലാം കിട്ടിയത് എനിക്കാണ്'' എന്ന് അവൻ പിന്നീടു പറഞ്ഞ നർമ്മം എന്റെ ഉള്ളിലെ മുറിവിനെ കൂടുതൽ വ്രണപ്പെടുത്തി. എന്നാൽ ഇപ്പോൾ അവനെക്കാൾ കൂടുതൽ ശാരീരിക പീഡകളേറ്റ് ഇങ്ങനെ കിടക്കുമ്പോൾ ആ വിഷമം അല്പം കുറഞ്ഞുകിട്ടിയതുപോലെ.

എന്റെ മനസ്സിന് ലാഘവമുണ്ടാകാൻ ഉതകിയ മറ്റൊരു ഘടകം എന്റെ നർമ്മചിന്തകളാണ്. എലിവെട്ടിയ കുപ്പായം മൂട്ടിയെടുത്തപോലെ കിടക്കുന്ന എന്നെക്കുറിച്ച് ചില 'സ്ഥിതപ്രജ്ഞർ' ഇപ്പോൾ കരുതുന്നതുപോലെ ഞാനും എന്നെക്കുറിച്ച് വിചാരം ചെയ്തു. 'ഇയാൾ വേണ്ടാത്ത പണിക്കൊക്കെ പോയിട്ടല്ലേ? മിക്കവരും ചെയ്യുന്നതുപോലെ പഴയ കുറെ ചോദ്യപേപ്പർ എടുത്തുവെച്ചിട്ട് അതിൽനിന്ന് ആവശ്യാനുസരണം പകർത്തിയെടുത്താൽ പോരായിരുന്നോ? അതിനു പകരം സ്വന്തമായി രചിക്കാൻ പുറപ്പെട്ടു... പോരാത്തതിന് അതിൽ നർമ്മം ഉണ്ടാക്കാനും പോയി... ഇയാൾക്ക് ഇതുതന്നെ കിട്ടണം. വെരിഗുഡ്!'

ശരീരഭാഗങ്ങളിൽ അവിടെയും ഇവിടെയും മുട്ടിവിളിച്ച് വേദന എന്നെ നർമ്മചിന്തകളിൽനിന്ന് ഉണർത്തും. ചിലപ്പോൾ അവ ഒന്നടങ്കമായി

ആർത്തുവരും. അപ്പോൾ നേഴ്സ്, വേദനസംഹാരിയായ ഒരു പദാർത്ഥം (Suppository)എന്റെ ഗുദ(anus)ത്തിൽ നിക്ഷേപിക്കും. ക്രമേണ ഒരു തരം നിർവ്വാണാവസ്ഥയിലേക്ക് ഞാൻ കടക്കും.

അല്പാല്പമായി ഭക്ഷണം കഴിച്ചു തുടങ്ങിയതോടെ കഴുത്തിലെ ഞരമ്പിൽ കുത്തിയിരുന്ന സൂചിയും ഡ്രിപ്പും മറ്റും എടുത്തുമാറ്റി. വീട്ടുകാർ ഐസിയുവിൽ കൊണ്ടുവന്ന് ഏല്പിക്കുന്ന ഭക്ഷണം നേഴ്സുമാരാണ് തന്നിരുന്നത്. അവർ ബെഡ്ഡിന്റെ തലഭാഗം അല്പം ഉയർത്തിവയ്ക്കും. എന്നിട്ട് കുഞ്ഞുങ്ങളെ ഊട്ടുന്നമാതിരി ഭക്ഷണപദാർത്ഥങ്ങൾ അല്പാല്പമായി വായിൽ വെച്ചുതരും. ചായയും വെള്ളവും അതുപോലെ എന്നെ കുടിപ്പിച്ചു. അപ്പോൾ എനിക്കു തോന്നും ഞാനൊരു പൈതലാണെന്ന്. അവർ എന്റെ അമ്മയാണെന്നും.

ശിശുസഹജമായ കുറുമ്പും ആ സമയങ്ങളിൽ എന്നെ ബാധിച്ചിരുന്നു. ഒരിക്കൽ ഒരു നേഴ്സ് എന്നെ ഊട്ടുകയായിരുന്നു. മീനായിരുന്നു അന്നത്തെ കറി. പല്ലുമുളയ്ക്കാത്ത കുഞ്ഞിനെന്നപോലെ മീൻ അല്പാ ല്പം നുള്ളിയെടുത്ത് ഓരോ ഉരുളചോറിനു ശേഷവും അവർ എന്റെ വായിൽ വെച്ചുതന്നു. ചോറ് എനിക്കു മതിയായിത്തുടങ്ങിയതിനാൽ മീൻ കുറേക്കൂടി കട്ടിയായി നുള്ളിത്തരാൻ ഞാൻ ആവശ്യപ്പെട്ടു. അങ്ങനെ ചെയ്താൽ ചോറിനു മുമ്പേ മീൻ തീരുമെന്ന് കരുതിയ അവർ പഴയപടി തുടർന്നു. ഞാൻ പൊടുന്നനെ ഊണു നിർത്തി. എങ്കിൽ മീൻ കളയാതെ കഴിച്ചുതീർക്കാൻ അവർ പറഞ്ഞു. ഞാനാരാ മോൻ? ചോദിച്ചപ്പോൾ തന്നില്ലല്ലോ. കഴിക്കാൻ ഞാൻ കൂട്ടാക്കിയില്ല.

വാട്ടർബെഡ്ഡിലാണെങ്കിലും അനക്കമില്ലാതെ കിടക്കുന്നതിനാൽ ചിലപ്പോൾ പുറംഭാഗം ചുട്ടുപൊള്ളുന്നതുപോലെ അനുഭവപ്പെടും. ഇടുപ്പെല്ലിൽ ബലം കൊടുത്ത് നട്ടെല്ല് അല്പം വളച്ച് ആശ്വാസം കണ്ടെത്താൻ ഞാൻ ശ്രമിക്കും. രക്തചംക്രമണം കുറയുന്നതിനാൽ ചിലപ്പോൾ ഉടലിലും മുഖത്തും മരവിപ്പു ബാധിച്ച് വല്ലാത്ത അസ്വസ്ഥത ഉളവാകും. അപ്പോൾ നേഴ്സ് മുഖവും ചങ്കിൻകൂടും തിരുമ്മിത്തരും. വലതുകക്ഷത്തിന്റെ ഭാഗത്തേക്ക് കൈയെത്തുമ്പോൾ അവിടമാകെ വലിയ വ്രണമെന്നമാതിരി കടുത്ത വേദന തോന്നും.

താരൻ പെരുകി തലയിലും മുഖത്തും ചിലപ്പോൾ വല്ലാത്ത ചൊറിച്ചിൽ അനുഭവപ്പെടും. അപ്പോഴൊക്കെ ഒരു ടിഷ്യുപേപ്പർ ഉപയോഗിച്ച് ചൊറിച്ചിൽ അകറ്റാനും നേഴ്സുമാർ തയ്യാറായി. എന്നാൽ ആ ചൊറിച്ചിൽ പരിപാടി പലപ്പോഴും വിജയിച്ചില്ല. ഞാൻ പറഞ്ഞുകൊടുക്കുന്ന സൂചന അനുസരിച്ച് നേഴ്സിന്റെ വിരലുകൾ അവിടെ പരതി എത്തുമ്പോഴേക്കും ചൊറിച്ചിൽ വേറൊരിടത്തേക്ക് മാറിയിട്ടുണ്ടാകും.

പതിനൊന്ന് ദിവസങ്ങൾ കഴിഞ്ഞ് ഐസിയുവിൽനിന്ന് എന്നെ റൂമിലേക്ക് മാറ്റി. അപ്പോഴേക്കും എന്റെ പുറം പൊട്ടി വ്രണമാകാൻ തുടങ്ങിയിരുന്നു.

റൂമിലെത്തിയശേഷം ബെഡ്ഡിന്റെ തലഭാഗം ഉയർത്തിവെച്ച് ചാരിയിരുന്നിട്ടും മറ്റും പുറംഭാഗത്തിന് അല്പം വിടുതി ലഭിച്ചതിനാൽ ആ വ്രണങ്ങൾ സാരപ്പെടാതെ ഉടൻതന്നെ ഉണങ്ങി.

എന്റെ പരിചരണത്തിനായി ഭാര്യ സലോമിയും ചേച്ചി മാരിസ്റ്റെല്ലയും മാത്രമല്ല, ആൺതുണയായി മേരിച്ചേച്ചിയുടെ മകൻ ജോബിയും ആശുപത്രിയിൽ മുഴുവൻ സമയവും ഉണ്ടായിരുന്നു. ഞാൻ അഡ്മിറ്റായതിന്റെ പിറ്റേന്ന് മിഥുന് ആലുവ എസ്.സി.എം.എസിൽ എം.ബി.എയ്ക്ക് ക്ലാസ്സ് ആരംഭിച്ചതിനാലാണ് ജോബി സഹായത്തിനായി ആശുപത്രിയിൽ എത്തിയത്.

അലർജി മൂലം ചിലപ്പോഴൊക്കെ ചെറിയ തോതിൽ ആസ്ത്മ ഉണ്ടാകാറുള്ള എനിക്ക് ഐ.സി.യുവിലെ എസിയുടെ തണുപ്പ് ശ്വാസതടസ്സത്തിനും ചുമയ്ക്കും കാരണമായിത്തീർന്നിരുന്നു. അതിനാലാണ് ഇടതുകാലിന്റെയും ഇടതുകൈയുടെയും ശസ്ത്രക്രിയ നടത്താതിരുന്നത്.

ശരീരം വിയർക്കുന്നത് തുന്നിച്ചേർത്തതും ചേർക്കാത്തതുമായ മുറിവുകൾക്ക് ഹിതകരമല്ലാത്തതിനാൽ റൂമിലും എസി ഒഴിവാക്കാനായില്ല. അതിനാൽ ചുമ വിട്ടുമാറാൻ പിന്നെയും ദിവസങ്ങളെടുത്തു. അതു കഴിഞ്ഞാണ് ഇടതുകൈയിലും ഇടതുകാലിലും ശസ്ത്രക്രിയ നടത്തിയത്. അഞ്ചരമണിക്കൂർ സമയംകൊണ്ടാണ് അത് പൂർത്തീകരിച്ചത്.

വലതുകൈപോലെ ഇടതുകൈയും ഇടതുകാലും പൊതിഞ്ഞു കെട്ടി തലയിണകളിൽ ഉയർത്തിവെച്ചുകൊണ്ടായിരുന്നു പിന്നീടെന്റെ കിടപ്പ്. ഇരുവശത്തുമായി കിടക്കുന്ന ഇരട്ടക്കുഞ്ഞുങ്ങളോട് ഒരമ്മയ്ക്കുള്ള വാത്സല്യവായ്പോടെയാണ് പഞ്ഞിക്കെട്ടുകൾക്കുള്ളിൽ ഉറങ്ങുന്ന അരുമയാർന്ന കൈകളെ ഞാൻ മാറിമാറി നോക്കിയത്.

ഇടയ്ക്കൊക്കെ ചില ചാനലുകാർ എന്റെ പ്രതികരണം ഷൂട്ട് ചെയ്യാനായി വന്നു. ''ഞാൻ ഒരു ചോദ്യമാണ്; സാംസ്കാരിക കേരളമാണ് അതിന് ഉത്തരം പറയേണ്ടത്'' എന്നൊക്കെ ഞാൻ തട്ടിവിട്ടു. ആരുത്തരം പറയാൻ? സാംസ്കാരിക നേതാക്കളാരും ഇപ്പോൾ മണ്ടന്മാരല്ലല്ലോ.

ആശുപത്രിയിൽ എത്തി പോലീസ് എന്റെയും ചേച്ചി സിസ്റ്റർ മാരിസ്റ്റെല്ലയുടെയും മൊഴിയെടുത്തിരുന്നു. കനത്ത പോലീസ് സംരക്ഷണമാണ് എനിക്ക് ഏർപ്പാടാക്കിയിരുന്നത്. ആയുധധാരികളായ പോലീസുകാർ ഞാൻ കിടന്നിരുന്ന മുറിക്കു പുറത്ത് രാപകൽ കാവൽ നിന്നു. റൂമിലെത്തിയിട്ടും സുരക്ഷയെ കരുതി എന്നെ കാണുന്നതിന് കുറച്ച് ആളുകളെ മാത്രമേ അനുവദിച്ചിരുന്നുള്ളു. ശസ്ത്രക്രിയയുടെ ഫലപ്രാപ്തിക്ക് വിഘ്നമാകുമെന്നതിനാൽ പരമാവധി സന്ദർശകരെ ഒഴിവാക്കണമെന്ന് ഡോക്ടർമാരും നിഷ്കർഷിച്ചിരുന്നു.

വിഷജ്വരം ബാധിച്ച് ബാല്യത്തിൽതന്നെ അന്ധയും ബധിരയുമായിത്തീർന്ന ഹെലൻ കെല്ലർ എന്ന അമേരിക്കൻ വനിതയുടെ 'ദ സ്റ്റോറി ഓഫ് മൈ ലൈഫ്'

എന്ന ആത്മകഥ ഞാൻ വായിച്ചിട്ടുണ്ട്. അതിൽ അവർ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

''ആഹ്ലാദശൂന്യരായ ആളുകളെ ഞാൻ കണ്ടിട്ടുണ്ട്. അവരുടെ തണുത്തുറഞ്ഞ വിരൽത്തുമ്പുകളിൽ പിടിക്കുമ്പോൾ വടക്കുകിഴക്കൻ കാറ്റുമായാണ് ഞാൻ ഹസ്തദാനം ചെയ്യുന്നതെന്നു തോന്നിപ്പോകും. കൈകളിൽ സൂര്യരശ്മികളുള്ള ആളുകളുണ്ട്. ആ സ്പർശം എന്റെ ഹൃദയത്തെ തീക്ഷ്ണമാക്കുന്നു. അതൊരു കുഞ്ഞിക്കൈയുടെ ചുറ്റിപ്പിടിക്കലാവാം; പക്ഷേ, മറ്റുള്ളവരോടുള്ള സ്നേഹപൂർവ്വമായ ഒരു നോട്ടത്തിലുള്ളതുപോലെതന്നെ ശക്തമായ സൂര്യതേജസ്സ് അതിൽ എനിക്ക് അനുഭവപ്പെടുന്നു.''

മുൻപരിചയം ഇല്ലാതിരുന്നിട്ടും ലത്തീൻ സഭാംഗമായ ഒരു യുവ വൈദികൻ എനിക്കുവേണ്ടി പ്രാർത്ഥിക്കാൻ ആ ദിവസങ്ങളിൽ എന്നും രാവിലെ എന്റെ മുറിയിൽ എത്തിയിരുന്നു. ഹെലൻ കെല്ലർ പറയുന്ന മാതിരി കൈകളിൽ സൂര്യരശ്മി ഉണ്ടായിരുന്ന ആളായിരുന്നു അദ്ദേഹം. എന്റെ തലയിൽ കൈവച്ച് അദ്ദേഹം പ്രാർത്ഥിക്കുമ്പോൾ ആ കൈയുടെ ചൂട് ഒരു പോസിറ്റീവ് എനർജിയായി എന്നിലേക്ക് പ്രവഹിക്കുന്നത് ഞാൻ അനുഭവിച്ചറിഞ്ഞിരുന്നു.

കോതമംഗലം രൂപതയിലെ ഞങ്ങളുടെ മെത്രാനച്ചൻ മാർ ജോർജ്ജ് പുന്നക്കോട്ടിൽ തിരുമേനിയും എന്നെ കാണാൻ ആശുപത്രിയിൽ വന്നിരുന്നു. എനിക്കുവേണ്ടി പ്രാർത്ഥിച്ച അദ്ദേഹവും എന്റെ തലയിൽ കൈവെച്ചു. എന്നാൽ വല്ലാത്തൊരു തണുപ്പാണ് എന്നിലേക്ക് അപ്പോൾ അരിച്ചിറങ്ങിയത്.

കാലവർഷം ശക്തിപ്രാപിച്ച ദിവസങ്ങളായിരുന്നു അത്. തിമിർത്തുപെയ്യുന്ന മഴയുടെ ആരവം കേൾക്കുമ്പോൾ മഴ കാണാൻ എനിക്ക് കൊതി തോന്നും. ഒരിക്കൽ ഭാര്യയും ചേച്ചിയും നേഴ്സുംകൂടി എന്നെ താങ്ങിയെടുത്ത് ജനാലയ്ക്കരികിൽ ഒരു ചൂരൽ കസേരയിൽ കൊണ്ടുവെച്ചു. അവിടെയിരുന്ന് മഴയുടെ ഭംഗി ഞാൻ ആവോളം ആസ്വദിച്ചു. മഴതോർന്നപ്പോൾ എന്നെ തിരിച്ചെടുത്ത് ബെഡ്ഡിലിടാനുള്ള അവരുടെ ശ്രമം വിജയിച്ചില്ല. പുറത്ത് കാവൽനിന്ന പോലീസുകാരെ അവർ സഹായത്തിനു വിളിച്ചു. രണ്ടുപേർ വന്ന് പുഷ്പംപോലെ എന്നെ എടുത്തു കിടത്തി. തുടയുടെ ഭാഗത്ത് വട്ടം പിടിച്ചതിനാൽ എന്റെ വലതുകാലിൽ പുറംതുടഭാഗത്തെ ഉണങ്ങിത്തുടങ്ങിയ വ്രണങ്ങൾ പൊളിഞ്ഞ് ചോര വന്നു. മംസം ചീന്തിയെടുത്ത തുടഭാഗം പൊതിയാൻ വേണ്ടി കരിന്തൊലി പൊളിച്ചെടുത്ത ആഴമില്ലാത്ത ക്ഷതങ്ങളായിരുന്നു അവ.

എന്റെ ആരോഗ്യനില അല്പം മെച്ചപ്പെട്ടതോടെ അടുത്ത ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും എന്നെ സന്ദർശിക്കാമെന്നായി. എന്നാൽ പുകവലിക്കാരെ മുറിയിലേക്ക് കടക്കാൻ ഒരു കാരണവശാലും അനുവദിക്കരുതെന്ന് ഡോക്ടർമാർ പറഞ്ഞിരുന്നു. പുകയിലയിൽ അടങ്ങിയിരിക്കുന്ന നിക്കോട്ടിൻ ആണത്രെ എന്റെ ശരീരത്തെ സംബന്ധിച്ചും അപ്പോഴത്തെ മുഖ്യശത്രു.

ചെറുപ്പത്തിൽത്തന്നെ പുകവലി ശീലമാക്കിയ ആളാണ് ഞാൻ. എട്ടാംക്ലാസ്സിൽ പഠിക്കുന്ന കാലം. ഞങ്ങളുടെ വീട്ടിൽ താമസിച്ചുകൊണ്ട് റബ്ബർ മരങ്ങൾ ടാപ്പുചെയ്തിരുന്ന ഒരാൾ നേരം പുലരുന്നതിനു മുമ്പുതന്നെ തന്റെ ജോലി ആരംഭിച്ചിരുന്നു. ടാപ്പിങ്ങിന് ആവശ്യമായ വെളിച്ചം ലഭിക്കാൻ ഒരു മണ്ണെണ്ണവിളക്കുമായി അയാളോടൊപ്പം എനിക്കും പോകേണ്ടിവന്നു. പുകവലിക്കാരനായ അയാളോട് ഇടയ്ക്ക് ഓരോ ബീഡി വാങ്ങി ഞാനും വലിച്ചു. അപ്പനമ്മമാർ അതറിഞ്ഞെങ്കിലും തണുപ്പുമാറ്റാനാണെന്ന് കാരണം പറഞ്ഞതിനാൽ കാര്യമായി ശാസിച്ചില്ല. ഇടയ്ക്ക് ടാപ്പിങ് കത്തി വാങ്ങി ഞാനും ടാപ്പിങ് ശീലിച്ചു. അയാൾക്ക് തന്റെ വീട്ടിലേക്ക് അധികനാളുകൾ കഴിയും മുമ്പേ തിരിച്ചുപോകേണ്ടിവന്നപ്പോൾ അയാളുടെ ടാപ്പിങ് ജോലിയും ഒപ്പം പുകവലിശീലവും ഞാൻ ഏറ്റെടുത്തു.

പുകവലി നിറുത്തണമെന്ന് പല തവണ വിചാരിച്ചെങ്കിലും അതൊന്നും വിജയിച്ചിരുന്നില്ല. അല്പകാലത്തിനു ശേഷം വീണ്ടും തുടങ്ങും. എന്നാൽ 2004 ഡിസംബർ 31-ന് നിർത്തിയതിനുശേഷം നാളിതുവരെ വലിച്ചിട്ടില്ല. അഞ്ചാറുവർഷംകൊണ്ട് എന്റെ ശരീരത്തിലെ നിക്കോട്ടിന്റെ അളവൊക്കെ കുറഞ്ഞിരിക്കും. അല്ലായിരുന്നെങ്കിൽ എന്റെ കൈ 'പിടിച്ചുകിട്ടാൻ' പ്രയാസമായിരുന്നുവെന്നാണ് ഡോക്ടർമാർ അഭിപ്രായപ്പെട്ടത്.

എന്നെ കാണാൻ വന്ന പലരും തങ്ങളുടെ വീടുകളിൽ തയ്യാറാക്കിയ ഭക്ഷണവും എനിക്കായി കൊണ്ടുവന്നിരുന്നു. എന്റെ ശിഷ്യനായ ജോസ് ജോസഫ് കൊണ്ടുവന്ന പുഴമീൻകറിയുടെയും എറണാകുളം സെന്റ് ആൽബർട്സ് കോളജിലെ ഫിസിക്സ് വിഭാഗം അധ്യാപകൻ ഷാജി ജോസഫ് കൊണ്ടുവന്ന ബീഫ് കറിയുടെയും രുചി ഇപ്പോഴും എന്റെ നാവിലുണ്ട്. പ്രൊഫ. ഷാജി ജോസഫുമായി എനിക്ക് മുൻപരിചയം ഉണ്ടായിരുന്നതേയില്ല.

ന്യൂമാൻ കോളജിലെ എന്റെ പ്രിൻസിപ്പൽ ഡോ. ടി.എം. ജോസഫ് എന്നെ കാണാൻ ആശുപത്രിയിൽ എത്തിയിരുന്നു അദ്ദേഹത്തിന്റെ പിന്നിൽ കോളജ് ബർസാർ ഫാ. പിച്ചലക്കാട്ടും നില്ക്കുന്നതായി ഞാൻ കണ്ടു. പുറകിൽനിന്ന് ആരോ തള്ളിപ്പിടിച്ചിട്ടുണ്ടെന്നു തോന്നുംവിധമായിരുന്നു ആ പാവത്തിന്റെ നില്പ്.

അടുത്ത ദിവസം 'മംഗളം' ദിനപത്രത്തിൽ 'ചോദ്യപേപ്പർ വിവാദത്തിലെ ചോദ്യവും ഉത്തരവും' എന്ന ശീർഷകത്തിൽ പ്രിൻസിപ്പൽ ഡോ. ടി.എം. ജോസഫിന്റെ ഒരു ലേഖനം വന്നു. അതിൽ അദ്ദേഹം എന്നെ അപ്പാടെ തള്ളിപ്പറയുകയും കടുത്ത മതനിന്ദകനായി ചിത്രീകരിക്കുകയും ചെയ്യുന്നു. വിവാദചോദ്യം ഒരു മതവിഭാഗത്തിൽപ്പെടുന്നവരെ മാത്രമല്ല, എല്ലാ മതവിശ്വാസികളെയും ഒരുപോലെ ആക്ഷേപിക്കുന്നതാണെന്ന് അസന്ദിഗ്ദ്ധമായി അദ്ദേഹം പ്രസ്താവിക്കുന്നു. ''അധ്യാപന വരം ലഭിച്ചിട്ടുള്ള ഒരാൾക്ക് ഇത്തരം

പിഴവുകൾ പറ്റുന്നതല്ല'' എന്ന അദ്ദേഹത്തിന്റെ നിരീക്ഷണമാണ് എന്നെ ഏറെ വേദനിപ്പിച്ചത്.

ആപത്തിൽപ്പെട്ടിരിക്കുന്ന സഹപ്രവർത്തകന് ആശ്വാസമാകേണ്ടതിനു പകരം എന്തിനാണ് എന്നെ ഭർത്സിക്കാൻ അദ്ദേഹം വീണ്ടും മുതിരുന്നത്? എനിക്കേറ്റ മുറിവുകൾ പോരെന്ന് അദ്ദേഹത്തിനു തോന്നുന്നുണ്ടാവുമോ?

## കൈമാറ്റം ചെയ്യപ്പെട്ട അക്ഷരങ്ങൾ

തുന്നിച്ചേർത്ത കൈപ്പത്തി എന്റെ വരുതിയിലാണോ എന്നറിയാൻ ശസ്ത്രക്രിയയുടെ മൂന്നാം നാൾ ഞാൻ സസൂക്ഷ്മം അതിലെ ചൂണ്ടുവിരൽ ഒന്ന് അനക്കി നോക്കി. പകുതി മടങ്ങിയ അവസ്ഥയിലായിരുന്ന വിരലുകളുടെ കൂട്ടത്തിൽനിന്ന് അത് എന്റെ ആജ്ഞപ്രകാരം അല്പമൊന്ന് മുന്നോട്ടാഞ്ഞു. നഖങ്ങളുടെ അവസ്ഥയും ഞാൻ നിരീക്ഷിച്ചുകൊണ്ടാണിരുന്നത്. ഒരു മാസക്കാലത്തെ നിശ്ചലാവസ്ഥയ്ക്കുശേഷം അവ ഇപ്പോൾ മുറപോലെ വളർന്നു തുടങ്ങിയിരിക്കുന്നു. അങ്ങനെ റീപ്ലാന്റേഷൻ വിജയിച്ചിരിക്കുന്നുവെന്ന് ഞാൻ സ്വയം മനസ്സിലാക്കി.

എന്നാൽ ഡിസ്ചാർജ്ജ് ചെയ്യുന്ന കാര്യം ഡോക്ടർ പറഞ്ഞുകേട്ടത് അപ്രതീക്ഷിതമായിട്ടാണ്. കാരണം, ഇപ്പോഴും നവജാതശിശുവിനെപ്പോലെ കിടന്നുകൊണ്ടാണ് മലമൂത്രവിസർജ്ജനം. വസ്ത്രങ്ങളൊന്നും ധരിക്കാനാവാതെ കച്ചയിൽ പൊതിഞ്ഞാണ് സദാസമയവും കിടപ്പ്. ഉദരപൂരണത്തിന് ഫീഡിങ് ബോട്ടിൽ വേണ്ടെന്നു മാത്രം.

''ഇങ്ങനെതന്നെ കിടന്നാൽ മതി. മുറിയിൽ എസി വേണം. മരുന്നൊന്നുമില്ല. പത്തുദിവസം കഴിഞ്ഞുവന്ന് തുന്നിച്ചേർത്ത മുറിവുകളിലെ സ്റ്റിച്ചും അയേൺ വയറുകളും എടുത്തുമാറ്റി കൈയ്ക്കും കാലിനും പ്ലാസ്റ്ററിടണം.'' ഡോക്ടർ പറഞ്ഞു.

ഞങ്ങളുടെ സാമ്പത്തികാവസ്ഥയെക്കുറിച്ച് ഏകദേശധാരണ ഡോക്ടർക്ക് കിട്ടിയതുകൊണ്ടാവും പരമാവധി നേരത്തേ ഡിസ്ചാർജ്ജ് ചെയ്യുന്നത്. ഏതായാലും അത് പല തരത്തിലും ആശ്വാസമായി.

അവസാനം റൗണ്ട്സിനു വന്ന ഡോ. സെന്തിൽകുമാർ നിർദ്ദേശങ്ങൾ നല്കി.

''പുകവലിക്കരുത്. പുകവലിക്കാരോട് സംസർഗ്ഗം അരുത്. പിന്നെ, ആളുകളുടെ മുമ്പിൽ ഒരു പ്രദർശനവസ്തുവായി മാറരുത്.''

ഞാൻ തലയാട്ടി. എന്നിട്ട് പകുതി തമാശയായിട്ടും പകുതി കാര്യമായിട്ടും ഞാൻ അദ്ദേഹത്തോട് ചോദിച്ചു.

''മദ്യം കഴിക്കാമോ?''

''അതിനൊന്നും കുഴപ്പമില്ല.'' നിസ്സാരമട്ടിൽ ഡോക്ടർ പറഞ്ഞു. അത് ഭാര്യയും ചേച്ചിയും കേട്ടെന്ന് ഞാൻ ഉറപ്പുവരുത്തി. ഒരുവേള രണ്ട് പെഗ്ഗ് അടിക്കണമെങ്കിൽ ഒരു ലൈസൻസായി ഡോക്ടറുടെ വാക്കുകൾ റഫർ ചെയ്യാമല്ലോ.

ഡിസ്ചാർജ്ജിനോടനുബന്ധിച്ചുള്ള കാര്യങ്ങൾ പൂർത്തീകരിക്കാൻ സലോമിയും ചേച്ചിയും പുറത്തുപോയിരുന്ന സമയത്ത് റൂമിനു വെളിയിൽ

കാവൽ നിന്നിരുന്ന പോലീസുകാരിൽ ഒരാൾ മുറിക്കുള്ളിലേക്ക് വന്ന് എന്നോടു പറഞ്ഞു.

''അടുത്ത മുറിയിലെ രോഗിയുടെ ബന്ധു സാറിനെ ഒന്നു കണ്ടോട്ടെ എന്നു ചോദിക്കുന്നു.

''വന്നോട്ടെ.'' ഞാൻ പറഞ്ഞു.

ഏകദേശം നാല്പത്തഞ്ചുവയസ്സുള്ള, മുണ്ടും ഷർട്ടും ധരിച്ച ഒരാൾ റൂമിലേക്ക് കടന്നുവന്ന് എന്നെ നോക്കി ഒന്നും മിണ്ടാതെ നിന്നു.

അയാളുടെ കണ്ണിൽ വെള്ളം നിറയുന്നതായി ഞാൻ കണ്ടു.

ഞാൻ അയാളോടു പേരു ചോദിച്ചു.

അയാൾ പേരു പറഞ്ഞു.

വൈപ്പിൻ സ്വദേശിയാണ്.

വെയിലേറ്റു കരുവാളിച്ച മുഖം. മത്സ്യത്തൊഴിലാളി ആയിരിക്കും. ഞാൻ ചോദിച്ചില്ല.

പോകുന്നതിനുമുമ്പ് അയാൾ തന്റെ പോക്കറ്റിൽനിന്നും ചില്ലറ നോട്ടുകളുടെ പുറം അടുക്കിലിരുന്ന ആയിരം രൂപയുടെ ഒരു നോട്ടെടുത്ത് എന്റെ ബെഡ്ഡിൽ വെച്ചു.

''അതൊന്നും വേണ്ട.'' ഞാൻ പറഞ്ഞത് അയാൾ കേട്ടതായി ഭാവിച്ചില്ല. ശരീരമനക്കാൻ കഴിയാതിരുന്ന എനിക്ക് മറ്റൊന്നും ചെയ്യാനായില്ല. അയാൾ പെട്ടെന്ന് മുറിവിട്ടിറങ്ങി.

അയാൾ വെച്ചിട്ടുപോയ ആ ഉപഹാരത്തിലേക്ക് നോക്കിയപ്പോൾ എനിക്ക് കരച്ചിൽ വന്നു. ആ കടലാസുനാണയത്തിൽ അതിന്റെ ഇപ്പോഴുള്ള മൂല്യം അങ്കനം ചെയ്യപ്പെട്ടിട്ടില്ലല്ലോ.

മുപ്പത്തിയഞ്ചു ദിവസത്തെ ആശുപത്രിവാസത്തിനുശേഷം 2010 ആഗസ്റ്റ് 7-നാണ് ഞാൻ ഡിസ്ചാർജ് ആയത്. അതിന്റെ കാര്യങ്ങളെല്ലാം പൂർത്തീകരിച്ച് ആശുപത്രി വിട്ടപ്പോൾ സന്ധ്യകഴിഞ്ഞിരുന്നു.

എന്നെ സ്ട്രെച്ചറിൽ കിടത്തിത്തന്നെ കൊണ്ടുപോകേണ്ടിയിരുന്നതുകൊണ്ട് ആംബുലൻസ് വേണ്ടിവന്നു. വീട്ടുകാർക്കും മറ്റും സഞ്ചരിക്കാൻ എറണാകുളത്തുള്ള ഒരു സുഹൃത്ത് കാർ വിട്ടുതന്നു. മുമ്പിലും പുറകിലും പോലീസ്‌വാഹനമുണ്ട്. അങ്ങനെ രാജകീയമായിട്ടായിരുന്നു എന്റെ മടക്കയാത്ര. എട്ടേമുക്കാൽ മണിയോടെ ഞങ്ങൾ വീട്ടിലെത്തി.

വാർത്താമാധ്യമങ്ങളിൽ എന്നെ സംബന്ധിച്ച കാര്യങ്ങൾ കൃത്യമായി വന്നുകൊണ്ടിരുന്നതിനാൽ സുഹൃത്തുക്കളും നാട്ടുകാരും പൗരപ്രമുഖരും ഞങ്ങളെത്തുമ്പോൾ വീട്ടിലുണ്ടായിരുന്നു. ഒപ്പം മാധ്യമപ്രവർത്തകരും.

വീടിനോടു ചേർന്ന റോഡിൽ നീലനിറമുള്ള ഒരു പോലീസ് വാൻ കിടന്നിരുന്നു. ഒരു ഡസനോളം പോലീസുകാരും വീട്ടുപരിസരത്ത് നിലയുറപ്പിച്ചിരുന്നു.

വീട്ടിലെ ഒരു മുറിയിലും എസി ഇല്ലാതിരുന്നതിനാൽ എന്റെ സുഹൃത്തായ കല്ലറയ്ക്കൽ കുര്യാക്കോസ് തന്റെ ആവശ്യത്തിലേക്കായി വാങ്ങിവെച്ചിരുന്ന ഒരു എയർകണ്ടീഷണർ ഞാൻ എത്തുന്നതിനു മുമ്പ് എന്റെ കിടപ്പുമുറിയിൽ സ്ഥാപിച്ചിരുന്നു. അങ്ങനെ ശീതീകരിച്ച ആ മുറിയിലുള്ള കട്ടിലിലേക്ക് ഞാൻ അറിയുന്നവരും അറിയാത്തവരുമായ ആളുകൾ വളരെ കരുതലോടെ എന്നെ പകർത്തിക്കിടത്തി. ശയ്യാവലംബിയായിട്ടാണെങ്കിലും അങ്ങനെ സ്നേഹോഷ്മളമായിട്ടായിരുന്നു എന്റെ ഗൃഹപ്രവേശം.

തുടർന്നുള്ള ദിവസങ്ങളിൽ പരിചയസീമയിൽ പെട്ടവരും പെടാത്തവരുമായ ധാരാളം ആളുകൾ എന്നെ കാണാനെത്തി. അടുപ്പംകൊണ്ടും അനുഭാവംകൊണ്ടും വരുന്ന അവരെ എങ്ങനെയാണ് തടയാനാവുക? അതിനാൽ 'ആളുകളുടെ മുമ്പിൽ പ്രദർശനവസ്തുവായി മാറരുത്' എന്ന നിർദ്ദേശം ഞാൻ അവഗണിച്ചു.

ശൗചാദി പ്രഭാതകർമ്മങ്ങളൊക്കെ ചെയ്യിപ്പിച്ച് പ്രാതലും തന്ന് എട്ടുമണിയോടെ സലോമി എന്നെ ഒരുക്കിക്കിടത്തും. അപ്പോഴേക്കും സന്ദർശകരുടെ ക്യൂ ആയിട്ടുണ്ടാകും.

പുറത്ത് കാവൽ നിന്നിരുന്ന പോലീസിന്റെ സൂക്ഷ്മനിരീക്ഷണത്തിനു വിധേയമായതിനു ശേഷമേ സന്ദർശകർക്ക് വീടിനുള്ളിലേക്ക് പ്രവേശിക്കാൻ കഴിഞ്ഞിരുന്നുള്ളൂ.

മരണപ്പെട്ട ഒരാളെ എന്നപോലെയാണ് ചിലർ എന്നെ നോക്കിക്കണ്ടത്. അവരിൽ ചിലർ വിങ്ങിപ്പൊട്ടി. ചിലരാകട്ടെ, തുന്നിച്ചേർത്ത കൈപ്പത്തിയിൽ ചുംബിച്ചു. ചിലർ മൗനമായിട്ടും ചിലർ ഒച്ചവെച്ചും എനിക്കായി പ്രാർത്ഥിച്ചു.

വെറും കൈയോടെ അല്ലായിരുന്നു പലരും വന്നത്. ആപ്പിൾ, ഓറഞ്ച്, മുന്തിരി, വാഴപ്പഴം, നാടൻ കോഴിമുട്ട എന്നിവയൊക്കെ അവർ എനിക്കുവേണ്ടി കൊണ്ടുവന്നു. ഒരു സാധുസ്ത്രീ അവർ വളർത്തുന്ന പശുവിന്റെ ഒരു കുപ്പി പാലുമായിട്ടാണ് എന്നെ കാണാനെത്തിയത്.

ഉപഹാരങ്ങളൊക്കെ ഏറ്റുവാങ്ങി അങ്ങനെ കിടന്നപ്പോൾ ആക്രമിച്ചവരോട് ക്ഷമിച്ചെന്നു മാത്രമല്ല നന്ദി പറയണമെന്നുപോലും എനിക്കു തോന്നി. കാരണം, ഇത്രയും കരുതലും സ്നേഹവും നാളിതുവരെ എനിക്കു കിട്ടിയിട്ടുണ്ടായിരുന്നില്ല.

എന്റെ സുരക്ഷ ഉറപ്പാക്കുന്നതിൽ പോലീസിനും ഇപ്പോൾ നല്ല ശുഷ്കാന്തിയാണ്. കറണ്ട് പോയാലും വെളിച്ചം ഉണ്ടാകുന്നതിന് മൂവാറ്റുപുഴ ഡിവൈഎസ്പി സാബു മാത്യുവിന്റെ നിർദ്ദേശാനുസരണം ഞങ്ങൾ വീട്ടിൽ ഇൻവെർട്ടർ സ്ഥാപിച്ചു. അന്ന് എറണാകുളം റൂറൽ എസ്.പി., ടി.വിക്രം ഐ.പി.എസ് ആയിരുന്നു. അദ്ദേഹം എന്നെ സന്ദർശിച്ച് അനുഭാവം അറിയിക്കുക മാത്രമല്ല, ഒരു ഓഫീസർ എന്ന നിലയിൽ ഈ കേസിൽ തന്നാലാവുന്നതെല്ലാം ചെയ്യുമെന്ന് ഉറപ്പുനല്കുകയും ചെയ്തു. എറണാകുളം

റേഞ്ച് ഐ.ജി. ഡോ. ബി. സന്ധ്യ ഐ.പി.എസ്. ഫോണിലൂടെ കുശലാന്വേഷണം നടത്തി.

സന്ദർശകബാഹുല്യം നിമിത്തം എന്റെ ഉച്ചഭക്ഷണസമയം പലപ്പോഴും തെറ്റി. ഭാര്യയും ചേച്ചിയും ഭക്ഷണകാര്യം ഇടയ്ക്കിടെ ഓർമ്മപ്പെടുത്തിയെങ്കിലും സന്ദർശകർ കാത്തുനില്ക്കുമ്പോൾ എനിക്കതിനു മനസ്സുവന്നില്ല. അതിനാൽ നാലുമണിക്കും അഞ്ചുമണിക്കുമൊക്കെയാണ് ആ ദിവസങ്ങളിൽ ഉച്ചഭക്ഷണം കഴിച്ചിരുന്നത്.

സമയം തെറ്റിയുള്ള ഭക്ഷണരീതി എന്റെ ആരോഗ്യത്തെ ബാധിക്കുമെന്ന് ഭയന്ന ചേച്ചി സന്ദർശകസമയം ക്ലിപ്തപ്പെടുത്തി ഒരു നോട്ടീസ് ഉമ്മറഭിത്തിയിൽ ഒട്ടിച്ചു. പക്ഷേ, അതുകൊണ്ട് ഉദ്ദേശിച്ച ഫലമൊന്നും ഉണ്ടായില്ല.

സമയദോഷംകൊണ്ടാണ് ഇങ്ങനെയൊക്കെ വന്നു ഭവിച്ചതെന്നു പറഞ്ഞ് ആശ്വസിപ്പിക്കാനും ചിലർ ശ്രമിച്ചു. എന്നെ കാണാൻ ഈരാറ്റുപേട്ടയിൽനിന്ന് എത്തിയ ഒരു റിട്ടയേർഡ് ഹെഡ്മാസ്റ്റർ ജ്യോതിഷം പഠിച്ചിട്ടുള്ള ആളായിരുന്നു. അദ്ദേഹം എന്റെ ജന്മനക്ഷത്രം ആരാഞ്ഞു.

''കാർത്തിക.'' ഞാൻ അറിയിച്ചു. എന്റെ വയസ്സും മറ്റും കണക്കുകൂട്ടിയിട്ട് അദ്ദേഹം പറഞ്ഞു.

''ശനിദശയാണ്. കണ്ടകശ്ശനി അല്ലാത്തതുകൊണ്ടാണ് ആളിപ്പോൾ ജീവിച്ചിരിക്കുന്നത്.''

ചില വാസ്തുവിദ്യാവിശാരദന്മാർ എന്റെ വീടിന്റെ സ്ഥിതിയൊക്കെ പരിശോധിച്ച് എനിക്കുണ്ടായ അനർത്ഥങ്ങളുടെ കാരണം തേടി. വീടിന് ഒരു തരത്തിലുള്ള ഇരിപ്പുദോഷവും അവർക്ക് കണ്ടെത്താനായില്ല. കണ്ടെത്തിയിരുന്നെങ്കിലും അവർക്ക് എന്നിൽ വികല്പം ഉണ്ടാക്കാൻ കഴിയുമായിരുന്നില്ല, കാരണം, എന്റെ വീടിന്റെ സ്ഥാനം നിർണ്ണയിച്ചത് ഞാനാണ്. പ്രകൃതിയോട് ഇണങ്ങിയാവണം വീടുണ്ടാക്കേണ്ടത് എന്നതിലപ്പുറം വാസ്തുവിൽ ഒരു കഴമ്പുമില്ലെന്ന് എനിക്ക് പൂർണ്ണബോധ്യമുണ്ട്.

ന്യൂമാൻ കോളജിന്റെ മാനേജരും കോതമംഗലം രൂപതയിലെ വികാരി ജനറാളുമായ റവ. ഫാ. തോമസ് മലേക്കുടി എന്നെ കാണാൻ വന്നില്ല. അതിനൊരു കാരണം അദ്ദേഹം ചിലരോടു പറഞ്ഞതായി കേട്ടതിനാലാണ് അക്കാര്യം ഇപ്പോഴും ഞാൻ ഓർക്കുന്നത്.

''സാറിന്റെ പേരിൽ കോളജ് മാനേജ്മെന്റ് എൻക്വയറി നടത്തിക്കൊണ്ടിരിക്കുകയാണ്. മാനേജരായ താനാണ് അതിൽ ഒരു ജഡ്ജിനെപ്പോലെ വിധി നടത്തേണ്ടത്. കുറ്റാരോപിതനെ കാണാൻ പോകുന്നത് അത്തരുണത്തിൽ ഉചിതമാണോ? നീതിനിർവ്വഹണത്തിന് അതെങ്ങാനും തടസ്സമായി വന്നാലോ?''

മിക്കവാറും രാത്രി ഒമ്പതുമണിവരെ സന്ദർശകരുണ്ടാകും. അത്താഴത്തിനുശേഷം ഉറങ്ങാൻ കിടക്കുമ്പോഴാണ് അതുവരെ പതുങ്ങിയിരുന്ന

വേദനയൊക്കെ മുറിവുകളിൽ ഫണം വിടർത്തുന്നത്. ഉറങ്ങാൻ കഴിയാത്തവിധം വേദന കടുത്തുവന്നപ്പോൾ ചേച്ചി സിസ്റ്റർ മാരിസ്റ്റെല്ല സ്പെഷ്യലിസ്റ്റ്സ് ഹോസ്പിറ്റലിൽ ചെന്നു. സഹപ്രവർത്തകരുമായി സംസാരിച്ചു നിന്ന ഡോ. ജയകുമാർ ഇടനാഴിയിൽ വെച്ച് ചേച്ചിയെ കാണുകയും ആഗമനോദ്ദേശ്യം ആരായുകയും ചെയ്തു. ചേച്ചി എന്റെ അവസ്ഥ അറിയിക്കുകയും ഏതെങ്കിലും വേദനസംഹാരി തരണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.
വേദനസംഹാരിയൊന്നും തരാൻ അദ്ദേഹം കൂട്ടാക്കിയില്ല. പകരം ഇപ്രകാരം പറഞ്ഞു:

''രണ്ടുപെഗ്ഗടിച്ചു കിടക്കാൻ സാറിനോട് പറ.''

തിരിച്ചുവന്ന ചേച്ചി ഡോക്ടർ പറഞ്ഞ കാര്യമൊക്കെ വിവരിച്ചിട്ട് എന്നോടു ചോദിച്ചു.

വേണോ?

''വേണ്ട.'' ഞാൻ പറഞ്ഞു. ''വേദനതന്നെ ഒരു ലഹരിയാണല്ലോ.''

പത്തുദിവസം കഴിഞ്ഞ് ഹോസ്പിറ്റലിൽ പോയതും ആംബുലൻസിൽ തന്നെയാണ്. സ്റ്റിച്ചും അയേൺ വയറുകളുമൊക്കെ എടുത്തുകളഞ്ഞ് വലതുകൈയിലും ഇടതുകാലിലും പ്ലാസ്റ്ററിട്ടു. ഇടതുകൈയിൽ കെട്ടിയിരുന്ന പടികളൊക്കെ എടുത്തുമാറ്റി. അവിടെ പ്ലാസ്റ്ററിട്ടില്ല. ഇനിയും ഉണങ്ങാത്ത അവിടുത്തെ മുറിവ് മറയ്ക്കാൻ ട്യൂബുലാർ ഇലാസ്റ്റിക് ബാൻഡേജ് അണിയിച്ചു.

കാലിനും കൈയ്ക്കും പ്ലാസ്റ്ററിട്ടതോടെ എനിക്ക് ഇരിക്കാമെന്നായി. ഒരു ബർമുഡയും ഷർട്ടും ധരിപ്പിച്ച് വീൽചെയറിൽ ഇരുത്തി കാഷ്വാലിറ്റിയിൽനിന്ന് ആംബുലൻസിന്റെ അടുത്തേക്ക് എന്നെ കൊണ്ടുവരുമ്പോഴാണ് ആത്മാവിനോട് ഒട്ടിനില്ക്കുന്ന ആ സൗധം-സ്പെഷ്യലിസ്റ്റ്സ് ഹോസ്പിറ്റൽ-ഞാൻ ആദ്യമായി കാണുന്നത്.

സ്പെഷ്യലിസ്റ്റ്സ് ഹോസ്പിറ്റലിന്റെ ഭാഗമായി പാലാരിവട്ടത്തു പ്രവർത്തിക്കുന്ന ഫിസിയോതെറാപ്പി സെന്ററിൽ അടുത്ത ദിവസം പോയിത്തുടങ്ങി.

ആ പോക്കും രാജകീയമായിരുന്നു. ഉച്ചയ്ക്ക് ഒരു മണിയോടെ പോലീസ് ജീപ്പ് റെഡിയായിവരും. അവരുടെ എസ്കോർട്ടോടെ ആയിരുന്നു യാത്ര. ഞങ്ങളുടെ കാർ മരുമകൻ ജോബി ഓടിക്കും. ഇടതു മുൻസീറ്റിൽ ഭാര്യയോ ചേച്ചിയോ ഉണ്ടാകും. മൂന്നുപേർക്കിരിക്കാവുന്ന പിൻസീറ്റിൽ എന്നെ ഇരുത്തിയിട്ട് അഞ്ചാറു തലയണകൾ ഊടായി വെക്കും. അങ്ങനെ 'സുഖദ'മായിരുന്നു ആ യാത്രകൾ. ഞായർ മാത്രമേ അവധി ഉണ്ടായിരുന്നുള്ളൂ.

വലതു കൈപ്പത്തിയിലെ വിരലുകൾക്കും ഇടതുകൈയ്ക്കുമായിരുന്നു തുടക്കത്തിൽ ഫിസിയോതെറാപ്പി. വലതുകൈപ്പത്തിക്ക് സെൻസേഷൻ ഇല്ലാതിരുന്നതുകൊണ്ട് വേദനയേ ഉണ്ടായിരുന്നില്ല. എന്നാൽ ഇടതുകൈയുടെ

കാര്യം അങ്ങനെ ആയിരുന്നില്ല. കടുത്തവേദനയിലും ഞാൻ നിലവിളിക്കുകയോ ബഹളം വെക്കുകയോ ചെയ്തില്ല. നിശ്ചലമായി കിടക്കും.

നിശ്ശബ്ദനാണെങ്കിലും ഞാൻ അനുഭവിക്കുന്ന വേദനയുടെ തോത് ഫിസിയോതെറാപ്പിസ്റ്റ് മിസ്സിസ് റേച്ചലിന് അറിയാമായിരുന്നു. ഒരിക്കൽ എന്റെ ശ്വാസഗതിയിൽ സംശയം തോന്നിയ അവർ എന്റെ നെഞ്ചിലമർത്തി ഫസ്റ്റ്എയ്ഡ് തന്നു. ചിലപ്പോൾ ചെന്നിയിലെ ഞരമ്പുകൾ പൊട്ടുമെന്നുപോലും തോന്നും. നിലവിളിക്കാതെ സ്വസ്ഥമായിട്ടിരിക്കുന്ന എന്റെ 'ദുർസ്വഭാവ'മാണ് അത്തരം കുഴപ്പങ്ങൾക്കൊക്കെ കാരണമായത്.

വേദനസംഹാരി വാങ്ങിക്കഴിക്കാൻ റേച്ചൽ മാഡം ഉപദേശിച്ചു. സ്പെഷ്യലിസ്റ്റ്സ് ഹോസ്പിറ്റലിൽ നിന്നുതന്നെ അതു വാങ്ങി. കടുത്ത വേദനയുടെ മുമ്പിൽ ആ ഗുളികകളും തോറ്റതിനാൽ ഒറ്റ ദിവസം മാത്രമേ കഴിച്ചുള്ളു.

പാലാരിവട്ടം ജങ്ഷനു സമീപമായിരുന്നു ഫിസിയോതെറാപ്പി സെന്റർ. ജങ്ഷനിലെത്തുമ്പോൾ തന്നെ ആസന്നമായ വേദനാനുഭവത്തെക്കുറിച്ചോർത്ത് ഞാൻ ചകിതനാകും. എന്നാൽ മടക്കയാത്ര ഉല്ലാസഭരിതങ്ങളായിരുന്നു. ഒരു മണിക്കൂർ നീളുന്ന പീഡാനുഭവം ഇനി നാളയല്ലേ ഉണ്ടാവൂ.

കൈവെട്ടാൻ വന്ന 'ആക്ഷൻ ഹീറോ' മാർക്ക് ഇടതുകൈ ലക്ഷ്യമേ ആയിരുന്നില്ല; കൈമാറിപ്പോയതാണത്രെ. 'ഗൗരവമുള്ള കാര്യങ്ങൾ ചെയ്യുമ്പോൾ തെറ്റുപറ്റാമോ? ആ ശ്രദ്ധക്കുറവിന്റെ ഫലമല്ലേ പാവം ഇടതുകൈ ഇപ്പോഴും അനുഭവിക്കുന്നത്. അതിനാൽ കൈവെട്ടിയവരോട് ക്ഷമിച്ചെന്നൊക്കെ പറഞ്ഞാലും ഇടതുകൈയുടെ കാര്യത്തിൽ ഒന്നുകൂടി ആലോചിക്കാനുണ്ടെന്ന് ഒരു ദിവസം മടക്കയാത്രയ്ക്കിടയിൽ ഞാൻ ചേച്ചി സിസ്റ്റർ മാരിസ്റ്റെല്ലയോട് നർമ്മം പറഞ്ഞു.

എന്നെ അക്രമിച്ച വീരന്മാരിൽ ചിലരെ ഇതിനോടകം പോലീസ് പിടികൂടിയിരുന്നു. അതിൽ ചിലരെ വീട്ടിൽ കൊണ്ടുവന്ന് എന്നെ കാണിച്ച് പോലീസ് മൊഴിയെടുത്തു. ഞാൻ നിസ്സംഗതയോടെയാണ് അവരെ നോക്കിയത്. അവരുടെ കണ്ണുകളിലും അതേ നിസ്സംഗതയാണ് എനിക്ക് കാണാൻ കഴിഞ്ഞത്.

കാലിലും മറ്റും പ്ലാസ്റ്ററിട്ട് എനിക്ക് ഇരിക്കാറായതിന്റെ അടുത്തദിവസം ഓഗസ്റ്റ് 19-ന് ന്യൂമാൻ കോളജ് മാനേജരുടെ ഒരു കവർ തപാലിൽ എനിക്കു ലഭിച്ചു. എൻക്വയറി റിപ്പോർട്ടിന്റെ കോപ്പിയും കാരണം കാണിക്കൽ നോട്ടീസുമായിരുന്നു അതിൽ ഉണ്ടായിരുന്നത്. സർവ്വീസിൽ നിന്ന് പിരിച്ചുവിടാതിരിക്കാൻ കാരണമുണ്ടെങ്കിൽ ബോധിപ്പിക്കാനാണ് മാനേജരുടെ നിർദ്ദേശം. അതൊക്കെ നടപടിക്രമത്തിന്റെ ഭാഗമായിരിക്കുമെന്നും ചോദ്യപേപ്പർ വിവാദത്തിന്റെ സത്യാവസ്ഥ സാമാന്യജനങ്ങൾക്കെല്ലാം ബോധ്യപ്പെട്ട സ്ഥിതിക്ക് മറുപടി കൊടുക്കുന്നതോടെ സസ്പെൻഷൻ പിൻവലിക്കുമെന്നുതന്നെ ഞാൻ

വിചാരിച്ചു. ഞാൻ പറഞ്ഞു കൊടുത്തു തയ്യാറാക്കിയ മറുപടിക്കത്ത് ഓഗസ്റ്റ് 25-ന് മാനേജരച്ചനെ ഏല്പിക്കുകയും ചെയ്തു.

ആ കത്തുമായി ബിഷപ് ഹൗസിൽ പോയത് സലോമിയും ആമിയുമാണ്. തന്നെ കാണാനെത്തിയ സ്ത്രീകൾ ടി.ജെ. ജോസഫിന്റെ ഭാര്യയും മകളുമാണെന്ന് അറിഞ്ഞതോടെ മാനേജർക്ക് ഹാലിളകി. 'മുഹമ്മദ്' എന്നു ചേർക്കുന്നതിനു പകരം വല്ല തൊമ്മനെന്നോ മത്തായീന്നോ ഇടാൻ മേലാരുന്നോ എന്നും മറ്റും പറഞ്ഞ് അദ്ദേഹം അവരിൽ ശകാരവർഷം ചൊരിഞ്ഞു. അന്വേഷണക്കമ്മീഷനെ വെച്ച വകയിൽ രണ്ടരലക്ഷം രൂപ ഇതിനോടകം ചെലവായിട്ടുണ്ടത്രെ. മറുപടിക്കത്ത് വാങ്ങിവെച്ച അദ്ദേഹം തീർത്തും മര്യാദയില്ലാത്ത രീതിയിലാണ് അവരെ തിരിച്ചയച്ചത്.

മാനേജരച്ചന്റെ സ്തോഭപ്രകടനം തത്കാലം മാധ്യമങ്ങളെ അറിയിക്കേണ്ടെന്ന് ഞങ്ങൾ തീരുമാനിച്ചു. 'സത്യം വദ' എന്നതിന്റെ പൊരുൾ സത്യമായിട്ടുള്ളതെല്ലാം വിളിച്ചുപറയണമെന്നല്ല; പറയുന്നത് സത്യമായിരിക്കണം എന്നതാണല്ലോ.

ഞാൻ മറുപടി നല്കിയ വാർത്തയും പത്രങ്ങളിൽ പിറ്റേന്നുതന്നെ വന്നു. കോളജ് മാനേജർ കോതമംഗലം രൂപത വികാരി ജനറാൾ മോൺസിഞ്ഞോർ തോമസ് മാലേക്കുടി കൈപ്പത്തി അറ്റ അധ്യാപകന്റെ ആരോഗ്യവിവരം തിരക്കുകയും ഭാര്യയെയും മകളെയും സാന്ത്വനിപ്പിച്ചാണ് മടക്കി അയച്ചതെന്നുമൊക്കെ ഒരു പത്രത്തിൽ എഴുതിക്കണ്ടു. അങ്ങനെയല്ലേ അദ്ദേഹം പെരുമാറേണ്ടിയിരുന്നത് എന്ന് വെറുതെ ഞാൻ ജല്പനം ചെയ്തു.

ഇടതു കൈക്കുഴയിലേറ്റ വെട്ട് ചെറുവിരൽ ഭാഗത്തെ മൂന്നു വിരലുകളുടെ മൂലഭാഗത്തെ ഖണ്ഡിച്ചിരുന്നു. മറ്റൊരു വെട്ടിൽ മോതിരവിരലിന്റെ പത്തിയോടു ചേരുന്ന ഭാഗത്തെ മുട്ട് പൊട്ടിയിരുന്നു. അതിനാൽ അല്പമെങ്കിലും അനക്കാൻ സാധിച്ചത് പെരുവിരലും ചൂണ്ടുവിരലുമാണ്. മേലിൽ വലതുകൈകൊണ്ടുള്ള എഴുത്ത് നടക്കില്ലെന്ന് അറിയാമായിരുന്നതുകൊണ്ടാവണം ഇടതുകൈകൊണ്ട് എഴുതി ശീലിക്കാൻ റേച്ചൽമാഡം എന്നോട് ആവശ്യപ്പെട്ടത്. എഴുത്തിനിരുത്തിയ കൊച്ചുകുട്ടിക്ക് എന്നപോലെ അവർ എന്റെ വിരലുകൾക്കിടയിൽ ഒരു പേന വെച്ചു തന്നു. പക്ഷേ, പേനയിൽ എന്റെ വിരലുകൾ വേണ്ടവിധം മുറുകുമായിരുന്നില്ല. ഒരു പുതിയ നോട്ട്ബുക്ക് എടുത്തിട്ട് റേച്ചൽ മാഡം അതിൽ 'ത' പോലെ ഒരു വരി മുഴുവൻ നിർത്താതെ വരച്ചുവെച്ചു. പിറ്റേന്നു വരുമ്പോൾ ആ പേജ് മുഴുവൻ അതുപോലെ എഴുതി നിറച്ചുകൊണ്ടുവരാൻ ഹോംവർക്കും തന്നു. അങ്ങനെ റേച്ചൽ മാഡം എഴുത്ത് ശീലിപ്പിക്കുന്ന എന്റെ രണ്ടാം ഗുരുവായി. സ്ലേറ്റിൽ വട്ടം ഇടുവിച്ച് ആദ്യമായി എഴുത്തു ശീലിപ്പിച്ച ഒന്നാം ക്ലാസ്സിലെ എന്റെ ടീച്ചർ സിസ്റ്റർ പൗസ്തീനാമ്മയെ ഞാൻ അപ്പോൾ ഓർത്തു.

2010 സെപ്റ്റംബർ ഒന്നാം തീയതിയായിരുന്നു അന്ന്. റേച്ചൽ മാഡം വരച്ചുതന്ന നോട്ടുബുക്കുമായി ഉത്സാഹത്തോടെ വീട്ടിൽ എത്തിയപ്പോൾ ന്യൂമാൻ കോളജ് മാനേജരുടെ ദൂതൻ വീട്ടിൽ കാത്തിരിക്കുന്നുണ്ടായിരുന്നു. കാറിൽനിന്ന് എന്നെ വീൽചെയറിലേക്ക് പകർത്തി ഇരുത്തിയ ഉടനെ അയാൾ എനിക്ക് ഒരു കവർ തന്നു. എന്നെ അധ്യാപകവൃത്തിയിൽനിന്ന് പിരിച്ചുവിട്ടുകൊണ്ടുള്ള മാനേജരുടെ ഉത്തരവായിരുന്നു അത്.

# വിവേകമില്ലാത്ത തലകൾ

എന്നെ പിരിച്ചുവിടുമെന്ന് ഞാൻ സ്വപ്നത്തിൽപോലും നിനച്ചിരുന്നില്ല. എൻക്വയറി നടപടികൾ പൂർത്തിയാക്കിയതിനുശേഷം മാനേജരച്ചനെ കണ്ടപ്പോൾ 'ഞങ്ങൾ സാറിനെ ശിക്ഷിക്കും' എന്നു പറഞ്ഞിരുന്നെങ്കിലും വകുപ്പുമേധാവി സ്ഥാനത്തുനിന്നും മാറ്റും അല്ലെങ്കിൽ ഒന്നോ രണ്ടോ ഇൻക്രിമെന്റ് തടഞ്ഞുവെക്കും എന്നൊക്കെയേ വിചാരിച്ചുള്ളു. എന്നാൽ എന്റെ നേരേയുണ്ടായ ആക്രമണത്തിനുശേഷം ചോദ്യപേപ്പർ വിവാദത്തിലെ സത്യാവസ്ഥ സാമാന്യജനങ്ങൾക്ക് ബോധ്യപ്പെടാൻ സംഗതിയായതിനാലും മുസ്‌ലിം സമുദായത്തിൽപെട്ടവർക്കുപോലും എന്നോട് അനുഭാവമുണ്ടാകുകയും ചെയ്ത സാഹചര്യത്തിൽ മേല്പടി ചെറിയ ശിക്ഷകൾപോലും മാനേജ്മെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകില്ലെന്ന് ഞാൻ ഉറപ്പിച്ചിരുന്നു.

ആ പിരിച്ചുവിടൽ ഉത്തരവ് ഒരു യാഥാർത്ഥ്യംതന്നെയാണെന്ന് ബോധ്യംവരാൻ അല്പസമയമെടുത്തു. തിരിച്ചറിവുവന്നതോടെ വല്ലാത്തൊരു ആധി എന്നെ ബാധിച്ചു. വെളിച്ചങ്ങളെല്ലാം കെട്ട് മനസ്സാകെ ഇരുട്ടിലായി.

ഞാൻ ഫിസിയോതെറാപ്പികഴിഞ്ഞ് മടങ്ങിവരുന്നതും കാത്ത് ഈരാറ്റുപേട്ടയിൽനിന്നു വന്ന ഒരു സുഹൃത്തും മകളും അപ്പോൾ വീട്ടിലുണ്ടായിരുന്നു. അദ്ദേഹം കോടതിയിൽ പ്രാക്ടീസ് ചെയ്യുന്ന ഒരു വക്കീലാണ്. പിരിച്ചുവിടൽ ഉത്തരവ് വായിച്ച അദ്ദേഹം ഏതു കോടതിയും ഈ ശിക്ഷാനടപടി റദ്ദുചെയ്യുമെന്ന് പറഞ്ഞ് എന്നെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു. അക്കാര്യത്തിൽ എനിക്കും സംശയമുണ്ടായിരുന്നില്ല. എന്നാൽ അതൊക്കെ എന്നാണ് സാധിതപ്രായമാവുക? അതുവരെ ശാരീരികാവശതകളുള്ള ഞാനും എന്റെ കുടുംബവും എങ്ങനെ ജീവിക്കും?

സർവ്വകലാശാലയുടെ ചട്ടമനുസരിച്ച് ഏഴുതരം ശിക്ഷകളാണുള്ളത്. 'ശാസന' ആണ് ഒന്നാമത്തേത്. ഏഴാമത്തെ പിരിച്ചുവിടൽ (dismissal) ആണ് ഏറ്റവും കടുത്ത ശിക്ഷ. പിരിച്ചുവിടപ്പെടുന്ന ആളിന് സർവ്വകലാ ശാലയുടെ കീഴിലുള്ള ഒരു കോളജിലും പിന്നീട് ജോലിചെയ്യാനാകില്ല. പെൻഷൻ, ഗ്രാറ്റുവിറ്റി തുടങ്ങിയ ആനുകൂല്യങ്ങൾക്കും അർഹതയില്ല.

പിരിച്ചുവിടലിന് തൊട്ടടുത്ത ശിക്ഷ-ആറാമത്തേത്-നിർബന്ധിത വിരമിക്കൽ (Compulsory retirement) ആണ്. ആ ശിക്ഷ ലഭിക്കുന്ന ആളെയും ജോലിയിൽനിന്നു പിരിച്ചുവിടും. എന്നാൽ സർവ്വീസ് അനുസരിച്ചുള്ള പെൻഷനും മറ്റ് ആനുകൂല്യങ്ങളും ലഭിക്കും. യൂണിവേഴ്സിറ്റിയിലെ മറ്റു കോളജിൽ നിയമനം ലഭിക്കുന്നതിന് തടസ്സവുമില്ല.

ചോദ്യപേപ്പർ വിവാദമാക്കിയവർപോലും അന്ന് ആവശ്യപ്പെട്ടത് ന്യൂമാൻ കോളജിൽനിന്ന് എന്നെ മാറ്റണമെന്ന് മാത്രമാണ്. മാനേജ്മെന്റിന്റെ കീഴിലുള്ള ഒരു കോളജിലേക്കും എന്നെ വേണ്ടെന്ന് മാനേജ്മെന്റ് തീർച്ചപ്പെടുത്തുന്നുവെങ്കിൽ 'നിർബ്ബന്ധിത വിരമിക്കൽ' എന്ന ശിക്ഷ തന്ന് എന്നെ ഒഴിവാക്കാമായിരുന്നു. ശിഷ്ടകാലം പെൻഷൻ വാങ്ങി എനിക്കും എന്റെ കുടുംബത്തിനും പട്ടിണിയില്ലാതെ കഴിയാമായിരുന്നുവല്ലോ. ഞാൻ ഉള്ളാലെ പരിതപിച്ചു.

പിരിച്ചുവിട്ട കാര്യം പറയാൻ നാവുപൊന്താതിരുന്നതുകൊണ്ട് അക്കാര്യം ആരെയും ഞങ്ങൾ അറിയിച്ചില്ല. പിറ്റേന്ന് ഫിസിയോതെറാപ്പിക്കു പോകാനും മനസ്സുവന്നില്ല. എന്നാൽ അടുത്ത ദിവസം ചേച്ചി നിർബന്ധിച്ച് കൊണ്ടുപോയെങ്കിലും ഇടതു കൈകൊണ്ടുള്ള എഴുത്തഭ്യാസത്തിൽ ഒരു താത്പര്യവും തോന്നിയില്ല. ഇനി എഴുതിപ്പഠിച്ചിട്ട് എന്തിനാണ്?

റേച്ചൽ മാഡം നിർബ്ബന്ധിച്ച് എഴുതിപ്പിക്കുമ്പോൾ പിരിച്ചുവിട്ട കാര്യം അവരോട് പറയണമെന്നു തോന്നി. എന്നാൽ ജാള്യത അതിനനുവദിച്ചില്ല.

സർവ്വീസിൽനിന്ന് എന്നെ നീക്കം ചെയ്ത കാര്യം മാധ്യമങ്ങളെ അറിയിക്കാൻ മാനേജ്മെന്റ് വൈകിയപ്പോൾ ആ നടപടി അവർ പിൻവലിക്കുമെന്ന് ഒരുവേള ഞാൻ വെറുതെ ആശിച്ചു.

എന്നാൽ 2010 സെപ്റ്റംബർ അഞ്ചിന് അധ്യാപകദിനത്തിൽ എന്നെ സർവ്വീസിൽനിന്ന് നീക്കം ചെയ്ത വാർത്ത പത്രങ്ങളിലെല്ലാം വന്നു. തലേന്നു നടത്തിയ വാർത്താസമ്മേളനത്തിൽ മാനേജർ മോൺ. തോമസ് മലേക്കുടി പറഞ്ഞത് മാനേജ്മെന്റിന്റേത് ഒരു ശിക്ഷാനടപടിയല്ല. ശിക്ഷണനടപടി മാത്രമാണെന്നാണ്. (അവ തമ്മിലുള്ള വ്യത്യാസം എനിക്കിനിയും മനസ്സിലായിട്ടില്ല.)

മാനേജ്മെന്റ് നടപടി ക്രൂരവും നിന്ദ്യവുമാണെന്ന സമീപനമാണ് പല പത്രങ്ങളും പുലർത്തിയത്. മാതൃഭൂമി പത്രത്തിലെ 'കാകദൃഷ്ടി' എന്ന കാർട്ടൂൺ കോളത്തിൽ 'ന്യൂമാൻ കോളജ് അധ്യാപകനെ പിരിച്ചുവിട്ടു. ഒരു അധ്യാ...പകദിനം കൂടി' എന്ന എഴുത്തോടെയാണ് എന്റെ ദയനീയ ചിത്രം വരച്ചുവച്ചത്.

'അധ്യാപകദിനം' ആശംസിച്ചുകൊണ്ട് അന്നാണ് ജീവിതത്തിൽ എനിക്കേറ്റവും ഫോൺകോളുകൾ വന്നത്. ഓരോ ആശംസാവാക്കുകളും എന്നെ കൂടുതൽ സങ്കടപ്പെടുത്താനാണ് ഉപകരിച്ചത്.

ഞാൻ അംഗമായിരുന്ന എ.കെ.പി.സി.റ്റി.എ. എന്ന സംഘടന എന്റെ ചികിത്സാച്ചെലവിലേക്കായി സമാഹരിച്ച ഏഴുലക്ഷം രൂപയുമായി സംഘടനാഭാരവാഹികൾ വന്നത് ആ അധ്യാപകദിനത്തിൽതന്നെയാണ്. അവർ തന്ന തുകയും പറഞ്ഞ ആശ്വാസവാക്കുകളും എന്റെ മനോവിഷമത്തെ അല്പമൊന്നു കുറയ്ക്കാതിരുന്നില്ല.

എന്നാൽ അതിനെക്കാൾ വിലയുള്ള ഒരു സ്നേഹോപഹാരവുമായി തൊടുപുഴ കൊടുവേലി സാൻജോ സി.എം.ഐ. പബ്ലിക് സ്കൂളിലെ കുട്ടികൾ എന്നെ കാണാനെത്തി. അവരോടൊപ്പം പ്രിൻസിപ്പൽ ഫാ. ജോൺസൺ പാലപ്പള്ളിയും ഉണ്ടായിരുന്നു. ആ സ്കൂളിലെ ഒന്നാംക്ലാസ്സു മുതൽ പത്താംക്ലാസ്സുവരെയുള്ള മുഴുവൻ കുട്ടികളും എനിക്കെഴുതിയ കത്തുകൾ സമാഹരിച്ച് ഭംഗിയായി ബയന്റ് ചെയ്ത് 'കൈ ഒപ്പ്' എന്ന് പേരുമിട്ട് അവർ കൊണ്ടുവന്നിരിക്കുകയാണ്. എഴുത്തുവശമാകാത്ത കിന്റർഗാർട്ടനിലെ കുട്ടികളുടെ വകയായി 'ഞങ്ങളെല്ലാവരും അങ്ങയോടൊപ്പമുണ്ട്' എന്നെഴുതിയതിന്റെ ചുവട്ടിൽ തങ്ങളുടെ കുഞ്ഞിക്കൈകൾ പലവർണ്ണങ്ങളിൽ മുക്കി പതിപ്പിച്ച ഒരു പോസ്റ്ററും അവർ എന്നെ കാണിച്ചു.

എന്നോടുള്ള അനുഭാവവും ആദരവും വെളിപ്പെടുത്തുന്നവയായിരുന്നു കുട്ടികളുടെ കത്തുകൾ. മതതീവ്രവാദത്തിന് അവരെല്ലാം എതിരാണ്. എന്റെ നേരേ ആക്രമണമുണ്ടായതിൽ അവർക്ക് ദുഃഖമുണ്ട്. അവരുടെ പ്രാർത്ഥന എനിക്കും എന്റെ കുടുംബത്തിനുമുണ്ട്. ആക്രമിച്ചവരോട് ക്ഷമിച്ചുവെന്ന് ഞാൻ പറഞ്ഞത് അവരെ പ്രചോദിപ്പിക്കുന്നുണ്ട്. എന്റെ നിരപരാധിത്വം തെളിഞ്ഞതിലും അവർ സന്തോഷിക്കുന്നു. കൈതുന്നിച്ചേർത്ത ശസ്ത്രക്രിയ വിജയിച്ചതിൽ അവർക്കെല്ലാം അതിയായ സന്തോഷമാണുള്ളത് എത്രയും വേഗം പൂർണ്ണസുഖം പ്രാപിക്കാൻ ആഗ്രഹിക്കുന്നു. അധ്യാപനവൃത്തിയിൽ ശ്രേയസ്കരമായി മുന്നേറാനും അവർ ആശംസിക്കുന്നു.

എന്നെ പിരിച്ചുവിട്ട വാർത്ത വരുന്നതിനു മുമ്പ് എഴുതിയ കത്തുകളായിരുന്നു അവ. ആ കത്തുകളിലെ ആശയങ്ങൾ അവരിലേക്ക് പകർന്നത് അവരുടെ അധ്യാപകരും വിശിഷ്യ പ്രിൻസിപ്പൽ ഫാ. ജോൺ സൺ പാലപ്പള്ളിയും ആയിരിക്കുമല്ലോ. ഫാ. ജോൺസണുമായോ ആ സ്കൂളിലെ മറ്റ് അധ്യാപകരുമായോ എനിക്ക് മുൻപരിചയം ഉണ്ടായിരുന്നില്ല. അതിനാൽ അവർ കുഞ്ഞുങ്ങളെക്കൊണ്ട് എഴുതിച്ചത് പക്ഷപാതിത്വമില്ലാത്ത ബഹുജനാഭിപ്രായമാണെന്നു നിരീക്ഷിച്ച് ഞാൻ സന്തോഷിച്ചു.

''ഈ 'കൈയൊപ്പ്' ഒരു മരുന്നാണ്. ജോസഫ് സാറിന്റെ മുറിവിൽ പുരട്ടുവാൻ ഒരു സ്കൂളിലെ കുട്ടികൾ കൂട്ടിയെടുത്ത കലർപ്പില്ലാത്ത പച്ചമരുന്ന്'' എന്ന ഫാ. ജോൺസൺ പാലപ്പള്ളിയുടെ ആമുഖക്കുറിപ്പ് അങ്ങനെതന്നെ എനിക്ക് അനുഭവവേദ്യമായി.

2010 സെപ്റ്റംബർ 6-ന് 'ദ ന്യൂ ഇൻഡ്യൻ എക്സ്പ്രസ്' പത്രത്തിൽ പിരിച്ചുവിടൽ നടപടിയെ അപലപിച്ചുകൊണ്ട് മുഖപ്രസംഗം വന്നു. മനസ്സറിയാത്ത കാര്യത്തിന് വലിയ ശിക്ഷകൾ ഏറ്റുവാങ്ങിയ എന്നെ ഷേക്സ്പിയർ നാടകത്തിലെ ദുരന്തനായകനോട് ഉപമിച്ചുകൊണ്ടാണ് അതിന്റെ തുടക്കം. വിവാദ ചോദ്യത്തെപ്പറ്റിയുള്ള അധ്യാപകന്റെ വിശദീകരണം പ്രവാചകനിന്ദയോ മതനിന്ദയോ അതിലില്ലെന്ന് വ്യക്തമാക്കുന്നതാണ്. കിംവദ

ന്തികളാണ് അതിൽ മതനിന്ദയുണ്ടെന്ന് വരുത്തിത്തീർത്തത്. ഇപ്പോൾ എല്ലാറ്റിനും നല്ല വ്യക്തത വന്നിരിക്കുന്നു. അതിനാൽ അധ്യാപകന്റെ കാര്യത്തിൽ സുമനസ്സുകൾക്ക് സഹാനുഭൂതിയാണ് ഉണ്ടായിട്ടുള്ളത്.'' എന്നിങ്ങനെയാണ് ലേഖനം തുടങ്ങുന്നത്. ഭാര്യയും രണ്ടു മക്കളും ഉള്ള അധ്യാപകന്റെ ഉപജീവനമാർഗ്ഗം നിർത്തലാക്കുക വഴി ന്യൂമാൻ കോളജ് മാനേജ്മെന്റ് കൈകൾ വെട്ടിയ മതഭ്രാന്തരുടെ ലെവലിലേക്ക് വന്നിരിക്കുന്നുവെന്ന് അഭിപ്രായപ്പെട്ടുകൊണ്ടാണ് 'അദ്ധ്യാപകന്റെ മുറിവുകളിൽ ഉപ്പുതേക്കുന്നു' എന്ന ശീർഷകത്തിലുള്ള മുഖപ്രസംഗം അവസാനിക്കുന്നത്.

ആശുപത്രിയിലും വീട്ടിലുമായി ഞാൻ നടത്തിയ മാധ്യമസംവാദങ്ങൾ ഫലവത്തായതിന്റെ പ്രതിഫലനമായി ആ മുഖപ്രസംഗത്തെ ഞാൻ നിരീക്ഷിച്ചു. ചിലർക്കെങ്കിലും എന്റെ നിരപരാധിത്വം ബോധ്യപ്പെട്ടല്ലോ. അതുമതി.

എന്നെ വീട്ടിൽ വന്നു സന്ദർശിച്ച സി.എം.പി നേതാവ് സി.പി. ജോൺ, എന്നെ തിരിച്ചെടുക്കുന്ന കാര്യം മാനേജ്മെന്റുമായി സംസാരിച്ച് ഒരു തീർപ്പുണ്ടാക്കാൻ ശ്രമിക്കുമെന്ന് പറഞ്ഞെങ്കിലും അദ്ദേഹത്തിന്റെ ശ്രമം മാനേജ്മെന്റിന്റെ കാർക്കശ്യംമൂലം തുടക്കത്തിൽത്തന്നെ വഴിമുട്ടി.

മലങ്കര ഓർത്തഡോക്സ് സഭയുടെ കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസ്യോസ് തിരുമേനി എന്നെ വീട്ടിൽ വന്ന് ആശ്വസിപ്പിക്കുകയും എനിക്കായി പ്രാർത്ഥിക്കുകയും ചെയ്തു. പിന്നീട് അദ്ദേഹം കോതമംഗലം രൂപതാധികാരികളുമായി ബന്ധപ്പെട്ട് എന്നെ തിരിച്ചെടുക്കുന്ന കാര്യം സംസാരിക്കാനായി കോതമംഗലം ബിഷപ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ തിരുമേനിയുമായി ഒരു കൂടിക്കാഴ്ചയ്ക്ക് അവസരം ആരാഞ്ഞു. ഇത് തങ്ങളുടെ സഭയിലെ ആഭ്യന്തര പ്രശ്നമാണെന്നും മറ്റു സഭകൾ അതിൽ ഇടപെടുന്നത് സഭകൾ തമ്മിലുള്ള അകൽച്ചയ്ക്ക് കാരണമാകുമെന്നും കോതമംഗലം അരമനയിൽനിന്നെത്തിയ ദൂതൻ, മാർ അത്താനാസ്യോസ് തിരുമേനിയെ അറിയിച്ചു. അങ്ങനെ ആ ഉദ്യമവും പര്യവസാനിച്ചു.

എന്നെ പിരിച്ചുവിട്ടതിനെച്ചൊല്ലി സാംസ്കാരിക നായകരുടെ പ്രതികരണങ്ങൾ ചിലതെല്ലാം ഞാനും വായിച്ചു. എന്നെ കുറ്റവിമുക്തനാക്കാൻ ചിലർ കൂട്ടാക്കിയില്ലെങ്കിലും ശിക്ഷ ഏറിപ്പോയെന്ന കാര്യത്തിൽ ആർക്കും അഭിപ്രായവ്യത്യാസം കണ്ടില്ല. കോളജ് മാനേജ്മെന്റിന്റെ തീരുമാനം ശരിയായ സന്ദേശമാണെന്നു പറഞ്ഞ സീറോ മലബാർസഭാ വക്താവ് ഫാ. പോൾ തേലക്കാട്ടും ശിക്ഷ കൂടിപ്പോയെന്ന അഭിപ്രായക്കാരനായിരുന്നു. (മാനേജ്മെന്റിന്റെ തീരുമാനം തെറ്റായിരുന്നുവെന്ന് വർഷങ്ങൾക്കുശേഷം അദ്ദേഹത്തിനും പറയേണ്ടിവന്നു.)

എന്റെ ഗുരുവും പ്രസിദ്ധ സാഹിത്യകാരനുമായ പ്രൊഫ. എം.കെ.സാനു പറഞ്ഞത് ഇപ്രകാരമാണ്: ''അധ്യാപകൻ എന്തെങ്കിലും തെറ്റുചെയ്തതായി

തോന്നുന്നില്ല. അറിയാതെ പ്രവാചകന്റെ പേര് ഉപയോഗിച്ചുപോയി. അതിൽ പിന്നീട് ക്ഷമ ചോദിക്കുകയും ചെയ്തതാണ്. മാനേജ്മെന്റ് സംഭവത്തെ ശരിയായി വിലയിരുത്തി അധ്യാപകനെ തിരിച്ചെടുക്കുക എന്നത് ധാർമ്മികതയാണ്.''

പ്രസിദ്ധരായ രണ്ട് അധ്യാപകരുടെ അഭിപ്രായംകൂടി ഇവിടെ കുറിക്കാം.

വർഗ്ഗീയശക്തികൾ കേരളത്തിൽ റിമോട്ട് കൺട്രോൾ ഭരണം ആരംഭിച്ചതിനുദാഹരണമാണ് പ്രൊഫ. ജോസഫിനെ ജോലിയിൽനിന്ന് പിരിച്ചുവിട്ട നടപടി. ഇത് അനീതിയാണ്. പിരിച്ചുവിടാൻ മാത്രം തക്ക തെറ്റ് അധ്യാപകൻ ചെയ്തിട്ടില്ല. മതനേതാക്കന്മാരുടെ പേരുകൾ അധ്യാപകർക്കും മീൻ കച്ചവടക്കാർക്കും ഭ്രാന്തന്മാർക്കും ഉണ്ടാവുക സ്വഭാവികം മാത്രം... സംഭവിച്ച കാര്യത്തിൽ അധ്യാപകന്റെ വിശദീകരണം പൂർണ്ണമായും വിശ്വസനീയമാണ്. ഒരു അധ്യാപകനാകാനുള്ള യോഗ്യത ജോസഫിനുണ്ടെന്ന് അദ്ദേഹത്തിന്റെ പ്രതികരണങ്ങളിൽനിന്ന് വ്യക്തമാണ്. എന്നിട്ടും അദ്ദേഹത്തെ പിരിച്ചുവിടുന്നത് മാനേജ്മെന്റിന്റെ ഭീരുത്വമാണ്.
പ്രൊഫ. കെ.ജി. ശങ്കരപ്പിള്ള (കവി)

*ന്യൂമാൻ കോളജ് അധ്യാപകൻ ടി.ജെ. ജോസഫിനെ പുറത്താക്കിയ നടപടി നീതിരഹിതമാണ്. അധ്യപകനെ ഉടൻ തിരിച്ചെടുക്കണം. മാനേജ്മെന്റ് നിലപാട് അക്കാഡമിക് സ്വാതന്ത്ര്യത്തിനു നേരേയുള്ള കടന്നു കയറ്റമാണ്.*

ഡോ. പി. ഗീത (കോളജ് അധ്യാപിക, എഴുത്തുകാരി)

ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ, ജസ്റ്റിസ് കെ.ടി. തോമസ്, ആനന്ദ്, സക്കറിയ, ഒ.എൻ.വി., സുഗതകുമാരി, വൈശാഖൻ, ജോർജ്ജ് ഓണക്കൂർ, പി. വത്സല, യു.എ. ഖാദർ, നൈനാൻ കോശി, ഫാ. എ. അടപ്പൂർ, പഴവിള രമേശൻ, ഡോ. കെ.എസ്. രാധാകൃഷ്ണൻ, സ്വാമി അഗ്നിവേശ്, ജോസഫ് പുലിക്കുന്നേൽ എന്നിവരൊക്കെ പിരിച്ചുവിടൽ നടപടിയെ അപലപിച്ച സാംസ്കാരിക നേതാക്കളാണ്.

ചോദ്യപേപ്പർ വിവാദം, അനന്തരസംഭവങ്ങൾ, മാനേജ്മെന്റ് നിലപാട് എന്നിവയെക്കുറിച്ച് ചരിത്രപണ്ഡിതനും കാലടി സംസ്കൃത സർവ്വകലാശാല മുൻ വൈസ്ചാൻസിലറും ഹയർ എഡ്യുക്കേഷൻ കൗൺസിൽ വൈസ്ചെയർമാനുമായ ഡോ. കെ.എൻ. പണിക്കരുടെ നിരീക്ഷണങ്ങളാണ് ഏറെ സമീചീനമായത്. ഫ്രണ്ട്ലൈൻ ദ്വൈവാരികയിലും മറ്റും വന്ന അദ്ദേഹത്തിന്റെ നിഗമനങ്ങൾ ഉന്നത വിദ്യാഭ്യാസ വിചക്ഷണന്റെ അന്തസ്സാരം വെളിപ്പെടുത്തുന്നവയായിരുന്നു.

എന്നെ പിരിച്ചുവിട്ട വാർത്തയറിഞ്ഞ ന്യൂമാൻ കോളജിലെ എന്റെ സഹപ്രവർത്തകർ കൂട്ട അവധിയെടുത്ത് ഒരു ദിവസം ജോലിയിൽ നിന്ന്

വിട്ടുനിന്നു. (ലീവ് അടയാളപ്പെടുത്താതിരുന്ന ഹാജർ ബുക്കിൽ പിന്നീട് മാനേജ്മെന്റ് ഭീഷണിപ്പെടുത്തി അവരിൽ പലരെക്കൊണ്ടും ഒപ്പിടുവിച്ചു.)

തങ്ങളുടെ അധ്യാപകനെ പിരിച്ചുവിട്ട നടപടിയിൽ സങ്കടപ്പെട്ട ന്യൂമാൻ കോളജിലെ കുട്ടികൾ പഠിപ്പുമുടക്കി കരിദിനം ആചരിച്ചു.

പിരിച്ചുവിടൽ നടപടി നീതിരഹിതമായ വലിയ തെറ്റാണെന്നും വേണ്ടിവന്നാൽ സർക്കാർ ഇടപെടുമെന്നും വിദ്യാഭ്യാസമന്ത്രി എം.എ. ബേബി പ്രസ്താവിച്ചു.

ചട്ടങ്ങൾ പാലിക്കാതെയുള്ള പിരിച്ചുവിടൽ പുനഃപരിശോധിക്കണമെന്ന് മഹാത്മാഗാന്ധി സർവ്വകലാശാല രേഖാമൂലം ന്യൂമാൻ കോളജ് മാനേജരോട് ആവശ്യപ്പെട്ടു.

ഓട്ടോറിക്ഷത്തൊഴിലാളിയായ മനുഷ്യാവകാശ പ്രവർത്തകൻ എം.ജെ. ഷാജി അന്യായമായി പിരിച്ചുവിടപ്പെട്ട അധ്യാപകനെ തിരിച്ചെടുക്കണമെന്ന ആവശ്യവുമായി ന്യൂമാൻ കോളജ് കവാടത്തിനുമുമ്പിൽ മുട്ടിന്മേൽനിന്ന് കുരിശു പിടിച്ച് ഒമ്പതുമണിക്കൂർ ഉപവാസസമരം നടത്തി.

തൊടുപുഴ വണ്ണപ്പുറം ഭാഗത്തുനിന്നും നൂറിലേറെ സഭാവിശ്വാസികൾ സംഘടിച്ച് കോതമംഗലം അരമനയിലെത്തി മാർ ജോർജ്ജ് പുന്നക്കോട്ടിലിനെയും മറ്റ് സഭാധികാരികളെയും കണ്ട് പിരിച്ചുവിട്ട അധ്യാപകനെ തിരിച്ചെടുക്കണമെന്ന് വികാരവിക്ഷോഭത്തോടെ ആവശ്യപ്പെട്ടു.

പിരിച്ചുവിടൽ നടപടി അന്യായമാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് ജോയിന്റ് ക്രിസ്ത്യൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ കത്തോലിക്ക വിശ്വാസികൾ കോതമംഗലം ബിഷപ്ഹൗസിലേക്ക് പ്രതിഷേധമാർച്ച് നടത്തി.

വിവിധ അധ്യാപക സംഘടനകളുടെ കൂട്ടായ്മയിൽ ആയിരക്കണക്കിനാളുകൾ പങ്കെടുത്ത പ്രതിഷേധറാലി തൊടുപുഴ ന്യൂമാൻ കോളജിലേക്ക് സംഘടിപ്പിക്കപ്പെട്ടു.

വിവിധ സംഘടനകൾ പല സ്ഥലങ്ങളിലും പിരിച്ചുവിടലിനെതിരേ ധർണ്ണ നടത്തി.

എറണാകുളത്തു നടന്ന ഒരു സായാഹ്ന ധർണ്ണയിൽ എന്റെ ഗുരുവായ പ്രൊഫ. എം.കെ. സാനു, ശിഷ്യനായ എന്നെ തിരിച്ചെടുക്കാൻ യേശുവിന്റെ നാമത്തിൽ സഭാധികാരികളോട് അപേക്ഷിച്ചു.

എന്നെ തിരിച്ചെടുക്കണമെന്ന് അപേക്ഷിക്കുന്ന കത്തുകൾ ലോകമെമ്പാടുനിന്നും ധാരാളമായി കോതമംഗലം ബിഷപ്പ് ഹൗസിലെത്തി.

മാനുഷിക പരിഗണനയുടെ പേരിൽ പിരിച്ചുവിടൽ നടപടി റദ്ദാക്കണമെന്നപേക്ഷിച്ച് ഞാനും മാനേജർക്ക് ദയാഹർജി സമർപ്പിച്ചു.

എല്ലാ ശ്രമങ്ങളും വിഫലമായി. മാത്രമല്ല; കോതമംഗലം അരമന യുദ്ധസന്നദ്ധവുമായി.

ബഹുജനാഭിപ്രായത്തെ പ്രതിരോധിക്കാനും വിശ്വാസികളെ അനുനയിപ്പിക്കാനും രൂപതാധ്യക്ഷൻ മാർ ജോർജ്ജ് പുന്നക്കോട്ടിൽ

'ചോദ്യപേപ്പർ വിവാദം അച്ചടക്കനടപടി' എന്ന പേരിൽ ഒരു ഇടയലേഖനം രചിച്ച് രൂപതയിലെ നൂറ്റി ഇരുപതോളം പള്ളികളിലും മറ്റു സ്ഥാപനങ്ങളിലും 2010 സെപ്റ്റംബർ 12-ന് ഞായറാഴ്ചക്കുർബ്ബാന മധ്യേ വായിക്കുന്നതിന് ഏർപ്പാടാക്കി.

എന്നെ കുറ്റവാളിയാക്കി തള്ളിപ്പറഞ്ഞുകൊണ്ട് പിരിച്ചുവിടൽ നടപടിയെ ശരിവെക്കുന്ന ഇടയലേഖനം അസത്യജഡിലവും അക്രൈസ്തവവുമാണെന്ന ബോധ്യത്തിൽ രൂപതയിലെ സീനിയേഴ്സായ ചില വൈദികർ അതു വായിക്കാൻ തയ്യാറായില്ല. മറ്റു ചിലരാകട്ടെ, സത്യവിരുദ്ധമെന്നു തങ്ങൾക്കു തോന്നിയ ഭാഗങ്ങൾ വിട്ടുകളഞ്ഞുകൊണ്ട് അതു വായിക്കുകയും മെത്രാന്റെ കല്പനയെ അനുസരിച്ചെന്നു വരുത്തുകയും ചെയ്തു.

''എന്തുകൊണ്ട് മാനേജ്മെന്റ് ഈ അധ്യാപകന് കടുത്ത ശിക്ഷ നല്കി എന്ന് അറിയാൻ നിങ്ങൾക്ക് ആഗ്രഹവും വിശദീകരിക്കാൻ എനിക്ക് ചുമതലയുമുണ്ടല്ലോ'' എന്ന് ലേഖനാരംഭത്തിൽ തന്റെ 'ഉദ്ദേശ്യ ശുദ്ധി' വെളിപ്പെടുത്തുന്ന മെത്രാനച്ചൻ വാസ്തവവിരുദ്ധമായ കാര്യങ്ങളാണ് വിശ്വാസികളുമായി പങ്കുവെക്കുന്നത്.

മാനേജ്മെന്റിന്റെ ഇംഗിതമനുസരിച്ച് അന്വേഷണ റിപ്പോർട്ട് തയ്യാറാക്കുന്ന ഒരു അഭിഭാഷകനെ മാത്രമാണ് ചോദ്യപേപ്പർ വിഷയത്തിൽ എൻക്വയറി ഓഫീസറായി മാനേജർ നിയമിച്ചതെന്നിരിക്കേ 'സമഗ്ര അന്വേഷണത്തിന് ഹൈക്കോടതിയിലെ സീനിയർ അഭിഭാഷകരടങ്ങുന്ന ഒരു കമ്മീഷനെ നിയമിച്ചു' എന്നാണ് അഭിവന്ദ്യപിതാവിന്റെ പ്രസ്താവം.

എന്റെ അറിവിൽ സമീപകാലത്ത് പിരിച്ചുവിടപ്പെട്ട രണ്ടു കോളജ് അധ്യാപകർ മൂലമറ്റം സെന്റ് ജോസഫ്സ് കോളജിലെ പ്രൊഫ. ജോയി മൈക്കിളും എറണാകുളം സെന്റ് ആൽബർട്സ് കോളജിലെ പ്രൊഫ. സെബാസ്റ്റ്യൻ ആന്റണിയുമാണ്. അവരെ പിരിച്ചുവിടാൻ പാകത്തിന് എൻക്വയറി റിപ്പോർട്ടുണ്ടാക്കാൻ 'ക്വട്ടേഷൻ' എടുത്തിരുന്നത് എന്റെ എൻക്വയറി ഓഫീസർ തന്നെയാണ്.

എൻക്വയറി റിപ്പോർട്ടിൽ മതനിന്ദയും പ്രവാചകനിന്ദയും ആരോപിച്ച് എന്നെ കുറ്റക്കാരനാക്കാൻ മേൽപടി നിയമജ്ഞൻ നടത്തുന്ന നീചശ്രമങ്ങൾ ആരെയും ലജ്ജിപ്പിക്കുന്നതാണ്. വിവാദചോദ്യത്തിൽ മുഹമ്മദ്, ദൈവം എന്നീ രണ്ടു കഥാപാത്രങ്ങളാണല്ലോ ഉണ്ടായിരുന്നത്. 'മുഹമ്മദ്' എന്ന കഥാപാത്രത്തെ പ്രവാചകനെന്നു വരുത്തിത്തീർക്കാൻ ഞാൻ ഉപയോഗിച്ച 'ദൈവം' എന്ന വാക്കിനെ 'അള്ളാ' എന്നാണ് റിപ്പോർട്ടിലുടനീളം അദ്ദേഹം പരാമർശിക്കുന്നത്. വിസ്താരഭയത്താൽ അദ്ദേഹത്തിന്റെ കുത്സിത ശ്രമങ്ങളെ കൂടുതലായി വിവരിക്കുന്നില്ല.

''കുട്ടികളുടെ പാഠ്യഭാഗമല്ലാത്ത പി.റ്റി. കുഞ്ഞുമുഹമ്മദിന്റെ 'തിരക്കഥ ഒരു വിശ്വാസിയുടെ കണ്ടെത്തലുകൾ' എന്ന ലേഖനത്തിൽ ഭ്രാന്തനും

ദൈവവുമായുള്ള സംഭാഷണഭാഗത്തിൽ ഭ്രാന്തനുപകരം മുഹമ്മദ് എന്ന പേര് കൂട്ടിച്ചേർത്തു ചോദ്യമുണ്ടാക്കിയത് ദുരൂഹമാണ്.'' എന്ന ഇടയലേഖനത്തിലെ പ്രസ്താവം കുട്ടികൾക്ക് പഠിക്കാനില്ലാത്ത കാര്യത്തിലാണ് ചോദ്യമെന്നും അത് മനപൂർവ്വമായി ഉണ്ടാക്കിയിട്ടുള്ളതാണെന്നും വിശ്വാസികളെ തെറ്റിദ്ധരിപ്പിക്കാനാണ്.

''ചോദ്യത്തിലെ അനൗചിത്യം കോളജിലെ ഡി.റ്റി.പി. ഓപ്പറേറ്റർ അദ്ധ്യാപകന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടും ഇതു പരിഗണിച്ചില്ല'' എന്നത് മറയില്ലാത്ത കള്ളമാണ്. ഡി.റ്റി.പി ഓപ്പറേറ്റർ എന്ന് ഇടയലേഖനത്തിൽ വിവക്ഷിക്കപ്പെടുന്ന-മാനേജ്മെന്റ് ദിവസക്കൂലിക്ക് താത്കാലികമായി നിയമിച്ചിരുന്ന-ആ സാധുപെൺകുട്ടി കള്ളസാക്ഷി പറയരുത് എന്ന ദൈവപ്രമാണത്തെ നന്നായി ഉൾക്കൊണ്ടിരുന്നവളാണ്. സമ്മർദ്ദമേറെ ഉണ്ടായിരുന്നിട്ടും വിവാദചോദ്യം കണ്ട് താൻ പുഞ്ചിരിക്കുക മാത്രമേ ചെയ്തിട്ടുള്ളുവെന്നാണ് അവൾ പോലീസിന്റെ മുമ്പിലും എൻക്വയറി ഓഫീസറുടെ മുമ്പിലും മൊഴികൊടുത്തിരുന്നത്.

തന്നോടൊപ്പം ഒരേ സ്ഥാപനത്തിൽ ജോലിചെയ്തിരുന്ന അദ്ധ്യാപകനെ ക്രൂശിക്കാനായി അസത്യകാര്യങ്ങൾ തന്റെമേൽ കെട്ടിവെച്ചു പരസ്യപ്പെടുത്തിയതിൽ ആ കുട്ടി അസ്വസ്ഥയായെന്നും മനോനില വീണ്ടുകിട്ടാൻ കൗൺസിലിങ്ങിനും മറ്റും വിധേയമാക്കിയെന്നും ഞാൻ പിന്നീടറിഞ്ഞു.

ഇടയലേഖനത്തിൽ തുടരുന്ന പ്രലപനത്തെക്കുറിച്ച് ഞാൻ കൂടുതലായി ഉപപാദിക്കുന്നില്ല.

അധ്യാപകൻ തെറ്റ് അംഗീകരിക്കുന്നില്ലെന്നതാണ് പിരിച്ചുവിടാൻ ഇടയാക്കിയ ഏറ്റവും വലിയ തെറ്റായി ഇടയലേഖനത്തിൽ ഘോഷിക്കുന്നത്.

ചോദ്യപേപ്പർ തയ്യാറാക്കിയത് ഞാനാണ്. അതിൽ ആർക്കും ഒരു പങ്കുമില്ല. ഞാൻ എന്നും എവിടെയും പറഞ്ഞിട്ടുള്ള കാര്യമാണിത്. എന്റെ ചോദ്യത്തെ ദുർവ്യാഖ്യാനം ചെയ്ത് അനർത്ഥങ്ങളുണ്ടാക്കിയതിൽ ഞാൻ ഖേദം പ്രകടിപ്പിക്കുകയും ക്ഷമ ചോദിക്കുകയും ചെയ്തതാണ്.

ആ ക്ഷമാപണമൊഴിയാണ് മാനേജരച്ചൻ എഴുതിയെടുത്ത് എന്നെക്കൊണ്ട് ഒപ്പിടുവിച്ചത്. അതുതന്നെയാണ് എൻക്വയറി റിപ്പോർട്ടിന്റെ പതിമൂന്നാം പേജിൽ എന്റെ കുറ്റസമ്മതമൊഴിയായി വരവുവെച്ചിട്ടുള്ളത്.

മതസ്പർദ്ധയുണ്ടാക്കാൻ വേണ്ടി ഞാൻ മനഃപൂർവ്വം ചെയ്തതാണെന്നു സമ്മതിക്കണമെന്നാണോ അഭിവന്ദ്യ പിതാവു പറയുന്നത്? ചെയ്യാത്ത കുറ്റം ചെയ്തെന്നു പറഞ്ഞാൽ എന്നെ തിരിച്ചെടുക്കുമോ? ചെയ്യാത്തത് ചെയ്തെന്നു പറഞ്ഞിട്ട് എനിക്കാരുടെയും ഔദാര്യം വേണ്ട.

ഇടയലേഖനത്തെക്കുറിച്ചുള്ള എന്റെ പ്രതികരണം ആരാഞ്ഞ മാധ്യമങ്ങളോട് ഞാൻ പറഞ്ഞത് അങ്ങനെയൊക്കെയാണ്. 'വെളിച്ചത്തിന്റെ ഒരു കീറ്' എന്ന

തലക്കെട്ടിൽ ആനന്ദ് എന്റെ നിലപാടിനെ ശ്ലാഘിച്ചു കൊണ്ട് ഒരു പ്രമുഖ പ ത്രത്തിൽ കുറിപ്പെഴുതി. അത് ഒരു ഒറ്റമൂലിപോലെ എന്റെ മനോബലത്തെ ഉത്തേജിപ്പിച്ചു.

ചുരുക്കം ചില വൈദികർ വായിച്ചില്ലെന്നതൊഴിച്ചാൽ ബഹുഭൂരിപക്ഷം പള്ളികളിലും ഇടയലേഖനം വായിക്കപ്പെട്ടു. 'ചോദ്യപ്പേപ്പർ വിവാദം-അന്വേഷണത്തിന്റെ നാൾവഴി' എന്ന പേരിൽ മാനേജർ തോമസ് മലേക്കുടിയുടെ വകയായ ഒരു ലിഖിതവും ഇടയലേഖനത്തോടൊപ്പം ഉണ്ടായിരുന്നു. അതൊക്കെ വായിക്കുക മാത്രമല്ല, പ്രായേണ ചെറുപ്പക്കാരായ വൈദികർ എന്നെ ഭർത്സിക്കാനും ഉത്സാഹിച്ചു.

രൂപതാധ്യക്ഷൻ നിർദ്ദേശിച്ചിട്ടാണോ എന്നറിയില്ല, തുടർദിവസങ്ങളിൽ രൂപതയിലെ വിവിധ സന്ന്യാസിനി സമൂഹങ്ങളിൽപെട്ട കന്യാസ്ത്രീകൾ ഭവനസന്ദർശനം നടത്തി ഞാൻ ഭാര്യാമർദ്ദകൻ ആണെന്നും അമ്മയെ നോക്കാത്തവനാണെന്നും വിശ്വാസികൾക്കിടയിൽ അപവാദ പ്രചാരണം നടത്തി.

സഭാധികാരികളുടെ നിർദ്ദേശമനുസരിച്ച് സഭാപ്രസിദ്ധീകരണങ്ങളിലെല്ലാം എന്നെ കുറ്റപ്പെടുത്തിയും മാനേജ്മെന്റ് നടപടിയെ ശ്ലാഘിച്ചും ധാരാളമായി ലേഖനങ്ങളും അഭിപ്രായപ്രകടനങ്ങളും വന്നു.

സഭയുടെ കീഴിൽ വർത്തിക്കുന്ന ഭക്തസംഘടനകൾ മാത്രമല്ല, കർഷകസംഘടനയായ 'ഇൻഫാം' പോലും എന്നെ തള്ളിപ്പറഞ്ഞും സഭാനടപടികളെ പിന്തുണച്ചും പ്രസ്താവനകളും ലഘുലേഖകളും അച്ചടിച്ചു വിതരണം നടത്തി.

എന്നെ പിരിച്ചുവിട്ട മാനേജ്മെന്റ് നടപടിയെ അപലപിച്ചുകൊണ്ട് പ ത്രമാസികകളിൽ ലേഖനമെഴുതിയ സാത്വികനും വയോധികനുമായ ഫാ. എ. അടപ്പൂരിനെ നിന്ദിച്ചും കന്യാസ്ത്രീയായ എന്റെ ചേച്ചിയെ പുലഭ്യം പറഞ്ഞും എഴുതപ്പെട്ട ഊമക്കത്തുകൾ നാട്ടിലെമ്പാടും തപാൽ വഴി വിതരണം ചെയ്യപ്പെട്ടു.

സഭേതര പത്രമാസികകളിൽ എനിക്ക് അനുകൂലമായി അഭിപ്രായങ്ങളും ലേഖനങ്ങളും എഴുതിയവരിൽ ക്രിസ്തീയ നാമധാരികളെ തെരഞ്ഞു കണ്ടുപിടിച്ച് കോതമംഗലം മെത്രാൻ മാർ ജോർജ്ജ് പുന്നക്കോട്ടിൽ നേരിട്ടുതന്നെ ശാസിച്ചു.

ഏതായാലും സഭാധികാരികളുടെ അശ്രാന്ത പരിശ്രമങ്ങൾക്ക് ഫലമുണ്ടായി. എന്റെ വീട്ടിലെ തിരക്കൊഴിഞ്ഞു. ആവേശത്തോടെ പ്രാർത്ഥന നടത്തിയിരുന്ന ഭക്തശിരോമണികളെ ആരെയും പിന്നീട് ആ വഴിക്കു കണ്ടില്ല. റോമൻ കത്തോലിക്കരായ മിക്കപേരും എല്ലാവിധ സമ്പർക്കങ്ങളും മനപൂർവ്വം ഒഴിവാക്കി. അടുത്ത ബന്ധുക്കൾപോലും വീട്ടിൽ വരാതായി. അവരും സത്യവിശ്വാസികളാണല്ലോ!

ഞാൻ റോമൻ കാത്തോലിക്കസഭാംഗവും കോതമംഗലം രൂപതയിൽപെട്ട ആളുമാണ്. ഞാൻ ജോലി ചെയ്തിരുന്ന ന്യൂമാൻ കോളജിന്റെ മാനേജ്മെന്റ് കോതമംഗലം രൂപതയാണ്. രൂപതാംഗമായ ഞാനും മാനേജ്മെന്റിന്റെ ഭാഗമാണ്. അതിനാൽത്തന്നെ ഞാൻ ജോലി ചെയ്യുന്ന ന്യൂമാൻ കോളജ് എന്റേതുകൂടിയാണ്. കോളജിനോ കോളജ് മാനേജ്മെന്റിനോ എതിരായി എന്തെങ്കിലും ചെയ്യുക എന്നത് എനിക്കെതിരായി പ്രവർത്തിക്കുന്നതിന് തുല്യമാണെന്ന് വിശ്വസിച്ചുപോരുന്ന ആളാണു ഞാൻ. എന്നിരിക്കേ കുറ്റാരോപണത്താൽ നിന്ദിതനും ഭീകരാക്രമണത്താൽ അംഗപരിമിതനുമായ എന്നോട് സഭാധികാരികൾ യുദ്ധസമാനം പൊരുതുന്നത് എന്തിനാണ്? ആരെ തൃപ്തിപ്പെടുത്താനാണ്? എന്നോട് ഞാനും മറ്റുപലരും പലവട്ടം ചോദിച്ചിട്ടുള്ള ചോദ്യമാണിത്. അതിനുള്ള ഉത്തരം അക്കാലത്ത് കേരളാ പോലീസിന്റെ നേതൃത്വനിരയിലെ രണ്ടാമനും രഹസ്യാന്വേഷണ വിഭാഗം തലവനുമായിരുന്ന എഡിജിപി ഡോ. സിബി മാത്യൂസ് ഐ.പി.എസ്. തന്റെ ആത്മകഥയിൽ കുറിച്ചു വെച്ചിട്ടുണ്ട്. ചോദ്യപേപ്പർ വിവാദവും അനന്തര സംഭവങ്ങളും രഹസ്യാന്വേഷണ വിഭാഗം തലവൻ എന്ന നിലയിൽ അദ്ദേഹം സൂക്ഷ്മനിരീക്ഷണത്തിന് വിധേയമാക്കിയിരുന്നു. ഡോ. സിബി മാത്യൂസ് തികഞ്ഞ ക്രൈസ്തവ വിശ്വാസിയും മതനേതൃത്വവുമായി നല്ല ബന്ധമുണ്ടായിരുന്ന ആളുമായിരുന്നുവെന്നത് പ്രത്യേകം പ്രസ്താവ്യമാണ്. 'നിർഭയം' എന്നു പേരിട്ടിരിക്കുന്ന ആത്മകഥയിൽ അദ്ദേഹത്തിന്റെ വെളിപ്പെടുത്തലിന്റെ പ്രസക്തഭാഗം ഇങ്ങനെയാണ്.

''ന്യൂമാൻ കോളജ് ഇതിന്റെ പേരിൽ അദ്ദേഹത്തിന് ആദ്യം സസ്പെൻഷനും പിന്നീട് പിരിച്ചുവിടൽ നോട്ടീസും നല്കി. മുസ്‌ലിം സമുദായത്തെ പ്രീണിപ്പിക്കാൻ കോതമംഗലം ബിഷപ്പ് അടക്കം കോളജ് മാനേജ്മെന്റ് പ്രതികാരബുദ്ധിയോടെയാണ് നടപടികൾ സ്വീകരിച്ചത്. റോമൻ കത്തോലിക്ക സഭയിലെ അംഗവും ഒരു കന്യാസ്ത്രീയുടെ സഹോദരനുമായ പ്രൊഫസർ ജോസഫിനോട് അത്രയേറെ കഠിനമായ ശിക്ഷാനടപടികൾ വേണ്ടിയിരുന്നില്ല. ക്രൈസ്തവസമൂഹവും ഒറ്റപ്പെടുത്തുകയാണെന്ന് മനസ്സിലാക്കിയ തീവ്രമതചിന്തയുള്ള ചില ചെറുപ്പക്കാർ ഇസ്‌ലാമിക മതനിയമം അനുശാസിക്കുന്ന രീതിയിൽ വലതുകൈ വെട്ടിമാറ്റി.''

നിർഭയമുള്ള ആ സാക്ഷ്യപ്പെടുത്തലിന്റെ പൊരുൾ ചെറുതായൊന്ന് വിശദീകരിക്കാൻ മാത്രമാണ് ഞാൻ ശ്രമിക്കുന്നത്.

2010 മാർച്ച് 26-ന് തൊടുപുഴയിൽ വർഗ്ഗീയവാദികൾ കലാപമുണ്ടാക്കുമ്പോഴാണ് എന്നെ തള്ളിപ്പറയാൻ സഭാധികാരികളും കോളജ് അധികൃതരും തീരുമാനമെടുത്തത്. അന്നുതൊട്ട് എന്നെ കുറ്റപ്പെടുത്തിക്കൊണ്ടല്ലാതെ അവരിലാരും സംസാരിച്ചിട്ടില്ല.

എന്നെ ആക്രമിച്ചവർ അതിനുള്ള ഗൂഢാലോചന 2010 മാർച്ച് 28-ന് ആരംഭിച്ചിരുന്നുവെന്നാണ് പോലീസ് കണ്ടെത്തിയിട്ടുള്ളത്. ഒരുക്കങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കെ അവർ കോതമംഗലം അരമനയിലേക്ക് ഇടയ്ക്കിടെ വിളിച്ചുകൊണ്ടിരുന്നു. സഭാധികാരികൾക്ക് എന്നോടുള്ള നിലപാട് കൃത്യമായി മനസ്സിലാക്കുകയായിരുന്നു അവരുടെ ലക്ഷ്യം. നിങ്ങൾ എന്തു ചെയ്യും എന്ന ചോദ്യത്തിനുള്ള മറുപടി മാത്രമല്ല; ഞങ്ങളെന്തെങ്കിലും ചെയ്താൽ നിങ്ങളുടെ നിലപാടെന്തായിരിക്കും എന്ന ചോദ്യത്തിനും അവർ ഉത്തരം തേടി.

അത്തരം ഫോൺ സംഭാഷണങ്ങളെക്കുറിച്ച് 05-05-2010-ൽ മെമ്മോയുടെ മറുപടിയുമായി അരമനയിൽ ചെന്ന എന്നോട് മാനേജർ മോൺ തോമസ് മലേക്കുടി പറഞ്ഞിട്ടുള്ളതാണ്.

മതാന്ധരാണെങ്കിലും തീവ്രവാദക്കാർക്കും ബുദ്ധിയുണ്ടല്ലോ. അവർ സൂത്രത്തിൽ സഭയുടെയും മാനേജ്മെന്റിന്റെയും എന്നോടുള്ള നിഷേധ നിലപാട് മനസ്സിലാക്കി. എന്നെ തള്ളിപ്പറയാതെ സഭാംഗമെന്ന നിലയിൽ സംരക്ഷിക്കുമെന്ന് അധികാരികൾ പറഞ്ഞിരുന്നുവെങ്കിൽ എന്നെ ആക്രമിക്കുവാൻ അവർ ഒരിക്കലും ധൈര്യപ്പെടില്ലായിരുന്നു. എന്നെ ആക്രമിക്കുന്നതിനുള്ള മൗനാനുവാദം സഭാധികാരികളിൽനിന്ന് കിട്ടിയതിനു ശേഷമാണ് ആക്രമണകാരികൾ തങ്ങളുടെ പദ്ധതി ഊർജ്ജസ്വലമാക്കിയത്.

ആ നാളുകളിൽ അരമനയിൽ ചെല്ലുന്ന എന്നോട് ബിഷപ്പും മാനേജരും സൗഹൃദം ഭാവിച്ചത് കൊല്ലപ്പെടാൻ പോകുന്നവനോടുള്ള പരിഗണനവെച്ചായിരുന്നുവെന്ന പരമാർത്ഥം വൈകിയാണെങ്കിലും ഇപ്പോൾ ഞാൻ തിരിച്ചറിയുന്നു.

എന്നെ സസ്പെന്റ് ചെയ്തത് 2010 മാർച്ച് 26-നാണ്. മൂന്നുമാസത്തിനുള്ളിൽ നടപടികൾ പൂർത്തീകരിച്ച് തീർപ്പാക്കണമെന്നാണ് സർവ്വകലാശാലാനിയമം. അതിൻപടിയാണ് ജൂൺ 15-നു മുമ്പ് റിപ്പോർട്ട് സമർപ്പിക്കണമെന്ന നിർദ്ദേശത്തോടെ മാനേജർ എൻക്വയറി ഓഫീസറെ നിയമിച്ചത്. എൻക്വയറി ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചെങ്കിലും മാനേജർ നടപടിയെടുക്കാൻ അമാന്തിച്ചു. കാരണം, എന്റെ നേരേയുണ്ടാകാൻ പോകുന്ന ആക്രമണം അവർ ഉറപ്പിച്ചിരുന്നു. ജൂലൈ 1-ന് ഇടവകവികാരി എന്നെ കാണാൻ വന്നത് എന്റെ നേരേ 'ഫത്വ' ഉണ്ടെന്ന് അറിവു കിട്ടിയതുകൊണ്ടാണല്ലോ. ഇന്നല്ലെങ്കിൽ നാളെ കൊല്ലപ്പെടാൻ പോകുന്നവനെ ജോലിയിൽനിന്ന് പിരിച്ചുവിട്ട് വെറുതെ പഴി കേൾക്കുന്നത് എന്തിനാണ്? അച്ചടക്കനടപടികളിൽ മൂന്നുമാസത്തിനകം തീർപ്പുകല്പിക്കണം എന്ന യൂണിവേഴ്സിറ്റി ചട്ടത്തെ മറികടന്ന് അവർ കാത്തിരുന്നു.

ആക്രമണം വൈകി മാനേജരും മറ്റും അക്ഷമരായിട്ടിരിക്കുമ്പോഴാണ് ജൂലൈ 4-ന് ആ 'സദ്വാർത്ത' അവരുടെ കാതിലെത്തുന്നത്. 'അവർ പണി പറ്റിച്ചു' എന്നു വിചാരിച്ച് ഉടൻതന്നെ മാനേജർ മോൺ. തോമസ് മലേക്കുടി, മോൺ.

ഫ്രാൻസിസ് ആലപ്പാട്ട്, ഫാ. ജോസഫ് കോയിത്താനത്ത്, ഫാ. കുര്യാക്കോസ് കൊടകല്ലിൽ എന്നിവർ സംഭവസ്ഥലത്തെത്തി സ്ഥിതിഗതികൾ വിലയിരുത്തി. പോലീസ് മേധാവികളുമായി ചർച്ച നടത്തി. വീട്ടിലെത്തി എന്റെ അമ്മയെയും കുടുംബങ്ങളെയും ആശ്വസിപ്പിച്ചു.

അധികം വൈകാതെ ബിഷപ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ ഭവനസന്ദർശനം നടത്തുമെന്ന് ഇടവകവികാരി. ഫാ. ജോർജ് പൊട്ടയ്ക്കൽ എന്റെ കുടുംബാംഗങ്ങളെ അറിയിച്ചു.

ഞാൻ മരിച്ചിട്ടില്ലെന്നു സൂചന കിട്ടിയതിനാലാവാം ബിഷപ് തന്റെ ഉദ്യമം പിന്നീട് വേണ്ടെന്നു വെച്ചു.

ആക്രമണത്തെ മുസ്‌ലിം സംഘടനകൾപോലും അപലപിച്ചു. എന്നാൽ സഭാധികാരികൾ മൗനം ഭജിച്ചു. തൊട്ടടുത്ത ദിവസം മൂവാറ്റുപുഴ നിർമ്മല കോളജിൽ നടന്ന പൂർവ്വവിദ്യാർത്ഥി സംഘടനാ ഭാരവാഹികളുടെ കമ്മറ്റിയോഗത്തിൽ ആക്രമണത്തിൽ പ്രതിഷേധിക്കേണ്ടതിന്റെ ആവശ്യകത ചിലർ ചൂണ്ടികാണിച്ചപ്പോൾ അവിടെ സന്നിഹിതനായിരുന്ന മാനേജർ മോൺ. തോമസ് മലേക്കുടി വളരെ ഉദാസീനമായിട്ടാണ് അതിനോട് പ്രതികരിച്ചത്. ''മരിച്ചുപോയെങ്കിൽ കുഴപ്പമില്ലായിരുന്നു'' എന്ന് അദ്ദേഹം തന്റെ മനോഗതം അപ്പോൾ വെളിപ്പെടുത്തുകയും ചെയ്തു.

സഭാംഗങ്ങളിൽനിന്നും വൈദികരിൽനിന്നും ഭക്തസംഘടനാ നേതാക്കളിൽനിന്നും സമ്മർദ്ദമേറി വന്നപ്പോൾ ആക്രമണത്തെ അപലപിക്കാൻ സഭാധികാരികൾ നിർബന്ധിതരായി. ബിഷപ് ഇടയലേഖനമെഴുതി. പ്രതിഷേധങ്ങൾ ആത്മസംയമനത്തോടെ വേണമെന്ന് ഇടയലേഖനം വിശ്വാസികളെ പ്രത്യേകമായി ഓർമ്മിപ്പിച്ചു. അതിൻപ്രകാരം തൊടുപുഴയിലും മൂവാറ്റുപുഴയിലും കോതമംഗലത്തും മൗനജാഥകൾ നടന്നു.

ബിഷപ്പ് മാർ ജോർജ് പുന്നക്കോട്ടിൽ, മോൺസിഞ്ഞോർ തോമസ് മലേക്കുടി, മോൺസിഞ്ഞോർ ഫ്രാൻസീസ് ആലപ്പാട്ട് എന്നിവർ അരമനവാസികളായ മറ്റു ചില വൈദികർക്കൊപ്പം മൂവാറ്റുപുഴയിലെ ഏതോ ഒരു ഹാളിൽ സമ്മേളിച്ച് തങ്ങളുടെ ഇടയിൽ കുറച്ചു മൗലവിമാരെയും ഹാജിമാരെയും തിരുകിയിരുത്തി മതമൈത്രീസമ്മേളനം നടത്തിയ തിന്റെ വാർത്ത വിശാലമായ പനോരമ സൈസ് ഫോട്ടോയോടൊപ്പം പത്രങ്ങൾക്കെല്ലാം നല്കി.

പ്രഹസനങ്ങൾക്കൊടുവിൽ അവർ എന്നെ എന്റെ ലാവണത്തിൽ നിന്ന് നീക്കം ചെയ്തു.

മുസ്‌ലിം സമുദായം ആവശ്യപ്പെട്ടാൽ തിരിച്ചെടുക്കാമെന്നു പറഞ്ഞ് വാർത്താസമ്മേളനം നടത്തി. നൈതികതയുടെ താക്കോൽ കൈവശമില്ലെങ്കിൽ പിന്നെ എന്തുചെയ്യാനാണ്?

എന്റെ നേരേ നടന്ന ആക്രമണം പ്രതീക്ഷിച്ചത്ര ഫലിക്കാതെ പോയതാണ് സഭാധികാരികളെ കൂടുതലായി വലച്ചത്. അതുകൊണ്ടല്ലേ എന്നെ പിരിച്ചുവിട്ടിട്ട്

മാലോകരുടെ പഴി കേൾക്കേണ്ടിവന്നത്. സഭാധികാരികളുടെ ആ അസന്തുഷ്ടിയാണ് അന്ന് ന്യൂമാൻ കോളജിൽ ബിരുദാനന്തര ബിരുദ വിദ്യാർത്ഥി ആയിരുന്ന ഫാ. നോബിൾ പാറയ്ക്കൽ മംഗളം ദിനപത്രത്തിൽ എഴുതിയ ലേഖനത്തിൽ മറയില്ലാതെ പ്രതിഫലിച്ചത്. അന്ന് ബ്രദർ മാത്രമായിരുന്ന നോബിൾ കോതമംഗലം ബിഷപ് മാർ ജോർജ്ജ് പുന്നക്കോട്ടിലിന്റെ നിർദ്ദേശപ്രകാരം എഴുതിയ ആ ലേഖനത്തിന്റെ ശീർഷകം ഇതായിരുന്നു: *വിവേകമില്ലാത്ത തലകൾ മുറിച്ചുനീക്കപ്പെടട്ടെ!*

# കേസ് ഡയറി

എന്നെ ശാരീരികമായി ആക്രമിച്ചവരുടെ പ്ലാനും പദ്ധതികളും എപ്രകാരമായിരുന്നുവെന്നും പിന്നീട് അവർക്ക് എന്തു സംഭവിച്ചുവെന്നും അറിയാനുള്ള കൗതുകം സ്വഭാവികമാണല്ലോ. അതിനാൽ പോലീസ് ഭാഷ്യത്തെ അടിസ്ഥാനപ്പെടുത്തി അല്പമൊന്നു പ്രതിപാദിക്കാം.

എന്നെ ആക്രമിച്ചവരും ഗൂഢാലോചന നടത്തിയവരും 'പോപ്പുലർ ഫ്രണ്ട് ഓഫ് ഇന്ത്യ' എന്ന സംഘടനയിലെയും അതിന്റെ രാഷ്ട്രീയ വിഭാഗമായ 'എസ്.ഡി.പി.ഐ.' എന്ന പാർട്ടിയിലെയും സജീവപ്രവർത്തകർ ആണെന്നാണ് പറയപ്പെടുന്നത്. എന്നാൽ അവർക്ക് നിർദ്ദേശം കൊടുത്ത ഉന്നതന്മാരെക്കുറിച്ചുള്ള പോലീസിന്റെ അന്വേഷണം എങ്ങുമെത്തിയില്ല. പല പല കാരണങ്ങളാൽ പോപ്പുലർ ഫ്രണ്ടിന്റെ ഒരു ജില്ലാ തല നേതാവിൽ പോലീസ് അന്വേഷണം അവസാനിപ്പിക്കുകയാണ്. അതിൻപ്രകാരം സെഷൻസ് കേസ് നമ്പർ 1/2013 (എൻ.ഐ.എ.)-ൽ 28-ാം നമ്പരായി പ്രതിച്ചേർക്കപ്പെട്ട ആളാണ് ആക്രമണപദ്ധതിയുടെ സൂത്രധാരൻ.

സൂത്രധാരനോടൊപ്പം ഒരു കാര്യദർശിയെപ്പോലെ സജീവമായിനിന്ന ആളാണ് കേസിലെ എട്ടാം പ്രതി. സൂത്രധാരന്റെയും കാര്യദർശിയുടെയും മാത്രമല്ല, എല്ലാ കൂട്ടാളികളുടെയും പേരും അഡ്രസ്സും അറിവുള്ളതാണെങ്കിലും അവരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ഭാവിജീവിതത്തിൽ കരുതലുള്ളതുകൊണ്ട് അത് വെളിപ്പെടുത്തുന്നില്ല.

ചോദ്യപേപ്പറിൽ പ്രവാചകനിന്ദ ആരോപിച്ച് തൊടുപുഴയിൽ കലാപമുണ്ടാക്കിയതിന്റെ രണ്ടാം നാൾ 2010 ഏപ്രിൽ 28-ന് പെരുമ്പാവൂർ സീമാസ് ഓഡിറ്റോറിയത്തിൽ സൂത്രധാരനും കാര്യദർശിയും മറ്റു മൂന്നാളുകളും രഹസ്യയോഗം ചേർന്ന് എന്റെ നേരേ ഭീകരാക്രമണം നടത്താൻ ഗൂഢാലോചന ചെയ്തു. ആക്രമണപദ്ധതി രൂപകല്പന ചെയ്യുക, പണം സംഭരിക്കുക, മുന്നൊരുക്കം നടത്തുക, ആക്രമണം നടത്തുക, തെളിവു നശിപ്പിക്കുക, ഒളിത്താവളങ്ങൾ കണ്ടെത്തുക എന്നിങ്ങനെയുള്ള കാര്യങ്ങൾക്ക് സൂത്രധാരന്റെ മേൽനോട്ടത്തിൽ വിവിധ ഗ്രൂപ്പുകൾ രൂപീകരിക്കാനും യോഗം പദ്ധതിയിട്ടു.

2010 ഏപ്രിൽ 3-ന് കേരള വാട്ടർ അതോറിറ്റിയുടെ മൂവാറ്റുപുഴയിലെ ഇൻസ്പെക്ഷൻ ബംഗ്ലാവിൽ സൂത്രധാരൻ, കാര്യദർശി, അക്രമിസംഘത്തിൽപെട്ടവരുൾപ്പെടെ പതിനഞ്ചോളം പേർ രഹസ്യയോഗം നടത്തി ആക്രമണപദ്ധതി വിശദമായി ചർച്ച ചെയ്തു.

2010 ഏപ്രിൽ 6-ന് കോതമംഗലം റവന്യൂ ടവറിൽ കാര്യദർശിയുടെ നേതൃത്വത്തിൽ മറ്റൊരു ഗൂഢാലോചനായോഗം നടന്നു. ഏപ്രിൽ 10-ന്

കോതമംഗലം താലൂക്കാപ്പീസ് പരിസരത്തും ഏപ്രിൽ 19-ന് കോതമംഗലം സബ്‌സ്റ്റേഷൻ പടിക്കു സമീപവും അത്തരം രഹസ്യയോഗങ്ങൾ വീണ്ടും നടന്നു.

2010 മെയ് 4-ന് കോതമംഗലം മുനിസിപ്പൽ പാർക്കിൽ അക്രമിസംഘത്തിലേക്ക് റിക്രൂട്ടു ചെയ്യപ്പെട്ടവർ സൂത്രധാരന്റെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്ന് അവരിലൊരാളെ നേതാവായി തെരഞ്ഞെടുത്തു. ആവശ്യമായ പണം, ആയുധങ്ങൾ, സ്ഫോടകവസ്തുക്കൾ, വാഹനങ്ങൾ, മൊബൈൽഫോണുകൾ, വ്യാജ തിരിച്ചറിയൽ കാർഡ് ഉപയോഗിച്ച് സമ്പാദിച്ച സിം കാർഡുകൾ എന്നിവ അക്രമിസംഘത്തിന് ലഭ്യമാക്കാൻ സൂത്രധാരൻ ഏർപ്പാടാക്കി.

കാര്യദർശിയുടെ നിർദ്ദേശാനുസരണം മൂവാറ്റുപുഴക്കാരനും ഓട്ടോ ഡ്രൈവറുമായ ഒരു മുന്നൊരുക്കസംഘാംഗം എന്റെ വീട്ടിലേക്കുള്ള വഴിയുടെ രേഖാചിത്രം തയ്യാറാക്കിയിരുന്നു. സൂത്രധാരന്റെയും കാര്യദർശിയുടെയും നിയോഗമനുസരിച്ച് മറ്റു രണ്ടുപേർ എന്റെ വീടിരിക്കുന്ന സ്ഥലം കണ്ട് ബോധ്യപ്പെട്ട് ആ 'സ്കെച്ച് ഓഫ് ദ റൂട്ട്' ശരിവെച്ചു.

അങ്ങനെ ഒരുക്കങ്ങളെല്ലാം പൂർത്തിയായി. 2010 മെയ് 6-ന് ആറുപേർ ഉൾപ്പെട്ട അക്രമിസംഘം എന്റെ വീട്ടിലേക്കു പുറപ്പെട്ടു. 'ഓപ്പറേഷ' നുശേഷം അക്രമിസംഘം ഉപയോഗിച്ച വാഹനങ്ങൾ, ആയുധങ്ങൾ രക്തം പുരണ്ട വസ്ത്രങ്ങൾ, എന്നിവ കൈപ്പറ്റി തെളിവുനശിപ്പിക്കാൻ കാര്യദർശി ഉൾപ്പെടെ ആറുപേർ വിവിധ സ്ഥലങ്ങളിൽ കാത്തുനിന്നു.

അക്രമിസംഘം വീട്ടിലെത്തിയ സമയത്ത് ഞാൻ യാദൃച്ഛികമായി പ്രൊഫ. റ്റി.എ. ജോയിയുടെ വീട്ടിൽ സുഹൃത്സന്ദർശനത്തിനു പോയിരുന്നതിനാൽ അവരുടെ ആദ്യത്തെ ഉദ്യമം നടക്കാതെ പോയി. കോളജ് മാഗസിനിലേക്ക് ആർട്ടിക്കിൾ ചോദിച്ചുവന്ന ആ അക്രമിസംഘത്തെയാണ് വളരെ സൗഹൃദത്തോടെ വീടിനുള്ളിൽ കയറി ഇരിക്കാൻ ചേച്ചി സിസ്റ്റർ മാരിസ്റ്റെല്ല ക്ഷണിച്ചത്.

2010 മെയ് 17-ന് സൂത്രധാരനും കാര്യദർശിയും നാലു സംഘാംഗങ്ങളും ആക്രമണോത്സുകരായി വീണ്ടും എന്റെ വീട്ടിലെത്തി. അക്രമിസംഘ നേതാവായി തെരഞ്ഞെടുക്കപ്പെട്ടിരുന്ന ആളിന്റെ മകൾക്ക് ചികിത്സാസഹായം ചോദിച്ചുവന്ന അവർ ഞാൻ പെട്ടെന്നു വീട്ടിനുള്ളിൽ കയറി കതകടച്ചതിനാലും വീട്ടിൽ മറ്റാളുകളെ കണ്ടതിനാലും അക്രമണത്തിനു മുതിരാതെ തിരിച്ചുപോയി.

2010 മെയ് 28-ന് എന്നെ തേടി അക്രമിസംഘം വീണ്ടും എത്തി. അവരിൽ രണ്ടുപേർ അതിക്രമിച്ച് വീട്ടിനുള്ളിൽ കടന്ന് എന്നെ പരതി. അരമിനിട്ടു മുമ്പ് ഞാൻ അയൽവാസിയായ പ്രൊഫ. എം.സി.ജോസഫിന്റെ വീട്ടിൽ പോയിരുന്നതുകൊണ്ട് അവരുടെ ഇംഗിതം നടക്കാതെ പോയ കാര്യം മുമ്പ് വിവരിച്ചിരുന്നതാണല്ലോ.

മൂന്നാമത്തെ ആക്രമണശ്രമത്തിനുശേഷം വീടിന്റെ ഗേറ്റും പുറം വാതിലുകളും ഞങ്ങൾ സദാസമയവും പൂട്ടിയിട്ടതിനാൽ വീട്ടിൽവെച്ചുള്ള ആക്രമണം എളുപ്പമല്ലെന്നു മനസ്സിലാക്കിയ അവർ ആക്രമണം പെരു വഴിയിൽ വെച്ചു നടത്താൻ തീരുമാനിച്ചു. ആപത്ശങ്കകൾ ഉണ്ടായിരുന്നതിനാൽ ഞാൻ അക്കാലത്ത് കാറിൽ മാത്രമേ സഞ്ചരിച്ചിരുന്നുള്ളു. കാറിൽ യാത്രചെയ്യുന്ന എന്നെ തടഞ്ഞ് ആക്രമണം നടത്താൻ ഇരുചക്ര വാഹനങ്ങൾ പോരെന്ന തോന്നലിൽ അവർ തൃശൂരിൽനിന്ന് ക്രിസ്ത്യാനിയായ ഒരാളുടെ കൈവശമുണ്ടായിരുന്ന ഒരു വെളുത്ത മാരുതി ഒമ്നി വാൻ മണി എന്നു പേരുള്ള ഒരു ഇടനിലക്കാരൻ മുഖേന വിലപോലും പേശാതെ വാങ്ങിച്ചു. സംഘത്തിലെ ഒരാൾ ഡ്രൈവറായി മാറേണ്ടിയിരുന്നതുകൊണ്ട് ഏഴാമത് ഒരാളെക്കൂടി അക്രമിസംഘത്തിൽ ചേർത്തു.

ഒരു മാസംകൊണ്ട് സജ്ജീകരണങ്ങളെല്ലാം പൂർത്തിയാക്കിയിട്ട് ഒമ്നിവാനിൽ പുറപ്പെട്ട അക്രമിസംഘം 2010 ജൂലൈ 2-നും 3-നും റോഡിൽ എനിക്കായി കാത്തുകിടന്നു. കാര്യദർശി ഉൾപ്പടെ ആറുപേർ ആ ദിവസങ്ങളിലും വിവിധ സ്ഥലങ്ങളിൽ അനന്തരകർമ്മങ്ങൾക്കായി കാത്തുനിന്നു.

ആ രണ്ടു ദിവസങ്ങളിലും ഞാൻ കാറിൽ യാത്ര ചെയ്തിരുന്നുവെങ്കിലും മനപൂർവ്വം പോയ വഴിയേ മടങ്ങാതിരുന്നതുകൊണ്ട് അവരുടെ ശ്രമങ്ങൾ ഫലവത്തായില്ല.

എന്റെ വീട്ടിലേക്കുള്ള വഴിയുടെ രേഖാചിത്രം സ്ഥലപരിശോധനയ്ക്കു ശേഷം ശരിവെച്ചവരും എന്റെ നീക്കങ്ങൾ നിരീക്ഷിക്കാൻ നിയോഗിക്കപ്പെട്ടവരുമായിരുന്നു ജൂലൈ 2-ന് ബിഷപ്പിനെ കാണാനായി ഞാനും ചേച്ചിയും കോതമംഗലത്തിനു പോയപ്പോൾ ഞങ്ങളെ പിന്തുടർന്നത്. ചാലിക്കടവുപാലം വഴിപോയ ഞങ്ങൾ അന്നു മടങ്ങിയത് മൂവാറ്റുപുഴ ടൗൺ വഴിക്കായിരുന്നു.

2010 ജൂലൈ 3-ന് കാക്കനാട്ടുവെച്ച് ആക്രമണവുമായി ബന്ധപ്പെട്ട് വീണ്ടും ഒരു ഗൂഢാലോചനായോഗം നടന്നു. അന്നുതന്നെ അക്രമിസംഘത്തിലെ ഏഴുപേരും സൂത്രധാരന്റെ വീട്ടിൽ സമ്മേളിച്ചു. ആക്രമണത്തിൽ ഓരോരുത്തരുടെയും റോൾ എന്തായിരിക്കണമെന്നതിനെക്കുറിച്ച് സൂത്രധാരൻ അവർക്ക് വ്യക്തമായ നിർദ്ദേശങ്ങൾ നല്കി. മൊബൈൽഫോൺ, ആയുധങ്ങൾ, സ്ഫോടകവസ്തുക്കൾ, പണം എന്നിവ കൂടുതലായി അവർക്കു നല്കിക്കൊണ്ട് സൂത്രധാരൻ അക്രമി സംഘത്തെ കൂടുതൽ സജ്ജരാക്കി. കാര്യദർശിയെ വിളിച്ച് ആക്രമണാനന്തര നടപടികൾക്കുള്ള ഒരുക്കങ്ങളും പൂർത്തിയായെന്ന് ഉറപ്പാക്കി.

2010 ജൂലൈ 4-ന് നേരം പുലരുന്നതിനുമുമ്പേ സൂത്രധാരന്റെ വീട്ടിൽനിന്നു പുറപ്പെട്ട ഒമ്നിവാനിൽ അക്രമിസംഘത്തിലെ അഞ്ചുപേരാണ് ഉണ്ടായിരുന്നത്. കാരിക്കാട് ജങ്ഷനിൽനിന്നാണ് മറ്റു രണ്ടുപേർ കയറിയത്. മൂവാറ്റുപുഴയിലെത്തിയ അക്രമിസംഘം ഞാൻ പള്ളിയിൽ

പോയിരിക്കുകയാണെന്ന കാര്യം കാര്യദർശിയിൽനിന്നു മനസ്സിലാക്കി എന്റെ വീടിന്റെ സമീപത്ത് കുർബ്ബാന കഴിഞ്ഞ് ഞാൻ മടങ്ങുന്നതും കാത്ത് തമ്പടിച്ചു. ആ സമയത്ത് പോലീസിന്റെ നീക്കങ്ങൾ മനസ്സിലാക്കുന്നതിന് മൂവാറ്റുപുഴ പോലീസ് സ്റ്റേഷനു സമീപത്ത് മുൻനിശ്ചയ പ്രകാരം ഒരാൾ നിലയുറപ്പിച്ചിരുന്നു.

വീടിന്റെയും പള്ളിയുടെയും പരിസരത്ത് എന്റെ നീക്കങ്ങൾ നിരീക്ഷിച്ചുകൊണ്ടിരുന്നവർ ഞാൻ കുർബ്ബാന കഴിഞ്ഞ് മടങ്ങുന്ന കാര്യം യഥാസമയം അക്രമിസംഘത്തെ അറിയിക്കുകയും അവർ ഉടനെ പുറപ്പെട്ടുവന്ന് ആ 'സ്വർഗ്ഗദായക ദൗത്യം' പൂർത്തീകരിക്കുകയും ചെയ്തു.

ആക്രമണത്തിനുശേഷം ഒമ്നിവാനിൽ പലായനം ചെയ്ത സംഘാംഗങ്ങൾ ആക്രമണത്തിനുപയോഗിച്ച ആയുധങ്ങളെല്ലാം ഒരു ബാഗിലാക്കി. അവരിൽ ഒരാൾ വാരപ്പട്ടി എന്ന സ്ഥലത്തെത്തിയപ്പോൾ വാനിൽ നിന്നിറങ്ങുകയും അവിടെ കാത്തുനിന്നിരുന്ന ഒരാളെ ആ ബാഗ് ഏല്പിക്കുകയും ചെയ്തു.

കോതമംഗലം-പെരുമ്പാവൂർ റൂട്ടിലുള്ള ഇരുമലപ്പടി എന്ന സ്ഥലത്തെത്തിയപ്പോൾ അക്രമിസംഘത്തിലെ എല്ലാവരും വാനിൽ നിന്നിറങ്ങി അവിടെ കാത്തുകിടന്ന മറ്റു വാഹനങ്ങളിൽ കയറി. മുൻനിശ്ചയപ്രകാരം അവിടെ കാത്തുനിന്ന മറ്റൊരാൾ ഒമ്നിവാനിൽ കയറി പെരുമ്പാവൂർ ഭാഗത്തേക്ക് ഓടിച്ചുപോവുകയും ചെയ്തു. വിജന സ്ഥലത്തെത്തിയപ്പോൾ അയാൾ വാനിന്റെ കള്ളനമ്പർ പ്ലേറ്റുകൾ ഇളക്കിയെടുത്ത് പെരിയാർ വാലി കനാലിലേക്ക് എറിഞ്ഞുകളഞ്ഞു.

എന്റെ മകൻ മിഥുന്റെ 'ഇടപെടൽ' മൂലം അക്രമിസംഘത്തിലെ രണ്ടുപേർക്ക് പരിക്കുപറ്റിയതിൽ ഒരാളുടെ മുറിവ് ആഴത്തിലുള്ളതായിരുന്നു. സൂത്രധാരന്റെ നിർദ്ദേശമനുസരിച്ച് മൂന്നുപേർ അവരെ രണ്ടുകാറിൽ മാറി മാറി കയറ്റി ആലുവയിലുള്ള ഒരു വീട്ടിൽ എത്തിച്ചു. സൂത്രധാരനും മറ്റു രണ്ടുപേരും ചേർന്ന് ഒരു ദന്തഡോക്ടറെ അവിടേക്ക് വരുത്തി. കൂടാതെ മരുന്നും മറ്റു സാമഗ്രികളും കൊണ്ടുവന്ന് മുറിവേറ്റവർക്ക് പ്രാഥമികചികിത്സ നല്കി.

അക്രമിസംഘാംഗങ്ങൾ പിന്നീട് പലരുടെയും ഒത്താശയോടെ വിവിധ ഒളിത്താവളങ്ങളിൽ മാറി മാറി താമസിച്ചു.

എന്നെ ആക്രമിക്കുന്നതു കണ്ട മകൾ ആമി വീട്ടിലേക്ക് തിരിച്ചോടി വന്ന് പോലീസ് സ്റ്റേഷനിലേക്ക് ഫോൺ ചെയ്തപ്പോൾ അക്രമികൾ വന്നത് വെള്ള മാരുതി ഒമ്നി വാനിലാണെന്നും അറിയിച്ചിരുന്നു. ആലുവ റൂറൽ എസ്.പി, റ്റി. വിക്രം തന്റെ കീഴിലുള്ള പോലീസ് ഉദ്യോഗസ്ഥരുമായി വയർലെസ് സെറ്റിലൂടെ 'സാട്ടാ' എന്ന പേരിൽ അറിയപ്പെടുന്ന മിനി കോൺഫറൻസ് നടത്തുന്ന സമയത്താണ് ആമിയുടെ ഫോൺവിളി പോലീസ് സ്റ്റേഷനിൽ എത്തുന്നത്.

'സാട്ടാ' നടക്കുമ്പോൾ എസ്.പിയുടെ അധികാരപരിധിയിലുള്ള എല്ലാ പോലീസ് സ്റ്റേഷനുകളിലും വയർലെസ് സെറ്റുകൾ സജീവമാക്കി വെച്ച് ഒരു

ഓഫീസർ 'സാട്ടാ' അറ്റൻഡു ചെയ്തുകൊണ്ടിരിക്കും. അങ്ങനെ അറ്റൻഡുചെയ്തുകൊണ്ടിരുന്ന മൂവാറ്റുപുഴ പോലീസ് സ്റ്റേഷനിലെ ഓഫീസർ, ഞാൻ ആക്രമിക്കപ്പെട്ട വിവരവും അക്രമികൾ ഉപയോഗിച്ചത് ഒരു വെള്ള മാരുതിഒമ്നി വാനാണെന്നും അപ്പോൾതന്നെ എസ്.പിയെ വയർലെസിലൂടെ അറിയിച്ചു. ഉടൻതന്നെ റോഡിൽ വാഹനപരിശോധന നടത്തി അക്രമികൾ ഉപയോഗിച്ച വെള്ള മാരുതി വാൻ കസ്റ്റഡിയിലെടുക്കാൻ എസ്.പി. വിക്രം ജില്ലയിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലേക്കും വയർലെസിലൂടെ നിർദ്ദേശം നൽകി. മാത്രമല്ല; ഐ.ജി. ബി. സന്ധ്യയെയും ഡി.ജി.പി ജേക്കബ്ബ് പുന്നൂസിനെയും എസ്.പി. വിവരം ധരിപ്പിച്ചു. ഉടൻതന്നെ ഐ.ജി. സന്ധ്യ തന്റെ അധികാര പരിധിയിൽപെട്ട എറണാകുളത്തിന്റെ സമീപജില്ലകളിലും വാഹനപരിശോധന നടത്തി വെള്ള മാരുതിവാൻ കസ്റ്റഡിയിലെടുക്കാൻ നിർദ്ദേശിച്ചു.

ഞായറാഴ്ച ആയിരുന്നെങ്കിലും പോലീസ് സേന ഊർജ്ജസ്വലതയോടെ എമ്പാടും നിരത്തിലിറങ്ങി. അന്ന് റോഡിലിറങ്ങിയ വെളുത്ത ഒമ്നി വാനുകൾക്കെല്ലാം കഷ്ടകാലമായിരുന്നു. സംസ്ഥാനത്തുടനീളം അറുപതോളം മാരുതിവാനുകൾ പോലീസ് തടഞ്ഞുവെച്ചു.

പെരുമ്പാവൂരിൽ ഒരു ഇടവഴിയിലൂടെ ഏകദേശം ഒമ്പതുമണിയോടെ വന്ന ഒരു വെള്ള മാരുതി വാൻ പെരുമ്പാവൂർ എസ്.ഐ, സി. ജയകുമാർ പരിശോധിച്ചപ്പോൾ അതിൽ രക്തം വീണുകിടക്കുന്നതായി കണ്ടു. ഡ്രൈവർ മുസ്‌ലിം നാമധാരി ആയിട്ടും വാനിന്റെ ഫ്രണ്ട് ഗ്ലാസ്സിൽ ക്രിസ്ത്യാനികൾ ഉപയോഗിക്കുന്ന 'തിരുക്കുടുംബ'ത്തിന്റെ സ്റ്റിക്കർ ഒട്ടിച്ചിരുന്നതും സംശയത്തിനു ബലമേകി.

ഒരു സുഹൃത്ത് പറഞ്ഞതിൻപ്രകാരം ഇരുമലപ്പടിയിൽനിന്ന് വാൻ മറ്റൊരാളെ ഏല്പിക്കുവാൻ കൊണ്ടുപോകുന്നുവെന്നായിരുന്നു ചോദ്യം ചെയ്തപ്പോൾ അയാൾ പറഞ്ഞത്. വാഹനം ഏല്പിക്കേണ്ടിയിരുന്ന ആളുടെ പേരും ഫോൺ നമ്പരും പോലീസ് അയാളിൽനിന്ന് കണ്ടെടുത്തു. ഏതായാലും ആ ഒമ്നിവാനും ഒപ്പം ഡ്രൈവറെയും എസ്.ഐ ജയകുമാർ കസ്റ്റഡിയിലെടുത്തു.

അയാളിൽനിന്നു കിട്ടിയ പേരും ഫോൺനമ്പരും ഉപയോഗിച്ച് വാഹനം ഏറ്റെടുത്ത് ഒളിപ്പിക്കേണ്ടിയിരുന്ന ആളിനെയും പോലീസ് പിടികൂടി.

ആക്രമണവുമായി ബന്ധപ്പെട്ട് രണ്ടുപേരെ അറസ്റ്റുചെയ്ത വിവരമറിഞ്ഞ് പോപ്പുലർ ഫ്രണ്ട് പ്രവർത്തകർ നിരപരാധികളെ വിട്ടയയ്ക്കണമെന്നാവശ്യപ്പെട്ട് പെരുമ്പാവൂരിലും മൂവാറ്റുപുഴയിലും പോലീസ് സ്റ്റേഷൻ മാർച്ച് സംഘടിപ്പിച്ചു. പെരുമ്പാവൂരിൽ പോലീസ് സ്റ്റേഷന്റെ നേർക്ക് കല്ലെറിയുന്ന രീതിയിൽ പ്രതിഷേധം അക്രമാസക്തമായിട്ടും പോലീസ് അനങ്ങിയില്ല. എന്നാൽ തങ്ങൾ കസ്റ്റഡിയിലെടുത്തവർ ആക്രമണപദ്ധതിയിലെ കണ്ണികളാണെന്ന് അതോടെ പോലീസ് ഉറപ്പിച്ചു.

അറസ്റ്റുചെയ്തവരെ ചോദ്യം ചെയ്തപ്പോൾ അവരെ നിയോഗിച്ചത് കേസിലെ പ്രധാന കണ്ണിയായ കാര്യദർശിയാണെന്ന് പോലീസ് മനസ്സിലാക്കി. കസ്റ്റഡിയിൽ എടുത്ത മാരുതിവാൻ തൃശൂരിലുള്ള ലോറൻസ് എന്ന ആളുടേതായിരുന്നുവെന്നും അതു വാങ്ങിയത് ആരാണെന്നും പോലീസ് അന്വേഷിച്ചു കണ്ടെത്തി.

ഫോൺവിളികൾ കേന്ദ്രീകരിച്ചുള്ള അന്വേഷണവും ഒപ്പം നടക്കുന്നുണ്ടായിരുന്നു. അതിന്റെ പിന്നിലെ പ്രാഥമിക നിഗമനം ഇപ്രകാരമായിരുന്നു. 2010 ജൂലൈ 4-ന് രാവിലെ എന്റെ നീക്കങ്ങൾ നിരീക്ഷിച്ച് സന്ദേശങ്ങൾ നല്കുന്ന ഒരു മൊബൈൽ ഫോൺ മൂവാറ്റുപുഴയിൽ എന്റെ വീട്ടുപരിസരത്ത് ഉണ്ടാവണം. അതിൽനിന്ന് സന്ദേശങ്ങൾ സ്വീകരിക്കുന്ന മറ്റൊരു മൊബൈൽ ഫോൺ അക്രമിസംഘം സഞ്ചരിക്കുന്ന ഒമ്നി വാനിൽ ഉണ്ടാവണം. ആക്രമണത്തിനുശേഷം അനന്തര നടപടികൾക്കായി ഇരുമലപ്പടിയിൽ കാത്തു നില്ക്കുന്നവരുടെ കയ്യിലും ഒരു മൊബൈൽ ഫോൺ ഉണ്ടാവണം.

ആക്രമണം നടന്ന ജൂലൈ 4 ഞായറാഴ്ച രാവിലെ മൂവാറ്റുപുഴ, ഇരുമലപ്പടി, ഒമ്നിവാനിന്റെ സഞ്ചാരപഥം എന്നിവിടങ്ങളിൽനിന്ന് പരസ്പരമുള്ള ഫോൺവിളികൾ ഉണ്ടായിട്ടുണ്ടോ എന്ന് സൈബർ സെല്ലിന്റെ സഹായത്തോടെ പോലീസ് അന്വേഷിച്ചു. അതാതു സ്ഥലത്തെ മൊബൈൽ ടവറിന്റെ കീഴിലുള്ള കോളുകൾ പരിശോധിച്ചപ്പോൾ അത്തരം കോളുകൾ കണ്ടെത്താനായി. അതെല്ലാം വ്യാജ സിംകാർഡുകൾ ഉപയോഗിച്ചുള്ള കോളുകളായിരുന്നു. മാത്രമല്ല, ആ സിം കാർഡുകൾ അതിനുമുമ്പ് ആരും ഉപയോഗിച്ചിട്ടില്ലായിരുന്നു.

ഫോൺവിളി അടിസ്ഥാനമാക്കിയുള്ള പോലീസ് അന്വേഷണത്തിൽ നിന്ന് രക്ഷനേടാനാണ് സൂത്രധാരനും മറ്റും അത്തരത്തിലുള്ള മുൻകരുതലുകൾ എടുത്തിരുന്നത്. എന്നാൽ അവരുടെ കണക്കുകൂട്ടലുകളെ മറികടന്ന് ഈ വ്യാജ സിം കാർഡുകൾ ഉപയോഗിച്ച ഫോണുകളുടെ ഐ.എം.ഇ.ഐ. നമ്പർ കണ്ടുപിടിച്ച് ആ ഫോണുകളിൽ മുമ്പ് ഏതെങ്കിലും സിം കാർഡുകൾ ഉപയോഗിച്ചിട്ടുണ്ടോ എന്ന് പോലീസ് അന്വേഷിച്ചു. അപ്പോൾ ചില നമ്പരുകൾ കണ്ടെത്തുകയും അതിന്റെ ഉടമകളായ ചിലരിലേക്ക് പോലീസ് അന്വേഷണം എത്തുകയും ചെയ്തു. അതിൽനിന്ന് സൂത്രധാരനെക്കുറിച്ചും അക്രമിസംഘാംഗങ്ങളെക്കുറിച്ചും പോലീസിന് വ്യക്തമായ സൂചന കിട്ടി. തുടർന്ന് കൂട്ടാളികളിൽ ഓരോരുത്തരെ വിവിധ ഒളിത്താവളങ്ങളിൽനിന്ന് പോലീസ് കൂട്ടിക്കൊണ്ടു വന്നു. എന്നാൽ ചിലരെ കണ്ടെത്താനായതുമില്ല.

ഇത്രമാത്രം ആസൂത്രിതമായി നടത്തിയ മറ്റൊരു കുറ്റകൃത്യം കേരളത്തിൽ മുമ്പെങ്ങും ഉണ്ടായിട്ടില്ലെന്നാണ് അന്ന് സംസ്ഥാന പോലീസ് ചീഫ് ആയിരുന്ന ഡി.ജി.പി. ജേക്കബ് പുന്നൂസ് അഭിപ്രായപ്പെടുന്നത്. കൃത്യം നടന്ന് ഒരു മണിക്കൂറിനുള്ളിൽ അക്രമിസംഘത്തിന്റെ വാഹനം കസ്റ്റഡിയിൽ

എടുത്തിട്ടില്ലായിരുന്നെങ്കിൽ ഒരിക്കലും തെളിയാത്ത കേസുകളുടെ പട്ടികയിൽ ഒരു പക്ഷേ, ഈ കേസും ഉൾപ്പെടുമായിരുന്നുവത്രെ.

സംഭവം അറിഞ്ഞ ഉടനെ ഊർജ്ജസ്വലരായി പ്രവർത്തിച്ച പോലീസ് ഉദ്യോഗസ്ഥരുടെ ജാഗ്രതയോടൊപ്പം ഞങ്ങളുടെ ചില മുന്നൊരുക്കങ്ങളും ഒമ്നിവാൻ പിടികൂടുന്നതിന് സഹായകമായിട്ടുണ്ട്. ഫോണിനരികെ ഭിത്തിയിൽ വലിയ അക്കങ്ങളിൽ പോലീസ് സ്റ്റേഷനിലെയും പോലീസ് അധികാരികളുടെയും ഫോൺനമ്പരുകൾ എഴുതി വെച്ചിരുന്നതിനാലാണ് സംഭവം നടക്കുമ്പോൾതന്നെ ആക്രമണത്തെക്കുറിച്ചും അവർ വന്ന വെള്ള മാരുതി വാനിനെക്കുറിച്ചും പോലീസിനെ അറിയിക്കാൻ സാധിച്ചത്.

പെരുമ്പാവൂർ എസ്.ഐ. സി. ജയകുമാറിന് താൻ കസ്റ്റഡിയിലെടുത്ത ഒമ്നിവാനിനെക്കുറിച്ച് സംശയം തോന്നാൻ പ്രധാന കാരണം അതിൽ വീണുകിടന്ന രക്തമാണ്. അത് അക്രമിസംഘത്തിൽ പെട്ടവരുടേതായിരുന്നു. അതിനു കാരണമായത് അച്ഛനെ വെട്ടുന്നതു കണ്ട് മകൻ മിഥുൻ നടത്തിയ സാഹസവൃത്തിയാണ്.

മകൾ ആമിയുടെ പ്രത്യുത്പന്നമതിത്വവും മകൻ മിഥുന്റെ ധീരതയും അവരുടെ അച്ഛനെ കാരണമില്ലാതെ അക്രമിച്ച കിരാതരെ പിടികൂടുന്നതിന് സഹായകമായതിൽ അവർക്കും അഭിമാനിക്കാവുന്നതാണ്.

# ഡോണ്ട് എവർ ഗിവപ്പ്

എന്റെ നേർക്കുനടന്ന അതിക്രമങ്ങൾ വ്യക്തിപരം എന്നതിലുപരി സാമൂഹികമാനങ്ങളുള്ള ഒരു വിഷയമാണെന്നു മനസ്സിലാക്കി പ്രസിദ്ധ കാർട്ടൂണിസ്റ്റും ലേഖകനുമായ ഇ.പി. ഉണ്ണി 2010 ഒക്ടോബർ 10-ന് 'Testing tolerance' എന്ന ശീർഷകത്തിൽ ഇൻഡ്യൻ എക്സ്പ്രസ് ദിനപത്രത്തിൽ ഒരു ലേഖനം പ്രസിദ്ധീകരിച്ചു. അതിനുവേണ്ടി ഡൽഹിയിൽനിന്ന് കേരളത്തിൽ എത്തിയ അദ്ദേഹം എന്നെ മാത്രമല്ല, വിഷയവുമായി ബന്ധപ്പെട്ട പലരെയും നേരിൽക്കണ്ട് വിവരങ്ങൾ ശേഖരിച്ചു. എന്നാൽ കോളജ് മാനേജർ മോൺസിഞ്ഞോർ തോമസ് മലേക്കുടി വിശദീകരണത്തിനൊന്നും തയ്യാറായില്ല. Enough has been written against us; who cares? (ഞങ്ങൾക്കെതിരായി ആവശ്യത്തിന് എഴുതിയിട്ടുണ്ടല്ലോ; ആരു ഗൗനിക്കുന്നു!) എന്നാണ് അദ്ദേഹം ഇ.പി. ഉണ്ണിയോട് പരുഷമായി പറഞ്ഞത്.

ന്യൂമാൻ കോളജ്, വേദപാഠം പഠിപ്പിക്കുന്ന ഒരു പൊന്തിഫിക്കൽ സെമിനാരി അല്ലെന്നും അവിടുത്തെ ജീവനക്കാർക്ക് ശമ്പളം നല്കുന്നത് സർക്കാർ ആണെന്നും ഉള്ളതിനാൽ യൂണിവേഴ്സിറ്റിയിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് പിരിച്ചുവിടൽ നടപടിക്കെതിരേ ഇടപെടുമെന്ന് യൂണിവേഴ്സ്റ്റി വൈസ് ചാൻസിലർ ഡോ. രാജൻ ഗുരുക്കൾ പറഞ്ഞാലും പിരിച്ചുവിടൽ നടപടി പിൻവലിച്ചില്ലെങ്കിൽ സർക്കാർ ഇടപെടുമെന്ന് വിദ്യാഭ്യാസ മന്ത്രി എം.എ. ബേബി പറഞ്ഞാലും ആരു വകവെക്കാനാണ്?

മാനേജ്മെന്റുകളുടെ ഈ ധാർഷ്ട്യത്തിന്റെ കാതൽ എന്റെ ഗുരുനാഥയും പ്രസിദ്ധ സാഹിത്യകാരിയുമായ ഡോ. എം. ലീലാവതി എന്റെ പിരിച്ചുവിടൽ വിഷയമാക്കി 2010 നവംബർ 7-ാം തീയതി മാതൃഭൂമി ദിനപത്രത്തിലെഴുതിയ 'കോളജുകളിലെ മരുമക്കത്തായം' എന്ന ലേഖനത്തിൽ വെളിപ്പെടുത്തിയിട്ടുണ്ട്.

''പണിയെടുത്താൽ അധ്യാപകർക്ക് ശമ്പളം കൊടുക്കുന്നത് സർക്കാരാണ്. വിദ്യാഭ്യാസസ്ഥാപനങ്ങളുടെ മാനേജ്മെന്റ് അല്ല. രക്ഷിക്കുന്നവർക്കേ ശിക്ഷിക്കാൻ അധികാരമുണ്ടാവൂ. കേരളത്തിൽ, ദൈവത്തിന്റെ സ്വന്തം രാജ്യത്തിൽ മാത്രമേ രക്ഷിക്കാൻ ദൈവവും ശിക്ഷിക്കാൻ പിശാച് എന്ന അവസ്ഥയുണ്ടാവൂ... മാനേജ്മെന്റുകൾക്ക് പരമസുഖം. ഇഷ്ടമുള്ളവരെ നിയമിക്കാം. ഇഷ്ടംപോലെ കോഴ വാങ്ങാം. അവർ നിയമിച്ചവരെ അവർക്ക് പിരിച്ചുവിടുകയോ അപമാനിക്കുകയോ എന്തുമാവാം. സർക്കാർ മൂകസാക്ഷി. കാരണം, നിയമങ്ങളെല്ലാം അവർക്ക് അനുകൂലമായിട്ടാണ് നിർമ്മിച്ചിരിക്കുന്നത്. ന്യൂനപക്ഷങ്ങൾ 'വാളെടുക്കുമെന്ന' ഭയത്താൽ മാറി മാറി വരുന്ന സർക്കാരുകൾ ഇത് നിലനിർത്തുകയും ചെയ്യുന്നു.''

അതിനാൽ ആരുടെയും വാഗാടോപങ്ങളിൽ ഞാൻ അഭിരമിച്ചില്ല. പിരിച്ചുവിടപ്പെട്ട എനിക്കുള്ള ശരണം ഇനി കോടതി മാത്രമാണ്. യൂണിവേഴ്സിറ്റി ചട്ടപ്രകാരം പിരിച്ചുവിടൽ നടപടിക്കെതിരെ എം.ജി. യൂണിവേഴ്സിറ്റി അപ്പലെറ്റ് ട്രിബ്യൂണലിൽ അപ്പീൽ നല്കാം. അതിന്റെ ഓഫീസ് തിരുവനന്തപുരത്താണ്. ജില്ലാ ജഡ്ജിയുടെ പദവിയുള്ള ഒരു ജഡ്ജിയാണ് അപ്പീലിന്മേൽ വാദംകേട്ട് അവിടെ തീർപ്പുകല്പിക്കുന്നത്.

ട്രിബ്യൂണലിന്റെ വിധിയിന്മേൽ അപ്പീൽ നല്കേണ്ടത് ഹൈക്കോടതിയിലാണ്. ഹൈക്കോടതി കഴിഞ്ഞാൽ സുപ്രീംകോടതി. അന്തിമവിധി അവിടെനിന്നാണ് ഉണ്ടാവേണ്ടത്.

മാനേജ്മെന്റ് പിരിച്ചുവിട്ട ഒരു ജീവനക്കാരന് അനുകൂലമായ കോടതി വിധി സമ്പാദിക്കുക അത്ര എളുപ്പമുള്ള കാര്യമല്ല. മാനേജ്മെന്റുമായി കേസു നടത്തി വിജയിക്കാമെന്ന് ആരും വിചാരിക്കേണ്ട എന്ന് മാനേജർ മോൺസിഞ്ഞോർ തോമസ് മലേക്കുടി പല അവസരങ്ങളിലും പറഞ്ഞത് ഞാൻ നേരിട്ടുകേട്ടിട്ടുള്ളതാണ്. മാനേജ്മെന്റ് എന്നത് ഒരു പ്രസ്ഥാനമാണ്. അതിനാൽ കേസിനുവേണ്ടി ചെലവാകുന്ന പണം ഒരു പ്രശ്നമല്ല. എന്നാൽ ഒരു വ്യക്തിക്ക് അത്രമാത്രം പണം എവിടെ നിന്നുണ്ടാകുമെന്നാണ് അദ്ദേഹം ചോദിക്കുന്നത്.

മാനേജ്മെന്റ് നിയമയുദ്ധം ആരംഭിച്ചു കഴിഞ്ഞിരുന്നു. പിരിച്ചുവിട്ട അന്നുതന്നെ മാനേജ്മെന്റിന്റെ വക്കീൽ അപ്പലറ്റ് ട്രിബ്യൂണലിൽ ഫയൽ ചെയ്തിരുന്ന കേവിയേറ്റ് (Caveat) ഹർജിയുടെ നോട്ടീസ് എനിക്ക് കിട്ടിയിരുന്നു. തങ്ങളുടെ പക്ഷം കേൾക്കാതെ അപ്പീലിന്മേൽ തീർപ്പുണ്ടാകരുതെന്നുള്ള മുന്നറിയിപ്പ് ഹർജിയാണ് 'കേവിയേറ്റ്'.

അപ്പോഴൊന്നും എനിക്ക് എണീറ്റുനില്ക്കാനോ നടക്കാനോ കഴിഞ്ഞിരുന്നില്ല. അതിനാൽ അപ്പലറ്റ് ട്രിബ്യൂണലിൽ അപ്പീൽ നല്കാൻ വക്കീലിനെ ഏർപ്പാടാക്കിയത് എന്റെ സുഹൃത്തുക്കളാണ്. ഞാൻ എന്റെ വക്കീലന്മാരെ കാണുന്നത് മാസങ്ങൾക്കുശേഷമാണ്.

എന്നോട് അനുഭാവമുള്ള ചിലർ കേസ് നടത്താൻ വേണ്ടി കുറെ പണം തന്നത് കേസിന്റെ പ്രാരംഭചെലവുകൾക്ക് ഉപകരിച്ചു. 'ശാശ്വതമായ വിജയം സത്യത്തിനു മാത്രമാണ്' എന്നു പറഞ്ഞുകൊണ്ട് തൃശ്ശൂരിലെ ഒരു റിട്ടേയേർഡ് ഹെഡ്മിസ്ട്രസ്, സൗദാമിനി ടീച്ചർ പതിനായിരം രൂപ അയച്ചുതന്നു. അതൊക്കെ വലിയ ആശ്വാസത്തിനും ആത്മവിശ്വാസത്തിനും കാരണമായി.

എന്റേതായി രണ്ടുമൂന്നു ലേഖനങ്ങൾ മാതൃഭൂമി, കലാകൗമുദി എന്നീ ആഴ്ചപ്പതിപ്പുകളിൽ വന്നിരുന്നു. അതിലൂടെ എന്റെ പക്ഷം കേട്ട ചിലർക്ക് എന്നോട് അനുഭാവമുണ്ടായി. 'വർത്തമാനം' എന്ന പേരിൽ അനിൽ നമ്പ്യാരുമായുള്ള എന്റെ ഒരു ഇന്റർവ്യൂ സൂര്യ ടി.വി. സംപ്രേഷണം ചെയ്തു. ഒപ്പം എനിക്ക് സാമ്പത്തികസഹായം നല്കാൻ പ്രേക്ഷകരോട്

അഭ്യർത്ഥിക്കുകയും ചെയ്തു. അതിന്റെയൊക്കെ ഫലമായി ചികിത്സയ്ക്കും കേസ് നടത്തിപ്പിനും തത്കാലത്തേക്ക് ആവശ്യമായ പണം കിട്ടിക്കൊണ്ടിരുന്നു.

എന്നോട് കൂടുതൽ അനുഭാവം പ്രകടിപ്പിച്ച് സഹായഹസ്തവുമായി വന്നത് ബാങ്കുജീവനക്കാരായിരുന്നു. രണ്ടാമത് സർക്കാർ ജീവനക്കാർ, മൂന്നാമത് സാധാരണക്കാർ. അധ്യാപകർ ആ പട്ടികയിൽ അവസാനക്കാരായിരുന്നുവെന്ന സത്യം എന്നെ അല്പം വ്യാകുലപ്പെടുത്താതിരുന്നില്ല.

ഹൃദയാലുക്കൾ തന്ന പണം വളരെ സൂക്ഷ്മതയോടെ വിനിയോഗിക്കണമെന്ന് ഞാൻ ഉറച്ചു. ചെലവുകൾ നിയന്ത്രിക്കാൻ അന്നന്ന് കണക്കെഴുതി സൂക്ഷിക്കുന്ന ശീലം നല്ലതാണെന്ന ഗാന്ധിജിയുടെ ഉപദേശം ഞാൻ ജീവിതത്തിൽ ആദ്യമായി പ്രയോഗത്തിൽ വരുത്തി. അടഞ്ഞുപോയ ജീവിതമാർഗ്ഗം എന്നാണ് തുറന്നുകിട്ടുന്നതെന്ന് പറയാനൊക്കില്ലല്ലോ.

മക്കൾ രണ്ടുപേരും പഠിച്ചിരുന്നത് വിദ്യാഭ്യാസ വായ്പ എടുത്തിട്ടായിരുന്നു. എന്നാൽ ആമിയുടെ കോളജ് ഫീസും മറ്റും അടയ്ക്കാൻ സുമനസ്സുകൾ തയ്യാറായി വന്നതിനാൽ അവളുടെ വിദ്യാഭ്യാസ വായ്പയുടെ ഗഡുക്കൾ നിത്യോപയോഗ ചെലവിലേക്ക് വകമാറ്റി എടുത്തു.

കൈകാലുകളുടെ ശേഷി പരമാവധി വീണ്ടെടുക്കണമെന്ന വാശിയിൽ എന്നും എറണാകുളത്തുപോയി ഫിസിയോതെറാപ്പി ചെയ്തു. ആയിരം രൂപ ടാക്സിക്കൂലിയും ഇരുനൂറ്റമ്പതുരൂപ ഫിസിയോ തെറാപ്പിയുടെ ഫീസും ദിവസേന ചെലവായി വന്നു.

കൈകാലുകളിലെ പ്ലാസ്റ്റർ വെട്ടിയതിനുശേഷം കഠിനമായി വേദന സഹിച്ച് ഇടതുകൈയുടെയും ഇടതുകാലിന്റെയും നില മെച്ചപ്പെടുത്തിക്കൊണ്ടുവന്നു. എന്നാൽ സ്പർശനശക്തിയില്ലാത്ത വലതു കൈപ്പത്തിയിലെ വിരലുകളുടെ വഴക്കം അല്പംപോലും മെച്ചപ്പെട്ടില്ല.

ആ ദിവസങ്ങളിൽ അപരിചിതരെങ്കിലും അനുഭാവമുള്ളവരുടെ ധാരാളം കത്തുകൾ കിട്ടിക്കൊണ്ടിരുന്നു. കത്തിലുള്ള ഫോൺനമ്പർ നോക്കി അവരെ വിളിച്ച് നന്ദി അറിയിക്കാറായിരുന്നു പതിവ്. ഫിസിയോ തെറാപ്പിസ്റ്റ് റേച്ചൽ മാഡത്തിന്റെ ശുഷ്കാന്തിയിൽ ഇടതുകൈയാൽ എഴുത്തുശീലിച്ച എനിക്ക് അക്ഷരങ്ങൾ വഴങ്ങുമെന്നായപ്പോൾ ആർക്കെങ്കിലും ഒരു കത്തെഴുതാനുള്ള മോഹമുദിച്ചു. അപ്പോഴാണ് പ്രൊഫ. ഒ.എൻ.വി. കുറുപ്പിന് ഭാരതത്തിലെ പരമോന്നത സാഹിത്യപുരസ്കാരമായ 'ജ്ഞാനപീഠം' കിട്ടിയ വാർത്ത വരുന്നത്. കോളജ് ക്ലാസ്സുകളിൽ അദ്ദേഹം എന്റെ അധ്യാപകനായി വർത്തിച്ചിട്ടില്ലെങ്കിലും അദ്ദേഹത്തിന്റെ പ്രസംഗങ്ങളും ക്ലാസ്സുകളും ഞാൻ കേട്ടിട്ടുണ്ട്. 1988-ൽ സ്റ്റാഫ് അക്കാഡമിക് കോളജ് തിരുവനന്തപുരത്ത് കോളജ് അധ്യാപകർക്കുവേണ്ടി നടത്തിയ ഓറിയന്റേഷൻ കോഴ്സിൽ ഞാൻ പങ്കെടുത്തിരുന്നു. കവിതയെക്കുറിച്ച് ക്ലാസ്സെടുക്കാൻ വന്നത് ഒ.എൻ.വി. സാറാണ്. അന്ന് അതിഥികളെ സ്വീകരിക്കാനും സത്കരിക്കാനുമൊക്കെയുള്ള

ചുമതല എനിക്കായിരുന്നു. അപ്പോഴാണ് സാറിനെ നേരിട്ടു പരിചയപ്പെടുന്നത്. അതിനു മുമ്പും പിമ്പും അദ്ദേഹത്തിന്റെ കവിതകൾ പഠിപ്പിക്കുമ്പോൾ അദ്ദേഹത്തിലെ കവി എന്നിൽ എത്രയോവട്ടം ആവേശിച്ചിട്ടുണ്ട്. ഏതായാലും അദ്ദേഹത്തിന് ഒരു അഭിനന്ദനക്കുറിപ്പ് ഇടതുകൈയാൽ ഞാൻ എഴുതി.

''എന്റെ ഒ.എൻ.വി. സാറിന്,

വലതുകൈപ്പത്തിക്കുള്ളിൽ സൂക്ഷിച്ചിരുന്ന അക്ഷരനിധി നഷ്ടപ്പെട്ടവന്റെ ഇടതുകൈക്കുറിപ്പാണിത്. ഉപ്പുപുരണ്ട അക്ഷരങ്ങളാൽ അഗ്നിശലഭങ്ങളായി വിരാജിച്ച അങ്ങയുടെ ഭാവന ജ്ഞാനപീഠം എത്തിയതിൽ എല്ലാ മലയാളികളോടുമൊപ്പം ഞാനും ആഹ്ലാദിക്കുന്നു. കവി ഗുരുവായ അങ്ങേയ്ക്ക് എന്റെ പ്രണാമം.''

സ്നേഹപൂർവ്വം
ടി.ജെ. ജോസഫ്

ഒപ്പിടാൻ കൈ വഴങ്ങാതിരുന്നതുകൊണ്ട് വിരലടയാളമാണ് പതിച്ചത്.

ഒരാഴ്ച കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മറുപടിക്കത്ത് ലഭിച്ചു.

''സസ്നേഹം റ്റി.ജെ. ജോസഫിന്,

വിറയ്ക്കുമിടം കയ്യാൽ സുഹൃത്തേ, താങ്കൾ നൊന്തു-
കുറിച്ചൊരഭിനന്ദനക്കത്ത് കിട്ടീ,യതിൽ
പതിഞ്ഞ വിരലടയാളം കാൺകവേ, യെന്റെ
നിറഞ്ഞ മിഴികളിൽ നിന്നിറ്റുവീണൂ കണ്ണീർ.

ഒരിക്കലെഴുതി ഞാൻ: പാപം ചെയ്യാതുള്ളൊരാൾ
കുരിശിലേറ്റപ്പെടുന്നുണ്ടെന്നുമെവിടെയോ!
ഇന്നലെയതുതാങ്കളായിരുന്നെന്നോർക്കുമ്പോൾ
എന്റെ നെഞ്ചിലുമതിൻ നൊമ്പരം പടരുന്നു.

'മാപ്പ് നല്കുക പിതാവേ!' യെന്നു പ്രാർത്ഥിച്ചാലും
മാപ്പു നല്കില്ലെന്നൊരുൾവിളികേൾക്കുന്നു ഞാൻ!
ഇവർ ചെയ്യുവതെന്തെന്നറിയാത്തോരല്ലിവർ!
ഇരയെയുയിർപ്പിക്കും കാരുണ്യമല്ലോ ദൈവം?

പീഡിതാത്മാക്കൾ വാർക്കും സങ്കടക്കടലിന്റെ
തീരത്തു നില്ക്കേ,യതിൻ ഉപ്പെന്നിലലിയുന്നു!'

സസ്നേഹം ഒ.എൻ.വി.

വേഗം സുഖമാവാൻ പ്രാർത്ഥിക്കുന്നു. മനുഷ്യസ്നേഹികളെല്ലാം നിങ്ങളുടെ കൂടെയുണ്ട് എന്ന വിശ്വാസം കരുത്തുപകരട്ടെ.''

പതിനായിരം രൂപയുടെ ചെക്കും കത്തിനോടൊപ്പം അയച്ചിരുന്നു.

എന്നാൽ മറ്റൊരു 'മനുഷ്യസ്നേഹി'യുടെ നടപടി തികച്ചും വൈരുദ്ധ്യാത്മകമായിരുന്നു.

മുംബെയിൽ സാമൂഹികപ്രവർത്തനം നടത്തുന്ന സി. ആന്റണി ലൂയിസ് എന്ന മലയാളി ഇൻഡ്യൻ എക്സ്പ്രസ് ദിനപത്രത്തിൽ വന്ന ഇ.പി. ഉണ്ണിയുടെ ലേഖനം വായിച്ച് എന്നോട് അനുഭാവം തോന്നിയിട്ട് 'മഹാരാഷ്ട്ര ലിറ്റിജന്റ്സ് അസോസിയേഷൻ' എന്ന അവരുടെ സംഘടന എനിക്ക് സൗജന്യ നിയമസഹായം ലഭ്യമാക്കാമെന്ന് അറിയിച്ചുകൊണ്ട് ഒരു കത്തെഴുതി. കത്തിനോടൊപ്പം എനിക്ക് സാമ്പത്തികാശ്വാസമായി അയ്യായിരം രൂപയുടെ ഡ്രാഫ്റ്റും ഉണ്ടായിരുന്നു. എന്റെ കൃത്യമായ അഡ്രസ്സ് അറിയാഞ്ഞതുകൊണ്ട് ആ കത്തും ഡ്രാഫ്റ്റും സുകുമാർ അഴീക്കോടിന് അയച്ചിട്ട് എന്റെ അഡ്രസ്സിൽ അയച്ചുകൊടുക്കാൻ അദ്ദേഹത്തോട് അഭ്യർത്ഥിക്കുകയും ചെയ്തു. എന്നാൽ സുകുമാർ അഴീക്കോട് തനിക്ക് അതിനൊന്നും തരപ്പെടില്ലെന്നു പറഞ്ഞ് അവർക്ക് മറുപടി എഴുതി. അതിൽ എനിക്കയച്ച കത്തും ഡ്രാഫ്റ്റും കീറിക്കളഞ്ഞതായി അറിയിക്കുകയും ചെയ്തു. ചെക്കുപോലെയുള്ളതാണ് ഡ്രാഫ്റ്റും എന്ന് ആ മഹാപണ്ഡിതൻ വിചാരിച്ചുകാണും.

ഇക്കഥയെല്ലാം വിവരിച്ചുകൊണ്ടുള്ള ആന്റണി ലൂയിസിന്റെ കത്തും സാമാന്യമനുഷ്യന്റെ മാന്യത പുലർത്താതിരുന്നതിൽ പരിഭവം അറിയിച്ച് ആന്റണി ലൂയിസ് സുകുമാർ അഴീക്കോടിന് അയച്ച കത്തിന്റെ കോപ്പിയും എനിക്ക് പിന്നീട് അയച്ചുകിട്ടി.

സി.പി.എം. സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ, മന്ത്രിമാരായ കോടിയേരി ബാലകൃഷ്ണൻ, കടന്നപ്പള്ളി രാമചന്ദ്രൻ എന്നിവരൊക്കെ ആയിടെ വീട്ടിൽ വന്ന് എന്നെ സന്ദർശിച്ചു.

കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ ചെയർമാൻ ഉഴവൂർ വിജയൻ എന്നെ സന്ദർശിച്ചതിനുശേഷം കോതമംഗലം ബിഷപ് ഹൗസിൽ പോയി മാനേജർ മോൺസിഞ്ഞോർ തോമസ് മലേക്കുടിയെ കണ്ട് ഇപ്രകാരം ചോദിച്ചുവത്രെ:

''വികലാംഗരായവർക്ക് ഉപജീവനത്തിനായി തൊഴിലവസരങ്ങളിൽ സംവരണം നല്കി അവരുടെ പുനരധിവാസം ഉറപ്പുവരുത്താൻ നമ്മൾ ബാധ്യസ്ഥരാണെന്നിരിക്കേ, തിന്മയുടെ ശക്തികൾ വികലാംഗനാക്കിയ ഒരാളെ നിലവിലുണ്ടായിരുന്ന തൊഴിലിൽനിന്ന് നീക്കം ചെയ്തത് ധാർമ്മികമാണോ?''

അതു വല്ലതും അവിടെ ഏശുമോ? കൊക്കെത്ര കുളം കണ്ടിരിക്കുന്നു!

കൈവെട്ടുകേസും പിരിച്ചുവിടൽ വിവാദവും വാർത്താമാധ്യമങ്ങളിൽ വന്നുകൊണ്ടിരിക്കുമ്പോൾ ആലുവ എസ്.സി.എം.എസ്. കോളജിൽ എം.ബി.എ.യ്ക്ക് പഠിച്ചുകൊണ്ടിരുന്ന മിഥുൻ എന്റെ മകനാണെന്ന കാര്യം അവിടെ ചുരുക്കം ചില അധ്യാപകർക്കും രണ്ടുമൂന്നു സഹപാഠികൾക്കും മാത്രമേ അറിവുണ്ടായിരുന്നുള്ളൂ.

അക്കാലത്ത് അവിടെ പുതുതായി വന്ന ഒരു അധ്യാപകൻ ആദ്യദിവസം ക്ലാസ്സിലെ കുട്ടികളോട് പേരും നാടും മറ്റും ചോദിച്ച് പരിചയപ്പെട്ടു. മൂവാറ്റുപുഴക്കാരനാണെന്നും മുമ്പു പഠിച്ചിരുന്നത് വാഴക്കുളം വിശ്വജ്യോതി എൻജിനീയറിങ് കോളജിലായിരുന്നെന്നും മറ്റും മിഥുൻ പറഞ്ഞപ്പോൾ ആ അധ്യാപകൻ അവനോട് പറഞ്ഞു:

''ആ കോളജിന്റെ മാനേജർ ഫാ. തോമസ് മലേക്കുടി എന്റെ അങ്കിളാണ്. ന്യൂമാൻ കോളജിലെ ഒരു സാറിനെ പിരിച്ചുവിട്ടതിന്റെ പേരിൽ ഇപ്പോൾ വളരെ പ്രസിദ്ധനായിരിക്കുകയാണ്.''

അങ്കിളിന്റെ ലോകപ്രസിദ്ധിക്കു കാരണഭൂതനായ സാറിന്റെ മകനാണ് താൻ എന്നു പറയാനൊന്നും മിഥുൻ ഒരുമ്പെട്ടില്ല. ആ മുഹൂർത്തത്തിന്റെ നാടകീയത (conflict) അറിയാമായിരുന്ന ഒരു സഹപാഠി ആ അധ്യാപകനോട് മറ്റെന്തോ ചോദിച്ച് ഉടനെ വിഷയം മാറ്റിവിട്ടു.

എന്നാൽ പിന്നീട് കാര്യങ്ങൾ മനസ്സിലാക്കിയ ആ അധ്യാപകൻ മിഥുനോട് സോറി പറയുകയും അവനെ ആശ്വസിപ്പിക്കുകയും ചെയ്തു.

എറണാകുളത്തുപോയി ഫിസിയോതെറാപ്പി കഴിഞ്ഞ് മടങ്ങിവരും വഴി കാക്കനാട്ടു ഭാഗത്തുള്ള ഒരു കടയിൽനിന്ന് പലപ്പോഴും മീൻ വാങ്ങിയിരുന്നു. അരക്കിലോ പറഞ്ഞാൽ അവർ ചിലപ്പോൾ ഒരു കിലോ മീൻ തരും. എന്നിട്ട് അരക്കിലോയുടെ കാശു മാത്രമേ വാങ്ങുകയുള്ളൂ. ഒരുദിവസം രണ്ടുതരം മീനിന്റെ വില ചോദിച്ചിട്ട് അതിൽ ഒന്ന് അരക്കിലോ തരാൻ പറഞ്ഞു. അവർ രണ്ടും അരക്കിലോ വീതം തന്നു. ഞാൻ വേണ്ടെന്നു പറഞ്ഞിട്ടും അവർ നിർബന്ധപൂർവ്വം തന്നു. എന്നിട്ട് ഞാൻ ആവശ്യപ്പെട്ട മീനിന്റെ വില മാത്രം എടുത്തു.

അവരുടെ മതമോ ജാതിയോ എനിക്ക് അറിഞ്ഞുകൂടാ.

മൂവാറ്റുപുഴയിലെ വീട്ടിൽ ഞങ്ങൾ താമസമാക്കിയ കാലം മുതൽ ആ വഴി രാവിലെ മീനുമായി വന്നിരുന്നത് മുസ്‌ലിം സമുദായത്തിൽപെട്ട ആളാണ്. അരക്കിലോ മീൻ വാങ്ങിയാൽ കൃത്യമായിരുന്നു അയാളുടെ തൂക്കം. എന്നാൽ ഇപ്പോൾ അങ്ങനെയല്ല. അരക്കിലോ തൂക്കിയാൽ മുക്കാൽകിലോ ഒക്കെ ഉണ്ടാകും.

വീടിനടുത്ത് അടൂപ്പറമ്പ് എന്ന സ്ഥലത്തുനിന്നും നാലുമണി സമയങ്ങളിൽ ഞാൻ മീൻ വാങ്ങാറുണ്ടായിരുന്നു. ഞാൻ എണീക്കാൻ വയ്യാതെ കിടന്ന

കാലത്ത് മകനോ മരുമകനോ അവിടെനിന്ന് മീൻ വാങ്ങിയാൽ മീൻകാരൻ കാശു വാങ്ങില്ല. അതൊക്കെ സാറിനോട് വാങ്ങിച്ചോളാമെന്നും പറഞ്ഞ് അവരെ അയക്കും. ഞാൻ പിന്നീട് നേരിട്ട് ചെന്ന് മീൻ വാങ്ങിയിട്ടും അയാൾ കാശുവാങ്ങാൻ കൂട്ടാക്കിയില്ല. സാറ് നടന്നുവന്ന് മീൻ വാങ്ങുമ്പോൾ കാശുമതി എന്നായിരുന്നു അയാളുടെ നിലപാട്. കാശുവാങ്ങിയില്ലെങ്കിൽ ഇനി മീൻ വാങ്ങാനായി വരില്ലെന്നു ഭീഷണിപ്പെടുത്തിയപ്പോഴാണ് അയാൾ മനസ്സില്ലാമനസ്സോടെ വാങ്ങിയത്. അയാളും മുസ്‌ലിം സമുദായാംഗമായിരുന്നു.

ഉന്നതശ്രേണിക്കാരല്ലാത്ത സാംസ്കാരിക പ്രവർത്തകരും എഴുത്തുകാരും എന്നെ കാണാൻ വന്നു. അവർ ധാരാളം പുസ്തകങ്ങൾ എനിക്കു സമ്മാനമായി തന്നു. ഒരു പണിയുമില്ലാതെ ഇരിക്കുവല്ലേ, വായിച്ച് വളരട്ടെ എന്ന് ആ സ്നേഹിതർ വിചാരിച്ചുകാണും.

എനിക്ക് എണീറ്റു നടക്കാമെന്നായതോടെ ഇടതുപക്ഷ അധ്യാപക സംഘടനകൾ തിരുവനന്തപുരത്ത് സംഘടിപ്പിച്ച ജനകീയ കൺവെൻഷനിലേക്ക് എന്നെ ക്ഷണിച്ചു. 2010 നവംബർ 16-ന് വി.ജെ.ടി. ഹാളിലായിരുന്നു സമ്മേളനം.

സമ്മേളനം ഉദ്ഘാടനം ചെയ്യാനെത്തിയ പിണറായി വിജയനാണ് വേദിയിലേക്ക് എന്നെ കൈപിടിച്ചു സ്വീകരിച്ചത്. അപ്പോൾ നൂറുകണക്കിനാളുകൾ എനിക്ക് മുദ്രാവാക്യം വിളിച്ചത് അപൂർവ്വാനുഭവമായി. കേരളം മുഴുവൻ എന്നോടൊപ്പമുണ്ടെന്ന് ഉദ്ഘാടനപ്രസംഗത്തിൽ പിണറായി വിജയൻ പറഞ്ഞു. എന്നെ ആക്രമിച്ച് കൈവെട്ടിമാറ്റിയ തീവ്രവാദികളായ പോപ്പുലർ ഫ്രണ്ടിനും എന്നെ പുറത്താക്കിയ കോളജിന്റെ ഉടമസ്ഥരായ സഭയ്ക്കും ഒരേ സ്വരമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

അനുഭാവംകൊണ്ടും പ്രാർത്ഥനകൊണ്ടും മറ്റു സഹായങ്ങൾ കൊണ്ടും കരുത്തുപകരുന്ന എല്ലാവർക്കും നന്ദിപറയാനാണ് ആ അവസരം ഞാൻ പ്രയോജനപ്പെടുത്തിയത്.

പന്ന്യൻ രവീന്ദ്രൻ, പ്രൊഫ. നൈനാൻ കോശി, പ്രൊഫ. പുതുശ്ശേരി രാമചന്ദ്രൻ, കെ.ഇ.എൻ. കുഞ്ഞഹമ്മദ്, അലോഷ്യസ് ഡി. ഫെർണാണ്ടസ്, തുടങ്ങിയ ജനനേതാക്കളും സാംസ്കാരിക പ്രവർത്തകരുമായ ധാരാള മാളുകൾ എനിക്ക് ഹാരാർപ്പണം നടത്തി; പൊന്നാടയണിയിച്ചു. ഷാളുകൾ പുതപ്പിച്ചു, പുസ്തകങ്ങൾ സമ്മാനമായി തന്നു.

സ്നേഹാദരങ്ങളാൽ പകച്ചുപോയ ഞാൻ വീട്ടിലെത്തിയതിനുശേഷമാണ് നോർമൽ ആയത്.

എറണാകുളത്ത് ഫിസിയോതെറാപ്പിക്കു പോയിവരാൻ ദിവസവും ടാക്സിക്കൂലിയായി ആയിരം രൂപ ചെലവാകുന്നത് എന്നിൽ ആശങ്കയുളവാക്കിയിരുന്നു. രണ്ടുവർഷത്തോളം ഫിസിയോതെറാപ്പി വേണ്ടി വന്നേക്കുമെന്നാണ് ഡോക്ടർ പറഞ്ഞിരിക്കുന്നത്. ഇങ്ങനെപോയാൽ അപ്പോഴേക്കും നിർദ്ധനനാകുമെന്ന് തിരിച്ചറിഞ്ഞ ഞാൻ എന്റെ വാഗൺ ആർ

കാറിന്റെ ഡ്രൈവിങ് സീറ്റിൽ ഒരു ദിവസം കയറിയിരുന്നു. ഇടതു കാൽകൊണ്ട് ക്ലച്ച് പെഡൽ അമർത്തിനോക്കി. കാലു വേദനിച്ചിട്ടാണെങ്കിലും ക്ലച്ച് പെഡൽ താഴ്ന്നുകിട്ടി. അല്പാല്പം ചലിപ്പിക്കാറായ ഇടതുകൈയിലെ മൂന്നു വിരലുകൾ ഉപയോഗിച്ച് ഗിയർ തട്ടിയിട്ടു. ബ്രേക്ക് ആണല്ലോ ഝടിതിയിൽ ചവിട്ടേണ്ടുന്നത്. അതിനുവേണ്ട വലതുകാലിന് കുഴപ്പമില്ല. ഞാൻ വണ്ടി സ്റ്റാർട്ടാക്കി സാവധാനമെടുത്ത് അയൽക്കാരൻ എം.സി. ജോസഫ് സാറിന്റെ ഗേറ്റുവരെ പോയി തിരിച്ചുവന്നു. അതോടെ ആത്മവിശ്വാസമായി. പിറ്റേന്ന് മിഥുനെയുംകൂട്ടി ഞാൻ ഏഴുകിലോമീറ്റർ ദൂരെ വാഴക്കുളം ടൗൺവരെ ഹൈവേയിലൂടെ ഓടിച്ചുപോയി തിരിച്ചുവന്നു. പിന്നീടെന്നും എറണാകുളത്തിനു പോകുന്നത് ഞാൻ സ്വയം കാറോടിച്ചായിരുന്നു.

തൊടുപുഴയുടെ പ്രാന്തപ്രദേശമായ കലയന്താനിയിൽ ഒരു ശവസംസ്കാരച്ചടങ്ങിന് ആയിടെ ഞാൻ പോയി. നിർമ്മല കോളജിൽ എന്റെ സഹപ്രവർത്തകനായിരുന്ന പ്രൊഫ. ടി.എ. ജോയിയും എന്റെ ഗാർഡ് ആയി വന്ന പോലീസ് ഓഫീസറും എന്നോടൊപ്പം ഉണ്ടായിരുന്നു. പള്ളിയിലെ ശവസംസ്കാര ശുശ്രൂഷകളൊക്കെ കഴിഞ്ഞ് ഞങ്ങൾ മടങ്ങുമ്പോൾ ബസ്സ്റ്റോപ്പിൽ പരിചയക്കാരായ രണ്ടു കന്യാസ്ത്രീകൾ ബസ്സ് കാത്തുനില്ക്കുന്നതു കണ്ടു. അവരിലൊരാൾ മൂവാറ്റുപുഴ നിർമ്മല കോളജിൽനിന്ന് റിട്ടയർ ചെയ്ത ഒരു മലയാളം പ്രൊഫസറായിരുന്നു. മറ്റേ ആൾ മൂവാറ്റുപുഴയ്ക്കു സമീപമുള്ള ഒരു ഹൈസ്കൂളിലെ ടീച്ചറുമാണ്. ഞങ്ങളുടെ കാറിൽ രണ്ടുപേർക്കുകൂടി യാത്രചെയ്യാൻ ഇടമുള്ളതുകൊണ്ട് കാറോടിച്ചിരുന്ന ഞാൻ ''വരുന്നോ?'' എന്ന് അവരോട് ചോദിച്ചു. എന്നാൽ അവർ തമ്മിൽത്തമ്മിൽ നോക്കിയതല്ലാതെ ഒന്നും മിണ്ടിയില്ല. ഏതാനും നിമിഷങ്ങൾ കഴിഞ്ഞ് എന്തോ ചിന്തിച്ചുറച്ചമാതിരി രണ്ടാളും കാറിൽ കയറി.

കാറിന്റെ പിൻസീറ്റിൽ ഇരുന്നിരുന്ന അവർ രണ്ടാളും സ്റ്റിയറിങ് പിടിച്ചിരുന്ന എന്റെ തുന്നിപ്പിടിപ്പിച്ച വലതുകൈയിലേക്കും മുറിവേറ്റു വികലമായ ഇടതുകൈപ്പത്തിയിലേക്കും സാകൂതം നോക്കിയിരുന്നു. മൂവാറ്റുപുഴ അടുക്കാറായപ്പോൾ ഞാനവരോട് ചോദിച്ചു:

''നിങ്ങൾ വണ്ടിയിൽ കയറാൻ മടിച്ചതെന്തിനാണ്? കലയന്താനി വരെ ഏതായാലും ഓടിച്ചുവന്നതല്ലേ, തിരിച്ചും അതുപോലെ ഓടിക്കുമെന്ന് വിചാരിക്കരുതോ?''

''അങ്ങനെ വിചാരിച്ചിട്ടാണ് കയറാൻ ധൈര്യപ്പെട്ടത്.''

സ്കൂൾ അധ്യാപികയായ കന്യാസ്ത്രീ നിഷ്കളങ്കമായി പറഞ്ഞു.

അങ്ങനെ പലപ്പോഴും ഞാൻ ലിഫ്റ്റ് ഓഫർ ചെയ്യുമ്പോൾ ചിലർ ഇല്ലാത്തകാരണം പറഞ്ഞ് ഒഴിവായി, ചിലർ മടിച്ചുമടിച്ച് കയറി.

ഇതിനിടെ എന്റെ ഡ്രൈവിങ് ലൈസൻസിന്റെ കാലാവധി കഴിഞ്ഞു. ലൈസൻസ് പുതുക്കാനായി ഞാൻ ഒരു ഓട്ടോകൺസൾട്ടന്റിനെ

ചുമതലപ്പെടുത്തി. എന്നാൽ ഡോക്ടറിന്റെ അടുക്കൽ എന്റെ ഫോട്ടോപതിച്ച അപേക്ഷ സർട്ടിഫൈ ചെയ്യാനായി കൺസൾട്ടന്റ് കൊണ്ടുചെന്നപ്പോൾ ആളിനെ തിരിച്ചറിഞ്ഞ ഡോക്ടർ സർട്ടിഫിക്കറ്റ് തരാൻ വിസമ്മതിച്ചു.

കൺസൾട്ടന്റിന്റെ പക്കൽനിന്ന് തിരിച്ചുവാങ്ങിയ അപേക്ഷയുമായി നേത്രരോഗവിദഗ്ധനായ ആ ഡോക്ടറെത്തന്നെ ഞാൻ സമീപിച്ചു. അദ്ദേഹം കണ്ണും കണ്ണടയുമൊക്കെ പരിശോധിച്ചിട്ട് കണ്ണിനു കുഴപ്പമില്ലെന്ന് വിധിച്ചു. ശാരീരിക ക്ഷമതയുടെ കാര്യത്തിൽ എന്റെ വലതുകൈയ്ക്ക് അപകടം പറ്റിയിട്ടുണ്ടെന്നും എന്നാൽ കൈ ചലിപ്പിക്കാൻ സാധിക്കുമെന്നും രേഖപ്പെടുത്തി. അതുമായി ഞാൻ ആർ.ടി.ഒയെ നേരിട്ടുകണ്ടു. അദ്ദേഹം എന്നെ ഒരു വെഹിക്കിൾ ഇൻസ്പെക്ടറുടെ അടുത്തേക്ക് വിട്ടു. വെഹിക്കിൾ ഇൻസ്പെക്ടർ മുസ്ലിം സമുദായത്തിൽപെട്ട ഒരു തൊടുപുഴക്കാരനായിരുന്നു. ഒരു മണിക്കൂർ അദ്ദേഹവുമായി സൗഹൃദസംഭാഷണം നടത്തി. അദ്ദേഹം ചോദിച്ചതനുസരിച്ച് ചോദ്യപേപ്പർ വിവാദത്തിന്റെ പൊരുൾ വിവരിച്ചുകൊടുത്തു. അവസാനം അദ്ദേഹം ചോദിച്ചു.

'കാറോടിച്ചാണോ ഇങ്ങോട്ടു വന്നത്?'

'അതെ.' ഞാൻ പറഞ്ഞു.

'എങ്കിൽ ഒന്നു ഓടിച്ചുകാണിച്ചേരെ.'

മൂവാറ്റുപുഴ സിവിൽ സ്റ്റേഷന്റെ മുറ്റത്ത് അദ്ദേഹം പറഞ്ഞതുപോലെയൊക്കെ ഞാൻ ഓടിച്ചു കാണിച്ചു. അങ്ങനെ ബോധ്യപ്പെട്ടതിനുശേഷമാണ് എനിക്ക് ലൈസൻസ് പുതുക്കിക്കിട്ടിയത്. അങ്ങനെ കിട്ടുന്നതുതന്നെയാണ് അഭിമാനകരം... അല്ലേ?

തൊടുപുഴയ്ക്കുസമീപം മൈലക്കൊമ്പ് എന്ന സ്ഥലത്തുള്ള മദർ ആൻഡ് ചൈൽഡ് ഫൗണ്ടേഷൻ എന്ന സ്ഥാപനത്തിൽ ഞാൻ ഏതാനും നാളുകൾ ട്യൂഷനെടുക്കാൻ പോയി. അനാഥരോ ആലംബഹീനരോ ആയിരുന്നു അവിടുത്തെ അന്തേവാസികളായ കുട്ടികൾ. ഹൈസ്കൂളിലെയും പ്ലസ്ടുവിലെയും കുട്ടികൾക്കാണ് ഞാൻ ട്യൂഷൻ എടുത്തിരുന്നത്. ന്യൂമാൻ കോളജിലെ ഫിസിക്സ് വിഭാഗം അധ്യാപകൻ ഡോ.എസ്. ശങ്കരരാമനും അക്കാലത്ത് അവിടെ ട്യൂഷൻ എടുക്കാൻ വരുമായിരുന്നു.

ഒരേ ക്ലാസ്സിൽ പഠിക്കുന്നവരായി എട്ടുപത്ത് കുട്ടികളെങ്കിലും ഉണ്ടാകും. പഠനസമയത്ത് ഓരോ ക്ലാസ്സുകാരും ഓരോ മുറിയിലാണ് ഇരിക്കുന്നത്. ഞാൻ ആദ്യം ചെന്ന ദിവസം ഓരോ ക്ലാസ്സുകാരുടെ മുറിയും കൊണ്ടുനടന്ന് കാണിച്ചുതന്നത് 'അഫ്രീദ്' എന്നു പേരുള്ള അന്യസംസ്ഥാനക്കാരനായ ഒരു പയ്യനാണ്. അവന് ഏഴോ എട്ടോ വയസ്സേ കാണൂ. മലയാളം അവൻ പഠിച്ചുവരുന്നതേ ഉണ്ടായിരുന്നുള്ളൂ. ഓരോ ക്ലാസ്സിലെയും കുട്ടികളെ പരിചയപ്പെട്ടുകഴിയുമ്പോൾ അഫ്രീദ് പറയും.

'നമുക്കു പോകാടാ.'

എന്നോടൊപ്പം ഗാർഡായി വന്നുകൊണ്ടിരുന്ന പോലീസുകാരിൽ ചിലരും കുട്ടികൾക്ക് ട്യൂഷൻ എടുത്തിരുന്നു.

രാത്രി സമയത്തായിരുന്നു ട്യൂഷൻ. പതിവുസമയത്തുള്ള രാത്രിയാത്ര അത്ര നല്ലതല്ലെന്ന് ഒരു പോലീസ് ഓഫീസർ ഒരിക്കൽ അഭിപ്രായപ്പെട്ടു. എന്നാൽ അതുകൊണ്ടല്ല ആ പരിപാടി അവസാനിപ്പിച്ചത്. ഒരു ദിവസം തൊടുപുഴയ്ക്കുപോയി വരാൻ 150 രൂപ പെട്രോൾ ഇനത്തിൽ ചെലവാകും. എന്റെ ഖജനാവ് കാലിയായി വരുന്നതിനാലാണ് ആ ചെലവ് വേണ്ടെ ന്നുവെച്ചത്.

മദർ ആന്റ് ചൈൽഡ് ഫൗണ്ടേഷന്റെ ഓഫീസ് മേശയിൽ ചില്ലിനടിയിൽ വെച്ചിരുന്ന ഒരു ചിത്രം എന്നെ ഹഠാദാകർഷിച്ചു. ഒരു കൊക്ക് ഒരു തവളയെ വിഴുങ്ങുകയാണ്. തവളയുടെ തല കൊക്കിന്റെ വായിലായിക്കഴിഞ്ഞു. തവളയാകട്ടെ, തന്റെ പിൻകാലുകൾകൊണ്ട് അന്തരീക്ഷത്തിൽ തുഴഞ്ഞ് കൈകൾകൊണ്ട് കൊക്കിന്റെ കഴുത്തിൽ പിടിമുറുക്കിയിരിക്കുകയാണ്.

DON’T EVER GIVE UP (ഒരിക്കലും വിട്ടുകൊടുക്കരുത്) എന്നാണ് ചിത്രത്തിന്റെ അടിക്കുറിപ്പ്.

ആ ചിത്രം ഇന്റർനെറ്റിൽനിന്ന് ഡൗൺലോഡ് ചെയ്ത് പ്രിന്റെടുത്തതാണെന്ന് ആ സ്ഥാപനത്തിന്റെ സാരഥിയായ ജോഷി മാത്യു എന്നോടു പറഞ്ഞു. ഞാനും അത് എന്റെ ആത്മാവിലേക്ക് ഡൗൺലോഡ് ചെയ്തു. എന്നിട്ട് കോറിയിട്ടു: Don’t Ever Give Up.

2011 മാർച്ച് 23-ന് സ്പെഷ്യലിസ്റ്റ്സ് ഹോസ്പിറ്റലിൽ ഞാൻ വീണ്ടും ശസ്ത്രക്രിയയ്ക്കു വിധേയനായി. എട്ടുമാസത്തെ ഫിസിയോതെറാപ്പികൊണ്ട് ഉദ്ദേശിച്ച ഫലമുണ്ടാകാതിരുന്നതിനാലാണ്. തുടയിൽനിന്ന് മാംസമെടുത്ത് വെച്ചുപിടിപ്പിച്ച വലതുകൈത്തണ്ട വീണ്ടും നെടുനീളെ കീറിയായിരുന്നു ശസ്ത്രക്രിയ. അതോടൊപ്പം ഇനിയും മടങ്ങാൻ വഴങ്ങാതിരുന്ന ഇടതുകൈയിലെ രണ്ടുവിരൽ മുട്ടുകളിലും ശസ്ത്രക്രിയ നടത്തി. ആ മൈക്രോവാസ്കുലർ സർജറിയും പൂർത്തിയാക്കാൻ ആറുമണിക്കൂർ സമയമെടുത്തു.

ഫിസിയോതെറാപ്പി വീണ്ടും മുറപോലെ നടത്തി. എന്നാൽ പണനഷ്ടവും വേദനയും അധികരിച്ചതല്ലാതെ കൈകളുടെ പ്രവർത്തനക്ഷമത കാര്യമായി മെച്ചപ്പെട്ടില്ല.

ഒരു വർഷമായപ്പോൾ ദിവസേനയുള്ള ഫിസിയോതെറാപ്പി അവസാനിപ്പിച്ച് ഒന്നിടവിട്ട ദിവസങ്ങളിലാക്കി. സാമ്പത്തികമാന്ദ്യത അനുഭവപ്പെട്ടു തുടങ്ങിയതിനാൽ ഞാൻതന്നെയാണ് അങ്ങനെയൊരു തീരുമാനത്തിലെത്തിയത്.

അടുത്തവർഷം ഒരു ശസ്ത്രക്രിയയ്ക്കുകൂടി ഞാൻ വിധേയനായി. ഒന്നെന്നു പറഞ്ഞാൽ ശരിയാവില്ല. ഇടതുകാലിലെ ഒരു കമ്പി നീക്കം ചെയ്തു.

അതുപോലെ ഒന്ന് വലതുകൈത്തണ്ടയിൽനിന്നും എടുത്തുമാറ്റി. ഇടതുവലതു കൈവിരലുകൾ മടക്കിവെച്ചിട്ട് ആറ് ആണികൾ തറച്ചുവെച്ചു. ഹെർണിയ രോഗത്തിന്റെ താക്കോൽദ്വാര ശസ്ത്രക്രിയയും അതോടൊപ്പം നടത്തി.

രണ്ടാഴ്ച കഴിഞ്ഞ് ആണികളൊക്കെ ഊരിക്കളഞ്ഞ് കൈകൾക്ക് ഫിസിയോതെറാപ്പി മുറപോലെ തുടർന്നു. എന്നിട്ടും ഇടതുകൈയിലെ രണ്ടു വിരലുകൾക്ക് മാറ്റമൊന്നും വന്നില്ല. വലതുകൈ വിരലുകളും തഥൈവ. ഒരു ബക്കറ്റിലെ വെള്ളമൊക്കെ നമ്മൾ തൂക്കിയെടുക്കുമ്പോൾ വിരലുകൾ എങ്ങനെയിരിക്കുമോ അങ്ങനെയൊക്കെയേ ഞങ്ങൾക്കാവുകയുള്ളൂ എന്ന നിലപാടിലായിരുന്നു വലതുകൈയിലെ വിരലുകളെല്ലാം.

എന്നാൽ Don't ever giveup എന്നാണല്ലോ നമ്മുടെ നിലപാട്. ശസ്ത്രക്രിയ വേണമെങ്കിൽ വീണ്ടും ആകാമെന്ന് ഞാൻ ഡോക്ടറോടു പറഞ്ഞു. എന്നാൽ അവർ അതിന് ഉത്സാഹം കാണിച്ചില്ല.

സാധാരണമായ ഒരു കൈയിലെ ഞരമ്പുകളും നാഡികളുമൊക്കെ എവിടെയാണെന്ന് ഡോക്ടർമാർക്ക് നന്നായി അറിയാം. എന്നാൽ ബഹുവിധ ശസ്ത്രക്രിയകൾക്ക് വിധേയമായ എന്റെ കൈകളിലെ നാഡികളൊക്കെ മാറിമറിഞ്ഞായിരിക്കും ഇപ്പോഴുണ്ടാവുക. അബദ്ധത്തിലെങ്ങാനും അതിലൊന്നു മുറിഞ്ഞാൽ കൈയുടെ ചലനശേഷി ഉള്ളതു കൂടി പോയെന്നു വരാം. അതിനാലാണ് ഡോക്ടർമാർക്ക് ഒരു ധൈര്യക്കുറവ്.

ഉള്ളതുപോകാൻ പാടില്ല. ഞാനും വിചാരിച്ചു.

അമേരിക്കയിലുള്ള ഒരു ഹോസ്പിറ്റലിന്റെ അഡ്രസ്സ് ഡോക്ടർ ജയകുമാർ എനിക്കുതന്നു.

''CHRISTINE KLEINERT HAND INSTITUTE
LOUISVILLE, U.S.A.'' എന്നിട്ട് പറഞ്ഞു.

''അവിടെപോയി ചികിത്സിച്ചാൽ വലതുകൈ ചിലപ്പോൾ മെച്ചപ്പെട്ടേക്കും.''

എറണാകുളത്തുവന്ന് ഫിസിയോതെറാപ്പി നടത്താൻ ബദ്ധപ്പെടുമ്പോഴാണ് അമേരിക്കയിൽ പോയി ചികിത്സിക്കുന്നത്. Don't ever give up എന്ന മുദ്രാവാക്യം ഞാൻ തിരുത്തിയെഴുതി. ''ഒള്ളതുമതി.''

വാര്യാനിക്കാട്ടുള്ള തറവാട്ടുവീട്ടിൽ താമസിക്കാനും പറമ്പിലെ ആദായമെടുക്കാനും ഉള്ള അവകാശം അമ്മയ്ക്കുണ്ടായിരുന്നു. പറമ്പിൽ റബ്ബർമരങ്ങളാണുള്ളത്. പകുതിഭാഗത്തെ മരങ്ങൾ ഞാൻ തന്നെ കുഴികുത്തി നട്ടതാണ്. അത് റീപ്ലാന്റ് ചെയ്യാറായിട്ടുണ്ട്. കുറെ മരങ്ങൾ ചെറുപ്പമാണ്. പക്ഷേ, ടാപ്പിങ്ങിന് ആളെ കിട്ടാത്തതിനാൽ പറമ്പാകെ കാടുപിടിച്ച് കിടപ്പാണ്.

അവിടെപ്പോയി താമസിച്ച് റബ്ബർ ടാപ്പുചെയ്താലോ എന്ന് ഞാൻ ആലോചിച്ചു. ടാപ്പ് ചെയ്യുമ്പോൾ ഇടതുകൈയുടെ പിടിത്തം ടാപ്പിങ്ങു കത്തിയുടെ ലോഹഭാഗത്തും വലതുകൈയുടേത് അതിന്റെ പിടിയിലുമാണ്. വലതുകൈകൊണ്ട് തള്ളിവിടുന്ന ടാപ്പിങ് കത്തിയെ കൃത്യമായി നിയന്ത്രിച്ചു

മുന്നോട്ടു കൊണ്ടുപോകുന്നത് ഇടതുകൈയാണ്. ഞാൻ ടാപ്പിങ് കത്തി എടുത്തു നോക്കി. ഇടതുകൈയിലെ മൂന്നു വിരലുകൾ പ്രവർത്തനക്ഷമമാണ്. അതുമതി ഇടതുകൈയുടെ ധർമ്മം നിറവേറ്റാൻ. പക്ഷേ, മടങ്ങാത്ത വലതുകൈപ്പത്തികൊണ്ട് ടാപ്പിങ് കത്തിയുടെ പിടിയിൽ പിടിക്കാനേ സാധിക്കുന്നില്ല. മുറുകെപ്പിടിച്ചിട്ടുവേണ്ടേ മുന്നോട്ടു തള്ളാൻ.

എന്തിനും ഒരു പോംവഴി ഉണ്ടാകുമല്ലോ. അര അടി നീളമുള്ള ഒരു പി.വി.സി. പൈപ്പ് ടാപ്പിങ് കത്തിയുടെ പിൻഭാഗത്ത് ഞാൻ തള്ളിക്കയറ്റി. അതിൽ ഒരു എൽബോ വെച്ച് അരയടി നീളത്തിൽ മറ്റൊരു പൈപ്പ് മുകളിലേക്കും ഫിറ്റുചെയ്തു. ഇടതുകൈപ്പത്തിയുടെ മുൻവശത്തെ ലോഹഭാഗത്തു പിടിച്ചുകൊണ്ട് പിടിയുടെ പിന്നിൽ മുകളിലോട്ടു നില്ക്കുന്ന പൈപ്പ് വലതുകൈയിലെ പെരുവിരലിനും ചൂണ്ടുവിരലിനും ഇടയിൽ വെച്ചിട്ട് വലതുകൈ മുന്നോട്ടു തള്ളിനോക്കി. വേണ്ടിവന്നാൽ എനിക്കും റബ്ബർ ടാപ്പിങ് പറ്റുമെന്ന് അങ്ങനെ ഞാൻ മനസ്സിലാക്കി.

അടുത്തദിവസംതന്നെ പാരമ്പര്യതൊഴിലിൽ പുനഃപ്രവേശിക്കാനായി ഞങ്ങൾ വാര്യാനിക്കാട്ടേക്ക് പുറപ്പെട്ടു. ഭാര്യ, അമ്മ, ചേച്ചി എന്നിവരും ഒപ്പമുണ്ടായിരുന്നു. ചേച്ചിയുടെ സഭാധികാരികൾ ചേച്ചിക്ക് ലീവ് ഒരു വർഷത്തേക്ക് നീട്ടിക്കൊടുത്തിരുന്നു.

മൂവാറ്റുപുഴയിൽ കാവൽക്കാരായിരുന്ന പോലീസുകാർ ഞങ്ങളെ അവിടെക്കൊണ്ടുചെന്നാക്കിയിട്ട് തിരിച്ചുപോന്നു. തിടനാട് പോലീസ് സ്റ്റേഷന്റെ അധികാരപരിധിയിലായിരുന്നു ഞങ്ങളുടെ വീട്. അതിനാൽ ആ സ്റ്റേഷനിൽനിന്ന് രണ്ടുപോലീസുകാർ എനിക്ക് ഗാർഡായി ഞങ്ങളോടൊപ്പം വീട്ടിൽ വന്നു താമസിച്ചു. ഭാര്യ സലോമി വീടുവൃത്തിയാക്കുകയും ഭക്ഷണമുണ്ടാക്കുകയും ചെയ്തു. ഞാനും ചേച്ചിയും റബ്ബർമരങ്ങളുടെ ചുവട്ടിലേക്ക് വഴിയുണ്ടാക്കാൻ കാടുവെട്ടിത്തെളിച്ചു. ഇടതുകൈയിലെ രണ്ടുവിരലുകൾ വേണ്ടത്ര മുറുകാതിരുന്നതിനാൽ ഇടതുകൈകൊണ്ട് കാടുവെട്ടുന്ന എന്റെ കൈയിൽനിന്ന് വാക്കത്തി പലപ്പോഴും വഴുതിവീണു.

ഞാൻ വിചാരിച്ചതുപോലെതന്നെ എനിക്ക് ടാപ്പിങ് നടത്താൻ പറ്റി. റബ്ബർപാൽ മരത്തിൽനിന്ന് പാത്രത്തിലേക്ക് വീഴാൻ പാത്തിയായി ഉപയോഗിക്കുന്ന ലോഹച്ചില്ല് മരത്തിൽ തറയ്ക്കാൻ എനിക്കാവുമായിരുന്നില്ല. ആ ജോലി ചേച്ചി ചെയ്തു.

ഒരു ദിവസം ടാപ്പിങ് കഴിഞ്ഞ് കൈ വൃത്തിയാക്കുമ്പോഴാണ് വലതുകൈയിലെ നടുവിരലിന്റെ പുറംഭാഗത്ത് ഒരു പ്രദേശത്തെ തൊലി മാംസത്തോടൊപ്പം ഇളകിപ്പോയതായി ഞാൻ കാണുന്നത്. പഴയ റബ്ബർ മരങ്ങളിലെ ഉയരത്തിലുള്ള പട്ട താഴെനിന്നും മുകളിലേക്ക് ടാപ്പുചെയ്തപ്പോൾ മരത്തിൽ ഇടിച്ചാവും കൈയ്ക്ക് പരിക്കുപറ്റിയത്. സ്പർശനശേഷി ഇല്ലാതിരുന്ന വലതുകൈപ്പത്തി അത് എന്നെ അപ്പോൾ അറിയിച്ചുമില്ല.

വാര്യാനിക്കാട്ട് വീട്ടിൽ ഊൺമേശയൊന്നും ഉണ്ടായിരുന്നില്ല. ഒരു ദിവസം രാവിലെ സ്റ്റീൽ കിണ്ണം വലതുകൈയിൽ വെച്ച് ഇടതു കൈകൊണ്ട് പുട്ടും കടലയും കഴിക്കുകയായിരുന്നു. ഭക്ഷണത്തിനുശേഷം കിണ്ണമെടുത്തപ്പോഴാണ് വലതു കൈവെള്ള അപ്പംപോലെ പൊള്ളിക്കുമിളച്ചത് ശ്രദ്ധയിൽപെടുന്നത്. കടലക്കറിയുടെ ചൂട് കിണ്ണം എനിക്ക് സമ്മാനിച്ചതാണ്. കൈ പൊള്ളിയതിലല്ല, വേദന അറിയാതിരുന്നതിലായിരുന്നു അപ്പോഴുള്ള എന്റെ വേദന.

കൈയുടെ സ്പർശനശക്തി വീണ്ടുകിട്ടുംവരെ പൊള്ളാതെയും മുറിയാതെയും സൂക്ഷിക്കണമെന്ന് ഡോക്ടർ പ്രത്യേകം നിർദ്ദേശിച്ചിരുന്നതാണ്.

രണ്ടാഴ്ചക്കാലം ഞങ്ങൾ ടാപ്പിങ് ജോലികളുമായി അവിടെ കഴിഞ്ഞു. കുറെ ആദായമൊക്കെ കിട്ടിയെങ്കിലും അതൊക്കെ അവിടെത്തന്നെ ചെലവാകുകയാണ്. ഞങ്ങളുടെ വീടിന്റെ അടുത്ത പ്രദേശത്തൊന്നും ഹോട്ടലോ ചായക്കടയോ ഉണ്ടായിരുന്നില്ല. അതിനാൽ കാവൽക്കാരായ പോലീസുകാർക്കും ഭക്ഷണം കൊടുക്കേണ്ടിവന്നു. അങ്ങനെ കൊടുക്കുമ്പോൾ ഒരുവിധം ഭേദപ്പെട്ട രീതിയിൽ വേണ്ടേ? മൊത്തം വരവുചെലവു നോക്കിയപ്പോൾ ആ സംരംഭം ലാഭകരമല്ലെന്നു മനസ്സിലായി. ഞങ്ങൾ തിരിച്ചുപോരുകയും ചെയ്തു.

എന്റെ സംഘടനയും മറ്റും തന്ന പണത്തിൽനിന്ന് ഭവനവായ്പ മുഴുവൻ അടച്ചു തീർത്തിരുന്നു. അതിനാൽ അക്കാര്യത്തിൽ ആധിയില്ല. എന്നാൽ കേസുകാര്യങ്ങൾക്കാണ് ഉദ്ദേശിക്കാത്ത തുകകൾ ചെലവാകുന്നത്. പണത്തിന്റെ ആവശ്യം വന്ന് 'എന്താ ഒരു വഴി?' എന്ന് ആലോചിച്ചിരിക്കുമ്പോൾ പറയാതെതന്നെ ആരെങ്കിലും സഹായഹസ്തവുമായി എത്തും. അതിനാൽ പണമില്ലാത്തതിന്റെ പേരിൽ പ്രധാന കാര്യങ്ങൾക്കൊന്നും മുടക്കം വന്നിരുന്നില്ല.

ഒരിക്കൽ പണമില്ലാതെ വഴിമുട്ടി നിൽക്കുമ്പോഴാണ് യുക്തിവാദി സംഘടന അവർ സ്വരൂപിച്ചെടുത്ത തുകയുമായി പ്രത്യക്ഷപ്പെടുന്നത്. ദൈവത്തെപ്പോലെ വർത്തിക്കുന്ന ഇവർക്കെന്തിനാണ് മറ്റു ദൈവങ്ങൾ എന്ന് ഞാൻ അപ്പോൾ എന്നോടുതന്നെ ചോദിച്ചുപോയി.

പണം ഉണ്ടാക്കുന്നതിലല്ല, അത് കാര്യക്ഷമമായി ചെലവാക്കുന്ന കാര്യത്തിലാണ് കൂടുതൽ പഠിക്കാനുള്ളത്. പലരുടെയും ദാരിദ്ര്യം വിട്ടൊഴിയാത്തത് അവർ സമ്പാദിക്കാഞ്ഞിട്ടല്ല. അവരുടെ സമ്പാദ്യം വേണ്ടവിധത്തിൽ വിനിയോഗിക്കാത്തതുമൂലമാണ്. കോളജിലെ മൂല്യബോധന ക്ലാസ്സിലേക്കായി 'മിതവ്യയം' എന്ന പേരിൽ ഞാൻ ഒരു ലേഖനം തന്നെ എഴുതിയിട്ടുണ്ട്. ഏതായാലും വർത്തമാനകാല സാമ്പത്തിക കാര്യങ്ങളിൽ 'മിതവ്യയം' ഞാൻ ഊർജ്ജസ്വലമാക്കി.

ഗ്യാസിനുപകരം വിറകടുപ്പ് കത്തിച്ചു തുടങ്ങി. പുകയില്ലാ അടുപ്പിൽ വിറകിനു ചെലവേറുമെന്നതിനാൽ മഴയില്ലാത്ത ദിവസങ്ങളിൽ മുറ്റത്ത് അടുപ്പുകൂട്ടി ഭക്ഷണം പാകം ചെയ്തു.

വരുമാനമില്ലാത്തവർക്ക് കിലോയ്ക്ക് രണ്ടുരൂപ തോതിൽ റേഷനരി ലഭിക്കുമായിരുന്നു. അതുവാങ്ങാൻ തുടങ്ങിയിട്ട് നാളേറെയായി. എന്റെ ചെറുപ്പകാലത്ത് റേഷൻ കടകളിൽനിന്ന് കിട്ടിയിരുന്ന അരിയുമായി തട്ടിച്ചുനോക്കിയാൽ ഈ 'രണ്ടുരൂപാ അരി' എത്ര നല്ലതാണ്. അതിനാൽ അക്കാര്യത്തിൽ ഒരു വിഷമവും എനിക്കില്ല. എന്നാൽ കുടുംബാംഗങ്ങൾ എല്ലാവർക്കും അങ്ങനെയായിരുന്നില്ല; അവർ പരാതിപ്പെട്ടില്ലെങ്കിലും.

ഭക്ഷണത്തിൽ വേണ്ടപോലെ മാംസവും മീനും ഉൾപ്പെടുത്തിയിരുന്ന ഞങ്ങൾ അതൊക്കെ കുറച്ചു. പച്ചക്കറിയുടെ വില ചോദിച്ചതിനുശേഷം കുറഞ്ഞതു മാത്രം വാങ്ങി. പറമ്പിൽനിന്ന് പണച്ചെലവില്ലാതെ കിട്ടുന്ന കപ്പളങ്ങ (പപ്പായ), മുരിങ്ങയില, തഴുതാമയില, ചേമ്പില, ചേനത്തണ്ട്, വാഴച്ചുണ്ട്, വാഴപ്പിണ്ടി, ഇടിച്ചക്ക, കോവയ്ക്ക, കോവലില മുതലായവയൊക്കെ ഭക്ഷണത്തിൽ പ്രധാനമായും ഉൾപ്പെടുത്തി.

ഏതായാലും കുടുംബാംഗങ്ങളുടെയെല്ലാം ആരോഗ്യനില മെച്ചപ്പെട്ടു. എന്റെ തൂക്കം പത്തു കിലോഗ്രാം കുറഞ്ഞു. കൊളസ്ട്രോൾ, ഷുഗർ, പ്രഷർ ഇതെല്ലാം പടിവാതിൽക്കൽ എത്തി നില്ക്കുകയായിരുന്നു. 210-ൽനിന്ന് കൊളസ്ട്രോൾ 150 ആയി കുറഞ്ഞു. 125 ഒക്കെയായിരുന്ന ഷുഗർ 100-ൽ താഴെയായി.

ആയിടയ്ക്ക് ഒരു സുഹൃത്തിന്റെ അപ്പന്റെ ശവസംസ്കാരച്ചടങ്ങിൽ സംബന്ധിക്കാൻ പോയപ്പോൾ പള്ളിമുറ്റത്തുവെച്ച് ന്യൂമാൻ കോളജ് അധ്യാപകനായ ഒരു സുഹൃത്ത് എന്നെ അടിമുടി നോക്കിയിട്ട് പറഞ്ഞു:

''ജോസഫ് ആകപ്പാടെ നല്ല ഫിറ്റായിട്ടുണ്ടല്ലോ.''

അതുകേട്ടപ്പോൾ ഞാൻ നർമ്മം പറഞ്ഞു.

''വൈകുന്നേരമായാൽ കൂടുതൽ ഫിറ്റാകും.''

# നാലു കേസുകൾ

2010 മുതൽ 2014 വരെ എന്റെ സമയവും പണവും കൂടുതലായി ചെലവിട്ടത് ചികിത്സ കഴിഞ്ഞാൽ പിന്നെ കേസുകാര്യങ്ങൾക്കായിരുന്നു. എന്നാൽ അതിലൊരു കേസിന് കാര്യമായ പണച്ചെലവൊന്നും ഉണ്ടായിരുന്നില്ല. ഫലവും തഥൈവ.

ചോദ്യപേപ്പർ വിവാദത്തോടനുബന്ധിച്ച് ഞാൻ ഒളിവിലായിരുന്ന സമയത്ത് ഒരു സമ്മർദ്ദതന്ത്രമെന്ന നിലയിൽ പോലീസ്, എന്റെ മകൻ മിഥുനെയും അവന്റെ മാതൃസഹോദരൻ സാജുവിനെയും നിയമവിരുദ്ധമായി കസ്റ്റഡിയിൽ വെച്ച് ഭേദ്യം ചെയ്തതിൽ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന് ഒരു പരാതി സമർപ്പിച്ചിരുന്നു. മിഥുൻ ഇ-മെയിൽ മുഖേന അയച്ച ആ പരാതിയുടെ അടിസ്ഥാനത്തിൽ തൊടുപുഴ പോലീസ് സ്റ്റേഷനിലെ എസ്.എച്ച്.ഒ. ആയ സബ് ഇൻസ്പെക്ടർ ഷിന്റോ പി. കുര്യനെതിരെ H.R.M. P. No. 1314/2010 എന്ന നമ്പരിൽ മനുഷ്യാവകാശ കമ്മീഷൻ ഒരു കേസെടുത്തു. മിഥുന്റെയും മറ്റും നേർക്കുണ്ടായ പൗരാവകാശധ്വംസനങ്ങളുടെ കഥ വാർത്താമാധ്യമങ്ങളിൽനിന്നു മനസ്സിലാക്കിയ മനുഷ്യാവകാശ സംരക്ഷണ സമിതി മനുഷ്യാവകാശ കമ്മീഷനു നല്കിയ പരാതിയിന്മേൽ H.R.M.p.No. 1950/ 2010 എന്ന നമ്പരിൽ മറ്റൊരു കേസും രജിസ്റ്റർ ചെയ്യപ്പെട്ടിരുന്നു.

2012 വർഷത്തിന്റെ രണ്ടാംപകുതിയിലാണ് മേല്പറഞ്ഞ കേസുകളിൽ മനുഷ്യാവകാശ കമ്മീഷൻ നടപടികൾ ആരംഭിച്ചത്. ബഹുമാനപ്പെട്ട കമ്മീഷൻ അംഗം ആർ. നടരാജനാണ് കേസ് പരിശോധിച്ചത്. തൊടുപുഴ ഗവണ്മെന്റ് ഗസ്റ്റ് ഹൗസിലായിരുന്നു കമ്മീഷന്റെ സിറ്റിങ്. മനുഷ്യാവകാശ കമ്മീഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അറിയാനും അത് എത്രമാത്രം മനുഷ്യാവകാശ സംരക്ഷണത്തിന് ഉതകുമെന്ന് മനസ്സിലാക്കുവാനും ഉള്ള ആഗ്രഹത്തോടെ ഞാനും കേസിന്റെ അവധി ദിവസങ്ങളിൽ അവിടെ പോകുമായിരുന്നു.

പാവപ്പെട്ടവരും ദളിത് സമുദായത്തിൽ പെട്ടവരുമായ സ്ത്രീ-പുരുഷന്മാരായിരുന്നു പരാതിക്കാരിൽ ബഹുഭൂരിപക്ഷവും. എതിർകക്ഷികൾ മിക്കവാറും പോലീസ് ഉദ്യോഗസ്ഥരുമാണ്.

മിഥുൻ മനുഷ്യാവകാശ കമ്മീഷനു നല്കിയ പരാതിയിൽ എതിർകക്ഷിയായി സബ് ഇൻസ്പെക്ടർ ഷിന്റോ പി. കുര്യൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ കമ്മീഷന്റെ മുമ്പാകെ മിഥുൻ പീഡനകഥകൾ വിവരിച്ചപ്പോൾ ഡിവൈഎസ്പി, വി.യു. കുര്യാക്കോസും കുറ്റക്കാരനാണെന്നു കണ്ട് കമ്മീഷൻ സ്വമേധയാ അദ്ദേഹത്തെയും പ്രതിചേർക്കുകയായിരുന്നു. നോട്ടീസുകിട്ടി കമ്മീഷന്റെ മുമ്പിൽ ഹാജരാകാൻ വന്ന ഡിവൈഎസ്പി കുര്യാക്കോസ് എന്നെ കണ്ടപ്പോൾ

മുഖം കറുപ്പിച്ചു. മാത്രമല്ല, എന്നെ അറസ്റ്റ് ചെയ്ത ദിവസം മാന്യമായി പെരുമാറിയതുകൊണ്ടാണ് ഇപ്പോൾ ഇങ്ങനെയൊക്കെ വന്നുഭവിച്ചതെന്ന് പരിഭവം പറയുകയും ചെയ്തു.

കേസിന്റെ തെളിവെടുപ്പുനടപടികൾ നടന്നുകൊണ്ടിരിക്കെ ഡിവൈ എസ്പി കുര്യാക്കോസ് എന്റെ വീട്ടിൽ വന്ന് അദ്ദേഹത്തിന്റെ പേരിലുള്ള കേസ് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടു. എന്നിൽനിന്ന് അനുകൂലഭാവം ഉണ്ടാകാതെവന്നപ്പോൾ 'നമ്മളൊക്കെ ഈ നാട്ടിൽതന്നെ ഉണ്ടാകു'മെന്നു പറഞ്ഞ് എന്നെ ഭീഷണിപ്പെടുത്താൻ മുതിരുകയും ചെയ്തു.

2010 മാർച്ച് 27-ന് കസ്റ്റഡിയിലെടുത്ത മിഥുനെയും സാജുവിനെയും മാർച്ച് 30 രാവിലെ 5.30 വരെ അന്യായമായി പോലീസ് കസ്റ്റഡിയിൽവെച്ചു പീഡിപ്പിച്ചതായി തെളിവുകളുടെ അടിസ്ഥാനത്തിൽ കമ്മീഷൻ കണ്ടെത്തി. മിഥുനും സാജുവിനും പോലീസ് മർദ്ദനം ഏറ്റതിന് സാക്ഷികൾ പോലീസുകാർ മാത്രമായതിനാലും അവരെ കമ്മീഷന്റെ മുമ്പിൽ സാക്ഷികളായി കൊണ്ടുവരുന്നത് നടപ്പുള്ള കാര്യമല്ലാത്തതിനാലും അക്കാര്യത്തിൽ ദൃക്സാക്ഷികൾ ഇല്ലാതെപോയി. ഇടുക്കി ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട മർദ്ദിതരെ പരിശോധിച്ച ഡോ. നവാസ് ശരീരത്തിലുള്ള പരിക്കുകൾ ബോധ്യപ്പെട്ട് നല്കിയ സർട്ടിഫിക്കറ്റ് കമ്മീഷന്റെ മുമ്പിൽ ഹാജരാക്കിയെങ്കിലും ഡോ. നവാസ് സമൻസ്കിട്ടിയിട്ടും കമ്മീഷന്റെ മുമ്പിൽ നേരിട്ടുവന്ന് തെളിവു നൽകാത്തതിനാൽ ശാരീരികമർദ്ദനം കമ്മീഷൻ സ്ഥിരീകരിച്ചില്ല.

കമ്മീഷൻ നടത്തിയ വിധിതീർപ്പിന്റെ സാരാംശം ഇതാണ്.

പരാതിക്കാരനായ മിഥുനും അവന്റെ അമ്മാവനായ സാജുവും ഒരു കുറ്റകൃത്യത്തിലും ഉൾപ്പെട്ടിട്ടില്ല. അങ്ങനെ അവരെ സംശയിക്കുന്നുമില്ല. തൊടുപുഴ പോലീസ് സ്റ്റേഷനിലെ 327/2010-ാം നമ്പർ ക്രിമിനൽ കേസിലെ പ്രതിയായ പ്രൊഫ. ടി.ജെ. ജോസഫിനെ കണ്ടെത്താനുള്ള ലക്ഷ്യം വെച്ച് അവരെ അന്യായമായി തൊടുപുഴ പോലീസ് സ്റ്റേഷനിൽ തടങ്കലിൽ വെച്ചു ഭീഷണിപ്പെടുത്തുകയും നിന്ദിക്കുകയും വളരെ മോശമായി പെരുമാറുകയും ചെയ്തു. ഏകപക്ഷീയമായും നിയമവിരുദ്ധമായും കസ്റ്റഡിയിൽ വെച്ചതിനാൽ അവരുടെ മൗലികാവകാശങ്ങളാണ് ധ്വംസിക്കപ്പെട്ടത്. കടുത്ത മനുഷ്യാവകാശലംഘനം നടത്തിയ രണ്ടു പോലീസ് ഉദ്യോഗസ്ഥരും അതിനാൽ കുറ്റക്കാരാണ്. സർക്കാർ സേവകരായ അവരുടെ തെറ്റിന് പരോക്ഷമായ ബാധ്യത സർക്കാരിനുണ്ട്. അതിനാൽ പരാതിക്കാരന് 25000 രൂപ നഷ്ടപരിഹാരമായി സർക്കാർ നല്കണം. അത് കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥരിൽനിന്ന് തുല്യമായി വസൂലാക്കണം. അതോടൊപ്പം സംസ്ഥാന പോലീസ് മേധാവി കുറ്റക്കാരായ രണ്ട് ഉദ്യോഗസ്ഥർക്കും എതിരെ വകുപ്പുതല ശിക്ഷാനടപടികൾ സ്വീകരിക്കുകയും വേണം.

എന്നാൽ അതെല്ലാം വെറും ജലരേഖകളായി.

മനുഷ്യാവകാശ കമ്മീഷൻ കുറ്റക്കാരാണെന്നു കണ്ടെത്തിയ രണ്ടു പോലീസ് ഉദ്യോഗസ്ഥരും ഉടൻതന്നെ കമ്മീഷൻ ഉത്തരവ് റദ്ദാക്കുന്നതിനായി പ്രസിദ്ധരായ ക്രിമിനൽ വക്കീലന്മാർ മുഖേന ഒരു റിട്ട് പെറ്റീഷൻ ഹൈക്കോടതിയിൽ സമർപ്പിച്ചു. കമ്മീഷന്റെ ശിപാർശകൾ നടപ്പാക്കാതിരിക്കാനുള്ള ഒരു സ്റ്റേ ഓർഡറും അതോടൊപ്പം അവർ ഹൈക്കോടതിയിൽനിന്ന് സമ്പാദിച്ചു. പിന്നീടൊന്നും നാളിതുവരെ സംഭവിച്ചിട്ടില്ല.

മനുഷ്യാവകാശ കമ്മീഷൻ പുറപ്പെടുവിക്കുന്ന മിക്കവാറും ഉത്തരവുകളുടെയെല്ലാം പരിണാമം ഇങ്ങനെയൊക്കെത്തന്നെയാണ്. കോടതിയിലും മറ്റും വ്യവഹാരത്തിനുപോകാൻ ത്രാണിയില്ലാത്തവരാണല്ലോ മനുഷ്യാവകാശ കമ്മീഷനെ പരാതിയുമായി സമീപിക്കുന്നത്. അനുകൂലവിധി കിട്ടിയാലും അവർക്ക് പ്രയോജനമുണ്ടാകുന്നില്ല. എതിർകക്ഷികൾ മേൽക്കോടതികളിൽ അപ്പീലുമായി പോകും. അതിനു പിന്നാലെ പോകാൻ പീഡിതരായ പാവങ്ങൾക്ക് സമയമെവിടെ? പണമെവിടെ?

എന്റെ അഭിപ്രായത്തിൽ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ വെറും ഒരു നോക്കുകുത്തിയാണ്. കമ്മീഷന്റെ കണ്ടെത്തലുകൾക്കോ ഉത്തരവുകൾക്കോ യാതൊരു ഫലപ്രാപ്തിയും ഉണ്ടാകാറില്ല. പാവങ്ങളുടെ സമയവും സർക്കാർ ഖജനാവിലെ പണവും വ്യയം ചെയ്യാമെന്നല്ലാതെ മറ്റെന്താണ്? ഉള്ളതുപറഞ്ഞാൽ മനുഷ്യാവകാശ സംരക്ഷണത്തിന് കേരള മനുഷ്യാവകാശ കമ്മീഷന്റെ പ്രവർത്തനങ്ങൾ ആത്യന്തികമായി ഒട്ടും ഫലപ്രദമല്ലെന്നാണ് അനുഭവപാഠം.

അടുത്ത കേസ് കുറെ മണ്ടന്മാർ എന്നെ ആക്രമിച്ചു കൊല്ലാൻ ശ്രമിച്ചതാണ്. ചാകാതിരുന്നത് മറ്റുപലർക്കുമെന്നപോലെ അവർക്കും എനിക്കും വിനയായി. ആക്രമണത്തിൽനിന്ന് മൂന്നാം തവണയും യാദൃച്ഛികമായി രക്ഷപ്പെട്ട ഞാൻ അന്നുതന്നെ ഒരു പരാതി എഴുതി മൂവാറ്റുപുഴ ഡി.വൈ.എസ്.പി.ക്ക് സമർപ്പിച്ചതാണ്. ആക്രമണോത്സുകരായി എത്തിയവർ ഭവനഭേദനം വരെ നടത്തിയ കാര്യം വ്യക്തമാക്കിയിട്ടും ജീവരക്ഷയ്ക്കുവേണ്ട നടപടി സ്വീകരിക്കണമെന്ന് അപേക്ഷിച്ചിട്ടും ഒരു കേസുപോലും രജിസ്റ്റർ ചെയ്യാൻ കൂട്ടാക്കാതിരുന്ന പോലീസ് അധികാരികളെ കുറ്റം പറയാനൊക്കുമോ? ഒരു അധ്യാപകമണ്ടന്റെ ജീവനെക്കാൾ വിലയുള്ളതായി എന്തെല്ലാം കാര്യങ്ങളാണ് അവരുടെ മുമ്പിലുള്ളത്.

ഉദ്ദിഷ്ടകാര്യം നടന്ന് ഞാൻ മെത്തയിലായതോടെ പോലീസ് ജാഗരൂകരായി. ആശുപത്രിയിലായാലും വീട്ടിലായാലും കനത്ത സംരക്ഷണമാണ് എനിക്ക് തരപ്പെടുത്തിയത്.

ആക്രമണം നടന്ന് മണിക്കൂറുകൾക്കകം അക്രമിസംഘത്തെക്കുറിച്ചും അവരുടെ യജമാനന്മാരെക്കുറിച്ചും പോലീസിന് വ്യക്തമായ ധാരണ

കിട്ടിയതാണ്. എന്നാൽ പോലീസും പ്രതികളും തമ്മിൽ ചില വെച്ചുവാണിഭങ്ങൾ നടക്കുന്നതായി കിംവദന്തി പരന്നു. പോലീസിലെ രഹസ്യാന്വേഷണ വിഭാഗം കേസന്വേഷണരീതിയിൽ അതൃപ്തി പ്രകടിപ്പിച്ചു. അന്വേഷണ ഉദ്യോഗസ്ഥർക്കിടയിൽത്തന്നെ ഭിന്നസ്വരങ്ങളുയർന്നു.

അന്വേഷണത്തിലെ ബാഹ്യഇടപെടലുകളും ഗതിമാറലും മാധ്യമങ്ങളിൽ വാർത്തയായി. ശരീരമനക്കാൻ കഴിയാതെ ആശുപത്രിയിൽ കിടന്നിരുന്ന എന്റെയടുത്തും മാധ്യമപ്രവർത്തകരെത്തി കേസിന്റെ അന്വേഷണ പുരോഗതിയെക്കുറിച്ച് അഭിപ്രായം ആരാഞ്ഞു. ഞാനെന്തു പറയാൻ? വേദനയുടെ പുരോഗതിയെക്കുറിച്ച് വേണമെങ്കിൽ പറയാമെന്ന് ഞാൻ അവരോട് കളിവാക്ക് പറഞ്ഞു.

ദുർബലവകുപ്പുകൾ ചേർത്തെടുത്ത കേസ് പിന്നീട് തീവ്രവാദക്കേസാക്കി മാറ്റി. സർക്കിൾ ഇൻസ്പെക്ടറിൽനിന്ന് അന്വേഷണച്ചുമതല ഡിവൈഎസ്പി ഏറ്റെടുത്തു.

ബാഹ്യസമ്മർദ്ദം കേസിന്റെ അന്വേഷണത്തെ വഴിമുട്ടിച്ചു. പ്രധാന പ്രതികളിൽ പലരെയും പിടികൂടാതെതന്നെ പോലീസ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചു.

ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ കേസിന്റെ തീവ്രവാദ സ്വഭാവവും പ്രതികളുടെ വിദേശബന്ധങ്ങളും കണക്കിലെടുത്ത് എൻ.ഐ.എ. (National investigation agency) കേസിന്റെ അന്വേഷണച്ചുമതല ഏറ്റെടുത്തു. എൻ.ഐ.എ. യുടെ തെക്കേ ഇന്ത്യയിലെ ആസ്ഥാനം അന്ന് ഹൈദരാബാദിലായിരുന്നു. അവിടെനിന്ന് ഡി.ഐ.ജി., എ.ഡി.ജി.പി., എസ്.പി. തുടങ്ങിയ എൻ.ഐ.എയിലെ ഉന്നത ഉദ്യോഗസ്ഥർ എന്നെ വീട്ടിൽ വന്നു കണ്ടു.

എന്നെ ആക്രമിച്ചു മുറിപ്പെടുത്തിയവർ ആജ്ഞാനുവർത്തികൾ മാത്രമായിരുന്നു. വെറും ഉപകരണങ്ങൾ. എന്നെ മുറിപ്പെടുത്തിയ മഴുവിനോട് എനിക്ക് വിരോധമില്ലാത്തതുപോലെ അവരോടും വിരോധമില്ല. അവരോട് ക്ഷമിച്ചുവെന്ന് ഞാൻ പറഞ്ഞതിലെ അടിസ്ഥാനമതാണ്. എന്നാൽ കേസിലെ പ്രധാന പ്രതികൾ അവരാണ്. താത്പര്യമില്ലെങ്കിലും പോലീസിനു മൊഴി കൊടുക്കാതിരിക്കാൻ പറ്റുമോ? പൗരാവകാശങ്ങൾ നിഹനിക്കപ്പെട്ടാലും പൗരധർമ്മം അനുഷ്ഠിക്കാൻ നാം ബാധ്യസ്ഥരാണല്ലോ.

മൊഴികൊടുപ്പിന്റെ സൊല്ല അവസാനിച്ചെന്ന് കരുതിയിരിക്കുമ്പോഴാണ് എൻ.ഐ.എ. സംഘം എത്തുന്നത്. ഹൈദരാബാദുകാരനായ ഒരു ഡിവൈഎസ്പിക്കായിരുന്നു അന്വേഷണത്തിന്റെ ചുമതല. അദ്ദേഹം ഇസ്ലാംമതക്കാരനായിരുന്നു. പ്രതികൾ എല്ലാവരും ഇസ്ലാംമതത്തിൽ പെട്ടവരായതിനാൽ കേസന്വേഷണത്തിൽ മതപരമായ സ്പർദ്ധ സ്വാധീനം ചെലുത്താതിരിക്കാനാണ് അതേ മതത്തിൽപെട്ട ഓഫീസറെ അന്വേഷണച്ചുമതല ഏല്പിച്ചത്. അദ്ദേഹവുമായി ആദ്യം സംസാരിച്ചപ്പോൾതന്നെ ചോദ്യപേപ്പർ വിവാദത്തിന്റെ വാസ്തവം ഞാൻ

വിവരിച്ചുകൊടുത്തതാണ്. എന്നാൽ അടുത്തദിവസം തൊടുപുഴ ന്യൂമാൻ കോളജിൽ പോയി പ്രിൻസിപ്പൽ ഡോ. ടി.എം. ജോസഫിനെയും ബർസാർ ഫാ. പിച്ചലക്കാട്ടിനെയും കണ്ടിട്ടു മടങ്ങിവന്ന അദ്ദേഹത്തിന്റെ മട്ട് മാറിയിരുന്നു.

''പ്രവാചകനെ നിന്ദിച്ച താങ്കളുടെ പ്രവൃത്തി ഒരു മുസ്‌ലിം എന്ന നിലയിൽ എനിക്ക് സഹിക്കാനാവില്ല. എന്നിരുന്നാലും അത് എന്റെ ഡ്യൂട്ടിയെ ബാധിക്കില്ല.''

അദ്ദേഹം രഹസ്യത്തിൽ എന്നോട് പരുഷമായി പറഞ്ഞു. ന്യൂമാൻ കോളജിലെ അധികാരികൾ അത്രമാത്രം വർഗ്ഗീയവിഷം അദ്ദേഹത്തിന്റെ മനസ്സിൽ കുത്തിനിറച്ചിരുന്നു.

തന്റെ വ്രണപ്പെട്ട മതവികാരം കർത്തവ്യബോധത്തെ ബാധിക്കില്ലെന്നു പറഞ്ഞാലും അദ്ദേഹത്തിന് അത് പാലിക്കാൻ കഴിഞ്ഞില്ല. കേരള പോലീസ് ഞാൻ ഉൾപ്പെടെയുള്ള ദൃക്സാക്ഷികളുടെ മൊഴികൾ രേഖപ്പെടുത്തിയിരുന്നതാണ്. കേരള പോലീസിനു വിട്ടുപോയതു മാത്രമേ എൻ.ഐ.എയ്ക്ക് വീണ്ടും രേഖപ്പെടുത്തേണ്ടിയിരുന്നുള്ളൂ. എന്നാൽ ഹൈദരാബാദുകാരൻ ഡിവൈഎസ്പി ഞങ്ങളോട് വീണ്ടും ചോദിക്കുകയും ഞങ്ങളുടെ മൊഴി ഇംഗ്ലിഷിൽ രേഖപ്പെടുത്തിയപ്പോൾ സീക്വൻസുകളിൽ (സംഭവഗതി) മനപൂർവ്വം വ്യത്യാസം വരുത്തി പ്രതികൾക്ക് രക്ഷപ്പെടാനുള്ള പഴുതുണ്ടാക്കുകയും ചെയ്തു.

പിന്നീട് കേസിന്റെ മേൽനോട്ടം വഹിക്കാൻ എത്തിയ ഒരു എസ്.പി. കേസാകെ അട്ടിമറിച്ചിരിക്കുന്നതായി കണ്ടെത്തി. 'വ്രണിത ഹൃദയനായ' ഡിവൈഎസ്പിയെ അന്വേഷണ സംഘത്തിൽനിന്ന് ഒഴിവാക്കിയിട്ട് അദ്ദേഹം അന്വേഷണച്ചുമതല സ്വയം ഏറ്റെടുത്തു.

പിന്നീട് ഇസ്‌ലാംമതക്കാരനായ മറ്റൊരു ഡിവൈഎസ്പിയെ അന്വേഷണച്ചുമതല ഏല്പിച്ചു. മലയാളിയായ അദ്ദേഹം പുരോഗമന ചിന്താഗതിക്കാരനും മതനിരപേക്ഷകനുമായ ഒരു പോലീസ് ഓഫീസർ ആയിരുന്നു.

എൻ.ഐ.എയുടെ അന്വേഷണവും ഊർജ്ജസ്വലമായിരുന്നുവെന്ന് പറയുക വയ്യ. ഒളിജീവിതം മടുത്ത് ജയിലാണു ഭേദമെന്നു തോന്നി കീഴടങ്ങാൻ വന്നവരെ മാത്രമേ അവർ സ്വീകരിച്ചിരുന്നുള്ളൂ.

ആക്രമണത്തിന് ദൃക്സാക്ഷികളായ പല അയൽക്കാരും കേസിൽ സാക്ഷികളാകാൻ മടിച്ചപ്പോൾ അതിന് അവരെ നിർബന്ധിക്കണമെന്ന് എൻ.ഐ.എ. ഉദ്യോഗസ്ഥർ എന്നോട് ആവശ്യപ്പെട്ടു. എന്നാൽ ഞാൻ അതിന് തയ്യാറായില്ല. പ്രതികൾക്ക് ശിക്ഷ കിട്ടണമെന്ന് എനിക്ക് അശേഷം താത്പര്യമില്ലെന്നും ഞാനും കുടുംബാംഗങ്ങളും സാക്ഷി പറയാൻ തയ്യാറാകുന്നത്, അത് പൗരധർമ്മം ആയതുകൊണ്ടു മാത്രമാണെന്നും എന്നാൽ

മറ്റു സാക്ഷികളെ കണ്ടെത്തുകയെന്നത് ഞങ്ങളുടെ ധർമ്മമല്ലെന്നും ഞാൻ അവരോട് തീർത്തുപറഞ്ഞു.

കോടതിയിൽനിന്ന് സമൻസ് കിട്ടി പ്രതികളെ തിരിച്ചറിയുന്നതിന് ഞാനും കുടുംബാംഗങ്ങളും വിയ്യൂർ ജയിലിൽ പോയിരുന്നു. അവിടെയെത്തിയ ഞങ്ങളെ വെവ്വേറെ മുറികളിലാണ് ഇരുത്തിയത്. പിന്നീട് തമ്മിൽ കാണുന്നത് തിരിച്ചറിയൽ പരേഡിനുശേഷം മാത്രമാണ്.

ജഡ്ജിയുടെ മുമ്പിൽ തിരിച്ചറിയേണ്ടുന്ന പ്രതികളെ നിർത്തിയിരുന്നത് അവരോട് രൂപസാദൃശ്യമുള്ള ആളുകളോടൊപ്പമായിരുന്നു. ഇരുപതോളം ആളുകളുടെ ഇടയിൽ രണ്ടോ മൂന്നോ പ്രതികളെ മാത്രമാണ് ഇടകലർത്തി നിർത്തിയത്. എങ്കിലും അക്രമിസംഘത്തിൽ പെട്ടവരെ തിരിച്ചറിയാൻ എനിക്കും കുടുംബാംഗങ്ങൾക്കും ബുദ്ധിമുട്ടുണ്ടായില്ല.

എൻ.ഐ.എ. കോടതിയിൽ കേസിന്റെ വിചാരണ തുടങ്ങുന്നതിന് ഏതാനും ദിവസങ്ങൾ മുമ്പ് കേസിൽ പ്രതികളായ രണ്ടുപേരുടെ ബന്ധുക്കൾ എന്റെ വീട്ടിൽ വന്നു. എന്റെ വീട്ടിലേക്കുള്ള വഴിയുടെ റൂട്ട് മാപ്പ് തയ്യാറാക്കി അക്രമിസംഘത്തിനു കൊടുത്ത ആളിന്റെ ബാപ്പയും ഉമ്മയുമായിരുന്നു അവരിൽ രണ്ടാളുകൾ. അക്രമിസംഘത്തെ സഹായിച്ച മറ്റൊരു പ്രതിയുടെ ഭാര്യയും കുഞ്ഞും അവരോടൊപ്പം എത്തിയിരുന്നു. റൂട്ട് മാപ്പ് തയ്യാറാക്കിയ ആളുടെ ബാപ്പ ഒരു റിട്ടയേർഡ് ഗവണ്മെന്റ് ജീവനക്കാരനായിരുന്നു. തങ്ങളുടെ മകൻ ചെയ്ത തെറ്റിന് ആ ബാപ്പയും ഉമ്മയും കരഞ്ഞുകൊണ്ട് എന്നോടു മാപ്പുപറഞ്ഞു. കേസിന്റെ വിചാരണ നടക്കുമ്പോൾ അവരുടെ മകന് ശിക്ഷ കിട്ടുന്ന രീതിയിൽ മൊഴി കൊടുക്കരുതെന്ന് ഒപ്പം അപേക്ഷിക്കുകയും ചെയ്തു. തന്റെ ഭർത്താവിനുവേണ്ടി പറയാനാണ് കൈക്കുഞ്ഞുമായി ആ സ്ത്രീയും വന്നത്.

''കേസിൽ ഉൾപ്പെട്ട നിങ്ങളുടെ ആളുകൾ ഞാൻ നേരിട്ടുകണ്ടിട്ടുള്ളവരോ ഏതെങ്കിലും തരത്തിൽ അറിയുന്നവരോ അല്ല. അതിനാൽ അവരെക്കുറിച്ച് എന്തെങ്കിലും കോടതിയിൽ പറയേണ്ട ആവശ്യമില്ല; പറയുകയുമില്ല.''

അങ്ങനെ പറഞ്ഞാണ് അവരെ ഞാൻ മടക്കിയയച്ചത്.

എൻ.ഐ.എ. കോടതിയിലെ ജഡ്ജി മധ്യവയസ്കനായിരുന്നു. താരതമ്യേന യുവാവാണ് പബ്ലിക് പ്രോസിക്യൂട്ടർ. പ്രതിഭാഗത്തിനുവേണ്ടി ഹാജരായ പ്രധാന വക്കീലിന് നല്ല പ്രായമുണ്ടായിരുന്നു. മൂവരും വടക്കൻ കേരളത്തിൽ നിന്നുള്ളവരും മുൻപരിചയക്കാരുമാണ്.

എൻ.ഐ.എ. കോടതിയിൽ നടന്നത് രഹസ്യവിചാരണ (incamera proceedings) ആയിരുന്നു. സാക്ഷികൾക്ക് ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കാനാണ് പ്രോസിക്യൂട്ടർ കോടതി മുമ്പാകെ അപേക്ഷ നല്കി രഹസ്യവിചാരണ ഏർപ്പാടാക്കിയത്. അതിനാൽ കോടതിനടപടികൾ

വാർത്താമാധ്യമങ്ങളിൽ വന്നില്ല. രഹസ്യവിചാരണ ആയതിന്റെ ഗുണം സാക്ഷികൾക്കല്ല, പ്രതികൾക്കായിരുന്നുവെന്നാണ് എന്റെ അനുഭവം.

പ്രതികളെ രക്ഷപ്പെടുത്താൻ പ്രതിഭാഗം വക്കീൽ കല്പന ചെയ്ത സൂചിതകഥ (suggestion) ആലുവായിലുള്ള പോലീസ് ടെലികമ്മ്യൂണിക്കേഷൻ ഓഫീസിലെ ലോഗ്ബുക്കിൽ കാണപ്പെട്ട ഒരു വ്യാജരേഖപ്പെടുത്തലിന്റെ ചുവടുപിടിച്ചായിരുന്നു. തൊടുപുഴ ന്യൂമാൻ കോളജ് പ്രൊഫസർ മുഖംമൂടി ധരിച്ചെത്തിയ രണ്ടുപേരാൽ ആക്രമിക്കപ്പെട്ടുവെന്നും KL07 AD 7201 എന്ന നമ്പരിലുള്ള വെളുത്ത മാരുതിവാനിൽ അക്രമികൾ രക്ഷപ്പെട്ടുവെന്നുമുള്ള സന്ദേശം 04. 07. 2010 രാവിലെ 8.37-ന് വയർലെസിലൂടെ ലഭിച്ചുവെന്നാണ് ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്. കേസന്വേഷണം വഴിതെറ്റിച്ചുവിടാനായി പോലീസ് ഉദ്യോഗസ്ഥർ അറിഞ്ഞോ അറിയാതെയോ നടന്ന ഗൂഢാലോചനയുടെ ഫലമായിരുന്നു ആ രേഖപ്പെടുത്തൽ. ചോദ്യപേപ്പർ വിവാദത്തോടനുബന്ധിച്ച് തൊടുപുഴയിൽ പ്രതിഷേധം നടത്തിയവരിൽപെട്ട രണ്ടുപേർ മുഖംമൂടി ധരിച്ചെത്തിയാണ് ആക്രമണം നടത്തിയതെന്ന ഔട്ട് ലൈൻ സ്റ്റോറി സാക്ഷിമൊഴികളിലെ വൈരുദ്ധ്യങ്ങൾകൊണ്ട് പൂരിപ്പിച്ച് തന്റെ കക്ഷികൾ നിരപരാധികളാണെന്നു വരുത്തിത്തീർക്കാനാണ് പ്രതിഭാഗം വക്കീൽ യത്നിച്ചത്. അതിനുള്ള സാധ്യതകൾ ഒരുക്കുകൂട്ടി വെച്ചത് ആദ്യം കേസന്വേഷണത്തിന്റെ ചുമതല വഹിച്ച എൻ.ഐ.എ. ഉദ്യോഗസ്ഥൻതന്നെയായിരുന്നു.

കേസിലെ ഒന്നാംസാക്ഷി എഫ്.ഐ.ആർലെ പരാതിക്കാരി സലോമി ആയിരുന്നു. ആക്രമണത്തിന് ഇരയായ ഞാൻ രണ്ടാം സാക്ഷിയും. സലോമിയെ അഞ്ചുദിവസവും എന്നെ ആറുദിവസവും വിസ്തരിച്ചു. അത്രയും ദിവസം കോടതിസമയം മുഴുവൻ സാക്ഷിക്കൂട്ടിൽ നിന്നുകൊണ്ടുള്ള മൊഴികൊടുക്കൽ അത്ര എളുപ്പമുള്ള കാര്യമായിരുന്നില്ല.

ജഡ്ജിയുടെ വലതുഭാഗത്തായിരുന്നു സാക്ഷിക്കൂട്. ജഡ്ജിയുടെ പീഠത്തിനു താഴെയായി ബഞ്ച് ക്ലർക്കിന്റെ ഇരിപ്പുസ്ഥാനം. അതിനു മുന്നിൽ ഒന്നാം നിരയിൽ പ്രതിഭാഗത്തുള്ള അഞ്ചാറ് വക്കീലന്മാർ. ഒപ്പം പബ്ലിക് പ്രോസിക്യൂട്ടർ. അതിനുപിന്നിൽ അന്വേഷണസംഘത്തിലെ രണ്ടോ മൂന്നോ ഉദ്യോഗസ്ഥർ. അവർക്കു പിന്നിലായി ഒരു ക്ലാസ്സ് മുറിയിലെ കുട്ടികളെപ്പോലെ മുപ്പത്തിയൊന്ന് പ്രതികൾ. മുപ്പത്തിയെട്ടുപേരെ ചേർത്തതാണ്. ഏഴുപേർ ആബ്സന്റാകാൻ കാരണം അവരെ കൂട്ടിക്കൊണ്ടുവരാൻ അന്വേഷണസംഘത്തിനു കഴിയാത്തതിനാലാണ്.

എന്റെ ആദ്യവിസ്താരം (chief examination) നടന്നത് ഒരു ഹർത്താൽ ദിനത്തിലാണ്. വലിയ ഒരു പോലീസ് വാനിലാണ് ഞാൻ പോയത്. വിസ്താരത്തിനിടെ കൈകാലുകളിലെ മുറിപ്പാടുകൾ ജഡ്ജിയെ കാണിക്കേണ്ടിവരുമെന്ന് പബ്ലിക് പ്രോസിക്യൂട്ടർ പറഞ്ഞതിനാൽ മുണ്ടും

ഷർട്ടുമായിരുന്നു എന്റെ വേഷം. എന്നാൽ മുറിപ്പാടുകളിലേക്കൊന്നും നോക്കാൻ ബഹുമാനപ്പെട്ട കോടതി തയ്യാറായില്ല. ഡോക്ടറുടെ സർട്ടിഫിക്കേറ്റ് (wound certificate) നോക്കി അതൊക്കെ മനസ്സിലാക്കിക്കൊള്ളാമെന്നായിരുന്നു അദ്ദേഹത്തിന്റെ നിലപാട്.

പ്രതിഭാഗം വക്കീൽ നടത്തിയ അഞ്ചു ദിവസത്തെ ക്രോസ് വിസ്താരമാണ് അതികഠിനമായി അനുഭവപ്പെട്ടത്. കളി അറിയാവുന്ന ആളും അറിയില്ലാത്ത ആളും തമ്മിൽ ചെസ്സ് കളിക്കുന്നതുപോലെയാണ് ക്രോസ് വിസ്താരം എന്ന് പറയാറുണ്ട്. കാരണം, നിയമം അറിയാവുന്ന വക്കീലും നിയമം പഠിക്കാത്ത സാക്ഷിയും തമ്മിലാണല്ലോ ഏറ്റുമുട്ടൽ.

സാക്ഷികളിൽ വികാരവിക്ഷോഭങ്ങളുണ്ടാക്കി അവരുടെ മൊഴികളിലെ കൃത്യത ചോർത്തിക്കളയാൻ ശ്രമിക്കുന്ന അടവ് ക്രോസ്‌വിസ്താരം നടത്തുന്ന മിക്ക അഭിഭാഷകർക്കും ഉള്ളതാണല്ലോ. പ്രതിഭാഗം വക്കീലും എന്നോട് അതുതന്നെയാണ് പയറ്റിയത്. അദ്ദേഹം എന്നെ പരിഹസിച്ചു; അപേക്ഷിച്ചു; ചിലപ്പോൾ കോപാക്രാന്തനായി. പ്രതികളാകട്ടെ, അവരുടെ പ്രഗല്ഭനായ വക്കീൽ എന്റെ മേൽ 'കുതിരകയറുന്നതു' കണ്ട് സദസ്സിൽ രസിച്ചിരുന്നു.

ഈ കേസിൽ ഞാൻ സാക്ഷിയാണോ അതോ പ്രതിയാണോ എന്ന് എനിക്കുതന്നെ സംശയം ജനിപ്പിക്കുമാറാണ് കോടതിനടപടികൾ തുടർന്നത്.

എൻ.ഐ.എയുടെ ആദ്യത്തെ അന്വേഷണ ഉദ്യോഗസ്ഥൻ ഞാൻ കൊടുത്ത മൊഴിയുടെ മാറിമറിച്ചെഴുതിയ ഒരുഭാഗം പ്രതിഭാഗം വക്കീൽ വായിച്ചുകേൾപ്പിച്ചിട്ട് അങ്ങനെയൊരു മൊഴി കൊടുത്തിരുന്നുവോ എന്ന് എന്നോടു ചോദിച്ചു. പകുതി തെറ്റും പകുതി ശരിയായുമായ ആ മൊഴിഭാഗം കേട്ടിട്ട് അങ്ങനെ മൊഴി കൊടുത്തിട്ടില്ലെന്ന് ആദ്യം പറഞ്ഞു. എന്നാൽ അതിന്റെ പകുതിഭാഗം സത്യവുമായി ഒത്തുപോകുന്നതിനാൽ പെട്ടെന്നുണ്ടായ ശങ്കയിൽ ഞാൻ തിരുത്തിപ്പറഞ്ഞു:

''മൊഴി കൊടുത്തിട്ടുണ്ട്.''

'ഇങ്ങനെ മാറിമാറിപ്പറഞ്ഞാൽ ശരിയാവില്ല. ആലോചിച്ച് അവധാനതയോടെ ഉത്തരം പറയണം' എന്ന് എന്നെ ഉപദേശിക്കേണ്ടതിനുപകരം ബഹുമാനപ്പെട്ട കോടതി ക്രുദ്ധനായി ഇപ്രകാരമാണ് പറഞ്ഞത്.

''ഇയാളെ ഞാൻ റിമാൻഡ് ചെയ്ത് സബ്ജയിലിലേക്ക് വിടും. അവിടെ പോയി ഒരാഴ്ച റെസ്റ്റെടുത്തിട്ടു മതിയാകും അടുത്ത വിസ്താരം.''

അതുകേട്ട് പബ്ലിക് പ്രോസിക്യൂട്ടറും കോടതിമുറിയിലുണ്ടായിരുന്ന എൻ.ഐ.എ. ഉദ്യോഗസ്ഥരും വല്ലാതായി.

ജഡ്ജിയുടെ വാക്കുകൾ എന്നെ സങ്കടപ്പെടുത്തിയതല്ലാതെ അല്പവും ഭയപ്പെടുത്തിയില്ല. ജയിലിൽ പോകാനുള്ള പേടിയൊക്കെ എന്നേ പോയിക്കഴിഞ്ഞതാണ്. അല്ലെങ്കിൽ അതുവല്ലതും നടപ്പുള്ള കാര്യമാണോ?

അങ്ങനെയൊക്കെ ചിന്തിച്ചുകൊണ്ട് സാക്ഷിക്കൂട്ടിൽ ഞാൻ അക്ഷോഭ്യനായി നിന്നു. ഏതായാലും അല്പസമയം കഴിഞ്ഞ് ജഡ്ജി സമചിത്തനായി വിസ്താരം തുടർന്നു.

ജഡ്ജിയുടെ അനർത്ഥഭാഷണം സ്പെഷൽ ബ്രാഞ്ചിന്റെയും ഐ.ബിയുടെയും ശ്രദ്ധയിൽ പെട്ടിരുന്നു. തിരുവനന്തപുരത്തുനിന്ന് സ്പെഷൽ ബ്രാഞ്ചിലെ എസ്.പി. എന്നെ ഫോണിൽ വിളിച്ച് ജഡ്ജിയുടെ വികല്പനത്തെക്കുറിച്ച് ആരാഞ്ഞു. ആക്രമണത്തിന് ഇരയായ എന്നെ വേണ്ടവിധം സാക്ഷിപറയാൻ കോടതി അനുവദിക്കുന്നില്ലെന്നും ജയിലിലിടയ്ക്കുമെന്ന് വിസ്താരവേളയിൽ ഭീഷണിപ്പെടുത്തിയെന്നും ഈ കോടതിയിലുള്ള വിശ്വാസം നഷ്ടപ്പെട്ടെന്നും ആയതിനാൽ ജഡ്ജിയെ മാറ്റിത്തരണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ പബ്ലിക് പ്രോസിക്യൂട്ടർ മുഖേനയോ സ്വന്തനിലയ്ക്കോ പരാതി കൊടുക്കുന്ന കാര്യം ആലോചിക്കാവുന്നതാണെന്ന് അറിയിക്കുകയും ചെയ്തു. അതിന്റെ ആവശ്യമില്ലെന്നും മാത്രമല്ല, അതൊക്കെ ബദ്ധപ്പാടാകുമെന്നും പറഞ്ഞ് ഞാൻ ഒഴിഞ്ഞുമാറി.

ദൃക്സാക്ഷികളായി വിസ്തരിക്കപ്പെട്ട കുടുംബാഗംങ്ങൾക്കെല്ലാം കോടതിയിൽ നിയന്ത്രണാതീതനായി വർത്തിച്ച പ്രതിഭാഗം വക്കീലിൽ നിന്ന് പരിഹാസങ്ങളും ശകാരങ്ങളും ഭർത്സനങ്ങളും ധാരാളമായി അനുഭവിക്കേണ്ടിവന്നു.

പ്രതികൾ കോടതിമുറിയിലും കോടതിവളപ്പിലും ഉല്ലാസഭരിതരായാണ് കാണപ്പെട്ടത്. വിചാരണ നടക്കുന്ന കാലത്ത് പ്രതികളിൽ പത്തുപേർ ജുഡീഷ്യൽ കസ്റ്റഡിയിലാണ്. കോടതിമുറിയിലും കോടതിവളപ്പിലും പുലർത്തേണ്ടുന്ന നിയമങ്ങളിൽ കോടതി അവർക്ക് ഇളവ് അനുവദിച്ചുകൊടുത്തിരുന്നു. ഉച്ചഭക്ഷണത്തിന് കോടതി പിരിയുന്ന നേരത്ത് ജുഡീഷ്യൽ കസ്റ്റഡിയിലായിരുന്ന പ്രതികളെ അവരുടെ കുടുംബാംഗങ്ങൾ കാണാൻവരികയും കോടതിവളപ്പിലുള്ള കാന്റീനിൽ ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുകയും ചെയ്തിരുന്നു.

ജുഡീഷ്യൽ കസ്റ്റഡിയിലായിരുന്നവരെ സബ്ജയിലിൽനിന്ന് പോലീസ് വാഹനത്തിലാണ് കോടതിയിലേക്ക് കൊണ്ടുവന്നിരുന്നത്. ഒരുനാൾ കോടതി പിരിഞ്ഞശേഷം പ്രതികളെ വിലങ്ങണിയിച്ച് പോലീസ് വാഹനത്തിന്റെ അടുത്തേക്ക് കൊണ്ടുപോകുകയായിരുന്നു. പുറകിലായിപ്പോയതിനാൽ പോലീസിന്റെ നിർദ്ദേശമനുസരിച്ച് വേഗത്തിൽ നടന്ന ഒരു പ്രതിയുടെ വിലങ്ങിട്ട കൈകളിൽ തൂങ്ങി അയാളുടെ നാലഞ്ചുവയസ്സായ മകൻ എന്തോ പറഞ്ഞുകൊണ്ട് ഒപ്പം ഓടുകയാണ്. അയാളുടെ ഭാര്യ മറ്റൊരു കുഞ്ഞിനെ ഒക്കത്തെടുത്തുകൊണ്ട് പുറകേയും. എന്നെ സങ്കടപ്പെടുത്തിയ ആ കാഴ്ച മനസ്സിൽനിന്ന് ഇനിയും മാഞ്ഞിട്ടില്ല.

അനേകം സാക്ഷികൾ ഉണ്ടായിരുന്നതിനാൽ ആ കേസിന്റെ വിചാരണ എൻ.ഐ.എ. കോടതിയിൽ പെട്ടെന്നൊന്നും അവസാനിച്ചില്ല.

ഇനി പരാമർശിക്കുന്നത് അധ്യാപകവൃത്തിയിൽനിന്ന് എന്നെ പിരിച്ചുവിട്ട നടപടിക്കെതിരെ യൂണിവേഴ്സിറ്റി അപ്പലെറ്റ് ട്രൈബ്യൂണലിൽ നല്കിയ അപ്പീലിനെക്കുറിച്ചാണ്. അതിനെ ഒരു കേസായിട്ടൊന്നും ആദ്യം ഞാൻ വിചാരിച്ചിരുന്നില്ല. അകാരണമായി വീട്ടിൽനിന്ന് പുറത്താക്കപ്പെട്ട മകൻ അപ്പനെതിരെ ഉന്നയിക്കുന്ന ഒരു ന്യായവാദമെന്ന നിലയിൽ എപ്പോൾ വേണമെങ്കിലും പരിഹൃതമാകാവുന്നതായിരുന്നു അത്. അപ്പന് വീണ്ടുവിചാരം ഉണ്ടായിട്ടോ ആരെങ്കിലും മാദ്ധ്യസ്ഥ്യം പറഞ്ഞിട്ടോ തീരാവുന്ന ഒരു പ്രശ്നം. എന്നാൽ സഭാപിതാക്കന്മാരുടെ ചിത്തവൃത്തി വിശേഷംകൊണ്ട് അതൊന്നും നടക്കാതെപോയി. പ്രസിദ്ധ അഭിഭാഷകനായ കെ. രാംകുമാർ എന്നോടുള്ള അനുഭാവംകൊണ്ട് ഫീസുകാര്യത്തിൽ നിർബന്ധമില്ലാതെ ട്രൈബ്യൂണലിൽ എന്റെ കേസ് വാദിക്കാമെന്നേറ്റു. അഡ്വ. പി. വിജയകുമാർ, അഡ്വ. ബേബി കുര്യാക്കോസ് എന്നിവരാണ് തിരുവനന്തപുരത്തുള്ള ട്രൈബ്യൂണലിൽ അപ്പീൽ ഫയൽ ചെയ്തത്.

കോളജ് മാനേജ്മെന്റ് എതിർ സത്യവാങ്മൂലം സമർപ്പിച്ചു. പ്രാരംഭനടപടികളൊക്കെ കഴിഞ്ഞാലും ഓരോ അവധിക്കും പുതിയ പെറ്റീഷനിട്ട് മാനേജ്മെന്റിന്റെ വക്കീൽ കേസിൽ വാദം നടക്കാതെ നീട്ടിക്കൊണ്ടുപോയി. വാർത്താപ്രാധാന്യം നേടിയ പിരിച്ചുവിടൽ ആയതിനാലോ കർത്തവ്യനിഷ്ഠകൊണ്ടോ എന്തോ ട്രൈബ്യൂണലിലെ ജഡ്ജിക്ക് താൻ സ്ഥലം മാറിപ്പോകുന്നതിനുമുമ്പായി കേസിൽ തീർപ്പു കല്പിക്കണമെന്ന് ആഗ്രഹമുണ്ടായിരുന്നു. ഇരുകക്ഷികളുടെയും വക്കീലന്മാർ എറണാകുളത്തുള്ളവരായതിനാൽ അദ്ദേഹം എറണാകുളത്തുതന്നെ ഒരു സിറ്റിങ് ഏർപ്പാടാക്കിയതാണ്. ആ അവധിക്ക് വാദം നടത്താതിരിക്കാൻ മാനേജ്മെന്റിന്റെ വക്കീൽ പറഞ്ഞകാരണം അന്ന് അദ്ദേഹത്തിന്റെ അമ്മയുടെ അടിയന്തിരം ആണെന്നാണ്.

ആ ജഡ്ജി മാറി പുതിയ ജഡ്ജി വന്നു. എന്നാൽ ഓരോ അവധിക്കും ഓരോ കാരണങ്ങൾ കണ്ടെത്തി മാനേജ്മെന്റ് വക്കീൽ തന്റെ പണി 'നേരാംവണ്ണം' നടത്തി. വാദം നടന്നാൽ പിരിച്ചുവിടൽ നടപടി ട്രൈബ്യൂണൽ റദ്ദാക്കുമെന്ന് അവർക്കും ഉറപ്പായിരുന്നിരിക്കണം.

എണീറ്റു നടക്കാറായപ്പോൾ ഞാൻ കോതമംഗലം അരമനയിൽ പോയി ബിഷപ്പിനെയും മാനേജരെയും കണ്ടു. അധ്യാപകവൃത്തിക്ക് ഞാൻ യോഗ്യനാണെന്ന് അവരെ ബോധ്യപ്പെടുത്തുകയായിരുന്നു പ്രധാന ലക്ഷ്യം. കാരണം, പിരിച്ചുവിടൽ നടപടിയെ സാധൂകരിച്ച് സഭാപ്രസിദ്ധീകരണത്തിൽ

വന്ന ഒരു ലേഖനത്തിൽ, മുറിവേറ്റ മനസ്സോടും തുന്നിച്ചേർത്തു വികലമായ ശരീരത്തോടുംകൂടി പ്രൊഫ. ടി.ജെ. ജോസഫിന് മേലിൽ കുട്ടികളെ എങ്ങനെ പഠിപ്പിക്കുവാൻ സാധിക്കുമെന്ന് വയോധികനായ ഒരു പ്രൊഫസർ സംശയം പ്രകടിപ്പിച്ചിരുന്നു.

ആശുപത്രിയിൽ വന്ന് എന്നെ സന്ദർശിച്ചതിന് ബിഷപ്പിന് നന്ദിയും മാനേജരോട് കുശലവും പറഞ്ഞു. എന്നാൽ എന്നെ തിരിച്ചെടുക്കണമെന്ന് ഞാൻ പറഞ്ഞില്ല. കാലുപിടിച്ച് അപേക്ഷിച്ചിട്ടും ആപത്തിൽ ഉപേക്ഷിച്ചവരുടെ മുമ്പിൽ വീണ്ടും കുനിയാൻ അഹങ്കാരം എന്നെ അനുവദിച്ചില്ല.

കേസവധിയായിരുന്ന 2012 സെപ്റ്റംബർ 1-ന് വാദം നടക്കുന്നതിന് പ്രത്യക്ഷത്തിൽ തടസ്സങ്ങളില്ലായിരുന്നു. അതിനാൽ തലേദിവസംതന്നെ അഡ്വ. രാംകുമാറിനെ എറണാകുളത്തുനിന്ന് തിരുവനന്തപുരത്തുകൊണ്ടുപോയി ഗവ. ഗസ്റ്റ്ഹൗസിൽ താമസിപ്പിച്ച് കൃത്യസമയത്തുതന്നെ കോടതിയിൽ എത്തിച്ചു. എന്നാൽ കേസുവിളിച്ചപ്പോൾ ട്രൈബ്യൂണൽ ജഡ്ജി ചോദിച്ചത് ''നിങ്ങൾക്ക് അനുരഞ്ജനം (conciliation) ആയിക്കൂടെ?'' എന്നാണ്. അനുരഞ്ജനത്തിലൂടെ കാര്യങ്ങൾ സാധിക്കുന്നതാണല്ലോ അഭികാമ്യം. ആകാമെന്ന് എന്റെ വക്കീൽ കോടതിയെ അറിയിച്ചു. മാനേജ്മെന്റിനോട് ആരാഞ്ഞിട്ട് മറുപടി പറയാമെന്ന് അവരുടെ വക്കീലും പറഞ്ഞു. അങ്ങനെ അന്നും കോടതി പിരിഞ്ഞു.

അന്ന് എന്നെ പിരിച്ചുവിട്ടിട്ട് രണ്ടുവർഷം പൂർത്തിയായിരുന്നു. ഇത്രയും കാലമായ ഒരു അപ്പീലിന്മേൽ വാദം കേട്ട് വിധി പറയുന്നതിനുപകരം അനുരഞ്ജനത്തിന്റെ മാർഗ്ഗത്തിലേക്ക് കക്ഷികളെ വഴിതിരിച്ചുവിട്ട ജഡ്ജിയുടെ പ്രേരകശക്തി എന്താവും?

അനുരഞ്ജനത്തിന് തയ്യാറാണെന്ന് അടുത്ത അവധിക്ക് മാനേജ്മെന്റ് അറിയിച്ചു. കോടതി ഒരു മീഡിയേറ്ററെ നിയമിച്ചു.

മോൺസിഞ്ഞോർ തോമസ് മലേക്കുടി മാറി മോൺസിഞ്ഞോർ ഫ്രാൻസിസ് ആലപ്പാട്ട് ആയിരുന്നു അപ്പോഴത്തെ മാനേജർ. അദ്ദേഹവും കോർപറേറ്റ് എഡ്യുക്കേഷൻ സെക്രട്ടറി ഫാ. കുര്യാക്കോസ് കൊടകല്ലിയും അടുത്ത അവധിക്ക് മീഡിയേറ്ററുടെ മുമ്പാകെ ഹാജരായി. വകുപ്പുമേധാവിസ്ഥാനം, മാനേജ്മെന്റിലെ സീനിയോറിറ്റി എന്നിവയൊക്കെ വേണ്ടന്നുവെക്കാൻ തയ്യാറായാണ് ഞാൻ ചെന്നത്. എന്നാൽ അതൊന്നും മാനേജ്മെന്റിന് സമ്മതമല്ല. പിരിച്ചുവിടൽ എന്ന ശിക്ഷ ഇളവുചെയ്തു തൊട്ടുമുമ്പുള്ള കഠിനശിക്ഷ, നിർബന്ധിത വിരമിക്കൽ (compulsory retirement) ആക്കാമെന്ന് അവർ മീഡിയേറ്ററുടെ മുമ്പാകെ അറിയിച്ചു.

അധ്യാപകവൃത്തിയിൽ എന്നെ നിലനിർത്താൻ അവർക്ക് ഉദ്ദേശമില്ലെന്നു മനസ്സിലാക്കിയ ഞാൻ വി.ആർ.എസ്. (സ്വയം വിരമിക്കൽ) എടുത്തുകൊള്ളാമെന്ന് അറിയിച്ചു. അങ്ങനെ ചെയ്താൽ പെൻഷൻ

കണക്കാക്കുമ്പോൾ എനിക്ക് സർവ്വീസ് കുറഞ്ഞുപോകില്ല. മാനേജ്മെന്റിന് പ്രത്യേകിച്ച് ഒരു നഷ്ടവും ഉണ്ടാകാനുമില്ല.

സ്വയം വിരമിക്കണമെങ്കിൽ ഒരു ദിവസത്തേക്കെങ്കിലും ജോലിയിൽ തിരിയെ പ്രവേശിപ്പിക്കേണ്ടേ? അതിന് അവർ ഒരുക്കമല്ല.

അനുരഞ്ജനം നടന്നില്ല.

അടുത്ത അവധിക്ക് വാദം നടക്കുമെന്ന് വിചാരിച്ച് അഡ്വ. രാം കുമാറിനെ കൊണ്ടുപോയെങ്കിലും മാനേജ്മെന്റ് വക്കീൽ ഒരു അഡീഷണൽ പെറ്റീഷൻ ഫയൽ ചെയ്തതിനാൽ അന്നും വാദം നടന്നില്ല. അങ്ങനെ ഓരോ കാരണങ്ങൾ കണ്ടുപിടിച്ച് നടപ്പിലാക്കി മാനേജ്മെന്റ് വക്കീൽ കേസ് നീട്ടിക്കൊണ്ടുപോയി.

പല പല അവധികൾക്കുശേഷം 2013 ഒക്ടോബറിൽ വാദം നടക്കുമെന്ന് മിക്കവാറും കരുതിയതാണ്. അന്നു ചെന്നപ്പോൾ ജഡ്ജി ഉണ്ടായിരുന്നില്ല. അദ്ദേഹം ഹജ്ജിനു പോയിരിക്കുകയാണത്രെ!

മാർ ജോർജ് പുന്നക്കോട്ടിൽ വിരമിക്കുകയും കോതമംഗലം രൂപതയുടെ പുതിയ മെത്രാനായി മാർ ജോർജ് മഠത്തിക്കണ്ടത്തിൽ അഭിഷിക്തനാകുകയും ചെയ്തു. പുതിയ മെത്രാനെ അരമനയിൽ ചെന്നു കണ്ടെങ്കിലും ആദ്യസന്ദർശനത്തിൽത്തന്നെ ജോലിയിൽ തിരിച്ചെടുക്കുന്ന കാര്യം കോളജിന്റെ രക്ഷാധികാരിയ അദ്ദേഹത്തോട് സംസാരിക്കാൻ മനസ്സുവന്നില്ല. എന്നാൽ അടുത്ത ദിവസംതന്നെ ഫാ. എ. അടപ്പൂർ നിർബന്ധപൂർവ്വം പറഞ്ഞതിനാൽ ജോലിയിൽ പുനഃപ്രവേശിപ്പിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ഒരു കത്ത് അഭിവന്ദ്യപിതാവിന് ഞാൻ തപാലിൽ അയച്ചുകൊടുത്തു. എന്നാൽ അതിന് മറുപടിയൊന്നും ഉണ്ടായില്ല.

കുറേനാളുകൾ കഴിഞ്ഞ് അവധിക്കു വന്ന ചേച്ചി സിസ്റ്റർ മാരിസ്റ്റെല്ല ബിഷപ് ഹൗസിൽ പോയി പുതിയ മെത്രാനെ കാണുകയും എന്നെ തിരിച്ചെടുക്കുന്ന കാര്യം സംസാരിക്കുകയും ചെയ്തു. തനിക്കു മുമ്പുള്ളവർ എടുത്ത നടപടിയായതിനാൽ അതിൽ ഇടപെടാനാവില്ലെന്നാണ് അദ്ദേഹം അപ്പോൾ പറഞ്ഞത്.

പിന്നീടൊരുനാൾ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ എന്റെ വീട്ടിൽ വരികയും പ്രാർത്ഥന നടത്തുകയും ചെയ്തു. എന്നാൽ ജീവനമാർഗ്ഗം മാത്രം തുറന്നുതന്നില്ല.

മതനിന്ദാക്കുറ്റം ആരോപിച്ച് എനിക്കെതിരെ പോലീസ് സ്വമേധയാ എടുത്ത കേസ് പിൻവലിക്കണമെന്ന് എന്റെ നേരേയുണ്ടായ ആക്രമണത്തിനുശേഷം ഞാൻ മുഖ്യമന്ത്രിക്കും ആഭ്യന്തരമന്ത്രിക്കും അപേക്ഷ സമർപ്പിച്ചിരുന്നതാണ്. മതപ്രീണനത്തിന്റെ ഭാഗമായി എടുത്ത ആ കേസ് പിൻവലിക്കാൻ സർക്കാരിന് ആർജ്ജവമുണ്ടായില്ല. അതിനാൽ കേസിന് ആധാരമായ എഫ്.ഐ.ആർ. റദ്ദ്

(quash) ചെയ്യുന്നതിനായി ഹൈക്കോടതിയിൽ ഞാൻ അപേക്ഷ സമർപ്പിച്ചു. അപ്പോഴേക്കും പുതിയ സർക്കാർ അധികാരത്തിൽ വന്നിരുന്നു. എന്റെ നേരേ പോലീസ് നടപടി നിലവിലില്ലെന്ന് സർക്കാർ ആദ്യം കോടതിയിൽ അറിയിച്ചെങ്കിലും പിന്നീട് അഭിപ്രായം മാറ്റി. കേസിന്റെ അന്വേഷണം പൂർത്തിയായതാണെന്നും മതനിന്ദാക്കേസ് ആയതിനാൽ ചാർജ്ഷീറ്റ് സമർപ്പിക്കുന്നതിന് സർക്കാർ അനുമതിക്കു കാത്തിരിക്കുകയാണെന്നും സർക്കാർ വക്കീൽ കോടതിയെ അറിയിച്ചു. ഡി.ജി.പി. (ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻസ്) മുസ്‌ലിം സമുദായാംഗമായതാണ് എനിക്കു വിനയായതെന്ന് പറയപ്പെടുന്നു.

കോടതിയിൽ ചാർജ്ഷീറ്റ് സമർപ്പിക്കുമ്പോൾ ഡിസ്ചാർജ് പെറ്റീഷൻ നല്കാൻ ഉപദേശിച്ചുകൊണ്ട് ക്വാഷ് ചെയ്യാനുള്ള എന്റെ അപേക്ഷ ഹൈക്കോടതി തള്ളി. മതവികാരവുമായി ബന്ധപ്പെട്ട കേസായതിനാലാണ് എന്റെ അപേക്ഷ പരിഗണിച്ച ജഡ്ജി പീലാത്തോസിനെപ്പോലെ കൈകഴുകിയതെന്ന് എൻ.ഐ.എയിലെ ഒരു ഐ.പി.എസ്. ഉദ്യോഗസ്ഥൻ എന്നോടു പറയുകയുണ്ടായി.

തൊടുപുഴ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 327/2010 കേസിന്റെ ചാർജ്ഷീറ്റ് 2013-ൽ തൊടുപുഴ സി.ജെ.എം. കോടതിയിൽ പോലീസ് സമർപ്പിച്ചു. സമൻസു കിട്ടിയ ഞാൻ കോടതിയിൽ പോയി വീണ്ടും ജാമ്യമെടുത്തു. കേസ് അടിസ്ഥാനരഹിതമായതിനാൽ എന്നെ കുറ്റവിമുക്തനാക്കണമെന്ന് ഞാൻ കോടതിയിൽ അപേക്ഷ നൽകി. എനിക്കുവേണ്ടി അഡ്വ. രാംകുമാർ കോടതിയിൽ ഹാജരായി. കേസിന്റെ ഉള്ളടക്കം പരിശോധിച്ച കോടതി 153 എ, 295 എ, 505(2) എന്നീ വകുപ്പുകൾ ചേർത്ത് എനിക്കെതിരെ എടുത്ത കേസ് അടിസ്ഥാനരഹിതമാണെന്നു കണ്ടെത്തുകയും എന്നെ കുറ്റവിമുക്തനാക്കുകയും ചെയ്തു.

വിവാദചോദ്യത്തിനുള്ള എന്റെ ഭാഷ്യംതന്നെയാണ് കോടതിയും അനുവർത്തിച്ചത്.

ചോദ്യത്തിൽ 'മുഹമ്മദ്' എന്ന പേരു ചേർത്തത് പ്രവാചകനായ മുഹമ്മദിനെ ഉദ്ദേശിച്ചാണെന്ന് ചില മുസ്‌ലിം സഹോദരങ്ങൾ തെറ്റിദ്ധരിച്ചതാണ് വിവാദത്തിന് കാരണമായതെന്ന് വിധിന്യായത്തിൽ പറയുന്നു. അറിവില്ലാത്തവരും മതഭ്രാന്തന്മാരും പറയുന്നതുകേട്ട് ഒരു പ്രവൃത്തിയെ വിലയിരുത്താൻ സാധിക്കില്ല. ആരുടെയെങ്കിലും പ്രതിഷേധത്തെ അടിസ്ഥാനമാക്കി ഒരു പ്രവൃത്തി കുറ്റകൃത്യമാണെന്നും പറഞ്ഞുകൂടാ. വിവേകപൂർണ്ണമായ ഒരു വായനാശീലം നമ്മൾ ശീലിക്കേണ്ടതുണ്ടെന്ന് സുപ്രീംകോടതി വിധി ഉദ്ധരിച്ചുകൊണ്ട് ബഹുമാനപ്പെട്ട കോടതി ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു.

ആ വിധി വന്നത് 2013 നവംബർ 13-നാണ്. 11.30-ന് വിധിയറിഞ്ഞു. അപ്പോൾ മുതൽ നിലയ്ക്കാത്ത ഫോൺകോളുകൾ. സുഹൃത്തുക്കൾ മധുരം കൊണ്ടുവന്നു. പ്രതികരണം ആരാഞ്ഞുകൊണ്ട് പത്രക്കാരും ചാനലുകാരും വന്നു. ഞാൻ പറഞ്ഞു:

''വിധിയിൽ സന്തോഷം. ഈ വിധി കേൾക്കാൻ ജീവനോടെ ഇരിക്കുന്നതിലും സന്തോഷം. എല്ലാവർക്കും നന്ദി.''

# തിരുവാമൊഴികൾ

എന്നെ കുറ്റവിമുക്തനാക്കിയ വിധി വന്നതിന് തൊട്ടടുത്ത ഞായറാഴ്ച രാവിലെ ഞാൻ പള്ളിയിൽ പോയിട്ടുവരുമ്പോൾ ഭക്ഷണംപോലും ഉണ്ടാക്കാതെ സലോമി ടിവിയുടെ മുമ്പിൽ ഇരിപ്പാണ്. എന്നെ കോളജിൽ തിരിച്ചെടുക്കുമെന്ന് കോളജ് മാനേജർ മോൺസിഞ്ഞോർ ഫ്രാൻസിസ് ആലപ്പാട്ട് പറഞ്ഞുവത്രെ. ടി.വിയിൽ വാർത്ത വന്നു. അവൾ ആകപ്പാടെ സന്തോഷത്തിലാണ്.

നിർമ്മല കോളജിൽ സഹപ്രവർത്തകനായിരുന്ന പ്രൊഫ. റ്റി. എ. ജോയിയാണ് രാവിലെ ഒരു ന്യൂസ് ചാനലിൽ വന്ന വാർത്ത ഫോണിലൂടെ അറിയിച്ചത്. ഉടനെ ടി.വി. ഓണാക്കി അതിന്റെ മുമ്പിൽ മതിമറന്നിരിപ്പാണവൾ.

ടി.വിയുടെ മുമ്പിൽ ആകാംക്ഷയോടെ ഞാനുമിരുന്നു. ആ വാർത്ത വീണ്ടും വന്നു. കോടതി കുറ്റവിമുക്തനാക്കിയ എന്നെ ജോലിയിൽ തിരിയെ പ്രവേശിപ്പിക്കാൻ വിയോജിപ്പില്ല എന്ന് ഒരു ചോദ്യത്തിന്റെ മറുപടിയായി മാനേജർ പറയുന്നതാണ് സംഭവം. അല്ലാതെ തിരിച്ചെടുക്കുമെന്ന് ഖണ്ഡിതമായി പറഞ്ഞിട്ടില്ല. എങ്കിലും അത് നല്ല ഒരു സൂചനയാണ്. എന്നെ തിരിച്ചെടുക്കുന്ന കാലം വിദൂരമല്ലെന്ന് എനിക്കും തോന്നി.

പിരിച്ചുവിട്ടിട്ട് അപ്പോൾ മൂന്നുവർഷം കഴിഞ്ഞിരുന്നു. സാമ്പത്തിക ക്ലേശങ്ങൾ ബാധിച്ചുതുടങ്ങിയിരുന്നു. സലോമിയുടെ സ്വർണ്ണാഭരണങ്ങൾ മിക്കവാറും ഇതിനോടകം ബാങ്കിൽ പണത്തിലായിക്കഴിഞ്ഞിരുന്നു.

ആമിക്ക് ഡൽഹിക്കടുത്ത് മെഡാന്റ മെഡിസിറ്റി ഹോസ്പിറ്റലിൽ സ്റ്റാഫ് നേഴ്സ് ആയി ജോലി കിട്ടിയിരുന്നു. പതിനായിരം രൂപ മാസംതോറും അവൾ വീട്ടിലേക്ക് അയച്ചുതുടങ്ങി. അതിനാൽ തിരുവനന്തപുരത്ത് സർക്കാരിന്റെ സിവിൽ സർവ്വീസ് അക്കാദമിയിൽ കോച്ചിങ്ങിനു ചേർന്ന മിഥുന് വേണ്ട ചെലവുകൾക്കുള്ള പണം അതിൽനിന്ന് അയയ്ക്കാൻ സാധിച്ചു.

ഏതെങ്കിലും ബ്യൂട്ടിപാർലറിലോ വ്യാപാരസ്ഥാപനങ്ങളിലോ ജോലിക്കുപോകാൻ സലോമി തയ്യാറായതാണ്. എന്നാൽ രോഗിയായ അമ്മയുള്ളതിനാൽ അതു വേണ്ടെന്നു പറഞ്ഞത് ഞാനാണ്. ഒരിക്കൽ വീടിനരികെയുള്ള റോഡിന്റെ പാർശ്വങ്ങൾ തൊഴിലുറപ്പുപദ്ധതി പ്രകാരം സ്ത്രീകൾ വൃത്തിയാക്കുന്നതുകണ്ടപ്പോൾ ആ പണിക്കുപോകാമെന്ന് അവൾ ആവേശത്തോടെ പറഞ്ഞു. അവിടെ തൊഴിൽ സമയം താരതമ്യേന കുറവുമാണല്ലോ. എന്നാൽ അതിനൊന്നും വിടാൻ എന്റെ മനസ്സനുവദിച്ചില്ല.

അങ്ങനെയിരിക്കുമ്പോഴാണ് ജോലിയിൽ തിരിച്ചെടുക്കുമെന്ന സൂചന കിട്ടുന്നത്. തിരുനാളിന് കൊടിയേറുമ്പോഴുണ്ടാകുന്ന ഉത്സാഹത്തോടെ അന്ന് സലോമി വിശിഷ്ടവിഭവങ്ങൾ ഉണ്ടാക്കി. ഏറ്റവും അടുത്ത സുഹൃത്തുക്കളെയും

വീട്ടിൽ കാവൽക്കാരായി ഉണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥരെയും ക്ഷണിച്ച് അത്താഴവിരുന്ന് നല്കുകയും ചെയ്തു.

ഒരാഴ്ച കഴിഞ്ഞിട്ടും മാനേജ്മെന്റ് ഭാഗത്തുനിന്നും നീക്കങ്ങളൊന്നും ഉണ്ടാകാതെവന്നപ്പോൾ ഞാൻ കോതമംഗലം അരമനയിൽ ചെന്ന് മാനേജരെയും കോർപറേറ്റ് എഡ്യുക്കേഷൻ സെക്രട്ടറി ഫാ. കുര്യാക്കോസ് കൊടകല്ലിയെയും കണ്ടു. കോടതി കുറ്റവിമുക്തനാക്കിയതിനാൽ ജോലിയിൽ തിരിച്ചെടുക്കുന്ന കാര്യം ആലോചിക്കാമെന്ന് അവർ അറിയിച്ചു. പ്രാരംഭമായി ബിഷപ്പിനെ കണ്ടുകൊള്ളാൻ അവർ നിർദ്ദേശിക്കുകയും ചെയ്തു. അന്ന് ബിഷപ് സ്ഥലത്തില്ലാതിരുന്നതിനാൽ രണ്ടുദിവസം കഴിഞ്ഞ് വീണ്ടും അരമനയിൽ പോയി ബിഷപ്പിനെ കണ്ടു. അരമണിക്കൂർ കുശലം പറഞ്ഞ ബിഷപ് തിരിച്ചെടുക്കുന്നതിന്റെ കാര്യങ്ങൾ മാനേജരച്ചനോട് സംസാരിച്ചുകൊള്ളാനാണ് പറഞ്ഞത്. അന്നുതന്നെ ഉച്ചയ്ക്കുശേഷം രണ്ടുമണിക്ക് വാഴക്കുളത്തുള്ള എൻജിനീയറിങ് കോളജിൽ ചെന്ന് മാനേജരെ കണ്ടു. 2014 മാർച്ച് 31 ആണ് എന്റെ വിരമിക്കൽ തീയതി. അതിനുമുമ്പായി തിരിച്ചെടുക്കാമെന്ന് മാനേജർ സമ്മതിച്ചു. മാത്രമല്ല, യൂണിവേഴ്സിറ്റി അപ്പലറ്റ് ട്രൈബ്യൂണലിൽ സമർപ്പിക്കാൻ ഒരു ഒത്തുതീർപ്പ് ഹർജി (compromising petition) വക്കീലിനെക്കൊണ്ട് എഴുതിപ്പിക്കാൻ പറയുകയും ചെയ്തു.

എറണാകുളത്തുപോയി എന്റെ വക്കീലന്മാരിൽ ഒരാളായ പി. വിജയകുമാറിനെക്കൊണ്ട് ഒരു ഒത്തുതീർപ്പ് ഹർജി എഴുതിപ്പിച്ചു. 2014 ജനുവരി 16-ന് വാഴക്കുളം എൻജിനീയറിങ് കോളജിൽ ചെന്ന് ഒത്തുതീർപ്പ് ഹർജിയുടെ നക്കൽ മാനേജർക്കു നല്കി. അതു വാങ്ങിയിട്ട് മാനേജർ പറഞ്ഞത് മാനേജ്മെന്റിന്റെ വക്കീലിനെ ഒന്നുകാണിച്ച് അഭിപ്രായം തേടണം എന്നാണ്.

എന്നാൽ ഒരു മാസമായിട്ടും മാനേജരിൽനിന്ന് പ്രതികരണം ഉണ്ടാകാതെ വന്നപ്പോൾ ഫെബ്രുവരി 14-ന് അരമനയിൽപോയി വീണ്ടും ബിഷപ്പിനെ കണ്ടു. കാര്യങ്ങളൊക്കെ നടത്തുന്നത് മാനേജരായതുകൊണ്ട് അദ്ദേഹത്തെത്തന്നെ കാണാൻ ബിഷപ്പ് നിർദ്ദേശിച്ചു. അന്ന് മാനേജർ അവിടെ ഇല്ലാതിരുന്നതിനാൽ പിറ്റേന്നുതന്നെ അരമനയിൽ ചെന്ന് മാനേജരെ കണ്ടു.

''ഒത്തുതീർപ്പു ഹർജിയിൽ മാറ്റം വരുത്തേണ്ടതുണ്ടെന്നാണ് ഞങ്ങളുടെ വക്കീൽ പറയുന്നത്.''

മാനേജർ പറഞ്ഞു. അതു സമ്മതിച്ച് ഞാൻ മടങ്ങിപ്പോരുകയും ചെയ്തു.

അഞ്ചുദിവസം കഴിഞ്ഞ് ഫെബ്രുവരി 20-ന് ഉച്ചയോടുകൂടി അരമനയിൽ നിന്നുവന്ന ഒരാൾ മാനേജർ കൊടുത്തുവിട്ട കവർ എനിക്കു തന്നു. മാനേജ്മെന്റ് വക്കീൽ എഴുതിയുണ്ടാക്കിയ പുതിയ ഒത്തുതീർപ്പു ഹർജിയായിരുന്നു അത്.

ആകാംക്ഷയോടെ ആ ഹർജിയുടെ നക്കൽ വായിച്ചുകൊണ്ടിരുന്ന ഞാൻ തലയ്ക്കടിയേറ്റതുപോലെ സ്തംഭിച്ചുപോയി. എന്നെ തിരിച്ചെടുക്കുന്ന കാര്യമേ ഇല്ല. പിരിച്ചുവിടൽ ശിക്ഷ ഇളവുചെയ്ത് നിർബന്ധിത വിരമിക്കൽ

ആക്കിയിരിക്കുന്നു. രണ്ടുവർഷം മുമ്പ് അനുരഞ്ജന മീറ്റിങ്ങിൽ അവർ പറഞ്ഞതും ഞാൻ നിരസിച്ചതുമായ കാര്യം.

പിറ്റേന്നു രാവിലെതന്നെ ഞാൻ അരമനയിൽ പോയി. മാനേജരച്ചനെ ഓഫീസിൽ കാണാഞ്ഞ് മറ്റൊരു കെട്ടിടത്തിന്റെ രണ്ടാംനിലയിൽ ചെന്ന് അദ്ദേഹത്തിന്റെ മുറിയുടെ വാതിലിൽ മുട്ടി. എന്റെ വരവ് പ്രതീക്ഷിച്ചിരുന്നതിനാലാവണം അദ്ദേഹത്തിന്റെ ചേഷ്ടകളിലെല്ലാം ഒരു ഉദാസീനത പ്രകടമായിരുന്നു. ഇരിക്കാൻ പറഞ്ഞിട്ട് അദ്ദേഹം യാന്ത്രികമായി എന്നെ നോക്കി. തിരിച്ചെടുക്കാമെന്നു പറഞ്ഞിട്ട് അതൊന്നും ഹർജിയിൽ ഇല്ലല്ലോ എന്നു പറഞ്ഞപ്പോൾ അദ്ദേഹം തലയാട്ടി. എന്നിട്ടു പറഞ്ഞു:

''വക്കീല് സമ്മതിക്കുന്നില്ല. തിരിച്ചെടുത്താൽ ഒരുപക്ഷേ, മാനേജ്മെന്റിന് ദോഷമായിട്ടുവരുമെന്നാണ് പറയുന്നത്.''

''നമ്മുടെ ഒത്തുതീർപ്പു ഹർജി ട്രൈബ്യൂണലിൽ ഫയൽ ചെയ്യുകയല്ലേ; അത് ഡിക്രി(വിധി)യാക്കിത്തരുന്നത് കോടതിയല്ലേ. പിന്നെന്താ പ്രശ്നം?''

ഞാൻ ചോദിച്ചു.

''താൻ ഇത്രയും പണം പറ്റിയിട്ട് മാനേജ്മെന്റിന് ദോഷകരമായി ഒന്നും ചെയ്യില്ലെന്നാണ് വക്കീൽ പറയുന്നത്.''

''എത്ര പണമാണ് കൊടുത്തത്?''

ഞാൻ അറിയാതെ ചോദിച്ചുപോയി.

''പണ്ടുകൊടുത്തത് എത്രയാണെന്ന് എനിക്കറിഞ്ഞുകൂടാ. ഇപ്പോൾ ഓരോ കേസവധിക്കുപോകുമ്പോഴും മുപ്പതിനായിരം രൂപ കൊടുക്കുന്നുണ്ട്.''

മാനേജർ പറഞ്ഞു.

കേസവധികൾ നാല്പതിൽ കൂടുതലായി. ഞാൻ മനക്കണക്കുകൂട്ടി. യാത്രപ്പടി ഇനത്തിൽ മാത്രം ഇപ്പോൾ പന്ത്രണ്ടുലക്ഷത്തിൽ കൂടുതലായി. വെറുതെയല്ല വക്കീൽ സമ്മതിക്കാത്തത്. പൊൻമുട്ടയിടുന്ന താറാവിനെ ആരെങ്കിലും കൊല്ലുമോ?

എന്തു പറയണമെന്നറിയാതെ ഞാൻ മൗനം പൂണ്ടു.

മാനേജ്മെന്റ് വക്കീൽ എഴുതിയ ഒത്തുതീർപ്പ് ഹർജിയിലെ നിർദ്ദേശം–നിർബന്ധിത വിരമിക്കൽ–ഞാൻ സ്വീകരിക്കില്ലെന്ന് അറിയാമായിരുന്നതുകൊണ്ടാകണം മാനേജർ പറഞ്ഞു:

''അപ്പീലിന്മേൽ ട്രൈബ്യൂണലിന്റെ വിധി വരട്ടെ. അതാണെന്റെ അഭിപ്രായം. അതേ നടക്കുകയുള്ളൂ.''

അന്ന് 2014 ഫെബ്രുവരി 21–ാം തീയതിയായിരുന്നു. മാർച്ച് 31–നു മുമ്പ് ട്രൈബ്യൂണലിൽനിന്ന്, വാദം നടക്കാത്ത ഒരു കേസിൽ ഏതായാലും വിധി ഉണ്ടാകില്ല. അതിനാൽ കോളജ് അധ്യാപകനായി റിട്ടയർ ചെയ്യാനുള്ള ആഗ്രഹം ആ അരമനക്കെട്ടുകളിൽ ഉപേക്ഷിച്ചിട്ട് ഞാൻ അതിന്റെ പടികളിറങ്ങി.

കോടതി കുറ്റക്കാരനല്ലെന്നു കണ്ടെത്തിയ എന്നെ സർവ്വീസിൽ തിരിച്ചെടുക്കണമെന്ന് ന്യൂമാൻ കോളജിലെയും നിർമ്മല കോളജിലെയും ഭൂരിപക്ഷം അധ്യാപകരും ഒപ്പിട്ട നിവേദനം കോളജുകളുടെ രക്ഷാധികാരിയായ ബിഷപ്പിനു സമർപ്പിച്ചെങ്കിലും നിവേദനവുമായി ചെന്ന പ്രൊഫസർമാരെ അദ്ദേഹം ശകാരത്തോടെയാണ് സ്വീകരിച്ചത്.

അടുത്തദിവസം എറണാകുളത്തു ചെന്ന് അഡ്വ. വിജയകുമാറിനെ കണ്ട് മാനേജ്മെന്റ് എന്നെ തിരിച്ചെടുക്കില്ലെന്ന് അറിയിച്ചു. കുറ്റവിമുക്തമാക്കിയ ഉത്തരവ് ഞാൻ അദ്ദേഹത്തിന് കൊടുത്തിരുന്നുവെങ്കിലും അത് അദ്ദേഹം ട്രൈബ്യൂണലിൽ സമർപ്പിച്ചിരുന്നില്ല. മാനേജ്മെന്റ് എന്നെ ജോലിയിൽ സ്വമേധയാ തിരിച്ചെടുക്കാൻ പോകുവല്ലേ; പിന്നെന്തിന് അതൊക്കെ ട്രൈബ്യൂണലിൽ ഫയൽ ചെയ്യണം? ശുദ്ധഹൃദയനായ എന്റെ വക്കീൽ ചിന്തിച്ചതതാണ്.

അതുതന്നെയായിരുന്നു മാനേജ്മെന്റിന്റെ ഉദ്ദേശ്യം. 2013 നവംബർ 13-നു വന്ന കുറ്റവിമുക്തമാക്കൽ വിധി ട്രൈബ്യൂണലിൽ സമർപ്പിച്ച് അനുകൂലവിധി സമ്പാദിച്ച് ഞാൻ ഒരിക്കലും കോളജിൽ പ്രവേശിക്കാതിരിക്കാൻ അവർ സ്വീകരിച്ച ഒരു കപടതന്ത്രമായിരുന്നു ആ തിരിച്ചെടുക്കൽ വാഗ്ദാനം. അതിൽ അവർ പൂർണ്ണമായി വിജയിക്കുകയും ചെയ്തു.

എത്രയും പെട്ടെന്ന് എന്നെ കുറ്റവിമുക്തനാക്കിയ സി.ജെ.എം. കോടതിയുടെ ഉത്തരവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്യാൻ ഞാൻ അഡ്വ. വിജയകുമാറിനോട് ആവശ്യപ്പെട്ടു. എന്നാൽ അതിനെതിരേ തൊടുപുഴ ന്യൂമാൻ കോളജ് പ്രിൻസിപ്പൽ ഡോ. റ്റി.എം. ജോസഫ് സ്റ്റേ വാങ്ങി. എന്നെ കുറ്റവിമുക്തനാക്കിയ വിധിയുടെ പ്രസക്തഭാഗങ്ങൾ റദ്ദാക്കണമെന്നാവശ്യപ്പെട്ട് അദ്ദേഹം ഹൈക്കോടതിയിൽ ഫയൽ ചെയ്ത Cr/M.C. No 1591/ 2014 കേസിലായിരുന്നു ആ സ്റ്റേ ഉത്തരവ്.

അദ്ദേഹം കൊടുത്ത ഹർജിയുടെ സംക്ഷിപ്തം ഇതാണ്:

കേസിലെ പരാതിക്കാരൻ തൊടുപുഴ ന്യൂമാൻ കോളജിലെ പ്രിൻസിപ്പലാണ്. ഒന്നാം എതിർകക്ഷി ടി.ജെ. ജോസഫ് ആ കോളജിലെതന്നെ മലയാള വിഭാഗം അധ്യാപകനായിരുന്നു. അയാളുടെ പേരിൽ IPC 153 A; 295 A; 505 (2) എന്നീ വകുപ്പുകൾ ഉൾപ്പെടുത്തി ഇടുക്കി ഡിവൈഎസ്പി ഒരു കേസെടുത്തിരുന്നു. ആ കേസിനാസ്പദമായ കാര്യങ്ങളുടെ പേരിൽ അയാൾക്കെതിരേ കോളജ് മാനേജർ അച്ചടക്കനടപടികൾ എടുക്കുകയും നിയമപരമായ നടപടികൾ പൂർത്തീകരിച്ച് അയാളെ സർവ്വീസിൽനിന്ന് പിരിച്ചുവിട്ടിരിക്കുകയുമാണ്. പിരിച്ചുവിടലിനെതിരേ അയാൾ യൂണിവേഴ്സിറ്റി അപ്പലെറ്റ് ട്രൈബ്യൂണലിൽ നൽകിയിട്ടുള്ള അപ്പീലിന്മേൽ വാദം കേൾക്കാനിരിക്കുകയുമാണ്. ഇവിടെ പ്രസക്തമായ ഒരു കാര്യം പിരിച്ചുവിടൽ നടപടിക്കു കാരണമായ കുറ്റവും ഇടുക്കി ഡിവൈഎസ്പി

രജിസ്റ്റർ ചെയ്ത കേസിലെ കുറ്റകൃത്യവും അടിസ്ഥാനപരമായി ഒന്നും ഒരുപോലെയുള്ളതും ആണെന്നുള്ളതാണ്.

അന്വേഷണം പൂർത്തീകരിച്ചതിനുശേഷം മേല്പടി കേസിലുള്ള കുറ്റപത്രം തൊടുപുഴ സി.ജെ.എം. കോടതിയിൽ അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിക്കുകയും സമൻസ് കിട്ടിയ പ്രതി സി.ജെ.എം. കോടതിയിൽ ഹാജരായി ജാമ്യം എടുക്കുകയും ചെയ്തു. പിന്നീട് അയാൾ തന്നെ കുറ്റവിമുക്തനാക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് C.M.P. No 5158/ 2013 നമ്പരായി ഒരു ഡിസ്ചാർജ് പെറ്റീഷൻ നല്കി. കുറ്റപത്രത്തിൽ ചേർക്കപ്പെട്ടിരിക്കുന്ന സാക്ഷിമൊഴികളെല്ലാം പ്രതി കുറ്റക്കാരനാണെന്ന് ഒരേ സ്വരത്തിൽ വെളിപ്പെടുത്തുന്നവയാണ്. എന്നിരിക്കെ, പ്രതിയായ ടി.ജെ. ജോസഫിന്റെ ഡിസ്ചാർജ് പെറ്റീഷൻ പരിഗണിച്ച കോടതിക്ക് മൊത്തത്തിൽ തെറ്റുപറ്റുകയും 2013 നവംബർ 13-ലെ ഉത്തരവുപ്രകാരം ടി.ജെ. ജോസഫ് കുറ്റവിമുക്തനാക്കപ്പെടുകയും ചെയ്തിരിക്കുന്നു. അയാൾ ആ കോടതി ഉത്തരവിന്റെ ഒരു സർട്ടിഫൈഡ് കോപ്പി ഇതിനോടകം ലഭ്യമാക്കുകയും തന്നെ പിരിച്ചുവിടാൻ ഇടയാക്കിയ എൻക്വയറി റിപ്പോർട്ടിനെ ഖണ്ഡിക്കാൻ ആ ഉത്തരവ് യൂണിവേഴ്സിറ്റി അപ്പലറ്റ് ട്രൈബ്യൂണലിൽ സമർപ്പിക്കാനുള്ള ഉത്സാഹത്തിലുമാണ്. അതിനാൽ അയാളെ കുറ്റവിമുക്തനാക്കിയ കോടതി ഉത്തരവിന്റെ പ്രസക്തഭാഗങ്ങൾ റദ്ദുചെയ്യേണ്ടത് പരാതിക്കാരന് ഒഴിവാക്കാനാവാത്ത കാര്യമാണ്. മാത്രമല്ല; കീഴ്ക്കോടിയുടെ കണ്ടെത്തലുകൾ കുറ്റപത്രത്തിലുള്ള സാക്ഷിമൊഴികൾക്കും വസ്തുതകൾക്കും കടകവിരുദ്ധവുമാണ്.

പ്രിൻസിപ്പൽ ഡോ. റ്റി.എം. ജോസഫ് ഹൈക്കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ ചോദ്യപേപ്പർ കേസിലെ 7 മുതൽ 11 വരെ സാക്ഷികളുടെ ഒരേ സ്വരത്തിലുള്ള മൊഴികൾ എന്നെ കുറ്റക്കാരനാക്കാൻ പര്യാപ്തമാണെന്ന് കുറ്റപത്രത്തിന്റെ കോപ്പി സമർപ്പിച്ചുകൊണ്ട് ബോധിപ്പിക്കുകയാണ്.

7-ാം സാക്ഷി മലയാളം അധ്യാപകനും കോളജ് ബർസാറുമായ ഫാ. രാജു ജേക്കബ് (മാനുവൽ പിച്ചലക്കാട്ട്) ആണ്. കൃത്യചോദ്യം തയ്യാറാക്കിയത് ഈ കേസിലെ പ്രതിതന്നെയാണെന്നും ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം പ്രതിക്കുതന്നെ ആണെന്നും കൃത്യചോദ്യം മുസ്‌ലിം മതവികാരത്തെ വ്രണപ്പെടുത്തുന്നതാണെന്നും ചോദ്യം ഒഴിവാക്കേണ്ടതായിരുന്നെന്നും പ്രതി തയ്യാറാക്കിയ ചോദ്യപേപ്പറിലെ കൈയക്ഷരം പ്രതിയുടേതുതന്നെ ആണെന്നുമൊക്കെയാണ് പ്രതിയുടെ സഹപ്രവർത്തകനും ശിഷ്യനുമായിരുന്ന ആ സാക്ഷി, മൊഴി കൊടുത്തിരിക്കുന്നത്.

8-ാം സാക്ഷി പ്രിൻസിപ്പൽ ടി.എം. ജോസഫ്തന്നെയാണ്. അദ്ദേഹം ഫാ. രാജു ജേക്കബ് പറഞ്ഞതുതന്നെ ആവർത്തിക്കുകയാണ്.

10–ാം സാക്ഷിയും 11–ാം സാക്ഷിയും പ്രിൻസിപ്പലിന്റെ ചൊല്പടിക്കാരായ അധ്യാപകരാണ്. അവരും അതുതന്നെയാണ് ഏറ്റുപറയുന്നത്.

9–ാം സാക്ഷി കോളജ് മാനേജർ ഫാ. തോമസ് മലേക്കുടി ആണ്. പ്രതി മാനേജ്മെന്റുമായി നീരസത്തിലാണെന്നും അതിനാൽ ചോദ്യപേപ്പർ വിവാദം മനഃപൂർവ്വമായി ഉണ്ടാക്കിയിട്ടുള്ളതാണെന്നുമാണ് അദ്ദേഹത്തിന്റെ സാക്ഷ്യപ്പെടുത്തൽ.

തങ്ങളൊക്കെ ഒറ്റക്കെട്ടായി മൊഴിപറഞ്ഞിട്ടും പ്രതിയെ കുറ്റവിമുക്തനാക്കിയത് വലിയ പ്രമാദമായിപ്പോയെന്നാണ് പ്രിൻസിപ്പൽ ടി.എം. ജോസഫിന്റെ വാദം.

മതനിന്ദ നടത്തിയെന്നാരോപിച്ച് എനിക്കെതിരേ എടുത്ത കേസിൽ പരാതിക്കാരില്ലായിരുന്നു. പോലീസ് സ്വമേധയാ എടുത്ത കേസാണത്. എഫ്.ഐ.ആറിൽ പരാതിക്കാരന്റെ പേരെഴുതേണ്ട കോളത്തിൽ തൊടുപുഴ എസ്.ഐ., ഷിന്റോ പി. കുര്യന്റെ പേരാണുള്ളത്. ക്രിമിനൽ കേസായതിനാൽ വാദി സർക്കാർ ആണ്. കീഴ്ക്കോടതി വിധിയിന്മേൽ അപ്പീൽ കൊടുക്കാനുള്ള അവകാശം സർക്കാരിനുണ്ട്. കേസിൽ ആരോപിക്കപ്പെട്ട മാതിരി മുസ്‌ലിം സമുദായത്തിൽപ്പെട്ടവരുടെ വികാരം വ്രണപ്പെട്ടിട്ടുണ്ടെങ്കിൽ അവർക്കും അപ്പീൽ കൊടുക്കാമായിരിക്കും. ചോദ്യപേപ്പർ വിവാദത്തിന്റെ നിജസ്ഥിതി ബോധ്യപ്പെട്ടതിനാൽ എന്നെ കുറ്റവിമുക്തനാക്കിയ വിധി റദ്ദാക്കാൻ അവരാരും അപ്പീൽ നല്കിയില്ല. ആ സാഹചര്യത്തിലാണ് വിധി റദ്ദുചെയ്യാനുള്ള അപേക്ഷയുമായി പ്രിൻസിപ്പൽ ഡോ. ടി.എം. ജോസഫ് ഹൈക്കോടതിയെ സമീപിക്കുന്നത്.

കീഴ്ക്കോടതി വിധി റദ്ദുചെയ്യാനുള്ള പരാതിക്കാരന്റെ അപേക്ഷയിന്മേൽ ഹൈക്കോടതി തീർപ്പുകല്പിക്കുംവരെ കീഴ്ക്കോടതി വിധി സ്റ്റേചെയ്യണം. അല്ലെങ്കിൽ ആയത് ഒന്നാം എതിർകക്ഷിയായ ടി.ജെ. ജോസഫ്, താൻ അപ്പീൽ നല്കിയ യൂണിവേഴ്സിറ്റി ട്രൈബ്യൂണലിൽ ഹാജരാക്കുകയും അതുവഴി അപരിഹാര്യമായ കഷ്ടനഷ്ടങ്ങൾ കോളജ് മാനേജ്മെന്റിന് ഉണ്ടാക്കുകയും ചെയ്യുമത്രേ. അതിനാൽ കുറ്റവിമുക്തനാക്കിയ കീഴ്ക്കോടതി ഉത്തരവ് ടി.ജെ. ജോസഫ് യൂണിവേഴ്സിറ്റി അപ്പലറ്റ് ട്രൈബ്യൂണലിലോ മറ്റേതെങ്കിലും അധികാരസ്ഥാനത്തോ സമർപ്പിക്കുന്നതിനെ വിലക്കണമെന്നായിരുന്നു പ്രിൻസിപ്പൽ ടി.എം. ജോസഫിന്റെ ഹർജിയിലെ വിനീതമായ അപേക്ഷ.

ഏതായാലും ആ ഹർജിയിൽ, ചോദ്യപേപ്പർ വിവാദം ഒരു ക്രിമിൽക്കേസാക്കിത്തീർത്തതിൽ അദ്ദേഹത്തിനുണ്ടായിരുന്ന ഉത്സാഹവും അതേത്തുടർന്ന് എന്നെ പിരിച്ചുവിട്ട മാനേജ്മെന്റ് നടപടിയിൽ അദ്ദേഹത്തിനുണ്ടായിരുന്ന പങ്കാളിത്തവും മറനീങ്ങി വെളിപ്പെടുന്നുണ്ട്.

2014 മാർച്ച് 10–ന് ഫയൽ ചെയ്ത ആ ഹർജിയുടെ നോട്ടീസ് കോടതിയിൽനിന്ന് എനിക്കു ലഭിക്കുന്നത് 2014 ഏപ്രിൽ ആദ്യവാരത്തിലാണ്. അതിനിടെ അവിചാരിതങ്ങൾ പലതും സംഭവിച്ചിരുന്നു.

# അദ്ധ്യായം മുപ്പത്തിനാല്

ജോലിയിൽ തിരിച്ചെടുക്കില്ലെന്ന് ഉറപ്പായതോടെ തകർന്നുവീണത് ഞാനും സലോമിയും രണ്ടുമൂന്നു മാസക്കാലമായി പടുത്തുയർത്തിയ മനക്കോട്ടകളാണ്.

ജോലിയിൽ തിരികെ പ്രവേശിച്ചാൽ കിട്ടുമായിരുന്നത് മാസം തോറുമുള്ള ശമ്പളമായിരുന്നില്ല. മാനേജർ പറഞ്ഞിരുന്നതുപോലെ മാർച്ച് അവസാനം എന്നെ തിരിച്ചെടുത്താൽ ആ മാസംതന്നെ 31-ന് റിട്ടയർ ചെയ്യും. അപ്പോൾ ലഭ്യമാകുന്നത് പിരിച്ചുവിട്ടപ്പോൾ മുതലുള്ള ശമ്പള കുടിശ്ശികയും റിട്ടയർമെന്റ് ആനുകൂല്യങ്ങൾ അപ്പാടെയുമാണ്. എല്ലാംകൂടിയാകുമ്പോൾ നല്ലൊരു തുക വരും.

പണയപ്പെടുത്തിയ ആഭരണങ്ങൾ തിരിച്ചെടുക്കണം; മക്കൾ രണ്ടാളുടെയും വിദ്യാഭ്യാസ വായ്പ മുഴുവനായി അടച്ചുതീർക്കണം; കേടായിരുന്ന വാഷിങ് മെഷീൻ, ഫ്രിഡ്ജ് മുതലായവ മാറ്റി പുതിയതു വാങ്ങണം; വീട് പെയിന്റ് ചെയ്ത് വൃത്തിയാക്കുക മാത്രമല്ല, രണ്ടു കിടപ്പുമുറികൾ കൂടി ഉൾപ്പെടുത്തി മുകൾനില പണിയണം; ആമിയുടെ കല്യാണം നടത്തണം.
ഇങ്ങനെയൊക്കെയാണ് കിട്ടാൻപോകുന്ന പണം വക കൊള്ളിച്ചിരുന്നത്.

നാലുവർഷക്കാലം വാടിനിന്നിട്ട് വീണ്ടും തളിരണിഞ്ഞ ആശാസങ്കല്പങ്ങളെ ഇടിത്തീ എന്നവണ്ണമാണ് കോളജ് മാനേജ്മെന്റിന്റെ വഞ്ചന കരിച്ചുകളഞ്ഞത്. ഇത്രയുംകാലം അചഞ്ചലയായി നിന്ന സലോമിക്ക് അതുകൂടി താങ്ങാൻ കെല്പുണ്ടായിരുന്നില്ല.

സലോമിയും അമ്മയും ഞാനും മാത്രമേ അക്കാലത്ത് വീട്ടിലുണ്ടായിരുന്നുള്ളൂ. എന്നെ കുറ്റപ്പെടുത്തുന്ന രീതിയിലുള്ള പ്രതികരണങ്ങളാണ് സലോമിയിൽ ആദ്യം ഉണ്ടാകുന്ന മാറ്റം. അത് നിസ്സാരകാര്യങ്ങൾക്കുമാണ്. പല്ലുതേക്കുമ്പോൾ ഓക്കാനിക്കുന്നതിന്; ഉറക്കെ തുമ്മുന്നതിന്; ഭക്ഷണം കഴിക്കുമ്പോൾ ശബ്ദമുണ്ടാക്കുന്നതിനൊക്കെ അവൾ എന്നെ ആക്ഷേപിച്ചുതുടങ്ങി. ഭക്ഷണം ആസ്വദിച്ചു കഴിക്കുമ്പോൾ അല്പം ശബ്ദം ഉണ്ടാകുമെന്നൊക്കെ ഞാൻ മറുപടി പറഞ്ഞെങ്കിലും അവളുടെ മനോവ്യാപാരങ്ങൾക്ക് അല്പം പന്തികേടുണ്ടെന്ന് എനിക്ക് തോന്നാതിരുന്നില്ല. ആമിയുടെ വിവാഹക്കാര്യത്തിലാണ് അവൾക്ക് ഏറെ ഉത്കണ്ഠ എന്നു മനസ്സിലാക്കിയ ഞാൻ പ്രോവിഡന്റ് ഫണ്ട് ക്ലോസ് ചെയ്യുമ്പോൾ കിട്ടുന്ന പണംകൊണ്ട് അതൊക്കെ നടക്കുമെന്നു പറഞ്ഞ് അവളെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു.

പിരിച്ചുവിട്ടകാലത്തുതന്നെ പി.എഫ്. ക്ലോസ് ചെയ്യാമായിരുന്നതാണ്. എന്നാൽ അത് പിരിച്ചുവിടൽ നടപടിയെ ഞാൻ അംഗീകരിക്കുന്നതുപോലെയാവും എന്നൊരു അനാവശ്യചിന്തകൊണ്ടും ഒരു സമ്പാദ്യമായി കിടക്കട്ടെ എന്ന

കരുതലുകൊണ്ടും വാങ്ങാതിരുന്നതാണ്. 2014 മാർച്ചിൽ റിട്ടയർ ചെയ്യുന്നവരോടൊപ്പം 2013 ആഗസ്റ്റ് മാസത്തിൽ പി.എഫ്. ക്ലോസ് ചെയ്യാനുള്ള അപേക്ഷ ഞാനും കൊടുത്തിരുന്നതാണ്. മറ്റ് അധ്യാപകരുടെ പണമൊക്കെ പ്രിൻസിപ്പൽ വാങ്ങിക്കൊടുത്തെങ്കിലും എന്റെ കാര്യത്തിൽ ഒരു നടപടിയും സ്വീകരിച്ചില്ല. പണത്തിന് വളരെ ആവശ്യമുള്ളതുകൊണ്ട് എന്റെ പി.എഫ്. ക്ലോസ് ചെയ്ത് പണം ലഭിപ്പാനുള്ള സത്വരനടപടി സ്വീകരിക്കണമെന്ന് പ്രിൻസിപ്പലിനോട് വീണ്ടും ആവശ്യപ്പെടുകയും അക്കാര്യത്തിൽ പ്രിൻസിപ്പലിന് പ്രത്യേക നിർദ്ദേശം കൊടുക്കണമെന്ന് ഇതിനോടകം മാനേജരോട് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു.

ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ സലോമിയുടെ കുറ്റപ്പെടുത്തൽ മനോഭാവം മാറി. പകരം കുറ്റബോധമായി. ഇത്രയും പീഡകളൊക്കെ അനുഭവിച്ച എന്നോട് വേണ്ടാത്തതിനൊക്കെ വഴക്കുണ്ടാക്കിയെന്നും പറഞ്ഞ് സങ്കടപ്പെടാൻ തുടങ്ങി.

കോലഞ്ചേരി മെഡിക്കൽ കോളജ് ആശുപത്രിയിലെ സൈക്യാട്രി വിഭാഗത്തിൽ ഞാൻ സലോമിയെ കൊണ്ടുപോയി. പണ്ട് മെലങ്കോളിയ (Melancholia) എന്ന് പറയപ്പെട്ടിരുന്നതും ഇക്കാലത്ത് 'ഡിപ്രഷൻ' എന്ന് അറിയപ്പെടുന്നതുമായ വിഷാദരോഗമാണ് അവൾക്കെന്ന് ഡോക്ടർ പറഞ്ഞു. ഇത്തരം രോഗികൾക്ക് ആത്മഹത്യാപ്രവണത ഉണ്ടാകുമെന്നും അതിനാൽ വേണ്ടത്ര ശ്രദ്ധയുണ്ടാകണമെന്നും ഡോക്ടർ നിർദ്ദേശിച്ചു. മുടങ്ങാതെ മരുന്നുകഴിക്കണമെന്നും മരുന്ന് മറ്റാരെങ്കിലും കൈവശം വെച്ച് വേണ്ടസമയത്ത് കൊടുക്കണമെന്നും പ്രത്യേകമായി ഓർമ്മിപ്പിച്ചു.

വീട്ടിലുണ്ടായിരുന്ന ചില കീടനാശിനികളൊക്കെ തപ്പിയെടുത്ത് ഞാൻ നശിപ്പിച്ചുകളഞ്ഞു. വാട്ടാനുള്ള കപ്പ അരിയുന്ന ചില മൂർച്ചയുള്ള കത്തികൾ കൈ എത്താത്ത ഇടങ്ങളിൽ ഞാൻ ഒളിപ്പിച്ചുവെച്ചു. മരുന്ന് മറ്റൊരു മുറിയിലെ മേശവലിപ്പിൽ പൂട്ടിവെച്ച് ഞാൻതന്നെ കൃത്യസമയത്ത് കൊടുത്തുകൊണ്ടുമിരുന്നു.

കഴിക്കുന്ന മരുന്നിന്റെ ശക്തികൊണ്ടാവാം രാവിലെ എണീക്കാനോ പ്രഭാതഭക്ഷണം ഉണ്ടാക്കാനോ അവൾക്ക് വയ്യായിരുന്നു. രാവിലെ ഞാൻ മുറ്റമടിക്കുമ്പോൾ ഇടയ്ക്കിടെ വന്ന് എണീക്കാതെ കിടക്കുന്ന അവളെ ജനലിലൂടെ നോക്കും. ഭക്ഷണമുണ്ടാക്കുന്ന സമയത്ത് എണീപ്പിച്ച് എന്റെ അടുക്കൽ കൊണ്ടുവന്നിരുത്തും.

പറഞ്ഞറിയിക്കാനാവാത്ത അസ്വസ്ഥതകളാണ് ചിലപ്പോൾ ഉണ്ടാകുന്നതെന്നും അപ്പോൾ മരിക്കാനുള്ള കടുത്ത തോന്നൽ ഉണ്ടാകുമെന്നും ഒരിക്കൽ അവൾ എന്നോടു പറഞ്ഞു. ഭയപ്പാടോടെ അവളെ അണച്ചുപിടിച്ചിട്ട് അത്തരം സന്ദർഭങ്ങളിൽ വേദോപദേശക്ലാസ്സുകളിൽ പഠിച്ച സുകൃതജപങ്ങൾ

ഉരുക്കഴിക്കാൻ ഞാൻ ഉപദേശിച്ചു. ചിലതൊക്കെ ചൊല്ലിക്കൊടുക്കുകയും ചെയ്തു.

കൂടുതൽ കാര്യക്ഷമമായി അവളെ ശ്രദ്ധിക്കുന്നതിനും പരിചരിക്കുന്നതിനുമായി ഹൈറേഞ്ചിലുള്ള മേരിച്ചേച്ചിയെ ഞാൻ വിളിച്ചു. ചേച്ചി വന്ന് ഞങ്ങളോടൊപ്പം താമസിച്ചു. സിവിൽ സർവ്വീസ് എക്സാമിനേഷനുവേണ്ടിയുള്ള കോച്ചിങ്ങിനു പോയിരുന്ന മിഥുൻ രണ്ടാഴ്ച കൂടുമ്പോഴാണ് വീട്ടിൽ വന്നുകൊണ്ടിരുന്നത്. അമ്മയെ നന്നായി നോക്കിക്കൊള്ളണമെന്ന് തിരിച്ചുപോകുമ്പോൾ അവൻ മേരിച്ചേച്ചിയെ ഓർമ്മിപ്പിച്ചിരുന്നു.

2014 മാർച്ച് 14-ന് എന്റെ പ്രോവിഡന്റ് ഫണ്ടിന്റെ കാര്യമന്വേഷിക്കാൻ ന്യൂമാൻ കോളജിൽ ഞാൻ വീണ്ടും ചെന്നു. എന്നാൽ അതിനുള്ള നടപടികളൊന്നും കോളജിൽനിന്ന് സ്വീകരിച്ചിരുന്നില്ല. അതിനുള്ള തടസ്സങ്ങളെന്താണെന്ന് സലോമി എന്നോടു ചോദിച്ചു. അവർ പറഞ്ഞ തടസ്സവാദങ്ങൾ എനിക്കു മനസ്സിലായിട്ടില്ലെന്ന് ഞാൻ മറുപടി പറഞ്ഞു. തുടർന്ന് പി.എഫ്. ക്ലോസ് ചെയ്തു തരാനുള്ള എന്റെ അപേക്ഷയിന്മേൽ ഒരു ഓർമ്മപ്പെടുത്തൽ കത്ത് (reminder) രജിസ്റ്റേഡായി പ്രിൻസിപ്പലിന് അയയ്ക്കുകയും ചെയ്തു.

വേനൽക്കാലമായിരുന്നു അത്. മൂന്നുനാലു മാസമായി മഴപെയ്തിട്ടേയില്ല. വേനൽച്ചൂട് അതികഠിനമായി തുടർന്നു.

മാർച്ച് 19. സെന്റ് ജോസഫിന്റെ തിരുനാൾ ദിനമാണ്. എന്റെ പേരിനു കാരണമായ പുണ്യവാന്റെ തിരുനാളായതിനാൽ എന്റെ 'ഫീസ്റ്റ്' ആണ്. അയല്ക്കാരനായ എം.സി. ജോസഫ് സാർ പള്ളിയിൽ നിന്നുകിട്ടിയ നേർച്ചപ്പായസം കൊണ്ടുവന്നുതന്നു.

സലോമിക്ക് ഡോക്ടറെ കാണേണ്ട ദിവസമായിരുന്നു അന്ന്. ഹോസ്പിറ്റലിലേക്ക് വിളിച്ച് പതിവായി കാണുന്ന ഡോക്ടർ ഉണ്ടോ എന്ന് അന്വേഷിച്ചു. ഉണ്ടെന്നു പറഞ്ഞതിനാൽ അപ്പോയിന്റ്മെന്റ് എടുത്തു.

സലോമി അന്ന് പതിവിലധികം ക്ഷീണിതയായിരുന്നു. പ്രഭാതഭക്ഷണത്തിനു ശേഷം അവളെയും കൂട്ടി ഞാനും മേരിച്ചേച്ചിയും ഹോസ്പിറ്റലിൽ പോയി.

സലോമിയോടൊപ്പം ഡോക്ടറെ കണ്ടത് മേരിച്ചേച്ചിയാണ്. ഞാനും എനിക്കു ഗാർഡായി വന്ന പോലീസുകാരനും വെയിറ്റിങ് റൂമിലിരുന്നു. ഇടയ്ക്ക് ഞങ്ങൾ ഹോസ്പിറ്റൽ വളപ്പിലുള്ള റ്റീസ്റ്റാളിൽ ചായ കുടിക്കാൻ പോയി. അവിടെ വില്പനയ്ക്കിട്ടിരുന്ന ഒരു ആരോഗ്യമാസികയും ഞാൻ വാങ്ങി. 'വിഷാദരോഗം സ്ത്രീകളിൽ' എന്ന വിഷയത്തെക്കുറിച്ചുള്ള സ്പെഷ്യൽ പതിപ്പായിരുന്നു അത്. വാങ്ങിയപ്പോൾ മുതൽ ആ മാസിക കൈവശം വെച്ച് വായിച്ചുകൊണ്ടിരുന്നത് എന്റെ പോലീസുകാരനാണ്.

രണ്ടുമണിയോടെ വീട്ടിലെത്തിയ ഞങ്ങൾ ഊണിനിരുന്നു. പരിക്ഷീണയായി കാണപ്പെട്ട സലോമി ഞാൻ നിർബന്ധിച്ചതുകൊണ്ടാണ് അല്പം കഴിച്ചത്.

ഭക്ഷണത്തിനുശേഷം അവൾ കിടന്നു. അവളുടെ ഹാൻഡ് ബാഗിലായിരുന്നു അന്ന് ഹോസ്പിറ്റലിൽ നിന്നുകിട്ടിയ ഗുളികകൾ. ബാഗിൽ സൂക്ഷിച്ചിരുന്ന വെള്ളക്കുപ്പിയുടെ അടപ്പുതുറന്ന് ഗുളികകൾ ഇട്ടിരുന്ന പേപ്പർ നനഞ്ഞിരുന്നു. ഞാൻ അതെല്ലാമെടുത്ത് മറ്റൊരു മുറിയിൽ കൊണ്ടുപോയി ഉണങ്ങാനായി നിരത്തിവെച്ചു.

പാത്രങ്ങളൊക്കെ കഴുകി വൃത്തിയാക്കി വെച്ചിട്ടു വന്ന മേരിച്ചേച്ചി ഡോക്ടർ പറഞ്ഞ കാര്യം എന്നോടു പറഞ്ഞു. പെട്ടെന്നൊന്നും രോഗം മാറില്ല. കുറേക്കാലം മരുന്നു കഴിക്കേണ്ടിവരും. തനിക്കും ഒരു വീടുള്ളതിനാൽ അതുവരെ ഇവിടെ തങ്ങാനാവില്ലെന്ന് ചേച്ചി പറഞ്ഞു. പോകണമെന്നുള്ളപ്പോൾ ചേച്ചിക്ക് പോകാമെന്നും പകരം എന്തെങ്കിലും സംവിധാനം ഉണ്ടാക്കിക്കൊള്ളാമെന്നും ഞാൻ ചേച്ചിയോടു പറഞ്ഞു.

പിന്നീട് അല്പമൊന്നു കിടക്കാനായി ഞാനും സലോമി കിടക്കുന്ന മുറിയിലേക്ക് ചെന്നു. സലോമിയെ കട്ടിലിൽ കാണാനില്ല. ഞാൻ ബാത്റൂമിലേക്ക് നോക്കി. വാതിൽ കാൽഭാഗം തുറന്നു കിടക്കുകയാണ്. അതിനാൽ ബാത്റൂമിൽ പോയതല്ലെന്നു വിചാരിച്ച് മറ്റു മുറികളിൽ പോയി നോക്കി. എവിടെയും കാണാഞ്ഞ് പരിഭ്രാന്തിയോടെ ബാത്റൂമിന്റെ അടുത്ത് വീണ്ടും ചെന്നു. കതകു മുഴുവനും തുറന്നു നോക്കി.

ബാത്റൂമിന്റെ ഭിത്തിയിലുള്ള ടവ്വൽറാഡിൽ കുളിക്കാൻ ഉപയോഗിക്കുന്ന തോർത്തിന്റെ ഒരറ്റം കെട്ടിയിട്ട് മറ്റേയറ്റം കഴുത്തിലും ബന്ധിച്ച് ഭിത്തിയോടു ചാരി സലോമി നില്ക്കുകയാണ്. കാലിന്റെ മുട്ടുരണ്ടും മടങ്ങിപ്പോയതിനാൽ കഴുത്തിലെ കുരുക്ക് മുറുകിപ്പോയി. കണ്ടനിമിഷം ആർത്തനായി മേരിച്ചേച്ചിയെ വിളിക്കുകയും ഒപ്പം കക്ഷത്തിലൂടെ കൈകളിട്ട് സലോമിയെ ഞാൻ ഉയർത്തിപ്പിടിക്കുകയും ചെയ്തു. എന്റെ നിലവിളി കേട്ട് ഓടിയെത്തിയ മേരിച്ചേച്ചി ഒരു കത്തി എടുത്തുകൊണ്ടുവന്ന് തോർത്തുമുറിച്ചു. കഴുത്തിലെ കുരുക്കും അഴിച്ചെടുത്തു. സലോമിക്ക് അപ്പോൾ ബോധം ഉണ്ടായിരുന്നില്ല. തറയിൽ കിടത്തിയ അവളുടെ വായിലേക്ക് ഞാൻ ജീവവായു ഊതിക്കയറ്റി. ഇരുകൈകളും ചേർത്തുപിടിച്ച് നെഞ്ച് അമർത്തിക്കൊടുത്തു. ഈ സമയം ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസുകാരെ മേരിച്ചേച്ചി വിളിച്ചുകൊണ്ടുവന്നു. അവരും നെഞ്ചിലമർത്തി ശ്വാസഗതി നേരേയാക്കാൻ ശ്രമിച്ചു. ഇടയ്ക്കൊന്ന് ശ്വാസമെടുത്തപോലെ തോന്നി. ഉടൻതന്നെ അവർ സലോമിയെ എടുത്ത് പുറത്തേക്ക് കൊണ്ടുവന്നു. അവരിൽ ഒരാൾ എന്റെ കാർ സ്റ്റാർട്ടുചെയ്തു. മറ്റുരണ്ടുപേർ അവളെ വണ്ടിയിൽ കയറ്റി. കാർ മൂവാറ്റുപുഴ നിർമ്മല ഹോസ്പിറ്റലിലേക്ക് പാഞ്ഞു.

എന്റെ മടിയിൽ തല വെച്ചിരുന്ന അവളുടെ നെഞ്ചിൽ ഒരു കൈയാൽ ഞാൻ അമർത്തിക്കൊണ്ടിരുന്നു. അങ്ങനെതന്നെ ചെയ്തുകൊള്ളാനും ഇപ്പോൾ

ശ്വാസമെടുക്കുന്നുണ്ടെന്നും മുൻസീറ്റിലിരുന്ന പോലീസുകാരൻ തിരിഞ്ഞുനോക്കിക്കൊണ്ട് എന്നോട് പറഞ്ഞു.

കാറിൽനിന്ന് പുറത്തിറക്കി സ്ട്രെച്ചറിൽ കാഷ്വാലിറ്റിയിലേക്ക് കൊണ്ടുപോകാൻ ആശുപത്രിജീവനക്കാരെ പോലീസുകാരും സഹായിച്ചു.

സലോമിയെ പരിശോധിച്ച കാഷ്വാലിറ്റിയിലെ ഡോക്ടർ തിടുക്കത്തിലൊന്നും ചെയ്യുന്നതായി കാണാഞ്ഞ് ഞാൻ അലറിപ്പറഞ്ഞു:

''കൃത്രിമശ്വാസം കൊടുക്കാനുള്ള ഏർപ്പാട് വേഗത്തിൽ ചെയ്യ്...''

ഡോക്ടർ നിർവ്വികാരമായി പറഞ്ഞു.

''മരിച്ച ആൾക്ക് അങ്ങനെ ശ്വാസം കൊടുത്തിട്ടു കാര്യമില്ല.''

എനിക്ക് ഭാരം ഇല്ലാതാകുന്നതുപോലെ തോന്നി. ആരോ പിടിച്ച് എന്നെ ഒരു കസേരയിൽ ഇരുത്തി.

അല്പം കഴിഞ്ഞ് മറ്റൊരു ഡോക്ടർ വന്ന് എന്റെ കരം ഗ്രഹിച്ചു. അദ്ദേഹം അവിടുത്തെ ഡോക്ടറാണെന്ന് എനിക്കപ്പോൾ മനസ്സിലായില്ല. എന്നെ അറിയുന്ന ആരോ ആണെന്നേ കരുതിയുള്ളൂ. അത്യധികമായ ദീനതയോടെ ഞാൻ പറഞ്ഞു:

''എന്റെ ഭാര്യ മരിച്ചുപോയി. ഇതേ... ഇപ്പോൾ.''

അതു പറയുമ്പോൾ എന്താണാവോ ഞാൻ പ്രതീക്ഷിച്ചത്? കാരുണ്യമോ സഹതാപമോ?

പിന്നീടാരും എന്റെ അടുത്തേക്കു വന്നില്ല. അപ്പാടെ തോല്പിക്കപ്പെട്ടവനായി ഞാൻ അവിടെയിരുന്നു.

പിന്നീടെപ്പോഴോ ഒരു നേഴ്സ് എന്റെയരികിൽ വന്ന് ഒരു കടലാസുപൊതി എന്നെ ഏല്പിച്ചു. സലോമിയുടെ ശരീരത്തിൽനിന്ന് ഊരിയെടുത്ത താലിമാല, കമ്മൽ, കല്യാണമോതിരം, മിഞ്ചി എന്നിവയായിരുന്നു അതിനുള്ളിൽ.

സന്ധ്യയോടെ സുഹൃത്തുക്കൾ എന്നെ വീട്ടിലേക്കു കൊണ്ടുവന്നു.

നാലുമാസത്തെ ഇടവേളയ്ക്ക്ശേഷം വാനമിരുണ്ട് മഴ പെയ്തു.

രാത്രിയോടെ തിരുവനന്തപുരത്തായിരുന്ന മിഥുൻ എത്തി. എനിക്ക് ചില വിമ്മിട്ടങ്ങൾ ഉണ്ടായതിനെത്തുടർന്ന് മിഥുൻ എന്നെ ഹോസ്പിറ്റലിൽ കൊണ്ടുപോയി. സെഡേഷനിലൂടെ അവർ എന്നെ മയക്കിക്കിടത്തി. രാവിലെയാണ് വീട്ടിലേക്ക് പോന്നത്.

പോണ്ടിച്ചേരിയിൽനിന്ന് സിസ്റ്റർ മാരിസ്റ്റെല്ല രാവിലെതന്നെ എത്തി. പതിനൊന്നു മണിയോടെ ആമി ഡൽഹിയിൽനിന്ന് വിമാനമാർഗ്ഗം വന്നു. ബന്ധുക്കളും സുഹൃത്തുക്കളും എത്തി. എന്നാൽ ആരോരുമില്ലാത്തവനെപ്പോലെ ഒരു മുറിയിൽ ഞാൻ ശൂന്യനായി ഇരുന്നു.

ആലപ്പുഴ മെഡിക്കൽ കോളജിലായിരുന്നു പോസ്റ്റ്മോർട്ടം. അവളുടെ കണ്ണുകൾ ദാനം ചെയ്യാനുള്ള സമ്മതപത്രത്തിൽ തലേന്നുതന്നെ ഞാൻ ഒപ്പിട്ടുകൊടുത്തിരുന്നു. അജ്ഞാതരായ രണ്ടുപേർക്ക് അവളുടെ കാഴ്ച

പകുത്തു നല്കിയിട്ട് ഇരുപത്തിയെട്ടുകൊല്ലം മുമ്പ് ഞാൻ അണിയിച്ച മന്ത്രകോടി പുതച്ചുകൊണ്ട് ഏകദേശം അഞ്ചുമണിയോടെ അവൾ വീണ്ടും വീട്ടിലെത്തി.

വീടിനുള്ളിൽ ആളുകൾ തിങ്ങിനിറഞ്ഞിരുന്നതിനാൽ ഒരു ബാത്റൂമിൽ കൊണ്ടുപോയി എന്റെ കൗമാരകാല സുഹൃത്തായിരുന്ന പതിപ്പള്ളിൽ റ്റോമി, പള്ളിയിൽ പോകാനുള്ള വസ്ത്രം എന്നെ ധരിപ്പിച്ചു. പണ്ട് എന്റെ വിവാഹവസ്ത്രം വാളിപ്ലാക്കൽ റെജി എന്ന അയൽക്കാരൻ ഉടുപ്പിച്ചത് ഞാനപ്പോൾ ഓർത്തു.

ആകാശത്ത് കരിമേഘങ്ങൾ വന്ന് കിടുകിടുത്തെങ്കിലും മഴ പൊടിഞ്ഞില്ല.

അന്ത്യചുംബനം നൽകി ഞാനും മക്കളും അവളെ യാത്രയാക്കി. ആയിരക്കണക്കിനാളുകൾ അതിനു സാക്ഷികളായി.

പള്ളിയിൽ വെച്ച് കൈപിടിച്ച് കൂടെക്കൂട്ടിയ അവളെ പള്ളിസെമിത്തേരിയിലെ കല്ലറയിൽ അടക്കം ചെയ്തു മടങ്ങുമ്പോൾ എന്റെ മനസ്സെന്നപോലെ വാനവും ഘനപ്പെട്ടു നിന്നു.

# മരിച്ചവരുടെ കരുത്ത്

സലോമിയുടെ മരണം ദൃശ്യമാധ്യമങ്ങളിൽ വലിയ ചർച്ചയായി. ന്യൂമാൻ കോളജ് അധികൃതരുടെ നേരും നെറിയുമില്ലാത്ത നിലപാടാണ് മരണകാരണമെന്ന് ആരോപണമുയർന്നു. കോളജ് മാനേജ്മെന്റിനെതിരെ കേസുകൊടുക്കുമെന്നും സമരങ്ങൾ സംഘടിപ്പിക്കുമെന്നും പറഞ്ഞ് എന്റെ ബന്ധുക്കളും സുഹൃത്തുക്കളും പ്രകോപിതരായി. ആത്മഹത്യാപ്രേരണയ്ക്ക് കേസെടുക്കാവുന്നതാണെന്ന് പ്രസിദ്ധരായ ക്രിമിനൽ വക്കീലന്മാർ ചാനൽ ചർച്ചകളിൽ അഭിപ്രായപ്പെട്ടു.

പിറ്റേന്ന് മാർച്ച് 21. മനുഷ്യാവകാശ പ്രവർത്തകരുൾപ്പെടെ ധാരാളം ആളുകൾ എന്നെ കാണാൻ വന്നു. ജോലിയിൽ തിരിച്ചെടുക്കുന്ന കാര്യം ആരാഞ്ഞുകൊണ്ട് വാർത്താചാനലുകാരും എത്തി. ആർക്കുവേണം ഇനി ജോലി? മനസ്സ് മരവിച്ചുപോയ ഞാൻ പ്രതികരണത്തിനൊന്നും കൂട്ടാക്കിയില്ല. അവർ എന്നെ അനുനയിപ്പിക്കാൻ ശ്രമിച്ചു. കൂടുതലായി നിർബന്ധിച്ചപ്പോൾ ഉദാസീനതയോടെ ഞാൻ പറഞ്ഞു.

''മാനേജ്മെന്റിന് വേണമെങ്കിൽ ഇനിയും എന്നെ തിരിച്ചെടുക്കാം. എന്നാൽ അവർ അതിനു തയ്യാറാകുമെന്ന് ഞാൻ കരുതുന്നില്ല.''

''ഇതു മതി,'' അവർ പറഞ്ഞു. ''ബാക്കി ഞങ്ങൾ പറഞ്ഞുകൊള്ളാം.''

കോടതി കുറ്റവിമുക്തനാക്കിയിട്ടും ജോലിയിൽ തിരികെ പ്രവേശിപ്പിക്കാൻ കൂട്ടാക്കാത്ത മാനേജ്മെന്റ് നിലപാടിനെ അപലപിച്ചുകൊണ്ട്, മലയാളത്തിലെ പ്രമുഖ വാർത്താചാനലുകൾ അന്നും വാർത്താപരി പാടികൾ സംപ്രേഷണം ചെയ്തു.

മാർച്ച് 22. വീട്ടിൽ സന്ദർശകരുടെ എണ്ണം കൂടി. കൂടുതൽ മനുഷ്യാവകാശപ്രവർത്തകരും ന്യൂനപക്ഷാവകാശ കമ്മീഷനംഗങ്ങളും വന്നു. ചിലർ കോതമംഗലത്തുള്ള ബിഷപ്സ് ഹൗസിൽ പോയിട്ടാണ് എന്നെ കാണാനെത്തിയത്. മറ്റു ചിലർ എന്നെ കണ്ടിട്ട് ബിഷപ്സ് ഹൗസിലേക്കു പോയി.

എന്നെ ജോലിയിൽ തിരികെ പ്രവേശിപ്പിക്കണമെന്ന ആവശ്യവുമായി ബിഷപ് ഹൗസിലേക്കു വേറെയും ധാരാളം ആളുകൾ ചെന്നു. സഭാധികാരികളുമായി അടുപ്പമുള്ള ഒരു ഉന്നതപോലീസുദ്യോഗസ്ഥൻ അരമനയിൽ മണിക്കൂറുകളോളം ചെലവഴിച്ച് വരുംവരായ്കകൾ അവരെ ബോധ്യപ്പെടുത്തി എന്നെ തിരിച്ചെടുക്കുന്നതിനായി നിർബന്ധിച്ചു.

എന്നെ തിരിച്ചെടുക്കണമെന്നാവശ്യപ്പെടുന്ന സന്ദേശങ്ങളും പോസ്റ്ററുകളും സമൂഹമാധ്യമങ്ങളിൽ നിറഞ്ഞു.

എന്റെ പുനഃപ്രവേശനകാര്യത്തിൽ മാർപ്പാപ്പ ഇടപെടണമെന്ന് ആവശ്യപ്പെടുന്ന ആയിരക്കണക്കണക്കിനു കത്തുകൾ വത്തിക്കാനിലേക്ക് ഇ-മെയിൽ മുഖേന അയയ്ക്കാൻ സമൂഹമാധ്യമങ്ങളിൽ ആഹ്വാനമുണ്ടായി.

കേരള നിയമസഭയിലെ പ്രതിപക്ഷ നേതാവ് വി.എസ്. അച്ചുതാനന്ദൻ ഫോണിൽ വിളിച്ച് തിരിച്ചെടുക്കുന്ന കാര്യത്തിൽ താൻ ഇടപെടുമെന്ന് എന്നെ അറിയിച്ചു.

ഇതൊക്കെ ഞാനറിഞ്ഞ കാര്യങ്ങൾ. ബാഹ്യഇടപെടലുകൾ വേറെ എന്താക്കെയുണ്ടായി എന്ന് അറിഞ്ഞുകൂടാ. ഏതായാലും എന്നെ തിരിച്ചെടുക്കാൻ കോളജ് മാനേജ്മെന്റ് തീരുമാനിച്ചതായി അന്നു രാത്രി എട്ടുമണിയോടെ ടി.വിയിൽ വാർത്ത വന്നു. ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ മാനേജർ മോൺസിഞ്ഞോർ ഫ്രാൻസിസ് ആലപ്പാട്ട് എന്നെ ഫോണിൽ വിളിച്ച് അക്കാര്യം നേരിട്ടുതന്നെ അറിയിച്ചു. മാർച്ച് 24-ന് രാവിലെ ബിഷപ്സ് ഹൗസിൽ എത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

മാർച്ച് 24-ന് ഒമ്പതുമണിയോടെ ഞാൻ ബിഷപ്സ് ഹൗസിൽ ചെന്നു. അവിടെ ധാരാളം വാർത്താചാനലുകാർ എന്റെ വരവും പ്രതീക്ഷിച്ച് സന്നാഹങ്ങളോടെ നില്ക്കുന്നുണ്ടായിരുന്നു. റിസപ്ഷനിലുണ്ടായിരുന്ന വൈദികർ എന്നെ ബിഷപ്പിന്റെ പാർലറിലേക്കു കൊണ്ടുപോയി. അവിടേക്ക് കോളജ് മാനേജർ മോൺസിഞ്ഞോർ ഫ്രാൻസിസ് ആലപ്പാട്ട്, രൂപതാ വിദ്യാഭ്യാസ സെക്രട്ടറി ഫാ. കുര്യാക്കോസ് കൊടകല്ലിൽ, മോൺ സിഞ്ഞോർ ജോർജ് ഓലിയപ്പുറം എന്നിവരും വന്നു.

മാർച്ച് 28 വെള്ളിയാഴ്ച ജോലിയിൽ പ്രവേശിക്കാമെന്ന് അവർ അറിയിച്ചു. ശനിയും ഞായറും അവധിദിവസങ്ങളാണ്. തിങ്കളാഴ്ച മാർച്ച് 31-ന് വിരമിക്കുകയും ചെയ്യാം.

നിയമന ഉത്തരവ് മാർച്ച് 27-ന് വീട്ടിൽ കൊണ്ടുവന്ന് തന്നുകൊള്ളാമെന്ന് സെക്രട്ടറി ഫാ. കൊടകല്ലിൽ പറഞ്ഞു.

മാനേജ്മെന്റിന് എതിരേ കേസൊന്നും കൊടുക്കരുതെന്ന് മാനേജരച്ചൻ എന്നോടു പറഞ്ഞു. സാമുദായികമായി എന്ന ഒറ്റപ്പെടുത്തരുതെന്നും അനുഭാവമുണ്ടാകണമെന്നും ഞാൻ അഭ്യർത്ഥിച്ചു. ട്രൈബ്യൂണൽ മുഖേനയല്ലാതെ മാനേജ്മെന്റ് ഏകപക്ഷീയമായി തിരിച്ചെടുക്കുന്നതിനാൽ ശമ്പള കുടിശ്ശികയും മറ്റും ലഭിക്കാൻ പ്രത്യേക സർക്കാർ അനുമതി വേണ്ടിവരുമെന്നതിനാൽ അക്കാര്യങ്ങളൊക്കെ മാനേജ്മെന്റ് ഉത്സാഹിച്ചു നടത്തിത്തരണമെന്നും ഞാൻ ആവശ്യപ്പെട്ടു. അക്കാര്യങ്ങളിൽ ഇരുകൂട്ടരും ഒരുമയോടെ പ്രവർത്തിക്കണമെന്ന് ഫാ. കൊടകല്ലിൽ അഭിപ്രായപ്പെട്ടു.

മാനേജ്മെന്റിന് മോശം വരുന്ന രീതിയിൽ മാധ്യമങ്ങളുടെ മുമ്പിൽ സംസാരിക്കരുതെന്ന് ഓർമ്മപ്പെടുത്താനും സഭാധികാരികൾ മറന്നില്ല.

പുറത്തേക്കു വന്ന് മാധ്യമങ്ങളുമായി സംസാരിച്ചപ്പോൾ അവരും ഒപ്പമുണ്ടായിരുന്നു.

മാർച്ച് 27 വ്യാഴാഴ്ച സന്ധ്യ കഴിഞ്ഞിട്ടും നിയമന ഉത്തരവുമായി ആരും വന്നില്ല. മാനേജ്മെന്റ് വീണ്ടും വാക്കുമാറിയോ എന്ന് സ്വാഭാവികമായും ഞാൻ ശങ്കിച്ചു. ചില വാർത്താചാനലുകളിലും അങ്ങനെയുള്ള സംശയസൂചനകൾ വന്നുതുടങ്ങി. എന്നാൽ കൃത്യം എട്ടുമണിക്ക് കോളജിലെ ഒരു അറ്റൻഡർ നിയമന ഉത്തരവുമായി വന്നു. എന്റെ വീടിനു സമീപമുള്ള പാസ്റ്ററൽ സെന്ററിൽ അദ്ദേഹം നേരത്തേ വന്ന് കാത്തിരിക്കുകയായിരുന്നു. കാരണം രാത്രി എട്ടുമണിക്കു കൊടുത്താൽ മതിയെന്ന് നിർദ്ദേശം ഉണ്ടായിരുന്നുവത്രെ.

28-ാം തീയതി രാവിലെ പള്ളിയിലും സെമിത്തേരിയിലും പോയി വന്ന ഞാൻ 8.30-ന് കോളജിൽ പോകാനായി ഒരുങ്ങി. കൈയ്ക്ക് സ്വാധീന ക്കുറവുണ്ടായിരുന്നതിനാൽ ഷർട്ടിന്റെ ബട്ടൺസ് ഇട്ടുതന്നത് ചേച്ചി സിസ്റ്റർ മാരിസ്റ്റെല്ല ആണ്. സലോമി ആയിരുന്നല്ലോ അതൊക്കെ ചെയ്യേണ്ടിയിരുന്നതെന്ന് ഞാൻ സങ്കടത്തോടെയോർത്തു.

എന്റെ പുനഃപ്രവേശനം സാധിതമാക്കിയതിൽ വാർത്താചാനലുകൾക്കും ഒരു പങ്കുണ്ടല്ലോ. ആ ഉത്സാഹത്തിലാവാം രണ്ടുമൂന്നു ചാനലുകാർ ഞാൻ പുറപ്പെടുമ്പോൾപോലും വീട്ടിലെത്തിയിരുന്നു.

സ്വയം കാറോടിച്ച് കോളജിലേക്ക് പുറപ്പെട്ട എന്റെ മുമ്പിലും പുറകിലും പോലീസ് വാഹനങ്ങളുണ്ടായിരുന്നു. എന്നോടൊപ്പം ചേച്ചി സിസ്റ്റർ മാരിസ്റ്റെല്ലയും മേരിച്ചേച്ചിയുടെ ഭർത്താവ് ബേബി അളിയനും ഉണ്ടായിരുന്നു.

ന്യൂമാൻ കോളജ് കവാടത്തിങ്കൽ തൊടുപുഴ ഡി.വൈ.എസ്.പിയുടെ നേതൃത്വത്തിൽ മറ്റൊരു പോലീസ് സംഘം നിലയുറപ്പിച്ചിരുന്നു. കാമ്പസിനുള്ളിൽ മലയാളത്തിലെ മിക്ക വാർത്താചാനലുകാരും എന്റെ വരവും പ്രതീക്ഷിച്ച് കാത്തിരുന്നു.

കോളജിലേക്കുള്ള എന്റെ തിരിച്ചുവരവിനോടനുബന്ധിച്ച് ചില മുന്നൊരുക്കങ്ങൾ പ്രിൻസിപ്പൽ ഡോ. ടി.എം. ജോസഫ് കൈക്കൊണ്ടിരുന്നു. അന്ന് കുട്ടികൾക്കെല്ലാം അവധികൊടുത്ത് ക്ലാസ്സിൽ പോകാനുള്ള എന്റെ അവസരത്തെ തടഞ്ഞു. വനിതാപ്രൊഫസർമാർക്കു മാത്രമായുള്ള ഒരു യോഗം സംഘടിപ്പിച്ച് ഞാൻ എത്തുന്നതിനുമുമ്പേ അവരെയെല്ലാം ഒരു ഹാളിനുള്ളിലാക്കി. അവശേഷിച്ച പുരുഷാധ്യാപകരെയെല്ലാം യൂണിവേഴ്സിറ്റി പരീക്ഷയിൽ ഇൻവിജിലേഷൻ ഡ്യൂട്ടി കൊടുത്ത് എന്നെ സ്വീകരിക്കുന്നതിൽനിന്നും മാറ്റി നിർത്തി.

ഞാൻ കോളജ് കാമ്പസിൽ പ്രവേശിച്ചപ്പോൾ പരീക്ഷ എഴുതാൻ വന്ന കുട്ടികൾ കലാലയക്കെട്ടിടത്തിന്റെ പല ഭാഗങ്ങളിൽനിന്ന് ഹർഷാരവം മുഴക്കി. എന്റെ പുനഃപ്രവേശനവാർത്തയറിഞ്ഞ് പഴയ ചില ശിഷ്യരും കാമ്പസിൽ എത്തിയിരുന്നു.

കാറിൽ നിന്നിറങ്ങിയ എന്നെ മാധ്യമപ്രവർത്തകർ പൊതിഞ്ഞു. തിരിച്ചുവരവിന്റെ സന്തോഷവും ഒപ്പം, അതിനു കാരണക്കാരിയായവളെക്കുറിച്ചുള്ള നൊമ്പരവും രണ്ടുമൂന്നു വാക്യങ്ങളിൽ ഞാനവരോട് പങ്കുവെച്ചു.

ഞാൻ കോളജ് ഓഫീസിൽ പ്രവേശിക്കുന്നതും രജിസ്റ്ററിൽ ഹാജർ രേഖപ്പെടുത്തുന്നതും ക്യാമറയിൽ പകർത്താൻ മാധ്യപ്രവർത്തകർ എന്നോടൊപ്പം എത്തിയെങ്കിലും കോളജ് ഓഫീസിലേക്ക് അവരെ കടത്തിവിട്ടില്ല. പ്രവേശനകവാടം അടച്ചിരുന്നു. മാത്രമല്ല, വൈസ് പ്രിൻസിപ്പലിന്റെ നേതൃത്വത്തിൽ അറ്റൻഡർമാരുടെ ഒരു സംഘം അവിടെ കാവൽനില്ക്കുന്നുണ്ടായിരുന്നു. അടച്ചിരുന്ന ഗ്രിൽ അല്പം തുറന്ന് എന്നെ മാത്രം അവർ അകത്തേക്കു വിട്ടു. ഒപ്പം വന്ന എന്റെ ചേച്ചിയെയും അളിയനെയും കടത്തിവിടാനുള്ള മര്യാദപോലും ഉണ്ടായില്ല.

പ്രിൻസിപ്പലിന്റെ മുറിയുടെ പുറത്ത് മാനേജർ മോൺസിഞ്ഞോർ ഫ്രാൻസിസ് ആലപ്പാട്ട് നില്ക്കുന്നുണ്ടായിരുന്നു, അദ്ദേഹത്തിന് വന്ദനം പറഞ്ഞ് എന്റെ പുനഃപ്രവേശന ഉത്തരവിൽ ഒപ്പുവെച്ച ആ കൈകളിൽ ഞാൻ ചുംബിച്ചു.

അകത്തേക്ക് കടന്ന് പ്രിൻസിപ്പൽ ഡോ. ടി.എം. ജോസഫിന്റെ അരികിലെത്തി. എന്റെ പേര് എഴുതിച്ചേർത്ത ഹാജർബുക്ക് അദ്ദേഹം തുറന്നുവെച്ചു. എന്നിട്ട് അനുകമ്പ കലരാത്ത സ്വരത്തിൽ പറഞ്ഞു.

''കുറേ അനുഭവിച്ചു... അല്ലേ?''

അതു കേട്ടതായി ഞാൻ ഭാവിച്ചില്ല. ഹാജർ ബുക്കിൽ ഇടതുകൈകൊണ്ട് ഒപ്പുവച്ചു. പിന്നീട് ഞാൻ പ്രിൻസിപ്പലിന്റെ മുറിക്കു പുറത്തു കടന്നു. അപ്പോൾ താന്തോന്നിയായ ഒരു പ്രൊഫസർ എവിടെനിന്നോ ഓടിയണഞ്ഞ് എന്നെ പുണർന്നു.

മലയാളവിഭാഗത്തിൽ ആരുമുണ്ടായിരുന്നില്ല. ഭിത്തിയിൽ ഉറപ്പിച്ചിരുന്ന റിട്ടയർ ചെയ്ത അധ്യാപകരുടെ ഫോട്ടോകൾ നോക്കി ഒരു നിമിഷം ഞാൻ നിന്നു. അടുത്തുതന്നെ എന്റെ ഫോട്ടോയും അവിടെ സ്ഥാനം പിടിക്കുമായിരിക്കും. ഞാൻ ഓർത്തു. പിന്നീട് ഔദ്യോഗികമായ എന്റെ കസേരയിൽ ഞാൻ ഇരുന്നു. വിശേഷിച്ച് ഒരു ജോലിയും എനിക്ക് ചെയ്യുവാൻ ഉണ്ടായിരുന്നില്ല.

കോളജ് അങ്കണത്തിൽ എവിടെയോ നിന്നിരുന്ന ചേച്ചിയും അളിയനും അപ്പോൾ അവിടേക്കു വന്നു. തുടർന്ന് പുനഃപ്രവേശനവാർത്ത അറിഞ്ഞെത്തിയ ചില തദ്ദേശവാസികളും പത്രപ്രവർത്തകരും എന്നെ കാണാൻ അവിടെയെത്തി.

ഉച്ചകഴിഞ്ഞ് പ്രിൻസിപ്പൽ ഓഫീസിനു സമീപത്ത് ഫാ. രാജു ജേക്കബ് പിച്ചലക്കാട്ടിനെ കണ്ടു. ഇംഗ്ലിഷ് അധ്യാപികയായ ഒരു സിസ്റ്ററുമായി സംസാരിച്ചുനിന്ന അദ്ദേഹത്തിന്റെ അടുക്കൽചെന്ന് ഞാൻ ചോദിച്ചു:

''അച്ചന് പരീക്ഷാഡ്യൂട്ടി ഉണ്ടായിരുന്നോ?''

ഇല്ലായെന്ന അർത്ഥത്തിൽ അദ്ദേഹം തലയാട്ടി.

''രാവിലെയൊന്നും കണ്ടില്ലല്ലോ. എന്താ മുങ്ങിനടക്കുവാണോ?''
ഞാൻ എന്റെ ശിഷ്യനോട് നിഷ്കളങ്കമായി ചോദിച്ചു.
''അച്ചൻ ഒരു പള്ളിയിലെ വികാരികൂടിയാണ്. ജോലിത്തിരക്കുണ്ട്.''
അച്ചനെ രക്ഷിക്കാനെന്നവണ്ണം സിസ്റ്റർ പറഞ്ഞു.

ചേച്ചിയും അളിയനും നേരത്തേതന്നെ വീട്ടിലേക്കു പോന്നിരുന്നു. നാലു മണിക്കുശേഷം ഞാനും പോലീസ് അകമ്പടിയോടെ തിരിച്ചുപോന്നു.

മാർച്ച് 31 വിരമിക്കൽ തീയതിയാണ്. ആ അധ്യയനവർഷം റിട്ടയർ ചെയ്യുന്നവർക്കെല്ലാം കോളജ് കൗൺസിലിന്റെ വകയായി ഉച്ചഭക്ഷണം ഏർപ്പാടാക്കിയിരുന്നു. അവരോടൊപ്പമിരുന്ന് ഞാനും കഴിച്ചു.

വിടവാങ്ങൽ ചടങ്ങ് പ്രിൻസിപ്പലിന്റെ ഓഫീസിൽ വെച്ചായിരുന്നു. അന്ന് മാധ്യമങ്ങൾക്ക് വിലക്ക് ഏർപ്പെടുത്തിയില്ല. വിരമിക്കുന്ന മറ്റ് അധ്യാപകരോടൊപ്പംതന്നെ ഞാനും എല്ലാവരോടും യാത്ര പറഞ്ഞു. അപ്പോൾ അനധ്യാപക വിഭാഗത്തിലെ ഒരു സ്ത്രീ വന്ന് എന്റെ വലതുകൈപ്പത്തിയിൽ ചുംബിച്ചു. അവരുടെ ധൈര്യമോർത്തു ഞാൻ അത്ഭുതപ്പെട്ടു.

അങ്ങനെ പുനഃപ്രവേശനവും വിരമിക്കലും കഴിഞ്ഞ് നാലുനാൾ ആയപ്പോഴാണ് എന്നെ കുറ്റവിമുക്തനാക്കിയ വിധി റദ്ദാക്കണമെന്ന പ്രിൻസിപ്പൽ ഡോ. ടി.എം.ജോസഫിന്റെ ഹർജിയിന്മേലുള്ള നോട്ടീസും സ്റ്റേ ഉത്തരവും ഹൈക്കോടതിയിൽനിന്നു കിട്ടുന്നത്. ആ ഹർജി ഫയൽ ചെയ്തിരുന്നത് മാർച്ച് 10-നാണ്. എന്റെ വിരമിക്കൽ തീയതി കഴിഞ്ഞാലും യൂണിവേഴ്സിറ്റി അപ്പലറ്റ് ട്രൈബ്യൂണലിൽനിന്ന് എനിക്ക് അനുകൂലമായ വിധി ഉണ്ടാകാതിരിക്കാനും തദ്വാരാ പെൻഷൻപോലും കിട്ടാതിരിക്കാനുമുള്ള മാനേജ്മെന്റ് താത്പര്യത്തിന്റെ ഉത്തമ ദൃഷ്ടാന്തമായ ആ ഹർജിയെക്കുറിച്ച് സ്ഥിതിഗതികൾ മാറിവന്ന സാഹചര്യത്തിൽ ആരോടും തത്കാലം പറയേണ്ട എന്നു ഞാൻ തീരുമാനിച്ചു.

എന്നാൽ രണ്ടുനാൾ കഴിഞ്ഞപ്പോൾ സഭാധികാരികൾ വീണ്ടും എന്നെ അത്ഭുതപ്പെടുത്തി. ഏപ്രിൽ 6 ഞായറാഴ്ച രാവിലെ പള്ളിയിൽപോയി വന്ന് അല്പസമയം കഴിഞ്ഞപ്പോൾ വാർത്താചാനലുകൾ കൂട്ടത്തോടെ വീട്ടിലെത്തി. കോതമംഗലം രൂപതയിലെ പള്ളികളിലെല്ലാം അന്നും കുർബ്ബാന മധ്യേ എനിക്കെതിരായ ഇടയലേഖനം വായിച്ചുവത്രെ. എന്റെ പ്രതികരണം ആരായാനാണ് അവർ വന്നിട്ടുള്ളത്.

ഞാൻ പോയ എന്റെ ഇടവകപ്പള്ളിയിൽ അതു വായിച്ചില്ല. അതു പറഞ്ഞപ്പോൾ ഇടയലേഖനത്തിന്റെ ഒരു കോപ്പി അവർ എനിക്കു തന്നു.

**പ്രൊഫ. ടി.ജെ. ജോസഫിന്റെ പുനഃപ്രവേശനം**
**ഒരു വിശദീകരണക്കുറിപ്പ്**

ഈശോമിശിഹായിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരെ,

കോതമംഗലം രൂപതയുടെ സ്ഥാപനമായ തൊടുപുഴ ന്യൂമാൻ കോളജിലുണ്ടായ ചോദ്യപേപ്പർ വിവാദവും തുടർനടപടികളും പത്രങ്ങളിലൂടെയും ദൃശ്യമാധ്യമങ്ങളിലെ ചർച്ചകളിലൂടെയും ഏവരുടെയും ശ്രദ്ധയാകർഷിക്കുകയും വൈവിധ്യമാർന്ന പ്രതികരണങ്ങൾക്ക് ഇടയാക്കുകയും ചെയ്തിട്ടുള്ളതാണല്ലോ. ഇത്തരുണത്തിൽ ഈ സംഭവത്തെക്കുറിച്ചും മാനേജ്മെന്റിന്റെ നടപടികളെക്കുറിച്ചും ചിലർ ബോധപൂർവ്വം നല്കുന്ന തെറ്റായ വിശദീകരണങ്ങളും വ്യാഖ്യാനങ്ങളും സഭാംഗങ്ങളിൽ പലർക്കും ഇടർച്ചയ്ക്കും തെറ്റിദ്ധാരണയ്ക്കും കാരണമായിട്ടുണ്ട്. ആയതിനാൽ ഇവയെ സംബന്ധിച്ച് ഒരു വിശദീകരണം നല്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

സർവ്വീസിൽനിന്നും പിരിച്ചുവിടുവാൻ തക്കവിധം എന്തായിരുന്നു പ്രൊഫ. റ്റി. ജെ. ജോസഫ് ചെയ്ത തെറ്റ് എന്ന് ചോദിക്കുന്നവരുണ്ട്. മതനിന്ദയും ദൈവനിന്ദയും കലർന്ന ചോദ്യം ബി.കോം. രണ്ടാംവർഷ ഇന്റേണൽ പരീക്ഷയ്ക്ക് നല്കി എന്നത് ഒരു പ്രത്യേക മതവിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് അസ്വസ്ഥതയ്ക്ക് കാരണമായി. പരീക്ഷയെഴുതിയ ഒരു കുട്ടിതന്നെ ചോദ്യത്തിൽ ചില മാറ്റങ്ങൾ വരുത്തി മതനിന്ദ ദ്യോതിപ്പിക്കുന്ന കാര്യങ്ങൾ ഒഴിവാക്കി ഉത്തരം എഴുതുകയും ഇക്കാര്യം സാറിനെ അറിയിക്കുകയും ചെയ്തതാണ്. ഇത് സാവകാശം വാർത്തയാവുകയും ബോധപൂർവ്വം ചെയ്ത പ്രവൃത്തിയെന്ന് വിശേഷിപ്പിക്കപ്പെടുകയും തത്ഫലമായി വലിയ സംഘർഷങ്ങൾ ഉണ്ടാവുകയും കോളജിനും മാനേജ്മെന്റിനും എതിരെ ഭീഷണി ഉയരുകയും ചെയ്തത് മറക്കുവാൻ സമയമായിട്ടില്ല. കോളജിലെ മലയാളം അധ്യാപകനായ ഒരു വൈദികനാണ് ഇതിന്റെ പിന്നിലെന്ന് പ്രചരിപ്പിക്കുവാൻ ആരോ ശ്രമം നടത്തി. എന്നാൽ പിന്നീട് കണ്ടെടുത്ത ചോദ്യപേപ്പറിന്റെ കൈയെഴുത്തുപ്രതി സാറിന്റേതാണെന്ന് തിരിച്ചറിയുകയും സാറിനോട് വിശദീകരണം ചോദിക്കുകയും തൃപ്തികരമായ വിശദീകരണം നല്കാത്തതിനാൽ വിശദമായ അന്വേഷണത്തിനുശേഷം യൂണിവേഴ്സിറ്റിയുടെ നിബന്ധനപ്രകാരം കുറ്റക്കാരനാണെന്നു കണ്ടെത്തി ശിക്ഷാനടപടികൾ കൈക്കൊള്ളുകയുമായിരുന്നു. വിവാദ ചോദ്യപേപ്പർ തയ്യാറാക്കപ്പെട്ടതിനെത്തുടർന്ന് നടന്ന സംഭവങ്ങൾ നമ്മുടെ നാട്ടിലെ വ്യത്യസ്ത ജനവിഭാഗങ്ങളുടെ ഇടയിൽ ഉണ്ടാക്കിയ അകൽച്ചയുടെ ആഴവും പരപ്പും നിസ്സാരവൽക്കരിക്കാൻ ആവില്ല. ന്യൂമാൻ കോളജിനെ സംബന്ധിച്ചിടത്തോളം 60 ശതമാനം വിദ്യാർത്ഥികളും ക്രൈസ്തവേതര വിഭാഗങ്ങളിൽനിന്നുള്ളവരാണ്. അവർക്കും അവരുടെ രക്ഷിതാക്കൾക്കും സുരക്ഷിതത്വ ബോധവും ആത്മാഭിമാനവും പകർന്നുനല്കേണ്ടത് കോളജ് മാനേജ്മെന്റിന്റെ ഉത്തരവാദിത്വമായിരുന്നു.

*വിവാദ ചോദ്യപേപ്പർ തയ്യാറാക്കിയ അധ്യാപകനെതിരെ പോലീസ് ക്രിമിനൽ കേസെടുത്തെങ്കിലും 2013 നവംബറിൽ തൊടുപുഴ മജിസ്ട്രേറ്റ് കോടതി അദ്ദേഹത്തെ കുറ്റമുക്തനാക്കി. മാനേജ്മെന്റ് അദ്ദേഹത്തിനെതിരെ എടുത്ത ശിക്ഷണ നടപടിക്കെതിരെ പ്രൊഫസർ നല്കിയ കേസ് അപ്പോഴും യൂണിവേഴ്സിറ്റി അപ്പലേറ്റ് ട്രൈബ്യൂണൽ കോടതിയിൽ തുടരുകയായിരുന്നു. യൂണിവേഴ്സിറ്റി ട്രൈബ്യൂണിലെ നടപടികൾ പുരോഗമിക്കുമ്പോഴും അദ്ദേഹത്തിന് റിട്ടയർമെന്റിനുശേഷം ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ മാനേജ്മെന്റ് നടത്തിയിരുന്നു. ശിക്ഷണ നടപടികൾ പിൻവലിച്ച് കോളജിൽ തിരികെ പ്രവേശിപ്പിക്കുന്നതൊഴികെ എല്ലാ റിട്ടയർമെന്റ് ആനുകൂല്യങ്ങളോടും കൂടെ വിരമിക്കുന്നതിനുള്ള സാധ്യതയും മാനേജ്മെന്റ് ടി അധ്യാപകനോട് പലവട്ടം ചർച്ച ചെയ്തു. എന്നാൽ ഈ ശ്രമങ്ങളൊന്നും ഫലവത്തായില്ല.*

*യൂണിവേഴ്സിറ്റി ട്രൈബ്യൂണൽ കോടതിയുടെ വിധി ലഭിക്കുമ്പോൾ ഈ അധ്യാപകന്റെ പുനഃപ്രവേശനമുൾപ്പെടെയുള്ള എല്ലാ വിഷയങ്ങൾക്കും സമഗ്രമായ ഒരു പരിഹാരമുണ്ടാകുമെന്ന് മാനേജ്മെന്റ് പ്രതീക്ഷിച്ചിരുന്നു. പക്ഷേ, യൂണിവേഴ്സിറ്റി ട്രൈബ്യൂണൽ കോടതിയിലെ കേസിന്റെ നടപടിക്രമങ്ങൾ നീണ്ടുപോയി. ഇത് നീട്ടിക്കൊണ്ടുപോകാൻ മാനേജ്മെന്റ് ബോധപൂർവ്വം ശ്രമിച്ചു എന്ന ആരോപണം സത്യവിരുദ്ധ മാണ്. കേസ് നീട്ടിക്കൊണ്ടുപോകാൻ മാനേജ്മെന്റല്ല ജോസഫ് സാറിന്റെ വക്കീൽതന്നെയാണ് ശ്രമിച്ചിട്ടുള്ളത് എന്നതിന്റെ വ്യക്തമായ തെളിവുകൾ ഉണ്ട്. 2014 മാർച്ച് 31-ന് സർവ്വീസിൽനിന്ന് വിരമിക്കേണ്ടുന്ന വ്യക്തിയാണ് ഈ അധ്യാപകൻ എന്ന് അറിവുണ്ടായിരുന്നിട്ടും കഴിഞ്ഞ നാലുവർഷമായി ട്രൈബ്യൂണൽ കോടതിയുടെ മുമ്പിലുള്ള ഈ കേസ് വിധി തീർപ്പാകാതെ തുടർന്നത് എന്തുകൊണ്ടാണെന്ന് മനസ്സിലാകുന്നില്ല.*

*ട്രൈബ്യൂണൽ കോടതിവിധി അനന്തമായി നീണ്ടുപോകുന്നതിനിടയിൽ അധ്യാപകന്റെ ഭാര്യ ആകസ്മികമായി മരണപ്പെട്ടത് എല്ലാവരെയും ഏറെ വേദനിപ്പിച്ചു. കൂടാതെ 2014 മാർച്ച് 31-നുശേഷം ഈ അധ്യാപകനെ സഹായിക്കാൻ ഒരു നടപടിയും മാനേജ്മെന്റിന് സ്വമേധയാ സ്വീകരിക്കാൻ കഴിയില്ലായെന്ന വസ്തുതയും ഗൗരവമായി പരിഗണനയിലെടുത്ത സാഹചര്യത്തിലാണ് അദ്ദേഹത്തോട് കാരുണ്യം കാണിക്കുന്നതിനു രൂപത തീരുമാനിക്കുകയും അദ്ദേഹത്തെ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുകയും ചെയ്തത്. സർവ്വീസിൽനിന്ന് പിരിച്ചുവിട്ട സമയത്ത് അദ്ദേഹത്തിനുമേൽ ചുമത്തപ്പെട്ട കുറ്റങ്ങളെ സംബന്ധിച്ച് ഒരു വിധി തീർപ്പല്ല ഈ തീരുമാനം. പലരുടെയും സമ്മർദ്ദംമൂലമാണ് ജോസഫ് സാറിനെ തിരിച്ചെടുത്തത് എന്ന പ്രചാരണം അവാസ്തവമാണ്. മാനുഷിക പരിഗണന മാത്രമാണ് ഇദ്ദേഹത്തെ പുനഃപ്രവേശിപ്പിക്കുന്നതിന് കാരണമായിട്ടുള്ളത്.*

ഇത്തരത്തിൽ മാനുഷിക പരിഗണന കാണിച്ചിട്ടും കത്തോലിക്കാ സഭയെയും സഭയുടെ സ്ഥാപനങ്ങളെയും താറടിക്കുന്നതിന് ഈ അവസരം ചില തത്പരകക്ഷികളും വ്യക്തികളും വിനിയോഗിക്കുന്നതായി കാണുന്നത് അങ്ങേയറ്റം വേദനാജനകമാണ്. വാസ്തവത്തിൽ കോതമംഗലം രൂപതയും ന്യൂമാൻ കോളജ് മാനേജ്മെന്റും കോളജ് പ്രിൻസിപ്പലും ഈ അധ്യാപകന്റെ വിവേചനാശൂന്യമായ പ്രവൃത്തിയുടെ ഇരകളാക്കപ്പെടുകയായിരുന്നു. കോളജ് മാനേജ്മെന്റും പ്രിൻസിപ്പലും അനുഭവിക്കേണ്ടിവന്ന നിരന്തരമായ യാതനകളും മനഃക്ലേശവും ധനനഷ്ടവും ഇവർ ചെയ്ത ഏതെങ്കിലും കുറ്റത്തിന്റെ പേരിലായിരുന്നില്ല. സോഷ്യൽ മീഡിയ ഉൾപ്പെടെയുള്ള മാധ്യമങ്ങളിലൂടെ ഇപ്പോൾ പ്രചരിക്കുന്ന കഥകൾ തീർത്തും അവാസ്തവവും അടിസ്ഥാനരഹിതവുമാണ്. വിഷയത്തിന്റെ വൈകാരികതലം മാത്രം കണ്ടുകൊണ്ട് ചർച്ചയിൽ പങ്കെടുക്കുന്നവരുടെ എണ്ണമാണ് കൂടുതൽ. പക്ഷേ, ഉത്തരവാദപ്പെട്ട സ്ഥാനങ്ങളിൽ ഇരുന്നുകൊണ്ട് തീരുമാനങ്ങൾ എടുക്കേണ്ടിവരുമ്പോൾ വികാരത്തെക്കാൾ വിവേകമാണ് നമ്മെ നയിക്കേണ്ടത് എന്ന ബോധ്യമാണ് രൂപതയ്ക്കും കോളജ് മാനേജ്മെന്റിനും ഉള്ളത്.

കോതമംഗലം രൂപതയും വിശിഷ്യ, ന്യൂമാൻകോളജ് മാനേജ്മെന്റും പ്രിൻസിപ്പലും വളരെ കടുത്ത പരീക്ഷണങ്ങളാണ് കഴിഞ്ഞ നാലു വർഷമായി നേരിട്ടുകൊണ്ടിരിക്കുന്നത്. പരീക്ഷണഘട്ടങ്ങളിൽ എടുക്കേണ്ടിവന്നിട്ടുള്ള തീരുമാനങ്ങളും വിഷമകരമായിരുന്നു. അനേക വർഷങ്ങളിലൂടെ അനേകായിരങ്ങളുടെ ത്യാഗത്തിന്റെയും കഠിനാദ്ധ്വാനത്തിന്റെയും ഫലമായി പടുത്തുയർത്തപ്പെട്ടിട്ടുള്ളതാണ് കേരളത്തിലെ ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങളും അവയുടെ മതേതരസ്വഭാവവും. ഏതെങ്കിലും മതവിഭാഗങ്ങളിൽപെടുന്നവരോട് വിവേചനം പുലർത്തുന്ന സമീപനം ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ചരിത്രത്തിൽ നാളിതുവരെ ഉണ്ടായിട്ടില്ല. അതിനു ഭംഗംവരുവാൻ നമ്മുടെ ഒരു സ്ഥാപനം കാരണമായി എന്ന ആരോപണം വളരെ വേദനയോടെയാണ് നമ്മൾ കണ്ടത്. സഭയുടെ നടപടികളെ അടിസ്ഥാനരഹിതമായി ചോദ്യം ചെയ്യുന്നതും അധ്യാപകവൈദികരെ വ്യക്തിഹത്യയിലൂടെ അപകീർത്തിപ്പെടുത്തുന്നതും രൂപത അപലപിക്കുന്നു. ദൗർഭാഗ്യകരമായ ചില സംഭവങ്ങളുടെ മറവിൽ സ്ഥാപനത്തെയും അധ്യാപകരെയും മാനേജ്മെന്റിനെയും വേട്ടയാടുന്ന സമീപനം ഒരിക്കലും ശരിയല്ല. കോളജിനും രൂപതയ്ക്കുമെതിരേ ഉയർന്ന ദുരാരോപണങ്ങളുടെ പൊള്ളത്തരം മനസ്സിലാക്കുവാൻ ഈ വിശദീകരണക്കുറിപ്പ് ഉപകരിക്കുമെന്ന് പ്രത്യാശിക്കുന്നു.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

*മാർ ജോർജ് മഠത്തിക്കണ്ടത്തിൽ*
*കോതമംഗലം രൂപതാദ്ധ്യക്ഷൻ*

*കോതമംഗലം*
*31.3.2014*

NB: 2014 ഏപ്രിൽ 6-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ നമ്മുടെ രൂപതയിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കേണ്ടതാണ്.

മേല്പടി ഇടയലേഖനം രൂപതാദ്ധ്യക്ഷന്റെ കല്പനയ്ക്ക് വിരുദ്ധമായി എന്റെ ഇടവകപ്പള്ളിയായ മൂവാറ്റുപുഴ നിർമ്മല മാതാപള്ളിയിൽ വായിക്കാതിരുന്നതിന്റെ ഉദ്ദേശ്യശുദ്ധി എന്തായിരിക്കും?
ഏതായാലും വാർത്താമാധ്യമങ്ങൾക്കുമുമ്പിൽ പ്രതികരിക്കാൻ അന്നു ഞാൻ കൂട്ടാക്കിയില്ല.
ഇപ്പോഴും അതിനു ഞാൻ മുതിരുന്നില്ല. പകരം മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ കണ്ടനാട് ഈസ്റ്റ് രൂപതാ ബുള്ളറ്റിനിൽ വന്ന എഡിറ്റോറിയൽ അതേപടി ഉദ്ധരിച്ചു ചേർക്കുകയാണ്. ഞാൻ അംഗമായ സീറോ മലബാർ സഭയുടെ ഇടയലേഖനം വന്നതിന് ഏതാനും ദിവസങ്ങൾക്കുശേഷം (ഏപ്രിൽ 15) പ്രസിദ്ധീകരിച്ച ആ ബുള്ളറ്റിൻ മൂവാറ്റുപുഴയിലുള്ള അരമനയിൽനിന്ന് തപാലിൽ എനിക്ക് അയച്ചു കിട്ടിയതാണ്.

**മരിച്ചവരുടെ കരുത്ത്**

*2014 മാർച്ച് 20-ലെ വർത്തമാനപത്രങ്ങളുടെ ഒരു മുൻപുറ വാർത്ത കണ്ട് ഞെട്ടാത്തവർ ചുരുക്കമാണ്. ഏറ്റവും അധികം ആത്മഹത്യകൾ നടക്കുന്ന സംസ്ഥാനമാണ് കേരളമെങ്കിൽപോലും മിക്കവരുടെയും നെഞ്ചകം നൊന്തു. പ്രൊഫ. ടി.ജെ. ജോസഫിന്റെ ഭാര്യ സലോമി സ്വയം ജീവനൊടുക്കിയ സംഭവമായിരുന്നു വാർത്തയായത്. അയൽവക്കത്തു നടന്ന ഒരു ദുരന്തമെന്ന നിലയിൽ ഇതിനോടു പ്രതികരിക്കേണ്ട കടപ്പാട് ഡയോസിസൻ ബുള്ളറ്റിൻ തിരിച്ചറിയുന്നു.*

*സംഭവപശ്ചാത്തലം എല്ലാവർക്കുമറിയാം. തൊടുപുഴ ന്യൂമാൻ കോളജിലെ മലയാളം പ്രൊഫസറായിരുന്ന ടി.ജെ. ജോസഫ്, ബി.കോം രണ്ടാം സെമസ്റ്റർ വിദ്യാർത്ഥികളുടെ ഇന്റേണൽ പരീക്ഷയ്ക്കായി തയ്യാറാക്കിയ ചോദ്യക്കടലാസിൽ ചിഹനം ചെയ്യാൻ ഒരു ചോദ്യമുണ്ടായിരുന്നു. അതിന് നല്കിയ ഗദ്യഭാഗത്ത് 'മുഹമ്മദ്' എന്ന പേര് അദ്ദേഹം സ്വന്തമായി*

കൂട്ടിച്ചേർത്തു. അത് പ്രവാചകനായ മുഹമ്മദ് നബിയെ അവഹേളിക്കുന്നതിനുവേണ്ടി മനഃപൂർവ്വം തിരുകി കയറ്റിയതാണെന്ന് മുസ്ലിം മതതീവ്രവാദികൾ വ്യാഖ്യാനിച്ചു. അവർ പ്രൊഫ. ജോസഫിനും കോളജ് അധികൃതർക്കുമെതിരെ ഭീഷണിമുഴക്കി പ്രതികാരം ചെയ്യുമെന്ന് പ്രഖ്യാപിച്ചു. കുറെ കഴിഞ്ഞ് 2010 ജൂലൈ നാലിന്, അദ്ദേഹം കുടുംബസമേതം പള്ളിയിൽ പോയി മൂവാറ്റുപുഴ ഹോസ്റ്റൽപടിയിലുള്ള ഭവനത്തിൽ മടങ്ങിയെത്തുമ്പോൾ വീട്ടുപടിക്കൽ തടഞ്ഞുനിറുത്തി കുറേപ്പേർ അദ്ദേഹത്തെ വലിച്ചു പുറത്തിട്ട് ഭാര്യയും വൃദ്ധമാതാവും സഹോദരിയുമെല്ലാം നിസ്സഹായരായി നോക്കിനിൽക്കേ വലതുകൈപ്പത്തി വെട്ടിമാറ്റി അടുത്ത പുരയിടത്തിലേക്ക് എറിഞ്ഞശേഷം സ്ഥലം വിട്ടു. ആശുപത്രിയിൽ പ്രവേശിക്കപ്പെട്ട അദ്ദേഹത്തിന്റെ ഛേദിക്കപ്പെട്ട കൈപ്പത്തി തുന്നിചേർക്കപ്പെട്ടെങ്കിലും ഇന്നും അത് ഉപയോഗയോഗ്യമായിത്തീർന്നിട്ടില്ല. കഷ്ടമെന്നു പറയട്ടെ, മതതീവ്രവാദികളെ പ്രീതിപ്പെടുത്താനെന്നമട്ടിൽ മാനേജ്മെന്റ് പ്രൊഫ. ജോസഫിനെ ജോലിയിൽനിന്നും പിരിച്ചുവിടുകയും ചെയ്തു. ചികിത്സ, ആശുപത്രിവാസം, വിമർശനം, അവഹേളനം, എവിടെയെത്തിയാലും വ്യത്യസ്ത ഭാവങ്ങളോടെയുള്ള ജനത്തിന്റെ തുറിച്ചുനോട്ടം, നൊമ്പരപ്പെടുത്തുന്ന അനുകമ്പാപ്രകടനങ്ങൾ, പോലീസ് പ്രൊട്ടക്ഷൻ എന്ന ഒഴിയാബാധ എന്നിവയെല്ലാംകൊണ്ട് ആ കുടുംബം നരകയാതനയിലായി. ശമ്പളം നിലച്ചതോടെ പ്രൊഫ. ജോസഫും കുടുംബവും കടുത്ത സാമ്പത്തിക പ്രതിസന്ധിയിലുമായി. ഏതു ഭീഷണിക്കുമെതിരെ ഭർത്താവിനൊപ്പംനിന്ന സലോമി തൊഴി ലുറപ്പുപദ്ധതിപ്രകാരമുള്ള ജോലിക്കു പോകാൻപോലും അവസരം തേടി. ഇതെല്ലാം അറിയുന്ന സ്ഥലത്തെ ചില സാമൂഹ്യപ്രവർത്തകർ പ്രൊഫസറെ ജോലിയിൽ തിരിച്ചെടുക്കാൻ നടത്തിയ ശ്രമങ്ങൾ കോളജ് മാനേജ്മെന്റിന്റെ കടുത്തനിലപാടു മൂലം പരാജയപ്പെടുകയാണുണ്ടായത്. ഇതിനോടകം പ്രൊഫ. ജോസഫിന്റെ പുനർനിയമപ്രശ്നം കേരളസമൂഹത്തിന്റെ മതനിരപേക്ഷതാമൂല്യത്തോടുള്ള പ്രതിബദ്ധതയുടെയും അഭിപ്രായപ്രകടന സ്വാതന്ത്ര്യത്തിന്റെ ഒരു പരിശോധനാകാര്യം (test case)ആയിക്കഴിഞ്ഞിരുന്നു. 2013 നവംബർ 13-ന് തൊടുപുഴ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി പ്രൊഫ. ജോസഫിനെ കുറ്റവിമുക്തനാക്കിക്കൊണ്ട് വിധി പ്രഖ്യാപിച്ചു. എന്നിട്ടും മാനേജ്മെന്റിന്റെ നിലപാടിൽ ഒട്ടും അയവുണ്ടായില്ല. 2014 മാർച്ച് 31-ന് ജോലിയിൽനിന്ന് വിരമിക്കേണ്ടിയിരുന്ന അദ്ദേഹത്തെ അതിനോടടുത്ത ദിവസമെങ്കിലും തിരികെ എടുത്ത് സർക്കാരിൽനിന്നു ലഭിക്കേണ്ട പെൻഷൻ ആനുകൂല്യങ്ങൾ സ്വീകരിക്കുന്ന തിന് സാഹചര്യമൊരുക്കുമെന്നുള്ള പ്രത്യാശ പ്രൊഫ. ജോസഫിനും കുടുംബത്തിനുമുണ്ടായിരുന്നു. എന്നാൽ കാലം അതിക്രമിച്ചിട്ടും അതിനുള്ള ഒരു നീക്കവും മാനേജ്മെന്റ് ഭാഗത്തുനിന്നും ഉണ്ടായില്ല. ഇത് അവരെ ദുരിതത്തിന്റെ പടുകുഴിയിലാക്കി. നിരാശയും

വിഘ്നങ്ങളും സലോമിയെ ഒരു വിഷാദരോഗിയാക്കി മാറ്റി. 2014 മാർച്ച് 19-ന് ജോസഫ് ദമ്പതികൾ ഡോക്ടറെ കണ്ട് മരുന്നുമായി വീട്ടിൽ മടങ്ങിയെത്തി നിമിഷങ്ങൾക്കകമാണ് സലോമി കുളിമുറിയിൽ തൂങ്ങിമരിച്ചത്.

കഷ്ടം! ഒരു ചെറുപരീക്ഷയുടെ ചോദ്യക്കടലാസിൽ ചേർത്ത ഒരു പേരിനെച്ചൊല്ലിയുള്ള വിവാദമാണ് ചോദ്യകർത്താവിന്റെ വലതുഹസ്തം വെട്ടിമാറ്റുന്നതിനും ജോലി നഷ്ടപ്പെടുന്നതിനും ഒടുവിൽ ജീവിതപങ്കാളിയുടെ പ്രാണത്യാഗത്തിനും ഇടയാക്കിയത്. തന്റെ പ്രിയന് ജോലിയിൽ തിരികെ പ്രവേശിക്കുന്നതിനും പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുമുള്ള സാധ്യത അവസാനിക്കുന്നു എന്ന തോന്നലാണ് സലോമിയെ ഈ ദുരന്തത്തിനു പ്രേരിപ്പിച്ചത്. പ്രൊഫ. ജോസഫിനെതിരേ മതനിന്ദയും മതസൗഹാർദ്ദ ധ്വംസന ശ്രമവും ആരോപിച്ച് അദ്ദേഹത്തിന്റെ വലതുകരം വെട്ടിയെറിഞ്ഞ മുസ്‌ലിം തീവ്രവാദികളുടെ കിരാതത്വവും അദ്ദേഹത്തെ ജോലിയിൽ പുനഃപ്രവേശിപ്പിക്കുവാൻ ദയ കാണിക്കാത്ത കോളജ് മാനേജ്മെന്റിന്റെ കടുംപിടുത്തവും സലോമിയുടെ സ്വയംഹത്യയിൽ തുല്യ പങ്കുവഹിച്ചിട്ടുണ്ട്. പ്രൊഫ. ജോസഫ് മാർച്ച് 31-ന് ജോലിയിൽനിന്നു വിരമിക്കേണ്ടതാണ് എന്നറിഞ്ഞിരുന്നിട്ടും അദ്ദേഹത്തിന്റെ പുനർനിയമനപ്രശ്നത്തിൽ അടിയന്തര തീരുമാനമെടുക്കാൻ ഉത്സാഹിക്കാത്ത മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി അപ്പലറ്റ് ട്രൈബ്യൂണലിനും അതിനുവേണ്ട സത്വരനിർദ്ദേശം നല്കാത്ത കേരള സർക്കാരിനും ഈ ദുരന്തത്തിന്റെ ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുമാറാനും സാധ്യമല്ല. സലോമിയുടെ പ്രാണത്യാഗത്തിൽ ഈ നാലു കൂട്ടരുടെയും പങ്ക്, ഒരു സമഗ്രമായ അന്വേഷണംവഴി നിർണ്ണയിക്കുവാൻ കോടതി ഉത്തരവിടേണ്ടതാണ്.

പുനർനിയമനത്തിന് തടസ്സമായത് കേസ് അപ്പലെറ്റ് ട്രൈബ്യൂണലിന്റെ പരിഗണനയിലിരുന്നതാണ് എന്ന മാനേജർ ഫാ. ഫ്രാൻസിസ് ആലപ്പാട്ടിന്റെ വിശദീകരണത്തിന് ഒട്ടുമേ വിശ്വാസ്യതയില്ല. കാരണം, ഒടുവിൽ മാർച്ച് 28-ന് പ്രൊഫ. ജോസഫിന്റെ പുനർനിയമനം അദ്ദേഹം നടത്തിയത് ട്രൈബ്യൂണൽ തീരുമാനത്തിന് ശേഷമായിരുന്നില്ല. ഏതായാലും പത്തു ദിവസംമുമ്പ് ഈ തീരുമാനം മാനേജ്മെന്റ് എടുത്തിരുന്നുവെങ്കിൽ സലോമിയുടെ വിലപ്പെട്ട ജീവൻ പൊലിയുകയില്ലായിരുന്നു.

ഒരു കാര്യം സലോമിയുടെ പ്രാണത്യാഗമാണ് ഭർത്താവിനെ ജോലിയിൽ പ്രവേശിപ്പിക്കുവാൻ പ്രേരകമായത്. ആ ദുരന്തം മാനേജ്മെന്റിന്റെ മനഃസാക്ഷിയിൽ ഏല്പിച്ച മുറിവോ അതിന്റെ പ്രത്യാഘാതമായുണ്ടാകാവുന്ന ജനരോഷം സംബന്ധിച്ച ഭയമോ അതോ അവ രണ്ടും ചേർന്നതോ എന്താണ് മാനേജ്മെന്റിന്റെ മനംമാറ്റത്തിന് യഥാർത്ഥ കാരണമെന്ന് അവർക്കേ പറയാനാവൂ. ഒന്നു തീർച്ച, മരിച്ച സലോമി ജീവിച്ചിരുന്ന സലോമിയെക്കാൾ

*ശക്തയാണ്. കാരണം ജീവിച്ചിരുന്നപ്പോൾ സാധിക്കാത്തത് മരണശേഷം അവൾക്ക് സാധിച്ചു, മാനേജ്മെന്റിന്റെ മനസ്സുമാറ്റാൻ.*

*ജോലിയിൽ പുനഃപ്രവേശിച്ചശേഷം വിരമിക്കുവാൻ സാധിച്ചതിൽ ജോസഫ് മാസ്റ്റർക്ക് അഭിനന്ദനങ്ങൾ. നിർഭാഗ്യകരമാംവിധം അതു വൈകിയതിന് അനുശോചനങ്ങൾ! സ്വന്തം ജീവൻ കൊടുത്ത് പുനഃപ്രവേശനം നേടിക്കൊടുത്ത സലോമിക്ക് ആദരാഞ്ജലികൾ. പ്രിയ ജോസഫ് മാസ്റ്റർ, ഏഷ്യാനെറ്റിന് നല്കിയ അഭിമുഖത്തിലെ താങ്കളുടെ വാക്കുകൾ ഞങ്ങളുടെ മനസ്സിൽ മാറ്റൊലിക്കൊള്ളുന്നു. ''യുദ്ധം ജയിച്ചു. പക്ഷേ, രാജ്യം നഷ്ടപ്പെട്ടു.'' നഷ്ടപ്പെടുത്തിയവർ അതു തിരിച്ചറിഞ്ഞെങ്കിൽ എന്നാശിക്കുന്നു. മതഭ്രാന്തന്മാരുടെ മനംമാറ്റത്തിനായി പ്രാർത്ഥിക്കുന്നു. ആരോടും പകയില്ലാത്ത മാസ്റ്ററുടെ നല്ല മനസ്സിനു മുമ്പിൽ ഞങ്ങൾ തലകുനിക്കുന്നു. താങ്കളെപ്പോലെയുള്ളവരിലാണ് ഞങ്ങൾ ക്രിസ്തുസാന്നിധ്യം കാണുന്നത്.*

# ഹസ്ബന്റ് ഓഫ് ലേറ്റ് സലോമി

സലോമിയുടെ 21-ാം വയസ്സിലാണ് ഞാൻ അവളെ പെണ്ണുകാണാൻ ചെല്ലുന്നത്. എനിക്ക് അന്ന് 28 വയസ്സുണ്ടായിരുന്നു.

ചില സുഹൃത്തുക്കൾ പറഞ്ഞതിൽപ്രകാരം ഇതിനോടകം മൂന്ന് ഇടങ്ങളിൽ ഞാൻ പെണ്ണു കാണാൻ പോയിരുന്നു. സ്കൂൾ അധ്യാപികമാരായിരുന്നു അവരെല്ലാം. ഏകദേശം എന്റെ പ്രായമൊക്കെ അവർക്കും ഉണ്ടായിരുന്നു. അവരുടെ സംസാരത്തിൽനിന്ന് അവരൊക്കെ പ്രാക്ടിക്കലായി മാത്രം ചിന്തിക്കുന്നവരായി എനിക്കു തോന്നി. അതിനാൽ അവരോടൊക്കെ ഒരു ബഹുമാനം തോന്നിയതല്ലാതെ ഒരു 'ഇഷ്ടം' തോന്നിയില്ല. എന്നിലെ കാല്പനികഭാവംകൊണ്ടാകാം.

മുരിക്കാശ്ശേരി പാവനാത്മ കോളജിന്റെ അടുത്തായിരുന്നു എന്റെ വീട്. വീട്ടിലിരുന്നാൽ കോളജ് കാണാം. അവിടെ അധ്യാപകനായി ജോലി കിട്ടിയിട്ട് ഒരു വർഷം തികഞ്ഞിരുന്നില്ല.

മുരിക്കാശ്ശേരിയിൽനിന്ന് ആറു കിലോമീറ്റർ അകലെ ഉപ്പുതോട് എന്ന സ്ഥലത്തായിരുന്നു സലോമിയുടെ വീട്. അവൾക്ക് അഞ്ചാറുവയസ്സുള്ളപ്പോൾ അപ്പൻ മരിച്ചതാണ്. ഒരു ചേച്ചിയും അനുജത്തിയും അനുജനുമാണ് സഹോദരങ്ങൾ.

അപ്പന്റെ മരണശേഷം കൃഷികാര്യങ്ങൾ നോക്കി നടത്തി ബദ്ധപ്പെട്ടാണ് അമ്മ മക്കളെ വളർത്തിയത്. അക്കാലത്ത് ആ മേഖലയിൽ കോളജുകളൊന്നും ഉണ്ടായിരുന്നില്ല. ദൂരെ ദിക്കിൽ വിട്ട് പഠിപ്പിക്കാനുള്ള സ്ഥിതിയും ഉണ്ടായിരുന്നില്ല. അതിനാൽ സഹോദരിമാർ ഹൈസ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞപ്പോൾ പഠനം ഉപേക്ഷിച്ചുപോയി. സലോമി മാത്രം പ്രീഡിഗ്രിവരെ പഠിച്ചു. പിന്നീട് തയ്യൽടീച്ചറാകാനുള്ള ഒരു കോഴ്സിനു ചേർന്നുപഠിക്കുകയായിരുന്നു.

അമ്മയുടെ ഉത്സാഹത്തിൽ കൃഷിവരുമാനം തരക്കേടില്ലാതെ വന്നപ്പോൾ ചേച്ചിയെ ചെറുപ്രായത്തിൽത്തന്നെ അധികം അകലെയല്ലാത്ത ഒരു കർഷകകുടുംബത്തിൽ കെട്ടിച്ചയച്ചു. എത്രയും പെട്ടെന്ന് ബാധ്യതകൾ ഓരോന്നായി തീർക്കാനാണ് രണ്ടാമത്തെ മകളെയും പറഞ്ഞുവിടാൻ ആ അമ്മ ഉത്സാഹിക്കുന്നത്.

പെണ്ണിന് ജോലിയുണ്ടാവണമെന്ന് നിർബന്ധമില്ലെന്നു പറഞ്ഞതുകൊണ്ടാണ് നാട്ടുകാരനായ ഒരു കല്യാണബ്രോക്കർ എന്നെ അവിടേക്ക് കൊണ്ടുപോയത്.

വീട്ടിൽ സാധാരണയായി ധരിക്കുന്ന പാവാടയും ബ്ലൗസുമിട്ടുനിന്ന സലോമിയെ എനിക്കിഷ്ടമായി. മുണ്ടും ഷർട്ടും ധരിച്ച് പത്രാസൊന്നും കൂടാതെ

ചെന്ന എന്നെ അവൾക്കും ബോധിച്ചു.

എന്റെ ജോലി സ്ഥിരമായിട്ടുള്ളതാണെന്ന് അവർ അന്വേഷിച്ച് ഉറപ്പുവരുത്തി. സ്ത്രീധനവിഷയത്തിൽ എനിക്കും വീട്ടുകാർക്കും നിർബന്ധങ്ങളൊന്നുമില്ലാതിരുന്നതിനാൽ 1986 മെയ് 11-ന് ഞങ്ങളുടെ വിവാഹം നടന്നു.

ഞങ്ങൾ രണ്ടാൾക്കും അന്ന് മെല്ലിച്ച ശരീരപ്രകൃതിയായിരുന്നു. കട്ടിമീശയൊന്നും ഇല്ലാതിരുന്നതിനാൽ എന്റെ യഥാർത്ഥ വയസ്സ് പ്രത്യക്ഷത്തിൽ തോന്നില്ലായിരുന്നു.

എറണാകുളം മഹാരാജാസ് കോളജിൽ എന്നോടൊപ്പം പഠിച്ച ഒരു കൂട്ടുകാരിയെ കാണാൻ കല്യാണത്തിനുശേഷം സലോമിയൊടൊപ്പം ഞാൻ പോയി. അന്ന് മഹാരാജാസ് കോളജ് ചുറ്റിനടന്ന് ഞാൻ അവൾക്ക് കാണിച്ചുകൊടുത്തു. ആഭരണങ്ങളൊക്കെ അണിഞ്ഞിരുന്ന സലോമിയെ കണ്ടാൽ പുതുപ്പെണ്ണാണെന്ന് ആർക്കും തോന്നുമായിരുന്നു. മഹാരാജാസ് കോളജായതിനാൽ കുട്ടികൾ കമന്റൊന്നും പറയില്ലെന്ന വിശ്വാസത്തിലാണ് അവളെയും കൂട്ടി കോളജിന്റെ നടുമുറ്റത്തുകൂടി നടന്നത്. എങ്കിലും കമന്റുണ്ടായി.

''രണ്ടിനെയും വേണമെങ്കിൽ പ്രീഡിഗ്രിക്കു ചേർക്കാം.''

വിവാഹശേഷം മുരിക്കാശ്ശേരിയിലെ വീട് ഞങ്ങളെ ഏല്പിച്ചിട്ട് അപ്പനും അമ്മയും മറ്റും വാര്യാനിക്കാട്ട് വീട്ടിലേക്ക് താമസം മാറ്റി. അതിനാൽ കൃഷികാര്യങ്ങൾ, മക്കളെ വളർത്തൽ എന്നിവമൂലം സലോമിക്ക് ജോലിത്തിരക്കേറി. അതിനാൽ എന്റെ വിഷയമായ മലയാളസാഹിത്യം പ്രൈവറ്റായി പഠിച്ച് ഡിഗ്രി എടുക്കണമെന്ന അവളുടെ ആഗ്രഹം നടക്കാതെ പോയി.

1993-ൽ മുരിക്കാശ്ശേരി കോളജിൽനിന്ന് മൂവാറ്റുപുഴ നിർമ്മല കോളജിലേക്ക് ഞാൻ സ്ഥലം മാറിപ്പോന്നു. ഉയർന്ന ക്ലാസ്സുകളിൽ സാഹിത്യം പഠിപ്പിക്കാനുള്ള അഭിവാഞ്ഛകൊണ്ടാണ് വീടും കൃഷിയുമൊക്കെ ഉപേക്ഷിച്ച് മൂവാറ്റുപുഴയ്ക്കു പോന്നത്. നിർമ്മല കോളജ് പരിസരത്ത് വാടകവീടെടുത്തു താമസിച്ചപ്പോൾ സലോമിക്ക് ഒഴിവു സമയങ്ങളുണ്ടായി. കൃഷികാര്യങ്ങൾ ഇല്ലെന്നു മാത്രമല്ല, അപ്പോഴേക്കും മക്കൾ രണ്ടുപേരും സ്കൂളിലും നേഴ്സറിയിലും പോയിത്തുടങ്ങുകയും ചെയ്തിരുന്നു.

തയ്യൽ, ബ്യൂട്ടീഷൻ കോഴ്സ് എന്നിവയിലൊക്കെ അവൾ പരിശീലനം നടത്തിയെങ്കിലും ആ ജോലികൾക്കൊന്നും ഞാനവളെ വിട്ടില്ല. മുരിക്കാശ്ശേരിയിലായിരുന്നപ്പോൾ എന്നപോലെ മൂവാറ്റുപുഴയിൽ വന്നിട്ടും വീട്ടിൽതന്നെയായിരുന്നു എന്റെ ഉച്ചഭക്ഷണം. സ്വന്തമായി വീടുവെച്ചത് മക്കൾ പഠിക്കുന്ന സ്കൂളിനോടടുത്തായിരുന്നതിനാൽ ഉച്ചയൂണിന് അവരും

എത്തിയിരുന്നു. ഭാര്യയെ ജോലിക്കുവിട്ട് ആ സന്തോഷങ്ങളൊന്നും വേണ്ടെന്നു വെക്കാൻ ഞാൻ തയ്യാറായില്ല.

ഞാനും മക്കളും വീട്ടിൽ ഇല്ലാത്ത സമയങ്ങളിൽ ഗൃഹജോലികളൊക്കെ വേഗത്തിൽ തീർത്തിട്ട് എന്റെ പുസ്തകശേഖരത്തിൽനിന്ന് നല്ല പുസ്തകങ്ങൾ എടുത്ത് അവൾ വായന തുടങ്ങും. വായിച്ച പുസ്തകങ്ങളെക്കുറിച്ച് ചോദിക്കുമ്പോൾ അവൾ ചർച്ചയ്ക്കൊന്നും മുതിരാറില്ലെങ്കിലും ഒറ്റ വാക്യത്തിൽ പറയുന്ന അഭിപ്രായങ്ങൾ എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. വിക്തോർ ഹ്യൂഗോയുടെ 'പാവങ്ങൾ' എന്ന നോവൽ ഒന്നര മാസംകൊണ്ടാണ് അവൾ വായിച്ചുതീർത്തത്. വായന കഴിഞ്ഞപ്പോൾ ഞാൻ അഭിപ്രായം ചോദിച്ചു. അവൾ പറഞ്ഞു.

''കുറേ നാളുകളായി ഒപ്പമുണ്ടായിരുന്ന ഒരു സുഹൃത്ത് പിരിഞ്ഞുപോയതുപോലെ.''

തീവ്രമതഭക്തർ എന്റെ കൈകാലുകൾ വെട്ടിയരിഞ്ഞ ദിവസം അവൾ മാധ്യമങ്ങൾക്കുമുമ്പിൽ പ്രതികരിച്ചതിങ്ങനെയാണ്.

''മതമില്ലാത്ത ഒരു ലോകമുണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നു.''

അങ്ങനെ പറയാനുള്ള ആർജ്ജവം അവൾക്ക് സിദ്ധിച്ചത് വായനയിലൂടെയാണ്.

ആരും ഇഷ്ടപ്പെടുന്ന പ്രകൃതമായിരുന്നു അവളുടേത്. എന്നോടെന്നല്ല, ആരോടും അവൾ കോപിച്ചു സംസാരിച്ചിട്ടേയില്ല. അതിനുള്ള ത്രാണി അവൾക്കില്ലായിരുന്നുവെന്നുള്ളതാണ് വാസ്തവം.

എന്നിൽനിന്ന് ഒളിപ്പിക്കാൻ ആഗ്രഹിക്കുന്ന മനോവ്യാപാരങ്ങൾ അവൾക്കില്ലായിരുന്നു. എന്നാൽ എത്ര ഒളിപ്പിച്ചാലും എന്റെ മനോവ്യാപാരങ്ങളെക്കുറിച്ച് അവൾക്ക് സൂചന കിട്ടുമായിരുന്നു. അതെങ്ങനെയെന്ന് ഞാൻ അത്ഭുതപ്പെട്ടിട്ടുണ്ട്.

ദാനശീലം കൂടിപ്പോകുന്നതിലാണ് എനിക്കവളെ ചുരുക്കമായിട്ടെങ്കിലും ശാസിക്കേണ്ടിവന്നിട്ടുള്ളത്. അലഞ്ഞുതിരിഞ്ഞുവരുന്ന പൂച്ചകൾക്കും കാക്കകൾക്കും കലത്തിലിരിക്കുന്ന ചോറൊക്കെ അവൾ എടുത്തുകൊടുക്കും.

മരണാനന്തരം തന്റെ അവയവങ്ങളെല്ലാം ദാനം ചെയ്യണമെന്ന് പലവട്ടം പറഞ്ഞിരുന്നു.

ഞാനായിരിക്കും ആദ്യം മരിക്കുന്നതെന്ന സ്വാഭാവികമായ തോന്നൽ എനിക്കുണ്ടായിരുന്നു. പ്രായക്കൂടുതൽ എനിക്കാണല്ലോ. അത് നേരത്തെയെങ്ങാനും സംഭവിച്ചാൽ ഭാര്യയും മക്കളും എങ്ങനെ ജീവിക്കും എന്നൊരു ആധി പണ്ടെനിക്കുണ്ടായിരുന്നു. അതിനാൽ ഒരു നിക്ഷേപമെന്ന നിലയിൽ ഒട്ടും ലാഭകരമല്ലെന്ന് ബോധ്യമുണ്ടായിരുന്നിട്ടും അവരുടെ സുരക്ഷയെ കരുതി ഭേദപ്പെട്ട തുകയ്ക്കുള്ള ലൈഫ് ഇൻഷ്വറൻസ് പോളിസി ഞാൻ എടുത്തിരുന്നു. പത്തിരുപത് വർഷം സർവ്വീസായതോടെ

കുടുംബത്തെക്കുറിച്ചുള്ള ആ ഉത്കണ്ഠ മാറിയിരുന്നു. എന്റെ മരണശേഷം കിട്ടുന്ന ഫാമിലി പെൻഷൻകൊണ്ട് സലോമിക്കും മക്കൾക്കും പട്ടിണികൂടാതെ കഴിയാമെന്ന് ഞാൻ കണക്കുകൂട്ടി. അങ്ങനെയൊക്കെ ചിന്തിച്ചിരുന്ന എന്റെ ജോലിയും പെൻഷനും ഇൻഷ്വർ ചെയ്യപ്പെട്ടത് അവളുടെ ലൈഫ് കൊണ്ടാണല്ലോ എന്നോർക്കുമ്പോൾ എനിക്കെങ്ങനെയാണ് സഹിക്കാൻകഴിയുക?

''ഒപ്പം നിന്ന് പടവെട്ടിയ ഒരാൾ വീണുപോയി എന്നേ ഞാൻ വിചാരിക്കുന്നുള്ളു'' എന്നൊക്കെ വാർത്താമാധ്യമങ്ങൾക്കുമുമ്പിൽ നിർവ്വികാരഭാവത്തിൽ പറഞ്ഞെങ്കിലും എന്റെ മനസ്സ് വിങ്ങിക്കൊണ്ടിരുന്നു.

എന്നെ ആശ്വസിപ്പിക്കാനെത്തിയ അനേകം കത്തുകളിൽ ഒന്നിലെ അഡ്രസ്സ് ഇപ്രകാരമായിരുന്നു. പ്രൊഫ. ടി.ജെ. ജോസഫ്, ഹസ്ബന്റ് ഓഫ് ലേറ്റ് സലോമി, മൂവാറ്റുപുഴ. അതുതന്നെയാണ് യഥാർത്ഥത്തിൽ എന്റെ ഇപ്പോഴുള്ള മേൽവിലാസം എന്ന് ഞാൻ ഓർത്തു. പരേതയായ സലോമിയുടെ ഭർത്താവ് എന്ന നിലയിലാണല്ലോ ഇപ്പോഴത്തെ എന്റെ അസ്തിത്വം. അവളുടെ ഭർത്താവിനാണ് നഷ്ടപ്പെട്ടുപോയ പ്രൊഫസർ പദവി തിരിച്ചുകിട്ടിയത്. അവളുടെ ജീവത്യാഗം മാത്രമാണ് അതിനുള്ള യോഗ്യതയായി പരിണമിച്ചത്.

ഏറെ സങ്കടപ്പെടുത്തിയ മറ്റൊരു കാര്യം, സലോമിയോടൊപ്പം അവളുടെ വീട്ടുകാരും എന്നെയും മക്കളെയും ഉപേക്ഷിച്ചുവെന്നുള്ളതാണ്. സലോമി ഇല്ലാത്ത വീട്ടിലേക്ക് വന്നോ ഫോൺ ചെയ്തോ എന്തിനവർ സങ്കടപ്പെടണം? അതിനവരെ കുറ്റം പറയാനൊക്കുമോ? അവധി ദിവസങ്ങളിൽ തിരുവന ന്തപുരത്തുനിന്ന് അമ്മയില്ലാത്ത വീട്ടിലേക്ക് വരാൻ മിഥുനുപോലും മടിയാണ്.

ഡിമെൻഷ്യ രോഗബാധിതയായ അമ്മയുടെ മനസ്സിൽ സലോമിയുടെ മരണമൊന്നും പതിഞ്ഞിരുന്നില്ല. ''സലോമി എന്ത്യേ... അവളെ കണ്ടില്ലല്ലോ'' എന്നൊക്കെപ്പറഞ്ഞ് അമ്മ അന്വേഷിച്ചു നടക്കും. അതൊക്കെ കാണുമ്പോൾ മനസ്സ് ഇരമ്പും.

ഒരു മാസം കഴിഞ്ഞ് ആമി ഡൽഹിയിലേക്ക് തിരിച്ചുപോയി. ഞാനും അമ്മയും തനിച്ചായതിനാൽ ചേച്ചി സിസ്റ്റർ മാരിസ്റ്റെല്ലയും മേരിചേച്ചിയും മാറിമാറി വീട്ടിൽ വന്നു താമസിച്ചു. എന്നാൽ പണ്ടില്ലാതിരുന്ന ഒരു കരുതൽ അവർ എന്റെ കാര്യത്തിൽ എടുത്തു. അത് എനിക്ക് തീർത്തും അസഹ്യമായിത്തോന്നി. അക്കാര്യത്തിൽ ഞാൻ അവരോട് പലപ്പോഴും ശണ്ഠകൂടി.

ഒന്നും ചെയ്യാനില്ലാത്ത സമയങ്ങളിൽ മുറിക്കുള്ളിൽ ജനലിലൂടെ പുറത്തേക്കു നോക്കി മണിക്കൂറുകളോളം ഞാനിരിക്കും. തൊടിയിലെ വാഴച്ചുണ്ടുകളിൽ തേൻകുടിക്കാൻ വരുന്ന അണ്ണാറക്കണ്ണന്മാരും വവ്വാ ലുകളും എന്റെ കണ്ണിൽ നിത്യസന്ദർശകരായി. മുറ്റത്തെ പേരമരത്തിൽ വന്നിരിക്കുന്ന പച്ചക്കിളിയെയും ജനൽക്കമ്പികളിൽ പാറിവന്നിരിക്കുന്ന ബഹുവർണ്ണശലഭത്തെയും കാണുമ്പോൾ

അവയൊക്കെ എന്റെ സലോമിയുടെ പുനർജന്മമായിരിക്കുമോ എന്നു വെറുതെ നിനയ്ക്കും.

'തീയിൽ കുരുത്തത് വെയിലത്ത് വാടില്ല' എന്ന തന്റേടം പല പ്രതിസന്ധികളിലും എന്നെ അക്ഷോഭ്യനാക്കി നിറുത്തിയിട്ടുണ്ട്. എന്നാൽ സലോമിയുടെ വിയോഗവ്യഥ എന്നെ തളർത്തുകതന്നെ ചെയ്തു. ആളുകളുടെ ആശ്വാസവാക്കുകൾ അതിന് ആക്കം കൂട്ടാനേ ഉപകരിച്ചുള്ളു. രാത്രികാലങ്ങളിൽ പോലും എനിക്ക് ഉറക്കമില്ലാതായി.

ഉറക്കഗുളികകളോ മറ്റേതെങ്കിലും മരുന്നോ കഴിക്കാൻ എനിക്കു മനസ്സുവന്നില്ല. പകരം പുസ്തകങ്ങൾ ഞാൻ കൈയിലെടുത്തു. അങ്ങനെ മനസ്സിനെ മറ്റൊരു ലോകത്തിൽ മേയാൻവിട്ട് താത്കാലിക ശാന്തി കണ്ടെത്തി. വായനയുടെ ക്ഷീണത്താൽ തളർന്ന കണ്ണുകൾ താനേ അടഞ്ഞു.

## നന്ദി, നമസ്ക്കാരം

ഇടയലേഖനമൊക്കെ ഇറക്കി വിശ്വാസികളുടെ മുമ്പിൽ 'നല്ലപിള്ള ചമഞ്ഞെങ്കിലും' ഞാൻ അവർക്ക് എതിരെ കേസിനുപോകുമെന്ന് രൂപതാധികാരികൾ ഭയന്നിരിക്കാം. സീറോ മലബാർ സഭയുടെ തലവനും കർദ്ദിനാളുമായ മാർ ജോർജ് ആലഞ്ചേരിയുമായി അവർ ബന്ധപ്പെടുകയും തുടർന്ന് അഭിവന്ദ്യപിതാവ് എന്നെ ഫോണിൽ വിളിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ആസ്ഥാനമായ കാക്കനാട്ടുള്ള സെന്റ് തോമസ് മൗണ്ടിൽ ഞാനും മിഥുനും ചെന്നു. ഞങ്ങൾ ഇരുവരെയും ആശ്വസിപ്പിച്ച അദ്ദേഹം സഭാധികാരികളോട് വിദ്വേഷമോ വിരോധമോ പുലർത്തരുതെന്ന് ഞങ്ങളെ ഉപദേശിച്ചു.

സലോമിയുടെ മരണശേഷം പെട്ടെന്നു തന്നെ എന്റെ പ്രോവിഡന്റ് ഫണ്ട് ക്ലോസ് ചെയ്തു കിട്ടി. കേസുണ്ടാകുമെന്ന് ഭയന്നിട്ടുതന്നെയാണ് കോളജധികാരികൾ അതിന്മേൽ ഉത്സാഹം കാട്ടിയത്. ഉദാരമതികളായ ചിലരുടെ സഹായം കൂടിയായപ്പോൾ സാമ്പത്തിക പരാധീനത ഒട്ടൊക്കെ പരിഹരിക്കപ്പെട്ടു.

2014 ആഗസ്റ്റിൽ ആമി ഡൽഹിയിലെ ജോലി മതിയാക്കി തിരിച്ചുവന്നു. IELTS പരീക്ഷ പാസ്സായി വിദേശത്തു പോകണം. അതാണവളുടെ ലക്ഷ്യം.

പഠനത്തിൽ ഉത്സാഹം കെട്ടുപോയ മിഥുൻ സിവിൽ സർവ്വീസ് പ്രിലിമിനറി പരീക്ഷയിൽ വിജയിച്ചില്ല. അവനും വീട്ടിലേക്കു തിരിച്ചുവന്നു.

മക്കൾ രണ്ടാളും വന്നതോടെ ഏകാന്തതയും വ്യഥയും കുറഞ്ഞ് ഞാൻ ഒരുമട്ട് നോർമലായി. മക്കളുടെ കാര്യത്തിൽ കൂടുതൽ ഉത്തരവാദിത്വബോധം എന്നിൽ രൂഢമൂലമായി.

മിഥുന് എറണാകുളത്തുള്ള ഒരു പ്രൈവറ്റ് സ്ഥാപനത്തിൽ മാനേജരായി ജോലി ലഭിച്ചു. ആമി തൊടുപുഴയിലുള്ള ഒരു ഇൻസ്റ്റിറ്റ്യൂട്ടിൽ IELTS കോച്ചിങ് ക്ലാസ്സിനു പോയിത്തുടങ്ങി.

പ്രിൻസിപ്പൽ ഡോ. ടി.എം. ജോസഫ്, കുറ്റവിമുക്തമാക്കിയ ഓർഡർ റദ്ദാക്കണമെന്നാവശ്യപ്പെട്ട് ഹൈക്കോടതിയിൽ കൊടുത്ത ഹർജിയിന്മേൽ ഞാൻ എതിർ സത്യവാങ്മൂലം കൊടുത്തു. യൂണിവേഴ്സിറ്റി അപ്പലറ്റ് ട്രൈബ്യൂണലിൽ ഞാൻ കൊടുത്തിരുന്ന അപ്പീൽ, മാനേജ്മെന്റ് എന്നെ ജോലിയിൽ തിരിച്ചെടുത്തതിനാൽ ഞാൻ പിൻവലിച്ചിരുന്നു. എന്നിരുന്നാലും കുറ്റവിമുക്തമാക്കിയ വിധിപ്പകർപ്പ് അധികാരസ്ഥാനങ്ങളിൽ എവിടെയും കാണിക്കാതിരിക്കാനുള്ള സ്റ്റേ ഉത്തരവ് പ്രിൻസിപ്പലിന്റെ വക്കീൽ കാലാകാലങ്ങളിൽ അപേക്ഷവെച്ച് നിലനിർത്തിക്കൊണ്ടിരുന്നു.

പിരിച്ചുവിടപ്പെട്ട് നാലുവർഷത്തിനുശേഷം എന്റെ സസ്പെൻഷൻ ഓർഡറും ഡിസ്മിസൽ ഓർഡറും റദ്ദു ചെയ്തിട്ടാണ് തുടർച്ചയായി സർവ്വീസിൽ ഉണ്ടായിരുന്നാലെന്നപോലെ വേതനത്തിനും മറ്റെല്ലാ ആനുകൂല്യങ്ങൾക്കും എന്നെ അർഹനാക്കി മാനേജർ പുനഃപ്രവേശന ഉത്തരവ് നല്കിയിരുന്നത്. അത് മാനേജരുടെ ഏകപക്ഷീയമായ നടപടി ആയിരുന്നതിനാൽ ആ ഉത്തരവിലുള്ള കാര്യങ്ങൾ ഫലവത്താകാൻ യൂണി വേഴ്സിറ്റിയുടെയും സർക്കാരിന്റെയും അംഗീകാരം വേണ്ടിയിരുന്നു. മറിച്ച് ഇരുകക്ഷികളുംകൂടി ഒരു ഒത്തുതീർപ്പ് ഹർജി യൂണിവേഴ്സിറ്റി അപ്പലെറ്റ് ട്രൈബ്യൂണലിൽ ഫയൽ ചെയത് അത് ഓർഡറാക്കി എടുത്തിരുന്നെങ്കിൽ അതിൽ നിയമതടസ്സങ്ങളൊന്നും ഉണ്ടാകുമായിരുന്നില്ല.

ശമ്പളക്കുടിശ്ശികയും പെൻഷനും മറ്റും ലഭ്യമാക്കാൻ ഒത്തൊരുമിച്ചു പ്രവർത്തിക്കാമെന്ന് സഭാധികാരികൾ പറഞ്ഞിരുന്നെങ്കിലും അവരുടെ ഭാഗത്തുനിന്ന് അത്തരത്തിലുള്ള ഒരു നീക്കവും പിന്നീടുണ്ടായില്ല.

എന്റെ സർവ്വീസ് റെഗുലറൈസ് ചെയ്തുകിട്ടാനായി പ്രിൻസിപ്പൽ ഡോ. ടി.എം. ജോസഫ് തയ്യാറാക്കി അയച്ച പ്രൊപ്പോസൽ എനിക്ക് അത് ഒരിക്കലും ശരിയായി കിട്ടരുതെന്ന് നിർബന്ധമുള്ളതുപോലെയാണെന്ന് എന്നോടു പറഞ്ഞത് കോളജിയേറ്റ് എഡ്യൂക്കേഷൻ ഡപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലെ സൂപ്രണ്ടുതന്നെയാണ്. മാത്രമല്ല, എന്റെ ശമ്പളക്കുടിശ്ശികയുടെ ബില്ല് സമർപ്പിച്ചതുകൂടാതെ എനിക്കുപകരം നാലുവർഷം ഗസ്റ്റ് അധ്യാപകനായി ജോലി ചെയ്ത ആളുടെ ശമ്പളബില്ലും പ്രിൻസിപ്പൽ സമർപ്പിച്ചിരുന്നു. സസ്പെൻഷൻ, ഡിസ്മിസൽ മുതലായവ റദ്ദു ചെയ്ത് സകല ശമ്പളാനുകൂല്യത്തോടെയും മുൻകാലപ്രാബല്യത്തിൽ എന്നെ പുനഃപ്രവേശിപ്പിച്ചപ്പോൾ എനിക്കു പകരം ജോലി ചെയ്തിരുന്ന ആൾക്ക് വേതനം കൊടുക്കാനുള്ള ബാധ്യത മാനേജ്മെന്റിന്റേതായി. ഒരു ജോലിക്കു രണ്ടു ശമ്പളം സർക്കാരിൽനിന്ന് പറ്റാനുള്ള പ്രിൻസിപ്പലിന്റെ നീക്കം തടസ്സങ്ങളും തർക്കങ്ങളും ഉണ്ടാക്കാനുള്ള കുബുദ്ധിയല്ലാതെ മറ്റെന്താണ്?

എറണാകുളത്തുള്ള ഡപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽനിന്ന് എന്റെ ശമ്പളക്കുടിശ്ശികയുടെ ബില്ല് പാസ്സാക്കാതെ മടക്കി. സർവ്വീസ് റഗുലറൈസ് ചെയ്യാനുള്ള അപേക്ഷ തിരുവനന്തപുരത്തുള്ള കോളജിയേറ്റ് ഡയറക്ടറുടെ ഓഫീസിലേക്ക് അയയ്ക്കുകയും ചെയ്തു.

ആ അപേക്ഷ കോളജിയേറ്റ് ഡയറക്ടറുടെ ഓഫീസിലും ഹയർ എഡ്യൂക്കഷൻ ഡിപ്പാർട്ടുമെന്റിലും തീരുമാനമാകാതെ കിടന്നു.

ആമി IELTS പരീക്ഷ പാസ്സായി അയർലണ്ടിൽ സ്റ്റാഫ്നേഴ്സായി പോകുന്നതിനുള്ള തയ്യാറെടുപ്പുകൾ തുടങ്ങി.

പുനഃപ്രവേശനവും റിട്ടയർമെന്റും കഴിഞ്ഞ് മാസങ്ങളായിട്ടും ശമ്പള കുടിശ്ശികയോ പെൻഷനോ ലഭ്യമാകാതെ സർക്കാർ ഓഫീസുകൾ

കയറിയിറങ്ങുന്ന എന്റെ കഷ്ടപ്പാടുകൾ മാധ്യമങ്ങളിൽ വീണ്ടും വാർത്തയായി. അതു കണ്ടിട്ട് എനിക്ക് പലിശരഹിത വായ്പ തരാൻ ചിലർ സന്നദ്ധരായി. അതിന്റെ ആവശ്യമില്ലെന്ന് ഞാനവരെ അറിയിച്ചു. ഒരാൾ നിർബന്ധപൂർവം ഒരു നിശ്ചിതതുക എന്റെ ബാങ്ക് അക്കൗണ്ടിൽ മാസംതോറും ഇട്ടുതന്നു.

എം.ജി. യൂണിവേഴ്സിറ്റി എനിക്ക് അനുകൂലമായ നടപടി സ്വീകരിച്ച് സർക്കാരിനെ അറിയിച്ചു.

എന്റെ പുനർനിയമന ഉത്തരവിൽ മാനേജർ പറഞ്ഞമാതിരി കാര്യങ്ങൾ നടപ്പാകണമെങ്കിൽ സർക്കാർ ഉത്തരവുതന്നെ വേണമെന്ന് ബോധ്യമായ ഞാൻ അതിനുള്ള ശ്രമമാരംഭിച്ചു. മൂവാറ്റുപുഴ എം.എൽ.എ. ജോസഫ് വാഴയ്ക്കൻ മുഖേന മുഖ്യമന്ത്രി ഉമ്മൻചാണ്ടിക്ക് ഞാൻ നിവേദനം കൊടുത്തു. കൂടാതെ സെക്രട്ടറിയേറ്റിലെ ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിൽ പോയി ക്ലാർക്ക്, സൂപ്രണ്ട്, ഡപ്യൂട്ടി സെക്രട്ടറി, എന്നിവരെയൊക്കെ കാണുകയും ഹയർ എഡ്യൂക്കേഷൻ സെക്രട്ടറിക്ക് പ്രത്യേകമായി അപേക്ഷ സമർപ്പിക്കുകയും ചെയ്തു.

പോലീസ് സെക്യൂരിറ്റിയോടെ നടന്ന എന്നെ സെക്രട്ടറിയേറ്റ് ഓഫീസുകളുടെ കവാടങ്ങളിൽ കാവൽനിന്ന ഗാർഡുമാർ പലപ്പോഴും സല്യൂട്ട് ചെയ്തു. ഞാൻ ജഡ്ജിയോ ഏതെങ്കിലും ഉയർന്ന ഉദ്യോഗസ്ഥനോ ആണെന്നു ധരിച്ചാണ് അവർ അങ്ങനെ ചെയ്തത്. ഇല്ലാക്കേസിൽ അറസ്റ്റു ചെയ്ത് ലോക്കപ്പിലും ജയിലിലുമൊക്കെ ഇട്ടതിനുപകരം ലഭിക്കുന്ന ഒരു ബഹുമതിയായി അതിനെ വരവുവെച്ച് ഞാൻ രസിക്കുകയും ചെയ്തു.

തൊടുപുഴ ന്യൂമാൻ കോളജിൽ വാല്യു എഡ്യുക്കേഷൻ സെല്ലിന്റെ ഡയറക്ടറായിരുന്നപ്പോൾ മൂല്യബോധന ക്ലാസ്സുകൾ കൈകാര്യം ചെയ്യാൻ അധ്യാപകർക്കുവേണ്ടി ഞാൻ തയ്യാറാക്കിയ ചെറുലേഖനങ്ങൾ 'നല്ല പാഠങ്ങൾ' എന്ന് പേരിട്ട് ഡി സി ബുക്സ് പ്രസിദ്ധീകരിച്ചു.

2015 ഏപ്രിൽ 30-ന് എൻ.ഐ.എ. കോടതി, എന്നെ ആക്രമിച്ച കേസിൽ 13 പ്രതികൾ കുറ്റക്കാരാണെന്ന് കണ്ടെത്തി. തെളിവുകളുടെ അഭാവത്തിൽ മറ്റുള്ളവരെ വെറുതെ വിട്ടു. എന്നാൽ കുറ്റം തെളിയിക്കപ്പെട്ടവർക്കുള്ള ശിക്ഷ അന്നു വിധിച്ചില്ല.

എന്റെ പ്രതികരണമാരായാൻ വാർത്താമാധ്യമങ്ങൾ വന്നു. കേസിലോ അതിന്മേലുള്ള വിധിയിലോ പ്രത്യേകമായ താത്പര്യമൊന്നുമില്ലെന്നും ഒരു പൗരൻ എന്ന നിലയിലുള്ള കൗതുകമേ ഉള്ളുവെന്നും ഞാൻ പറഞ്ഞു.

ഒരാഴ്ച കഴിഞ്ഞ് മെയ് 8-ന് ശിക്ഷാവിധി വന്നു. പത്തുപ്രതികൾക്ക് 8 വർഷം കഠിനതടവ്. മൂന്നു പേർക്ക് 2 വർഷം. എല്ലാവർക്കും പിഴയുമുണ്ട്. പിഴത്തുകയിൽനിന്ന് എനിക്ക് 8 ലക്ഷം രൂപാ നഷ്ടപരിഹാരം.

വാർത്താമാധ്യമങ്ങൾ വീണ്ടും വന്നു. പ്രതികൾക്കു ശിക്ഷ കിട്ടിയതിൽ സ േന്താഷിക്കുന്നില്ലെന്ന് അവരോടു പറഞ്ഞു. പ്രതികളെ ശിക്ഷിക്കുന്നത് ഇരയ്ക്കു

ലഭിക്കുന്ന നീതിയാണെന്ന മിഥ്യാധാരണ തനിക്കില്ലെന്നും വ്യക്തമാക്കി.

വിധി അറിഞ്ഞ് കോടതിമുറിയിൽനിന്ന് ആഹ്ലാദത്തോടെ പുറത്തേക്കു വരുന്ന പ്രതികളുടെ ചിത്രങ്ങൾ വാർത്താമാധ്യമങ്ങളിൽ വന്നിരുന്നു. അതിൽ പ്രതികരണമാവശ്യപ്പെട്ട മാധ്യമങ്ങളോട് ഞാൻ പറഞ്ഞു.

''എല്ലാവരും അങ്ങനെ ആഹ്ലാദത്തോടെ

വർത്തിക്കുന്നത് കാണാനാണ് എനിക്കിഷ്ടം.''

ശിക്ഷ കുറഞ്ഞുപോയി എന്ന് ആരോപിച്ച് എൻ.ഐ. എ. ഹൈക്കോടതിയിൽ അപ്പീൽ കൊടുത്തു. അപ്പീലുള്ളതിനാൽ നഷ്ടപരിഹാരത്തുക എനിക്കു ലഭിച്ചതുമില്ല.

എൻ.ഐ.എ. കോടതി ശിക്ഷ വിധിച്ച മെയ് 8-ന് എന്റെ ശമ്പളക്കുടിശ്ശികയും പെൻഷനും നല്കാൻ സർക്കാർ ഉത്തരവായി എന്ന വാർത്തയും വന്നു. പിറ്റേന്ന് ബഹു. മുഖ്യമന്ത്രി ഉമ്മൻചാണ്ടി എന്നെ ഫോണിൽ വിളിച്ച് അറിയിച്ചു.

2015 ജൂലൈ 13-ന് ശമ്പളക്കുടിശ്ശിക വാങ്ങാൻ ഞാൻ ന്യൂമാൻ കോളജിൽ പോയി. ചെക്ക് തരുമ്പോൾ പ്രിൻസിപ്പൽ ഡോ. ടി.എം. ജോസഫ് ചോദിച്ചു.

''ഇപ്പോൾ സന്തോഷമായില്ലേ?''

അദ്ദേഹം ആത്മാർത്ഥമായിത്തന്നെ ചോദിച്ചതാവാം. അതിനുള്ള മറുപടിയെക്കുറിച്ചൊന്നും ഞാൻ ആലോചിച്ചില്ല. കാരണം, സന്താഷത്തിന്റെയും സങ്കടത്തിന്റെയും അതിർവരമ്പുകൾ എന്നിൽ നിരന്നുപോയിരുന്നു.

പത്രത്തിനും റേഡിയോയ്ക്കും ടെലിവിഷനുമായി ധാരാളം പ്രതികരണങ്ങളും അഭിമുഖങ്ങളും ഇതിനോടകം ഞാൻ നല്കിയിട്ടുണ്ട്. സൂര്യകൃഷ്ണമൂർത്തിയുടെ ക്ഷണപ്രകാരം സൂര്യാഫെസ്റ്റിലെ പ്രസംഗോത്സവത്തിലും ഞാൻ പങ്കെടുത്തു. പല പ്രസ്ഥാനക്കാരും അവരുടെ യോഗങ്ങളിലേക്ക് എന്നെ ക്ഷണിച്ചെങ്കിലും ചില സാംസ്കാരിക സംഘടനകളുടേതുമാത്രമേ ഞാൻ സ്വീകരിച്ചുള്ളൂ.

തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന സ്വരാഞ്ജലി എന്ന സംഘടന എനിക്ക് ഒരു അവാർഡ് തരാൻ തയ്യാറായത് എന്നെ ആശ്ചര്യപ്പെടുത്തി. 'ഹാർമണി അവാർഡ്'. മതസൗഹാർദ്ദത്തിനും സമാധാനപരമായ സഹവർത്തിത്വത്തിനും മാതൃകയായി പ്രവർത്തിക്കുന്ന മഹത്‌വ്യക്തിക്ക് സ്വരാഞ്ജലി നല്കുന്ന അവാർഡ് എന്തൊരു വൈരുദ്ധ്യം! മതസ്പർദ്ധയുണ്ടാക്കിയതിന് ലോക്കപ്പിലും ജയിലിലും കിടന്ന എനിക്ക്! മതനിന്ദ നടത്തിയതിന് കൈകാലുകൾ ഛേദിക്കപ്പെട്ട എനിക്ക്! ദൈവനിന്ദ നടത്തിയതിന് ജീവനവൃത്തിയിൽനിന്ന് പിരിച്ചുവിടപ്പെട്ട എനിക്ക്! മനസ്സിലൂറിയ പുഞ്ചിരിയോടെ ഞാനത് സ്വീകരിച്ചു. ലോകസംഗീതദിനമായ ജൂൺ 21-ന് (2015) തിരുവനന്തപുരത്ത് മാനവീയം വീഥിയിൽ സംഗീതസംവിധായകൻ രമേഷ് കൃഷ്ണൻ ഉദ്ഘാടനം നിർവ്വഹിച്ച യോഗത്തിൽവച്ച് മലയാളത്തിന്റെ പ്രിയപ്പെട്ട

കവിയും സാമൂഹികപ്രവർത്തകയുമായ സുഗതകുമാരി ടീച്ചറാണ് അതെനിക്ക് സമ്മാനിച്ചത്.

2015 ഡിസംബറിൽ ആമി സ്റ്റാഫ്നേഴ്സായി ജോലി ലഭിച്ച് അയർലണ്ടിൽ പോയി. രണ്ടു മാസം കഴിഞ്ഞപ്പോൾ അവൾ വീട്ടിലേക്കു പണമയച്ചു തുടങ്ങി. വറുതിയുടെ നാളുകൾ അവസാനിച്ചതിന്റെ ആശ്വാസം പങ്കിടാൻ സലോമി ഇല്ലല്ലോ എന്ന ദുഃഖം മാത്രം ബാക്കിയായി.

വീടിന്റെ മുകൾനിലയുടെ പ്ലാൻ സലോമി ഉണ്ടായിരുന്നപ്പോൾതന്നെ വരപ്പിച്ചു വെച്ചിരുന്നതാണ്. അത് പണിതുപൂർത്തിയാക്കി. അതിനുശേഷം മക്കൾ രണ്ടാൾക്കും വിവാഹാലോചനകൾ ആരംഭിച്ചു. എന്നാൽ അതത്ര സുഗമമായിരുന്നില്ല. എന്റെ മകനാണ് അല്ലെങ്കിൽ മകളാണ് എന്ന് അറിയുന്നതോടെ പലരും പിന്മാറി. സദാസമയവും പോലീസ് സാന്നിദ്ധ്യമുള്ള ഒരു വീട്ടിൽനിന്ന് ബന്ധുത ഉണ്ടാക്കാൻ ആരാണ് ഇഷ്ടപ്പെടുക? പോരെങ്കിൽ കത്തോലിക്കാസഭയുടെ ദ്രോഹനടപടികളാൽ തകർന്നുപോയ ഒരു കുടുംബത്തിൽനിന്ന്! സഭാധികാരികളുടെ അപ്രീതിക്കു പാത്രമാകാൻ വിശ്വാസസമൂഹത്തിലുള്ളവർ തയ്യാറാകുമോ?

ഏതായാലും ആമി അവളുടെ ജീവിതപങ്കാളിയെ സ്വയം കണ്ടെത്തി. അയർലണ്ടിൽ വെച്ചു പരിചയപ്പെട്ട ബാലകൃഷ്ണ എന്ന തെലുങ്കാന സ്വദേശിയുമായി അവൾ പ്രണയത്തിലായി. എം.എസ്സി. നേഴ്സിങ് കോഴ്സിന് പഠിക്കാൻ അയർലണ്ടിൽ എത്തിയതായിരുന്നു ഹിന്ദുമത വിഭാഗത്തിൽപ്പെട്ട ആ ചെറുപ്പക്കാരൻ. ജാതിമതചിന്തകളോ മറ്റു വിഭാഗീയതകളോ അവരുടെ ബന്ധത്തിന് വിഘാതമായില്ല.

തൊടുപുഴ കലയന്താനി സ്വദേശി ലിസ് മരിയ എന്ന എം.ടെക് ബിരുദധാരിണിയായ പെൺകുട്ടി മിഥുനും വധുവായി വന്നു.

2018 ഏപ്രിൽ 16-ന് മിഥുന്റെയും മെയ് 7-ന് ആമിയുടെയും വിവാഹം നടന്നു.

ആ സവിശേഷ സന്ദർഭങ്ങളിലൊക്കെ തോളോടുതോൾ നില്ക്കേണ്ടിയിരുന്ന സലോമിയുടെ അഭാവം ഒരു നീറ്റലായി മനസ്സിൽ നിറഞ്ഞുനിന്നു.

മക്കളുടെ കാര്യത്തിൽ പ്രധാന ഉത്തരവാദിത്വങ്ങളൊക്കെ നിറവേറ്റി മനസ്സമാധാനം കൈവന്നതിനുശേഷമാണ് ഈ അനുഭവക്കുറിപ്പുകൾ എഴുതിത്തീർക്കാൻ ഉത്സാഹമായത്. ഇടതു കൈകൊണ്ടുള്ള എഴുത്ത് ഒരുവിധം വശമായതിനുശേഷം വർഷങ്ങൾക്കുമുമ്പേ ആരംഭിച്ചതാണെങ്കിലും പലപല പ്രാരാബ്ധങ്ങൾ കാരണം തുടർച്ച കിട്ടിയില്ല. അതുകൊണ്ട് തരക്കേടൊന്നും ഉണ്ടായില്ല. കാരണം, കഥാഗതിക്ക് ഒരു പരിസമാപ്തി വന്നത് പിന്നീടാണല്ലോ.

ആദ്യം പൂർത്തീകരിച്ചത് ഈ പുസ്തകത്തിന്റെ രണ്ടാം ഭാഗമാണ്. അതിൽ മിക്കതും ചോദ്യപേപ്പർ വിവാദത്തിനുമുമ്പുള്ള ജീവിതാനുഭവങ്ങളാണ്. ഇതുവരെ എന്നോടൊപ്പം വന്ന നിങ്ങളെ അതിന്റെ വായനയിലേക്കും ക്ഷണിക്കുന്നു. അതു കൂടിയാവുമ്പോൾ എന്റെ ചിന്തകളുടെ അബ്നോർമാലിറ്റി

അഥവാ വ്യതിരിക്തത നിങ്ങൾക്ക് കുറേക്കൂടി ബോധ്യപ്പെടുമെന്ന് കരുതുന്നു.
നന്ദി. നമസ്കാരം.

# ഭാഗം - 2

# കൃഷിയും നായാട്ടും പിന്നെ ഞാനും

''നല്ല വളക്കൂറുള്ള മണ്ണാണ്. അല്ലേ?'' ഫാദർ പോൾ തേലക്കാട്ട് അഭിപ്രായപ്പെട്ടു.

എന്റെ വീട്ടുവളപ്പിൽ തെങ്ങിലും മറ്റു വൃക്ഷങ്ങളിലും പടർന്നു കയറി സമൃദ്ധമായി കായ്ച്ചു കിടക്കുന്ന കുരുമുളകും ചേന, പാവൽ തുടങ്ങിയ പച്ചക്കറി ഇനങ്ങളും മറ്റു ഫലവൃക്ഷത്തൈകളും കണ്ടിട്ടാണ് അദ്ദേഹം ഇപ്രകാരം പറഞ്ഞത്. എനിക്ക് അഭിമാനം തോന്നി. കാരണം, മുറിച്ചു മാറ്റപ്പെട്ട കൈപ്പത്തി തുന്നിച്ചേർത്തുവെച്ച വലതുകൈകൊണ്ടും പകുതി അറ്റ് തുന്നിക്കൂട്ടിയ ഇടതുകൈപ്പത്തികൊണ്ടും തൂമ്പപിടിച്ച് ഞാൻ തന്നെ നട്ടുപരിപാലിക്കുന്നവയാണ് ഈ വൃക്ഷലതാദികൾ.

എന്റെ ഗുരുനാഥനായ പ്രൊഫ. എം.കെ. സാനുവിനോടൊപ്പം എന്റെ വീട്ടിൽ എത്തിയതായിരുന്നു ഫാദർ പോൾ തേലക്കാട്ട്. കൃഷികാര്യങ്ങളിലുള്ള താത്പര്യംകൊണ്ടാകണം അദ്ദേഹം എന്റെ വീടിനു ചുറ്റും നടന്നു നോക്കിയത്.

അഭിമാനിക്കാൻ മറ്റൊരു കാരണംകൂടിയുണ്ട്. പതിനഞ്ചുസെന്റുമാത്രം വിസ്തീർണ്ണമുള്ള ഈ സ്ഥലം ഞാൻ വാങ്ങുന്ന കാലത്ത് അയൽക്കാർ എന്നോട് പറഞ്ഞത് ഞാൻ മറന്നിട്ടില്ല.

ഒരാൾ പറഞ്ഞു.

''വീടുവെക്കാൻ കുഴപ്പമില്ല; കൃഷിക്കു പറ്റില്ല. വെള്ളാരമ്പാറയാണ്.''

ഗവൺമെന്റ് ഉദ്യോഗസ്ഥയായ മറ്റൊരു അയൽക്കാരി പറഞ്ഞത് ഇങ്ങനെയാണ്: ''സാറിന് കളിപ്പുപറ്റിയതാണ്. ആരെങ്കിലും ഈ വിലയ്ക്ക് ഈ പാറക്കെട്ട് വാങ്ങിക്കുമോ?''

അവർ പറഞ്ഞതുകേട്ട് എന്റെ മനസ്സ് ലവലേശം ചഞ്ചലപ്പെട്ടില്ല. കുറഞ്ഞ ചെലവിൽ ഈ സ്ഥലം എങ്ങനെ മാറ്റിയെടുക്കാമെന്ന് എനിക്ക് നല്ല നിശ്ചയമുണ്ടായിരുന്നു. ഫാദർ പോൾ തേലക്കാട്ട് ഇപ്പോൾ കാണുന്നത് ഞാൻ അപ്പോൾത്തന്നെ മനസ്സിൽ കണ്ടിരുന്നു. അതിന് എന്നെ പ്രാപ്തനാക്കിയത് എന്റെ കർഷക പാരമ്പര്യമാണ്.

കോട്ടയം ജില്ലയിലുള്ള മീനച്ചിൽ താലൂക്കിന്റെ പടിഞ്ഞാറുഭാഗത്തു നിന്നും കിഴക്കൻ മേഖലകളിലേക്ക് മാറി മാറി കുടിയേറിപ്പോന്നവരായിരുന്നു എന്റെ പൂർവ്വികർ. മണ്ണിൽ അധ്വാനിച്ചുനേടിയ പണംകൊണ്ട് ഭൂമി വാങ്ങി ഇടത്തരക്കാരായി തീർന്നവരായിരുന്നു അവർ. പരപരാ കത്ത്, പുറത്തെ മുതുകാട്ടിൽ, പനയ്ക്കക്കുഴിയിൽ, തെങ്ങനാക്കുന്നേൽ എന്നീ വീട്ടുപേരുകളിൽ അറിയപ്പെടുന്നവരുടെയെല്ലാം മൂലകുടുംബം ഒന്നായിരുന്നു.

ഞാൻ ജനിച്ചു വളർന്ന വാര്യാനിക്കാട് എന്ന പ്രദേശത്തേക്ക് ഭരണങ്ങാനത്തിനടുത്തുള്ള അമ്പാറനിരപ്പേൽ എന്ന സ്ഥലത്തുനിന്ന് തന്റെ പതിനാറാം വയസ്സിൽ ദേഹണ്ഡത്തിനു വന്നതായിരുന്നു എന്റെ അപ്പന്റെ അപ്പൻ.

'ദേഹണ്ഡം' എന്നതിന് ശരീരംകൊണ്ടുള്ള അധ്വാനം എന്നാണ് അർത്ഥം. ഹൈന്ദവ ജന്മിസമ്പ്രദായത്തിൽ ദേഹണ്ഡക്കാർ, പാചകക്കാരാണ്. എന്നാൽ ക്രിസ്ത്യൻ ജന്മിസമ്പ്രദായത്തിൽ ദേഹണ്ഡക്കാർ വസ്തുവിൽ പണിയെടുക്കുന്നവരാണ്.

എന്റെ വല്യപ്പൻ (അപ്പന്റെ അപ്പൻ) ദേഹണ്ഡിക്കാൻ ഏറ്റെടുത്തസ്ഥലം ഉൾപ്പെടുന്ന ചേരിക്കൽ (കൃഷിചെയ്യുന്ന മല) മുഴുവൻ വെള്ളൂക്കുന്നേൽ കുടുംബക്കാരുടേതായിരുന്നു. പണ്ടാരപ്പാട്ടം എന്ന് രേഖകളിൽ ഇപ്പോഴും വസ്തുവിന്റെ റവന്യൂസ്വഭാവം വിവരിക്കുന്ന കൊണ്ടൂർ വില്ലേജിൽ ഉൾപ്പെട്ട ഈ ഭൂപ്രദേശം അവരുടെ പൂർവ്വികർക്ക് തിരുവിതാംകൂർ മഹാരാജാവിൽനിന്ന് പതിച്ചു കിട്ടിയതായിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭംവരെ ഈ ഭൂപ്രദേശങ്ങളിൽ ഉഴവുകൃഷി മാത്രമാണ് ചെയ്തിരുന്നത്. ഉഴവുകൃഷി എന്നാൽ മലകളിൽ നടത്തുന്ന നെൽക്കൃഷിയാണ്. ഒരു കൃഷി കഴിഞ്ഞാൽ പന്ത്രണ്ടോ പതിനഞ്ചോ വർഷം കഴിഞ്ഞു മാത്രമേ അവിടെ വീണ്ടും കൃഷിയുള്ളൂ. അപ്പോഴേക്കും അവിടം വീണ്ടും കാടാകും. വേനലിന്റെ തുടക്കത്തിൽ കാടുമുഴുവൻ വെട്ടിമറിക്കുന്നതിന് 'ഉഴവുവെട്ടുക' എന്നാണ് പറയുന്നത്. പുതുമഴയ്ക്കു മുമ്പായി ഉഴവുകത്തിച്ച് നിലമൊരുക്കി വിത്തിടാൻ യോഗ്യമാക്കും. ഭൂമി തണുക്കെ മഴ കിട്ടിക്കഴിയുമ്പോൾ നെൽവിത്ത് വിതച്ചതിനുശേഷം മണ്ണ് ചെറുതായി കിളച്ചു മറിക്കും. ഒരാൾ വിതച്ചുപോകുകയും പത്തിരുപതാളുകൾ ഒരേ താളത്തിൽ കിളച്ചു പോകുകയും ചെയ്യും. വാമൊഴിയായി പകർന്നു കിട്ടിയ 'കിളപ്പാട്ടുകൾ' പാടിക്കൊണ്ടാണ് കിള നടത്തുന്നത്. 'വിത്തുകിള' ആഘോഷമാക്കാൻ കള്ളും ചാരായവും കൂട്ടിനുണ്ടാകും.

ഇങ്ങനെ കൃഷി ചെയ്തുണ്ടാക്കുന്ന നെല്ലിന്റെ പകുതി സ്ഥലം ഉടമയായ മുതലാളിക്കു കൊടുക്കണം. മീനച്ചിൽ താലൂക്കിലെ പല പ്രദേശങ്ങളിലും ഇങ്ങനെ 'കിളച്ചുപാതി' വ്യവസ്ഥയിൽ കൃഷി ചെയ്തിരുന്ന നസ്രാണിച്ചേട്ടന്മാർക്ക് ഓരോ വർഷവും കൃഷിചെയ്യാനുള്ള സ്ഥലം അവരുടെ മുതലാളിമാർ മാറി മാറി കൊടുത്തുകൊണ്ടിരുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം ദശകത്തിൽ സാമാന്യം നിരപ്പായ ഭൂവിഭാഗങ്ങൾ ദേഹണ്ഡത്തിനു നല്കാൻ മുതലാളിമാർ തീരുമാനിച്ചു. മീനച്ചിൽ പ്രദേശങ്ങളിലെ ക്രിസ്ത്യാനികൾതന്നെയാണ് ദേഹണ്ഡക്കാരായി വന്നത്. അവരിലൊരാളായിരുന്നു എന്റെ വല്യപ്പൻ.

വസ്തുവിൽ തെങ്ങ്, കവുങ്ങ്, കുരുമുളക് മുതലായ കാർഷിക വിളകളായിരുന്നു പ്രധാനമായും വെച്ചുപിടിപ്പിക്കേണ്ടിയിരുന്നത്. പ്ലാവ്, മാവ്,

മുതലായ ഫലവൃക്ഷങ്ങളും ആവാം. കപ്പ, വാഴ, ചേന, ചേമ്പ് തുടങ്ങിയ തന്നാണ്ടുകൃഷികളും നടത്താം. എന്തു കൃഷി ചെയ്താലും വിളവിന്റെ പകുതി മുതലാളിക്കു കൊടുത്തുകൊണ്ടിരിക്കണം. തെങ്ങ്, കവുങ്ങ് എന്നീ പ്രധാന വിളകൾ നന്നായി ഫലം നല്കാറാകുമ്പോൾ, അതായത് പന്ത്രണ്ടു വർഷം തികയുമ്പോൾ ദേഹണ്ഡവസ്തുവിന്റെ നേർപകുതി ദേഹണ്ഡക്കാരന് പൂർണ്ണാവകാശത്തിൽ ആധാരം രജിസ്റ്റർ ചെയ്തു നല്കാമെന്നതായിരുന്നു വ്യവസ്ഥ.

പുതുമണ്ണും പുതുപ്പെണ്ണും ഒരുപോലെയാണെന്ന് കാരണവന്മാർ പറയാറുണ്ട്. രണ്ടിനെയും നമ്മൾ വിചാരിക്കുന്ന മാതിരി നന്നാക്കിയെടുക്കാൻ പറ്റുമത്രെ.

ദേഹണ്ഡക്കാരായി വന്ന ചേട്ടന്മാർക്ക് പുതുപ്പെണ്ണിനോടെന്നവണ്ണം ഒരു പ്രണയമുണ്ടായിരുന്നു പുതുമണ്ണിനോടും. അവർ തങ്ങൾക്കു വേർതിരിച്ചു കിട്ടിയ മണ്ണിൽ ആവേശത്തോടെ കിളച്ചു പണിതു. കിളച്ചു കിട്ടിയ കല്ലുകൾകൊണ്ട് കയ്യാല പണിത് ചെരിവുള്ള ഭൂമി പല തട്ടുകളായി തിരിച്ച് മണ്ണൊലിപ്പിനെ തടഞ്ഞു. കാട്ടുമൃഗങ്ങളുടെ ശല്യത്തിൽ നിന്ന് വിളകളെ രക്ഷിക്കാൻ പറമ്പിനു ചുറ്റും മതിലായി പുറംകയ്യാലകളും തീർത്തു.

കിഴക്കു വെള്ളകീറുമ്പോൾ മുതൽ ഇരുട്ടു പരക്കുന്നതുവരെ അവർ പറമ്പിൽത്തന്നെയായിരുന്നു. നിലാവുള്ള സന്ധ്യകളിൽ രാവേറെ ചെല്ലുവോളം അവർ കിളച്ചുകൊണ്ടിരുന്നു. ഉടുതുണിയായ കച്ചത്തോർത്ത് വിയർപ്പിൽ നനഞ്ഞൊലിക്കുമ്പോൾ ഇടയ്ക്കിടെ അവർ പിഴിഞ്ഞുടുത്തു. ചേടത്തിമാർ അടുക്കളപ്പണി ഒഴിയുമ്പോഴൊക്കെ പറമ്പിലെത്തി കള പറിച്ചും നിലം വരണ്ടിയും കൃഷിയിൽ ചേട്ടന്മാർക്ക് സഹായികളായി.

വിയർപ്പു വീണ മണ്ണിൽ തെങ്ങും കവുങ്ങും തഴച്ചു വളർന്നു. പ്ലാവ്, മാവ്, മുതലായ വൃക്ഷങ്ങൾ മത്സരിച്ച് കായ്ഫലങ്ങൾ നല്കിത്തുടങ്ങി. നട്ടതും നടാത്താതുമായ വൃക്ഷങ്ങളിൽ കുരുമുളകുവള്ളികൾ പടർന്നു കയറി കണ്ണികുത്തി തിരികളിട്ടു.

ദേഹണ്ഡക്കാരായ ചേട്ടന്മാരെപ്പോലെ കുരിശുവരയ്ക്കുന്നവരും ഞായറാഴ്ച കുർബാന മുടക്കാത്തവരുമായ റോമൻ കത്തോലിക്കാസഭാംഗങ്ങളായിരുന്നു അവരുടെ മുതലാളിമാരും. എങ്കിലും ഫ്യൂഡൽ പ്രഭുക്കന്മാരുടെ ചൂഷണമനഃസ്ഥിതി അവരിലും സജീവമായിരുന്നു. കാടായിക്കിടന്നിടമൊക്കെ നല്ല കൃഷിയിടങ്ങളായിത്തീർന്നപ്പോൾ ദേഹണ്ഡക്കാരെ എങ്ങനെ ഒഴിവാക്കാമെന്നായി മുതലാളിമാരിൽ പലരുടെയും ചിന്ത. ദേഹണ്ഡക്കാരന്റെ പട്ടി മുതലാളിയെ കണ്ടപ്പോൾ കുരച്ചെന്നോ അല്ലെങ്കിൽ ദേഹണ്ഡക്കാരന്റെ അഞ്ചുവയസ്സുള്ള കുട്ടി വേണ്ടപോലെ ബഹുമാനിച്ചില്ലെന്നോ ഉള്ള അകാരണങ്ങൾ പറഞ്ഞ് പല ദേഹണ്ഡക്കാരെയും അവർ കുടിയിറക്കി വിട്ടു. ചിലർക്ക് 'ദേഹണ്ഡ വില' എന്ന പേരിൽ നിസ്സാരമായ ഒരു തുകയും നല്കി. മുതലാളിയുടെ ശിങ്കിടിയായ ഏതെങ്കിലും ഒരു മധ്യസ്ഥൻ നിശ്ചയിക്കുന്ന 'ന

ക്കാപ്പിച്ച്' വാങ്ങിപ്പോകാൻ കൂട്ടാക്കാത്തവരെ തല്ലിച്ചതച്ചു. വീടിനു തീയിട്ടു. കള്ളക്കേസിൽ പോലീസിനെക്കൊണ്ട് പിടിപ്പിച്ചു. ചിലരെ കൊന്നുകളഞ്ഞു. തുടക്കത്തിൽ പൊരുതി നിന്ന പലരും അവസാനം ജീവനിൽ പേടിച്ച് നാടുവിട്ടു. കൃഷിക്കാർ ഒഴിഞ്ഞുപോയ ഭൂമി നല്ല വിലയ്ക്ക് മുതലാളിമാർ വിറ്റെടുക്കുകയും ചെയ്തു.

എന്നാൽ എന്റെ വല്യപ്പൻ ഉൾപ്പെടെയുള്ള ചില ദേഹണ്ഡക്കാർക്ക് അങ്ങനെ ഒഴിഞ്ഞുപോകേണ്ടിവന്നില്ല. ഞങ്ങളുടെ മുതലാളി ദേഹണ്ഡക്കാരോട് നല്ല സൗഹൃദം പുലർത്തിയിരുന്ന ആളാണ്. മറ്റു മുതലാളിമാർക്കുള്ളതുപോലെ ധനാർത്തി അദ്ദേഹത്തിനുണ്ടായിരുന്നില്ലതാനും.

വല്യപ്പൻ നല്ല അദ്ധ്വാനിയായിരുന്നു. മരം മുറിക്കൽ, പാറപൊട്ടിക്കൽ, കയ്യാല കെട്ടൽ എന്നു വേണ്ട കൃഷി ഭൂമിയിലെ എല്ലാ പണികളും വല്യപ്പന് സ്വായത്തമായിരുന്നു. മറ്റു ദേഹണ്ഡക്കാരുടേതിനെ അപേക്ഷിച്ച് ഞങ്ങളുടെ പറമ്പിലാണ് എല്ലാ വിളകളും സമൃദ്ധമായി വിളഞ്ഞത്. അതിന്റെയെല്ലാം നേർപാതി തരിമ്പും വ്യത്യാസമില്ലാതെ മുതലാളിക്കു കൊടുത്തുകൊണ്ടുമിരുന്നു. ഒരു തേങ്ങപോലും കൂടുതൽ എടുക്കാൻ വല്യപ്പൻ തുനിഞ്ഞില്ല. എന്തെങ്കിലും കള്ളത്തരം കാണിച്ചാൽ 'ഉത്തരിപ്പുകടം' ഉണ്ടാകുമത്രെ. നമുക്ക് അവകാശപ്പെടാത്ത മറ്റാരുടെയെങ്കിലും മുതൽ നാം കൈവശപ്പെടുത്തിയാൽ അതൊരു കടമായി കിടക്കും. അതു വീട്ടാതെ മരിച്ചു ചെന്നാൽ സ്വർഗ്ഗത്തിൽ കയറ്റത്തുമില്ല. അങ്ങനെയൊക്കെ ആയിരുന്നു അന്നത്തെ ക്രൈസ്തവ വിശ്വാസം. ആരുടെയെങ്കിലും മുതൽ തട്ടിയെടുക്കുകയോ കടം വാങ്ങിയിട്ട് തിരിച്ചുകൊടുക്കാതിരിക്കുകയോ മൂലം ഉത്തരിപ്പുകടം വരുത്തിവെച്ചിട്ടുള്ള വല്യപ്പന്മാർ മരിക്കാൻ കിടക്കുമ്പോൾ ആ മുതലിന്റെ കണക്കു പറഞ്ഞ് അതു വീട്ടാൻ തന്റെ മക്കളെ ചുമതലപ്പെടുത്തുന്നത് പണ്ട് സാധാരണമായിരുന്നു.

മുതലാളിയുടെ സമക്ഷത്ത് വിനയാന്വിതനും ക്ഷമാശീലനുമായിട്ടാണ് വല്യപ്പൻ എന്നും പെരുമാറിപ്പോന്നത്. മുതലാളിയുടെ നിർദ്ദേശപ്രകാരം പോലീസുകാരോ മറ്റു സർക്കാർ ഉദ്യോഗസ്ഥരോ തങ്ങളുടെ വീടുപണിക്കും മറ്റുമായി ദേഹണ്ഡഭൂമിയിൽ താൻ നട്ടുവളർത്തിയ വൃക്ഷങ്ങൾ മുറിച്ചുകൊണ്ടുപോകുമ്പോഴും വല്യപ്പൻ പ്രതിഷേധിച്ചില്ല. മറ്റു മുതലാളിമാരെ അപേക്ഷിച്ച് തന്റെ മുതലാളി എത്ര നല്ലവൻ എന്നോർത്ത് വല്യപ്പൻ സമാധാനിച്ചു.

വേണ്ടവിധം ദേഹണ്ഡിക്കാതെ മറ്റൊരാൾ ഇട്ടിട്ടുപോയ അഞ്ച് ഏക്കർ പറമ്പുകൂടി മുതലാളി വല്യപ്പനെ ഏല്പിച്ചു. ആദ്യം കിട്ടിയത് ആറ് ഏക്കറായിരുന്നു. അങ്ങനെ ആ മുതലാളിയുടെ പതിനൊന്ന് ഏക്കറിൽ ദേഹണ്ഡക്കാരനായി തുടരുന്നതിനിടയിൽ ഞറക്കാട് എന്ന ഒരു മലയിൽ പത്തേക്കർ സ്ഥലം വിലയ്ക്കുവാങ്ങി അവിടെയും കൃഷി നടത്തി.

പന്ത്രണ്ടു വർഷം കഴിയുമ്പോൾ ദേഹണ്ഡഭൂമിയുടെ പകുതി ദേഹണ്ഡക്കാരന് പൂർണ്ണ അവകാശത്തിൽ പ്രമാണം ചെയ്തു നല്കാമെന്നുള്ള വ്യവസ്ഥ ഞങ്ങളുടെ മുതലാളിയും പാലിച്ചില്ല. ദേഹണ്ഡക്കാരന്റെ അദ്ധ്വാനത്തിന്റെ പകുതി ഫലം പറ്റിക്കൊണ്ട് നാല്പത് ആണ്ടുകൾ കടന്നു പോയി. ഭൂപരിഷ്കരണനിയമംവന്ന് കൃഷിഭൂമി മുഴുവൻ കർഷകന് കിട്ടുമെന്നായപ്പോൾ ദേഹണ്ഡക്കാരന് പകുതി സ്ഥലം കൊടുക്കാൻ മുതലാളിമാർ തിടുക്കം കൂട്ടി. ''നാല്പതു വർഷക്കാലം അധ്വാനിച്ച മണ്ണ് അല്പം പോലും വിട്ടുകൊടുക്കേണ്ട; മുഴുവനും നമുക്കുള്ളതാണ്'' എന്നു പറഞ്ഞ് നിയമങ്ങളറിയാവുന്നവർ വല്യപ്പനെ ഉപദേശിച്ചെങ്കിലും മുൻവ്യവസ്ഥപ്രകാരം സ്ഥലം പങ്കുവെക്കാൻ വല്യപ്പൻ സമ്മതിച്ചു. മനുഷ്യന്റെ നിയമങ്ങളല്ലേ മാറുന്നുള്ളൂ; ദൈവത്തിന്റെ നിയമം മാറുന്നില്ലല്ലോ. ഉത്തരിപ്പുകടം വരുത്തിവെക്കാൻ വല്യപ്പൻ തയ്യാറായില്ല.

1955-ാമാണ്ട് ഫെബ്രുവരി ഏഴാംതീയതി പുതുദേഹണ്ഡഭൂമിയായ അഞ്ചേക്കർ മുതലാളി ഏറ്റെടുക്കുകയും വീടിരിക്കുന്ന ആദ്യ ദേഹണ്ഡ ഭൂമിയായ ആറ് ഏക്കർ വല്യപ്പന്റെ പേരിൽ പ്രമാണം രജിസ്റ്റർ ചെയ്തു ലഭിക്കുകയും ചെയ്തു.

രണ്ട് ആണും അഞ്ച് പെണ്ണുമാണ് വല്യപ്പന് മക്കളായി ഉണ്ടായിരുന്നത്. ആൺമക്കളിൽ മൂത്തവൻ എന്റെ അപ്പനായിരുന്നു. നാലാംക്ലാസ്സ് ജയിച്ച അപ്പന് തുടർന്നു പഠിക്കാൻ അടുത്തൊന്നും സ്കൂളില്ലായിരുന്നു. അതിനാൽ അപ്പൻ വല്യപ്പനോടൊപ്പം കിളച്ചു പഠിച്ചു.

അക്കാലത്ത് നായാട്ട്, കാർഷികവൃത്തിയുടെ അവിഭാജ്യഘടകമായിരുന്നു. കാർഷികവിളകളെ സംരക്ഷിക്കാൻ വന്യജീവികളെ ഒരു പരിധിവരെ കൊന്നൊടുക്കേണ്ടത് കർഷകരുടെ ആവശ്യമായിരുന്നു. മാംസാഹാരപ്രിയരായ നസ്രാണിച്ചേട്ടന്മാരിൽ പലർക്കും ഭക്ഷണത്തിനാവശ്യമായ മാംസം പണം കൊടുത്തു വാങ്ങാൻ പാങ്ങില്ലായിരുന്നു. ഉള്ളവർ അതിന് ഒരുക്കമല്ലായിരുന്നുതാനും. അവർ ചുറ്റുവട്ടത്തുള്ള കാടുകളിൽനിന്ന് നാനാതരം കാട്ടുമൃഗങ്ങളെ നായാടിപ്പിടിച്ച് ആവശ്യാനുസരണം ഭക്ഷിച്ചു.

പകലന്തിയോളം പറമ്പിൽ പണിയെടുക്കുന്ന ആണുങ്ങൾക്ക് നായാട്ട് ഒരു വിനോദോപാധികൂടിയായിരുന്നു. മൃഗയാവിനോദത്തിൽ പണ്ട് രാജാക്കന്മാർപോലും ഉത്സുകരായിരുന്നല്ലോ. ഹിംസ്രമൃഗങ്ങളെ വേട്ടയാടിക്കൊല്ലുന്നവർക്ക് എല്ലാക്കാലവും ഒരു വീരപരിവേഷം ലഭിച്ചിരുന്നു താനും.

വെടിമരുന്നു നിറച്ചു പൊട്ടിക്കുന്ന നാടൻ തോക്കുകളുണ്ടാക്കുന്ന കൊല്ലപ്പണിക്കാർ അന്നുണ്ടായിരുന്നു. തോക്കുണ്ടാക്കുന്നതും കൈവശം വെക്കുന്നതും അന്നും നിയമവിരുദ്ധമാണ്. എന്നാൽ നിയമപാലകരായ ഉദ്യോഗസ്ഥന്മാർ കർശനമായ നിലപാടൊന്നും അക്കാര്യത്തിൽ സ്വീകരിച്ചിരുന്നില്ല. അതിനാൽ നായാട്ടിൽ തത്പരരായ കൃഷിക്കാരിൽ മിക്കവരുടെയും കൈവശം അക്കാലത്ത് തോക്കുകളുണ്ടായിരുന്നു.

എന്റെ വല്യപ്പനും അപ്പനും നല്ല നായാട്ടുകാരായിരുന്നു. എന്നാൽ അപ്പൻ പ്രായപൂർത്തിയായി വന്നപ്പോഴേക്കും മിക്ക വന്യമൃഗങ്ങളും ആ പ്രദേശത്തുനിന്ന് 'ഒഴിഞ്ഞോ കഴിഞ്ഞോ' പോയിരുന്നു.

വല്യപ്പന്റെ നായാട്ടുകഥകൾ പലതും കേട്ടാണ് ഞാൻ വളർന്നത്. ഒരിക്കൽ ഞങ്ങളുടെ പുരയിടത്തിലെ കപ്പ കുത്താൻ വന്ന ഒരു കൂറ്റൻ കാട്ടുപന്നിയെ വല്യപ്പൻ വെടിവെച്ചു. വെടിയേറ്റെങ്കിലും അത് ഓടിപ്പോയി. തോക്ക് വീണ്ടും നിറച്ച് പന്നിയുടെ ചോരപ്പാടുകൾ നോക്കി വല്യപ്പൻ അതിനെ തേടിച്ചെന്നു. രാത്രികാലമാണ്. നെറ്റിയിൽ കെട്ടി ഉറപ്പിച്ച ഹെഡ്‌ലൈറ്റിന്റെ വെളിച്ചത്തിലാണ് സഞ്ചാരം. ഓർക്കാപ്പുറത്ത് ഉഗ്രമായി മുറുമ്മിക്കൊണ്ട് തന്റെ കൊമ്പൻ തേറ്റയുമായി പന്നി വല്യപ്പന്റെ നേരേ കുതിച്ചു വന്നു. അടുത്തുകണ്ട ഒരു ചെറുമരത്തിന്റെ ശിഖരത്തിൽ ചാടിപ്പിടിച്ച് ആ മരത്തിൽ വല്യപ്പൻ ഒരുവിധം കയറിപ്പറ്റി. ഓടിയെത്തിയ പന്നി വല്യപ്പന്റെ കൈയിൽനിന്ന് വീണുപോയ തോക്കിന്റെ പാത്തിയിൽ തീരാപ്പകയോടെ കടിച്ച് പല്ലുകൾ പതിപ്പിച്ചു. വല്യപ്പനെ ലക്ഷ്യമിട്ട് അത് ആ മരത്തിനു ചുവട്ടിൽ നിലയുറപ്പിക്കുകയും ചെയ്തു.

തന്നോടൊപ്പം നായാട്ടിനുണ്ടായിരുന്ന അനിയനെ വല്യപ്പൻ ചൂളമടിച്ച് അങ്ങോട്ടേക്കു വരുത്തി. തന്റെ കൈയിലുണ്ടായിരുന്ന തോക്കു ചൂണ്ടിക്കൊണ്ട് അനിയൻ പന്നിയോടടുത്തു. ഒടുങ്ങാത്ത പകയോടെ അത് തോക്കിൻ കുഴലിനു നേരെ വാ പിളർത്തി. അപ്പോൾ വെടിയും തീർന്നു.

കൃഷിക്കാർ എല്ലാവർക്കുംതന്നെ അക്കാലത്ത് കന്നുകാലിവളർത്തൽ ഉണ്ടായിരുന്നു. വീട്ടിലല്ല, കാട്ടിലാണെന്നു മാത്രം. പ്രസവിക്കാറായ പശുക്കളെ കാട്ടിൽനിന്ന് പിടിച്ചുകൊണ്ടുവരും. പ്രസവം കഴിഞ്ഞ് കറവവറ്റുന്നതുവരെ അവയെ കൂട്ടിൽ കെട്ടി സംരക്ഷിക്കും. വീണ്ടും കാട്ടിലോട്ടു തന്നെ വിടും.

കാട്ടിലാണെങ്കിലും ഉടമസ്ഥരല്ലാതെ ആരും അവയെ പിടിച്ചുകൊണ്ടുപോകില്ലായിരുന്നു. കാരണം, 'അന്യന്റെ വസ്തുക്കൾ ആഗ്രഹിക്കരുത്' എന്ന ഒമ്പതാം പ്രമാണം പാലിക്കുന്നവരായിരുന്നു മിക്കപേരും. എന്നാൽ കടുവയ്ക്കും പുലിക്കും മോശയുടെ പ്രമാണങ്ങൾ ബാധകമല്ലല്ലോ. അതിനാൽ വല്ലപ്പോഴുമൊക്കെ ഓരോന്നിനെ കാണാതാകുമെന്നു മാത്രം.

മൂരിക്കിടാങ്ങൾ ഒരുവിധം വളരുമ്പോൾ കാട്ടിൽപോയി അവയെ വെടിവെച്ചു പിടിച്ച് അയൽക്കാർ എല്ലാവരുംകൂടി പങ്കിട്ടെടുക്കും.

ഒരിക്കൽ ഒരു മച്ചിപ്പശുവിനെ പിടിക്കാൻ വല്യപ്പൻ കാട്ടിലേക്കു പോയി. ഉച്ചകഴിയുംവരെ തേടി നടന്നിട്ടാണ് അതിനെ കണ്ടുകൂടിയത്. അതിനെ വെടിവെച്ചിട്ടിട്ട് ഉച്ചയൂണ് കഴിക്കാനായി വല്യപ്പൻ വീട്ടിലേക്കു പോന്നു.

ഭക്ഷണത്തിനുശേഷം പശുവിന്റെ തൊലിപൊളിച്ച് ഇറച്ചിയാക്കാനുള്ള സന്നാഹത്തോടെ വല്യപ്പനും അനിയനും പശുകിടന്നിടത്തേക്കു ചെന്നു. ചത്തു കിടക്കുന്ന പശുവിന്റെ അകിടിൽ ഒരു കടുവ കടിച്ചു വലിക്കുന്ന കാഴ്ചയാണ്

വല്യപ്പൻ കാണുന്നത്. കൈയിൽ തോക്കുണ്ടായിരുന്നു. പക്ഷേ, നിറ ചെറുതായിരുന്നു. പക്ഷികളെയോ ചെറുമൃഗങ്ങളെയോ മാത്രമേ ആ 'നിറ'കൊണ്ട് കൊല്ലാൻ പറ്റുമായിരുന്നുള്ളൂ.

ആളനക്കം കേട്ട കടുവ പശുവിനെ വിട്ടിട്ട് ഓടിപ്പോയി. എന്നാലും അതു വീണ്ടും വരുമെന്ന് വല്യപ്പന് ഉറപ്പായിരുന്നു.

പശുവിന്റെ അടുത്തേക്കു പോകാതെ വല്യപ്പനും മറ്റും തിരിച്ചുപോന്നു. തോക്കിലുണ്ടായിരുന്ന നിറ ഒഴിച്ചുകളഞ്ഞതിനു ശേഷം ഒരു നല്ല 'നിറ' നിറച്ചു. അതിനുശേഷം വല്യപ്പൻ പോയി പശുകിടന്നതിനു സമീപമുള്ള ഒരു മരത്തിൽ കയറി പശു കിടന്നിടത്തേക്ക് തോക്കുചൂണ്ടിക്കൊണ്ട് ഇലകൾക്കിടയിൽ പരമാവധി മറഞ്ഞിരുന്നു.

കടുവ വീണ്ടും വന്നു. പശുവിനെ സമീപിക്കുന്ന കടുവയുടെ ചെവിക്കുഴി നോക്കി വല്യപ്പൻ തോക്കിന്റെ കുഴൽ സാവധാനം തിരിച്ചു. അപ്പോഴുണ്ടായ നേരിയ ഇലയനക്കം അറിഞ്ഞ് കടുവ മരത്തിലേക്ക് നോക്കി. അപ്പോഴേക്കും വെടി പൊട്ടിയിരുന്നു. തലയിൽത്തന്നെയാണ് വെടിയേറ്റത്. കടുവ അവിടെത്തന്നെ ചത്തു വീണു.

പൊളിച്ചെടുത്ത കടുവയുടെ തോലുമായി വല്യപ്പനും കൂട്ടരും പത്തു കിലോമീറ്റർ അകലെ ഈരാറ്റുപേട്ടവരെ ഘോഷയാത്ര നടത്തി. അതിനോടനുബന്ധിച്ച് കള്ളും ചാരായവും വാങ്ങിക്കൊടുത്ത വകയിൽ ഒരു വലിയ തുക, അന്നത്തെ കാലത്ത് രണ്ടു രൂപ ചെലവായെന്നതാണ് വല്യപ്പൻ കണക്കുവെച്ചിരിക്കുന്നത്.

ഹീറോ ആകാനാണ് അങ്ങനെയൊക്കെ ചെയ്തതെങ്കിലും അതിന്റെ പേരിൽ വേറൊരു അപകടം വല്യപ്പനെ പിന്തുടർന്നു.

കടുവയെ കൊന്നതിന് കേസ് ഒന്നുമില്ലെങ്കിലും ഈരാറ്റുപേട്ട പോലീസ് സ്റ്റേഷനിലെ ഒരു പോലീസുകാരന് കടുവയെ വെടിവെച്ച ആ തോക്ക് സ്വന്തമാക്കണമെന്ന ഒരു മോഹമുദിച്ചു. കള്ളത്തോക്കാണല്ലോ. പോലീസിന് വലിയ അധികാരമുള്ള കാലമല്ലേ?

ഒരു രാത്രി നായാട്ടിനായി നിറതോക്കുമായി നടക്കുമ്പോൾ ഒരു ആജാനുബാഹു വല്യപ്പനെ സമീപിച്ചിട്ട് 'മൈലാടി' എന്ന സ്ഥലത്തേക്കുള്ള വഴി ചോദിച്ചു. പാന്റ്സും ഷർട്ടും വേഷമിട്ട അയാളെ കണ്ടപ്പോൾത്തന്നെ ഒരു പന്തികേട് വല്യപ്പന് തോന്നാതിരുന്നില്ല. വല്യപ്പൻ വഴി പറഞ്ഞുകൊടുത്തു. ആ വഴിയേ പോകുന്നതിനുപകരം ആഗതൻ അപ്രതീക്ഷിതമായി വല്യപ്പന്റെ കൈയിലുണ്ടായിരുന്ന തോക്കിൽ പിടിത്തമിട്ടു. തന്റെ ജീവനെക്കാൾ വിലമതിക്കുന്ന അംശമൊത്ത തോക്കാണ്. വല്യപ്പൻ വിട്ടുകൊടുക്കുമോ?

കാട്ടുപോത്തിനെപ്പോലും വീഴിക്കാൻ പോന്ന നല്ല നിറയാണ് തോക്കിലുള്ളത്. തോക്കിനായുള്ള പിടിവലിക്കിടയിൽ തോക്കിന്റെ കുഴൽ ആകാശത്തിലേക്കാക്കി

പാത്തി 'പിടിച്ചുപറിക്കാരന്റെ' വയറോട് ചേർത്തുവെച്ച് വല്യപ്പൻ കാഞ്ചി വലിച്ചു.

ചെകിടടയ്ക്കുന്ന ശബ്ദത്തോടെ വെടിപൊട്ടിയത് പ്രതിയോഗിയെ സംബന്ധിച്ച് തികച്ചും അപ്രതീക്ഷിതമായിരുന്നു. വലിയൊരു ആക്രന്ദനത്തോടെ അയാൾ പുറകിലേക്ക് തെറിച്ചു വീണു. വെടി പൊട്ടിയപ്പോൾ പുറകോട്ടുതള്ളിയ തോക്കിന്റെ പാത്തിയാണ് അയാളെ ഇടിച്ചു തെറിപ്പിച്ചത്. ഇരുകൈകളും വയറ്റിൽ അമർത്തിപ്പിടിച്ച് അയാൾ ചുരുണ്ടു കിടന്നു. അയാളെ 'നിവർക്കാ'നൊന്നും മെനക്കെടാതെ വല്യപ്പൻ തോക്കുമായി പോരികയും ചെയ്തു.

തൊട്ടടുത്ത ദിവസം അമ്പാറനിരപ്പേലുള്ള തറവാട്ടുവീടിന്റെ സമീപമുള്ള മീനച്ചിലാറ്റിലൂടെ കടവിലേക്ക് വല്യപ്പനും അനുജനും ചങ്ങാടത്തിൽ വരികയായിരുന്നു. മൂന്നു നാലു പോലീസുകാർ കരയിൽ നില്ക്കുന്നതു വല്യപ്പൻ കണ്ടു. അവർ കാത്തുനില്ക്കുന്നത് തന്നെ പിടിക്കാനാണെന്ന് വല്യപ്പന് മനസ്സിലായി. വല്യപ്പന്റെ നിർദ്ദേശപ്രകാരം കരയെത്തിയ ഉടനെ അനുജൻ ചാടിയിറങ്ങി ഓടി. പോലീസുകാർ ഓട്ടക്കാരനെ ഓടിച്ചിട്ടു പിടിച്ചു. അപ്പോഴാണ് തങ്ങൾക്കു വേണ്ടവൻ ഇവനല്ലെന്ന് പോലീസുകാർക്ക് മനസ്സിലാകുന്നത്.

''നീയെന്തിനാണ് ഓടിയത്?''

പോലീസുകാർ ചോദിച്ചു.

'ഏമാന്മാരെ കണ്ട് പേടിച്ച് ഓടിപ്പോയതാണ്.'' ഭയഭക്തിബഹുമാനത്തോടെ വല്യപ്പന്റനുജൻ ഉണർത്തിച്ചു.

ഇതിനിടയിൽ വല്യപ്പൻ മറുവഴിക്ക് പോലീസുകാരുടെ കണ്ണിൽ പെടാതെ രക്ഷപെടുകയും ചെയ്തു.

പിന്നീട് മുതലാളി ഇടപെട്ടാണ് പോലീസുകാരനെ വെടിവെച്ചു തെറിപ്പിച്ച കേസിൽനിന്ന് വല്യപ്പനെ ഊരിവിട്ടത്.

എന്റെ കാര്യത്തിലേക്ക് തിരിച്ചുവരാം.

കർഷകകുടുംബത്തിലെ മൂത്തപുത്രനായതിനാൽ നന്നേ ചെറുപ്പത്തിൽത്തന്നെ എനിക്ക് പറമ്പിലെ പണികളിൽ ഏർപ്പെടേണ്ടിവന്നു. കാടുപറിക്കുക, അപ്പൻ കിളച്ചിടുന്ന മണ്ണിലെ കാടു പെറുക്കുക എന്നീ ജോലികളൊക്കെ ഒന്നാം ക്ലാസ്സിൽ പഠിക്കുമ്പോൾത്തന്നെ ചെയ്യണമായിരുന്നു. ഞങ്ങളുടെ പുരയിടത്തിന്റെ കുറേഭാഗം കാപ്പിത്തോട്ടമായിരുന്നു. അതിനാൽ കാപ്പിക്കുരു പെറുക്കുക എന്നത് ഇളംപ്രായത്തിലെ മറ്റൊരു ജോലിയായിരുന്നു. ശിഖരം കുത്തി കായ്ച്ചു കിടന്നിരുന്ന വലിയ കാപ്പിച്ചെടികളാണ് ഞങ്ങൾക്കുണ്ടായിരുന്നത്. ഒരിക്കൽ കാപ്പിയിൽ കയറി കുരു പറിച്ചുകൊണ്ടിരുന്ന അപ്പന്റെ കൈയിൽനിന്ന് കാപ്പിയുടെ ശിഖരങ്ങൾ വലിച്ചടുപ്പിക്കാൻ ഉപയോഗിക്കുന്ന ഒരു തോട്ടി കൈവിട്ട് താഴേക്കുവീണു.

നിലത്തു വീഴുന്ന കാപ്പിക്കുരു പെറുക്കി എടുത്തുകൊണ്ടിരുന്ന എന്റെ വലതുകൈത്തണ്ടയിലാണ് ചെരിച്ചുവെട്ടിയതിനാൽ മൂർച്ച ഉണ്ടായിരുന്ന തോട്ടിയുടെ ഒരഗ്രം കുത്തിവീണത്. രണ്ടാംക്ലാസ്സിൽ പഠിച്ചുകൊണ്ടിരുന്ന എനിക്ക് ആ മുറിവ് ഒരാഴ്ചത്തെ അവധി തന്നു. വർഷങ്ങൾക്കുശേഷം എസ്.എസ്.എൽ.സി. ബുക്കിൽ രേഖപ്പെടുത്തിയ രണ്ട് തിരിച്ചറിയൽ അടയാളങ്ങളിൽ ഒന്ന് ആ മുറിവിന്റെ പാടായിരുന്നു.

രണ്ടാമത്തെ അടയാളം സമ്മാനിച്ചത് രണ്ടാംക്ലാസ്സിൽ പഠിച്ചിരുന്ന എന്റെ അനുജനാണ്. ഞാൻ എട്ടാം ക്ലാസ്സിലായിരുന്നു അപ്പോൾ. ഞങ്ങൾ രണ്ടാളും റബ്ബർത്തോട്ടത്തിലെ കാടു തെളിക്കുകയാണ്. കുനിഞ്ഞുനിന്ന് വലതുകൈയിലെ വാക്കത്തികൊണ്ട് ഞാൻ കാടുവെട്ടി മുന്നേറിയപ്പോൾ പണിയൊന്നുമില്ലാതെ വെറുതെ തൂങ്ങിക്കിടന്ന എന്റെ ഇടതുകൈയിൽ അനുജന്റെ വാക്കത്തികൊണ്ടുള്ള വെട്ടേറ്റു. ചെറിയ കൈ ആയതിനാൽ നാല് സ്റ്റിച്ചേ വേണ്ടിവന്നുള്ളൂ.

റബ്ബർ പാലെടുക്കുക, ഉറ ഒഴിക്കുക, ഷീറ്റടിക്കുക മുതലായ ടാപ്പിങ് ജോലിയുടെ ബാലപാഠങ്ങൾ ചെറുക്ലാസ്സുകളിൽ പഠിക്കുമ്പോൾതന്നെ ശീലമാക്കിയിരുന്നു. എട്ടാം ക്ലാസ്സിലെത്തിയപ്പോഴാണ് ശരിക്കുള്ള ടാപ്പിങ്ങുകാരനായി പ്രൊമോഷൻ ലഭിക്കുന്നത്.

തെങ്ങുകയറുക, അടയ്ക്ക പറിക്കുക, പ്ലാവിൽ കയറി ചക്കയിടുക, മരത്തിൽ കയറി ചവറിറക്കുക, തെങ്ങോല മെടയുക, മെടഞ്ഞ തെങ്ങോലകൊണ്ടും പനയോലകൊണ്ടും പുരമേയുക, വിറകുപുര, റബ്ബർ മെഷീൻപുര എന്നിവയൊക്കെ സ്വയം കെട്ടിയുണ്ടാക്കുക, തേയില നുള്ളുക, കാപ്പിക്കുരു പറിക്കുക, തൂമ്പ ഉപയോഗിച്ച് വിവിധയിനം കിള നടത്തുക, റബ്ബർക്കുഴി കുത്തുക, റബ്ബറിന്റെ പ്ലാറ്റ്ഫോറം വെട്ടുക, നടുതല കൃഷിക്കുള്ള കുഴികളും തടങ്ങളും എടുക്കുക, കയ്യാലകെട്ടുക എന്നു വേണ്ട ഒരു കർഷകകുടുംബത്തിലെ എല്ലാ ജോലികളും സ്വായത്തമാക്കിയതിനുശേഷമാണ് എനിക്ക് പ്രായപൂർത്തി വോട്ടവകാശം ലഭിക്കുന്നത്.

മുരിക്കാശ്ശേരിയിലെ ഞങ്ങളുടെ കൃഷിഭൂമിയുടെ പകുതിയോളം ഭാഗം വയലായിരുന്നു. ചതുപ്പുനിലത്തുണ്ടായുരുന്ന മരക്കുറ്റികളൊക്കെ പറിച്ചുകളഞ്ഞ് ഞങ്ങൾതന്നെയാണ് അത് വയലാക്കി എടുത്തത്. വേരുകളും മറ്റും തീർന്നു കിട്ടുന്നതുവരെ തൂമ്പകൊണ്ട് കിളച്ചുതന്നെയാണ് അതിൽ പണി ചെയ്തിരുന്നത്. അതിനോടനുബന്ധിച്ച് വരമ്പുവെക്കുക, വരമ്പുതേക്കുക മുതലായവയെല്ലാം ഞാനും ശീലിച്ചു. വെള്ളം കെട്ടിനിറുത്തിയ കണ്ടത്തിൽ വിത്തുവിതയ്ക്കാൻ അപ്പനോടൊപ്പം ഞാനും പഠിച്ചു. കളപറി, കൊയ്ത്ത്, മെതിക്കൽ എന്നീ പണികളെല്ലാം ആദ്യകാലങ്ങളിൽ ഞങ്ങൾതന്നെയാണ് ചെയ്തിരുന്നത്.

കോളജ് അധ്യാപകനായതിനുശേഷവും മണ്ണിനോട് ഞാൻ മുഖം തിരിച്ചില്ല. ശരീരശേഷി തുടരുന്നിടത്തോളം എന്റെ ആഹാരത്തിനുള്ളതെങ്കിലും 'നെറ്റിയിലെ വിയർപ്പു'കൊണ്ട് നേടണമെന്ന് ഞാൻ നിഷ് കർഷിച്ചിരുന്നു.

ആ മനോഭാവമാണ് എന്നെ ഇപ്പോഴും തൂമ്പ എടുപ്പിക്കുന്നത്. തുന്നിച്ചേർത്ത കൈകളിൽ അതു മുറുകുന്നില്ലെങ്കിലും മണ്ണിൽ ആഞ്ഞുപതിക്കുന്നു.

ഞാൻ ജനിച്ചപ്പോഴേക്കും നായാട്ടിനുള്ള അവസരങ്ങളെല്ലാം ഒഴിഞ്ഞിരുന്നു. അല്ലെങ്കിൽതന്നെ ഒരു നായാട്ടുകാരനാകാൻ എനിക്കു കഴിയുമായിരുന്നോ എന്ന് സംശയമാണ്. കാരണം, സാഹസികമായ നായാട്ടുകഥകൾ കേൾക്കുമ്പോൾപോലും ചില അവസരങ്ങളിൽ ഇരയുടെ വിഹ്വലതകൾ എന്റെ മനോധർമ്മത്തിൽ തെളിഞ്ഞുവന്ന് എന്നെ അലോസരപ്പെടുത്തിയിരുന്നു.

ഏതായാലും നിർഭയമായ ഒരു മനസ്സ് പാരമ്പര്യസിദ്ധമാണെന്ന് ഞാൻ കരുതുന്നു. എന്റെ നേരേ നടന്ന പല നായാട്ടിനെയും നേരിടാൻ എന്നെ പ്രാപ്തനാക്കിയതും അതുതന്നെയാണ്.

# ഒരു പേരിൽ എന്തിരിക്കുന്നു?

''കുട്ടിയുടെ പേരെന്താണ്?''

ഒന്നാംക്ലാസ്സിലേക്കുള്ള അഡ്മിഷൻ രജിസ്റ്റർ തുറന്നുകൊണ്ട് ഹെഡ്മിസ്ട്രസ് ചോദിച്ചു.

''ഔസേഫ് ഔസേഫ്.'' എന്നെ സ്കൂളിൽ ചേർക്കാൻ കൊണ്ടുപോയ അപ്പൻ എന്റെ പേരു പറഞ്ഞു.

അപ്പോഴാണ് ഞാൻ അങ്ങനെയൊരു പേര് കേൾക്കുന്നത്. ''അപ്പച്ചൻ' എന്നാണ് എന്നെ വീട്ടുകാരൊക്കെ വിളിച്ചിരുന്നത്.

'അപ്പച്ചൻ' എന്നത് അച്ഛനെയും അമ്മായിയച്ചനെയും വിളിക്കാനാണ് ചില ദിക്കിൽ ഉപയോഗിക്കുന്നതെങ്കിലും മധ്യതിരുവിതാംകൂറിലെ ക്രിസ്ത്യാനികളുടെ ഇടയിൽ നല്ല പ്രചാരമുള്ള ഒരു ചെല്ലപ്പേരായിരുന്നു അത്.

അപ്പച്ചൻ, പാപ്പച്ചൻ എന്നിങ്ങനെയുള്ള ചെല്ലപ്പേരുകാരെ സ്കൂളിൽ ചേർക്കുമ്പോൾ മാമോദീസാപ്പേരിനെ അധികരിച്ചുള്ള ഒന്നായിരിക്കും സ്വീകരിക്കുക. സ്കൂളിലെ പേരാണല്ലോ ഔദ്യോഗിക നാമം.

വല്യപ്പന്റെ (അപ്പന്റെ അപ്പൻ) പേരായിരിക്കും ഒരു കുടുംബത്തിലെ ആദ്യ ആൺസന്തതിക്ക് മാമോദീസാപ്പേരായി നല്കുന്നത്. അങ്ങനെയാണ് വല്യപ്പന്റെ 'ഔസേഫ്' എന്ന പേര് എനിക്ക് കിട്ടിയത്. എന്റെ അപ്പന്റെ പേരും 'ഔസേഫ്' എന്നുതന്നെയായത് വല്യപ്പന്റെ അപ്പന്റെ പേരും അങ്ങനെ ആയതുകൊണ്ടാണ്. മൂത്തപുത്രന്മാരുടെ ഒരു വംശചരിത്രമാണ് എനിക്കുള്ളതെന്നു ചുരുക്കം.

പണ്ടൊക്കെ മലയാളരീതിക്ക് അപ്പന്റെ പേര് ആദ്യവും ആളിന്റെ പേര് രണ്ടാമതും ചേർക്കുന്ന പതിവാണുണ്ടായിരുന്നത്. എന്നാൽ എന്നെ സ്കൂളിൽ ചേർക്കുന്ന കാലമായപ്പോഴേക്കും ആംഗലേയ രീതിയിൽ ആളിന്റെ പേര് ആദ്യവും അപ്പന്റെ പേര് രണ്ടാമതും ചേർത്തു തുടങ്ങിയിരുന്നു. ഞാനും അപ്പനും ഔസേഫുമാരായിരുന്നതിനാൽ ആ രീതി മാറ്റം എന്റെ പേരിനെ ബാധിക്കില്ലല്ലോ. അതിനാൽ സന്ദേഹമില്ലാതെയാണ് 'ഔസേഫ് ഔസേഫ്' എന്ന് എന്റെ പേര് അപ്പൻ നിബന്ധനം ചെയ്തത്.

വീട്ടുകാരും നാട്ടുകാരും 'പാപ്പച്ചൻ' എന്നു വിളിച്ചിരുന്ന അപ്പന്റെ ഔദ്യോഗിക നാമവും ഔസേഫ് ഔസേഫ് എന്നായിരുന്നു.

എന്നെ ഒന്നാംക്ലാസ്സിൽ ചേർത്ത ചെമ്മലമറ്റം ലിറ്റിൽ ഫ്ളവർ എൽ.പി. സ്കൂളിലെ ഹെഡ്മിസ്ട്രസ് ഒരു കന്യാസ്ത്രീ ആയിരുന്നു. അപ്പൻ പറഞ്ഞു കൊടുത്ത പേര് അവർ രജിസ്റ്ററിൽ എഴുതിയില്ല. 'ഔസേഫ് ഔസേഫ്' എന്നതൊക്കെ പഴഞ്ചൻ പേരാണെന്ന് സിസ്റ്റർ പറഞ്ഞു. യൗസേപ്പ്, ഔസേഫ് എന്നീ പേരുകളൊക്കെ 'ജോസഫ്' എന്നതിന്റെ സുറിയാനി-മലയാള രൂപാ

ന്തരങ്ങളാണ്. ജോസഫ് എന്നുള്ളതാണത്രെ ഇപ്പോഴത്തെ പരിഷ്കാരം. ഹെഡ്മിസ്ട്രസ് എന്നെയും അപ്പനെയും ജോസഫുമാരാക്കി. ആംഗലേയ രീതിയിൽ 'ജോസഫ് സൺ ഓഫ് തെങ്ങനാക്കുന്നേൽ ജോസഫ്' എന്നതു ചുരുക്കി 'ജോസഫ് റ്റി.ജെ.' എന്ന് അഡ്മിഷൻ രജിസ്റ്ററിൽ എഴുതി.

വീട്ടിൽ എത്തിയ അപ്പൻ, വല്യപ്പന്റെ 'ഔസേഫ്' എന്ന പേര് സ്വന്ത നിലയിൽ മാറ്റി റ്റി.ജെ. ജോസഫ് എന്ന് തന്റെ പേരും പരിഷ്കരിച്ചു. വല്യപ്പൻ എഴുതിത്തന്ന വസ്തുവിന്റെ ആധാരം ഔസേഫ് ഔസേഫ് എന്ന ആളുടെ പേരിലായതിനാൽ അതിനോടു ബന്ധപ്പെട്ട രേഖകളിലൊഴികെ അപ്പനും ടി.ജെ. ജോസഫായി ശിഷ്ടകാലം തുടർന്നു.

ഞങ്ങളുടെ പ്രദേശത്തുള്ളവരിൽ ബഹുഭൂരിപക്ഷവും റോമൻ കാത്തലിക് വിഭാഗത്തിൽപ്പെട്ട ക്രിസ്ത്യാനികളായിരുന്നു. മുസ്‌ലിം സമുദായത്തിൽ ഏറ്റവും സാർവ്വത്രികമായ പേര് 'മുഹമ്മദ്' ആയിരിക്കുന്നതുപോലെ ക്രിസ്തീയ സമൂഹത്തിൽ ജോസഫിനാണ് ഒന്നാംസ്ഥാനം. ഞാൻ പഠിച്ച എല്ലാ ക്ലാസ്സുകളിലും ജോസഫുമാരായിരുന്നു എണ്ണത്തിൽ മുന്നിൽ. നാല്പതുപേരുള്ള ഒരു ക്ലാസ്സിൽ പത്ത് ജോസഫുമാരെങ്കിലും ഉണ്ടാകും. തോമസും മാത്യുവുമാണ് അടുത്ത സ്ഥാനക്കാർ.

പല ജോസഫുമാരുള്ളതിനാൽ ആളെ തിരിച്ചറിയാൻ ഇനിഷ്യൽ ചേർക്കണമായിരുന്നു. അങ്ങനെ ചേർത്തു വിളിച്ചത് അധ്യാപകർ മാത്രമായിരുന്നു. സഹപാഠികൾ ഇനിഷ്യൽ മാത്രം വിളിച്ച് കാര്യം സാധിച്ചു. ചിലരുടെ ഇനിഷ്യലും ഒരുപോലെ ആയിരുന്നു. അപ്പോൾ ഇരട്ടപ്പേരുകളെ ആശ്രയിച്ചു.

ഇരട്ടപ്പേരുവിളിയിൽ വലിയ രസം കണ്ടെത്തിയിരുന്ന ഒരു വിദ്യാർത്ഥി സമൂഹമാണ് അന്നുണ്ടായിരുന്നത്. വിദ്യാർത്ഥികൾക്കിടയിൽ ഇരട്ടപ്പേരിൽ അല്ലാതെ അറിയപ്പെടുന്ന അധ്യാപകർ അക്കാലത്ത് ചുരുക്കമായിരുന്നു.

ഇഷ്ടംകൊണ്ടുള്ള ഇരട്ടപ്പേരുവിളി തുലോം വിരളമാണ്. പരനിന്ദനകൗതുകം തന്നെയാണ് മിക്കപ്പോഴും അതിന്റെ പിന്നിലുള്ളത്. എങ്കിലും ചില ഇരട്ടപ്പേരുകളുടെ പിന്നിലെ ഭാവനാവിലാസങ്ങൾ ആരെയും രസിപ്പിക്കുന്നതാണ്.

ക്ലാസ്സിലെ ബ്ലാക്ക്ബോർഡിൽ ധാരാളമായി എഴുതുന്ന ഒരു അധ്യാകൻ ഉണ്ടായിരുന്നു. ക്ലാസ്സ് ആരംഭിക്കുന്നതുതന്നെ ബോർഡിൽ എഴുതിക്കൊണ്ടാണ്. പറയുന്നതിനെക്കാൾ കൂടുതലാണ് എഴുത്ത്. അദ്ദേഹത്തെ 'എഴുത്തച്ഛൻ' എന്നു വിളിച്ചാണ് കുട്ടികൾ ബഹുമാനിച്ചത്.

വ്യക്തതയില്ലാതെ ക്ലാസ്സെടുക്കുന്ന മറ്റൊരു അധ്യാപകൻ. അദ്ദേഹത്തിന്റെ ക്ലാസ്സുകഴിയുമ്പോൾ ഉണ്ടായിരുന്ന ധാരണകൂടി പോയി കുട്ടികൾ ആകപ്പാടെ ഒരു 'കൺഫ്യൂഷനി'ലാകും. അങ്ങനെയാണ് അദ്ദേഹം 'കൺഫ്യൂഷ്യസ്' ആയി മാറിയത്.

എട്ടാംക്ലാസ്സിലെ എന്റെ ക്ലാസ് ടീച്ചർ കുട്ടികളുടെ ഇടയിൽ അറിയപ്പെട്ടത് 'ശാസ്ത്രി' എന്ന അപരനാമത്തിലാണ്. സമചിത്തതയോടും പിതൃനിർവ്വിശേഷമായ സ്നേഹത്തോടും കുട്ടികളോട് ഇടപഴകിയ അദ്ദേഹം ഇന്ത്യൻ പ്രാധനമന്ത്രിയായിരുന്ന ലാൽ ബഹദൂർ ശാസ്ത്രിയുടെ രൂപസാദൃശ്യത്തിൽ കഷണ്ടിയുള്ള ഒരു കൃശഗാത്രനായിരുന്നു.

അധ്യാപകരെ എന്നല്ല ആരെയും ഇരട്ടപ്പേരിൽ പരാമർശിക്കുന്ന ശീലം എനിക്കില്ലായിരുന്നു. യഥാർത്ഥ പേരിൽ ആളെ പിടികിട്ടാതെ ശ്രോതാവ് കുഴങ്ങുമ്പോൾ ഒരു റഫറൻസിനായി മാത്രം ഞാനും ഇരട്ടപ്പേരുകളെ ആശ്രയിച്ചിട്ടുണ്ടെന്നുള്ളത് ശരിയാണ്.

ശാരീരികവൈകല്യങ്ങളെ അടിസ്ഥാനമാക്കി ഇരട്ടപ്പേരു വിളിക്കുന്നത് എല്ലാക്കാലത്തും എന്നെ വേദനിപ്പിച്ചിരുന്നു. അതിന്റെ പേരിൽ മറ്റു കുട്ടികളുമായി തല്ലുപോലും കൂടിയിട്ടുണ്ട്.

ഞാൻ എട്ടാംക്ലാസ്സിൽ പഠിക്കുന്ന കാലം. ഉച്ചയ്ക്കുള്ള ഇടവേളയിൽ 'സ്കൂൾ ഗ്രൗണ്ടിൽ' ഓടിപ്പിടുത്തം' കളിക്കുകയാണ്. ഞങ്ങളുടെ ഗ്രൂപ്പിൽ മറ്റു ക്ലാസ്സുകളിലെ കുട്ടികളുമുണ്ടായിരുന്നു. ഏതോ നേത്രരോഗം നിമിത്തം ഒരു കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ട ഒരു കുട്ടിയും ഞങ്ങളോടൊപ്പം കളിക്കാനുണ്ടായിരുന്നു. കേടായിപ്പോയ അവന്റെ കണ്ണ് പഴുത്തിരിക്കുന്നതുപോലെ കാഴ്ചയിൽ തോന്നും. കളിക്കിടയിൽ ഒരു പയ്യൻ അവനെ 'ചീങ്കണ്ണൻ' എന്നു വിളിച്ചു പരിഹസിച്ചു. അത് എനിക്ക് ഒട്ടും ഇഷ്ടപ്പെട്ടില്ല. അങ്ങനെ വിളിക്കരുതെന്നു പറഞ്ഞ് ഞാനവനെ ഉപദേശിച്ചു. സ്വയം ഒരു ചട്ടമ്പിയാണെന്ന് ഭാവിച്ചുനടന്ന അവന് എന്റെ ഉപദേശം രസിച്ചില്ല. ''വിളിച്ചാൽ നീ എന്തു ചെയ്യുമെടാ?'' എന്ന ആക്രോശവുമായി അവൻ എന്റെ നേരെ വന്നു.

പിന്നെ അവിടെ നടന്നത് ഒരു ദ്വന്ദ്വയുദ്ധമാണ്. വിശദാംശങ്ങൾ ലഭ്യമല്ല. അതുവഴി വന്ന പ്യൂൺ സാറാണ് ഞങ്ങളെ പിടിച്ചുമാറ്റിയത്.

ധർമ്മമുള്ളിടത്തല്ലേ ജയം കാണൂ... അതിനാൽ ഞാനായിരിക്കും ജയിച്ചത്. കാരണം പറയത്തക്ക ശോഭകേടൊന്നും എനിക്ക് ഏറ്റിരുന്നില്ല. അവൻ ഇട്ടിരുന്ന ഷർട്ട് ഉപയോഗിക്കാനാകാത്തവിധം പിഞ്ചിപ്പോയിരുന്നു. അവന്റെ ചുവന്ന കവിൾത്തടം നോക്കി വേണമെങ്കിൽ ഒരു കൈനോട്ടക്കാരന് എന്റെ ഭാവി പ്രവചിക്കാമായിരുന്നു.

എന്റെ ഭാവി ഒട്ടും ശോഭനമായിരുന്നില്ല. ഉച്ച കഴിഞ്ഞുള്ള പീരിയഡ് തുടങ്ങിയപ്പോൾത്തന്നെ അറ്റൻഡർ വന്ന് എന്നോട് ഹെഡ്മാസ്റ്ററുടെ ഓഫീസ് മുറിയിലേക്ക് ചെല്ലാൻ പറഞ്ഞു. ഹെഡ്മാസ്റ്ററുടെ മുമ്പിൽ എന്റെ പ്രതിയോഗി എനിക്കു മുമ്പേ ഹാജരുണ്ടായിരുന്നു. കൊടുങ്കാറ്റിനെ അതിജീവിച്ച വാഴത്തൈപോലെയുള്ള അവന്റെ നില്പുകണ്ടപ്പോൾ എനിക്കുപോലും അവനോട് അനുകമ്പ തോന്നി.

കേസ് അന്ന് വിചാരണയ്ക്ക് എടുത്തില്ല. എങ്കിലും പരമാവധി ശിക്ഷ തന്നെ ഹെഡ്മാസ്റ്റർ വിധിച്ചു. ''അപ്പനെ വിളിച്ചുകൊണ്ടു വന്നിട്ട് ക്ലാസ്സിൽ കയറിയാൽ മതി.'' അദ്ദേഹം ഉത്തരവായി.

സ്കൂളിൽനിന്നും പുറത്താക്കിയ കാര്യം വീട്ടിൽ പറയാനുള്ള ധൈര്യം വന്നില്ല. അതിനാൽ വീട്ടിൽനിന്നു പോന്നെങ്കിലും സ്കൂളിൽ പോകാതെ രണ്ടു ദിവസം കറങ്ങി നടന്നു. അടുത്ത ദിവസങ്ങളൊക്കെ പൂജവെപ്പിന്റെ അവധി ആയിരുന്നു. ആ അവധിക്കാലത്ത് ഹൈറേഞ്ചിലെ മുരിക്കാശ്ശേരിയിൽ താമസിക്കുന്ന അമ്മാവന്റെ മകന്റെ കല്യാണത്തിന് ഞങ്ങളുടെ വീട്ടിലെ പ്രതിനിധിയായി എന്നെയാണ് അയച്ചത്. ബന്ധു ജനങ്ങളോടൊപ്പം പോയ ഞാൻ ഒരാഴ്ച കഴിഞ്ഞാണ് മടങ്ങി എത്തിയത്. ആ സമയത്തിനുള്ളിൽ എന്റെ സ്കൂളിലെതന്നെ അധ്യാപകനും നാട്ടുകാരനുമായ ഒരു സാറ് പറഞ്ഞ് എന്നെ സ്കൂളിൽനിന്ന് പുറത്താക്കിയ കാര്യം അമ്മ അറിഞ്ഞിരുന്നു. ആ സമയത്ത് അപ്പൻ ഏന്തയാറിനടുത്ത് ഞാറക്കാട്ട് മലയിലുള്ള ഞങ്ങളുടെ പുരയിടത്തിലെ പണികൾ ചെയ്യാൻ അവിടെ താമസിക്കുകയായിരുന്നു.

ഞാൻ എന്റെ ധാർമ്മികപക്ഷം അമ്മയുടെ മുമ്പിൽ വിശദീകരിച്ചു. പിറ്റേന്ന് അമ്മയുടെ വക ഒരു കത്തുമായി ഞാൻ സ്കൂളിലെത്തി. ഞാൻ കത്ത് ഹെഡ്മാസ്റ്ററെ ഏല്പിച്ചു. കുട്ടിയുടെ അപ്പൻ ഏന്തയാർ പരിസരത്തുള്ള പറമ്പിലെ പണികൾക്കായി പോയിരിക്കുകയാണെന്നും മടങ്ങിയെത്തിയാലുടൻ സ്കൂളിൽ വന്നുകൊള്ളാമെന്നും അതുവരെ തന്റെ മകനെ ക്ലാസ്സിൽ കയറാൻ അനുവദിക്കണമെന്നും ആ കത്തിലൂടെ അമ്മ താഴ്മയായി അപേക്ഷിച്ചിരുന്നു.

എന്നാൽ അതൊന്നും എന്റെ ഹെഡ്മാസ്റ്ററുടെ അടുക്കൽ വിലപ്പോയില്ല. കത്തിനോടൊപ്പം അദ്ദേഹം എന്നെയും മടക്കി.

വിവരമറിഞ്ഞ അമ്മ എന്നെ അന്നുതന്നെ അപ്പന്റെ അടുത്തേക്ക് പറഞ്ഞുവിട്ടു. ഉച്ചകഴിഞ്ഞ് പുറപ്പെട്ട ഞാൻ മൂന്നു ബസ് മാറിക്കേറി നാല്പതു കിലോമീറ്ററോളം അകലെ ഇളങ്കാട് എന്ന സ്ഥലത്ത് അഞ്ചരമണിയോടെ എത്തി. അവിടെനിന്നും മൂന്നു കിലോമീറ്ററോളം നടന്നു വേണം വലിയൊരു കുന്നിലുള്ള ഞങ്ങളുടെ പുരയിടത്തിലെ വീട്ടിലെത്താൻ. ആ വഴിക്ക് പോകേണ്ട ആരെയും അപ്പോൾ കണ്ടതുമില്ല.

തുലാവർഷക്കാലമായിരുന്നു അത്. ഞാൻ ബസ്സിലായിരുന്ന സമയമത്രയും ശക്തമായ മഴ പെയ്യുന്നുണ്ടായിരുന്നു. ഞാൻ ബസ്സിറങ്ങിയപ്പോഴേക്കും മഴ അല്പം ശമിച്ചിരുന്നു. നേരത്തേ രാത്രിയാകുന്ന ഒക്ടോബർ മാസം ആയതിനാലും മഴമേഘങ്ങൾ ഉള്ളതിനാലും പകൽവെളിച്ചം മങ്ങിത്തുടങ്ങിയിരുന്നു.

മലവെള്ളം വരുന്ന വലിയ ഒരു തോടു കടന്നുവേണമായിരുന്നു എനിക്ക് പോകേണ്ടത്. ഏന്തയാർ എസ്റ്റേറ്റിന്റെ ഉടമ ആയിരുന്ന മർഫിസായ്പിന്റെ കാലത്ത് അവിടെ അദ്ദേഹം ഒരു പാലം നിർമ്മിച്ചിരുന്നു. വാഹനഗതാഗത

യോഗ്യമായ ആ പാലം പണ്ടുണ്ടായ ഒരു മലവെള്ളപ്പാച്ചിലിൽ ഒലിച്ചുപോയി, ആ പാലത്തിന്റെ തൂണുകൾ മാത്രം അവശേഷിച്ചു. അതിനു താഴെയായി തോടിനു വീതികൂടി ആഴം കുറവുണ്ടായിരുന്ന ഭാഗത്താണ് വെള്ളം കുറവുള്ളപ്പോൾ ആളുകൾ ഇറങ്ങിക്കടന്നിരുന്നത്. ലോറിപോലെയുള്ള വാഹനങ്ങളും വെള്ളം കുറയുമ്പോൾ അത്യാവശ്യത്തിന് അതിലൂടെ പോയിരുന്നു.

പാലം സ്ഥിതിചെയ്തിരുന്നതിന് തൊട്ടുമുകളിലായി വലിയ ഉരുളൻകല്ലുകൾ തോടിനു കുറുകെ സ്ഥിതിചെയ്തിരുന്നു. വെള്ളം കുറവുള്ളപ്പോൾ ആ കല്ലുകളിലൂടെ ചാടിച്ചാടി കാലിൽ വെള്ളം പറ്റിക്കാതെ വേണമെങ്കിൽ അക്കരെ കടക്കുകയും ചെയ്യാം.

നേരം ഇരുട്ടുന്നതിനുമുമ്പ് വീട്ടിലെത്താനുള്ള ധൃതിയിൽ നടന്ന ഞാൻ തോട്ടുവക്കത്തെത്തിയപ്പോൾ പകച്ചുനിന്നു. ഇരുകരമുറ്റി മലവെള്ളം കുത്തിയൊഴുകുന്നു. പാലത്തിനു താഴെ ഇറങ്ങിക്കടക്കുന്ന ഭാഗം വലിയ ഒരു ജലപ്പരപ്പായി കാണപ്പെടുന്നു. അവിടത്തെ ആഴവും ഒഴുക്കും എത്രയെന്ന് കണക്കുകൂട്ടാൻ വയ്യ.

ഉരുളൻ കല്ലുകൾ സ്ഥിതി ചെയ്തിരുന്ന സ്ഥലം ജലപ്പരപ്പിലെ മുഴകൾ കൊണ്ട് തിരിച്ചറിയാൻ സാധിക്കും. അതിന് മുകൾഭാഗത്ത് തോട് കരമുറ്റിയാണ് ഒഴുകുന്നത്. വലിയ കല്ലുകളൊന്നുമില്ലാത്ത ആ ഭാഗത്ത് തോടിന്റെ വീതി ഏകദേശം ഇരുപതടി കാണും. മുൻപരിചയം വെച്ച് ഞാൻ അവിടുത്തെ ആഴം കണക്കുകൂട്ടി. കഴുത്തിനു മുകളിൽ വെള്ളം ഉണ്ടാകില്ലെന്ന് ഉറപ്പിച്ചിട്ട് അവിടെത്തന്നെ ഇറങ്ങിക്കടക്കാൻ തീരുമാനിച്ചു. ഉരുളൻകല്ലുകൾക്കു മുമ്പുതന്നെ കര പറ്റിയില്ലെങ്കിൽ കുഴപ്പമാകുമെന്ന് വിചാരിച്ച് ഏതാണ്ട് മുപ്പതടി മുകളിലേക്ക് നടന്നിട്ടാണ് ഞാൻ വെള്ളത്തിൽ ഇറങ്ങിയത്. ആഴത്തെക്കുറിച്ചുള്ള കണക്കുകൂട്ടൽ ശരിയായിരുന്നു. പക്ഷേ, ഒഴുക്കിന്റെ ശക്തി പ്രതീക്ഷയ്ക്കും അപ്പുറമായിരുന്നു. നടന്നും നീന്തിയുമായി ഉരുളൻ കല്ലുകൾക്കടുത്തു വന്നപ്പോഴാണ് എനിക്ക് കര പറ്റാൻ സാധിച്ചത്. ഇരുപതടി കുറുകെ കടന്നപ്പോൾ ഒഴുക്ക് എന്നെ മുപ്പതടി താഴേക്ക് കൊണ്ടുപോയി. അത്രയും ദൂരം മുകളിൽ പോയി ഇറങ്ങാൻ തോന്നിയതു നന്നായി. അല്ലെങ്കിൽ എന്റെ കാര്യം പോക്കായേനേ....

ഞാൻ കുന്നു കയറി വീട്ടിലെത്തിയപ്പോൾ ഇരുട്ടിയിരുന്നു. ആകപ്പാടെ ഞാൻ നനഞ്ഞു കുതിർന്നിരുന്നു. എന്നെ കണ്ട അപ്പൻ അന്തം വിട്ടു നിന്നു.

''നീ എങ്ങനെയാടാ ആ തോട് കടന്നത്?'' അപ്പന്റെ ആദ്യത്തെ ചോദ്യം അതായിരുന്നു.

പെയ്ത മഴയുടെ അളവു നോക്കി ആ തോട്ടിലെ വെള്ളത്തിന്റെ വ്യാപ്തി അപ്പന് ഊഹിക്കാൻ കഴിഞ്ഞു. മുതിർന്നവർക്കുപോലും അതിലൂടെ അപ്പോൾ കടക്കാൻ പ്രയാസമാണെന്ന് അപ്പന് നല്ല ഉറപ്പായിരുന്നു.

തോട് ഇറങ്ങിക്കടന്ന കാര്യം അല്പം മയപ്പെടുത്തിയാണ് ഞാൻ അപ്പനോട് പറഞ്ഞത്.

എങ്കിലും അപ്പന്റെ മുഖത്തെ ഭയപ്പാട് അപ്പോഴൊന്നും വിട്ടൊഴിഞ്ഞില്ല. ഒന്നും മിണ്ടാതെ അപ്പൻ എന്നെത്തന്നെ നോക്കി കുറേ നേരം അങ്ങനെ നിന്നു.

ആ തോട്ടിലൂടെ പല ജീവിതങ്ങളും ഒഴുകിപ്പോയിട്ടുള്ളത് അപ്പന് കണ്ടും കേട്ടും നല്ല അറിവുള്ളതാണ്. പണ്ട് ഉരുൾപൊട്ടിയുണ്ടായ മലവെള്ളം ഇറങ്ങിയപ്പോൾ ആ തോടിന്റെ സമീപത്തുള്ള ഒരു മരത്തിന്റെ ശിഖരത്തിൽ ഒരു ശവശരീരം ഉടക്കിക്കിടന്നത് അപ്പൻ നേരിട്ടു കണ്ടിട്ടുള്ളതാണ്.

ഞാൻ സ്കൂളിലെ കാര്യം പറഞ്ഞു. അപ്പനിൽ വികാരഭേദമൊന്നും കണ്ടില്ല. അപ്പന്റെ അപ്പോഴത്തെ മാനസികാവസ്ഥയിൽ കുട്ടികളുടെ അടിപിടിക്കഥയൊക്കെ എത്ര നിസ്സാരം!

പിറ്റേന്ന് രാവിലെ അപ്പനും ഞാനും അവിടെനിന്ന് പുറപ്പെട്ടു. തലേന്ന് നിറഞ്ഞൊഴുകിയ തോട്ടിലെ വെള്ളമൊക്കെ താഴ്ന്നിരുന്നു. എങ്കിലും അപ്പൻ എന്നെ കൈയിൽ പിടിച്ചാണ് കടത്തിയത്.

വരുന്ന വഴിക്കുതന്നെ ഞങ്ങൾ സ്കൂളിൽ കയറി. അന്ന് ഹെഡ്മാസ്റ്റർ അവധിയിലായിരുന്നു. ഹെഡ്മാസ്റ്ററിന്റെ ചാർജ് 'പൂവമ്പഴം' എന്ന് ഇരട്ടപ്പേരുള്ള ഒരു സാറിനായിരുന്നു. വെളുത്ത് ചുവന്ന് പൂവമ്പഴം പോലെ തടിച്ചിരുന്നതിനാലാണ് അദ്ദേഹത്തിന് ആ പേര് വീണത്.

മക്കളില്ലാതിരുന്ന അദ്ദേഹത്തിന് വിദ്യാർത്ഥികളോടെല്ലാം ഒരു വാത്സല്യമാണുണ്ടായിരുന്നത്. വടിയും അടിയും അധ്യാപനത്തിന്റെ അവിഭാജ്യ ഘടകമായിരുന്ന അക്കാലത്ത് അദ്ദേഹം ഒരു കുട്ടിയെപ്പോലും തല്ലിയിരുന്നില്ല.

അറ്റൻഡർ പോയി എന്റെ പ്രതിയോഗിയെ ക്ലാസ്സിൽനിന്ന് വിളിച്ചുകൊണ്ടു വന്നു. പുതിയ ഹെഡ്മാസ്റ്റർ കേസ് വിചാരണ ചെയ്തു. ഇതൊന്നും അത്ര വലിയ കേസായി അദ്ദേഹത്തിനു തോന്നിക്കാണില്ല. അദ്ദേഹം അപ്പനോട് പറഞ്ഞു.

''കുട്ടികളാവുമ്പോൾ ഇതൊക്കെ സ്വാഭാവികമാണ്. അത്ര ഗൗരവമാക്കേണ്ട കാര്യമൊന്നുമില്ല. എന്നാൽ അവന്റെ ഷർട്ടു കീറിപ്പോയി. അവനാണെങ്കിൽ ഒരു നിർദ്ധന കുടുംബത്തിലെ പയ്യനാ... കീറിപ്പോയതിനു പകരം അവനൊരു ഷർട്ടു വാങ്ങിക്കൊടുക്കാമോ?''

''അതിനുള്ള കാശ് തന്നാൽ മതിയോ?''

അപ്പൻ ചോദിച്ചു.

''മതി.''

തുണിവില, തയ്യൽക്കൂലി എന്നിവ കണക്കുകൂട്ടി സാർ ഒരു വില നിശ്ചയിച്ചു. അഞ്ചുരൂപ.

അഞ്ചുരൂപയ്ക്ക് സാമാന്യം ഭേദപ്പെട്ട ഒരു ഷർട്ട് അക്കാലത്ത് തയ്പിച്ചെടുക്കാമായിരുന്നു.

അപ്പൻ സന്തോഷത്തോടെ അഞ്ചുരൂപ അപ്പോൾത്തന്നെ സാറിനെ ഏല്പിച്ചു.

അക്കാലത്ത് വീട്ടിലെ റബ്ബർ മരങ്ങൾ ടാപ്പ് ചെയ്തിരുന്നത് ഞാനും അമ്മയുംകൂടിയാണ്. 250-ൽ 150 മരങ്ങളായിരുന്നു എന്റെ വിഹിതം. ഒരു മരം ടാപ്പു ചെയ്യുന്നതിനു ഒരു പൈസ ആയിരുന്നു നാട്ടിലുണ്ടായിരുന്ന കൂലി. 500 മരം ടാപ്പു ചെയ്യുന്നതിന്റെ കൂലിയാണ് ധർമ്മസംസ്ഥാപനത്തിനു പോയ വകയിൽ ചെലവ്; ഞാൻ മനക്കണക്കു കൂട്ടി. കഷ്ടനഷ്ടങ്ങൾ വേറെയും.

എന്നാലും ഞാൻ ആശ്വസിച്ചു. ഒറിജിനൽ ഹെഡ്മാസ്റ്ററുണ്ടായിരുന്നെങ്കിൽ കാര്യങ്ങൾ ഇങ്ങനെയൊന്നുമല്ല കലാശിക്കുന്നത്. ഇനിഷ്യൽ ഉൾപ്പെടെ എന്റെ പേരുകാരനായ അദ്ദേഹത്തിനുമുണ്ടായിരുന്നു ഒരു ഇരട്ടപ്പേര്. 'കൊച്ചുസാർ' എന്ന് നാട്ടിലും സ്കൂളിലും അറിയപ്പെട്ടിരുന്ന അദ്ദേഹം സംസാരിക്കുമ്പോൾ 'ദാ' എന്ന് ഇടയ്ക്കിടെ ചേർക്കും. അങ്ങനെയാണ് അദ്ദേഹം 'ദാക്കൊച്ച്' എന്ന ഇരട്ടപ്പേരിന് അർഹനായത്.

അദ്ദേഹത്തിന്റെ മുമ്പിൽ വിചാരണ ചെയ്യപ്പെടുന്ന ഇത്തരം അടിപിടിക്കേസുകളുടെ പരിസമാപ്തി എനിക്ക് നന്നേ അറിവുള്ളതാണ്. വിചാരണയ്ക്കൊടുവിൽ കുറ്റാരോപിതന്റെ ചന്തിയിൽ രക്ഷകർത്താക്കളുടെ കൺമുമ്പിൽ വെച്ച് ഹെഡ്മാസ്റ്ററുടെ ഔദ്യോഗിക ചൂരൽകൊണ്ട് നാല് അടിയാണ്. കൂടുതലില്ല. കുറവുമില്ല.

ഹെഡ്മാസ്റ്റർ അന്നു ലീവായത് മഹാഭാഗ്യമായെന്ന് ഞാൻ കരുതി. കിട്ടേണ്ടിയിരുന്ന അടിയുടെ നൊമ്പരം ഓർത്തോ അപ്പന്റെ മുമ്പിൽവെച്ച് അടികൊള്ളാനുള്ള ജാള്യത ഓർത്തോ അല്ല അത്; തന്റെ മുമ്പിൽ വെച്ച് മകൻ അടിയേൽക്കുന്നതുകണ്ട് എന്റെ അപ്പന് നൊമ്പരപ്പെടാൻ ഇട വന്നില്ലല്ലോ എന്നോർത്ത്...

ഇരട്ടപ്പേരുകളെപ്പറ്റി അല്പംകൂടി പ്രതിപാദിക്കാനുണ്ട്, ഞാൻ ആരെയും ഇരട്ടപ്പേര് വിളിക്കാറില്ലെങ്കിലും എന്നെ ഒറിജിനൽ പേര് വിളിക്കുന്ന സഹപാഠികൾ കുറവായിരുന്നു. എനിക്ക് ഇരട്ടപ്പേരുകൾ പലതായിരുന്നു. എന്നെ വിളിക്കുന്ന ഇരട്ടപ്പേര് പരിഹാസപ്പേരാണെങ്കിൽപോലും അതിനെ എന്റെ പേരായിത്തന്നെ സ്വീകരിച്ചുകൊണ്ട് ഞാൻ വിളികേൾക്കും. 'ഒരു പേരിലെ ന്തിരിക്കുന്നു?' എന്നു ചോദിച്ച ഷേക്സ്പിയർ കഥാപാത്രത്തെക്കുറിച്ചോ 'ഞാൻ എന്താണോ അതാണു ഞാൻ' എന്നു പറഞ്ഞ ജർമ്മൻ ചിന്തകൻ 'ഗോയ്ഥേ' യെക്കുറിച്ചോ കേട്ടിരുന്നില്ലെങ്കിൽകൂടി സമാനമായ ഒരു മനോഭാവമായിരുന്നു ചെറുപ്പം മുതലേ എനിക്കുണ്ടായിരുന്നത്.

ഏഴാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് എനിക്ക് ആദ്യമായി ഇരട്ടപ്പേര് വീഴുന്നത്: 'പക്കി'. ആരുടെ ഭാവനയാണ് അതിനു പിന്നിൽ ചിറകടിച്ചതെന്ന് നിശ്ചയമില്ല. പക്ഷി എന്നതിന്റെ രൂപാന്തരമാണ് 'പക്കി'. ചെറുപക്ഷികളെ വിളിക്കാനാണ് ആ പദം ഞങ്ങളുടെ നാട്ടിൽ ഉപയോഗിച്ചിരുന്നത്.

അന്ന് നന്നേ മെല്ലിച്ചിട്ടായിരുന്നു ഞാൻ. പൊക്കവും കൂടുതലില്ല. ശരീരഭാരമാണെങ്കിൽ ഇരുപത്തഞ്ചു കിലോഗ്രാം. അങ്ങനെയുള്ള ശരീര പ്രകൃതമാകാം 'പക്കി' എന്നു വിളിക്കാൻ എന്റെ സഹപാഠികളെ പ്രചോദിപ്പിച്ചത്.

കായംകുളം കൊച്ചുണ്ണിയുടെ സുഹൃത്തായ 'ഇത്തിക്കര പക്കി' എന്ന വീരപുരുഷനെക്കുറിച്ചൊക്കെ പിന്നീട് വളരെ വർഷങ്ങൾ കഴിഞ്ഞാണ് ഞാൻ കേൾക്കുന്നത്.

'പക്കി' എന്നു വിളിക്കുമ്പോൾ അതെന്റെ ചെല്ലപ്പേരാണെന്ന രീതിയിൽ ഞാൻ വിളികേൾക്കും. ചിലർ നിന്ദിക്കാനും പരിഹസിക്കാനുമായി ആ പേരു വിളിച്ചു. അപ്പോഴും വിളികേട്ട് അതിലെ നിന്ദയെയും പരിഹാസത്തെയും ഞാൻ നിർവീര്യമാക്കി.

എട്ടാം ക്ലാസ്സിൽ പഠിക്കുമ്പോൾ സ്കൂൾ യുവജനോത്സവത്തിലെ ഏകാങ്കനാടക മത്സരത്തിൽ എന്റെ നേതൃത്വത്തിലുള്ള ഒരു നാടകമുണ്ടായിരുന്നു. നാടകരചനയും സംവിധാനവും ഞാൻതന്നെ. കുറ്റാന്വേഷണ കഥകളിൽ അഭിരമിച്ചിരുന്ന ആ പ്രായത്തിൽ അത്തരത്തിലുള്ള ഒരു തീം ആണ് ഞാൻ സ്വീകരിച്ചത്.

മാരകായുധങ്ങൾ കാട്ടി വഴിയാത്രക്കാരെ കൊള്ളയടിച്ചിരുന്ന ഒരു സംഘം. അവരെ പിടികൂടുന്നതിൽ പോലീസ് പോലും പരാജയപ്പെടുന്ന അവസ്ഥ. അഭ്യസ്തവിദ്യനും തൊഴിൽരഹിതനുമായ ഒരു ചെറുപ്പക്കാരൻ വഴിയാത്രയ്ക്കിടെ ആ കൊള്ളസംഘത്തിന്റെ മുമ്പിൽപെടുന്നു. മാരകായുധങ്ങളുമായി ചാടിവീണ സംഘാംഗങ്ങളുമായി ഏറ്റുമുട്ടി അവരെ അയാൾ നിലംപരിശാക്കുന്നു. അപ്പോഴേക്കും പോലീസ് സംഘമെത്തി അവരെ കസ്റ്റഡിയിലെടുക്കുന്നു. നായകന് പോലീസ് ഡിപ്പാർട്ട്മെന്റിന്റെ പ്രത്യേക പാരിതോഷികം ലഭിക്കുന്നു. ഒപ്പം പോലീസിലെ കുറ്റാന്വേഷണവിഭാഗത്തിൽ ജോലിയും. ശുഭം.

നായകൻ, കൊള്ളത്തലവൻ, പോലീസ് ഇൻസ്പെക്ടർ തുടങ്ങിയ മുഖ്യകഥാപാത്രങ്ങളായി അഭിനയിക്കാനുള്ള വലിപ്പമോ ഗ്ലാമറോ എനിക്കില്ലാതിരുന്നതിനാൽ ഒരു സാദാ കൊള്ളക്കാരനായിട്ടായിരുന്നു നാടകത്തിലെ എന്റെ വേഷം.

നാടകത്തിലെ സംഘട്ടനരംഗം ഞങ്ങൾ ഒരുവിധം പ്രാക്ടീസ് ചെയ്തിരുന്നു. സംഘട്ടനത്തിലെ 'ഇഫക്ട്', കൊടുക്കുന്നവനും കൊള്ളുന്നവനും സ്വയം നല്കണമെന്നതായിരുന്നു തീരുമാനം.

ആദ്യത്തെ അടിക്ക് ഒഴിഞ്ഞുമാറണം; രണ്ടാമത്തെ അടി ഇടംകൈകൊണ്ട് തടയണം എന്നിങ്ങനെയൊക്കെയുള്ള എന്റെ സംഘട്ടന സംവിധാനം അരങ്ങത്ത് ഫലപ്രദമായില്ല. കൊള്ളത്തലവന്റെ ആദ്യത്തെ അടി തന്നെ നായകന്റെ കരണത്തു പൊട്ടി. നായകനു തോല്ക്കാൻ പറ്റുമോ? നായകൻ

തിരിച്ചടിച്ചു. ഒറിജിനൽ അടി. എനിക്കിട്ടും കിട്ടി ആവശ്യത്തിന്. എന്റെ കൊമ്പൻ മീശ അടിയേറ്റ് തെറിച്ച് സ്റ്റേജിന്റെ മൂലയിൽ പോയി വീണു. അതോടൊപ്പം ഞാനും പോയി വീണ് പ്രേക്ഷകർ കാണാതെ മീശ ഒട്ടിക്കാൻ ശ്രമിച്ചു. പക്ഷേ, മീശ ഒട്ടിയില്ല. അതിനാൽ ഞാൻ അവിടെത്തന്നെ കിടന്നു.

നാടകം ശുഭമായി പര്യവസാനിച്ചു. അവിടെ നടന്നത് ഒറിജിനൽ സംഘട്ടനമാണെന്ന് പ്രേക്ഷകരിൽ ചിലർ മനസ്സിലാക്കിയെന്നു മാത്രം.

അക്കാലത്ത് പ്രേക്ഷകർക്ക് ഏറ്റവും താത്പര്യം ഏകാങ്ക നാടകമത്സരം കാണാനായിരുന്നു. സീനിയർ വിദ്യാർത്ഥികൾ പലപ്പോഴും നല്ല നാടകങ്ങൾ അവതരിപ്പിച്ചിരുന്നു. അതിനാൽ നാടകം കാണാൻ രക്ഷകർത്താക്കളും സ്കൂളിൽ എത്തിയിരുന്നു,

എന്റെ നാട്ടുകാരനായ ഒരു ചേട്ടൻ നാടകം കണ്ടിരുന്നു. നാടകത്തിലേത് ഒറിജിനൽ സംഘട്ടനമാണെന്ന് മനസ്സിലാക്കിയ അദ്ദേഹം അത് നാട്ടിൽ മുഴുവൻ പാട്ടാക്കി. അന്നേറ്റ ഇടിയിൽ ചങ്ക് വാടിപ്പോയതിനാലാണ് ഞാൻ ക്ഷയരോഗിയെപ്പോലെ മെല്ലിച്ചിരിക്കുന്നതെന്ന് അദ്ദേഹം കുറേക്കാലം എന്നെ കാണുമ്പോഴെല്ലാം പറയുമായിരുന്നു.

1960-കളിൽ തമിഴ് സിനിമയിലെ അറിയപ്പെടുന്ന ഒരു നടനായിരുന്നു തേങ്കായ് ശ്രീനിവാസൻ. തേങ്ങാ വില്പനക്കാരന്റെ റോളിൽ ഒരു നാടകത്തിൽ അഭിനയിച്ചതിനു ശേഷമാണ് അദ്ദേഹം തേങ്കായ് ശ്രീനിവാസനായത്. എന്റെ വീട്ടുപേര് തെങ്ങനാക്കുന്നേൽ എന്നാണല്ലോ. അതിനാൽ തേങ്കായ് ശ്രീനിവാസൻ എന്ന പേര് എനിക്കു നല്കി. ''രചനയും സംവിധാനവും തേങ്കായ് ശ്രീനിവാസൻ'' എന്നു പറഞ്ഞ് നാട്ടിലെ ചെറുപ്പക്കാരായ ചേട്ടന്മാർ കുറേക്കാലത്തേക്ക് എന്നെ കളിയാക്കിപ്പോന്നു.

'തേങ്കായ് ശ്രീനിവാസൻ' ചുരുങ്ങി ശ്രീനിവാസനും പിന്നീട് 'ശ്രീനി' യുമായി. നാട്ടിൽ അമച്വർ നാടകങ്ങളിലൊക്കെ അഭിനയിക്കുമ്പോൾ 'ശ്രീനി' എന്ന പേരായിരുന്നു നോട്ടീസിലൊക്കെ വെക്കാൻ ഞാൻ തിരഞ്ഞെടുത്തത്. ഇപ്പോഴും 'ശ്രീനി' യെന്ന് എന്നെ വിളിക്കുന്നവർ എന്റെ നാട്ടിൽ ധാരാളമുണ്ട്.

ഞാൻ പ്രീഡിഗ്രിക്കു പഠിച്ചത് ഹൈറേഞ്ചിൽ 'പാറത്തോട്' എന്ന സ്ഥലത്തുള്ള ഒരു പാരലൽ കോളജിലാണ്. അക്കാലത്ത് മുരിക്കാശ്ശേരിയിലെ കുടിയേറ്റഭൂമിയിലായിരുന്നു ഞങ്ങളുടെ താമസം. ഏഴു കിലോമീറ്റർ നടന്നു വേണമായിരുന്നു കോളജിലെത്താൻ.

പാറത്തോട്, വെള്ളത്തൂവൽ എന്നിവിടങ്ങളിലെ സ്കൂളിൽ പഠിച്ചു വന്നവരായിരുന്നു സഹപാഠികൾ. ഞാൻ പഠിച്ച കോട്ടയം ജില്ലയിലെ കാളകെട്ടിയിലുള്ള അച്ചാമ്മ മെമ്മോറിയൽ ഹൈസ്ക്കൂളിനെപ്പറ്റി കേട്ടപ്പോൾ അവർക്കതൊരു കൗതുകമായി. 'കാളകെട്ടി' എന്ന സ്ഥലനാമമായിരുന്നു അതിനു കാരണം. വിദ്യാർത്ഥികൾ മാത്രമല്ല, എന്റെ അധ്യാപകരും എന്നെ 'കാളകെട്ടി' എന്നു വിളിച്ചു തുടങ്ങി. ഞാൻ സന്തോഷത്തോടെ ആ വിളികളെ

സ്വാഗതം ചെയ്തു എന്നു മാത്രമല്ല; ആ കാലയളവിൽ ഞാൻ പ്രാദേശികമായി അവതരിപ്പിച്ച ചില ഹാസ്യകലാപരിപാടികൾ 'ജെ. കാളകെട്ടി' എന്ന പേരിലുമായിരുന്നു.

രണ്ടു വർഷം പൂട്ടിക്കിടന്ന തറവാട്ടു വീട്ടിൽ ഒറ്റയ്ക്കു താമസിച്ചുകൊണ്ടാണ് പാലാ സെന്റ് തോമസ് കോളജിൽ ഞാൻ ഡിഗ്രിക്ക് മലയാളം ഐച്ഛികവിഷയമായെടുത്ത് പഠിക്കാൻ പോയത്. റബ്ബർ ടാപ്പിങ്ങും പറമ്പിലെ മറ്റു പണികളും മുറപോലെ ചെയ്തിരുന്നെങ്കിലും അക്കാലത്ത് അസ്തിത്വപരമായ ഒരു ദുഃഖത്തിന് ഞാൻ വശംവദനായി. ഒ.വി. വിജയന്റെയും എം. മുകുന്ദന്റെയും നോവലുകളുടെ പാരായണമാണ് അതിനു കാരണം. 'ഖസാക്കിന്റെ ഇതിഹാസ'ത്തിലെ രവിയും 'മയ്യഴിപ്പുഴയുടെ തീരങ്ങളി'ലെ ദാസനും എന്നിൽ ആവേശിച്ചു. മുടി മുറിക്കാതെ അലസവേഷം ധരിച്ച് ഒരു 'ഹിപ്പി' സ്റ്റൈലിലാണ് ഞാൻ കോളജിൽ പൊയ്ക്കൊണ്ടിരുന്നത്. ക്ലാസ്സിലെ ഏറ്റവും പുറകിലത്തെ ബഞ്ചിൽ ആരോടും അധികം സംസാരിക്കാതിരുന്ന എന്നെ സഹപാഠികൾ 'സ്വാമി' എന്നു വിളിച്ചു, ശാന്തമായി വിളികേട്ട് ഞാൻ അവരെ അനുഗ്രഹിച്ചു.

രണ്ടാം വർഷം 'സ്റ്റെപ് കട്ടിങ്' ഒക്കെ നടത്തി അസ്തിത്വദുഃഖം വെടിഞ്ഞെങ്കിലും ഡിഗ്രി പഠനം കഴിയും വരെ ഞാൻ 'സ്വാമി'യായിത്തന്നെ തുടർന്നു.

ബിരുദാനന്തരബിരുദ പഠനത്തിന് എറണാകുളം മഹാരാജാസ് കോളജിലായിരുന്നപ്പോൾ എല്ലാവരും എന്നെ ജോസഫ് എന്നുതന്നെ വിളിച്ചു. എന്റെ ക്ലാസ്സിലോ പരിചയവലയത്തിലോ മറ്റൊരു ജോസഫ് ഉണ്ടായിരുന്നില്ല. അക്കാലത്തെ സാഹിത്യാന്തരീക്ഷത്തിൽ 'ജോസഫ്' ഒരു ഗാഭീര്യമുള്ള പേരായിരുന്നു. ആനന്ദിന്റെ 'ആൾക്കൂട്ടം' എന്ന നോവലിലെ ജോസഫും ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ 'മാപ്പുസാക്ഷി'യെന്ന കവിതയിലെ ജോസഫും നിശ്ചയദാർഢ്യത്തിന്റെയും ആത്മസമർപ്പണത്തിന്റെയും പ്രതീകങ്ങളായിരുന്നു. താനറിയാതെ ഗർഭം ധരിച്ച ഭാര്യയോടുപോലും കലഹിക്കാത്ത, ശ്രീയേശുകഥയിലെ നീതിമാനും ശുദ്ധാത്മാവുമായ ജോസഫിന്റെ അംശത്തിൽ പിറന്നവരായിരുന്നു മിക്ക സാഹിത്യകൃതികളിലെയും ജോസഫുമാർ.

അക്കാലം മുതലാണ് ജോസഫ് എന്ന എന്റെ പേരിനെ ഞാൻ ഇഷ്ടപ്പെട്ടു തുടങ്ങിയത്. സത്യം പറഞ്ഞാൽ അതുവരെ ഇരട്ടപ്പേരു വിളിച്ചു കേൾക്കുന്നതിലായിരുന്നു എനിക്കു കൗതുകം.

കരചരണങ്ങളറ്റ് 'വെട്ടിയിട്ട വാഴത്തടപോലെ' ഞാൻ എറണാകുളത്തുള്ള 'സ്പെഷ്യലിസ്റ്റ്സ്' ഹോസ്പിറ്റലിലെ ഐസിയുവിൽ കിടക്കുമ്പോൾ അന്നത്തെ വിദ്യാഭ്യാസമന്ത്രി എന്നെ'മണ്ടൻ' എന്നു വിളിച്ച് ആദരിച്ചു. അത് തന്റെ സ്വാഭാവികമായ ഒരു പ്രതികരണമായിരുന്നുവെന്ന് അദ്ദേഹം പിന്നീട്

പറയുന്നുമുണ്ട്. ആ 'മണ്ടൻ' പ്രയോഗത്തെക്കുറിച്ച് എന്റെ അഭിപ്രായം ആരാഞ്ഞ ഒരു സുഹൃത്തിനോട് ഞാൻ ഇങ്ങനെ പറഞ്ഞു:

''വിശ്വവിഖ്യാതങ്ങളായ ഭാവാത്മക നോവലുകളുടെ കർത്താവ് ഫയദോർ ഡോസ്റ്റോയേവ്സ്കി സാന്മാർഗ്ഗിക പരിപൂർത്തിയുള്ള ഒരു കഥാപാത്രത്തെ ആവിഷ്കരണം ചെയ്യാൻ ആഗ്രഹിച്ചു. ക്രിസ്തു സദൃശനായ ആ കഥാപുരുഷന് ഒരു കഥയില്ലായ്മ അഥവാ മഠയത്തരം അനിവാര്യമാണെന്ന് അതിന്റെ സ്രഷ്ടാവിനു തോന്നി. 'ഇഡിയറ്റ്' എന്നു പേരിട്ട ആ നോവലിൽ 'മൈഷ്കിൻ' എന്ന മുഖ്യകഥാപാത്രത്തെ ഇതര കഥാപാത്രങ്ങൾ 'മണ്ടൻ' എന്നാണ് വിളിച്ചിരുന്നത്.''

എന്നാൽ മൈഷ്കിൻ പ്രഭുവിന്റെ നന്മകളൊന്നും എനിക്കുണ്ടായിരുന്നില്ല. ആ കഥയില്ലായ്മ അഥവാ മണ്ടത്തരങ്ങൾ ആവോളം ഉണ്ടായിരുന്നുതാനും. ആ തിരിച്ചറിവിന്റെ നാളുകളിൽ പണ്ട് എന്നോ ഞാൻ കുറിച്ചിട്ടതാണ് ഈ വരികൾ.

''മണ്ടൻ
ഞാനൊരുമണ്ടൻ.
മരമണ്ടൻ
വെറും മണ്ടൻ.
എന്റെ ആനമണ്ടത്തരം–
ഞാനൊരു മണ്ടനാണെന്നറിഞ്ഞത്!''

## ഹിന്ദി നഹി മാലൂം!

പല ഘട്ടങ്ങളിലായിട്ടായിരുന്നു ഞങ്ങളുടെ വീടിന്റെ പണി പൂർത്തീകരിച്ചത്. ഒരാളുടെ ശമ്പളം മാത്രം കുടുംബവരുമാനമുള്ളവർക്ക് അങ്ങനെയൊക്കെയല്ലേ സാധിക്കൂ.

1998-ൽ പണി തുടങ്ങിയ വീടിന്റെ പ്ലാൻ ഇരുനില കെട്ടിടത്തിന്റേതായിരുന്നു. എന്നാൽ ഒരു നില മാത്രം പണിത് രണ്ടായിരാമാണ്ടിൽ അവിടെ താമസം തുടങ്ങിയെങ്കിലും ടൈലൊക്കെ വിരിച്ച് തറയുടെയും മറ്റും പണി പൂർത്തീകരിച്ചത് രണ്ടായിരത്തി നാലിലാണ്. ഭവനവായ്പയുടെ തുക ഒട്ടൊക്കെ കുറഞ്ഞുവന്നപ്പോൾ 2010-ൽ വായ്പ പുതുക്കി മുകൾനില പണിയാൻ നിശ്ചയിച്ചിരുന്നു. അപ്പോഴാണ് ചോദ്യപേപ്പർ വിവാദവും തുടർസംഭവങ്ങളും വന്ന് ജീവിതമാകെ തകിടം മറിയുന്നത്.

ശമ്പളക്കുടിശ്ശിക, പെൻഷൻ ആനുകൂല്യങ്ങൾ എന്നിവ ലഭിക്കുകയും മക്കൾ രണ്ടുപേരും ജോലിയിലാകുകയും ചെയ്തതോടെ 2016-ൽ വീടിന്റെ മുകൾനില പണിതു പൂർത്തീകരിച്ചു. പണി ഏറ്റെടുത്തു നടത്തിയ കോൺട്രാക്ടറുടെ കീഴിൽ ബംഗാളികളായ തൊഴിലാളികളും ഉണ്ടായിരുന്നു. സംസാരപ്രിയനായ അവരിലൊരാൾ എന്നോടു സംസാരിക്കാൻ വന്നു. ബംഗാളികളാണെങ്കിലും അവർക്കൊക്കെ ഹിന്ദിയും അറിയാമായിരുന്നു. അതിനാൽ ഹിന്ദിയിലാണ് അയാൾ സംസാരിച്ചു തുടങ്ങിയത്. അയാൾ ചോദിക്കുന്ന കാര്യങ്ങൾ മനസ്സിലാകാതെ വന്ന ഞാൻ ''ഹിന്ദി നഹി മാലൂം'' എന്നു പറഞ്ഞ് അയാളുടെ വായടപ്പിക്കാൻ നോക്കി. മനഃപാഠമാക്കി വെച്ച ആ ഹിന്ദി വാക്യം ഒരുതരം ഗമയോടെയാണ് ഞാൻ തട്ടിവിട്ടത്. എന്നാൽ അതിനു മറുപടിയായി അയാൾ പറഞ്ഞത് 'ഹിന്ദി നഹി മാലൂ'വാണെങ്കിൽപോലും എനിക്ക് കുറച്ചെല്ലാം മനസ്സിലായി.

ഹിന്ദി അറിഞ്ഞുകൂടായെങ്കിൽ പിന്നെ ഏതു ഭാഷ അറിയാമെന്ന് അയാൾ ചോദിച്ചു. ഞാൻ അഭിമാനത്തോടെ പറഞ്ഞു. ''മലയാളം. ആ ഭാഷയും സാഹിത്യവും പഠിപ്പിക്കുന്ന ഒരു പ്രൊഫസറായിരുന്നു ഞാൻ.'' അങ്ങനെ ഞാൻ പറഞ്ഞത് ഇംഗ്ലിഷും മലയാളവും ഹിന്ദിയും കലർന്ന ഇപ്പോൾ ഓർത്തെടുക്കാനാവാത്ത വാക്കുകൾ ഉപയോഗിച്ചാണ്. ഏതായാലും എന്റെ മിശ്രഭാഷ അയാൾക്കു മനസ്സിലായി.

''അതൊരു ലോക്കൽ ലാംഗ്വേജല്ലേ?''

പുച്ഛഭാവത്തോടെ അയാൾ ഹിന്ദിയിൽ ചോദിച്ചു. ശ്രേഷ്ഠഭാഷാ പദവിവരെ ലഭിച്ച മലയാള ഭാഷയെ ലോക്കൽ എന്ന് അയാൾ വിശേഷിപ്പിച്ചത് എനിക്ക്

ഒട്ടും ഇഷ്ടപ്പെട്ടില്ല. എന്റെ മാതൃഭാഷാസ്നേഹം ജ്വലിച്ചു. ഞാൻ എന്റെ മിശ്രഭാഷയിൽ പറഞ്ഞു.

''മൂന്നരക്കോടി ആളുകൾ സംസാരിക്കുന്ന ഭാഷയാണ് മലയാളം. കേരളീയരുടെ മാതൃഭാഷ. മഹത്തായ സാഹിത്യകൃതികൾ ഉള്ള ഭാഷയാണത്-നിങ്ങളുടെ ബംഗാളി ഭാഷപോലെ.''

''നോക്കൂ സാബ്,'' അയാൾ പറഞ്ഞു. ''ഞാൻ എട്ടാംക്ലാസ്സുവരെയേ പഠിച്ചിട്ടുള്ളൂ. ഹിന്ദി എന്റെ മാതൃഭാഷയുമല്ല. എങ്കിലും ഞാൻ ഹിന്ദി വശത്താക്കി. എന്തുകൊണ്ടാണത്? ഹിന്ദി രാഷ്ട്രഭാഷയായതുകൊണ്ട്. സാബിനെപ്പോലെ വലിയ ഉദ്യോഗം ഭരിച്ചിട്ടുള്ളവർ 'ഹിന്ദി നഹി മാലൂം' എന്നു പറയുന്നത് കഷ്ടംതന്നെ. കേരളത്തിനു വെളിയിൽ പോയാൽ സാബ് എന്തുചെയ്യും?''

''എനിക്ക് അത്യാവശ്യം ഇംഗ്ലിഷ് അറിയാം.'' ഞാൻ ആവേശത്തോടെ പറഞ്ഞു.

''അത് ലോകഭാഷ.'' തൊഴിലാളിയായ ആ ബംഗാളി പറഞ്ഞു. ''നമ്മുടെ തലസ്ഥാനമായ ഡൽഹിയിൽ സാബ് ചെന്നുനോക്കൂ. ഇംഗ്ലിഷുകൊണ്ട് കാര്യമായ ഗുണമുണ്ടാവില്ല.''

അയാൾ പറഞ്ഞത് ശരിയാണ്. പണ്ട് ഞാൻ അത് അനുഭവിച്ചിട്ടുമുണ്ട്. കന്യാസ്ത്രീയായ എന്റെ ചേച്ചി ഫിലിപ്പീൻസിലായിരുന്നപ്പോൾ അങ്ങോട്ട് പോകുന്നതിന് വിസ എടുക്കുവാൻ ഞാൻ ഡൽഹിയിൽ ചെന്നതാണ്. 2004 മാർച്ച് മാസത്തിലാണ്. പണ്ട് ഞങ്ങൾ വാടകയ്ക്ക് താമസിച്ചിരുന്ന വീടിന്റെ ഉടമസ്ഥനും നിർമ്മല കോളജിൽ എന്റെ സഹപ്രവർത്തകനുമായ ഒരു പ്രൊഫസറുടെ മകൾ 'ആൾ ഇന്ത്യ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ' നേഴ്സായി ആ കാലത്ത് ജോലി ചെയ്യുന്നുണ്ടായിരുന്നു. അവരുടെ നേഴ്സസ് ഹോസ്റ്റലിന് സമീപമായിരുന്നു ഞാൻ താമസിച്ചിരുന്നത്. വളരെ അടുപ്പമുണ്ടായിരുന്ന ആ കുട്ടിയെ കാണാൻ അവൾ താമസിച്ചിരുന്ന ഹോസ്റ്റൽ തേടി ഞാൻ പുറപ്പെട്ടു. ആ ഹോസ്റ്റൽ എവിടെയാണെന്ന് വഴിയിൽ കണ്ട പലരോടും ഞാൻ ഇംഗ്ലിഷിൽ ചോദിച്ചു. 'ഇംഗ്ലീഷ് നഹി മാലൂം' എന്നതിനാൽ അവർ എന്നെ കൈയൊഴിഞ്ഞു. അവസാനം ഞാൻ ഹിന്ദിയെത്തന്നെ ശരണം പ്രാപിച്ചു. എന്റെ അല്പമായ ഹിന്ദിവിജ്ഞാനത്തെ ഉപയോഗിച്ച് 'ആൾ ഇന്ത്യ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് കാ നേഴ്സസ് ഹോസ്റ്റൽ കഹാം ഹേ?' എന്നൊരു വാക്യം സ്വരൂപിച്ചെടുത്തു. അങ്ങനെ ചോദിച്ചപ്പോൾ കൈ ചൂണ്ടിക്കാണിച്ച് ഒരാൾ വഴി പറഞ്ഞുതന്നു. പറഞ്ഞത് ഹിന്ദിയിൽ ആയതുകൊണ്ട് എനിക്കൊന്നും മനസ്സിലായില്ല. എങ്കിലും അയാൾ കൈചൂണ്ടിയ ഭാഗത്തേക്ക് അല്പം നടന്നിട്ട് അടുത്ത ആളിനോടും 'ആൾ ഇന്ത്യ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് കാ നേഴ്സസ് ഹോസ്റ്റൽ കഹാം ഹേ?' എന്ന് ചോദിച്ചു. അയാളും കൈ ചൂണ്ടി വഴി ഹിന്ദിയിൽ പറഞ്ഞു തുടങ്ങി. എന്നാൽ അയാൾ പറഞ്ഞത് മുഴുവൻ കേൾക്കാൻ

മെനക്കെടാതെ കൈ ചൂണ്ടിയ ഭാഗത്തേക്ക് ഞാൻ നടന്നു. അങ്ങനെ ചോദിച്ചു ചോദിച്ച് മുന്നേറിക്കൊണ്ടിരിക്കെ എന്റെ ചോദ്യം കേട്ട ഒരാൾ ''മലയാളി ആണ് അല്ലേ?'' എന്ന് തനി മലയാളത്തിൽ എന്നോട് മൊഴിഞ്ഞു.

''അത് എങ്ങനെ മനസ്സിലായി?''

വലിയൊരു റിലാക്സേഷനോടെ ഞാൻ തിരിച്ച് ചോദിച്ചു.

''നിങ്ങളുടെ ഹിന്ദി കേട്ടപ്പോൾ മനസ്സിലായി.''

ചെറുചിരിയോടെ അയാൾ പറഞ്ഞു. ഡൽഹിയിൽ ജോലിചെയ്യുന്ന ആ മലയാളി യുവാവ് മലയാളത്തിൽ വഴി പറഞ്ഞു തന്നതിനാൽ 'കഹാം ഹേ?' എന്ന് പിന്നീട് ആരോടും എനിക്ക് ചോദിക്കേണ്ടിവന്നില്ല.

ഏതായാലും ഹിന്ദിയുടെ പേരിൽ ഇപ്പോൾ ഒരു അന്യഭാഷാ തൊഴിലാളിയുടെ മുമ്പിൽ ചെറുതാകേണ്ടിവന്നതിൽ എനിക്ക് ഒരു വല്ലായ്മ തോന്നി. അന്നുതന്നെ ടൗണിൽ പോയി ഒരു 'ഹിന്ദി പഠനസഹായി' വാങ്ങി ഞാൻ ഹിന്ദിപഠനം ആരംഭിച്ചു.'മേം ഹിന്ദി പഠൂംഗാ' (ഞാൻ ഹിന്ദി പഠിക്കും) എന്ന് പിറ്റേന്ന് ഞാൻ അയാളോട് പറയുകയും ചെയ്തു.

വേണ്ടസമയത്ത് ഹിന്ദി പഠിക്കാത്തതുകൊണ്ട് പരാഭവങ്ങൾ പണ്ടും എന്റെ ജീവിതത്തിൽ ഉണ്ടായിട്ടുണ്ട്. ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുമ്പോഴാണ് ഹിന്ദി ഒരു വിലങ്ങുതടിയായി എന്റെ മുൻപിൽ വഴിമുടക്കി നില്ക്കുന്നത്. അതിനുള്ള പല കാരണങ്ങളിൽ ഒന്ന് ഹൈസ്കൂൾ ക്ലാസ്സുകളിൽ ഹിന്ദി പഠിപ്പിക്കാനെത്തിയ അധ്യാപകനാണെന്ന് പറയാതിരിക്കാൻ വയ്യ.

അഞ്ചാം ക്ലാസ്സിലാണ് എന്റെ ഹിന്ദിപഠനം ആരംഭിക്കുന്നുത്. കലം, കിതാബ്, മേശ, കുർസി മുതലായ വാക്കുകളാണ് ഞാൻ ആദ്യം പഠിച്ചതെന്ന് ഇപ്പോഴും ഓർക്കുന്നു. ഹിന്ദി അക്ഷരമാലയും പത്തുവരെയുള്ള അക്കങ്ങളും പെട്ടെന്നുതന്നെ ഹൃദിസ്ഥമാക്കി. പുതിയൊരു ഭാഷ പഠിക്കുന്നതിന്റെ ഉത്സാഹം എനിക്കുണ്ടായിരുന്നു താനും. മാറിമാറി വന്ന വനിതാ അധ്യാപകരായിരുന്നു അക്കാലത്ത് ഹിന്ദിയുടെ ബാലപാഠങ്ങൾ പഠിപ്പിച്ചുതന്നത്.

ലോവർ പ്രൈമറി ക്ലാസ്സുകളിൽ ഒന്നാമനായിരുന്ന എനിക്ക് അപ്പർ പ്രൈമറി ക്ലാസ്സുകളിൽ അതിന് പലപ്പോഴും സാധിച്ചിരുന്നില്ല. എന്നാൽ മലയാളത്തിനും കണക്കിനും ഞാൻ മുന്നിൽത്തന്നെയായിരുന്നു. മറ്റു വിഷയങ്ങൾക്കെന്നപോലെ ഹിന്ദിക്കും മോശമല്ലാത്ത മാർക്കുകൾ കിട്ടിക്കൊണ്ടിരുന്നു.

യു.പി. സ്കൂളും ഹൈസ്കൂളും ഒന്നിച്ചു പ്രവർത്തിച്ചിരുന്ന അച്ചാമ്മ മെമ്മോറിയൽ ഹൈസ്കൂളിലായിരുന്നു അഞ്ചാംക്ലാസ്സ് മുതൽ പത്താംക്ലാസ്സ്‌വരെ ഞാൻ പഠിച്ചത്. വീട്ടിൽനിന്ന് അഞ്ചുകിലോമീറ്റർ അകലെ കാളകെട്ടി എന്ന സ്ഥലത്തായിരുന്നു ആ സ്കൂൾ.

ഹൈസ്കൂൾ ക്ലാസ്സുകളിലെല്ലാം എന്നെ ഹിന്ദി പഠിപ്പിച്ചത് വ്യതിരിക്ത സ്വാഭാവിയായ ഒരു അധ്യാപകനാണ്. ഞാനുൾപ്പെടെ അദ്ദേഹത്തിന്റെ ക്ലാസ്സിലിരുന്ന മുഴുവൻ വിദ്യാർത്ഥികളുടെയും പരിഭവങ്ങൾ

നെഞ്ചേറ്റിക്കൊണ്ടാണ് അനിഷ്ടത്തോടെയാണെങ്കിലും അനഭിമതമായ ചില കാര്യങ്ങൾ പറയാൻ മുതിരുന്നത്.

കൃശഗാത്രനായ ഞങ്ങളുടെ ഹിന്ദിസാർ ഇറക്കമുള്ള ഖദർ ജുബ്ബയും മുണ്ടുമാണ് എപ്പോഴും ധരിക്കുന്നത്. അവ പശമുക്കി ഇസ്തിരിയിട്ട് വെടിപ്പായി കൊണ്ടുനടക്കുന്നതിൽ അദ്ദേഹം എപ്പോഴും നിഷ്കർഷ പാലിച്ചിരുന്നു. മുഖരോമങ്ങൾ പതിവായി കത്രിച്ച് ഭംഗിയാക്കുന്നതിൽ അദ്ദേഹം ജാഗരൂകനുമായിരുന്നു.

ഞങ്ങളുടെ ഇടവകാംഗമായ അദ്ദേഹം എന്നും പള്ളിയിൽ പോകുമായിരുന്നു. ദേവാലയത്തിനുള്ളിൽ ഒരേ സ്ഥലത്താണ് അദ്ദേഹം എന്നും മുട്ടുകുത്തിയത്. സെന്റ് വിൻസെന്റ്-ഡീപോൾ സൊസൈറ്റി എന്ന സന്നദ്ധസംഘടനയുടെ സജീവ പ്രവർത്തകനായ അദ്ദേഹം ഇടവകയിലെ സൺഡേ സ്കൂളിൽ വേദോപദേശം നല്കുകയും ചെയ്തിരുന്നു.

എന്നാൽ ഹിന്ദി ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ സ്നേഹാദരങ്ങൾ അദ്ദേഹത്തിന് നേടാനായില്ലെന്നതാണ് എന്റെ അനുഭവം. പഠിപ്പിക്കുന്ന വിഷയത്തിൽ പ്രാവീണ്യമുണ്ടെങ്കിലും കുട്ടികളെ ക്ലാസ്സിൽ അടക്കിയിരുത്താൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നില്ല. പതിഞ്ഞ ശബ്ദത്തിൽ സംസാരിക്കുന്ന അദ്ദേഹത്തിന്റെ ഭാവചേഷ്ടകൾ കുട്ടികളിൽ പലപ്പോഴും കുസൃതി ഉണർത്തും. അവർ എന്തെങ്കിലും വേണ്ടാതീനങ്ങൾ ഒപ്പിക്കുകയും ചെയ്യും. അവരോട് പോരടിക്കാനാണ് ക്ലാസ്സിൽ അദ്ദേഹം കൂടുതൽ സമയവും ചെലവഴിച്ചിരുന്നത്. അദ്ദേഹത്തിന്റെ നീതിന്യായത്രാസിൽ ലഘുവായി അങ്കനം ചെയ്യപ്പെടുന്ന കുറ്റകൃത്യങ്ങൾക്കു നല്കുന്ന ശിക്ഷ കുട്ടികളുടെ ഇളംകൈയിലെ കക്ഷത്തിനടുത്തുള്ള കരിന്തൊലി ഒരു നാണയവട്ടത്തിൽ തിരുമ്മിയെടുക്കുക എന്നുള്ളതാണ്. കുറേക്കൂടി ഗൗരവമുള്ള കുറ്റമാണെങ്കിൽ ജുബ്ബയുടെ നീണ്ട പോക്കറ്റിൽനിന്ന് രണ്ടരയടി നീളമുള്ള ഒരു ചൂരൽ ഒരു മാന്ത്രികന്റെ കരവിരുതോടെ ഊരിയെടുത്ത് കുട്ടികളുടെ കൈവെള്ളയിൽ പ്രയോഗിക്കും. അടിയേറ്റ ഭാഗം ഒന്നുകിൽ പൊട്ടും, അല്ലെങ്കിൽ കുമിളയ്ക്കും.

സാമാന്യബുദ്ധിയിൽ കുറ്റമല്ലാത്ത സംഗതികളും കുറ്റമാണെന്ന് കല്പിച്ച് കുട്ടികളെ ശിക്ഷിക്കുന്ന സ്വഭാവവും അദ്ദേഹത്തിനുണ്ടായിരുന്നു. ഒരു ഉദാഹരണം പറയാം.

ഒരിക്കൽ ഒമ്പതാംക്ലാസ്സിലെ കുട്ടികളോട് അമ്പതുവരെ ഹിന്ദിയിൽ എണ്ണാൻ അറിയാവുന്നവർ എണീറ്റുനില്ക്കാൻ അദ്ദേഹം ആവശ്യപ്പെട്ടു. എന്റെ മൂത്ത ചേച്ചി സിസ്റ്റർ മാരിസ്റ്റെല്ല (ലില്ലിക്കുട്ടി ജോസഫ് എന്നായിരുന്നു സ്കൂളിലെ പേര്) പഠിച്ചിരുന്ന ക്ലാസ്സായിരുന്നു അത്. ചേച്ചിക്ക് ഏറ്റവും എളുപ്പമുള്ള വിഷയം ഹിന്ദിയായിരുന്നു. അതിനാൽ അമ്പതുവരെയുള്ള ഹിന്ദി അക്കങ്ങൾ ചേച്ചിക്ക് സ്വായത്തമായിരുന്നു. വേറാരും എണീക്കാതിരുന്നപ്പോൾ അഭിമാനത്തോടെ എണീറ്റുനിന്ന ചേച്ചിയെക്കൊണ്ട് ഒന്നു മുതൽ അമ്പതുവരെ

അദ്ദേഹം എണ്ണിപ്പിച്ചു. എണ്ണൽ അവസാനിക്കുംവരെ ഒന്നും മിണ്ടാതിരുന്ന അദ്ദേഹം ഇരുപത്തി ഒൻപത് (ഉൻതീസ്) വിട്ടുപോയി എന്ന് ആരോപിച്ചുകൊണ്ട് കുപ്പായക്കീശയിൽനിന്ന് ചൂരൽ ഊരിയെടുത്തു. എല്ലാ അക്കവും താൻ എണ്ണിയതാണെന്ന് ചേച്ചി പറഞ്ഞതിനെ വകവെക്കാനോ വീണ്ടും ഒരവസരം നൽകാനോ അദ്ദേഹം കൂട്ടാക്കിയില്ല. ചേച്ചിയുടെ വലതു കൈവെള്ളയിൽ ഏക്, ദോ, തീൻ.... അദ്ദേഹം അടി തുടങ്ങി. അടിയേറ്റ ചേച്ചി തല കറങ്ങി ബെഞ്ചിലേക്ക് ഇരുന്നുപോയതിനാൽ അദ്ദേഹം ചൂരൽ കീശയിൽ തിരികെ നിക്ഷേപിച്ചു. ഡസ്കിൽ തലചായ്ച്ചു കിടന്ന ചേച്ചിയുടെ മുഖത്ത് കൂട്ടുകാരികൾ വെള്ളം തളിച്ചും കുടിപ്പിച്ചുമൊക്കെയാണ് ആലസ്യം മാറ്റിയെടുത്തത്.

പഠിക്കാതിരുന്ന മറ്റു കുട്ടികളെ ശിക്ഷിക്കാതിരിക്കുകയും ഒരക്കം വിട്ടുപോയെങ്കിലും എണ്ണിക്കേൾപ്പിച്ച ആളിനെ അഭിനന്ദിക്കുന്നതിനു പകരം ശിക്ഷിക്കുകയും ചെയ്ത അദ്ദേഹത്തിന്റെ നീതിബോധത്തിന്റെ യുക്തി എന്താണോ ആവോ?

എന്റെ അമ്മ ഇളയ അനിയനെ പ്രസവിച്ചു കിടക്കുന്ന സമായമായിരുന്നു അത്. പതിനാലു വയസ്സുള്ള മൂത്ത ചേച്ചിയായിരുന്നു വീട്ടുജോലികൾ അന്ന് ചെയ്തിരുന്നത്. അടിയേറ്റു പൊട്ടി ഉള്ളംകൈയിലെ തൊലി അവിടവിടെ ഉരിഞ്ഞുപോയതിനാൽ കിണറ്റിൽനിന്ന് തൊട്ടിയും കയറും ഉപയോഗിച്ച് വെള്ളം കോരുക, അരകല്ലിൽ വെച്ച് മുളകരയ്ക്കുക, അടുപ്പിലെ ചാരം വാരുക മുതലായ ജോലികൾ ചെയ്തപ്പോൾ ചേച്ചിയുടെ വലതുകൈപ്പത്തിയും അത് കണ്ടുകൊണ്ടിരുന്ന അമ്മയുടെ മനസ്സും ഒരുപോലെ നീറി.

തൊട്ടടുത്ത ഞായറാഴ്ച വിൻസെന്റ് ഡിപോൾ സൊസൈറ്റിയുടെ ഫണ്ട് പിരിവിനായി വേറോരാളോടൊപ്പം ഹിന്ദിസാറും ഞങ്ങളുടെ വീട്ടിലെത്തി. ആ സമയത്ത് അപ്പൻ വീട്ടിൽ ഇല്ലാതിരുന്നതിനാൽ അമ്മയാണ് അവരുടെ വരവറിഞ്ഞ് ഉമ്മറത്തേക്ക് വന്നത്. തന്റെ മകളുടെ ഉള്ളംകൈ നിഷ്കരുണം അടിച്ചുപൊട്ടിച്ച സാറിനെ കണ്ടപ്പോൾ അമ്മയ്ക്ക് ക്ഷോഭം നിയന്ത്രിക്കാനായില്ല. ഇങ്ങനെയാണോ കുട്ടികളെ ശിക്ഷിക്കുന്നത് എന്നും മറ്റും ചോദിച്ച് അമ്മ അദ്ദേഹത്തെ ശകാരിച്ചു. എല്ലാം കേട്ടതല്ലാതെ അദ്ദേഹം ഒരു മറുപടിയും പറഞ്ഞില്ല. പ്രതിഷേധ സൂചകമായി അന്ന് അമ്മ പിരിവൊന്നും നല്കിയുമില്ല.

അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ ഗൗരവകരമായ കുറ്റങ്ങളാണെങ്കിൽ അപ്പനെ വിളിച്ചുകൊണ്ട് വരണമെന്നും പറഞ്ഞ് ക്ലാസ്സിൽനിന്നും പുറത്താക്കും. അക്കാലത്ത് അപ്പനെ വിളിച്ചുകൊണ്ട് വരിക എന്നത് കുട്ടികളെ സംബന്ധിച്ച് ഭയാനകമായ ഒരു ശിക്ഷാവിധിയായിരുന്നു. അത്തരം ശിക്ഷകിട്ടുന്നവരിൽ പകുതിപ്പേരെങ്കിലും അതോടെ പഠനം അവസാനിപ്പിക്കുകയായിരുന്നു പതിവ്. അപ്പനെ വിളിച്ചുകൊണ്ടു വരണമെന്നുള്ള കാര്യം വീട്ടിൽ പറയാതെതന്നെ പലരും പഠനം ഉപേക്ഷിച്ചു. പറഞ്ഞാൽത്തന്നെ ചില അപ്പന്മാർ സ്കൂളിൽ

വരാൻ കൂട്ടാക്കിയതുമില്ല. പഠിച്ചു ജയിച്ച് എന്തെങ്കിലും ജോലി സമ്പാദിക്കണമെന്ന തോന്നൽ അപ്പനമ്മമാർക്കോ മക്കൾക്കോ അന്നുണ്ടായിരുന്നില്ല. അതിനാൽ മക്കളുടെ പഠനം നിർത്തി തന്നോടൊപ്പം കൃഷിയിടത്തിൽ പണിയെടുപ്പിക്കാൻ ഉത്സാഹിച്ചിരുന്ന അപ്പന്മാർ സ്കൂളിൽ പോയി അധ്യാപകരുടെ ഭർത്സനം കേൾക്കാൻ തയ്യാറാകുമോ? തന്റെ 'കാർഷിക സർവ്വകലാ ശാല'യിൽ പാർട്ടൈം ആയി പണിയെടുത്തിരുന്ന മക്കളെ അപ്പന്മാർ ഫുൾടൈം ആക്കി.

ഒരിക്കൽ അപ്പനെ വിളിച്ചുകൊണ്ടു വരണമെന്നും പറഞ്ഞ് ഹിന്ദിസാർ ഒരു വിദ്യാർത്ഥിയെ ക്ലാസ്സിൽനിന്നും ഇറക്കിവിട്ടു. ആ വിദ്വാൻ സാറിന്റെ വീട്ടിൽ ചെന്ന് അപ്പനോട് സ്കൂളിലേക്ക് വരാൻ സാറു പറഞ്ഞതായി അറിയിച്ചു. സാറിന്റെയപ്പൻ കാര്യമെന്തെന്നറിയാനുള്ള വെമ്പലോടെ ഉടൻതന്നെ മൂന്നുകിലോമീറ്റർ ദൂരം നടന്ന് സ്കൂളിലെത്തി. ഹെഡ്മാസ്റ്റർ അറ്റൻഡറെക്കൊണ്ട് സാറിനെ ക്ലാസ്സിൽനിന്ന് വിളിച്ചുവരുത്തി. എന്തിനാണ് വരാൻ പറഞ്ഞതെന്ന് അപ്പൻ സാറിനോട് ആരാഞ്ഞു. ഞാൻ വരാൻ പറഞ്ഞില്ലല്ലോ എന്ന് സാറ്. കുട്ടിയെ പറഞ്ഞയച്ച് വരുത്തിയിട്ട് ഇപ്പോൾ ഇങ്ങനെ പറയുന്നുവോ എന്ന് അപ്പൻ. ഞാനൊരു കുട്ടിയെയും പറഞ്ഞുവിട്ടില്ലെന്ന് സാറ്. സാറിനെന്തു പറ്റിയെന്ന് അപ്പനും അപ്പനെ ന്തുപറ്റിയെന്ന് സാറും. അവസാനം കാര്യം പിടികിട്ടിയപ്പോൾ സാറിനും സാറിന്റെ അപ്പനും ഒഴികെ എല്ലാവർക്കും ചിരി. അധ്യാപകരാണ് ആ തമാശ ഏറ്റവും ഘോഷമായി കൊണ്ടാടിയത്.

സാറിന്റെ അപ്പനെ വിളിച്ചുകൊണ്ടുവന്ന ആ വിരുതൻ പിന്നീട് സ്കൂളിന്റെ പടി ചവിട്ടിയില്ലെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

ഹിന്ദിസാറിന്റെ സമീപനത്തിലും ശിക്ഷണനടപടികളിലും നൊമ്പരപ്പെട്ട വിദ്യാർത്ഥികളിൽ ചിലർ സാറിനോടുള്ള പക തീർക്കാൻ പലപ്പോഴും മുതിർന്നിട്ടുണ്ട്.

ക്ലാസ്സിൽ സാറ് കസേരയിൽ ഇരിക്കുമായിരുന്നില്ല. മേശയുടെ മൂലയിൽ ചാരി പകുതി നില്പായിട്ടായിരുന്നു അദ്ദേഹത്തിന്റെ ഇരിപ്പ്. ഒരിക്കൽ അങ്ങനെ ഇരുന്നപ്പോൾ മേശ തെന്നിത്തെറിച്ച് ഒന്നൊന്നര അടി മാറിപ്പോകുകയും സാറ് വീഴാൻ തുടങ്ങുകയും ചെയ്തു. മേശയുടെ നാലുകാലിനടിയിലും വിദ്യാർത്ഥികൾ റബ്ബർക്കുരുവെച്ച് സാറിനോടുള്ള ദേഷ്യം തീർക്കുകയായിരുന്നു. പിന്നീട് പലപ്പോഴും ഏറുപടക്കം, ഗോലി മുതലായവ കസേരക്കാലിനടിയിൽ കുട്ടികൾ നിക്ഷേപിച്ചെങ്കിലും ആദ്യത്തെ അപകടത്തിനുശേഷം കസേര ഒന്നു നിരക്കി നോക്കിയിട്ടേ സാറ് ഇരിക്കാൻ മുതിർന്നിട്ടുള്ളൂ എന്നതിനാൽ അത്തരം കെണികളിൽനിന്ന് അദ്ദേഹം രക്ഷപ്പെട്ടു പോന്നു.

ആൺകുട്ടികൾ ഒപ്പിക്കുന്ന പണികൾക്ക് ദൃക്സാക്ഷികളായ പെൺകുട്ടികൾ, സാറ് ചോദിച്ചാൽപോലും ഒരക്ഷരം ഉരിയാടിയിരുന്നില്ല. കാരണം, സാറിന്റെ

നടപടികളിൽ കടുത്ത അമർഷം അവർക്കും ഉണ്ടായിരുന്നല്ലോ.

ചില പെൺകുട്ടികൾ സാറിനോടുള്ള വൈരാഗ്യം തീർത്തത് മറ്റൊരു രീതിയിലാണ്. സ്കൂളിനോട് ചേർന്ന് ഒരു കന്യാസ്ത്രീമഠം ഉണ്ട്. അവിടെ ഒരു നേഴ്സറി സ്കൂൾ അക്കാലത്ത് നടത്തുന്നുണ്ടായിരുന്നു. സാറിന്റെ കൊച്ചുകുട്ടികളെ ആ സ്കൂളിൽ വിടാൻവേണ്ടി അദ്ദേഹത്തോടൊപ്പം കൊണ്ടുവന്നിരുന്നു. ചില അവസരങ്ങളിൽ അവരെ നോക്കാൻ സാറ് പെൺകുട്ടികളെ ഏല്പിക്കും. എന്നാൽ പെൺകുട്ടികളിൽ ചിലർ സാറിനോടുള്ള കലി തീർക്കാൻ ആ പിഞ്ചുകുട്ടികളുടെ ചന്തിയിലും മറ്റും ആരുമറിയാതെ നല്ല നുള്ളു കൊടുക്കുമായിരുന്നു.

നന്നായി പഠിക്കുമായിരുന്ന അലക്സാണ്ടർ എന്നു പേരുള്ള ഒരു സഹപാഠി എനിക്കുണ്ടായിരുന്നു. സ്കോളർഷിപ്പിനുള്ള മത്സരപരീക്ഷ നാലാംക്ലാസ്സിൽ വെച്ച് ഞങ്ങൾ ഒരുമിച്ചെഴുതിയതാണ്. ഓരോ ക്ലാസ്സിലും ഒന്നാമതായി പഠിക്കുന്നവരെയാണ് സ്കോളർഷിപ്പ് പരീക്ഷയ്ക്ക് അയച്ചിരുന്നത്. മേല്പറഞ്ഞ അലക്സാണ്ടർ എട്ടാം ക്ലാസ്സിൽ എന്റെ ക്ലാസ്സ്മേറ്റായിരുന്നു. ആ വർഷം ഏതോ കാര്യത്തിലുള്ള വൈരാഗ്യബുദ്ധിയാൽ അവൻ ഹിന്ദിസാറിന്റെ ജുബ്ബയുടെ പുറകുഭാഗത്ത് തന്റെ ഫൗണ്ടൻ പേനയിലെ മഷി നാലഞ്ചുതവണ കുടഞ്ഞു. അതു കണ്ടുപിടിക്കപ്പെടുകയും അപ്പനെ വിളിച്ചുകൊണ്ടുവന്നിട്ട് ക്ലാസ്സിൽ കയറിയാൽ മതിയെന്ന് പറഞ്ഞ് പുറത്താക്കുകയും ചെയ്തു. താൻ സ്കൂളിൽ വന്നിട്ട് ആരും പഠിക്കണ്ടായെന്ന് അവന്റെ അപ്പൻ തീരുമാനിച്ചതിനാൽ അവന്റെ വിദ്യാഭ്യാസം അതോടെ അവസാനിച്ചു. എന്റെ ഇടതുവശത്തിരുന്ന അവന്റെ അഭാവം എന്നെ കുറെക്കാലത്തേക്ക് നൊമ്പരപ്പെടുത്തിയിരുന്നു.

എന്റെ ഹിന്ദിപഠനം താറുമാറായത് ചില പ്രത്യേക കാരണങ്ങളാലാണ്.

ക്ലാസ്സെടുക്കുന്ന സമയത്ത് മറ്റു കുട്ടികളോട് സംസാരിക്കുകയോ അധ്യാപകർക്ക് ശല്യമാകുന്ന പ്രവൃത്തികളിൽ ഏർപ്പെടുകയോ ഞാൻ ചെയ്തിരുന്നില്ല. വളരെ ശ്രദ്ധയോടെ ക്ലാസ്സിലിരിക്കുന്ന പ്രകൃതമായിരുന്നു എന്റേത്.

ഹിന്ദി സാറ് ക്ലാസ്സെടുക്കാൻ ഭാവിക്കുന്നതോടെ ഞാനും പുസ്തകമൊക്കെ തുറന്നുവെച്ച് റെഡിയാവും. സാറ് പഠിപ്പിച്ചു തുടങ്ങുമ്പോഴേക്കും ആരെങ്കിലും തമ്മിൽ സംസാരിക്കുകയോ മറ്റെന്തെങ്കിലും കുസൃതി ഒപ്പിക്കുകയോ ചെയ്യും. സാറ് ഉടൻതന്നെ പുസ്തകം മടക്കിപ്പിടിച്ചുകൊണ്ട് അവരെ മര്യാദ പഠിപ്പിക്കാൻ അങ്ങോട്ടുപോകും. അടി, നുള്ള്, ഇമ്പോസിഷൻ, എണീപ്പിച്ചു നിർത്തൽ, പുറത്താക്കൽ ഇതിൽ ഏതെങ്കിലും ശിക്ഷാവിധി നടപ്പാക്കി തിരിച്ചുവരാൻ അഞ്ചുപത്തു മിനിട്ടെടുക്കും. ആ സമയം മറ്റു കുട്ടികൾ നേരിയ ശബ്ദത്തിൽ സംസാരിച്ചുകൊണ്ടൊക്കെ സമയം പോക്കും. എന്റെ പരിപാടി വേറെ ചിലതായിരുന്നു. എട്ടാംക്ലാസ് ആയപ്പോഴേയ്ക്കും ചിത്രരചന, സാഹിത്യം എന്നിവയിൽ ഒരു കമ്പം എന്നിൽ ഉടലെടുത്തിരുന്നു. കഥയും നോവലുമൊക്കെ

വായിക്കുക, പുസ്തകത്താളുകളിലും നോട്ടുബുക്കിലും എന്തെങ്കിലും ചിത്രങ്ങൾ വരയ്ക്കുക എന്നിവയിലാണ് ഒഴിവു സമയങ്ങൾ വിനിയോഗിക്കാൻ ഞാൻ ഉത്സുകനായിരുന്നത്. അതിനാൽ ഹിന്ദിസാറ് കുട്ടികളോട് പോരടിക്കുന്ന സമയത്ത് ഞാൻ ഏതെങ്കിലും കഥാപുസ്തകം തുറക്കും. അല്ലെങ്കിൽ ചിത്രരചന ആരംഭിക്കും.

സാറ് വീണ്ടും ക്ലാസ് ആരംഭിക്കുമ്പോൾ മറ്റു കുട്ടികൾ അവരുടെ സംസാരവും മറ്റു പരിപാടികളും നിർത്തി ക്ലാസ് ശ്രദ്ധിക്കാൻ തുടങ്ങും. വീണ്ടും ശല്യക്കാരെ പിടിക്കാൻ സാറ് പുറപ്പെടുമ്പോൾ അവരുടെ പരിപാടികളിലേക്ക് മടങ്ങുകയും ചെയ്യും.

എന്നാൽ വായനയിലേക്കും ചിത്രരചനയിലേക്കും പോയ ഞാൻ പലപ്പോഴും തിരിച്ചുവന്നില്ല. കഥകളുടെയും ഭാവനയുടെയും ലോകത്തിലായിപ്പോയ ഞാൻ ഹിന്ദിപാഠങ്ങൾ കേൾക്കാതെ പോയി. ക്ലാസ്സുമുറികളിൽ മാത്രമായി എന്റെ പഠനം ഒതുങ്ങിയിരുന്നതിനാൽ എന്റെ ഹിന്ദിപഠനം അവതാളത്തിലുമായി. ഒമ്പതാംക്ലാസ്സിലെ വാർഷിക പരീക്ഷയിലും എസ്.എസ്.എൽ.സി പരീക്ഷയിലും ഹിന്ദിക്കു മാത്രമായി ഞാൻ തോറ്റു. അതിനാൽ മറ്റു വിഷയങ്ങൾക്ക് നല്ല മാർക്കുണ്ടായിരുന്നെങ്കിലും നമ്മുടെ രാഷ്ട്രഭാഷ സ്കൂൾ വിദ്യാഭ്യാസ കാലഘട്ടം എനിക്ക് രണ്ടുവർഷത്തേക്കു നീട്ടിതന്നു. അക്കാലത്ത് എല്ലാ വിഷയങ്ങൾക്കും ജയിക്കണമായിരുന്നു.

രണ്ടാംതവണ എഴുതി ജയിച്ചപ്പോഴും ഹിന്ദിക്ക് കൂടിയ മാർക്കൊന്നും എനിക്കു ലഭിച്ചിരുന്നില്ല.

അന്യസംസ്ഥാനതൊഴിലാളിയുടെ മുമ്പിൽ വാശിയോടെ ശപഥം ചെയ്തെങ്കിലും ഒരാഴ്ച കഴിഞ്ഞപ്പോൾ എന്റെ ഹിന്ദിപഠനമൊക്കെ നിലച്ചുപോയി. അതിനാൽ ഇപ്പോഴും 'ഹിന്ദി നഹി മാലും'.

## ഒരു കുഴിവെട്ടിന്റെ കഥ

1977-ൽ ഞാൻ വാര്യാനിക്കാട് വീട്ടിൽ ഒറ്റയ്ക്കു താമസിച്ച് പാലാ സെന്റ് തോമസ് കോളജിൽ ബി.എ. ഒന്നാം വർഷം പഠിക്കുന്ന കാലം. എന്റെ നേരേ മൂത്ത ചേച്ചി മേരിയെ രണ്ടാമത്തെ പ്രസവത്തിനായി ഭരണങ്ങാനത്തുള്ള മേരിഗിരി ആശുപത്രിയിൽ അഡ്മിറ്റാക്കി. മുരിക്കാശ്ശേരി വീട്ടിലായിരുന്ന ചേച്ചിയോടൊപ്പം വന്നിട്ടുള്ളത് അമ്മ മാത്രമാണ്.

മേരിച്ചേച്ചിയുടെ ആദ്യപ്രസവം മുരിക്കാശ്ശേരിയിൽ വീടിനു സമീപമുള്ള ഒരു ആശുപത്രിയിലായിരുന്നു. പ്രസവിച്ച ഉടനെ കുഞ്ഞ് മരണപ്പെട്ടു. അതിനാലാണ് രണ്ടാമത്തെ പ്രസവം മീനച്ചിൽ താലൂക്കിൽ അന്ന് വളരെ പ്രസിദ്ധിയുണ്ടായിരുന്ന മേരിഗിരി ഹോസ്പിറ്റലിൽ ആകാമെന്നുവെച്ചത്.

ഇത്തവണയും ഉണ്ടായ പെൺകുഞ്ഞ് ആരോഗ്യവതി ആയിരുന്നില്ല. ഹൈഡ്രോസെഫാലസ് (Hydrocephalus) എന്ന പേരിൽ തലയിൽ വെള്ളം കെട്ടുന്ന തകരാറോടെയായിരുന്നു അവളുടെ ജനനം. അങ്ങനെയുള്ള കുഞ്ഞുങ്ങളുടെ തല താരതമ്യേന വലുതായിരിക്കുകയും ചെയ്യും.

കുഞ്ഞിനെ അമ്മയോടൊപ്പം കിടത്താതെ ആശുപത്രിയിൽ പ്രത്യേക പരിചരണം നല്കിപ്പോന്നു. പ്രസവത്തിന്റെ പന്ത്രണ്ടാം ദിവസം ആശുപത്രിയിൽനിന്ന് ചേച്ചി ഡിസ്ചാർജ്ജായെങ്കിലും കുഞ്ഞിനെ ആശുപത്രി അധികൃതർ കൊടുത്തുവിട്ടില്ല. കുഞ്ഞിന്റെ വിശേഷങ്ങൾ അറിയിക്കാൻ ആരുടെയെങ്കിലും ഫോൺ നമ്പർ നല്കാൻ അവർ ആവശ്യപ്പെട്ടു. ഞങ്ങളുടെ പ്രദേശത്ത് അക്കാലത്ത് ടെലിഫോൺ ഉള്ളത് 'പൊട്ടംകുളം' എന്ന ഒരു വീട്ടുകാർക്കു മാത്രമായിരുന്നു. അവരുടെ ഫോൺ നമ്പർ ഞങ്ങൾ ആശുപത്രിയിൽ കൊടുത്തു. ആ വീട് ഞങ്ങളുടെ വീട്ടിൽനിന്ന് രണ്ടു കിലോമീറ്റർ അകലത്തായിരുന്നു.

കുഞ്ഞ് ആശുപത്രിയിൽ ആയതിനാൽ ഹൈറേഞ്ചിലുള്ള മുരിക്കാശ്ശേരി വീട്ടിലേക്കു പോകാതെ ചേച്ചിയെയും കൂട്ടി അമ്മ വാര്യാനിക്കാട്ടു വീട്ടിലേക്കാണു വന്നത്.

ഹൈറേഞ്ചിൽത്തന്നെ താമസക്കാരനായ ചേച്ചിയുടെ ഭർത്താവും എന്റെ അപ്പനും ആശുപത്രിയിൽ ഒരു വട്ടം വന്നുപോയതല്ലാതെ ആശുപത്രിയിൽ കിടന്ന ചേച്ചിക്കും കൂടെയുണ്ടായിരുന്ന അമ്മയ്ക്കും വേണ്ടതെല്ലാം ചെയ്തു കൊടുത്തത് ഞാൻതന്നെയാണ്.

ചേച്ചി ആശുപത്രിയിൽനിന്നു വന്ന് നാലുനാൾ കഴിഞ്ഞ് ഒരു ദിവസം രാവിലെ ഞാൻ കോളജിൽ പോകാൻ ഒരുങ്ങുമ്പോൾ പൊട്ടംകുളം വീട്ടിലെ ഒരു പണിക്കാരൻ വന്ന് മേരിഗിരി ആശുപത്രിയിൽനിന്ന് ഫോൺ വന്ന കാര്യം

പറഞ്ഞു. ഞങ്ങൾ ഉടനെ അങ്ങോട്ടുചെല്ലണമെന്നു മാത്രമാണ് സന്ദേശം. തൊട്ടടുത്ത് താമസിക്കുന്ന പാപ്പന്റെ(അപ്പന്റെ അനുജൻ)വീട്ടിൽ ചേച്ചിയെ ആക്കിയിട്ട് ഞാനും അമ്മയും ഉടനെ ആശുപത്രിയിലേക്ക് പുറപ്പെട്ടു.

ആശുപത്രിയിൽ ഉണ്ടായിരുന്ന ഞങ്ങളുടെ കുഞ്ഞിന്റെ നില മെച്ചപ്പെട്ടുകാണുമെന്നും അതിനാൽ വീട്ടിലോട്ട് കൊണ്ടുപോകുന്നതിനുവേണ്ടി വിളിച്ചതാകുമെന്നാണ് ഞങ്ങൾ കരുതിയത്. എന്നാൽ കുഞ്ഞ് വെളുപ്പിനെ മരിച്ചുവെന്ന വാർത്തയാണ് ആശുപത്രിക്കാർ ഞങ്ങളെ അറിയിച്ചത്. അത് തികച്ചും അപ്രതീക്ഷിതമായിരുന്നു. കാരണം, മരിച്ചെങ്കിൽ ആ വിവരം ഫോണിൽ വിളിച്ചപ്പോൾത്തന്നെ പറയാമായിരുന്നുവല്ലോ.

കുഞ്ഞിന്റെ ആയുസ്സ് എന്നുവരെ നീളുമെന്ന് ഉറപ്പില്ലാതിരുന്നതിനാൽ ജനിച്ച് ഒരാഴ്ച ആകുംമുമ്പേ ഭരണങ്ങാനം പള്ളിയിൽ കൊണ്ടുപോയി കുഞ്ഞിനെ മാമോദീസ മുക്കിയിരുന്നു. കുഞ്ഞിനെ കാണാൻ വന്ന ഒരു ബന്ധു തലതൊട്ടപ്പനും എന്റെ അമ്മ തലതൊട്ടമ്മയുമായി മരിക്കുന്നതിനുമുമ്പേ അവൾ കത്തോലിക്കാസഭയിലെ ഒരു അംഗമായി കഴിഞ്ഞിരുന്നു. അതിനാൽ കത്തോലിക്കാസഭയുടെ വിശ്വാസവും നിയമവും അനുസരിച്ച് അവളുടെ ശവസംസ്കാരം നടത്താനുള്ള പൂർണ്ണ ഉത്തരവാദിത്വം നിന്നനില്പിൽ എന്റെ തലയിൽ വന്നു.

അമ്മയെ ആശുപത്രിയിൽ ഇരുത്തിയിട്ട് ഞാൻ പോയി ഭരണങ്ങാനം പള്ളിവികാരിയെ കണ്ടു. അവിടെ മാമോദീസ മുങ്ങിയിട്ട് മറ്റൊരു ഇടവകയിലേക്ക് പോകാത്ത ആളായതുകൊണ്ട് അവിടെയുള്ള സെമിത്തേരിയിൽ അടക്കുന്നതിന് തടസ്സമില്ലെന്ന് വികാരിയച്ചൻ പറഞ്ഞു. എന്നാൽ ഒരു പ്രശ്നമുണ്ട്. അവിടുത്തെ കുഴിവെട്ടുകാരന് പനിയാണ്. അതിനാൽ മറ്റെവിടെനിന്നെങ്കിലും കുഴിവെട്ടുകാരനെ കൊണ്ടുവരണം. നമ്മളെവിടുന്നു കൊണ്ടുവരാൻ? അച്ചന്റെ അറിവിൽ വേറാരെങ്കിലും ഉണ്ടോയെന്ന് ഞാൻ. ഇല്ലെന്ന് അച്ചൻ. പിന്നെന്തു ചെയ്യും?

പോംവഴി ഞാൻതന്നെ കണ്ടെത്തി.

''കുഴി ഞാൻ വെട്ടിക്കോളാം....''

''നീയോ?'' അച്ചൻ ആശ്ചര്യപ്പെട്ടു.

''ഞാൻ വെട്ടും, പണിയായുധങ്ങൾ ഇവിടുണ്ടാകുമോ?''

''അതൊക്കെ ഇവിടുണ്ട്.'' അച്ചൻ പറഞ്ഞു. അങ്ങനെ കുഴിവെട്ടുകാര്യം തീർപ്പായി.

പിന്നീട് ഞാൻ ശവപ്പെട്ടിക്കടയിൽ പോയി, ചെറിയ പെട്ടികളൊന്നും അവിടെ സ്റ്റോക്കില്ല. ഇടത്തരം പെട്ടിയുണ്ട്. പക്ഷേ, വില കൂടും. മാത്രമല്ല, കുഴിവെട്ടുന്നതു ഞാൻതന്നെയല്ലേ, വെറുതെ നീളംകൂടിയ കുഴിയും വെട്ടണ്ടേ. അതു വേണ്ടെന്ന് ഞാൻ തീരുമാനിച്ചു.

ചെറിയ പെട്ടി വേണമെങ്കിൽ ഉണ്ടാക്കിത്തരാമെന്ന് ശവപ്പെട്ടിക്കാരൻ പറഞ്ഞു. അങ്ങനെ മതിയെന്ന് ഞാൻ സമ്മതിച്ചു. കാരണം, പണി പലതും തീരാനുണ്ടല്ലോ.

മരിച്ച കുഞ്ഞിന്റെ ഹൈറേഞ്ചിലുള്ള അപ്പനെയോ എന്റെ അപ്പനെയോ വിവരമറിയിക്കാൻ ഒരു ഉപായവുമില്ല. ഫോണൊന്നും ഹൈറേഞ്ച് പ്രദേശത്ത് ആർക്കും ഇല്ലതാനും. പോയി പറഞ്ഞ് വിളിച്ചു കൊണ്ടുവരാനാണെങ്കിൽ എത്തുമ്പോൾ പിറ്റേന്ന് വൈകുന്നേരമാകും.

അമ്മ പറഞ്ഞതിൽ പ്രകാരം ഭരണങ്ങാനത്തുനിന്നും ഇരുപത്തിരണ്ടോളം കിലോമീറ്റർ ദൂരെയുള്ള വാര്യാനിക്കാട്ടേക്ക് മടങ്ങിവന്ന് പാപ്പനെ ഞാൻ വിവരമറിയിച്ചു. ഉടൻതന്നെ പാപ്പൻ എന്റെ കൂടെ പോരാൻ തയ്യാറായി. കുഴിവെട്ടുമ്പോൾ ഉടുക്കാനായി ഒരു കൈലിയും തോർത്തും ഞാൻ പൊതിഞ്ഞെടുത്തു.

വീട്ടിൽനിന്ന് ബസ്റൂട്ടിലെത്താൻ രണ്ടരകിലോമീറ്റർ നടക്കണം. പാപ്പന്റെ നടപ്പിനു തീരെ സ്പീഡില്ലെന്നു കണ്ടിട്ട് ഞാൻ പറഞ്ഞു.

''വേഗം വാ. ചെന്നിട്ട് പണിയുള്ളതാ.''

''എന്തു പണി?'' പാപ്പൻ ചോദിച്ചു.

''കുഴി വെട്ടണം.''

''നമ്മളോ?'' പാപ്പൻ അവിടെ കുറ്റിയടിച്ചതുപോലെ നിന്നു.

''പാപ്പൻ വെട്ടണ്ട. ഞാൻ വെട്ടിക്കോളാം...''

അതു കേട്ടപ്പോൾ പാപ്പൻ വീണ്ടും ചലിച്ചു തുടങ്ങി. എന്നാലും പാപ്പൻ അതോടെ കൂടുതൽ മന്ദഗതിയിലായി. ''തുലാമഴക്കാലമല്ലേ? മഴയ്ക്കു മുമ്പ് കുഴിയെങ്കിലും തീർക്കണം. വേഗം വാ....'' ഞാൻ ധൃതി പൂണ്ടു.

കുഴിവെട്ടുന്ന കാര്യത്തിൽ എന്നെ സഹായിക്കണമെന്ന് ആഗ്രഹമുണ്ടെ ങ്കിൽപ്പോലും പാപ്പനെക്കൊണ്ട് ആവതില്ലെന്ന് എനിക്ക് നന്നായി അറിയാം. ചെറുപ്പത്തിൽ നല്ല കായികാദ്ധ്വാനി ആയിരുന്നുവെങ്കിലും കുറേക്കാലമായി ശരീരം അനങ്ങിയുള്ള പണിയൊന്നും പാപ്പൻ ചെയ്യാറില്ല.

രണ്ടു ബസ് മാറിക്കേറിവേണമായിരുന്നു ഭരണങ്ങാനത്തെത്താൻ. ബസ്സിലിരുന്നപ്പോൾ കുഴിവെട്ടുന്നതിനെക്കുറിച്ചായിരുന്നു എന്റെ ചിന്ത.

ശവക്കുഴിയുടെ വലിപ്പത്തെക്കുറിച്ച് അച്ചനോട് ചോദിച്ച് ഞാൻ മനസ്സിലാക്കിയിരുന്നു. സാധാരണ മനുഷ്യരുടെ ശവക്കുഴിയുടെ നീളം എട്ടടിയാണ്. വീതി രണ്ടര അടി. ആഴം ആറടി. 'ആറടി മണ്ണിന്റെ ജന്മി' എന്നൊക്കെ പറയുന്നത് ആഴത്തെ ആസ്പദമാക്കിയാണ്. കുഞ്ഞുങ്ങളാണെങ്കിൽ ആറടി താഴ്ച വേണമെന്നില്ല. എന്നാൽ നാലടിയിൽ കുറയാൻ പാടില്ല. വീതിയിൽ കുറവുവന്നാൽ കുഴി താഴ്ത്താൻ ഒക്കില്ല. നീളത്തിൽ അല്പം കുറവുവരുത്താം. എന്നാൽ അഞ്ചടി എങ്കിലും വേണം.

ഞാൻ എന്റെ കൈകളിലേക്കു നോക്കി. രണ്ടു മൂന്നു മാസം മുമ്പ് ഒരേക്കൽ സ്ഥലത്ത് റബ്ബർകുഴികളെടുത്ത് റബ്ബർതൈ നട്ടതിന്റെ തഴമ്പ് ഇപ്പോഴും പോയിട്ടില്ല.

ഒരു റബ്ബർകുഴിയുടെ അളവ് രണ്ടര ക്യുബിക് അടിയാണ്. നാലു റബ്ബർക്കുഴി = ഒരു ശവക്കുഴി. ഞാൻ മനക്കണക്കു കൂട്ടി.

ഒരു ബസ്സിറങ്ങി അടുത്ത ബസ്സിനായി കാത്തുനിന്നപ്പോൾ പാപ്പൻ അടുത്തുവന്ന് മറ്റാരും കേൾക്കാതെ എന്റെ ചെവിയിൽ പറഞ്ഞു.

''നമ്മുടെ അപ്പൂപ്പൻമാരൊക്കെ താമസിച്ചിരുന്നത് ഭരണങ്ങാനം പ്രദേശത്താണ്. നീ കുഴി താഴ്ത്തി ചെല്ലുമ്പോൾ അവരെയെങ്ങാനും കണ്ടുമുട്ടുമോന്നാ എന്റെ പേടി.''

അപ്പോഴേക്കും വല്ലാത്തൊരു ഇരമ്പലോടെ ഞങ്ങൾക്കു പോകാനുള്ള ബസ്സ് വന്നുനിന്നു.

ഞങ്ങൾ രണ്ടാൾക്കും രണ്ടിടത്താണ് സീറ്റ് കിട്ടിയത്. അതിനാൽ പാപ്പന്റെ ഭാഷണത്തിന് ഒരു തുടർച്ച ഉണ്ടായില്ല. എങ്കിലും എന്റെ ചിന്തകൾ വല്ലാതായി.

റബ്ബർകുഴി എടുക്കുമ്പോൾ വേരുകളും കല്ലുകളുമൊക്കെയാണ് തടസ്സങ്ങളായി വരുന്നത്. വേരുകൾ വെട്ടി മാറ്റുകയും കല്ലുകൾ ഇളക്കി എടുക്കുകയും ചെയ്യും. പുരാതനമായ ഒരു സെമിത്തേരിയിൽ കുഴിയെടുത്തു ചെല്ലുമ്പോൾ കുഴിക്കു കുറുകെ വല്ല അസ്ഥികൂടവും കണ്ടാലോ? പിക്കാസുകൊണ്ടോ തൂമ്പകൊണ്ടോ അടിച്ചൊടിച്ചെടുത്ത് അസ്ഥിക്കുഴിയിൽ കൊണ്ടുപോയി ഇടേണ്ടിവരും. ചിലപ്പോൾ മൂലയ്ക്കെങ്ങാനും ഒരു തലയോട്ടി പല്ലിളിച്ചുകൊണ്ട് ഇരിക്കുന്നുണ്ടാകും. ഒരു ദാക്ഷിണ്യവുമില്ലാതെ കൈയിലിരിക്കുന്ന പണിയായുധം കൊണ്ട് ഒരു തട്ടുകൊടുത്ത് ഒരു ഉരുളൻകല്ല് ഇളക്കിയെടുക്കുന്ന ലാഘവത്തോടെ എടുത്തു കളയണം. താൻ ഒടിച്ചെടുക്കുന്ന ആ തിരുശേഷിപ്പ് ഒരുപക്ഷേ, തന്റെ മുതുമുത്തശ്ശന്റെ ആകാനും മതി.

എനിക്ക് കുളിരു കോരിയിട്ടു.

ഭരണങ്ങാനത്ത് ബസ്സിറങ്ങുമ്പോൾ രണ്ടരമണിയായി. പാപ്പൻ എന്നെയുംകൊണ്ട് ഒരു ചായക്കടയിൽ കയറി. രാവിലെ അല്പം കഞ്ഞികുടിച്ചതല്ലാതെ ഞാൻ മറ്റൊന്നും കഴിച്ചിരുന്നില്ല. ചായയോടൊപ്പം രണ്ടു ബോണ്ട (ഉണ്ടൻപൊരി) പാപ്പൻ എന്നെക്കൊണ്ട് നിർബന്ധിച്ച് കഴിപ്പിച്ചു. പണിയെടുക്കേണ്ടതല്ലേ, എന്തെങ്കിലും വയറ്റിൽ കട്ടിയായിട്ട് കിടന്നോട്ടെയെന്ന് ഞാനും വിചാരിച്ചു.

ആശുപത്രിയിലേക്ക് നടക്കുന്ന വഴിക്ക് ശവപ്പെട്ടിക്കടയിൽ കയറി. ശവപ്പെട്ടി റെഡി. കാശു കൊടുത്തെങ്കിലും പെട്ടി അപ്പോൾ കൊണ്ടുപോയില്ല.

ആശുപത്രിയിൽ അമ്മയോടൊപ്പം പാപ്പനെ ഇരുത്തിയിട്ട് കൈലിയും തോർത്തും ഉള്ള പൊതിയുമായി കുഴിവെട്ടാനുള്ള ആത്മധൈര്യത്തോടെ ഞാൻ പള്ളിമുറിയിലേക്കു ചെന്നു. എന്നെ കണ്ടപ്പോൾ വികാരിയച്ചൻ പറഞ്ഞു.

‘‘കുഴിവെട്ടുകാരൻ വന്നിട്ടുണ്ട്. അയാളുടെ പനിയൊക്കെ കുറഞ്ഞിട്ടുണ്ടെന്നു തോന്നുന്നു. ആയുധങ്ങളുമെടുത്ത് സെമിത്തേരിയിലേക്ക് പോയിട്ടുണ്ട്. അങ്ങോട്ടൊന്ന് ചെല്ല്.’’

എന്റെ ഭാരം പൊടുന്നനെ ഇല്ലാതായി. ഇരുന്നൂറുമീറ്റർ അകലത്തിലുള്ള സെമിത്തേരിയിലേക്ക് ഞാൻ പറന്നു ചെന്നു.

ഭരണങ്ങാനം പള്ളി സെമിത്തേരി ചെറിയൊരു കുന്നിൻ പുറമാണ്. അവിടെ മേച്ചിൽ ഉള്ള കെട്ടിടത്തിലാണ് വി. അൽഫോൻസാമ്മയുടെ ശവകുടീരം. അന്ന് വിശുദ്ധയായി പ്രഖ്യാപിക്കപ്പെട്ടിരുന്നില്ല. ദൈവദാസിയായിരുന്നു. വലതുവശത്തുള്ള ചെരിവിലായിരുന്നു സാധാരണക്കാരുടെ കുഴിമാടങ്ങൾ.

ഞാൻ ചെല്ലുമ്പോൾ കുഴിവെട്ട് ഏതാണ്ട് അവസാനിക്കാറായിരുന്നു. എന്നെ മനസ്സിലാക്കിയിട്ട് കുഴിവെട്ടുകാരൻ പറഞ്ഞു.

‘‘വേഗം കൊണ്ടുപോരെ.... താമസിച്ചാൽ മഴ വരും.’’

കിഴക്കൻ ചക്രവാളത്തിൽ കരിമേഘങ്ങൾ പടർന്നു തുടങ്ങിയിരുന്നു.

ഞാൻ വേഗം പോയി ഒരു ടാക്സി ജീപ്പ് വിളിച്ച് ശവപ്പെട്ടിയും കയറ്റി ആശുപത്രിയിൽ ചെന്നു. ഇതിനോടകം ആശുപത്രിയിലെ സിസ്റ്റർമാർ ഒരു കുഞ്ഞുടുപ്പ് അമ്മയെക്കൊണ്ട് വാങ്ങിപ്പിച്ചിരുന്നു. അതൊക്കെ ഇടുവിച്ചു പൂക്കളും വെച്ച് അവർ എന്റെ കുഞ്ഞു ഭാഗിനേയിയെ പെട്ടിയിലാക്കി തന്നു. ജീപ്പിൽതന്നെ ആ പെട്ടിയുമായി ഞങ്ങൾ പള്ളിയിൽ ചെന്നു.

പള്ളിയിലെ പ്രാർത്ഥനയ്ക്കുശേഷം ആ കുഞ്ഞുപെട്ടി ഞാനും പാപ്പനുംകൂടി എടുത്തു. ഞാനും അമ്മയും പാപ്പനും പിന്നെ അച്ചനും കപ്യാരും അടങ്ങുന്ന അഞ്ചുപേർ മാത്രമായിരുന്നു ആ ശവഘോഷയാത്രയിലെ അംഗങ്ങൾ. വി. അൽഫോൻസാമ്മയുടെ ശവകുടീരത്തിനു വലതുവശത്തെ കുന്നിൻ ചെരിവിൽ ജീവിതത്തിലേക്കു പ്രവേശിക്കാൻ ആവാതെപോയ ആ പൈതലിനെ മറവു ചെയ്തു പിന്തിരിയുമ്പോൾ മഴ ചാറിത്തുടങ്ങിയിരുന്നു.

# മയയെന്നു പറഞ്ഞാലും കുയപ്പമില്ല

പ്രൈമറി ക്ലാസ്സുകളിലെ എന്റെ അധ്യാപകർ എനിക്കു ലേശം വിക്കുള്ളതായി അഭിപ്രായപ്പെട്ടിരുന്നത് ഞാൻ ഇന്നും ഓർക്കുന്നു. പക്ഷേ, എനിക്ക് വിക്കുണ്ടായിരുന്നില്ല എന്നതാണ് വാസ്തവം. തലേന്നു പഠിപ്പിക്കുകയും എഴുതിത്തരുകയും ചെയ്യുന്ന പാഠഭാഗങ്ങൾ പിറ്റേന്നു ചോദിക്കുമ്പോൾ മറ്റു കുട്ടികളെക്കാൾ നന്നായി ഞാൻ ഉത്തരം പറയുമായിരുന്നു. അപ്പോഴുണ്ടാകുന്ന ചില ഉച്ചാരണ തടസ്സങ്ങളെ ആസ്പദമാക്കിയായിരുന്നു അധ്യാപകരുടെ ആ തെറ്റായ നിഗമനം. പാഠപുസ്തകമോ നോട്ടുബുക്കോ വീട്ടിൽ വെച്ചു തുറന്നു നോക്കാതെ തലേന്നു പഠിച്ചതിന്റെയും എഴുതിയെടുത്തതിന്റെയും ഓർമ്മയിൽനിന്നു പറയുമ്പോഴുണ്ടാകുന്ന ഒരു തടസ്സം മാത്രമായിരുന്നു എന്റെ വിക്കിന്റെ അടിസ്ഥാനം.

എന്നാൽ മറ്റൊരു ഉച്ചാരണവൈകല്യം എനിക്കുണ്ടായിരുന്നു. 'കൊഞ്ഞ' എന്നു പറയപ്പെടുന്ന അക്ഷരസ്ഫുടതയില്ലായ്മ ആണത്. ഒന്നാം ക്ലാസ്സിൽ ചേർന്ന് അക്ഷരങ്ങളൊക്കെ പഠിച്ചു തുടങ്ങിയപ്പോൾ കുറേക്കാലത്തേക്ക് എനിക്ക് 'ക' എന്ന അക്ഷരം ശരിയായി ഉച്ചരിക്കുവാൻ സാധിച്ചിരുന്നില്ല. 'ക' എന്ന് ഉച്ചരിക്കാൻ ശ്രമിക്കുമ്പോൾ 'അ' എന്നു മാത്രമേ എന്റെ വായീന്ന് വരുമായിരുന്നുള്ളൂ. എന്നാൽ ഒന്നു രണ്ടു മാസത്തിനകം 'ക' 'ക' ആയിത്തന്നെ എന്റെ വായീന്ന് വന്നു തുടങ്ങി. എന്നാൽ വേറൊരു അക്ഷരം മലയാളഭാഷയിൽ ബിരുദമെടുത്തശേഷവും ''മയപെയ്തു വയിയെല്ലാം കൊയകൊയാന്ന് ആയ മാതിരി എന്നെ കൊയപ്പിച്ചുകൊണ്ടിരുന്നു.''

'ഴ' എന്ന അക്ഷരം മാത്രമേ എനിക്കു വഴങ്ങാതിരുന്നുള്ളൂ. നാവിന് കനം കൂടുതലായതുകൊണ്ടോ എന്തോ ഉണ്ടായ വൈകല്യമാണ്. ഞാൻ എത്ര ശ്രമിച്ചിട്ടും 'ഴ'കാരം 'യ'കാരമായി മാത്രമേ നാവിൽ വിളയാടുമായിരുന്നുള്ളു.

സ്കൂളിൽ പോയിട്ട് താമസിച്ച് വീട്ടിലെത്തുക, പറഞ്ഞ ജോലി ചെയ്യാതിരിക്കുക, സഹോദരങ്ങളോടോ സഹപാഠികളോടോ വഴക്കുണ്ടാക്കുക മുതലായ എന്റെ കുറ്റകൃത്യങ്ങൾ അമ്മ അപ്പന്റെ ശ്രദ്ധയിൽപെടുത്തുമ്പോൾ എന്റെ പഠനം നിർത്തിയതായും നാളെ മുതൽ സ്കൂളിൽ പോകണ്ടായെന്നും അപ്പൻ പ്രസ്താവന നടത്തും. അതു സത്യമാണെന്നും വിചാരിച്ച് തലയിൽനിന്ന് ഒരു ഭാരം എടുത്തുമാറ്റിയ ആശ്വാസത്തോടെ ഞാനിരിക്കും. എന്നാൽ പിറ്റേന്നു രാവിലെ അമ്മ വേണ്ടാത്ത പണിക്കുപോകും. അപ്പന്റെ അടുക്കൽ ചെന്ന് അമ്മ ''ഇത്തവണത്തേക്കു ക്ഷമിക്കാം. ചെറുക്കൻ പള്ളിക്കൂടത്തിൽ പോട്ടെയല്ലേ'' എന്നു ചോദിക്കും. അപ്പൻ ഗൗരവഭാവത്തിൽത്തന്നെ സമ്മതം മൂളുകയും ചെയ്യും. എന്നാൽ അത്തരം ഒരു സന്ദർഭത്തിൽ എന്നോടുള്ള നീരസം

വിട്ടുമാറാതിരുന്ന അപ്പൻ ഇങ്ങനെ പറഞ്ഞുപോയി. ''പറഞ്ഞാൽ തിരിയാത്തവനല്ലേ പഠിച്ച് ഉദ്യോഗമൊക്കെ കിട്ടാൻ പോകുന്നത്.''

അപ്പന്റെ നിഷ്കളങ്കതയിൽനിന്ന് അറിയാതെ പുറപ്പെട്ടതാണെങ്കിലും ആ വാക്കുകൾ കുറേക്കാലത്തേക്ക് എന്നെ സങ്കടപ്പെടുത്തിയിരുന്നു. നമ്മുടെ ഒരു വൈകല്യത്തെക്കുറിച്ച് മാതാപിതാക്കൾ പറയുന്നത് മറ്റുള്ളവർ പറയുന്നതിനെക്കാൾ കൂടുതൽ വേദനാജനകമാണ്. എല്ലാ മാതാപിതാക്കളും ഇക്കാര്യം ഓർത്തിരിക്കേണ്ടതാണ്.

നമുക്ക് 'ഴ' കാരത്തിലേക്ക് തിരിച്ചു വരാം. ഡിഗ്രിപഠനം കഴിഞ്ഞപ്പോൾ പ്രീഡിഗ്രിക്കു പഠിച്ച പാരലൽ കോളജിൽ മലയാളം അധ്യാപകനായി ഞാൻ ചേർന്നു. എന്നെ പഠിപ്പിച്ചവരാണ് അതിന്റെ നടത്തിപ്പുകാരെങ്കിലും അവർക്കറിഞ്ഞുകൂടായിരുന്നു. എനിക്ക് 'ഴ' പറയാൻ കഴിയില്ലെന്ന്. പക്ഷേ, എനിക്ക് അറിയാമായിരുന്നല്ലോ. അതിനാൽ വളരെ ശ്രദ്ധിച്ചാണ് ഞാൻ ക്ലാസ്സിൽ സംസാരിച്ചിരുന്നത്. 'ഴ'യിൽ തുടങ്ങുന്ന മലയാളവാക്കുകൾ ഇല്ലെന്നുള്ളത് വലിയ ആശ്വാസം. 'ഴ' വരുന്ന വാക്കുകൾ പരമാവധി പറയാതെ ഞാൻ കഴിച്ചുകൂട്ടി. പുസ്തകം വായിക്കേണ്ടി വരുമ്പോഴും തീരെ ഒഴിവാക്കാനാവാത്ത സന്ദർഭങ്ങളിലും ഞാൻ 'ഴ' പറയുകതന്നെ ചെയ്തു. 'യ'കാരത്തിന് അല്പം മുഴക്കം കൊടുത്ത് എന്റെ വൈകല്യത്തെ തിരിച്ചറിയാത്തവിധം മറയ്ക്കുക മാത്രമാണ് ഞാൻ അപ്പോൾ ചെയ്തിരുന്നത്. എന്നാൽ അക്കാലത്ത് എപ്പോഴോ എന്റെ നാവ് 'ഴ' പറയാൻ വഴങ്ങിത്തുടങ്ങി. 'യ'കാരത്തെ മുഴക്കിയെടുക്കാത്ത സ്വച്ഛന്ദസുന്ദരമായ ഒരു 'ഴ'.

അപ്പൻ കരുതിയതുപോലെ ഉച്ചാരണവൈകല്യമുള്ളവർക്ക് ജോലികിട്ടാതിരിക്കുകയൊന്നുമില്ലല്ലോ. എന്റെ സുഹൃത്തായ ഒരു ഫിസിക്സ് അധ്യാപകന് 'ശ' പറയാൻ കഴിയില്ല. അദ്ദേഹത്തിന്റെ 'ശ' 'സ' ആയിട്ടാണ് നമ്മൾ കേൾക്കുന്നത്. അദ്ദേഹം ക്ലാസ്സിൽ ഹാജർ എടുത്തപ്പോൾ 'ശോഭ കെ.കെ.' എന്നതിനു പകരം 'സോഭ കെ.കെ.' എന്നു വായിച്ചത് കുട്ടികളിൽ ചിരിയുണർത്തി. അപ്പോൾ അദ്ദേഹം ആ പേരിന്റെ സ്പെല്ലിങ് പറഞ്ഞു. Sobha- സോഭ. എന്നിട്ട് കുട്ടികളോട് ചോദിച്ചു. ഞാൻ പറഞ്ഞത് സരിയല്ലേ?

മലയാള ഭാഷയും സാഹിത്യവും പഠിപ്പിക്കുന്ന അധ്യാപകന് ഇത്തരം ഉച്ചാരണ വൈകല്യങ്ങൾ തീർച്ചയായും ഒരു ന്യൂനതയാണ്. ലോകത്തുള്ള ജോലികളിൽ ഉച്ചാരണശുദ്ധി ഏറ്റവും ആവശ്യമുള്ളത് ഭാഷാധ്യാപകവൃത്തിക്കാണ്. അതുതന്നെയാണ് എനിക്കു ലഭിച്ചത്. സംഭവിക്കുമായിരുന്ന അവമാനപീഡകളിൽനിന്ന് എന്നെ രക്ഷിക്കാൻ വഴങ്ങിവന്ന നാവിന് നന്ദി.

അങ്ങനെ 'ഴ'കാരമൊക്കെ വേണ്ടവിധത്തിൽ ഉച്ചരിച്ച് തുടർന്നു പോരുമ്പോൾ ഒരിക്കൽ കാലടി സംസ്കൃത സർവ്വകലാശാലയിൽ മലയാള അധ്യാപകർക്കുവേണ്ടിയുള്ള ഒരു റിഫ്രെഷർ കോഴ്സിൽ ഞാൻ പങ്കെടുത്തു.

ഭാഷാശാസ്ത്രത്തിൽ ഗവേഷകനായ ഒരു പ്രൊഫസറുടെ ക്ലാസ്സും അതിൽ ഉൾപ്പെടുത്തിയിരുന്നു. ഉച്ചാരണത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ക്ലാസ്സിൽ നമ്മുടെ 'ഴ'കാരവും ചർച്ചാവിഷയമായി. 'ഴ' പറയാൻ ബുദ്ധിമുട്ടാണെന്നും കേരളത്തിന്റെ വിവിധ ഭാഗങ്ങളിലുള്ളവരും ആദിവാസികളായ ഗോത്രവർഗ്ഗക്കാരും ആ അക്ഷരം പറയാറില്ലെന്നും അതിനാൽ 'ഴ' കാരം 'യ' കാരമായി ഉച്ചരിക്കുന്നതിൽ തെറ്റില്ലെന്നും അധ്യാപകർ അക്കാര്യത്തിൽ ശാഠ്യം ഉപേക്ഷിക്കണമെന്നും പ്രൊഫസർ അഭിപ്രായപ്പെട്ടു.

'മയയെന്നു പറഞ്ഞാലും കുയപ്പമില്ല' എന്ന അദ്ദേഹത്തിന്റെ നയത്തോട് സർവ്വാത്മനാ എനിക്ക് യോജിപ്പാണുണ്ടായിരുന്നതെങ്കിലും ക്ലാസ്സിന്റെ അവസാനം പ്രതികരണത്തിനുള്ള ഊഴം വന്നപ്പോൾ ഞാൻ അദ്ദേഹത്തിന്റെ നയത്തെ എതിർക്കുകയാണ് ചെയ്തത്. കാരണം മറ്റൊന്നുമല്ല, 'ഴ'കാരം ഉച്ചരിക്കാനാവാത്തതിന്റെ പേരിൽ അത്രയധികം മനഃപീഡ ഞാൻ അനുഭവിച്ചിട്ടുണ്ട്. അങ്ങനെയൊരു നയം സ്വീകരിക്കണമെങ്കിൽ അതു പണ്ടേ വേണ്ടിയിരുന്നു. ഇനിയിപ്പോൾ അതു വേണ്ട. അല്ല പിന്നെ!

# മഹാരാജകീയം–I

എന്നെ മഹാരാജാസ് കോളജിൽ എത്തിച്ചത് ഒരു മാരകരോഗമാണ്. അത് വാതപ്പനി ആയിരുന്നുവെന്ന് എനിക്കു മനസ്സിലായത് വർഷങ്ങൾ കഴിഞ്ഞ് ഒരു ആയുർവ്വേദ ഡോക്ടർ പറഞ്ഞപ്പോഴാണ്.

ആയിരത്തിതൊള്ളായിരത്തി എൺപത്തിഒന്നിലാണ് സംഭവം. അതിനുമുണ്ട് ഒരു ഫ്ളാഷ്ബാക്ക്.

പരീക്ഷയ്ക്കു വേണ്ട തയ്യാറെടുപ്പൊക്കെ സ്കൂളിൽ പഠിക്കുന്ന കാലത്ത് പരീക്ഷയുടെ തലേദിവസം മാത്രമേ ആരംഭിച്ചിരുന്നുള്ളൂ. കോളജിലായപ്പോൾ ടൈംടേബിൾ കിട്ടിയതിനുശേഷവും. അങ്ങനെ അല്ലലില്ലാതെ പരീക്ഷ എഴുതിപ്പോന്ന ഞാൻ ബി.എ. അവസാന വർഷ പരീക്ഷയുടെ ഒരു പേപ്പറിന്റെ മുന്നിൽ പകച്ചു നിന്നു 'കേരളപാണിനീയം' എന്ന ഭാഷാ വ്യാകരണഗ്രന്ഥം ഒരാഴ്ചകൊണ്ട് പഠിച്ചെടുക്കാമെന്നു കരുതിയ എനിക്ക് അതൊരു 'കീറാമുട്ടി'യായി. കാരണം, വ്യാകരണ ക്ലാസ്സുകളിൽ കയറുകയോ കേരള പാണിനീയം കൈയിലെടുക്കുകയോ ചെയ്തിരുന്നില്ല. അതു പഠിക്കാതെ പരീക്ഷ എഴുതിയ ഞാൻ എഴുതിയ പരീക്ഷ ക്യാൻസൽ ചെയ്യുവാൻ തീരുമാനിച്ചു. അതോടെ ഒന്നാം വർഷത്തെയും രണ്ടാംവർഷത്തെയും പേപ്പറുകൾ ഉൾപ്പെടെ ഐച്ഛികവിഷയത്തിന്റെ പേപ്പറുകളെല്ലാം ക്യാൻസലായി. അറിഞ്ഞുകൊണ്ടാണെങ്കിലും അങ്ങനെ ചെയ്തത് വലിയ മൗഢ്യമായിപ്പോയെന്ന് പിന്നീടെനിക്ക് തോന്നാതിരുന്നില്ല. അടുത്ത വർഷം മാറിവന്ന സിലബസ് അനുസരിച്ച് ആറു പേപ്പറുകൾ എഴുതേണ്ടതായി വന്നു. കേരളപാണിനീയം പഠിക്കാൻ അപ്പോഴും സാധിച്ചിരുന്നില്ല. അതു സ്വായത്തമാക്കണമെങ്കിൽ ഒരു മാസക്കാലമെങ്കിലും അവധാനതയോടെ അതിനുവേണ്ടി ചെലവിടണമായിരുന്നു. അതിനുള്ള സമയവും സൗകര്യവും കിട്ടാതെ പോയതിനാൽ ബാക്കിയുള്ള പേപ്പറിന്റെ മാർക്കുകൊണ്ട് ഉപരിപഠനത്തിനു പ്രവേശനം നേടാമെന്ന് ഞാൻ ധൈര്യപ്പെട്ടു. ഏതായാലും അത് അങ്ങനെ തന്നെ സംഭവിച്ചു. അതിന്റെ ആവേശത്തിൽ അഞ്ചു പ്രമുഖ കോളജുകളിൽ എം.എ. പഠനത്തിനായി ഞാൻ അപേക്ഷ നല്കി. ചങ്ങനാശ്ശേരി എസ്.ബി. കോളേജ്, ചങ്ങാശ്ശേരി എൻ.എസ്.എസ്. കോളജ്, എറണാകുളം മഹാരാജാസ് കോളജ്, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജ്, കാര്യവട്ടം യൂണിവേഴ്സിറ്റി കാമ്പസ് എന്നിവിടങ്ങളിൽ നേരിട്ടു ചെന്നാണ് അപേക്ഷ കൊടുത്തത്. ആ യാത്രകളിൽ പണത്തിന്റെ കുറവുമൂലം ലോഡ്ജുകളിലൊന്നും മുറിയെടുക്കാൻ സാധിക്കാതെ റെയിൽവേസ്റ്റേഷനിലും ബസ്സ്റ്റാന്റിലുമൊക്കെ

അന്തിയുറങ്ങേണ്ടതായി വന്നു. അപേക്ഷാസമർപ്പണം കഴിഞ്ഞ് തിരിച്ചെത്തി ഒരാഴ്ച ആയപ്പോൾ കടുത്ത ജ്വരം എന്നെ ബാധിച്ചു.

അക്കാലത്ത് വാര്യാനിക്കാട്ടുള്ള പുരയിടത്തിലെ പണികൾ ചെയ്തും ഈരാറ്റുപേട്ടയിലുള്ള ഒരു ട്യൂട്ടോറിയൽ കോളജിൽ പഠിപ്പിച്ചും ഒറ്റയ്ക്കായിരുന്നു എന്റെ താമസം. പനി പിടിച്ച് രണ്ടു ദിവസം കഴിഞ്ഞപ്പോൾ ഭാഗ്യത്തിന് അപ്പൻ മുരിക്കാശ്ശേരിയിൽനിന്നു വന്നു. അടുത്ത് പിണ്ണാക്കനാടുള്ള ചെറിയ ഒരു ഹോസ്പിറ്റലിൽ അപ്പൻ എന്നെ കൊണ്ടുപോയി. തീർത്തും അവശനായ ഞാൻ അവിടെ അഡ്മിറ്റായി. എനിക്ക് ടൈ ഫോയ്ഡ് ആണെന്നും വിട്ടുമാറാൻ സമയമെടുക്കുമെന്നും ഡോക്ടർ പറഞ്ഞു.

ആശുപത്രിയിൽ എത്തി ഒരാഴ്ച കഴിഞ്ഞിട്ടും രോഗശമനത്തിനു പകരം എന്റെ അവസ്ഥ കൂടുതൽ വഷളാകുകയാണ് ചെയ്തത്. കാഞ്ഞിരപ്പള്ളിയിലുള്ള 'കടമപ്പുഴ ഹോസ്പിറ്റലി'ലേക്ക് മാറാമെന്ന് ഞാൻ അപ്പനോട് പറഞ്ഞു. ഡോക്ടർ പറഞ്ഞതിലുള്ള വിശ്വാസംകൊണ്ടും വലിയ ആശുപത്രിയിലേക്കു പോയാൽ ഉണ്ടാകുന്ന പണച്ചെലവിനെ ഭയന്നും അപ്പൻ അക്കാര്യത്തിൽ താത്പര്യം കാണിച്ചില്ല. എന്റെ വാർഡിൽ ജലദോഷപ്പനിയായിട്ടു വന്നു കിടന്നിരുന്ന തെങ്ങുകയറ്റക്കാരനായ സുഹൃത്തിനെക്കൊണ്ട് ഞാൻ അപ്പനെ ബോധവത്കരിച്ചു. അങ്ങനെ കടമപ്പുഴ ഹോസ്പിറ്റലിലേക്ക് അതുവരെ ചികിത്സിച്ച ഡോക്ടറുടെ കത്തു സഹിതം എന്നെ കൊണ്ടുപോയി. അവിടെയെത്തി ഒരാഴ്ച കഴിഞ്ഞിട്ടും എന്റെ അസുഖത്തിന് മാറ്റമൊന്നും വന്നില്ല. കാരണം, അവരും ചികിത്സിച്ചത് ടൈഫോയ്ഡാണെന്നു കരുതിയിട്ടാണ്. ചികിത്സ ഫലിക്കാതെ വന്നപ്പോൾ അവർ മാറി ചിന്തിച്ചു. പിന്നീടുള്ള ചികിത്സ അല്പം ഫലിക്കുന്നതുപോലെ അനുഭവപ്പെട്ടു.

ഫോൺ സൗകര്യങ്ങളൊന്നും ഇല്ലാത്ത കാലമാണല്ലോ. മുരിക്കാശ്ശേരിയിലേക്ക് അപ്പൻ മടങ്ങിച്ചെല്ലേണ്ട സമയമായിട്ടും കാണാത്തതിനാൽ അമ്മ അന്വേഷിച്ചുവന്നു. ആശുപത്രിയിലെത്തിയ അമ്മയും തത്കാലം തിരിച്ചുപോയില്ല.

എന്നെ ആശുപത്രിയിൽ വന്നു കണ്ട നാട്ടുകാരനായ ഒരു കാരണവർ തിരിച്ചുചെന്ന് പരിചയക്കാരോടൊക്കെ എന്റെ കാര്യം മിക്കവാറും പോക്കാണെന്ന് പറഞ്ഞത്രെ. അതു കേട്ടിട്ട് ചിലരെല്ലാം ആശുപത്രിയിൽ എന്നെ കാണാനെത്തി.

എം.എ. പഠനത്തിനായി ഞാൻ അപേക്ഷ നല്കിയ കോളജുകളിൽ നിന്നെല്ലാം എനിക്ക് ഇന്റർവ്യൂ കാർഡുകൾ വന്നു. വാര്യാനിക്കാട് വീട്ടിലെ അഡ്രസ്സിൽ വന്ന ആ കാർഡുകളെല്ലാം അവിടെ പോയിട്ടുവന്ന അപ്പൻ ആശുപത്രിയിലേക്ക് കൊണ്ടുവന്നു.

അഞ്ച് ഇടങ്ങളിൽ ആപ്ലിക്കേഷൻ കൊടുത്തുവെങ്കിലും ചേരാൻ താത്പര്യപ്പെട്ടിരുന്നത് ചങ്ങനാശ്ശേരി എസ്.ബി. കോളജിലായിരുന്നു. കാരണം

ഏറ്റവും അടുത്തത് അതായിരുന്നു. രണ്ടുമണിക്കൂർ ബസ്‌യാത്ര മതി അവിടെയെത്താൻ.

ഇന്റർവ്യൂകാർഡ് പരിശോധിച്ചുകൊണ്ടിരുന്ന എന്റെ ചങ്കിടിച്ചുപോയി. ആദ്യമെടുത്ത നാലുകാർഡിലും ഇന്റർവ്യൂവിന്റെ ഡേറ്റ് കഴിഞ്ഞുപോയതാണ്. ഭാഗ്യം! അവസാനമെടുത്ത മഹാരാജാസിലെ കാർഡിൽ മാത്രം ഇന്റർവ്യൂ ഡേറ്റ് നാളെയാണ്. ഞാൻ നെടുതായൊന്ന് നിശ്വസിച്ചു.

എന്റെ ആശുപത്രിവാസം ആരംഭിച്ചിട്ട് അപ്പോൾ മൂന്നാഴ്ച ആയിരുന്നു. എന്റെ ആരോഗ്യനില അല്പം മെച്ചപ്പെട്ടു തുടങ്ങിയിരുന്നു. രണ്ടു ദിവസമായി ഡ്രിപ് ഒക്കെ നിറുത്തിയിരിക്കയാണ്. ഞാൻ അല്പാല്പം പൊടിയരിക്കഞ്ഞി കുടിച്ചു തുടങ്ങിയിരുന്നു.

കാഞ്ഞിരപ്പള്ളിയിൽനിന്ന് എറണാകുളത്തു പോയി കോളജിൽ അഡ്മിഷൻ എടുക്കേണ്ട കാര്യം ഞാൻ ഡോക്ടറോടു പറഞ്ഞു. വേറെ നിവൃത്തി ഇല്ലാത്തതുകൊണ്ട്, തിരിച്ചു ഹോസ്പിറ്റലിലേക്കുതന്നെ വന്നുകൊള്ളണമെന്ന നിബന്ധനയിൽ ഡോക്ടർ എന്നെ പോകാനനുവദിച്ചു. കഷ്ടിച്ച് എണീറ്റ് നടക്കാമെന്നായതല്ലാതെ എന്റെ അവശതയ്ക്ക് കാര്യമായ കുറവൊന്നുമില്ലായിരുന്നു. എങ്കിലും അപ്പൻ കൂടെ വരാമെന്ന നിർദ്ദേശത്തെ അപ്പോഴത്തെ വികടബുദ്ധിക്ക് കൂട്ടാക്കിയതില്ല. അപ്പന്മാരാണല്ലോ എല്ലാക്കാലത്തും ചെറുപ്പക്കാരായ പുത്രന്മാരുടെ അസ്വാതന്ത്ര്യത്തിന്റെ നാരായവേര്.

വെളുപ്പിന് 5.45 ന് കാഞ്ഞിരപ്പള്ളിയിൽനിന്ന് എറണാകുളംവരെ പോകുന്ന ഒരു പ്രൈവറ്റ് ബസ്സിൽ അപ്പൻ എന്നെ കയറ്റി വിട്ടു. പത്തുമണിയോടെ എറണാകുളത്തെത്തി. ഇന്റർവ്യൂ പതിനൊന്നു മണിക്കെന്നാണ് കാർഡിൽ കുറിച്ചിരുന്നത്. എന്നാൽ കോളജ് തിരഞ്ഞെടുപ്പിനോട് അനുബന്ധിച്ചുള്ള 'മീറ്റ് ദ കാൻഡിഡേറ്റ് പ്രോഗ്രാം' ആ സമയത്തു നടത്തുന്നതിനാൽ അഡ്മിഷൻ ഉച്ചകഴിഞ്ഞേ ഉണ്ടാകുകയുള്ളൂ എന്ന് കോളജ് ഓഫീസിൽനിന്ന് അറിയാൻ കഴിഞ്ഞു.

ആരവമില്ലാത്ത ഒരു ഉത്സവപ്പറമ്പുപോലെയാണ് ആ അന്തരീക്ഷം എനിക്ക് അനുഭവപ്പെട്ടത്. ആൺകുട്ടികളും പെൺകുട്ടികളും ഉൾപ്പെടുന്ന കൂട്ടായ്മകൾ നടക്കല്ലുകളിലൊക്കെ ഇരുന്ന് സൗഹൃദഭാഷണം നടത്തുന്നു. ആണും പെണ്ണും ദ്വന്ദ്വങ്ങളായി അവിടവിടെ മാറിയിരുന്ന് സ്വൈരസല്ലാപം ചെയ്യുന്നു. അച്ചടക്കത്തിന്റെയോ അസഹിഷ്ണതയുടെയോ ചൂരലുകൾ ഇവിടെ ആരെയും തല്ലിയോടിക്കുന്നില്ല.

നാലുകെട്ടും നടുമുറ്റവുമൊക്കെ ആയിട്ട് പഴമയുടെ പ്രതാപം വിളിച്ചറിയിക്കുന്ന കോളജും പരിസരവും ഒന്നു ചുറ്റിനടന്ന് കാണാൻ തോന്നിയെങ്കിലും ശാരീരികക്ഷീണം കാരണം അതിനൊന്നും മുതിർന്നില്ല. മലയാളവിഭാഗത്തിനു സമീപം വരാന്തയിൽ ഒരു തൂണും ചാരി ഞാനിരുന്നു.

‘മീറ്റ് ദ കാൻഡിഡേറ്റ് പ്രോഗ്രാം’ കോളജിന്റെ നടുമുറ്റത്തുവെച്ചായിരുന്നു. ആദ്യമായി പ്രസംഗിച്ച ചെയർമാൻ സ്ഥാനാർത്ഥി മെല്ലിച്ച ഒരു പ്രീഡിഗ്രി വിദ്യാർത്ഥി ആയിരുന്നു. മുണ്ടും ഷർട്ടും ധരിച്ച് വളഞ്ഞു കുത്തിനിന്നു പ്രസംഗിച്ച അവൻ ഒരു വിദ്യാർത്ഥി സംഘടനയുടെയും പ്രതിനിധി ആയിരുന്നില്ല. താൻ ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ടാൽ വിദ്യാർത്ഥികളുടെ യാത്രാസൗകര്യം വർദ്ധിപ്പിക്കുന്നതിനായി കാമ്പസിനുള്ളിൽ ഒരു ‘ഹെലിപാഡ്’ നിർമ്മിക്കുമെന്നും എല്ലാ ക്ലാസ് റൂമുകളിലും എസി സ്ഥാപിച്ച് ശീതീകരിക്കുമെന്നും നാലുകെട്ടിലെ ഒരു ക്ലാസ് റൂമിൽനിന്ന് അടുത്ത ക്ലാസ് റൂമിലേക്കു പോകാൻ അധ്യാപകർക്ക് ‘റോപ്‌വേ’ നിർമ്മിച്ചു നല്കുമെന്നൊക്കെ ആയിരുന്നു അയാളുടെ തിരഞ്ഞെടുപ്പു വാഗ്ദാനങ്ങൾ. നല്ല വാക്ചാതുരിയോടെ നടത്തിയ ആ ആക്ഷേപഹാസ്യപ്രകടനം ഞാൻ നന്നായി ആസ്വദിച്ചു. പിന്നീട് വിദ്യാർത്ഥികളെ അഭിസംബോധന ചെയ്ത വിദ്യാർത്ഥി സംഘടനകളുടെ ഔദ്യോഗിക സ്ഥാനാർത്ഥികൾക്കൊന്നും ഒന്നാമന്റെ പ്രസംഗപാടവം ഉണ്ടായിരുന്നില്ല.

മേല്പടിയാനെക്കുറിച്ച് അല്പംകൂടി പറയാതിരിക്കാൻ എനിക്കു കഴിയുന്നില്ല. പിന്നീടൊരിക്കൽ ഞാൻകൂടി പങ്കെടുത്ത ഒരു പ്രസംഗമത്സരത്തിൽ ആ വിരുതനും പ്രസംഗിക്കാനെത്തി. വിഷയാനുസരമായി അയാൾ നന്നായി പ്രസംഗിക്കുകയാണ്. അയാൾക്കുതന്നെ ഒന്നാംസ്ഥാനം ലഭിക്കുമെന്ന് ഞാൻ തീർച്ചപ്പെടുത്തി. എന്നാൽ പ്രസംഗത്തിനായി അനുവദിച്ചിട്ടുള്ള സമയം തീർന്ന് ബെൽ മുഴങ്ങിയിട്ടും അയാൾ പ്രസംഗം നിർത്താതെ തുടർന്നു. അവസാനം മൈക്ക് ഓഫ് ചെയ്തു. അപ്പോൾ അയാൾ മൈക്കില്ലാതെ തന്റെ പ്രസംഗം തുടർന്നു. നിവൃത്തിയില്ലാതെ വന്നപ്പോൾ സംഘാടകരായ കോളജ് യൂണിയൻ ഭാരവാഹികൾക്ക് സ്റ്റേജിൽ ചെന്ന് അയാളെ ചുമന്നു മാറ്റേണ്ടി വന്നു. അപ്പോഴും അയാൾ അംഗവിക്ഷേപത്തോടെ ‘വാതോരാതെ’ പ്രസംഗിച്ചുകൊണ്ടിരുന്നു.

യൂണിവേഴ്സിറ്റി യൂണിയൻ കലോത്സവത്തിൽ പങ്കെടുക്കാനുള്ളവരെ തിരഞ്ഞെടുക്കുന്ന മത്സരമായിരുന്നു അത്. ആർക്കുവേണം നിങ്ങളുടെ സ്ഥാനമാനങ്ങൾ എന്ന് വെല്ലുവിളിക്കുന്ന ഒരു പ്രകടനമായിരുന്നു ആ അരാജകവാദിയുടേത്. അയാളെ ഞാൻ മനസാ നമിച്ചു.

നമ്മുടെ കഥാപുരുഷനു കിട്ടേണ്ട ഒന്നാംസ്ഥാനം അച്ചടക്കലംഘനം മൂലം മറ്റൊരാൾക്കാണ് ലഭിച്ചത്. എനിക്ക് രണ്ടാം സ്ഥാനവും.

പിന്നീടൊരിക്കൽ അയാൾ മരിച്ചതായി ഒരു പ്രമുഖ പത്രത്തിൽ വാർത്തവന്നു. പരേതനായ വിദ്യാർത്ഥിയോടുള്ള ആദരസൂചകമായി കോളജിന് അവധി കൊടുക്കുന്ന കാര്യം ആലോചിച്ചുകൊണ്ടിരുന്ന പ്രിൻസിപ്പലിന്റെ ഓഫീസിലേക്ക് കയറിവന്ന ‘പരേതൻ’ താൻ മരിച്ചിട്ടില്ലെന്ന് സാക്ഷ്യപ്പെടുത്തി. തന്റെ മരണവാർത്ത പത്രത്തിൽ കണ്ടിട്ട് അയാൾ ഓടി പ്രിൻസിപ്പലിന്റെ അടുക്കൽ എത്തുകയാണത്രെ ചെയ്തത്.

തന്റെ മരണവാർത്ത പത്രത്തിന് നല്കിയത് അയാളിലെ 'കറുത്ത ഹാസ്യക്കാരൻ' തന്നെ ആകാനാണു സാധ്യത. ഏതായാലും അടുത്ത ദിവസത്തെ പത്രത്തിൽ തെറ്റായി മരണവാർത്ത അടിച്ചുവന്നതിലുള്ള ഖേദപ്രകടനം ഉണ്ടായിരുന്നു.

പിന്നീട് ആ പ്രതിഭാശാലി എന്തായിത്തീർന്നുവോ ആവോ?

മലയാള വിഭാഗത്തിൽ ഞാൻ അഡ്മിഷൻ എടുത്തു കോളജിനു പുറത്തിറങ്ങിയപ്പോൾ അഞ്ചുമണി കഴിഞ്ഞിരുന്നു. തൊടുപുഴയിൽ എത്തിയപ്പോൾ രാത്രിയായി. കാഞ്ഞിരപ്പള്ളി ഭാഗത്തേക്ക് തൊടുപുഴയിൽനിന്നുള്ള അവസാനത്തെ ബസും അപ്പോൾ പോയിരുന്നു. അതിനാൽ അവിടെ ഒരു ലോഡ്ജിൽ മുറിയെടുത്തു തങ്ങാൻ ഞാൻ നിർബന്ധിതനായി.

ഭക്ഷണത്തോടുള്ള വിരക്തി വിട്ടുമാറാതിരുന്നതിനാൽ അന്ന് കാര്യമായ ഭക്ഷണം കഴിച്ചിരുന്നില്ല. ഉച്ചയോടുകൂടി മഹാരാജാസ് കോളജ് കാന്റീനിൽനിന്ന് ഒരു ഉഴുന്നുവടയും ചായയും മാത്രമാണ് കഴിച്ചത്. അത്താഴത്തിന് പകരം ഒരു ചായമാത്രം കുടിച്ചു. ഒപ്പം കഴിക്കാനുള്ള കുറെ മരുന്നുകളും.

രാത്രി രണ്ടുമണി ആയിക്കാണും എനിക്ക് വലുതായ പരവേശം അനുഭവപ്പെട്ടു. മരിച്ചുപോകുമോ എന്നുപോലും ഞാൻ ഭയപ്പെട്ടു. കൂടെ പോരാൻ തയ്യാറായ അപ്പനെ കൂട്ടാതിരുന്നതിൽ ഞാൻ എന്നെത്തന്നെ പഴിച്ചു. മേശപ്പുറത്ത് ജഗ്ഗിലിരിക്കുന്ന വെള്ളമെടുത്തു കുടിക്കാൻ പോലും ത്രാണിയില്ലാതെ അശരണനായി ഞാൻ ആ ലോഡ്ജ് മുറിയിൽ കിടന്നു.

രാവിലെ റൂബോയ് വന്നു കതകിൽ മുട്ടിയപ്പോൾ ഞാൻ മരിച്ചിട്ടുണ്ടായിരുന്നില്ല. അയാളെക്കൊണ്ട് ഒരു ചായ വാങ്ങിച്ചുകൊണ്ടുവന്നു കുടിച്ചപ്പോൾ അല്പം ഉന്മേഷം തോന്നി. ആ ഉന്മേഷത്തിൽ ഏകദേശം അമ്പതു കിലോമീറ്ററോളം ബസ് യാത്ര ചെയ്ത് ഞാൻ ആശുപത്രിയിൽ തിരിച്ചെത്തി.

പിന്നീട് രണ്ടാഴ്ച കഴിഞ്ഞാണ് ആശുപത്രിയിൽനിന്ന് ഡിസ്ചാർജ്ജായത്. എന്നാൽ പെൻസിലിൻ തുടങ്ങിയ മരുന്നുകളുടെ ഇൻജക്ഷൻ ഒരാഴ്ചകൂടി തുടരണമായിരുന്നു. അടുത്തുള്ള ഒരു ക്ലിനിക്കിൽപോയി അതും പൂർത്തിയാക്കി.

കോളജ് ഇലക്ഷനോടനുബന്ധിച്ചുണ്ടായ വിദ്യാർത്ഥി സംഘട്ടനത്തെത്തുടർന്ന് മഹാരാജാസ് കോളജ് അനിശ്ചിതകാലത്തേക്ക് അടച്ചിട്ടിരിക്കുകയായിരുന്നു. ഒരു മാസത്തിനുശേഷം കോളജ് തുറന്നപ്പോൾ എനിക്ക് കോളജിൽ പോകാൻ മാത്രം കുറച്ചൊക്കെ ആരോഗ്യം വീണ്ടുകിട്ടി. എന്നാൽ മുടങ്ങാതെ കഴിക്കേണ്ട മരുന്നുകളുണ്ടായിരുന്നു.

കോളജിൽ ക്ലാസ്സു തുടങ്ങി രണ്ടാഴ്ച കഴിഞ്ഞപ്പോൾ വീണ്ടും ചെക്കപ്പിനായി കാഞ്ഞിരപ്പള്ളിയിലെ ഹോസ്പിറ്റലിൽ ചെന്നു. എന്നെ ചികിത്സിച്ചിരുന്ന ഡോക്ടർ അപ്പോൾ മാറിപ്പോയിരുന്നു. പകരക്കാരനായ ഡോക്ടർ എന്റെ ചാർട്ട് നോക്കിയതിനു ശേഷം എനിക്ക് ടി.ബിയാണല്ലേ എന്ന് ചോദിച്ചു. അല്ല എന്നു

പറഞ്ഞിട്ടും ഡോക്ടർ സമ്മതിച്ചില്ല. കാരണം ടിബിയ്ക്കുള്ള മരുന്നുകളാണത്രെ എനിക്കു നല്കിയിരിക്കുന്നത്. ടി.ബി.ആണോ എന്നറിയാൻ എക്സറേ എടുപ്പിച്ചുനോക്കി. ടി.ബി. ഇല്ല. ഇടയ്ക്കൊക്കെ രക്തത്തിലെ ഇ.എസ്.ആർ. നോക്കണമെന്നും പറഞ്ഞ് കഴിച്ചുകൊണ്ടിരുന്ന മരുന്നുതന്നെ തുടരാൻ അദ്ദേഹവും നിർദ്ദേശിച്ചു. കൊടുത്ത മരുന്ന് ഏതാണെന്നല്ലാതെ രോഗമെന്താണെന്ന് കുറിക്കാനുള്ള ആർജ്ജവം പല ഡോക്ടർമാർക്കും ഇല്ലെന്നുള്ളതാണല്ലോ വാസ്തവം.

ഞാൻ മഹാരാജാസിൽ ചേരുന്ന സമയത്ത് വീട്ടിലെ സാമ്പത്തികാവസ്ഥ എക്കാലത്തെക്കാളും മോശമായിരുന്നു. മുരിക്കാശ്ശേരിയിലെ കുരുമുളകുകൃഷിയൊക്കെ നശിച്ചുപോയിരുന്നു. കുറെ നെല്ലായിരുന്നു അവിടുത്തെ പ്രധാന വരുമാനം. വാര്യാനിക്കാട്ടുള്ള സ്ഥലത്ത് പകുതി ഭാഗം പുതിയ റബ്ബർതൈകൾ വെച്ചിരിക്കുകയാണ്. കുറച്ചു റബ്ബർ മരങ്ങൾ കടുംവെട്ടുവെട്ടി മുറിക്കാറായതാണ്. ക്ലോണൽ ഇനത്തിൽപ്പെടുന്ന എൺപതു മരങ്ങൾ മാത്രമേ ശരിയായ ടാപ്പിങ്ങിനായി അപ്പോൾ ഉണ്ടായിരുന്നുള്ളൂ. കടുംവെട്ട് ഉൾപ്പെടെയുള്ള ടാപ്പിങ് ജോലികൾ ചെയ്തിരുന്നത് ഞാനായിരുന്നു.

അന്ന് റബ്ബർ മരങ്ങൾക്ക് പ്ലാസ്റ്റിക്കിട്ട് മഴക്കാലത്തു ടാപ്പുചെയ്യുന്ന പതിവുണ്ടായിരുന്നില്ല. അതിനാൽ ജൂൺ മാസം മുതൽ സെപ്റ്റംബർ വരെ കാര്യമായ ടാപ്പിങ് നടന്നിരുന്നില്ല. അക്കാലത്ത് ഈരാറ്റുപേട്ടയിലുള്ള ഒരു ട്യൂട്ടോറിയൽ കോളജിൽ ഞാൻ പഠിപ്പിച്ചിരുന്നു. അങ്ങനെ കിട്ടിയ കുറെ പണം എം.എ. പഠനത്തിനായി ഞാൻ കരുതിവെച്ചിരുന്നതാണ്. അതും അതിനപ്പുറവും എന്റെ ചികിത്സയ്ക്കു ചെലവായി. അതിനാൽ റബ്ബർ കടയിൽനിന്ന് കുറെ രൂപ കടം പറ്റിയിട്ടാണ് ഞാൻ മഹാരാജാസിൽ പഠിക്കാൻ പോയത്.

ഞാൻ പോയതിനാൽ എനിക്കുപകരം അപ്പൻ വാര്യാനിക്കാട്ട് വീട്ടിൽ ഒറ്റയ്ക്കു താമസിച്ചുകൊണ്ട് റബ്ബർടാപ്പിങ് നടത്തി. നവംബർ മാസത്തിലാണ് ഞാൻ പഠിക്കാനായി പോയത്. ജനുവരി മാസം പകുതിയോടെ അപ്പനെ കണ്ട് കുറെ പണം വാങ്ങാനായി വാര്യാനിക്കാട്ട് വീട്ടിൽ ഞാൻ എത്തി. അപ്പോൾ ഉച്ചകഴിഞ്ഞ് രണ്ടു മണിയായിരുന്നു. അപ്പോഴും അപ്പന്റെ ടാപ്പിങ് ജോലികൾ കഴിഞ്ഞിരുന്നില്ല. ഞാൻ പഠിക്കാൻ പോയതുകൊണ്ടാണല്ലോ അപ്പൻ ഇങ്ങനെ ഒറ്റയ്ക്കു താമസിച്ച് കഷ്ടപ്പെടുന്നതെന്നോർത്ത് എനിക്കു വിഷമമായി. വേനൽക്കാലമായതിനാലും കടുംവെട്ട് ഏറെ നാളായിതുടരുന്നതിനാലും കാര്യമായ ആദായമൊന്നും കിട്ടാനുമില്ലായിരുന്നു. അതിനാൽ ടാപ്പിങ് നിറുത്തി മുരിക്കാശ്ശേരി വീട്ടിലേക്ക് തിരിച്ചുപൊയ്ക്കൊള്ളാൻ ഞാൻ അപ്പനോടു പറഞ്ഞു. അപ്പോൾ നിന്റെ ഹോസ്റ്റൽ ഫീസൊക്കെ എങ്ങനെയുണ്ടാക്കുമെന്ന് അപ്പൻ ചോദിച്ചു. അതൊക്കെ എങ്ങനെയെങ്കിലും ഉണ്ടാക്കിക്കൊള്ളാമെന്ന് ഞാൻ പറഞ്ഞു.

ഹാജരിന്റെ കാര്യത്തിൽ കോളജിൽ അക്കാലത്ത് യാതൊരു നിർബന്ധവുമില്ലായിരുന്നു. അതിനാൽ പാർട്ട് ടൈമായിട്ടോ വേണ്ടിവന്നാൽ ഫുൾടൈമായിട്ടോ ഏതെങ്കിലും ഹോട്ടലിൽ ജോലിക്കു പോകാമെന്നാണ് ഞാൻ വിചാരിച്ചിരുന്നത്. എം.എസ്സി. മാത്സിൽ ഒന്നാംവർഷം പഠിക്കുന്ന ഉണ്ണികൃഷ്ണൻ എന്ന സുഹൃത്ത് തേവര ജങ്ഷനിൽ പ്രവർത്തിക്കുന്ന ഒരു പാരലൽ കോളജിൽ ഒരു മലയാള അധ്യാപകന്റെ ഒഴിവുണ്ടെന്ന് എന്നെ അറിയിച്ചു. തന്റെ സാമ്പത്തിക പരാധീനതകളെ മറികടക്കാൻ ഉണ്ണികൃഷ്ണൻ അവിടെ ക്ലാസ്സെടുക്കാൻ പോകുന്നുണ്ടായിരുന്നു. മുന്നൂറുരൂപ ശമ്പളത്തിൽ ഞാനും അവിടെ അധ്യാപകനായി. അവിടുത്തെ ക്ലാസ്സു കഴിഞ്ഞാൽ ഉടനെ മഹാരാജാസിലേക്ക് പോരികയും ചെയ്യും.

രണ്ടാം വർഷം ക്ലാസ്സു തുടങ്ങാറായപ്പോഴേക്കും കടുംവെട്ടു നടത്തിയിരുന്ന റബ്ബർ മരങ്ങൾ മുറിച്ചു വിറ്റുകിട്ടിയ തുകയുടെ പകുതി മൂവായിരം രൂപ അപ്പൻ എനിക്കു തന്നു. അതിനാൽ പിന്നീട് പാരലൽ കോള ജിൽ പഠിപ്പിക്കാനൊന്നും ഞാൻ പോയില്ല. ജീവിതത്തിൽ ആ ഒരു വർഷമാണ് പഠനത്തിനു മാത്രമായി ഞാൻ വിനിയോഗിച്ചത്.

വരുമാനസർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കെ.പി.സി.ആർ. സ്കോളർഷിപ്പിന് ഞാൻ അർഹനായിരുന്നു. ആയിരത്തോളം രൂപ ഓരോ വർഷവും എനിക്കു സർക്കാരിൽനിന്നു ലഭിച്ചു. ആദ്യവർഷം കിട്ടിയതു മുഴുവൻ പുസ്തകങ്ങൾ വാങ്ങാൻ വേണ്ടിയാണ് ചെലവഴിച്ചത്.

ആദ്യമായി ഞാൻ ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്നത് മഹാരാജാസിലാണ്. ആൺകുട്ടികൾക്കായുള്ള രാമവർമ്മ ന്യൂ ഹോസ്റ്റലിലെ 'ഡാർക്ക് റൂം' ആണ് എനിക്കും എന്റെ ക്ലാസ്സിൽത്തന്നെ പഠിക്കുന്ന പി.കെ. ഷാജിക്കും കിട്ടിയത്. മറ്റു റൂമുകളൊന്നും ഒഴിവില്ലായിരുന്നു. ഡാർക്ക് റൂമിന് പുറത്തേക്ക് ജനലുകൾ ഉണ്ടായിരുന്നില്ല. ഒരു ജനൽ ഉള്ളത് ഇടനാഴിയിലേക്കാണ്. അതിനാൽ പകൽപോലും മുറിയിൽ ഇരുട്ടായിരിക്കും. ബൾബിന്റെ വെളിച്ചം മാത്രമായിരുന്നു എപ്പോഴും ആശ്രയം. വൈദ്യുതി പോയാൽ പകലാണെങ്കിലും മെഴുകുതിരി കത്തിക്കേണ്ടിവരും. പുറത്തേക്കു തുറക്കുന്ന ജനലുകളില്ല. അതിനാൽ വായുസഞ്ചാരവും കുറവാണ്. വായുവും വെളിച്ചവും കടന്നുവന്നില്ലെങ്കിലും കൊതുകുകൾ നിർബാധം കടന്നുവരും. കൊതുകുകൾക്കാണെങ്കിൽ എവിടെയും എന്നോട് പ്രത്യേക മമതയുമാണ്. കൊതുകുശല്യത്തിൽനിന്ന് രക്ഷപ്പെടാൻ പുതപ്പുകൊണ്ട് ദേഹമാസകലം മറച്ചിട്ടാണ് ഞാൻ ഇരുന്നു പഠിച്ചത്. കണ്ണുമാത്രം വെളിയിലാക്കി മുഖവും മൂടിക്കെട്ടും. അപ്പോഴാകട്ടെ കൊതുകുകൾ കൺപോളകളിൽ കുത്താൻ ശ്രമിക്കും.

കൊതുകുതിരികൾ അന്നു പ്രചാരത്തിലുണ്ടായിരുന്നില്ല. സാമ്പത്തിക പരിമിതി മൂലം കൊതുകുവലയൊന്നും വാങ്ങാൻ മുതിർന്നില്ല. കൊതുകുകളിൽനിന്ന്

രക്ഷപ്പെടാനായി ചിലപ്പോൾ കോമൺറൂമിൽ പോയി കിടക്കും. വിശാലമായ ആ മുറിയുടെ നടുവിലായി ഒരു സീലിങ് ഫാൻ ഉണ്ട്. ഫാനിനു കീഴെ കിടന്നാൽ കൊതുകുശല്യം കുറവാണ്. ആർക്കും അവിടെ വന്നു കിടക്കാം. വിദ്യാർത്ഥികളല്ലാത്ത ചിലരും അവിടെ വന്നുകിടന്നിരുന്നു. പില്ക്കാലത്ത് പ്രസിദ്ധ സിനിമ സംവിധായകനായ ഒരാൾ എറണാകുളത്ത് ആരെയോ കാണാൻ വന്നിട്ട് ലോഡ്ജിൽ റൂമെടുത്തു താമസിക്കാൻ പണമില്ലാഞ്ഞിട്ടാവാം ഞങ്ങളുടെ കോമൺ റൂമിൽ വന്ന് അന്തിയുറങ്ങിയിട്ടു പോകുന്നത് ഞാൻ നേരിൽ കണ്ടിട്ടുള്ളതാണ്.

മഴയില്ലാത്ത ചില ദിവസങ്ങളിൽ ഹോസ്റ്റൽ കെട്ടിടത്തിന്റെ ടെറസ്സിൽ പോയി കിടക്കും. മൂന്നു നിലകെട്ടിടത്തിന്റെ ടെറസ് തറയോടു പതിച്ചതായിരുന്നു. അവിടെ നല്ല കടൽക്കാറ്റ് ഉള്ളതിനാൽ കൊതുകുശല്യം നാമമാത്രമായിരുന്നു. സുന്ദരസുഷുപ്തിക്കിടയിൽ അപ്രതീക്ഷിതമായി പെയ്യുന്ന മഴയിൽ ചിലപ്പോൾ നനഞ്ഞുകുളിക്കുമെന്നു മാത്രം.

പൊളിറ്റിക്സ് എം.എ.യ്ക്കു പഠിക്കുന്ന ജി. ശ്രീധരൻ കോമൺ റൂമിന്റെ മൂലയിൽ ഒരു കൊതുകുവല ഫിറ്റു ചെയ്തിരുന്നു. കൊതുകുവലയ്ക്കുള്ളിൽ കിടക്കാൻ പുള്ളിക്കാരന് അത്ര ഇഷ്ടമില്ലാത്തതിനാൽ ഞാൻ ചിലപ്പോൾ അതിനകത്തും ചേക്കേറി.

ഹോസ്റ്റലിന്റെ ഒന്നാം നിലയിൽ പ്രീഡിഗ്രിക്കാർ രണ്ടാം നിലയിൽ ഡിഗ്രിക്കാർ, മൂന്നാം നിലയിൽ പി.ജിക്കാർ എന്നിങ്ങനെയായിരുന്നു വിഭജനം. രണ്ടാം വർഷമായപ്പോൾ സ്റ്റെയർ കേസിനോടടുത്ത് തൊണ്ണൂറ്റിഒമ്പതാം നമ്പർ മുറിയിലായി എന്റെ വാസം. അപ്ലൈഡ് കെമിസ്ട്രിയിൽ എം.എസ്‌സിക്കു പഠിച്ചിരുന്ന ഒരു ഡേവിസ് ആയിരുന്നു എന്റെ റൂംമേറ്റ്.

നവാഗതർക്ക് എന്നും പേടിസ്വപ്നമായിരുന്ന 'റാഗിങ്' എന്ന കലാപരിപാടി' അക്കാലത്ത് മിക്ക ഹോസ്റ്റലുകളിലും നടപ്പുള്ളതായിരുന്നു. എന്നാൽ മഹാരാജാസിന്റെ ഹോസ്റ്റലുകളിൽ അങ്ങനെയൊരു ഏർപ്പാടുണ്ടായിരുന്നില്ല. അവിടെ എല്ലാവരും സോദരത്വേനയാണ് വസിച്ചിരുന്നത്. പ്രീഡിഗ്രിക്കാരും ഡിഗ്രിക്കാരും പി.ജിക്കാരെ 'മാഷ്' എന്ന് ബഹുമാനത്തോടെ വിളിച്ചിരുന്നു.

അധികാരികളായിട്ടുള്ളവരുടെ യാതൊരു നിയന്ത്രണവുമില്ലാതെയാണ് വിദ്യാർത്ഥികൾ മഹാരാജാസിന്റെ ഹോസ്റ്റലിൽ കഴിഞ്ഞിരുന്നത്. കോളജിലെ ഒരു പ്രൊഫസർക്ക് വാർഡൻ എന്ന ഒരു പേരും ഹോസ്റ്റലിൽ ഒരു മുറിയും നല്കിയിരുന്നു. വാർഡന്റെ മുറി മിക്കപ്പോഴും അടഞ്ഞുതന്നെ കിടന്നു. വല്ലപ്പോഴും അവിടെ അന്തിയുറങ്ങുന്ന വാർഡൻ പ്രൊഫസറും തൻകാര്യം നോക്കി അടങ്ങിയൊതുങ്ങി കഴിഞ്ഞതല്ലാതെ കുട്ടികളെ ഭരിക്കാനൊന്നും വന്നിരുന്നില്ല.

ഹോസ്റ്റലിലെ കുട്ടികൾ സിനിമയ്ക്കു പോകുന്നത് സെക്കൻഡ് ഷോയ്ക്ക് ആയിരുന്നു. ഫസ്റ്റ് ഷോ കാണാൻ പോയാൽ അത്താഴസമയത്ത് എത്താൻ

പറ്റാത്തതായിരുന്നു കാരണം. ഹോസ്റ്റലിന്റെ പ്രവേശനകവാടം പത്തുമണിക്ക് അടയ്ക്കുമെന്നതിനാൽ സിനിമ കഴിഞ്ഞു വരുന്നവർ ഹോസ്റ്റലിന്റെ പിൻവശത്തുള്ള പൈപ്പ്ലൈനിൽ പിടിച്ച് കയറി അഴികൾപോയ ഒരു ജനലിൽക്കൂടി ബദ്ധപ്പെട്ടാണ് അകത്തു കടന്നിരുന്നത്.

രാത്രിയിലാണ് കൂടുതൽ സമയം പഠിക്കാൻവേണ്ടി ഉപയോഗിക്കുന്നത് എന്നതിനാൽ ഇടയ്ക്കൊരു കട്ടൻ കാപ്പിയോ ലഘുഭക്ഷണമോ കഴിക്കാൻ രാത്രികാല ഹോട്ടലുകളിൽ പോകേണ്ടിവരുന്നതുകൊണ്ട് പത്തുമണിക്ക് ഹോസ്റ്റലിന്റെ ഗ്രില്ലിടുന്നത് ഒഴിവാക്കാമോ എന്ന് ഞാൻ ഒരിക്കൽ ഹോസ്റ്റൽ ജീവനക്കാരോട് ആരാഞ്ഞു. അതിനു ഫലമുണ്ടായി. ഹോസ്റ്റലിന്റെ മുഖവാതിൽ രാത്രി മുഴുവൻ പിന്നീടു തുറന്നു കിടന്നു. ചായ കുടിക്കേണ്ടവർക്കും സിനിമയ്ക്കു പോകേണ്ടവർക്കും അത് അനുഗ്രഹമായി.

പലപ്പോഴും ഹോസ്റ്റലിലെ മെസ്സിൽനിന്ന് ഞാൻ പുറത്താക്കപ്പെടും. കൃത്യമായി ഹോസ്റ്റൽ ഫീസ് അടയ്ക്കാതിരുന്നിട്ടാണത്. അപ്പോൾ റൂം റെന്റ്, വൈദ്യുതി, വെള്ളം എന്നിവയുടെ തുക മാത്രം കൊടുത്താൽ മതി. അതു കൊടുത്തില്ലെങ്കിലും തത്കാലം കുഴപ്പമില്ല. കുടിശ്ശികയായി കിടക്കുമെന്നു മാത്രം.

ഹോസ്റ്റൽ ഭക്ഷണത്തിൽനിന്ന് പുറത്താക്കപ്പെടുന്ന അവസരങ്ങളിൽ സ്റ്റൗ ഉപയോഗിച്ച് റൂമിൽത്തന്നെ ഞാൻ കഞ്ഞിവെച്ചു കുടിച്ചു. വീട്ടിൽ പോകുമ്പോൾ ഞങ്ങൾ കൃഷി ചെയ്തുണ്ടാക്കുന്ന അരി അതിനായി കൊണ്ടുവരുമായിരുന്നു. പാവയ്ക്ക, പയർ എന്നിവകൊണ്ടുള്ള മെഴുക്കു പുരട്ടിയായിരുന്നു മിക്കവാറും കറി. മൂന്നു നേരത്തേക്കു വേണ്ടിയാണ് ഞാൻ കഞ്ഞിവെക്കുന്നതെങ്കിലും മിക്കവാറും ഒരു നേരമേ എനിക്കത് കുടിക്കാൻ പറ്റിയിരുന്നുള്ളൂ. റൂമിലെത്തുന്ന സുഹൃത്തുക്കൾ ബാക്കിയൊക്കെ കുടിച്ചു തീർക്കും. എന്നാൽ എന്നെ പട്ടിണിയാക്കാതെ ആരെങ്കിലുമൊക്കെ ഭക്ഷണം വാങ്ങിത്തരികയും ചെയ്തിരുന്നു.

രണ്ടാംവർഷം ക്ലാസ്സുകൾ തീർന്ന് സ്റ്റഡിലീവ് ആയപ്പോഴേക്കും എന്റെ കൈയിലെ കാശും തീർന്നിരുന്നു. കെ.പി.സി.ആർ. സ്കോളർഷിപ്പിന്റെ തുക കിട്ടാൻ വൈകിയതിനാൽ ഏതാനും ദിവസങ്ങളിൽ അല്പം വിഷമിക്കാതിരുന്നില്ല. സുഹൃത്തുക്കളോടൊക്കെ ചെറിയ തുകകൾ കടം വാങ്ങിയാണ് ആ ദിവസങ്ങൾ കഴിച്ചുകൂട്ടിയത്. കൈയിൽ കാശോ കഞ്ഞിവെക്കാൻ അരിയോ ഇല്ലാതിരുന്ന ഒരു ദിവസം ആരോടും കടം ചോദിക്കാൻ അകാരണമായ ഒരു അമർഷം എന്നെ അനുവദിച്ചില്ല. എന്നാൽ പഠിക്കുന്നതിൽ ഒരു വീഴ്ചയും വരുത്തിയില്ല. ഒരിക്കൽ പനി വന്നപ്പോൾ തിളപ്പിച്ചുകുടിക്കാൻ വാങ്ങിയ ബാർലിയരിയുടെ പൊടി അല്പം മിച്ചമിരിക്കുന്നുണ്ടായിരുന്നു. നന്നായി വിശന്നപ്പോൾ വെള്ളം തിളപ്പിച്ച് ആ പൊടി കലക്കിക്കുടിച്ചു. എന്നിട്ട് വീണ്ടും പഠനത്തിൽ മുഴുകി. അന്നു

വൈകുന്നേരം എന്റെ മുറിയിൽ വന്ന മലയാളം ബി.എ. രണ്ടാം വർഷം വിദ്യാർത്ഥിയും മലയാളം അസോസ്സിയേഷൻ സെക്രട്ടറിയുമായ ജോജു ടി. ജോൺ എന്ന പയ്യൻ ഞാൻ ചോദിക്കാതെ തന്നെ ഇരുപതു രൂപയുടെ ഒരു നോട്ട് എന്റെ പോക്കറ്റിലിട്ടു തന്നു. മൂന്നു ദിവസത്തെ ഹോട്ടൽ ഭക്ഷണത്തിന് മതിയായ ആ തുക, സ്കൂൾ അധ്യാപകനായ അവന്റെ അപ്പൻ അവനു കൊടുത്ത പോക്കറ്റ് മണിയായിരുന്നു. അവനെപ്പോലെയുള്ള വിദ്യാർത്ഥികളാണ് സ്നേഹത്തിന്റെയും സഹോദരത്വത്തിന്റെയും കേളീസൗധമെന്ന മഹാരാജാസിന്റെ യശസ്സ് ഇത്രമേൽ ഉയർത്തിയിട്ടുള്ളത്.

കോളജ് യൂണിയൻ തിരഞ്ഞെടുപ്പിൽ മത്സരിക്കാനായി വിദ്യാർത്ഥി രാഷ്ട്രീയത്തിൽ സജീവമാകാൻ ചില സുഹൃത്തുക്കൾ നിർബ്ബന്ധിച്ചെങ്കിലും അതിനൊന്നും ഞാൻ വഴിപ്പെട്ടില്ല. കാരണം, എന്റേത് കോളജ് വിദ്യാഭ്യാസത്തിന്റെ അവസാനഘട്ടമാണ്. ജീവിതത്തിൽ ഒരു മുഴുവൻ സമയ വിദ്യാർത്ഥി ആകുന്നതും ഇപ്പോഴാണ്. ഇവിടെ എന്തെങ്കിലും പാളിച്ച പറ്റിയാൽ തന്റെ മുമ്പിലുള്ളത് ടാപ്പിങ്ങിനായി കാത്തിരിക്കുന്ന റബ്ബർമരങ്ങളാണെന്ന ബോധ്യം നന്നായുണ്ടായിരുന്നു. എങ്കിലും കോളജിലെ സാംസ്കാരിക പ്രവർത്തനങ്ങളിലെല്ലാം ഞാൻ ഭാഗഭാക്കായിരുന്നു.

ആദ്യ വർഷം ഡോ. എം. ലീലാവതിയായിരുന്നു മലയാളം വകുപ്പു മേധാവി. അമ്മയുടെ സ്നേഹമാണ് എല്ലാ വിദ്യാർത്ഥികളോടും ടീച്ചർക്കുണ്ടായിരുന്നത്. അടുത്ത വർഷം അവർ തലശ്ശേരി ബ്രണ്ണൻ കോളജ് പ്രിൻസിപ്പലായി മഹാരാജാസിൽനിന്നു പോയി. അപ്പോൾ പ്രൊഫ. എം.കെ. സാനു വകുപ്പുമേധാവിയായി. ചില നിലപാടുകളിൽ ഉറച്ചു നിന്ന അദ്ദേഹം വിരമിക്കൽ കാലാവധിക്കു മുമ്പുതന്നെ സർവ്വീസിൽ നിന്ന് രാജിവെച്ചൊഴിഞ്ഞു. എങ്കിലും അദ്ദേഹം പഠിപ്പിക്കേണ്ടിയിരുന്ന വിഷയങ്ങൾ കോളജ്കാമ്പസിനു പുറത്ത് ഒരു സ്ഥലം സ്വയം കണ്ടെത്തി ഞങ്ങളെ പഠിപ്പിച്ചു തന്നു. അതുപോലെ ലീലാവതി ടീച്ചറും അവധി ദിവസങ്ങളിൽ തലശ്ശേരിയിൽനിന്നെത്തി ഞങ്ങൾക്ക് ഭാഷാശാസ്ത്രത്തിനും മറ്റും പ്രത്യേകമായി ക്ലാസ്സെടുത്തിരുന്നു.

മുപ്പതു കുട്ടികളുണ്ടായിരുന്ന എം.എ. ക്ലാസ്സിൽ ബി.എയ്ക്കു കിട്ടിയ മാർക്കു വെച്ചു നോക്കുമ്പോൾ പത്താമതായിരുന്നു എന്റെ സ്ഥാനം. ഡിഗ്രി പഠനത്തിനിടെ വിട്ടുകളഞ്ഞ 'കേരളപാണിനീയം' പഠിച്ചുവെന്നു മാത്രമല്ല, മറ്റു വ്യാകരണഗ്രന്ഥങ്ങളും വ്യാകരണ ഗ്രന്ഥവിമർശനങ്ങളും ഞാൻ സ്വായത്തമാക്കി. പരീക്ഷയിൽ നല്ല മാർക്കു വാങ്ങിക്കുക മാത്രമായിരുന്നില്ല, പഠനകാര്യത്തിൽ എന്നിലെ ചാലകശക്തി. പഠിച്ചിറങ്ങുമ്പോൾ ഐച്ഛികവിഷയത്തിൽ 'മാസ്റ്റർ' ആണെന്ന് എനിക്കുതന്നെ ഒരു ബോധ്യം ഉണ്ടാകണമെന്ന് ഞാൻ നിഷ്കർഷിച്ചു. അപ്പോൾ മാർക്കും വേണ്ടപോലെ കിട്ടിക്കൊള്ളുമെന്ന് ഞാൻ കരുതി. ഏതായാലും ഒന്നാം വർഷവും രണ്ടാം

വർഷവും എം.എ. മലയാളത്തിന് മഹാരാജാസിലെ കൂടിയ മാർക്ക് എനിക്കായിരുന്നു.

മുപ്പത്തഞ്ചുവർഷങ്ങൾക്കുശേഷം തന്റെ നവതി ആഘോഷവേളയിലെ ചില അഭിമുഖങ്ങളിൽ പ്രൊഫ. എം.കെ. സാനു ഇപ്രകാരം പറയുകയുണ്ടായി. പഠിപ്പിച്ച എല്ലാ കുട്ടികളെയും തനിക്ക് ഇഷ്ടമാണെങ്കിലും അവസാനം പഠിപ്പിച്ച എം.എ. ബാച്ചിനോട് അല്പം വാത്സല്യക്കൂടുതലുണ്ട്. അവരിലൊരാളായ ജോസഫിനെ മറക്കാനാവില്ല. ഗുരുശ്രേഷ്ഠന്റെ ഈ വാക്കുകൾ ഒരു ശിഷ്യനു കിട്ടാവുന്ന മഹാബഹുമതിയല്ലേ?

## മഹാരാജകീയം – II

എ.എയ്ക്കു പഠിക്കാനായി പാരലൽ കോളജിലെ അധ്യാപനം നിറുത്തിപ്പോന്നപ്പോൾ കുട്ടികൾ പാരിതോഷികമായി മൂന്നു ഷർട്ടുകൾ എനിക്കു തന്നിരുന്നു. ആ ഷർട്ടുകളാണ് മഹാരാജാസിൽ പഠിച്ച രണ്ടുവർഷവും ഞാൻ ഇട്ടിരുന്നത്. എല്ലാ ഷർട്ടുകളും വരയുള്ളവയായിരുന്നു. എന്നും വരയൻ ഷർട്ടുകളിട്ട് എന്നെ കാണുന്ന എന്റെ സീനിയറും കവിയുമായ വിജയലക്ഷ്മി വരകളില്ലാത്ത ജോസഫിനെ തനിക്കു സങ്കല്പിക്കാൻ സാധിക്കില്ലെന്ന് ഒരിക്കൽ എന്നോടു പറഞ്ഞു.

പോളിയെസ്റ്ററിന്റെ ഡബിൾമുണ്ടായിരുന്നു അക്കാലത്ത് ഞാൻ ഉടുത്തിരുന്നത്. രണ്ടാം വർഷമായപ്പോൾ എന്റെ ഷർട്ടിന്റെയും മുണ്ടിന്റെയും കളറൊക്കെ മങ്ങിത്തുടങ്ങിയിരുന്നു. ധരിച്ചിരിക്കുന്ന വസ്ത്രത്തിന്റെ മേന്മ നോക്കി ആളുകളെ മാനിക്കുന്ന കാമ്പസല്ലാത്തതുകൊണ്ടും പുതിയ വസ്ത്രങ്ങൾ വാങ്ങാൻ പാങ്ങില്ലാത്തതുകൊണ്ടും ഉള്ളതുകൊണ്ടൊക്കെ പഠനകാലം കഴിക്കാമെന്നു കരുതി വസ്ത്രസംബന്ധിയായ അപകർഷതാബോധം ബാധിക്കാതെ നടന്ന എന്നോട് ഒരിക്കൽ എന്റെ ഒരു സുഹൃത്ത് ഇപ്രകാരം പറഞ്ഞു:

''ഇതുപോലത്തെ മുണ്ടൊക്കെ ഉടുത്ത് ഞാനായിരുന്നെങ്കിൽകോളജിൽ വരില്ലായിരുന്നു. പഠിച്ചില്ലെങ്കിൽ പഠിച്ചില്ലെന്നേയുള്ളൂ.''

അയാൾ നിഷ്കളങ്കമായി പറഞ്ഞുപോയതാണ്. എന്റെ മുണ്ട് കാലപ്പഴക്കംകൊണ്ട് വെണ്മയെല്ലാം പോയി കറുത്തു തുടങ്ങുകമാത്രമല്ല, അല്പം ചുരുണ്ടു തുടങ്ങുകകൂടി ചെയ്തിരുന്നു.

പിന്നോക്ക സമുദായത്തിൽപ്പെട്ട ആ സുഹൃത്തിന് ഹോസ്റ്റലിൽ ഭക്ഷണം ഫ്രീയാണ്. സർക്കാരിൽനിന്നു കിട്ടുന്ന സ്റ്റൈപ്പെന്റുകൊണ്ട് നല്ല പാന്റ്സും ഷർട്ടുമൊക്കെ വാങ്ങി മിനുങ്ങി നടന്നിട്ട് എന്നിൽ വികല്പം ഉണ്ടാക്കാൻ വന്നിരിക്കുകയാണ്. വെറുതെ വിടാൻ പറ്റുമോ?

നീതിസാരത്തിലെ ഒരു ശ്ലോകം ഞാൻ അയാളെ ചൊല്ലിക്കേൾപ്പിച്ചു.

''കാകദൃഷ്ടിർ ബകധ്യാനം
ശ്വാനനിദ്രാ തഥൈവ ച
അല്പാഹാരോ ജീർണ്ണവസ്ത്രം
ഏതത് വിദ്യാർത്ഥി ലക്ഷണം''

എന്നിട്ട് അത് ഇപ്രകാരം വ്യാഖ്യാനിച്ചു കൊടുത്തു. ''കാക്കയെപ്പോലെയുള്ള നോട്ടം, കൊക്കിനെപ്പോലെ ധ്യാനശീലം, നായയുടേതുപോലെയുള്ള ഉറക്കം, അല്പാഹാരം, ജീർണ്ണവസ്ത്രം ഇതൊക്കെയാണ് ഒരു വിദ്യാർത്ഥിയുടെ ലക്ഷണം.''

പിന്നീട് ഞാൻ, അവഹേളനാപാത്രമായ എന്റെ മുണ്ടിന്റെ കോന്തലയും പിടിച്ച് ലക്ഷണമൊത്ത വിദ്യാർത്ഥിയുടെ ഗർവ്വോടെ ഒരു 'ക്യാറ്റ് വാക്ക്' നടത്തി.

അക്കാലത്ത് എറണാകുളത്ത് ധാരാളം തെരുവുവേശ്യകൾ ഉണ്ടായിരുന്നു. ഓരോ ബസ്റ്റോപ്പിലും അവർ ഉപഭോക്താക്കളെ കാത്തു നില്ക്കുമായിരുന്നു. രാത്രികാലങ്ങളിൽ അവർ താത്കാലിക ഇണകളുമായി മഹാരാജാസ് കാമ്പസിനുള്ളിൽ അതിക്രമിച്ചു കടന്നിരുന്നു. പാവനമായ കലാലയം വേശ്യകളുടെ വിഹാരരംഗമാകാതിരിക്കാൻ ഞങ്ങൾ പലപ്പോഴും കാവലാളുകളായി. രാത്രികാലങ്ങളിൽ ഞങ്ങൾ കാമ്പസിൽ പട്രോളിങ് നടത്തി. ഒരിക്കൽ കോളജ് ഓഡിറ്റോറിയത്തിനു സമീപം റോഡിൽ ഞങ്ങൾ നില്ക്കുമ്പോൾ ഒരു പുരുഷനും സ്ത്രീയും ഗേറ്റിനടിയിലൂടെ നൂന്നുകയറുന്നതു കണ്ടു. എന്നോടൊപ്പം എം.എ. പൊളിറ്റിക്സിലെ ശ്രീധരനും എം.എസ്സി മാത്സിലെ ഒരു കോട്ടയംകാരനും ഉണ്ടായിരുന്നു. കോട്ടയംകാരൻ അന്ന് അവിചാരിതമായി ഞങ്ങളുടെ കൂടെ കൂടിയതാണ്. 'തേടിയ വള്ളി കാലിൽ ചുറ്റിയ' സന്തോഷത്തോടെ ഞാനും ശ്രീധരനും സരസ്വതീ ക്ഷേത്രത്തിൽ അതിക്രമിച്ചു കടന്നവരെ ആട്ടിപ്പായിക്കാനായി ഉത്സാഹംകൊണ്ടു. പക്ഷേ, കോട്ടയംകാരൻ ഞങ്ങൾ രണ്ടാളുടെയും കൈയിൽ പിടിച്ചുകൊണ്ട് വലിയ വിമ്മിട്ടത്തോടെ വിങ്ങിപ്പൊട്ടി. അയാളെ ബലാത്കാരേണ വിടുവിച്ച് മുന്നോട്ട് കുതിക്കാൻ ഞങ്ങൾ ശ്രമിച്ചപ്പോൾ അയാൾ വലുതായി പാരവശ്യപ്പെട്ടു. അതിനാൽ അനാശാസ്യക്കാരെ സ്വൈരവിഹാരത്തിനു വിട്ടിട്ട് കോട്ടയംകാരൻ 'കണക്ക'നെയും കൊണ്ട് ഞങ്ങൾക്ക് ഹോസ്റ്റലിലേക്ക് പോരേണ്ടിവന്നു.

മേല്പടി കോട്ടയംകാരൻ പിന്നീടൊരിക്കൽ എന്റെ മുറിയിൽ ഇരിക്കുകയായിരുന്നു. അതിനിടെ മുറിയിൽനിന്ന് ഇറങ്ങിപ്പോയ ഒരു സുഹൃത്ത് കതകടച്ചിട്ട് അറിയാതെ പുറത്തെ ഓടാമ്പൽ വലിച്ചിട്ടു. ഓടാമ്പലിടുന്നതിന്റെ ശബ്ദംകേട്ട കോട്ടയംകാരൻ വല്ലാത്തൊരു ഏങ്ങലോടെ ചാടിയെണീറ്റ് ചെന്ന് കതകിൽ കൈകൊണ്ടിടിച്ച് ശബ്ദമുണ്ടാക്കി. ഞാൻ എത്ര ശ്രമിച്ചിട്ടും അയാളെ ശാന്തനാക്കാൻ പറ്റിയില്ല. കതകിലിടിക്കുന്ന ശബ്ദം കേട്ട് ഇടനാഴിയിലൂടെ പോയ മറ്റൊരാൾ വാതിൽ തുറന്നപ്പോൾ മാത്രമാണ് അയാൾ നോർമലായത്. വെപ്രാളത്തിനിടെ ഉടുമുണ്ട് ഉരിഞ്ഞുപോയതുപോലും അയാൾ അറിഞ്ഞിരുന്നില്ല.

ഞങ്ങളിൽ മിക്കപേരും പഠനസമയത്ത് സന്ദർശകരുടെ ശല്യം ഉണ്ടാകാതിരിക്കാൻ രണ്ടും മൂന്നും മണിക്കൂർ സമയത്തേക്ക് മറ്റുള്ളവരെക്കൊണ്ട് മുറി പുറത്തുനിന്ന് താഴിട്ടു പൂട്ടിപ്പിക്കുമായിരുന്നു. അങ്ങനെയിരിക്കെ കോട്ടയംകാരന്റെ അസാധാരണ മനോഘടന പരീക്ഷിക്കാൻ ഞങ്ങൾ മനഃപൂർവ്വം ഒരിക്കൽക്കൂടി പുറത്തു നിന്ന് ഓടാമ്പൽ ഇട്ടു. അപ്പോഴും അയാൾ

മുമ്പുണ്ടാക്കിയതുപോലെയുള്ള പരാക്രമങ്ങൾ ആവർത്തിച്ചു. കൂടുതൽ പരീക്ഷിക്കാൻ പോയാൽ അതു വലിയ കുഴപ്പത്തിൽ കലാശിക്കുമെന്നു ഭയന്ന ഞങ്ങൾ പിന്നീട് അതിനൊന്നും മുതിർന്നില്ല.

ക്ലാസ്സിലൊന്നും പോകാതെ ഹോസ്റ്റലിൽ കിടന്നുറങ്ങിയും ഉണരുമ്പോൾ തനിയെ കണക്കു ചെയ്തു പഠിച്ചും പരീക്ഷയൊക്കെ ജയിച്ച് അയാളും കോളജ് പ്രൊഫസറായി. അയാളുടെ വിഷയം കണക്കായതു നന്നായി. അല്ലെങ്കിൽ എന്നെപ്പോലെ മലയാളം പ്രൊഫസറായി ലോക്കപ്പിലും ജയിലിലുമൊക്കെ കിടക്കേണ്ടിവന്നെങ്കിൽ സമാധാനപാലകർ അയാളെക്കൊണ്ട് ആകപ്പാടെ വിഷമിച്ചേനേ...

ഒരിക്കൽ നക്സലൈറ്റ് പ്രസ്ഥാനക്കാരുടെ ഒരു യോഗം എറണാകുളം ബോട്ടുജെട്ടി പരിസരത്തു നടന്നു. കെ. അജിത ആയിരുന്നു മുഖ്യ പ്രസംഗക. യോഗാനന്തരം 'ചെന്നായ്ക്കൾ ചെന്നായ്ക്കൾ' എന്ന തെരുവുനാടകം ഉണ്ടെന്നറിഞ്ഞാണ് ഞാൻ പോയത്. തെരുവുനാടകം എന്ന നൂതന നാടകാവതരണ രീതി മനസ്സിലാക്കുകയായിരുന്നു എന്റെ ലക്ഷ്യം.

ഞാൻ ചെന്നപ്പോഴേക്കും സമ്മേളനം കഴിഞ്ഞ്, നാടകാവതരണത്തിനുള്ള സമയമായി. പക്ഷേ, നാടകം നടത്താൻ പോലീസ് അനുവദിക്കുന്നില്ല. പ്രകോപനപരമായ നാടകമാണെന്നു ധരിച്ച് നാടകാവതരണം അനുവദിക്കരുതെന്ന് മുകളിൽനിന്ന് അവർക്ക് നിർദ്ദേശം കിട്ടിയിരിക്കണം. നാടകം നടത്താനുള്ള തങ്ങളുടെ അവകാശത്തെ ആർക്കും തടയാനാവില്ലെന്ന് സംഘാടകർ. മൈക്ക് സാങ്ഷൻ പൊതുയോഗത്തിനു മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്ന് പോലീസ്. മൈക്കില്ലാതെ നാടകം നടത്തിക്കൊള്ളാമെന്ന് നാടകക്കാർ. ഏതായാലും പോലീസിന്റെ ശാസന ധിക്കരിച്ച് നാടകം ആരംഭിച്ചു. ഒരു മിനിട്ടുപോലും കഴിയുന്നതിന് മുമ്പ് കാണികളുടെ ഇടയിൽനിന്ന ഒരു സാമൂഹിക വിരുദ്ധൻ ഒരു വലിയ ചുടുകട്ട അവിടെ നിന്ന ഒരു പോലീസുകാരന്റെ തലയിലേക്ക് എറിഞ്ഞിട്ടു. ചുടുകട്ടയോടൊപ്പം അയാളുടെ തൊപ്പി തെറിച്ചു. അടുത്ത നിമിഷം അയാളും വീണു.

''ചാർജ്ജ്....'' അവിടെയുണ്ടായിരുന്ന ഉയർന്ന പോലീസ് ഉദ്യോഗസ്ഥൻ ഓർഡറിട്ടു.

പോലീസുകാർ ലാത്തി വീശി മുന്നേറി. നാടകക്കാരും കാണികളും ചിതറി ഓടി. ഞാൻ ഓടി മാറിയത് ബോട്ടുജെട്ടിയിലേക്കാണ്. അവിടെ കെട്ടിയിട്ടിരുന്ന ഒരു ബോട്ടിൽ കയറി ഞാനിരുന്നു. അടുത്ത ഏതെങ്കിലും ജെട്ടിയിൽ ചെന്ന് കരപറ്റാമെന്നാണ് വിചാരിച്ചത്. ഭാഗ്യത്തിന് അപ്പോൾ അവിടേക്ക് ഒരു ബോട്ടു വന്നു. അതിലെ യാത്രക്കാർ ഞാനിരുന്ന ബോട്ടിലൂടെ കയറിയിറങ്ങിയാണ്

പുറത്തേക്കു പോകുന്നത്. അവരിലൊരാളായി ഞാൻ ലാത്തിയുമായി നില്ക്കുന്ന പോലീസുകാരുടെ മുന്നിലൂടെ പുറത്തേക്കു നടന്നു. ലാത്തി ചൂണ്ടിക്കൊണ്ട് അതിലൊരു പോലീസുകാരൻ ഞങ്ങളോടു പറഞ്ഞു.

''വേഗം പൊയ്ക്കോ... അവന്മാർ ഞങ്ങളെ എറിഞ്ഞിട്ടു നില്ക്കുകവാ... ഒറ്റയെണ്ണത്തിനേം വിടുകേലാ...''

റോഡിലിറങ്ങി നടക്കുമ്പോൾ ഇരുട്ടാണ്. പുറകിൽ ബൂട്ട്സിന്റെ ശബ്ദം. തിരിഞ്ഞു നോക്കാതെ വീണ്ടും ഓടി. ജനറൽ ആശുപത്രി വളപ്പിനുള്ളിലാണ് ആ ഓട്ടം ഫിനിഷ് ചെയ്തത്. അതിനിടയിൽ എന്റെ കാലിലെ റബ്ബർ ചെരുപ്പുകൾ നഷ്ടപ്പെട്ടിരുന്നു.

അവിടെ അല്പസമയം പരതി നിന്നതിനുശേഷം നഗ്നപാദനായി റോഡിൽ ഇറങ്ങി വീണ്ടും നടന്നു. ഹോസ്റ്റലിൽ എത്തിയപ്പോൾ ഒമ്പതുമണി മെസ്സ് ഹാൾ അപ്പോഴേക്കും അടച്ചു കഴിഞ്ഞിരുന്നു.

ചെരുപ്പുകളും പോയി. അത്താഴപ്പട്ടിണിയുമായി. ഒരു തെരുവുനാടകം വരുത്തിവെച്ച വിന.

കവിയരങ്ങുകളുടെ കാലഘട്ടമായിരുന്നു അത്. ബാലചന്ദ്രൻ ചുള്ളിക്കാടും വിജയലക്ഷ്മിയും അന്ന് മഹാരാജാസ്സിലെ വിദ്യാർത്ഥികളാണ്. അവരുടെ വിവാഹവും കഴിഞ്ഞിരുന്നു.

ഹോസ്റ്റലിലെ മറ്റൊരു കവിസാന്നിദ്ധ്യം എ. അയ്യപ്പനായിരുന്നു. അഗതിയായോ അതിഥിയായോ അദ്ദേഹം പലപ്പോഴും ഹോസ്റ്റലിൽ വന്നിരുന്നു. കുട്ടികൾ അദ്ദേഹത്തിനു ഭക്ഷണം വാങ്ങി നല്കി. തങ്ങളുടെ മുറിയിൽ കൊണ്ടുപോയി ഉറക്കി. പകരം അയ്യപ്പൻ അവർക്കായി കവിത ചൊല്ലി, നാടകഗാനങ്ങൾ പാടി.

എനിക്ക് അയ്യപ്പനെ ഇഷ്ടമായിരുന്നു. അയ്യപ്പന് എന്നോടെങ്ങനെയെന്ന് എനിക്കറിഞ്ഞുകൂടാ. അയ്യപ്പന് കവിത കൂട്ടുകാരിയും മദ്യം കൂട്ടുകാരനുമായിരുന്നു. അവരുടെ തോളിൽ കൈയിട്ടുകൊണ്ടായിരുന്നു അയ്യപ്പന്റെ ജീവിതയാത്ര.

ഒരിക്കൽ വിശന്നു വലഞ്ഞ് ഹോസ്റ്റലിൽ എത്തിയ അയ്യപ്പൻ, പരിചയക്കാർ ആരെയും കാണാത്തതുകൊണ്ടാവാം മെസ്സിൽ പോയി ഊണു കഴിച്ചു. ഏതു ക്ലാസ്സിലാണ് പഠിക്കുന്നതെന്ന് വിളമ്പിക്കൊടുത്ത ഹോസ്റ്റൽ ജീവനക്കാരൻ ചോദിച്ചു. ''എം.എ. മലയാളം ഒന്നാം വർഷം.' അയ്യപ്പൻ ഝടിതിയിൽ ഉത്തരം നല്കി. അന്യർ വന്ന് ഹോസ്റ്റലിൽ ഭക്ഷണം കഴിക്കുന്നതിന്റെ നഷ്ടം തങ്ങൾക്കു കൂടിയാണെന്ന് ചില അരസികന്മാർ പറയുന്നതുകേട്ടു. ഇടതുപക്ഷ സ്വഭാവികളായ ഹോസ്റ്റലിലെ ഭൂരിപക്ഷം വിദ്യാർത്ഥികളും അതൊന്നും കാര്യമാക്കിയില്ല.

അമിതമായി മദ്യപിച്ചു വരുന്ന പല ദിവസങ്ങളിലും അയ്യപ്പൻ എന്റെ മുറിയിലാണ് കിടന്നിരുന്നത്. ഒരുനാൾ ഞാൻ ഉണ്ടാക്കിയ കഞ്ഞിയുടെ ഒരു പങ്കുകൊടുത്ത് എന്റെ കട്ടിലിൽ കിടത്തിയിട്ട് ഞാൻ കോമൺറൂമിൽ ഉറങ്ങാൻപോയി. പോകുന്നതിനുമുമ്പ് എന്റെ വലതുകൈ എടുത്ത് അതിൽ വികാരഭരിതനായി അയ്യപ്പൻ ചുംബിച്ചു.

മഹാരാജാസിലെ പഠനം കഴിഞ്ഞുപോന്നതിൽ പിന്നെ ഞാൻ അയ്യപ്പനെ നേരിൽ കണ്ടിട്ടില്ല. 2010-ൽ ഒരു കൂട്ടർ വെട്ടി മാറ്റിയത് താൻ ഒരിക്കൽ ചുംബിച്ചിട്ടുള്ള കൈ ആണെന്ന് അയ്യപ്പന് ഓർക്കാൻ കഴിഞ്ഞിട്ടുണ്ടാവില്ല; അതിനുശേഷമാണ് അയ്യപ്പൻ മരിച്ചതെങ്കിലും.

രാത്രി ഒമ്പതുമണി ആയിക്കാണും. ഏകാഗ്രമായ പഠനത്തിൽ ഞാൻ മുഴുകി ഇരിക്കുകയാണ്. ഹോസ്റ്റലിലെ മിക്കവരും അപ്പോൾ പഠനത്തിൽ തന്നെ ആവണം. ഒരൊച്ചയോ ബഹളമോ കേൾക്കാനില്ല. അങ്ങനെയിരിക്കുമ്പോഴാണ് ഒരു സ്ഫോടശബ്ദം ഹോസ്റ്റലിനെയാകെ പ്രകമ്പനം കൊള്ളിച്ചുകൊണ്ട് തുടരുന്നത്. അതിന്റെ പ്രഭവം തേടിയിറങ്ങിയ ഞാൻ രണ്ടാം നിലയിൽ ഡിഗ്രിക്കാരുടെ ഒരു മുറിയിൽനിന്നാണ് അതെന്നു മനസ്സിലാക്കിയിട്ട് ഡോറിൽ മുട്ടി. കതകു തുറന്നപ്പോൾ ഞാൻ കാണുന്നത് ഒരാൾ ചെണ്ടയിൽ സാധകം ചെയ്യുന്നതാണ്. അഞ്ചാറുപേർ ചുറ്റിലുമുണ്ടുതാനും. കുട്ടികൾ പഠിച്ചുകൊണ്ടിരിക്കുമ്പോൾ ഹോസ്റ്റലിലാകെ മുഖരിതമാകുന്ന ആ ചെണ്ടയടി നിർത്തിച്ചുവെന്നു മാത്രമല്ല, അവരെ അല്പം ശാസിക്കുകകൂടി ഞാൻ ചെയ്തു.

അടുത്തു നടക്കാൻ പോകുന്ന ഹോസ്റ്റൽ ഡേക്കുവേണ്ടി ഹോസ്റ്റൽ സെക്രട്ടറിയുടെ അനുവാദത്തോടെയായിരുന്നു അവർ ചെണ്ട പ്രാക്ടീസ് ചെയ്തത്. എന്റെ ഇടപെടലിനെക്കുറിച്ച് സെക്രട്ടറിയോട് അവർ പരാതിപ്പെട്ടുകാണും. അടുത്ത ദിവസം രാത്രി എട്ടുമണിയോടെ ഞാൻ ഹോസ്റ്റലിന്റെ സ്റ്റെയർകേസ് കയറി വരുമ്പോൾ സെക്രട്ടറി പത്തു പന്ത്രണ്ട് അനുചരന്മാരോടൊപ്പം എന്നെ തടഞ്ഞു. സെക്രട്ടറി എന്റെ സുഹൃത്തുതന്നെയാണ്. എന്നാൽ ഇവിടെ അധികാരത്തിന്റെ ചെറിയൊരു പ്രശ്നമുണ്ട്. ഹോസ്റ്റൽ സെക്രട്ടറിയായ തന്റെ നിർദ്ദേശാനുസരണം പെരുമാറിയവരെ തടയാനും ശാസിക്കാനും ജോസഫിനെന്തവകാശം എന്നുള്ളതാണ് സെക്രട്ടറിയുടെ ചോദ്യം. ചോദ്യം ന്യായമാണെങ്കിലും ഒറ്റയ്ക്കു ചോദിക്കാൻ ധൈര്യമില്ലാഞ്ഞിട്ടാവും ആളുകൂട്ടി വന്നിരിക്കുന്നത്. ആളുകൂടിയാൽ ഞാൻ ഭയക്കുമോ? പോരെങ്കിൽ എന്റെ ഭാഗത്തും ഒരു ന്യായമില്ലേ? ഒരു സോറി പറഞ്ഞാൽ തീരാവുന്ന പ്രശ്നമേയുള്ളൂ. പക്ഷേ, ഞാൻ പറയുമോ? എനിക്കുമില്ലേ ഈഗോ എന്ന സംഗതി. അങ്ങനെ തർക്കം മൂത്തിരിക്കുന്ന സമയത്താണ് ശ്രീധരൻ വരുന്നത്. പത്തു പന്ത്രണ്ടാളുകൾ തന്റെ

ഉറ്റസുഹൃത്തിനെ തടഞ്ഞു വെച്ചിരിക്കുന്നതു കണ്ട ശ്രീധരൻ എന്റെ ചാരത്തു വന്നു നിന്നിട്ട് ഒരു ഗംഭീര പ്രസ്താവന നടത്തി.

''ജോസഫിന്റെ പക്ഷം ശരിയോ തെറ്റോ ആകട്ടെ, ജോസഫിനെ തൊടണമെങ്കിൽ എന്നെ വീഴിക്കണം.'' ആ 'ഭീക്ഷ്മശപഥം' കേട്ട് സെക്രട്ടറിയും കൂട്ടരും സമാധാന പ്രേമികളായി പിരിഞ്ഞുപോയി.

അത്രമാത്രം ആത്മസുഹൃത്തായിരുന്നു എനിക്കു ശ്രീധരൻ. എന്റെ ദുർഘടനാളുകളിലെല്ലാം ഒരു ആശ്വാസവും ബലവുമായി അദ്ദേഹത്തിന്റെ സൗഹൃദം എന്നോടൊപ്പമുണ്ടായിരുന്നു.

പോലീസ് സബ്ഇൻസ്പെക്ടറായി സർവ്വീസിൽ പ്രവേശിച്ച അദ്ദേഹം ഐ.പി.എസ്. ലഭിച്ച് ഉന്നതപദവികളൊക്കെ വഹിച്ചതിനുശേഷമാണ് വിരമിച്ചത്.

വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ കാലുഷ്യങ്ങൾ പെയ്തൊഴിഞ്ഞ മഹാരാജാസിലേക്കാണ് ഞാൻ പഠിക്കാനായി ചെല്ലുന്നത്. എന്റെ പഠനകാലത്ത് അവിടെ ഒരു സംഘർഷവും ഉണ്ടായില്ല. എന്നാൽ ഞാൻ കോളജു വിട്ട് അധികനാൾ കഴിയുന്നതിനു മുമ്പ് വിദ്യാർത്ഥി നേതാവായിരുന്ന സൈമൺ ബ്രിട്ടോ നട്ടെല്ലിനു മാരകമായ കുത്തേറ്റ് തളർന്ന് ശയ്യാവലംബിയായി.

ഞാൻ മഹാരാജാസിലായിരുന്ന കാലത്ത് ലോ കോളജിൽ നിയമ വിദ്യാർത്ഥിയാണ് സൈമൺ ബ്രിട്ടോ. വെളുത്തു ചുവന്ന് ഏകദേശം ആറടി പൊക്കത്തിൽ ഒരു സുന്ദരപുരുഷൻ. ജീൻസും ഇൻസെർട്ട് ചെയ്ത ഷർട്ടുമാണ് വേഷം. നടപ്പിലും എടുപ്പിലും എപ്പോഴും ഊർജ്ജം പ്രസരിച്ചിരുന്നു.

ഒരു ഹർത്താൽ ദിവസം അദ്ദേഹം ഹോസ്റ്റലിലെത്തി ഞങ്ങൾ ഏതാനും പേരെ കൂടെക്കൂട്ടി. ജനറൽ ആശുപത്രിയുടെ പരിസരങ്ങളിൽ തുറന്നിരുന്ന കടകളൊക്കെ ബ്രിട്ടോ തുരുതുരെ അടപ്പിച്ചു. അകമ്പടിക്കാരായി നിന്ന ഞങ്ങൾക്ക് കടകളിൽ തൂക്കിയിരുന്ന പഴക്കുലകളിൽ നിന്ന് പഴങ്ങൾ ഇരിഞ്ഞു തന്നത് ഇപ്പോഴും എന്റെ ഓർമ്മയിലുണ്ട്.

മതഭക്തരുടെ ആക്രമണത്തിന് ഇരയായ എന്നെ കാണാൻ ബ്രിട്ടോ എത്തിയത് മുൻപരിചയം ഓർത്തുകൊണ്ടല്ല. മുറിവേറ്റവന് മുറിവേറ്റവനോടുള്ള സഹജഭാവംകൊണ്ടായിരിക്കണം. ഞാൻ പറഞ്ഞപ്പോഴാണ് അദ്ദേഹം എന്നെ ഓർത്തെടുത്തത്.

അപ്രതീക്ഷിതമായിട്ടായിരുന്നു എന്നും അദ്ദേഹത്തിന്റെ വരവ്. അംബാസിഡർ കാറിലെത്തുന്ന അദ്ദേഹത്തിന്റെ സഹായികളായ ചെറുപ്പക്കാർ കാറിൽനിന്ന് ഒരു കിടക്ക എടുത്തു കൊണ്ടുവന്ന് വീടിന്റെ സിറ്റൗട്ടിൽ ഇടും. എന്നിട്ട് ശരീരമൊക്കെ തുടച്ച് മുണ്ടും ഷർട്ടുമൊക്കെ മാറ്റി ധരിപ്പിച്ച് അദ്ദേഹത്തെ എടുത്തുകൊണ്ടുവന്ന് കിടത്തും. അടുത്തായി ഞാൻ ചമ്രം പടിഞ്ഞിരിക്കും. എപ്പോഴും അദ്ദേഹമാണ് കൂടുതൽ സംസാരിക്കുക. ഞാൻ കേട്ടിരിക്കും.

ഒന്നു തിരിഞ്ഞു കിടക്കാൻപോലും ആവതില്ലാതെ തത്രപ്പെടുന്ന ബ്രിട്ടോയുടെ സമീപത്തങ്ങനെ ഇരിക്കുമ്പോൾ എത്ര നിരോധിച്ചാലും ഒരു സങ്കടത്തിര എന്റെ മനസ്സിൽ വന്നലയ്ക്കും.

'ഉൽഫുല്ല ബാലരവിപോലെ കാന്തിമാനാ'യിരുന്ന ബ്രിട്ടോയെ കഠാരകൊണ്ട് കുത്തിവീഴിച്ചത് മഹാരാജാസിൽ എന്റെ ജൂനിയറായി പഠിച്ചിരുന്ന ഒരാളാണെന്നാണ് പറയപ്പെടുന്നത്. എന്റെ നോട്ടത്തിൽ അയാൾ വെറുമൊരു 'ഗുണ്ട' ആയിരുന്നു. ക്രൈസ്തവ പ്രസിദ്ധീകരണങ്ങളിലൊക്കെ ധാരാളം എഴുതി ക്രിസ്ത്യാനികളുടെ ഇടയിൽ ഒരുവിധം അറിയപ്പെടുന്ന ഒരു റിട്ടയേർഡ് മലയാളം പ്രൊഫസറായിരുന്നു അയാളുടെ അപ്പൻ. ആ അപ്പൻ ഞാൻ മൃതപ്രായനായികിടന്ന സമയത്ത് എന്നെ അധ്യാപകവൃത്തിയിൽനിന്ന് പിരിച്ചുവിട്ട സഭാനടപടിയെ ക്രൈസ്തവമാധ്യമങ്ങളിലൂടെ ശ്ലാഘിക്കാൻ ഉത്സാഹിച്ചിരുന്നു. നേരും നെറിയുമില്ലാതെ വളരെ നീചമായി എന്നെ ഭർത്സിക്കാനും അദ്ദേഹം മടിച്ചില്ല. അതൊക്കെ അറിഞ്ഞ ഞാൻ സ്വയം പ്രതിരോധത്തിനെന്നവണ്ണം വിചാരിച്ചത് ഇതാണ്: ''മകൻ കഠാര കൊണ്ടു കുത്തുന്നു. അപ്പൻ തന്റെ ഉടക്കുളി പേനകൊണ്ടും. മകന്റെ അപ്പൻതന്നെ.''

ആ പ്രൊഫസറുടെ സേവനങ്ങൾക്ക് 'സഭാതാരം' എന്ന ബഹുമതി നല്കി സീറോ മലബാർ സഭ പിന്നീട് പ്രത്യുപകാരം ചെയ്തു.

ബ്രിട്ടോ അവസാനമായി എന്നെ കാണാനെത്തിയത് 2017 ജനുവരി 13-ാം തീയതിയാണ്. രാത്രി എട്ടുമണി ആയിക്കാണും. ഞാനും അമ്മയും മാത്രമേ വീട്ടിലുണ്ടായിരുന്നുള്ളൂ. സഹായിയായ ചെറുപ്പക്കാരനെ കൂടാതെ അർജ്ജുൻദാസ് എന്നു പേരുള്ള ഒരു ബീഹാറുകാരനും ബ്രിട്ടോയുടെ ഒപ്പം ഉണ്ടായിരുന്നു. അയാൾ ബ്രിട്ടോയുടെ നിർദ്ദേശപ്രകാരം ഹിന്ദിപ്പാട്ടുകൾ പാടി. കിടക്കയിൽ കിടന്നുകൊണ്ട് ബ്രിട്ടോ താളം പിടിച്ചു. യേശുവിനെക്കുറിച്ചു പാടിക്കൊണ്ടിരുന്നപ്പോൾ 'ഡിമൻഷ്യ' രോഗബാധിതയായ എന്റെ അമ്മ ഭിത്തിൽ പിടിച്ചുപിടിച്ച് ഉമ്മറവാതില്ക്കൽ വന്നു. അപ്പോൾ 'മാതാജി' യെക്കുറിച്ചും അയാൾ ഹിന്ദിയിൽ പാടി. കേട്ടു നിന്ന അമ്മ പാട്ടുകഴിഞ്ഞപ്പോൾ ഇപ്രകാരം പറഞ്ഞു:

''ഒത്തിരി കുടിച്ചിട്ടുണ്ടല്ലേ?''

അതുകേട്ട് ഞാനും ബ്രിട്ടോയും എനിക്കു കാവലാളുകളായി നിന്നിരുന്ന പോലീസുകാരും ചിരിച്ചുപോയി.

സൈമൺ ബ്രിട്ടോ എന്നെ കാണാനായി ഇനി വരില്ല. കൂടുതൽ മുറിവേല്ക്കാനായി തന്റെ ശരീരം മെഡിക്കൽ വിദ്യാർത്ഥികൾക്കു വിട്ടുകൊടുത്ത ഉജ്ജ്വല സഖാവിന് ഒരു 'ബിഗ് സല്യൂട്ട്.'

# ഇന്ന് എലി കപ്പ തിന്നട്ടെ

ബിരുദാനന്തര പഠനം പൂർത്തിയാക്കിയപ്പോൾ പല പാരലൽ കോളജിലേക്കും അദ്ധ്യാപകനാകാൻ എന്നെ ക്ഷണിച്ചതാണ്. വാര്യാനിക്കാട്ടെ സ്ഥലത്തുനിന്ന് മാറിനിൽക്കേണ്ടി വരുമെന്നതിനാൽ അതൊന്നും ഞാൻ സ്വീകരിച്ചില്ല. പഠിക്കാനായി രണ്ടു വർഷം വിട്ടുനിന്നത് കൃഷി കാര്യങ്ങളെ ബാധിച്ചിട്ടുണ്ട്. ഒരേക്കർ സ്ഥലത്തെ പ്രായമായ റബ്ബർമരങ്ങൾ തലേ വർഷം വെട്ടി മാറ്റിയിരുന്നു. അതു വിറ്റുകിട്ടിയ പണത്തിന്റെ പകുതി അപ്പൻ എനിക്കു തന്നതുകൊണ്ടാണ് അവസാനവർഷത്തിലെ ചെലവുകളെല്ലാം നടന്നുപോയത്.

റബ്ബർ മരങ്ങൾ മുറിച്ചുമാറ്റിയ ആ സ്ഥലത്ത് കഴിഞ്ഞ വർഷംതന്നെ റബ്ബർ തൈകൾ നടേണ്ടതായിരുന്നു. ഈ വർഷമെങ്കിലും അതുചെയ്യണം. അല്ലെങ്കിൽ പിന്നീട് ആദായം കിട്ടാനും വൈകുമല്ലോ.

കാടുപിടിച്ചു കിടന്നിരുന്ന ആ സ്ഥലം വെട്ടിത്തെളിച്ച് ലൈൻപിടിച്ച് കുറ്റികൾ നാട്ടി. അവിടെ കുഴികളെടുത്ത് മൂടി തടമാക്കി റബ്ബർ തൈകൾ നട്ടു. അതിനുശേഷം ആ സ്ഥലം മുഴുവൻ ഒരടി താഴ്ചയിൽ കിളച്ചിളക്കി. അല്പം ചെരിവുള്ള പ്രദേശമായിരുന്നതിനാൽ ഇടക്കയ്യാലകൾ നിർമ്മിച്ച് മണ്ണൊലിപ്പിനെ തടഞ്ഞു. കുറച്ചു ഭാഗത്ത് ഏത്തവാഴയും ബാക്കി സ്ഥലത്ത് കപ്പയും ഇടവിളയായി നട്ടു.

പകുതിയോളം സ്ഥലത്തു നിൽക്കുന്ന റബ്ബർ മരങ്ങൾ ടാപ്പുചെയ്യാൻ പ്രായമായിട്ടില്ല. നിലവിൽ ടാപ്പുചെയ്യാൻ വളരെ കുറച്ചു മരങ്ങളെ ഉള്ളൂ. അത് പഴയ ക്ലോണൽ ഇനത്തിൽപ്പെട്ട ഉത്പാദനശേഷി കുറഞ്ഞതുമാണ്. തനിയെ ടാപ്പുചെയ്യുന്നതുകൊണ്ട് കുറച്ച് ആദായമൊക്കെ കിട്ടും. എന്റെ ചെലവു കഴിഞ്ഞുള്ളത് വീട്ടിലേക്ക് കൊടുക്കുകയും വേണമായിരുന്നു. അതിനാൽ കയ്യാല കെട്ടുന്നതുൾപ്പെടെയുള്ള ചില പണികൾക്ക് മറ്റാളുകളെ കൂട്ടിയെങ്കിലും കൂടുതൽ പണികളും ഞാൻ തന്നെയാണ് ചെയ്തിരുന്നത്. എന്റെ കൈകൾ തഴമ്പിക്കുകയും ഞാൻ നട്ട തൈകളെല്ലാം തഴച്ചു തുടങ്ങുകയും ചെയ്യുന്ന കാലത്താണ് ചങ്ങനാശ്ശേരി NSS ട്രെയിനിങ് കോളജിൽ B.Ed കോഴ്സിന് ചേരാൻ ഞാൻ അപേക്ഷിക്കുന്നത്. എന്നാൽ ആ കോഴ്സിന് ചേരണമെന്ന ഉറച്ച തീരുമാനമൊന്നും അപ്പോൾ എടുത്തിരുന്നില്ല.

മദ്രാസ് യൂണിവേഴ്സിറ്റിയിൽ M.Phil നു ചേരണമെന്നതായിരുന്നു എന്റെ ആഗ്രഹം. അതിനുള്ള സാഹചര്യം ഇല്ലാത്തതുകൊണ്ടാണ് B.Edന് അപേ ക്ഷിക്കാൻ ഒരുമ്പെട്ടത്. അഡ്മിഷനുള്ള കാർഡുകിട്ടിയപ്പോൾ ഞാൻ സന്ദിഗ്ധാവസ്ഥയിലായി. ഒരു സ്കൂൾ അദ്ധ്യാപകനാകാൻ ഞാൻ ആഗ്രഹിച്ചിരുന്നില്ല എന്നുള്ളതാണ് ഒന്നാമത്തെ കാര്യം. രണ്ടാമത്, എന്റെ

കൃഷികാര്യങ്ങൾ അവതാളത്തിലാകുമോ എന്ന തോന്നൽ. മറുവശം ചിന്തിക്കുമ്പോൾ പോകാതിരിക്കുന്നത് ശുദ്ധമണ്ടത്തരം. മലയാളത്തിന്റെ B. Ed കോഴ്സ് അക്കാലത്ത് ചുരുക്കം കോളജുകളിൽ മാത്രമേ ഉണ്ടായിരുന്നുള്ളൂ. പഠിച്ചിറങ്ങുമ്പോൾതന്നെ ഹൈസ്കൂൾ അധ്യാപകന്റെ ജോലി ഉറപ്പാണ്. അതിനാൽ മാനേജ്മെന്റ് സീറ്റുകൾക്ക് നല്ല ഡിമാന്റാണ്. പതിനയ്യായിരവും ഇരുപതിനായിരവും കൊടുത്താണ് അഡ്മിഷൻ പലരും തരപ്പെടുത്തുന്നത്. അന്നത്തെ കാലത്ത് അത് വലിയ ഒരു തുകയാണ്. അങ്ങനെയിരിക്കെ എനിക്ക് മെറിറ്റിൽ കിട്ടിയ അഡ്മിഷൻ വേണ്ടെന്നു വെക്കുന്നത് ബുദ്ധിയാണോ? ചോദ്യങ്ങൾ പലതും ഞാൻ എന്നോടു തന്നെ ചോദിച്ചു. അവസാനം അതിനു ചേരാൻ തന്നെ ഞാൻ തീരുമാനിച്ചു.

കൃഷികാര്യങ്ങളിൽ ഒരു നോട്ടം ആവശ്യമായിരുന്നതുകൊണ്ടും ചങ്ങനാശ്ശേരിയിൽ താമസിച്ചു പഠിക്കുന്നത് ചെലവേറുമെന്നുള്ളതുകൊണ്ടും തത്കാലം വീട്ടിൽനിന്നു പോയിവരാമെന്നു ഞാൻ കരുതി. അറുപതു കിലോമീറ്ററോളം അകലെയുള്ള കോളജിൽ എന്നും പോയി പഠിക്കുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല എന്ന് എനിക്കറിയാമായിരുന്നു. പോരെങ്കിൽ ഒരു സഹായത്തിനും ആളില്ലാതെ ഞാൻ ഒറ്റയ്ക്കു താമസിക്കുകയുമാണ്. എങ്കിലും ഞാൻ ആ സാഹസത്തിനു മുതിർന്നു.

അലാറം വെക്കാതെ തന്നെ ഞാൻ അഞ്ചുമണിക്ക് ഉണരും. കുളി മുതലായ പ്രഭാതകൃത്യങ്ങൾ നടത്തി ലളിതമായ എന്തെങ്കിലും ഭക്ഷണം ഉണ്ടാക്കി കഴിച്ചശേഷം 6.30 ന് വീട്ടിൽ നിന്നിറങ്ങും. ഏറ്റവും അടുത്ത ബസ് സ്റ്റോപ്പിലെത്താൻ മൂന്നു കിലോമീറ്റർ നടക്കണം. ഈരാറ്റുപേട്ടയിൽനിന്ന് വരുന്നതും ചങ്ങനാശ്ശേരി വരെ പോകുന്നതുമായ ഒരു ലൈൻ ബസ്സുണ്ട്. 7.25 ന് അതിൽ കയറി 9.30 ന് ചങ്ങനാശ്ശേരിയിലെത്തും. ബസ്സിറങ്ങിയാൽ ഏതെങ്കിലും ഹോട്ടലിൽ കയറി മുഖം കഴുകി ഒരു ചായയും കുടിച്ചിട്ട് ഒരു കിലോമീറ്റർ നടന്ന് പെരുന്നയിലുള്ള കോളജിൽ കൃത്യസമയത്തുതന്നെ എത്തും.

M.A. യ്ക്കു പഠിക്കുമ്പോൾ മണിക്കൂറിൽ മുപ്പതു പേജുവരെ എഴുതാനുള്ള കൈവേഗത എനിക്കുണ്ടായിരുന്നു. എന്നാൽ ഒരു വർഷക്കാലം കമ്പിയും തൂമ്പയും പിടിച്ച് തഴമ്പിച്ചുപോയ എന്റെ കൈകൾ അധ്യാപകർ പറഞ്ഞുതരുന്ന നോട്ട് എഴുതിയെടുക്കാൻ ആദ്യനാളുകളിൽ വഴങ്ങില്ലായിരുന്നു. മുഖം കഴുകുമ്പോൾ സൂക്ഷിച്ചില്ലെങ്കിൽ മുഖത്ത് പോറൽ ഏൽക്കുന്ന പരുവത്തിലായിരുന്നു അപ്പോഴുള്ള എന്റെ കൈകൾ.

ഉച്ചയ്ക്ക് കോളജുപരിസരത്തുള്ള ഹോട്ടലിൽനിന്നു കഴിക്കുന്ന ഊണാണ് ആ ദിവസത്തെ പ്രധാന ഭക്ഷണം.

നാലുമണിവരെയുള്ള ക്ലാസ്സുകഴിഞ്ഞാൽ ഒരു കിലോമീറ്റർ നടന്നു വന്ന് മടക്കയാത്രയ്ക്കുള്ള ബസ്സിൽ കയറും. കാഞ്ഞിരപ്പള്ളിയിൽനിന്ന് ഒരു ബസ് മാറിക്കയറണം പിണ്ണാക്കനാട് എന്നു പേരുള്ള എന്റെ ബസ്സ്റ്റോപ്പിൽ എത്താൻ.

രാവിലത്തെ യാത്ര ഒറ്റബസ്സിലാണെങ്കിലും രണ്ടു തവണയായി ടിക്കറ്റെടുക്കണമായിരുന്നു. നാൽപതു കിലോമീറ്റർ കൂടുതൽ ദൂരം വിദ്യാർത്ഥികൾക്ക് കൺസഷ്യൻ കൊടുക്കേണ്ടെന്നാണത്രേ നിയമം. അതിനാൽ കാഞ്ഞിരപ്പള്ളിവരെ മുഴുവൻ ചാർജിന്റെ ടിക്കറ്റ്. അതിനുശേഷം കൺസഷൻ ടിക്കറ്റ്.

വിദ്യാർത്ഥികൾ ജീർണ്ണ വസ്ത്രധാരികളായിരിക്കണം എന്ന ആർഷഭാരത സൂക്തം അനുസരിച്ചായിരുന്നു അക്കാലത്തെ എന്റെ വേഷവിധാനം. ഇസ്തിരി ആവശ്യമില്ലാത്ത പോളിസ്റ്ററിന്റെ ഡബിൾ മുണ്ടും പരുക്കൻ ഷർട്ടും. കൈയിൽ ഫയലൊക്കെ പിടിച്ചിട്ടുണ്ടെങ്കിലും വെയിലും മഴയുംകൊണ്ട് ഒരു കൂലിപ്പണിക്കാരന്റെ 'ലുക്ക്' എനിക്കുവന്നതുകൊണ്ടോ എന്തോ 'ST' ചോദിക്കുമ്പോഴൊക്കെ കണ്ടക്ടർമാർ എന്നെ അടിമുടി ഒന്നുനോക്കും. പോരെങ്കിൽ എനിക്കന്ന് ഇരുപത്തിഏഴുവയസ്സാണ് പ്രായം. കണ്ടക്ടർമാരിൽ പലരും എന്നെക്കാൾ ചെറുപ്പമായിരുന്നു. മിക്കപ്പോഴും അവർ എന്നോട് കൺസഷൻ കാർഡ് കാണിക്കാൻ ആവശ്യപ്പെടും. ഇതെല്ലാം പ്രതീക്ഷിക്കുന്ന ഞാൻ കോളജിലെ ഐഡന്റിറ്റിക്കാർഡും പ്രൈവറ്റ് ബസ് ഓണേഴ്സ് അസോസിയേഷൻ തരുന്ന കൺസഷൻ കാർഡും എപ്പോഴും കൈവശം വെച്ചിരുന്നു.

ഒരിക്കൽ എന്റെ കാർഡുകൊണ്ട് ഞാൻ വിദ്യാർത്ഥിതന്നെയാണ് എന്നു ബോധ്യപ്പെട്ടപ്പോൾ ഒരു ചെറുപ്പക്കാരൻ കണ്ടക്ടർ അവജ്ഞ കലർന്ന മുഖഭാവത്തോടെ ചോദിച്ചു. ''ഇതൊക്കെ ഇനിയും നിറുത്താറായില്ലേ ചേട്ടാ.'' അവന്റെ നേരേ നോക്കി ഞാൻ ചിരിക്കുക മാത്രം ചെയ്തു.

വൈകുന്നേരം 6.30 നാണ് ഞാൻ ബസ്സിറങ്ങുന്നത്. അവിടെയുള്ള ചായക്കടയിൽനിന്ന് ചായയും കടിയും കഴിക്കും. രണ്ടു ബോണ്ട പാർസലായി വാങ്ങിക്കും. ആ ബോണ്ടകൾ എനിക്കുവേണ്ടിയുള്ളതല്ല.

ഞാൻ കപ്പക്കൃഷി നടത്തുന്നുണ്ടെന്നറിഞ്ഞ് ആ പ്രദേശത്തുള്ള എലികളൊക്കെ അതിർത്തി കടന്ന് എന്റെ പറമ്പിലേക്ക് വന്നു തുടങ്ങി. പന്നിയെലി (പെരുച്ചാഴി)കളായിരുന്നു അവരിൽ പ്രധാനികൾ. കപ്പയ്ക്കു വേരുപൊട്ടിയപ്പോൾ മുതൽ മാന്തിത്തുടങ്ങിയതാണ്. കിളച്ചിളക്കിയ സ്ഥലമായിരുന്നതിനാൽ അവർക്ക് പണി എളുപ്പവുമായിരുന്നു. ഓരോ ദിവസവും അഞ്ചാറുചുവട് (മൂട്) എങ്കിലും മറിച്ചിടും. അതിനാൽ എലി നശീകരണമായിരുന്നു രാത്രികാലങ്ങളിലെ എന്റെ പ്രധാന ജോലി. അതിന്റെ ഭാഗമാണ് ബോണ്ടാപ്രയോഗം. ഒരു ബോണ്ട നാലഞ്ചുകഷണങ്ങളായി മുറിച്ചെടുത്ത് കത്തിമുനകൊണ്ട് തുരന്ന് അതിൽ വിഷം നിറച്ച് തുരന്നടുത്ത ഭാഗംകൊണ്ടുതന്നെ അടച്ചശേഷം എലിയുടെ വഴിത്താരകളിൽ നിക്ഷേപിക്കും. അതു ഭക്ഷിക്കുന്ന എലികൾ നിർവ്വാണം പ്രാപിച്ചാലും അവരുടെ പിൻഗാമികൾ

ദൗത്യം ഏറ്റെടുത്ത് രംഗപ്രവേശം ചെയ്യുന്നതിനാൽ 'ബോണ്ടായുദ്ധം' എനിക്ക് കുറേക്കാലം തുടരേണ്ടിവന്നു.

ഏഴരമണിയോടെ വീട്ടിലെത്തുന്ന ഞാൻ കഞ്ഞിവെച്ചു കുടിക്കണമെന്നൊക്കെ വിചാരിക്കും. മടികൊണ്ടോ ക്ഷീണംകൊണ്ടോ അതുപിന്നെ വേണ്ടെന്നുവെയ്ക്കും. എലിക്കുവേണ്ടി വാങ്ങിച്ച ബോണ്ടകളിൽ ഒന്നെടുത്ത് ഞാൻ തിന്നും. ചിലപ്പോൾ അടുത്തതുകൂടി തിന്നാനുള്ള പ്രലോഭനം ഉണ്ടാകും. അപ്പോൾ ഞാനൊരു തീരുമാനത്തിലെത്തും. ''ഇന്ന് എലി കപ്പ തിന്നട്ടെ.'' ഉദാരമസ്കന്റെയും അഹിംസാ വാദിയുടെയും ഒരു സ്വച്ഛന്ദനിദ്ര എനിക്കന്ന് കിട്ടുകയും ചെയ്യും.

## കാച്ചിയ പാൽ

ഞാൻ ചങ്ങനാശ്ശേരി എൻ.എസ്.എസ്. ട്രെയിനിങ് കോളജിൽ പഠിക്കുന്ന കാലത്ത് ആദ്യത്തെ മൂന്നുനാലു മാസം വീട്ടിൽനിന്ന് പോയി വരികയായിരുന്നു. അറുപതു കിലോമീറ്റർ ദൂരെയുള്ള കോളജിൽ പലപ്രതിബന്ധങ്ങളെയും തരണം ചെയ്ത് എത്തേണ്ടിയിരുന്നതിനാൽ എല്ലാ ദിവസവും അതിനു കഴിഞ്ഞിരുന്നില്ല. അതിനാൽ ചെല്ലുന്ന ദിവസങ്ങളിൽ എന്റെ സാമീപ്യം എല്ലാവരെയും ബോധ്യപ്പെടുത്തണമെന്ന് ഞാൻ മനഃപൂർവ്വം വിചാരിച്ചിരുന്നു. അതിനുള്ള ഉപാധിയായി ഞാൻ സ്വീകരിച്ചത് ജനറൽ ക്ലാസുകളിൽ അധ്യാപകരോട് സംശയം ചോദിക്കുക-സംവാദത്തിൽ ഏർപ്പെടുക എന്ന നയമാണ്. സാമ്പിളിനുവേണ്ടി അതിലൊന്നുമാത്രം വിവരിക്കാം.

പല വിഷയങ്ങളിലുള്ള ബിഎഡ്. ട്രെയിനികൾക്ക് പൊതുവായ വിഷയങ്ങളും പഠിക്കാനുണ്ടായിരുന്നു. അതിനുള്ള ക്ലാസ്സുകൾ നടക്കുന്നത് കോളജ് ഓഡിറ്റോറിയത്തിലാണ്. അധ്യാപകർ സ്റ്റേജിൽ നിന്നുകൊണ്ടാണ് ക്ലാസ്സെടുത്തിരുന്നത്. അവർക്കുവേണ്ടി മൈക്കും സജ്ജീകരിച്ചിട്ടുണ്ടായിരുന്നു.

ഞാൻ പഠിച്ച 1984–85 അധ്യയനവർഷത്തിൽ അവിടെ 187 കുട്ടികളാണ് പഠിച്ചിരുന്നത്. 'ഇന്ത്യയിലെ വിദ്യാഭ്യാസം' എന്ന വിഷയത്തിന്റെ ആദ്യത്തെ ക്ലാസ്സിൽ ഞങ്ങളെല്ലാവരും ഒത്തുകൂടിയിരിക്കുകയാണ്. ഒരു പീലിപ്പോസ് സാറാണ് ക്ലാസ്സെടുക്കാനായി വന്നിരിക്കുന്നത്. കുട്ടികളുടെ മുന്നറിവ് പരിശോധിച്ച് ക്ലാസ്സ് ആരംഭിക്കുക എന്ന തിയറി അനുസരിച്ച് ഇന്ത്യയിലെ വിദ്യാഭ്യാസത്തെക്കുറിച്ച് നിങ്ങളുടെ അഭിപ്രായം എന്തെന്ന് സാറ് പൊതുവായിട്ട് ഞങ്ങളോടു ചോദിച്ചു

എന്തഭിപ്രായം പറയാൻ? നിസ്സംഗതയോടെ ഇരുന്നതല്ലാതെ ആരും ഒന്നും മിണ്ടിയില്ല.

''ഇതാണ് നമ്മുടെ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനപരമായ തകരാറ്. ആർക്കും തന്നെ ഒരു പ്രതികരണശേഷിയില്ല.''

ഇന്ത്യയിലെ വിദ്യാഭ്യാസത്തിന്റെ പോരായ്മകൾ ഞങ്ങളെ ഉദാഹരിച്ചുകൊണ്ട് സാറ് പറഞ്ഞു തുടങ്ങി.

''ബിരുദവും ബിരുദാനന്തരബിരുദവും എടുത്ത് ഉന്നത വിദ്യാഭ്യാസം നേടിയിട്ടുള്ളവരാണ് നിങ്ങളെല്ലാവരും. അഭിപ്രായം ഇല്ലാഞ്ഞിട്ടല്ല, നിങ്ങളിൽ പലരും മിണ്ടാതിരിക്കുന്നത്. അതുപറയാനുള്ള തന്റേടമില്ലാഞ്ഞിട്ടാണ്.''

സാറ് ഞങ്ങളുടെ ആത്മാഭിമാനത്തിലാണല്ലോ തൊട്ടുകളിക്കുന്നത്. ഞാൻ സാവധാനം എണീറ്റു. അതേ സമയത്തുതന്നെ നാച്ചറൽ സയൻസ്

വിഭാഗത്തിലെ മറ്റൊരു ജോസഫും എണീറ്റുനിന്നു. അതിനാൽ അപരന് അവസരം കൊടുത്തുകൊണ്ട് ഞാൻ ഇരുന്നു.

''ഇന്ത്യയിലെ വിദ്യാഭ്യാസം ഇപ്പോൾ പല തട്ടുകളിലാണ്. ഒരു ഒരു ഏകോപനം വിദ്യാഭ്യാസമേഖലയിൽ അനിവാര്യമാണെന്നാണ് എന്റെ അഭിപ്രായം.''

അത്രയും പറഞ്ഞിട്ട് ആ ജോസഫ് ഇരുന്നു. കൈയാഗ്യം കാട്ടി സാറ് എന്നെ അഭിപ്രായത്തിനായി ക്ഷണിച്ചു.

സാറിന്റെ അഭിപ്രായത്തോടു പ്രതികരിക്കാനാണ് ഞാൻ നേരത്തെ എണീറ്റത്. അപ്പോഴാണ് സുഹൃത്തിന്റെ അഭിപ്രായം വരുന്നത്. അതിനെയും വിട്ടുകളയണ്ട. ഞാൻ തുടങ്ങി:

''ഇന്ത്യയിലെ വിദ്യാഭ്യാസത്തെക്കുറിച്ച് ഇവിടെ പറഞ്ഞുകേട്ട രണ്ട് അഭിപ്രായത്തോടും എനിക്കു യോജിപ്പില്ല. അതിനുള്ള കാരണം...?'' ഒന്നു നിർത്തിയിട്ട് ക്ലാസ്സിൽ ആകപ്പാടെ ഞാൻ നോക്കി. എല്ലാവരും ശ്രദ്ധിക്കുന്നുണ്ട്. ഉറച്ച ശബ്ദത്തിൽ ഞാൻ തുടർന്നു:

''രണ്ടാം ക്ലാസ്സിലെ മലയാള പാഠാവലിയിൽ പഠിച്ച ഒരു പാഠം ഞാൻ ഇപ്പോഴും ഓർക്കുന്നു. അമ്മ എനിക്ക് കാച്ചിയ പാൽ തരും. അതു കുടിക്കാഞ്ഞാൽ അമ്മ കരയും. എന്തിനാണ് അമ്മ കരയുന്നത്? ഞാൻ അച്ഛനോളം വലുതാകണം. അതാണ് അമ്മയ്ക്ക് ഇഷ്ടം. ആ പാഠം എഴുതി തയ്യാറാക്കിയ പ്രൊഫസറുടെ ഭാര്യ മക്കൾ പാലുകുടിച്ചില്ലെങ്കിൽ കരയുമായിരുന്നുവെന്ന് അവരെ അറിയാമായിരുന്ന ഒരു വനിതാ പ്രൊഫസർ പറഞ്ഞ് ഞാൻ കേട്ടിട്ടുമുണ്ട്. അവരുടെ മക്കൾക്ക് അല്ലെങ്കിൽ അവരെപ്പോലെയുള്ള വരേണ്യവർഗ്ഗത്തിലെ സന്തതികൾക്ക് ഈ പാഠം പഠിക്കാൻ കൊള്ളാം. അവർക്ക് അത് മനസ്സിലാകുകയും ചെയ്യും. കേരളത്തിലെ ബഹുഭൂരിപക്ഷം മനുഷ്യരും ഒരു നേരംപോലും ഭക്ഷണം കഴിക്കാൻ നിവൃത്തിയില്ലാതെ വലഞ്ഞിരുന്ന കാലത്താണ് ഞാൻ ഉൾപ്പെടെയുള്ള കുട്ടികൾ ഈ പാഠം ഉരുക്കഴിച്ച് പഠിച്ചുകൊണ്ടിരുന്നത്. എന്റെ അപ്പൻ കൃഷിക്കാരനായതിനാൽ ഏതെങ്കിലും മല കിളച്ച് കപ്പയും ചേനയും കാച്ചിലുമൊക്കെ നട്ട് ഞങ്ങൾ മക്കൾക്ക് മൂന്നു നേരം ഭക്ഷണം തരുമായിരുന്നു. എന്നാൽ 'കാച്ചിയ പാൽ' എന്തു സാധനമാണെന്ന് ആ പാഠം പഠിക്കുന്ന കാലത്ത് എനിക്കും അറിവില്ലായിരുന്നു. പട്ടിണിപ്പാവങ്ങളുടെ കഥ പിന്നെ പറയാനുണ്ടോ? ചേരിപ്രദേശത്തും ചെറ്റക്കുടിലിലുമൊക്കെ കഞ്ഞിവെള്ളംപോലും കുടിക്കാൻ കിട്ടാത്തവരായി കഴിഞ്ഞു കൂടുന്ന കുഞ്ഞുങ്ങളും പാഠപ്പുസ്തകത്തിലെ 'കാച്ചിയ പാൽ' കുടിക്കാൻ നിർബന്ധിതരാകുന്നു. അതു കുടിക്കാഞ്ഞാൽ അമ്മ കരയുമത്രെ.''

എന്തിനാണ് അമ്മ കരയുന്നത്? ഞാൻ അച്ഛനെപ്പോലെ വലുതാകണം. അതാണ് അമ്മയ്ക്ക് ഇഷ്ടം.

ഏതെങ്കിലും പണക്കാരുടെ വീട്ടിലെ പാത്രം മോറിയിട്ടോ വിഴുപ്പലക്കിയിട്ടോ അമ്മ കൊണ്ടുവരുന്ന ഉരിയരിയുടെ കഞ്ഞിക്കലത്തെ മദ്യലഹരിയിൽ എടുത്തെറിഞ്ഞുടയ്ക്കുന്ന അച്ഛനെപ്പോലെ താനും വളരണമത്രെ! മുടിക്കെട്ടിനു കുത്തിപ്പിടിച്ച് അമ്മയെ അടിക്കുകയും ഇടിക്കുകയും തൊഴിക്കുകയും ചെയ്യുന്ന അച്ഛനെപ്പോലെ ഞാനും ആകുന്നതാണോ അമ്മയുടെ ഇഷ്ടം. പാഠം പഠിക്കുന്ന കുഞ്ഞുങ്ങൾ പകച്ചുപോകുകയാണ്.''

അഭിപ്രായം ചോദിക്കാൻ പോയത് പൊല്ലാപ്പായല്ലോ എന്ന മട്ടിലായിരുന്നു അപ്പോൾ സാറിന്റെ നില. എങ്കിലും പറഞ്ഞുതുടങ്ങിയത് മുഴുമിപ്പിക്കണമല്ലോ.

''അതിനാൽ സാമ്പത്തികവും സാമുദായികവുമായ ഉച്ചനീചത്വങ്ങൾ നിലനില്ക്കുന്നിടത്തോളം കാലം വിദ്യാഭ്യാസത്തെ ഏകോപിപ്പിക്കുകയല്ല; പല തട്ടുകളിലായി വിഘടിപ്പിക്കുകതന്നെയാണ് വേണ്ടത്. അതുപോലെ നമ്മുടെ വിദ്യാഭ്യാസപ്രക്രിയയിൽ വിദ്യാർത്ഥികളുടെ പ്രതികരണശേഷിയെ വളർത്താനല്ല, തളർത്താനാണ് നാം ശ്രമിക്കേണ്ടത്. കാരണം, മനുഷ്യന് അത്യന്താപേക്ഷിതമായ ആഹാരം, വസ്ത്രം, പാർപ്പിടം എന്നിവപോലും നിഷേധിക്കപ്പെടുന്ന നീതിരഹിതമായ ഒരു സാമൂഹിക വ്യവസ്ഥിതിയിൽ അവർ റിബലുകളായിത്തീരാൻ സാധ്യതയുണ്ട്. അടിമകളാക്കി അവരെ നിലനിറുത്തിക്കൊണ്ടുപോകണമെങ്കിൽ ചിന്താശേഷി അവർക്ക് അശേഷം പാടില്ല.''

ഇത്രയും പറഞ്ഞതിനുശേഷം ഞാൻ സാറിന്റെ നേരേ നോക്കി. 'ശരി, ശരി' എന്നു പറഞ്ഞുകൊണ്ട് അംഗവിക്ഷേപത്താൽ എന്നെ ഇരുത്തി.

എന്റെ വിപരീതാർത്ഥപ്രയോഗം (irony) അദ്ദേഹത്തിന് മനസ്സിലായോ എന്താ? അദ്ദേഹം പ്രതികരിച്ചതേയില്ല.

ഞാൻ അന്ന് വിരുദ്ധോക്തിയിൽ പറഞ്ഞ കാര്യങ്ങളാണ് വാച്യാർത്ഥത്തിൽ കേരളത്തിൽ പിന്നീട് നടപ്പിലായത്. പൊതു വിദ്യാഭ്യാസമേഖലയിൽ സ്വാകാര്യവത്കരണം നടക്കുകയും പല തട്ടുകളിലായി വിവിധ സിലബസുകൾ പഠിപ്പിക്കുന്ന സ്കൂളുകൾ ഉണ്ടാകുകയും ചെയ്തു. അവിടങ്ങളിൽ അച്ചടക്കത്തിന്റെ പുകമറ സൃഷ്ടിച്ച് വിദ്യാർത്ഥികളുടെ ചിന്താശേഷിയും പ്രതികരണശേഷിയും ഇല്ലാതാക്കുന്നു. അവരെ സ്വാർത്ഥരും സങ്കുചിത മനസ്കരുമാക്കുന്നു. ചെറുപ്രായത്തിൽതന്നെ അബദ്ധവിശ്വാസങ്ങളുടെ സൂക്തങ്ങൾ ചൊല്ലിക്കൊടുത്ത് സ്ഥാപിത താത്പര്യക്കാർ അവരെ അടിമകളാക്കുന്നു.

ഏതായാലും പട്ടിണി മാറി ഭൂരിപക്ഷം കുഞ്ഞുങ്ങൾക്കും 'കാച്ചിയപാൽ' കുടിക്കത്തക്ക രീതിയിൽ കേരളത്തിലെ സാമ്പത്തികാവസ്ഥ മെച്ചപ്പെട്ടതിൽ നമുക്ക് ആശ്വസിക്കാം. അതോടൊപ്പം, ഭക്ഷണ ദൗർലഭ്യം കൊണ്ടുണ്ടാകുന്ന രോഗങ്ങൾക്കു പകരം അമിതഭക്ഷണത്താലും വിഷലിപ്ത ഭക്ഷണത്താലും ഉണ്ടാകുന്ന മാരകരോഗങ്ങളെ നമുക്ക് വരവേല്ക്കുകയും ചെയ്യാം.

# ഫിംഗർ പെയിന്റിങ്

B.Ed കോഴ്സിനോട് അനുബന്ധിച്ച് ധാരാളം എഴുതാനും വരയ്ക്കാനുമൊക്കെ ഉണ്ടല്ലോ. സെക്കൻഡ് ടേം പകുതിയായപ്പോൾ റെക്കോർഡ് ബുക്കുകളും ചാർട്ടുകളുമെല്ലാം സമർപ്പിക്കാനുള്ള പണി തുടങ്ങി. വീട്ടിൽനിന്ന് പോയിവന്നാൽ അതൊന്നും നടക്കില്ലെന്നുള്ളതുകൊണ്ട് സഹപാഠികളോടൊപ്പം ചങ്ങനാശ്ശേരിയിലെ ഒരു ലോഡ്ജിൽ ഞാനും താമസമാക്കി. റബ്ബർ ടാപ്പുചെയ്യാൻ ഒരാളെ നേരത്തേതന്നെ നിയമിച്ചിരുന്നു. കപ്പ പറിച്ചു വിൽക്കുന്നതിനും മറ്റുമേൽനോട്ടങ്ങൾക്കുമായി ഒരു സുഹൃത്തിനെ ഏർപ്പാടാക്കുകയും ചെയ്തു. മുമ്പു പഠിച്ചിരുന്നവരുടെ റെക്കോർഡ് ബുക്കുകൾ സംഘടിപ്പിച്ച് അതു പകർത്തിക്കൊടുക്കുന്ന രീതിയാണ് എല്ലാവരും സ്വീകരിക്കുന്നത്. നല്ല കൈയക്ഷരമുള്ള സഹോദരങ്ങളെക്കൊണ്ടോ മറ്റുള്ളവരെക്കൊണ്ടോ ആണ് പലരും എഴുതിപ്പിക്കുന്നത്. ചാർട്ടുകളും ചിത്രങ്ങളുമൊക്കെ നല്ല ആർട്ടിസ്റ്റിനെക്കൊണ്ട് കൂലി കൊടുത്ത് ചെയ്യിപ്പിക്കുന്നവരും ഉണ്ടായിരുന്നു.

ഞാനാകട്ടെ, എഴുത്തും വരകളുമെല്ലാം തന്നത്താനാണ് ചെയ്തിരുന്നത്. സാമാന്യം നല്ല കൈയക്ഷരമായിരുന്നു എന്റേത്. നാലാം ക്ലാസ്സുവരെയുള്ള മലയാളം പരീക്ഷകൾക്ക് കൈയക്ഷരത്തിനായി പ്രത്യേകമാർക്ക് എനിക്ക് കിട്ടിയിരുന്നു. വരയ്ക്കാനുള്ള അല്പം കഴിവും പാരമ്പര്യമായി എനിക്കുണ്ടായിരുന്നു. എന്റെ വല്യപ്പൻ (അമ്മയുടെ അപ്പൻ) നല്ല വരകാരനായിരുന്നു. അദ്ദേഹം നാടകങ്ങൾക്കുവേണ്ടി കർട്ടൻ വരയ്ക്കുന്നതും രാജാക്കന്മാർക്കുള്ള വേഷങ്ങളൊക്കെ തുന്നിയെടുത്ത് അലങ്കരിക്കുന്നതും ചെറുപ്പകാലത്ത് ഞാൻ കണ്ടിട്ടുണ്ട്. സമീപ പ്രദേശങ്ങളിലെ ദേവാലയങ്ങൾക്കുവേണ്ടി വിശുദ്ധരുടെ ചിത്രങ്ങളും അൾത്താരയുടെ മേലാപ്പുകളിൽ ഒടുവിലത്തെ അത്താഴത്തിന്റെയും അന്ത്യവിധിയുടെയുമൊക്കെ ചിത്രങ്ങളും അദ്ദേഹം വരയ്ക്കുമായിരുന്നു. പുരാതനമായ അരുവിത്തുറപ്പള്ളിയിൽ തിരുനാളിനോടനുബന്ധിച്ചുള്ള അലങ്കാരപ്പണികളുടെ മേൽനോട്ടവും അദ്ദേഹം വഹിച്ചിരുന്നു. സ്നാപകയോഹന്നാൻ, മിശിഹാചരിത്രം, മഗ്ദലന മറിയം എന്നിങ്ങനെയുള്ള നാടകങ്ങൾ ചിട്ടപ്പെടുത്തി അവതരിപ്പിക്കുകയും അതിൽ അഭിനയിക്കുകയും ചെയ്യുമായിരുന്നു. യൗസേപ്പിതാവിന്റെ വേഷത്തിലായിരുന്നു വല്യപ്പൻ ഏറ്റവും തിളങ്ങിയിരുന്നത്.

പാരമ്പര്യമായി പകർന്നു കിട്ടിയ ആ കലയെ പരിപോഷിപ്പിക്കാൻ എനിക്കു കഴിഞ്ഞില്ല. പ്രീഡിഗ്രിക്കു പഠിക്കുന്ന കാലംവരെ നോട്ടുബുക്കിന്റെ താളുകളിലും ക്ലാസ്സിലെ ബ്ലാക്ക് ബോർഡിലുമൊക്കെ എന്തെങ്കിലും ഞാൻ വരച്ചിടുമായിരുന്നു.

എന്നാൽ പിന്നീട് ആ കല എനിക്കു പറ്റിയതല്ലെന്ന് ഞാൻ തിരിച്ചറിഞ്ഞു. ഒരു ചിത്രകാരന്റെ കൈകൾ കഠിനമായ ജോലികൾ ചെയ്ത് ബലപ്പെട്ടുപോകാതെ നന്നായി വഴങ്ങുന്ന രീതിയിൽ എപ്പോഴും സൂക്ഷിക്കപ്പെടണം. നാളുകളായി ബ്രഷ് പിടിച്ച് നേടിയെടുത്ത പാടവമെല്ലാം ഒരു ദിവസത്തെ തൂമ്പാപിടിത്തംകൊണ്ട് നഷ്ടപ്പെട്ടുപോകും. അതിനാൽ കർഷകകുടുംബത്തിൽ ജനിച്ച എനിക്ക് ബ്രഷ് ഉപേക്ഷിച്ച് തൂമ്പയിൽ പിടിമുറുക്കേണ്ടിവന്നു. ചിത്രകലയേക്കാൾ അഭിനിവേശം സാഹിത്യകലയോടായിരുന്നതിനാൽ ചിത്രകലയെ ഉപേക്ഷിക്കേണ്ടിവന്നതിൽ എനിക്ക് അത്ര വിഷമം തോന്നിയതുമില്ല.

ട്രെയിനിങ് കോളജിലെ വാർഷികാഘോഷങ്ങളുടെ ഭാഗമായി നടന്ന സാഹിത്യമത്സരങ്ങളിലൊക്കെ പങ്കെടുത്തെങ്കിലും എന്റെ സൃഷ്ടികളിൽ ആധുനികത കൂടിപ്പോയതിനാൽ സമ്മാനമൊന്നും എനിക്ക് കിട്ടിയില്ല. ചിത്രങ്ങളും ചാർട്ടുകളും തയ്യാറാക്കാൻ വരസാമഗ്രികൾ സ്വന്തമായി വാങ്ങിയിരുന്നതിനാൽ പെൻസിൽ ഡ്രോയിങ്, വാട്ടർകളർ പെയിന്റിങ്, കാർട്ടൂൺ, എന്നീ ഇനങ്ങളിലും ഞാൻ വെറുതെ പങ്കെടുത്തു. 'കടൽക്കരയിലെ സൂര്യാസ്തമയം' എന്നതായിരുന്നു വാട്ടർകളർ മത്സരത്തിന്റെ വിഷയം. തങ്ങൾക്കു ലഭിച്ച ഡ്രോയിങ് പേപ്പറിന്റെ നടുഭാഗത്ത് ചെറിയൊരു ഫ്രെയിം ഉണ്ടാക്കി അതിലാണ് പലരും ചിത്രരചന നടത്തിയത്. അല്പം വിശാലമായിക്കൊള്ളട്ടെ എന്നു വിചാരിച്ച് ഞാൻ കിട്ടിയ പേപ്പർ മുഴുവൻ ക്യാൻവാസാക്കി. പകുതി ഭാഗം തീരവും മറുപകുതി കടലുമാക്കിയിട്ട് കടലിൽ താഴാൻ തുടങ്ങുന്ന സൂര്യനെയും വരച്ചുവെച്ചു. കൈയിലുള്ള ചെറിയ ബ്രഷുകൊണ്ട് തീരത്തും കടലിലും ചായമടിച്ചിട്ട് ഒന്നുമാകാത്തതിനാൽ ചായക്കൂട്ട് കൈകൊണ്ടുതന്നെ തേച്ചുപിടിപ്പിക്കാൻ തുടങ്ങി. അപ്പോൾ പീലിപ്പോസ് സാർ അതുവഴി വന്നു. ക്ലാസ്സുകളിൽ വാഗ്വാദം നടത്തി ഞാൻ അദ്ദേഹത്തെ വിഷമിപ്പിച്ചിട്ടുണ്ടെങ്കിലും അദ്ദേഹത്തിന് എന്നോട് ഒരു പ്രത്യേക വാത്സല്യം തന്നെ ഉണ്ടായിരുന്നു. അതിനാൽ അദ്ദേഹം കളിയാക്കുന്ന മട്ടിൽ എന്നോടു ചോദിച്ചു.

''ജോസഫ് എന്താ മെഴുകുവാണോ?''

അതുകേട്ട് തല ഉയർത്തിയ ഞാൻ സാറിന്റെ മുഖത്തേക്ക് നോക്കിക്കൊണ്ട് സഗൗരവം പറഞ്ഞു.

''ഇത് ചിത്രകലയിലെ ആധുനികമായ ഒരു ടെക്നിക്കാണ്. ചൈനയിലാണ് ഉത്ഭവം. ചിത്രകലയുടെ ഈറ്റില്ലമായ പാരീസിൽ ചിലർ ഇത് പ്രയോഗിച്ചു തുടങ്ങിയിട്ടുണ്ട്. എന്നാൽ ഇന്ത്യയിൽ അധികമാളുകളും ഈ ടെക്നിക്കിനെ ക്കുറിച്ച് അറിഞ്ഞിട്ടില്ല. ഇതിന്റെ പേരാണ് 'ഫിംഗർ പെയിന്റിങ്.''

സാറ് എന്തു വിചാരിച്ചുവോ ആവോ?

## മനുഷ്യരെ അറിയുന്നവർ

കോളജ് അധ്യാപകന്റെ ജോലിക്കുവേണ്ടി മാത്രമേ ഞാൻ അപേക്ഷിച്ചിട്ടുള്ളൂ. മൂന്നു തവണ. 1983-ൽ എം.എ. പാസ്സായ ഉടനെ അരുവിത്തുറ സെന്റ് ജോർജ് കോളജിലായിരുന്നു ആദ്യത്തെ ഇന്റർവ്യൂ. ഉദ്യോഗാർത്ഥികളിൽ ഒരാൾ എന്റെ സുഹൃത്തായിരുന്നു. അദ്ദേഹത്തിന് എന്നെക്കാൾ അക്കാഡമിക് മെറിറ്റുണ്ടായിരുന്നു. സെന്റ് ജോർജ്ജ് കോളജിന്റെ അപ്പോഴത്തെ മാനേജർ അദ്ദേഹത്തിന്റെ അമ്മാവൻ. സബ്ജക്ട് എക്സ്പേർട്ടായി വന്നത് അദ്ദേഹത്തിന്റെ അധ്യാപകൻ. റാങ്ക് ലിസ്റ്റിൽ അദ്ദേഹം ഒന്നാമനായത് സ്വാഭാവികം. അക്കാഡമിക് മെറിറ്റിൽ ഞാൻ രണ്ടാമനായിരുന്നു. ഇന്റർവ്യൂവിലും ഞാൻ നന്നായി. പക്ഷേ, റാങ്ക്ലിസ്റ്റിൽ മൂന്നാമതായി. രണ്ടാമൻ കോളജ് മാനേജ്മെന്റ് അരുവിത്തുറയിൽ നടത്തിയിരുന്ന 'ജോർജിയൻ കോളജ്' എന്ന പാരലൽ കോളജിലെ അധ്യാപകനായിരുന്നു. ആദ്യറാങ്കുകാർ രണ്ടുപേർക്കും സെന്റ് ജോർജ്ജ് കോളജിൽ അധ്യാപകരായി നിയമനം ലഭിച്ചു.

രണ്ടാമത്തെ ഇന്റർവ്യൂ പാലാ സെന്റ് തോമസ് കോളജിലാണ്. അവിടെയാണ് ഞാൻ ഡിഗ്രിക്കു പഠിച്ചത്. എന്നോടൊപ്പം അന്ന് അവിടെ പഠിച്ചിരുന്ന രണ്ടുപേർ ഇതിനോടകം അവിടെ അധ്യാപകരായി നിയമിക്കപ്പെട്ടിരുന്നു. ഞങ്ങളുടെ കൂടെ പഠിച്ചിരുന്ന മറ്റൊരാൾക്ക് പുതിയ തസ്തികയിലേക്കുള്ള നിയമനം മാനേജ്മെന്റ് നിശ്ചയിച്ചുറപ്പിച്ചിരിക്കുകയാണെന്ന് അരമനരഹസ്യമറിയാവുന്ന അവരിൽ ഒരാൾ എന്നോട് പറഞ്ഞിരുന്നു. അതിനാൽ പത്രപ്പരസ്യം കണ്ട് അപേക്ഷ അയച്ച് ഇന്റർവ്യൂവിൽ പങ്കെടുക്കാൻ വരുന്ന സതീർത്ഥ്യരെയും സുഹൃത്തുക്കളെയും കാണാനുള്ള ഒരു അവസരമാണല്ലോ എന്നുമാത്രം കരുതിയാണ് ഞാൻ പോയത്. ചങ്ങനാശ്ശേരി എൻ.എസ്.എസ്. ട്രെയിനിങ് കോളജിൽ അപ്പോൾ ബി.എഡ്ഡിനു പഠിച്ചുകൊണ്ടിരുന്ന എന്നോടൊപ്പം അവിടുത്തെ സഹപാഠികളും ഉണ്ടായിരുന്നു.

ഇന്റർവ്യൂ ബോർഡിലുള്ള അഞ്ചുപേരിൽ മൂന്നുപേർ മാനേജ്മെന്റ് പ്രതിനിധികളാണ്. ബാക്കി രണ്ടു പേരിൽ ഒരാൾ സബ്ജക്ട് എക്സ്പേർട്ടും മറ്റൊരാൾ ഗവൺമെന്റ് നോമിനിയുമാണ്. ഗവ. നോമിനി കളക്ടറോ ആർ.ഡി.ഒ.യോ ആയിരിക്കും. നിയമനകാര്യത്തിൽ മാനേജ്മെന്റിന് സ്ഥാപിതതാത്പര്യങ്ങൾ ഇല്ലെങ്കിൽ ഇന്റർവ്യൂ നേരേ ചൊവ്വേ നടക്കും. അല്ലെങ്കിൽ അതൊരു പ്രഹസനമാകും.

മാനേജ്മെന്റിന്റെ താത്പര്യം സംരക്ഷിക്കാൻ തയ്യാറുള്ളവരെയാണ് സബ്ജക്ട് എക്സ്പേർട്ടായും മറ്റും വിളിക്കുന്നത്. മാനേജ്മെന്റ് നിയമിക്കാൻ മുൻകൂട്ടി നിശ്ചയിച്ചുവെച്ച ആളെ ഒഴിച്ച് മറ്റുള്ള ഉദ്യോഗാർത്ഥികളെ കടുകട്ടിയായ

ചോദ്യങ്ങൾ ചോദിച്ച് ഉത്തരം മുട്ടിച്ച് തോറ്റിരിക്കുന്നുവെന്ന് അവരെത്തന്നെ ബോധ്യപ്പെടുത്തി വിടുന്ന ശ്രമകരമായ ജോലിയാണ് സബ്ജക്ട് എക്സ്പേർട്ടിനും ഗവ. നോമിനിക്കും പ്രഹസനമാക്കപ്പെടുന്ന ഇന്റർവ്യൂകളിൽ ചെയ്യാനുണ്ടാകുക. ചോദിക്കുന്നവർക്ക് അവയുടെ ഉത്തരം അറിഞ്ഞിരിക്കണമെന്ന നിബന്ധനയും ഇല്ലല്ലോ. അതിനാൽ ഡി.എ., റ്റി.എ. ഇനത്തിൽ നല്ല തുക ലഭിക്കുമെന്നതിനാൽ അവർ ഈ വിദൂഷകവേഷങ്ങൾ നന്നായി അഭിനയിക്കുകയും ചെയ്യും.

പല വിഷയങ്ങളിലുമുള്ള ഇന്റർവ്യൂ അന്ന് സെന്റ് തോമസ് കോളജിൽ നടക്കുന്നുണ്ടായിരുന്നു. മലയാളവിഭാഗത്തിൽ സബ്ജക്ട് എക്സ്പേർട്ടായി വന്നത് ചങ്ങനാശ്ശേരി എസ്.ബി. കോളജ് പ്രൊഫസറായിരുന്ന ജോസഫ് അഞ്ചനാട്ട് സാറാണ്. ഗവ. നോമിനി കോട്ടയം ജില്ലാകളക്ടർ കെ.ജെ. മാത്യുവാണ്. അദ്ദേഹം പാലാ സെന്റ് തോമസ് കോളജിൽതന്നെ പഠിച്ച് ഇംഗ്ലിഷ് സാഹിത്യത്തിൽ ബിരുദാനന്തര ബിരുദം നേടിയ ആളാണ്. ഉദ്യോഗാർത്ഥികളോട് ആധുനിക സാഹിത്യത്തെക്കുറിച്ച് ചോദിച്ച് അദ്ദേഹം സ്വയം കേമനാകുകയാണെന്ന് ആദ്യം കയറിയിറങ്ങിയവർ പറയുന്നതുകേട്ടു. എങ്കിൽ അദ്ദേഹവുമായി ഒരു സാഹിത്യസംവാദം നടത്തിക്കളയാം എന്ന് എന്നിലെ അഹങ്കാരി ഉള്ളാലെ സന്തോഷിച്ചു. ബി.എഡ്ഡിനു പഠിക്കുന്ന ഈ കാലയളവിലും പാലായിലുള്ള ഒരു പാരലൽ കോളജിൽ എം.എ. മലയാളത്തിന് ആഴ്ചയിൽ രണ്ടു ദിവസം ഞാൻ ക്ലാസ്സെടുക്കുന്നുണ്ട്. അത് ആധുനിക സാഹിത്യ വിഷയകവുമാണ്.

മാനേജ്മെന്റ് പ്രതിനിധികളിൽ ഒരാളായി കോളജിലെ മലയാള വിഭാഗം മേധാവി പ്രൊഫ. സി.ജെ. സെബാസ്റ്റ്യൻ സാറും ഇന്റർവ്യൂ ബോർഡിലുണ്ട്. ഞാൻ അവിടെ പഠിക്കുന്ന കാലത്തും അദ്ദേഹമായിരുന്നു വകുപ്പുമേധാവി.

എന്നോട് ചോദ്യങ്ങൾ ആരംഭിച്ചത് പ്രൊഫ. ജോസഫ് അഞ്ചനാട്ട് സാറാണ്. അദ്ദേഹത്തിന്റെ ചോദ്യങ്ങളെല്ലാം വ്യാകരണസംബന്ധിയായിരുന്നു. എന്നാൽ അവയ്ക്കൊന്നും എന്നെ തോല്പിക്കാനായില്ല.

അടുത്തത് കളക്ടറുടെ ഊഴമാണ്. ആധുനികസാഹിത്യമാണല്ലോ വരാൻ പോകുന്നത്. ഞാൻ ഉത്തേജിതനായി.

''താങ്കൾ ഇന്നത്തെ പത്രം വായിച്ചോ?''

കളക്ടറുടെ ചോദ്യം കേട്ട് ഞാൻ ആകപ്പാടെ നിരാശനായി. കാരണം, ആധുനികം പോയിട്ട് സാഹിത്യ വിഷയത്തിലേക്കുപോലുമല്ല അദ്ദേഹം കടക്കാനുദ്ദേശിക്കുന്നത്. സമകാലിക സംഭവങ്ങളിലേക്കാണ്. ഇതെന്താ സിവിൽ സർവ്വീസിലേക്കുള്ള ഇന്റർവ്യൂവോ മറ്റോ ആണോ?

കളക്ടറുടെ ചോദ്യത്തോട് സഹകരിക്കാൻ കൂട്ടാക്കാതെ ഞാൻ സ്വയം ആധുനികനായി ഭാവിച്ചു.

''ഇല്ല.'' ഞാൻ നിർവ്വികാരമായി ഉത്തരം നല്കി.

''ഇന്നലത്തെ പത്രം വായിച്ചോ?'' കളക്ടർ വീണ്ടും ചോദിച്ചു.

''ഇല്ല.'' എന്റെ മറുപടി.

പത്രത്തിൽനിന്നു വിടാൻ ഭാവമില്ലാതെ കളിയാക്കുന്ന മട്ടിലായിരുന്നു കളക്ടറുടെ അടുത്ത ചോദ്യം.

''അപ്പോൾ പത്രവായനയൊന്നും ഇല്ലല്ലേ?''

കാൽമുട്ടുകളിൽ പതിപ്പിച്ചുവെച്ച ഇരുകൈകളും എടുത്ത് നെഞ്ചോടുചേർത്ത് കെട്ടിയിട്ട് ഞാൻ പറഞ്ഞു.

''ഇല്ല. ഞാൻ പത്രം വായിക്കാറില്ല.''

എന്നിട്ട് എന്റെ ഗുരുഭൂതനായ സെബാസ്റ്റ്യൻ സാറിനെ ഞാൻ നോക്കി. 'ഇവനെന്തുപറ്റി?' എന്ന മട്ടിൽ അദ്ദേഹം അന്തംവിട്ടിരിപ്പാണ്. ആ ഗുരുമുഖത്തുനിന്ന് കണ്ണെടുക്കാതെ എന്നിലെ പത്ര വിമർശകൻ ശാന്തമായി ഇപ്രകാരം പറഞ്ഞു:

''ഇക്കാലത്ത് അഞ്ചാറു പത്രങ്ങളൊക്കെ വായിച്ചിട്ട് യാഥാർത്ഥ്യമെന്താണെന്ന് നാം സങ്കല്പിച്ചെടുക്കേണ്ടുന്ന ഗതികേടിലാണ്. അതിനുള്ള സമയവും സൗകര്യവും എനിക്കില്ലാത്തതുകൊണ്ട് പത്രവായനതന്നെ ഞാൻ നിറുത്തി.''

''ഹഹഹഹഹാ...'' ശിഷ്യന്റെ വാക്കുകൾ കേട്ട് സെബാസ്റ്റ്യൻ സാർ പൊട്ടിച്ചിരിച്ചു.

ഞാൻ കളക്ടറുടെ മുഖത്തേക്ക് ഒന്നു പാളിനോക്കി. ചെറുതായുണ്ടായ ചമ്മലിനെ അതിജീവിച്ചിട്ട് ആ ഭയങ്കരൻ എന്നോടു ചോദിച്ചു.

''സത്യാന്വേഷണ നിലയിലല്ല; ഒരു കൗതുകമെന്ന നിലയിൽ വായിച്ചുകൂടെ?''

എനിക്ക് കളക്ടറോട് ബഹുമാനം തോന്നി. ഞാൻ പറഞ്ഞതിന്റെ പൊരുൾ അദ്ദേഹം മനസ്സിലാക്കിയിരിക്കുന്നു. വെറുതെയല്ല ഇയാൾക്ക് ഐ.എ.എസ്. കിട്ടിയത്. ഞാൻ ഓർത്തു. കളക്ടർ ജയിച്ചോട്ടെ. പക്ഷേ, എനിക്കു തോല്ക്കാൻ വയ്യല്ലോ. ഞാൻ ഇപ്രകാരം പ്രതിവചിച്ചു.

''ആ കൗതുകമൊക്കെ നശിച്ചിട്ട് നാളേറെയായി സാർ...''

അതോടെ കളക്ടർക്കു മാത്രമല്ല, എല്ലാവർക്കും തൃപ്തിയായി. എന്നോട് പൊയ്ക്കൊള്ളാനും പറഞ്ഞു.

ബി.എഡ്. കോഴ്സിന്റെ പരീക്ഷയൊക്ക കഴിഞ്ഞ് മുരിക്കാശ്ശേരി വീട്ടിൽ ആയിരിക്കുമ്പോഴാണ് മൂവാറ്റുപുഴ നിർമ്മല കോളജിൽ നടക്കുന്ന ഇന്റർവ്യൂവിന് പോകുന്നത്. കോതമംഗലം രൂപതയുടെ കീഴിലുള്ള മൂവാറ്റുപുഴ നിർമ്മല, തൊടുപുഴ ന്യൂമാൻ, മുരിക്കാശ്ശേരി പാവനാത്മ എന്നീ കോളജുകളിലേക്കാണ് നിയമനം നടക്കുക. മലയാളത്തിന് രണ്ട് തസ്തികകൾ ഒഴിവുണ്ട്. അപേക്ഷകർ ധാരാളമുണ്ടെന്നും അവരിൽ ഒരാൾ നിയമനം ഉറപ്പായ ഒരു കന്യാസ്ത്രീ ആണെന്നും മറ്റു ചിലർക്ക് മന്ത്രിമാർ ഉൾപ്പെടെയുള്ള പ്രമുഖരുടെ ശിപാർശ ഉണ്ടെന്നും എന്നിരുന്നാൽതന്നെ ഭാഗ്യം പരീക്ഷിക്കാവുന്നതാണെന്നും എനിക്ക് സൂചന കിട്ടിയിരുന്നു.

ഇന്റർവ്യൂവിനുള്ള അറിയിപ്പ് തലേദിവസം മാത്രമാണ് എനിക്കു ലഭിച്ചത്. ആ ദിവസങ്ങളിൽ എനിക്കു നല്ല സുഖമില്ലായിരുന്നു. പനി മാറിയിരുന്നെങ്കിലും ചുമ വിട്ടുമാറിയിരുന്നില്ല. സംസാരിക്കുമ്പോഴായിരുന്നു ചുമ അധികമായി ശല്യം ചെയ്തിരുന്നത്.

മുരിക്കാശ്ശേരിയിലേക്ക് നല്ല റോഡോ ബസ് സർവ്വീസോ അന്നുണ്ടായിരുന്നില്ല. വെളുപ്പിന് മൂന്നുമണിക്ക് എണീറ്റ് ഏഴുകിലോമീറ്റർ നടന്ന് കമ്പളികണ്ടം എന്ന സ്ഥലത്തെത്തി 5.30 ന് പുറപ്പെടുന്ന ബസ്സിൽ മൂന്നു മണിക്കൂർ യാത്ര ചെയ്താണ് മൂവാറ്റുപുഴയിൽ എത്തിയത്. ഹൈറേഞ്ചിലെ തണുപ്പത്തുള്ള നടപ്പും യാത്രയ്ക്കിടയിലെ കാറ്റും കൂടിയായപ്പോൾ എന്റെ ചുമ അധികരിച്ചു. അതുവരെ വായിലിട്ടിരുന്ന ചുമഗുളിക തുപ്പിക്കളഞ്ഞിട്ടാണ് ഇന്റർവ്യൂ നടക്കുന്ന മുറിയിലേക്ക് കടന്നുചെല്ലുന്നത്. അല്പമൊരു പ്രതീക്ഷ ഉണ്ടായിരുന്നതിനാൽ ചെറുതായൊരു ടെൻഷൻ ഇല്ലാതിരുന്നില്ല. ചുമ ശല്യം ചെയ്യരുതേ എന്നു മാത്രമായിരുന്നു പ്രാർത്ഥന.

ഇന്റർവ്യൂബോർഡിൽ സബ്ജക്ട് എക്സ്പേർട്ടായി വന്ന പ്രൊഫ. ജോസഫ് അഞ്ചനാട്ട് സാറിനെ കണ്ട് ഞാൻ ചെറുതായൊന്നു ഞെട്ടി. പാലാ സെന്റ് തോമസ് കോളജിലും അദ്ദേഹമായിരുന്നല്ലോ വിഷയപണ്ഡിതൻ. മൂന്നുമാസംപോലും ആയിട്ടില്ല. അവിടുത്തെ എന്റെ പ്രകടനം അദ്ദേഹം ഓർമ്മിക്കുന്നുണ്ടാവുമോ? വരുന്നതുവരട്ടെ. ഞാൻ സമാധാനിച്ചു.

എറണാകുളം മഹാരാജാസ് കോളജിൽനിന്നാണ് എന്റെ മാസ്റ്റർബിരുദമെന്നും ഡോ. എം. ലീലാവതി, പ്രൊഫ. എം.കെ. സാനു മുതലായ അധ്യാപക ശ്രേഷ്ഠരുടെ ശിഷ്യനാണെന്നും ബി.എഡ്. കോഴ്സ് പൂർത്തീകരിച്ച് റിസൾട്ടിനായി കാത്തിരിക്കുകയാണെന്നും എന്നോട് ചോദിച്ചറിഞ്ഞ ബോർഡംഗങ്ങളുടെ മുഖത്ത് ഒരു അനുകൂലഭാവം വായിച്ചെടുക്കാൻ എനിക്കു കഴിഞ്ഞു. ഇനി ഞാനാണ് എന്നെ രക്ഷിക്കേണ്ടത്. ഇവർ ചോദിക്കുന്ന ഓരോ ചോദ്യങ്ങളും എനിക്കുള്ള അവസരങ്ങളാണ്. എന്റെ അറിവും സാമർത്ഥ്യവും പ്രകടിപ്പിക്കാനുള്ള അവസരങ്ങൾ. ഉത്തരങ്ങൾ ശുഷ്കമാകരുതെന്നു മാത്രമല്ല, ഉചിതവും ക്രിയാത്മകവുമാകണം. ഞാൻ മനസ്സിലുറച്ചു.

''ഞങ്ങൾ ഡിഗ്രി വിദ്യാർത്ഥികളാണെന്ന് വിചാരിച്ചിട്ട് കുമാരനാശാന്റെ ഒരു ശ്ലോകം ചൊല്ലി വ്യാഖ്യാനിക്കൂ...''

പ്രൊഫ. ജോസഫ് അഞ്ചനാട്ട് സാർ പറഞ്ഞു.

''ആശാന്റെ ഏതെങ്കിലും ശ്ലോകം മതി.''

ശ്ലോകം ചൊല്ലിത്തുടങ്ങുന്നതിനു പകരം ഞാൻ ഇപ്രകാരം ഒരു ആമുഖം പറഞ്ഞു:

''ഒരിക്കൽ കുമാരനാശാനോട് അദ്ദേഹത്തിന്റെ ആരാധകരായ സുഹൃത്തുക്കൾ ചോദിച്ചു. എഴുതിയതിൽ വെച്ച് അങ്ങേയ്ക്ക് ഏറ്റവും പ്രിയപ്പെട്ട വരികൾ ഏതാണ്? താൻ എഴുതിയിട്ടുള്ളതെല്ലാം തനിക്കു പ്രിയപ്പെട്ടതാണെന്ന് ആശാൻ

അവരോടു പറഞ്ഞു. എങ്കിലും... ഏറ്റവും പ്രിയപ്പെട്ട വരികൾ? സുഹൃത്തുക്കൾ നിർബന്ധിച്ചപ്പോൾ ആശാൻ ചൊല്ലി.

കരുതുവതിഹചെയ്യവയ്യ, ചെയ്യാൻ
വരുതി ലഭിച്ചതിൽ നിന്നിടാ വിചാരം
പരമഹിതമറിഞ്ഞുകൂടാ, ആയുർ
സ്ഥിരതയുമില്ലതിനിന്ദ്യമീ നരത്വം.''

''ഏതു കാവ്യത്തിലേതാണ് ഈ വരികൾ?''

അഞ്ചനാട്ടുസാർ ചോദിച്ചു.

''ലീല എന്ന കാവ്യത്തിലേതാണ്.'' ഞാൻ ഉത്തരം പറഞ്ഞു.

''ഇതേ മാതിരി ആശയം വരുന്ന ഒരു ശ്ലോകം ആശാന്റെ 'ചിന്താവിഷ്ടയായ സീത' എന്ന കാവ്യത്തിലുമുണ്ട്. ചൊല്ലാമോ?''

ആർ.ഡി.ഒ. ആണെന്നു തോന്നുന്നു, ഗവൺമെന്റ് നോമിനിയായി വന്ന ആൾ എന്നോട് ചോദിച്ചു.

''ഒരു നിശ്ചയവുമില്ലൊന്നിനും
വരുമോരോ ദശ വന്നപോലെ പോം.''

ഞാൻ ഇത്രയും ചൊല്ലിയപ്പോഴേക്കും ഗവൺമെന്റ് നോമിനി-നല്ല സഹൃദയനാണെന്നു തോന്നുന്നു-ബാക്കിയങ്ങ് പൂരിപ്പിച്ചു.

''വിരയുന്നു മനുഷ്യനേതിനോ
തിരിയാ ലോകരഹസ്യമാർക്കുമേ.''

''കരുതുവതിഹ... എന്നാരംഭിക്കുന്ന ശ്ലോകമാണ് ആശാന് ഏറ്റവും പ്രിയപ്പെട്ടത് എന്ന കാര്യം എവിടെയാണ് വായിച്ചത്?''

ഗവ. നോമിനി ചോദിച്ചു.

''വായിച്ചറിഞ്ഞതല്ല. പറഞ്ഞുകേട്ടതാണ്.''

ഞാൻ വിശദീകരിച്ചു.

''ലീല എന്ന കാവ്യം എം.എയ്ക്കു പഠിക്കാനുണ്ടായിരുന്നു. അതു പഠിപ്പിച്ച പ്രൊഫ. എം.കെ. സാനു സന്ദർഭാനുസരണം പറഞ്ഞതാണ്.''

''മാഷ് പറഞ്ഞതുകൊണ്ട് അതങ്ങു വിശ്വസിച്ചോ?''

ഗവ. നോമിനി വിടാൻ ഭാവമില്ല.

''വിശ്വസിച്ചു.'' ഞാൻ പറഞ്ഞു.

''അധ്യാപകർ പറയുന്നത് വിദ്യാർത്ഥികൾക്ക് വിശ്വസിക്കാം.''

അധ്യാപകനായ അഞ്ചനാട്ടു സാർ എന്റെ പക്ഷം ചേർന്നു.

''അതല്ല. ഡോ. പുതുശ്ശേരി രാമചന്ദ്രൻ ഇക്കാര്യം എഴുതിയിട്ടുണ്ട്.'' നോമിനി സാർ പറഞ്ഞു. അദ്ദേഹം ഒരു സഹൃദയൻ മാത്രമല്ല. വിശാല വായനയുള്ള ആളുമാണെന്ന് സ്പഷ്ടം.

ഏതായാലും ആമുഖം അവർക്കിഷ്ടപ്പെട്ടെന്ന് എനിക്ക് ബോധ്യമായി. ഇനി ശ്ലോകം വ്യാഖ്യാനിക്കണം.

ജീവിതത്തെ വൈകാരികമായി സമീപിക്കുന്ന കാല്പനികതയുടെ തലത്തിൽ, ജീവിതത്തിന്റെ ക്ഷണഭംഗുരതയും നിരർത്ഥകതയും വെളിപ്പെടുത്തുന്ന തത്ത്വജ്ഞാനത്തിന്റെ തലത്തിൽ, കവിയായി മാറിയ ഋഷിയുടെ ക്രാന്തദർശനത്തിന്റെ തലത്തിൽ ആശാന്റെ ജീവിതവീക്ഷണത്തെ ആ ശ്ലോകത്തിലേക്ക് ആവാഹിച്ചുകൊണ്ടുവരാനാണ് ഞാൻ ശ്രമിച്ചത്. എന്റെ ഉദ്യമം പാഴായില്ലെന്ന് ബോർഡംഗങ്ങളുടെ മുഖഭാവത്തിൽനിന്ന് ഞാൻ മനസ്സിലാക്കുകയും ചെയ്തു.

ബോർഡംഗങ്ങളെ ഭയന്നിട്ടോ എന്റെ പ്രാർത്ഥന ഫലിച്ചിട്ടോ എന്തോ ഇന്റർവ്യൂവിന്റെ സമയത്തൊന്നും ചുമ എന്നെ ശല്യം ചെയ്തില്ല.

ഞാൻ റാങ്ക്‌ലിസ്റ്റിൽ വരുമെന്ന് ഇന്റർവ്യൂ കഴിഞ്ഞിറങ്ങിയപ്പോൾ എനിക്കുറപ്പായിരുന്നു. അടുത്ത സുഹൃത്തുക്കളോട് ഞാനത് പറയുകയും ചെയ്തു.

ഇന്റർവ്യൂബോർഡിൽ കോളജ് മാനേജർ മോൺസിഞ്ഞോർ ഡോ.ജോർജ്ജ് ഇടത്തൊട്ടിയും കോർപൊറേറ്റ് എഡ്യൂക്കേഷണൽ സെക്രട്ടറി റവ. ഫാ. ജോർജ്ജ് കുന്നംകോട്ടും ഉണ്ടായിരുന്നു. റാങ്ക്‌ലിസ്റ്റിൽ രണ്ടാമതായി എന്നെ ഉൾപ്പെടുത്തിയതിന് അവരോട് നന്ദി പറയാനായി ഞാൻ അരമനയിൽ പോയി. മുരിക്കാശ്ശേരി കോളജിന്റെ ലോക്കൽ മാനേജരായിരുന്ന ഞങ്ങളുടെ ഇടവക വികാരി ഫാ. മാത്യു തെക്കേക്കരയും എന്നോടൊപ്പമുണ്ടായിരുന്നു.

മലയോര പ്രദേശവും അവികസിതഗ്രാമവുമായിരുന്ന മുരിക്കാശ്ശേരിയിൽ ഒരു കോളജ് ആരംഭിച്ചതിൽ മുഖ്യപങ്കുവഹിച്ച ആളാണ് ഫാ. മാത്യു തെക്കേക്കര. കോതമംഗലം രൂപതയുടെ കൈവശമിരുന്ന പട്ടയമില്ലാത്ത ഭൂമിക്ക് പട്ടയം ലഭിച്ചത് അദ്ദേഹത്തിന്റെ ശ്രമഫലമാണ്. പതിനൊന്നു കിലോമീറ്റർ അകലെ കരിമ്പൻ എന്ന സ്ഥലത്താണ് വൈദ്യുതി എത്തിനിന്നിരുന്നത്. അവിടെനിന്ന് മുരിക്കാശ്ശേരിയിലേക്ക് വൈദ്യുതി വന്നത് അദ്ദേഹത്തിന്റെ ഉത്സാഹത്താലാണ്. വൈദ്യുതി ലൈൻ വലിക്കുന്നത് ടെൻഡർ എടുക്കാൻ കോൺട്രാക്ടർമാർ ഇല്ലാതിരുന്നതുകൊണ്ട് അത് ഏറ്റെടുത്തു നടത്തിയതും അദ്ദേഹമാണ്. അതിനൊക്കെയുള്ള പണം അദ്ദേഹം കൊണ്ടുവന്നത് സ്വന്തം വീട്ടിൽനിന്നായിരുന്നു.

കോളജ് ആരംഭിച്ചിട്ട് അന്ന് മൂന്നുവർഷമേ ആയിരുന്നുള്ളൂ. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിരുന്നില്ല. നിർമ്മാണച്ചെലവിലേക്ക് സംഭാവനയായി ഒരു തുക നല്കണമെന്ന് മാനേജരച്ചൻ എന്നോട് പറഞ്ഞു. അതൊക്കെ തരുമെന്നു പറഞ്ഞത് ഫാ. മാത്യു തെക്കേക്കരയാണ്. ഞങ്ങളുടെ സാമ്പത്തിക നിലയെക്കുറിച്ച് അറിവു ലഭിച്ചിരുന്നതിനാൽ എങ്ങനെയാണ് പണം സ്വരൂപിക്കുന്നതെന്ന് മാനേജരച്ചൻ ചോദിച്ചു.

‘‘സ്ഥലം വില്ക്കണം.’’ ഞാൻ പറഞ്ഞു.

‘‘സ്ഥലം വിറ്റിട്ടുവേണ്ട.’’ മാനേജരച്ചൻ പറഞ്ഞു.

‘‘ബന്ധുക്കളിൽ ചിലർ പണക്കാരായി ഉണ്ടല്ലോ. അവരോടു ചോദിച്ചാൽ ഒരു പതിനായിരം രൂപ തരില്ലേ? ശമ്പളം കിട്ടുമ്പോൾ മടക്കിക്കൊടുക്കാമല്ലോ.’’

1985-ൽ പതിനായിരംരൂപ അത്ര ചെറിയ തുകയൊന്നും ആയിരുന്നില്ല. കോളജ് അധ്യാപകന്റെ ഒരു വർഷത്തെ ശമ്പളത്തോളം വരും. ആ തുക കൊടുക്കാമെന്ന് ഞാൻ സമ്മതിച്ചു.

ബന്ധുക്കളിൽ രണ്ടുപേർ അയ്യായിരം രൂപ വീതം തരാമെന്ന് ഏറ്റു. ഒരാൾ തരുന്നത് പലിശരഹിത വായ്പയാണ്. എന്നാൽ അപരന് പലിശ വേണം. മുപ്പത്തിയാറു ശതമാനം. അത് ഹൈറേഞ്ചു പ്രദേശത്ത് അക്കാലത്തെ നാട്ടുനടപ്പുള്ള പലിശയാണ്.

നിയമന ഉത്തരവ് വാങ്ങാൻ പോകുന്നതിന്റെ തലേന്ന് പലിശസഹിതവായ്പ അയ്യായിരം രൂപ കിട്ടി. പലിശരഹിതക്കാരൻ കൈ മലർത്തി. തരാമെന്നേറ്റ പണം മറ്റെന്തോ കാര്യത്തിന് ചെലവായിപ്പോയത്രെ.

ഫാ. മാത്യു തെക്കേക്കരയ്ക്കൊപ്പമാണ് നിയമന ഉത്തരവ് വാങ്ങാനും പോയത്. ഉച്ചകഴിഞ്ഞ് മുരിക്കാശ്ശേരിയിൽനിന്നു പുറപ്പെട്ട ഞങ്ങൾ ഏഴുകിലോമീറ്റർ നടന്ന് കമ്പളികണ്ടത്തു വന്ന് ബസ്സിൽ കയറി കോതമംഗലത്ത് അരമനയിൽ എത്തിയപ്പോൾ സന്ധ്യയായി. അന്ന് അവിടെയാണ് ഞങ്ങൾ താമസിച്ചത്. അത്താഴത്തിനുശേഷം സെമിനാരി വിദ്യാർത്ഥികൾക്കുവേണ്ടി നടത്തിയ സിനിമാപ്രദർശനം ഉണ്ടായിരുന്നു. പി.പത്മരാജൻ തിരക്കഥ എഴുതി സംവിധാനം ചെയ്ത ‘കൂടെവിടെ?’

റവ. ഡോ. ജോർജ്ജ് പുന്നക്കോട്ടിൽതന്നെയായിരുന്നു അന്നും മെത്രാൻ. പ്രഭാതഭക്ഷണത്തിനു ശേഷമാണ് മാനേജരച്ചനെ കണ്ടത്. അയ്യായിരം രൂപയേ തരപ്പെടുത്താൻ സാധിച്ചുള്ളൂ എന്നു പറഞ്ഞ് ഫാ. മാത്യു തെക്കേക്കരയുടെ സാന്നിദ്ധ്യത്തിൽ ആ തുക മാനേജരച്ചന് നല്കി. അച്ചൻ അതു വാങ്ങി കണക്കൊന്നും പറയാതെ കവറിലിട്ടു വെച്ചിരുന്ന നിയമന ഉത്തരവ് എനിക്ക് തരികയും ചെയ്തു.

ഫാ. മാത്യു തെക്കേക്കര എന്നെ ‘ജോസഫ്’ എന്നാണ് വിളിച്ചിരുന്നത്. എന്നാൽ അദ്ദേഹത്തിന്റെ ശിപാർശയിൽ അദ്ദേഹം ലോക്കൽ മാനേജരായിരിക്കുന്ന മുരിക്കാശ്ശേരി പാവനാത്മ കോളജിൽ ഞാൻ അധ്യാപകനായി ചേർന്നതിനു ശേഷം ‘ജോസഫ് സാർ’ എന്നല്ലാതെ അദ്ദേഹം എന്നെ വിളിച്ചിട്ടില്ല. അത്രമേൽ മാന്യനും മഹാനുഭാവനുമായിരുന്നു അദ്ദേഹം.

അന്നത്തെ മാനേജർ മോൺസിഞ്ഞോർ ഡോ. ജോർജ് ഇടത്തൊട്ടി സാത്വികനും ധർമ്മിഷ്ഠനുമായ വൈദികശ്രേഷ്ഠനായിരുന്നു. വാത്സല്യത്തോടെയാണ് എന്നോടദ്ദേഹം പെരുമാറിയിരുന്നത്. സ്കൂൾ വാർഷികങ്ങളിലും മറ്റും ഞങ്ങൾ ഒരേ വേദിയിൽ പ്രസംഗിച്ചിട്ടുണ്ട്. ശാന്തഗംഭീരമായി പ്രസംഗിക്കുന്ന അച്ചൻ എന്റെ പ്രസംഗം നന്നായിരുന്നുവെന്നു പറഞ്ഞ് പ്രോത്സാഹിപ്പിച്ചിട്ടുമുണ്ട്.

ചോദ്യപേപ്പർ വിവാദത്തോടനുബന്ധിച്ച് എന്നെ കോളജിൽനിന്ന് പുറത്താക്കുന്നതിനു മുമ്പേ അദ്ദേഹം ദിവംഗതനായിരുന്നു.

എന്റെ നിയമനത്തിൽ ഭാഗഭാക്കായിരുന്ന അന്നത്തെ കോർപറേറ്റ് എഡ്യൂക്കേഷണൽ സെക്രട്ടറി റവ. ഫാ. ജോർജ് കുന്നംകോട്ട് എന്നെ പിരിച്ചുവിടുമ്പോൾ വയോധികനായിരുന്നു. എന്നിരുന്നാലും ഒരു വൈദിക സമ്മേളനത്തിൽവെച്ച് എന്നെ പിരിച്ചുവിട്ട കാര്യത്തിൽ മോൺ സിഞ്ഞോർ തോമസ് മലേക്കുടിയോട് ക്ഷുഭിതനാകുകയും പിരിച്ചുവിടൽ നടപടിയെ രൂക്ഷമായി വിമർശിക്കുകയും ചെയ്തുവത്രെ.

'ബിഷപ് പറഞ്ഞു: ഞാൻ ചെയ്തു.' എന്നു പറഞ്ഞുകൊണ്ട് മോൺസിഞ്ഞോർ മലേക്കുടി അപ്പോൾ 'കൈകഴുകി'യെന്നും വൈദികർ പറഞ്ഞ് ഞാനറിഞ്ഞു.

ഇടക്കാലത്ത് മറവിരോഗം ബാധിച്ച ഫാ. മാത്യു തെക്കേക്കര എന്നെ പിരിച്ചുവിട്ട കാര്യം ഓർമ്മിക്കാതെ ഒരിക്കൽ എന്നോട് കുശലം ചോദിച്ചു. സ്വാഭാവികമായി ഞാൻ അദ്ദേഹത്തോട് പിരിച്ചു വിട്ടകാര്യം പറഞ്ഞു. ''പിരിച്ചുവിട്ടാൽ സാറും കുടുംബവും എങ്ങനെ ജീവിക്കും?'' എന്നു പറഞ്ഞുകൊണ്ട് അച്ചൻ വല്ലാതെ പരിതപിച്ചു. അധികം താമസിയാതെ എല്ലാം ശരിയാകുമെന്നു പറഞ്ഞ് ഞാൻ അദ്ദേഹത്തെ ആശ്വസിപ്പിച്ചു. 'എല്ലാം ശരിയായപ്പോഴേക്കും' അദ്ദേഹത്തിന്റെ ഓർമ്മശക്തി പൂർണ്ണമായി നശിച്ചിരുന്നു.

റവ. ഡോ. ജോർജ് ഇടത്തൊട്ടി, റവ. ഫാ. ജോർജ്ജ് കുന്നംകോട്ട്, റവ. ഫാ. മാത്യു തെക്കേക്കര എന്നിവരുടെ ഓർമ്മകൾക്കു മുമ്പിൽ എന്റെ ശിരസ്സു കുനിയുന്നു. കാരണം, ദൈവശാസ്ത്രം പഠിച്ച അവർ ദൈവത്തെ മാത്രമല്ല, മനുഷ്യരെയും അറിയുന്നവരായിരുന്നു.

# പ്രൊഫസർ നാവൂർ പരീത്

ജീവിതത്തിലെ ഏറ്റവും സുന്ദരമായ കാലം ഏതാണ്? ഉത്തരം പറയാൻ എനിക്ക് ആലോചിക്കുകയേ വേണ്ട. എറണാകുളം മഹാരാജാസ് കോളജിൽ ബിരുദാനന്തരബിരുദത്തിനു പഠിച്ചിരുന്ന കാലം. എനിക്കു മാത്രമല്ല, ആ കോളജിൽ പഠിച്ചിരുന്ന ഭൂരിഭാഗത്തിനും അത് അങ്ങനെ തന്നെയാണ്.

പഠിച്ചിട്ടുള്ളതും പഠിപ്പിച്ചിട്ടുള്ളതുമായ മറ്റു കോളജുകളെ അപേക്ഷിച്ച് മഹാരാജാസ് കോളജ് ഇന്നും ആത്മാവിനോട് ഒട്ടിനിൽക്കുകയാണ്. സ്വാതന്ത്ര്യത്തിന്റെയും സാഹോദര്യത്തിന്റെയും സൗരഭ്യംകൊണ്ട് തരളിതമായ ആ കലാലയാന്തരീക്ഷത്തിന്റെ ഗൃഹാതുരമായ ഓർമ്മകൾ ഇപ്പോഴും ആത്മാവിനെ ത്രസിപ്പിക്കുന്നുണ്ട്.

അവിടെ പഠിപ്പിച്ചിരുന്ന അധ്യാപകരോടുള്ള ആദരവിന്റെയും മമതയുടെയും ആകെത്തുക അവർ പഠിപ്പിച്ചിരുന്ന ആ ക്ലാസ്മുറിയോടും എന്നെപ്പോലുള്ളവർക്കുണ്ട്. ജി. ശങ്കരക്കുറുപ്പിനെപ്പോലുള്ള മഹാരഥന്മാർ പഠിപ്പിച്ചിരുന്നതും ചങ്ങമ്പുഴയെപ്പോലുള്ള പ്രതിഭാശാലികൾ പഠിച്ചിരുന്നതുമായ ക്ലാസ്മുറിയിലിരുന്നാണല്ലോ പഠിച്ചിരുന്നതെന്നോർത്ത് അന്നും ഇന്നും അഭിമാനംകൊള്ളുന്നു. അവിടെ ഞങ്ങളെ പഠിപ്പിച്ച ഗുരുനാഥന്മാരാകട്ടെ, സാഹിത്യരംഗത്തെ പ്രമുഖർ. പ്രൊഫ. എം.കെ.സാനു, ഡോ. എം. ലീലാവതി, ഡോ. എസ്. രാജശേഖരൻ, പ്രൊഫ. സി.ആർ. ഓമനക്കുട്ടൻ, പ്രൊഫ. എം. തോമസ് മാത്യു, ഡോ. ഐ.വി.ജോസഫ്, പ്രൊഫ. തുറവൂർ വിശ്വംഭരൻ എന്നിവരൊക്കെ അക്കൂട്ടത്തിൽപ്പെടുന്നു.

അവിടെ പഠിച്ചുപോന്നിട്ട് മുപ്പത്തഞ്ചുവർഷത്തോളമായെങ്കിലും ആ ക്ലാസ്മുറിയിലെ ബഞ്ചിൽ ഒരുവട്ടംകൂടി ഇരിക്കാനുള്ള ആഗ്രഹം ഞങ്ങളിൽ ചിലർക്ക് കലശലായപ്പോൾ അതിനുള്ള അനുവാദം ചോദിക്കാനും മലയാളം വകുപ്പുമേധാവിയെ ഞങ്ങളുടെ കൂട്ടായ്മയിലേക്ക് ക്ഷണിക്കാനുമായി ഞാൻ അവിടെ ചെന്നു. മലയാള വിഭാഗത്തിലേക്ക് നടക്കുമ്പോൾ ഞങ്ങൾ പഠിച്ചിരുന്ന എം.എ. ക്ലാസ് മുറിയിലേക്ക് ഞാൻ അറിയാതെ നോക്കിപ്പോയി. അവിടെ ക്ലാസ് എടുത്തുകൊണ്ടിരുന്ന അധ്യാപകനെ കണ്ടപ്പോൾ എനിക്ക് വലുതായ സന്തോഷവും അഭിമാനവും തോന്നി. ഏഴുവർഷക്കാലം മൂവാറ്റുപുഴ നിർമ്മല കോളജിൽ എന്റെ ശിഷ്യനായിരുന്ന നാവൂർ പരീത് ആയിരുന്നു ആ അധ്യാപകൻ. അദ്ദേഹം എന്നെ കണ്ടില്ല. എന്നെമാത്രമല്ല, ആരെയും കാണാൻ അദ്ദേഹത്തിന് കഴിയുമായിരുന്നില്ല. കാരണം, അദ്ദേഹം അന്ധനായിരുന്നു.

ഉയർന്ന ക്ലാസ്സുകളിൽ നോവൽ, ചെറുകഥ, ആത്മകഥ തുടങ്ങിയ സാഹിത്യശാഖകളിലെ കൃതികൾ പഠിപ്പിക്കേണ്ടിവരുമ്പോൾ പാഠ്യഭാഗം

മുഴുവൻ വായിച്ച് ക്ലാസ്സെടുക്കുക പതിവ് എനിക്കുണ്ടായിരുന്നില്ല. ഉദാഹരണത്തിന് ആരുടെയെങ്കിലും ചെറുകഥാസമാഹാരം പഠിപ്പിക്കാനുണ്ടെന്നിരിക്കട്ടെ. ആദ്യമായി ചർച്ച ചെയ്യുന്നത് ചെറുകഥ എന്ന സാഹിത്യ രൂപത്തെക്കുറിച്ചാണ്. പിന്നീട് വിവിധ ഭാഷകളിൽ ചെറുകഥാ ലോകത്തുള്ള വമ്പൻമാരെപ്പറ്റി ഉപപാദിക്കും. അതിനുശേഷം മലയാള സാഹിത്യത്തിലെ ചെറുകഥാകൃത്തുക്കളെക്കുറിച്ച് അവലോകനം നടത്തും. ആരുടെ കഥാസമാഹാരമാണോ പഠിക്കാനുള്ളത് ആ കഥാകാരന്റെ മലയാളകഥാലോകത്തുള്ള സ്ഥാനവും പ്രസക്തിയും വിലയിരുത്തും. പിന്നീട് ഏതാനും കഥകൾ വായിച്ച് ആ കഥകളുടെ സവിശേഷതകൾ വിശകലനം ചെയ്യും. ബാക്കിയുള്ള കഥകൾ സ്വയം വായിച്ച് പരീക്ഷയ്ക്ക് ഒരുങ്ങിക്കൊള്ളാൻ വിദ്യാർത്ഥികളോട് നിർദ്ദേശിക്കുകയും ചെയ്യും.

എന്നാൽ പ്രീഡിഗ്രി മുതൽ എം.എ.വരെ നാവൂർ പരീത് പഠിച്ചിരുന്ന എല്ലാ ക്ലാസ്സുകളിലും എന്റെ പതിവിന് വിരുദ്ധമായി പാഠ്യഭാഗം മുഴുവൻ വായിച്ചുതന്നെ ഞാൻ ക്ലാസ്സെടുത്തിരുന്നു. കാരണം, ഞാനല്ലെങ്കിൽ വേറൊരാൾ പരീതിന് അതു വായിച്ചു കൊടുക്കണമായിരുന്നു. ചിലപ്പോഴൊക്കെ എക്സ്ട്രാക്ലാസ്സുകൾ എടുക്കേണ്ടിവന്നെങ്കിലും ആ ശ്രമങ്ങൾക്ക് നൂറുമേനി വിളവുണ്ടായി. ബിരുദപരീക്ഷയിൽ ഉയർന്ന മാർക്കുവാങ്ങി വിജയിച്ച പരീത് ബിരുദാനന്തരബിരുദ പരീക്ഷയിൽ എം.ജി. യൂണിവേഴ്സിറ്റിയിൽ ഒന്നാം റാങ്കുകാരനായി. രണ്ടാം റാങ്കുകാരനെ വളരെയധികം മാർക്കുകൾക്ക് പിൻതള്ളിക്കൊണ്ടായിരുന്നു ആ ഉജ്ജ്വലവിജയം.

ബിരുദാനന്തര ബിരുദക്ലാസ്സിൽ ഞാൻ കവിത പഠിപ്പിക്കുകയാണ്. സ്ത്രീപക്ഷ ചിന്തകൾ വിഷയമായ കവിത ആയിരുന്നതിനാൽ സ്ത്രീ പക്ഷവാദത്തെക്കുറിച്ച് ആമുഖം പറഞ്ഞുകൊണ്ടാണ് തുടങ്ങിയത്. 'ന സ്ത്രീ സ്വാതന്ത്ര്യമർഹതി' എന്നു ശഠിച്ചിരുന്ന പുരുഷമേധാവിത്വം സ്ത്രീകളുടെ പ്രിതഷേധസമരങ്ങളെപ്പോലും വലിയ ത്യാഗമായിട്ടും ശീലഗുണമായിട്ടും ചിത്രീകരിച്ച് അതിലെ സമരാഗ്നി കെടുത്തിക്കളയുന്നതിൽ പുരാതനകാലം മുതൽ വിജയിച്ചിരുന്നുവെന്ന് ഗാന്ധാരിയെ മുൻനിർത്തി ഞാൻ സമർത്ഥിക്കുകയാണ്.

''ഗാന്ധാരദേശത്തെ രാജകുമാരിയായ ഗാന്ധാരി വളരെ സുന്ദരിയായിരുന്നു. അവരുടെ സൗന്ദര്യത്തിന്റെയും സ്വഭാവഗുണത്തിന്റെയും കീർത്തി ഗാന്ധാരദേശത്തു മാത്രമല്ല അയൽരാജ്യങ്ങളിലും എത്തിയിരുന്നു. ഗാന്ധാര രാജാവായ സുബലൻ പുത്രിക്ക് സ്വയംവരം ആലോചിച്ചു തുടങ്ങിയ കാലത്താണ് ഹസ്തിനപുരിയിൽനിന്ന് ഭീഷ്മരുടെ ഒരു ദൂതൻ ഗാന്ധാരദേശത്ത് എത്തുന്നത്. ജന്മനാ അന്ധനായ ധൃതരാഷ്ട്രർക്ക് ഗാന്ധാരിയെ ഭാര്യയായി കൊടുക്കണമെന്ന ഭീഷ്മരുടെ ആവശ്യം ദൂതൻ രാജാവിനെ അറിയിച്ചു.

അന്ധനായ ഒരുവന് തന്റെ ഓമനപ്പുത്രിയെ വിവാഹം ചെയ്തു കൊടുക്കാൻ ഇഷ്ടമില്ലാഞ്ഞിട്ടും ഗാന്ധാരരാജാവ് അതിനു വഴങ്ങി. കാരണം, ഭീഷ്മരുടെ ആവശ്യം ഒരു ആജ്ഞതന്നെയാണ്. അതിനെ ധിക്കരിക്കാൻ ഗാന്ധാരംപോലുള്ള ഒരു ചെറുരാജ്യത്തിലെ രാജാവിനെക്കൊണ്ടാവില്ല. അത്രമേൽ ശക്തരാണ് ഹസ്തിനപുരിയിലെ കുരുവംശ രാജാക്കന്മാർ. പോരെങ്കിൽ മുന്നനുഭവവുമുണ്ട്. തന്റെ സഹോദരനായ വിചിത്രവീര്യനുവേണ്ടി കാശിരാജപുത്രിമാരായ അംബ, അംബിക, അംബാലിക എന്നിവരെ ബലാത്കാരമായി പിടിച്ചുകൊണ്ടുപോയത് ഈ ഭീഷ്മർതന്നെയാണ്.

തന്റെ സഹോദരിയെ ഒരു അന്ധന് ഭാര്യയായി കൊടുക്കേണ്ടിവന്നത് ഗാന്ധാരരാജപുത്രനായ ശകുനിക്ക് സഹിക്കാനായില്ല. അയാളിൽ പ്രതികാരാഗ്നി പുകഞ്ഞു. കുടിലതന്ത്രങ്ങളാൽ കിടമത്സരങ്ങളുണ്ടാക്കി കുരുവംശത്തെ മുച്ചൂടും നശിപ്പിക്കുമെന്ന പ്രതിജ്ഞ എടുത്ത ശകുനി ഗാന്ധാരത്തിലെ രാജാവാകാനുള്ള അവസരംപോലും നഷ്ടപ്പെടുത്തി ഗാന്ധാരിയോടൊപ്പം ഹസ്തിനപുരിയിലേക്ക് പുറപ്പെട്ടു.

സ്ത്രീകളുടെ നൈസർഗ്ഗികമായ വാസനയാണ് അണിഞ്ഞൊരുങ്ങുക എന്നത്. ചെറുപ്രായത്തിൽതന്നെ അവരിൽ അത് പ്രകടമാണ്. ആൺകുട്ടികൾ ചക്രം ഉരുട്ടിക്കളിക്കുമ്പോൾ പെൺകുട്ടികളികളാകട്ടെ, കൈയിൽ കിട്ടിയ സാമഗ്രികളുപയോഗിച്ച് ചമയുന്നതാണ് നാം കാണാറുള്ളത്.

ഒരു സ്ത്രീ അണിഞ്ഞൊരുങ്ങി സുന്ദരിയാകുന്നത് സ്വയം ആനന്ദിക്കുന്നതോടൊപ്പം മറ്റുള്ളവർ കാണാൻവേണ്ടിക്കൂടിയാണ്. തന്റെ സൗന്ദര്യത്തിന്റെ ആസ്വാദനം പ്രിയപ്പെട്ടവരിൽനിന്ന് ഉണ്ടാകുമ്പോഴാണ് സ്ത്രീകൾ കൂടുതലായി അഭിമാനിക്കുകയും സന്തോഷിക്കുകയും ചെയ്യുന്നത്.

ഭർത്താവാകാൻ പോകുന്ന പുരുഷന് തന്റെ സൗന്ദര്യം കാണാനുള്ള കണ്ണുകളില്ല എന്നത് ആ ഗാന്ധാര രാജപുത്രി എങ്ങനെ സഹിക്കും? അവൾക്ക് എന്തു ചെയ്യാൻ പറ്റും?

എന്നാൽ ഗാന്ധാരി എന്ന ആ നിരാലംബ ലോകം കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും തീക്ഷ്ണമായ ഒരു പ്രതിഷേധസമരത്തിനാണ് ഒരുമ്പെട്ടത്. 'തന്നെ കാണാൻ കണ്ണില്ലാത്ത ഭർത്താവിനെ തനിക്കും കാണണ്ട' എന്ന് അവൾ തീരുമാനിച്ചു. ഒരു വസ്ത്രക്കീറാൽ തന്റെ കണ്ണുകൾ മൂടിക്കെട്ടി അന്ധതയെ അവൾ സ്വയം വരിച്ചു.

അന്ധനായ ഭർത്താവിനുവേണ്ടിയും തന്റെ കണ്ണുകൾകൊണ്ടുകാണേണ്ടിയിരുന്നവൾ-അയാളുടെ കണ്ണായി വർത്തിക്കേണ്ടിയിരുന്നവൾ-ഹസ്തിനപുരത്തെ രാജകൊട്ടാരത്തിന്റെ അകത്തളങ്ങളിൽ അദ്ദേഹത്തോടൊപ്പം തപ്പിത്തപ്പി നടക്കുന്ന കാഴ്ച എത്രമേൽ അപഹാസ്യമായിരിക്കും. സ്ത്രീകളുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് വിലകല്പിക്കാത്ത

രാജനീതിക്കെതിരേ ഇതിൽപ്പരം എന്തു സമരമാണ് ഗാന്ധാരിയപ്പോലുള്ള ഒരു സ്ത്രീക്ക് അക്കാലത്ത് നടത്താൻ കഴിയുക?

അത്തരത്തിലുള്ള ഒരു കൊടും പ്രതിഷേധത്തെയാണ് പുരുഷാധിപത്യലോകം നിസ്സാരമായി തകർത്തുകളഞ്ഞത്. ആ പ്രതിഷേധാഗ്നിയെ വലിയ ത്യാഗമായി വ്യാഖ്യാനിച്ച് അവർ കെടുത്തിക്കളഞ്ഞു. ഭർത്താവിനു കിട്ടാത്ത സൗഭാഗ്യം തനിക്കും വേണ്ടെന്നുവയ്ക്കുന്ന സതീരത്നമായി അവരെ പ്രകീർത്തിക്കുകയും പാതിവ്രത്യത്തിന്റെ ദേവിയായി അവരോധിച്ച് കൊണ്ടാടുകയും ചെയ്തു.''

ഇപ്രകാരം ഗാന്ധാരിയാൽ ആവേശിതനായി സ്ത്രീപക്ഷവാദം തുടരുന്നതിനിടയിൽ വൈകാരികമായ ഒരു സന്ദിഗ്ധാവസ്ഥയെ എനിക്ക് അഭിമുഖീകരിക്കേണ്ടിവന്നു. അതിനെക്കുറിച്ച് സൂചിപ്പിക്കാനാണ് ഇത്രയെല്ലാം വിശദീകരിച്ചത്.

പതിനെട്ടു കുട്ടികൾ മാത്രമുള്ള ഇടുങ്ങിയ ക്ലാസ്മുറിയിൽ അവരുടെ തൊട്ടടുത്ത് നിന്നുകൊണ്ടാണ് ഞാൻ സംസാരിക്കുന്നത്. സ്വയം അന്ധതവരിച്ച ഗാന്ധാരിയുടെ പ്രവൃത്തിയെ മറ്റൊരു വീക്ഷണകോണിൽ കേൾക്കുന്ന വിദ്യാർത്ഥികൾ അതിൽ ലയിച്ചിരിക്കുകയാണ്. ''തന്നെ കാണാൻ കണ്ണില്ലാത്ത ഭർത്താവിനെ തനിക്കും കാണണ്ട എന്ന് അവൾ തീരുമാനിച്ചു. ഒരു വസ്ത്രക്കീറാൽ തന്റെ കണ്ണുകൾ മൂടിക്കെട്ടി അന്ധതയെ അവൾ സ്വയം വരിച്ചു.'' ഇങ്ങനെ പറയുമ്പോഴാണ് കണ്ണുകൾ കൂടി കാതാക്കിക്കൊണ്ട് തൊട്ടുമുമ്പിലിരിക്കുന്ന നാവൂർ പരീതിന്റെ മുഖം എന്റെ കണ്ണിൽപ്പെടുന്നത്. ആ നിമിഷം, തിരിച്ചു കിട്ടാൻ ഇടയില്ലായെന്ന് തോന്നുമാറ് എന്റെ ശബ്ദം നിലച്ചുപോയി. എന്റെ വാക്കുകൾ ആ കുട്ടിയെ എത്രമാത്രം മുറിപ്പെടുത്തിക്കാണുമെന്നോർത്ത് വല്ലാത്തൊരു സ്തോഭം എന്നെ ബാധിച്ചു.

എനിക്ക് എന്താണു പറ്റിയതെന്നു കുട്ടികൾക്കു മനസ്സിലായില്ല. അവർ പരസ്പരം നോക്കി.

അടുത്ത നിമിഷത്തിൽ ഞാൻ എന്റെ വലതു കൈ എടുത്ത് പരീതിന്റെ തോളിൽ വെച്ചു. അയാളെ ആശ്വസിപ്പിക്കാനല്ല; സ്വയം ആശ്വസിക്കാനായി തോളിൽ രണ്ടുവട്ടം മൃദുവായി തട്ടി.

''കുഴപ്പമില്ല സാർ.'' പതിഞ്ഞ ശബ്ദത്തിൽ പരീത് പറഞ്ഞു.

അപ്പോൾ കുട്ടികൾക്ക് കാര്യം മനസ്സിലായി. അതോടെ അവരുടെ മുഖങ്ങളിലും ഒരു മ്ലാനത പടർന്നു.

ഒരു ദീർഘനിശ്വാസത്തിനുശേഷം ഞാൻ ക്ലാസ് തുടർന്നെങ്കിലും അധ്യാപകവൃത്തിയിലെ അപൂർവ്വാനുഭവങ്ങളിലൊന്നായി അത് ഇന്നും എന്റെ മനസ്സിലുണ്ട്.

# ഒരു തെറ്റ് ശരിയായ കഥ

ഞാൻ മൂവാറ്റുപുഴ നിർമ്മല കോളജിലായിരുന്ന കാലത്ത് മലയാളം ഡിപ്പാർട്ട്മെന്റിലേക്ക് വെളുത്തു മെലിഞ്ഞ ഒരു പെൺകുട്ടി എന്നെ കാണാൻ വന്നു. ബി.എ. മലയാളത്തിന്റെ അഡ്മിഷൻ കാലമായിരുന്നു അത്. അഡ്മിഷന്റെ ചുമതല ആ വർഷം എനിക്കായിരുന്നു. കോളജിൽ ലഭിക്കുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ റാങ്ക്ലിസ്റ്റ് ഉണ്ടാക്കി അഡ്മിഷൻ നടത്തുന്ന രീതിയായിരുന്നു അന്നുണ്ടായിരുന്നത്. റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിച്ച് അഡ്മിഷനൊക്ക അപ്പോൾ ആരംഭിച്ചിരുന്നു. തന്റെ അഡ്മിഷന്റെ സാധ്യത തിരക്കാനായിരുന്നു ആ പെൺകുട്ടി എന്നെ സമീപിച്ചത്.

ഇത്തരം അന്വേഷണങ്ങൾക്ക് ആൺകുട്ടികൾ വരാറുണ്ടെങ്കിലും പെൺകുട്ടികൾ തനിച്ചു വരിക പതിവില്ലാത്തതാണ്. രക്ഷാകർത്താക്കളോടൊപ്പമാണ് അവർ വരാറുള്ളത്. അല്ലെങ്കിൽ രക്ഷാകർത്താവ് മാത്രം വരും. സ്വന്തം കാര്യം അന്വേഷിച്ചറിയാൻ തനിയെ വന്നതുതന്നെ ആ കുട്ടിയോട് ഒരു മതിപ്പ് തോന്നാൻ കാരണമായി.

എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് മാർക്കു കുറഞ്ഞതിനാൽ ഏതോ പാരലൽ കോളജിലാണ് അവൾ പഠിച്ചത്. പ്രീഡിഗ്രിക്കും അത്ര മാർക്കൊന്നുമില്ല. മറ്റു വിഷയങ്ങളെ അപേക്ഷിച്ച് മലയാളത്തിന് അഡ്മിഷൻ കിട്ടാൻ അക്കാലത്ത് എളുപ്പമായിരുന്നു. അതിനാൽ മലയാളത്തിൽ പ്രതീക്ഷ അർപ്പിച്ച് കോളജ് പഠനം സ്വപ്നം കണ്ട് എത്തിയതായിരുന്നു അവൾ.

റാങ്ക്ലിസ്റ്റ് നോക്കിയിട്ട് ഞാൻ അവളോട് പറഞ്ഞു.

''നൂറ്റിമുപ്പത്തിയെട്ടാമതാണ് നിന്റെ റാങ്ക്. ആദ്യത്തെ അമ്പതുപേർക്ക് കാർഡയയ്ക്കുകയും അവരിൽ കുറേപ്പേർ വന്നുചേരുകയും ചെയ്തു. അടുത്തപടിയായി അമ്പതുപേർക്കുകൂടി കാർഡ് അയയ്ക്കും. അപ്പോൾ കുറച്ചുപേർകൂടി വരും. എന്നാലും സീറ്റുകൾ ബാക്കിയുണ്ടാകും. ആദ്യം അഡ്മിഷൻ ലഭിച്ചവരിൽ ചിലർ മറ്റു വിഷയങ്ങളിലേക്ക് മാറിപ്പോവുകയും ചെയ്യും. വീണ്ടും കാർഡയയ്ക്കും. അതിൽ നീയും ഉൾപ്പെടേണ്ടതാണ്. അല്പം കാത്തിരിക്കണമെന്നു മാത്രം. കാർഡ് കിട്ടുമ്പോൾ ചേരാൻ തയ്യാറായി വന്നോളൂ.''

'താങ്ക്യൂ സാർ' അവൾ സന്തോഷത്തോടെ തിരിച്ചുപോയി.

ഒരാഴ്ച കഴിഞ്ഞ് നൂറുമുതൽ നൂറ്റമ്പതുവരെ റാങ്കുള്ള കുട്ടികൾക്ക് കാർഡ് അയയ്ക്കുന്ന ജോലികൾ ചെയ്തുകൊണ്ടിരിക്കുമ്പോഴാണ് എനിക്കു പറ്റിയ പിശക് ശ്രദ്ധയിൽപ്പെട്ടത്. നൂറ്റിമുപ്പത്തിയെട്ടാമത്തെ റാങ്കിലുള്ളതു പെൺകുട്ടിയല്ല, ഒരു ആൺകുട്ടിയാണ്. നൂറ്റിമുപ്പത്തിയെട്ടാമത്തേതായി ഞാൻ

കണ്ടുവെച്ചിരുന്ന ആ പെൺകുട്ടി എവിടെപ്പോയി? അവളുടെ പേരുമറന്നെങ്കിലും പേരിനോടൊപ്പമുണ്ടായിരുന്ന വീട്ടുപേര് ഓർമ്മയിലുണ്ട്. കാരണം ആ വീട്ടുപേരിലുള്ള രണ്ട് അധ്യാപകർ നിർമ്മല കോളജിലുണ്ട്. എന്നാൽ അവർ ആ പെൺകുട്ടിയുടെ അടുത്ത ബന്ധുക്കൾ ആയിരുന്നില്ലതാനും.

ആ വീട്ടുപേരിന്റെ ഓർമ്മയിൽ റാങ്ക്ലിസ്റ്റ് പരിശോധിച്ച് ഞാൻ ആ കുട്ടിയെ കണ്ടെത്തി. ഇരുന്നൂറ്റിമുപ്പത്തിയെട്ടാണ് അവളുടെ റാങ്ക്. കണ്ണിടറി നൂറ്റിമുപ്പത്തിയെട്ട് എന്നു ഞാൻ നേരത്തേ വായിച്ചുപോയതാണ്. എനിക്ക് വല്ലാത്ത കുറ്റബോധം തോന്നി. അത്രയു താഴ്ന്ന റാങ്കിലുള്ള അവൾക്ക് അഡ്മിഷൻ കിട്ടാനുള്ള സാധ്യത തീരെയില്ല.

അഡ്മിഷനുള്ള കാർഡും കാത്തിരിക്കുന്ന ആ കുട്ടി അതു കിട്ടാതെ വരുമ്പോൾ വീണ്ടും അന്വേഷിച്ചുവരില്ലേ? എനിക്കൊരു തെറ്റുപറ്റിയതാണ്. നിനക്ക് അഡ്മിഷൻ കിട്ടാൻ യോഗ്യതയില്ല; സാധ്യതയില്ല, എന്നൊക്കെ അവളോട് എങ്ങനെ പറയും?

ഞാൻ ധർമ്മസങ്കടത്തിലായി.

എനിക്ക് വളരെ വേണ്ടപ്പെട്ട ഒരു കുട്ടി ആണെന്നൊക്കെപ്പറഞ്ഞ് മാനേജ്മെന്റ് ക്വാട്ടയിൽ ഒരു അഡ്മിഷൻ കൊടുക്കാൻ പ്രിൻസിപ്പലിനോട് ശിപാർശ ചെയ്താലോ? പക്ഷേ, അതിനു വഴിയില്ല. കാരണം മാനേജ്മെന്റ് ക്വാട്ടയിൽ അഡ്മിഷൻ കിട്ടാൻ മിനിമം നാല്പത്തഞ്ചുശതമാനം മാർക്കുവേണമെന്ന് ഒരു നിബന്ധനവെച്ചിട്ടുണ്ട്. ഈ കുട്ടിയുടെ മാർക്ക് അതിലും വളരെ താഴെയാണ്.

വൈദികരുടെയും കന്യാസ്ത്രീകളുടേയും അഡ്മിഷൻ കാര്യത്തിൽ മിനിമം മാർക്കിന്റെ മാനദണ്ഡം പാലിക്കാറില്ലെങ്കിലും സഭാവിശ്വാസികളുടെ കാര്യത്തിൽ വിട്ടുവീഴ്ചകളൊന്നും ഉണ്ടായിരുന്നില്ല. ഈ കോള ജിൽ അധ്യാപകനായിരിക്കെ അടുത്ത കാലത്ത് മരണപ്പെട്ട എന്റെ സുഹൃത്തിന്റെ മക്കൾക്ക് മാനേജ്മെന്റ് ക്വാട്ടയിൽപ്പോലും അഡ്മിഷൻ നല്കാതിരുന്നത് ഈ മിനിമം മാർക്ക് നിബന്ധനയുടെ പേരിലായിരുന്നു.

നിർമ്മല കോളജിൽ അഡ്മിഷൻ കിട്ടാൻ സാധ്യതയില്ലെന്ന് അറിയിച്ചുകൊണ്ട് ആ പെൺകുട്ടിക്ക് ഒരു കത്ത് അയച്ചാലോ എന്നു ഞാൻ ആലോചിച്ചു. അതിനും എനിക്കു മനസ്സുവന്നില്ല.

നാലഞ്ചു തവണകളായി കാർഡുകൾ അയച്ച് അഡ്മിഷനൊക്കെ നടത്തുമ്പോഴേക്കും ക്ലാസ്സുകൾ തുടങ്ങേണ്ട സമയമാകും. അപ്പോഴും സാധാരണ ഗതിയിൽ അഡ്മിഷൻ പൂർത്തിയാകുകയില്ല. കാരണം, അഡ്മിഷൻ എടുത്ത വിദ്യാർത്ഥികൾ മറ്റു കോളജുകളിലേക്ക് റ്റി.സി. വാങ്ങി പോകുന്നതോ ഈ കോളജിൽതന്നെ വേറെ വിഷയങ്ങളിലേക്ക് മാറിപ്പോകുന്നതോ ആണ്. ഇങ്ങനെയുണ്ടാകുന്ന സീറ്റുകളിലെ അഡ്മിഷനുകൾ പലപ്പോഴും റാങ്ക്ലിസ്റ്റിനെ അനുവർത്തിച്ച് ആയിരിക്കില്ല നടക്കുന്നത്. വേണ്ടപ്പെട്ടവർക്കൊക്കെ പ്രിൻസിപ്പൽ അഡ്മിഷൻ നല്കുന്നത് അപ്പോഴാണ്. കോളജിലെ

അധ്യാപക-അനധ്യാപക ജീവനക്കാരുടെ ബന്ധുക്കൾക്കൊക്കെ ആ അവസരത്തിലാണ് അഡ്മിഷൻ തരപ്പെടുക. 'മാനേജ്മെന്റ് ക്വാട്ടാ' എന്നറിയപ്പെടുന്ന 'ഫ്രീ ചോയ്സ്' അഡ്മിഷനുകളെല്ലാം നേരത്തേതന്നെ ഇടവക വികാരിമാർ വീതിച്ചെടുത്തിട്ടുണ്ടാകും.

'ആന കൊടുത്താലും ആശ കൊടുക്കരുത്' എന്ന പഴമൊഴി എന്നെ നൊമ്പരപ്പെടുത്തിക്കൊണ്ടിരിക്കേ എന്റെ നോട്ടപ്പിശകുകൊണ്ടുണ്ടായ ആ 'ആശ' സഫലമാക്കാൻ ഞാൻ പരമാവധി പരിശ്രമിച്ചു. 'കമ്മ്യൂണിറ്റിമെരിറ്റ്' എന്ന പേരിൽ കോതമംഗലം രൂപതയിലെ റോമൻ കാത്തലിക് വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് നിയമാനുസൃതം നീക്കിവെച്ചിട്ടുള്ള പത്തു ശതമാനം സീറ്റിൽ മാത്രമായിരുന്നു അതിനുള്ള നേരിയ സാധ്യത ഞാൻ കണ്ടത്. നാലു സീറ്റുകളാണ് അത്തരത്തിൽ ഉണ്ടായിരുന്നത്.' കമ്മ്യൂണിറ്റി മെരിറ്റിൽ അഡ്മിഷൻ കിട്ടിയ വിദ്യാർത്ഥികളെ ജനറൽമെരിറ്റിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് നിയമാനുസൃതം മാറ്റി മാറ്റി അവസാനം ഇരുന്നൂറ്റിമുപ്പത്തിയെട്ടാം നമ്പരുകാരിയെ കമ്മ്യൂണിറ്റി മെരിറ്റിൽ അഡ്മിഷൻ കിട്ടാൻ യോഗ്യയാക്കി. തലയിൽനിന്ന് വലിയൊരു പാപച്ചുമട് ഇറക്കിവെച്ച ആശ്വാസത്തിൽ ഞാൻ ആ കുട്ടിക്ക് അഡ്മിഷനുള്ള കാർഡ് അയയ്ക്കുകയും ചെയ്തു.

അടുത്ത ദിവസം ചെറുകിടകർഷകനായ പിതാവിനെയും കൂട്ടി ആ പെൺകുട്ടി മലയാളം ഡിപ്പാർട്ട്മെന്റിൽ വന്നു. നാട്ടിലെ ഏറ്റവും പ്രസിദ്ധമായ കോളജിൽ ചേർന്നു പഠിക്കാൻ ഭാഗ്യമുണ്ടായതിന്റെ ഒരു തിളക്കം അവളുടെ മുഖത്ത് പ്രകടമായിരുന്നു.

അപേക്ഷകരുടെ കൂട്ടത്തിൽനിന്ന് അവളുടെ അപേക്ഷ തെരഞ്ഞെടുത്ത് ഒർജിനൽ മാർക്ക്ലിസ്റ്റ്, റ്റി.സി. തുടങ്ങിയ അനുബന്ധരേഖകൾ വാങ്ങി പരിശോധിച്ച് അവയെല്ലാം കൂട്ടി പിൻചെയ്ത് അതുമായി അവരെ പ്രിൻസിപ്പലിന്റെ അടുത്തേക്ക് അയച്ചു. പ്രിൻസിപ്പൽ അവയൊക്കെ പരിശോധിച്ച് 'അഡ്മിറ്റഡ്' എന്നെഴുതി ഒപ്പിട്ടതിനു ശേഷമാണ് ഓഫീസിൽ പോയി ഫീസടയ്ക്കേണ്ടത്. അങ്ങനെ ഫീസടച്ചു കഴിയുമ്പോഴാണ് അഡ്മിഷൻപ്രക്രിയ പൂർത്തിയാകുന്നത്. അതിനിടയിൽ സംഭാവന നൽകേണ്ടുന്നതിനായി കോളജ് 'ബർസാർ' ആയ വൈദികന്റെ മുറിയിൽ ഒന്ന് കയറി ഇറങ്ങണമെന്നു മാത്രം.

പെൺകുട്ടിയെയും രക്ഷാകർത്താവിനെയും പ്രിൻസിപ്പലിന്റെ അടുക്കലേക്ക് വിട്ട് അല്പസമയം കഴിഞ്ഞപ്പോൾ പ്രിൻസിപ്പലിന്റെ ഓഫീസിലേക്ക് എന്നെ വിളിപ്പിച്ചു.

റവ. ഡോ. ജോർജ്ജ് താനത്തു പറമ്പിൽ ആയിരുന്നു പ്രിൻസിപ്പൽ. എനിക്കെന്തോ തെറ്റുപറ്റിയതാകുമെന്നായിരിക്കും പ്രിൻസിപ്പലച്ചൻ വിചാരിച്ചത്. പെൺകുട്ടിയും രക്ഷാകർത്താവും കേൾക്കെ അച്ചൻ എന്നോടു ചോദിച്ചു.

''ഏതു വകുപ്പിലാണ് ഈ കുട്ടിയുടെ അഡ്മിഷൻ?''

''കമ്മ്യൂണിറ്റി മെരിറ്റ്.'' ഞാൻ പറഞ്ഞു.

''അതെങ്ങനെ? പാസ്സ്മാർക്കല്ലേ ഈ കുട്ടിക്കുള്ളൂ.''

''അല്പം കൂടിയുണ്ട്.'' ഞാൻ വിനീതനായി പറഞ്ഞു. ജയിക്കാൻ വേണ്ടതിനെക്കാൾ ഏഴുമാർക്ക് ആ കുട്ടിക്ക് കൂടുതലുണ്ടായിരുന്നു. അത് മലയാളത്തിനായിരുന്നുതാനും.

''ഇത്രയും മാർക്കു കുറഞ്ഞ കുട്ടി എങ്ങനെയാണ് മെറിറ്റ് ലിസ്റ്റിൽ വരിക.''

അച്ചൻ വീണ്ടും ചോദിച്ചു.

''കമ്മ്യൂണിറ്റി വിഭാഗത്തിൽ അപേക്ഷകർ കുറവായതുകൊണ്ട്.'' ഞാൻ മറുപടി നല്കി.

''മാനേജ്മെന്റ് സീറ്റുകളിലേക്കുപോലും നാല്പത്തിയഞ്ചു ശതമാനത്തിൽ കുറഞ്ഞു മാർക്കുള്ളവരെ എടുക്കാറില്ലല്ലോ. പിന്നെങ്ങനെയാണ് ഇത്രയും മാർക്കു കുറഞ്ഞ കുട്ടിക്ക് അഡ്മിഷൻ കൊടുക്കുന്നത്?''

പ്രിൻസിപ്പലച്ചന്റെ ചിന്താക്കുഴപ്പം മാറുന്നില്ല.

''മാനേജ്മെന്റ് സീറ്റുകളിലേക്കുള്ള അഡ്മിഷന് അങ്ങനെയൊരു മാനദണ്ഡം വെച്ചിട്ടുള്ളത് മാനേജ്മെന്റുതന്നെയാണ്. ജനറൽ മെറിറ്റിന്റെ കാര്യത്തിലും കമ്മ്യൂണിറ്റി മെറിറ്റിന്റെ കാര്യത്തിലും അങ്ങനെ യാതൊരു നിബന്ധനകളുമില്ല. മിനിമം മാർക്കേ ഉള്ളൂവെങ്കിലും പ്രീഡിഗ്രി പാസ്സായ എല്ലാ കുട്ടികളും ഡിഗ്രി പഠനത്തിന് 'എലിജിബിൾ' ആണ്.''

ഞാൻ ഉത്സാഹത്തോടെ വാദിച്ചു.

''ഇത്രയും മാർക്കു കുറഞ്ഞ കുട്ടികളെ എടുത്താൽ ഇവരൊക്കെ പഠിച്ചു ജയിക്കുമോ? നമ്മുടെ റിസൾട്ടിനെ അതു ബാധിക്കില്ലേ?''

''പാസ്സ്മാർക്ക് മാത്രമുള്ളവർക്കും നമ്മൾ അഡ്മിഷൻ കൊടുക്കാറുണ്ടല്ലോ.''

വൈദികരെയും കന്യാസ്ത്രീകളെയും മാത്രം ഉദ്ദേശിച്ചാണ് ഞാൻ അങ്ങനെ പറഞ്ഞത്.

അതിനോട് അദ്ദേഹം പ്രതികരിച്ചില്ല.

ഞാൻ തുടർന്നു.

''കമ്മ്യൂണിറ്റി മെറിറ്റിൽ പ്രവേശനം കിട്ടേണ്ടവരുടെ ലിസ്റ്റിൽ ഈ കുട്ടി ഉൾപ്പെട്ടിട്ടുണ്ട്. അപ്പോൾപ്പിന്നെ ഈ കുട്ടിക്ക് അഡ്മിഷൻ കൊടുക്കാതിരിക്കുവാൻ പറ്റുമോ?''

പ്രിൻസിപ്പൽ പിന്നീടൊന്നും പറഞ്ഞില്ല.

ഞങ്ങളുടെ സംഭാഷണം ശ്രദ്ധിച്ചുകൊണ്ട് പെൺകുട്ടിയും അവളുടെ രക്ഷാകർത്താവും അവിടെത്തന്നെ ഉണ്ടായിരുന്നുവല്ലോ. അവളുടെ അപേക്ഷയിൽ അഡ്മിറ്റഡ് എന്നെഴുതി പ്രിൻസിപ്പലച്ചൻ ഒപ്പുവെച്ചു. ഒരു പ്രാർത്ഥന ഫലിച്ചതിലുള്ള സന്തോഷത്തോടെ ഞാൻ ഡിപ്പാർട്ട്മെന്റിലേക്ക് മടങ്ങി.

അഡ്മിഷൻ നടപടികൾ പൂർത്തീകരിച്ചതിനുശേഷം ആ പെൺകുട്ടിയും പിതാവും ഡിപ്പാർട്ട്മെന്റിലേക്ക് വന്നു. പുതിയ ഡിഗ്രിക്ലാസ്സു തുടങ്ങിയിട്ട് രണ്ടു മൂന്നു ദിവസമായിരുന്നു. അതിനാൽ അവളെ ക്ലാസിലേക്കു വിട്ടു. തിരിച്ചു പോകുന്നതിനു മുമ്പ് ആ രക്ഷാകർത്താവ് എന്റെ പേരു ചോദിച്ചു. ഞാൻ പേരു പറഞ്ഞു. അപ്പോൾ അല്പമൊരു ജാള്യതയോടെ ശബ്ദം കുറച്ച് അയാൾ എന്നോടു പറഞ്ഞു:

''പ്രിൻസിപ്പലച്ചൻ എന്നോടു ചോദിച്ചു, സാറിന് കാശുവല്ലതും കൊടുത്തായിരുന്നോ എന്ന്.'' നിഷ്കളങ്കമായ ആ വെളിപ്പെടുത്തൽ കേട്ട് ഞാൻ ഉള്ളാലേ ചിരിച്ചു.

എനിക്കുപറ്റിയ ഒരു നോട്ടപ്പിശകാണ് അവളുടെ അഡ്മിഷന് കാരണമായതെന്ന് ആ രക്ഷാകർത്താവിനോടോ ആ പെൺകുട്ടിയോടോ ഞാൻ പറഞ്ഞതുമില്ല.

സ്വഭാവഗുണമുള്ള ഒരു കുട്ടിയായിരുന്നു അവൾ. അധ്യാപകരോടും സഹപാഠികളോടുമുള്ള അവളുടെ പെരുമാറ്റം ഹൃദ്യമായിരുന്നു. പഠിക്കാൻ സമർത്ഥ ആയിരുന്നില്ലെങ്കിലും പരമാവധി ഉത്സാഹിച്ചു. ഫസ്റ്റ് ക്ലാസ്സോടുകൂടിയാണ് അവൾ ബി.എ. പാസ്സായത്.

എം.എ. മലയാളത്തിന് സീറ്റുകൾ കുറവായതിനാലും മറ്റു കോളജുകളിൽനിന്ന് അപേക്ഷകർ ധാരാളമായി ഉണ്ടായിരുന്നതിനാലും മെറിറ്റ് ലിസ്റ്റിൽ ആ കുട്ടി ആദ്യമൊന്നും വന്നില്ല. എന്നാൽ എം.എ. കോഴ്സിന്റെ ക്ലാസ്സു തുടങ്ങി ഒരു മാസം കഴിഞ്ഞപ്പോൾ റ്റി.സി. വാങ്ങിപ്പോയ ഒരു കുട്ടിയുടെ ഒഴിവിലേക്ക് എങ്ങനെയോ അവൾക്ക് അഡ്മിഷൻ കിട്ടി. അന്ന് അഡ്മിഷന്റെ ചുമതല എനിക്കായിരുന്നില്ല. റവ.ഡോ. ജോർജ്ജ് താനത്തുപറമ്പിൽതന്നെ ആയിരുന്നു അപ്പോഴും പ്രിൻസിപ്പൽ.

എം.എ. യ്ക്ക് നല്ല മാർക്കുണ്ടായിരുന്ന ആ കുട്ടി പിന്നീട് ബി.എഡ്. കോഴ്സിനു ചേർന്നു പഠിച്ച് സ്കൂളിൽ ടീച്ചറായി.

ഏതാനും വർഷങ്ങൾക്കുശേഷം ഗവൺമെന്റ് ജീവനക്കാരനായ ഭർത്താവും രണ്ടു കുട്ടികളും അടങ്ങുന്ന സന്തുഷ്ടകുടുംബമായി അവൾ ഡിഗ്രി ബാച്ചിന്റെ പൂർവ്വ വിദ്യാർത്ഥിസമ്മേളനത്തിൽ പങ്കെടുക്കാൻ നിർമ്മല കോളജിലെത്തി.

പഠിപ്പിച്ച എല്ലാ അധ്യാപകരെയും ആ ഒത്തുചേരലിന് കുട്ടികൾ ക്ഷണിച്ചിരുന്നു. ഒപ്പം എന്നെയും. കുട്ടികൾ ക്ഷണിച്ചെങ്കിലും ആ കൂട്ടായ്മയിൽ പങ്കെടുക്കാനുള്ള യോഗ്യത എനിക്കുണ്ടോ എന്നു ഞാൻ ശങ്കിച്ചു. കാരണം, അപ്പോൾ കോളജ് മാനേജർ അധ്യാപകവൃത്തിയിൽ നിന്ന് എന്നെ പിരിച്ചുവിട്ടിരിക്കുകയാണ്. പിരിച്ചുവിടൽ എന്ന ഏറ്റവും കഠിനശിക്ഷ വിധിച്ചതോടെ ഇരുപത്തിയഞ്ച് വർഷത്തെ എന്റെ സേവനം അപ്പാടേ റദ്ദായിപ്പോയി. അതിനാലാണ് സർക്കാർ തരേണ്ടിയിരുന്ന പെൻഷനുപോലും എനിക്ക് അർഹത ഇല്ലാതെ പോയത്.

അപ്രകാരം റദ്ദായിപ്പോയത് നിർമ്മല കോളജിൽ പതിനഞ്ചുവർഷക്കാലം തുടർന്ന എന്റെ അധ്യാപക പദവികൂടി ആണല്ലോ. അപ്പോൾ നിയമാനുസൃതം ആ യോഗത്തിൽ പങ്കെടുക്കാനുള്ള യോഗ്യത എനിക്കുണ്ടോ? മനശ്ചാഞ്ചല്യത്തോടെ ആണെങ്കിലും ആ കൂട്ടായ്മയിലേക്ക് ഞാനും ചെന്നു. രാജശാസനയാൽ പിതൃത്വം നഷ്ടപ്പെട്ടവൻ ഔരസ സന്തതികളുടെ അടുത്തേക്കെന്നപോലെ.

മതതീവ്രവാദികളുടെ ആക്രമണത്തിന് ഇരയായിട്ട് അപ്പോൾ രണ്ടുവർഷം കഴിഞ്ഞിരുന്നു. ഇരുകൈകളിലുമുള്ള മുറിപ്പാടുകൾ മറയ്ക്കാൻ ഫുൾസ്ലീവ് ഷർട്ടാണ് ഞാൻ വീടിനു പുറത്തു പോകുമ്പോൾ ധരിച്ചിരുന്നത്.

എന്നെ കണ്ട ഉടനേ, പ്രസ്താവിതയായ ആ പെൺകുട്ടി കൈക്കുഞ്ഞിനെ ഭർത്താവിനെ ഏല്പിച്ച് ഓടി അടുത്തുവന്നു. തുന്നിച്ചേർത്ത എന്റെ വലതുകൈപ്പത്തി അവളുടെ കൂപ്പുകൈയ്ക്കുള്ളിലാക്കി. പിന്നീട് ഷർട്ടിന്റെ കൈയിലെ ബട്ടണഴിച്ച് മുറിപ്പാടുകൾ കാണുകയും ആ മുറിപ്പാടുകളിൽ തലോടുകയും ചെയ്തു.

മതഭ്രാന്തന്മാരാൽ മുറിപ്പെട്ടതിനുശേഷം ആണും പെണ്ണുമായി പല കുട്ടികളും എന്നെ കാണാൻ വന്നിട്ടുണ്ട്. അവർ കുശലമന്വേഷിച്ച് കൈ കാലുകളുടെ അവസ്ഥയെപ്പറ്റി ആരാഞ്ഞിട്ടുമുണ്ട്. എന്നാൽ അവരിലാരും ശരീരത്തു തൊട്ട് മുറിപ്പാടുകളുമായി സംവദിക്കാൻ മുതിർന്നിട്ടില്ല. എന്നാൽ ഇപ്പോൾ എന്റെ മുറിപ്പാടുകളിൽ സ്പർശിക്കുന്ന ഗുരുത്വം എന്റെ ഒരു നോട്ടപ്പിശകിന്റെ പരിണതി ആണല്ലോ എന്ന ചിന്ത എന്നെ കൂടുതൽ കൃതകൃത്യനാക്കുന്നത് സ്വാഭാവികമല്ലേ?

# ഇടതുപക്ഷ സഹയാത്രികൻ

ചോദ്യപേപ്പർ വിവാദത്തിന്റെ നാളുകളിൽ സഭാധികാരികളുടെ ഗൂഢാലോചനയെത്തുടർന്ന് ചങ്ങനാശ്ശേരി അതിരൂപതയുടെ ആർച്ച്ബിഷപ്പ് ആയിരുന്ന മാർ ജോസഫ് പവ്വത്തിൽ ദീപിക ദിനപത്രത്തിൽ എഴുതിയ ഒറ്റുകൊടുക്കൽ ലേഖനത്തിൽ എന്നെ 'ഇടതുപക്ഷ സഹയാത്രികൻ' എന്ന് വിശേഷിപ്പിക്കുന്നുണ്ട്. കോതമംഗലം രൂപതാധികൃതർ നല്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലാവണം അദ്ദേഹം അതിനു മുതിർന്നിട്ടുള്ളത്.

ഏതെങ്കിലും ഒരു രാഷ്ട്രീയപാർട്ടിയിൽ എനിക്ക് അംഗത്വമോ പ്രവർത്തനമോ ഉണ്ടായിരുന്നില്ല. എ.കെ.പി.സി.റ്റി.എ എന്ന പ്രൈവറ്റ് കോളജ് അധ്യാപകരുടെ സംഘടനയിൽ അംഗത്വമെടുത്ത് ഒരു സാധാരണ പ്രവർത്തകനായി ഞാൻ തുടർന്നുപോന്നിരുന്നു. ഈ സംഘടനയ്ക്ക് ഇടതുപക്ഷ ആഭിമുഖ്യം ഇല്ലെന്നു പറയുക വയ്യ. അതുകൊണ്ടാകണം 'ഇടതുപക്ഷസഹയാത്രികൻ' എന്ന് എന്നെ വിശേഷിപ്പിക്കാൻ അഭിവന്ദ്യതിരുമേനി ഉത്സുകനായത്.

എ.കെ.പി.സി.റ്റി.എ. എന്ന സംഘടനയിൽ ഞാൻ അംഗമാകുന്നത് കോതമംഗലം രൂപതാധികൃതരുടെ അറിവോടെയും കോളജ് മാനേജരുടെ നിർദ്ദേശമനുസരിച്ചും ആണ്. അതിന്റെ കാര്യകാരണങ്ങൾ അല്പമൊന്നു പ്രതിപാദിക്കാം.

1992-ലാണ് സംഭവം. മുരിക്കാശ്ശേരി പാവനാത്മ കോളജിൽ യൂണിവേഴ്സിറ്റി പരീക്ഷ നടക്കുകയാണ്. ഞാൻ ഇൻവിജിലേഷൻ (പരീക്ഷയുടെ മേൽനോട്ടംവഹിക്കൽ) ഡ്യൂട്ടിയിലാണ്. രണ്ടാം വർഷ പ്രീഡിഗ്രിക്കാരുടെ ഒന്നാം വർഷ ഇംപ്രൂവ്മെന്റ് പരീക്ഷയാണ്. ഫിസിക്സ് ആണ് വിഷയം. തലേവർഷത്തെ ഒന്നാംവർഷ ഫിസിക്സ് പരീക്ഷ താരതമ്യേന വിഷമമായിരുന്നതിനാൽ ഭൂരിഭാഗം കുട്ടികളും ഇപ്രൂവ്മെന്റ് പരീക്ഷ എഴുതുന്നുണ്ട്. പരീക്ഷ തുടങ്ങി ഹാജർ രേഖപ്പെടുത്തിക്കഴിഞ്ഞ് ഞാൻ ഹാളിലൂടെ ഉലാത്തിക്കൊണ്ടിരുന്നു.

ഒരേ ജോലിയാണെങ്കിലും എല്ലാവരും ചെയ്യുന്നത് ഒരുപോലെ അല്ലല്ലോ. ചിലർ വേണ്ടത്ര ഗൗരവം ഇൻവിജിലേഷനു കൊടുക്കാറില്ല. അവർ എന്തെങ്കിലും വായിച്ചുകൊണ്ടോ മനോരാജ്യത്തിൽ മുഴുകിക്കൊണ്ടോ പരീക്ഷാഹാളിലിരിക്കും. ചില വക്രബുദ്ധിക്കാരാകട്ടെ, ഉദാസീനരായി കുട്ടികളെ ശ്രദ്ധിക്കാത്തമട്ടിൽ നില്ക്കും. എന്നിട്ട് കോപ്പി അടിക്കുന്നവരെ കയ്യോടെ പിടികൂടി പരീക്ഷയിൽനിന്ന് പുറത്താക്കും. ഞാനാകട്ടെ, എല്ലാവരെയും ശ്രദ്ധിക്കുന്നുണ്ടെന്ന് ബോധ്യപ്പെടുത്തിക്കൊണ്ടുതന്നെ അങ്ങനെ നില്ക്കും. കടലാസുതുണ്ടുകളും മറ്റും കൊണ്ടുവന്നവർക്ക് അതൊന്നും എടുക്കാൻ

അവസരം കൊടുക്കില്ല. മറ്റുള്ളരുടെ ഉത്തരക്കടലാസിലേക്ക് നോക്കാനും ആരെയും അനുവദിക്കില്ല.

കഴിഞ്ഞ വർഷം ഫിസിക്സിന്റെ ഇതേ ഇംപ്രൂവ്മെന്റ് പരീക്ഷ നടക്കുകയായിരുന്നു. ഞാൻ എന്റെ പതിവുശൈലിയിൽ ഡ്യൂട്ടി ചെയ്യുകയുമാണ്. ഒരു വിദ്യാർത്ഥിയിൽ എന്റെ ശ്രദ്ധ പ്രത്യേകം പതിഞ്ഞു. ഞാൻ നോക്കുമ്പോൾ അവൻ ചെറുതായൊന്നു ഞെളിപിരികൊള്ളും. അപ്പോൾ ഒന്നുംതന്നെ എഴുതില്ല. ഞാൻ അകലത്താവുമ്പോൾ അവൻ എഴുതും. അടുത്തു വരുമ്പോൾ ഉത്തരക്കടലാസ് അടച്ചുവെച്ച് ചോദ്യപ്പേപ്പറിൽ കണ്ണുനട്ടിരിക്കും.

പരീക്ഷ തുടങ്ങി ഒരു മണിക്കൂർ ആകുന്നതിനുമുമ്പേ എഴുത്തു നിർത്തി അവൻ എണീറ്റു. പരീക്ഷാഹാൾ വിട്ടുപോകുന്ന ആദ്യത്തെ ആൾ അവനായിരുന്നു.

ഡെസ്കിൽ അവന്റെ ഉത്തരക്കടലാസ് കമഴ്ത്തിവെച്ചിരിക്കുകയാണ്. അവൻ എത്രമാത്രം എഴുതിയിട്ടുണ്ടെന്നറിയാനുള്ള കൗതുകത്തോടെ ഉത്തരക്കടലാസിന്റെ പേജുകൾ ഞാൻ മറിച്ചുനോക്കി. എന്തൊക്കെയോ അല്പം എഴുതിയിട്ടുണ്ട്. ഇംഗ്ലീഷിലാണ്. എന്നാൽ അവസാനം അതാ മലയാളത്തിലെഴുതിയ ഒരു കവിതാരൂപം.

''രണ്ടു കണ്ണുകൾ...
എന്നിൽ ദത്തശ്രദ്ധമായിരിക്കുന്നു!
ഇര കണ്ട കഴുകനോ?
ഇണ കണ്ട കോഴിയോ?
ആ കണ്ണൊന്നു തെറ്റിയെങ്കിൽ
ഒരു ഭാവിയെൻമുന്നിൽ ഭദ്രം.''

തെറിവിളി കേൾക്കുമ്പോഴുണ്ടാകുന്ന അരോചകത്വം ആദ്യം തോന്നിയെങ്കിലും ഒരു പ്രശംസാപത്രമായി അതിനെ ഞാൻ കണക്കാക്കി, ആ നിമിഷകവിയെ ഞാൻ മനസാ നമിച്ചു. ഊർജ്ജതന്ത്രത്തിലല്ല, സാഹിത്യത്തിലാണല്ലോ അവന്റെ ഊർജ്ജം എന്ന് വിചാരിക്കുകയും ചെയ്തു.

അതേ പരീക്ഷാഹാളിൽ അതേ പരീക്ഷയ്ക്കുതന്നെയാണ് ഇന്നും എന്റെ ഡ്യൂട്ടി. പരീക്ഷ തുടങ്ങി അരമണിക്കൂർ ആയതേയുള്ളൂ. ഞാൻ ഹാളിന്റെ വാതിൽ ഭാഗത്തു നില്ക്കുകയാണ്. അപ്പോൾ ലൈബ്രറി റൂമിന്റെ സമീപമുള്ള പടികൾ കയറി ഫിസിക്സ് ഡിപ്പാർട്ടുമെന്റിലെ ഒരു അധ്യാപകസുഹൃത്ത് എന്റെ സമീപത്തേക്കു വന്നു. അദ്ദേഹത്തിന്റെ കൈയിൽ അന്നത്തെ പരീക്ഷയുടെ ചോദ്യപ്പേപ്പറുമുണ്ട്.

''എങ്ങനെയുണ്ട് ഫിസിക്സിന്റെ ചോദ്യങ്ങൾ? എളുപ്പമാണോ?''

ഞാൻ സൗഹൃദത്തോടെ ചോദിച്ചു.

'അല്ല' എന്ന മട്ടിൽ അദ്ദേഹം തലയാട്ടി. എന്നിട്ട് കൈയിലിരുന്ന ചോദ്യപ്പേപ്പർ എന്നെ കാണിച്ചു.

പാർട്ട് 'എ' യിലെ ചോദ്യങ്ങൾ ഒബ്ജെക്ടീവ് ടൈപ്പാണ്. നാലു ചോയ്സ് ഉണ്ട്. 'എ' എന്നോ 'ബി' എന്നോ ഒക്കെ ഉത്തരമെഴുതിയാൽ മതി. ശരിയുത്തരങ്ങൾ അദ്ദേഹം അതിൽ മാർക്കു ചെയ്തിട്ടുണ്ട്.

''എ പാർട്ട് പറഞ്ഞുകൊടുത്താലോ?''

പൊടുന്നനെ അദ്ദേഹം ചോദിച്ചു. ഞാൻ ആശ്ചര്യത്തോടെ അദ്ദേഹത്തിന്റെ മുഖത്തേക്കു നോക്കി.

''നമ്മുടെ പിള്ളേരല്ലേ രക്ഷപ്പെട്ടുപോന്നെങ്കിൽ പോട്ടെ.''

അങ്ങനെ പറഞ്ഞിട്ട് തന്റെ ഇടത്തേകൈവെള്ള അദ്ദേഹം എന്നെ കാണിച്ചു. അതിൽ ഉത്തരത്തെ സൂചിപ്പിക്കുന്ന അക്ഷരങ്ങൾ ക്രമത്തിൽ എഴുതിയിരുന്നു.

അകാരണമായ ഒരു കൗതുകത്താൽ രണ്ടു തവണ ഉരുക്കഴിച്ച് ഞാൻ ആ ഉത്തരങ്ങൾ ഹൃദിസ്ഥമാക്കി. പിന്നീട് അദ്ദേഹത്തിന്റെ മുഖത്തു നോക്കി സൗഹൃദഭാവം വിടാതെ ശാന്തമായി പറഞ്ഞു:

''പിള്ളേർക്ക് മാർക്കു കിട്ടുന്നതും അവർ രക്ഷപ്പെടുന്നതും നല്ല കാര്യം. പക്ഷേ, നമുക്കിതു ചെയ്യാൻ കൊള്ളാമോ? പരീക്ഷയിൽ ക്രമക്കേടൊന്നും ഉണ്ടാവാതിരിക്കാനല്ലേ നമ്മളെ നിയോഗിച്ചിരിക്കുന്നത്. വേലിതന്നെ വിളവു തിന്നാലോ? ഇൻവിജിലേറ്റർ എന്ന നിലയിലും അധ്യാപകർ എന്ന നിലയിലും നമ്മൾ അത് ചെയ്യാൻ പാടില്ല.''

എന്റെ വാക്കുകൾ കേട്ട് ഉത്സാഹംകെട്ടുപോയ മുഖത്തോടെ അയാൾ നിന്നു. ഞാൻ തുടർന്നു:

''നമ്മൾ പറഞ്ഞുകൊടുത്ത ഉത്തരമെഴുതി മാർക്കു വാങ്ങി അവർ രക്ഷപ്പെട്ടെന്നിരിക്കട്ടെ, ഭാവിയിൽ അവരുടെ മനസ്സിൽ നമുക്കുള്ള സ്ഥാനമെന്തായിരിക്കും? വെറും പുച്ഛമല്ലേ കാണൂ.''

എന്റെ വാക്കുകൾ സാകൂതം അദ്ദേഹം കേട്ടുനിന്നു.

''അതുകൊണ്ട് ആ ചിന്തതന്നെ ഉപേക്ഷിച്ചേക്ക്.'' ഞാൻ കൂട്ടിച്ചേർത്തു.

''എങ്കിൽ വേണ്ടല്ലേ...'' വല്ലായ്മയോടെ അദ്ദേഹം പറഞ്ഞു.

''ഇക്കാര്യം ആരോടും പറയരുത്.'' അദ്ദേഹത്തിന്റെ സ്വരം ക്ഷമാപണത്തിന്റേതായിരുന്നു. എന്റെ വലതുകൈപ്പത്തിയിൽ അദ്ദേഹം മൃദുവായി പിടിച്ചു.

''ഇല്ല.'' ഞാൻ പറഞ്ഞു. ഉടൻതന്നെ എന്നെവിട്ട് അദ്ദേഹം പോകുകയും ചെയ്തു.

അദ്ദേഹത്തിന് അന്ന് റിലീവിങ് ഡ്യൂട്ടി ആയിരുന്നു. ഇൻവിജിലേഷൻ ഡ്യൂട്ടിയിലുള്ളവർക്ക് ഇടയ്ക്ക് ഇരുപതോ മുപ്പതോ മിനിട്ട് ഒന്ന് ഫ്രെഷ് ആകാൻവേണ്ടി കൊടുക്കാറുണ്ട്. അപ്പോൾ പകരക്കാരനായി പരീക്ഷാഹാളിൽ ഡ്യൂട്ടിനോക്കുന്നത് റിലീവിങ് ഡ്യൂട്ടിക്കാരാണ്. ഏകദേശം ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ അദ്ദേഹം എന്നെ റിലീവ് ചെയ്യാനെത്തി. ചായ കുടിച്ച് ഞാൻ

തിരിച്ചെത്തിയപ്പോൾ അദ്ദേഹം അടുത്ത ആളെ റിലീവ് ചെയ്യാൻവേണ്ടി പോകുകയും ചെയ്തു.

ഫിസിക്സ് പരീക്ഷയുടെ മൂല്യനിർണ്ണയ ക്യാമ്പ് കോട്ടയത്തെ ഒരു സ്വകാര്യ കോളജിലാണ് ആ വർഷം നടന്നത്. ഫസ്റ്റ് ഇയർ പരീക്ഷയുടെ നൂറോളം ഉത്തരക്കടലാസ്സുകളിൽ ക്രമക്കേട് നടന്നതായി പരീക്ഷകരുടെ ശ്രദ്ധയിൽപ്പെട്ടു. എല്ലാ പേപ്പറിലും പാർട്ട്-എയിൽ ആദ്യം എഴുതിയ ഉത്തരം വെട്ടിയിട്ട് ഒരേ ഉത്തരങ്ങൾ മാറ്റി എഴുതിയിരിക്കുന്നു. രണ്ടാമത് എഴുതിയ ഉത്തരങ്ങളിൽ ഒന്നു തെറ്റും ബാക്കിയെല്ലാം ശരിയുമാണ്. യഥാർത്ഥ രജിസ്റ്റർ നമ്പർ കീറിമാറ്റി ഫാൾസ് നമ്പർ ഇട്ടിരിക്കുന്നതിനാൽ ഏതു കോളജിലേതാണെന്ന് അപ്പോൾ തിരിച്ചറിഞ്ഞില്ല. സംഭവം അവർ യൂണിവേഴ്സിറ്റിക്ക് റിപ്പോർട്ട് ചെയ്തു. യൂണിവേഴ്സിറ്റിയുടെ പരിശോധനയിൽ അത് മുരിക്കാശ്ശേരി പാവനാത്മ കോളജിലെ കുട്ടികളുടേതാണെന്ന് തിരിച്ചറിഞ്ഞു.

മലയാളം പരീക്ഷയുടെ മൂല്യനിർണ്ണയക്യാമ്പ് കോട്ടയത്തിനടുത്ത് മാന്നാനം കോളജിലായിരുന്നു. അവിടെയായിരുന്ന ഞാൻ വാർത്ത അറിഞ്ഞ് ആകപ്പാടെ പരിഭ്രമിച്ചു. ആ പരീക്ഷയുടെ ഒരു ഹാളിലെ ഇൻവിജിലേറ്റർ ഞാനായിരുന്നുവല്ലോ. സംഭവിച്ചത് എന്താണെന്ന് ഞാൻ ഊഹിച്ചു. പക്ഷേ, ആരോടും ഒന്നും പറഞ്ഞില്ല.

എന്റെ ഊഹം ശരിയായിരുന്നു.

'അരുത്' എന്നു ഞാൻ പറഞ്ഞപ്പോൾ സമ്മതിച്ചെങ്കിലും അതു പാലിക്കാൻ അദ്ദേഹത്തിന്റെ 'ഉദാരത' കൂട്ടാക്കിയില്ല. എന്റേതുൾപ്പെടെ റിലീവിങ്ങിനു ചെന്ന എല്ലാ ഹാളുകളിലും പാർട്ട് എ യിലെ ഉത്തരങ്ങൾ അദ്ദേഹം കുട്ടികൾക്ക് ചൂണ്ടിക്കാണിച്ചു കൊടുത്തു. എല്ലാവർക്കുമില്ല; അവിടെയും ഇവിടെയുമായി അഞ്ചോ ആറോ പേർക്കുമാത്രം. എന്നിട്ട് വാതിൽക്കൽപോയി വെളിയിലേക്കു നോക്കിനിന്നു. കുട്ടികൾ എല്ലാവരും പരസ്പരം നോക്കി ആദ്യം എഴുതിയത് വെട്ടി രണ്ടാമത് എഴുതി.

വാർത്ത പുറത്തുവന്നതോടെ അപകടം മനസ്സിലാക്കിയ പ്രസ്തുത അധ്യാപകൻ പാവനാത്മ കോളജിലെ ഞങ്ങളുടെ പ്രിൻസിപ്പലുമൊരുമിച്ച് യൂണിവേഴ്സിറ്റിയിൽ അധികാരസ്ഥാനങ്ങളുടെ പടി പലതവണ കയറിയിറങ്ങി. എന്നാൽ അവരുടെ പരിശ്രമങ്ങൾക്ക് എന്തെങ്കിലും ഫലമുണ്ടായതായി ഒരു സൂചനയും ലഭിച്ചില്ല.

മൂല്യനിർണ്ണയക്യാമ്പ് കഴിഞ്ഞ് തിരിച്ചെത്തിയ എന്നെ പ്രിൻസിപ്പൽ ഓഫീസിലേക്ക് വിളിപ്പിച്ചു. സ്ഥാപനത്തിനുണ്ടായ മാനഹാനിയെപ്പറ്റിയും നിഷ്ഫലമായ നെട്ടോട്ടത്തെപ്പറ്റിയും സൂചിപ്പിച്ചിട്ട് അദ്ദേഹം പറഞ്ഞു:

''നിങ്ങൾ സീനിയേഴ്സ് വേണ്ടേ പുള്ളിക്കാരനു പറഞ്ഞുകൊടുക്കാൻ.''

അദ്ദേഹത്തിന്റെ ഭാഷണത്തിൽ ഒരു കുറ്റപ്പെടുത്തലിന്റെ സ്വരം ഞാൻ കേട്ടു. ഞാൻ ഡ്യൂട്ടിയിലായിരുന്ന ഹാളിലും കുഴപ്പം സംഭവിച്ചിട്ടുണ്ടല്ലോ. ഞാൻകൂടി

അറിഞ്ഞാണ് അങ്ങനെ ചെയ്തത് എന്ന് അദ്ദേഹം വിചാരിച്ചിട്ടുണ്ടാകും.

അകൃത്യം ചെയ്ത അധ്യാപകനും ഞാനും ഒരേ വർഷമാണ് സർവ്വീസിൽ വന്നത്. പ്രായത്തിൽ മാത്രമാണ് ഞാൻ സീനിയർ. അദ്ദേഹം എന്നെക്കാൾ നാലഞ്ചുവയസ്സിന് ഇളപ്പമാണ്. പഠനം കഴിഞ്ഞ ഉടനെ സെലക്ഷൻ കിട്ടിയതാണ്.

സ്വന്തം രക്ഷയാണല്ലോ എല്ലാവർക്കും പ്രധാനം. ഞാൻ അദ്ദേഹത്തിനു കൊടുത്ത വാക്ക് തെറ്റിച്ചു. അന്നുണ്ടായതെല്ലാം ഞാൻ പ്രിൻസിപ്പലിനോട് പറഞ്ഞു.

കുറച്ചു ദിവസം കഴിഞ്ഞ് എന്നെ കണ്ടപ്പോൾ ആ അധ്യാപക സുഹൃത്ത് നീരസം പ്രകടിപ്പിച്ചു. ''ആരോടും പറയില്ലെന്ന് വാക്കു തന്നിട്ട് പ്രിൻസിയോടു പറഞ്ഞുവല്ലേ?''

(അദ്ദേഹം പ്രിൻസിപ്പലിനെ അങ്ങനെയാണ് പറയാറ്)

വാക്കു പാലിക്കാത്തതിന്റെ ഒരു മനസ്താപം ഉള്ളിലുണ്ടെങ്കിലും അതു ഭാവിക്കാതെ ഞാൻ പറഞ്ഞു:

''എന്നോട് താങ്കളും വാക്കു പാലിച്ചില്ലല്ലോ. ചെയ്യില്ലെന്നു പറഞ്ഞിട്ടും താങ്കളതു ചെയ്തില്ലേ? അതോടെ വാക്കു പാലിക്കാനുള്ള എന്റെ ബാധ്യതയും ഇല്ലെന്നായി. താങ്കളുടെ വാക്കിന്മേലായിരുന്നു എന്റെ വാക്കും.''

ആ അധ്യാപകന്റെമേൽ മാനേജ്മെന്റ് ഒരു നടപടിക്കും മുതിർന്നില്ല. അധ്യാപകരോ കോളജിലെ മറ്റു ജീവനക്കാരോ അദ്ദേഹത്തെ കുറ്റപ്പെടുത്താനോ ഭർത്സിക്കാനോ പോയില്ല. തങ്ങളിൽ ഒരുവന് ഒരു ബുദ്ധിമോശം പറ്റിയെന്നേ എല്ലാവരും വിചാരിച്ചുള്ളൂ. അപകർഷബോധം ഏതുമില്ലാതെ ആ അധ്യാപകൻ ജോലിയിൽ തുടരുകയും ചെയ്തു.

എന്നാൽ പ്രീഡ്രിഗ്രിയുടെ റിസൾട്ട് വന്നപ്പോൾ ആകപ്പാടെ അങ്കലാപ്പിലായി. ക്രമക്കേടു കണ്ടെത്തിയ നൂറോളം കുട്ടികളുടെ പരീക്ഷാഫലം യൂണിവേഴ്സിറ്റി തടഞ്ഞുവെച്ചു.

കുട്ടികളോടും അവരുടെ രക്ഷിതാക്കളോടും എന്തു സമാധാനം പറയും? പ്രിൻസിപ്പലും അധ്യാപകരും യൂണിവേഴ്സിറ്റിയുടെ പടികൾ പലതവണ കയറിയിങ്ങി.

യൂണിവേഴ്സിറ്റിയിൽനിന്ന് ഒരു സംഘം കോളജിലെത്തി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചതിനുശേഷമാണ് തടഞ്ഞുവെച്ച ഫലം പ്രസിദ്ധീകരിച്ചത്. തിരുത്തി എഴുതിയ പാർട്ട് എ യ്ക്ക് ഒരു മാർക്കുപോലും നല്കിയില്ല. കുട്ടികൾക്ക് സ്വയമേവ കിട്ടേണ്ടിയിരുന്ന മാർക്കുകൂടി അധ്യാപകന്റെ 'ഔദാര്യം' കൊണ്ട് നഷ്ടമായി.

കുറ്റക്കാരനായി കണ്ടെത്തിയ അധ്യാപകനെ യൂണിവേഴ്സിറ്റി ഏഴു വർഷത്തേക്ക് പരീക്ഷാ ജോലികളിൽനിന്നു പുറത്താക്കി. ശമ്പളത്തിൽ രണ്ട് ഇംക്രിമെന്റ് തടഞ്ഞുവെക്കാൻ കോളജ് മാനേജരോട് യൂണിവേഴ്സിറ്റി

ആവശ്യപ്പെടുകയും ചെയ്തു. ഇതു രണ്ടും അദ്ദേഹത്തിനു വ്യക്തിപരമായി കിട്ടിയ ശിക്ഷകളാണ്. എന്നാൽ മൂന്നാമത്തെ ശിക്ഷയാണു കടുത്തുപോയത്. ഞങ്ങളുടെ കോളജിലെ പരീക്ഷാസെന്റർ യൂണിവേഴ്സിറ്റി റദ്ദാക്കി.

പരീക്ഷാ ജോലികളിൽനിന്ന് ഒഴിവാക്കിയത് 'ഉർവ്വശീ ശാപം ഉപകാരം' എന്നതുപോലായി. ഏഴു വർഷക്കാലം പരീക്ഷാജോലികളിലൊന്നും ഉൾപ്പെടാതെ അദ്ദേഹം അവധിക്കാലം 'അടിച്ചുപൊളിച്ചു' നടന്നു. തടഞ്ഞുവെച്ച ഇംക്രിമെന്റ് രണ്ടു വർഷം കഴിഞ്ഞപ്പോൾ മാനേജർ പുനഃസ്ഥാപിച്ചു കൊടുക്കുകയും ചെയ്തു.

പരീക്ഷാസെന്റർ റദ്ദാക്കിയ നടപടി കോളജിനു വലിയ മാനക്ഷയമായി. മാത്രമല്ല, ഇവിടെ പഠിക്കുന്ന കുട്ടികൾ ഇനി എവിടെപ്പോയി പരീക്ഷ എഴുതും? മറ്റൊരു കോളജിൽ പോകണമെങ്കിൽ അമ്പതു കിലോമീറ്ററിൽ കൂടുതൽ സഞ്ചരിക്കണം. പാവപ്പെട്ടവരും സാധാരണക്കാരുമായ ഹൈറേഞ്ച് മേഖലയിലെ കുട്ടികൾക്ക് അത് വലിയ ബദ്ധപ്പാടായിരിക്കും.

അടുത്ത വർഷത്തെ പരീക്ഷയ്ക്കുമുമ്പായി പരീക്ഷാകേന്ദ്രം റദ്ദുചെയ്ത നടപടി തിരുത്തിക്കിട്ടാൻ ഞങ്ങൾ ശ്രമമാരംഭിച്ചു. സിൻഡിക്കേറ്റ് അംഗങ്ങളുടെ വീടുകളിൽപ്പോയി കെഞ്ചി. ചില അംഗങ്ങൾ ഞങ്ങളെ ഭർത്സിക്കാൻപോലും മുതിർന്നു.

ഇടതുപക്ഷ അനുഭാവമുള്ള സിൻഡിക്കേറ്റാണ് അന്ന് യൂണിവേഴ്സിറ്റി ഭരിക്കുന്നത്. നിരന്തരമായ ഞങ്ങളുടെ അപേക്ഷയെ തുടർന്ന് സിൻഡിക്കേറ്റിലെ അധ്യാപക പ്രതിനിധികൾ ഒരു നിർദ്ദേശം മുന്നോട്ടുവെച്ചു. 'കോളജിൽ എ.കെ.പി.സി.റ്റി.എ എന്ന സംഘടനയുടെ യൂണിറ്റുണ്ടാക്കി നിങ്ങൾ അതിൽ അംഗങ്ങളാകണം.''

മുരിക്കാശ്ശേരി കോളജ് ആരംഭിച്ചിട്ട് അപ്പോൾ പത്തു വർഷത്തോളമായി. അധ്യാപകർക്ക് ഒരു സംഘടനയും അതുവരെ ഉണ്ടായിരുന്നില്ല. വ്യത്യസ്തരാഷ്ട്രീയ അനുഭാവമുള്ളവരെങ്കിലും ഒറ്റക്കെട്ടായി പ്രവർത്തിച്ചുവരുന്ന ഞങ്ങൾക്കിടയിൽ സംഘടനാപ്രവർത്തനം എന്തെങ്കിലും അലോസരമുണ്ടാക്കുമോ എന്ന ശങ്ക മൂലമാണ് അതിൽനിന്ന് വിട്ടുനിന്നിരുന്നത്.

ഇതിനിടയിൽ പരീക്ഷാകേന്ദ്രം പുനഃസ്ഥാപിച്ചുകിട്ടാൻ വിദ്യാർത്ഥികൾ സമരം നടത്തി. പഴയ പ്രിൻസിപ്പൽ പോയി വൈദികനായ പുതിയ പ്രിൻസിപ്പൽ വന്നു.

ഇടതുപക്ഷ തത്പരർ അല്ലെങ്കിലും പരീക്ഷാ സെന്റർ വീണ്ടെടുക്കുന്നതിനുവേണ്ടി സിൻഡിക്കേറ്റംഗങ്ങളുടെ ഉപാധി മാനേജ്മെന്റ് അംഗീകരിച്ചു. മാനേജരുടെ നിർദ്ദേശം പ്രിൻസിപ്പൽ ഞങ്ങളെ അറിയിച്ചു. ഞങ്ങൾ സംഘടനയുടെ പേരിൽ ഒത്തുകൂടി. അന്ന് മൂവാറ്റുപുഴ നിർമ്മല കോളജിൽ എ.കെ.പി.സി.റ്റി.എ.യുടെ നേതാവായിരുന്ന പ്രൊഫ. റ്റി.എം. തോമസ് മുരിക്കാശ്ശേരിയിലെത്തി ഞങ്ങളുടെ യൂണിറ്റ് ഉദ്ഘാടനം ചെയ്തു.

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിന്റെ അടുത്ത മീറ്റിങ്ങിൽ ഞങ്ങളുടെ കോളജിലെ പരീക്ഷാസെന്റർ പുനഃസ്ഥാപിക്കാനുള്ള തീരുമാനം ഉണ്ടാകുകയും ചെയ്തു.

കാര്യം കണ്ടുകഴിഞ്ഞ് സംഘടന പിരിച്ചുവിടുന്നത് തങ്ങൾക്കു ചേർന്ന ഏർപ്പാടല്ലാത്തതിനാൽ ഞങ്ങൾ അതിനു തയ്യാറായതുമില്ല.

അങ്ങനെയാണ് ഇടതുപക്ഷ ആഭിമുഖ്യമുള്ള എ.കെ.പി.സി.റ്റി.എ. എന്ന സംഘടനയിൽ അംഗമായി 'ഇടതുപക്ഷ സഹയാത്രികൻ' എന്ന അഭിവന്ദ്യതിരുമേനിയുടെ 'ബഹുമതി'ക്ക് ഞാൻ കാരണഭൂതനായത്.

## മൂല്യനിർണ്ണയത്തിലെ നൈതികത

അധ്യാപകവൃത്തിയുടെ ഭാഗമായി വരുന്ന പരമപ്രധാനമായ ഒന്നാണ് പരീക്ഷകളുടെ മൂല്യനിർണ്ണയം. പരീക്ഷകളുടെ നടത്തിപ്പിൽ ഒരു പോലീസ് ഓഫീസറുടെ ശ്രദ്ധയും ശുഷ്കാന്തിയുമാണ് വേണ്ടതെങ്കിൽ മൂല്യനിർണ്ണയത്തിൽ ഒരു ന്യായാധിപന്റെ നീതിബോധവും കൃത്യതയുമാണ് പ്രകടമാകേണ്ടത്. പരീക്ഷകൻ നല്കുന്ന ഓരോ മാർക്കും അല്ലെങ്കിൽ ഗ്രേഡും പരീക്ഷാർത്ഥിയുടെ അദ്ധ്വാനത്തിന്റെ പ്രതിഫലം മാത്രമല്ല, അവന്റെ ഭാവിയുടെ നിയാമകഘടകംകൂടിയാണ്. അതിനാൽ മൂല്യനിർണ്ണയപ്രക്രിയയിൽ അനവധാനത അല്പംപോലും പാടില്ലെന്ന ശാഠ്യം അധ്യാപകവൃത്തിയിൽ പ്രവേശിച്ച നാൾ മുതൽ ഞാൻ തുടർന്നു പോന്നിരുന്നു.

സാഹിത്യാധ്യാപകനായ ഞാൻ ക്ലാസ്സിൽ പോകുന്നതിനുമുമ്പ് നല്ല ആശയങ്ങൾക്കും ഉചിതമായ വാക്കുകൾക്കുംവേണ്ടി പ്രാർത്ഥിക്കുമായിരുന്നു. അതുപോലെ സാഹിത്യവിഷയകമായ ഉത്തരക്കടലാസ്സുകൾ മൂല്യനിർണ്ണയം ചെയ്യുമ്പോൾ കൃത്യമായ മാർക്കുകൾ മനസ്സിലും വിരൽത്തുമ്പിലും വാർന്നു കിട്ടാൻ അല്പസമയം ധ്യാനലീനനാകുന്ന പതിവും എനിക്കുണ്ടായിരുന്നു.

കോളജ് തലത്തിൽ നടക്കുന്ന പരീക്ഷകളുടെ ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം നടത്തിയ അധ്യാപകർതന്നെ കുട്ടികൾക്ക് കൊടുക്കാറാണ് പതിവ്. മൂല്യനിർണ്ണയത്തിലോ മാർക്കുകൾ കൂട്ടിയിട്ടതിലോ പിഴവുണ്ടായിട്ടുണ്ടെങ്കിൽ കുട്ടികൾക്ക് അക്കാര്യം അധ്യാപകരുടെ ശ്രദ്ധയിൽ പെടുത്താനുള്ള അവസരംകൂടിയായിരുന്നു അത്. എന്റെ അധ്യാപനകാലത്ത് ഏതെങ്കിലും ഉത്തരം കാണാതെ വിട്ടുപോയതുകൊണ്ടോ അശ്രദ്ധകൊണ്ട് മാർക്കു കൊടുത്തത് തെറ്റിയതുകൊണ്ടോ ഒരു മാർക്കുപോലും തിരുത്തിക്കൊടുക്കേണ്ടി വന്നിട്ടില്ല. എന്നാൽ ആകെ മാർക്കിൽ വ്യത്യാസം കണ്ടെത്തി ചുരുക്കം ചില അവസരങ്ങളിൽ മാർക്ക് തിരുത്തിക്കൊടുക്കേണ്ടി വന്നിട്ടുണ്ട്. കുട്ടികളെക്കൊണ്ട് വീണ്ടും കൂട്ടിനോക്കിക്കാമെന്നു കരുതി രണ്ടാമത് കൂട്ടിനോക്കാതിരിക്കുന്നതിനാലായിരുന്നു അങ്ങനെ സംഭവിക്കുന്നത്. മൂല്യനിർണ്ണയം നടത്തിയ ഉത്തരക്കടലാസുകൾ നല്കിയിട്ട് എല്ലാ വിദ്യാർത്ഥികളോടും മാർക്ക് കൂട്ടി നോക്കാൻ നിർബന്ധമായി ആവശ്യപ്പെടും. ''കുറവുണ്ടെങ്കിൽ പറഞ്ഞാൽ മതി. കൂടുതലുണ്ടെങ്കിൽ മിണ്ടിപ്പോകരുത്'' എന്ന പതിവു തമാശ അപ്പോഴൊക്കെ ആവർത്തിക്കുകയും ചെയ്തിരുന്നു.

യൂണിവേഴ്സിറ്റിതലത്തിലുള്ള പരീക്ഷകളുടെ മൂല്യനിർണ്ണയം ഒരു ചെയർമാനും അദ്ദേഹത്തിന്റെ കീഴിലുള്ളവരുമാണ് നടത്തുന്നത്. ചെയർമാന്റെ കീഴിൽ ചീഫ് എക്സാമിനർമാരും ഓരോ ചീഫ് എക്സാമിനർമാരുടെ കീഴിലും

നാലോ അഞ്ചോ അഡീഷണൽ എക്സാമിനർമാരും ഉണ്ടായിരിക്കും. സർവ്വീസ് സീനിയോറിറ്റി നോക്കിയാണ് അധ്യാപകരെ ഇപ്രകാരം ഓരോ പദവിയിലേക്കു നിയമിക്കുന്നത്.

ചോദ്യങ്ങളുടെ ഉത്തരം തയ്യാറാക്കി എക്സാമിനർക്കു നല്കുന്ന ജോലി ചെയർമാന്റേതാണ്. ഒന്നിലധികം കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകൾ ഉള്ളപ്പോഴാണ് ഡെപ്യൂട്ടി ചെയർമാൻമാരെ നിയമിക്കുന്നത്.

ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം നടത്തുന്നത് അഡീഷണൽ എക്സാമിനർമാരാണ്. അങ്ങനെ മൂല്യനിർണ്ണയം നടത്തിയ ഉത്തരക്കടലാസുകളുടെ ഒരു നിശ്ചിത ശതമാനം ചീഫ് എക്സാമിനർമാർ പുനർ മൂല്യനിർണ്ണയം നടത്തും. കൂടാതെ എല്ലാ ഉത്തരക്കടലാസുകളും പരിശോധിച്ച് മാർക്കെല്ലാം കൂട്ടിനോക്കി ആകെ മാർക്കിൽ തെറ്റില്ലെന്ന് ഉറപ്പാക്കുകയും വണം. അതിനുശേഷം ഉത്തരക്കടലാസുകളും മാർക്ക് ഷീറ്റുകളും ചെയർമാനെ ഏല്പിക്കണം. ചെയർമാനാണ് കുറ്റമറ്റ മാർക്ക് ഷീറ്റുകൾ യൂണിവേഴ്സിറ്റിയിൽ സമർപ്പിക്കുന്നത്. ഓരോ മാർക്ക് ഷീറ്റിലും അഡീഷണൽ എക്സാമിനർ, ചീഫ് എക്സാമിനർ, ചെയർമാൻ എന്നിവർ ഒപ്പുവെക്കുകയും വേണം.

പല അധ്യാപകരും മൂല്യനിർണ്ണയ ജോലിയോട് വൈമുഖ്യം പ്രകടിപ്പിക്കാറുണ്ട്. കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകൾ മിക്കവാറും അവധിക്കാലത്താണ് നടക്കാറുള്ളത്. അതിനാൽത്തന്നെ പലരും അതിൽ നിന്ന് മനഃപൂർവ്വം ഒഴിഞ്ഞുമാറും. അതു മനസ്സിലാക്കി യൂണിവേഴ്സിറ്റിയിൽനിന്ന് ആവശ്യത്തിൽ കൂടുതൽപേർക്ക് ഡ്യൂട്ടി ഇടുകയും കുറച്ചുപേർ വന്നില്ലെങ്കിലും മൂല്യനിർണ്ണയജോലികൾ സമയത്തുതന്നെ തീരുകയും ചെയ്യുമെന്നുള്ളതിനാൽ വിട്ടുനില്ക്കുന്നവരുടെ പേരിൽ എന്തെങ്കിലും നടപടിക്ക് യൂണിവേഴ്സിറ്റി മുതിരാറുമില്ല.

എനിക്കു ലഭിച്ച മൂല്യനിർണ്ണയ ജോലികളെല്ലാം സമയബന്ധിതമായും കൃത്യമായും ഞാൻ ചെയ്തുപോന്നിരുന്നു. അഡീഷണൽ എക്സാമിനറായും ചീഫ് എക്സാമിനറായും ഡെപ്യൂട്ടി ചെയർമാനായും ഞാൻ പ്രവർത്തിച്ചിട്ടുണ്ട്. അസൗകര്യങ്ങൾ ഉണ്ടായിരുന്ന കാലങ്ങളിൽപോലും ഞാൻ അതിൽനിന്നു വിട്ടു നില്ക്കാതിരുന്നത്, അത് എന്റെ ജോലിയാണെന്നും അതു ചെയ്യാനുള്ള ബാധ്യത എനിക്കുണ്ടെന്നും ഉള്ള ബോധ്യത്തിന്റെ ഫലമായിട്ടായിരുന്നു. മൂല്യനിർണ്ണയജോലികൾക്കു ലഭിക്കുന്ന പ്രതിഫലം താരതമ്യേന കുറവായിരുന്നെങ്കിലും ശമ്പളത്തിനു പുറമേ കിട്ടുന്ന ആ തുക എനിക്ക് ഒരു പ്രചോദനവുമായിരുന്നു. കാരണം, എന്റെ ഒരാളുടെ ശമ്പളംകൊണ്ടുമാത്രം കഴിഞ്ഞുപോകുന്ന കുടുംബത്തിന് ആ വരുമാനം എല്ലാക്കാലത്തും വലിയൊരു ആശ്വാസമായിരുന്നു.

'പവർ ആൻഡ് സ്പീഡ്' പരീക്ഷ എഴുതുന്നവർക്ക് ആവശ്യമുള്ള ഒരു സംഗതിയായി നിർദ്ദേശിക്കപ്പെടാറുണ്ട്. കൃത്യതയും വേഗതയും ആണ്

അതുകൊണ്ട് വിവക്ഷിക്കുന്നത്. അതായത് ഉത്തരങ്ങൾ കൃത്യമായിരിക്കുന്നതോടൊപ്പം വേഗത്തിൽ എഴുതാൻ ശീലിക്കുകയും വേണം. 'ചോദ്യങ്ങളൊക്കെ എളുപ്പമായിരുന്നു; പക്ഷേ, സമയം കിട്ടിയില്ല' എന്ന് ചില വിദ്യാർത്ഥികൾ പരിതപിക്കുന്നത് വേഗത എന്ന ഗുണം അവർ ആർജ്ജിക്കാത്തതുകൊണ്ടാണ്. എന്നെ സംബന്ധിച്ചും എഴുതിയ പരീക്ഷകളിലല്ല, മൂല്യനിർണ്ണയം നടത്തിയ പരീക്ഷാപ്പേപ്പറുകളിലാണ് 'കൃത്യതയും വേഗതയും' എന്നത് വിജയകരമായി പ്രയോഗിച്ചിട്ടുള്ളത്.

അധ്യാപകനായി എനിക്ക് നിയമനം കിട്ടി ഒന്നരവർഷം കഴിഞ്ഞാണ് നിയമനത്തിന് യൂണിവേഴ്സിറ്റിയുടെ അംഗീകാരം കിട്ടുന്നത്. അതിനു ശേഷമാണ് യൂണിവേഴ്സിറ്റി പരീക്ഷകളുടെ മൂല്യനിർണ്ണയത്തിന് എനിക്ക് അവസരം ലഭിച്ചത്. ആദ്യമായി ഞാൻ പങ്കെടുക്കുന്നത് കോട്ടയം ബേസലിയോസ് കോളജിൽവെച്ചു നടന്ന പ്രീഡിഗ്രി മലയാളം പരീക്ഷകളുടെ കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പിലായിരുന്നു. കോട്ടയം ഭാഗത്തു താമസിച്ചിരുന്ന ഒരു ബന്ധുവിന്റെ വീട്ടിൽനിന്നാണ് ഓരോ ദിവസവും ഞാൻ ക്യാമ്പിൽ പോയിരുന്നത്. ഏകദേശം അറുപതോളം പേർ പങ്കെടുത്തിരുന്ന ആ ക്യാമ്പിൽ ഏറ്റവും ആദ്യം ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം നടത്തി മാർക്കുഷീറ്റ് സമർപ്പിച്ച് പുറത്തിറങ്ങുന്നത് ഞാനായിരുന്നു.

ഞങ്ങൾ ആറ് അഡീഷണൽ എക്സാമിനർമാർക്ക് ചീഫ് ആയിരുന്നത് കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക് കോളജിലെ മലയാളം പ്രൊഫസറായിരുന്ന ഒരു ഫിലിപ്പ് സാറാണ്. കൂടെയുണ്ടായിരുന്ന ചിലരോട് മാർക്ക് അല്പം കൂട്ടിയിടുവാനും മറ്റു ചിലരോട് അല്പം കുറയ്ക്കാനുമൊക്കെ അദ്ദേഹം പറയുമായിരുന്നു. എന്നാൽ എന്റെ മൂല്യനിർണ്ണയം വളരെ ശരിയാണെന്ന് അദ്ദേഹം പരസ്യമായി പറഞ്ഞു. എല്ലാവരുടേയും നിശ്ചിത ശതമാനം പേപ്പറുകൾ പുനർമൂല്യനിർണ്ണയം നടത്തേണ്ടിയിരുന്നതുകൊണ്ട് എന്റെ പേപ്പറും അദ്ദേഹം അങ്ങനെ ചെയ്തിരുന്നു. ഞാൻ കൊടുത്ത മാർക്ക് വെട്ടി അരമാർക്കൊക്കെ അദ്ദേഹം കൂട്ടിയോ കുറച്ചോ ഇടുന്നത് ഞാൻ അസഹിഷ്ണുതയോടെ ആദ്യമൊക്കെ നോക്കിയിരുന്നു. അപ്പോൾ എന്റെ മനസ്സ് മനസ്സിലാക്കിയിട്ട് അദ്ദേഹം പറയും: ''ജോസഫ് കൊടുത്ത മാർക്ക് കൃത്യമാണ്. ഞാൻ റീവാല്യൂ ചെയ്തതിന് ഒരു തെളിവു വേണ്ടേ? അതുകൊണ്ട് അവിടെ അര മാർക്കു കുറച്ചിട്ട് അത് ഇവിടെ കൊടുക്കുന്നുവെന്നേയുള്ളൂ.''

അതുപോലെ ആകെ മാർക്ക് കൂട്ടിയെടുക്കുന്നതും അത് മാർക്ക് ഷീറ്റിൽ എഴുതിയിട്ട് മാർക്ക് ഷീറ്റിൽ ചേർത്തവരുടെ ആകെ മാർക്ക് എഴുതുന്നതും ഒരിക്കലും എനിക്ക് തെറ്റാറില്ലായിരുന്നു. രണ്ടുതവണ പരിശോധിച്ചതിനു ശേഷംമാത്രമേ ഞാൻ ചീഫിന് മാർക്കുഷീറ്റുകൾ കൈമാറുമായിരുന്നുള്ളൂ. അതിനാൽ എന്റെ കണക്കും അദ്ദേഹത്തിന്റെ പ്രശംസയ്ക്ക് പാത്രമായി.

ഉത്തരക്കടലാസുകൾ നന്നായി നോക്കുന്നവർപോലും കണക്കിന്റെ കാര്യത്തിൽ ചിലപ്പോൾ പുറകിലായിരുന്നു. പ്രത്യേകിച്ച് അധ്യാപികമാർ.

മൂല്യനിർണ്ണയക്യാമ്പുകളിൽ സയൻസ് വിഷയങ്ങളിലെ അധ്യാപകർ നിശ്ശബ്ദരായിരുന്ന് ജോലി ചെയ്യുന്നതായാണ് ഞാൻ കണ്ടിട്ടുള്ളത്. അവർ മൂല്യനിർണ്ണയം നടത്തുന്ന സമയത്ത് സംസാരിച്ചാൽ അത് എന്തെങ്കിലും സംശയം തീർക്കാനോ മറ്റോ ആയിരിക്കും. എന്നാൽ ആർട്സ് വിഷയങ്ങളുടെ മൂല്യനിർണ്ണയക്യാമ്പിൽ പങ്കെടുക്കുന്ന പലരും നാട്ടുവർത്തമാനവും തമാശയുമൊക്കെ പറഞ്ഞുകൊണ്ടാണ് അവരുടെ ജോലി ചെയ്യുന്നത്. എന്നാൽ എനിക്ക് ആ രീതി ഒട്ടും വശമായിരുന്നില്ല. അത്തരം സംഭാഷണങ്ങളിൽ ഞാൻ പങ്കുചേർന്നാൽ ആ സമയത്ത് അതു മാത്രമേ ചെയ്യൂ. അങ്ങനെയുള്ള അവസരങ്ങളിൽ ഞാൻ അവസാനക്കാരനാകുകയും ചെയ്യും.

കൂടുതൽ മാർക്ക് ലഭിച്ചിട്ടുള്ള ഉത്തരക്കടലാസുകളും തീരെ മാർക്കു കുറഞ്ഞ ഉത്തരക്കടലാസുകളും ചീഫ്എക്സാമിനർ തീർച്ചയായും പുനർമൂല്യനിർണ്ണം നടത്തണം. തൊണ്ണൂറു ശതമാനത്തിൽ കൂടുതൽ മാർക്കുള്ളതും പൂജ്യം മാർക്കുള്ളതും ആയ ഉത്തരക്കടലാസുകൾ ചിലപ്പോൾ ചെയർമാനും പരിശോധിക്കും. അതിനാൽ വളരെ കൂടുതൽ മാർക്കിടാനോ തീരെ കുറയ്ക്കാനോ സാഹിത്യവിഷയങ്ങളിലെ അധ്യാപകർ മിക്കവാറും മുതിരാറില്ല. ഒരുപക്ഷേ, ആത്മവിശ്വാസക്കുറവായിരിക്കും കാരണം.

അക്കാര്യത്തിൽ ഞാൻ മറ്റുള്ളവരെ അപേക്ഷിച്ച് ഒരു സാഹസക്കാരനായിരുന്നു. ധാരാളം പേർക്ക് പൂജ്യം മാർക്ക് നല്കിയിട്ടുണ്ട്. ചോദ്യത്തിന്റെ നമ്പർ ഇട്ട് സിനിമാപ്പാട്ടുകളോ ചോദ്യവുമായി പുലബന്ധംപോലുമില്ലാത്ത കാര്യങ്ങളോ നല്ല കൈയക്ഷരത്തിൽ എഴുതിയിട്ടുള്ള 'വിദ്വാന്മാർക്ക്' മാർക്കുലിസ്റ്റ് കിട്ടുമ്പോൾ മൂല്യനിർണ്ണയം നടത്തിയ അധ്യാപകരെക്കുറിച്ച് ഒരു മതിപ്പൊക്കെ ഉണ്ടാകണ്ടേ? അതിനാൽ അത്തരം ഉത്തരക്കടലാസുകൾ അക്ഷരം വിടാതെ വായിച്ചുനോക്കി അരമാർക്കിനുപോലും അർഹതയില്ലായെന്ന് ഉറപ്പാക്കിയതിനുസേഷം അവരെ 'സംപൂജ്യ'രാക്കും.

സാഹിത്യാതന്മക ചോദ്യങ്ങൾക്ക് പൂർണ്ണതയുള്ള ഉത്തരങ്ങൾ ഒരിക്കലും ഉണ്ടാകില്ല. പൂർണ്ണത നിർവ്വചിക്കാനാവാത്തതാണ് അതിനു കാരണം. 'ചൈതന്യമുള്ള ഒന്നിനെയും നിർവ്വചിക്കുക വയ്യ.' ഉദാഹരണം കാവ്യം (സാഹിത്യം) തന്നെ എന്നു പറയാറുണ്ടല്ലോ. അതിനാൽ ഭാഷാ സാഹിത്യവിഷയങ്ങൾക്ക് നൂറുശതമാനം മാർക്ക് കൊടുക്കാറില്ല. ഉയർന്ന തലത്തിലുള്ള പരീക്ഷകൾക്ക് പ്രത്യേകിച്ചും.

എന്നാൽ അർഹതപ്പെട്ടവർക്ക് പരമാവധി മാർക്ക് നല്കാൻ ഞാൻ ഒരിക്കലും മടിച്ചിട്ടില്ല. തൊണ്ണൂറു ശതമാനത്തിനു മുകളിലും ഞാൻ മാർക്ക് നല്കിയിരുന്നു. ചീഫും ചെയർമാനുമൊക്കെ ആ ഉത്തരക്കടലാസുകൾ പുനർമൂല്യനിർണ്ണയം

നടത്തി ഞാൻ നല്കിയ മാർക്കുകൾ എന്നും സ്ഥിരീകരിച്ചിട്ടേയുള്ളു. അതിനാൽ മൂല്യനിർണ്ണയത്തിൽ എന്റെ ആത്മവിശ്വാസത്തിന് ഒരിക്കലും മങ്ങലേറ്റിട്ടില്ല.

മൂവാറ്റുപുഴ നിർമ്മല കോളജിലായിരുന്നപ്പോൾ രണ്ടാംവർഷ മലയാളം ബിരുദവിദ്യാർത്ഥിനി ആയിരുന്ന ആരതി എന്ന കുട്ടിക്ക് ഒരു ഇന്റേണൽ പരീക്ഷയിൽ നാല്പതിൽ നാല്പതു മാർക്കും ഞാൻ നല്കി. മലയാളം പരീക്ഷകൾക്ക് നൂറുശതമാനം മാർക്കു കൊടുക്കാമോ എന്ന് സഹപ്രവർത്തകനായ ഒരു അധ്യാപകൻ വിമർശനാത്മകമായി എന്നോട് ചോദിച്ചു. ദൈർഘ്യം കുറഞ്ഞ ഉത്തരങ്ങൾക്ക് മുഴുവൻ മാർക്കും പ്രബന്ധരീതിയിലുള്ള ഉത്തരത്തിന് പത്തിൽ ഒമ്പതരയും കൊടുത്തപ്പോൾ കിട്ടിയ മുപ്പത്തിയൊമ്പതര റൗണ്ട് ചെയ്തപ്പോൾ നാല്പതായതാണെന്ന് ഞാൻ അദ്ദേഹത്തിന് മറുപടി നല്കി.

അടുത്ത ദിവസം ആ കുട്ടിയുടെ അച്ഛൻ കോളജിൽ വന്നു. അദ്ദേഹം റിട്ടയർ ചെയ്ത ഒരു ട്രഷറി ജീവനക്കാരനായിരുന്നു. സാഹിത്യത്തിൽ തത്പരനായ അദ്ദേഹം തന്റെ രണ്ടു പെൺമക്കളോടും അവരുടെ താത്പര്യം കൂടി കണക്കിലെടുത്ത് മലയാളസാഹിത്യം പഠിക്കാനാണ് നിർദ്ദേശിച്ചത്. മൂത്തമകൾ പാർവ്വതി നിർമ്മല കോളജിൽ ബിരുദപഠനം കഴിഞ്ഞ് പാലാ സെന്റ് തോമസ് കോളജിൽ ബിരുദാനന്തര ബിരുദത്തിന് പഠിക്കുകയായിരുന്നു അപ്പോൾ.

ആ അച്ഛൻ മക്കളുടെ ഉത്തരക്കടലാസുകൾ നോക്കുമായിരുന്നു. ആരതി അച്ഛനെ കാണിക്കാൻവേണ്ടി ഉത്തരക്കടലാസ് പ്രത്യേകം ചോദിച്ചു വാങ്ങിക്കൊണ്ടുപോയിരുന്നു. ഞാൻ ഫുൾമാർക്കു കൊടുത്തിരിക്കുന്ന ഉത്തരക്കടലാസും കൈയിൽ പിടിച്ചുകൊണ്ടാണ് മകളോടൊപ്പം ആരതിയുടെ അച്ഛൻ എന്നെ കാണാൻ വന്നത്. മാർക്കു കുറഞ്ഞു പോയതു ചോദിക്കാൻ കുട്ടികളും രക്ഷിതാക്കളും അധ്യാപകരെ സമീപിക്കാറുണ്ട്. ഇവിടെ മാർക്ക് കൂടിപ്പോയതു ചോദിക്കാനാണോ വന്നിട്ടുള്ളത്? പെട്ടെന്ന് ഞാൻ ശങ്കിച്ചു പോയി.

''ഞാൻ നോക്കിയ പേപ്പറിന് ഫുൾമാർക്ക് തന്നിട്ടുണ്ടെങ്കിലും ഉത്തരങ്ങൾ അത്ര പെർഫെക്ടല്ല.''

മുൻകൂർജാമ്യം എടുക്കാനെന്നവണ്ണം ഞാൻ പറഞ്ഞു. അതിനുശേഷമാണ് അച്ഛനോട് ഇരിക്കാൻപോലും പറഞ്ഞത്.

''ഫുൾമാർക്ക് സാധാരണ കൊടുക്കാറില്ലാത്തതാണ്. അല്പം ന്യൂനതകളൊക്കെയുണ്ടെങ്കിലും ആരതി നന്നായി എഴുതിയിട്ടുണ്ട്. സമയ ബന്ധിതമായി പരീക്ഷ എഴുതുമ്പോൾ ഇതിൽ കൂടുതലൊന്നും പറ്റില്ല.''

സ്വയം ന്യായീകരിക്കാനായിരുന്നുവോ ഞാനങ്ങനെ പറഞ്ഞത്? നിശ്ചയമില്ല. പക്ഷേ, പറഞ്ഞത് സത്യമായിരുന്നു.

അധ്യാപകരെ ദേവതുല്യം കാണുന്നവരായിരുന്നു ആ അച്ഛനും മകളും. ആ മട്ടിൽതന്നെയാവും അവർ എന്റെ വാക്കുകളെ കേട്ടതും.

പിറ്റേ വർഷം തൊടുപുഴ ന്യൂമാൻ കോളജിലേക്ക് വകുപ്പു മേധാവിയായി സ്ഥലം മാറിപ്പോയതിനാൽ ആ കുട്ടിയെ പഠിപ്പിക്കാൻ പിന്നീട് എനിക്ക് സാധിച്ചില്ല. ബിരുദതലത്തിലും ബിരുദാനന്തര ബിരുദതലത്തിലും ആ കുട്ടി യൂണിവേഴ്സിറ്റിയിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയതായി ഞാനറിഞ്ഞു. ആ റാങ്കുകൾ രണ്ടാം റാങ്കുകാരെ വളരെയധികം മാർക്കിനു പിൻതള്ളിക്കൊണ്ടായിരുന്നു.

ഫലപ്രഖ്യാനത്തിനുശേഷം കിട്ടിയ മാർക്കിൽ പോരായ്മ തോന്നുന്ന പരീക്ഷാർത്ഥികൾക്ക് നിശ്ചിത തുക ഫീസടച്ചാൽ ഉത്തരക്കടലാസുകൾ വീണ്ടും മൂല്യനിർണ്ണം നടത്തിക്കിട്ടാനുള്ള അവസരമുണ്ട്. അപ്രകാരമുള്ള പുനർമൂല്യനിർണ്ണയത്തിന് യൂണിവേഴ്സിറ്റിയിൽനിന്ന് ഉത്തരക്കടലാസുകൾ പലപ്പോഴും എനിക്ക് അയച്ചുകിട്ടുമായിരുന്നു. ഒന്നോ രണ്ടോ ഉത്തരക്കടലാസുകൾ നോക്കാൻ ആ പരീക്ഷയുടെ ഉത്തരങ്ങളെല്ലാം പഠിക്കേണ്ടതുണ്ട്. ആ ഉത്തരക്കടലാസുകളിൽ ആദ്യം രേഖപ്പെടുത്തിയിരുന്ന മാർക്കുകൾ ഒട്ടും തെളിയാത്തവിധം കറുത്ത മഷി പുരട്ടി മറച്ചിരിക്കും. പുനർമൂല്യനിർണ്ണയം നടത്തുമ്പോൾ കിട്ടുന്ന മാർക്കുകൾ രേഖപ്പെടുത്താൻ ഒരു ഷീറ്റ് ഉത്തരക്കടലാസിനോടൊപ്പം വെച്ചിട്ടുണ്ടാകും. പുനർമൂല്യനിർണ്ണയത്തിനുശേഷം ആ ഉത്തരക്കടലാസും മാർക്കും പാർസലായി യൂണിവേഴ്സിറ്റിക്ക് അയച്ചുകൊടുക്കണം. പാർസൽ അയയ്ക്കാൻ ചെലവാകുന്നതുപോലും പ്രതിഫലമായി ലഭിച്ചിരുന്നില്ല. എങ്കിലും ആ ജോലി കൃത്യമായി ഞാൻ ചെയ്തിരുന്നു. അതുകൊണ്ടാവാം എനിക്ക് അത് ധാരാളമായി ലഭിച്ചിരുന്നത്.

പാർസലായി അയയ്ക്കുന്നതിനു പകരം ആ ഉത്തരക്കടലാസുകൾ യൂണിവേഴ്സിറ്റിയിൽ കൊണ്ടുപോയി കൊടുക്കാറായിരുന്നു പതിവ്. രജിസ്റ്ററിൽ പുതിയ മാർക്ക് രേഖപ്പെടുത്തിക്കഴിയുമ്പോൾ ആ പരീക്ഷാർത്ഥിയുടെ പഴയ മാർക്ക് എത്രയായിരുന്നുവെന്ന് അവിടുത്തെ ഉദ്യോഗസ്ഥനോട് ഞാൻ ചോദിച്ചറിയുമായിരുന്നു. മിക്കവാറും രണ്ടു മാർക്കുകളും തമ്മിൽ നേരിയ വ്യത്യാസമേ കാണൂ. നൂറുകണക്കിന് അത്തരം പേപ്പറുകൾ ഞാൻ നോക്കിയിട്ടുള്ളതിൽ ചുരുക്കം കുട്ടികൾക്കു മാത്രമേ അതിന്റെ പ്രയോജനം കിട്ടിയിട്ടുള്ളൂ. അഞ്ചു ശതമാനത്തിൽ കൂടുതൽ വ്യത്യാസമുണ്ടെങ്കിൽ മാത്രമേ പുതിയ മാർക്ക് യൂണിവേഴ്സിറ്റി പരിഗണിക്കുകയുള്ളൂ.

എന്റെ അനുഭവത്തിൽനിന്നു മനസ്സിലായ കാര്യമിതാണ്. കൃത്യമായി മൂല്യനിർണ്ണയം നടന്നിട്ടുള്ള പേപ്പറുകളിലാണ് പുനർമൂല്യനിർണ്ണയത്തിനുള്ള അപേക്ഷകൾ കൂടുതലുണ്ടാകുന്നത്. അതുകൊണ്ടാണ് പുനർ മൂല്യനിർണ്ണത്തിൽ കാര്യമായ വ്യത്യാസം പലപ്പോഴും ഉണ്ടാകാത്തത്. പിന്നെ ന്തുകൊണ്ടാണ് ചില പേപ്പറുകൾക്ക് മാർക്കു കുറഞ്ഞുപോയെന്ന തോന്നൽ പരീക്ഷാർത്ഥിക്ക് ഉണ്ടാകുന്നത്? ബാക്കിയുള്ള പേപ്പറുകൾക്ക് അനർഹമായി

മാർക്കുകൾ കിട്ടിയതുകൊണ്ടാണത്. കൃത്യമായി മൂല്യനിർണ്ണയം നടത്തിയാൽ കുട്ടികൾ റീവാല്യുവേഷനു പോകും; അതിനാലാണ് മാർക്ക് കൂട്ടിക്കൊടുക്കുന്നതെന്ന് പല അധ്യാപകരും എന്നോട് പറഞ്ഞിട്ടുണ്ട്. അവർ റീവാല്യുവേഷനെ ഭയക്കുന്നത് എന്തിനാണാവോ? അങ്ങനെയുള്ള അധ്യാപകരുടെ കയ്യിൽ റീവാല്യുവേഷനുള്ള പേപ്പറുകൾ എത്തിയാൽ അർഹതയില്ലെങ്കിലും മാർക്കുകൾ കൂട്ടിക്കിട്ടാനുള്ള സാധ്യത ഏറെയുണ്ട്.

മൂവാറ്റുപുഴ നിർമ്മല കോളജിൽ മലയാള വിഭാഗത്തിൽ ബിരുദത്തിനും ബിരുദാനന്തര ബിരുദത്തിനും സെസിൽ എന്നു പേരുള്ള ഒരു കുട്ടി പഠിച്ചിരുന്നു. ബിരുദ വിദ്യാർത്ഥി ആയിരുന്നപ്പോൾ അവൻ കോളജ് മാഗസിൻ എഡിറ്ററും കോളജ് യൂണിയൻ ചെയർമാനുമൊക്കെ ആയിരുന്നു. ബിരുദാനന്തര ബിരുദത്തിനു പഠിക്കാൻ വന്നതോടെ വിദ്യാർത്ഥി രാഷ്ട്രീയമൊക്കെ വിട്ട് പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. വളരെ മാന്യനായ ഒരു വിദ്യാർത്ഥിയായിരുന്നു അവൻ. അക്കാരണത്താൽതന്നെ എനിക്ക് അവനെ വളരെ ഇഷ്ടവുമായിരുന്നു. അവൻ അവസാനവർഷ ബിരുദ വിദ്യാർത്ഥി ആയിരുന്നപ്പോൾ അവരുടെ ബാച്ചിനോടൊപ്പം ഊട്ടി- കൊടൈക്കനാലൊക്കെ ഞാൻ വിനോദയാത്രയ്ക്കും പോയിട്ടുള്ളതാണ്. അപ്പോൾ അവനോട് കൂടുതൽ അടുക്കാനും ഇടയായി.

ബിരുദാനന്തര ബിരുദപഠനം കഴിഞ്ഞ് അവൻ കോളജിൽ നിന്നു പോയതിന്റെ പിറ്റേവർഷം റീവാല്യുവേഷനുവേണ്ടി മൂന്നു നാലു പേപ്പറുകൾ യൂണിവേഴ്സിറ്റിയിൽനിന്ന് എനിക്ക് അയച്ചുകിട്ടി. കവറു പൊട്ടിച്ചു നോക്കിയപ്പോൾ അതിലൊരു പേപ്പർ മേല്പറഞ്ഞ സെസിൽ എന്ന കുട്ടിയുടേതാണെന്ന് കൈയക്ഷരവും എഴുത്തിന്റെ ശൈലിയുംകൊണ്ട് ഞാൻ തിരിച്ചറിഞ്ഞു. ചോദ്യങ്ങളുടെ ഉത്തരങ്ങൾ പഠിക്കേണ്ടിയിരുന്നതുകൊണ്ട് അന്ന് മൂല്യനിർണ്ണയം നടത്താതെ ആ ഉത്തരക്കടലാസുകൾ മാറ്റിവെച്ചു.

അടുത്ത ദിവസം ടൗണിൽവെച്ച് സെസിലിനെ കണ്ടു. കുശലം പറഞ്ഞ കൂട്ടത്തിൽ ഏതെങ്കിലും പേപ്പർ റീവാല്യുവേഷനു കൊടുത്തിട്ടുണ്ടോ എന്നു ഞാൻ ചോദിച്ചു. ഉണ്ടെന്നും അത് 'മധ്യകാല സാഹിത്യം' എന്ന പേപ്പറാണെന്നും അവൻ പറഞ്ഞു. എന്തുകൊണ്ടാണ് റീവാല്യുവേഷന് കൊടുത്തത് എന്ന ചോദ്യത്തിന് അവന്റെ ഉത്തരം ഇപ്രകാരമായിരുന്നു:

''എനിക്ക് ഏറ്റവും എളുപ്പമുള്ള പരീക്ഷ അതായിരുന്നു. ഒബ്ജക്ടീവ് ടൈപ്പു ചോദ്യങ്ങളുള്ള 'എ' വിഭാഗത്തിലെ പത്ത് ഉത്തരവും ശരിയാണ്. അതിനുതന്നെ പത്തു മാർക്ക് കിട്ടേണ്ടതാണ്. എന്നാൽ ആ പേപ്പറിന് വേണ്ടത്ര മാർക്ക് കിട്ടിയിട്ടില്ല. താരതമ്യേന വിഷമമായ മറ്റു പേപ്പറുകൾക്ക് അതിനെക്കാൾ മാർക്കുണ്ട്.''

പിന്നീട് വേറെ വിഷയങ്ങൾ സംസാരിച്ച് ഞങ്ങൾ പിരിഞ്ഞു. റീവാല്യുവേഷനു കൊടുത്ത കാര്യം സാറെങ്ങനെ അറിഞ്ഞുവെന്ന് അവൻ ചോദിച്ചില്ല; ഞാൻ പറഞ്ഞതുമില്ല.

തന്റെ പ്രിയപ്പെട്ട വിദ്യാർത്ഥിക്ക് പരമാവധി മാർക്കു കിട്ടണമെന്ന ആഗ്രഹത്തോടെയാണ് അവന്റെ പേപ്പർ മൂല്യനിർണ്ണയം നടത്തിയത്. 'എ' വിഭാഗത്തിൽ പത്തും ശരിയാണെന്ന് അവൻ കരുതിയിരുന്നെങ്കിലും അഞ്ചെണ്ണം തെറ്റായിരുന്നു. എന്റെ റീവാല്യുവേഷനിൽ അവന് മുപ്പത്തിരണ്ടര മാർക്കാണ് കിട്ടിയത്. അതു റൗണ്ടുചെയ്ത് മുപ്പത്തി മൂന്നാക്കി.

ആ മാർക്ക് യൂണിവേഴ്സിറ്റിയിലെ രജിസ്റ്ററിൽ ചേർത്തു കഴിഞ്ഞപ്പോൾ പഴയ മാർക്ക് എത്രയെന്ന് അവിടുത്തെ ഉദ്യോഗസ്ഥനോട് ഞാൻ തിരക്കി. രജിസ്റ്ററിൽ നോക്കിയിട്ട് അദ്ദേഹം പറഞ്ഞു:

''മുപ്പത്തിരണ്ട്.''

എനിക്ക് എന്നോടുതന്നെ ഒരു മതിപ്പ് തോന്നി.

മൂവാറ്റുപുഴ നിർമ്മല കോളജിലാണ് ഞാൻ കൂടുതൽ കാലം പഠിപ്പിച്ചത്. അവിടെ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളെ ഞാൻ വളരെ ആസ്വദിച്ചുകൊണ്ടു പഠിപ്പിച്ച വിഷയമാണ് 'നാടകവും സിനിമയും.'

അവരും അങ്ങനെതന്നെയാണ് ആ ക്ലാസ്സുകൾ കേട്ടിരുന്നത്. എന്റെ ക്ലാസ്സിലിരുന്ന ഒരു കുട്ടിപോലും ആ വിഷയത്തിനു തോറ്റിരുന്നില്ല എന്നത് എനിക്ക് വലിയ ചാരിതാർത്ഥ്യത്തിന് കാരണമായിരുന്നു.

ഞാൻ ന്യൂമാൻ കോളജിലേക്ക് പോകുന്നതിന്റെ തലേ വർഷമാണ്. ബിരുദാന ന്തര ബിരുദത്തിന്റെ നാലാം സെമസ്റ്റർ പരീക്ഷയുടെ കേന്ദ്രീകൃത മൂല്യനിർണ്ണയക്യാമ്പ് നടക്കുകയാണ്. ഞാൻ ചീഫ് എക്സാമിനറാണ്. എന്റെ കീഴിൽ അഞ്ച് അഡീഷണൽ എക്സാമിനർമാരുണ്ട്. 'നാടകവും സിനിമയും' എന്ന പേപ്പർ മൂല്യനിർണ്ണയം നടത്തിക്കൊണ്ടിരിക്കുകയാണ്. പുനർമൂല്യനിർണ്ണയത്തിനെടുത്ത ഒരു പേപ്പർ നിർമ്മല കോളജിലെ ഞാൻ പഠിപ്പിച്ച ഒരു പെൺകുട്ടിയുടേതാണെന്ന് കൈയക്ഷരം കണ്ടപ്പോൾ എനിക്കു മനസ്സിലായി. അവൾ തോറ്റിരിക്കയാണ്. ജയിക്കാൻ മുപ്പതു മാർക്ക് വേണം. ഇരുപത്തിനാല് മാർക്കേ കിട്ടിയിട്ടുള്ളൂ. അടുത്ത നമ്പരിലുള്ള പേപ്പറുകളും എന്റെ കുട്ടികളുടേതു തന്നെയാണ്. അവർക്കെല്ലാം ഫസ്റ്റ്ക്ലാസ്സിനു മുകളിൽ മാർക്കുണ്ട്. പേപ്പർ തിരിച്ചറിയാതിരിക്കാൻ ഫാൾസ് നമ്പരിട്ടാണ് യൂണിവേഴ്സിറ്റിയിൽനിന്ന് തരുന്നതെങ്കിലും ഞാൻ പഠിപ്പിച്ചിട്ടുള്ള ബിരുദാന ന്തര ബിരുദ വിദ്യാർത്ഥികളുടെ കൈയക്ഷരം കാണുമ്പോൾ അത് ആരുടെയൊക്കെയാണെന്ന് വേണ്ടെങ്കിലും എനിക്ക് അറിയാൻ കഴിഞ്ഞിരുന്നു.

താൻ മാത്രമായി കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്ന 'നാടകവും സിനിമയും' എന്ന പേപ്പറിന് നാളിതുവരെ ആരും തോറ്റിട്ടില്ലെന്ന എന്റെ ഗർവ്വിനെ തകർക്കാനായി ആദ്യമായി ഒരാൾ തോറ്റിരിക്കുകയാണ്. അവളുടെ തോൽവി എന്റെയും തോൽവി ആണെന്ന് എനിക്കു തോന്നി. പുനർമൂല്യനിർണ്ണം നടത്തുമ്പോൾ എനിക്കവളെ ജയിപ്പിക്കാം. ആ ഉത്തരക്കടലാസ് കയ്യിലിരുന്നപ്പോൾ എന്റെ കൈകൾ ചെറുതായി വിറച്ചു.

പരാധീനതകളുടെ ഒരു ചുറ്റുപാടിൽനിന്നാണ് ആ കുട്ടി കോളജിൽ പഠിക്കാനെത്തിയിരുന്നത്. പഠിക്കാനുള്ള കഴിവിനോടൊപ്പം ഒരുവിധം നല്ല ഭാഷാശൈലിയും ആ കുട്ടിക്കുണ്ടായിരുന്നു. എന്തൊക്കെയോ കാരണത്താൽ ക്ലാസ്സുകളിൽ ഹാജരാകാൻ പലപ്പോഴും അവൾക്ക് കഴിഞ്ഞിരുന്നില്ല. 'നാടകവും സിനിമയും' എന്ന പേപ്പറിന് വേണ്ടത്ര റഫറൻസ് ഗ്രന്ഥങ്ങൾ അക്കാലത്ത് സുലഭമല്ലാതിരുന്നതിനാൽ ആ വിഷയത്തിന്റെ ക്ലാസ്സുകൾ നഷ്ടപ്പെടുത്തരുതെന്ന് ഞാൻ അവളെ ഉപദേശിക്കുകകൂടി ചെയ്തിട്ടുണ്ടായിരുന്നു.

ഞാൻ ഉത്തരക്കടലാസ് പരിശോധിച്ചു. ആലുവ. യു.സി. കോളജിലെ മലയാള വിഭാഗം തലവനായ പ്രൊഫ. ഇ.പി. മാർക്കോസാണ് പേപ്പർ മൂല്യനിർണ്ണയം ചെയ്തിരിക്കുന്നത്. കൃത്യമായി മൂല്യനിർണ്ണയം നടത്തി അർഹതപ്പെട്ട മാർക്കാണ് അദ്ദേഹം നല്കിയിരിക്കുന്നത്. ഇരുപത്തിയെട്ട് മാർക്കെങ്കിലും ഉണ്ടെങ്കിൽ രണ്ടു മാർക്കുകൂടി എങ്ങനെയും റീവാല്യുവേഷനിൽ കൂട്ടിക്കൊടുത്ത് ജയിപ്പിക്കുന്ന പതിവുള്ളതാണ്. ഇരുപത്തിനാലും ഇരുപത്തിയഞ്ചുമൊക്കെ മുപ്പതാക്കാറുണ്ട്. ആദ്യ വാല്യുവേഷനിൽ മാർക്കു കുറഞ്ഞുപോയെന്ന് ചീഫ് എക്സാമിനർക്ക് തോന്നിയാൽ മാത്രം. പക്ഷേ, എനിക്കങ്ങനെ തോന്നിയില്ല. ആ കുട്ടിയുടെ തോൽവി വിഷമത്തോടെയാണെങ്കിലും ഞാൻ സ്ഥിരീകരിച്ചു.

മൂല്യനിർണ്ണയത്തിൽ ഞാൻ പുലർത്തിപ്പോന്ന നീതിബോധം വലിയ ദുരിതസങ്കടങ്ങൾക്കും കാരണമായി ഭവിച്ചിട്ടുണ്ട്.

ന്യൂമാൻ കോളജിലേക്ക് വകുപ്പുമേധാവിയായി സ്ഥലംമാറ്റം കിട്ടിയതിനുശേഷവും ബിരുദാനന്തര ബിരുദപരീക്ഷകളുടെ മൂല്യനിർണ്ണ ജോലികൾ യൂണിവേഴ്സിറ്റി എന്നെ ഏല്പിച്ചിരുന്നു. ചോദ്യപ്പേപ്പർ വിവാദത്തെത്തുടർന്ന് എന്നെ കോളജിൽനിന്ന് പുറത്താക്കുന്നതിന് ഏതാനും മാസങ്ങൾമുമ്പ് ബിരുദാനന്തര ബിരുദ പരീക്ഷകളുടെ ചീഫ് എക്സാമിനറായി യൂണിവേഴ്സിറ്റി എന്നെ നിയമിച്ചു. എന്റെ കീഴിലുള്ള അഞ്ച് അഡീഷണൽ എക്സാമിനർമാരിൽ ഒരാൾ മൂവാറ്റുപുഴ നിർമ്മല കോളജിൽ മലയാള വിഭാഗം മേധാവിയായിരുന്ന പ്രൊഫ. മേഴ്സികുര്യൻ ആയിരുന്നു. കന്യാസ്ത്രീ ആയിരുന്ന അവരെ പ്രസന്നസിസ്റ്റർ എന്നാണ് ഞങ്ങളെല്ലാം വിളിച്ചുപോന്നിരുന്നത്. സിസ്റ്ററും ഞാനും ഒരേ ഇന്റർവ്യൂവിലാണ് അധ്യാപകവൃത്തിക്ക് തെരഞ്ഞെടുക്കപ്പെട്ടത്. സിസ്റ്ററിനു നിയമനം കിട്ടി ഒന്നരമാസം കഴിഞ്ഞാണ് എന്റെ നിയമനം. അതിനാൽ സർവ്വീസിൽ ഞാൻ അവരുടെ ജൂനിയറാണ്. യൂണിവേഴ്സിറ്റിയുടെ പരീക്ഷാ ജോലികളിൽ സിസ്റ്റർ അധികം ഉൾപ്പെടാതിരുന്നതുകൊണ്ടോ മാനേജ്മെന്റിലെ സീനിയോറിറ്റി ലിസ്റ്റ് യൂണിവേഴ്സിറ്റി നോക്കാതിരുന്നതുകൊണ്ടോ എന്താണെന്നറിയില്ല ഞാൻ ചീഫ് എക്സാമിനറും സിസ്റ്റർ അഡീഷണൽ എക്സാമിനറുമായി. ഏതായാലും

മൂല്യനിർണ്ണയം നടത്തിയ ഉത്തരക്കടലാസുകൾ സിസ്റ്റർ സമയത്തുതന്നെ ഏല്പിച്ചു.

പുനർമൂല്യനിർണ്ണയം നടത്താൻവേണ്ടി എടുത്തപ്പോൾതന്നെ ഉത്തരക്കടലാസുകൾ നോക്കിയിട്ടുള്ളത് മറ്റാരോ ആണെന്ന് എനിക്കു മനസ്സിലായി. ഇരുപത്തഞ്ച് വർഷമായി പരിചയമുള്ള സിസ്റ്ററിന്റെ 'കൈയക്കങ്ങൾ' എനിക്കു പരിചയമുള്ളതാണല്ലോ. അക്ഷരം എഴുതുന്നതുപോലെ അക്കമെഴുതുന്നതിലും ഓരോരുത്തർക്കും അവരുടേതായ ഒരു വടിവുണ്ട്.

കേസുകൾ പഠിച്ച് വിധിന്യായം തയ്യാറാക്കാൻ മിടുക്കന്മാരായ വക്കീലന്മാർക്ക് ക്വട്ടേഷൻ കൊടുക്കുന്ന ജഡ്ജിമാരുള്ള നമ്മുടെ നാട്ടിൽ പകരക്കാരെവെച്ച് മൂല്യനിർണ്ണയം നടത്തിയെന്നുള്ളത് അക്ഷന്തവ്യമായ കാര്യമൊന്നുമല്ല. യോഗ്യരായ ആളുകൾ അത് ചെയ്യണമെന്നുമാത്രം.

പക്ഷേ, സിസ്റ്ററിനു പകരം മൂല്യനിർണ്ണയം നടത്തിയിരിക്കുന്നത് യോഗ്യരല്ലായിരുന്നുവെന്ന് ആദ്യത്തെ ഉത്തരക്കടലാസ് പരിശോധിച്ചപ്പോൾതന്നെ എനിക്കു മനസ്സിലായി. കൃത്യമല്ലാത്ത ഉത്തരത്തിനുവരെ മുഴുവൻ മാർക്ക് കൊടുത്തിരിക്കുകയാണ്. എല്ലാവർക്കും അർഹതപ്പെട്ട മാർക്കിനെക്കാൾ നാല്പതു മുതൽ അറുപതു ശതമാനംവരെ അധികം നല്കിയിരിക്കുകയാണെന്ന് പ്രഥമദൃഷ്ട്യാ എനിക്കു ബോധ്യപ്പെട്ടു. ചീഫ് എക്സാമിനറായ ഞാൻ ഇരുപതു ശതമാനം ഉത്തരക്കടലാസുകൾ മാത്രമേ പുനർമൂല്യനിർണ്ണയം ചെയ്യേണ്ടതുള്ളൂ. എന്നാൽ ഇവിടെ മുഴുവൻ ഉത്തരക്കടലാസുകളും വീണ്ടും മൂല്യനിർണ്ണയം നടത്തേണ്ടതുണ്ട്.

അടുത്ത ദിവസം മൂവാറ്റുപുഴ ടൗണിലുള്ള മഠത്തിൽപോയി ഞാൻ സിസ്റ്ററിനെ കണ്ടു. മൂല്യനിർണ്ണയത്തിലുണ്ടായ അപാകത അറിയിച്ചു. ആരാണ് പേപ്പർ നോക്കിയതെന്ന എന്റെ ചോദ്യത്തിന് ഉത്തരം പറയാൻ സിസ്റ്റർ കൂട്ടാക്കിയില്ല. മഠത്തിനോടു ചേർന്ന് പ്ലസ്ടുവരെ പെൺകുട്ടികൾ പഠിക്കുന്ന സ്കൂളും അവർക്കുള്ള ഹോസ്റ്റലും ഉണ്ട്. സിസ്റ്ററിന്റെ നിലപാട് കണ്ടിട്ട് പ്ലസ്ടുവിന് പഠിക്കുന്ന പെൺകുട്ടികളെക്കൊണ്ടാവുമോ എം.എ. മലയാളത്തിന്റെ പേപ്പറുകൾ നോക്കിച്ചതെന്നുപോലും ഞാൻ സംശയിച്ചു.

''അവധിയുള്ള ഒരു ദിവസം സിസ്റ്റർ വീട്ടിലേക്കു വരൂ. ചായയൊക്കെ കുടിച്ച് അവിടിരുന്ന് കുറവുകളൊക്കെ പരിഹരിക്കാം. പറ്റുമെങ്കിൽ പേപ്പറുനോക്കിയ ആളിനെയും കൂട്ടിക്കോ. മാർക്കുകൾ തിരുത്തുമ്പോൾ കൈയക്ഷരത്തിന് വ്യത്യാസം വരില്ലല്ലോ.''

''വീട്ടിലേക്കൊന്നും വരാൻ പറ്റില്ല.''

സൗഹൃദത്തോടെയുള്ള എന്റെ വാക്കുകൾക്ക് സൗഹൃദമില്ലാതെയാണ് സിസ്റ്റർ മറുപടി പറഞ്ഞത്.

''എന്നാൽ അടുത്ത ശനിയാഴ്ച നിർമ്മല കോളജിൽ പേപ്പറുമായി ഞാൻ വരാം. അവധി ദിവസമായതിനാൽ ഏതെങ്കിലും ഹാളിൽ നമുക്കിരിക്കാം.''

ഞാൻ വീണ്ടും പോംവഴി നിർദ്ദേശിച്ചു.

''എങ്ങോട്ടും വരാൻ ഞാൻ ഉദ്ദേശിക്കുന്നില്ല.''

പതിഞ്ഞ ശബ്ദത്തിൽ സിസ്റ്റർ അറുത്തുമുറിച്ചു പറഞ്ഞു.

''പിന്നെ എങ്ങനെയാണ്...'' ഞാൻ പറഞ്ഞു തുടങ്ങിയപ്പോഴേക്കും സിസ്റ്റർ ഇടയ്ക്കു കയറിപ്പറഞ്ഞു.

''എനിക്കറിയണ്ട. സാറിന്റിഷ്ടംപോലെ സാറ് ചെയ്യ്.'' ഞാൻ ശരിക്കും അത്ഭുതപ്പെട്ടുപോയി. സ്വതേ ശാന്തശീലയായ സിസ്റ്ററിൽനിന്ന് ഒരിക്കലും പ്രതീക്ഷിക്കാത്തതാണ് ഇത്തരത്തിലുള്ള ഒരു പ്രതികരണം.

ഇരുപത്തിയഞ്ചുവർഷത്തെ പരിചയമാണ് ഈ സിസ്റ്ററുമായി എനിക്കുള്ളത്. ഇക്കാലത്തിനിടയിൽ ഒരിക്കൽപ്പോലും അനിഷ്ടകരമായ വാക്കോ പ്രവൃത്തിയോ ഞങ്ങൾക്കിടയിൽ ഉണ്ടായിട്ടില്ല. സ്വന്തം സഹോദരിയെപ്പോലെയാണ് ഞാൻ സിസ്റ്ററിനെ കരുതിപ്പോന്നത്. സഹോദരനിർവ്വിശേഷമായിരുന്നു സിസ്റ്ററിന്റെ സമീപനവും. സെന്റ് ജോസഫിന്റെ തിരുനാൾ ദിവസം 'ഹാപ്പിഫീസ്റ്റ്' പറഞ്ഞ് ഒരു മിഠായിയോ പൂവോ എനിക്കു തരുമായിരുന്നു. അന്ന് അവധിദിവസമാണെങ്കിൽ എന്നെ 'വിഷ്' ചെയ്യാൻവേണ്ടി മാത്രം എന്റെ വീട്ടിൽ എത്തുകയും ചെയ്തിരുന്നു.

ആത്മീതയായിരുന്നു സിസ്റ്ററിന്റെ മുഖമുദ്ര. അക്കാദമിക് കാര്യങ്ങളെക്കാൾ ആത്മീയകാര്യങ്ങളിൽ വ്യാപരിക്കാനാണ് സിസ്റ്ററിന്റെ മനസ്സ് വെമ്പിയിരുന്നതെന്ന് എനിക്ക് അനുഭവപാഠമാണ്. കോളജിലെ പ്രാർത്ഥനാഗ്രൂപ്പിന്റെയൊക്കെ നേതൃസ്ഥാനംവഹിച്ചിരുന്ന സിസ്റ്റർ എനിക്കു വേണ്ടി പ്രാർത്ഥിക്കാമെന്ന് പല സന്ദർഭങ്ങളിലും പറഞ്ഞിട്ടുണ്ട്. ഒരിക്കൽ സിസ്റ്ററിനുവേണ്ടി ഞാനും പ്രാർത്ഥിച്ചു.

ആയിരത്തിതൊള്ളായിരത്തി തൊണ്ണൂറ്റി ഒൻപതിലാണ്. ശ്വാസകോശസംബന്ധമായ വലിയ ഒരു ശസ്ത്രക്രിയയ്ക്ക് സിസ്റ്റർ വിധേയയായി. വാരിയെല്ലു മുറിച്ചുകൊണ്ടുള്ള ഒരു ശാസ്ത്രക്രിയ ആണെന്നാണ് എനിക്ക് അറിയാൻ കഴിഞ്ഞത്. ശസ്ത്രക്രിയ വിജയകരമാകാനും സിസ്റ്റർ ആയുരാരോഗ്യത്തോടെ തിരിച്ചുവരാനും ഞാൻ പ്രാർത്ഥിച്ചു. തീവ്രമായ ഇച്ഛയാണല്ലോ പ്രാർത്ഥന. ''തീവ്രമായ് ഇച്ഛിപ്പതു പരകാര്യത്തിനെങ്കിൽ കൈവരാതൊരാളില്ല'' എന്ന കവിവാക്യവും എന്റെ കൂട്ടിനുണ്ടായിരുന്നു.

ആ സമയത്ത് എന്റെ മനസ്സിൽ സ്വാർത്ഥമായ മറ്റൊരു പ്രാർത്ഥനയും ഉണ്ടായിരുന്നു. പുതുതായി പണിതുകൊണ്ടിരുന്ന എന്റെ വീടിന്റെ മുറ്റത്ത് ഒരു കിണർ കുഴിക്കുകയാണ്. സ്ഥാനം കണ്ടത് ഞാൻതന്നെ ആയതിനാൽ വെള്ളം കിട്ടുമെന്ന് ഒരുറപ്പും ഉണ്ടായിരുന്നില്ല. എന്റെ വല്യപ്പൻ (അപ്പന്റെ അപ്പൻ)

സാമാന്യം പേരുകേട്ട ഒരു സ്ഥാനക്കാരനായിരുന്നു. ആ ധൈര്യത്തിൽമേലാണ് എന്റെ സ്ഥാനംകാണൽ.

കിണറുകുഴിക്കുന്നിടം ഉയർന്ന പ്രദേശമാണ്. ഒരു ഭാഗ്യപരീക്ഷണം എന്ന നിലയിലാണ് കിണർ കുഴിക്കാനുള്ള തീരുമാനം. അതിനാൽ കിണറിനെക്കുറിച്ചുള്ള ചിന്ത മനസ്സിൽ എത്തുമ്പോഴെല്ലാം 'വെള്ളം കിട്ടണേ' എന്നുള്ള പ്രാർത്ഥനയും ഉറവെടുത്തിരുന്നു.

ആ പ്രാർത്ഥനയെ 'ഓവർലാപ്' ചെയ്തുകൊണ്ടാണ് സിസ്റ്ററിനു വേണ്ടിയുള്ള പ്രാർത്ഥനവരുന്നത്.

''ഏതെങ്കിലും ഒരു കാര്യം നിവർത്തിച്ചുതരാമെന്നു പറഞ്ഞാൽ നീ അതിൽ ഏതെടുക്കും?'' ഒരാവശ്യവുമില്ലാത്ത ഒരു ചോദ്യം എന്നോടു തന്നെ ഞാൻ ചോദിച്ചു. ചോദിച്ചു പോയില്ലേ, ഉത്തരം പറയാതിരിക്കാൻ എന്റെ മനസ്സാക്ഷി സമ്മതിച്ചില്ല. മനസ്സില്ലാ മനസ്സോടെ ഞാൻ പറഞ്ഞു:

''സിസ്റ്ററിനു നല്ലതു വരട്ടെ.''

എന്റെ പ്രാർത്ഥന ഫലിച്ചു. സിസ്റ്റർ സസുഖം തിരിച്ചെത്തി. എന്റെ കിണർ കുഴിക്കൽ നാല്പതടി താഴ്ചയിൽ തട്ടുപാറയിൽ മുട്ടിനിന്നു. വർഷക്കാലത്ത് മഴവെള്ളംപോലും നിറയാതിരുന്ന ആ കിണർ ഞാൻ മൂടിക്കളഞ്ഞു.

അങ്ങനെയൊക്കെ ഇണങ്ങിനിന്ന സിസ്റ്ററാണ് ഇപ്പോൾ പിണക്കസ്വരത്തിൽ സംസാരിക്കുന്നത്. എനിക്ക് സങ്കടം വന്നു.

എന്തു ചെയ്യണമെന്ന് ഞാൻ ആലോചിച്ചു.

മുമ്പൊരിക്കൽ ബിരുദവിദ്യാർത്ഥികളുടെ ഒരു കെട്ട് പേപ്പർ വേണ്ട രീതിയിലല്ല മൂല്യനിർണ്ണയം നടത്തിയിരിക്കുന്നതെന്നു മനസ്സിലായപ്പോൾ ചീഫ് എക്സാമിനറായ ഞാൻ അക്കാര്യം ചെയർമാനെ അറിയിക്കുകയും ആദ്യ മൂല്യനിർണ്ണയം റദ്ദുചെയ്ത് മറ്റൊരാൾക്ക് മൂല്യനിർണ്ണയത്തിനായി ഉത്തരക്കടലാസുകൾ കൈമാറാൻ യൂണിവേഴ്സിറ്റി നിർദ്ദേശിക്കുകയും ചെയ്ത അനുഭവമുണ്ട്.

ഒരു തരത്തിലും സിസ്റ്റർ വഴങ്ങുന്നില്ലെന്നു വന്നപ്പോൾ ഞാൻ തിരിച്ചുപോരാൻ ഭാവിച്ചു. മഠത്തിലെ ഗസ്റ്റ്റൂമിന്റെ വാതിൽപ്പടി കടന്നപ്പോൾ വാതിലടയ്ക്കാൻ വന്ന സിസ്റ്ററിനോട് തിരിഞ്ഞുനിന്ന് ശാന്തസ്വരത്തിൽ ഞാൻ പറഞ്ഞു:

''സിസ്റ്റർ സഹകരിക്കുന്നില്ലെങ്കിൽ എനിക്കു യൂണിവേഴ്സിറ്റിക്കു റിപ്പോർട്ടു ചെയ്യേണ്ടിവരും.''

''എന്തു വേണേലും ചെയ്തോ.''

സിസ്റ്റർ എന്റെ മുമ്പിൽ വാതിൽ വലിച്ചടച്ചു.

സിസ്റ്ററിനോട് അങ്ങനെ പറഞ്ഞു പിരിഞ്ഞുവെങ്കിലും യൂണിവേഴ്സിറ്റിക്കു റിപ്പോർട്ടു ചെയ്യുവാൻ എനിക്ക് മനസ്സുവന്നില്ല. മാനേജ്മെന്റിലെ ഏറ്റവും സീനിയേഴ്സ് ആയ മലയാളം അധ്യാപകരാണ് ഞാനും സിസ്റ്ററും. മാനേജ്മെന്റിന്റെ കീഴിലുള്ള രണ്ടു കോളജുകളിൽ വകുപ്പുമേധാവികളുമാണ്.

അതിലൊരാൾ മറ്റേ ആൾക്കെതിരായി യൂണിവേഴ്സിറ്റിയിൽ പരാതിപ്പെടുന്നത് ഉചിതമല്ലെന്ന് എനിക്കു തോന്നി. സഹപ്രവർത്തകർക്കും ഒരുപക്ഷേ, കോളജ് അധികൃതർക്കുപോലും അത് അനിഷ്ടകരമായിത്തീർന്നേക്കാം. എന്തുവേണമെന്ന് ഞാൻ വീണ്ടും വീണ്ടും ആലോചിച്ചു. അവസാനം ഞാൻ എന്റെ മനസ്സു പറഞ്ഞ വഴിയേ പോയി.

പിറ്റേന്ന് അതിരാവിലെ ഞാൻ കോതമംഗലത്തുള്ള ബിഷപ്പ് ഹൗസിൽ ചെന്നു. കുറേ സമയം കാത്തിരുന്ന് കോളജ് മാനേജർ മോൺസിഞ്ഞോർ തോമസ് മലേക്കുടിയെക്കണ്ട് കാര്യങ്ങൾ അദ്ദേഹത്തെ ധരിപ്പിച്ചു. കൂടെ കൊണ്ടുപോയ കെട്ടിൽനിന്ന് ഉത്തരക്കടലാസുകൾ എടുത്തു കാണിച്ച് മൂല്യനിർണ്ണയത്തിലെ അപാകത അദ്ദേഹത്തെ ബോധ്യപ്പെടുത്തി. സിസ്റ്ററിന്റെ ഭാഗത്തുനിന്നുള്ള നിസ്സഹകരണം അറിയിച്ചപ്പോൾ യൂണിവേഴ്സിറ്റിക്കു റിപ്പോർട്ടു ചെയ്യാനാണ് അദ്ദേഹവും നിർദ്ദേശിച്ചത്. ഒരേ മാനേജ്മെന്റിന്റെ കീഴിൽ ജോലി ചെയ്യുമ്പോൾ അങ്ങനെ ചെയ്യുന്നതു ഭംഗിയല്ലെന്നു മാത്രമല്ല, അത് എനിക്കും സിസ്റ്ററിനും സങ്കടകരമായിരിക്കുമെന്നും ഞാൻ സവിനയം അറിയിച്ചു. അപ്പോൾ പിന്നെന്തു ചെയ്യുമെന്ന് മാനേജരച്ചൻ ചോദിച്ചു.

''സിസ്റ്ററിനോട് അച്ചൻ ഒന്നു പറയാമോ?''

എന്റെ നിർദ്ദേശം അദ്ദേഹത്തിനു സ്വീകാര്യമായി.

''ഇന്നെനിക്കു തിരക്കാണ്. നാളെ വാഴക്കുളത്തുള്ള വിശ്വജോതി എൻജിനീയറിങ് കോളജിൽ പന്ത്രണ്ടുമണിക്ക് ഒരു കുർബാനയ്ക്കു പോകുന്നുണ്ട്. പോകുന്നവഴിക്ക് മഠത്തിൽ കയറി സിസ്റ്ററിനോട് പറഞ്ഞു കൊള്ളാം.''

ഞാൻ അദ്ദേഹത്തോടു നന്ദി പറഞ്ഞ് ഉത്തരക്കടലാസുകളും പൊതിഞ്ഞെടുത്ത് തിരിച്ചുപോന്നു.

പിറ്റേന്ന് ശനിയാഴ്ച ആയിരുന്നതിനാൽ അവധി ദിവസമായിരുന്നു. ഉച്ചയ്ക്കുമുമ്പ് മാനേജരച്ചൻ എന്നെ ഫോണിൽ വിളിച്ചു.

''സിസ്റ്ററിനോട് ഞാൻ പറഞ്ഞു. സാറു പറയുന്നതുപോലെ ചെയ്യാമെന്ന് സിസ്റ്റർ സമ്മതിച്ചിട്ടുണ്ട്.''

''താങ്ക്യു ഫാദർ.'' ഞാൻ പറഞ്ഞു.

അച്ചൻ കോൾ കട്ടാക്കി.

അന്നു വൈകുന്നേരം സിസ്റ്ററും ഫോണിലൂടെ സഹകരണസന്നദ്ധത അറിയിച്ചു. മാനേജരച്ചൻ സിസ്റ്ററിനെ ശാസിച്ചിട്ടുണ്ടാവുമെന്ന് ഞാൻ ഊഹിച്ചു.

സിസ്റ്ററുടെ താത്പര്യമനുസരിച്ച് അടുത്ത അവധി ദിവസം ഞാൻ പേപ്പർക്കെട്ടുമായി നിർമ്മല കോളജിൽ ചെന്നു. ആഡിറ്റോറിയത്തിന്റെ അടിനിലയിലുള്ള ഒരു സെമിനാർ ഹാൾ സിസ്റ്റർ ഏർപ്പാടാക്കിയിരുന്നു. പ്രസന്ന സിസ്റ്ററിനോടൊപ്പം ആ വർഷം നിയമനം ലഭിച്ച സിസ്റ്റർ നോയലും ഉണ്ടായിരുന്നു. ബിജി.എം.പി. എന്നാണ് സിസ്റ്റർ നോയലിന്റെ ഔദ്യോഗികനാമം.

സിസ്റ്റർ പ്രസന്നയുടെ മുഖത്ത് പ്രസന്നത ലവലേശം ഉണ്ടായിരുന്നില്ല. എന്നാൽ അതൊന്നും ഗൗനിക്കുന്നതായി ഞാൻ ഭാവിച്ചില്ല. സിസ്റ്റർ നോയലിന് ശരിയായ ഉത്തരങ്ങളും മാർക്കിടേണ്ട രീതിയും ഞാൻ പറഞ്ഞുകൊടുത്തു. ആ ഉത്തരക്കടലാസുകൾ നോക്കിയത് അവരായിരുന്നുവെന്നാണ് അപ്പോൾ ഞാൻ വിചാരിച്ചിരുന്നത്. എന്നാൽ ഉത്തരക്കടലാസ്സിലെ പഴയ മാർക്കുകൾ വെട്ടി അവർ പുതിയ മാർക്കുകൾ രേഖപ്പെടുത്തിയപ്പോൾ അവരായിരുന്നില്ല ആ പേപ്പറുകൾ നോക്കിയതെന്ന് 'കൈയക്ക'ങ്ങളുടെ വ്യത്യാസത്താൽ എനിക്കു മനസ്സിലായി. പ്ലസ്ടുക്കാരായിരിക്കുമോ ഈ പേപ്പറുകൾ നോക്കിയത് എന്നുള്ള സംശയം അപ്പോൾ പ്രബലപ്പെട്ടെങ്കിലും ഞാൻ ഒന്നും മിണ്ടിയില്ല.

സിസ്റ്റർ നോയൽ ഇടുന്ന മാർക്ക് തീരെ കുറയുന്നുവെന്നു മനസ്സിലാക്കിയ ഞാൻ കുറേക്കൂടി ഉദാരമായി മാർക്കു നല്കാൻ ആവശ്യപ്പെട്ടു.

ഉത്തരക്കടലാസിന്റെ മാർജിനിൽ ഇട്ടമാർക്കും മുൻവശത്തെ പേജിലുള്ള കോളങ്ങളിൽ രേഖപ്പെടുത്തിയ മാർക്കും വെട്ടിത്തിരുത്തിയിട്ടത് കൂട്ടിയെടുക്കുക ശ്രമകരമായ ജോലി ആയിരുന്നു. സിസ്റ്റർ നോയൽ മൂല്യനിർണ്ണയം ചെയ്യുന്ന പേപ്പറുകൾ പുനർമൂല്യനിർണ്ണയം ചെയ്തും മാർക്കുകൾ ചെക്കുചെയ്തും എന്റെ തല മരയ്ക്കാൻ തുടങ്ങി. സിസ്റ്റർ പ്രസന്നയാകട്ടെ ഞങ്ങളുടെ ജോലികൾക്ക് അധ്യക്ഷം വഹിച്ച് ഇരുന്നതേയുള്ളൂ.

രണ്ടുമണി ആയപ്പോഴേക്കും പകുതി പേപ്പറുകളുടെ ജോലി ഞങ്ങൾ പൂർത്തിയാക്കി. അപ്പോൾ സിസ്റ്റർ നോയൽ പറഞ്ഞു:

''ഇനിയുള്ള പേപ്പറുകൾക്ക് കുഴപ്പമില്ല.''

ഞാൻ സിസ്റ്ററിന്റെ നേർക്ക് മുഖമുയർത്തി.

''അത് ഞാൻ നോക്കിയതാണ്. കൃത്യമായ മാർക്കേ കൊടുത്തിട്ടുള്ളൂ.''

''അപ്പോൾ ഇതുവരെയുള്ളത് നോക്കിയത് ആരാണ്?''

എന്റെ ചോദ്യം കേട്ട് സിസ്റ്റർ നോയൽ സിസ്റ്റർ പ്രസന്നയുടെ നേരേനോക്കി. സിസ്റ്റർ പ്രസന്ന അപ്പോൾ കണ്ണുകളടച്ച് മൗനമായി കൊന്തചൊല്ലിക്കൊണ്ടിരിക്കുകയായിരുന്നു.

''അത് ആനിയാണ്.''

സിസ്റ്റർ നോയൽ പതിഞ്ഞ ശബ്ദത്തിൽ എന്നോടു പറഞ്ഞു.

സിസ്റ്റർ നോയലിനെപ്പോലെ ആനി ടീച്ചറും കോളജ് അധ്യാപിക ആയത് ഈ വർഷമാണ്. അതിനുമുമ്പ് അവർ പ്ലസ്ടുവിലാണ് പഠിപ്പിച്ചിരുന്നത്. പ്ലസ്ടുവിൽ രണ്ടാം ഭാഷയായി ഹിന്ദിയോ മലയാളമോ കുട്ടികൾക്ക് തെരഞ്ഞെടുക്കാം. ഹിന്ദിക്കാണ് മാർക്കു കൂടുതൽ ലഭിക്കുക എന്ന ഒരു ധാരണ പണ്ടേയുള്ളതാണ്. ആ ധാരണയിൽ കുട്ടികൾ ഹിന്ദി പഠിക്കാൻ കൂടുതൽ താത്പര്യം കാണിച്ചാൽ മലയാളം അധ്യാപകരുടെ നിലനില്പിനെ അതു ബാധിക്കും. ആ ഭീഷണിയെ മറികടക്കണമെങ്കിൽ ഹിന്ദിയെക്കാൾ കൂടുതൽ മാർക്ക് മലയാളത്തിന് കിട്ടുമെന്ന ഒരു ധാരണ പ്ലസ്ടുവിന് ചേരാൻ വരുന്ന കുട്ടികൾക്കുണ്ടാകണം. അതിനാൽ

ഹിന്ദിക്കാരോട് മത്സരിച്ച് മലയാളം അധ്യാപകർ വളരെ ഉദാരമായി മാർക്ക് നല്കുന്ന ഒരു നയം സ്വീകരിച്ചു. ആ നയം തന്നെ ആയിരിക്കും എം.എ. മലയാളത്തിന്റെ മൂല്യനിർണ്ണയത്തിനും ആനി ടീച്ചർ സ്വീകരിച്ചത്.

ഏതായാലും പ്ലസ്ടുവിന് പഠിക്കുന്നവരെക്കൊണ്ടല്ലല്ലോ-ഒരു ടീച്ചറിനെക്കൊണ്ടുതന്നെയാണല്ലോ- സിസ്റ്റർ പ്രസന്ന പേപ്പർ നോക്കിച്ചതെന്നറിഞ്ഞ ഞാൻ ഒരു ദീർഘനിശ്വാസം വിട്ടു.

''ഇനിയുള്ളതിന്റെ വാല്യുവേഷൻ ശരിയാണെന്നുള്ളത് ഉറപ്പാണോ?'' ഞാൻ സിസ്റ്റർ നോയലിനോട് ചോദിച്ചു.

''ഉറപ്പ്.'' സിസ്റ്റർ ഉറപ്പിച്ചു പറഞ്ഞു.

ഞങ്ങൾ രണ്ടാളും ശരിക്കും മടുത്തിരുന്നു. മണി രണ്ടു കഴിഞ്ഞു. വിശക്കാനും തുടങ്ങി.

''എങ്കിൽ നമുക്കു നിറുത്താം.'' ഞാൻ പറഞ്ഞു. അതു കേട്ടപ്പോൾ കൊന്ത ചൊല്ലൽ നിറുത്തി സിസ്റ്റർ പ്രസന്നയും എണീറ്റു.

പേപ്പറുകളെല്ലാം കെട്ടിയെടുത്ത് നന്ദി പറഞ്ഞ് ഞാനവരെ പിരിഞ്ഞു.

വീട്ടിലെത്തിയ ഞാൻ ഭക്ഷണവും വിശ്രമവും കഴിഞ്ഞ് സിസ്റ്റർ നോയൽ നോക്കിയ ഉത്തരക്കടലാസുകൾ റീവാല്യുവേഷനുവേണ്ടി എടുത്തു. സിസ്റ്റർ നോയൽ കൊടുത്തിട്ടുള്ള 'കൃത്യമായ മാർക്ക്' കണ്ട് ഞാൻ അന്ധാളിച്ചുപോയി. ആനി ടീച്ചറിന്റെ നയത്തിന് നേരേ വിപരീതമായിരുന്നു സിസ്റ്റർ നോയലിന്റെ നയം. അഞ്ചിൽ നാലര കൊടുക്കേണ്ടിടത്ത് രണ്ട്, രണ്ടര. എട്ടു മാർക്ക് കൊടുക്കേണ്ടിടത്ത് അഞ്ച്, അഞ്ചര. ജയിക്കേണ്ടുന്ന പല കുട്ടികളും അതിനാൽതന്നെ തോറ്റിരിക്കുന്നു.

ഇതികർത്തവ്യതാമൂഢനായി ഞാൻ ഇരുന്നു. കുറേനേരം കഴിഞ്ഞ് എണീറ്റു പോകുകയും ചെയ്തു.

ആരോടും പരാതി പറയാൻ പിന്നീട് ഞാൻ മെനക്കെട്ടില്ല. മനസ്സിന്റെ സ്വാസ്ഥ്യം തിരിച്ചുകിട്ടിയപ്പോൾ വീണ്ടും വന്നിരുന്നു. മുഴുവൻ പേപ്പറുകളും റീവാല്യുചെയ്ത് മാർക്കുകൾ കുറ്റമറ്റതാക്കി. ഇരുപതു ശതമാനത്തിന്റെ പ്രതിഫലമേ യൂണിവേഴ്സിറ്റി നല്കുകയുള്ളൂ. ഒരു നിഷ്കാമകർമ്മമാകട്ടെ എന്ന് ഞാൻ സമാധാനിച്ചു. ബിരുദാനന്തര ബിരുദത്തിന്റേതുപോലെ ഉന്നതതലത്തിലുള്ള പരീക്ഷകളുടെ മൂല്യ നിർണ്ണയച്ചുമതല എന്തുകൊണ്ടാണ് പരിചയസമ്പന്നരായ അധ്യാപകരെ ഏല്പിക്കുന്നതെന്ന് സിസ്റ്റർ പ്രസന്ന ഇതുവരെ മനസ്സിലാക്കിയിട്ടില്ലല്ലോ എന്നോർത്ത് പരിതപിക്കുകയും ചെയ്തു.

പല ആളുകൾ മൂല്യനിർണ്ണയം നടത്തിയതിന്റെ തെളിവുകൾ ഉത്തരക്കടലാസിൽ അവശേഷിക്കുമെന്നതിനാൽ ആ 'റീവാല്യുവേഷൻ കഥ' ചെയർമാനായിരുന്ന എറണാകുളം മഹാരാജാസ് കോളജിലെ പ്രൊഫ. നാരായണ കൈമളിനെ അപ്പോളപ്പോൾ ഞാൻ അറിയിച്ചുകൊണ്ടാണിരുന്നത്.

ആ സംഭവം പ്രസന്ന സിസ്റ്ററിന് വളരെ വിഷമം ഉണ്ടാക്കിയെന്നു തോന്നുന്നു. ഞാൻ സിസ്റ്ററിനെ വളരെ ദ്രോഹിച്ചുവെന്ന് സിസ്റ്റർ പലരോടും പറഞ്ഞതായി പിന്നീടറിഞ്ഞു. അതെങ്ങനെയാണ് സിസ്റ്റർ പറഞ്ഞു ഫലിപ്പിക്കുന്നതെന്ന് എനിക്കറിഞ്ഞുകൂടാ. ചോദ്യപ്പേപ്പർ വിവാദത്തെ തുടർന്ന് ജയിലിൽ പോയതും അധ്യാപകവൃത്തിയിൽ നിന്ന് പിരിച്ചുവിട്ടതും കൈപ്പത്തി വെട്ടിമാറ്റിയതും ശരീരമാസകലം മുറിവുകളേറ്റതും ഭാര്യയെ നഷ്ടപ്പെട്ടതും എല്ലാം സിസ്റ്ററിനെ ദ്രോഹിച്ചതിന് ദൈവം എനിക്കു തന്ന ശിക്ഷയാണെന്നാണ് സിസ്റ്റർ പറയുന്നത്.

സ്നേഹസ്വരൂപനായ ദൈവത്തെക്കുറിച്ച് അങ്ങനെയൊക്കെ പറയാമോ? പാവം ദൈവം! എന്താ അല്ലേ?

# ഒരുവട്ടംകൂടി

## I

ചോദ്യപ്പേപ്പർ വിവാദവും അനുബന്ധസംഭവങ്ങളും കഴിഞ്ഞ് ഏകദേശം ഒരു വർഷം ആയപ്പോൾ പാലക്കാട്ടുകാരനായ വേലപ്പൻ എന്ന സുഹൃത്തിന്റെ ഗൃഹപ്രവേശച്ചടങ്ങിന് സംബന്ധിക്കാൻ നാലു സുഹൃത്തുക്കളോടൊപ്പം ഞാൻ പോയി. എന്റെ സെക്യൂരിറ്റി ഗാർഡായി രണ്ട് പോലീസുകാരും അന്ന് ഞങ്ങളോടൊപ്പം ഉണ്ടായിരുന്നു.

സിനിമയെക്കുറിച്ച് പഠിക്കാൻ സിനിമാപ്രവർത്തകരോടൊപ്പം സഞ്ചരിച്ച നാളുകളിൽ പരിചയപ്പെട്ട ആളാണു വേലപ്പൻ. സിനിമാപ്രവർത്തനവുമായി ബന്ധമൊന്നുമില്ലാതിരുന്ന അദ്ദേഹം നാട്ടിൽ അറിയപ്പെടുന്ന ഒരു പൊതുപ്രവർത്തകനാണ്. സമപ്രായമായിരുന്നുവെങ്കിലും 'വേലപ്പേട്ടൻ' എന്നാണ് ഞാൻ അദ്ദേഹത്തെ സ്നേഹപൂർവ്വം വിളിച്ചിരുന്നത്.

ചിറ്റൂർ താലൂക്കിൽ നെല്ലിയാംപതി മലനിരകളുടെ താഴ്വാരത്തിൽ ഇക്ഷുനദിക്കരയിലെ ഒരു കുഗ്രാമത്തിലായിരുന്നു വേലപ്പേട്ടന്റെ വീട്. മുമ്പും പല തവണ ഞാൻ അവിടെ പോയിട്ടുണ്ട്. ചോദ്യപ്പേപ്പർ വിവാദത്തോടനുബന്ധിച്ച് ഞാൻ ഒളിവിലായിരുന്ന സമയത്ത് പോലീസ് എന്നെ അന്വേഷിച്ച് വേലപ്പേട്ടന്റെ വീട്ടിലും എത്തിയിരുന്നു.

ഗൃഹപ്രവേശത്തിന്റെ സദ്യവട്ടമൊക്കെ കഴിഞ്ഞിട്ടും അന്ന് തിരിച്ചുപോരാൻ വേലപ്പേട്ടൻ ഞങ്ങളെ അനുവദിച്ചില്ല. അതിനാൽ 'അത്താഴക്കൂട്ടായ്മ'യ്ക്കുശേഷം പുതിയ വീട്ടിൽ അന്തിയുറങ്ങി പിറ്റേന്നാണ് ഞങ്ങൾ മടങ്ങിയത്.

ഞങ്ങളോടൊപ്പമുണ്ടായിരുന്ന ഒരു സുഹൃത്തിന് ഒരു രോഗീസന്ദർശനത്തിനായി ചെന്നൈ അപ്പോളോ ഹോസ്പിറ്റൽ ഉടനെ പോകേണ്ടതുണ്ടായിരുന്നു. അതിനാൽ അദ്ദേഹത്തെ കോയമ്പത്തൂർവരെ കൊണ്ടുവിട്ടാണ് ഞങ്ങൾ പോന്നത്. സുഹൃത്തുക്കളിൽ ഒരാളുടെ ഇന്നോവ കാറിലായിരുന്നു ഞങ്ങളുടെ യാത്ര. കോയമ്പത്തൂർ മുതൽ അങ്കമാലിവരെ കാറോടിച്ചത് ഞാനായിരുന്നു.

പാലക്കാട്ടെത്തിയപ്പോൾ എനിക്കൊരാഗ്രഹം തോന്നി. പണ്ട് ഒളിവിൽ താമസിച്ചിരുന്ന സിതാര ടൂറിസ്റ്റ് ഹോമിൽ ഒന്നു പോയാലോ എന്ന്. സുഹൃത്തുക്കളും എന്റെ ആഗ്രഹത്തോട് അനുകൂലിച്ചു. കെ.എസ്.ആർ.റ്റി.സി ബസ്സ്റ്റാൻഡും എതിർവശത്തുള്ള ഇന്ത്യൻ കോഫി ഹൗസും അവിടെനിന്ന് ഇടറോഡിലൂടെ മഞ്ഞക്കുളം റോഡിലെത്തി മുസ്ലിംപള്ളിയും കഴിഞ്ഞ് സിതാര ടൂറിസ്റ്റ്ഹോംവരെയുള്ള വഴി എന്റെ മനസ്സിൽ 'പതിഞ്ഞു കിടപ്പുണ്ട്'. 'വൺവേ'

എന്ന പേരിൽ മനുഷ്യർക്കില്ലാത്ത ചില നിരോധനങ്ങൾ വാഹനങ്ങൾക്കുള്ളതിനാൽ ഞാൻ നടന്നു പരിചയിച്ച റോഡിലൂടെ അങ്ങോട്ടു പോകാൻ സാധിച്ചില്ല. ചില ചുറ്റിക്കറങ്ങലുകൾക്കുശേഷം ചോദിച്ചു ചോദിച്ചാണ് ഞങ്ങൾ സിതാര ടൂറിസ്റ്റ് ഹോമിന്റെ അങ്കണത്തിലെത്തിയത്.

വാഹനത്തിൽനിന്നിറങ്ങിയ ഞങ്ങൾ ആറുപേർ റിസപ്ഷനിലേക്ക് ചെന്നു. അവിടെയുണ്ടായിരുന്ന രണ്ടുപേർ ഞങ്ങളെ കണ്ട് അന്തം വിട്ടിട്ടെന്നവണ്ണം എണീറ്റുനിന്നു. ഞങ്ങളിൽ രണ്ടുപേർ പോലീസ് യൂണിഫോമിലായിരുന്നുവല്ലോ. മറ്റുള്ളവരെക്കുറിച്ച് അവർ എന്താണോ വിചാരിച്ചിട്ടുണ്ടാകുക?

കൗണ്ടറിൽ ഉണ്ടായിരുന്ന രണ്ടുപേരും ഞാൻ അവിടെ താമസിച്ചിരുന്നപ്പോൾ ഉണ്ടായിരുന്നവരാണ്. എങ്കിലും പരിചയഭാവമൊന്നും അവരുടെ മുഖത്ത് ഇപ്പോൾ വിളയാടുന്നില്ല.

''ഞാൻ പണ്ട് ഇവിടെ താമസിച്ചിട്ടുണ്ട്.''

മുഖവുര എന്ന മട്ടിൽ ഞാൻ പറഞ്ഞു. എന്നിട്ടും അവരുടെ മുഖഭാവത്തിൽ മാറ്റമൊന്നും വന്നില്ല.

''ജോർജ്ജുകുട്ടി എന്ന കള്ളപ്പേരിലാണ് ഞാനിവിടെ താമസിച്ചത്.'' ഞാൻ അവരുടെ മുഖത്തേക്കുതന്നെ നോക്കി.

''അതിനൊരു 'സോറി' പറയാൻ വന്നതാണ്.''

അതു കേട്ടതോടെ അവരുടെ അങ്കലാപ്പെല്ലാം പമ്പ കടന്നു. എനിക്ക് പരിചയക്കൂടുതലുണ്ടായിരുന്ന ആൾ കൗണ്ടറിൽനിന്ന് ഇറങ്ങിവന്ന് തുന്നിച്ചേർത്ത എന്റെ വലതുകരം അയാളുടെ ഇരുകൈകൾക്കും ഉള്ളിലാക്കി. അയാളുടെ മുമ്പിലായിരുന്നു പണ്ട് ജോർജ്ജുകുട്ടി എന്ന് പേരെഴുതി രജിസ്റ്ററിൽ ഞാൻ കള്ളയൊപ്പിട്ടത്.

നീണ്ട ഇടവേളയ്ക്കുശേഷം കണ്ടുമുട്ടിയ സുഹൃത്തിനോടെന്നവണ്ണമാണ് പിന്നീട് അയാൾ എന്നോട് സംസാരിച്ചത്.

എന്നെ കണ്ടമാത്രയിൽതന്നെ തിരിച്ചറിഞ്ഞതാണ്. പോലീസുകാരോടൊപ്പമുള്ള ഇപ്പോഴത്തെ ആഗമനോദ്ദേശ്യം അറിയാതിരുന്നതാണ് അവരെ പരിഭ്രമിപ്പിച്ചുകളഞ്ഞത്.

ഞാൻ പോലീസിനു കീഴടങ്ങിയ ദിവസം അവിടെയുണ്ടായ കാര്യങ്ങൾ അയാൾ എന്നോട് വിവരിച്ചു. അന്ന് സന്ധ്യയോടുകൂടി ഒരു പോലീസ് സംഘം സിതാരടൂറിസ്റ്റ് ഹോമിൽ എത്തി. പ്രൊഫ. ടി.ജെ.ജോസഫ് എന്നൊരാൾ അവിടെ താമസിച്ചിട്ടുണ്ടോ എന്ന് ആരാഞ്ഞു. എങ്ങനെ അറിയാൻ? രജിസ്റ്ററിൽ അങ്ങനെയൊരു പേരില്ലല്ലോ. അവർ കൈ മലർത്തി.

''ടി വിയിൽ വാർത്ത വരുന്നുണ്ട്. ഇവിടെ ടി വിയൊന്നും ഇല്ലേ?''

റിസപ്ഷനിൽ ടി വി കാണാഞ്ഞ് ഒരു പോലീസ് ഉദ്യോഗസ്ഥൻ ചോദിച്ചു.

''റൂമുകളിലുണ്ട്'' എന്ന് അറിയിച്ചതിൻപ്രകാരം അവരെയുംകൂട്ടി ആളൊഴിഞ്ഞ ഒരു മുറിയിലെത്തി ടി വി ഓൺ ചെയ്തു. അപ്പോൾ എല്ലാ മലയാളം

വാർത്താചാനലുകളിലും 'അധ്യാപകൻ അറസ്റ്റിൽ' എന്നതായിരുന്നു പ്രധാന വാർത്ത. പോലീസ്കസ്റ്റഡിയിലായ എന്നെ ടി വിയിൽ കണ്ട് അവർ തിരിച്ചറിഞ്ഞു. ഞാൻ അവിടെ താമസിച്ചിരുന്നതായി അവർ സമ്മതിച്ചു. പ്രതി പറഞ്ഞത് ശരിയാണോ എന്ന് ഉറപ്പിക്കുന്നതിനുവേണ്ടിയാണ് വന്നതെന്നും അല്ലാതെ മറ്റു കുഴപ്പങ്ങളില്ലെന്നും പോലീസ് ഉദ്യോഗസ്ഥർ അവരെ അറിയിച്ചു. ആദ്യത്തെ സംഘം പോകാനൊരുമ്പെടുമ്പോൾ മറ്റൊരു പോലീസ്സംഘം എത്തി. ആദ്യസംഘം കാര്യങ്ങളൊക്കെ രണ്ടാമത്തെ സംഘത്തിന് വിവരിച്ചുകൊടുത്തതിനാൽ അവർ പിന്നീട് ചോദ്യം ചെയ്യാൻ മുതിർന്നില്ല.

വിവരമറിഞ്ഞ ടൂറിസ്റ്റ്ഹോം ഉടമ പരിചയക്കാരനായ ഒരു ഡി.വൈ.എസ്.പി.യെ വിളിച്ച് തങ്ങൾക്ക് പ്രശ്നമൊന്നുമില്ലെന്ന് ഉറപ്പാക്കുകയും ചെയ്തു.

ഇങ്ങനെ വിശേഷങ്ങളൊക്കെ പങ്കുവെച്ചു ഞങ്ങൾ നില്ക്കുമ്പോഴേക്കും ആ ടൂറിസ്റ്റ്ഹോമിലെ ജോലിക്കാരെല്ലാവരും അവിടേക്കുവന്നു. ഞാൻ അറിയുന്നവരും അറിയാത്തവരും അക്കൂട്ടത്തിലുണ്ടായിരുന്നു. അവരുടെ ആവശ്യപ്രകാരം ഞാൻ ധരിച്ചിരുന്ന ഫുൾസ്ലീവ് ഷർട്ടിന്റെ കൈയിലെ ബട്ടൺ അഴിച്ച് ഇരുകൈകളിലേയും മുറിവുകൾ അവർക്ക് കാണിച്ചു കൊടുത്തു. അന്ന് 'റൂംബോയ്' ആയിരുന്ന സുലൈമാൻ എന്നു പേരുള്ള അറുപതുകാരൻ അടുത്തേക്കുവന്ന് ആ മുറിപാടുകളെ തലോടി. ചുറ്റുംനിന്ന സ്ത്രീകളുടെ കണ്ണിൽ വെള്ളം നിറയുന്നതായി ഞാൻ കണ്ടു.

''ജീവിതത്തിലുണ്ടാകുന്ന ഓരോ സമയദോഷം. അല്ലാതെന്തു പറയാൻ.'' അവരിലൊരാൾ നെടുവീർപ്പെട്ടു.

അന്തരീക്ഷത്തിന് ഒരു ലാഘവമുണ്ടാക്കാനായി ഞാൻ മനഃപൂർവ്വം സുലൈമാനോട് ചോദിച്ചു:

''അന്നിവിടെ താമസിക്കുമ്പോൾ എന്നെ കണ്ടാൽ എന്തെങ്കിലും പ്രശ്നം ഉള്ളതായി തോന്നുമായിരുന്നുവോ?''

''അങ്ങനെയൊന്നുമില്ല. സമയാസമയങ്ങളിൽ ഭക്ഷണം കഴിക്കാൻ സാറ് പുറത്തു പോകാത്തത് ഞാൻ ശ്രദ്ധിച്ചിരുന്നു.''

ഞാൻ സുലൈമാനെ ചെറുതായൊന്ന് ആശ്ലേഷിച്ചു.

അവരോട് യാത്ര പറഞ്ഞിറങ്ങുമ്പോൾ എന്റെയുള്ളിൽ സമാധാനത്തിന്റെ ഒരു കുളിർ പെയ്തിറങ്ങുകയായിരുന്നു.

## II

എറണാകുളത്തുള്ള സ്പെഷ്യലിസ്റ്റ് ഹോസ്പിറ്റലിനെക്കുറിച്ച് കേട്ടിട്ടുണ്ടായിരുന്നെങ്കിലും അവിടെ പോകേണ്ട ആവശ്യം മുമ്പെങ്ങും എനിക്ക് ഉണ്ടായിട്ടില്ല. എന്നെ അവിടെ അഡ്മിറ്റാക്കി രണ്ടുമാസത്തെ ചികിത്സയ്ക്കുശേഷമാണ് ആ ഹോസ്പിറ്റൽ ഞാൻ ശരിക്കും കാണുന്നത്.

അഞ്ചാഴ്ചക്കാലം ഹോസ്പിറ്റലിൽ കിടന്നശേഷം എന്നെ വീട്ടിലേക്ക് കൊണ്ടുവന്നത് ആംബുലൻസിലായിരുന്നു. പിന്നീട് മൂന്നാഴ്ച വീട്ടിലും മലക്കിടപ്പുതന്നെ തുടർന്നു. വീണ്ടും ആംബുലൻസിൽതന്നെ ഹോസ്പിറ്റലിൽ എത്തിച്ച് ഇരുകൈകളിലും ഇടതുകാലിലും പ്ലാസ്റ്റർ ഇട്ടതിനു ശേഷമാണ് എനിക്ക് കിടക്കയിലോ വീൽചെയറിലോ ഒക്കെ ഇരിക്കാൻ സാധിച്ചത്. അതിനുശേഷമാണ് ഞാൻ തിരശ്ചീന(horizonal)മായ കാഴ്ചകൾ വീണ്ടും കണ്ടുതുടങ്ങിയത്. എന്റെ രണ്ടാം ജന്മഗൃഹമായ സ്പെഷ്യലിസ്റ്റ് ഹോസ്പിറ്റലിന്റെ ലൊക്കേഷനും രൂപഘടനയും എന്റെ മനസ്സിൽ പതിഞ്ഞതും അപ്പോൾ മാത്രമാണ്.

സ്പെഷ്യലിസ്റ്റ് ഹോസ്പിറ്റലിന്റെ എം.ഡി. ആയ ഡോ. കെ.ആർ. രാജപ്പന് ജസ്റ്റിസ് കൃഷ്ണയ്യർ എഴുതിയ ഒരു കത്ത് ഹോസ്പിറ്റലിലെ നോട്ടീസ് ബോർഡിൽ കുറച്ചു കാലത്തേക്ക് പ്രദർശിപ്പിച്ചിരുന്നു. തൊടുപുഴ ന്യൂമാൻ കോളജ് അധ്യാപകൻ ജോസഫിന്റെ അറ്റുപോയ കൈപ്പത്തി 'റീപ്ലാന്റേഷൻ' നടത്തിയതിൽ അവിടത്തെ ഡോക്ടർമാരെ അഭിനന്ദിച്ചുകൊണ്ടുള്ള ഒരു കത്തായിരുന്നു അത്.

സ്പെഷ്യലിസ്റ്റ് ഹോസ്പിറ്റലിൽ ഒരു വി ഐ പി പരിഗണനയാണ് എനിക്ക് എപ്പോഴും ലഭിച്ചിരുന്നത്. എന്റെ ചികിത്സയുടെ നേതൃത്വം വഹിച്ചിരുന്ന ഡോ. ആർ. ജയകുമാറിനെ കാണുന്നതിന് എനിക്ക് ഒരിക്കലും ഊഴം നോക്കി കാത്തിരിക്കേണ്ടി വന്നിട്ടില്ല. ഡോ. ജയകുമാർ റൗണ്ട്സിനോ മറ്റോ പോയ സമയത്താണെങ്കിൽ വി.ഐ.പി. സന്ദർശകർക്കായി ഒരുക്കിയിരുന്ന ഏസിയും ടിവിയും ഒക്കെയുള്ള മുറിയിൽ ഇരിക്കാൻ ഹോസ്പിറ്റൽ അധികൃതർ എന്നെ നിർബ്ബന്ധിക്കുമായിരുന്നു.

എന്റെ വലതുകൈ ഡോ. ജയകുമാർ നോക്കിക്കാണുന്നത് ഒരു പ്രത്യേക ചാരിതാർത്ഥ്യത്തോടെ ആയിരുന്നു. ആയിരക്കണക്കിന് ആളുകളുടെ അറ്റുപോയ അവയവങ്ങൾ വെച്ചുപിടിപ്പിച്ചിട്ടുണ്ടെങ്കിലും ഇതുപോലെ 'ഡാമേജ്' ആയ ഒരു അവയവം അദ്ദേഹം റീപ്ലാന്റ് ചെയ്തിട്ടില്ലത്രേ.' എന്റെ കൈയുടെ ഇപ്പോഴത്തെ അവസ്ഥ പ്രതീക്ഷയ്ക്കപ്പുറം മെച്ചപ്പെട്ടതാണെന്നും അദ്ദേഹം പറഞ്ഞു.

കൈപ്പത്തി വെച്ചുപിടിപ്പിച്ച ആദ്യത്തെ ശസ്ത്രക്രിയ കൂടാതെ മൂന്നു ശസ്ത്രക്രിയകൾക്കുകൂടി ഞാൻ പിന്നീട് വിധേയനായി. ആദ്യം കിടന്ന ഐസിയു.വിൽ അല്ല പിന്നീട് നടന്ന ശസ്ത്രക്രിയകൾക്കുശേഷം എന്നെ കിടത്തിയത്. അത് കൂടുതൽ രോഗികളെ കിടത്താൻമാത്രം വലിപ്പമുള്ളവയായിരുന്നു.

ആദ്യം കിടന്ന ഐസിയു. രണ്ടു രോഗികൾക്കു മാത്രമായിട്ടുള്ള ഒരു ചെറിയ മുറിയായിരുന്നു. വേദനയുടെ വേലിയേറ്റത്തിൽ ഊയലാടി ലംബമാന (vertical) ദൃഷ്ടിയോടെ പതിനൊന്നു ദിവസം ഞാൻ കിടന്ന ആ മുറി ഒന്നുകൂടി കാണണമെന്ന് എനിക്ക് ആഗ്രഹം തോന്നി. കാരണം, അവിടെ കിടന്ന ആ

നാളുകൾ ശാരീരികവേദയുടെ അതിരുകൾക്കപ്പുറം സ്വായത്തമാകുന്ന ഒരു മനശ്ശാന്തി എനിക്കു പ്രദാനം ചെയ്തിരുന്നു.

ഡോ. ജയകുമാറിനോട് എന്റെ ആഗ്രഹം അറിയിച്ചപ്പോൾ അദ്ദേഹം അതിനു സമ്മതിച്ചു. മാത്രമല്ല, എന്നെ ആ ഐസിയു. കാട്ടിത്തരാൻ ഒരു നേഴ്സിനെ അദ്ദേഹം ചുമതലപ്പെടുത്തുകയും ചെയ്തു.

അന്ന് അതിൽ രോഗികൾ ആരും ഉണ്ടായിരുന്നില്ല. ഞാൻ കിടന്നത് വലതുവശത്തെ കട്ടിലിൽ ആണ്. ഒരു പ്രത്യേക ഹൃദയവായ്പ്പോടെ ഞാൻ ആ കട്ടിലിൽ തൊട്ടു.

ഇടതുവശത്തെ കട്ടിൽ, അന്നവിടെ കിടന്നിരുന്ന മുസ്‌ലിം ബാലനെ ഓർമ്മിപ്പിച്ചു. 'മുസ്‌ലിംബാലൻ' എന്നുതന്നെ എന്റെ മനസ്സിൽ വരുന്നത് അവന്റെ ബാപ്പയും മറ്റു ബന്ധുജനങ്ങളും അവനെ കാണാൻ അവിടെ വന്നിരുന്നത് അവരുടെ സമ്പ്രദായിക വസ്ത്രങ്ങളിലായിരുന്നതുകൊണ്ടാണ്.

തോലുരിഞ്ഞ് വ്രണമായി മാറിയ അവന്റെ കണങ്കാൽ ഒരു സങ്കടമായി എന്റെ മനസ്സിൽ തെളിഞ്ഞു.

കൈകൾക്കും കാലിനും പ്ലാസ്റ്ററിടാൻ ഹോസ്പിറ്റലിൽ ചെന്ന ദിവസം കാഷ്വാലിറ്റിയിൽവെച്ച് ഞാൻ അവനെ കണ്ടു. ലോറി കയറി ചതഞ്ഞരഞ്ഞ അവന്റെ ഇടതുകാൽ അപ്പോൾ മുറിച്ചുമാറ്റിയിരുന്നു. ആ മുറിപ്പാട് ഡ്രസ് ചെയ്യാൻ അവനെ കാഷ്വാലിറ്റിയിലേക്ക് കൊണ്ടുവന്നതാണ്. മുമ്പ് ഞങ്ങൾ ഇരുവരും ഐസിയുവിൽ കിടന്നപ്പോൾ കൂടുതൽ കുഴപ്പം എനിക്കായിരുന്നുവെന്നാണ് ഞാൻ കരുതിയിരുന്നത്. കൈ ഇല്ലാതെ വന്ന ഞാൻ കൈയുമായിട്ടാണ് ആശുപത്രി വിട്ടത്. എന്നാൽ അവന്റെ കാര്യം... വിധിവൈപരീത്യമെന്നല്ലാതെ എന്തു പറയാൻ!

സ്പെഷ്യലിസ്റ്റ് ഹോസ്പിറ്റലിന്റെതന്നെ ഭാഗമായ പാലാരിവട്ടത്തുള്ള ഫിസിയോതെറാപ്പി സെന്ററിൽവെച്ച് മൂന്നുനാലുമാസത്തിനുശേഷം അവനെ ഞാൻ വീണ്ടും കണ്ടു. നടക്കാനാകാതെ വീട്ടിലിരുന്നതിനാൽ അവൻ കുറച്ചു തടിച്ചിട്ടുണ്ടായിരുന്നു. ജയ്പൂരിൽനിന്നു കൊണ്ടുവന്ന കൃത്രിമക്കാൽ ഉപയോഗിച്ച് നടപ്പ് ശീലിക്കാനാണ് അവൻ ഫിസിയോതെറാപ്പി സെന്ററിൽ വന്നത്.

മുട്ടിനു കീഴിൽ അവശേഷിച്ചിരുന്ന കണങ്കാൽഭാഗത്തു കൃത്രിമക്കാൽ കെട്ടിമുറുക്കി അവനെ നടത്താൻ ശ്രമിച്ചപ്പോൾ വേദന മൂലം അവൻ മടിച്ചുനിന്നു. കണ്ടുനിന്ന ഞാൻ അവനെ പ്രോത്സാഹിപ്പിക്കാനായി ഇപ്രകാരം പറഞ്ഞു:

''ഇങ്ങനെ നിന്നാലൊന്നും പറ്റില്ല. രണ്ടുവട്ടം നടന്നു കഴിയുമ്പോൾ വേദനയൊക്കെ മാറും. ഈ കാലുകൊണ്ടുവേണം കൂട്ടുകാരോടൊപ്പം ഓടിക്കളിക്കാൻ.''

''ഒടിക്കളിക്കാൻ മാത്രമോ?'' എന്റെ വാക്കുകൾ കേട്ട് ഫിസിയോതെറാപ്പിസ്റ്റ് മിസ്സിസ് റേച്ചൽ ചോദിച്ചു.

ഞാൻ അവരുടെ മുഖത്തേക്കു നോക്കി.

മിസ്സിസ് റേച്ചൽ അവന്റെ താടിയിൽ പിടിച്ച് ഉയർത്തിക്കൊണ്ട് അരുമയോടെ പറഞ്ഞു:

''നമുക്ക് മരത്തിലും കയറണം... അല്ലേ...''

വേദന കടിച്ചമർത്തി അവൻ വീണ്ടും ചുവടുവച്ചു...

ഐസിയുവിൽനിന്ന് മടങ്ങുമ്പോൾ ആ മുഖംതന്നെയായിരുന്നു എന്റെ മനസ്സിൽ.

കൃത്രിമക്കാലുകൊണ്ട് തന്റെ വിധിയെ അവനിപ്പോൾ ചവിട്ടിമെതിക്കുന്നുണ്ടാകും...

## III

മൂവാറ്റുപുഴ ടൗണിൽവെച്ച് കണ്ട ഒരു ചെറുപ്പക്കാരൻ സന്തോഷത്തോടെ അടുത്തേക്കു വന്നിട്ട് പറഞ്ഞു:

''സാറ് എന്നെ പഠിപ്പിച്ചിട്ടുണ്ട്.''

''എവിടെ?''

''ന്യൂമാൻ കോളജിൽ.''

''എന്താ പേര്?''

അവൻ പേരു പറഞ്ഞു. മുസ്‌ലിം സമുദായത്തിൽപ്പെട്ട അവൻ 'ചോദ്യപ്പേപ്പർ വിവാദം' ഉണ്ടാകുന്ന കാലത്ത് തൊടുപുഴ ന്യൂമാൻ കോളജിൽ ബിരുദ വിദ്യാർത്ഥി ആയിരുന്നു.

''ഇപ്പോൾ എന്തു ചെയ്യുന്നു?''

പഠിപ്പിച്ച വിദ്യാർത്ഥികളെ പിന്നീടു കാണുമ്പോൾ ചോദിക്കുന്ന പതിവുചോദ്യം ഞാൻ അവനോടും ചോദിച്ചു.

''ജോലി കിട്ടി. ജയിൽവകുപ്പിലാണ്.''

''ജയിൽവകുപ്പിലോ? അതെന്തു ജോലി?''

''വാർഡൻ.''

എന്റെ കുട്ടികളിൽ ഒരാൾ ജയിൽവാർഡൻ ആയെന്നു കേൾക്കുന്നത് നടാടേ ആണ്.

''ഇപ്പോൾ എവിടെയാണ്?'' ഞാൻ കൗതുകത്തോടെ ചോദിച്ചു.

''ഇവിടെത്തന്നെ; മൂവാറ്റുപുഴ സബ്ജയിലിൽ.''

''അതു കൊള്ളാമല്ലോ. ഞാൻ കിടന്ന ജയിലാ.''

അല്പം ആവേശത്തോടെയാണ് ഞാൻ പറഞ്ഞത്. അതിനൊരു കാരണമുണ്ടായിരുന്നു.

മൂവാറ്റുപുഴ സബ്ജയിൽ ഒന്നുകൂടി കാണണമെന്ന് ആഗ്രഹിച്ചിരിക്കുകയായിരുന്നു ഞാനപ്പോൾ. മറ്റിടങ്ങളിൽ എന്നപോലെ ജയിൽ സന്ദർശനം അത്ര എളുപ്പത്തിൽ സാധിക്കുന്ന കാര്യമല്ലെന്നറിയാമല്ലോ. എങ്കിലും ജയിൽസൂപ്രണ്ടിനെ കണ്ട് ഞാൻ കിടന്ന നാലാം നമ്പർ സെൽ ഒന്നു കാണണമെന്നു പറഞ്ഞാൽ ചിലപ്പോൾ സാധിച്ചെന്നുവരാം. കാരണം, 'നാലുപേർ അറിയുന്ന ആൾ' ആയി ഞാനും മാറിയിട്ടുണ്ടല്ലോ. കുറ്റവാളികളെ മാനസാന്തരപ്പെടുത്താൻ മതബോധകർക്കൊക്കെ അവിടെ പ്രവേശനം അനുവദിക്കാറുമുണ്ട്. അതിനാൽ എന്തെങ്കിലും ഒരു വഴി കാണാതിരിക്കില്ല എന്നൊക്കെ വിചാരിച്ചിരിക്കുമ്പോഴാണ് 'തേടിയ വള്ളി കാലിൽ ചുറ്റി'യത്.

ഞാൻ എന്റെ ആഗ്രഹം വാർഡൻ ശിഷ്യനോടു പറഞ്ഞു.

''അതിനെന്താ സാറു പോരേ....'' അവൻ സമ്മതിച്ചു.

''വരുന്നതിനുമുമ്പ് എന്നെ വിളിക്കണം.'' മൊബൈൽ നമ്പരും അവൻ എനിക്കു തന്നു.

കുറച്ചു ദിവസം കഴിഞ്ഞ് അവനെ വിളിച്ചതിനുശേഷം ജയിലു കാണാനായി ഞാൻ ചെന്നു.

പ്രവേശനകവാടത്തിലെ മണി അടിച്ചപ്പോൾ ഇരുമ്പുഗേറ്റിലെ കിളിവാതിലൂടെ എത്തിനോക്കിയ മുഖം ശിഷ്യന്റേതുതന്നെയായിരുന്നു. താക്കോൽ എടുത്തുകൊണ്ടുവന്ന് ആ കനപ്പെട്ട വാതിൽ എനിക്കായി അവൻ തുറന്നു. എന്നോടൊപ്പം സെക്യൂരിറ്റിഗാർഡായി വന്ന പോലീസുകാരൻ ജയിൽവളപ്പിനു പുറത്ത് പാർക്കുചെയ്തിരുന്ന എന്റെ കാറിൽത്തന്നെ ഇരുന്നു.

ജയിൽസൂപ്രണ്ടിന്റെ ഓഫീസിലേക്കാണ് ആദ്യമായി എന്നെകൊണ്ടു പോയത്. സൂപ്രണ്ട് അപ്പോൾ അവിടെ ഇല്ലായിരുന്നു. സീനിയറായ ഒരു വാർഡനാണ് അവിടെ ഉണ്ടായിരുന്നത്. അദ്ദേഹം എനിക്ക് ചായ വരുത്തിച്ച് തന്നു.

ഞാൻ ജയിലിൽ കിടന്ന കാലത്ത് അവിടെ ഉണ്ടായിരുന്നവരെക്കുറിച്ചൊക്കെ ഞാൻ ആരാഞ്ഞു. 'നൗ യു ആർ ഫ്രീ' എന്ന് ബഷീർ സ്റ്റൈലിൽ പറഞ്ഞ് ഈ മതിലുകൾക്കുള്ളിൽനിന്ന് എന്നെ മോചിപ്പിച്ച അന്നത്തെ സൂപ്രണ്ട് പെൻഷൻപറ്റി പിരിഞ്ഞു. വാർഡൻമാരിൽ മിക്കപേരും കണ്ണൂർ ജയിലിലേക്കും വിയ്യൂർ ജയിലിലേക്കുമൊക്കെ സ്ഥലംമാറിപ്പോയി. അന്നുണ്ടായിരുന്ന നല്ല പാചകക്കാരായ തടവുപുള്ളികളും ജയിൽ മോചിതരായിപോയത്രേ. അതിനാൽ ജയിലിലെ ഭക്ഷണം പണ്ടത്തെപ്പോലെ ഇപ്പോൾ അത്ര 'സൂപ്പർ' ആകുന്നില്ല.

ജയിലിൽ ഞാൻ പരിചയിച്ച സ്ഥലങ്ങൾ വീണ്ടും കാണാൻ വാർഡൻമാർ എന്നെ അനുവദിച്ചു. തടവുപുള്ളികൾക്ക് കുളിക്കാനായി സിമന്റുടാങ്കുകൾക്കുള്ളിൽ വെള്ളം നിറച്ചിടുന്ന സ്ഥലത്തൊക്കെ ഞാൻ ചുറ്റിക്കറങ്ങി വന്നു. പിന്നീട് ഞാൻ കിടന്ന നാലാം നമ്പർ സെല്ലിന്റെ കുറച്ച് അടുത്തുവരെ ഞാൻ ചെന്നു. അവിടെനിന്നു നോക്കുമ്പോൾ സെല്ലിന്റെ ഉള്ളിൽ ഇരുട്ടാണ്. ചില നിഴലനക്കങ്ങൾമാത്രം കാണാം. ഞാൻ വെളിച്ചത്തിൽ

നില്ക്കുന്നതിനാൽ സെല്ലിൽ ഉള്ളവർ എന്നെ കാണുന്നുണ്ടെന്നുള്ളത് തീർച്ചയാണ്. തൊട്ടടുത്തു ചെന്ന് ആ പാരതന്ത്ര്യത്തിന്റെ കാഴ്ചക്കാരനാകാൻ എന്റെ മനസ്സനുവദിച്ചില്ല.

സൂപ്രണ്ടിന്റെ മുറിയിലേക്കു തിരിച്ചു നടക്കുമ്പോൾ നാലാം നമ്പർ സെല്ലിൽ എന്നോടൊപ്പമുണ്ടായിരുന്നവരുടെ മുഖങ്ങൾ ഒരു ഗ്രൂപ്പ് ഫോട്ടോയിലെന്നപോലെ എന്റെ മനസ്സിൽ പതിഞ്ഞു നിന്നു. ജീവിതത്തിന്റെ ഏതൊക്കെ അങ്കത്തട്ടുകളിലായിരിക്കും അവരൊക്കെ ഇപ്പോൾ?

പോക്കറ്റടിക്കാരൻ ജബ്ബാർ ജയിൽമോചിതനായിപ്പോയെങ്കിലും വീണ്ടും ജയിലിലായ പത്രവാർത്ത ഞാൻ വായിച്ചിരുന്നു. മോഷണത്തിനല്ല വീണ്ടും അയാൾ ജയിലിലായത്. മകളെ പീഡിപ്പിക്കാൻ ശ്രമിച്ചു എന്നു പറഞ്ഞ് ഭാര്യ കൊടുത്ത കേസിലാണ്. പന്ത്രണ്ടുവയസ്സു മാത്രം പ്രായമുള്ള പാട്ടുകാരിയായ ആ മകളെക്കൊണ്ട് പാടിച്ച് ആൽബം ഉണ്ടാക്കാനായിരുന്നു ഞാൻ അന്നെഴുതിയ 'ജയിലിലെ പാട്ട്' എന്നിൽ നിന്നുതന്നെ അയാൾ മോഷ്ടിച്ചെടുത്തത്.

മൂവാറ്റുപുഴ സബ്ജയിലിലേക്ക് കൊണ്ടുവന്ന ജബ്ബാറിനെ പിന്നീട് വിയ്യൂർ ജയിലിലേക്ക് മാറ്റിയെന്ന് സീനിയർ വാർഡൻ എന്നോടു പറഞ്ഞു. ഭാര്യയായി കൂടെ താമസിച്ചിരുന്നവൾ ജബ്ബാറിനെ ഒഴിവാക്കുന്നതിനായിക്കൊടുത്ത ഒരു കള്ളക്കേസാകാൻ സാധ്യതയുണ്ടെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

അന്ന് നാലാം നമ്പർ സെല്ലിൽ എന്നോടൊപ്പം ഉണ്ടായിരുന്നവരിൽ ഒരാളെ മാത്രം പിന്നീട് ഞാൻ നേരിട്ടു കണ്ടു. 'പരീതിക്ക' എന്ന് ഞങ്ങളൊക്കെ വിളിച്ചിരുന്ന ആൾ ഒരിക്കൽ എന്റെ വീടന്വേഷിച്ചുവന്നു. എന്റെ നേർക്ക് ആക്രമണം ഉണ്ടായിട്ട് അപ്പോൾ എട്ടൊൻപത് മാസം കഴിഞ്ഞിരുന്നു. പോലീസുകാർ അയാളെ വീടിന്റെ ഗേറ്റിൽവെച്ചു തടഞ്ഞു. 'സാറിന് എന്നെ അറിയാം' എന്നു പറഞ്ഞതല്ലാതെ 'ഐഡന്റിറ്റി' വെളിപ്പെടുത്താൻ അയാൾ തയ്യാറാകാതിരുന്നതാണ് കാരണം. എന്നെ കാണണമെന്ന് ശാഠ്യം പിടിച്ചതിനാൽ പോലീസുകാർ എന്നെ വിളിച്ചു. പോലീസുകാരുടെ സമീപം നിൽക്കുന്നത് ഏതോ പിച്ചക്കാരനാണെന്നാണ് എനിക്ക് ആദ്യം തോന്നിയത്. എന്റെ മുഖത്ത് പരിചയഭാവമൊന്നും കാണാഞ്ഞിട്ടാവും അയാൾ പരിചയപ്പെടുത്താൻ തുനിഞ്ഞു.

''നമ്മളൊരുമിച്ച്...'' ബാക്കി പറയാൻ അയാൾ മടിച്ചു. പറഞ്ഞില്ലെങ്കിലും എനിക്കപ്പോൾ ആളിനെ മനസ്സിലായി. അറിയാവുന്ന ആളാണെന്നു പറഞ്ഞപ്പോൾ പോലീസുകാർ അയാളെ വീടിനുള്ളിലേക്ക് കടക്കാൻ അനുവദിച്ചു.

ഡ്രോയിങ്റൂമിലെ സെറ്റിയിൽ അയാളെ ഇരുത്തി അഭിമുഖമായി ഞാനും ഇരുന്നു. അപ്പോഴൊക്കെ ഞങ്ങൾ പരസ്പരം നോക്കിക്കാണുകയായിരുന്നു.

അരോഗദൃഢഗാത്രനെന്നു തോന്നിച്ചിരുന്ന പരീതിക്ക ഇപ്പോൾ അങ്ങനെയല്ല. കാഴ്ചയിൽതന്നെ അവശൻ. ഒരു കൊല്ലത്തിനിടയിൽ പത്തുവയസ്സെങ്കിലും കൂടിയിട്ടുണ്ട്. 'മുഷിഞ്ഞ വേഷം'. ഇടത്തേകൈത്തണ്ടയിൽ മരുന്നു കയറ്റാനായി കുത്തിയ സൂചി (ഐ വി ക്യാനുല) ഊരിയെടുക്കാതെ ഒട്ടിച്ചുവെച്ചിരിക്കുന്നു.

''സാറിന് ഇപ്പോ എങ്ങനെയുണ്ട്? നടക്കാനൊക്കെ പറ്റ്വോ?'' എന്നെ അടിമുടി നോക്കിക്കൊണ്ട് പരീതിക്ക ചോദിച്ചു.

''ഞാൻ നടക്കുന്നതൊന്നും കണ്ടില്ലേ?''

പുഞ്ചിരിയോടെ ഞാൻ പറഞ്ഞു.

''കൈകൾക്കിപ്പോ...'' പരീതിക്ക പൂർത്തീകരിച്ചില്ല. ഞാൻ ഉത്സാഹത്തോടെ ഇരുകൈകളും ആവുന്നത്ര ചലിപ്പിച്ചു കാണിച്ചു.

അപ്പോൾ അയാളുടെ കണ്ണു നിറഞ്ഞു.

''സാറു സൂക്ഷിക്കണമെന്ന് ഞാൻ അന്നു പറഞ്ഞതല്ലായിരുന്നോ...'' ചെറിയൊരു വിതുമ്പലോടെയാണ് അയാളതു പറഞ്ഞത്.

ഞാൻ ഒന്നു പുഞ്ചിരിക്കാൻ ശ്രമിച്ചു.

''ഇനി പരീതിക്കയുടെ വിശേഷങ്ങൾ പറ.'' ഞാൻ വിഷയം മാറ്റി.

ഇക്ക തന്റെ വിശേഷത്തിലേക്ക് കടന്നു.

കോൺഗ്രസ്പാർട്ടിയുടെ ഒരു പ്രാദേശിക നേതാവിനെ മദ്യലഹരിയിൽ കൈയേറ്റം ചെയ്തതിനാണ് കേസെടുത്ത് പരീതിക്കയെ റിമാൻഡ് ചെയ്തത്. വാദിഭാഗം വക്കീൽ പരാതിയില്ലെന്ന് കോടതിയെ അറിയിച്ചതിനാൽ അടുത്ത അവധിക്ക് ജയിൽമോചിതനായി. പിന്നീട് പല ജോലികളും ചെയ്ത് ജീവിക്കുന്നതിനിടയിൽ പ്ലാവിൽനിന്നു വീണ് ഇടുപ്പെല്ലിനു പൊട്ടലുണ്ടായി. കുറേക്കാലം കോട്ടയം മെഡിക്കൽ കോളജിൽ ചികിത്സയിലായിരുന്നു.

ഒരാഴ്ച മുമ്പാണ് മൂവാറ്റുപുഴയിലുള്ള ഒരു ഹോട്ടലിൽ പണിക്കായി വന്നുചേർന്നത്. രണ്ടു ദിവസം കഴിഞ്ഞപ്പോൾ കലശലായ നെഞ്ചുവേദന ഉണ്ടായതിനെത്തുടർന്ന് മൂവാറ്റുപുഴ താലൂക്ക് ആശുപത്രിയിൽ പരീതിക്കയെ അഡ്മിറ്റാക്കി. ഗവൺമെന്റ് ആശുപത്രി ആയതിനാലും രോഗിയുമായി രണ്ടു നാളത്തെ തൊഴിൽബന്ധം മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നതിനാലും പിന്നീട് ഹോട്ടലുടമ ആ വഴിക്കൊന്നും ചെന്നില്ല. നല്ല കടുപ്പത്തിലുള്ള ചായയൊക്കെ കുടിച്ച് ശീലിച്ചുപോന്ന പരീതിക്കയ്ക്ക് ആശുപത്രിയിലെ സൗജന്യഭക്ഷണംകൊണ്ട് തൃപ്തിപ്പെടാൻ സാധിച്ചില്ല. അതിനാൽ കൈയിൽ കാശില്ലെങ്കിലും ആശുപത്രിപരിസരത്തുള്ള ഹോട്ടലിൽനിന്ന് ചായ കുടിക്കുകയും ആ വകയിൽ എൺപതു രൂപ അവിടെ കടക്കാരനാകുകയും ചെയ്തു. മാത്രമല്ല, വിദഗ്ധചികിത്സയ്ക്ക് കോട്ടയം മെഡിക്കൽ കോളജിലേക്കു പോകാൻ ഡോക്ടർമാർ നിർദ്ദേശിക്കുകയും ചെയ്തിരിക്കുകയാണ്.

ആലപ്പുഴ സ്വദേശിയായ പരീതിക്കയുടെ മക്കൾ അവിടങ്ങളിലാണ് താമസം. അതിനാൽ ആലപ്പുഴ മെഡിക്കൽ കോളജിൽ പോകാനാണ് പരീതിക്ക

താത്പര്യപ്പെടുന്നത്.

ചുരുക്കത്തിൽ, എൺപതു രൂപ ഹോട്ടലിലെ പറ്റു തീർക്കാൻ വേണം, ആലപ്പുഴവരെ ചെല്ലാനുള്ള വണ്ടിക്കൂലിയും വഴിച്ചെലവും വേണം. അതിനുള്ള കാശ് എങ്ങനെ ഒപ്പിക്കും എന്നാലോചിച്ചപ്പോഴാണ് പഴയ ഈ റൂംമേറ്റിനെ ഓർമ്മ വന്നത്.

ഈ കാര്യങ്ങളൊക്കെ സത്യമായിരിക്കുമോ? ഞാൻ ആലോചിച്ചു. സത്യമാണെങ്കിൽ എന്നെ കണ്ടതിനുശേഷം ഇക്കയ്ക്ക് വേറാരോടും ചോദിക്കാൻ ഇടവരരുത്. ഈ പറഞ്ഞ രോഗമൊന്നും ഇക്കയ്ക്ക് ഇല്ലെങ്കിലോ? ഞാൻ കൊടുക്കുന്ന പണംകൊണ്ട് മദ്യപിക്കുകയോ എന്തുവേണമെങ്കിലുമോ ചെയ്തുകൊള്ളട്ടെ. അയാൾ ഒരു രോഗി അല്ലാതിരിക്കുന്നതാണല്ലോ എനിക്കു കൂടുതൽ സന്തോഷം.

നാന്നൂറുരൂപ കൊടുത്തിട്ട് ‘‘അതു മതിയോ?’’ എന്നു ഞാൻ ചോദിച്ചു. ആവശ്യമുള്ളതിന്റെ ഇരട്ടിയുണ്ടെന്ന് ഇക്ക മറുപടി പറഞ്ഞു.

‘‘ഒത്താൽ എവിടെവെച്ചെങ്കിലും ഇനിയും കാണാം.’’ പരീതിക്ക യാത്ര പറഞ്ഞു.

ജയിലിലെ എന്റെ ആദ്യരാത്രിയെക്കുറിച്ചാണ് അപ്പോൾ ഞാൻ ഓർത്തുകൊണ്ടിരുന്നത്. ജയിൽപ്പുള്ളികൾക്ക് കിട്ടേണ്ട ‘കിടക്കപ്പായ’ ജയിലധികൃതർ എനിക്കു തന്നില്ല. ബന്ധുജനങ്ങൾ വന്ന് കൈക്കൂലി കൊടുക്കാതിരുന്നതാണ് കാരണം. വെറും സിമന്റുതറയിൽ കിടക്കേണ്ടിയിരുന്ന എന്നെ തന്റെ പായയുടെ പകുതി ഭാഗത്ത് ഒരു ഷീറ്റുകൂടി വിരിച്ച് കിടത്തിയത് ഈ മനുഷ്യനാണ്.

അയാൾ പോകുന്നതും നോക്കി അല്പസമയം ഞാൻ നിന്നു. ദീനതയോടെ അയാൾ നടന്നുനീങ്ങിയത് സൗഹൃദത്തിന്റെ നൊമ്പരങ്ങൾ ഉണർന്ന എന്റെ മനസ്സിലൂടെയാണ്.

മടങ്ങുമ്പോൾ ജയിലിന്റെ പുറംഗേറ്റ്വരെ വാർഡനായ ശിഷ്യൻ എന്നെ അനുഗമിച്ചു. ഗേറ്റിനടുത്തെത്തിയപ്പോൾ അവനോട് ഞാൻ ചോദിച്ചു.

‘‘ഞാൻ ഇവിടെ തടവുപുള്ളിയായിരുന്ന കാലത്ത് നീ ഇവിടെ വാർഡനായിരുന്നുവെങ്കിൽ നിന്റെ സമീപനം എന്താകുമായിരുന്നു?’’

‘‘എനിക്ക് ആവുന്നതുപോലെ സാറിനു വേണ്ട സൗകര്യങ്ങളൊക്കെ ഏർപ്പാടാക്കും. പക്ഷേ, സാറിന്റെ ശിഷ്യനാണെന്നു പറയാനോ പരിചയം പുതുക്കാനോ വരില്ലായിരുന്നു.’’

പെട്ടെന്നാണ് അവൻ ഉത്തരം പറഞ്ഞത്. എനിക്കത് നന്നേ ബോധിക്കുകയും ചെയ്തു. അവനോടു നന്ദി പറഞ്ഞ ഞാൻ വീണ്ടും മതിലുകൾക്ക് പുറത്തായി.

## IV

മകൾ ആമിയുമൊത്ത് ഒരിക്കൽ തൊടുപുഴ പോലീസ് സ്റ്റേഷനിൽ ഞാൻ പോയി. അവളുടെ പാസ്പോർട്ട് അപേക്ഷയിന്മേലുള്ള പോലീസ് വെരിഫിക്കേഷൻ നടപടിയുടെ ഭാഗമായിട്ടായിരുന്നു അത്. തൊടുപുഴ പോലീസ് സ്റ്റേഷന്റെ അധികാരപരിധിയിൽ വരുന്ന മുതലക്കോടം എന്ന സ്ഥലത്തുള്ള നേഴ്സിങ് കോളജിൽ പഠിക്കുകയായിരുന്നു അവളപ്പോൾ.

വെരിഫിക്കേഷൻ നടത്തുന്നതിന് അധികാരപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻ പറഞ്ഞതനുസരിച്ച് രാത്രി എട്ടുമണിയോടെയാണ് മകളെയും കൂട്ടി ഞാൻ പോലീസ് സ്റ്റേഷനിൽ എത്തിയത്. തൊട്ടടുത്ത ദിവസങ്ങളിൽ ആ പോലീസ് ഉദ്യോഗസ്ഥന് അസൗകര്യങ്ങൾ ഉള്ളതിനാൽ കാലതാമസം ഒഴിവാക്കാൻവേണ്ടിയാണ് വൈകിയാണെങ്കിലും അന്നുതന്നെ എത്താൻ അദ്ദേഹം നിർദ്ദേശിച്ചത്.

മുമ്പ് ഒരിക്കൽ മാത്രമേ തൊടുപുഴ പോലീസ് സ്റ്റേഷനിൽ ഞാൻ പോയിട്ടുള്ളു. പോയി എന്നു പറയുന്നത് അത്ര ശരിയല്ല. ഇടുക്കിയിൽ വെച്ച് കീഴടങ്ങിയ എന്നെ വിലങ്ങൊക്കെ അണിയിച്ച് പോലീസ് ബഹുമതികളോടെ അവിടേക്ക് കൊണ്ടുവരികയായിരുന്നു. കൊണ്ടുവന്നതും കൊണ്ടുപോയതും വലിയ ആഘോഷമായിരുന്നതിനാൽ പോലീസ് സ്റ്റേഷനിലേക്കുള്ള വഴിയൊന്നും നോക്കിവെക്കാൻ അന്നെനിക്ക് തരപ്പെട്ടില്ല. ഇപ്പോൾ സെക്യൂരിറ്റി ഗാർഡായി എന്നോടൊപ്പമുള്ള പോലീസുകാരന് അറിയാമായിരുന്നതുകൊണ്ട് തൊടുപുഴ പോലീസ് സ്റ്റേഷനിലേക്കുള്ള വഴി മറ്റാരോടും ചോദിക്കേണ്ടിവന്നില്ല.

ഞങ്ങൾ കാണേണ്ടിയിരുന്ന ഉദ്യോഗസ്ഥൻ കാത്തിരിക്കുന്നുണ്ടായിരുന്നു. വെരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചതിനുശേഷം അദ്ദേഹത്തിന്റെ അനുമതിയോടെ പോലീസ് സ്റ്റേഷൻ സെറ്റപ്പുകളൊക്കെ ഞാൻ ആമിക്ക് കാണിച്ചുകൊടുത്തു. സാധാരണ സ്ത്രീകളും പെൺകുട്ടികളും സിനിമയിലൊക്കെയല്ലേ പോലീസ് സ്റ്റേഷൻ കണ്ടു പരിചയിച്ചിട്ടുള്ളൂ.

എന്താണ് ഒരു പോലീസ് സ്റ്റേഷനിൽ സവിശേഷമായി ഉള്ളത്. ലോക്കപ്പ്. അതാണല്ലോ രാജ്യസമാധാനപാലനകേന്ദ്ര (പോലീസ് സ്റ്റേഷൻ)ത്തിന്റെ അവിഭാജ്യഘടകം.

ഒരു ഒറിജിനൽ ലോക്കപ്പ് ആമി ആദ്യമായി കാണുകയാണ്. അതും അവളുടെ അച്ഛൻ കിടന്നിട്ടുള്ള ലോക്കപ്പ്. അക്കാര്യം ഞാൻ അവളെ ഓർമ്മിപ്പിച്ചു. കൗതുകമല്ലാതെ അവളുടെ മുഖത്ത് ഭാവമാറ്റമൊന്നും ഞാൻ കണ്ടില്ല.

ഞാൻ ലോക്കപ്പിന്റെ ഉള്ളിലേക്ക് നോക്കി. അടുത്ത കാലത്തൊന്നും അവിടെ ആർക്കും അഡ്മിഷൻ കിട്ടിയ ലക്ഷണമില്ല. പൊടി വീണും മാറാല പിടിച്ചും ആകപ്പാടെ വൃത്തിഹീനമായിരിക്കുന്നു. എനിക്ക് സങ്കടം വന്നു. അവിടം വൃത്തിയായി കാണപ്പെടാൻ ഞാൻ ആഗ്രഹിച്ചു. കാരണം, ആ ലോക്കപ്പ്മുറി എനിക്കു സ്മാരകഗൃഹമാണല്ലോ.

പോലീസുകാർ ഭക്ഷണം കഴിക്കാനും സൊറ പറഞ്ഞിരിക്കാനും ഉപയോഗിക്കുന്ന വലിയ മേശ ലോക്കപ്പ്മുറിയുടെ മുന്നിലായി ഇപ്പോഴുമുണ്ട്. സന്ധ്യാസമയമായതിനാലാവാം അവിടം ഇപ്പോൾ ശൂന്യമാണ്.

ചെറിയൊരു ഗൃഹാതുരതയോടെ മകളോടൊപ്പം അവിടെ ചുറ്റി നടക്കേ, പെട്ടെന്ന് എന്റെയുള്ളിൽ ഒരു കറുത്ത കൊള്ളിയാൻ മിന്നി. ഈ ലോക്കപ്പ് മുറിയുടെ ഇരുമ്പഴികളിൽ ചാരി തളർന്നു നില്ക്കുന്ന മകൻ മിഥുന്റെ രൂപം അതോടെ മനസ്സിൽ തെളിഞ്ഞു.

തന്തയെ കിട്ടാത്തതിനാൽ മകനെ പിടിച്ചുകൊണ്ടു വന്നിരിക്കയാണ്. ഒന്ന് ഇരിക്കാൻപോലും സമ്മതിക്കാതെ സമാധാനപാലകർ അവനെ ചോദ്യം ചെയ്യുന്നു; ഭേദ്യം ചെയ്യുന്നു.

ഓർമ്മകൾക്കൊപ്പം എന്റെ ശ്വാസഗതിയും വേഗത്തിലായി.

ലോക്കപ്പ്മുറിയുടെ മുന്നിലെ സ്റ്റൂളിൽ ഇരുന്ന് അവന്റെ കണ്ണിൽ രാത്രികൾ വിളറിവെളുത്തത് ഇവിടെവെച്ചാണ്.

മുകൾനിലയിലുള്ള ഡിവൈഎസ്പി ഓഫീസിന്റെ കോണിപ്പടികളിലൂടെ സമാധാനപാലകരാൽ പലതവണ അവൻ വലിച്ചിഴയ്ക്കപ്പെട്ടത് ഇവിടെവെച്ചാണ്.

അവന്റെ ഉടുവസ്ത്രങ്ങൾ അഴിച്ചുമാറ്റപ്പെട്ടത് ഇവിടെവെച്ചാണ്...

ആജാനുബാഹുവായ ഒരു സമാധാനപാലകൻ തന്റെ ബലിഷ്ഠകരങ്ങൾ അവന്റെ കഴുത്തിൽ മുറുക്കി മേല്പോട്ടുയർത്തിയപ്പോൾ കാലുകൾ തറയിൽനിന്നു പതിഞ്ഞ് ശ്വാസം കിട്ടാതെ അവൻ പിടഞ്ഞത് ഇവിടെവെച്ചാണ്....

തറയിൽ കാലുകൾ നീട്ടി ഇരുത്തപ്പെട്ട അവന്റെ ഉള്ളംകാലിൽ ചൂരൽകൊണ്ട് പല ആവൃത്തി അടിയേറ്റത് ഇവിടെവെച്ചാണ്...

ആസനസ്ഥനായ ഒരു സമാധാനപാലകൻ തന്റെ മുമ്പിൽ അവനെ മുട്ടിന്മേൽ നിർത്തി, അവന്റെ തല അയാളുടെ കാൽമുട്ടുകൾക്കിടയിൽ അമർത്തിവെച്ച്, അയാളുടെ കൈമുട്ടുകൊണ്ടുള്ള ഇടി അവന്റെ നട്ടെല്ലിനേറ്റതും ഇവിടെവെച്ചാണ്...

കണ്ണിൽ ഊറിക്കൂടിയ രക്തത്തുള്ളികൾ അടർന്നു പതിക്കുംമുമ്പേ മകളെയുംകൂട്ടി ഞാൻ ആ സമാധാനപാലനകേന്ദ്രത്തിന്റെ പടികളിറങ്ങി.

# നർമ്മപർവ്വം

ഒരിക്കൽ ഇടുക്കി ചെറുതോണിയിൽനിന്ന് തൊടുപുഴയ്ക്കു പോകുന്ന ഒരു പ്രൈവറ്റ് ബസ്സിൽ ഞാൻ കയറി. ബസ്സിൽ പിൻസീറ്റിന്റെ തൊട്ടുമുമ്പിൽ വലതുവശത്തുള്ള ഡബിൾ സീറ്റിന്റെ വലതുഭാഗമാണ് എനിക്ക് ഇരിക്കാൻ കിട്ടിയത്.

എന്റെ വിവാഹനിശ്ചയം കഴിഞ്ഞകാലമായിരുന്നു അത്. വിവാഹവുമായി ബന്ധപ്പെട്ട പല ആവശ്യങ്ങൾക്കും അന്ന് തൊടുപുഴയിൽ തന്നെ വരണമായിരുന്നു. മുരിക്കാശ്ശേരിയിൽ താമസിക്കുന്ന ഞങ്ങൾക്ക് കരിമ്പൻ എന്ന സ്ഥലംവരെ പത്തുകിലോമീറ്റർ ജീപ്പിലും പിന്നീട് ഏഴുകിലോമീറ്റർ ബസ്സിലും യാത്രചെയ്ത് ചെറുതോണിയിൽ എത്തിയിട്ടുവേണമായിരുന്നു തൊടുപുഴയ്ക്കു പോകാൻ.

വിവാഹത്തിന്റെ ഒരുക്കങ്ങളായി ധാരാളം കാര്യങ്ങൾ ചെയ്യാനുണ്ടല്ലോ. വീടിന്റെ അറ്റകുറ്റപ്പണികൾ നടത്തുക, വെള്ളപൂശുക, ക്ഷണക്കത്ത് അച്ചടിപ്പിക്കുക, ആളുകളെ ക്ഷണിക്കുക തുടങ്ങിയ ജോലികൾ ഞാൻ തന്നെ മുൻകൈ എടുത്ത് ചെയ്യേണ്ടിവന്നു. അപ്പന് വയ്യാതായിരുന്നതിനാൽ കാര്യമായ സഹായമൊന്നും ഉണ്ടായില്ല. പോണ്ടിച്ചേരിയിൽ ജോലിചെയ്തിരുന്ന അനുജന് വിവാഹത്തിന്റെ തൊട്ടുമുമ്പുള്ള ദിവസമാണ് വീട്ടിലെത്താൻ കഴിഞ്ഞത്. അയൽക്കാരനായ റെജി എന്ന പയ്യനാണ് ആദിമധ്യാന്തം അന്ന് എനിക്ക് സഹായത്തിനുണ്ടായിരുന്നത്.

തൊടുപുഴയിൽ പ്രിന്റുചെയ്യാൻ കൊടുത്തിരിക്കുന്ന ക്ഷണക്കത്ത് വാങ്ങിക്കണം, ഞാൻ ജനിച്ചു വളർന്ന വാര്യാനിക്കാട് പ്രദേശത്തുള്ള അയൽക്കാരെയും സുഹൃത്തുക്കളെയും ബന്ധുജനങ്ങളെയും വിവാഹത്തിന് ക്ഷണിക്കണം എന്നിങ്ങനെ വിവിധോദ്ദേശ്യങ്ങളുമായി രണ്ടു മൂന്നു ദിവസം നീണ്ടുനില്ക്കുന്ന ഒരു യാത്രയ്ക്കാണ് പുറപ്പെട്ടിരിക്കുന്നത്. പല പല തിരക്കുകളാൽ ഉച്ചകഴിഞ്ഞാണ് വീട്ടിൽനിന്ന് ഇറങ്ങാൻ സാധിച്ചത്.

ചെറുതോണിയിൽ എത്തിയപ്പോൾ മൂന്നുമണിയായി. തൊടുപുഴയിൽ എത്താൻ രണ്ടുമണിക്കൂറിൽ കൂടുതൽ സമയമെടുക്കും. തലേന്നു രാത്രിയിൽ അധികസമയം ഉറങ്ങാൻ പറ്റാത്തതിനാൽ നല്ല ഉറക്കക്ഷീണമുണ്ട്. അതിനാൽ ബസ്സിൽ ടിക്കറ്റ് എടുത്ത ഉടനെ മുൻസീറ്റിലെ കമ്പിയിൽ കൈകൾ മടക്കിവെച്ച് അതിൽ നെറ്റിചേർത്ത് ഞാൻ ഉറക്കമാരംഭിച്ചു.

ബസ് പുറപ്പെട്ട് അധികസമയം കഴിഞ്ഞുകാണില്ല; ഒരു ബഹളം കേട്ടുകൊണ്ടാണ് ഞാൻ കണ്ണു തുറന്നത്. എഴുപതുവയസ്സു തോന്നിക്കുന്ന, ചട്ടയും മുണ്ടും ധരിച്ച ഒരു ചേടത്തി ബസ്സിന്റെ മുൻഭാഗത്തുനിന്ന് സീറ്റുകളുടെ

ഇടയിലൂടെ ആടി ഉലഞ്ഞ് വലിയ വിമ്മിട്ടത്തോടെ ഞാനിരിക്കുന്ന ഭാഗത്തേക്കു വരുന്നതാണ് അപ്പോൾ കാണുന്നത്. ഛർദ്ദിക്കാൻ മുട്ടിയ അവരെ ബസ് കണ്ടക്ടറാണ് പിൻഭാഗത്തേക്ക് പറഞ്ഞയച്ചത്. അവർ അടുത്തെത്തും മുമ്പുതന്നെ എന്റെ ഇടതുവശത്തിരുന്ന ആൾ എണീറ്റുമാറി. ആ ഒഴിവിലേക്ക് കടന്നപ്പോഴേക്കും ചേടത്തിയുടെ നിയന്ത്രണം പോയി. കാര്യങ്ങളൊക്കെ മനസ്സിലാക്കി ഞാൻ എഴുന്നേല്ക്കുന്നതിനുമുമ്പേ ഉച്ചയ്ക്കു കഴിച്ച ചോറും കറികളും വെള്ളവും ഒപ്പം മറ്റു ചില ചേരുവകളോടെ അവർ എന്റെ തോളിലേക്ക് കക്കിയിട്ടു. ഷർട്ടിലൂടെ പാന്റുവരെ നല്ല ഭാരം അനുഭവപ്പെടുമാറ് അത് ഒലിച്ചിറങ്ങി. എന്റെ ചെവിയിലും മുടിയിലും മുഖത്തും തരികൾ തെറിച്ചു വീണിരുന്നു.

ഞാൻ ഇടതുവശത്തേക്ക് നിരങ്ങിയിട്ട് അവരെ വലതുവശത്ത് ഇരുത്തി. ബസ്സിനു പുറത്തേക്ക് തലയിട്ട് അവർ ഓക്കാനിച്ചെങ്കിലും ഛർദ്ദിക്കാൻ അവരുടെ വയറ്റിൽ യാതൊന്നും അവശേഷിച്ചിരുന്നില്ല.

ആരെങ്കിലും ഛർദ്ദിക്കുന്നതു കണ്ടാൽ ഓക്കാനം വരുന്ന പ്രകൃതമായിരുന്നു എന്റേത്. എങ്കിലും എന്റെ മനസ്സിനെ ഞാൻ താഴിട്ടു പൂട്ടി. എന്റെ തോളിൽ ഒരു മുല്ലപ്പൂമാലയാണ് വീണുകിടക്കുന്നതെന്ന മട്ടിൽ അക്ഷോഭ്യനായി ഞാൻ അവിടെത്തന്നെ ഇരുന്നു. വാ തുറന്നാൽ മുഖത്തു തെറിച്ചുവീണ തരികൾ ഉള്ളിൽ കടക്കുമോയെന്ന് ഞാൻ ശങ്കിച്ചു. എങ്കിലും പശ്ചാത്താപവിവശയായി എന്റെ വലതുവശത്തിരിക്കുന്ന 'അന്നദാതാവിനോട്' 'എവിടെയാണ് വീട്?' എന്നൊക്കെ ഞാൻ കുശലം ചോദിച്ചു.

ബസ് കാട്ടിലൂടെയാണ് അപ്പോൾ സഞ്ചരിച്ചുകൊണ്ടിരുന്നത്. മീൻമുട്ടി എന്ന സ്ഥലം കഴിഞ്ഞ് ഉറവയുള്ള ഒരു പാറക്കുഴിയുടെ സമീപം ബസ് നിർത്തി. ബസ്സിലെ ക്ലീനർ ബസ്സിൽ സൂക്ഷിച്ചിരുന്ന ഒരു ഇരുമ്പുബക്കറ്റ് എടുത്തുവന്ന് ഷർട്ടൂരി കഴുകാൻവേണ്ടി എന്നെ വിളിച്ചു.

നിർത്തിയിട്ട ബസ്സിന്റെ അല്പം പുറകോട്ടു മാറിയായിരുന്നു ആ വെള്ളക്കുഴി. ക്ലീനർ കോരിത്തരുന്ന ബക്കറ്റിലെ വെള്ളത്തിൽ, ഊരിയെടുത്ത ഷർട്ട് പലതവണ ഞാൻ അലമ്പിയെടുത്തു. പിഴിഞ്ഞെടുത്ത ഷർട്ട് ബസ്സിന്റെ ബോണറ്റിൽ വിരിച്ച് ഉണക്കാമെന്ന് ക്ലീനർ പറഞ്ഞു. മറുപടി പറയാതെ ഷർട്ട് ക്ലീനറുടെ കൈയിൽ കൊടുത്ത് പാന്റ്സും കൂടി ഊരി ഞാൻ വെള്ളത്തിൽ മുക്കി. ജെട്ടിമാത്രം ധരിച്ച് എന്നെ എങ്ങനെ ബസ്സിൽ കൊണ്ടുപോകുമെന്ന് ആശങ്കപ്പെട്ട ക്ലീനർ മിണ്ടാട്ടം മുട്ടി നിന്നു. പിഴിഞ്ഞെടുത്ത പാന്റ്സും ഞാൻ ക്ലീനറുടെ കൈയിൽ കൊടുത്തു. നാലഞ്ചു ബക്കറ്റ് വെള്ളം കോരി ഒരുവിധം നന്നായി ഞാൻ കുളിച്ചു. എന്നിട്ട് ഇതികർത്തവ്യതാവിമൂഢനായിനിന്ന ക്ലീനറോട് ഇപ്രകാരം പറഞ്ഞു.

''ഞാൻ ഇരുന്ന സീറ്റിന്റെ മുകളിലുള്ള കാര്യറിൽ ഒരു ബ്രീഫ്കേയ്സ് ഇരിപ്പുണ്ട്. അത് എടുത്തുകൊണ്ടു വരാമോ?''

അപ്പോഴാണ് ക്ലീനറുടെ ശ്വാസം നേരേ ആയത്. അയാൾ ഉത്സാഹത്തോടെ ബ്രീഫ്കേയ്സ് എടുത്തുകൊണ്ടുവന്നു. അതു തുറപ്പിച്ച് ഒരു തോർത്തെടുത്ത് തലയും ദേഹവും ഞാൻ തുവർത്തി. കരുതിവെച്ചിരുന്ന പാന്റ്സും ഷർട്ടും ധരിച്ചു. നനഞ്ഞ വസ്ത്രങ്ങൾ ഒരു പ്ലാസ്റ്റിക് കൂട്ടിലാക്കി ബ്രീഫ്കേയ്സിൽ നിക്ഷേപിച്ചു. അങ്ങനെ 'കുളിച്ച് കുട്ടപ്പനായി' ബസ്സിനുള്ളിലേക്ക് കടന്ന എനിക്ക് ഒതുങ്ങിയിരുന്ന് തങ്ങളുടെ സീറ്റിന്റെ പാതി തരാൻ പലരും ഉത്സുകരായി. ഛർദ്ദിൽകൊണ്ട് അഭിഷിക്തനായ എന്റെ പ്രതികരണം അവർക്ക് അത്ര കണ്ട് ബോധിച്ചു കാണണം.

ഞാൻ ക്ഷമാശീലനോ ശാന്തശീലനോ ആയതുകൊണ്ടല്ല അന്ന് അത്തരത്തിൽ വർത്തിച്ചത്. അനിഷ്ടങ്ങളുടെ മുമ്പിൽ പലപ്പോഴും തീവ്രമായി പ്രതികരിക്കുന്ന ആളാണ് ഞാൻ. എന്നാൽ ബസ്സിലെ അനുഭവത്തിൽ എനിക്ക് 'വേണ്ടപോലെ' പെരുമാറാൻ കഴിഞ്ഞത് എന്നിലുള്ള 'സെൻസ് ഓഫ് ഹ്യൂമർ' കൊണ്ടാണ്. സംഭവിക്കാനുള്ളത് സംഭവിച്ചു കഴിഞ്ഞപ്പോൾ എന്റെ ചിന്തപോയത് ഇങ്ങനെയാണ്. ഈ ബസ്സിൽ ഇത്രയും പേരുണ്ടായിട്ട് എനിക്കുതന്നെയാണല്ലോ ഈ 'നറുക്ക്' വീണത്. ബസ്യാത്രയ്ക്കിടയിൽ ഉറങ്ങി 'വിവാഹപൂർവ്വമധുരസ്വപ്നം' കാണാൻ കൊതിച്ച എനിക്ക് ഇതുതന്നെ വരണം. ഉള്ളിലൂറിയ ആ നർമ്മമാണ് എന്നെ പരിഭവമുക്തനാക്കിയത്. പിന്നീടുള്ള എന്റെ നടപടികളെല്ലാം സ്വയം രസിച്ചുകൊണ്ടായിരുന്നു.

നർമ്മപ്രഭാവത്താൽ 'വീണിടം വിദ്യയാക്കുന്ന' ഇത്തരം അനുഭവങ്ങൾ ധാരാളമുണ്ട്. വിസ്താരഭയത്താൽ അവയൊന്നും വിവരിക്കുന്നില്ല.

എന്റെ അപ്പനും ഒരു വിധം നർമ്മബോധമുണ്ടായിരുന്നു. അപ്പന്റെ തമാശകൾ കേട്ടാണ് ഞാൻ വളർന്നത്. അമ്മയുടെ തമാശകൾ ഞാൻ കേൾക്കുന്നത് അമ്മയ്ക്ക് എൺപത്തിയെട്ടുവയസ്സ് കഴിഞ്ഞതിനുശേഷമാണ്. അതിനുമുമ്പ് അമ്മയ്ക്ക് നർമ്മബോധം ഉണ്ടായിരുന്നുവോ?... അറിഞ്ഞുകൂടാ.

എന്നിൽ നർമ്മം ഏറ്റവും കൂടുതൽ വിളഞ്ഞത് ഞാൻ പ്രീഡിഗ്രിക്കു പഠിക്കുമ്പോഴാണ്. പ്രത്യേകിച്ച് ഇംഗ്ലിഷ് ക്ലാസ്സിൽ. ഒരു മാത്യു സാറായിരുന്നു ഇംഗ്ലിഷ് അധ്യാപകൻ. സാറിന്റെ ക്ലാസ്സുകൾ വളരെ ഹൃദ്യമായിരുന്നു. ഗ്രാമർ പഠിപ്പിക്കുമ്പോൾ എല്ലാ കുട്ടികളെക്കൊണ്ടും അദ്ദേഹം ഉദാഹരണവാക്യങ്ങൾ പറയിപ്പിക്കും. ഞാൻ പറയുന്നതെല്ലാം നർമ്മ വാക്യങ്ങളായിരുന്നു. എന്റെ ഫലിതങ്ങൾ ഏറ്റവും കൂടുതൽ ആസ്വദിച്ചിരുന്നതും മാത്യുസാറാണ്. എന്റെ ഊഴം വരുമ്പോൾ എന്തെങ്കിലും നർമ്മമുണ്ടാകുമെന്ന് വിചാരിച്ച് എല്ലാവരും കാതോർക്കും. ചിലപ്പോൾ നർമ്മം തൊട്ടുതീണ്ടിയിട്ടില്ലാത്ത സന്മാർഗ്ഗപരമായ വരട്ടു സൂക്തങ്ങൾ ഞാൻ തട്ടിവിടും. അതുകേട്ടും ആളുകൾ ചിരിക്കും. നമ്മൾ പ്രതീക്ഷിക്കുന്നതൊന്ന്, സംഭവിക്കുന്നത് മറ്റൊന്ന്. ആ വൈരുദ്ധ്യമാണല്ലോ ഹാസ്യത്തിന്റെ നിദാനം.

ഒരിക്കലും ക്ലാസ്സിൽ ഞാനൊരു കോമാളി ആയിരുന്നില്ല. ഗൗരവഭാവം തന്നെയായിരുന്നു എന്റെ മുഖമുദ്ര. എന്നെപ്പോലെ ഗൗരവത്തിൽ ക്ലാസ്സിലിരിക്കുന്ന മറ്റൊരു വിദ്യാർത്ഥിയെ കണ്ടിട്ടില്ലെന്ന് മാത്യുസാർ എന്നോടുതന്നെ പറഞ്ഞിട്ടുണ്ട്.

ഒരിക്കൽ മാത്യുസാർ എല്ലാ വിദ്യാർത്ഥികളുടെയും നോട്ട്ബുക്ക് പരിശോധിച്ചു. നോട്ടെല്ലാം എഴുതി പൂർത്തിയാക്കാത്തവർ ഞാനുൾപ്പെടെ മൂന്നു പേരുണ്ടായിരുന്നു. പൂർത്തിയാക്കിയ നോട്ട്ബുക്ക് എപ്പോൾ കാണിക്കാമെന്ന് സാർ ചോദിച്ചു. പിറ്റേന്നുതന്നെ കാണിക്കാമെന്ന് മറ്റു രണ്ടുപേരും പറഞ്ഞു. അഞ്ചോ ആറോ പേജ് മാത്രമേ അവരുടെ ബുക്കിൽ എഴുതാനുണ്ടായിരുന്നുള്ളൂ. എന്നാൽ എന്റെ ബുക്കിന്റെ അവസ്ഥ അങ്ങനെ ആയിരുന്നില്ല. എഴുതിയതിന്റെ ഇരട്ടിവരും എഴുതാൻവേണ്ടി ഒഴിച്ചിട്ട പുറങ്ങൾ. അതിനാൽ ഞാൻ ഒരാഴ്ച സമയം ചോദിച്ചു. സാർ സമ്മതിക്കുകയും ചെയ്തു.

ഞാൻ ക്ലാസ്സിൽ ചെല്ലാത്ത സമയത്തെ നോട്ടാണ് എന്റെ ബുക്കിൽ കുറവു വന്നത്. അത് എന്റെ ഉപേക്ഷകൊണ്ടാണെന്ന് പറഞ്ഞുകൂടാ. തണുപ്പ്, വൈദ്യുതി കണക്ഷൻ ഇല്ലാതിരുന്നത് എന്നീ കാരണങ്ങളാൽ നേരം നന്നായി വെളുത്തതിനുശേഷം മാത്രമേ വീട്ടിലെ അടുപ്പ് കത്തിത്തുടങ്ങുകയുള്ളൂ. അതിനാൽ ഭക്ഷണം കഴിച്ച് പൊതിച്ചോറുമായി ഇറങ്ങുമ്പോൾ ഒൻപതുമണിയോട് അടുക്കും. ഒന്നരമണിക്കൂർ നടന്നെങ്കിലേ കോളജിലെത്താൻ പറ്റുകയുള്ളൂ. ഓടിയാലും സമയത്തെത്തില്ല. കാരണം, കുത്തനെയുള്ള ഇറക്കങ്ങളും കയറ്റങ്ങളും ഉള്ള വഴിയാണ്. വേനൽക്കാലത്ത് പൊടിയും വർഷക്കാലത്ത് ചെളിയും. പലപ്പോഴും തെറ്റിവീഴും. വീണാൽ പത്തുപതിനഞ്ചടി നടക്കാതെ പറ്റിക്കാം. അടുത്തു കാണുന്ന തോട്ടിലോ ചിന്നാർപുഴയിലോ മുണ്ടും ഷർട്ടും തല്ലി അലക്കി എടുക്കണമെന്നു മാത്രം. അവികസിത മലയോര മേഖലയിലെ ഇത്തരം ദുർഘടങ്ങളോടൊപ്പം മാത്യുസാറിന്റെ ഇംഗ്ലിഷ് ക്ലാസ്സുകൾ മിക്ക ദിവസങ്ങളിലും ആദ്യത്തെ പീരിയഡ് ആയിരുന്നതും എന്റെ ഇംഗ്ലിഷ് നോട്ടുബുക്കിന്റെ പല ഭാഗങ്ങളെയും ശൂന്യവത്കരിക്കാൻ ഇടയാക്കി.

കൂട്ടുകാർ രണ്ടുപേരും പിറ്റേന്നുതന്നെ പൂർത്തിയാക്കിയ അവരുടെ നോട്ട്ബുക്ക് കാണിച്ച് അനുസരണ എന്ന ശീലഗുണത്തിന്റെ മാതൃകകളായി.

ക്ലാസ്സിലെ നന്നായി പഠിക്കുന്നവളും കൃത്യനിഷ്ഠക്കാരിയുമായ ആലീസ് മാത്യുവിന്റെ ബുക്കു വാങ്ങിയാണ് ഞാൻ നോട്ട് പകർത്തിക്കൊണ്ടിരുന്നത്. പരമാവധി ശ്രമിച്ചിട്ടും എന്റെ നോട്ടുബുക്കിലെ വിട്ടുപോയ ഇടങ്ങൾ പൂരിപ്പിച്ചുതീർക്കാൻ ഒരാഴ്ചകൊണ്ട് എനിക്ക് സാധിച്ചില്ല. എഴുതാനുണ്ടായിരുന്നതിന്റെ മൂന്നിലൊന്ന് അപ്പോഴും അവശേഷിച്ചു.

ഞാൻ ചോദിച്ചത്രയും സമയം സാറ് എനിക്ക് അനുവദിച്ചുതന്നതാണ്. എഴുതിത്തീർന്നില്ലെന്ന് എങ്ങനെയാണ് സാറിനോട് പറയുക. ഒരാഴ്ച കഴിഞ്ഞ

സംഭവമല്ലേ? സാറ് മറന്നെങ്കിൽ രക്ഷപ്പെട്ടു. അങ്ങനെയൊക്കെ വിചാരിച്ചാണ് അന്ന് ക്ലാസ്സിൽ പോയത്.

ഒരാഴ്ചയായി ഊണിലും ഉറക്കത്തിലും എന്റെ നോട്ടുബുക്കിനെക്കുറിച്ചു മാത്രമാണ് സാർ ആലോചിച്ചുകൊണ്ടിരുന്നത് എന്ന് തോന്നുമാറ് ക്ലാസ്സിലെത്തിയ ഉടനെ ബുക്ക് കാണിക്കാൻ സാർ എന്നോട് ആവശ്യപ്പെട്ടു. നിസ്സഹായനായ എന്നെ ആ സന്ദിഗ്ദ്ധാവസ്ഥയിൽനിന്ന് രക്ഷിച്ചത് ഹൈസ്കൂൾ ക്ലാസ്സിലെ മലയാളപാഠപുസ്തകത്തിൽ പരിചയപ്പെട്ട 'പ്രത്യുൽപന്നമതിത്വം' എന്ന ഒരു സംഗതിയാണ്. അവസരംപോലെ ഉടനുടൻ വേണ്ടത് ചിന്തിച്ചു പ്രവർത്തിപ്പാനുള്ള ബുദ്ധിയാണത്. അതിൻപ്രകാരം അപ്പോഴും എന്റെ കൈയിലായിരുന്ന ആലീസ് മാത്യുവിന്റെ നോട്ട്ബുക്ക് ഭാവഭേദമൊന്നും കൂടാതെ സാറിന്റെ കൈയിൽ വെച്ചു കൊടുത്തിട്ട് നിർന്നിമേഷനായി ഞാനങ്ങനെ നിന്നു.

മാത്യുസാർ ബുക്കു പരിശോധിച്ച് ബോധ്യപ്പെട്ടതിനുശേഷം എനിക്കു തിരിച്ചുതന്നു. എന്റെ ശ്വാസഗതി നേരേ ആവാൻ പിന്നെയും കുറേ സമയമെടുത്തു.

ഞാൻ പകർത്തിയെഴുത്ത് പൂർവ്വാധികം വേഗത്തിലാക്കി രണ്ടു ദിവസംകൊണ്ട് പൂർത്തീകരിച്ചു. അടുത്ത ദിവസം മാത്യുസാർ ക്ലാസ്സിൽ വന്ന ഉടനെ എണീറ്റുനിന്ന് നോട്ട്ബുക്ക് സാറിന്റെ നേരേ നീട്ടി.

''എന്താണ്?'' സാർ പുരികമുയർത്തി.

''എന്റെ നോട്ട്ബുക്ക്.'' ഞാൻ നിസ്സംഗനായി പറഞ്ഞു.

''കഴിഞ്ഞ ദിവസം കാണിച്ചതല്ലേ?''

'അത് ആലീസ് മാത്യുവിന്റെ ബുക്കായിരുന്നു.''

ഞാൻ നിസ്സംഗത തുടർന്നു.

സാർ എന്റെ നേരെ കണ്ണുരുട്ടി.

''സാറിന് മനക്ഷോഭം ഉണ്ടാകേണ്ടെന്നു കരുതിയാണ് അങ്ങനെ ചെയ്തത്.''

ഞാൻ വിനയാന്വിതനായി.

സ്വാഭാവികമായി ഉണ്ടായ ഒരു പുഞ്ചിരി അദ്ദേഹം വിഴുങ്ങി. എന്നിട്ട് സഗൗരവ്വം പറഞ്ഞു:

''പഠിക്കുന്ന കാലത്ത് ഞങ്ങളും ഇത്തരം അഭ്യാസങ്ങളൊക്കെ നടത്തിയിട്ടുണ്ട്. നമ്മുടെ ശിഷ്യന്മാർ അതിനെയും കടത്തിവെട്ടുന്നത് ഞങ്ങൾ ഗുരുക്കന്മാർക്ക് അഭിമാനാർഹമാണ്.''

എന്നിട്ട് അദ്ദേഹം നിഷ്കളങ്കമായി ചിരിച്ചു.

അധ്യാപകവൃത്തി ഉപേക്ഷിച്ച് മാത്യുസാർ പിന്നീട് കൃഷിക്കാരനായി. ഞാൻ അധ്യാപകനും. ഞങ്ങൾ തമ്മിലുള്ള സൗഹൃദം പിന്നെയും തുടർന്നു. കൈകാലുകൾ മുറിക്കപ്പെട്ട് ജീവച്ഛവമായി ഞാൻ കിടന്നപ്പോൾ മാത്യുസാർ

എന്നെ കാണാനെത്തി. ഞാൻ കിടന്ന കട്ടിലിൽ എന്റെ അരികിൽ വന്നിരുന്ന് വിതുമ്പലോടെ അദ്ദേഹം ചോദിച്ചു:

''എന്തിനാടാ നീ ഇത്ര വലിയ തമാശയ്ക്കൊക്കെ പോയത്?''

സാറിന്റെ സങ്കടം കണ്ടപ്പോൾ എന്റെയും കണ്ണു നിറഞ്ഞു.

ഹ്യൂമർ ആസ്വദിക്കാനും ഒരു 'സെൻസ് ഓഫ് ഹ്യൂമർ' വേണം. എല്ലാവർക്കും അത് ഉണ്ടായെന്നു വരില്ല. പറയുന്നതിലെ തമാശയേത്, കാര്യമേത് എന്ന് ശ്രോതാക്കൾ മനസ്സിലാക്കിയില്ലെങ്കിൽ അത് വലിയ അപകടമാണ്. ഞാൻ പറയുന്ന തമാശകളിൽ പലതും ചിലർ മനസ്സിലാക്കാതെ പോകുന്നുണ്ടെന്ന് സന്ദർഭവശാൽ ഒരു ക്ലാസ്സിലെ കുട്ടികളോട് ഞാൻ സങ്കടം പറഞ്ഞു.

''ഞങ്ങളങ്ങനെ അല്ലല്ലോ. സാറിന്റെ തമാശകളൊക്കെ ഞങ്ങൾക്കു മനസ്സിലാകും.'' അവർ പറഞ്ഞു.

''അതു ശരിയാണ്.'' ഞാൻ സമ്മതിച്ചു.

''നിങ്ങളെക്കുറിച്ചുള്ള എന്റെ സങ്കടം മറ്റൊന്നാണ്. ഞാൻ കാര്യമായിട്ടു പറയുന്നതും നിങ്ങൾ തമാശയായിട്ടെടുക്കുന്നു.''

ഫലിതം പറയുന്ന ആൾ ചിരിക്കാൻ പാടില്ല. എന്നാൽ കേൾക്കുന്നവരെല്ലാം ചിരിച്ചു കാണാനാണ് പറയുന്നവരെല്ലാം ആഗ്രഹിക്കുന്നത്. വീട്ടിൽ ഞാൻ പറയുന്ന ഫലിതങ്ങൾ കേട്ട് ഭാര്യ സലോമി പലപ്പോഴും ചിരിക്കാറില്ലായിരുന്നു. ഞാൻ പറയുന്നതിലെ ഹ്യൂമർ മനസ്സിലാകാത്തതുകൊണ്ടാണെന്നു പറയുമ്പോൾ അവൾ പറയും:

''മനസ്സിലാകാത്തതുകൊണ്ടല്ല; നല്ല ആസ്വാദകർ ഉള്ളിലാണ് ചിരിക്കുന്നത്.''

എന്നാൽ ഒരിക്കൽ അതിനു വിരുദ്ധമായിട്ടും സംഭവിച്ചു.

എന്റെ നേരെ ആക്രമണം നടന്നിട്ട് അന്ന് രണ്ടു വർഷം കഴിഞ്ഞിരുന്നു. കൈകളുടെ സ്വാധീനക്കുറവ് ഒഴിച്ചാൽ എന്റെ ആരോഗ്യനിലയൊക്കെ മെച്ചപ്പെട്ടു. കന്യാസ്ത്രീമഠത്തിൽനിന്ന് സഹായത്തിനായി വീട്ടിൽ എത്തിയ എന്റെ ചേച്ചി സിസ്റ്റർ മാരിസ്റ്റെല്ല ഒന്നരവർഷത്തെ ലീവിനുശേഷം തിരിച്ചു പോയിരുന്നു. സന്ദർശകരുടെ എണ്ണം ഗണ്യമായി കുറഞ്ഞു. മക്കൾ രണ്ടുപേരും ഹോസ്റ്റലിൽ താമസിച്ചാണ് പഠിക്കുന്നത്. അമ്മയും ഞാനും ഭാര്യയും മാത്രമേ വീട്ടിലുള്ളൂ. പുറത്ത് പോലീസ് കാവൽ തുടരുന്നുണ്ടെന്നുമാത്രം.

അങ്ങനെ കാര്യമായ പണികളൊന്നുമില്ലാതെ സ്വസ്ഥമായിട്ടിരുന്നപ്പോൾ ഒരു ദിവസം ഭാര്യ പറഞ്ഞു:

''നമുക്ക് ഒരു കൊച്ചിനെ ദത്തെടുത്താലോ?'' കേട്ടെങ്കിലും മറുപടിയൊന്നും ഞാൻ പറഞ്ഞില്ല.

''കൈക്കുഞ്ഞിനെ വേണം; പിള്ളേരെ വളർത്തി എന്റെ കൊതിതീർന്നില്ല.''

അവൾ കാര്യമായിട്ടാണ് പറയുന്നത്.

''വേലേം കൂലീം ഇല്ലാതിരിക്കുമ്പോഴാണ് ഓരോ മോഹങ്ങള്.'' ഞാൻ ആത്മഗതംപോലെ പറഞ്ഞു.

''ജോലിയൊക്കെ തിരിച്ചുകിട്ടില്ലേ? അപ്പോഴേക്കും മതി.'' അവൾ കാത്തിരിക്കാൻ തയ്യാറാണ്. അതുകൊണ്ട് 'ദത്തെടുക്കലിലെ വൈഷമ്യങ്ങൾ' എന്ന വിഷയത്തിൽ അവൾക്കു മാത്രമായി ഒരു ക്ലാസ്സെടുക്കാൻ ഞാൻ നിർബ്ബന്ധിതനായി.

എന്റെ ക്ലാസ്സ് ഫലം കണ്ടു.

''എന്നാൽ വേണ്ട. ദത്തെടുക്കേണ്ട.'' അവൾ പറഞ്ഞു.

''ഞാൻതന്നെ ഒന്നുകൂടി പ്രസവിക്കാം. പ്രസവം നിർത്തിയ സംഗതി മറ്റൊരു ഓപ്പറേഷനിലൂടെ ക്യാൻസൽ ചെയ്തുകൂടേ?''

അക്കാര്യത്തിൽ ചെറിയൊരു ഉത്സാഹം എനിക്കും തോന്നാതിരുന്നില്ല. അതിനാൽ തുടർന്നുള്ള വിചിന്തനത്തിൽ ഞാനും ഭാഗഭാക്കായി.

അണ്ഡവാഹിനിക്കുഴലുകൾ (Fallopiantubes) മുറിച്ച് ക്ലിപ്പിട്ടാണ് പ്രസവം നിർത്തിയിരിക്കുന്നത്. റ്റ്യൂബൽ റിവേഴ്സൽ സർജറി നടത്തി വേണമെങ്കിൽ ഒന്നു പരീക്ഷിക്കാവുന്നതാണ്. 'ഒത്താൽ ഒത്തു ഇല്ലേൽ നൊത്തു' എന്നു പറയുന്നതുപോലെയാണ് റിസൾട്ട്.

''നമുക്കൊന്നു പരീക്ഷിച്ചാലോ?''

അവൾ താത്പര്യപ്പെട്ടു.

''ഇനിയിപ്പോ ഈ പ്രായത്തിൽ അതൊന്നും വേണ്ട. വെറുതെ ആളുകളെക്കൊണ്ട് പറയിപ്പിക്കാൻ.''

ഞാൻ എന്റെ ഉത്സാഹം മടക്കി.

''ആളുകൾ എന്തു പറയാനാ?'' ഭാര്യ എന്റെ നേരേ നോക്കി.

''അവർ പറയും; അയാളുടെ... കൈയല്ല വെട്ടേണ്ടിയിരുന്നത്.''

അതുകേട്ട് ചിരി അടക്കാനാവാതെ അവൾ എണീറ്റുപോയി. മാത്രമല്ല; അന്നേ ദിവസം പല തവണ ഓർത്തോർത്ത് ചിരിക്കുന്നതും കണ്ടു.

1993-ൽ നടന്ന ഒരു ചെറിയ സംഭവമാണ്. ഞങ്ങൾ താമസിക്കുന്ന മൂവാറ്റുപുഴയിൽനിന്ന് നാല്പതോളം കിലോമീറ്റർ അകലെ പാലാ എന്ന സ്ഥലത്ത് ഒരു വിവാഹസത്കാരത്തിൽ പങ്കെടുക്കാൻ ഞാനും ഭാര്യയും പോയി. അന്നു സ്വന്തമായ വാഹനമില്ലാതിരുന്നതിനാൽ ബസ്സിലായിരുന്നു യാത്ര.

മക്കൾ അന്ന് ചെറിയ കുട്ടികളായിരുന്നു. അവരെ വീട്ടിൽ തനിച്ചാക്കിയിട്ടാണ് പോയത്. അതിനാൽ സത്കാരത്തിന്റെ ആദ്യപന്തിയിൽതന്നെ ഭക്ഷണം കഴിച്ച് മടങ്ങണമെന്ന് ഞങ്ങൾ മുൻകൂട്ടി തീരുമാനിച്ചിരുന്നു.

എന്റെ സഹപ്രവർത്തകനായ ഒരു അധ്യാപകന്റേതായിരുന്നു വിവാഹം. സുഹൃത്തുക്കളുമായി ഞാൻ സംസാരിച്ചു നടന്നതുകൊണ്ട് സദ്യ തുടങ്ങിയപ്പോൾ ഭാര്യ എന്റെ സമീപം ഇല്ലായിരുന്നു. മുൻതീരുമാനമനുസരിച്ച് ആദ്യപന്തിയിൽതന്നെ തള്ളിക്കയറി ഭക്ഷണം കഴിച്ചു. പുറത്തിറങ്ങി നോക്കിയപ്പോൾ ഭാര്യയെ കാണാനില്ല. ആദ്യപന്തിയിൽ കയറിക്കൂടാൻ സാധിക്കാതെ രണ്ടാം ഊഴത്തിലായിരിക്കും കയറിയതെന്നു വിചാരിച്ച് സദ്യ

നടക്കുന്ന ഹാളിൽ വീണ്ടും ചെന്നു നോക്കി. അവിടെങ്ങും കാണാനില്ല. തെല്ലൊരു പരിഭ്രമത്തോടെ 'എന്റെ ഭാര്യയെ എങ്ങാനും കണ്ടോ?' എന്ന് സുഹൃത്തുക്കളോട് ചോദിച്ചു ചോദിച്ചു നടക്കുമ്പോൾ ഒരു ആത്മഗതം-അല്പം ഉറക്കെത്തന്നെ-ഞാൻ നടത്തുന്നുണ്ടായിരുന്നു.

''ഇനി വല്ല മണ്ടന്മാരും തട്ടിക്കൊണ്ടുപോയതാണോ ആവോ?''

ഉള്ളിലുണർന്ന ആ നർമ്മം ഉത്കണ്ഠയിലും എന്നെ രസിപ്പിക്കുന്നുണ്ടായിരുന്നു. അധികം വൈകാതെ ഭാര്യയെ കണ്ടെത്തുകയും ഞങ്ങൾ മടങ്ങുകയും ചെയ്തു.

പിന്നീട് പതിനഞ്ചുവർഷം കഴിഞ്ഞ് ഒരു അധ്യാപകസുഹൃത്ത് ഈ കഥ ഓർത്തിട്ട് ഞാൻ പറഞ്ഞ ഡയലോഗ് എന്നോടുതന്നെ പറയുകയുണ്ടായി. അത് ഞാൻ പറഞ്ഞതാണെന്ന കാര്യം അദ്ദേഹം മറന്നിരുന്നു. ഏതോ ഒരു അധ്യാപകൻ കല്യാണസ്ഥലത്തുവെച്ച് ഭാര്യയെ കാണാതെ വന്നപ്പോൾ ഉത്കണ്ഠപ്പെട്ടു നടക്കുന്നതിനിടെ ഇനി വല്ല മണ്ടന്മാരും തട്ടിക്കൊണ്ടുപോയതാണോ ആവോ? എന്നു പറഞ്ഞെന്നും പറഞ്ഞ് അദ്ദേഹം രസിച്ചു ചിരിച്ചു. ഞാൻ പറഞ്ഞ ഒരു നർമ്മം പതിനഞ്ചു വർഷത്തിനുശേഷവും ഒരാൾ ഓർത്തിരിക്കുന്നതിൽ എനിക്ക് അപ്പോൾ അഭിമാനം തോന്നി.

'അറംപറ്റുക' എന്നൊക്കെ പറയുന്നതിൽ എനിക്ക് തെല്ലും വിശ്വാസമില്ല. എങ്കിലും ഒരു മഹാമണ്ടൻ എന്റെ ഭാര്യയെ പിന്നീട് തട്ടിക്കൊണ്ടുപോയി. കൊണ്ടുപോട്ടെ അല്ലേ?

മൃഗങ്ങൾക്കും മറ്റു തിര്യക്കുകൾക്കും നർമ്മം ഉണ്ടോ എന്ന് നിശ്ചയമില്ല. ഏതായാലും മനുഷ്യന് പ്രകൃതി നല്കിയ ഒരു അനുഗ്രഹമാണ് നർമ്മബോധം. പ്രതിസന്ധികളെ തരണം ചെയ്യാൻ മാത്രമല്ല, ശത്രുക്കളോട് ക്ഷമിക്കാനുള്ള സവിശേഷമായ മാനസികോർജ്ജംപോലും അത് പ്രദാനം ചെയ്യുന്നു.

തെളിഞ്ഞ ചിന്തകരെല്ലാം നല്ല നർമ്മബോധമുള്ളവരായിരുന്നു. സോക്രട്ടീസ്, ഡയോജനീസ്, നാറാണത്തുഭ്രാന്തൻ, ഓഷോ തുടങ്ങിയവരെല്ലാം അക്കൂട്ടത്തിൽ പെടുന്നു.

'നീയും നിന്റെ വംശവും മുടിഞ്ഞുപോകും' എന്ന് ഗാന്ധാരി ശപിച്ചപ്പോൾ പുഞ്ചിരിപൊഴിക്കാൻ ശ്രീകൃഷ്ണനു സാധിച്ചത് ഉള്ളിൽ കുടികൊള്ളുന്ന നർമ്മത്തിന്റെ ആർജ്ജവംകൊണ്ടാണ്.

'ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും' എന്നു പറഞ്ഞുകൊണ്ട് മീൻപിടുത്തക്കാരായ ചെറുപ്പക്കാരെ കൂടെ കൂട്ടിയ യേശുക്രിസ്തു തനിക്കെതിരായി ഗൂഢാലോചന നടത്തിയ പുരോഹിത മേധാവിത്വത്തിന്റെയും രാജനീതിയുടെയും മുന്നിൽ നിസ്സംഗനായി നിന്നതും കുരിശിൽ തറച്ച് തന്നെ അപായപ്പെടുത്തിയ കിങ്കരന്മാരോട് ക്ഷമിച്ചതും ഉള്ളിൽ വിളങ്ങുന്ന നർമ്മത്തിന്റെ സ്വർഗ്ഗീയശക്തികൊണ്ടാണെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

***